എന്റെ ജീവിതസ്മരണകൾ

മന്നത്തു പദ്മനാഭൻ

NAIR SERVICE SOCIETY

എന്റെ ജീവിത സ്മരണകൾ

(ആത്മകഥ)

ഒന്നാംഭാഗം

മന്നത്തു പത്മനാഭൻ

ENTE JEEVITHA SMARANAKAL (Malayalam)
Autobiography
By
MANNATHU PADMANABHAN

Fifth Edition, January 2012

Price:- 150/-

Rights reserved by
NAIR SERVICE SOCIETY
No part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher.

Published by
NAIR SERVICE SOCIETY

Distributors
NAIR SERVICE SOCIETY
Perunna, Changanacherry-2

Printed at
NSS OFFSET PRESS
Changanacherry

രണ്ടാംപതിപ്പിന്റെ മുഖവുര

എന്റെ ജീവിതസ്മരണകളുടെ ഒന്നാംപതിപ്പ് പ്രതീക്ഷിച്ചതിൽ കവിഞ്ഞ വേഗത്തിൽ ചെലവായതുകൊണ്ടാണ് രണ്ടാം പതിപ്പിന് ഇത്ര തിടുക്കം കൂട്ടേണ്ടിവന്നത്. കഴിഞ്ഞ പതിപ്പിൽ അശ്രദ്ധകൊണ്ടും മറ്റും വന്ന ചെറുതരം ന്യൂനതകളെല്ലാം ഈ പതിപ്പിൽ പരിഹരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി
21-12-1964

ഒപ്പ്
മന്നത്തു പത്മനാഭൻ

ശ്രീ മന്നത്തു പത്മനാഭന്റെ ആത്മകഥ
അഞ്ചാം പതിപ്പിലേക്ക്

സമുദായാചാര്യൻ ശ്രീ. മന്നത്തു പത്മനാഭന്റെ ആത്മ കഥാഗ്രന്ഥം 'എന്റെ ജീവിതസ്മരണകൾ' ആദ്യം പ്രകാശനം ചെയ്തത് 1957-ലാണ്. പുസ്തകത്തിന്റെ രണ്ടാംപതിപ്പ് 1964-ലും, മൂന്നാംപതിപ്പ് 1989-ലും, നാലാംപതിപ്പ് 2003-ലും പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനിടയ്ക്ക് 1978-ൽ മന്നം ജന്മ ശതാബ്ദി പ്രമാണിച്ച് വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണശാല പ്രസിദ്ധീകരിച്ച 'മന്നത്തിന്റെ സമ്പൂർണ്ണകൃതികളി'ലും ഈ പുസ്തകം ഉൾപ്പെട്ടിരുന്നു. ആദ്യം പ്രസിദ്ധീകരിച്ചപ്പോൾ ഒന്നാം ഭാഗം എന്ന് അച്ചടിച്ചിരുന്നെങ്കിലും, തുടർന്നുള്ള ഭാഗങ്ങൾ എഴു തുകയുണ്ടായില്ല. വായനക്കാരുടെ എണ്ണം ഏറിവരുന്നതിനാ ലാണ് നായർ സർവീസ് സൊസൈറ്റി പുസ്തകത്തിന്റെ അഞ്ചാംപതിപ്പ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

ആചാര്യന്റെ സംഭവബഹുലമായ ജീവിതാനുഭവങ്ങളും, അദ്ദേഹത്തിന്റെ ദർശനങ്ങളും അടങ്ങുന്ന 'എന്റെ ജീവിത സ്മരണകൾ' എന്ന മഹദ്ഗ്രന്ഥത്തിൽ, അദ്ദേഹം പടുത്തു യർത്തിയ നായർ സർവീസ് സൊസൈറ്റിയുടെ ചരിത്രവും ഉൾക്കൊള്ളുന്നു.

പെരുന്ന
1-1-2012

ജി. സുകുമാരൻനായർ
ജനറൽസെക്രട്ടറി
നായർ സർവീസ് സൊസൈറ്റി

അവതാരിക

വ്യക്തികൾക്കും സമുദായങ്ങൾക്കും ചില ശക്തിവിശേഷങ്ങൾ അനുപേക്ഷണീയങ്ങളാകുന്ന കാലഘട്ടം വരും. ആവശ്യമുള്ള അവസരങ്ങളിൽ ഉചിതങ്ങളായ ശക്തികൾ ഉദിച്ചുവികസിച്ചാൽ ആ വ്യക്തികളും സമുദായങ്ങളും വിജയിക്കും, നിലനില്ക്കും; അല്ലെങ്കിൽ അവ അങ്ങിങ്ങ് ഓരോ ഓളമിളക്കി കാലപ്രവാഹത്തിൽ മുങ്ങിമറയും. ജീവിതായോധനത്തിലെ വിജയത്തിനിടയ്ക്ക് സമുചിത സാഹചര്യങ്ങളിൽ നിയതി നൽകുന്ന സഹകരണമാണ് ആ ശക്തിവിശേഷങ്ങളുടെ സ്ഫുരണം. അങ്ങനെയുള്ള വിശിഷ്ടങ്ങളായ സംഭാവനകളുടെ ആകെത്തുകയാണ്, അവയുടെ ചരിത്രമാണ്, ഒരു മട്ടിൽ മനുഷ്യവംശത്തിന്റെ പുരോഗതിയുടെയും സംസ്കാരത്തിന്റെയും ചരിത്രം എന്നു പറയാം.

ഏത് എളിയ വ്യക്തിക്കും ഏതു ചെറിയ സമുദായത്തിനും അതിന്റേതായ ഒരു സംഭാവന മഹത്തായ മനുഷ്യവംശത്തിനു നൽകുവാൻ കഴിയും. സമൂഹത്തിന്റെ അഭ്യുദയത്തിന് ഉതകുന്ന വ്യക്തിയുടെ പ്രവർത്തനം ഏതു പരിമിതമായ പരിധിയിൽ അടങ്ങിയാലും മനുഷ്യരാശിയുടെ മുൻപോട്ടുള്ള ചുവടുവെയ്പിൽ ഒട്ടൊക്കെ ഉപകരിക്കും.

സുലഭങ്ങളായ പ്രകൃതിവിഭവങ്ങൾകൊണ്ട് സമൃദ്ധസമ്പന്നമായ കേരളത്തിൽ അധിവസിക്കുന്ന ജനസമുദായങ്ങളിൽ ഗണ്യമായ ഒരു സ്ഥാനം നായർ സമുദായത്തിനുണ്ടല്ലോ. പണ്ട് ഒരുകാലത്ത് അന്യാതിശായിയായ പ്രതാപസമ്പത്തുകൾ ഉണ്ടായിരുന്ന ആ സമുദായം ക്രമേണ അധപതനത്തിൽ ആണ്ടു തുടങ്ങിയിട്ട് കാലം ഒട്ടേറെയായി. ആ ദുർദ്ദശയുടെ മൂർദ്ധന്യസ്ഥിതി എത്തിയ ഈ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്നുവരെയുള്ള കാലഘട്ടത്തിലെ മഹനീയങ്ങളായ സാമുദായിക പ്രവർത്തനങ്ങളുടെ ചരിത്രമാണ് ശ്രീ മന്നത്തുപത്മനാഭന്റെ ജീവിതസ്മരണകളിൽ നിഴലിച്ചു നിൽക്കുന്നത്.

ശ്രീ മന്നത്തിന്റെ ജീവിതസ്മരണകൾ നായർ സർവീസ് സൊസൈറ്റിയുടേയും അതിന്റെ സ്ഥാപനങ്ങളുടേയും ജീവിതസ്മരണകളാണ്. ആ സ്ഥാപനങ്ങളുടെയെല്ലാം ജീവപ്രതിഷ്ഠയായി, പ്രചോദകശക്തിയായി, ഉത്തേജകതേജസ്സായി വിജയിക്കുന്ന മഹാസ്ഥാപനമാണ് ശ്രീ മന്നത്തു പത്മനാഭൻ. ആ മഹാന്റെ അത്ഭുതാവഹമായ ജീവിതത്തിന്റെ ചില അംശങ്ങളിൽ ചെറിയ ചില പ്രകാശാംശുക്കൾ വീശുന്നുണ്ട് ഈ ഗ്രന്ഥത്തിൽ അവിടവിടെ. പക്ഷേ അതിമഹത്തായ ആ ജീവിതത്തിന്റെ ബാഹ്യാന്തർഭാവങ്ങളുടെ സാക്ഷാൽ സ്വരൂപം വെളിവാക്കാൻ ഈ സ്മരണകൾക്ക് കഴിഞ്ഞിട്ടില്ലെന്നു സമ്മതിക്കണം. ദുഷ്കരമായ ആ കൃത്യം സമകാലികരോ അനന്തരകാലികരോ ആയ ജിജ്ഞാസുക്കളുടെ സമഗ്രമായ ഗവേഷണത്തിനും പഠനത്തിനും വിഷയമാകുമെന്നു വിശ്വസിക്കുന്നു.

സുമാർ 80 കൊല്ലം മുൻപ് അന്നു കുഗ്രാമമായിരുന്ന പെരുന്നയിൽ നിർദ്ധനമായ ഒരു നായർകുടുംബത്തിൽ ജനിച്ച കുട്ടിയുടെ ജീവിതകഥയുടെ ചില വശങ്ങളാണ് ഈ ഗ്രന്ഥത്തിൽ നാം കാണുന്നത്.

"അതിരാവിലെ പഴങ്കഞ്ഞിയും കുടിച്ച് ഒരു കുടുക്കനിറച്ചു മണലും, കൊണ്ടകെട്ടിയ ഓലച്ചൂരുളും, മുഴം ചതുരത്തിലുള്ള പനംപായ് തടുക്കും, നെറ്റിയിൽ അമ്മ തൊടുവിച്ച ഭസ്മക്കുറിയും, അയി 'ഏലാൻ' കേറാൻ പോകുന്ന കൗപീനധാരിയായ ഒരു കൊച്ചുകുട്ടിയെയാണ് ആദ്യം നാം പരിചയപ്പെടുന്നത്. യുവചൈതന്യം തുളുമ്പുന്ന ഒരു വന്ദ്യ വയോധികൻ പുണ്യക്ഷേത്രമായ പ്രയാഗയിലെത്തി വാത്സല്യനിധി യായ അമ്മയുടെ ഭൗതികാവശിഷ്ടം ത്രിവേണിയിൽ നിക്ഷേപിക്കുന്നതും ആയിരക്കണക്കിനുള്ള തീർത്ഥാടകർ സമർപ്പിക്കുന്ന അരിയും പൂവും തിന്ന് മദോന്മത്തരായി വിഹരിക്കുന്ന കൊഴുത്തുതടിച്ച മത്സ്യങ്ങളെ ചവുട്ടിമെതിച്ച് വഴുതിപ്പോകുന്ന കാലുകൾ 'അരനീരുവെള്ളത്തിൽ' ഊന്നി മത്സ്യങ്ങളുടെ മുതുകത്തു മുങ്ങി തീർത്ഥ സ്നാനം നിർവ്വഹിക്കുന്നതും ഒട്ടൊടുവിൽ നാം കണ്ടുനിൽക്കുന്നുണ്ട്. എന്തെന്തു സംഭവങ്ങളാണ് ഈ രണ്ടു രംഗങ്ങൾക്കും ഇടയിൽ കടന്നുപോകുന്നത്! എത്രയെത്ര ദുഃഖങ്ങളും ദുരിതങ്ങളും തരണംചെയ്ത്, എത്രയോ യാതനകൾ അനുഭവിച്ച്, നിരന്തരവും തീവ്രവുമായ തപസ്സുകൊണ്ട് നേടിയതാണ് ഇന്നുകാണുന്ന അഭ്യുദയവും വിജയവും! ആ മഹാനുഭാവന്റെ സന്താപങ്ങളിൽ അദ്ദേഹത്തോടൊത്തു സഹതപിച്ചും കണ്ണുനീർ വാർത്തും, ഉത്സാഹപ്രസരണത്തിൽ ഒത്തുചേർന്ന് ആർത്തുരസിച്ചും, വിജയപ്രഭാവത്തിൽ ഒത്തിണങ്ങി ഉല്ലസിച്ചും, നാം അറിയാതെതന്നെ അദ്ദേഹത്തെ അനുഗമിക്കും, നിഷ്കപടമായ ഒരു ഹൃദയത്തിൽ ഉദിച്ചുയർന്ന്, കാലതരളങ്ങളായ വചനങ്ങളിൽ അലതല്ലുന്ന വികാരങ്ങളിൽ നാം അറിയാതെ അലിഞ്ഞുചേരും. ഒരു സമുദായത്തേയോ, ജനതയേയോ നയിക്കൻ നിയതി നിശ്ചയിച്ച പ്രഭാവശാലിയുടെ ആഹ്വാനത്തിനു നാം വശംവദരാകും.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുകിടന്ന ഒരു സമുദായത്തെ നവീനങ്ങളായ ആശയങ്ങളുടേയും ആദർശങ്ങളുടേയും അരുണോദയം കാട്ടി തട്ടിയുണർത്താൻ കരുത്തുള്ള ഒരു കൈയുടെ പ്രവർത്തനമാണ് ഈ ഗ്രന്ഥത്തിൽ ഉടനീളം പ്രകാശിക്കുന്നത്.

ഫീസിനും പുസ്തകത്തിനും വേണ്ട നിസ്സാരസംഖ്യയില്ലാതിരുന്നതു കൊണ്ട് രണ്ടാം ക്ലാസ്സിൽവച്ച് പഠിപ്പു നിർത്തേണ്ടിവന്ന ദരിദ്രനായ ബാലൻ അനേകലക്ഷം ബാലൻമാർക്കു വിദ്യാദാനം ചെയ്യുന്ന എത്രയോ മഹാസ്ഥാപനങ്ങൾ നിർമ്മിച്ചു. പതിനാറാമത്തെ വയസ്സുതൊട്ട് 10 കൊല്ലം അദ്ധ്യാപകവൃത്തിയിലും, പിന്നേയും 10 കൊല്ലം വക്കീൽപ്പണിയിലും വ്യാപരിച്ചശേഷമാണ് സ്വജീവിതവ്രതമായ സമുദായ സേവനത്തിന് അദ്ദേഹം ഒരുങ്ങുന്നത്.

മന്നത്തു പത്മനാഭന്റെ സമുദായസേവനം സങ്കുചിതമായ പരിധിയിൽ ഒതുങ്ങിയതല്ലെന്ന് നിക്ഷ്പക്ഷമതികൾ സമ്മതിക്കും, ഈ നൂതന പഥത്തിലേക്ക് മന്നത്തിന്റെ മനോഗതി തിരിയാൻ പ്രേരണ നൽകിയത് തലശ്ശേരിസ്വദേശിയും ഉൽപതിഷ്ണുവുമായ കപ്പന കണ്ണൻ മേനവൻ ആണെന്ന് കൃതജ്ഞതാപൂർവ്വം അദ്ദേഹം സ്മരിക്കുന്നുണ്ട്. ആംഗലഭാഷാനഭിജ്ഞനായിരുന്ന മന്നത്തിന് നല്ല നല്ല ഇംഗ്ലീഷുപുസ്തകങ്ങൾ വായിച്ച് അർത്ഥം പറഞ്ഞുകൊടുത്തതും സമുദായപരിഷ്കാരപരങ്ങളായ പ്രവർത്തനങ്ങൾക്കു പ്രാരംഭ പ്രചോദനം നൽകിയതും പുണ്യ

ശ്ലോകനായ ആ മഹാനായിരുന്നു. തീവ്രവാദികളായ ഉൽപതിഷ്ണുക്കൾക്ക് പരിമിതമായ സാമുദായിക പരിധിയിൽപെട്ട പ്രവർത്തനം ആശാസ്യമല്ലെന്ന് മന്നം അറിയായ്കയില്ല. അദ്ദേഹത്തിന് സമഞ്ജസമായ സമാധാനമുണ്ട്. "വിശാലവിചാരഗതികൾ എത്രതന്നെ ഉണ്ടായാലും ജാതിമതാദികൾക്കതീതമായി നിന്നുകൊണ്ട് മനുഷ്യസമുദായസേവനം പ്രയോഗത്തിൽവരുത്താൻ സാധ്യമായ ഒരു അന്തരീക്ഷമല്ല ഇവിടെ ഉണ്ടായിരുന്നത്. ആചാരമര്യാദകളും ജീവിത സമ്പ്രദായങ്ങളും വിശ്വാസ നിലകളും പെരുമാറ്റരീതിയുംകൊണ്ട് ജനങ്ങൾ വളരെ നാളായി പല ജാതികളായി പിരിഞ്ഞ് ജീവിക്കുന്ന ഈ രാജ്യത്ത് പൊതുജനസേവനം സമുദായാടിസ്ഥാനത്തിലല്ലാതെ സാദ്ധ്യമല്ലായിരുന്നു. സ്വസമുദായസേവനം ചെറുവൃത്തത്തിലുള്ളതാണെങ്കിലും ഒട്ടും ആക്ഷേപമുള്ളതായി എനിക്ക് തോന്നിയില്ല. സേവനത്തിനാവശ്യമുള്ള പലസമുദായമുണ്ടെന്ന് എനിക്കു മറിയാം. എന്നാൽ ഏതൊരു സമുദായത്തേക്കാളും സേവനത്തിനാവശ്യം നായർ സമുദായത്തിനാണെന്ന് എനിക്ക് തോന്നി. സ്ത്രീകളുടെ ക്ലേശം കണ്ട് ദുഃഖംതോന്നുന്ന ഒരുവൻ ആദ്യമായി രക്ഷിക്കേണ്ടത് പെറ്റമ്മയെയാണ് എന്നുള്ള വിശ്വാസക്കാരനാണ് ഞാൻ. നായർ സമുദായത്തിന്റെ അന്നത്തെ സ്ഥിതി ഹൃദയമുള്ളവരെയെല്ലാം സ്തംഭിപ്പിക്കുന്നതായിരുന്നു. ഒരുകാലത്ത് കേരളത്തിലെ വസ്തു ഉടമസ്ഥന്മാരും ഒരുവിധം സർവ്വാധിപതികളുമായിരുന്നു നായന്മാർ. ബ്രിട്ടീഷ് ആധിപത്യത്തോടുകൂടി അവരുടെ രാഷ്ട്രീയകർത്തൃത്വം നശിക്കയും, സുഖലോലുപത്വവും തന്മൂലമുണ്ടായ അലസതയുംമൂലം പ്രയത്നശീലം അവരെ വിട്ടുപിരിയുകയും ചെയ്തിരുന്നു. പ്രവൃത്തിശൂന്യരായ അവർ പഴയ പ്രഭാവത്തെ അയവിറക്കിയുംകൊണ്ട് അന്യോന്യമത്സരത്തോടുകൂടി തൊഴുത്തിൽക്കുത്ത് ഒരു തൊഴിലായി സ്വീകരിച്ചു. ഓരോ നായർ ഭവനവും കൃഷ്ണപക്ഷചന്ദ്രികപോലെ ദിവസംതോറും ക്ഷയിച്ചുകൊണ്ടിരുന്നു. അന്ധവിശ്വാസവും അനാചാരവും ആഡംബരഭ്രമവും അടിയന്തിര ബഹുലതയും കാലത്തിന് പറ്റാത്ത മരുമക്കാത്തയവുംകൊണ്ട് പ്രഭാവമുള്ള മിക്ക തറവാടുകളും നാഥനും നന്മിയുമില്ലാതെ അധഃപതനത്തിന്റെ അടിത്തട്ടിലേക്ക് അതിവേഗം പ്രയാണംചെയ്യുന്ന വസ്തുത അധികമാരും ഗ്രഹിച്ചുതന്നെയില്ല." അതേ, ആദ്യമായി പെറ്റമ്മയെ രക്ഷിക്കുക എന്ന നയമാണ് ഹൃദയാലുവായ ആ മഹാൻ സ്വീകരിച്ചത്. അതിൽ അന്യസമുദായ വിദ്വേഷം അന്തർലീനമല്ല, പക്ഷേ സ്വപ്രയത്നത്തിന് പ്രതിബന്ധകാരികളായ വ്യക്തികളേയോ, സമൂഹങ്ങളേയോ എതിർക്കുക അപരിഹാര്യവും ആണല്ലോ.

മാന്യമായ ആദായമുള്ള വക്കീൽപണിയിൽനിന്നും വിരമിച്ച് സൊസൈറ്റി പ്രവർത്തനത്തിന് ബദ്ധപരികരനായി ഇറങ്ങുന്ന പ്രാരംഭരംഗം വികാരവിക്ഷേഭംകൂടാതെ വായിക്കുവാൻ സാദ്ധ്യമല്ല. "അമ്മയുടെ അനുഗ്രഹം വാങ്ങി യാത്ര പറയുന്നതിനായി ഞാൻ മന്നത്തുചെന്നെത്തി. അമ്മയുടെ പാദങ്ങളിൽ സാഷ്ടാംഗനമസ്കാരം ചെയ്ത എന്നെ ഗദ്ഗദപൂർണ്ണയായ അമ്മ രണ്ടുകൈകൊണ്ടും തലയിൽതൊട്ട് അനുഗ്രഹിച്ചു. ഞാൻ ഈ പുതിയ ജീവിതം സ്വീകരിച്ചതുകൊണ്ട് അമ്മയുടെ മനോരാജ്യങ്ങളിൽ പലതും തകർന്നിരിക്കാം. പഴയ ദാരിദ്ര്യം അമ്മയെ വീണ്ടും

ബാധിക്കുമെന്നോർത്ത് വ്യസനിച്ചിരിക്കാം. ഈ സീമന്തപുത്രന്റെ സുഖത്തിലും പ്രതാപത്തിലും അത്യധികം ആകാംക്ഷയുള്ള അമ്മ, അതെല്ലാം തവിടുപൊടിയായതിൽ കുണ്ഠിതപ്പെട്ടിരിക്കാം. പട്ടണത്തിൽ ഒരുവിധം പദവിയിൽ ജീവിച്ച ഞാൻ ഈ കാട്ടുജീവിതവും ക്ലേശവും സ്വയമേവ സ്വീകരിച്ചത് സാഹസമായിപ്പോയി എന്ന് ആ മാതൃഹൃദയം അറിയാതെ കുറ്റപ്പെടുത്തുന്നുണ്ടാവാം. അമ്മയുടെ ഹൃദയവികാരം പലതും എന്നിലുംകൂടി കടന്നുപോകാതിരുന്നില്ല. എഴുന്നേല്ക്കാനുള്ള കെൽപ് എന്നെ വിട്ടുപിരിഞ്ഞതായി തോന്നി. നിശബ്ദരായി ഞങ്ങൾ രണ്ടാളും ഏതാനും നിമിഷം അങ്ങിനെ കരഞ്ഞുകഴിച്ചുകൂട്ടി. എന്റെ കണ്ണുനീർ കൊണ്ട് മാതൃപാദം കഴുകി ശുദ്ധീകരിച്ചു എന്നുപറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഞാൻ എഴുന്നേറ്റു അമ്മയെ വീണ്ടും തൊഴുത് അമ്മയ്ക്ക് സമാധാനമുണ്ടാകാനുള്ള പ്രാർത്ഥനയോടുകൂടി യാത്രയായി. അമ്മയും മകനും തമ്മിലുള്ള ഈ വിടവാങ്ങലിന് ചെറുകുട്ടിയായിരുന്ന എന്റെ പുത്രി മാത്രമേ സാക്ഷിയുണ്ടായിരുന്നുള്ളൂ".

അമ്മയുടെ ഹൃദയംനിറഞ്ഞ അനുഗ്രഹാശിസ്സുകൾ പുത്രനിൽ സമ്പൂർണ്ണസാഫല്യത്തിൽ എത്തി എന്ന് ഭാവി തെളിയിച്ചുവല്ലോ. സൊസൈറ്റിക്ക് ആദ്യമായി ദാനംകിട്ടിയ കറുകച്ചാലിലുള്ള കാടുപിടിച്ച കുന്നിൻപുറത്ത് ഏകാകിയായി അമ്മയുടെ അനുഗ്രഹവും വാങ്ങി ചെന്നെത്തിയ യുവസാഹസികന്റെ ശ്രമം അവിടെ ഒരു പാർപ്പിടവും പള്ളിക്കൂടവും പണിയിക്കുന്നതിനായിരുന്നു.

"ഇല്ലങ്ങളിൽ ചെന്നു നടന്നിരന്നാൽ
ഇല്ലെന്നു ചൊല്ലുന്ന ജനങ്ങളേറും"

എന്ന് അനുഭവിച്ചറിഞ്ഞ ത്യാഗകഠോരമായ ആ കാലഘട്ടത്തിലെ ഒരു സംഭവം തിക്തമധുരമായ സ്മരണയിൽനിന്നു മായാതെ അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

"ഒരുദിവസം കാലത്തുമുതൽ വൈകുന്നതുവരെ 30 നാഴികയും നടന്നിട്ടും, പല വീടുകളിൽ കയറിയിറങ്ങിയിട്ടും ഒരു കാശും കിട്ടിയില്ല. ആശാരിയും കല്ലനും, അറപ്പുകാരുമായി അഞ്ചെട്ടുപേർ വേലയ്ക്കുനിൽപുമുണ്ട്. വെറും കയ്യോടെ ആ പാവപ്പെട്ട വേലക്കാരുടെ മുമ്പിൽ ചെല്ലാൻ എനിക്ക് ധൈര്യം ഉണ്ടായില്ല. ആഹാരം കഴിക്കാൻ എനിക്ക് അന്ന് സൗകര്യപ്പെട്ടില്ല. ക്ഷീണിച്ചുവലഞ്ഞ്, കറുകച്ചാലിൽനിന്നും അഞ്ചാറുമൈൽ കിഴക്ക്, കാട്ടിൻനടുവിൽ കാനം എന്ന പ്രദേശത്തുള്ള എരുമക്കുഴി അയ്യപ്പൻനായരുടെ വീട്ടിൽ രാത്രി എട്ടുമണിക്ക് ചെന്നെത്തി. വെള്ളംകുടിക്കാഞ്ഞു നാവു വലയുന്നു. ക്ഷീണംകൊണ്ട് തലകറങ്ങുന്നു എന്നു തോന്നി. ചാണകം മെഴുകിയ തറയുള്ള ഒരു പുരയാണ് അവിടെ കണ്ടത്. അയ്യപ്പൻനായർ അവിടെയില്ലെന്നും പതിനാലു മൈൽ ദൂരമുള്ള ചങ്ങനാശ്ശേരി ചന്തയ്ക്ക് പോയിരിക്കുകയാണെന്നും ഗൃഹനായിക പറഞ്ഞു. അതിനോടെ ഞാൻ നിർജ്ജീവനായെന്നു പറയാം. കുടിക്കാൻ കുറെ കഞ്ഞിവെള്ളം തരാമോ എന്നു ചോദിച്ചു. വിശന്നിട്ടാണെന്ന് അവർ മനസ്സിലാക്കിയെന്നുതോന്നുന്നു. ഒരു പരന്ന ഓട്ടുതളികനിറച്ച് കഞ്ഞിവെള്ളവും അതിനകത്ത് അങ്ങിങ്ങായി ഓടിനടക്കുന്ന വറ്റുമായി അന്നത്തെ കിഴക്കൻപ്രദേശത്തെ മാതൃകാകഞ്ഞിയും, ഒരില നിറച്ച് ചക്കപ്പുഴുക്കും

തിണ്ണയിൽ കൊണ്ടുവന്നുവെച്ചു. പപ്പടവട്ടം വെളിച്ചംകാണുന്ന ഒരു ചെറു നിലവിളക്കും ഉണ്ടായിരുന്നു. അത്യാർത്തിയോടുകൂടിയുള്ള ഒറ്റവലിയിൽ പകുതി കഞ്ഞി അകത്താക്കിയശേഷം മുറപ്രകാരമുള്ള കഞ്ഞികുടി ആരംഭിച്ചു. മുഴുവൻ കഞ്ഞിയും കിട്ടിയ പുഴുക്കും കഴിച്ചുകഴിഞ്ഞപ്പോൾ എന്റെ ജീവൻ നേരെ വീണു എന്നു തോന്നി. പാത്രം മെഴുക്കിവെച്ച ശേഷം തഴപ്പായ് കൊണ്ടുവന്ന് തിണ്ണയിൽ ഇട്ടുതന്നു. എത്രയിരുട്ടിയാലും അയ്യപ്പൻനായർ വരാതിരിക്കയില്ലെന്നു പറഞ്ഞതുകൊണ്ടും കാണാതെ പോകാനുള്ള വൈമനസ്യംകൊണ്ടും ഞാൻ ആ പായിൽ കിടന്നു. അതിനു മുമ്പോ പിൻപോ അന്നത്തെപ്പോലെ തൃപ്തികരമായി ഞാൻ ആഹാരം കഴിച്ചിട്ടുണ്ടോ എന്നു സംശയമാണ്". പാതിരാവടുത്തുവന്നെത്തിയ അയ്യപ്പൻനായർ പൊതിഞ്ഞുകൊടുത്ത പതിന്നാലുരൂപയും കൊണ്ട് അർദ്ധ രാത്രി കറുകച്ചാലിൽ എത്തി വേലക്കാർക്കു കൂലി കൊടുത്ത ആ കഥ അശ്രുവർഷം കൂടാതെ വായിക്കുവാൻ വയ്യ.

ഇന്ന് ഒരു കോടിയിലധികം രൂപയുടെ സമ്പത്തുള്ള സൊസൈറ്റിയുടെ ആദിഘട്ടങ്ങൾ എത്ര ക്ലേശഭൂയിഷ്ഠങ്ങൾ ആയിരുന്നെന്ന് ആരാണ് ഇന്ന് ഓർക്കുന്നത്. ആ ദാരിദ്ര്യത്തിന്റെ മൂർച്ച അന്നു മാറിയിട്ടുണ്ട്. എന്നാൽ ഉത്തരോത്തരം ഉജ്ജ്വംഭിതമായ അഭിവൃദ്ധിയെ ലാക്കാക്കിയുള്ള ഉദാത്തമായ പ്രയത്നം ഉൽക്കടമായ സഹനശക്തിയോടുകൂടി ഇന്നും തുടർന്നു പോവുകയാണല്ലോ.

ശ്രീ മന്നത്തിന്റെ പ്രവർത്തനങ്ങൾ വിദ്യാലയസ്ഥാപനത്തിലും സ്വസമുദായത്തിന്റെ സാമൂഹിക പരിഷ്കാരത്തിലും മാത്രം ഒതുങ്ങി നിന്നില്ല. വിശാലതരമായ ഹിന്ദുസമുദായഗാത്രത്തിൽ പറ്റിക്കൂടിയ മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യാൻ സംഘടിതമായ പ്രയത്നം നടത്തിയിട്ടുള്ള കേരളീയ മഹാന്മാരുടെ മുന്നണിയിൽ അഗ്ര്യപൂജയ്ക്ക് അർഹനാണ് ശ്രീ മന്നം. അന്ധവിശ്വാസജടിലമായി സ്വാർത്ഥചിന്താദന്തുരമായി അധഃപതിച്ച ഹിന്ദുധർമ്മത്തിന്റെ വൈകല്യങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിവൈഭവവും ആ വൈകൃതങ്ങൾ പരിഹരിക്കാൻ പ്രേരിപ്പിക്കാനുള്ള വാക്പാടവവും, ഉപദേശിക്കുന്നത് സ്വയം അനുഷ്ഠിക്കാനുള്ള ആർജ്ജവവും, ഹൃദയവിശാലതയും, അദ്ദേഹത്തിൽ ഒത്തിണങ്ങി വിരാജിക്കുന്നു. മർമ്മഗ്രാഹിയായ ആ മനീഷിയുടെ ഗതി വിസ്മയാവഹമാണ്. "വേദങ്ങൾ ഈശ്വരനിർമ്മിതം ആണെന്നും അതിന്റെ നിലനിൽപിനെ അടിസ്ഥാനപ്പെടുത്തി ഉണ്ടായതാണു വർണ്ണാശ്രമധർമ്മങ്ങളെന്നും അതിനു യാതൊരു മാറ്റവും വരുത്താൻ പാടുള്ളതല്ലെന്നും ഒരു ചെറിയ ചലനമെങ്കിലും ഉണ്ടായിപ്പോയെങ്കിൽ സമുദായ ബന്ധം തകർന്നുപോകുമെന്നും ഈ പ്രപഞ്ചം നിലനിൽക്കയില്ലെന്നുമുള്ള വിശ്വാസം രൂഢമൂലമാക്കിത്തീർത്ത ബുദ്ധിമാന്മാരെ നമസ്കരിക്കതന്നെവേണം". "ആയിരക്കൊല്ലമായി ഇൻഡ്യയിൽ കാണുന്ന അന്യോന്യ മത്സരത്തിന്റേയും തന്മൂലമുണ്ടായ നാശത്തിന്റേയും കാരണം ഈ ജാതി ഭേദവും ഉച്ചനീചത്വങ്ങളുമാണ്" എന്നിങ്ങനെയുള്ള തത്ത്വഗ്രാഹികളായ പ്രസ്താവനകൾകൊണ്ട് ചിന്താനിർഭരമാണ് ഈ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളും.

ഈ രാജ്യത്തെ അയിത്തോച്ചാടന പ്രസ്ഥാനത്തിന്റേയും ക്ഷേത്രപ്രവേശനത്തിന്റേയും അടിസ്ഥാനമിട്ടു നേതൃത്വം വഹിച്ച പരേതനായ ടി.കെ. മാധവനോട് ഒത്തുചേർന്നുള്ള മന്നത്തിന്റെ തീവ്രങ്ങളായ പരിശ്രമങ്ങൾ ഇന്നത്തെ ഉൽപതിഷ്ണുക്കളെപ്പോലും വിസ്മയിപ്പിക്കുന്നവയാണ്. ഈഴവ സമുദായത്തിൽ ഇന്നു കാണുന്ന സർവ്വാഭ്യുദയത്തിനും കാരണം ശ്രീനാരായണഗുരുവിന്റെ അനുഗ്രഹവും എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രവർത്തനവുമാണെന്നും യോഗത്തിന്റെ സംഘടനാസെക്രട്ടറിയായിരുന്ന ടി.കെ. മാധവന്റെ ത്യാഗവും ക്ലേശവുമാണ് ആ പ്രവർത്തനത്തിന് ഊക്കും അടിയുറപ്പും കൈവരുത്തിയതെന്നും അഭിമാനപൂർവ്വം മന്നം പ്രസ്താവിക്കുന്നുണ്ട്. അകാലചരമം പ്രാപിച്ച മഹാനായ മാധവനോടുള്ള മൈത്രിയും ബഹുമാനവും നിസർഗ്ഗസിദ്ധമായ ഉൽപതിഷ്ണുത്വവും ഒത്തുകൂടിയപ്പോൾ അയിത്തോച്ചാടന സംരംഭങ്ങളിലേക്ക് കുതിച്ചുചാടുകയാണു മന്നം. മുൻപോട്ടുവച്ച കാൽ വിജയംവരെ പിൻതിരിക്കാത്ത ആ വിജിഗീഷു വൈക്കം സത്യാഗ്രഹത്തിന് ബദ്ധകങ്കണനാകുന്നതാണ് നാം അടുത്തുകാണുന്നത്. ഉന്നതാദർശ സമുത്സുകമായ ഒരു സംഘടനയുടെ ഉത്തമനായ കാര്യദർശിയെന്ന നിലയിൽ ഉറച്ചപിന്തുണയോടുകൂടി പ്രവർത്തിക്കുകയാണ്. മഹാത്മാഗാന്ധിയുടെ ശുഭാശംസകളോടും നിർദ്ദേശങ്ങളോടുംകൂടി കെ.പി. കേശവമേനോൻ, കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാട്, ടി.കെ. മാധവൻ തുടങ്ങിയ നേതാക്കന്മാരോടുകൂടി സഹകരിച്ചുള്ള ആ സത്യാഗ്രഹസമരം മന്നത്തിന്റെ പ്രവൃത്തിശക്തികളെ ഉത്തേജിപ്പിച്ചു. യാഥാസ്ഥിതികനായിരുന്ന മൂലംതിരുനാൾ മഹാരാജാവിന്റെ അന്ത്യഘട്ടത്തിൽ 1099 മീനമാസത്തിൽ ആരംഭിച്ച ആ സമരം ഒൻപതുമാസത്തോളം നീണ്ടുനിന്നു. മൂലം തിരുനാളിന്റെ ചരമംകഴിഞ്ഞ് വീണ്ടും മൂന്നുമാസം ചെന്നപ്പോഴാണ് ഹിന്ദുസമുദായ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ ആലേഖനം ചെയ്യേണ്ട സവർണ്ണജാഥ രൂപം കൊള്ളുന്നത്. മഹാത്മജിയുടെ ഉപദേശം അനുസരിച്ച് 500 പേരിൽ കുറയാതെയുള്ള സവർണ്ണ ഹിന്ദുക്കളുടെ ജാഥ അവർണ്ണ ഹിന്ദുക്കളുടെ അസമത്വ പരിഹാരത്തിനായി 1100 തുലാം പതിനാറാംതീയതി വൈക്കത്തുനിന്നും തിരിക്കുന്നു. ആ മഹത്തായ സ്വാതന്ത്ര്യസേനയുടെ സർവസൈന്യാധിപസ്ഥാനത്ത് അധിരൂഢനായി വിരാജിക്കുന്നത് സാക്ഷാൽ മന്നം തന്നെയാണ്. പതിനാറാംതീയതി തിരുവനന്തപുരത്തെത്തി. അന്ന് ശംഖുമുഖം കടപ്പുറത്ത് അനേകലക്ഷം ജനങ്ങൾ തിങ്ങിക്കൂടിയ ആ യോഗമാണ് മനുഷ്യമഹാസമുദ്രമെന്ന് പിൽക്കാലത്ത് പത്രഭാഷയിൽ കടന്നുകൂടിയ അലങ്കാരപ്രയോഗത്തിന് ആദ്യമുണ്ടായ പ്രേരകോദാഹരണമെന്നു തോന്നുന്നു.

1100 തുലാം ഇരുപത്തിയേഴാംതീയതി സവർണ്ണജാഥയുടെ നിവേദനം റീജന്റ് മഹാറാണിക്കു സമർപ്പിച്ചു. നിയതിയുടെ യാദൃച്ഛാനീതിയായാലും അല്ലെങ്കിലും ഒരു വ്യാഴവട്ടം കണക്കിനു കഴിഞ്ഞ് 1112 തുലാം ഇരുപത്തിയേഴാം തീയതി ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപിച്ചു എന്നുള്ളത് വിസ്മയാവഹമായ കാലസംവാദമാണ്. 12 കൊല്ലംമുമ്പ് കുട്ടിയായിരുന്ന തമ്പുരാൻ സായന്തനസവാരിക്കിടയിൽ പീതാംബരധാരികളായ സവർണ്ണജാഥാംഗങ്ങളുടെ

ഘോഷയാത്രയുടെ വികാരവിജൃംഭിതരായ പ്രേക്ഷകലക്ഷങ്ങളുടെ തിരക്കുംകണ്ട് അതിൽ അകപ്പെട്ടതാണ്. അന്നുദിച്ച ആശയാഭിലാഷങ്ങളുടെ അങ്കുരം പന്തീരാണ്ടുകൊണ്ട് തഴച്ചുവളർന്ന് അനുകൂല സാഹചര്യത്തിൽ ഫലിച്ചിരിക്കണം. അന്ന് ആ ജൈത്രയാത്രയുടെ പ്രഗത്ഭനായ സേനാനിയെ നേരിട്ടുകണ്ടു. കൺകുളിർത്ത് പുളകംകൊണ്ട അനേകായിരം പേരിൽ ഒരുവനാണ് ഇതെഴുതുന്നത്.

വൈക്കം സത്യാഗ്രഹകാലത്ത് മന്നത്ത് വീട്ടിലുണ്ടായ ഒരു കൊച്ചുസംഭവം മന്നത്തിന്റെ മനോഗതിക്കു നിദർശനമാണ്. ഒരു അഴകൻ പുലയനും, ഒരു ഭട്ടതിരിയും ഒരു നായരും ഒരു ദിവസം കാലത്ത് മന്നത്തു ചെല്ലുകയാണ്. കഞ്ഞികുടിക്കാനുള്ള സമയവും. "അമ്മ അടുക്കളവാതുക്കൽ വിരിച്ചിരുന്ന മെത്തപ്പായിൽ ഞങ്ങൾ നാലാളും ഇരുന്നു. ഞാനിരുന്ന പായിൽ ഇടതുവശത്ത് അഴകനെയിരുത്തി. ഭട്ടതിരിയും നായരും മറ്റേ പായിൽ ഇരുന്നു. എന്റെ അമ്മയുടെ കൈകൊണ്ടുതന്നെ ആദ്യമായി അഴകന് കഞ്ഞി വിളമ്പി. ഞങ്ങളെല്ലാം കഞ്ഞികുടിച്ചു തീരാറായപ്പോൾ പുതുതായി ഒരു വിചാരം എന്റെയുള്ളിൽ പൊന്തിവന്നു. പാത്രമെടുക്കണ്ടേ? അതാരാണ്? അവരവർക്കാകാം. എങ്കിലും അതല്ലല്ലോ നാം വീടുകളിൽ കാണിക്കുന്ന ആതിഥ്യമര്യാദ. അത് ഇന്നു മാറ്റേണ്ടിവരുന്നെങ്കിൽ അഴകൻ ഉള്ളതുകൊണ്ടുള്ള വിശേഷം എന്നല്ലാതെ മറ്റെന്താണു പറയാനുള്ളത്. ആ വ്യത്യാസം കാണിക്കുന്നതും തെറ്റാണ്. ഇതെല്ലാം നിമിഷമാത്രംകൊണ്ടു ചിന്തിച്ച് ഒരു തീരുമാനത്തിലെത്തി. പാത്രമെടുക്കാൻ ഭാവിച്ച അഴകനെക്കൊണ്ട് അത് എടുപ്പിക്കാതെ കൈകഴുകാൻ നിർബന്ധിച്ച് പറഞ്ഞയച്ചു. അവരെല്ലാം അപ്പുറത്തേക്കു പോയിക്കഴിഞ്ഞപ്പോൾ, അമ്മയ്ക്കു വിമ്മിട്ടം വരരുതെന്നു കരുതി, ആരുണ്ടമ്മേ, ഈ പാത്രം എടുക്കാനെന്നുചോദിച്ചു. വേലക്കാരിയുണ്ടെന്ന് അമ്മ പറഞ്ഞപ്പോൾ ശബ്ദിക്കാത്ത അവൾ മുന്നോട്ടുവന്ന് പുലയന്റെ പാത്രം മെഴക്കാൻ എനിക്കു സാധിക്കയില്ലെന്ന് പറഞ്ഞു. എനിക്ക് അവളോട് കോപം തോന്നിയില്ല. ഞാൻതന്നെ എടുത്തു കഴുകാമെന്നു പറഞ്ഞ് പാത്രമെടുത്തു തുടങ്ങിയപ്പോൾ അമ്മ തടസ്സപ്പെടുത്തി. അമ്മതന്നെ കഴുകിവച്ചു".

33 വർഷം മുമ്പാണ് ഈ സംഭവം നടക്കുന്നത്. അന്നത്തെ ആഭിജാത്യവും അന്ധബോധവും എല്ലാമാലോചിച്ചാൽ ആ മഹാനായ മകന്റെ ആദർശനിഷ്ഠയെക്കാളും നാം വിലമതിക്കുന്നത് മഹാമനസ്വിനിയായ ആ മാതാവിന്റെ വാത്സല്യവും വിവേകവുമാണ്.

സർവീസ് സൊസൈറ്റിയുടെ സമുദായ സേവന സമാരംഭങ്ങളെയോ, പരിപാടികളേയോപറ്റി ഇവിടെ വിശേഷിച്ച് പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നില്ല. സൊസൈറ്റിവക സ്ഥാപനങ്ങളും സ്കൂളുകളും കാളേജുകളും ഊർജ്ജസ്വലനായ ഒരു മഹാപുരുഷന്റെ നിത്യസ്മാരകമായി നിലനിൽക്കും. വിപുലങ്ങളായ പ്രവർത്തനങ്ങൾക്കിടയിൽ വ്യക്തികളും സംഘടനകളുമായുള്ള സംഘർഷങ്ങളും, സംഘട്ടനങ്ങളും സ്വാഭാവികമായി സംഭവിക്കും. ആ സംഘട്ടനങ്ങളുടെ സ്മരണകൾ അങ്ങിങ്ങ്

നിഴൽ വീശിയാലും അവയിൽ നിന്നുദിക്കുന്ന കാലുഷ്യത്തിന്റെ തിക്ത രസം ആ അനുഭവസ്മൃതികളെ മലീമസമാക്കാതിരിക്കുക. മഹത്വത്തിന്റെ ലക്ഷണമാണ്. ആ ലക്ഷണം ഉദാസീനരായ നിഷ്പക്ഷ മതികൾക്ക് ആ സ്മരണകളിൽ കാണാൻ കഴിയുമെന്നു തോന്നുന്നു.

പരമാർത്ഥത്തിൽ അപ്രതിമനായ ഒരു കർമ്മയോഗിയാണ് ശ്രീ മന്നം. "ലോകസംഗ്രഹമേവാപി സംപശ്യൻ കർത്തുമർഹസി" എന്ന ഗീതോപദേശം അദ്ദേഹം അനുഷ്ഠാനത്തിൽ വരുത്തിയിട്ടുണ്ടെന്നു പറയാം. കോടിക്കണക്കിനു വിലവരുന്ന സ്വത്തു സമ്പാദിക്കാൻ കഴിഞ്ഞ ഒരു മനുഷ്യൻ സ്വന്തം കുഞ്ഞുകുട്ടികൾക്കു വേണ്ടതുപോലെ എന്തെങ്കിലും ആർജ്ജിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. സ്വാർത്ഥനിരപേക്ഷമായ ആ പ്രവർത്തനമാണ് പ്രതികൂല സാഹചര്യങ്ങളിലുള്ള വിജയത്തിനു മുഖ്യമായ ഒരു ഹേതു. ബിർളാ, ദാൽമിയ മുതലായ കോടീശ്വരന്മാരുടേയും, കുബേരന്മാരായ നാട്ടുരാജാക്കന്മാരുടേയും സംഭാവനയും സഹകരണവും കൊണ്ട് വാരാണസിയിൽ ഒരു വിശ്വവിദ്യാലയം സ്ഥാപിച്ച മദനമോഹനമാളവ്യയെക്കാളും അഭിനന്ദനമർഹിക്കുന്നത് ദരിദ്രനാരായണന്മാരിൽനിന്നും ധനമാർജ്ജിച്ച് അനേകം വിദ്യാമന്ദിരങ്ങൾ സ്ഥാപിക്കാൻ സാധിച്ച മന്നത്തു പത്മനാഭനാണെന്നു തോന്നുന്നു. ഛിന്നഭിന്നമായിക്കിടന്ന കൊച്ചുകേരളത്തിന്റെ കോണുകളിൽ വിദ്യാപ്രകാശം പരത്താൻ കൈത്തിരി കൊളുത്തിയ മന്നത്തു പത്മനാഭൻ കേരളീയർക്ക് എന്നും അവിസ്മരണീയനാണ്, ആരാദ്ധ്യനാണ്.

ശ്രീ മന്നത്തിന്റെ ബഹുമുഖങ്ങളായ സിദ്ധികളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ സാഹിത്യകലാവൈഭവവും ഉൾപ്പെടുന്നു. 45 വർഷം മുമ്പ് ശ്രീ കണ്ണൻമേനോൻ പ്രസിദ്ധപ്പെടുത്തിയ "സ്നേഹലത"യെന്ന നോവലിന്റെ മുഖവുരയിൽ ഇങ്ങനെ പറയുന്നു. "എനിക്ക് മുജ്ജന്മസുകൃതം ഹേതുവായി ഒരു പ്രിയ സുഹൃത്തിനെ ലഭിച്ചു. സ്വവർഗ്ഗത്തിനും സ്വരാജ്യത്തിനും തന്നാൽ കഴിയുന്ന ഉപകാരങ്ങൾ ചെയ്യാൻ എല്ലാ സമയത്തും ഉത്സുകനായി, തന്നിമിത്തം തനിക്കു നേരിടുന്ന സകലവിധ ഉപദ്രവങ്ങളും കായക്ലേശങ്ങളും പ്രയാസങ്ങളും അതിരില്ലാത്ത ക്ഷമയോടും ധീരതയോടും സഹിച്ച്, തന്റെ ദാരിദ്ര്യസ്ഥിതിയെ മറന്ന് അന്യന്മാർക്കാകാവുന്ന ധനസഹായംപോലും ചെയ്തു വർത്തിക്കുന്ന കേരള ഭാഷാഭിമാനിയായ പെരുന്നയിൽ മന്നത്തു പത്മനാഭപിള്ളയവർകളാകുന്നു ആ സുഹൃത്ത്. ആശയത്തിലും വിഷയവിവരണത്തിലും വർണ്ണനകളിലുംകൂടി മിസ്റ്റർ പത്മനാഭപിള്ളയുടെ ബുദ്ധിവികാസവും വാസനാശക്തിയും അവിടവിടെ കാണപ്പെടുന്നതാണ്" കഷ്ടിച്ചു മുപ്പത്തിയഞ്ചുവയസ്സു പ്രായംവരുന്ന മന്നത്തിനെപ്പറ്റി ദീർഘദർശനപടുവായ കണ്ണൻമേനോൻ അന്നെഴുതിയ വാക്യങ്ങൾ എത്ര സത്യമാണെന്ന് കാലം തെളിയിച്ചു. പഞ്ചകല്യാണീനിരൂപണം, എഫ്.എം.എസ്. യാത്ര മുതലായ ഗ്രന്ഥങ്ങൾ അസാമാന്യമായ കഴിവുകൾ ഉൾക്കൊള്ളുന്ന ഒരു സാഹിത്യകാരന്റെ കൃതികളാണെന്ന് നിസ്തർക്കമാണല്ലോ.

അദ്ദേഹത്തിന്റെ കൃതികളിലെ സാഹിത്യഭംഗിയെ ബഹുദൂരം അതിശയിക്കുന്നതാണ്. വിശാലങ്ങളായ സദസ്സുകളിൽ വിവിധ ഭാവ സ്ഫുരണംകൊണ്ടു വികസ്വരമായ ആ മുഖത്തുനിന്നും നീരന്ധ്രധാര യായി നിർഗ്ഗളിച്ച് ശ്രോതാക്കളെ കോൾമയിർകൊള്ളിക്കുന്ന വചോ വിലാസം. ആത്മാർത്ഥത തുള്ളിത്തുളുമ്പുന്ന ആ വാചോനിർത്ധരിയിൽ ആമഗ്നരായി അധീനരാകാത്തവർ അധികംപേർ കാണുമെന്നു തോന്നു ന്നില്ല. അവഗാഢമായ ആകർഷണശക്തി അഭിമുഖ പ്രഭാഷണത്തിൽ ഇത്രയധികം പ്രയോഗിക്കാൻ കഴിവുള്ള മറ്റൊരു വ്യക്തിയെ ഞാനറിയു കയില്ല.

കഴിഞ്ഞ ചില നൂറ്റാണ്ടുകളിലെ കേരളചരിത്രം പരിശോധിച്ചാൽ നിരന്തരമായ പ്രവർത്തനംകൊണ്ട് ഇത്രവലിയ സംഘടിതശക്തി സമ്പാ ദിച്ച് സമൂഹത്തിന്റെ അഭ്യുദയത്തിനുവേണ്ടി പ്രയത്നിച്ച് വിജയം വരിച്ച എത്രപേർ ഉണ്ട്?

ലോകമാകുന്ന വിശ്വവിദ്യാലയത്തിലെ സുദീർഘമായ അഭ്യസനം കൊണ്ടുസമ്പാദിച്ച വിപുലതരമായ വിജ്ഞാനവും വിശിഷ്ടമായ വിജയവുംകൊണ്ട് അനുഗൃഹീതനായ ഈ മഹാനുഭാവൻ ഉത്തിഷ്ഠ മാനരായ ഭാവി തലമുറകൾക്ക് ഉത്തേജനവും മാർഗ്ഗദർശനവും നൽകി സ്വരാജ്യത്തിന്റേയും ജനതയുടേയും അഭിമാനാദരഭാജനമായി. ചിരായു സ്സായി വിജയിക്കട്ടെ എന്ന് നമുക്കാശംസിക്കാം.

തിരുവനന്തപുരം
1-12-1957

എൻ. ഗോപാലപിള്ള
(സംസ്കൃതകോളേജ് റിട്ട. പ്രിൻസിപ്പൽ)

വിഷയവിവരം

വിഷയം	പേജ്
ബാല്യകാലം	1
വിദ്യാഭ്യാസം	3
ഉദ്യോഗജീവിതവും വക്കീൽപ്പണിയും	9
പൊതുക്കാര്യപ്രസക്തി	13
ചങ്ങനാശ്ശേരി താലൂക്ക് നായർസമ്മേളനം	22
നായർ സമുദായ ഭൃത്യജനസംഘം	26
പ്രാരംഭപ്രവർത്തനം	35
നായർ സർവീസ് സൊസൈറ്റി	40
കറുകച്ചാലിലേക്ക് ആഫീസ് മാറ്റം	43
കേരളീയ നായർ മഹാസമ്മേളനം	46
സമസ്തകേരള നായർ മഹാസമ്മേളനം	51
നായർ സമ്മേളനങ്ങൾ	58
മരുമക്കത്തായ പരിഷ്ക്കാരം	63
ആളോഹരിഭാഗവും മരുമക്കത്തായവും	66
അയിത്തോച്ചാടനം	73
സവർണ്ണജാഥ	84
ക്ഷേത്രപ്രവേശനവാദം	91
മൂലധനസംഭരണശ്രമം	104
തോട്ടങ്ങൾ	110
എൻ.എസ്.എസ്. സംഘടന	118
ടി.പി. വേലുക്കുട്ടിമേനോൻ	126
കൊച്ചിയും മലബാറും	134
നായർസമ്മേളനങ്ങൾ	148
എൻ.എസ്.എസ്. സമ്മേളനങ്ങൾ	154
വിദ്യാലയങ്ങൾ	192
സ്കൂൾ ഭരണം	255
കാളേജ് പ്രസ്ഥാനം	263
എൻ.എസ്.എസ്. കാളേജുകൾ	267
കുലപതിയുടെ കത്തുകൾ	298

ഒന്നാമദ്ധ്യായം

ബാല്യകാലം

എന്റെ പാവപ്പെട്ട അമ്മയ്ക്ക് മൂന്ന് ഇളയ സഹോദരികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു ആണിനെ പ്രസവിക്കാൻ കഴിയാതെ പോയതിൽ എപ്പോഴും വ്യസനാകുലയായിരുന്നു എന്റെ അമ്മൂമ്മ. വേല ചെയ്തെങ്കിലും കുടുംബസംരക്ഷണം ചെയ്യാൻ ഒരു 'ആണിന്റെ പൊടി' പോലുമുണ്ടാകാതെപോയത് കുടുംബത്തിന്റെ നിർഭാഗ്യമാണെന്ന് അമ്മൂമ്മ പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ട്. 'ലക്ഷ്മിച്ചേടത്തി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ അമ്മൂമ്മ അക്ഷരാഭ്യാസം ചെയ്തിട്ടി ല്ലെങ്കിലും, എന്റെ ചെറുഗ്രാമത്തിലെ സ്ത്രീകളുടെ ഇടയിൽ സമ്മത യായ ഒരമ്മയായിരുന്നു. പഴയ തിരുവിതാംകൂറിൽ ചങ്ങനാശ്ശേരി താലൂ ക്കിന്റെ കേന്ദ്രമായ പെരുന്നയിൽ സാമാന്യം സ്വത്തും, അല്പമൊക്കെ പ്രസിദ്ധിയും, വളരെയധികം പഴക്കവുമുള്ള 'ചിറമറ്റത്ത്' കുടുംബം എന്റെ ജനനകാലത്ത് ഒരു നിർദ്ധനകുടുംബമെന്ന നിലയിൽ എത്തി ച്ചേർന്നിരുന്നു എന്നു പറയാവുന്നതാണ്. അമ്മൂമ്മയുടെ അമ്മ പ്രസ വിച്ച പതിനൊന്നു സ്ത്രീകളുടെ താലികെട്ട്, തെരണ്ടുകുളി, പുളികുടി മുതലായ അടിയന്തിരങ്ങൾ 'കുടുംബനില'യനുസരിച്ച് നടത്തിക്കഴിഞ്ഞ പ്പോൾ, 'ആൺതുണ' ഇല്ലാതിരുന്ന തറവാട് ദരിദ്രദേവതയുടെ നൃത്ത രംഗമായിത്തീർന്നു. കുടുംബാംഗങ്ങൾ ശാഖോപശാഖകളായി കയ്യിൽ കിട്ടിയ വസ്തുക്കളിൽ പാർപ്പുറപ്പിച്ച കൂട്ടത്തിൽ എന്റെ അമ്മൂമ്മയും മക്കളും 'മന്നത്ത്' ഉണ്ടായിരുന്ന മൺപുരയിലേക്കു താമസം മാറ്റി. മൂത്ത പുത്രിയായ പാർവ്വതിയമ്മയെ വിവാഹം ചെയ്തത് വാകത്താനത്ത് നീലമന ഇല്ലത്ത് ഈശ്വരൻനമ്പൂതിരി എന്ന മലയാള ബ്രാഹ്മണനായി രുന്നു. അവർക്കുണ്ടായ ആദ്യപുത്രനാണ് ഞാൻ. കൊല്ലവർഷം 1053 ധനു 20-ാം തീയതി (ക്രിസ്തുവർഷം 1878 ജനുവരി മാസം 2-ാം തീയതി) ബുധനാഴ്ച മൂലം നക്ഷത്രത്തിൽ കന്നിലഗ്നത്തിൽ ജനിച്ച എന്നെ എന്റെ അമ്മൂമ്മ ഒരു 'ആൺകുഞ്ഞ്' ഉണ്ടായ സന്തോഷാധിക്യം കൊണ്ട് 'നിലംതൊടാതെ' വളർത്തി എന്നു പറഞ്ഞാൽ അതിശ യോക്തി ഒട്ടുമില്ല.

എന്റെ ജനനശേഷം അധികം താമസിയാതെ അച്ഛൻ വിവാഹ ബന്ധം വേർപെടുത്തിപ്പോയി. അതിന്റെശേഷം അമ്മയെ വിവാഹം ചെയ്തത് കളത്തിൽ വേലുപ്പിള്ള എന്ന മാന്യനായിരുന്നു. എന്റെ സഹോ ദരങ്ങളായി അദ്ദേഹത്തിനുണ്ടായ മക്കളേക്കാൾ കൂടുതൽ വാത്സല്യം എന്നോട് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണംവരെ അങ്ങനെ കഴിഞ്ഞു. എന്റെ സഹോദരന്മാരായി ഇന്നു ജീവിച്ചിരിക്കുന്നവർ നാലുപേർ മാത്രമാണ്. മന്നത്തു കൃഷ്ണപിള്ളയും, മാധവൻനായരും,

പരമേശ്വരൻനായരും, നാരായണനും. അമ്മയും അമ്മയുടെ സഹോദരി മാരും അവരുടെ സന്തതികളും ആരുംതന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല. 'കയ്യോ വളരുന്നു, കാലോ വളരുന്നു' എന്ന മട്ടിൽ വളരെ പ്രതീക്ഷക ളോടുകൂടി എന്നെ വളർത്തിക്കൊണ്ടുവന്ന വാത്സല്യനിധിയായ എന്റെ അമ്മൂമ്മ എന്നെ എഴുത്തിനിരുത്തുന്നതിനുമുമ്പുതന്നെ ചില കീർത്തന ങ്ങൾ പഠിപ്പിച്ചിരുന്നു. മഴക്കാലമെന്നോ മഞ്ഞുകാലമെന്നോ ഉള്ള വ്യത്യാ സമില്ലാതെ പതിവായി വെളുപ്പാൻകാലത്തേ അമ്മൂമ്മ എണീറ്റ് വിളക്കു വച്ചാലുടൻ എന്നെ പിടിച്ചെഴുന്നേല്പിച്ച് വിളക്കിന്റടുത്തിരുത്തി.

"കല്ലിന്മേലും മലമേലും മുള്ളിലും
തല്ലിയന്തകനെന്നെയിഴയ്ക്കുമ്പോൾ
അല്ലൽപോക്കുവാനായിട്ട്-"

'തൃപ്പൂണിത്തുറമേവും ഗോവിന്ദ'നെ വിളിച്ചുള്ള പ്രാർത്ഥനയ്ക്ക് അമ്മൂ മ്മയുടെ പങ്കാളിയാക്കുന്നതൊഴിച്ച് ഒരപ്രിയവും അമ്മൂമ്മ എന്നോടു ചെയ്തിട്ടില്ല. അമ്മ പറഞ്ഞ് അറിവുള്ളതിൽ കവിഞ്ഞ് യാതൊരു ബാലാ രിഷ്ടതകളും എന്റെ ഓർമ്മയിൽപെടുന്നില്ല. ദരിദ്രകുടുംബത്തിൽ ജനിച്ചു എങ്കിലും വളരെയൊന്നും ദാരിദ്ര്യമറിയാതെ ഞാൻ വളർന്നുപോന്നു.

രണ്ടാമദ്ധ്യായം

വിദ്യാഭ്യാസം

അക്ഷരാഭ്യാസം ചെയ്തിട്ടില്ലാത്ത എന്റെ അമ്മൂമ്മയ്ക്കും അമ്മയ്ക്കും എന്നെ പഠിപ്പിക്കാൻ വളരെ മോഹമുണ്ടായിരുന്നു. അതുകൊണ്ട് അഞ്ചുവയസ്സിൽത്തന്നെ എന്നെ എഴുത്തിനിരുത്തി. ഞങ്ങളുടെ കരയിലെ 'ആശാൻ' കുടുംബത്തിൽപ്പെട്ട കേശവൻ ആശാൻ എന്ന മാന്യനായിരുന്നു എന്റെ കാതുകുത്തിയതും എന്നെ എഴുത്തിനിരുത്തിയതും. ചീകിമിനുക്കിയ മൂത്ത നാരകമുള്ള് കാതിൽ കുത്തി മറുപുറം തുളച്ച അദ്ദേഹം ഒരു മൃദുമനസ്ക്കനെന്നു പറയുന്നതു സൂക്ഷിച്ചുവേണം. എന്നാൽ അന്നത്തെ പെൺകുഞ്ഞുങ്ങളുടെ കാര്യം ഓർക്കുമ്പോൾ ഞാൻ ഭാഗ്യവാനാണെന്നുവേണം പറയാൻ. പെൺകുട്ടികളുടെ കാതിലെ 'കൊരടുമാറ്റം' പ്രസിദ്ധമാണല്ലോ. പഴുത്തു നീർക്കെട്ടോടുകൂടിയ കാതിൽ ചെറിയ കൊരടുമാറ്റി വലിയ കൊരടു തിരുകിക്കേറ്റുമ്പോൾ അവർ പ്രാണവേദനയോടുകൂടി 'നൃത്തം തത്തുന്നത്' കണ്ണിൽ ചോരയുള്ളവർക്കു കണ്ടുസഹിക്കാൻ പ്രയാസമാണ്. കാതിന്റെ ദ്വാരം വളർത്തി വളർത്തി തോളുവരെ എത്താറാകണമെങ്കിൽ മാസങ്ങൾ പലതു വേണ്ടിവരും. അതുവരെ ആ വേദന സഹിക്കണം. ഒരു മുഴുത്ത മാങ്ങയോളം വലുപ്പമുള്ള 'തോട'യൊ അതിനേക്കാൾ മുഴുപ്പുള്ള 'തക്ക'യൊ കാതിലിട്ട് മുഖത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കാനാണ് ഈ പാടെല്ലാം പെടുന്നത്. ഇപ്പോഴത്തെ പെൺകുഞ്ഞുങ്ങൾ ഈ വിഷയത്തിൽ ഭാഗ്യവതികളാണ്. ഈ ഉപദ്രവമൊന്നും അവർക്കില്ലല്ലോ. തോടയുടെ വൃത്തം കുറഞ്ഞുകുറഞ്ഞ് തോട തന്നെ ഇല്ലാതായി. അതിന്റെ സ്ഥാനത്തുവന്ന ചെറുവൃത്തമുള്ള കമ്മലും ക്രമേണ ഇല്ലാതായി. അതിന്റെ സ്ഥാനത്ത് ചില 'തൊങ്ങലു'കളും, 'അലുക്കു'കളും അവശേഷിച്ചിരിക്കുകയാണ്. ഇപ്പോൾ കാതുകുത്ത് ഒരു 'ഐച്ഛികവിഷയമായി'ക്കഴിഞ്ഞിരിക്കുന്നു. എന്റെ കാതുകുത്തിയ ആശാൻ മരിച്ചിട്ടു വളരെക്കാലമായെങ്കിലും, അദ്ദേഹത്തിന്റെ സ്മാരകമെന്നവണ്ണം കാതിലെ ചെറുദ്വാരം ഇന്നും അതേപടി നിലനില്ക്കുന്നുണ്ട്. സ്വർണ്ണംകൊണ്ടുണ്ടാക്കുന്ന 'ഇരട്ടരുദ്രാക്ഷക്കടുക്കൻ' ആണ് അന്ന് സാധാരണ നായരുടെ കർണ്ണാലങ്കാരം. അതിലുപരിയാണ് 'കല്ലുകടുക്കൻ'. വിലപ്പിടിപ്പുള്ള ചുവന്ന കല്ലുകടുക്കനേയും ജയിക്കുന്നതും പ്രഥമസ്ഥാനത്തു നില്ക്കുന്നതും 'വൈരക്കടുക്ക'നാണ്. നക്ഷത്രംപോലെ തിളങ്ങുന്ന വൈരജ്ജോടി രാജാക്കന്മാർക്കും പ്രഭുകുടുംബജാതർക്കുമുള്ള കാതിലെ അലങ്കാരവിശേഷങ്ങളാണ്. കോഴിയുടെ അങ്കവാൽപോലെ കെട്ടിവയ്ക്കുന്ന നീണ്ട മുൻകുടമയും, കാതിലെ തിളങ്ങുന്ന വൈരജ്ജോടിയും കൈവിരലുകളിൽ ചിലതിൽ അണിയുന്ന രത്നഖചിതമായ മോതിരങ്ങളും നേർത്ത പരിവട്ടത്തിനിടയിൽ കൂടി പുറത്തേക്കു പ്രകാശിക്കുന്ന പൊന്നേലസ്സു കോർത്ത പൊന്നരഞ്ഞാണവുമാണ്

അന്നത്തെ പ്രഭുസ്ഥിതിയിലുള്ള ഹിന്ദുസമുദായത്തിലെ മലയാളി പുരുഷന്മാരുടെ അലങ്കാരങ്ങൾ. മാർത്താണ്ഡവർമ്മയിലെ ശ്രീപത്മനാഭൻ തമ്പിയുടെ വേഷവിധാനം അന്നത്തെ ശരിയായ മാതൃകയെ ചൂണ്ടിക്കാണിക്കുന്നതാണ്. ദരിദ്രലോകം വരെ ഈ മാതൃക ചെന്നെത്താതിരുന്നിട്ടില്ല. രത്നത്തിനുപകരം സ്വർണ്ണവും വെള്ളിയും പിത്തളയും ആയി കീഴോട്ടിറങ്ങുമെന്നേയുള്ളു. അന്നത്തെ സാധുവായ പുലയന്റെ കാതിൽ പിത്തള കൊണ്ടുള്ള 'മാൻകണ്ണൻ കടുക്കൻ' എങ്കിലും കാണുമായിരുന്നു. ഞാൻ സ്വർണ്ണത്തിലുള്ള ഇരട്ടരുദ്രാക്ഷക്കടുക്കൻകാരനായിട്ടാണ് പത്തിരുപതുവയസ്സുവരെ കഴിഞ്ഞത്. എന്റെ മറ്റൊരു അലങ്കാരസാധനം ഒരു ഇംഗ്ലീഷുമോതിരമായിരുന്നു. അദ്ധ്യാപകവൃത്തി ഉപേക്ഷിക്കുന്നതിനു മുമ്പുതന്നെ ഇതു രണ്ടും ഞാൻ കൈവെടിഞ്ഞു.

കേശവൻ ആശാൻ തന്നെയാണ് എന്നെ നിലത്തെഴുത്തും എൺചുവടും പഠിപ്പിച്ചത്. വേറെ ചില ആശാന്മാരുടെ കളരികളിൽ പോയി വാക്യവും, പരല്പേറും, അമരേശവും പതിന്നാലുവൃത്തവും, ചില തമിഴ് കണക്കുകളും, 'മൂന്നുപേർക്കൊന്ന്' മുതലായ വീതക്കണക്കുകളും, കീഴ്ക്കണക്കുകളും, ഓലയിലെഴുത്തും അഭ്യസിച്ചു. അതിരാവിലെ പഴങ്കഞ്ഞിയും കഴിച്ച്, ഒരു കുടുക്ക നിറച്ചു മണലും, കൊണ്ടകെട്ടിയ ഓലച്ചുരുളും, മുഴം ചതുരത്തിലുള്ള പനമ്പാത്തടുക്കും, നെറ്റിയിൽ അമ്മ തൊടുവിച്ച ഭസ്മക്കുറിയുമായി 'ഏലാൻ' കേറാൻപോകുന്ന കൗപീനധാരിയായ എന്നെ കണ്ടിട്ടുള്ള അപൂർവ്വം ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്. കളരിയിൽ ആദ്യംചെല്ലുന്ന ആളിനാണ് 'ഏലാൻ' സ്ഥാനം. പിന്നെ ചെല്ലുന്നവരെല്ലാം താമസിച്ചവരാണ്. ഏലാൻ കേറിയ മുറയ്ക്കു വൈകിട്ട് നൂറാമന് നൂറടിക്കണക്കിന് ഉള്ളംകൈയിൽ ആശാന്റെ ചെറുതോതിലുള്ള അടി വാങ്ങിയും കൊണ്ടുവേണം വീട്ടിലേയ്ക്കുപോകാൻ. എന്റെ ഒന്നോ രണ്ടോ 'ഗുരുകുല'ത്തിലെ ആചാര്യന്മാർ കർണ്ണപർവ്വത്തിലെ 'പരാപര'ക്കാരായ 'എഴുത്തച്ഛ'ന്മാരായിരുന്നതിനാൽ ഞങ്ങൾക്കു കളരിയിൽ പോകാൻ വലിയ ഭയമായിരുന്നു. ഒരിക്കൽ രണ്ടു കുട്ടികൾ തമ്മിൽ വഴിക്കു വഴക്കുണ്ടാക്കി എന്ന കാരണത്താൽ അവിടെ പഠിക്കുന്ന നിരപരാധികളായ ഞങ്ങളെല്ലാം, വീട്ടിൽനിന്നു കളരിയിലേയ്ക്കും, കളരിയിൽനിന്നു വീട്ടിലേയ്ക്കും പുറപ്പെടുമ്പോൾ, രണ്ടുകയ്യും നെഞ്ചോടുചേർത്ത് പിണച്ചുവച്ചുകൊള്ളണമെന്നും, വീട്ടിലും കളരിയിലുമല്ലാതെ അതഴിക്കാൻ പാടില്ലെന്നും അദ്ദേഹം അപ്പീലില്ലാത്ത ഒരു കല്പന പുറപ്പെടുവിച്ചു. യാദൃച്ഛികമായി വഴിയിലെങ്ങാൻ മറിഞ്ഞുവീണാൽത്തന്നെയും ആശാനെ ഭയന്ന് കെട്ടിയ കൈ അഴിയാതിരിക്കാൻ ശ്രദ്ധിക്കുമായിരുന്നു. കളരിയിൽ ചെല്ലാൻ മടിക്കുന്നവർക്കും, ആജ്ഞാനിഷേധം ചെയ്യുന്നവർക്കും ഉള്ള ശിക്ഷ കോണ്ടാമരത്തിൽ തൂക്കുകയാണെന്നറിയാമായിരുന്നതിനാൽ എത്ര അധികപ്രസംഗിയായ കുട്ടിയും ആശാന്റെ ആജ്ഞയ്ക്കു

കീഴ്വഴങ്ങുമായിരുന്നു. 'കോണ്ടാമര'ത്തിൽ തൂക്കുന്നതു ഞാൻ കണ്ടിട്ടില്ലെങ്കിലും, അതെന്താണെന്ന് ഞങ്ങളെല്ലാം മനസ്സിലാക്കിയിരുന്നു. നിലംപറ്റെ, ഇറമ്പുതാണ, കള്ളുഷാപ്പുപോലെ നീണ്ട ഒരു നെടുമ്പുര യാണ് അന്നത്തെ കളരി. അതിന്റെ കമുകിൻ മോന്തായത്തിലിട്ടിരിക്കുന്ന കയറുവളയത്തിൽ അപരാധിയായ കുട്ടിയുടെ രണ്ടു കൈയിലേയും വിരലുകൾ അന്യോന്യം കോർത്തുപിണച്ച്, ഊരിയെടുക്കാൻ പാടില്ലാത്ത മട്ടിലാക്കി തൂക്കിയിടും. അടിയിൽ നാരായം മേല്പോട്ടാക്കിനിർത്തിയ, തീയിട്ട നെരുപ്പോടും ഉണ്ടായിരിക്കും. ആശാന്റെ അടികൊണ്ടു പിടയുമ്പോഴും കോർത്ത കൈ വിടാതിരിക്കാൻ ശ്രദ്ധിക്കാതിരിക്കയില്ല. എങ്ങിനെയെങ്കിലും വിട്ടുപോയാൽ തീയുടെയും നാരായത്തിന്റെയും മീതെ. ചില രക്ഷാകർത്താക്കന്മാർ കൂടെനിന്നുതന്നെ ഈ ശിക്ഷ നടത്താറുണ്ടെന്നും കേട്ടിട്ടുണ്ട്. അക്കാലവും, കുട്ടികളുടെ അധിക്ഷേപത്തേയും എതിർപ്പിനേയും മാത്രമല്ല, അടിയെത്തന്നെ ഭയപ്പെട്ട് വിദ്യാശാലകളിൽ പോകാൻ വിഷമിക്കുന്ന ഗുരുക്കന്മാരുള്ള ഇക്കാലവും, ഈ നൂറ്റാണ്ടിൽ തന്നെയുള്ളതാണെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?

അക്കാലത്ത് കാലത്ത് ഏഴുമണിക്കു മുമ്പ് കുട്ടികളെല്ലാം കളരിയിൽ എത്തിക്കഴിയും. പഠിക്കുന്നവരിൽ പ്രമാണിയായ ഒരു കുട്ടി 'ചട്ടമ്പി'സ്ഥാനം വഹിച്ചുകൊണ്ട് കുട്ടികളുടെ ചെയ്തികളെല്ലാം നോട്ടു ചെയ്തുവയ്ക്കും. കുട്ടികൾ വന്നാലുടൻ നിലത്തെഴുത്തു മുഴുവൻ എഴുതുകയും, പഠിച്ചതു മുഴുവൻ ചൊല്ലുകയും വേണം. 'കീയ' (ക്യ), 'കേറ' (ക്ര) എന്ന് ഒരാൾ നീട്ടി ചൊല്ലുമ്പോൾ ബാക്കിയുള്ളവരെല്ലാം അതേ ഈണത്തിൽ ചൊല്ലുമ്പോഴുള്ള മുഴക്കം ആ ദിക്കിനെ ഭായനകമാക്കും. പഠിച്ചതു മുഴുവൻ ചൊല്ലിക്കഴിയുമ്പോൾ ആശാനും വന്നെത്തും. പിന്നീട്, തലേദിവസം എഴുതിത്തന്നതിനെ കാണാപ്പാഠം പഠിച്ച്, ആശാന്റെ മുമ്പിൽചെന്നു കൈകെട്ടി നിന്നുകൊണ്ടു ചൊല്ലിക്കേൾപ്പിക്കണം. ഇടയ്ക്ക് ഒരു തെറ്റോ തടവോ വന്നെങ്കിൽ, അപ്പോഴൊക്കെ ഊക്കൻ അടി കിട്ടിക്കൊണ്ടിരിക്കും. ഉറക്കെ കരഞ്ഞുകൊണ്ടായാലും തെറ്റു കൂടാതെ വീണ്ടും ചൊല്ലിക്കൊള്ളണം. പാഠം ശരിയായി എന്നു ബോദ്ധ്യപ്പെട്ടാൽ ഓല വാങ്ങി അടുത്ത പാഠം എഴുതും. അതിനിടയിൽ അടുത്ത കുട്ടി വന്നു ചൊല്ലിത്തുടങ്ങും. ആശാൻ 'അഷ്ടാവധാനി'യുടെ മട്ടിൽ 'കിറുകിറ' എഴുതുന്നതിനിടയ്ക്ക് പാഠം കേൾക്കുകയും, 'എടാ വ്യക്തമായി ചൊല്ല്' എന്നു പറഞ്ഞുംകൊണ്ട് -

"ആലവട്ടം കുടതഴയെന്നിയേ
ശേഷിച്ചില്ലൊന്നും ഭൂപനു ഗോവിന്ദാ"

എന്നു തിരുത്തിക്കൊടുക്കയും, അതുകൊണ്ടും മതിയാകാത്തപക്ഷം തുടയ്ക്കു ചൂരൽവടിപ്രയോഗം തെറ്റാതെ നടത്തുകയും ചെയ്യും. നൂറു

കുട്ടികളുണ്ടെങ്കിൽ പാഠങ്ങൾ തമ്മിൽ ഒരു സംബന്ധവുമില്ലാതെ നൂറു തരത്തിലായിരിക്കും. ഒരാൾക്കു നിലത്തെഴുത്തെങ്കിൽ, മറ്റൊരാൾക്ക് കണക്ക്; പിന്നൊരാൾക്ക് അമരേശം, ഇനി ഒരാൾക്ക് ഇരുപത്തിനാലു വൃത്തം - ഇങ്ങനെ പോകും. അന്യോന്യം സംബന്ധമില്ലാത്ത വിവിധ പാഠങ്ങൾ കേട്ട്, ഉപരിപാഠങ്ങൾ എഴുതിക്കൊടുക്കാൻ ആശാന് ഒന്ന് ഓർമ്മിക്കേണ്ട ആവശ്യംപോലുമുണ്ടാകാറില്ല. അതെല്ലാം ഒരു യന്ത്ര വേലപോലെ നടന്നുകൊണ്ടിരിക്കും.

കുറ്റാന്വേഷണവും ശിക്ഷയുമാണ് ഒടുവിലത്തെ 'പീരിയേഡ്'. അപ്പോൾ നിരപരാധികൾ ഉൾപ്പെടെ ഭയചകിതന്മാരും നിശ്ശബ്ദന്മാരുമായി എല്ലാവരും 'എന്നെ വിളിക്കാൻ ഇടയാകരുതേ' എന്നുള്ള പ്രാർത്ഥനയോടുകൂടി ആശാനെ നോക്കിയുള്ള ഇരിപ്പിൽ പലരുടേയും ഉള്ളിൽ തീ കോരിയിടുന്നുണ്ടാവും. വീട്ടിൽ ശണ്ഠയുണ്ടാക്കിയവരും, വഴിക്കു ഗുസ്തി പിടിച്ചവരും, പതിവായി കളരിയിൽ വരാത്തവരും, കുളത്തിൽ ചാടിയവരും, വീട്ടിനുള്ളിൽ ചെറുമോഷണം നടത്തിയവരും എന്നിങ്ങനെ പല കേസ്സുകളിൽ പെട്ടവരായി ദിവസവും എട്ടുപത്തു പേരെങ്കിലും ഉണ്ടാകും. വിചാരണയും വിസ്താരവുമെല്ലാം അരനിമിഷത്തിനുള്ളിൽ കഴിയും. തൃശൂർപൂരത്തിന്റെ അവസാനത്തെ കൂട്ടവെടിക്കെട്ടുപോലെ, പുറംവഴിയുള്ള കൂട്ടയടിയും, മരണവേദനയിൽ ദ്രുതഗതിയിലുള്ള നൃത്തംചവിട്ടും, വാവിട്ടുള്ള നിലവിളിയും, എല്ലാംകൂടി അന്തരീക്ഷത്തെ സ്തംഭിപ്പിച്ചുകൊണ്ട് അന്നത്തെ മഹോത്സവം അങ്ങനെ അവസാനിക്കും. ആശാനെ ഭയപ്പെടുന്നവരല്ലാതെ സ്നേഹിക്കുന്ന ഒരു കുട്ടിയെങ്കിലും ഉണ്ടായിരുന്നോ എന്നു സംശയമാണ്. ചില അമ്മമാർ കുസൃതി കാട്ടുന്ന കുട്ടികളെ 'അതാ ആശാൻ വരുന്നു' എന്നു പറഞ്ഞു ഭയപ്പെടുത്തുന്നതുപോലും കേട്ടിട്ടുണ്ട്. ഞാൻ കളരിയിൽ പോകാൻ മടിക്കയോ, പാഠം പഠിക്കാതിരിക്കയോ ചെയ്തിട്ടില്ലാത്തതുകൊണ്ട് ഇടയ്ക്കിടയ്ക്കു കാണിക്കാറുള്ള കുസൃതിക്കുള്ള അടിയിൽ കവിഞ്ഞ് വലിയ ശിക്ഷകൾക്കൊന്നും വിധേയനാകേണ്ടിവന്നിട്ടില്ല. എനിക്ക് പ്രായമാകുന്നതിനു മുമ്പുതന്നെ എന്റെ അമ്മൂമ്മ മരിച്ചുപോയി. അത് എന്റെ വലിയ ഒരു നിർഭാഗ്യമായിത്തന്നെ ഞാനെന്നും സ്മരിക്കാറുണ്ട്.

പത്തുവയസ്സായപ്പോൾ എന്നെ ചങ്ങനാശ്ശേരി സർക്കാർ മലയാളംസ്കൂളിലയച്ചു. നാലുക്ലാസ്സാണ് അവിടുണ്ടായിരുന്നത്. ഏറ്റവും കൂടിയ ക്ലാസ്സിന് ഒന്നാംക്ലാസ്സെന്നാണ് അന്നു പറഞ്ഞിരുന്നത്. ഞാൻ രണ്ടാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഫീസിനും പുസ്തകത്തിനും വേണ്ട നിസ്സാര സംഖ്യ ഇല്ലാതിരുന്നതുകൊണ്ട് എന്റെ ആ ചെറുരൂപത്തിലുള്ള പഠിപ്പുപോലും നിർത്തേണ്ടിവന്നു. അതിന്റെ ശേഷം ഞാൻ കയ്യക്ഷരം നന്നാകാൻ വേണ്ടി പ്രവൃത്തിക്കച്ചേരിയിൽ പോയി തമിഴും മലയാളവും തണ്ടപ്പേർ പകർത്താറുണ്ടായിരുന്നു. അമ്മയുടെ ബുദ്ധിമുട്ടോർത്ത് താലൂക്കുകച്ചേരിയിൽ പോയി ഹർജി എഴുതിക്കൊടുത്തു കാശുണ്ടാക്കാൻ

ശ്രമിക്കും. കിട്ടുന്ന കാശ് അമ്മയെ ഏല്പിക്കും. ഇതിനിടയിൽ വഞ്ചിപ്പാട്ടും തുള്ളൽക്കഥയും, മറ്റു കിട്ടുന്ന പുസ്തകങ്ങളും വായിക്കും.

അക്കാലത്താണ് സുപ്രസിദ്ധ നടനായിരുന്ന തിരുവട്ടാർ നാരായണപിള്ളയുടെ നേതൃത്വത്തിൽ ശാകുന്തളം മലയാളനാടകം ആരംഭിച്ചത്. അതിനെതുടർന്ന് ചങ്ങനാശ്ശേരിയിലും ഒരു നാടകസംഘമുണ്ടായി. അതിന്റെ നായകൻ, കൈനിക്കര കുമാരപിള്ള (ഇപ്പോഴത്തെ കൈനിക്കര കുമാരപിള്ളയുടെ അച്ഛൻ) എന്ന പണ്ഡിതനായിരുന്നു. അതിലെ ഒരു 'കുട്ടിത്തരം' വേഷക്കാരനായി ഞാനും ചേർന്നു. ഞാൻ ശാകുന്തളത്തിലെ സർവ്വദമനനായിരുന്നു. എന്നെ നല്ല നടനെന്നു പലരും പ്രശംസിച്ചു. എനിക്കു ചില സമ്മാനങ്ങളും ലഭിക്കാതിരുന്നില്ല. രണ്ടുകൊല്ലം അങ്ങനെപോയി. കേരളീയരുടെ നാടകഭ്രാന്തും ഒട്ടൊക്കെ അവസാനിച്ചു. നാടകത്തിൽ ചേർന്നതുകൊണ്ട് ഒരു പ്രയോജനവുമുണ്ടായില്ലെന്നു പറഞ്ഞുകൂടാ. അക്കാലത്തു മിക്ക മലയാളപുസ്തകങ്ങളും മാസികകളും പത്രങ്ങളും വായിക്കാൻ സൗകര്യം കിട്ടിയതുകൊണ്ട് വായനയിൽ എനിക്ക് എന്തെന്നില്ലാത്ത ആസക്തി ഉണ്ടായി. ഇന്നും അതെന്നെ വിട്ടുപിരിഞ്ഞിട്ടില്ലെന്നു പറയാവുന്നതാണ്.

1068-ൽ പതിനഞ്ചാം വയസ്സിൽ ഞാൻ വീണ്ടും സർക്കാർ പള്ളിക്കൂടത്തിൽ ചേർന്നു. എന്നെ ഒന്നാംക്ലാസ്സിൽ എടുത്തു. അന്നത്തെ ഒന്നാം വാദ്ധ്യാർ പ്രസിദ്ധനായ അമ്പലപ്പുഴ ശിവരാമകൃഷ്ണയ്യരായിരുന്നു. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ ഞാൻ നല്ലവണ്ണം പഠിച്ചു. അക്കൊല്ലം പുതുതായി ഏർപ്പെടുത്തിയ സർക്കാർ കീഴ്ജീവന പരീക്ഷയിൽ ചേർന്ന് ഞാൻ ജയിച്ചു. ചങ്ങനാശ്ശേരിയിൽ ലോവർ ഫോർത്ത് വരെ ക്ലാസ്സുള്ള ഒരു ഇംഗ്ലീഷ് സ്കൂൾ ഉണ്ടായിരുന്നിട്ടും, പഠിക്കാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നിട്ടും, സാധിക്കാതെ പോയത് ദാരിദ്ര്യം കൊണ്ടുമാത്രമാണ്. ഉപജീവനത്തിനു മാർഗ്ഗമന്വേഷിക്കേണ്ടത് എന്റെ ബാദ്ധ്യതയായതുകൊണ്ട് സ്കൂൾ പഠിപ്പ് അങ്ങനെ അവസാനിപ്പിച്ചു.

മൂന്നാമദ്ധ്യായം

ഉദ്യോഗജീവിതവും വക്കീൽപ്പണിയും

1069 കന്നിയിലാണെന്നു തോന്നുന്നു, എന്റെ പതിനഞ്ചാമത്തെ വയസ്സിൽ ഞാൻ ഒരു സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചു. കോട്ടയം റേഞ്ച് ഇൻസ്പെക്ടറായി പുതുതായി വന്ന പ്രസിദ്ധനായ സി. കൃഷ്ണ പിള്ള എന്നെ അഞ്ചുരൂപാ ശമ്പളത്തിൽ കാഞ്ഞിരപ്പള്ളി പ്രവൃത്തിപ്പള്ളി ക്കൂടം രണ്ടാംവാദ്ധ്യാരായി നിയമിച്ചു. ട്രെയിനിംഗിനുശേഷം പത്തുകൊ ല്ലത്തിനിടയ്ക്ക് പല പള്ളിക്കൂടങ്ങളിൽ പ്രഥമാദ്ധ്യാപകനായിരിക്കാനും, പല സ്നേഹിതന്മാരുമായി സമ്പർക്കം പുലർത്താനും നാട്ടുകാരുടെ അഭി നന്ദനം സമ്പാദിക്കാനും കഴിഞ്ഞിട്ടുണ്ടെങ്കിലും, കുറച്ചുമാസക്കാലം മാത്ര മുണ്ടായിരുന്ന കാഞ്ഞിരപ്പള്ളിയിലെ അദ്ധ്യാപകജീവിതമാണ് എന്റെ സ്മര ണമണ്ഡലത്തിന്റെ മുന്നണിയിൽ നിൽക്കുന്നത്. അവിടുത്തെ അന്നത്തെ ഒന്നാംവാദ്ധ്യാർ നിരണത്തുകാരൻ ഒരു 'തോമ്മാസ്സാറാ'യിരുന്നു. പത്തൻപതു വയസ്സു പ്രായംവരും. കാഞ്ഞിരപ്പള്ളി പള്ളിയുടെ മുൻവശ ത്തുള്ള വഴിയരികിൽ, കഷ്ടിച്ചു മുപ്പതടി നീളവും പതിനഞ്ചടി വീതിയു മുള്ള ഒരു ഓലക്കെട്ടിടമുണ്ടായിരുന്നു. അതാണ് പള്ളിക്കൂടം. രണ്ടുക്ലാ സ്സും, കാലിളകിയ രണ്ടു ബഞ്ചും, ഒരു ബോർഡും, ചൂരൽക്കൈട്ടുപോയ ഒരു കസേരയും, ആട്ടമുള്ളതാണെങ്കിലും വലുപ്പമുള്ള ഒരു മേശയുമുണ്ടാ യിരുന്നു. ഒന്നാംവാദ്ധ്യാരുടെ ക്ലാസ്സിൽ - ഒന്നാംക്ലാസ്സിൽ ഒരു കുട്ടിയും ഹാജരുണ്ടായിരുന്നില്ല. എന്റെ ക്ലാസ്സിൽ നിലത്തെഴുതുന്നവരും സ്ലേറ്റിൽ എഴുതുന്നവരും ഒന്നാംപാഠം പഠിക്കുന്നവരുമായി അഞ്ചെട്ടു കുട്ടികൾ ഉണ്ടാ യിരുന്നു. എന്നാൽ രണ്ടുക്ലാസ്സിലേയും രജിസ്റ്റർ പുസ്തകത്തിൽ മുപ്പതി ലധികം കുട്ടികളുടെ പേരു ചേർത്തിരുന്നു. എല്ലാ കുട്ടികളും എല്ലാ ദിവ സവും ഹാജരുണ്ടെന്നു മാർക്കുചെയ്യാൻ ഒന്നാംസാറിന് ഒരു കൂസലുമു ണ്ടായിരുന്നില്ല. അദ്ദേഹം സർവീസിൽ പ്രവേശിച്ചപ്പോൾ തയ്പിച്ച ഒരു നീണ്ട ഉടുപ്പ് രാപകൽ ഭേദം കൂടാതെ അദ്ദേഹത്തിന്റെ ശരീരത്തെ ആവ രണം ചെയ്യുന്ന ഒരലങ്കാരവസ്തുവായി എപ്പോഴും കാണപ്പെടാറുണ്ട്. അന്ന് അര രൂപാ വിലയ്ക്കു കിട്ടുന്ന ആറുമുഴം പാപ്പർ തുപ്പട്ടാവ്, നീണ്ട അദ്ദേ ഹത്തിന്റെ കഴുത്തിൽ ചുറ്റി നീട്ടി ഉത്തരീയമിട്ടിരിക്കും. അദ്ദേഹം ആഴ്ച തോറും സ്വന്തം നാട്ടിലേക്കു പോകും. തിങ്കളാഴ്ച വരേണ്ട അദ്ദേഹം ചൊവ്വാഴ്ച ഉച്ചയ്ക്കാണ് സ്കൂളിൽ വന്നെത്തുന്നത്. വീട്ടിൽ നിന്ന് 32 മൈൽ ദൂരം നടന്നുവരുന്ന അദ്ദേഹം ക്ഷീണംകൊണ്ട് വന്നാലുടൻ അദ്ദേ ഹത്തിന്റെ ക്ലാസ്സിലെ ബഞ്ചിൽ നെടുനീളം ഒരു കിടപ്പാണ്. ആഹാരം കഴിക്കുന്നതിൽ വലിയ നിർബന്ധമില്ലാത്ത അദ്ദേഹം ആ മയക്ക ത്തിൽനിന്നും ഉണരുന്നത് നാലുമണി കഴിയുമ്പോഴായിരിക്കും. ഞാൻ എന്റെ താമസസ്ഥലത്തു പോയിട്ട് പിറ്റേദിവസം കാലത്ത് 9 മണിക്ക് വരു മ്പോൾ, ഒന്നാംസാറിനെ സ്കൂളിൽത്തന്നെ കാണാം. റോമൻകത്തോലി ക്കർ മാത്രമുള്ള ആ ദിക്കിൽ നേരത്തിനും കാലത്തിനും ഹാജരാകാത്ത-

വന്നാലും ഒരക്ഷരം പഠിപ്പിക്കാത്ത - ഈ യാക്കോബായക്കാരൻ ഒന്നാം വാദ്ധ്യാരോട് ആ നാട്ടുകാർക്കെല്ലാം പിണക്കമായിരുന്നു. അദ്ദേഹം ഒരു വീട്ടിലും പോയതായി ഞാൻ കണ്ടിട്ടില്ല. എങ്ങിനെ ജീവിച്ചോ, എവിടെ കിടന്നോ, അതുമെനിക്കു നിശ്ചയമില്ല.

അക്കാലത്തെ കാഞ്ഞിരപ്പള്ളിയും ഇക്കാലത്തെ കാഞ്ഞിരപ്പള്ളിയുമായി ഒരു ബന്ധവുമുണ്ടെന്നു പറഞ്ഞുകൂടാ. അന്ന് അവിടെ പീരുമേട്ടിലേക്കുള്ള വഴി ഒഴിച്ച് ഒരു വഴിയോ, നല്ല വീടോ, പൊതുസ്ഥാപനങ്ങളോ, ഒരു ഹോട്ടലിന്റെ പൊടിപോലുമോ ഉണ്ടായിരുന്നില്ല. പീരുമേട് കാപ്പിത്തോട്ടത്തിൽ കൂലിപ്പണിക്കു പോകുന്നവർക്കുവേണ്ടി പാവപ്പെട്ട വല്ല ക്രിസ്ത്യൻസ്ത്രീയും വഴിയരികിൽ ഉണ്ടാക്കിവച്ച രണ്ടുകുറ്റി പുട്ടും പാളയങ്കോടൻ പഴവും കട്ടൻകാപ്പിയും മാത്രമേ അപൂർവമായി കാണാറുള്ളു. അതിൽകവിഞ്ഞൊരു രക്ഷാമാർഗ്ഗവും നമ്മുടെ ഒന്നാംസാറിന് അവിടെ ഉണ്ടായിരുന്നില്ല. ബുധനും വ്യാഴവും ഒരുവിധം ഉറങ്ങിക്കഴിക്കും. വെള്ളിയാഴ്ച ഉച്ചയാകുമ്പോൾ, തീയതി എഴുതാൻ ഇടയിട്ട ഒരു അവധി ഫാറം ഒപ്പിട്ട് എന്നെ ഏല്പിച്ചിട്ട് യാത്രയാകും. ഇൻസ്പെക്ടർ വന്നെങ്കിൽ ഒന്നാംവാദ്ധ്യാർക്ക് അന്ന് അവധിയാണെന്നു പറയുകയാണ് എന്റെ ജോലി. അന്ന് ഹർജി എഴുത്തുകാരനും പത്രക്കാരും ഇല്ലാതിരുന്നതുകൊണ്ട് ഞങ്ങൾക്ക് ആരെയും ഭയപ്പെടേണ്ട ആവശ്യമില്ലായിരുന്നു. ഞാൻ തെറ്റാതെ സ്കൂളിൽ സമയത്തിനു ഹാജരാകുകയും, ഒന്നാം വാദ്ധ്യാർ വന്നാലും വന്നില്ലെങ്കിലും നാലുമണി വരെ ജോലിചെയ്യുകയും ചെയ്തതുകൊണ്ട് നാട്ടുകാർ വേഗം എന്നെ ഇഷ്ടപ്പെട്ടു. എന്റെ ക്ലാസ്സിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു. അവിടെ അപൂർവ്വമായേ നായർവീടുണ്ടായിരുന്നുള്ളു. ഞാൻ താമസിച്ച ആ പാവപ്പെട്ട നായർവീട്ടിൽ എനിക്കുവേണ്ടി അരിയും, കൂട്ടാൻവയ്ക്കാനും കൊടുക്കുന്ന ചില ക്രിസ്ത്യൻപ്രമാണികളുണ്ടായിരുന്നതുകൊണ്ട് അഞ്ചുരൂപാക്കാരനായ ഞാൻ സുഭിക്ഷമായിത്തന്നെ ജീവിച്ചു. സ്കൂൾ കഴിഞ്ഞ് ഞാനും ഒന്നാംവാദ്ധ്യാരും കൂടി ചിലപ്പോൾ നാട്ടിലേക്കു പുറപ്പെടും. യഹോവയെ തൊട്ടുള്ള സങ്കീർത്തനം അദ്ദേഹം താളവട്ടം ഒപ്പിച്ച് വഴിയിൽ ഉറക്കെ പാടിയും കൊണ്ടാണ് യാത്ര ചെയ്യുന്നത്. ആ സ്തോത്രം അയൽക്കാർക്ക് ഉപദ്രവം ഉണ്ടാക്കുന്നതാണെങ്കിലും എനിക്ക് ദൂരമറിയാതെ നടന്നു വീട്ടിലെത്താൻ അത് ഒട്ടൊക്കെ പ്രയോജനപ്പെട്ടിട്ടുണ്ട്. എന്റെ അവിടുത്തെ മൂന്നുമാസത്തെ ഉദ്യോഗക്കാലത്തിനിടയ്ക്ക് ഒന്നും പഠിപ്പിക്കാതെയും ക്ലാസ്സിൽ ഒരു കുട്ടിയുമില്ലാതെയും ആരുടെ മുമ്പിലും വീഴ്ചക്കാരനാകാതെയും ഉദ്യോഗം വഹിച്ച സമർത്ഥനായ ആ ഒന്നാംസാറിനെ ഞാനെങ്ങനെയാണു മറക്കുന്നത്.

ഞാൻ അദ്ധ്യാപകനായിരുന്ന കാഞ്ഞിരപ്പള്ളി, മഴവന്നൂർ, പായിപ്പാട്, തുരുത്തി, കൊണ്ടൂർ, തുറവൂർ, പെരുന്ന, കിളിരൂർ, ചങ്ങനാശ്ശേരി എന്നീ പ്രദേശങ്ങളിലെല്ലാം എനിക്ക് നല്ല സ്നേഹിതന്മാരും, പിന്നീട്

വലിയ നിലയിൽ എത്തിയ കുറേ ശിഷ്യന്മാരുമുണ്ടായിട്ടുണ്ട്. ഓരോ സ്കൂളിനേയും അവിടുള്ള എന്റെ ജീവിതകാലസ്ഥിതികളേയും പറ്റി പലതും എഴുതാൻ കാണും. വിസ്താരഭയത്തെ ഓർത്ത് അതിനായി ഒരുങ്ങുന്നില്ല. പഴഞ്ചൻമട്ടിൽ കിടന്ന വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ ഗവണ്മെന്റ് പരിഷ്ക്കരിച്ച് ഇന്നു കാണുന്ന മാറ്റത്തിനെല്ലാം അടിസ്ഥാന മിട്ടത് അക്കാലത്തായിരുന്നു. പള്ളിക്കൂടങ്ങളുടേയും അദ്ധ്യാപകരുടേയും എണ്ണം ദിവസേന എന്നപോലെ വർദ്ധിക്കാൻ തുടങ്ങി. ഇൻസ്പെക്ടറന്മാരുടെ സംഖ്യ വർദ്ധിക്കുക മാത്രമല്ല, അവരുടെ അധികാരവും അന്തസ്സും വർദ്ധിച്ചു. ജനങ്ങൾക്ക് അവരുടെ കുഞ്ഞുങ്ങളെ നവീനപദ്ധതി അനുസരിച്ച് പഠിപ്പിക്കാനുള്ള ആഗ്രഹം ഉണ്ടായിത്തുടങ്ങി. അതിനുവേണ്ടി പണം ചെലവുചെയ്യാനും സ്കൂൾകെട്ടിടം കെട്ടി സർക്കാരിനു വിട്ടുകൊടുക്കാനും അവർ തയ്യാറായി. അദ്ധ്യാപകന്മാർക്കു കാര്യശേഷി ഉണ്ടാകാൻവേണ്ടി അദ്ധ്യാപകസംഘടനകൾ ഗവണ്മെന്റുപ്രേരണപ്രകാരം സൃഷ്ടിച്ചു. ഞാനിരുന്ന പ്രദേശങ്ങളിലെല്ലാം അക്കാര്യങ്ങളിലും എനിക്ക് ഒരു പ്രധാന പങ്കുണ്ടായിരുന്നു.

1075-ൽ എന്നെ സ്കോളർഷിപ്പോടുകൂടി തിരുവനന്തപുരത്തെ സർക്കാർ ട്രെയിനിംഗ് സ്കൂളിൽ പഠിക്കാനയച്ചു. ഒരു കൊല്ലം അവിടെ താമസിച്ചുപഠിക്കയും ഉയർന്ന ക്ലാസ്സിൽ പാസ്സാകുകയും ചെയ്തു. അതിന്റെ ശേഷം ഞാൻ നാലഞ്ചുകൊല്ലം പല പ്രൈമറി സ്കൂളുകളിലും ഹെഡ്മാസ്റ്ററായിരുന്നിട്ടുണ്ട്.

പത്തുകൊല്ലത്തിനുശേഷം ഞാൻ ചങ്ങനാശ്ശേരി മിഡിൽ സ്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോൾ എന്റെ ക്ലാസ്സിൽ പഠിക്കുന്ന, പറഞ്ഞാൽ കേൾക്കാത്ത ഒരു കുട്ടിയെ ഞാൻ ബഞ്ചിൽ കയറ്റിനിറുത്തി. അയാൾ ഉറക്കെ കരഞ്ഞു. ഹെഡ്മാസ്റ്റർ വെങ്കിടാചലമയ്യർ വന്ന് കാരണം ചോദിക്കാതെയും എന്നോടു പറയാതെയും ആ കുട്ടിയെ ബഞ്ചിൽ നിന്നിറക്കി ക്ലാസ്സിൽ ഇരുത്തി. അത് എനിക്ക് വലിയ അഭിമാനക്ഷയമായി തോന്നി. അന്നു വൈകിട്ട് നാലുമണിക്ക് ഒരു രാജിക്കത്തെഴുതി ഹെഡ്മാസ്റ്റർക്കു കൊടുത്തു. സർക്കാർശമ്പളം അഭികാമ്യമാണെന്നോ ഉപജീവനത്തിനു വേറെ മാർഗ്ഗമില്ലെന്നോ ഉള്ള കാര്യങ്ങളെപ്പറ്റി ഒന്നും ആലോചിച്ചില്ല. അങ്ങിനെ 1080-ൽ ഞാൻ അദ്ധ്യാപകവൃത്തിയോടു യാത്രപറഞ്ഞ് സർക്കാർജീവനവുമായുള്ള ബന്ധം വേർപെടുത്തി. ഈ വിവരം അറിഞ്ഞ് എന്റെ അമ്മയും ബന്ധുജനങ്ങളും വ്യസനിച്ചു.

വക്കീൽപ്പണി

ഓരോ ഡിവിഷനിലുമുള്ള ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരുടേയും അവരുടെ അധികാരാതിർത്തിയിൽപെട്ട മജിസ്ട്രേട്ടന്മാരുടെയും കോടതികളിൽ വ്യവഹരിക്കാൻ മജിസ്ട്രേട്ടുപരീക്ഷ ജയിച്ചവർക്ക് സന്നദു കിട്ടുന്നതിനവകാശമുണ്ട്. ഞാൻ മജിസ്ട്രേട്ടുപരീക്ഷ ജയിച്ചിരുന്നതുകൊണ്ട് സന്നദെടുത്തു പ്രാക്ടീസുചെയ്യാൻ തീരുമാനിച്ചു. അക്കൊല്ലം

തന്നെ കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതി വക്കീലായി സന്നദെടുക്കുകയും ചങ്ങനാശ്ശേരി മജിസ്ട്രേട്ടുകോടതി വക്കീലായി വ്യവഹരിക്കാൻ ആരംഭിക്കുകയും ചെയ്തു. ചെറിയ തുകയേ ശമ്പളമുണ്ടായിരു. ന്നുള്ളു എങ്കിലും അത് സ്ഥിരമായി കിട്ടുന്ന ഒന്നായിരുന്നു. എന്നാൽ ഇപ്പോഴത്തെ തൊഴിലിന്റെ രംഗം വിപുലമാണെങ്കിലും ആദായം അനിശ്ചിതമെന്നുള്ള ഒരു ദോഷമുണ്ടായിരുന്നു. ഏതായാലും ഞാൻ ആത്മ വിശ്വാസത്തോടും ആഹ്ലാദത്തോടും കൂടിയാണ് പുതിയ ജോലിയിലും പ്രവേശിച്ചത്. അദ്ധ്യാപകവൃത്തിയിൽ പ്രതിമാസം ഒൻപതുരൂപ ശമ്പളം കിട്ടിക്കൊണ്ടിരുന്ന എനിക്ക്, വക്കീൽവേലയിൽ പ്രവേശിച്ച .ആദ്യമാസത്തിൽത്തന്നെ നാലഞ്ചുകേസുകൾ കിട്ടാനും പത്തുമുപ്പതു രൂപ ആദായം ലഭിക്കാനും ഇടയായി എന്നുകണ്ടപ്പോൾ എന്റെ കുടുംബത്തിലുള്ളവരെല്ലാം സന്തോഷിച്ചു.

എനിക്ക് വക്കീൽവേലയിൽ ഒരു സല്പേരുണ്ടാകുവാൻ അധികകാലം വേണ്ടിവന്നില്ല. ഞാൻ ഒരു ചെറിയ കോടതിയിലാണ് വ്യവഹരിച്ചിരുന്നതെങ്കിലും അവിടുത്തെ ഒന്നാംകിടക്കാരനാണെന്ന് ആളുകൾ പറഞ്ഞുതുടങ്ങി. ഒരു കൊല്ലത്തിനകം ഞാൻ പത്തിരുനൂറു രൂപ ആദായം കിട്ടുന്ന ഒരു വക്കീലായിത്തീർന്നു. ആളുകൾ കേസുനടത്താൻ എന്നെ മറ്റു കോടതികളിലേക്കു കൊണ്ടുപോയിത്തുടങ്ങി. അന്ന് ചേരിക്കൽ കണ്ടെഴുത്തു നടത്തുന്ന കാലമായിരുന്നു. ചങ്ങനാശ്ശേരിയിലായിരുന്നു അതിന്റെ പ്രധാന ആഫീസും, വിസ്താരം നടത്തി വിധി എഴുതുന്ന അസിസ്റ്റന്റ് പേഷ്ക്കാരുടെ ആഫീസും ഉണ്ടായിരുന്നത്. അതുകൊണ്ട് റവന്യൂകേസുകളിലും വക്കാലത്തു സ്വീകരിക്കാനുള്ള സൗകര്യം കിട്ടി. നാലഞ്ചുകൊല്ലം കൊണ്ട് എന്റെ പ്രതീക്ഷയിലും എന്നെപ്പോലുള്ള ഒരാൾക്ക് ആഗ്രഹിക്കാവുന്നതിലും എത്രയോ കവിഞ്ഞ് മാസം പത്തുനാനൂറു രൂപ ആദായവും എന്റെ നാട്ടിൽ അത്യാവശ്യം വേണ്ട ജനസ്വാധീനവും സൽപ്പേരും സമ്പാദിക്കാൻ ഈശ്വരൻ എന്നെ അനുഗ്രഹിച്ചു എന്നു പറയാം. അന്ന് ചങ്ങനാശ്ശേരിയിൽ നടക്കുന്ന ഏതു പൊതുക്കാര്യങ്ങളിലും ഞാനും ഒരു പങ്കാളിയായിരുന്നു.

ചങ്ങനാശ്ശേരി മജിസ്ട്രേട്ടുകോടതിയിൽ വ്യവഹരിക്കുന്നവരായി നായന്മാരും ക്രിസ്ത്യാനികളും ഉൾപ്പെടെ അന്ന് എട്ടുപത്തു വക്കീലന്മാർ ഉണ്ടായിരുന്നു. അവരെല്ലാം എന്നേക്കാൾ പ്രായം കൂടിയവരും കൂടുതൽ സർവ്വീസുള്ളവരുമായിരുന്നു. അവരുടെ സമ്മതനായ ഒരു യുവസോദരനായി കഴിഞ്ഞുകൂടാൻ എനിക്കു സാധിച്ചു. ഞാൻ അവരെയെല്ലാം കൂട്ടിച്ചേർത്ത് ചങ്ങനാശ്ശേരിയിൽ ഒരു വക്കീൽസംഘം സ്ഥാപിച്ചു. അവർ എന്നെ അതിന്റെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. സംഘത്തിന് ഒരു ഫണ്ടും ആഫീസുമുണ്ടാക്കാൻ തീരുമാനിച്ചു. കോടതിവളപ്പിൽ വക്കീൽ ആഫീസിന് ഒരു കെട്ടിടവും കെട്ടിക്കൊള്ളാൻ അനുവാദം വാങ്ങി. പ്രഭാവവും പ്രായവുമുള്ള പഴയ വക്കീൽപ്രമാണികൾ ഉൾപ്പെടെ

വേഷംകെട്ടി ഒരു പ്രഹസനം നടത്തി. താലൂക്കൊട്ടുക്ക് ടിക്കറ്റു വില്പന യുടെ ചുമതലയും അവർ എന്നെത്തന്നെ ഏല്പിച്ചു. ഏതാനും മാസ ക്കാലംകൊണ്ട് നല്ല ഒരു കെട്ടിടം ഉണ്ടായി. ആഘോഷപൂർവ്വം ഉദ്ഘാട നവും നടത്തി. ഞങ്ങളെല്ലാം യോജിച്ച് അഭിമാനപൂർവ്വം ജീവിച്ചു. ഈ രാജ്യത്തെ മൂന്നാംഗ്രേഡ് വക്കീലന്മാർക്ക് ഒരു സംഘടനയോ ആഫീസോ മറ്റെങ്ങുമുണ്ടായതായി കേട്ടിട്ടില്ല.

നിയതിയുടെ നിശ്ചയം കൊണ്ടായിരിക്കാം, പത്തുകൊല്ലം നട ത്തിയ അദ്ധ്യാപകവൃത്തിക്കുശേഷം സ്വീകരിച്ച വക്കീൽപ്പണിയും, പത്തു കൊല്ലം കഴിഞ്ഞപ്പോൾ രാജിവയ്ക്കാൻ ഇടയായത്. ഇതിനിടയിലെ ഒരു സംഭവം മാത്രം എടുത്തു പറയേണ്ടതായിട്ടുണ്ട്. സമർത്ഥനെങ്കിലും അഹ ങ്കാരിയും കോപിഷ്ഠനുമായ ഒരു മജിസ്ട്രേട്ട് ചങ്ങനാശ്ശേരിയിൽ വന്നിരു ന്നു. പിന്നീട് ഡിവിഷൻ പേഷ്ക്കാരായ എൻ. നീലകണ്ഠപ്പിള്ളയായിരുന്നു അത്. അദ്ദേഹം ഒരു ദിവസം കോടതിയിൽവച്ച് ഞങ്ങളുടെ കൂട്ടത്തിൽ സാധുവായ ഒരു വക്കീലിനെ അനാവശ്യമായി അധിക്ഷേപിക്കുകയും ശകാ രിക്കയും ചെയ്തു. അധികാരംമൂത്ത് ഭ്രാന്തനായ അദ്ദേഹം അവിടത്തെ വക്കീലന്മാരെ ഒട്ടാകെത്തന്നെ ശകാരിച്ചു. ഞങ്ങൾ - വക്കീലന്മാർ - എല്ലാം ചേർന്ന് മജിസ്ട്രേട്ടിന്റെ പേരിൽ കേസ് കൊടുത്തു. അതിന്റെ ശേഷം അധികം പേരും അദ്ദേഹത്തിന്റെ കോടതിയിൽ വ്യവഹരിക്കാൻ പോകാ തെയായി. ചിലരെല്ലാം പൊഴിഞ്ഞ് അദ്ദേഹത്തിന്റെ കോടതിയിൽത്തന്നെ ചെന്നെത്തി. അദ്ദേഹം സ്ഥലംമാറിപ്പോയതിന്റെ ശേഷമേ ഞാൻ പിന്നീടു കോടതിയിൽ പോയുള്ളു. ഈ വഴക്കുകാലത്താണ് എന്റെ പൊതുപ്ര വർത്തനത്തിന് അല്പമായുണ്ടായിരുന്ന വാസനയും താൽപര്യവും രൂപം പ്രാപിക്കാൻ ഇടയായത്. പിന്നീട് കുറച്ചുകാലംകൂടി കോടതിയിൽ പോയെ ങ്കിലും അതിലുള്ള താൽപര്യം കുറഞ്ഞുവരികയും പൊതുജനസേവന ത്തിനുള്ള ആഗ്രഹം വർദ്ധിക്കുകയും ചെയ്തു. ഉർവ്വശീശാപമുപകാരം എന്ന മട്ടിൽ ആ മജിസ്ട്രേട്ടിന്റെ ചെയ്തി എന്റെ ജീവിതത്തിന് ഒരു പരി വർത്തനം തന്നെ ഉണ്ടാക്കി. വക്കീൽവേലയും പൊതുജനസേവനവുമായി രണ്ടുമൂന്നുകൊല്ലം കൂടി മുമ്പോട്ടുപോയി. ഞാൻ വക്കീൽവേലയോട് എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞത് 1091-ലാണ്. അതിനുള്ള കാരണവും സന്ദർഭവും പിന്നാലെ വ്യക്തമാകും.

നാലാമദ്ധ്യായം

പൊതുക്കാര്യപ്രസക്തി

തലശ്ശേരി സ്വദേശിയും ഉല്പതിഷ്ണുവുമായ കപ്പന കണ്ണൻമേനോൻ ബി.എ.എൽ.റ്റി. 1085-ൽ ആണെന്നു തോന്നുന്നു, ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് ഹൈസ്ക്കൂൾ ടീച്ചറായി വന്നത്. അദ്ദേഹം താമസിച്ചത് പെരുന്നയിലായിരുന്നു. താമസിയാതെ ഞങ്ങൾ അന്യോന്യം സ്നേഹിതന്മാരായിത്തീർന്നു. ഞങ്ങൾ അഞ്ചാറുപേർ അദ്ദേഹത്തിന്റെ വീട്ടിൽകൂടി സമുദായപരിഷ്കാരകാര്യങ്ങളേയും ലോകത്തിന്റെ പരിവർത്തനത്തേയും പറ്റി സംസാരിക്കുക പതിവായിരുന്നു. നല്ല നല്ല ഇംഗ്ലീഷുപുസ്തകങ്ങൾ വായിച്ച് അർത്ഥം പറഞ്ഞുതരുന്നത് അദ്ദേഹത്തിന്റെ കൃത്യമായി സ്വീകരിച്ചു. ഞങ്ങളുടെ ചിന്താവിഷയങ്ങളിലും സംസാരപരിധിയിലും പെടാത്ത നല്ല കാര്യം ചുരുക്കമായിരുന്നു. അതിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം മരുമക്കത്തായ പരിഷ്കാരത്തിനും നായർസമുദായ കാര്യങ്ങൾക്കും ഞങ്ങൾ കല്പിച്ചിരുന്നു. കണ്ണൻമേനോന്റെ സങ്കല്പത്തിലെ സമുദായപരിഷ്കാരത്തെ അടിസ്ഥാനമാക്കി അദ്ദേഹം എഴുതിയതാണ് 'സ്നേഹലത'. അതിൽ എനിക്കുള്ള സ്ഥാനവും അതിനോടുള്ള ബന്ധവും എന്താണെന്ന് അദ്ദേഹംതന്നെ അതിന്റെ മുഖവുരയിൽ വിവരിച്ചിട്ടുണ്ട്. ഞങ്ങളുടെ ഈ വിധത്തിലുള്ള ദൈനംദിനചിന്തയും സമ്പർക്കവുംകൊണ്ട് പല നവീനാശയവും ഞങ്ങളിൽ ഉണ്ടായി. എനിക്കു പൊതുക്കാര്യപ്രവർത്തനത്തിനുള്ള ആസക്തി വർദ്ധിച്ചു എന്നുള്ളതു നിശ്ചയം. ഏതുവിധത്തിലാണ് സ്വന്തം തൊഴിലിനു തടസ്സം കൂടാതെ, എന്തെങ്കിലും ഒരു പൊതുപ്രവർത്തനം ആരംഭിക്കുന്നത് എന്നുള്ള ആലോചനയും അല്പാല്പമുണ്ടായിത്തുടങ്ങി. വിശാലവിചാരഗതികൾ എത്രതന്നെയുണ്ടായാലും, ജാതിമതാദികൾക്കതീതമായി നിന്നുകൊണ്ട് 'മനുഷ്യ'സമുദായസേവനം പ്രയോഗത്തിൽ വരുത്താൻ സാദ്ധ്യമായ ഒരു അന്തരീക്ഷമല്ല ഇവിടുണ്ടായിരുന്നത്.

ആചാരമര്യാദകളും, ജീവിതസമ്പ്രദായങ്ങളും, വിശ്വാസനിലകളും, പെരുമാറ്റരീതിയും കൊണ്ട് ജനങ്ങൾ വളരെ നാളായി പല ജാതികളായി പിരിഞ്ഞു ജീവിക്കുന്ന ഈ രാജ്യത്ത്, പൊതുജനസേവനം സമുദായാടിസ്ഥാനത്തിലല്ലാതെ സാദ്ധ്യമല്ലായിരുന്നു. സ്വസമുദായസേവനം ചെറുവൃത്തത്തിലുള്ളതാണെങ്കിലും ഒട്ടും ആക്ഷേപമുള്ളതായി എനിക്കു തോന്നിയില്ല. ഇന്നും തോന്നുന്നില്ല. സേവനത്തിനാവശ്യമുള്ള പല സമുദായമുണ്ടെന്ന് എനിക്കുമറിയാം. എന്നാൽ ഏതൊരു സമുദായത്തേക്കാളും സേവനത്തിനാവശ്യം നായർസമുദായത്തിനാണെന്ന് എനിക്കു തോന്നി. സ്ത്രീകളുടെ ക്ലേശം കണ്ട് ദുഃഖം തോന്നുന്ന ഒരുവൻ, ആദ്യമായി രക്ഷിക്കേണ്ടത് പെറ്റമ്മയെ ആണെന്നുള്ള വിശ്വാസക്കാരനാണു ഞാൻ. നായർസമുദായത്തിന്റെ അന്നത്തെ സ്ഥിതി ഹൃദയമുള്ളവരെയെല്ലാം സ്തംഭിപ്പിക്കുന്നതായിരുന്നു.

ഒരുകാലത്ത് കേരളത്തിലെ വസ്തുഉടമസ്ഥന്മാരും ഒരുവിധം സർവാധിപതികളുമായിരുന്നു നായന്മാർ. ബ്രിട്ടീഷ് ആധിപത്യത്തോടു

കൂടി അവരുടെ രാഷ്ട്രീയകർത്തൃത്വം നശിക്കുകയും, സുഖലോലുപത്വവും തന്മൂലമുണ്ടായ അലസതയും മൂലം പ്രയത്നശീലം അവരെ വിട്ടുപിരിയുകയും ചെയ്തിരുന്നു. പ്രവൃത്തിശൂന്യരായ അവർ പഴയ പ്രഭാവത്തെ അയവിറക്കിയുംകൊണ്ട്, അന്യോന്യമാത്സര്യത്തോടുകൂടി 'തൊഴുത്തിൽക്കുത്ത്' ഒരു തൊഴിലായി സ്വീകരിച്ചു. ഓരോ നായർഭവനവും കൃഷ്ണപക്ഷചന്ദ്രികപോലെ ദിവസംതോറും ക്ഷയിച്ചുകൊണ്ടിരുന്നു. അന്ധവിശ്വാസവും, അനാചാരവും, ആഡംബരഭ്രമവും, അടിയന്തിരബഹുലതയും, കാലത്തിനു പറ്റാത്ത മരുമക്കത്തായവുംകൊണ്ട്, പ്രഭാവമുള്ള മിക്ക തറവാടുകളും നാഥനും നമ്പിയുമില്ലാതെ, അധഃപതനത്തിന്റെ അടിത്തട്ടിലേക്ക് അതിവേഗം പ്രയാണം ചെയ്യുന്ന വസ്തുത, അധികമാരും ഗ്രഹിച്ചുതന്നെയില്ല. പുറം കണ്ടാൽ വസ്തുത ഗ്രഹിക്കാൻ സാദ്ധ്യമല്ലാത്ത, ഉള്ളുപൊള്ളയായ പൈൻവൃക്ഷംപോലെ, നായർസമുദായം അതിന്റെ പഴയ പ്രഭാവത്തിൽ നിൽക്കുന്നു എന്നു തെറ്റിദ്ധരിച്ച്, അവരും മറ്റുള്ളവരും അങ്ങിനെ കഴിഞ്ഞുകൂടുകയായിരുന്നു. എന്നാൽ, ദീർഘവീക്ഷണമുള്ള അപൂർവം ചിലർ, സമുദായത്തിന്റെ ഈ അപകടനില ഏറെക്കുറെ മനസ്സിലാക്കി, ചില പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരുന്നു. 'നായർസമുദായോദ്ധാരകൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന സി. കൃഷ്ണപിള്ളയായിരുന്നു ഈ പ്രമാണികളിൽ പ്രമുഖൻ. 'നായർസമാജം' സ്ഥാപിച്ച് നായന്മാരെ ഉൽബുദ്ധരാക്കയും, അവരെ സംഘടിപ്പിച്ച് ശക്തന്മാരാക്കയും, പ്രത്യുന്മുഖരാക്കയും ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. എല്ലാ നായന്മാർക്കും പ്രയോജനപ്പെടത്തക്കവണ്ണം സി. കൃഷ്ണപിള്ളയും മറ്റു ചില പ്രമാണികളുംകൂടി തിരുവനന്തപുരത്തുവച്ച് 'കേരളീയ നായർസമാജം' സ്ഥാപിച്ചു നടത്താൻ തുടങ്ങിയത് അക്കാലത്തായിരുന്നു. അതിന്റെ ചെറുരൂപത്തിലുള്ള ശബ്ദവും ചലനവും ചങ്ങനാശ്ശേരിയിലും എത്തിയിരുന്നു. അന്നത്തെ സമുദായപരിഷ്കാര ചിന്താഗതിക്കാരിൽ ഒരു പ്രമാണിയും എന്റെ ഗുരുജനങ്ങളിൽ പ്രമുഖനുമായിരുന്നു പരേതനായ കൈനിക്കര ഗോവിന്ദപ്പിള്ള. സമുദായത്തിന്റെ ഉൽക്കർഷത്തിന് സ്ത്രീകൾ നന്നാകേണ്ടത് അത്യാവശ്യമെന്നുള്ള വിശ്വാസക്കാരനായിരുന്നു അദ്ദേഹം. അതിന് അവർക്കു വിദ്യാഭ്യാസം നൽകുകയാണ് ഒന്നാമത്തെ കൃത്യമെന്നും അദ്ദേഹം തീരുമാനിച്ചു. പെരുന്നയിലെ ആദ്യത്തെ വിദ്യാശാല അദ്ദേഹത്തിന്റെ മാനേജുമെന്റിൽ നടത്തിയ രണ്ടുക്ലാസ്സുള്ള പെൺപള്ളിക്കൂടമായിരുന്നു. അതിലെ ആദ്യവിദ്യാർത്ഥിനി അദ്ദേഹത്തിന്റെ ഏകസന്താനമായിരുന്ന 'കളത്തിൽ പങ്കിയമ്മ'യായിരുന്നു. അവർതന്നെയായിരുന്നു പ്രൈവറ്റായിട്ടെങ്കിലും ഇംഗ്ലീഷ് പഠിച്ച ഞങ്ങളുടെ ദിക്കിലെ ആദ്യത്തെ സ്ത്രീയും. തിരുവിതാംകൂർ കൊച്ചിയിലെ മന്ത്രിമാരിൽ ഒരാളായിരുന്ന കളത്തിൽ വേലായുധൻനായരുടെ ഭാഗ്യവതിയായ മാതാവാണ് അവർ. അവർ ഇഹലോകവാസം വെടിഞ്ഞിട്ട് അധികകാലമായില്ല.

നായർസമുദായ പരിഷ്കാരത്തിനും, സംഘടനയ്ക്കും, നഷ്ടപ്പെട്ട രാഷ്ട്രീയകാര്യം വീണ്ടെടുക്കുന്നതിനുമായി കൈനിക്കര ഗോവിന്ദപ്പിള്ള 'നായർ' മാസികയും 'സുഭാഷിണി'പ്പത്രവും ചങ്ങനാശ്ശേരി

യിൽനിന്നും ആരംഭിച്ചു. അത് നഷ്ടത്തോടുകൂടിയാണെങ്കിലും കുറേ ക്കാലം നടന്നു. 'നായർ' മാസികയുടെ പത്രാധിപർ, തെക്കേ മലബാറിൽനിന്നും അക്കാലത്ത് ചങ്ങനാശ്ശേരിയിൽ വന്നുതാമസിച്ചിരുന്ന 'കാരുതോടി കണ്ണൻ നായരും', സുഭാഷിണിപ്പത്രത്തിന്റെ പത്രാധിപർ പി.കെ. ഗോവിന്ദപ്പിള്ളയുമായിരുന്നു. മാസിക അധികകാലം നടന്നില്ല. പത്രം പ്രസിദ്ധീകരണാർത്ഥം തിരുവനന്തപുരത്തേക്കു മാറ്റി. കൈനിക്കര ഗോവിന്ദപ്പിള്ളയുടെ കാലശേഷം സുഭാഷിണിയുടെ നടത്തിപ്പിനുള്ള അവകാശം പത്രാധിപർ പി.കെ. ഗോവിന്ദപ്പിള്ളയ്ക്കു വിട്ടുകൊടുക്കുകയും അദ്ദേഹത്തിന്റെ ഹിതാനുസരണം നടത്തുകയും ചെയ്തു. ആഴ്ചതോറും പുറപ്പെടേണ്ട പത്രം സൗകര്യംപോലെ പുറപ്പെടാനും, ഒടുവിൽ തീരെ പുറപ്പെടാതിരിക്കാനും ഇടയായെങ്കിലും നായർസമുദായാഭിമാനിയായിരുന്ന പി.കെ. ഗോവിന്ദപ്പിള്ള മരണപര്യന്തം 'സുഭാഷിണി' പത്രാധിപർതന്നെ ആയിരുന്നു. കുട്ടിത്തരം വേഷക്കാരന്റെ നിലയിലാണെങ്കിലും ഞാനും ഈ ആലോചനാമണ്ഡലത്തിലും പ്രവർത്തനപരിപാടികളിലും ചെറുതോതിലെങ്കിലും പങ്കാളിയായിരുന്നു എന്നു പറയാവുന്നതാണ്.

ഇങ്ങിനെ പല നല്ല പ്രവൃത്തികളും എന്റെ ജന്മദേശത്തു നടന്നുവന്നു എങ്കിലും, അതൊന്നും എന്റെ കുടുംബക്കാരും ബന്ധുക്കളും സ്വജനങ്ങളും ലേശവും അറിഞ്ഞ ലക്ഷണം കണ്ടില്ല. അവർ പഴയ രീതിയിൽ 'ഇണങ്ങുവഴക്കുകളും കക്ഷിമത്സരങ്ങളും കൊണ്ട് അവരുടെ പ്രാമാണ്യവും സ്വാധീനവും തെളിയിക്കാനും, എല്ലാ കാര്യങ്ങളും 'മാമൂലിൻപടി' നടത്താനും ശ്രമിച്ചുകൊണ്ടുതന്നെയായിരുന്നു. മനസ്സുണ്ടായാലും ഇല്ലെങ്കിലും ഒരു കക്ഷിയിൽ പെടാതെ ജീവിക്കാനോ, മാമൂൽലംഘനം നടത്താനോ ആർക്കും സാദ്ധ്യമായിരുന്നില്ല. അന്നത്തെ 'നാലുവീടനും', 'എട്ടുവീടനും', 'ഇല്ലക്കാരനും', 'സ്വരൂപക്കാരനും' എന്നുള്ള വ്യത്യാസമില്ലാതെ, നായരെന്നപേരിൽ അറിയപ്പെടുന്ന, പെരുന്നയിൽ കിഴക്കുംഭാഗത്തുള്ള എല്ലാ നായന്മാരേയും ചേർത്ത് ഒരു അപരിഷ്കൃത കരയോഗം ഉണ്ടാക്കാനും, ജാതിഭേദം, താലികെട്ടുകല്യാണം മുതലായ അനാവശ്യ അടിയന്തിരങ്ങൾ ഇല്ലാതാക്കുവാനും ആഗ്രഹിച്ചു. അല്പാല്പമായ ശ്രമം നടന്നുകൊണ്ടിരുന്നു.

കൈനിക്കര ഗോവിന്ദപ്പിള്ളയുടെ അകാലചരമം സമുദായത്തിനും നാട്ടിനും ഒരു നഷ്ടമായിത്തീർന്നു. അദ്ദേഹത്തിന്റെ പിണ്ഡമടിയന്തിരത്തിനു കൂടിയ ബന്ധുജനങ്ങളായ ഞങ്ങളെല്ലാവരുംകൂടി ആലോചിച്ച്, പെരുന്നയിൽ കിഴക്കുംഭാഗത്തെ നായന്മാരെല്ലാം ചേർന്ന് ഒരു പരിഷ്കൃത കരയോഗം രജിസ്റ്റർചെയ്തു നടത്താൻ അന്നവിടെവച്ചു തീരുമാനിച്ചു. അത് 1086-ൽ ആണ്. താമസിയാതെ കരയോഗം രജിസ്റ്റർ ചെയ്യുകയും എന്നെ അതിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കുകയും ചെയ്തു. വക്കീൽപ്പണിയോടുകൂടി സെക്രട്ടറിജോലിയും നടത്താമെന്നു വിശ്വസിച്ചു. വെറും പ്രസംഗംകൊണ്ടുമാത്രം പ്രയോജനമൊന്നും ഉണ്ടാകയില്ലെന്ന് അറിയാമായിരുന്നതിനാൽ കരയോഗത്തിനു മൂലധനമുണ്ടാക്കാനും കരയോഗമന്ദിരം പണിയാനും തീരുമാനിച്ച് കെട്ടുതെങ്ങും പിടിയരിയും ഉടനെ നടപ്പിൽവരുത്തി. മന്ദിരത്തിനുള്ള സ്ഥലം എഴുതി വാങ്ങി. വലിയ

പണ്ഡിതനും ജ്യോതിശ്ശാസ്ത്രജ്ഞനുമായ തീർത്ഥപാദ പരമഹംസ സ്വാമികളുടെ നിശ്ചയപ്രകാരമുള്ള മുഹൂർത്തത്തിൽ കരയോഗമന്ദിര ത്തിന്റെ ശിലാസ്ഥാപനം നടത്തി. തൽസമയത്തെ ലക്ഷണം നോക്കി സ്വാമികൾ പറഞ്ഞത്- "വളരെ ക്ലേശങ്ങളും പ്രതിബന്ധങ്ങളും കാണു ന്നുണ്ടെങ്കിലും മന്ദിരംപണി പൂർത്തിയാകും. ഇതിന്റെ മൂന്നുവശങ്ങളിലും ഇതിനേക്കാൾ എത്രയോ വലുപ്പമുള്ള പല സഹോദരസ്ഥാപനങ്ങൾ ഉണ്ടാകുമെന്നും ലക്ഷണംകൊണ്ട് പറയേണ്ടിയിരിക്കുന്നു" എന്നാണ്. അന്ന് മിക്കവാറും വിജനപ്രദേശമായിരുന്നു അവിടവും ചുറ്റുപാടും. സ്വാമി കളോട് ക്രമത്തിലധികം ഭക്തിവിശ്വാസമുണ്ടായിരുന്ന ഞങ്ങൾക്കു പോലും ആ വാക്കുകളെ അപ്പാടെ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇന്ന് അത് നൂറുശതമാനവും അതിലധികവും ശരിയെന്നു പറയേണ്ടി യിരിക്കുന്നു.

'മാരണത്തുകാവ്' എന്ന പേരിൽ അറിയപ്പെടുന്ന, അമ്പലമില്ലാതെ ചെറുമതിൽക്കെട്ടും ചുറ്റും ഇരുളടഞ്ഞ കാടും മാത്രമുള്ള പഴയ ഒരു ഭദ്ര കാളീക്ഷേത്രമുണ്ടായിരുന്നതിന്റെ മുൻവശത്തുള്ള പറമ്പിലാണ് കരയോ ഗമന്ദിരത്തിന് ശിലാസ്ഥാപനം നടത്തിയത്. പകർച്ചവ്യാധിവന്നു ചാകുന്ന വരേയും അനാഥപ്രേതങ്ങളേയും അക്കാലത്ത് കുഴിച്ചുമൂടിയിരുന്നത് ആ ക്ഷേത്രത്തിനു ചുറ്റും കിടന്ന വെറുംപറമ്പുകളിലായിരുന്നു. ക്ഷേത്രത്തിനു മുൻവശത്ത് വർഷകാലത്ത് മുട്ടോളം വെള്ളം ഒഴുകുന്ന ഒരു തോടും അതിൽ ഇടയ്ക്കിടയ്ക്ക് മുണ്ടലക്കാൻ ഉണ്ടാക്കിയ ചെറിയ കുളങ്ങളുമാ ണുണ്ടായിരുന്നത്. ഇതുതന്നെയായിരുന്നു ആ പ്രദേശങ്ങളിലേക്കുള്ള വഴി യും. ഭദ്രകാളിയെ ഭയന്ന്, വെള്ളിയാഴ്ചയാണെങ്കിൽ നട്ടുച്ചയ്ക്കുപോലും ആളുകൾ ആ വഴിയെ നടക്കാൻ മടിക്കുമായിരുന്നു. ഇന്നത്തെ സ്ഥിതി എന്താണ്. വളർന്ന കാടുകൊണ്ട് ഇരുളടഞ്ഞ് മനുഷ്യർക്ക് ഭയമുണ്ടാക്കി ക്കൊണ്ടിരിക്കുന്ന അന്നത്തെ ക്ഷേത്രം തന്നെയാണ്, കാടിന്റെ പൊടിപോ ലുമില്ലാതെ തെളിഞ്ഞ ആകാശത്തിൻകീഴിൽ, മുൻവശത്തുള്ള പ്രാർത്ഥ നാമന്ദിരത്തോടും മതിൽക്കെട്ടുകളോടും കൂടി ആരെയും ആകർഷിച്ച്, ഭക്തിപ്രചുരിമ ഉണ്ടാക്കിക്കൊണ്ട് എൻ.എസ്.എസ്. സ്ഥാപനങ്ങളുടെ കിഴക്കേ അറ്റത്ത് ഇന്ന് ഉയർന്നുവിലസുന്നത്. ഞങ്ങളുടെ കരയോഗംവ കയായി ഈ ക്ഷേത്രമാണ്, ക്ഷേത്രപ്രവേശനവിളംബരത്തിനും എത്രയോ കൊല്ലംമുമ്പ് ഹരിജനങ്ങൾക്കു പ്രവേശനം അനുവദിച്ചത്. ഇന്ന് കിഴക്കു പടിഞ്ഞാറ് നീളത്തിൽ വിശാലമായി കിടക്കുന്ന റോഡാണ് അന്നത്തെ തോടെന്നു പറഞ്ഞാൽ ആരും വിശ്വസിക്കയില്ല. ചുറ്റും കിടന്ന വിജനപ്ര ദേശത്താണ് എൻ.എസ്.എസ്. ഹെഡ്ഡാഫീസും, ഹൈസ്ക്കൂളും, കാളേ ജും, വിദ്യാർത്ഥിസത്രങ്ങളും സ്ഥിതിചെയ്യുന്നത്. അന്ന് പകൽപോലും വഴിനടക്കാൻ ഭയപ്പെട്ട സ്ഥലത്താണ്, നിത്യം രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ പഠിച്ചും കളിച്ചും രസിക്കുന്നത്. സ്വാമിജിയുടെ സ്മരണ പുതുക്കാൻ അന്നത്തെ പഴയ കാര്യങ്ങൾ ഓർമ്മിച്ചാൽ മതിയാകും. എന്നെ ക്കാൾ പ്രായം കുറഞ്ഞ സ്വാമി ഈ പരിവർത്തനങ്ങളെല്ലാം കണ്ടാനന്ദി ക്കാൻ ഇന്നു ജീവിച്ചിരിക്കുന്നില്ലല്ലോ എന്ന വ്യസനമേയുള്ളു.

മന്ദിരംപണിക്ക് ഞങ്ങളുടെ കരയിൽപ്പെട്ടവരുടെ ഒരു പണപ്പിരിവു ലിസ്റ്റുണ്ടാക്കി. ഏറ്റവും വലിയ സംഖ്യ നൂറുരൂപയായിരുന്നു. ഞങ്ങൾ നാലഞ്ചു വീട്ടുകാർ നൂറുരൂപാവീതവും ബാക്കിയുള്ളവർ അവരുടെ നിലയും സമ്മതവും അനുസരിച്ചുള്ള സംഖ്യയും കൊടുക്കാൻ തീരുമാനിച്ചു. എന്റെ ചുമതലയിൽ പണപ്പിരിവും പണിയും നടന്നു. കല്ലും തടിയും സ്ഥലത്തു കൊണ്ടുവരികയും തറയ്ക്കു മണ്ണെടുത്തിടുകയും ചെയ്യുന്ന ജോലി, ആൾഭേദം നോക്കാതെ കരയോഗത്തിൽപ്പെട്ടവർ തന്നെ പ്രതിഫലം കൂടാതെ ചെയ്യണമെന്നുള്ള തീരുമാനപ്രകാരം ഞങ്ങളെല്ലാം ചുമട്ടുജോലിയും വീത പ്രകാരം നിർവഹിച്ചു. ജനങ്ങളുടെ ഇടയിലെ ആദ്യത്തെ "മൂച്ച്" ഒന്നു ശമി ച്ചപ്പോൾ മന്ദിരംപണിയുടെ ഊർജ്ജിതവും കുറഞ്ഞു. ഇഴഞ്ഞ മട്ടിലെങ്കിലും നടന്നുകൊണ്ടിരുന്ന പണിക്കു കൂലികൊടുക്കാൻ മാർഗ്ഗമില്ലാതെ പല ദിവ സങ്ങളിലും ക്ലേശിക്കേണ്ടിവന്നിട്ടുണ്ട്. അപൂർവ്വം ചില പ്രമാണികളും അവ രുടെ അനുയായികളും കരയോഗത്തിൽ ചേരാതെയും ഒരു കാശും തരാ തെയും ഇരുന്നെന്നു മാത്രമല്ല, കുറ്റവും കുറവും പറഞ്ഞു കുഴപ്പമുണ്ടാ ക്കാൻ ശ്രമിക്കുകൂടി ചെയ്തു. ഇതെല്ലാം സഹിച്ചുകൊണ്ട് ഞാൻ ലക്ഷ്യം തെറ്റാതെ പ്രവർത്തിച്ചുകൊണ്ടിരുന്നു. എങ്കിലും ക്ലേശങ്ങൾക്ക് അതിരില്ലാ തെയായി. എന്റെ ജീവിതമാർഗ്ഗമായ വക്കീൽപ്പണിക്കു പോകാത്തതുകൊ ണ്ടുള്ള ദാരിദ്ര്യദുഃഖം ഒരുവശത്ത്, സുഖക്കേടുനിമിത്തം കിടപ്പിലായ ഭാര്യ യുടെ ദുരിതം ഓർത്തുള്ള ദുഃഖം മറുവശത്ത്, മന്ദിരംപണിയിലുള്ള എന്റെ ഏകാഗ്രതയ്ക്ക് ലോപം വരുത്തിയാൽ പണി വീണുപോകുമെന്നുള്ള ഭയം പിന്നൊരുവശത്ത് - അങ്ങനെ തീ തിന്നുകൊണ്ട് അക്കാലത്തു കഴിഞ്ഞു കൂടിയ ദിവസങ്ങൾ ഒന്നുംരണ്ടുമല്ല. ഭാര്യയുടെ ദീനവും എന്റെ ഗ്രഹപ്പി ഴയും ഒരുപോലെ മൂർദ്ധന്യാവസ്ഥയിലെത്തി. സാധു! 1076-ലാണ് ഞാൻ അവരെ വിവാഹം ചെയ്തത്. പെരുന്നയുടെ തൊട്ടുകിഴക്കുള്ള തൃക്കൊടി ത്താനത്ത് മേച്ചേട്ടുവീട്ടിൽ ജനിച്ച അവരുടെ പേര് കല്യാണി എന്നായിരു ന്നു. വിവാഹം കഴിഞ്ഞശേഷം മരണംവരെ എന്നോടൊരുമിച്ചു താമസിച്ച സുശീലയായ അവർ, ഇത്രനേരത്തേ അന്ത്യയാത്ര പറയുക എന്നുള്ളത് ഓർക്കാൻതന്നെ പ്രയാസം. എന്തുചെയ്യാം, അങ്ങിനെയാണ് ദൈവേച്ഛ. ഞങ്ങളുടെ ഏകസന്തതിയായ 9 വയസ്സുള്ള ലക്ഷ്മിക്കുട്ടിയുടെ സംരക്ഷ ണച്ചുമതല മുഴുവനും എന്നിൽത്തന്നെ നിക്ഷേപിച്ചിട്ട് അവർ ഈ പ്രപഞ്ച ത്തോടു യാത്രപറഞ്ഞു പിരിഞ്ഞു. ശരീരക്ലേശവും മനഃക്ലേശവുംകൊണ്ട് ഞാനും ഏതാനുംദിവസം രോഗശയ്യാവലംബിയാകേണ്ടിവന്നു. മന്ദിരംപ ണിയും ഏതാനും ദിവസത്തേക്കെങ്കിലും നിർത്തിവയ്ക്കാൻ ഇടയായി.

ഒന്നുരണ്ടു മാസങ്ങൾക്കുശേഷം പണി വീണ്ടും ആരംഭിച്ചു. ഞെരുക്കം വർദ്ധിച്ചപ്പോൾ പണപ്പിരിവിനായി വേറെ ഒന്നുരണ്ടു താലൂക്കു കളിൽ ഞാൻ സഞ്ചരിച്ചുനോക്കി. ചെറിയ ചില സഹായങ്ങൾ കിട്ടിയെന്ന ല്ലാതെ ആ യാത്ര അത്ര വളരെ ഫലപ്രദമായിരുന്നില്ല. പെരുന്നയിൽത്തന്നെ വന്ന് വീണ്ടും ഒരു ചാലുകൂടി ഉഴവുനടത്താൻ തീരുമാനിച്ചു. പലരേയും ഞെരുക്കിയും, അവധിപറഞ്ഞും തെണ്ടിയും കടംമേടിച്ചും പണി മുമ്പോട്ടു കൊണ്ടുപോയി. അക്കര കണ്ടുതുടങ്ങി എന്നു തോന്നിയപ്പോൾ എനിക്ക് അല്പം ആശ്വാസമുണ്ടായി. ഇക്കാര്യത്തിൽ ആദ്യവസാനം സ്ഥിരമായി

നിന്ന് എന്റെ വലംകൈ പോലെ പ്രവർത്തിച്ചിട്ടുള്ള ഒരാളുണ്ട്. അത് കരയോഗം ട്രഷററായിരുന്ന പടിഞ്ഞാറേക്കുറ്റു കൃഷ്ണപിള്ളയാണ്. കരയിലെ ബഹുഭൂരിപക്ഷം ആളുകളും എനിക്കനുകൂലികളായിരുന്നു. എങ്കിലും, കഴിവിന്റെ കുറവും പൊതുക്കാര്യങ്ങളിലെ താൽപര്യമില്ലായ്മയുംകൊണ്ട് അവർ എന്റെ ആശയ്ക്കും ആവശ്യത്തിനും തക്കവണ്ണം മുന്നോട്ടുവരാൻ മടിച്ചു. ഒരുവിധത്തിൽ മന്ദിരംപണി ചെറിയ കടത്തോടുകൂടിയാണെങ്കിലും പൂർത്തിയായി എന്നു പറഞ്ഞാൽ കഴിഞ്ഞു.

അതിന്റെ ഉദ്ഘാടനം മോടിയിൽ നടത്തണമെന്ന് ഞാനാഗ്രഹിച്ചു. പുതിയ കരയോഗമെന്നോ കരയോഗമന്ദിരമെന്നോ ഉള്ള ചിന്താഗതി തന്നെ ആന്നു നാട്ടിലുണ്ടായിട്ടില്ല. ആദ്യത്തെ കരയോഗമന്ദിരം തിരുവല്ലാതാലൂക്കിന്റെ കിഴക്കുഭാഗത്ത് ഇന്നും പ്രാമാണ്യത്തിലിരിക്കുന്ന അയിരൂർപ്രദേശത്താണുണ്ടായതെന്ന് ഞാൻ ഓർക്കുന്നു. പുതിയ പരിഷ്കാരത്തിന്റെ ആവിർഭാവത്തോടുകൂടി സാമുദായികമായി വലിയ പരിവർത്തനമുണ്ടായ ദിക്കാണത്. അയിരൂരെ വലിയതേര് പ്രസിദ്ധമാണ്. അത്രവളരെ പൊക്കത്തിലും വീതിയിലും മരത്തിൽ പണിതുണ്ടാക്കിയ തേര് വേറെ കാണുകയില്ല. കൊത്തുപണിയും ചായവേലയുംകൊണ്ട് ഭംഗിയാക്കപ്പെട്ട വലിയ തേര്, കൊടിമരം പോലെ നീണ്ട് ഘനമുള്ള ചട്ടത്തിൽ ഉറപ്പിച്ചുകഴിയുമ്പോൾ അതിന് എത്രയോ ടൺ ഭാരമുള്ളതായിത്തീരുന്നു. അതിനെ പതിനായിരക്കണക്കിനുള്ള ആളുകളുടെ തോളിൽക്കയറ്റി പമ്പയാറ്റിൽനിന്നുയർന്നഭാഗത്തു സ്ഥിതിചെയ്യുന്ന ദേവീക്ഷേത്രത്തിലേക്കു കൊണ്ടുപോകുന്ന കാഴ്ച ആളുകളെ അത്ഭുതപ്പെടുത്തുന്നതിലധികം പരിഭ്രമിപ്പിക്കുന്നതായിരുന്നു. ദേവിയുടെ അനുഗ്രഹത്തിനുവേണ്ടി അന്ധവിശ്വാസത്തിന്റെ ആധിക്യത്താൽ "പാളക്കോലം" കെട്ടിത്തുള്ളുന്ന പടയണിയുടെ ഒരു ഭാഗമായിരുന്നു ഇതും. വർണ്ണവ്യത്യാസവും തീണ്ടലും തൊടീലും കൊണ്ട് ഈ 'തുള്ളലും' 'ചുമക്കലും' എല്ലാം നായർതന്നെയാണ് വഹിച്ചിരുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത് അയിരൂരെ മാത്രം ബാധിച്ച ഒരു ദോഷമായിരുന്നില്ല. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഈ അന്ധവിശ്വാസപ്രകടനം കേരളമൊട്ടുക്കും വ്യാപിച്ചിരുന്നു. ഇതിൽനിന്നും ഇപ്പോഴെങ്കിലും മോചനം സിദ്ധിച്ച ധീരന്മാർ അയിരൂർക്കാരായിരുന്നെന്നേയുള്ളു. കേരളീയ നായർസമാജത്തിന്റെ ശംഖധ്വനി ആദ്യമായി ശരിക്കു പതിഞ്ഞത് അയിരൂരെ നായന്മാരുടെ ശ്രവണേന്ദ്രിയങ്ങളിലായിരുന്നു. അവർ പടയണി വേണ്ടെന്നു വച്ചു. പരിഷ്കരിച്ച കരയോഗമുണ്ടാക്കി, പമ്പാതീരത്ത് ഇന്നു കാണുന്ന കരയോഗമന്ദിരം പണിയിച്ചു. വലിയ തേരിന്റെ തടികൾ മന്ദിരത്തിന്റെ മേൽക്കൂരയ്ക്കുപയോഗിച്ചു. അതിന്റെ മുൻവശത്തുള്ള വിശാലമായ മണൽപ്പുറത്ത് നീണ്ട പന്തൽ കെട്ടി. അവിടെവച്ച് ഹിന്ദുമതപണ്ഡിതന്മാരെക്കൊണ്ട് കൊല്ലംതോറും ഏതാനും ദിവസത്തെ തുടർച്ചയായ മതസമ്മേളനം നടത്തുന്നത് കരയോഗത്തിന്റെ പ്രധാന പ്രവൃത്തിയായി സ്വീകരിച്ചു. ആ മതസമ്മേളനത്തിന്റെ അഗ്രാസനത്വം മിക്കവാറും സദാനന്ദസ്വാമിയിലാണ് അവർ സമർപ്പിച്ചിരുന്നത്. സദാനന്ദസ്വാമികൾ വലിയ പണ്ഡിതനും വാഗ്മിയും കർമ്മയോഗിയുമായിരുന്നു. അദ്ദേഹം സ്ഥാപിച്ചതാണ് കൊട്ടാരക്കരയുള്ള 'സദാനന്ദപുര'വും, 'സദാനന്ദാശ്രമ'വും. സന്ന്യാസിമാർക്കു

ജാതിയില്ലെങ്കിലും അദ്ദേഹം ജനിച്ചത് കൊച്ചീരാജ്യത്തെ തത്തമംഗലത്തുള്ള ഒരു നായർഭവനത്തിലായിരുന്നു. അദ്ദേഹത്തിന്റെ പാണ്ഡിത്യം സംസ്കൃതത്തിലും കവിഞ്ഞ് തമിഴ്ഭാഷയിലായിരുന്നു. കേരളീയ നായർസമാജത്തിന്റെ ആരംഭകാലത്ത് അദ്ദേഹം തിരുവനന്തപുരത്തുവന്നെത്തി. അദ്ദേഹത്തിന്റെ തമിഴ്പ്രസംഗം ആ പട്ടണവാസികളെ അത്ഭുതപ്പെടുത്തുകയും ആകർഷിക്കുകയും ചെയ്തു. അവിടുത്തെ നായർസമുദായപ്രമാണികളിൽ ചിലർ വളരെ ശ്രമപ്പെട്ട് അദ്ദേഹം ഒരു നായരാണെന്നു കണ്ടുപിടിച്ചു. അഭിമാനംകൊള്ളുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട അവർ, അങ്ങിനെ ചെയ്തില്ലെന്നു മാത്രമല്ല, ദുരാരോപണങ്ങൾകൊണ്ട് അദ്ദേഹത്തിന്റെ മുഖത്തു കരിതേച്ച് ഓടിക്കാനും ശ്രമിച്ചു. പത്രപ്രസ്താവനകളും ചോദ്യശരങ്ങളുംകൊണ്ട് അദ്ദേഹത്തെ ശ്വാസംമുട്ടിച്ചു. അവരിൽ പ്രമാണി സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയായിരുന്നു. സ്വാശ്രയശീലനായ സ്വാമികൾ അതുകൊണ്ടൊന്നും നിരാശനാകാതെ നാട്ടിൻപുറങ്ങളിൽ സഞ്ചരിച്ച് തന്റെ പരിപാടിയനുസരിച്ചുള്ള പ്രവൃത്തികൾ നടത്തിക്കൊണ്ടിരുന്നു. അങ്ങിനെയാണ് അയിരൂരിൽചെന്നെത്തിയതും, അവരുടെ ഹാർദ്ദമായ സ്വീകരണം ലഭിച്ചതും. അവിടുത്തെ ഹിന്ദുമത മഹാസമ്മേളനം പതിനായിരക്കണക്കിന് ആളുകൾ കൂടുന്ന വലിയ സമ്മേളനമായി വളരെക്കൊല്ലം നടന്നു. ഞാനും ആ സമ്മേളനത്തിൽ പല പ്രാവശ്യം സംബന്ധിച്ചു സംസാരിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ സമുദായത്തിൽ എവിടെയും കാണുന്ന ദൃഢവ്രതമില്ലായ്മ അയിരൂർകാരിലും ലയിച്ചുകിടന്നതിന്റെ ഫലമായി അത് സദാനന്ദസ്വാമി സമാധിയടയുന്നതിനു മുമ്പുതന്നെ നിന്നുപോകാൻ ഇടയായി. ഇപ്പോൾ വീണ്ടും ആരംഭിച്ച് ഭംഗിയിൽ നടത്തുന്നുണ്ട്.

രണ്ടാമത്തെ കരയോഗമന്ദിരം പെരുന്നയിലേതാണ്. അതിന്റെ ഉദ്ഘാടനത്തിന് തിരുവനന്തപുരത്തുപോയി സി. കൃഷ്ണപിള്ള മുതലായ പ്രമാണികളെ ക്ഷണിച്ചു. അവരെല്ലാം വരാമെന്നു സന്തോഷപൂർവം സമ്മതിച്ചു. 1088 ധനുമാസം 12-ന് ഉദ്ഘാടനയോഗവും പിറ്റേദിവസം മഹാസമ്മേളനവും നടത്താൻ സമ്മതിച്ചു. ക്ഷണക്കത്തുകൾ നാടിന്റെ എല്ലാഭാഗങ്ങളിലേക്കും എത്തിക്കഴിഞ്ഞു. ഒരുക്കങ്ങൾ മുറയ്ക്കു നടന്നുകൊണ്ടുമിരുന്നു. എനിക്ക് പ്രാമാണ്യമുണ്ടാകുന്നു എന്നു ധരിച്ചുകൊണ്ട് കണ്ണുകടിയോടുകൂടി വ്യസനിക്കുന്ന ഒന്നുരണ്ടു പ്രമാണികൾ കരയോഗത്തിലുണ്ടായിരുന്നു. ഇതിത്രവേഗം പൂർത്തിയാകുമെന്ന് അവർ തീരെ വിചാരിച്ചിരുന്നതല്ല. എങ്ങിനെയോ തീർന്നു. അത് ഉദ്ഘാടനം ചെയ്യാനും പോകുന്നു. തിരുവനന്തപുരത്തുനിന്നു പ്രമാണികളുമെല്ലാം വന്നെത്തും. എനിക്കു ണ്ടാകാൻ പോകുന്ന സ്ഥിതിയോർത്ത് അവർ ദുസ്സഹരായിത്തീർന്നു. അവർ അതിന് ഒരു പ്രതിവിധി കണ്ടുപിടിച്ചു. കരയോഗാംഗങ്ങളിലെ ഒരു നല്ല കക്ഷിയെ സ്വാധീനമാക്കിയുംകൊണ്ട്, നിശ്ചയിച്ച തീയതികളിൽ മന്ദിരം തുറക്കാതാക്കണം, പ്രമാണികളെല്ലാം വന്നതുപോലെ മടങ്ങിപ്പോകണം. ഇതായിരുന്നു പ്രതിവിധി. ഉദ്ഘാടനകാര്യം കമ്മറ്റിമെമ്പറന്മാരെയും മറ്റു പ്രമാണികളേയും ധരിപ്പിച്ചിരുന്നെങ്കിലും നിയമപ്രകാരം പൊതുയോഗം കൂടി തീരുമാനിച്ചില്ലെന്നുള്ളതാണ് അവർ എന്റെ പേരിൽ കണ്ടുപിടിച്ച ആക്ഷേപം. ഈ പെടാപ്പാടിനിടയിൽ ഈ കാര്യം ഞാൻ അത്രതന്നെ ശ്രദ്ധിച്ചില്ലെന്നുള്ളതു

പരമാർത്ഥമാണ്. ഞാൻ സ്വേച്ഛാധികാരം ചെലുത്തുന്നു, അതിനെ തടയണം എന്ന് ഓരോരുത്തരേയും കണ്ടുപറഞ്ഞ് ഒരു ഇളക്കമുണ്ടാക്കാൻ ശ്രമിച്ചു. പ്രസിഡന്റിനെ സ്വാധീനപ്പെടുത്തിയാൽ കാര്യം ജയിച്ചു എന്നും അവർ വിശ്വസിച്ചു. പഴയ 'കരനാഥൻ' എന്ന നിലയിൽ വളരെക്കാലമായി ഞങ്ങളുടെ കര ഭരിച്ചുകൊണ്ടിരുന്ന കുന്നുപറമ്പിൽ ശങ്കുപ്പിള്ള എന്ന പ്രമാണി തന്നെയാണ് പുതിയ കരയോഗത്തിന്റെയും പ്രസിഡന്റ്. അദ്ദേഹം പത്തെഴുപത്തഞ്ചുവയസ്സു പ്രായമുള്ള പഴയ ആളും ഒരു ശുദ്ധഗതിക്കാരനുമായിരുന്നു. ആർക്കും എങ്ങോട്ടുവേണമെങ്കിലും തിരിക്കയും വളയ്ക്കയും ചെയ്യാം. ബന്ധുബന്ധത്തിൽ അദ്ദേഹം എന്റെ ഒരു അപ്പൂപ്പനായിരുന്നു. എന്നോടുള്ള വാത്സല്യംകൊണ്ട് മിക്കവാറും എന്റെ അഭിപ്രായത്തോടു യോജിച്ചുപോകാനാണ് അദ്ദേഹത്തിനു താൽപര്യം. അദ്ദേഹത്തിന്റെ അനുമതികൂടാതെയും ഞാൻ തനിച്ച് ഒപ്പിട്ടും ഇത്ര വലിയ സമ്മേളനത്തിനു ക്ഷണക്കത്തയച്ചതു തന്നെ പ്രസിഡന്റിനോടുള്ള ധിക്കാരമാണെന്നും അതിനെ തടയാൻ ആഗ്രഹിക്കുന്നു എന്നും പറഞ്ഞപ്പോൾ അദ്ദേഹത്തിലും ഒരു ചലനമുണ്ടാകാതിരുന്നില്ല. "എല്ലാവരുംകൂടി ആലോചിച്ചു നിശ്ചയിക്കുന്ന തീയതിയിൽ നടത്താം. അതുവരെ ഒന്നു മാറ്റിവയ്ക്കണമെന്നേയുള്ളൂ" എന്നു പറഞ്ഞപ്പോൾ ഇതൊരു നിസ്സാരകാര്യമാണെന്നോർത്ത് അദ്ദേഹം സമ്മതിച്ചു. പിറ്റേദിവസം അദ്ദേഹത്തിന്റെ വസതിയിൽത്തന്നെ മിക്ക ആളുകളേയും അദ്ദേഹത്തെക്കൊണ്ടുതന്നെ ക്ഷണിച്ചു വരുത്തിച്ചു. അവരെ എല്ലാം ധിക്കരിച്ച ഞാൻ ഏകാധിപതിയാകുന്നു എന്നുള്ള പല്ലവിപ്രയോഗത്തിൽ മിക്ക ആളുകളേയും സ്വാധീനപ്പെടുത്താൻ കഴിഞ്ഞു. അപൂർവം ചിലർ എന്നെ വരുത്തി ചോദിച്ചിട്ടുവേണം തീയതി മാറ്റിവയ്ക്കാൻ എന്നു പറഞ്ഞതിനോട് പ്രസിഡന്റ് യോജിച്ച് എനിക്കാളയച്ചു. ഈ ദുരാലോചനകളൊന്നുമറിയാത്ത ഞാൻ, ഉദ്ഘാടനം മോടിപിടിപ്പിക്കാനുള്ള പ്ലാൻ മനോരാജ്യത്തിൽ തയ്യാറാക്കിയും കൊണ്ട്, മന്ദിരത്തിനുള്ള ജനലിന്റെ ഇരുമ്പുകമ്പിയുടെ തുരുമ്പ് സ്വന്തം കൈകൊണ്ടുതന്നെ കളഞ്ഞ് ചായമിട്ടുകൊണ്ടു നില്ക്കയായിരുന്നു. മണിപതിനൊന്നായിട്ടും മുഖത്തു വെള്ളമൊഴിക്കാനുള്ള സൗകര്യം പോലും എനിക്കു കിട്ടിയില്ല. വന്നയാൾ അവിടുത്തെ ആലോചനകൾ എല്ലാംതന്നെ ചുരുക്കമായി പറഞ്ഞു ധരിപ്പിച്ചു. ഞാൻ ക്ഷീണചിത്തനായിത്തീർന്നു. എതിരാളികളുടെ ദുരാഗ്രഹം ഫലിച്ചാലുള്ള അപമാനം എന്നെ ക്രമത്തിലധികം ദുഃഖിപ്പിച്ചു. ഞാൻ അവിടെ ചെന്നെത്തി. ആരുമൊന്നും പറഞ്ഞില്ല. "എല്ലാവരുടേയും അനുവാദം വാങ്ങി തീയതി നിശ്ചയിക്കാത്തതിൽ അവർക്കെല്ലാം അസുഖമുണ്ട്. ഒന്നു മാറ്റിവയ്ക്കരുതോ?" എന്നു പ്രസിഡന്റു ചോദിച്ചു. എല്ലാവരും അറിഞ്ഞിട്ടും സമ്മതിച്ചിട്ടുമുണ്ടെന്നും, തിരുവനന്തപുരത്തുനിന്നും പ്രമാണികൾ ഇങ്ങോട്ടു പുറപ്പെട്ടുകഴിഞ്ഞു എന്നും, ഉദ്ഘാടനത്തിന് ഇനി രണ്ടുമൂന്നു ദിവസമേയുള്ളൂ എന്നും, മാറ്റിവയ്ക്കുന്നത് നാടിനുതന്നെ അപമാനമാണെന്നും, എന്റെ പ്രവൃത്തിയിൽ വല്ല തെറ്റുമുണ്ടെങ്കിൽ അതു ക്ഷമിക്കേണ്ടതാണെന്നും, എല്ലാവരുംകൂടി ചുമതലകൾ ഏറ്റെടുത്ത് കാര്യങ്ങൾ ഭംഗിയിൽ കലാശിപ്പിക്കാൻ ശ്രമിക്കണമെന്നും ഞാൻ പറഞ്ഞപ്പോൾ, ആ രണ്ടുപേരൊഴിച്ചുള്ളവരെല്ലാം അതു ശരിയാണെന്നു സമ്മതിച്ചുകൊണ്ട്

പ്രസിഡന്റുൾപ്പെടെ ഒരു ഘോഷയാത്രയെന്ന മട്ടിൽ മന്ദിരസ്ഥലത്തേക്കു പുറപ്പെട്ടു. എല്ലാവരും ഒത്തൊരുമിച്ച് ഉത്സാഹപൂർവ്വം അഹോരാത്രം പ്രവർത്തിച്ചതുകൊണ്ട്, സമുദായത്തിനും ദിക്കിനും അഭിമാനകരമായി എല്ലാം വിജയപൂർവ്വം നടത്താൻ കഴിഞ്ഞു. എതിർകക്ഷി പ്രമാണിയുടെ പേരുപറയാൻ എനിക്കിഷ്ടമില്ലെങ്കിലും, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ ജീവചരിത്രഗ്രന്ഥത്തിൽ സർവീസ് സൊസൈറ്റിക്കാര്യങ്ങൾ പറഞ്ഞിട്ടുള്ള പല സ്ഥലത്തും എന്റെ ശത്രുഗണത്തിൽപെടുത്തി അദ്ദേഹത്തിന്റെ പേര് ഉദ്ധരിച്ചിട്ടുള്ളതുകൊണ്ട്, ആ പേര് പറയാതിരിക്കുന്നതിൽ അർത്ഥമൊന്നും കാണുന്നില്ല. എന്റെ പഴയ സ്നേഹിതനായ പൊതുവാടത്തു പത്മനാഭപിള്ള കരയോഗപ്രസ്ഥാനത്തിൽ തുടങ്ങിയ ശത്രുത, സന്ദർഭം വന്നപ്പോഴെല്ലാം പ്രകടീകൃതമാക്കാതിരുന്നിട്ടില്ല. എന്നാൽ ആ കാറും കോളുമൊന്നും ഒരിക്കലും പെയ്യാൻ ഇടയാകാതെ കാറ്റത്തു പറന്നുപോയതുകൊണ്ട് ഞങ്ങൾ രണ്ടുപേരും ഇന്നു ശുദ്ധീകരിക്കപ്പെട്ട സ്നേഹിതന്മാരായി ജീവിക്കുന്ന കാലമാണെന്നു പറയാൻ സന്തോഷമുണ്ട്. അതുകൊണ്ട് പേരുപറഞ്ഞാലും അദ്ദേഹത്തിനു തെറ്റിദ്ധാരണയൊന്നും ഉണ്ടാകയില്ല.

ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ളയായിരുന്നു മന്ദിരോദ്ഘാടനം നടത്തിയത്. സി. കൃഷ്ണപിള്ള അദ്ധ്യക്ഷത വഹിച്ചു. കെ. കണ്ണൻ മേനോൻ, കെ. ചിന്നമ്മ മുതൽപേർ പ്രസംഗകരായിരുന്നു. മഹിളാമന്ദിര സ്ഥാപകയും ദൃഢചിത്തയുമായ ശ്രീമതി ചിന്നമ്മ, മന്ദിരോദ്ഘാടനച്ചടങ്ങു മോടിപിടിപ്പിക്കുന്നതിനും, സ്ഥലത്തെ സ്ത്രീകളിൽ വേണ്ട ഉൽബുദ്ധതയുണ്ടാക്കുന്നതിനും കാലേകൂട്ടി വരികയും വളരെ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും വളരെയധികം കൂടിയ ചങ്ങനാശ്ശേരിയിലെ ഒന്നാമത്തെ യോഗമായിരുന്നു അത്. മദ്ധ്യതിരുവിതാംകൂറിൽ സമുദായബോധമുണ്ടാക്കാൻ ആ സമ്മേളനങ്ങൾ ഏറ്റവും പ്രയോജകീഭവിച്ചു. എന്റെ ഒന്നാമത്തെ സമുദായപ്രവർത്തനം ഈ വിധത്തിൽ വിജയപര്യവസായിയായതിൽ ഞാൻ സന്തോഷിക്കയും കൃതകൃത്യനാകയും ചെയ്തു. തന്നിമിത്തം ഞാൻ പൂർവാധികം പൊതുക്കാര്യപ്രസക്തനായിത്തീർന്നു. എന്റെയുംകൂടി ശ്രമംകൊണ്ട് നായർ സർവീസ് സൊസൈറ്റിക്ക് പല മന്ദിരങ്ങളും ചില മഹാസൗധങ്ങൾതന്നെയും ഉണ്ടായിട്ടുണ്ടെങ്കിലും, എന്നെ ഇന്നും അഭിമാനംകൊണ്ടു പുളകാഞ്ചിതനാക്കുന്നത് നാല്പത്തഞ്ചുകൊല്ലം മുമ്പുണ്ടായ എന്റെ കരയോഗമന്ദിരം തന്നെയാണ്. എന്റെ കരയിൽ ഇന്നു കാണുന്ന സർവൈശ്വര്യങ്ങൾക്കും കാരണം ആ കരയോഗമന്ദിരമാണെന്നാണ് എന്റെ വിശ്വാസം. ഈ കരയോഗം, പിന്നീടുണ്ടാക്കിയ "മന്നം ഷഷ്ടിപൂർത്തിസ്മാരക കരയോഗമന്ദിര"വും പുതുക്കിപ്പണിയിച്ച ദേവീക്ഷേത്രവും, പഴയ കരയോഗമന്ദിരത്തിനു പുറമെയുള്ള സ്ഥാപനങ്ങളും സ്വത്തുക്കളുമാണ്. പെരുന്ന കരയോഗത്തിന് കൊല്ലത്തിൽ ആയിരം രൂപാ വാടക മേല്പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. ഇപ്പോൾ ലക്ഷത്തിൽപരം രൂപാ ചെലവുവരുന്ന ഒന്നാന്തരം ഒരു വായനശാലാകെട്ടിടം ഈ കരയോഗം പണിതുകൊണ്ടിരിക്കയാണ്. എന്റെ ജന്മദേശമായ ചെറുഗ്രാമത്തിലെ കാര്യം തൽക്കാലം ഈ വിധത്തിൽ പറഞ്ഞവസാനിപ്പിക്കാം.

അഞ്ചാമദ്ധ്യായം

ചങ്ങനാശ്ശേരി താലൂക്ക് നായർസമാജം

അടുത്തപടിയുള്ള എന്റെ ആഗ്രഹം ചങ്ങനാശ്ശേരി താലൂക്കിലെ നായന്മാരുടെ സംഘടനയ്ക്കുള്ള അടിസ്ഥാനമിടണമെന്നുള്ളതായിരുന്നു. അധികം താമസിയാതെ അതിനൊരു സന്ദർഭമുണ്ടായി. 1089 കന്നിയിൽ ശ്രീമൂലംതിരുനാളാഘോഷം പതിവുപോലെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ ചേർന്ന് നടത്താൻ തീരുമാനിച്ചിരുന്നു. പണപ്പിരിവും മറ്റൊരുക്കങ്ങളും വേണ്ടവണ്ണം നടന്നു. ഞങ്ങളെല്ലാകമ്മറ്റിമെമ്പറന്മാരും ഉത്സാഹപൂർവം മുൻനിന്നു പ്രവർത്തിക്കുന്നവരുമായിരുന്നു. വർക്കല സുബ്രഹ്മണ്യയ്യരായിരുന്നു അന്നത്തെ തഹസീൽദാർ. ഘോഷയാത്ര ഒഴിച്ചുള്ള എല്ലാ ചടങ്ങുകളും കച്ചേരിക്കും പള്ളിക്കും അടുത്തുള്ള ടൗൺഹാളിലും അതിന്റെ മൈതാനത്തും വച്ചാണ് മുമ്പേതന്നെ നടത്തിവന്നത്. അക്കൊല്ലവും അതിനൊന്നും മാറ്റമുണ്ടായില്ല.

ചങ്ങനാശ്ശേരി ടൗണിന്റെ കേന്ദ്രത്തിലും പടിഞ്ഞാറുള്ള ചന്തയിലും ക്രിസ്ത്യാനികളും മറ്റു മൂന്നു ഭാഗങ്ങളിലായി നായന്മാരും പാർത്തിരുന്നു. സാമീപ്യവും താല്പര്യവുംകൊണ്ട് യോഗത്തിൽ പങ്കുകൊള്ളുന്നത് അധികവും ക്രിസ്ത്യാനികളായിരുന്നു. എല്ലാ ഭാഗത്തെ നായന്മാരിൽനിന്നും അവിടെയുള്ള വക്കീലന്മാരും, പ്രാമാണ്യത്തിനവകാശവും യോഗ്യതയുമുള്ള മറ്റുചിലരും വന്നെത്തുക പതിവാണ്. അക്കൊല്ലവും അവരെല്ലാം ഹാജരുണ്ടായിരുന്നു. പാണ്ഡിത്യംകൊണ്ടും വാഗ്മിത്വംകൊണ്ടും മറ്റെല്ലാനിലകൊണ്ടും അവിടെ ഹാജരാകുന്നവരിൽ ഞങ്ങളുടെ കൂട്ടത്തിലെ പ്രമാണി കൈനിക്കര കുമാരപിള്ള ആയിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. അദ്ദേഹം നല്ല ഒരു കവിയും വൈദ്യനുമായിരുന്നു. വിനയാധിക്യംകൊണ്ടു സൗമ്യനും ശാന്തനുമായ അദ്ദേഹത്തെ സ്നേഹിക്കയും ആദരിക്കയും ചെയ്യാത്തവർ ചുരുക്കം. ആര് എന്താക്രമണം നടത്തിയാലും സഹിക്കയല്ലാതെ പ്രതിക്രിയയ്ക്കൊരുങ്ങുന്ന സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു.

അക്കാലത്ത് ചങ്ങനാശ്ശേരി കത്തോലിക്കാപള്ളിയിലെ വികാരി ജനറൽ ആയി കണ്ടങ്കരി കത്തനാർ എന്നൊരു മാന്യനുണ്ടായിരുന്നു. ജനസ്വാധീനവും പ്രതാപവും ഉണ്ടായിരുന്ന അദ്ദേഹം എല്ലാ സമുദായത്തിൽപ്പെട്ടവരേയും ആകർഷിക്കാനും വിദഗ്ദ്ധനായിരുന്നു. ഞങ്ങളെല്ലാം അന്യോന്യം സ്നേഹിച്ചും ബഹുമാനിച്ചുമാണ് പൊതുക്കാര്യങ്ങളിൽ പങ്കുകൊണ്ടിരുന്നത്. തിരുനാളിന് സാധാരണ കാലത്തും വൈകിട്ടും രണ്ടു യോഗങ്ങൾ ഉണ്ടായിരിക്കുക പതിവാണ്. ഒന്നിൽ ഒരു ഹിന്ദുവും മറ്റൊന്നിൽ ഒരു ക്രിസ്ത്യനുമായിരിക്കും അദ്ധ്യക്ഷൻ. അത് മിക്കവാറും കൈനിക്കര കുമാരപിള്ളയും കണ്ടങ്കരി കത്തനാരുമാണ് നിർവഹിക്ക പതിവുള്ളത്. അക്കൊല്ലം മൂന്നുയോഗങ്ങൾ കൂടി. കാലത്തും ഉച്ചയ്ക്കും നടന്ന

യോഗങ്ങളിൽ കൈനിക്കര കുമാരപിള്ള ഹാജരുണ്ടായിരുന്നിട്ടും പരിഗ ണിക്കാതെ, സാധാരണന്മാരായ രണ്ടു കത്തനാരന്മാരെ അവർ നിർദ്ദേ ശിച്ചു. ഞങ്ങളിൽ അധികം പേർക്കും അതു ഹിതമായില്ലെങ്കിലും അഭം ഗിയോർത്തു സഹിച്ചു. രാത്രിയിൽ കൂടിയ യോഗത്തിൽ അദ്ധ്യക്ഷസ്ഥാ നത്തേക്ക് വികാരി ജനറലിന്റെ പേര് അവർ നിർദ്ദേശിച്ചു. അപ്പോഴും കൈനിക്കര കുമാരപിള്ള ഹാജരുണ്ട്. അപ്പോൾ അവിടെ കൂടിയിരിക്കുന്ന ആളുകളിൽ അധികവും ക്രിസ്ത്യാനികളായതുകൊണ്ടും, ചങ്ങനാശ്ശേ രിയുടെ തൽക്കാലനിലയിൽ നായന്മാരെ അവഗണിച്ചാലും തരക്കേടി ല്ലെന്നു വിചാരിച്ചും കാല് മുമ്പോട്ടുവയ്ക്കുന്നതാണെന്നു ഞങ്ങൾക്കു തോന്നി. ഇതിനെ എതിർക്കാതെ കീഴടങ്ങുന്നത് സമുദായത്തോടു ഞങ്ങൾ ചെയ്യുന്ന ദ്രോഹമാണെന്നും വിചാരിച്ചു. ഒരു ചെറിയ പത്രാധി പരായിരുന്ന കടപ്പന നാരായണപ്പണിക്കർ അദ്ധ്യക്ഷസ്ഥാനത്തേക്കു കൈനിക്കര കുമാരപിള്ളയുടെ പേരു നിർദ്ദേശിച്ചു, മറ്റൊരാൾ പിന്താങ്ങി. രംഗസ്ഥിതിക്കു മാറ്റമുണ്ടായി. ചില അപശബ്ദം അങ്ങിങ്ങായി പുറപ്പെട്ടു. കാര്യങ്ങൾ എല്ലാം അറിവുണ്ടായിരുന്ന വികാരി ജനറൽ, കൈനിക്കര കുമാരപിള്ളയെ അദ്ധ്യക്ഷസ്ഥാനത്തേക്കു ക്ഷണിക്കേണ്ടതായിരുന്നു അദ്ദേഹത്തിന്റെ നിലയ്ക്കും മര്യാദയ്ക്കും വേണ്ടതെന്നു നീതിബോധ മുള്ളവർക്കെല്ലാം തോന്നി. അദ്ദേഹം മൗനം ഭജിച്ചതേയുള്ളു. വോട്ടെടു ത്താൽ ക്രിസ്ത്യാനിക്കു ജയം കിട്ടുമെന്നറിയാമെങ്കിലും തിരുനാൾയോഗ ത്തിൽ ബലാബലപരീക്ഷ ശരിയോ എന്നൊരു ശങ്ക അവരെയും അലട്ടാ തിരുന്നില്ല. ഇതിനിടയിൽ സംസ്കാരസമ്പന്നനായ കൈനിക്കര കുമാര പിള്ള അതിൽനിന്ന് ഒഴിഞ്ഞിരിക്കുന്നു എന്നു പ്രസ്താവിച്ചു. അതിനെ എങ്കിലും ഒരു മാതൃകയായി സ്വീകരിച്ച് ഒഴിഞ്ഞുമാറേണ്ട വികാരി ജനറൽ അദ്ധ്യക്ഷപീഠത്തിൽ ആരോഹണം ചെയ്യുകയാണ് ചെയ്തത്. അത് എന്നെ ദുസ്സഹനാക്കിത്തീർത്തു. ഈ നാട്ടിലെ ഹിന്ദുക്കളെ അപമാനിക്കു കയും അവരുടെ അവകാശങ്ങളെ അഹങ്കാരത്തോടുകൂടി പിടിച്ചടക്കു കയും ചെയ്യുന്ന പ്രവൃത്തികളാണ് ഇന്നിവിടെ നടന്നിട്ടുള്ളതെന്നും, അതിനു കീഴടങ്ങാൻ ഞങ്ങൾ വിചാരിക്കുന്നില്ലെന്നും, മേലാൽ തിരുനാൾ ആഘോഷം ഞങ്ങൾ പ്രത്യേകമായി നടത്തുന്നതാണെന്നും പ്രസ്താവി ച്ചുകൊണ്ട് ഞാൻ സദസ്സിൽനിന്നും ഇറങ്ങിപ്പോന്നു. പ്രശാന്തനായ കൈനിക്കര കുമാരപിള്ള ഉൾപ്പെടെ അവിടെ ഉണ്ടായിരുന്ന എല്ലാ നായ ന്മാരും ഭാഗ്യംകൊണ്ട് എന്നെ അനുഗമിച്ചു. ഞങ്ങൾ നേരെ പെരുന്നയിൽ കരയോഗമന്ദിരത്തിലേക്കാണു പോയത്. അവിടെച്ചെന്ന് നമ്മുടെ വക തിരുനാളാഘോഷം ഇക്കൊല്ലംതന്നെ പ്രത്യേകമായി കൂടേണ്ടതാ ണെന്നും, താലൂക്കൊട്ടുക്കുമുള്ള നായന്മാരെ ക്ഷണിച്ചുവരുത്തി മോടി യിൽ നടത്തണമെന്നും തീരുമാനിച്ചു. അതിനടുത്തദിവസമോ പിറ്റേദിവ സമോ ആയിരുന്നു വിജയദശമി. അന്നു നടത്താൻ അപ്പോൾ ഒരു കമ്മറ്റി രൂപീകരിച്ചശേഷം പിരിഞ്ഞു.

ഈ അപശബ്ദം താലൂക്കൊട്ടാകെ വ്യാപിച്ചു. എല്ലാ ഭാഗങ്ങളിൽനിന്നും ധാരാളം നായർപ്രമാണികൾ 'വിജയദശമിയോഗ'ത്തിൽ സംബന്ധിക്കാൻ പെരുന്ന കരയോഗമന്ദിരത്തിൽ വന്നെത്തി. മന്ദിരത്തിനകത്തും പുറത്തും ആളുകൾ തിങ്ങിക്കൂടിയിരുന്നു. കൈനിക്കര കുമാരപിള്ളയുടെ അദ്ധ്യക്ഷതയിൽത്തന്നെ യോഗം ആരംഭിച്ചു. നായരുടെ ഇന്നത്തെ കെട്ടുപാടില്ലാത്ത കിടപ്പിനേയും, തൻമൂലമുണ്ടായിട്ടുള്ള നാശത്തേയും, അവസരംനോക്കി മറ്റുസമുദായം നടത്തുന്ന ആക്രമണത്തേയും, തന്മൂലമുണ്ടാകുന്ന നാശത്തേയും അപമാനത്തേയും, നാം ഉണർവ്വോടുകൂടി യോജിച്ചുപ്രവർത്തിച്ചില്ലെങ്കിലുണ്ടാകുന്ന ഭവിഷ്യത്തിനേയുംപറ്റി ചൂടോടുകൂടി പല പ്രസംഗങ്ങളും നടന്നു. ഈ താലൂക്കിലുള്ള എല്ലാ നായന്മാരും ചേർന്ന് ഒരു താലൂക്കുസമാജം സ്ഥാപിക്കേണ്ടതാണെന്നും, താലൂക്ക് നായർസമാജത്തിന്റെ വാർഷികയോഗം വിജയദശമി ദിവസം കൊണ്ടാടേണ്ടതാണെന്നും തീരുമാനിച്ച് ഒരു കമ്മറ്റി ഉണ്ടാക്കുകയും, എന്നെ അതിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കുകയും ചെയ്തു. സന്ധ്യയോടുകൂടി യോഗം പിരിഞ്ഞു. യോഗത്തിൽ സംബന്ധിച്ചവരെല്ലാം ചേർന്ന് കരയോഗമന്ദിരത്തിൽ നിന്ന് വാദ്യമേളങ്ങളോടുകൂടി ഘോഷയാത്രയായി പുറപ്പെട്ട് പെരുന്നയിൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ എത്തി ദീപാരാധനയിൽ സംബന്ധിച്ചു. ഭഗവദനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ട് എല്ലാവരും അവരവരുടെ ഭവനങ്ങളിലേക്കു പോയി. ചങ്ങനാശ്ശേരി താലൂക്ക് നായർസമാജത്തിന്റെ വാർഷികയോഗമായ വിജയദശമിയോഗം ഇന്നും തെറ്റാതെ നടന്നുകൊണ്ടിരിക്കുന്നു. ഓരോ കൊല്ലവും താലൂക്കിന്റെ ഓരോ ഭാഗത്തുവച്ചാണ് ഈ വാർഷികമഹോത്സവം കൊണ്ടാടുന്നത്. സർവീസ് സൊസൈറ്റിയോടു സംഘടിപ്പിക്കപ്പെട്ട ഒരു താലൂക്കു യൂണിയനായി പരിവർത്തനം ചെയ്തു എന്നുള്ളതിൽ കവിഞ്ഞ് ഒരു മാറ്റവും ഉണ്ടായിട്ടില്ല. ചങ്ങനാശ്ശേരി താലൂക്കിലെ നായന്മാരുടെ ഇടയിൽ ഇന്നു കാണുന്ന ഉണർവിനും സംഘടനാബലത്തിനും കാരണം ആ വിജയദശമിയോഗങ്ങളായിരുന്നു എന്നുള്ളത് നിർവിവാദമാണ്. നായർ സർവീസ് സൊസൈറ്റിയുടെ ഉത്ഭവത്തിനുപോലും കാരണം ഈ താലൂക്ക് നായർസമാജമാണെന്ന് വിശ്വസിക്കുന്നവരുണ്ട്. അതെങ്ങിനെയിരുന്നാലും താലൂക്ക് നായർസമാജം എന്ന പേരിൽ ആദ്യമായുണ്ടായതും ഇന്നും നിലനിൽക്കുന്നതുമായ സമാജം ഇതുതന്നെയാണെന്നു രേഖപ്പെടുത്തുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

ഒരു സംഭവംകൂടി വിവരിച്ചിട്ട് ഈ അദ്ധ്യായം അവസാനിപ്പിക്കാം. 1090 തുലാം 15-ന് ചങ്ങനാശ്ശേരി താലൂക്കിനെന്നല്ല, നായർസമുദായത്തിന് ഒട്ടാകെ സ്മരണീയമായ ഒരു ദിവസമാണ്. എന്നെ സംബന്ധിച്ചിടത്തോളം അതൊരു പുനർജ്ജന്മദിനമാണെന്നു പറഞ്ഞാലും തെറ്റില്ല.

അക്കൊല്ലത്തെ ശ്രീമൂലം പ്രജാപ്രതിനിധിയുടെ തിരഞ്ഞെടുപ്പ് അന്നായിരുന്നു. അൻപതുരൂപാ കരംതീരുവയുള്ളവർക്കുമാത്രമേ അന്നു വോട്ടുള്ളു. അങ്ങനെയുള്ള നായർവോട്ടറന്മാരുടെ എണ്ണം അന്നു ചങ്ങനാശ്ശേരി താലൂക്കിലും കൂടുതലുണ്ടായിരുന്നെങ്കിലും നായരുടെ യോജിപ്പില്ലായ്മകൊണ്ട് അവരുടെ വോട്ട് പല പാത്രത്തിൽ വീഴുകയും, എതിർസ്ഥാനാർത്ഥിയേക്കാൾ യോഗ്യനായാലും നായർസ്ഥാനാർത്ഥി തോല്ക്കുകയുമാണ് മിക്കപ്പോഴും പതിവ്. ഇതിനൊരു മാറ്റം വരുത്തണമെന്ന് ഞങ്ങളിൽ ചിലർ കാലേകൂട്ടി കരുതി. ആ തവണ സ്ഥാനാർത്ഥിയായി നിന്നത് ഞങ്ങളുടെയെല്ലാം സ്നേഹിതനും ഒരു പ്രമാണിയുമായിരുന്ന വാല്പറമ്പിൽ വേലായുധൻപിള്ളയായിരുന്നു. എതിർസ്ഥാനാർത്ഥി പതിവുപോലെ ക്രിസ്ത്യാനിയും. ഞങ്ങളുടെ ശ്രമവും കരുതലുംകൊണ്ട് ഏറ്റവും കൂടുതൽ വോട്ടോടുകൂടി വേലായുധൻപിള്ളയ്ക്കു ജയിക്കാൻ സാധിച്ചു. യോജിപ്പിന്റെയും ശ്രമത്തിന്റെയും ഫലം വിജയമാണെന്നു ബോദ്ധ്യപ്പെട്ട ഞങ്ങൾ ആ സന്തോഷത്തിലും ഉത്സാഹത്തിലും അപ്പോൾത്തന്നെ പെരുന്നയിലേക്കു പുറപ്പെട്ട് മന്നത്തുവീട്ടിലെത്തി. ചങ്ങനാശ്ശേരി താലൂക്കുകാരായ ഞങ്ങൾ 13 പേരും, വടക്കേ മല ബാറുകാരനായ കേളപ്പൻനായരും ഉണ്ടായിരുന്നു. കേളപ്പൻനായർ അന്ന് ബർക്ക്മാൻസ് ഹൈസ്ക്കൂളിലെ ഒരു ടീച്ചറായിരുന്നു. അടുത്തു താമസക്കാരായ ഞങ്ങൾ സ്നേഹിതന്മാരാകാൻ താമസമുണ്ടായില്ല. ആവശ്യം വരുമ്പോൾ മാത്രം ഒരുമിച്ചുകൂടുകയും, ഓരോ കാര്യത്തിനും അപ്പോഴപ്പോൾ ഓടിനടക്കുകയും ചെയ്യുന്ന ഇപ്പോഴത്തെ സ്ഥിതിക്ക് മാറ്റം വരുത്തേണ്ടതാണെന്നും, സ്ഥിരപ്രവർത്തനത്തിന് ഒരു ചെറുസംഘം അത്യാവശ്യമാണെന്നും ഞങ്ങൾക്കു തോന്നി. സേവനം ചെയ്യാനുണ്ടാക്കുന്ന ആ സംഘം എത്ര ചെറുതായിരുന്നാലും അതിന് താലൂക്കതിർത്തിയോ സംസ്ഥാനവിഭജനമോ പാടില്ലെന്നും സേവനസന്നദ്ധതയുള്ളവർക്കെല്ലാം പ്രവേശനം അനുവദിക്കുന്നതും, ആവശ്യമുള്ളിടത്തെല്ലാം പ്രവർത്തിക്കാൻ അവകാശമുള്ളതും ആയിരിക്കണമെന്നും ഞങ്ങൾ വിചാരിച്ചു. ഇന്ന് ഇവിടെ വച്ചുതന്നെ ഇതിന്റെ പ്രാരംഭപ്രവർത്തനം തുടങ്ങേണ്ടതാണെന്നും ഞങ്ങൾക്കഭിപ്രായമുണ്ടായി. ഞാൻ ഉടൻതന്നെ അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തു.

ആറാമദ്ധ്യായം

നായർസമുദായ ഭൃത്യജനസംഘം

മുൻ അദ്ധ്യായത്തിന്റെ ഒടുവിൽ വിവരിച്ചതുപോലെ ഞാൻ പെട്ടെന്നുതന്നെ അല്പം ഒരുക്കങ്ങൾ ചെയ്തു. മന്നത്തുവീടിന്റെ പൂമുഖം വൃത്തിയാക്കി. ചുറ്റും പായ് വിരിച്ചു. തുടച്ചു മിനുസമാക്കിയ നിലവിളക്കു കത്തിച്ച് എന്റെ അമ്മ തന്നെ ആ പൂമുഖത്തിന്റെ നടുവിൽ കൊണ്ടുവച്ചു. അതിന്റെ മുമ്പിൽ ഒരു ചെറിയ തൂശനിലയിൽ കുറെ പുഷ്പവും ഭസ്മവും കൊണ്ടുവന്നുവച്ചതിനോടുകൂടി ഒരുക്കം പൂർത്തിയായി. ഞങ്ങൾ 14 പേരും വിളക്കിനു ചുറ്റും നിന്ന് ഈശ്വരപ്രാർത്ഥന നടത്തി. "സമുദായക്ഷേമത്തിനു വേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിക്കും" എന്ന് ഞങ്ങളെല്ലാവരും പ്രതിജ്ഞചെയ്തു. കേളപ്പൻനായരെ പ്രസിഡന്റായും എന്നെ ജനറൽ സെക്രട്ടറിയായും പരേതനായ പനങ്ങോട്ടു കേശവപ്പണിക്കരെ ഖജാൻജിയായും തിരഞ്ഞെടുത്തു. നിബന്ധന എഴുതിയുണ്ടാക്കാൻ എന്റെകൂടെ വേറെ രണ്ടുപേരെയും ചേർത്ത് ഒരു സബ്കമ്മറ്റി രൂപീകരിച്ചു. ഗോപാലകൃഷ്ണഗോഖലെയുടെ 'സർവന്റ്സ് ഓഫ് ഇൻഡ്യാ സൊസൈറ്റി'യുടെ സേവനമാതൃകയാണ് ഞങ്ങളുടെ ഉള്ളിലുണ്ടായിരുന്നത്. ഇങ്ങനെ കൊല്ലവർഷം 1090 തുലാം 15 (1914 ഒക്ടോബർ 31) -ന് സന്ധ്യയ്ക്കുമുമ്പ് മന്നത്തുവീട്ടിൽ വച്ച് 'നായർസമുദായ ഭൃത്യജനസംഘം' എന്ന പേരിൽ ഭൂലോകജാതം ചെയ്ത ശിശുവാണ് ഇന്നത്തെ 'നായർ സർവീസ് സൊസൈറ്റി'. ഇതിന്റെ ഉത്ഭവത്തിനു കാരണക്കാർ നായർസമുദായത്തിലെ സാധാരണന്മാരായ താഴെക്കാണുന്ന 14 പേരാണ്.

1.	കെ. കേളപ്പൻനായർ ബി.എ.	വടക്കേമലബാർ
2.	മന്നത്തു പത്മനാഭപിള്ള, പെരുന്ന	ചങ്ങനാശ്ശേരി
3.	പനങ്ങോട്ടു കേശവപ്പണിക്കർ, മുട്ടാർ	ചങ്ങനാശ്ശേരി
4.	എൻ.സി. ത്രിവിക്രമകൈമൾ നൈനാടത്ത്, ഈര	ചങ്ങനാശ്ശേരി
5.	കാക്കനാട്ട് നാരായണപ്പണിക്കർ വെളിയനാട്	ചങ്ങനാശ്ശേരി
6.	പനയ്ക്കാട്ട് പരമേശ്വരക്കുറുപ്പ്, വേഴപ്ര	ചങ്ങനാശ്ശേരി
7.	നാഗവള്ളിൽ കൊച്ചുകുഞ്ഞുകുറുപ്പ് രാമങ്കരി	ചങ്ങനാശ്ശേരി
8.	പടിഞ്ഞാറേക്കുറ്റ് കൃഷ്ണപിള്ള, പെരുന്ന	ചങ്ങനാശ്ശേരി
9.	കൊറ്റനാട്ടിൽ പത്മനാഭപിള്ള, പുഴവാത്	ചങ്ങനാശ്ശേരി
10.	പള്ളിപ്പുറത്തു നാരായണപിള്ള തൃക്കൊടിത്താനം	ചങ്ങനാശ്ശേരി
11.	കൊണ്ടൂർ കൃഷ്ണപിള്ള തൃക്കൊടിത്താനം	ചങ്ങനാശ്ശേരി
12.	തളിയിൽ മാധവൻപിള്ള, വാഴപ്പള്ളി	ചങ്ങനാശ്ശേരി

13. വാല്പറമ്പിൽ വേലായുധൻപിള്ള വാഴപ്പള്ളി — ചങ്ങനാശ്ശേരി
14. പൊതുവാടത്തു പത്മനാഭപിള്ള വാഴപ്പള്ളി — ചങ്ങനാശ്ശേരി

ഇത് ഇത്രവലിയ ഒരു മഹാപ്രസ്ഥാനമാകുമെന്ന് ഞങ്ങളിലാരെങ്കിലും അന്നു സങ്കല്പിച്ചിരുന്നോ എന്നു നിശ്ചയമില്ല. മുൻകൂട്ടി നിശ്ചയിച്ചോ കരുതലോടുകൂടിയോ ചെയ്ത ഒരു കാര്യമല്ലാത്തതിനാൽ ദൈവനിശ്ചയം അതായിരിക്കാം എന്നു വിചാരിക്കാവുന്നതാണ്. ഇടയ്ക്കിടയ്ക്ക് പ്രതിബന്ധങ്ങളും വിഷമങ്ങളും പലതുമുണ്ടായെങ്കിലും, ഈ സ്ഥാപനം ഉണ്ടായ തീയതി മുതൽ നാളിതുവരെ സജീവമായ പ്രവർത്തനം മുടങ്ങാതെ നടന്നിട്ടുള്ള ഒന്നാണെന്നുള്ളതാണ് ഇതിന്റെ ഗ്രഹനിലയുടെ ഒരു വിശേഷം. ഇതിനോട് ഏതെങ്കിലും പ്രകാരത്തിൽ ബന്ധിച്ചിട്ടുള്ളവർക്കെല്ലാം, അവർ തിരിഞ്ഞുകടിക്കുന്നവരാണെങ്കിൽപോലും, ഗുണമേ ഉണ്ടായിട്ടുള്ളു. അവരെല്ലാം ഈ മാതൃസ്ഥാപനത്തെ അതിന്റെ മഹിമയ്ക്കും ബന്ധത്തിനും തക്കവണ്ണം സ്മരിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല. ഈ സ്ഥാപനത്തിനുവേണ്ടി ഒരു സഹായവും ചെയ്തിട്ടില്ലാത്തവർക്കും ഇതിനെ ദ്രോഹിച്ചവർക്കും സന്തതികൾക്കും കൂടി അവകാശമുണ്ടാകത്തക്കവണ്ണം നിയമപരിഷ്കാരം ചെയ്ത് നായർജനതയ്ക്കായി വിട്ടുകൊടുത്ത എൻ.എസ്.എസ്. അംഗങ്ങൾ ആരായാലും ആദരണീയരാണ്.

എന്റെ ജന്മദേശമായ പെരുന്നയിൽ നാല്പത്തഞ്ചുകൊല്ലത്തിനുമുമ്പ് ആരംഭിച്ച കരയോഗസേവനം താമസിയാതെ താലൂക്കു നായർസേവനമായും, യാദൃച്ഛികമെന്നവണ്ണം ഒട്ടാകെയുള്ള നായർസമുദായസേവനമായും വികസിച്ച് ഒരു വിപുലമായ രംഗത്തേക്ക് എന്നെ തള്ളിവിട്ടു എന്നുള്ളതിൽ കവിഞ്ഞൊന്നും ഞാൻ വിചാരിച്ചിട്ടില്ല.

സെക്രട്ടറിയുടെ നിലയിൽ ആ ചുമതല അന്ന് അവിടെവച്ച് ഞാനേറ്റെടുത്തു. ഒരു പൈസായോ ഒരു തുണ്ടുകടലാസ്സോ ഇല്ലാതെ ഒരു മഹാകാര്യം ഏറ്റെടുത്തത് ബുദ്ധിപൂർവമാണെന്ന് ആരും പറയുകയില്ലെന്നറിയാം. അങ്ങിനെ സംഭവിച്ചു എന്നുള്ളതിൽ കവിഞ്ഞ് എനിക്ക് അതിനും സമാധാനം പറയാനില്ല. പ്രാരംഭപ്രവർത്തനത്തെപ്പറ്റി എഴുതുന്നതിനുമുമ്പ് അന്നത്തെ സമുദായസ്ഥിതിഗതികളേയും സമുദായപ്രവർത്തനങ്ങളേയും പറ്റി അല്പം പറയേണ്ടതായിട്ടുണ്ട്.

ഇന്നും സമുദായചിന്തയില്ലാത്തവർ ആരെങ്കിലുമുണ്ടെങ്കിൽ അതു നായന്മാർ മാത്രമാണ്. രാജ്യമൊട്ടാകെയുള്ള നായന്മാർ ഒരു സമുദായത്തിൽപെട്ടവരാണെന്ന ചിന്ത ഏതുകാലത്തെങ്കിലും ഉണ്ടായിരുന്നോ എന്നു സംശയിക്കുന്നു. അവർ ജാതിവ്യത്യാസം കൊണ്ടും ദേശഭേദം കൊണ്ടും അന്യോന്യബന്ധമില്ലാത്തവരായി ജീവിക്കുന്നവരാണ്. ഒരു കരയ്ക്കകത്തുപോലും നായർഭവനങ്ങളെല്ലാം ഒരു സമുദായത്തിൽപ്പെട്ടതാണെന്ന തോന്നൽ ഇതുവരെ സമ്പൂർണ്ണമായി ഉണ്ടായിട്ടില്ല. ഏതോ ഒരദൃശ്യശക്തി നായരും ശൂദ്രരും ഒന്നാണെന്നുള്ള വിശ്വാസം പരത്തുകയും,

നായർശബ്ദം തന്നെ ഇല്ലാതാക്കുകയും ചെയ്തിരുന്നു. അത് ഒരു നൂറ്റാണ്ടു കൊണ്ടുണ്ടായ മാറ്റമാണ്. ഇല്ലക്കാരും സ്വരൂപക്കാരും ഇടശ്ശേരിയും ചക്കാലയും എന്നിങ്ങനെ ഉച്ചനീചത്വമുള്ള അനവധി ഉപജാതികളായി തിരിഞ്ഞ് അനുലോമവിവാഹവും ഭക്ഷണവും അല്ലാതെ അന്യോന്യവിവാഹവും ഭക്ഷണവും പാടില്ലെന്നുള്ള വ്യവസ്ഥയിലും, യാതൊരു നടപടികൊണ്ടും ഒരു സമുദായത്തിൽപ്പെട്ടവരാണെന്നു ചിന്തിക്കാൻപോലും സാദ്ധ്യമല്ലാതെയും, സൃഷ്ടിയിൽ തന്നെ വിഭജിക്കപ്പെട്ടവരാണെന്ന വിശ്വാസത്തിലും വളരെനാളായി കഴിച്ചുകൂട്ടുന്ന ഒരു കൂട്ടരുടെ ഇടയിലെ സമുദായബോധവും ബന്ധവും എങ്ങനെയിരിക്കുമെന്ന് ഏറെക്കുറെ ഊഹ്യമാണല്ലോ. ഒരുമിച്ചിരിക്കാൻ പാടില്ല, സമനിലയിൽ സംസാരിക്കാൻ പാടില്ല എന്നിങ്ങനെ പല പാടില്ലാഴികയ്ക്കകത്തുകൂടി ഒരു കൂട്ടിൽ അടയ്ക്കപ്പെട്ട പുലിയും പശുവും പോലെ, ഒരു ദേശാതിർത്തിയിൽപ്പെട്ട അന്നത്തെ കരക്കാർ ഒരു സാമൂഹ്യബന്ധമുള്ളവർ എന്നുള്ളതിലും കവിഞ്ഞ് അന്യോന്യവിദ്വേഷികൾ എന്നു പറയുന്നതായിരിക്കും അധികം ശരി. മരുമക്കത്തായത്തിന്റെ ഗുണങ്ങളെല്ലാം നശിച്ച് ദോഷം മാത്രമവശേഷിച്ച ഒരു ദായക്രമമായിരുന്നു ആ അധഃപതിച്ച കാലഘട്ടത്തിൽ നായർസമുദായത്തിനുണ്ടായിരുന്നത്. ഭഗിനീഭാഗിനേയന്മാരോടുകൂടി ഒരു കുടുംബത്തിൽ താമസിച്ചും കുടുംബാഭിവൃദ്ധിക്കുവേണ്ടി ഒത്തൊരുമിച്ച് ശ്രമിച്ചും കാരണവരുടെ വരുതിയിൽ ജീവിക്കാനും അനന്തിരവരെ സുഖാന്വേഷണത്തിൽ ശ്രദ്ധിക്കാനും ബാദ്ധ്യതപ്പെട്ടു കഴിഞ്ഞ പഴയ മരുമക്കത്തായം, അനന്തിരവരെ ശത്രുക്കളെപ്പോലെ കരുതി പുറംതള്ളിയും ഭാര്യാപുത്രാദികളോടുകൂടി തറവാട്ടിൽത്തന്നെ താമസിച്ച് തറവാട്ടുസ്വത്തുക്കളെല്ലാം അന്യാധീനം ചെയ്ത് മക്കൾക്ക് സമ്പാദ്യമുണ്ടാക്കിയും 'അടക്കി ഭരിക്കുന്ന' നിലയിലേക്ക് എത്തിക്കഴിഞ്ഞപ്പോൾ തറവാടുകൾ സുഖൈശ്വര്യങ്ങൾ കണ്ടെത്തപ്പെടാത്ത യുദ്ധക്കളങ്ങളായി പരിണമിച്ചതിൽ അത്ഭുതത്തിനവകാശമില്ലല്ലോ.

നായന്മാരുടെ മതാനുഷ്ഠാനം അമ്പലങ്ങളിൽ അവരുടെ സ്ത്രീകളുടെ വിളക്കെടുപ്പും, ഉത്സവം നടത്തിപ്പും, വെടിക്കെട്ടു നടത്തിക്കലും, കുതിരകെട്ടും, പടയണിതുള്ളലും, പുണ്യസമ്പാദനത്തിനായി ബ്രാഹ്മണർക്കുള്ള സദ്യകൊടുക്കലും എന്നിങ്ങനെയുള്ള നടപടികളും ചടങ്ങുകളുമായി പരിണമിച്ചു. അവരുടെ സ്വന്തം അമ്പലത്തിൽപോലും അടിമകളെപ്പോലെ പാത്തും പതുങ്ങിയുമേ പ്രവേശിക്കാൻ അവർ ധൈര്യപ്പെട്ടുള്ളു. മണിയടിച്ചു തൊഴാനോ, മണ്ഡപത്തിൽ കയറിയിരുന്ന് ഈശ്വരഭജനം ചെയ്യാനോ അവർക്കും അവകാശമുണ്ടെന്നു വിചാരിക്കുന്നതുപോലും പാപമാണെന്നു വിശ്വസിക്കുന്ന കൂട്ടർക്ക് ബ്രാഹ്മണരെപ്പോലെ ഈശ്വരനെ പൂജിക്കാൻ ആഗ്രഹമുണ്ടാകാത്തതിൽ അത്ഭുതമില്ല. ഹിന്ദുസമുദായത്തിലെ ഏറ്റവും ന്യൂനപക്ഷമായ ബ്രാഹ്മണരുടെ സർവ്വാധിപത്യത്തിന് ക്ഷേത്രങ്ങളെ ഒഴിഞ്ഞുകൊടുക്കുക മാത്രമല്ല, തങ്ങൾ അവിടുത്തെ വേലക്കാരും സൂക്ഷിപ്പുകാരും മാത്രമാണെന്നു സമ്മതിച്ചു പെരുമാറുകയും കൂടി ചെയ്തു. ക്ഷേത്രസംരക്ഷണത്തിനുവേണ്ടി അവർ അടിമകളായതിനോടുകൂടി, ഹിന്ദുസമുദായത്തിലെ ബഹുഭൂരിപക്ഷക്കാരായ

അവർണ്ണരെ എന്നും അടിമകളാക്കി വച്ചുകൊണ്ടിരിക്കാനുള്ള ചുമതല ഏറ്റെടുക്കുകയും ചെയ്തു. ഇങ്ങനെ സ്വസമുദായം മാത്രമല്ല, ഹിന്ദുസമുദായം ഒട്ടാകെത്തന്നെ അജ്ഞതയിലും അന്ധവിശ്വാസത്തിലും അടിമത്തത്തിലും ആണ്ടുകിടക്കാൻ ഇടയാക്കിയത് നായർസമുദായമാണെന്നുള്ള പേരും, തന്മൂലം അവർണ്ണർക്കുള്ള തീരാവൈരാഗ്യവും അവർ സമ്പാദിച്ചു.

വിജാതീയ ഭാര്യമാരിൽ ഉണ്ടാകുന്ന സ്വന്തം സന്താനങ്ങളെ തൊട്ടാൽ കുളിക്കണമെന്നുള്ള ആചാരമര്യാദയോടുകൂടിയ ബ്രാഹ്മണാദികളുടെ സംബന്ധം അഭിവൃദ്ധിക്കുതകുന്നതല്ലെങ്കിൽക്കൂടിയും കാര്യമായി കരുതുന്ന അന്ധതാമിശ്രമായ വിശ്വാസം സമുദായത്തിൽ ദൃഢതരമായിരുന്നതുകൊണ്ട് വിവാഹം മൂലമുണ്ടാകുന്ന യാതൊരു ഗുണവും രക്ഷയും ലഭിക്കാത്ത അനവധി സ്ത്രീകളും സന്താനങ്ങളും അനാഥരായി. കുടുംബത്തെ മാത്രം സംരക്ഷണോപാധിയായി കരുതിക്കൊണ്ടു ജീവിക്കേണ്ടിവന്നു. രാഷ്ട്രീയകാര്യങ്ങളിൽ മുൻകൈ എടുത്തു പ്രവർത്തിച്ചിരുന്ന നായന്മാർ ബ്രിട്ടീഷ് മേൽക്കോയ്മയുടെ ആവിർഭാവത്തോടുകൂടി വന്ന വിദേശീയഭരണം ഒരുവിധം പുറന്തള്ളപ്പെട്ടിരുന്നു.

ഇങ്ങനെ നായർസമുദായം നാനാപ്രകാരത്തിലും നാശോന്മുഖമായി പ്രയാണം ചെയ്തിരുന്ന ആ കാലഘട്ടത്തിൽ സമുദായസ്നേഹത്താൽ പ്രേരിതരായ ചില പ്രമാണികൾ, ചില പരിഹാരമാർഗ്ഗങ്ങൾ സമുദായസമക്ഷം സമർപ്പിച്ചിരുന്നു. അതിലൊന്നാണ് ദേശം തോറുമുള്ള നായർസമാജസ്ഥാപനം. കേന്ദ്രസഭയുടെ മട്ടിൽ തിരുവനന്തപുരത്ത് കേരളീയ നായർസമാജം സ്ഥാപിച്ചു. അത് 1080-മാണ്ടിടയ്ക്കാണെന്നു തോന്നുന്നു. അതിന്റെ സെക്രട്ടറി സമുദായോത്തേജകൻ സി. കൃഷ്ണപിള്ളയായിരുന്നു. പഠിപ്പുള്ള ചില പ്രമാണികൾ മാത്രമായിരുന്നു അതിലെ അംഗങ്ങൾ. അവരെല്ലാം തന്നെ സർക്കാരുദ്യോഗസ്ഥരും വക്കീലന്മാരുമായിരുന്നതിനാൽ സ്വന്തംജോലി കഴിഞ്ഞിട്ട് സമുദായസേവനത്തിനു സമയമില്ലായിരുന്നു. അവരിലെ ആത്മാർത്ഥതക്കാരുടെ സേവനംപോലും വെക്കേഷൻ കാലത്തെ വിശ്രമസഞ്ചാരത്തിനിടയ്ക്ക് നാട്ടിൻപുറങ്ങളിൽ കണ്ടുകിട്ടുന്ന പ്രമാണികളോടുള്ള അഭിമുഖസംഭാഷണം മാത്രമായിരുന്നു. സമുദായപരിഷ്ക്കാരത്തിനുള്ള ആശയഗതികൾ സാധാരണന്മാരുടേയും സാധുക്കളുടേയും ഇടയിൽ പ്രചരിച്ചെങ്കിൽ മാത്രമേ വേരോടുകയുള്ളു എന്ന വസ്തുത ഗ്രഹിക്കാതിരുന്നതുകൊണ്ടോ, അതു ക്ലേശകരമായ ജോലിയാണെന്നറിഞ്ഞതുകൊണ്ടോ എന്തോ, സമുദായത്തിന്റെ ഉപരിതലത്തിൽ മാത്രമേ അവരുടെ ദൃഷ്ടി പതിഞ്ഞിരുന്നുള്ളു. അതു തന്നെ എത്രയോ ദുർലഭം.

നായർസമാജത്തിന്റെ അന്നത്തെ പരിപാടികളിൽപ്പെട്ടിരുന്നത് മലയാളശൂദ്രൻ എന്ന വിളിയും, എഴുത്തുകുത്തും മാറ്റി നായർ എന്നാക്കുക, നിരർത്ഥകവും അപമാനകരവുമായ താലികെട്ടുകല്യാണം, തെരുണ്ടുകുളി മുതലായ അടിയന്തിരങ്ങൾ ഇല്ലാതാക്കുക, ക്ഷേത്രബന്ധവും ബ്രാഹ്മണബന്ധവും കൊണ്ടുള്ള അടിമത്തം നശിപ്പിക്കുക, കുതിരകെട്ടും

വെടിക്കെട്ടും കോലംകെട്ടും അതുപോലുള്ള ഉത്സവാഘോഷങ്ങളും നിറുത്തൽചെയ്യുക. നായന്മാരുടെ ഇടയിലെ അവാന്തരജാതിവ്യത്യാസം ഇല്ലാതാക്കുക, ഹിന്ദുസമുദായവിഭാഗങ്ങൾ തമ്മിലുള്ള അനൈക്യം നിലനിർത്തുന്നതും അന്ധതാപൂർണ്ണവുമായ തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങൾ നശിപ്പിക്കുക, വിദ്യാഭ്യാസം പ്രചരിപ്പിക്കുക, നായർസമുദായത്തെ സംഘടിതമാക്കുക എന്നിവയായിരുന്നു. എത്രയോ കൊല്ലത്തെ പഴക്കമുള്ള വിശ്വാസത്തിലും നടപടികളിലും നിന്നും സമുദായത്തെ വീണ്ടെടുക്കുക എന്നുള്ളത് വളരെ ശ്രമകരമായ കാര്യമായിരുന്നു. നിസ്സാരവും നിർദ്ദോഷവും കഷ്ടിച്ച് നൂറ്റാണ്ടത്തെ പഴക്കം മാത്രമുള്ളതുമായ ശൂദ്രനാമം മാറ്റുന്നതിനുപോലും വളരെ പാടുപെടേണ്ടിവന്നു. സർക്കാർ എഴുത്തുകുത്തുകളിൽ നിന്ന് മലയാളശൂദ്രപദം നായർപദമാക്കാൻ അന്നത്തെ വിദേശ ഗവണ്മെന്റിനു വളരെ വിസമ്മതമായിരുന്നു. ബ്രിട്ടീഷ് റസിഡന്റുമാരുടെ പിന്നാലെ വന്ന് സേവയും ഏഷണിയും കൊണ്ട് ഇവിടുത്തെ ഭരണാധികാരികളായിത്തീർന്ന ഏറ്റവും ചെറിയ ന്യൂനപക്ഷമായ വിദേശീയ ബ്രാഹ്മണർക്ക് നായന്മാരുടെ ഈ പുതിയ സംരംഭത്തിൽ വെറുപ്പും ഭയവുമായിരുന്നു. നായന്മാരെ ഭൃത്യപ്പണിക്കാർ എന്നർത്ഥമുള്ള ശൂദ്രപദത്തിൽത്തന്നെ എന്നും വച്ചുകൊണ്ടിരിക്കാൻ നിർബന്ധപൂർവം അവർ ആഗ്രഹിച്ചിരുന്നു. രാജ്യത്തിന്റെ ഭരണമധ്യമാവിയേയും അവർ സ്വാധീനപ്പെടുത്തിയിരുന്നതുകൊണ്ട്, ഈ നിസ്സാരകാര്യങ്ങൾപോലും കുറേനാൾ നീട്ടിക്കൊണ്ടുപോകാൻ അവർക്കു സാധിച്ചു. നായർസമാജത്തിന് അന്നു പേരിനുമാത്രമുള്ള പ്രവൃത്തിയും യോജിപ്പുമേ ഉണ്ടായിരുന്നുള്ളു. എങ്കിലും അതിനുപോലും അതിന്റെ താല്പര്യം ഒട്ടൊക്കെ സാധിക്കാൻ കഴിഞ്ഞു. ഒരു ശൂദ്ര റെഗുലേഷൻ ഉണ്ടായിപ്പോകുമായിരുന്ന പരിതസ്ഥിതി മാറ്റി നായർ റെഗുലേഷൻ ഉണ്ടാക്കാനുള്ള അന്തരീക്ഷം സൃഷ്ടിച്ചത് ആ നായർസമാജമാകുന്നു.

ബ്രാഹ്മണമേധാവിത്തത്തേയും വിദേശഭരണത്തേയും എതിർത്തുകൊണ്ട് മലയാളി മെമ്മോറിയൽ പ്രക്ഷോഭണം നടത്തിയവരിൽ പ്രമാണികൾ നായന്മാരായതുകൊണ്ട് ഇവിടുത്തെ ഗവണ്മെന്റിന് അവരോടും അവരുടെ എല്ലാ പ്രസ്ഥാനങ്ങളോടും വിരോധമായിരുന്നു. അവരുടെ ഈ നൂതനപ്രസ്ഥാനത്തെ തല്ലിക്കലക്കാൻ സ്വജനദ്രോഹവും കൂട്ടംകുത്തും കുലക്രമാഗതമായിത്തന്നെ സംസിദ്ധമായിട്ടുള്ള നായന്മാരെത്തന്നെ കിട്ടാൻ ഗവണ്മെന്റിന് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. രാജധാനിയിലെ മിക്ക നായന്മാരും സർക്കാർബന്ധത്തിൽപ്പെട്ടവരായിരുന്നു. പട്ടാളത്തിൽ ശിപായിയോ കൊട്ടാരത്തിൽ തൂപ്പെങ്കിലുമോ ഇല്ലാത്ത നായർവീട് തിരുവനന്തപുരം പ്രദേശത്ത് ചുരുക്കമായിരുന്നു. അതുകൊണ്ട് ഉയർന്ന തോതിലുള്ള ഉദ്യോഗത്തിൽപ്പെട്ട അപൂർവം ചില ധീരന്മാർക്കും ഉദ്യോഗകാംക്ഷയില്ലാത്ത വക്കീലന്മാർക്കും മാത്രമേ നായർസമാജ കാര്യങ്ങളിൽ പരസ്യമായി പങ്കെടുക്കാൻ സാധിച്ചിരുന്നുള്ളു.

താലികെട്ടു കല്യാണം, തെരണ്ടുകുളി മുതലായ വ്യയഹേതുകങ്ങളായ അടിയന്തിരങ്ങളെപ്പറ്റിയും ഒരു വാക്കു പറയണം. കല്യാണം

എന്നുകേട്ടാൽ സ്ത്രീപുരുഷന്മാരെ ഭാര്യാഭർത്താക്കന്മാരാക്കുന്ന ഒരടിയന്തിരമെന്നാണല്ലോ സാധാരണ മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ മതഭേദമോ, സമുദായഭേദമോ ദേശഭേദമോ ഉയർച്ച താഴ്ചയോ ഇല്ല. ഇത് സാർവ്വത്രികമായ ഒരു നടപ്പാണ്. ഒരു നമ്പൂതിരി ഒരന്തർജ്ജനത്തെയോ ഒരു പുലയൻ പുലയിയേയോ കല്യാണം കഴിച്ചു എന്നു കേട്ടാൽ, പുരുഷന് ഒരു ഭാര്യയും സ്ത്രീക്ക് ഒരു ഭർത്താവുമുണ്ടായി എന്നാണ് നാം മനസ്സിലാക്കുന്നത്. ക്രിസ്ത്യാനിക്കും മുസൽമാനും യൂറോപ്യനും അമേരിക്കനും ഇതിൽ മാറ്റമില്ല. എന്നാൽ നായരുടെ വീട്ടിൽ ഒരു കല്യാണം നടന്നു എന്നു കേട്ടാൽ സ്ത്രീക്ക് ഒരു ഭർത്താവും പുരുഷന് ഒരു ഭാര്യയും ഉണ്ടായിട്ടില്ലെന്നാണ് നാം ധരിക്കേണ്ടത്. കല്യാണം കഴിഞ്ഞാൽ ഭാവിജീവിതത്തിന് അവർ ഒരു കുടുംബമായി ചേർന്ന് ഒന്നാകുന്നതിനു പകരം, നായരുടെ വീട്ടിലെ കല്യാണം കഴിഞ്ഞാൽ യാതൊരു ബന്ധവുമുണ്ടായ ച്ഛായപോലുമില്ലാതെ അവർ എന്നെന്നേക്കുമായി അവിടെവച്ചുതന്നെ പിരിയുകയാണു ചെയ്യുന്നത്. ഈ അപമാനകരമായ നില പരസ്യപ്പെടുത്തുന്നതിനുവേണ്ടി ഓരോ കുടുംബവും ചെലവാക്കുന്ന സംഖ്യയ്ക്കു കണക്കില്ല. നെടുംപുരയും വിതാനവും കൊട്ടും കുഴലും ഘോഷയാത്രയും, നാലുദിവസത്തെ സദ്യയും, തുള്ളലും ആട്ടവും ഉൾപ്പെടെയുള്ള ആ മഹാ'മേള' കഴിയുമ്പോൾ തറവാടിനു താങ്ങാൻ വയ്യാത്ത ഒരു ഋണഭാരം അതിന്റെ കഴുത്തിൽ തൂങ്ങുന്നതായി കാണാം. തെരണ്ടുകുളിയെപ്പറ്റി എഴുതാൻ എനിക്കു ലജ്ജ തോന്നുന്നു. അതു പുരുഷന്മാർ അറിയേണ്ടതോ പരസ്യപ്പെടുത്തേണ്ടതോ ആയ ഒരു കാര്യമല്ല. യൗവനയുക്തമായ സ്ത്രീയെ 'ഋതുശാന്തി'യുടെ പേരിൽ കൊട്ടും കുഴലുമായി ഘോഷയാത്ര നടത്തുന്ന ഏർപ്പാടും നമ്മുടെ തറവാടുകളെ കുറെയൊക്കെ ശോഷിപ്പിച്ചിട്ടുണ്ട്. ഋതുവാകുന്നതിനുമുമ്പ് താലികെട്ടു കല്യാണം നടത്തിയില്ലെങ്കിൽ പോരായ്മയും പാപവുമാണെന്നുള്ള വിശ്വാസവും സമുദായത്തിനുണ്ടായിരുന്നു. ഈ വിശ്വാസാചാരാദികളെ മാറ്റി താലികെട്ട് മുതലായ അടിയന്തിരങ്ങൾ നിറുത്തൽ ചെയ്ത്, സ്ത്രീക്കു പ്രായമാകുമ്പോൾ ദാമ്പത്യബന്ധച്ചടങ്ങായി നടത്താറുള്ള 'സംബന്ധം' മാത്രം മതിയെന്നു സമുദായത്തെക്കൊണ്ട് വിശ്വസിപ്പിക്കാനും നടപ്പിൽ വരുത്താനും വളരെ പണിപ്പെടേണ്ടിവന്നിട്ടുണ്ട്.

അതുപോലെതന്നെയായിരുന്നു മതാന്ധ്യം കൊണ്ടുള്ള അപമാനവും നാശവും. നായരുടെ സംഖ്യാബലവും പ്രാമാണ്യവുമുള്ള മദ്ധ്യതിരുവിതാംകൂറിലായിരുന്നു അതിന്റെ പ്രകടനം അധികവും നടന്നത്. അവിടുള്ള നായരുടെ ഈശ്വരബോധവും ക്ഷേത്രബന്ധവും 'കുതിരകെട്ടിൽ' ലയിച്ചിരുന്നു. 'കുതിര' എന്താണെന്നു ചോദിച്ചാൽ, ചതുരാകൃതിയിലുള്ള എന്തോ ഒന്ന് എന്നുള്ളതിൽ കവിഞ്ഞൊന്നും പറയാൻ സാധിക്കയില്ല. എടുപ്പുകുതിരയും വലിപ്പുകുതിരയുമുണ്ട്. എടുപ്പുകുതിര എന്നാൽ എടുക്കുന്ന കുതിരയെന്നു സ്പഷ്ടമാണല്ലോ. നായരുടെ തോളിൽ കുതിരകയറി സവാരി ചെയ്യുന്ന വിദ്യയാണത്. ആളുകൾ കുതിരപ്പുറത്തു കയറുന്നതല്ലാതെ ആളിൻപുറത്തു കേറുന്ന ഏർപ്പാട് നമ്മുടെ

രാജ്യത്തും നായന്മാരുടെ ഇടയിലും മാത്രമേ നടപ്പുള്ളു. ജീവനുള്ള കുതിരയാണെങ്കിലും വേണ്ടില്ല, മരക്കുതിരയെയാണ് ചുമക്കുന്നത്. ചിലപ്പോൾ കുതിര മൂത്ത് കഴുതയും കാളയും ആനയുമൊക്കെയാകും. എന്തോന്നായാലും നായരുടെ തോളിൽ കേറാൻ അവയ്ക്കോ, കൊണ്ടുനടക്കാൻ നായർക്കോ മടിയില്ല. ഇങ്ങനെ നായരുടെ പിടലിയിൽ നൂറ്റാണ്ടുകളായി നടന്ന കുതിരകേറ്റം നിമിത്തമാണ് നമുക്ക് പൗരുഷമില്ലാതെപോയത് എന്നുപോലും തോന്നാറുണ്ട്. മാവേലിക്കര താലൂക്കിലെ ചെട്ടികുളങ്ങര യാണ് കുതിരയ്ക്കു വളരെ പ്രാധാന്യം. കൊല്ലം താലൂക്കും മോശമല്ല. പട്ടാഴിക്കുതിര യുദ്ധരംഗത്തിൽ പോകാതെതന്നെ വിജയം കൈവരിച്ചിട്ടുണ്ട്.

തിരുവല്ലാ മുതൽ വടക്കോട്ടു കുതിര ഇല്ലെങ്കിലും അതിനെ ജയിക്കുന്ന കാളയും തേരും കോലവുമുണ്ടായിരുന്നു. പോരട്ടുകാവിലെ കാളയുടെ കൊമ്പിന് ആറുകോൽ നീളമുണ്ടുപോലും. തേരിന്റെ രാജസ്ഥാനം അയിരൂർക്കാർക്കായിരുന്നു. ജീവനെ പണയംവച്ചും നട്ടെല്ലൊടിച്ചും കൊണ്ടുള്ളതാണ് നായരുടെ ഈശ്വരഭജനം. അതിനെ തുടർന്നുള്ള പടയണിയും കാണേണ്ടതാണ്. പച്ചപ്പാളയിൽ കരിയും ചെങ്കല്ലുംകൊണ്ട് വരച്ച് വികൃതവും ഭയാനകവുമായ രൂപമുണ്ടാക്കി മുഖത്തും തലയിലും ശരീരത്തിലും വച്ചുകെട്ടി, ഓലച്ചൂട്ടിന്റെ വെളിച്ചത്തിൽ പാട്ടിനും താളത്തിനും ഒപ്പിച്ച് ആടുകയും കറങ്ങുകയും ചെയ്യുന്നതും നായരുടെ ഈശ്വരാരാധന തന്നെയായിരുന്നു. 101 പാളയുടെ കോലം, പള്ളിയുടെ മുഖപ്പുപോലെ ഏതാനും കോൽ പൊക്കത്തിൽ കൂർത്ത ആകൃതിയിൽ ഉണ്ടാക്കിയത് അഞ്ചാറാളുകൾകൂടി തലയിൽ പിടിച്ചുകേറ്റിക്കൊടുത്താൽ അതുംകൊണ്ട് അമ്പലത്തിനുചുറ്റും ഓടേണ്ടതും നായരുടെ ചുമതലയാണ്. ഓടുപായ്ക്കു കാറ്റു പിടിക്കുന്നതുപോലെ വല്ല കാറ്റും അടിച്ചിരുന്നെങ്കിൽ അവന്റെ പിടലി ഒടിഞ്ഞതുതന്നെ. അങ്ങനെ സംഭവിക്കാത്തത് ആരുടെ ഭാഗ്യമോ നിർഭാഗ്യമോ കൊണ്ടെന്നറിഞ്ഞില്ല. പണക്കൊഴുപ്പുള്ളവർ ആയിരം പാളയുടെ കോലംതന്നെ കെട്ടുമെന്നു കേട്ടിട്ടുണ്ട്. ഒരു പാളയ്ക്ക് ഒരു മണി എന്ന കണക്കിന് നിണത്തിൽ മുക്കിയ ആയിരം കൊഴുക്കട്ട മാലയാക്കി ചാർത്തിയ ആയിരം മണിയൻകോലം അപൂർവ്വമായി പണ്ടുണ്ടായിരുന്നുപോലും. അതുകണ്ടാൽ ഒഴിയാത്ത ബാധയോ അനുഗ്രഹിക്കാത്ത ദൈവമോ ഇല്ലെന്നു കേട്ടിട്ടുണ്ട്. ഏതായാലും അതു കാണാനുള്ള നിർഭാഗ്യം എനിക്കുണ്ടായിട്ടില്ല. 101 പാളക്കോലം ഞാൻ കണ്ടിട്ടുണ്ട്. എന്റെ അടുത്ത ദിക്കുകാരായ പായിപ്പാട്ടുകാർ പടയണി നിറുത്തിയിട്ട് അധികകാലമാകാത്തതുകൊണ്ട് എനിക്ക് അതിനുവേണ്ടി ദൂരദിക്കിൽ പോകേണ്ടിവന്നിട്ടില്ല. പാളക്കോലം കണ്ടിട്ടില്ലാത്തവരെ അതെങ്ങനെയിരിക്കുമെന്നു പറഞ്ഞു മനസ്സിലാക്കാൻ പ്രയാസം. ഭയങ്കരമായ ആ ബീഭത്സരൂപം കണ്ടു പരിചയിച്ചിട്ടുള്ള സഹോദരിമാരുടെ ഉള്ളിൽ നിന്നും ആ ചിന്താഗതി വേഗം മായുന്നതല്ല. ആ വികൃതരൂപവും സ്വഭാവവും അവരുടെ സന്തതികളിൽ പകരുന്നുണ്ടെങ്കിൽ മാനസികശാസ്ത്രപ്രകാരം അതു തെറ്റല്ല.

ബുദ്ധിമാനായ ബ്രാഹ്മണൻ ഓടാതെയും ചാടാതെയും വെയിൽ കൊള്ളാതെയും ചുമടെടുക്കാതെയും നിശ്ശബ്ദമായി ഒരിടത്തിരുന്ന് ഈശ്വരഭജനം ചെയ്യുന്നത് എത്രയോ നൂറ്റാണ്ടായി കണ്ടുകൊണ്ടിരുന്നിട്ടും പിന്നെയും നായർ പൂരംതുള്ളാനും കുതിരയെ ചുമക്കാനും കോലം കെട്ടാനും പോകുന്നതാണത്ഭുതം. ഇതിനെല്ലാം സമൂലപരിവർത്തനം വരുത്തേണ്ടത് സമുദായക്ഷേമത്തിന് അത്യാവശ്യമായിരുന്നു. അതിനുള്ള ഭഗീരഥപ്രയത്നവും സർവീസ് സൊസൈറ്റി ചെയ്തു. ഒട്ടൊക്കെ ഫലിച്ചു. മിക്ക കുതിരയും ചത്തു. തേരുകൾ പൊളിഞ്ഞു. പടയണി നിന്നു. അങ്ങനെ ആ രംഗത്തും സമുദായം വളരെ പുരോഗമിച്ചു. എന്നാൽ പരിഷ്ക്കാരം മൂത്തപ്പോൾ കുതിര അവിടവിടെ ഉയർത്തെഴുന്നേൽക്കുന്നതായി കാണുന്നുണ്ട്. ദുർവ്വാസനയും നിർഭാഗ്യവുമെന്നല്ലാതെ എന്തു പറയാനാണ്.

ഒന്നുരണ്ടു ദൃഷ്ടാന്തംകൂടി പറഞ്ഞുകൊള്ളട്ടെ. പ്രയോജനപ്രദമായ ഒരൊറ്റ സ്ഥാപനംപോലും ഇതുവരെ ഉണ്ടാക്കിയിട്ടില്ലാത്ത തൃശ്ശൂരിലെ നായർപ്രമാണികൾ, വീട്ടുവേലക്കാരും അനാഥകളുമായ അനവധി നായർസ്ത്രീകൾ അപമാനകരമായ നരകയാതന അനുഭവിക്കുന്നതു കണ്ടുകൊണ്ട്, അതിന് ഒരു പരിഹാരവും കാണാതെ കൊല്ലംതോറും പൂരത്തിന്റെ പേരിൽ പതിനായിരക്കണക്കിന് ഉറുപ്പിക വെടിക്കെട്ടിനായി ആഹുതി ചെയ്തുകൊണ്ട്, വടക്കുംനാഥനുൾപ്പെടെ ചക്ഷുശ്രവണഗളസ്ഥമാംദർദ്ദുരങ്ങളായി മരിച്ചു ജീവിക്കുന്നതിനിടയാക്കുന്ന അവിടുത്തെ വിദ്യാസമ്പന്നരെ ഓർത്താൽ നാം ഇന്നും എവിടെക്കിടക്കുന്നു എന്ന് ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്.

നായരുടെ മറ്റൊരു ആരാധനാസമ്പ്രദായം ഗരുഡൻതൂക്കമാണ്. മങ്കൊമ്പിനും ആലപ്പുഴയുള്ള തിരുവമ്പാടിക്കുമാണ് അതിന് മുൻഗണന ഇന്നു നൽകേണ്ടത്. നായരെ ചാട്ടേക്കേറ്റുക മാത്രമല്ല, അവന്റെ മുതുകത്ത് ചൂണ്ടകോർക്ക കൂടി ചെയ്യുന്ന ഈ മൂഢാചാരം ഇന്നും നിലനിൽക്കുന്നതോർക്കുമ്പോൾ നായർ അവസാനിച്ചേ ഇതും അവസാനിക്കൂ എന്നു പറയണമെന്നു തോന്നിപ്പോകുന്നു.

തിരുവനന്തപുരത്തു സ്ഥാപിച്ച കേരളീയ നായർസമാജത്തിന് പറയത്തക്ക പ്രവർത്തനം ഒന്നും ചെയ്യാൻ സാധിച്ചില്ലെങ്കിലും, രാജ്യത്തിന്റെ പല ഭാഗത്തുവച്ച് അഞ്ചാറു നല്ല വാർഷികയോഗം നടത്താനും തന്മൂലം പൊതുവിൽ ഒരുണർവ്വുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. ആദ്യത്തെ സമ്മേളനം 1082-ൽ തിരുവനന്തപുരത്തുവച്ച് മന്നത്തു കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിലാണ് നടന്നത്. അടുത്ത സമ്മേളനം കോഴിക്കോട്ടുവച്ചു നടത്താൻ കൃഷ്ണൻനായരെ ക്ഷണിച്ചിരുന്നു. എന്നാൽ പ്ലേഗ് നിമിത്തം അവിടെവച്ചു നടത്താൻ സാധിക്കാതെ പോയി. കൊല്ലത്തും കീരിക്കാട്ടും കോട്ടയത്തും തൃശ്ശൂരും മറ്റും വച്ച് ഓരോ സമ്മേളനം നടന്നു എങ്കിലും 1084-ൽസർ സി. ശങ്കരൻനായരുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ചു നടന്ന സമ്മേളനമാണ് അവയിൽ പ്രാധാന്യമർഹിക്കുന്നത്. ഈ സമ്മേളനങ്ങൾകൊണ്ട് നായർസമാജത്തിന് ഒരു പ്രശസ്തിയും സമുദായാംഗങ്ങളിൽ ഒരു ചലനവും ഉണ്ടാക്കാൻ സാധിച്ചു. എന്നാൽ സമാജത്തിനു വേരോടുന്നതിനു മുമ്പുതന്നെ പ്രമാണികൾ

തമ്മിൽ അല്പാല്പം കിടമത്സരം ഉണ്ടാകാനും തുടങ്ങി. സമാജം രജിസ്റ്റർചെയ്ത് അല്പം കഴിഞ്ഞപ്പോൾ മാത്സര്യം ഒന്നുകൂടി മൂത്തു. അപ്പോഴത്തെ പ്രസിഡന്റ് സി. കൃഷ്ണപിള്ളയും ജനറൽ സെക്രട്ടറി സി.വി. രാമൻപിള്ളയും അസിസ്റ്റന്റ് സെക്രട്ടറി മള്ളൂർ ഗോവിന്ദപ്പിള്ളയും ആയിരുന്നു. 1091 തുലാത്തിൽ സി.വി. രാമൻപിള്ളയുടെ വസതിയിൽ വച്ച് കേരളീയ നായർസമാജത്തിന്റെ ഒരു യോഗം കൂടി. ഞാനും ആ യോഗത്തിൽ ഹാജരുണ്ടായിരുന്നു. സി. കൃഷ്ണപിള്ളയായിരുന്നു ആദ്ധ്യക്ഷ്യം വഹിച്ചത്. സി.വി. രാമൻപിള്ളയും മള്ളൂർ ഗോവിന്ദപ്പിള്ളയും മറ്റും ഒരു കക്ഷിയും, സി. കൃഷ്ണപിള്ളയും എം.എ. പരമുപിള്ളയും ചങ്ങനാശ്ശേരിയും മറ്റും മറുകക്ഷിയുമെന്ന് യോഗാരംഭത്തിൽത്തന്നെ ഒരുവിധം പ്രകടമായി. ഏതുവിധത്തിലെങ്കിലും കൂടുതൽ വോട്ടു പിടിച്ച് നായർസമാജത്തിന്റെ അധികാരാവകാശങ്ങൾ കൈവിട്ടു പോകാതിരിക്കാൻ മള്ളൂർകൂട്ടർ ചില ശ്രമങ്ങൾ ചെയ്തുവച്ചിരുന്നു. സി.വി.യുടെ വീട്ടിൽ വച്ചായിരുന്നു യോഗം കൂടിയത്. റിപ്പോർട്ടു വായിക്കുകയോ കണക്കു പാസ്സാക്കുകയോ ചെയ്യുന്നതിനു മുമ്പുതന്നെ തിരഞ്ഞെടുപ്പു നടത്താൻ സി.വി.യും മള്ളൂരും തിടുക്കം കൂട്ടി. അതിനു പുതുതായി ചില ആളുകളെ ഒരുക്കിക്കൊണ്ടുവന്നിരുന്നു. ആ വാദപ്രതിവാദം മൂത്ത് സി. കൃഷ്ണപിള്ളയും കൂട്ടരും യോഗത്തിൽനിന്ന് ഇറങ്ങിപ്പോകേണ്ടിവന്നു. ഞാനും ഇറങ്ങിപ്പോയവരിൽപ്പെട്ടവനാണ്. അതിന്റെ ശേഷം അവർ ഹിതാനുസരണം ഒരു തിരഞ്ഞെടുപ്പു നടത്തി. അങ്ങിനെ അവർ കേരളീയ നായർസമാജസ്ഥാപകനായ സി. കൃഷ്ണപിള്ളയെ അതിൽനിന്നും ബഹിഷ്കൃതനാക്കി. ഈ സംഭവഗതികൾ വളരെ ഒച്ചപ്പാടുണ്ടാക്കി. പ്രമാണികൾ രണ്ടു കക്ഷികളായിത്തിരിഞ്ഞ് പേനയും നാവും കൊണ്ട് ഒരു ഭാരതയുദ്ധം ആരംഭിച്ചു. അല്പാല്പം കണ്ണുതുറന്നു വരുന്ന സമുദായാംഗങ്ങളുടെ ഇടയിൽ കുഴപ്പവും നിരാശയും അവിശ്വാസവും ഉണ്ടാക്കി അവരെ ഇതികർത്തവ്യതാമൂഢരാക്കിത്തീർത്തു.

ഇതിന് ഒരുകൊല്ലം മുമ്പാണ് നായർസമുദായ ഭൃത്യജനസംഘം ഉണ്ടായതെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഞങ്ങളുടെ കഴിവനുസരിച്ച് ചെറുതോതിലുള്ള പ്രവർത്തനം ചങ്ങനാശ്ശേരിയിലും സമീപപ്രദേശങ്ങളിലും നടന്നുകൊണ്ടിരുന്നു. കേരളീയ നായർസമാജപ്രവർത്തകരുമായി ഇടപെടാറുണ്ടെങ്കിലും, ആ സമാജവും ഞങ്ങളുടെ പ്രവൃത്തിയുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. പെരുന്ന കരയോഗത്തിന്റെയും ചങ്ങനാശ്ശേരി താലൂക്ക് നായർസമാജത്തിന്റെയും പ്രാരംഭപ്രവർത്തനം കൊണ്ട് ഒരു കാര്യം ബോദ്ധ്യപ്പെട്ടു. പ്രസംഗം കൊണ്ടുമാത്രം പ്രയോജനമില്ലെന്നും, അതനുസരിച്ച് പ്രവർത്തനം ചെയ്യാനും ചില ആളുകൾ അത്യാവശ്യമാണെന്നും. ഈ ചിന്താഗതി രൂപം പ്രാപിച്ച താണ് നായർസമുദായ ഭൃത്യജനസംഘം. ജീവിതകാലമത്രയും സമുദായസേവനം ചെയ്യുന്നതിന് ഏതാനും യുവാക്കന്മാരെ പരിശീലിപ്പിച്ച് സമുദായമദ്ധ്യത്തിലേക്കയ്ക്കാൻ കഴിയുന്ന ഒരു സ്ഥാപനമായിത്തീരണമതെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. പൂർണ്ണഫലപ്രാപ്തിയിൽ എത്തിയില്ലെങ്കിലും പത്തിന് അഞ്ചെങ്കിലും ഫലിച്ചു എന്നുള്ള വിശ്വാസക്കാരനാണ് ഞാൻ.

ഏഴാമദ്ധ്യായം

പ്രാരംഭപ്രവർത്തനം

നായർസമുദായ ഭൃത്യജനസംഘത്തിൽ അംഗങ്ങളെ കൂട്ടാൻ ഞങ്ങൾ ആഗ്രഹിച്ചേയില്ല. ഇതിൽ അംഗമാകാൻ ഒരാൾ എന്നെന്നേക്കുമായി കൊടുക്കേണ്ടത് പന്ത്രണ്ടുരൂപാ മാത്രമായിരുന്നു. എന്നാൽ സേവനത്തിനു കഴിവും സന്നദ്ധതയുമുള്ളവരെ മാത്രമേ ചേർക്കാവൂ എന്നും അവർ അന്നുണ്ടായിരുന്ന നിബന്ധനയിലെ പ്രതിജ്ഞാവാചകം അക്ഷരംപ്രതി അനുഷ്ഠിക്കുന്നവരായിരിക്കണമെന്നും നിർബന്ധമുണ്ടായിരുന്നു. അങ്ങനെയുള്ളവരെ കിട്ടാൻ പ്രയാസമാണല്ലോ.

സമുദായപ്രവർത്തനത്തിനായിത്തന്നെ ഈ സ്ഥാപനംവകയായി ഒരാളെങ്കിലും ഉണ്ടായിരുന്നാൽ, ബാക്കിയുള്ളവരെല്ലാം മറ്റുവിധത്തിൽ സഹകരിക്കുകയും സഹായിക്കുകയും ചെയ്താലും കഴിച്ചുകൂട്ടാമെന്നു വിചാരിച്ചു. എന്നാൽ ഞങ്ങളിൽ ആർക്കുംതന്നെ ആ ഒരാളാകാൻ സൗകര്യമില്ലായിരുന്നു. പുതുതായുണ്ടായ ഞങ്ങളുടെ സമുദായസേവനസംഘത്തെപ്പറ്റിയുള്ള പത്രപ്രസ്താവനകൾ വായിച്ചും, കേട്ടറിഞ്ഞും കാർമേഘം കണ്ട വേഴാമ്പലിനെപ്പോലെ, നാട്ടിൻപുറങ്ങളിൽ വഴക്കും വ്യവഹാരവും മൂലം ദുരിതമനുഭവിക്കുന്ന സാധുക്കൾ സഹായാഭ്യർത്ഥനയോടുകൂടി ഞങ്ങളെ സമീപിച്ചുതുടങ്ങി. കുടുംബത്തിലുള്ളവരോടുള്ള ശത്രുത നിമിത്തം വസ്തുക്കൾ അന്യാധീനം ചെയ്യുന്ന കാരണവന്മാരെപറ്റിയുള്ള പരാതി; അവാന്തര ജാതിഭേദംകൊണ്ടുള്ള കുഴപ്പങ്ങളും തന്മൂലമുള്ള വഴക്കുകളും; അടിയന്തിരവഴക്കുകൾ; കീറാമുട്ടിപോലെ ഒരിക്കലും അവസാനിക്കാത്ത കുടുംബവ്യവഹാരങ്ങൾ; കുട്ടികളുടെ സംരക്ഷണച്ചുമതലയും കൈവെടിഞ്ഞ് ഭാര്യാബന്ധവും വിട്ടുപോയ ഭർത്താക്കന്മാരെപ്പറ്റിയുള്ള സങ്കടനിവേദനങ്ങൾ, സന്തതികളുടെ വിദ്യാഭ്യാസത്തിനോ സ്വന്തം ജീവിതത്തിനോ മാർഗ്ഗമില്ലാത്ത വിധവകളുടെ പരിദേവനങ്ങൾ; ഉത്സവാഘോഷങ്ങൾക്കു നിർബന്ധപൂർവം നടത്തുന്ന പണപ്പിരിവു സംബന്ധിച്ച സങ്കടങ്ങൾ; കരയോഗമുതലുകൾ നശിപ്പിക്കുന്നതിനെപ്പറ്റിയുള്ള പരാതി; നവീനരീതിയിൽ കരയോഗമുണ്ടാക്കാനുള്ള അപേക്ഷ; പ്രസംഗിക്കാൻ ചെന്നെത്താനുള്ള ക്ഷണം; ഇങ്ങനെ വിവിധരൂപത്തിൽ വരുന്ന എല്ലാ എഴുത്തുകൾക്കും മറുപടി അയക്കാൻതന്നെയും എനിക്കു സാധിക്കാതെ വന്നു. കാലക്ഷേപമാർഗ്ഗമായ എന്റെ വക്കീൽപ്പണിക്കിടയിൽക്കൂടി വേണമായിരുന്നു ഈ കാര്യങ്ങളെല്ലാം നിർവഹിക്കാൻ. എന്റെ കൂട്ടുകാരായ മറ്റംഗങ്ങളെല്ലാവരും എന്നേക്കാൾ സ്ഥിതിയുള്ളവരും മറ്റൊന്നിനും സമയമില്ലാത്തവരുമായിരുന്നു. അത്യാവശ്യത്തിനുമാത്രം കോടതിയിൽ പോകയും ബാക്കി സമയമെല്ലാം രാപകൽഭേദമില്ലാതെ ചങ്ങനാശ്ശേരിക്കരയിലും സമീപപ്രദേശത്തും സഞ്ചരിച്ച് ജനങ്ങളുടെ ആവശ്യം നിറവേറ്റിക്കൊടുക്കയും ചെയ്തുകൊണ്ടിരുന്നു. തന്മൂലം അവരുടെ സ്നേഹവിശ്വാസങ്ങൾ ഒരുവിധം സമ്പാദിക്കാൻ കഴിഞ്ഞു. എന്റെ സ്നേഹിതന്മാരും കഴിവുള്ള മട്ടിലൊക്കെ എന്നെ

സഹായിച്ചു. പ്രവർത്തനത്തിനു കഴിവും സൗകര്യവുമുള്ള ഒരാളെ - ഇതിനായിത്തന്നെ ജീവിക്കാൻ കഴിവുള്ള ഒരാളെ - എത്ര അന്വേഷിച്ചിട്ടും കിട്ടാൻ കഴിഞ്ഞില്ല.

ഇംഗ്ലീഷ്സാഹിത്യത്തിൽ എം.എ. ബിരുദധാരിയായി, എം.എ. പരമുപിള്ള എന്ന പേരിൽ അറിയപ്പെടുന്ന കെ. പരമുപിള്ള കോട്ടയം ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടറായി വന്നത് ആ ഇടയ്ക്കാണ്. കപ്പന കണ്ണൻ മേനോൻ എഴുതിയതും, എനിക്കുംകൂടി പങ്കുണ്ടെന്ന് അദ്ദേഹം പറയുന്നതുമായ 'സ്നേഹലത' എന്ന പുസ്തകം വായിച്ചിട്ട്, പുസ്തകത്തേയും അതിലെ സമുദായപരിഷ്കാര ചിന്താഗതികളേയും അഭിനന്ദിച്ചുകൊണ്ട് എം.എ. പരമുപിള്ള എനിക്ക് ഒരു എഴുത്തയച്ചു. ഞങ്ങളുടെ ഇപ്പോഴത്തെ സമുദായസേവനത്തെ പ്രശംസിച്ചും, സമുദായസേവനത്തിനു മാതൃക സ്വീകരിക്കേണ്ടത് 'ബുക്കർ ടി. വാഷിംഗ്ടൺ'നെയാണെന്നു ചൂണ്ടിക്കാണിച്ചും അതിൽ എഴുതിയിരുന്നു. അദ്ദേഹം മലയാളത്തിലേക്കു വിവർത്തനം ചെയ്തിരുന്ന ബുക്കർ ടി. വാഷിംഗ്ടന്റെ ഏതാനും പ്രതികൾ അയച്ചുതരികയും, കണ്ടു സംസാരിക്കാനായി എന്നെ ക്ഷണിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ചങ്ങനാശ്ശേരിക്കാരനാണെങ്കിലും ഞങ്ങൾക്കു തമ്മിൽ പരിചയപ്പെടാൻ സന്ദർഭം അതുവരെ ഉണ്ടായില്ല. മൂലധനം ശേഖരിക്കാനും പ്രവർത്തകന്മാരെ ഉണ്ടാക്കാനും ഒരു വിദ്യാശാലയെങ്കിലും ആരംഭിക്കാനുമുള്ള ഞങ്ങളുടെ ആഗ്രഹം അദ്ദേഹത്തെ ധരിപ്പിച്ചു. ബുക്കർ ടി. വാഷിംഗ്ടന്റെ സ്ഥാപനം പോലെ, വിദ്യാർത്ഥികളെക്കൊണ്ടുതന്നെ പണിചെയ്യിക്കുന്ന തൊഴിൽശാലയോടുകൂടിയ വിദ്യാലയമാണുണ്ടാക്കേണ്ടതെന്നും ടൗണിൽ നിന്നും അകലെയായാലും വേണ്ടില്ല, കൂടുതൽ വസ്തു സമ്പാദിക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. ആ അഭിപ്രായഗതിയോട് ഞങ്ങളെല്ലാം യോജിച്ചു. പല അന്വേഷണവും ശ്രമവും നടത്തി. അദ്ദേഹത്തിന് സ്ഥാപനത്തോട് ഹൃദയപൂർവമുള്ള സ്നേഹബന്ധമുണ്ടായി.

കൂടെക്കൂടെ കമ്മറ്റി കൂടുകയും പരിപാടികൾ വികസിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. സംഘപ്രവർത്തനം മുന്നോട്ടുപോകണമെങ്കിൽ ആളെപ്പോലെതന്നെ പണവും ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടു. അതുകൊണ്ട് ഈ ജോലിത്തിരക്കിന്നിടയിൽത്തന്നെ മൂലധനമുണ്ടാക്കാനുള്ള ശ്രമവും ആരംഭിച്ചു. ഏതുകാര്യത്തിലും സംഘാംഗങ്ങൾ മാതൃകയായി പ്രവർത്തിക്കണമെന്നുള്ള അഭിപ്രായം എനിക്കന്നേയുള്ളതാണ്. എങ്കിൽ മാത്രമേ ആളുകൾ വിശ്വസിക്കയുള്ളൂ. ഇക്കാര്യത്തിലും അവർതന്നെ മാതൃക കാണിച്ചുകൊടുത്ത് നമ്മുടെ ആത്മാർത്ഥത തെളിയിച്ചുകൊടുക്കണമെന്ന് സംഘാംഗങ്ങളായ സ്നേഹിതന്മാരിൽ പലരോടും പറഞ്ഞു. ഒരു മഹായോഗം വിളിച്ചുകൂട്ടി പരസ്യമായി ഈ അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു. ഖജാൻജി പനങ്ങോട്ട് കേശവപ്പണിക്കരുടെ സ്വന്തം നാടായ ചങ്ങനാശ്ശേരി താലൂക്കിലെ പടിഞ്ഞാറൻ പ്രദേശത്തിൽപ്പെട്ട മുട്ടാറ്റിൽവച്ച് വൻപിച്ച ഒരു മഹായോഗം കൂടി. ആദ്ധ്യക്ഷ്യം വഹിച്ചത് കെ. പരമുപിള്ള എം.എ. ആയിരുന്നു.

ഞങ്ങളുടെ അതുവരെയുള്ള പ്രവർത്തനങ്ങളേയും, അതുകൊണ്ടുണ്ടായ പ്രയോജനത്തേയും, തുടരേണ്ട ആവശ്യത്തേയും, മൂലധനമില്ലാതെ ഒരിഞ്ചു മുമ്പോട്ടു പോകയില്ലെന്നുള്ള വസ്തുതയേയും കുറിച്ച് ഞാൻ സംസാരിച്ചു. സംഘാംഗങ്ങൾതന്നെ മാതൃക കാണിച്ചുകൊടുക്കേണ്ടതാണെന്നുള്ള ഉൽബോധനവും നടത്തി. ഖജാൻജിയുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ കാരണവർ പനങ്ങോട്ട് പരമേശ്വരപ്പണിക്കർ അവരുടെ കുടുംബത്തിൽനിന്നും ഈ സംഘത്തിലേക്ക് അയ്യായിരം രൂപ വിലപിടിപ്പുള്ള നിലം ദാനം തരുന്നതാണെന്ന് ആ യോഗസമക്ഷം പ്രഖ്യാപിച്ചു. അയ്യായിരം രൂപ അന്നത്തെ നിലയിൽ വലിയ ഒരു സംഭാവനയാണ്. പനങ്ങോട്ടു കുടുംബക്കാർ നല്ല രീതിയിൽ ഇരിക്കുന്നതുകൊണ്ടു മാത്രമല്ല ഈ സംഭാവനയ്ക്കു തയ്യാറായത്. അവരേക്കാൾ സ്വത്തുള്ള പലരും ചങ്ങനാശ്ശേരി താലൂക്കിൽത്തന്നെ ഉണ്ടായിരുന്നിട്ടും പനങ്ങോട്ടുകാരെ അനുകരിക്കാൻപോലും അവരാരും തയ്യാറാകാത്തതിൽനിന്നും അതു ഗ്രഹിക്കാൻ കഴിയുന്നതാണ്. ഈ വിഷയത്തിൽ സ്വത്തിലും കവിഞ്ഞ് പ്രേരകമായി നിന്നത് അവരുടെ സമുദായസ്നേഹവും ഔദാര്യവും മഹാമനസ്ക്കതയും തന്നെയാണെന്ന് ആരും സമ്മതിക്കും. നായർസമുദായ ഭൃത്യജനസംഘം ആദ്യം വിളിച്ചുകൂട്ടിയ പൊതുസമ്മേളനം ഇതാണ്. ഈ സമ്മേളനത്തിൽ വച്ച് ആദ്യം ലഭിച്ച വാഗ്ദാനം നല്ല നേരത്ത് നല്ലവരിൽനിന്നുണ്ടായതാണെന്ന് പിന്നീടുള്ള ചരിത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഇന്ന് ഒരുകോടി രൂപയിലധികം സ്ഥാവരജംഗമസ്വത്തുക്കളുള്ള ഈ സ്ഥാപനത്തിന്റെ ചരിത്രത്തിൽ പനങ്ങോട്ടുകുടുംബത്തിനുള്ള സ്ഥാനം അദ്വിതീയമാണ്. പനങ്ങോട്ടു പണിക്കരുടെ വാഗ്ദാനശബ്ദം തിരുവിതാംകൂർ നായന്മാരെ അത്ഭുതപ്പെടുത്തുകയും തിരുവനന്തപുരത്തുള്ള സമുദായനേതാക്കന്മാരിൽ ചിലരെക്കൊണ്ടെങ്കിലും അതൊരു സൂത്രവും കളവുമാണെന്ന് പറയിക്കയും ചെയ്തു. പനങ്ങോട്ടു പണിക്കർ പിന്നീട് ദാനയാധാരം മൂലം വിട്ടുതന്ന എൺപതുപറനിലത്തിൽ നിന്നും കൊല്ലംതോറും നാനൂറുപറ നെല്ല് ഇന്നും കിട്ടുന്നു. ഇന്ന് ഈ നിലത്തിന് കുറഞ്ഞപക്ഷം പതിനായിരം രൂപാ വിലപിടിപ്പുണ്ട്. എം.എ. പരമുപിള്ളയ്ക്ക് ഇതിലധികം ഒരു സന്തോഷം ഉണ്ടാകേണ്ടതില്ല.

ചങ്ങനാശ്ശേരി ടൗണിൽനിന്നും എട്ടുമൈൽ കിഴക്ക് പീരുമേടു റോഡുവക്കിൽ 'കറുകച്ചാൽ' എന്നൊരു പ്രദേശമുണ്ട്. ജനബാഹുല്യമില്ലാത്ത ഫലപ്രദമായ മലമ്പ്രദേശമാണ്. അവിടെയും സമീപപ്രദേശത്തുമുള്ള വസ്തുവകകൾ അന്ന് മിക്കവാറും നായന്മാരുടേതായിരുന്നു. അവിടുണ്ടായിരുന്ന നായർപ്രഭുക്കന്മാർ വിദ്യാഭ്യാസവും പരിഷ്കാരവും കുറഞ്ഞവരായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. അവരിൽ ഒരു പ്രമാണിയായിരുന്നു നടമേൽ ഇരവിക്കുറുപ്പ്. പ്രജാസഭാമെമ്പറായിരുന്ന അദ്ദേഹം അവിടുള്ളവരിൽ പരിഷ്കൃതനും വലിയ സ്വദേശസ്നേഹിയുമായിരുന്നു. അദ്ദേഹത്തിന്റെ ശ്രമംകൊണ്ടുണ്ടായതാണ് അവിടുത്തെ അഞ്ചൽ ആഫീസും, പോലീസ് സബ്സ്റ്റേഷനും. സർക്കാരും അല്ലാത്തതുമായ പൊതുസ്ഥാപനങ്ങൾ ഇവ രണ്ടും മാത്രമാണ്. കറുകച്ചാലിന്റെ

അഭിവൃദ്ധിക്കുവേണ്ടി ഏതു നല്ല കാര്യങ്ങളിലും അദ്ദേഹം പങ്കുകൊള്ളും. അവിടുത്തെ കിരീടംവയ്ക്കാത്ത രാജാവിനെപ്പോലെ സർവ്വാധിപതിയായി വാഴുന്ന കുറുപ്പുചേട്ടനെ ഞങ്ങളിൽ ചിലർ സമീപിച്ച് ഞങ്ങളുടെ ആഗ്രഹങ്ങളെല്ലാം ധരിപ്പിച്ചു. റോഡുവക്കിൽ പത്തുനൂറ് ഏക്കർ സ്ഥലം സൗജന്യമായി കിട്ടിയാൽ ഈ സ്ഥാപനങ്ങളെല്ലാം അവിടെ ഉണ്ടാക്കാമെന്നു പറഞ്ഞപ്പോൾ, കറുകച്ചാലിനെ ലണ്ടൻപട്ടണമാക്കണമെന്ന് ആഗ്രഹിക്കുന്ന അദ്ദേഹം ഒരുവിധം വഴിപ്പെട്ടു. അദ്ദേഹത്തിന്റെ കുടുംബക്കാർക്കും അവരുടെ ബന്ധുക്കളായ കുന്നപ്പള്ളിക്കാർക്കും കൂട്ടവകാശമുള്ള 'കൊടിഞ്ഞാങ്കുന്നി'ൽ നിന്നും കുറെ സ്ഥലം തരാമെന്നു സമ്മതിക്കയും കുന്നപ്പള്ളിലെ കാരണവരായ നാരായണൻനായരുടെ സമ്മതം വാങ്ങേണ്ടത് ഞങ്ങളുടെ ബാദ്ധ്യതയാണെന്നു പറയുകയും ചെയ്തു.

കുന്നപ്പള്ളിൽ നാരായണൻ നായർ വളരെ വസ്തുവകകളുള്ള ആളാണ്. കുടുംബത്തിൽ ആളുകൾ ചുരുക്കവുമായിരുന്നു. 'കുന്നപ്പള്ളിൽ നാരായണശ്ശാർ' എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹത്തെ നാട്ടുകാർ ജാതിമതഭേദം കൂടാതെ 'വലിയച്ചൻ' എന്നാണ് വിളിച്ചുവന്നിരുന്നത്. ഔദാര്യവാനായിരുന്നെങ്കിലും, എൺപതോളം വയസ്സുപ്രായമുണ്ടായിരുന്ന അദ്ദേഹം, വൈക്കത്തെ പ്രാതലും, പെരുന്നയിലെ കാവടി ഉത്സവവും സ്വന്തം ഊട്ടുപുരയിലെ സ്ഥിരമായുള്ള ദ്വാദശി ഊട്ടും ബ്രാഹ്മണപൂജകളുമല്ലാതെ മറ്റൊന്നും തന്നെ താൻ ചെയ്യാനുള്ള സൽക്കർമ്മങ്ങളിൽപ്പെട്ടതായുണ്ടെന്നു ധരിച്ചിരുന്നില്ല. കരിങ്കൽപ്പണിയിലും കൊമ്പനാനയിലും വലിയ താൽപര്യമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ യാതൊരു സമുദായപരിഷ്കാരചിന്തയും വിളമ്പിയാൽ ദഹിക്കില്ലായിരുന്നു എന്നറിയാം. ഒരു വലിയ വ്യവഹാരപ്രിയനും അതിൽ വാശിക്കാരനുമായിരുന്ന അദ്ദേഹത്തിന് സർക്കാർ ഉദ്യോഗസ്ഥന്മാരെപ്പറ്റി മാത്രം വലിയ മതിപ്പായിരുന്നു. അതിൽത്തന്നെ ജഡ്ജിമാരെ ആയിരുന്നു ഭ്രമം. നല്ല വക്കീലന്മാരെപ്പറ്റിയും ബഹുമാനമുണ്ടായിരുന്നു.

ഇങ്ങിനെയെല്ലാമുള്ള വയോവൃദ്ധനെ എങ്ങനെ സമീപിച്ചാൽ കാര്യം സാധിക്കാമെന്നായിരുന്നു ഞങ്ങളുടെ ആലോചന. കാര്യസ്ഥന്മാർ മുഖാന്തിരം ചെറിയ ചില അന്വേഷണങ്ങൾ നടത്തി. വലിയ വിസമ്മതം കണ്ടില്ലെങ്കിലും ഇന്നതിനാണെന്നു പറഞ്ഞു മനസ്സിലാക്കാൻ വിഷമിച്ചു. കൂട്ടവകാശമുള്ള നടമേൽകുടുംബക്കാർക്കു സമ്മതമാണെന്നറിഞ്ഞപ്പോൾ പാതി വിസമ്മതം നീങ്ങി. എന്നെ അദ്ദേഹത്തിനു കുറേശ്ശെ അറിയാമായിരുന്നു. 'വക്കീലേ' എന്നാണു വിളിക്ക പതിവ്. പ്രത്യേകം കാര്യം പറയാതെ ഈ ഇടയ്ക്ക് ഞാനും എന്റെ സഹപ്രവർത്തകരിൽ ചിലരും കൂടി ഒന്നുരണ്ടു പ്രാവശ്യം അദ്ദേഹത്തെക്കണ്ടു സംസാരിച്ചിട്ടുണ്ട്. ഒരു ദിവസം രാത്രി എന്നോടു ഭാഗവതം വായിക്കാൻ അറിയാമോ എന്നു ചോദിച്ചു. ഞാൻ ഒരു വായനക്കാരനല്ലെങ്കിലും, അറിയാമെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ പ്രീതിക്കുവേണ്ടി കുറെ വായിച്ചു. ഞങ്ങളേപ്പറ്റിയുള്ള സ്നേഹവിശ്വാസം അല്പാല്പം വർദ്ധിക്കുന്നതായി തോന്നി.

വസ്തു തരുന്നതിനുള്ള സമ്മതവിസമ്മതങ്ങൾ മാറിയും മറിഞ്ഞുംകൊണ്ടിരിക്കുന്ന അവസരത്തിൽ എം.എ. പരമുപിള്ള കറുകച്ചാലിൽ സർക്കീട്ടുവന്നു. ഞങ്ങളുടെ സംരംഭങ്ങളെല്ലാം അദ്ദേഹത്തിനറിയാമായിരുന്നു. ഞങ്ങൾ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി 'മൂപ്പിലെ' അടുക്കൽ പറയിച്ചു. നടയിൽകുറുപ്പ് തരുന്നിടത്തോളം സ്ഥലം അദ്ദേഹവും തരാമെന്ന് ഒരുവിധം സമ്മതിച്ചു. ദിക്കിന്റെ ശ്രേയസ്സിനെ കരുതി കാര്യസ്ഥന്മാരും ബന്ധുജനങ്ങളുമെല്ലാം ഞങ്ങൾക്കനുകൂലമായിരുന്നു. മേൽവിവരിച്ച കൊടിഞ്ഞാങ്കുന്നിൽപ്പെട്ട റോഡുവക്കിലുള്ള എഴുപതേക്കർ സ്ഥലവും അതിനോടുതൊട്ട് വ്യവഹാരത്തിൽ കിടക്കുന്ന 17 ഏക്കറും ഉൾപ്പെടെ 87 ഏക്കർ സ്ഥലം ഇരുകക്ഷികളും കൂടി ഈ സമുദായസേവകസംഘത്തിനു ദാനംതരാൻ തീരുമാനിച്ചു. അവരുടെ മതിപ്പിനും വിശ്വാസത്തിനുംവേണ്ടി എം.എ. പരമുപിള്ളയെക്കൂടി സംഘാംഗമാക്കാമെന്നും അദ്ദേഹത്തിന്റെ പേരുകൂടി ആധാരത്തിൽ ചേർക്കാമെന്നും സമ്മതിച്ചു. സർക്കാർ ഉദ്യോഗസ്ഥനായ അദ്ദേഹം, ഒരു അനുദ്യോഗസ്ഥപ്രമാണിയുടെ പേരുകൂടി ഇരുന്നുകൊള്ളട്ടെ എന്നും, അതിന് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയെക്കൂടി സംഘാംഗമാക്കിയുംകൊണ്ട് അദ്ദേഹത്തിന്റെ പേരും ആധാരത്തിൽ ചേർത്തുകൊള്ളണമെന്നും നിർദ്ദേശിച്ചു. അന്നു കൊല്ലം ബാറിൽ പ്രാക്ടീസ് ചെയ്യുന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ പേരുകൂടി അദ്ദേഹത്തിന്റെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ട് ആധാരത്തിൽ ചേർത്തു. അങ്ങനെ അവർ രണ്ടാളെയും, സെക്രട്ടറി, ഖജാൻജി ഉൾപ്പെടെ മറ്റു നാലുപേരെയും സംഘപ്രതിനിധികളായി കരുതി അവരുടെ പേർക്ക് ദാനയാധാരം എഴുതി രജിസ്റ്ററാക്കിത്തന്നു. നടമേൽ ഇരവിക്കുറുപ്പിന്റെ ജ്യേഷ്ഠൻ പത്മനാഭക്കുറുപ്പാണ് അവർക്കുവേണ്ടി ആധാരം എഴുതിത്തന്നത്. ഇത് 1090 കർക്കടകം 13-നാണ്. ആദ്യത്തെ വാഗ്ദാനം പനങ്ങോട്ടു പണിക്കരുടേതായിരുന്നെങ്കിലും ആദ്യത്തെ ആധാരം കറുകച്ചാൽവസ്തുവിന്റേതായിരുന്നു. വ്യവഹാരത്തിൽപ്പെട്ട 17 ഏക്കർ സ്ഥലത്തെ സംബന്ധിച്ചുള്ള കേസ് പത്തിരുപതു കൊല്ലം നടത്തി. ജില്ലാക്കോടതിയിൽ സംഘത്തിനനുകൂലമായി വിധിച്ചു എങ്കിലും ഹൈക്കോടതി ആ വിധി അസ്ഥിരപ്പെടുത്തിയതുകൊണ്ട് ആ അവകാശം കൈവിട്ടുപോയി. പ്രസിദ്ധനായ പി.കെ. നാരായണപിള്ളയാതൊരു പ്രതിഫലവും വാങ്ങാതെ സംഘത്തിനുവേണ്ടി കേസ് നടത്തിത്തന്നു. ഇപ്പോൾ കറുകച്ചാൽ ഉള്ളത് 70 ഏക്കർ സ്ഥലമാണ്. അവിടെ ഒന്നാന്തരം ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂളും മറ്റു ചില നല്ല കെട്ടിടങ്ങളുമുണ്ട്. എണ്ണൂറോളം തെങ്ങും രണ്ടായിരത്തിലധികം റബ്ബറുമുള്ള അവിടുത്തെ തോട്ടത്തിൽനിന്നും കൊല്ലംതോറും നല്ല ഒരാദായം കിട്ടുന്നുണ്ട്. ഇന്ന് ആ സ്ഥലം നല്ല വിലപിടിപ്പുള്ള വസ്തുവായിത്തീർന്നിട്ടുണ്ട്.

എട്ടാമദ്ധ്യായം

നായർ സർവീസ് സൊസൈറ്റി

'നായർസമുദായ ഭൃത്യജനസംഘം' എന്ന പേര് സ്ഥാപകന്മാരുടെ ഉദ്ദേശ്യം അന്തസ്സോടുകൂടി വ്യക്തമാക്കാൻ പര്യാപ്തമല്ലെന്നും, ഇംഗ്ലീഷിലെ സർവീസ് എന്ന പദത്തെക്കുറിക്കാൻ 'സേവനം' എന്ന് പരിഭാഷപ്പെടുത്തിയാൽപോലും മതിയാകയില്ലെന്നും, അർത്ഥപ്പിഴ വരാതെയും അഭിമാനക്ഷതം കൂടാതെയും ഇരിക്കാൻ, ഇംഗ്ലീഷിൽത്തന്നെ പേരിടുന്നതിൽ തെറ്റില്ലെന്നും, 'നായർസമുദായ ഭൃത്യജനസംഘം' എന്ന പേരുമാറ്റി, 'നായർ സർവീസ് സൊസൈറ്റി' എന്നാക്കണമെന്നും പണ്ഡിതനായ കെ. പരമുപിള്ള ഞങ്ങളോടുപറഞ്ഞു. അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകരിച്ച് യോഗം വിളിച്ചുകൂട്ടി, ഈ സംഘത്തിന്റെ പേര് മേലാൽ 'നായർ സർവീസ് സൊസൈറ്റി' എന്നായിരിക്കുമെന്ന് തീരുമാനിച്ചു.

സർവീസ് സൊസൈറ്റിയുടെ ചുമതലകൾ ക്രമത്തിലധികം വർദ്ധിച്ച ആ അവസരത്തിൽ, ആവശ്യമുള്ള ഉപദേശങ്ങളും സഹായങ്ങളും ചെയ്തുകൊണ്ടിരുന്ന പരമുപിള്ളയെ, റേഞ്ച് ഇൻസ്പെക്ടർസ്ഥാനത്തുനിന്നും തിരുവനന്തപുരം കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായി പ്രമോഷൻ ചെയ്തു എന്നുകേട്ടപ്പോൾ സന്തോഷിക്കേണ്ടതിനു പകരം അറിയാതെതന്നെ ഞങ്ങൾക്കു ദുഃഖമാണുണ്ടായത്. അദ്ദേഹം സർവീസ് സൊസൈറ്റിയുടെ താങ്ങും തണലുമായിരുന്നു. ആത്മാർത്ഥസ്നേഹത്തോടുകൂടി സൊസൈറ്റിയുടെ ഉൽക്കർഷത്തിനു കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ വിയോഗം, എന്നെ പ്രത്യേക നിലയിൽ കൂടുതൽ ദുഃഖിപ്പിച്ചു. പ്രവർത്തനത്തിന് ആളില്ലായ്ഗിക, പണമില്ലായ്ഗിക മുതലായ കാര്യങ്ങളുംകൂടി ഓർമ്മിച്ചപ്പോൾ, ക്ലേശം ദുസ്സഹമായിത്തീർന്നു. ഞങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലും സ്വന്തം ജോലി ഉപേക്ഷിച്ച് സൊസൈറ്റിപ്രവർത്തനം തന്നെ ഏറ്റെടുത്തില്ലെങ്കിൽ, ശക്തിയോടുകൂടി വളർന്നുവരുന്ന സ്ഥാപനം ആരംഭശൂരന്മാരായ കേരളീയരുടെ മൺമറഞ്ഞ സ്ഥാപനങ്ങളിൽ ഒന്നായിത്തീരുമോ എന്നുവരെ ശങ്കിച്ചു. ഞങ്ങളുടെ കൂട്ടത്തിൽ ആരുംതന്നെ അതിനു സൗകര്യമോ സമ്മതമോ ഉള്ളവർ ഇല്ലെന്ന് ദിവസംചെല്ലുന്തോറും കൂടുതൽ വെളിപ്പെട്ടുകൊണ്ടുമിരുന്നു. എനിക്കു സമ്മതമല്ലാത്ത കാര്യത്തിന് മറ്റൊരാൾ സമ്മതിക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റാണെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ട് കഴിവുകേട് എന്തുതന്നെ ഉണ്ടായിരുന്നാലും, സ്വന്തം ജോലി ഉപേക്ഷിച്ച് സർവീസ് സൊസൈറ്റി പ്രവർത്തനത്തിനായിത്തന്നെ ജീവിക്കാമെന്ന് തനിയെ പറയേണ്ട ബാദ്ധ്യത എനിക്കാണെന്നു ഞാൻ വിചാരിച്ചു. "എന്നാൽ, വക്കീൽപ്പണി വിട്ടാൽ ജീവിതവൃത്തി എങ്ങിനെ നിർവഹിക്കും? എന്റെ അമ്മയേയും, തള്ളമരിച്ച പുത്രിയേയും രക്ഷിക്കാനുള്ള ബാദ്ധ്യത എനിക്കല്ലേ? വക്കീൽപ്പണിക്കാലത്തെ വരവുകൊണ്ട് ഒരുവിധം മോടിയിൽ കഴിയുകയും സഹോദരന്മാരെ വിദ്യാഭ്യാസം ചെയ്യി

ക്കയും പൊതുവായി വന്ന കുടുംബകാര്യങ്ങളും നാട്ടുകാര്യങ്ങളും അന്വേഷിക്കുകയും ചെയ്തു എന്നുള്ളതിൽ കവിഞ്ഞ് മിച്ചമൊന്നും വയ്ക്കാൻ സാധിച്ചില്ല. ദീർഘസൂത്രക്കാരന്റെ മട്ടിൽ സമ്പാദ്യത്തിനു കാലം കിടപ്പുണ്ടെന്നായിരുന്നു എന്റെ വിശ്വാസം. ഞാൻ ജനിച്ചതും വളർന്നതുമായ മൺപുര അല്പം പരിഷ്ക്കരിച്ചു ഭംഗി പിടിപ്പിച്ചതല്ലാതെ, അതു പൊളിച്ചുമാറ്റി പുതിയ ഒരു 'ഗൃഹം ചമയ്ക്കാൻ' പോലും എനിക്കു കഴിഞ്ഞിട്ടില്ല. നായർ സർവീസ് സൊസൈറ്റിക്ക് സമ്മതമുണ്ടെങ്കിൽത്തന്നെ, ഒരു കാശും കൈവശമില്ലാത്ത ആ സ്ഥാപനം, എന്നെയോ എന്റെ ചെറുകുടുംബത്തെയോ എങ്ങനെ രക്ഷിക്കും?" – എന്നിങ്ങനെയുള്ള ചിന്താഗതികളും എന്നെ പിന്തുടരാതിരുന്നില്ല.

എം.എ. പരമുപിള്ളയുടെ യാത്രയയപ്പുയോഗം വന്നു. പെരുന്ന കരയോഗമന്ദിരത്തിൽ വച്ച്, ചങ്ങനാശ്ശേരി താലൂക്കിലെ മിക്ക പ്രമാണികളും ഒട്ടധികം സാമാന്യജനങ്ങളും ചേർന്ന് വമ്പിച്ച തോതിലായിരുന്നു ആ യോഗം നടന്നത്. എന്റെ മനസ്സിലെ അസ്വാസ്ഥ്യങ്ങളൊന്നും ഏറ്റവും അടുത്ത സ്നേഹിതന്മാരെപ്പോലും ഞാൻ ധരിപ്പിച്ചിരുന്നില്ല. പരമുപിള്ളയുടെ മറുപടിപ്രസംഗത്തിൽ, "അല്പകാലംകൊണ്ട് സർവീസ് സൊസൈറ്റിക്കുണ്ടായ വളർച്ചയേയും, സൊസൈറ്റിപ്രവർത്തനത്തിനുതന്നെ ഒരാളെങ്കിലും ഉണ്ടാകേണ്ടതിന്റെ ആവശ്യത്തേയും, ത്യാഗം ചെയ്യാനുള്ള സന്നദ്ധതയിലാണ് സർവീസ് സൊസൈറ്റിയുടെ ഭാവി സ്ഥിതിചെയ്യുന്നതെന്നുള്ള വസ്തുതയേയും" എടുത്തുപറഞ്ഞിരുന്നു. അപ്പോഴെല്ലാം എന്താണു ചെയ്യേണ്ടതെന്നറിയാതെ എന്റെ മനസ്സ് ഇളകിമറിഞ്ഞുകൊണ്ടിരുന്നു. ഞാനായിരുന്നു കൃതജ്ഞതാപ്രകടനക്കാരൻ. പലതും പറഞ്ഞുവന്ന കൂട്ടത്തിൽ, 'സർവീസ് സൊസൈറ്റിപ്രവർത്തനത്തിന് മറ്റെല്ലാ ജോലികളും ഉപേക്ഷിച്ച ഒരാളെങ്കിലും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെന്നുള്ള പരമുപിള്ള അവർകളുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു എന്നും, ഞാൻ ചെയ്യാൻ തയ്യാറല്ലാത്ത ഒരു കാര്യം മറ്റൊരാൾ ചെയ്യാൻ പറയുന്നത് ശരിയല്ലാത്തതുകൊണ്ട്, എന്തെല്ലാം ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നാലും അതെല്ലാം സഹിക്കാൻ ഞാൻ തീരുമാനിച്ചു എന്നും, എന്റെ വക്കീൽപ്പണി ഈ ബഹുജനസമക്ഷം രാജി വച്ചിരിക്കുന്നു എന്നും, ബാക്കി ജീവിതകാലം സമുദായപ്രവർത്തനത്തിനായി സമർപ്പിച്ചിരിക്കുന്നുവെന്നും പ്രസ്താവിക്കയാണ് ഈ സന്ദർഭത്തിൽ എന്റെ കർത്തവ്യമെന്നു ഞാൻ വിചാരിക്കുന്നുവെന്നും പറഞ്ഞു. നാളെ മുതൽ നായർ സർവീസ് സൊസൈറ്റിപ്രവർത്തകൻ മാത്രമായിരിക്കുന്നതാണ്" എന്നും കൂടി പ്രസ്താവിച്ചു.

ഈ പ്രസ്താവന സദസ്യരെ സന്തോഷിപ്പിക്കുന്നതിനു പകരം ബന്ധുശത്രുഭേദം കൂടാതെ എല്ലാവരേയും വ്യസനിപ്പിക്കുകയും, പലരേയും സ്തംഭിപ്പിക്കുകയും ചെയ്തു. എന്റെ അഭ്യുദയകാംക്ഷികളായ ലോലചിത്തന്മാരിൽ ചിലർ കരയുകകൂടി ചെയ്തു. ഇത് ഒരു സാഹസകൃത്യമാണെന്ന് സ്നേഹപൂർവം കുറ്റപ്പെടുത്തിയ ചിലരും ആ കൂട്ടത്തിലുണ്ടായിരുന്നു. വളരെ ആലോചനാപൂർവം ചെയ്ത ഒരു കൃത്യമാണെ

ന്നൊന്നും ഞാൻ അഭിമാനിക്കുന്നില്ല. വരേണ്ടതു വന്നു എന്നുള്ളതിൽ കവിഞ്ഞൊന്നും സമാധാനം പറയാനുമില്ല. ഇതു നടന്നത് 1091 ചിങ്ങ മാസം 9-ാം തീയതിയായിരുന്നു. അതിൽപ്പിന്നെ ഇതുവരെയും ഞാൻ ഒരു ദിവസവും കോടതിയിൽ പോയിട്ടില്ല. സർവീസ് സൊസൈറ്റിക്കു പ്രത്യക്ഷമോ പരോക്ഷമോ ആയി ഗുണമുണ്ടാകുന്ന കാര്യങ്ങളിലല്ലാതെ ഇതുവരെ ഇടപെട്ടിട്ടുമില്ല.

എം.എ. പരമുപിള്ളയെ തിരുവനന്തപുരത്തേക്കു യാത്ര അയച്ചശേഷം താമസിയാതെ ഒരു കമ്മറ്റിയോഗം കൂടി, രാജ്യമൊട്ടാകെ പ്രചരണത്തിനായി ഞാൻ സഞ്ചരിക്കാനും, ആവശ്യമുള്ള ധനശേഖരം ചെയ്യാനും, കറുകച്ചാലിൽ കിട്ടിയ സ്ഥലത്ത് ചെറിയ കെട്ടിടമുണ്ടാക്കി എന്റെ താമസവും ആഫീസും തൽക്കാലം അങ്ങോട്ടു മാറ്റാനും തീരുമാനിച്ചു. പിരിയുന്ന പണത്തിൽനിന്നും എന്റെ ചെലവിനു മാസം 15 രൂപ എടുക്കാനും അനുവദിച്ചു. ഇക്കൊല്ലം തന്നെ അവിടെ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളിലെ ആദ്യക്ലാസ്സ് ആരംഭിക്കേണ്ടതാണെന്നും നിശ്ചയിച്ചു. ഞാൻ ഒരു തപോവൃത്തിയിൽ പ്രവേശിച്ചു എന്ന തോന്നലുണ്ടായതിനാൽ, ഒരു വ്രതാനുഷ്ഠാനത്തിന്റെ മട്ടിൽ ഒരു കൊല്ലത്തേക്ക് 'ദീക്ഷ'യോടുകൂടിയ ജീവിതം നയിക്കാൻ സ്വയമേവ തീരുമാനിച്ചു.

പ്രസംഗങ്ങൾക്കും പ്രചരണങ്ങൾക്കുമായുള്ള എന്റെ ആദ്യത്തെ സഞ്ചാരപരിപാടി തയ്യാറാക്കിയത് ചങ്ങനാശ്ശേരിയിൽനിന്നും മദ്ധ്യതിരുവിതാംകൂറിൽകൂടി തെക്കൻപ്രദേശത്തേക്കായിരുന്നു. നായർ സർവീസ് സൊസൈറ്റിയുടെ ശബ്ദം പ്രസംഗപീഠം വഴിയും അല്ലാതെയും എല്ലാ നായർഭവനങ്ങളിലും ചെന്നെത്തണമെന്നുള്ളതായിരുന്നു ഈ സഞ്ചാരത്തിന്റെ പ്രധാനോദ്ദേശ്യം. ഇക്കാര്യത്തിൽ പട്ടണങ്ങളേക്കാൾ പ്രാമാണ്യം ഞങ്ങൾ നാട്ടിൻപുറങ്ങൾക്കു കല്പിച്ചിരുന്നു. സർവീസ് സൊസൈറ്റിയുടെ വേരോടേണ്ടത് സമുദായത്തിന്റെ ഉപരിതലത്തിലല്ല, താഴ്ന്ന പ്രദേശത്താണെന്നു ഞങ്ങൾ പൂർണ്ണമായും വിശ്വസിച്ചിരുന്നു. ചുവടുപിടിക്കാനും വളരാനും എളുപ്പമുള്ളതും, വളർന്നാൽ യാതൊരു കൊടുങ്കാറ്റിനും തല്ലിത്തകർക്കാൻ സാദ്ധ്യമല്ലാത്തതും ആ പ്രദേശത്താണ്. രണ്ടു മൂന്നുമാസം കൊണ്ട് എന്റെ ആ പരിപാടി പൂർത്തിയാക്കിയിട്ട് ഞാൻ മടങ്ങിവന്നു. ഉടനെതന്നെ കറുകച്ചാലിലേക്ക് ആഫീസ് മാറ്റാനുള്ള ഒരുക്കം ചെയ്തു.

ഒൻപതാമദ്ധ്യായം

കറുകച്ചാലിലേക്ക് ആഫീസ് മാറ്റം

കറുകച്ചാലിലേക്ക് ആഫീസ് മാറ്റുന്നതിനും എന്റെ താമസം അവിടെയാക്കുന്നതിനും തീരുമാനിച്ചതിനാൽ, അമ്മയുടെ അനുഗ്രഹം വാങ്ങി യാത്ര പറയുന്നതിനായി ഞാൻ മന്നത്തു ചെന്നെത്തി. അമ്മയുടെ പാദങ്ങളിൽ സാഷ്ടാംഗനമസ്കാരം ചെയ്ത എന്നെ, ഗദ്ഗദസമ്പൂർണ്ണയായ അമ്മ രണ്ടുകൈകൊണ്ടും തലയിൽതൊട്ടനുഗ്രഹിച്ചു. ഞാൻ ഈ പുതിയ ജീവിതം സ്വീകരിച്ചതുകൊണ്ട് അമ്മയുടെ മനോരാജ്യങ്ങളിൽ പലതും തകർന്നിരിക്കാം. പഴയ ദാരിദ്ര്യം അമ്മയെ വീണ്ടും ബാധിക്കുമെന്നോർത്ത് വ്യസനിച്ചിരിക്കാം. ഈ 'സീമന്തപുത്രന്റെ' സുഖത്തിലും പ്രതാപത്തിലും അത്യധികം ആകാംക്ഷയുള്ള അമ്മ അതെല്ലാം തവിടുപൊടിയായതിൽ കുണ്ഠിതപ്പെട്ടിരിക്കാം. പട്ടണത്തിൽ ഒരുവിധം പദവിയിൽ ജീവിച്ച ഞാൻ, ഈ കാട്ടുജീവിതവും ക്ലേശവും സ്വയമേവ സ്വീകരിച്ചത് സാഹസമായിപ്പോയി എന്ന് ആ മാതൃഹൃദയം അറിയാതെ കുറ്റപ്പെടുത്തുന്നുണ്ടാവാം. അമ്മയുടെ ഹൃദയവികാരം പലതും എന്നിലുംകൂടി കടന്നുപോകാതിരുന്നില്ല. എഴീക്കാനുള്ള കെൽപ് എന്നെ വിട്ടു പിരിഞ്ഞതായി തോന്നി. നിശ്ശബ്ദമായി ഞങ്ങൾ രണ്ടാളും ഏതാനും നിമിഷം അങ്ങനെ കരഞ്ഞുകഴിച്ചുകൂട്ടി. എന്റെ കണ്ണുനീർകൊണ്ട് മാതൃപാദം കഴുകി ശുദ്ധീകരിച്ചു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഞാൻ എഴീറ്റു. അമ്മയെ വീണ്ടും തൊഴുത് അമ്മയ്ക്ക് സമാധാനമുണ്ടാകാനുള്ള പ്രാർത്ഥനയോടുകൂടി യാത്രയായി. അമ്മയും മകനും തമ്മിലുള്ള ഈ വിടവാങ്ങലിന് ചെറുകുട്ടിയായിരുന്ന എന്റെ പുത്രി മാത്രമേ സാക്ഷി ഉണ്ടായിരുന്നുള്ളു.

ഞാൻ ഏകാകിയായി കറുകച്ചാലിൽ ചെന്നെത്തി. അവിടെ സർവീസ് സൊസൈറ്റിക്ക് ഈയിടെ ലഭിച്ച കാടുപിടിച്ച കുന്നിൻപുറം മാത്രമേ എന്നെ സ്വാഗതം ചെയ്യാനുണ്ടായിരുന്നുള്ളു. കേറിയിരിക്കാൻ ഒരു കുടിൽപോലുമില്ലായിരുന്നു. ക്ലാർക്കും ശിപായിയും ഞാൻതന്നെയായിരുന്നു. ഒരു സഹായി ഉണ്ടായിരുന്നത് നടമേൽ ഇരവിക്കുറുപ്പു മാത്രമാണ്. അദ്ദേഹത്തിന്റെ കൂടെ താമസിച്ചുകൊണ്ട് ആ കിഴക്കൻദിക്കിൽ കാൽനടയായി സഞ്ചരിച്ച് ഒന്നും രണ്ടും രൂപാ പിരിച്ചും, കെട്ടിടംപണിക്ക് കിട്ടുന്ന പാഴുതടികൾ സൗജന്യമായി വാങ്ങിയും, പാർപ്പിനും സ്കൂളിനുമുള്ള പണി ആരംഭിച്ചു. സ്വാമി വിവേകാനന്ദന്റെ ജന്മനക്ഷത്രദിവസമാണ് സർവീസ് സൊസൈറ്റിയുടെ ആദ്യസ്ഥാപനമായ 'കറുകച്ചാൽ ഇംഗ്ലീഷ് മിഡിൽസ്കൂളി'ന്റെ ശിലാസ്ഥാപനം നടത്തിയത്. മെല്ലെ മെല്ലെ പണി നടന്നുകൊണ്ടിരുന്നു. വൈകുന്നതുവരെ നടന്നാലും ദിവസം അഞ്ചും പത്തും രൂപാ പിരിഞ്ഞുകിട്ടാൻ പ്രയാസമായിരുന്നു. കല്ലനേയും ആശാരിയേയും പണിക്കിരുത്തിയിട്ടാണ് അവർക്ക് അന്ന് കൊടുക്കേണ്ട കൂലിക്കായി സഞ്ചരിക്കുന്നത്. രാത്രിവരെ നടന്നാലും ചില ദിവസങ്ങളിൽ കൂലി കൊടുക്കാൻ കഴിയാതെ പോയിട്ടുണ്ട്. പാവപ്പെട്ട വേലക്കാരുടെ കുടുംബം ഞാൻ നിമിത്തം പട്ടിണി കിടക്കേണ്ടിവന്നതിൽ ഞാൻ വ്യസനിച്ചു. എങ്ങിനെയും പിറ്റേദിവസം അതു നികത്തിക്കേറും. അങ്ങനെ

ദിവസങ്ങൾ തള്ളിവിട്ടുകൊണ്ടിരുന്നു. ഇതിനിടയിൽ നടന്ന ഒരു ദിവസത്തെ സംഭവം എന്റെ സ്മരണയിൽനിന്ന് ഒരു കാലത്തും വിട്ടുപോകുന്നതല്ല.

ഒരുദിവസം കാലത്തു മുതൽ വൈകുന്നതുവരെ മുപ്പതു നാഴികയും നടന്നിട്ടും, പല വീടുകളിൽ കയറി ഇറങ്ങീട്ടും ഒരു കാശും കിട്ടിയില്ല. നേരവും സന്ധ്യയായി. ആശാരിയും കല്ലനും അറപ്പുകാരനുമായി അഞ്ചെട്ടുപേർ വേലയ്ക്കു നിൽപ്പുമുണ്ട്. വെറും കയ്യോടെ ആ പാവപ്പെട്ട വേലക്കാരുടെ മുമ്പിൽ ചെല്ലാൻ എനിക്കു ധൈര്യമുണ്ടായില്ല. ആഹാരം കഴിക്കാൻ എനിക്കന്നു സൗകര്യപ്പെട്ടില്ല. ക്ഷീണിച്ചുവലഞ്ഞ്, കറുകച്ചാലിൽനിന്നും അഞ്ചാറുമൈൽ കിഴക്ക്, കാട്ടിൻനടുവിൽ 'കാനം' എന്ന പ്രദേശത്തുള്ള എരുമക്കുഴി അയ്യപ്പൻനായരുടെ വീട്ടിൽ രാത്രി എട്ടുമണിക്കു ചെന്നെത്തി. വെള്ളം കുടിക്കാഞ്ഞ് നാവു വലയുന്നു. ക്ഷീണംകൊണ്ട് തലകറങ്ങുന്നെന്നു തോന്നി. ചാണകം കൊണ്ട് മെഴുകിയ തറയുള്ള ഒരു ചെറുപുരയാണ് അവിടെ കണ്ടത്. അയ്യപ്പൻ നായർ അവിടെയില്ലെന്നും 14 മൈൽ ദൂരമുള്ള ചങ്ങനാശ്ശേരി ചന്തയ്ക്കു പോയിരിക്കയാണെന്നും ഗൃഹനായിക പറഞ്ഞു. അതിനോടെ ഞാൻ നിർജ്ജീവനായെന്നുതന്നെ പറയാം. കുടിക്കാൻ കുറെ കഞ്ഞിവെള്ളം തരാമോ എന്നു ചോദിച്ചു. വിശന്നിട്ടാണെന്ന് അവർ മനസ്സിലാക്കിയെന്നു തോന്നുന്നു. ഒരു പരന്ന ഓട്ടത്തളിക നിറച്ച് കഞ്ഞിവെള്ളവും അതിനകത്ത് അങ്ങിങ്ങായി ഓടിനടക്കുന്ന വറ്റുമായി അന്നത്തെ കിഴക്കൻപ്രദേശത്തുള്ള മാതൃകാകഞ്ഞിയും, ഒരില നിറച്ച് ചക്കപ്പുഴുക്കും തിണ്ണയിൽ കൊണ്ടുവന്നുവച്ചു. പപ്പടവട്ടം വെളിച്ചംകാണുന്ന ഒരു ചെറുനിലവിളക്കു മുണ്ടായിരുന്നു. അത്യാർത്തിയോടുകൂടിയുള്ള ഒറ്റവലിയിൽ പകുതി കഞ്ഞി അകത്താക്കിയശേഷം മുറപ്രകാരമുള്ള കഞ്ഞികുടി ആരംഭിച്ചു. മുഴുവൻ കഞ്ഞിയും, കിട്ടിയ പുഴുക്കും കഴിച്ചുകഴിഞ്ഞപ്പോൾ എന്റെ ജീവൻ നേരെവീണു എന്നു തോന്നി. പാത്രം മെഴുക്കിവച്ചശേഷം നിർവൃതനായി നടുനിവർത്തി ഒന്നു കിടക്കാൻ ആഗ്രഹിച്ചു. അവർ ഒരു തഴപ്പാ കൊണ്ടുവന്ന് ആ തിണ്ണയിൽ ഇട്ടുതന്നു. എത്ര ഇരുട്ടിയാലും അയ്യപ്പൻനായർ വരാതിരിക്കില്ലെന്നു പറഞ്ഞതുകൊണ്ടും, കാണാതെ പോകാനുള്ള വൈമനസ്യംകൊണ്ടും ഞാൻ ആ പായിൽ കിടന്നു. അതിനുമുമ്പോ പിമ്പോ അന്നത്തെപ്പോലെ തൃപ്തികരമായി ഞാൻ ആഹാരം കഴിച്ചിട്ടുണ്ടോ എന്നു സംശയമാണ്. കിടക്കാത്ത താമസമേ ഉള്ളു, രണ്ടു നാലു നിമിഷങ്ങൾക്കുള്ളിൽ ഞാൻ സുഖമായുറങ്ങി.

ഏതാനും മണിക്കൂർ കഴിഞ്ഞപ്പോൾ അയ്യപ്പൻനായർ വന്നു ചേർന്നു. അദ്ദേഹം തിണ്ണയിൽ കിടക്കുന്ന ആളെ അന്വേഷിച്ചെന്നും, അവർക്കറിഞ്ഞുകൂടെന്നു പറഞ്ഞെന്നും പിന്നീടു മനസ്സിലായി. വിളക്കെടുത്തു മുഖം നോക്കി ആളെ മനസ്സിലായപ്പോൾ, എന്നെ വേണ്ടവണ്ണം സൽക്കരിക്കാഞ്ഞതിൽ കോപാകുലനായി ഭാര്യയോടു കയർക്കുന്ന ശബ്ദംകേട്ട് ഞാനുണർന്നു. ഞാൻ അദ്ദേഹത്തെ സമാധാനപ്പെടുത്തി. അയ്യപ്പൻനായർ അത്യദ്ധ്വാനം ചെയ്യുന്ന നല്ല ഒരു കൃഷിക്കാരനാണ്. ഉണ്ണാതെയും ഉടുക്കാതെയും കാശു സൂക്ഷിക്കുന്ന ഒരു ലുബ്ധനുമാണ്. ധാരാളം പണമുണ്ടാക്കിയിട്ടുണ്ടെങ്കിലും ഒരു കാര്യത്തിനും ഒരു കാശു

കൊടുത്തിട്ടുള്ള ആളല്ല. അദ്ദേഹത്തിന്റെ ലുബ്ധിന് അദ്ദേഹം പാർക്കുന്ന വീടിൽ കവിഞ്ഞ് ഒരു തെളിവ് ആവശ്യമില്ല. മുമ്പൊരിക്കൽ ഒരു കേസിൽ പ്രതിയായി വന്ന അയ്യപ്പൻനായരുടെ വക്കാലത്ത് എനിക്കായിരുന്നു. ആ കേസിൽ പ്രതിയെ വിട്ടയച്ചതുകൊണ്ട് എന്നെ എന്നും കാര്യമായി കരുതിയിരുന്നു. അയ്യപ്പൻനായരുടെ പഴയ 'അങ്ങുന്ന്' കഞ്ഞി വാങ്ങി കുടിച്ചതും, തഴപ്പായിൽ കിടന്നതും ദുസ്സഹമെന്നു വീണ്ടും വീണ്ടും പറഞ്ഞു ക്ലേശിക്കുന്ന ആ ശുദ്ധഗതിക്കാരനെ, ഞാൻ ഈ സമയത്ത് ഇവിടെ വന്ന കാര്യവും ഇപ്പോഴത്തെ അടിയന്തിരാവശ്യവും പറഞ്ഞു കേൾപ്പിച്ചു. വേലക്കാർ കാത്തുനിൽക്കുമെന്നും എനിക്ക് ഇപ്പോൾത്തന്നെ പോകണമെന്നും, കഴിവുള്ള സഹായം ചെയ്യണമെന്നും പറഞ്ഞു. സ്വന്തം ദാരിദ്ര്യമെല്ലാം പറഞ്ഞുകേൾപ്പിച്ചിട്ട് അദ്ദേഹം പുറത്തേക്കു പോയി. മടങ്ങിവന്ന് ഒരു കടലാസുപൊതി കയ്യിൽത്തന്നു. ചൂട്ടുകത്തിച്ച് എന്നെ റോഡിൽ കൊണ്ടുവന്നാക്കി. അവിടെ നിന്ന് ഞാൻ തനിച്ച് അഞ്ചുമൈൽ നടന്ന് കറുകച്ചാൽ എത്തിയപ്പോൾ മണി പന്ത്രണ്ടു കഴിഞ്ഞിരിക്കുന്നു. വേലക്കാരെല്ലാം അവിടെ നിൽപ്പുണ്ട്. പൊതി അഴിച്ചപ്പോൾ അതിൽ 14 ബ്രിട്ടീഷ് രൂപയുണ്ടെന്നു കണ്ട് ഞാൻ സന്തോഷിച്ചു. കൂലി കൊടുത്ത് അവരെ യാത്രയാക്കി. കഷ്ടത നിറഞ്ഞിരുന്നു എങ്കിലും അന്നത്തെപ്പോലെ ഒരു നല്ല ദിവസം അപൂർവ്വമായേ ഉണ്ടാകാറുള്ളു എന്നു തോന്നി. ആർക്കും ഒന്നും കൊടുക്കാത്ത അയ്യപ്പൻ നായർ പതിന്നാലു രൂപ തന്നതിലുള്ള സന്തോഷത്തോടുകൂടി ഞാൻ കുളിക്കാൻ പോയി.

കേളപ്പൻ പ്രസിഡന്റുസ്ഥാനം രാജിവച്ചതുകൊണ്ട് പരമേശ്വരൻപിള്ളയെ പ്രസിഡന്റായി തിരഞ്ഞെടുത്തു. അദ്ദേഹം അന്നു മുതൽ തുടർന്ന് 10 കൊല്ലം സർവീസ് സൊസൈറ്റിയുടെ പ്രസിഡന്റായിരുന്നു.

കറുകച്ചാലിൽ എഴുതിക്കിട്ടിയ ദാനയാധാരം അസ്ഥിരപ്പെടുത്താൻ നടമേൽക്കുറുപ്പന്മാരിൽ ചിലർ സൊസൈറ്റിയെ പ്രതിയാക്കി താമസിയാതെ അന്യായം കൊടുത്തു. പല തരക്കാരായ വളരെ ആളുകൾ ഉള്ള ഒരു കുടുംബമായിരുന്നു അത്. കോടതി അടച്ച ഉടൻ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള കറുകച്ചാലിൽ വന്നു. സർവീസ് സൊസൈറ്റി ഉണ്ടായതിൽപിന്നെ അദ്ദേഹം ചങ്ങനാശ്ശേരിയിൽ വരുന്നത് അന്നാണ്. സൊസൈറ്റി പ്രവർത്തകരായ ഞങ്ങളിൽ പലരും അദ്ദേഹവുംകൂടി കേസ് രാജിയാക്കാൻ ഇരവിക്കുറുപ്പിന്റെ വീട്ടിലെത്തി. കക്ഷി-പ്രതികക്ഷികളെ എല്ലാം വരുത്തി. സർവീസ് സൊസൈറ്റിക്കു വസ്തു തന്നതിൽ അവർക്കാർക്കും വിരോധമില്ലെന്നും എന്നാൽ കുടുംബഭാഗം നടക്കേണ്ടത് ആവശ്യമാണെന്നും പറഞ്ഞു. വളരെ വസ്തുക്കളും ആളുകളുമുള്ള ആ കുടുംബത്തിലെ ഭാഗം എല്ലാവർക്കും തൃപ്തികരമായി നടത്താൻ ഒട്ടധികം ക്ലേശിക്കേണ്ടിവന്നു. കുറഞ്ഞോരുദിവസത്തെ ശ്രമം കൊണ്ട് ഭാഗപത്രം രജിസ്റ്റർ ചെയ്യിക്കാനും, അന്യായം പിൻവലിക്കാനും സാധിച്ചു. സർവീസ് സൊസൈറ്റിയുടെ പ്രാരംഭകാലത്തെ നേട്ടങ്ങളിൽ ഒന്നായിരുന്നു അത്. പ്രതിബന്ധങ്ങളെ കടന്നുകേറിപ്പോകാനുള്ള അതിന്റെ ശേഷി പ്രത്യക്ഷപ്പെട്ടു തുടങ്ങി.

പത്താമദ്ധ്യായം

കേരളീയ നായർസമാജം വഴക്ക്

കേരളീയ നായർസമാജം രണ്ടുകക്ഷികളായി പിരിയുകയും, സ്ഥാപകനായ സി. കൃഷ്ണപിള്ളയെ പുറന്തള്ളുകയും ചെയ്ത കാര്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനുമുമ്പ് തൃശ്ശൂരിൽവച്ചു നടത്തിയ കേരളീയ നായർസമാജ വാർഷികയോഗത്തിൽ തിരുവനന്തപുരംപ്രമാണികൾ പങ്കുകൊണ്ടതുതന്നെ കക്ഷിചിന്തയോടുകൂടിയായിരുന്നു. സർവീസ് സൊസൈറ്റി പ്രതിനിധികൾ തൃശ്ശൂർസമ്മേളനത്തിലും, ഹാജരായിരുന്നു. അവിടുത്തെ സമ്മേളനം ജനബഹുലമായിരുന്നില്ലെങ്കിലും, തിരുവിതാംകൂറിൽനിന്നും ധാരാളമായും, കൊച്ചിയിൽനിന്ന് സാമാന്യമായും, മലബാറിൽനിന്ന് അപൂർവ്വമായും ആളുകൾ പങ്കുകൊണ്ടു. കൊച്ചിയിൽ അന്നും നായന്മാർക്ക് സ്വസമുദായതാൽപര്യം കുറവായിരുന്നു. സാമാന്യജനങ്ങളുടെ ഇടയിൽ മാത്രമല്ല, പ്രമാണികളുടെ ഇടയിൽപോലും, അത് ആവശ്യമുള്ള ഒരു കാര്യമായി അവർ പരിഗണിച്ചിട്ടില്ല. എത്രയോ അധികം നായന്മാരുള്ള തൃശ്ശൂർ പട്ടണത്തിന്റെ നടുവിൽ, അവരുടെ കണ്മുമ്പിൽ വച്ച് മൂന്നു സംസ്ഥാനത്തേയും നായന്മാരെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റി ആലോചിക്കാൻ അവർ മൂന്നുകൂട്ടരും യോജിച്ചു നടത്തുന്ന സമ്മേളനത്തിലെ നടപടികൾ എന്താണെന്നറിയാനുള്ള ആഗ്രഹം പോലും അവിടെ കണ്ടില്ല. അത്ര ഉദാസീനതയായിരുന്നു അവിടുള്ള നായന്മാർക്ക്. അതുപോലെതന്നെയായിരുന്നു മലബാറിലെ വടക്കും തെക്കുമുള്ള നായന്മാരുടെ സ്ഥിതിയും. അവിടെ അല്പാല്പം വളർന്നുവരുന്ന കോൺഗ്രസ്മനോഭാവത്തെ ബാധിക്കുന്താണ് സാമുദായികചിന്താഗതിയെന്നുപോലും അവർ തെറ്റിദ്ധരിച്ചിരുന്നു. അതുകൊണ്ട് പ്രമാണികൾ അതിൽനിന്ന് ഒഴിഞ്ഞുമാറി നടന്നു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും പോലെ സാമാന്യവിദ്യാഭ്യാസം, ബ്രിട്ടീഷുഭരണത്തിലിരുന്ന മലബാറിൽ ഇല്ലാതിരുന്നതിനാൽ, അവിടുത്തെ സാമാന്യജനങ്ങൾ മിക്ക കാര്യങ്ങളിലും കേവലം അജ്ഞരായിരുന്നു. കേരളത്തിലെ നായന്മാരെ ഒന്നാകെ ബന്ധിക്കുന്ന ഒരു നായർസമാജം ഉണ്ടായിട്ട് അല്പകാലമായെങ്കിലും, ചില വാർഷികയോഗങ്ങളും നടന്നെങ്കിലും, കൊച്ചിക്കും മലബാറിനും അതിനുള്ള പങ്കും അതുകൊണ്ടുള്ള പ്രയോജനവും കേവലം തുച്ഛമായിരുന്നു. തിരുവിതാംകൂറിനു പുറത്തുവച്ചുള്ള ആദ്യത്തെ നായർസമ്മേളനമായിരുന്നു തൃശ്ശൂരിൽവച്ചു നടന്നത്. അടുത്തകൊല്ലത്തെ വാർഷികയോഗം കോഴിക്കോട്ടുവച്ചു നടത്താൻ മലബാറുകാർ ക്ഷണിച്ചു എങ്കിലും, തിരുവിതാംകൂറിലെ കക്ഷിമത്സരം നിമിത്തം മലബാറുകാർ ആ ക്ഷണം പിൻവലിക്കുകയും, അങ്ങനെ അവർ സാമുദായിക കാര്യങ്ങളിൽനിന്ന് എന്നേക്കുമായി യാത്ര പറഞ്ഞുപിരിഞ്ഞ മട്ടിൽ ആയിത്തീരുകയും ചെയ്തു.

കേരളീയ നായർസമാജത്തെ തൃശ്ശൂരേക്കു ക്ഷണിച്ചത് കൊട്ടിലിൽ കൊച്ചുകൃഷ്ണമാരാരായിരുന്നു. തിരുവിതാംകൂർ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന വക്കീലന്മാരിൽ അഗ്രഗണ്യനായിരുന്ന

അദ്ദേഹത്തിന്റെ ചുമതലയിൽത്തന്നെയാണ് ആ സമ്മേളനം നടന്നത്. പുറമേനിന്നും ചെന്നിരുന്നവരെയെല്ലാം അദ്ദേഹം വേണ്ടവണ്ണം സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്തു. എല്ലാ ചെലവും അദ്ദേഹത്തിന്റെ കയ്യിൽനിന്നുതന്നെയായിരുന്നു. രണ്ടാംദിവസം രാത്രി മാരാരുടെ തോട്ടം ബംഗ്ലാവിൽവച്ചു നടത്തിയ ഉദ്യാനവിരുന്ന് അദ്ദേഹത്തിന്റെ പരിഷ്ക്കാരത്തിനും സൽക്കാരസാമർത്ഥ്യത്തിനും മാതൃകതന്നെയായിരുന്നു. വിഭവസമൃദ്ധമായ സദ്യയുടെ മോടിയെപ്പറ്റി ഒന്നുംതന്നെ പറയാൻ ഞാൻ വിചാരിക്കുന്നില്ല. സുപ്രസിദ്ധ ഗായികയായ കോമാട്ടിൽ പാർവതി അമ്മയുടെ പാട്ടുകച്ചേരി സദസ്യരെ മുഴുവൻ പുളകം കൊള്ളിക്കയും നിർവൃതരാക്കുകയും ചെയ്തു. അതെല്ലാം നന്നായി. എന്നാൽ എന്തിനുവേണ്ടിയാണ് തൃശ്ശൂർ കൂടിയതെന്നുമാത്രം ആർക്കും അറിഞ്ഞുകൂടാ. ജനറൽ സെക്രട്ടറിയായ സി.വി. രാമൻപിള്ള സമ്മേളനത്തിനു വന്നെത്താതിരുന്നതും, അസിസ്റ്റന്റ് സെക്രട്ടറി മള്ളൂർ ഗോവിന്ദപ്പിള്ള സമ്മേളനത്തിൽ പങ്കുകൊള്ളാൻ വന്നവരോട് അവഗണനയായി പെരുമാറിയതും, റിപ്പോർട്ടുപോലും വായിക്കാതെ ലാപായിന്ന് പറഞ്ഞൊഴിഞ്ഞതും മാത്രമേ അക്കൊല്ലത്തെ സമ്മേളനനടപടികളിൽ ഉൾപ്പെടുത്താൻ ഉണ്ടായിരുന്നുള്ളൂ. കേരളീയ നായർസമാജ നടപടിയെപ്പറ്റി ചോദ്യംചെയ്യാൻ, വിരലിൽ എണ്ണാൻ മാത്രമുള്ള അതിലെ അംഗങ്ങൾക്കല്ലാതെ സമുദായത്തിന് അധികാരമില്ലെന്ന് അദ്ദേഹം പ്രഖ്യാപനം ചെയ്തു.

കേരളീയ നായർസമാജത്തിലെ കക്ഷിപിണക്കം മൂലം നായർസമുദായാന്തരീക്ഷം അശാന്തമായിത്തീർന്നു. ആ ഇടയ്ക്കാണ് സി. കൃഷ്ണപിള്ളയുടെ ഷഷ്ടിപൂർത്തി നടന്നത്. ചെറിയ തോതിൽ മോടിയായ ഒരുക്കങ്ങളെല്ലാമുണ്ടായിരുന്നു. ഞാനും ക്ഷണമനുസരിച്ചു പോയിരുന്നു. എതിർകക്ഷിക്കാർ ആരുംതന്നെ അതിൽ പങ്കുകൊണ്ടില്ല. പല ചടങ്ങുകളും അനുമോദനങ്ങളും നടന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മതാനുഷ്ഠാനച്ചടങ്ങുകളിൽ ഒന്നായി നായന്മാർ നടത്തിവന്നത് ഷഷ്ടിപൂർത്തിക്ക് ആറുദിവസം മുമ്പേ രാമായണമോ ഭാഗവതമോ വായനതുടങ്ങി ഏഴാംദിവസം അവസാനിപ്പിക്കുന്ന സപ്താഹപാരായണമായിരുന്നു. എന്നാൽ സമുദായപരിഷ്ക്കർത്താവായ സി. കൃഷ്ണപിള്ള ഷഷ്ടിപൂർത്തിക്ക് ആറുദിവസംമുമ്പ് ജനങ്ങളിലും സ്നേഹിതന്മാരിലും ചിലരെയെല്ലാം ക്ഷണിച്ചുവരുത്തി നിലവിളക്കും കത്തിച്ചുവച്ച്, രാമായണത്തിനുപകരം അമേരിക്കയിലെ സ്വജനങ്ങളായ നീഗ്രോജാതിക്കാർക്ക് ഉല്ക്കർഷമുണ്ടാക്കിയ ബുക്കർ ടി. വാഷിംഗ്ടന്റെ ജീവചരിത്രം വായിപ്പിച്ച്, ഏഴുദിവസംകൊണ്ട് അതു പൂർത്തിയാക്കലായിരുന്നു അദ്ദേഹത്തിന്റെ സപ്താഹവായന. ഷഷ്ടിപൂർത്തിദിവസം പലരും ചെയ്യാറുള്ള ബ്രാഹ്മണദാനത്തിനു പകരം ഓരോ വയസ്സിലും ഓരോ പണം കണക്കാക്കി 61 പണം ഒരു അഭിനന്ദനക്കത്തോടുകൂടി, നായർസമുദായസേവനം ചെയ്യുന്ന സർവീസ് സൊസൈറ്റിക്കു തരികയായിരുന്നു അദ്ദേഹം ചെയ്തത്. സമുദായനായകനായ അദ്ദേഹത്തിന് സർവീസ് സൊസൈറ്റിയിൽനിന്നും ഒരു ആശംസാപത്രികയും സമർപ്പിച്ചു. എല്ലാം ഒരുവിധം ഭംഗിയിൽ നടന്നു. പൊതുക്കാര്യങ്ങളിൽ അഭിപ്രായഭേദം വരാവുന്നതാണെന്നും അതു

വ്യക്തികൾ തമ്മിലുള്ള സ്നേഹബന്ധത്തിനോ മര്യാദയായ പെരുമാറ്റത്തിനോ ബാധകമല്ലെന്നും, വിശേഷസന്ദർഭങ്ങളിലെങ്കിലും ഒന്നിച്ചുകൂടേണ്ടതും ബന്ധുകൃത്യം പുലർത്തേണ്ടതും ഓരോ വ്യക്തിയുടെയും ധർമ്മമാണെന്നും ഉള്ള ധർമ്മംപോലും ഈ പഠിച്ച പണ്ഡിതപ്രമാണികൾ വിസ്മരിച്ചു പെരുമാറുക മാത്രമല്ല, സമുദായത്തിനു മാതൃക കാണിച്ചുകൊടുക്കേണ്ട അവർ അന്നത്തെ സുഭാഷിണി പത്രത്തിൽ 'വണ്ണാരക്കിട്ടന്റെ രാജസൂയം' എന്ന തലക്കെട്ടിൽ സി. കൃഷ്ണപിള്ളയുടെ ഷഷ്ടിപൂർത്തിയെ അധിക്ഷേപിച്ച് ഒരു നീണ്ട ലേഖനം പ്രസിദ്ധീകരിക്കുകകൂടി ചെയ്തു. പൊതുജനങ്ങൾ ഇവരെ സ്നേഹിക്കാനും വിശ്വസിക്കാനും ഇവരുടെ നേതൃത്വം സ്വീകരിക്കാനും വിസമ്മതിച്ചതു വെറുതെയല്ലായിരുന്നു. ഇവർ അന്യന്മാരെ ഉപദേശിക്കാനല്ലാതെ, ഉപദേശത്തിൽ പറയുന്ന കാര്യങ്ങൾ വരുത്തണമെന്ന് ആഗ്രഹിക്കാത്തവരായിരുന്നു. ആത്മാർത്ഥതയില്ലായ്മയായിരുന്നു അവരുടെ പ്രവർത്തനങ്ങളിൽ ആദ്യവസാനം ഉണ്ടായിരുന്നത്. അതിന്റെ ഫലം അപജയമാണെന്ന് അവസാനരംഗങ്ങളിൽപോലും അവർക്കു മനസ്സിലാക്കാൻ കഴിയാത്തതിലേ വ്യസനമുള്ളു.

നായർ സർവീസ് സൊസൈറ്റി പ്രവർത്തകന്മാർ വലിയ പരീക്ഷാവിജയികളോ പ്രമാണികളോ അല്ലായിരുന്നെങ്കിലും ജനങ്ങളോടു പറയുന്നതുപോലെ പ്രവർത്തിക്കയും, കഴിയുന്നിടത്തോളം മാതൃകയായി ജീവിക്കുകയും ചെയ്യണമെന്നു നിർബന്ധമുള്ളവരായിരുന്നു. നായരുടെ ഇടയിലെ ജാതിഭേദം പാടില്ലെന്നു പ്രസംഗിക്കുകയും, സ്വന്തം കാര്യം വരുമ്പോൾ മറിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരല്ല ഞങ്ങളെന്ന് ഈ കുറച്ചു കാലത്തിനകമുള്ള പ്രവൃത്തി കൊണ്ട് സമുദായാംഗങ്ങൾക്ക് ബോദ്ധ്യമായിരുന്നു. സർവീസ് സൊസൈറ്റിയിൽ വളരെ കുറച്ച് അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. കൊമ്പും കുഴലുമുള്ള ആഢ്യൻനായരും വെറും നായരും അതിൽ ഉൾപ്പെട്ടിരുന്നു. അവർ തമ്മിൽ മാത്രമല്ല, ഒരു നായരും തമ്മിലും ഒരു വ്യത്യാസവുമില്ലെന്നുള്ള ബോദ്ധ്യത്തിൽ അന്യോന്യഭക്ഷണവും പെരുമാറ്റവും സമനിലയിൽ പരസ്യമായിത്തന്നെ നടത്തിയിരുന്നു. യാഥാസ്ഥിതികന്മാരിൽ ചില പിറുപിറുപ്പുകൾ ഉണ്ടായെങ്കിലും ഞങ്ങളിൽ ഓരോരുത്തർക്കും അവരവരുടെ ദിക്കിൽ വേണ്ട സ്വാധീനവും ഒട്ടൊക്കെ പ്രാമാണ്യവുമുണ്ടായിരുന്നതുകൊണ്ട് അതൊന്നും പുറത്തേക്കുവരാൻ ഇടയായില്ല. കുറെ കഴിഞ്ഞപ്പോൾ അവരും അഭിപ്രായൈക്യംകൊണ്ട് ഞങ്ങളിൽ ഒന്നായിത്തീർന്നു.

അതുപോലെതന്നെ താലികെട്ടുകല്യാണം, തെരണ്ടുകുളി, പുളികുടി മുതലായ അടിയന്തിരങ്ങൾ നിർത്തൽ ചെയ്യണമെന്നും പെൺകുട്ടിക്കു പ്രായമാകുമ്പോൾ വിവാഹം - സംബന്ധം - മാത്രം നടത്തിയാൽ മതിയെന്നും ജനങ്ങളെ യുക്തിപൂർവം മനസ്സിലാക്കി. ബ്രാഹ്മണസംബന്ധമേ പാടുള്ളു എന്നു നിർബന്ധമുള്ള എൻ.എസ്.എസ്സിലെ ഒരു പ്രമുഖാംഗമായ കാക്കനാട്ടു നാരായണപ്പണിക്കരുടെ അനന്തിരവളുടെ താലികെട്ടു കല്യാണം വേണ്ടെന്നു വയ്ക്കുകയും ഒരു നായർയുവാവിനെക്കൊണ്ട് ആഡംബരപൂർവം സംബന്ധം ചെയ്യിക്കുകയും ചെയ്തു.

ഞാനായിരുന്നു അതിന്റെ പൗരോഹിത്യം വഹിച്ചത്. ആയിരം പ്രസംഗത്തേക്കാൾ അര പ്രവൃത്തിയാണ് ഫലപ്രദമാകുന്നതെന്ന്, ആ പ്രദേശത്തെ താലികെട്ടുകല്യാണം അതിനോടെ അവസാനിച്ചതിൽനിന്നും ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

അക്കാലത്ത് സംബന്ധവും അതിന്റെ ചടങ്ങുകളും അപ്രാധാനമായി കരുതിയിരുന്നു. ധനസ്ഥിതിയുള്ള നായരുടെ ഇടയിൽപോലും അന്നത്തെ സംബന്ധം അടുത്ത ബന്ധുക്കളെമാത്രം വിളിച്ചും ചെറിയ തോതിലും അനാഡംബരമായ നിലയിലുമാണ് നടത്തിവന്നത്. ഒരു നിലവിളക്കുമാത്രം കത്തിച്ചുവച്ച മുറിയിൽ, വന്ന ബന്ധുക്കൾക്കുപോലും കാണാൻ സൗകര്യം കൊടുക്കാതെ, വധുവിനെ ഉന്തിത്തള്ളിക്കൊണ്ടുവന്ന്, അവിടെവച്ചു നടത്തുന്ന വസ്ത്രദാനമാണ് വിവാഹച്ചടങ്ങ്. വധുവിന് വരനെയോ വരന് വധുവിനെയോ മുൻകൂട്ടി കാണാനും അവരുടെ സമ്മതവിസമ്മതം പ്രകടിപ്പിക്കാനും അവസരമോ അവകാശമോ ഉണ്ടായിരുന്നില്ല. ചില പ്രദേശങ്ങളിൽ സംബന്ധം നടത്തുന്നതുപോലും വരനുവേണ്ടി അമ്മയോ മൂത്തസഹോദരിയോ ആയിരിക്കും. അതായിരുന്നു നല്ല തറവാട്ടുകാരുടെ ലക്ഷണം. അല്ലാതുള്ള നടപടി തറവാടിത്തം വിറ്റുതിന്നുന്ന അഴിഞ്ഞാട്ടത്തിന്റെ ലക്ഷണമാണെന്നാണ് നാട്ടിൻപുറത്തെ പല കാരണവന്മാരുടെയും അഭിപ്രായവും വിശ്വാസവും. മരിച്ചാലും അതിന് ഒരയവുവരുത്താൻ അവർ തയ്യാറല്ലായിരുന്നു. ഞാൻ ജനിച്ച പെരുന്നയിൽ അന്നുതന്നെ ഈ വിഷയത്തിലും അല്പസ്വല്പം ചില പരിഷ്ക്കാരങ്ങൾ നടപ്പിൽ വന്നിരുന്നെങ്കിലും, പെരുന്നയുടെ തൊട്ടുകിഴക്കുള്ള തൃക്കൊടിത്താനം യാഥാസ്ഥിതികത്വത്തിനു മാതൃകതന്നെയായിരുന്നു. അവർക്കു പെരുന്നയെപ്പറ്റി അല്പം പുച്ഛവുമായിരുന്നു. ഭക്ഷണത്തിലും സംബന്ധത്തിലും ജാതിനിർബന്ധം ആവശ്യംപോലെ മാത്രം പാലിക്കുന്ന പട്ടണവാസികളുടെ കൂട്ടത്തിൽ അവർ ഞങ്ങളെയും ഉൾപ്പെടുത്തിയിരുന്നു. ഞാൻ വിവാഹം ചെയ്തിരുന്നത് തൃക്കൊടിത്താനത്ത് പണ്ടേ ഒന്നാംസ്ഥാനമുള്ള പെരിഞ്ചേരിൽവീട്ടിൽ നിന്നായിരുന്നു. ഞങ്ങൾ പഴയകാലത്തുതന്നെ അന്യോന്യം ബന്ധുക്കളായിരുന്നിട്ടും, എന്റെ ഭാര്യയാകാൻ പോകുന്ന പെൺകുട്ടിയെ മുൻകൂർ ഒന്നു കാണാൻ അനുവാദം സിദ്ധിച്ചിരുന്നില്ല. വിവാഹദിവസം പോലും അതിനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. എന്റെ ഭാര്യയാകാൻ പോകുന്നവൾ പക്ഷിയോ മൃഗമോ എന്നറിയാൻ പോലും അവകാശമില്ലാത്ത ആ നാട്ടുനടപ്പിൽ എനിക്കു പ്രതിഷേധമുണ്ടായിരുന്നെങ്കിലും, അതു പ്രകടിപ്പിച്ചാൽ വിവാഹം വെള്ളത്തിലാകുമെന്ന് അറിയാമായിരുന്നതുകൊണ്ട് സ്വന്തം കാര്യം വരുമ്പോൾ ധൈര്യപൂർവം കീഴടങ്ങുന്ന പരിഷ്കൃതപ്രമാണികളെപ്പോലെ, എന്റെ പ്രതിഷേധവും പുറത്തേക്കുവരാതെ ഉദിച്ചിടത്തുതന്നെ അസ്തമിപ്പിക്കേണ്ടിവന്നു. വിവാഹം നിശ്ചയം ചെയ്തത് എന്റെ ഒരു വലിയ മുത്തശ്ശിയായിരുന്നു. ബന്ധുജനങ്ങളോടുകൂടി പോയി എനിക്കുവേണ്ടി വധുവായ കല്യാണിക്കു വസ്ത്രദാനം ചെയ്തത് എന്റെ കൊച്ചമ്മയായിരുന്നു. ഞാൻ അന്ന് ആ ദിക്കിൽപോലും കേറാൻ അനുവദിച്ചിരുന്നില്ല.

എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്. സമുദായത്തിൽ ഒട്ടാകെ ത്തന്നെ ഈ വിഷയത്തിൽ വലിയ പരിവർത്തനമുണ്ടായിട്ടുണ്ട്. താലി കെട്ടുകല്യാണവും തെരണ്ടുകുളിയും പുളികുടിയും സമുദായത്തിൽ നിന്നും എന്നെന്നേക്കുമായി യാത്രപറഞ്ഞു പിരിഞ്ഞു. നായന്മാരെ സംബ ന്ധിച്ചിടത്തോളം സംബന്ധമാണു സാക്ഷാൽ വിവാഹമെന്നു സമുദാ യവും ഗവണ്മെന്റും അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇരുട്ടുമുറിയിൽ പണ്ടുനടന്ന വിവാഹച്ചടങ്ങ് വെളിച്ചമുള്ള കതിർമണ്ഡപത്തിൽ വച്ച് പരസ്യമായി നടത്തുന്ന വ്യവസ്ഥ സാർവ്വത്രികമായി സ്വീകരിക്കപ്പെട്ടിരി ക്കുന്നു. വിവാഹച്ചടങ്ങുകൾ ദേശഭേദം കൂടാതെയുള്ള ഏകീകരണത്തിൽ എത്തിച്ചേർന്നു എന്നു പറഞ്ഞുകൂടാ. എങ്കിലും മിക്കവാറും ഒരേ മട്ടിലാണ്.

മോടിയിൽ അലങ്കരിച്ച പന്തലും കതിർമണ്ഡപവും ഇപ്പോൾ മിക്ക വിവാഹത്തിനുമുണ്ട്. വധൂവരന്മാരെ അഷ്ടമംഗല്യവും വിളക്കു മായി സ്വീകരിച്ചുകൊണ്ടുവന്ന് വരനെ കതിർമണ്ഡപത്തിന്റെ വലതു ഭാഗത്തും, വധുവിനെ ഇടതുഭാഗത്തും കിഴക്കോട്ട് അഭിമുഖമായി ഇരു ത്തുന്ന രീതി എല്ലായിടത്തും ഒരുപോലെതന്നെ നടക്കുന്നു. പിന്നീടുള്ള ചടങ്ങുകളിൽ ചില മാറ്റംമറിച്ചിലുകളെല്ലാമുണ്ട്. വരൻ വധുവിന്റെ കഴു ത്തിൽ ആദ്യമായി മിന്നുകെട്ടുകയും, പിന്നീട് അന്യോന്യം പുഷ്പമാല യിടുകയും, അതിനുശേഷം സ്വർണ്ണമാലയിടുകയും വസ്ത്രം കൊടുക്ക യും, വധു തൊഴുതുവാങ്ങുകയും അന്യോന്യം മോതിരം ഇടുവിക്കയും, പാണിഗ്രഹണത്തിനുശേഷം പ്രദക്ഷിണം വച്ച് അകത്തുപോകയുമാണ് മറ്റു ചടങ്ങ്. ഇതിനും ക്ലിപ്തമില്ലാഴികയുണ്ട്. രണ്ടുപേരും ഇരുന്ന ഇരി പ്പിൽ മിന്നുകെട്ടുകയും, വരൻ എഴുന്നേറ്റുനിന്ന് മിന്നുകെട്ടുകയും ചെയ്യു ന്നതായി കാണാറുണ്ട്. വസ്ത്രം ഇരുന്നുവാങ്ങുകയും, എഴുന്നേറ്റുനിന്നു വാങ്ങുകയും ചെയ്യുന്നതു കണ്ടിട്ടുണ്ട്. പാണിഗ്രഹണത്തോടുകൂടിയും അല്ലാതെയും ചടങ്ങ് അവസാനിപ്പിക്കാറുണ്ട്. വലതുകയ്യും ഇടതുകയ്യും തമ്മിലും, വലതുകയ്യും വലതുകയ്യും തമ്മിലും പിടിക്കാറുണ്ട്. ആചാര്യ ന്മാരായി പലരും വന്നുനിന്ന് ഉപദേശിച്ച് കുഴപ്പമുണ്ടാക്കാറുണ്ട്. എല്ലാം നിശ്ശബ്ദമായി ചിട്ടയിൽ നടത്തത്തക്കവണ്ണമുള്ള ഒരു ഐകരൂപ്യം മാത്രമേ ഇനി ഈ വിഷയത്തിൽ ഉണ്ടാകാനുള്ളു. അത് സർവീസ് സൊസൈറ്റിയുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമാകേണ്ട ഒരു കാര്യമാണ്.

കേരളീയ നായർസമാജ പ്രചരണം നിമിത്തമുണ്ടായ സമുദാ യത്തിന്റെ ഉൽബുദ്ധതയാണ് ഈ പരിഷ്ക്കാരങ്ങൾക്കെല്ലാം ആദികാര ണമെന്ന് പൊതുവിൽ പറയാവുന്നതാണ്. എന്നാൽ നാട്ടിൻപുറങ്ങളിലും സമുദായം ഒട്ടാകെയും ഇത്ര വേഗത്തിൽ ഈ മാറ്റമുണ്ടായത് നായർ സർവീസ് സൊസൈറ്റിയുടെ സംഘടിതബലവും സ്വാധീനവും പ്രചര ണവും കൊണ്ടാണെന്നു പറയുന്നതിൽ തെറ്റില്ല. ആദികാലത്ത് വിവാ ഹച്ചടങ്ങിന്റെയും മരണാനന്തരകർമ്മങ്ങളുടെയും. പൗരോഹിത്യം ഞാൻ പലപ്പോഴും വഹിക്കേണ്ടിവന്നിട്ടുണ്ട്.

അദ്ധ്യായം - 11

സമസ്തകേരള നായർമഹാസമ്മേളനം

തൃശൂർവച്ച് കോഴിക്കോട്ടേക്കു ക്ഷണിച്ച കേരളീയ നായർസമാജത്തിന്റെ വാർഷികസമ്മേളനം, ഇവിടുത്തെ നേതാക്കന്മാരുടെ കക്ഷിമത്സരം നിമിത്തം അവർ നടത്താൻ തയ്യാറില്ലെന്ന് എഴുതിയയച്ചു. കേരളീയ നായർസമാജത്തിന്റെ ഭാരവാഹിത്വം തന്നെ തർക്കവിഷയമായതിനാൽ വാർഷികയോഗം നടത്താനുള്ള ചുമതല ആർക്കാണെന്നുള്ളതും സംശയാസ്പദമായി. ആരു ഭാരവാഹിയായാലും ഈ ഭാരമേറിയ ചുമതല ഏറ്റെടുക്കാനുള്ള ആളുകളോ ദേശക്കാരോ ഇല്ലായിരുന്നു. സമ്മേളനം മുടങ്ങുമെന്നുള്ള മട്ടിലായി. നായർസമാജകാര്യങ്ങളിൽ ആളുകൾക്കു പൊതുവെ ഉണർവും താല്പര്യവുമുണ്ടായിരിക്കുന്ന ഈ സന്ദർഭത്തിൽ സമ്മേളനം മുടക്കുന്നത് സമുദായത്തോടു ചെയ്യുന്ന വലിയ ദ്രോഹമാണെന്നുപോലും പലർക്കും തോന്നി. സർവീസ് സൊസൈറ്റി ഈ ചുമതല ഏറ്റെടുത്ത് സമ്മേളനം മുടക്കാതെ നടത്തണമെന്ന് പലരും എഴുതിയും, പത്രങ്ങൾ മുഖാന്തിരവും പ്രേരിപ്പിച്ചു. എന്നാൽ സർവീസ് സൊസൈറ്റിക്ക് അതിനുള്ള പ്രായവും കെൽപ്പും ഇല്ലെന്ന് അതിന്റെ ചുമതലക്കാർക്ക് അറിയാവുന്നതുകൊണ്ട് അവർ മടിച്ചു. ഗത്യന്തരമില്ലാതെ വന്നതുകൊണ്ട്, ഒടുവിൽ സർവീസ് സൊസൈറ്റി ആ ചുമതല ഏറ്റെടുക്കുകയും, 1091 മേടത്തിൽ ചങ്ങനാശ്ശേരിയിൽ വച്ച് സമ്മേളനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. താമസിയാതെതന്നെ ചങ്ങനാശ്ശേരി താലൂക്കിലെ നായർപ്രമാണികളെ ക്ഷണിച്ചുവരുത്തി, ഒരു സ്വാഗതസംഘം രൂപീകരിച്ചു. എം.എ. പരമുപിള്ളയെ സ്വാഗതസംഘാദ്ധ്യക്ഷനായും, എന്നെയും കെ. കണ്ണൻനായരെയും സെക്രട്ടറിമാരായും തിരഞ്ഞെടുത്തു. പണപ്പിരിവും നെടുമ്പുരയുടെ പണിയും മറ്റു ചട്ടവട്ടങ്ങളും മുറയ്ക്കു നടന്നുകൊണ്ടിരുന്നു. സമ്മേളനത്തിന് പുറമേനിന്ന് വരുന്നവർക്കെല്ലാം തന്നെ സൗജന്യഭക്ഷണം കൊടുക്കാനുള്ള ഒരുക്കവും ചെയ്യേണ്ടിവന്നു. ബഹുജനക്കൂട്ടം ഇന്നത്തെപ്പോലെ അന്നുണ്ടാകാറില്ലെങ്കിലും രണ്ടുമൂവായിരം പേരെ എങ്കിലും പ്രതീക്ഷിക്കേണ്ടിയിരുന്നു. അവർക്കെല്ലാം രണ്ടുമൂന്നുദിവസത്തേക്ക് മൂന്നുനേരത്തെ ഭക്ഷണത്തിനും വിശ്രമത്തിനും വേണ്ട സൗകര്യമുണ്ടാക്കുക എന്നുള്ളതുതന്നെ ഭാരമേറിയ ഒരു ജോലിയായിരുന്നു. എങ്കിലും എല്ലാം ഊർജ്ജസ്വലമായി നടന്നുകൊണ്ടിരുന്നു.

സമ്മേളനാദ്ധ്യക്ഷനായി ഹൈക്കോർട്ട് വക്കീൽ കൊച്ചുകൃഷ്ണമാരാരെയാണ് ക്ഷണിച്ചതെങ്കിലും, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കൊച്ചി ചീഫ് കോർട്ടു ജഡ്ജിയായിരുന്നു പെൻഷൻപറ്റിയ വടക്കേകുറുപ്പത്തു ശങ്കരമേനോനെയാണ് അദ്ധ്യക്ഷനായി സ്വീകരിച്ചത്. അദ്ദേഹത്തോടുകൂടി കൊച്ചുകൃഷ്ണമാരാർ ഉൾപ്പെടെ ഏതാനും മാന്യന്മാർ

കൊച്ചിയിൽനിന്നും വന്നിരുന്നു. തിരുവനന്തപുരത്തുനിന്ന് സി. കൃഷ്ണ പിള്ളയും മറ്റേതാനും മാന്യന്മാരും കാലേകൂട്ടി വന്ന് സമ്മേളനവിജയ ത്തിനുള്ള ശ്രമങ്ങളിൽ പങ്കുകൊണ്ടു. എം.എ. പരമുപിള്ള നേരത്തെ വന്നെത്തിയെങ്കിലും, അദ്ദേഹത്തിനു നല്ല സുഖമില്ലാതിരുന്നതുകൊണ്ട് സ്വാഗതസംഘാദ്ധ്യക്ഷസ്ഥാനം ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയി ലേക്കു കൈമാറേണ്ടിവന്നു. കൊല്ലം മുതൽ വടക്കോട്ടുള്ള താലൂക്കുക ളിൽ നിന്നും ധാരാളം നായന്മാർ സമ്മേളനത്തിൽ പങ്കുകൊള്ളാൻ ഉത്സാ ഹപൂർവം വന്നെത്തിയിരുന്നു. സി. കൃഷ്ണപിള്ളയുടെ എതിർകക്ഷി കൾ നിസ്സഹകരണവും എതിർപ്രചരണവും നടത്തിയെങ്കിലും പറയ ത്തക്ക പ്രയോജനമൊന്നും ഉണ്ടായില്ല.

ഇപ്പോൾ പെരുന്ന എൻ.എസ്.എസ്. ഹൈസ്ക്കൂൾ ഇരിക്കുന്ന സ്ഥലത്തുവച്ചാണ് സമ്മേളനം നടന്നത്. ആ സ്ഥലം അന്ന് അന്യരുടെ വകയും കൈവശത്തിലുള്ളതുമായിരുന്നു. ഇന്ന് ആ സ്ഥലവും സമീ പപ്രദേശങ്ങളും സർവീസ് സൊസൈറ്റിവകയാണ്. രണ്ടുദിവസത്തെ സമ്മേളനവും ഏറ്റവും വിജയപ്രദമായി നടന്നു. കേരളീയ നായർസ മാജത്തിന്റെ അവകാശത്തർക്കവും വഴക്കും കൂടാതിരിക്കാൻ, ഈ സമ്മേളനം 'സമസ്തകേരള നായർമഹാസമാജം' എന്ന പേരിൽ പുതു തായി ഒരു സംഘം സ്ഥാപിച്ചു. അതിന്റെ പ്രസിഡന്റായി സി. കൃഷ്ണ പിള്ളയേയും ജനറൽ സെക്രട്ടറിയായി ചങ്ങനാശ്ശേരി പരമേശ്വരൻപി ള്ളയേയും ട്രഷററായി അറയ്ക്കൽ പരമേശ്വരൻപിള്ളയേയും തിരഞ്ഞെടുത്തു. ഈ സമ്മേളനത്തിൽ ഏറ്റവും ചൂടുണ്ടാക്കിയത് ചങ്ങ നാശ്ശേരിയുടെ സ്വാഗതപ്രസംഗമായിരുന്നു. അതിന്റെ ഒരു ഭാഗത്ത് ദിവാൻ കൃഷ്ണൻ നായരുടെ 'പുലസർക്കുലറിനെ'പ്പറ്റി കഠിനമായി വിമർശനം ചെയ്തിരുന്നു. അത് പിന്നീടും വളരെ കോളിളക്കമുണ്ടാ ക്കിയ സംഭവമാണ്. ആ സർക്കുലറിന്റെ അടിസ്ഥാനസംഭവത്തെപ്പറ്റി ചെറുതായെങ്കിലും വിവരിക്കേണ്ടത് ആവശ്യമെന്നു തോന്നുന്നു.

ഒരാൾ മരിച്ചാൽ ബ്രാഹ്മണർക്ക് പത്തുദിവസത്തെ പുലയേ യുള്ളു. നായരെ 'ശൂദ്ര'നാക്കിത്തീർത്തപ്പോൾ അവർക്ക് പതിനഞ്ചു ദിവസത്തെ പുലയുണ്ടെന്ന് അവരെ വിശ്വസിപ്പിക്കുകയും, നടപ്പിൽവ രുത്തുകയും ചെയ്തു. അവർ താഴ്ന്നപടിയിലുള്ളവരാണെന്ന തെളി വിന് ഇതിനെ ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഇത്. കണ്ണടച്ച് ആരെയും വിശ്വസിക്കുകയും, ചിന്തകൂടാതെ എതു ഭാണ്ഡവും ചുമ ക്കുകയും ചെയ്യുന്ന പാരമ്പര്യം നായന്മാർക്കു പണ്ടേയുള്ളതാണ്. മരി ച്ചാൽ പത്തുദിവസത്തെ കർമ്മങ്ങളേ അവർക്കുമുള്ളു. എങ്കിലും, പിന്നീട് ഒരു നാലു ദിവസം വെറുതെ കുത്തിയിരുന്നിട്ട് പതിനഞ്ചാം പക്കം പുലകുളിക്കയും, പതിനാറാംപക്കം അടിയന്തിരം നടത്തുക യുമാണ് പതിവ്. സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി വെമ്പൽകൊള്ളുന്ന നായർസമുദായത്തിലെ ഉല്പതിഷ്ണുക്കളിൽ ചിലർ, പത്തുദിവസത്തെ പുലയേ ഉള്ളു എന്നും പതിനൊന്നിനു പുല കുളിക്കയും പന്ത്രണ്ടിന് അടിയന്തിരം നടത്തുകയും ചെയ്യണമെന്നും

തീരുമാനിച്ചു. ഒരു വലിയ പണ്ഡിതനായിരുന്ന നീലകണ്ഠതീർത്ഥ സ്വാമി ഋഷിപ്രോക്തങ്ങളേയും സ്മൃതികളേയും ക്രോഡീകരിച്ചും, ആർക്കും പത്തുദിവസത്തെ പുലയേ ഉള്ളൂ എന്നു സ്ഥാപിച്ചും, നായന്മാരുടെ അപരക്രിയയ്ക്കുള്ള മന്ത്രതന്ത്രങ്ങളെ വിവരിച്ചും ഒരു പുസ്തകമെഴുതി പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യപ്രധാനരായ കരുനാഗപ്പള്ളിൽ താഴത്തോട്ടത്തു വേലുപ്പിള്ള മുതൽപേർ അവരുടെ ദിക്കിൽ അതു നടപ്പിൽവരുത്തി. എന്നാൽ അക്കാര്യത്തിൽ ഒരു ഒച്ചപ്പാടുണ്ടാക്കിയത് മദ്ധ്യതിരുവിതാംകൂറിലെ ഒരു പ്രമാണിയായിരുന്ന അമ്പലപ്പാട്ട് രായിംഗൻ ശങ്കരൻആശാൻ ആയിരുന്നു. അദ്ദേഹത്തിന്റെ അമ്മാവൻ മരിച്ചപ്പോൾ പത്തുദിവസത്തെ പുലയാചരിച്ചശേഷം പതിനൊന്നിനും പന്ത്രണ്ടിനും അടിയന്തിരം നടത്തി. വലിയ സദ്യയോടുകൂടി മോടിയിൽ നടന്ന ആ അടിയന്തിരം നായരുടെ പുലകുളിപരിഷ്കാരത്തിന് ഒരു ശബ്ദമുണ്ടാക്കി. ഇങ്ങിനെ ഒന്നു രണ്ടടിയന്തിരങ്ങളേ നടന്നുള്ളൂ എങ്കിലും നായന്മാർ പുല പത്താക്കിയിരിക്കുന്നു എന്നുള്ള ശബ്ദം രാജധാനിയിലും ചെന്നെത്തി. അന്ന് രാജ്യം ഭരിച്ചുകൊണ്ടിരുന്നത് ഏറ്റവും യാഥാസ്ഥിതികനും ബ്രാഹ്മണഭക്തനുമായിരുന്ന ശ്രീമൂലംതിരുനാൾ മഹാരാജാവായിരുന്നു. നായന്മാരുടെ ഈ പരിഷ്കാരം അദ്ദേഹത്തെ കുപിതനാക്കിത്തീർത്തു. നായന്മാർ പഴയതുപോലെ പുലയാചരിക്കണമെന്നും, പതിനാറുദിവസം കഴിഞ്ഞേ ക്ഷേത്രത്തിൽ കടക്കാൻ പാടുള്ളൂ എന്നും അന്നത്തെ ദിവാൻ ആയിരുന്ന മന്നത്തു കൃഷ്ണൻനായരെക്കൊണ്ട് ഒരു സർക്കുലർ അയപ്പിച്ചു. സ്വാതന്ത്ര്യബോധമുള്ള നായന്മാരെ എല്ലാം ആ സർക്കുലർ അസഹ്യപ്പെടുത്തി. ആചാരങ്ങളെ പരിഷ്ക്കരിക്കാനും സമുദായത്തിന് ആവശ്യമുള്ള നവീനവ്യവസ്ഥിതികൾ ഉണ്ടാക്കാനും അതതുസമുദായക്കാർക്ക് അധികാരമുണ്ടെന്നുള്ള ബോദ്ധ്യം അന്നുണ്ടായിവരുന്ന കാലമായിരുന്നു. വളരെ പഴക്കമുള്ളതും, ഋതുവാകുന്നതിനുമുമ്പു നടത്തിയില്ലെങ്കിൽ തറവാടുതന്നെ നശിക്കുമെന്നു വിശ്വാസമുള്ളതുമായ താലികെട്ടുകല്യാണം നിർത്തൽ ചെയ്തത് ഗവണ്മെന്റിന്റെയോ വൈദികന്റെയോ അനുമതിയോടുകൂടിയല്ലായിരുന്നു. അതുപോലെ 'പുല'യും പരിഷ്ക്കരിക്കാൻ സമുദായത്തിനുതന്നെ അധികാരമുണ്ടെന്നുള്ള അഭിപ്രായം പലരിലും ഈ സർക്കുലർമൂലം പ്രകടമായിത്തന്നെ ഉണ്ടായി.

ആ സമ്മേളനത്തിലെ സ്വാഗതപ്രസംഗത്തിൽ പുലസർക്കുലറിനെ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള വളരെ ആക്ഷേപസ്വരത്തിൽ വിമർശിച്ചിരുന്നു. ആ സർക്കുലറിനെ നഖശിഖാന്തം എതിർക്കണമെന്ന് സദസ്യർ ഐകകണ്ഠ്യേന തീരുമാനിച്ചു.

ഇതുപോലെ അനാവശ്യവും അപ്രായോഗികവുമായ ഒരു തീരുമാനം സ്ഥാനത്യാഗംചെയ്ത കൊച്ചിമഹാരാജാവുമാത്രമേ ചെയ്തിട്ടുള്ളൂ. അദ്ദേഹം കുടുമ്മമുറിപ്രതിരോധനത്തിന് ഒരു സർക്കുലർ അയപ്പിച്ചു.

അദ്ദേഹം പല പരിഷ്കാരങ്ങൾക്കും എന്നപോലെ 'ക്രാപ്പി'ന്റെയും വിരോധിയായിരുന്നു. ഇത്ര ഇഞ്ചുനീളം തലരോമമില്ലാത്തവർക്കു ക്ഷേത്ര പ്രവേശനമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ സർക്കുലറിന്റെ സാരം. ഇതും അധികവും നായന്മാരെ മാത്രം സംബന്ധിക്കുന്ന സർക്കുലറായി രുന്നു. ഗോപുരവാതുക്കൽ ശിപായി, 'ഫുട്റൂളു'മായി നിന്ന് കുളിച്ചുതൊ ഴാൻ വരുന്ന ആളുകളുടെ തലരോമത്തിന്റെ നീളം അളന്നു തിട്ടപ്പെടുത്തി അകത്തേക്കയയ്ക്കുന്ന ഏർപ്പാട് എങ്ങിനെ നടപ്പിൽവരുത്താനാണ്. ഉത്സ വകാലങ്ങളിലെ സ്ഥിതി എന്തായിരിക്കും. നീളം കുറഞ്ഞ തലരോമ ക്കാരെ ക്ഷേത്രത്തിൽ കടത്തുകയില്ലെങ്കിൽ, രോമം തീരെയില്ലാത്ത കഷ ണ്ടിത്തലയന്മാരെ അകത്തുകടത്തുന്നതു ശരിയോ എന്നുചോദിക്കുന്ന യുക്തിവാദികളോട് എന്തുത്തരം പറയും? അതുപോലെ ആരുടെയെല്ലാം വീടുകളിൽ ആരെല്ലാം ചത്തു എന്നും, ചത്തവരുടെ ദായാദികൾ ആരെ ല്ലാമാണെന്നും തിട്ടപ്പെടുത്തുന്നത് ആരാണ്, എങ്ങനെയാണ് എന്നും ഒന്നും ആലോചിക്കാതെ അയച്ച പുലസർക്കുലറും ഒരു നാഴിക ജീവി ച്ചിരുന്നതായി എനിക്കറിവില്ല. സർക്കുലറിനെ എതിർത്തുകൊണ്ടുള്ള നായർസമ്മേളനപ്രസംഗവും തീരുമാനവും ഗവണ്മെന്റിന് ഒരു പ്രഹരം തന്നെയായിരുന്നു. അതുകൊണ്ട് ഗവണ്മെന്റിന് ശുണ്ഠിപിടിച്ചതിൽ അത്ഭുതമില്ല. ഏതായാലും ആ സർക്കുലർ നായർസമുദായത്തെ ലേശവും ബാധിച്ചില്ലെന്നുള്ളത് ഒരു വസ്തുതയാണ്.

സി. കൃഷ്ണപിള്ള തന്റെ ഔദ്യോഗികപ്രവൃത്തികൾക്കു ലോപം വരുത്താതെ, അതിനിടയിൽകൂടി കഴിവുള്ളിടത്തോളം സമ യമുണ്ടാക്കി നായർസമുദായോൽക്കർഷത്തിന് അശ്രാന്തം പരിശ്രമി ച്ചിട്ടുള്ള ഒരു മാന്യനാണ്. അദ്ദേഹം മുൻനിന്നു സ്ഥാപിച്ച കേരളീയ നായർസമാജത്തിന്റെ പ്രസിദ്ധണ്ടുസ്ഥാനത്തുനിന്നും എതിർകക്ഷി കൾ മനഃപൂർവം നീക്കം ചെയ്ത് അപമാനിച്ചതുനിമിത്തം ദുസ്സഹദുഃ ഖമനുഭവിക്കേണ്ടിവന്ന അദ്ദേഹത്തിന്, ചങ്ങനാശ്ശേരിയിലെ ആ മഹാ സമ്മേളനം ആശ്വാസമുണ്ടാക്കുക മാത്രമല്ല, ആനന്ദമുളവാക്കുകകൂടി ചെയ്തു എന്നുള്ളത് നിസ്തർക്കമാണ്. ജനങ്ങളുടെ പിന്തുണയുള്ള നായർസമുദായനായകൻ അദ്ദേഹമാണെന്ന് ആ സമ്മേളനം പരസ്യ പ്പെടുത്തി. ചൈതന്യസമ്പൂർണ്ണമായ സമ്മേളനനടപടികൾ ആത്മാർത്ഥത നിറഞ്ഞ അദ്ദേഹത്തിന്റെ ഹൃദയത്തിനു കുളിർമ്മ ഉണ്ടാ ക്കുകയും, പലപ്പോഴും ആനന്ദാശ്രു പൊഴിക്കാൻ ഇടയാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ആനന്ദാശ്രുക്കളാൽ സംശുദ്ധമാക്ക പ്പെട്ട ആ സമ്മേളനസ്ഥലവും സമീപപ്രദേശങ്ങളും മുഴുവൻ ഇന്ന് സർവീസ് സൊസൈറ്റിയുടെ അധീനതയിലാണ്. അവിടെത്തന്നെ യാണ് ചങ്ങനാശ്ശേരിയിലെ എൻ.എസ്.എസ്. സ്ഥാപനങ്ങളും ഹെഡ്ഡാ ഫീസും കോളേജും സ്ഥിതിചെയ്യുന്നത്.

നായർസമ്മേളനം വിജയപൂർവം പര്യവസാനിപ്പിച്ചതുകൊണ്ട് ചുമതലക്കാരെല്ലാം കൃതകൃത്യരായി. സി. കൃഷ്ണപിള്ള ചങ്ങനാശ്ശേരി

യിൽത്തന്നെ ഏതാനും ദിവസംകൂടി വിശ്രമിച്ചു. യാത്രാമദ്ധ്യേ ഇടയ്ക്കിടയ്ക്കു പ്രചാരണപ്രവർത്തനം ചെയ്യാനുള്ള പരിപാടിയോടുകൂടി അദ്ദേഹം തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. മാന്നാത്തും ഓച്ചിറയുമുള്ള പരിപാടികളിൽ അദ്ദേഹം എന്നെയുംകൂടി ഉൾപ്പെടുത്തിയിരുന്നു. ഞങ്ങൾ രണ്ടാളുംകൂടി ഒരുമിച്ച് മാന്നാത്തു ചെന്നെത്തി. നായർസമുദായംവക ആദ്യത്തെ സ്കൂളുകളിൽ ഒന്നായിരുന്നു മാന്നാർ ഇംഗ്ലീഷ് ഹൈസ്ക്കൂൾ. മറ്റൊന്ന് ആനപ്രാമ്പാൽ ഹൈസ്ക്കൂൾ ആയിരുന്നു. അതു ഭരണദോഷം നിമിത്തം നിന്നുപോയി. നായന്മാർക്ക് അന്നും വളരെ പ്രാബല്യമുള്ള പ്രദേശങ്ങളായിരുന്നു അവ രണ്ടും. നായർസമുദായത്തറവാട്ടിലെ ഏക സന്തതിയായി മാന്നാർ ഹൈസ്ക്കൂൾ വളർന്നുവന്നു. പിന്നീട് പല സന്തതികളും ഉണ്ടായെങ്കിലും മാന്നാർ ഹൈസ്ക്കൂൾ ജ്യേഷ്ഠസഹോദരിയുടെ നിലയിൽ, സമുദായത്തിന്റെ പ്രത്യേകദൃഷ്ടിയിൽ അന്തസ്സോടുകൂടി പരിലസിക്കുന്നു. മരിച്ചുപോയെങ്കിലും സമുദായത്തിൽ ഇന്നും സ്മരണീയനും 'മാനേജർ' എന്ന പേരിൽ അറിയപ്പെടുന്ന ആളുമായ വെച്ചൂരേത്തു കൃഷ്ണപിള്ളയും ഒരുമിച്ചു ഞങ്ങൾ താമസിച്ചു. സി. കൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ ഹൈസ്ക്കൂൾഹാളിൽ വച്ച് ഒരു നായർസമാജയോഗം കൂടി. അവിടുത്തെ പ്രമാണികളും ഒട്ടധികം സാമാന്യജനങ്ങളും ഹാജരുണ്ടായിരുന്നു. ഞാൻ അന്ന് അല്പം ദീർഘമായി പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞ ഉടൻ അദ്ധ്യക്ഷൻ സി.കെ.പി. സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് എഴുന്നേറ്റുവന്ന് എന്നെ ആലിംഗനം ചെയ്ത് ഗദ്ഗദാക്ഷരസമ്പൂർണ്ണനായി അനുഗ്രഹിച്ചു. ഞാൻ എന്റെ 'ദീക്ഷ' നിമിത്തം നീണ്ടു കറുത്ത താടിയിൽ കൈവച്ചുകൊണ്ട്, ഗുരുവിന്റെ മുമ്പിൽ ശിഷ്യനെന്നവണ്ണം വിനീതനായി കുനിഞ്ഞുനിന്ന് ദീർഘശ്വാസം ചെയ്യുകമാത്രം ചെയ്തു.

ഒന്നുരണ്ടുദിവസം കഴിഞ്ഞ് ഞങ്ങൾ ഒരുമിച്ചുതന്നെ ഓച്ചിറയിലും ചെന്നെത്തി. സുപ്രസിദ്ധി സമ്പാദിച്ച വളരെ പഴക്കമുള്ള 'ഓച്ചിറക്കളിക്കാല'മായിരുന്നു അത്. ഓച്ചിറ 'പരബ്രഹ്മമൂർത്തി' എന്നുള്ള ശബ്ദം, ക്ഷേത്രവും പ്രതിഷ്ഠയും ഉത്സവവും കൂടാതെ ഭക്തജനങ്ങളെ നിത്യമെന്നപോലെ കൂട്ടംകൂട്ടമായി ആകർഷിക്കുന്ന ഒരു സങ്കേതമായിരുന്നു പണ്ടേ. നിരീശ്വരന്മാർ വർദ്ധിച്ചിട്ടും ആ വിശ്വാസവും നടപടിയും ഇന്നും നിലനിന്നുപോരുന്നു. ആ പരബ്രഹ്മസന്നിധിയിൽ, കിഴക്കും പടിഞ്ഞാറുമുള്ള ഏതാനും കരകളിലെ നായന്മാർ രണ്ടുകക്ഷിയായി നിന്ന് ഏതോ കാലത്ത് യുദ്ധം ചെയ്തിരുന്നതിന്റെ സ്മരണയെ നിലനിർത്തുന്നതാണ് ഓച്ചിറക്കളി. ഇരുകക്ഷിയിലേയും സേനാനായകന്മാർ, നീരാളിക്കോട്ടും കിന്നരിത്തലക്കെട്ടും പരിശയും മരവാളുമായി അനുയായികളോടുകൂടി യുദ്ധരംഗത്തിറങ്ങുന്നതും, അവരുടെ 'പയറ്റും' കാലംകഴിഞ്ഞു ജീവിക്കുന്ന ഒരു മാമൂലാണെങ്കിലും 'ഓച്ചിറക്കളി'യുടെ പേരിൽ അത് ഇന്നും നിലനിന്നുപോരുന്നുണ്ട്. മിഥുനം ഒന്നും രണ്ടും തീയതികളിൽ നടത്തുന്ന ഓച്ചിറക്കളി കേരളപ്രസിദ്ധി

യുള്ളതാണ്. അക്കാലത്ത് അതിനോട് അനുബന്ധിച്ച് നവീനരീതിയിലുള്ള കൃഷിവ്യവസായ പ്രദർശനവും അവിടെവച്ചു നടത്തുക പതിവായിരുന്നു. ബാരിസ്റ്റർ പത്മനാഭപിള്ള, സി.എസ്. സുബ്രഹ്മണ്യൻപോറ്റി മുതലായ നേതാക്കന്മാരുടെ മേൽനോട്ടത്തിലാണ് അതു നടന്നുവന്നിരുന്നത്. അതതു കാലത്തെ ദിവാൻജിമാരാണ് ആ കൃഷിവ്യവസായ പ്രദർശനം ഉദ്ഘാടനം ചെയ്യുക പതിവ്. അക്കൊല്ലത്തെ ഉദ്ഘാടനം നടത്തിയത് ദിവാൻ എം. കൃഷ്ണൻനായരായിരുന്നു. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും കൃഷിക്കാരും കച്ചവടക്കാരും ഭക്തന്മാരും ഉൾപ്പെടെ ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാരുടെ തിക്കും തിരക്കുമുള്ള കൂട്ടം ആരെയും അമ്പരപ്പിക്കുന്നതാണ്.

ഈ ബഹളത്തിനിടയിൽ സമീപമുള്ള ഒരു സ്കൂൾകെട്ടിടത്തിൽവച്ച് ഒരു നായർസമാജം കൂടാനും ഏർപ്പാടു ചെയ്തിരുന്നു. സി. കൃഷ്ണപിള്ളയും മറ്റും ഹാജരുള്ള ഈ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചത് എം.എ. പരമു പിള്ളയായിരുന്നു. കെ. ചിന്നമ്മയും ഞാനുമായിരുന്നു പ്രസംഗകർ. അവിടുത്തെ സംഘടനയ്ക്കുള്ള ഏർപ്പാടുചെയ്തശേഷം ഞാൻ സി. കൃഷ്ണപിള്ളയോടുകൂടി യാത്ര പറഞ്ഞ് ചങ്ങനാശ്ശേരിക്കു മടങ്ങി. അദ്ദേഹത്തോടു ഞാൻ യാത്രപറയുമ്പോൾ ഇനി അദ്ദേഹത്തെ കാണാൻ ഭാഗ്യമുണ്ടാകയില്ലെന്നോ അത് അവസാനത്തെ യാത്രയാണെന്നോ ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. എന്നാൽ സംഭവിച്ചത് അങ്ങനെയായിരുന്നു.

രണ്ടുമൂന്നു ദിവസം കഴിഞ്ഞ് സി. കൃഷ്ണപിള്ള ഓച്ചിറനിന്നും ഒരു കെട്ടുവള്ളത്തിൽ കൊല്ലത്തേക്കു തിരിച്ചു. പകലാണ്. കായംകുളം കായലിൽ വച്ചുണ്ടായ കാറ്റിൽ അദ്ദേഹത്തിന്റെ വള്ളം മുങ്ങാൻ തുടങ്ങി. അപ്പോഴത്തെ പരിഭ്രമത്തിനിടയിൽ 'വളപുര'യിൽകൊണ്ട് അദ്ദേഹത്തിന്റെ കാലിന് ഒരു മുറിവുപറ്റി. കൊല്ലത്തെത്തി, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ കൂടെ ഏതാനും ദിവസം താമസിച്ചു ചികിത്സിച്ചു എങ്കിലും, അദ്ദേഹം ഒരു പ്രമേഹരോഗിയായിരുന്നതുകൊണ്ട് പഴുപ്പ് അല്പാല്പം വർദ്ധിച്ചുകൊണ്ടിരുന്നു. തിരുവനന്തപുരത്തെത്തി സ്വന്തം ഭവനത്തിൽ പാർത്തുചികിത്സിച്ചു. ക്രമേണ രോഗം വർദ്ധിക്കയും 1091 മിഥുനം 25 രാത്രി ഒന്നരമണിക്ക് അദ്ദേഹം ദിവംഗതനാകയും ചെയ്തു.

അന്നത്തെ വിദ്യാസമ്പന്നന്മാരിൽ അധികംപേരും സമുദായോൽക്കർഷത്തിനായി പറയത്തക്കവണ്ണം ഒന്നും പ്രവർത്തിച്ചിട്ടില്ലെങ്കിലും, സമുദായത്തിന്റെ അധഃപതനത്തിലും അഭിമാനക്ഷയത്തിലും വ്യസനമുള്ളവരായിരുന്നു. അന്നു ജീവിച്ചിരുന്ന ആരേക്കാളും നായർസമുദായത്തെ സ്നേഹിക്കയും കഴിവുള്ളതു പ്രവർത്തിക്കയും ചെയ്തിട്ടുള്ളത് സി. കൃഷ്ണപിള്ളയാണെന്നു നിഷ്പക്ഷമതികളും സമ്മതിക്കും. ഒരുദ്യോഗസ്ഥൻകൂടിയായിരുന്ന അദ്ദേഹം ഈ സാമുദായിക ചിന്ത നിമിത്തം ഇതരസമുദായപ്രമാണികളിൽ പലരുടേയും, ഗവണ്മെന്റിന്റെതന്നെയും വിരോധം സമ്പാദിക്കാൻ ഇടയായിട്ടുണ്ട്.

സ്വജനദ്രോഹത്തിനും നായകധ്വംസനത്തിനും പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള നായന്മാരുടെ കാര്യം പറയുകയും വേണ്ട. പ്രതിബന്ധങ്ങളുടേയും ക്ലേശങ്ങളുടേയും ഇടയിൽകൂടി മരണംവരെ സമുദായസേവനം നടത്തിയിട്ടുള്ള മഹാനാണ് സി. കൃഷ്ണപിള്ള. ശൂദ്രരായിത്തീർന്നിരുന്ന നായന്മാരെ നായരാക്കുന്നതിനും, നിരർത്ഥകങ്ങളായ അടിയന്തിരങ്ങൾ ഇല്ലാതാക്കുന്നതിനും, അവരിൽ ഒരു സമുദായബോധം ഉളവാക്കുന്നതിനും സി.കെ.പി. യുടെ പ്രാരംഭശ്രമങ്ങളും ഉൽബോധനങ്ങളുമാണ് കാരണമായിട്ടുള്ളത്. അതുകൊണ്ട് ഒന്നാമത്തെ 'നായർസമുദായസേവകൻ' സി. കൃഷ്ണപിള്ള ആയിരുന്നു എന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല. ജനങ്ങൾ 'നായർസമുദായോത്തേജകൻ' എന്ന ബഹുമതി നൽകി ഇന്നും അദ്ദേഹത്തെ ആരാധിച്ചുപോരുന്നത് അതുകൊണ്ടാണ്. നായർസമുദായോൽക്കർഷത്തിൽ അദ്ദേഹത്തിനുള്ള ആശ എന്നോടു പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. സർവീസ് സൊസൈറ്റിയുടെ ഇന്നത്തെ അത്ഭുതകരമായ വളർച്ച കണ്ട് അദ്ദേഹത്തിന്റെ ആത്മാവ് ആനന്ദിക്കുന്നുണ്ടെന്നു നിശ്ചയം. സ്വജനപ്രമാണികളിൽ ചിലർ അദ്ദേഹത്തെ അപമാനിച്ചു പുറംതള്ളിയപ്പോൾ അദ്ദേഹത്തെ ആശ്വസിപ്പിച്ചത് നായർ സർവീസ് സൊസൈറ്റിയായിരുന്നു. സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ബഹുസഹസ്രം ആളുകൾ കൂടിയ വൻപിച്ച തോതിലുള്ള സമസ്തകേരള നായർമഹാസമ്മേളനത്തിലെ പ്രസംഗങ്ങളും പരിപാടികളുംകൊണ്ട് അദ്ദേഹത്തെ നിർവൃതനാക്കിയതും നായർ സർവീസ് സൊസൈറ്റിയും ചങ്ങനാശ്ശേരിപ്രദേശവുമാണ്. സി. കൃഷ്ണപിള്ള അവസാനം സംബന്ധിച്ച നായർമഹാസമ്മേളനവും അതുതന്നെയായിരുന്നു. ഓച്ചിറ വച്ചുകൂടിയ നായർസമാജമാണ് അദ്ദേഹം സംബന്ധിച്ച അവസാനത്തെ യോഗം. അദ്ദേഹം ഏറ്റവും വാത്സല്യപൂർവം കരുതിയിരുന്ന കെ. ചിന്നമ്മയ്ക്കും എനിക്കുമാണ് അദ്ദേഹത്തെ അവിടെവച്ച് അവസാനമായി പ്രസംഗിച്ചുകേൾപ്പിക്കാനുള്ള ഭാഗ്യമുണ്ടായത്. അദ്ധ്യക്ഷനാകാൻ കഴിഞ്ഞത് സർവീസ് സൊസൈറ്റിയുടെ അടിസ്ഥാനം കെട്ടിപ്പടുത്തവരിൽ പ്രമാണിയായ എം.എ. പരമുപിള്ളയ്ക്കാണ്. സി. കൃഷ്ണപിള്ളയുടെ മരണസമയം അദ്ദേഹത്തിന്റെ മനസ്സിൽകൂടി കടന്നുപോയത് ചങ്ങനാശ്ശേരിസമ്മേളനത്തിന്റെ ചലനചിത്രമായിരിക്കും. അവസാനകാലത്ത് അദ്ദേഹത്തെ ബഹുമാനിക്കാനും ആനന്ദിപ്പിക്കാനും കഴിഞ്ഞ സർവീസ് സൊസൈറ്റി അതിന്റെ നേട്ടങ്ങളുടെ അഗ്രിമസ്ഥാനത്ത് കരുതിയിരിക്കുന്നതും അതിനെത്തന്നെയാണ്.

അദ്ധ്യായം – 12

നായർസമ്മേളനങ്ങൾ

കേരളീയ നായർസമാജത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തും, കൊല്ലത്തും, കോട്ടയത്തും, കീരിക്കാട്ടും, തൃശ്ശൂരും വച്ച് വാർഷികസമ്മേളനങ്ങൾ നടന്ന കാര്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭിന്നിച്ചുപോയതിന്റെശേഷം അതിന്റെ അപ്പോഴത്തെ ഭാരവാഹികൾ ആറ്റിങ്ങലും തിരുവനന്തപുരത്തുംവച്ച് പേരിന് ഓരോ യോഗം കൂടിയിട്ടുള്ളതല്ലാതെ എന്തെങ്കിലും പ്രവർത്തനം നടന്നിട്ടുള്ളതായി ഇന്നുവരെ ആരും അറിഞ്ഞിട്ടില്ല. അതു മരിച്ചോ ജീവിച്ചിരിക്കുന്നോ എന്നുള്ള വിവരവും ആർക്കും അറിവില്ല. ആളോഹരിഭാഗത്തെ എതിർക്കാൻവേണ്ടി തിരുവനന്തപുരത്തുവച്ചു കൂടിയതായിരിക്കണം അതിന്റെ അവസാനയോഗം. അതുകൊണ്ട് നായർസമ്മേളനങ്ങൾ എന്നു പറഞ്ഞാൽ, സമസ്തകേരള നായർസമാജത്തിന്റെ ആഭിമുഖ്യത്തിൽ കൂടിയ സമ്മേളനങ്ങൾ എന്നേ തൽക്കാലം അർത്ഥമാക്കേണ്ടതുള്ളു.

ചങ്ങനാശ്ശേരിസമ്മേളനത്തെ തുടർന്നു നടന്ന വാർഷികയോഗങ്ങൾ അയിരൂരും മാന്നാത്തും വച്ചായിരുന്നു. അയിരൂർമണൽപ്പുറത്തെ പന്തലിൽ കൂടിയ യോഗത്തിൽ പ്രമാണികളും സാധാരണക്കാരുമായി ഒട്ടധികംപേർ സംബന്ധിച്ചിരുന്നു. ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ളയായിരുന്നു ആദ്ധ്യക്ഷ്യം വഹിച്ചത്. അദ്ദേഹം രണ്ടു കക്ഷിയിലും ഉൾപ്പെടാതെ നിൽക്കുന്ന ഒരാളായിരുന്നു. ആ സമ്മേളനത്തിൽ പ്രാധാന്യം അർഹിക്കുന്ന രണ്ടു സംഭവങ്ങൾ ഉണ്ടായി. ഒന്ന് മഹാ വാഗ്മിയായിരുന്ന പാലിയത്തു ചെറിയ കുഞ്ഞുണ്ണിയച്ചന്റെ പ്രസംഗം. അദ്ദേഹം അപ്പോഴത്തെ നായർസമുദായപ്രവർത്തനങ്ങളേയും നേതാക്കന്മാരേയും അധിക്ഷേപിച്ചുകൊണ്ട് ചെയ്ത പ്രസംഗം അവിടെ അല്പം കോളിളക്കമുണ്ടാക്കി. അതിനെ എതിർത്ത് മറ്റു ചിലരും സംസാരിച്ചു. കുഞ്ഞുണ്ണിയച്ചന്റെ വാചാലതയും ആക്ഷേപപ്രസംഗങ്ങളും യുവക്കന്മാരിൽ ചിലരിലെല്ലാം ഒരാവേശമുണ്ടാക്കാതിരുന്നില്ല. മറ്റൊന്ന്, സർവീസ് സൊസൈറ്റിപ്രവർത്തനങ്ങളെപ്പറ്റിയുള്ള എന്റെ പ്രസംഗത്തിനുശേഷമുണ്ടായ ഒരു സംഭവമാണ്. സർവീസ് സൊസൈറ്റിയുടെ പ്രവർത്തനപരിപാടികളും, പ്രവർത്തിക്കാൻ ആളില്ലാത്തതുകൊണ്ടുള്ള വൈഷമ്യവും, പഠിപ്പുള്ളയുവാക്കൾ ഈ ചുമതല ഏറ്റെടുക്കേണ്ട ആവശ്യവും എന്റെ പ്രസംഗത്തിൽ വിവരിച്ചിരുന്നു. കോളേജ് വിദ്യാർത്ഥികളിൽ പലരും ആ യോഗത്തിൽ ഉണ്ടായിരുന്നു. അവരിൽ അധികംപേരും അക്കൊല്ലത്തെ ബി. എ. പരീക്ഷയും കഴിഞ്ഞുവന്നവരാണ്. എം.എൻ. നായർ, കട്ടിയാട്ടു ശിവരാമപ്പണിക്കർ, എം.ആർ. നീലകണ്ഠപ്പിള്ള മുതലായ പലരും അന്ന് ഹാജരുണ്ടായിരുന്നവരിൽപെടും. എന്റെ പ്രസംഗം കഴിഞ്ഞ ഉടൻ കട്ടിയാട്ടു ശിവരാമപ്പണിക്കർ മുമ്പോട്ടുവന്ന്, സർവീസ് സൊസൈറ്റിയുടെ ആജ്ഞപ്രകാരം അതിലെ ഒരു പ്രവർത്തകനായിരുന്നുകൊണ്ട് സമുദായസേവനം ചെയ്യാൻ താൻ തയ്യാറാണെന്നും, തന്നെ സർവീസ് സൊസൈറ്റിക്ക് സമർപ്പിച്ചിരിക്കുന്നു എന്നും പ്രസ്താവിച്ചപ്പോൾ

സദസ്സിലുണ്ടായ ആഹ്ലാദപ്രകടനം ചെറുതൊന്നുമല്ലായിരുന്നു. അദ്ദേഹം അടുത്ത സ്കൂൾതുറപ്പിനു മുമ്പേ പ്രാക്കുളത്തു വരണമെന്നു പറഞ്ഞിട്ട് തൽക്കാലം ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

പിന്നത്തെ കൊല്ലത്തെ വാർഷികയോഗം 1093-ൽ മാന്നാത്തുവച്ചാണ് നടന്നത്. അദ്ധ്യക്ഷൻ ആർ. ഈശ്വരപിള്ളയായിരുന്നു. നായർസമുദായം വകയായി മാന്നാത്ത് ഒരു കോളേജ് സ്ഥാപിക്കണമെന്ന് ആ സമ്മേളനം തീരുമാനിച്ചു. കോളേജു സംബന്ധിച്ച ആദ്യനിശ്ചയം അതാണ്. സന്തോഷപ്രകടനങ്ങൾക്കിടയിൽ ഉത്സാഹപൂർവം പല പ്രമാണികളും വസ്തുക്കൾ ദാനം ചെയ്യാനും, ആയിരക്കണക്കിനു രൂപ സംഭാവന ചെയ്യാനുമുള്ള സമ്മതം ഉറക്കെപ്പറഞ്ഞു രേഖപ്പെടുത്തിക്കൊണ്ടിരുന്നു. ഭാഗകാര്യത്തെപ്പറ്റി ശക്തിമത്തായി ചില വാദപ്രതിവാദങ്ങളും അന്നു നടന്നു. ഇതിൽ കവിഞ്ഞ് പറയത്തക്ക ഒരു സംഭവവും അവിടെ ഉണ്ടായില്ല.

ചങ്ങനാശ്ശേരിസമ്മേളനം ഒഴിച്ചുള്ളതെല്ലാം അതതു ദേശക്കാരുടെ ചുമതലയിലാണ് നടന്നത്. സർവീസ് സൊസൈറ്റിക്കാരും പങ്കുകൊണ്ടു എന്നുള്ളതിൽ കവിഞ്ഞ് പ്രത്യേകം ഒരു ചുമതലയും അവർക്കതിൽ ഉണ്ടായിരുന്നില്ല. പിന്നെ കുറച്ചുകാലത്തേക്ക് വലിയ സമ്മേളനങ്ങൾ ഒന്നുംതന്നെ നടന്നില്ല. സമസ്തകേരള നായർസമാജവും, കേരളീയ നായർസമാജംപോലെതന്നെ, പ്രവർത്തനപരിപാടിയോ ചുമതലക്കാരോ ഇല്ലാത്ത ഒരു സംഘടനയായിരുന്നു. ഒരു വാർഷികയോഗം നടത്തുക എന്നുള്ളതിൽ കവിഞ്ഞ് ഒരു ചിന്താഗതി അതിനുമുണ്ടായിരുന്നില്ല. സർവീസ് സൊസൈറ്റിപ്രവർത്തനങ്ങൾ അപ്പോഴും സജീവമായി നടന്നുകൊണ്ടിരുന്നു. എങ്കിലും അതിനും സമസ്തകേരള നായർസമാജവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഒരു പ്രവൃത്തിയും ചെയ്യാതെ വെറും വാർഷികയോഗം മാത്രം നടത്താൻ നടക്കുന്ന സ്ഥാപനങ്ങളോടും നേതാക്കന്മാരോടും സാമാന്യജനങ്ങൾ സഹകരിക്കാൻ തയ്യാറില്ലെന്ന് അവർ എഴുതിയും പറഞ്ഞും മാത്രമല്ല, പ്രവൃത്തിമൂലവും കാണിച്ചുതുടങ്ങി. അതുകൊണ്ട് സമ്മേളനബഹളങ്ങൾ ഒന്നൊതുങ്ങി എന്നു പറയാവുന്നതാണ്.

നായർസമ്മേളനവുമായി ബന്ധമുള്ള ഒരുകാര്യംകൂടി പറയാമെന്നു വിചാരിക്കുന്നു. നായർ സർവീസ് സൊസൈറ്റി ഭൂലോകജാതം ചെയ്ത കാലത്തെ ദിവാൻ മന്നത്തു കൃഷ്ണൻനായരായിരുന്നു. അതിന് ഏതാനും കൊല്ലംമുമ്പ് അദ്ദേഹം കോഴിക്കോട്ടു വക്കീലായി പ്രാക്ടീസ് ചെയ്യുന്ന കാലത്താണ് കേരളീയ നായർസമാജത്തിന്റെ ആദ്ധ്യക്ഷ്യം വഹിക്കാൻ അദ്ദേഹം തിരുവനന്തപുരത്തു വന്നത്. അത് 1082-ലാണ്. ആ സമ്മേളനത്തെ വേണം കേരളത്തിലെ വൻതോതിലുള്ള ഒന്നാമത്തെ നായർസമ്മേളനമായി കണക്കാക്കാൻ. അധികം താമസിയാതെ എം. കൃഷ്ണൻനായരെ തിരുവിതാംകൂർ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസായി നിയമിച്ചു. നാലഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം ഇവിടുത്തെ ദിവാൻജിയുമായി. കൃഷ്ണൻനായരെ ദിവാൻജിയായി നിയമിച്ചു നീട്ടുകൊടുത്തു എന്ന കമ്പിസന്ദേശം വായിച്ചത് കെ.പി. രാമൻമേനോന്റെ

അദ്ധ്യക്ഷതയിൽ കോട്ടയത്തു നടന്ന നായർമഹാസമ്മേളനത്തിൽവച്ച് സി.വി. രാമൻപിള്ളയാണ്. അത് 1090-ലാണ്. അദ്ദേഹം ആറുകൊല്ലം ഇവിടെ ദിവാൻജിയായിരുന്നു. മുളച്ചുവരുന്ന നായർ സർവീസ് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയുടെ നിലയിൽ ഞാൻ അദ്ദേഹത്തിന്റെ പരിചിതനായിത്തീർന്നു. സർവീസ് സൊസൈറ്റിയുടെ അന്നത്തെ പ്രസിഡന്റായിരുന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും അദ്ദേഹവും തമ്മിൽ ചില അഭിപ്രായഭേദങ്ങളും അസുഖങ്ങളുമുണ്ടായിരുന്നു എങ്കിലും, സമുദായസ്നേഹിയായ അദ്ദേഹം എന്നെയും നായർ സർവീസ് സൊസൈറ്റിയേയും സ്നേഹിക്കാതിരുന്നില്ല. സർവീസ് സൊസൈറ്റിക്ക് അദ്ദേഹം ചെറിയ ചില സഹായങ്ങൾ ചെയ്തിട്ടുണ്ടെന്ന് പിന്നാലെ വ്യക്തമാകുന്നതാണ്.

ഒരു കാര്യവുംകൂടി ഈ അദ്ധ്യായത്തിൽതന്നെ ഉൾപ്പെടുത്താമെന്നു വിചാരിക്കുന്നു.

ഞാൻ ഓച്ചിറനിന്നും പിരിഞ്ഞതിന്റെശേഷം കറുകച്ചാലിൽ താമസിച്ചുകൊണ്ട്, അവിടുത്തെ സ്കൂൾകെട്ടിടംപണിയും പണപ്പിരിവും നടത്തിവരികയായിരുന്നു. അക്കാലത്തുണ്ടായ ചില സംഭവങ്ങളേയും ഞാൻ അനുഭവിച്ച ദുരിതങ്ങളിൽ ചിലതിനേയും പറ്റിയെങ്കിലും രേഖപ്പെടുത്തേണ്ടത് ആവശ്യമാണ്. അത് മറ്റൊരദ്ധ്യായത്തിലേക്കു മാറ്റിവയ്ക്കുന്നു. എന്നാൽ എന്നെ പ്രത്യേകം സംബന്ധിക്കുന്ന ഒരു സംഭവം കുറിക്കാൻ ഈ അവസരം തന്നെ വിനിയോഗിച്ചുകൊള്ളട്ടെ.

എന്റെ വലിയമ്മാവൻ ചിറമറ്റത്ത് വേലുപ്പിള്ള എന്നയാൾ മരിച്ചത് ആയിടയ്ക്കാണ്. പുല സർക്കുലർ വന്നിട്ടുണ്ടെങ്കിലും, ഞങ്ങൾ പത്തുദിവസത്തെ പുലയേ ആചരിക്കുന്നുള്ളു എന്നും, പന്ത്രണ്ടാംദിവസം സപിണ്ഡി നടത്തണമെന്നും തീരുമാനിച്ചു. ഞങ്ങളുടെ കുടുംബക്കാരുടേയും ബന്ധുജനങ്ങളുടെയുമെല്ലാം ആനുകൂല്യത്തോടുകൂടി അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തു. പുരോഹിതൻ - നമ്പ്യാതി - വരികയില്ലെന്നു ശഠിച്ചു. സ്വജനങ്ങളുടെ പൗരോഹിത്യത്തിൽ കർമ്മങ്ങൾ നടത്താൻ തീരുമാനിച്ചു. ഞങ്ങളുടെ ബന്ധുക്കളിൽ ഒരാൾ മന്ത്രതന്ത്രാദികളെല്ലാം പറഞ്ഞുതന്നു. എല്ലാം ഭംഗിയായി നടന്നു. അമ്മാവന്റെ ആത്മശാന്തിക്കായി ദാനം ചെയ്യേണ്ടത് സർവീസ് സൊസൈറ്റിക്കാണെന്ന വിശ്വാസത്താൽ, അദ്ദേഹത്തിന് ചെലവിനുവച്ചിരുന്ന 20 പറ നിലം, എന്റെ കുടുംബത്തിലുള്ളവരെല്ലാം ചേർന്ന അടിയന്തിരത്തിന്റെ അവസാനത്തിൽ ദാനപത്രം എഴുതി രജിസ്റ്ററാക്കി എൻ.എസ്.എസ്. ഖജാൻജിയെ ഏല്പിച്ചു. അതെല്ലാം നടന്നതു മന്നത്തു വീട്ടിൽവച്ചാണ്.

പത്തുദിവസംകൊണ്ട് പുല മാറുമെന്നുള്ള ബോദ്ധ്യം വീട്ടുകാർക്കും നാട്ടുകാർക്കുമുണ്ടാകാൻ വേണ്ടി ഞാൻ പതിമ്മൂന്നാംപക്കം പെരുന്നയിൽ ക്ഷേത്രക്കുളത്തിൽ കുളിച്ച് അമ്പലത്തിൽ കേറി ശ്രീകോവിൽവാതുക്കൽ നിന്ന് തൊഴുത്, പൂവും പ്രസാദവും വാങ്ങിപ്പോന്നു. പെരുന്നയിൽ സുബ്രഹ്മണ്യക്ഷേത്രം സാമാന്യം പ്രസിദ്ധിയും, നാലഞ്ചു നമ്പൂതിരിമാർക്ക് ഊരാണ്മയുമുള്ള ഒരു ദേവാലയമാണ്. അവരിൽ പ്രമാണിയായ ഒരു നമ്പൂതിരി ഞാൻ ക്ഷേത്രത്തിൽ കടക്കുന്നതു കണ്ടു. ഞാൻ തൊഴീൽ കഴിഞ്ഞ് എന്റെ ജോലിക്ക് കറുകച്ചാലിലേക്കു പോയി.

നമ്പൂതിരിമാർ ഉടനെതന്നെ യോഗംകൂടി. ഞാൻ പുലയിൽ അമ്പലത്തിൽ കടന്ന് ക്ഷേത്രം അശുദ്ധമാക്കിയെന്നും, വേണ്ട പരിഹാരമുണ്ടാക്കണമെന്നും വിവരിച്ച് ശ്രീമൂലം തിരുനാൾ മഹാരാജാവിന് ഒരപേക്ഷ അയച്ചു. കൊട്ടാരത്തിൽനിന്നും ദിവാൻജി മുഖാന്തിരം തഹസീൽദാർക്ക് വിചാരണയ്ക്കായി അതയച്ചുകൊടുത്തു. തഹസീൽദാരുടെ നോട്ടീസ് വന്നപ്പോഴാണ് നമ്പൂതിരിമാരും ഗവണ്മെന്റും ഇതിന് ഇത്ര വളരെ ഗൗരവം കല്പിച്ചിട്ടുണ്ടെന്നറിയാൻ ഇടയായത്. ഈ സംഭവം ആളുകളുടെ ഇടയിൽ ഒരു ഭൂതിയിളക്കമുണ്ടാക്കി. ഇപ്പോൾ എൻ.എസ്.എസ്. ഹെഡ്ഡാഫീസിനു പുറകുവശത്തു കാണുന്ന അന്നത്തെ ക്യാമ്പുഷെഡ്ഡിൽ വച്ചാണ് വിചാരണ നടന്നത്. അവിടെ വലിയ ഒരാൾക്കൂട്ടം വന്നുകൂടി. അന്നത്തെ കോട്ടയം പേഷ്കാർ കപ്പാഴം രാമൻപിള്ളയും, തഹസീൽദാർ സി.കെ. കൃഷ്ണപിള്ളയുമായിരുന്നു. തഹസൽദാർ ധീരനും പരിഷ്കൃതനും വലിയ സമുദായാഭിമാനിയുമായിരുന്നു. വക്കീൽപ്പണിയോടുകൂടിയുള്ള എന്റെ സർവീസ് സൊസൈറ്റി പ്രവർത്തനകാലത്ത് എന്നെ കഴിവുള്ള സൗകര്യങ്ങൾ തന്ന് സഹായിച്ചിട്ടുള്ള ആളാണ് അദ്ദേഹം.

നമ്പൂതിരിയുടെ ഈ ഹർജിക്കേസിൽ ഞാൻ പ്രത്യേകം വക്കീലിനെ ഏർപ്പാടുചെയ്തിരുന്നില്ല. ഹർജിക്കാരൻ നമ്പൂതിരിയേയും സാക്ഷികളേയും ഞാൻതന്നെയാണ് ക്രോസ്വിസ്താരം നടത്തിയത്. നമ്പൂതിരി അപ്പോഴും ഒരു നായർസ്ത്രീയുടെ ഭർത്താവായിരുന്നു. ക്രോസ്വിസ്താരത്തിൽ നായരും ശൂദ്രരും ഒന്നാണെന്നു സ്ഥാപിക്കാൻ അദ്ദേഹം വളരെ സാഹസപ്പെട്ടു. അത് അദ്ദേഹത്തെ അപകടത്തിൽപെടുത്തുമെന്ന് അദ്ദേഹം ആ വാശിക്കിടയിൽ ഓർത്തില്ല. ഒരു ബ്രാഹ്മണൻ ഒരു ശൂദ്രസ്ത്രീയുമായി ഒരു പ്രാവശ്യം ശയിച്ചാൽ, അയാൾ സമുദായ ഭ്രഷ്ടനാകുമെന്നും, ഭ്രഷ്ടനായാൽ ചണ്ഡാലസമനാകുമെന്നും, അങ്ങനെയുള്ളവർ മതിൽക്കകത്തു കടന്നാൽ ക്ഷേത്രം അശുദ്ധമാകുമെന്നും സ്മൃതികളെ ഉദ്ധരിച്ചുള്ള എന്റെ ചോദ്യങ്ങൾക്ക് അദ്ദേഹം ഉത്തരം പറയേണ്ടിവന്നു. ശൂദ്രസ്ത്രീയുമായി സമ്പർക്കം പുലർത്തുകയോ അവരിൽ സന്തതിയെ ജനിപ്പിക്കുകയോ ചെയ്താൽ ഭ്രഷ്ടുമാത്രമല്ല, നിത്യനരകവും കൂടിയാണെന്നാണ് ശാസ്ത്രമെന്ന് അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിച്ചു. ശൂദ്രസ്ത്രീയിൽ പല പുത്രന്മാരുള്ള അദ്ദേഹത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നുള്ള ചോദ്യത്തിന് ഉത്തരം പറയാൻ സാദ്ധ്യമല്ലാതെ കുഴങ്ങി. നിത്യവും ക്ഷേത്രദർശനത്തിനു പോകുന്ന ഭ്രഷ്ടനായ അദ്ദേഹത്തിന്റെ പ്രവേശനംകൊണ്ട് അമ്പലം മുമ്പുതന്നെ അശുദ്ധമായിക്കാണുമെന്നും, എന്റെ പുല പോയിട്ടില്ലെങ്കിൽത്തന്നെ അശുദ്ധമായ അമ്പലത്തിൽ ഞാൻ പ്രവേശിച്ചതുകൊണ്ട് പുത്തനായി ഒരു അശുദ്ധിയും വരാനില്ലെന്നും സമ്മതിക്കേണ്ടിവന്നു. ആർക്കായാലും പത്തുദിവസത്തെ പുലയേ ഉള്ളു എന്നുള്ള സ്മൃതിവാക്യവും, അതനുസരിച്ച് ഞാൻ ശൂദ്രനായിരുന്നാൽത്തന്നെയും പത്തുദിവസത്തെ പുല ആചരിച്ചാൽ മതിയാകുമെന്നുള്ള ന്യായവും അദ്ദേഹം സമ്മതിക്കേണ്ടിവന്നു. ഒരുദിവസംകൊണ്ട് അദ്ദേഹത്തിന്റെ വിസ്താരം അവസാനിച്ചില്ല. ഹർജിക്കാരൻ നമ്പൂതിരിയുടെ വിസ്താരം കഴിഞ്ഞപ്പോൾത്തന്നെ കേസ് മുമ്പോട്ടുകൊണ്ടുപോകണമെന്നുണ്ടായിരുന്ന നമ്പൂതിരിയുടെ ആഗ്രഹം

അവസാനിച്ചു. പേരിന് ഒന്നുരണ്ടു സാക്ഷികളെ വിസ്തരിച്ച്, തെളിവു പൂർത്തിയായി എന്നു പറഞ്ഞു.

തഹസീൽദാർ ഉടൻതന്നെ എന്റെ മൊഴിവാങ്ങി. എന്റെ മൊഴിയുടെ ചുരുക്കം താഴെക്കാണുംവിധം ആയിരുന്നു –

"എന്റെ അമ്മാവൻ മരിച്ചിട്ട് പത്തുദിവസത്തെ പുലയേ ഞാനും എന്റെ വീട്ടുകാരും ആചരിച്ചുള്ളു. പന്ത്രണ്ടാംപക്കം സപിണ്ഡീകരണം നടത്തി. 13-ാം പക്കം ഞാൻ പെരുന്ന ക്ഷേത്രക്കുളത്തിൽ കുളിച്ച് സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിലെ ശ്രീകോവിലിൻ വാതുക്കൽ ചെന്നുനിന്ന് തൊഴുതിട്ടുണ്ട്. വാദി വലിയകൊട്ടാരത്തിൽ കൊടുത്തതും, ഇവിടെ വിചാരണയ്ക്കു വന്നതുമായ ഹർജി വായിച്ചുകേട്ടു. എന്റെ പ്രവേശനം നിമിത്തം ക്ഷേത്രത്തിനു യാതൊരു അശുദ്ധിയുമുണ്ടായിട്ടില്ല. ഞാൻ ശൂദ്രനല്ല, നായരാണ്. നായരും ശൂദ്രനും ഒന്നല്ല, രണ്ടാണ്. ഒന്നായിരുന്നാൽത്തന്നെയും ഏതു മനുഷ്യനും പത്തുദിവസത്തെ പുലയേ ഉള്ളു എന്ന് പരാശരസ്മൃതിയിലെ ശ്ലോകംകൊണ്ടു കാണാവുന്നതാണ്. ആചാരങ്ങളും, അതനുസരിച്ച് സ്മൃതികളും കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഓരോ സമുദായത്തിനും അവരുടെ ഇടയിലെ ആചാരങ്ങളെ പരിഷ്ക്കരിക്കാനും അനാചാരങ്ങളെ ഇല്ലാതാക്കാനും അധികാരവും സ്വാതന്ത്ര്യവുമുണ്ട്. അതുകൊണ്ട് നടപ്പെങ്ങിനെയിരുന്നാലും അത് മാറ്റാനുള്ള സ്വാതന്ത്ര്യം എനിക്കുമുണ്ട്. തീണ്ടലും തൊടീലുമുള്ള കാലത്തുതന്നെ അതിനെ നിശ്ശേഷം ആചരിക്കാത്ത പ്രമാണികളായ ബ്രാഹ്മണരിൽ പലരേയും ഞാൻതന്നെ കണ്ടിട്ടുണ്ട്. ബ്രാഹ്മണനായ ദിവാൻ രാജഗോപാലാചാരി വർക്കല ശ്രീനാരായണഗുരുവിന്റെ ക്ഷേത്രത്തിൽപോയി ദർശനം കഴിച്ച് തീർത്ഥവും പ്രസാദവും വാങ്ങിയിട്ടും, മരിക്കുന്നതുവരെ ചോദ്യംചെയ്യപ്പെടാത്ത ഒരു ബ്രാഹ്മണനായിരുന്നു. പല ബ്രാഹ്മണരും യൂറോപ്യന്മാരും മറ്റു ജാതിമതസ്ഥരുമായി പരസ്യമായി 'ഡിന്നറു'കളിൽ പങ്കുകൊള്ളാറുണ്ട്. ബ്രാഹ്മണർതന്നെ വിധവാവിവാഹം നടത്തുന്നവരുണ്ട്. സമുദ്രയാത്ര ചെയ്യുന്നവരുണ്ട്. അവർക്കെല്ലാം അതെല്ലാം ആകാമെങ്കിൽ, നായന്മാർക്ക് ഇത്രദിവസത്തെ പുല മതിയെന്നു നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യമില്ലേ? ഉണ്ടെന്നുള്ള അഭിപ്രായവും വിശ്വാസവുമാണ് എനിക്കുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ എന്റെ പേരിൽ യാതൊരു നടപടിയും നടത്താൻ ആവശ്യവും അവകാശവുമില്ല."

ഞങ്ങളുടെ മൊഴികളും തെളിവുകളുമെല്ലാം പേഷ്ക്കാർ മുഖാന്തിരം ഹജൂർകച്ചേരിയിൽ പോയതായും, ഗവണ്മെന്റിന് ഇതിൽ പ്രവേശിക്കാൻ കാര്യമില്ലെന്നു തീരുമാനിച്ചതായും അറിയാം. അതോടുകൂടി നായർസമുദായത്തിന്റെ പരിഷ്ക്കാരങ്ങൾക്കു പ്രതിബന്ധമുണ്ടാക്കാൻ മറ്റാർക്കും അവകാശമില്ലെന്നും, അതിനെല്ലാം സമുദായത്തിനു പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നും ഉള്ള ബോദ്ധ്യവും സമുദായാംഗങ്ങൾക്കും ഗവണ്മെന്റിനുമുണ്ടായി. ഈ ഹർജിയും വിസ്താരവും തീരുമാനവുമെല്ലാം അക്കാലത്തെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതുകൊണ്ട്, ഉണ്ടാകേണ്ട പ്രയോജനം പൂർണ്ണമായിത്തന്നെ ഉണ്ടായി. അതിന്റെശേഷം നായരുടെ പുലയെപ്പറ്റി ആരും ഇതുവരെ അന്വേഷിച്ചിട്ടേ ഇല്ല.

അദ്ധ്യായം - 13

മരുമക്കത്തായ പരിഷ്ക്കാരം

മരുമക്കത്തായക്കാരായ നായന്മാരുടേയും മറ്റും വിവാഹം നിയമസാധുത്വമുള്ളതല്ലെന്ന് ചില ജഡ്ജിമാർ വിധിയെഴുതിത്തുടങ്ങിയപ്പോൾ മുതലാണ്, ആ സ്ഥിതി സമുദായത്തിന് അഭിമാനകരമല്ലെന്ന് നായർസമുദായ പ്രമാണികൾക്കുതന്നെയും തോന്നിത്തുടങ്ങിയത്. ഈ ആക്ഷേപം തീർക്കുന്നതിനായി തിരുവിതാംകൂർ ഗവണ്മെന്റിന്റെ ചീഫ് സെക്രട്ടറിയായിരുന്ന പി. താണുപിള്ള അന്നത്തെ തിരുവിതാംകൂർ നിയമനിർമ്മാണസഭയിൽ ഒരു ബിൽ അവതരിപ്പിച്ചു. അത് 1072-ൽ ആയിരുന്നു.

ഉദ്യോഗസ്ഥന്മാർ മാത്രമുള്ള ഒരു നിയമസഭയായിരുന്നു അത്. ബ്രാഹ്മണാധിപത്യം മകുടംവച്ച കാലമായിരുന്നതുകൊണ്ടും, അന്നത്തെ ഗവണ്മെന്റും ഭരണമേധാവിയും നായന്മാരുടെ അഭിമാനസംരക്ഷണത്തിലും ഉൽകർഷത്തിലും സന്തോഷമുള്ളവരല്ലാതിരുന്നതുകൊണ്ടും, ആ ബിൽ സെലക്ട് കമ്മറ്റിക്കുപോലും അയയ്ക്കാൻ ഇടയാകാതെ അങ്ങനെതന്നെ അലസിപ്പോയി. 1082-ൽ മരുമക്കത്തായ പരിഷ്ക്കാരത്തെ അടിസ്ഥാനമാക്കി ചിലർ പ്രജാസഭയിൽ വാദിച്ചു. വിവാഹത്തിനു നിയമസാധുത്വമുണ്ടാക്കാനും, തറവാട്ടുഭരണം ഒരു വ്യവസ്ഥിതിയിലും കുടുംബത്തിനു ഗുണകരമായി നടത്താനും, കുടുംബവഴക്കുകൾ ഇല്ലാതാക്കാനും തക്കവണ്ണം മരുമക്കത്തായ റഗുലേഷൻ ഉണ്ടാക്കാൻ പലരും ആഗ്രഹിക്കുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. അതിന്റെ എല്ലാം ഫലമായി ഗവണ്മെന്റിൽനിന്നും 'മരുമക്കത്തായം കമ്മറ്റി' ഏർപ്പെടുത്തി. ആ കമ്മറ്റിയുടെ അദ്ധ്യക്ഷൻ ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ളയായിരുന്നു. കമ്മറ്റിയംഗങ്ങളായി ജഡ്ജി എം. കൃഷ്ണപിള്ള, കെ. കൃഷ്ണൻ പണ്ടാല, കപ്പാഴം എൻ. രാമൻപിള്ള, കെ.പി. പത്മനാഭമേനോൻ എന്നിവരെ നിയമിച്ചു. ജനാഭിപ്രായമറിയാനായി ഈ കമ്മറ്റി ചോദ്യക്കടലാസുണ്ടാക്കി പരസ്യപ്പെടുത്തുകയും, രാജ്യമൊട്ടാകെ സഞ്ചരിച്ച് സാക്ഷിവിസ്താരം നടത്തുകയും ചെയ്തു. മരുമക്കത്തായക്കാരായ സവർണ്ണസമുദായത്തിൽ പെട്ടവരെ എല്ലാം ബാധിക്കത്തക്കവണ്ണം ഒരു നിയമമുണ്ടാക്കാൻ ആവശ്യമുണ്ടോ, സാദ്ധ്യമാണോ എന്നുള്ള പരീക്ഷണമാണ് പ്രാരംഭത്തിലുണ്ടായിരുന്നത്. അതുകൊണ്ട് നായർസമുദായത്തിലുള്ളവരെ മാത്രമല്ല, മരുമക്കത്തായക്കാരായ തമ്പുരാക്കന്മാർ, പണ്ടാലന്മാർ മുതലായവരെയും കമ്മറ്റിക്കാർ സാക്ഷികളായി വരുത്തി വിസ്തരിച്ചു. ഈ കമ്മറ്റി ഏർപ്പെടുത്തിയത് 1083-ലായിരുന്നു. വിസ്താരം പൂർത്തിയാക്കിയശേഷം കമ്മറ്റി അക്കൊല്ലം തന്നെ റിപ്പോർട്ട് സമർപ്പിച്ചു. നായരേതരരായ മരുമക്കത്തായികൾക്ക് നായന്മാരോളം ഇക്കാര്യത്തിൽ താൽപര്യമുള്ളതായി കണ്ടില്ല. അപൂർവം ചില താൽപര്യമുള്ളവർ വിഭിന്നാഭിപ്രായക്കാരുമായിരുന്നു. അതുകൊണ്ട് അവരെ ഈ

ബില്ലിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാതെ ഗത്യന്തരമില്ലാതെവന്നു. കമ്മറ്റിയുടെ റിപ്പോർട്ടും, അതനുസരിച്ചു തയ്യാറാക്കിയ ബില്ലും, നായന്മാരായ മരുമക്കത്തായികളെ മാത്രം ബന്ധിക്കത്തക്ക നിലയിലാണ് ഉണ്ടാക്കിയത്. എന്നിട്ടും ഏകാഭിപ്രായത്തിലുള്ള റിപ്പോർട്ട് സമർപ്പിക്കാൻ അവർക്കു സാധിച്ചില്ല. വിവാഹസാധുത്വവും കാരണവന്മാരുടെ കുടുംബഭരണത്തിനുള്ള നിയന്ത്രണവും തായ്വഴിഭാഗവ്യവസ്ഥയും ഉൾപ്പെട്ട ഭൂരിപക്ഷ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ബിൽ തയ്യാറാക്കിയിരുന്നത്. സർ സി.പി. രാജഗോപാലാചാരിയായിരുന്നു അന്ന ത്തെ ദിവാൻ. ജനഹിതമനുസരിച്ച് തായ്വഴി ഭാഗത്തോടുകൂടിയ ഒരു ബിൽ ഗവണ്മെന്റിൽനിന്നുതന്നെ തയ്യാറാക്കി 10-10-86-ൽ നിയമനിർമ്മാണ സഭയിൽ ഹാജരാക്കി. രാജഗോപാലാചാരിയുടെ ഗവണ്മെന്റ് ഈ ബില്ലിന് അനുകൂലമായിരുന്നു എന്നു മാത്രമല്ല, പറയത്തക്ക ഭേദഗതി കൂടാതെ ആ ബില്ല് നിയമമാകണമെന്ന നിർബന്ധം കൂടിയുണ്ടായിരുന്നു.

നായർസമുദായത്തിലെ ഭൂരിപക്ഷം ആളുകളും സജീവമായിത്തന്നെ ബില്ലിന്റെ പിന്നിൽ അണിനിരന്നു. എങ്കിലും പ്രമാണിക ളായ ഏതാനും യാഥാസ്ഥിതികന്മാർ തായ്വഴി ഭാഗത്തെ കഠിനകഠിനം എതിർക്കുകയും ചെയ്തിരുന്നു. നിർഭാഗ്യത്തിന്, അന്ന് നിയമനിർമ്മാണസഭയിലുണ്ടായിരുന്ന നായർമെമ്പറന്മാരെല്ലാംതന്നെ ഭാഗത്തിന് എതിരാളികളായിരുന്നു. ഭൂരിപക്ഷം ജനങ്ങളുടെ അഭിപ്രായത്തേക്കാൾ സ്വാഭിപ്രായത്തിനു കൂടുതൽ വില കല്പിച്ചിട്ടുള്ള അവർ, കാലത്തിന്റെ മാറ്റവും സമുദായത്തിന്റെ ആവശ്യവും അറിയാതെ മർക്കടമുഷ്ടി പിടിച്ച്, ഭാഗവകുപ്പിനെ ആദ്യവസാനം എതിർക്കുകതന്നെ ചെയ്തു. നിയമനിർമ്മാണസഭയിൽ അന്നുണ്ടായിരുന്ന നായർ മെമ്പറന്മാർ ഇല്ലിക്കുളം കേശവപിള്ളയും, വക്കീൽ മാധവൻ തമ്പിയും, ശ്രീനാരായണൻതമ്പിയും, ഈശ്വരപിള്ളയുമായിരുന്നു. അവരുടെ പ്രാമാണ്യം സമുദായത്തിന് ആപത്തായിഭവിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞു. സമർത്ഥനായ രാജഗോപാലാചാരി പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും, ആ നേതാക്കന്മാരെ എള്ളളവും ചലിപ്പിക്കാൻ സാധിച്ചില്ല. നായർസമുദായത്തിന്റെ അഭിപ്രായത്തെ നിരാകരിച്ചുകൊണ്ട് ഒരു സാമുദായികബിൽ ഗവണ്മെന്റ് നിർബന്ധപൂർവം പാസ്സാക്കുന്നത് അനീതിയാണെന്ന് രാജഗോപാലാചാരിക്ക് അറിയാമായിരുന്നു. ബിൽ മുഴുവൻ തള്ളുകയോ ഭാഗവ്യവസ്ഥയെ ഉപേക്ഷിക്കുകയോ, ഏതാണു വേണ്ടതെന്നുള്ള ആലോചനയിലെത്തി. വളരെക്കാലത്തെ പ്രതീക്ഷയും പരിശ്രമവുംകൊണ്ടുണ്ടായ ബിൽ തള്ളിപ്പോകുന്നത് വലിയ കഷ്ടവും നഷ്ടവും ആണെന്നു തോന്നിപ്പോയി. നായർസമുദായസ്നേഹിയും മഹാമനസ്കനുമായ രാജഗോപാലാചാരി വ്യസനത്തോടുകൂടിയെങ്കിലും അവർക്ക് കീഴടങ്ങുകയും, ബിൽ മുഴുവൻ തള്ളിപ്പോകാതിരിക്കാൻ, വൈമനസ്യത്തോടുകൂടി തായ്വഴി ഭാഗവ്യവസ്ഥയെ പിൻവലിക്കാൻ സമ്മതിക്കുകയും ചെയ്തു. നായർസമുദായപ്രമാണിക

ളായ അവർ ചെയ്യുന്ന കഠിനമായ തെറ്റിനെ ചൂണ്ടിക്കാണിച്ച അദ്ദേഹം, അവസാനത്തിൽ ചെയ്ത ഹൃദയസ്പർശിയായ പ്രസംഗം സമുദായം ഒരുകാലത്തും മറക്കുന്നതല്ല. അങ്ങനെ ആ ബിൽ ഭാഗവ്യവസ്ഥയില്ലാത്ത നിയമമായിത്തീർന്നു. സവർണ്ണ മരുമക്കത്തായക്കാരെ മുഴുവൻ പരിഷ്ക്കരിക്കാൻ ആഗ്രഹിച്ച് ആരംഭിച്ച നിയമനിർമ്മാണപ്രവർത്തനം ഇടയ്ക്കുവച്ച് മരുമക്കത്തായികളായ നായന്മാരെ മാത്രം സംബന്ധിക്കുന്നതായി മാറുകയും, ഒടുവിൽ അത് സമുദായത്തിന് അത്യാവശ്യമെന്നു കരുതിയ, തായ്വഴി ഭാഗമില്ലാത്ത, നിയമമായിത്തീരുകയും ചെയ്തു. ഉണ്ടാകുമായിരുന്ന മരുമക്കത്തായ റഗുലേഷൻ, ഒടുവിൽ 1082-ലെ 1-ാം റഗുലേഷനായ നായർ റഗുലേഷനായി പരിണമിച്ചു. ഇതാണ് തിരുവിതാംകൂർ നായന്മാരെ സംബന്ധിക്കുന്ന ഒന്നാമത്തെ റഗുലേഷൻ.

അദ്ധ്യായം - 14

ആളോഹരിഭാഗവും മരുമക്കത്തായവും

ദീർഘകാലപ്രക്ഷോഭണത്തിന്റെ ഫലമായി നായർസമുദായത്തിന് ഒരു നിയമം ഉണ്ടാക്കാൻ സാധിച്ചു എങ്കിലും, അത് 'മല എലിയെ പ്രസവിച്ച' മട്ടിൽ സമുദായത്തിന്റെ ആവശ്യത്തിനും പ്രതീക്ഷയ്ക്കും അനുസരിച്ചവിധത്തിലല്ലാതായിട്ടാണ് പരിണമിച്ചതെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ദുഷിച്ച മരുമക്കത്തായംകൊണ്ട് നായർതറവാടുകൾ ഓരോന്നായി നശിച്ചുതുടങ്ങിയിട്ട് ഒരു നൂറ്റാണ്ടുകഴിഞ്ഞിരിക്കുന്നു. ദിവസം ചെല്ലുന്തോറും നാശത്തിന്റെ എണ്ണവും വേഗവും വർദ്ധിച്ചുവരികയാണ്. ഒരു മഹാരോഗമെന്നവണ്ണം അത് സമുദായമൊട്ടാകെ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. സമുദായമൊന്നാകെ അവസാനിക്കാനുള്ള 'കൂട്ടവെടി' പൊട്ടാനുള്ള സന്ദർഭത്തിലേക്ക് അതിവേഗം പാഞ്ഞുപോവുകയാണെന്ന് കണ്ണുള്ളവർക്കെല്ലാം കാണാമായിരുന്നു. കാരണവന്മാർ അവരുടെ മക്കളെ പുലർത്താൻവേണ്ടി മാത്രമല്ല, അനന്തിരവരെ ദ്രോഹിക്കാൻ വേണ്ടിയും കണ്ടമാനം ആധാരം എഴുതുന്നത് മിക്ക കുടുംബങ്ങളിലേയും ഒരു സാധാരണപതിവായിത്തീർന്നു. അതിനോടുകൂടി ഒട്ടധികം വസ്തുക്കൾ അന്യാധീനമാവുകയും കുടുംബവ്യവഹാരം വർദ്ധിക്കുകയും ചെയ്തു. ക്രിമിനൽകേസിനും സിവിൽകേസിനും സമരിക്കേസിനും പുറമെ അന്യോന്യവൈരാഗ്യം മൂത്ത് അടിപിടിയും കൊലപാതകവും സാധരണ സംഭവമെന്നുള്ള നിലയിൽവരെ ചെന്നെത്തി. അത്താഴമുണ്ടിട്ടു പുമുഖത്തുവന്നു ചാരുകസേരയിൽ കിടന്നു മയങ്ങുന്ന കാരണവരെ - ഭാര്യയും മക്കളും നാലുകെട്ടിൽ സ്വൈരസംഭാഷണം ചെയ്ത് ഭക്ഷണം കഴിക്കുന്ന സന്ദർഭത്തിൽ - ഒരു മൂളലോ ഞരങ്ങലോ പോലും പുറത്തേക്കുവരാത്തമട്ടിൽ വെട്ടി കഷണം കഷണമാക്കി കൊലപാതകം ചെയ്തിരിക്കുന്നു എന്നും, രാത്രിയിൽ കണ്ണടച്ചുകിടന്നു വിശ്രമിക്കുന്ന കാരണവരുടെ കഴുത്തിൽ നീണ്ട കച്ചമുണ്ടു പിരിച്ചുചുറ്റി അനന്തിരവർ അപ്പുറത്തും ഇപ്പുറത്തും നിന്ന് 'പാലാഴിമഥനം' നടത്തിയതു നിമിത്തം ശ്വാസംമുട്ടി മരിച്ച കാരണവരുടെ മൂക്കിൽകൂടി തെറിച്ച ചോര മോന്തായത്തിൽ പറ്റിയിരിക്കുന്നു എന്നും മറ്റുമുള്ള വിശേഷവാർത്തകളോടുകൂടിയാണ് അക്കാലങ്ങളിൽ മിക്ക വർത്തമാനപ്പത്രങ്ങളും പുറപ്പെട്ടുകൊണ്ടിരുന്നത്. അന്നത്തെ മരുമക്കത്തായംകൊണ്ട് കാരണവരെ ചുറ്റിപ്പറ്റിനിന്ന് സേവയും നുണയും പറഞ്ഞ് ചതിക്കാൻ ശേഷിയുള്ളവർക്കും, പോലീസുകാർക്കും, വക്കീലന്മാർക്കും മാത്രമേ പ്രയോജനമുണ്ടായിരുന്നുള്ളു. നായർതറവാടുകളെ നശിപ്പിച്ചുകൊണ്ടിരുന്നത് 'താലികെട്ട്', 'കുതിരകെട്ട്', 'വെടിക്കെട്ട്', 'കേസുകെട്ട്' ഈ നാലുപാധികളായിരുന്നു. നായന്മാരുടെ അഭിമാനഭാജനമായിരുന്ന 'നാലുകെട്ടു'കളെ നാമാവശേഷമാക്കിയത് ഈ നാലു 'കെട്ടു'കളുമാണെന്നുള്ളത് പ്രസിദ്ധമാണ്. കാരണം എന്തുകൊണ്ടായാലും വേണ്ടില്ല, സഹോദരികളോടും അനന്തിരവരോടുമുള്ള സ്നേഹവും ബാദ്ധ്യതയും

നശിക്കുകയും, കാരണവർ ഭാര്യയേയും മക്കളേയും സ്നേഹിക്കുകയും, അവരെ രക്ഷിക്കുകയും, അവർക്കു സമ്പാദ്യം ഉണ്ടാക്കിക്കൊടുക്കുകയുമാണ് തന്റെ കർത്തവ്യമെന്നു വിശ്വസിക്കുകയും ചെയ്തപ്പോൾ, മരുമക്കത്തായം പോയെന്നും മക്കത്തായം വന്നെന്നും ധരിക്കേണ്ടതായിരുന്നു. അതനുസരിച്ച് ഭാഗംപിരിയാനും മക്കത്തായമുണ്ടാക്കാനും തക്കവണ്ണം കാലേകൂട്ടി നിയമം മാറ്റേണ്ടതുമായിരുന്നു. കാരണവരുടെ ഭാര്യാസ്നേഹത്തേയും തറവാട്ടുദ്രോഹത്തേയും ആക്ഷേപിക്കുകയും എതിർക്കുകയും ചെയ്യുന്ന അനന്തിരവൻ, കാരണവരായാലും ഫലം അതുതന്നെ എന്നു നാടുനീളെ ദൃഷ്ടാന്തം കണ്ടിട്ടും, ആഗ്രഹത്തിനും അനുഷ്ഠാനത്തിനും എതിരായി സ്വാർത്ഥത്തിനുവേണ്ടി മരുമക്കത്തായത്തെ പുകഴ്ത്തുന്ന പ്രമാണികളുടെയും നിയമജ്ഞന്മാരുടെയും എണ്ണം കുറയാത്തതാണത്ഭുതം. എത്ര ന്യായവും അനുഭവവുമുണ്ടായാലും ഒരു സമുദായം അതിന്റെ മാമൂൽപ്രിയത്വത്തിൽനിന്നും അത്രവേഗം രക്ഷപ്പെടുകയില്ലെന്നുള്ളതിനും തെളിവ് അന്നത്തെ നായർസമുദായം തന്നെയായിരുന്നു.

സമുദായരക്ഷയ്ക്ക് ഇത്ര അത്യാവശ്യമായ ഭാഗവ്യവസ്ഥയെയാണ്, നായർസമുദായത്തിന് ലഭിക്കാത്ത ഗവണ്മെന്റാനുകൂല്യം ലഭിച്ചിട്ടും നായർസമുദായ പ്രാതിനിധ്യം വഹിക്കുന്ന നിയമസഭാ മെമ്പറന്മാർ കണ്ണടച്ചുകൊണ്ട് ദൂരെ വലിച്ചെറിഞ്ഞത്. മേൽവിവരിച്ച പല ദുസ്സംഭവങ്ങളുംകൊണ്ട് ദൈനംദിനമെന്നപോലെ പല വലിയ തറവാടുകളും വെണ്ണീറാകുന്നതുകണ്ടിട്ടും, അതിനുകാരണം ഈ കൂട്ടുകുടുംബ വ്യവസ്ഥിതിയാണെന്നറിയാൻ പ്രയാസമില്ലാതിരുന്നിട്ടും, മാറ്റത്തിലുള്ള വൈമുഖ്യംകൊണ്ട് ഇരുമ്പുകൂടംപോലെ ഉറച്ച ഹൃദയത്തോടുകൂടിയ പല നേതാക്കന്മാരും അന്നുണ്ടായിരുന്നെങ്കിലും, സമുദായനിലയ്ക്കു സമൂല പരിവർത്തനം അത്യാവശ്യമെന്നു വിശ്വസിക്കുന്ന പ്രമാണികളും അപൂർവമല്ലായിരുന്നു. വിവാഹബന്ധത്തിന് നിയമപ്രകാരം ഉറപ്പുവരുത്തുന്നതും, തായ്വഴിഭാഗമെങ്കിലും അനുവദിക്കുന്നതും, ഏതു സമുദായത്തിൽപ്പെട്ട ഭർത്താവായാലും സ്വന്തസമ്പാദ്യത്തിന് നായർഭാര്യയ്ക്കും മക്കൾക്കും അവകാശമുണ്ടായിരിക്കുമെന്നു വ്യവസ്ഥയുള്ളതുമായ ഒരു നിയമം വേണമെന്നുള്ള പ്രക്ഷോഭണം ആരംഭിച്ചത് അവരായിരുന്നു. അന്നത്തെ പ്രക്ഷോഭണമെന്നു പറഞ്ഞാൽ ഇന്നത്തേതുമായി യാതൊരു സാമ്യവുമില്ല. യോഗംകൂടി ചില നിശ്ചയങ്ങൾ പാസ്സാക്കി അയക്കുകയും, നിവേദനങ്ങൾ സമർപ്പിക്കുകയും, പത്രത്തിൽ എഴുതുകയുമാണ് അന്നത്തെ പ്രക്ഷോഭണങ്ങൾ. ചെറിയ തോതിലുള്ള അന്നത്തെ പ്രക്ഷോഭണംപോലും സമുദായത്തിന്റെ അടിത്തട്ടിൽ ചെന്നെത്താൻ വളരെക്കാലം വേണ്ടിവന്നില്ല. "നായന്മാർക്കു വിവാഹബന്ധമില്ലെന്നും, അവരുടെ അച്ഛൻ ആരാണെന്നു നിശ്ചയമില്ലെന്നും, അവർ വേശ്യാപുത്രന്മാരാണെന്നും, അവരുടെ സന്തതികൾക്ക് അച്ഛനിൽനിന്നും സംരക്ഷണാവകാശം ആഗ്രഹിക്കാൻതന്നെ അവകാശമില്ലെന്നും" ഹൈക്കോടതിയിലെ ബ്രാഹ്മണ ജഡ്ജിമാരിൽ ചിലർ വിധിയെഴുതിയ വസ്തുത

ജനസാമാന്യം ഗ്രഹിച്ചുകഴിഞ്ഞപ്പോൾ അവരുടെ തണുത്ത രക്തത്തിലും അല്പം ചൂടുകേറാതിരുന്നില്ല. ശൂദ്രൻ വേദംകേട്ടാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്നും, സംസ്കൃതം ഉച്ചരിച്ചാൽ നാവു തുളയ്ക്കണമെന്നും എഴുതിവച്ച സ്മൃതികാരന്മാരുടെ പിന്തുടർച്ചയവകാശപ്പെടുന്ന ന്യായാധിപന്മാർ ഇക്കാലത്തുമുണ്ടെന്നറിഞ്ഞപ്പോൾ അവർ അത്ഭുതപ്പെട്ടു. കേരളത്തിന്റെ നട്ടെല്ലായ നായർസമുദായം ഈ നാശഗർത്തത്തിൽനിന്നും കരകേറി ഒരു പരിഷ്കൃതസമുദായമായില്ലെങ്കിൽ അതു നായർസമുദായത്തിനു മാത്രമല്ല, രാജ്യത്തിനുതന്നെയും ആപത്താണെന്ന് നായർസമുദായത്തിലെ സാമാന്യജനങ്ങൾക്കും ഇതരസമുദായങ്ങളിലെ സന്മനസ്സുള്ള ബുദ്ധിമാന്മാർക്കും, ഈ പ്രക്ഷോഭണംകൊണ്ട് ഒട്ടൊക്കെ ഗ്രഹിക്കാൻ കഴിഞ്ഞു. അങ്ങനെ, വളരെക്കാലമായി ഗാഢനിദ്രയിൽപ്പെട്ട് കുംഭകർണ്ണനേപ്പോലെ കിടന്ന 'നായർസമുദായ മഹാമനുഷ്യൻ' സമുദായപ്രക്ഷോഭണം നിമിത്തം മൂരിനിവർന്ന്, കൈകാലുകൾ കുടഞ്ഞ്, കണ്ണുതുറന്ന്, ലോകത്തെ ശരിക്കുതന്നെ കാണാൻ ആരംഭിച്ചു. സാവധാനത്തിലെങ്കിലും കാലു മുന്നോട്ടുവച്ചുതുടങ്ങി. ആ സമയത്താണ്, മൂന്നുനാലു യാഥാസ്ഥിതിക പ്രമാണികളുടെ പ്രാതികൂല്യംകൊണ്ട് തായ്വഴിഭാഗവ്യവസ്ഥ ബില്ലിൽനിന്നും എടുത്തുകളയേണ്ടിവന്നത്. അവരുടെ പ്രവൃത്തി സമുദായത്തെ നിരാശപ്പെടുത്തിയതിലധികം ഊർജ്ജസ്വലമാക്കുകയാണ് ചെയ്തത് എന്ന് പിന്നീടുണ്ടായ സംഭവപരമ്പര തെളിയിക്കുന്നു.

ഇവിടുത്തെ ഗവണ്മെന്റ് ഒരു യാഥാസ്ഥിതിക ഗവണ്മെന്റായിരുന്നെങ്കിലും, ഉല്പതിഷ്ണുവായ സർ സി.പി. രാജഗോപാലാചാരി ദിവാൻജിയായി വന്നതോടുകൂടി ചില പ്രകാശങ്ങളെല്ലാം കണ്ടുതുടങ്ങി. നിലവിലിരിക്കുന്ന സ്ഥിതിക്കു മാറ്റംവരുത്തണമെന്നു പറയുന്ന ഏതു കാര്യവും വിപ്ലവപ്രസ്ഥാനമാണെന്നുള്ള തെറ്റിദ്ധാരണകൊണ്ട്, നശിക്കാൻ പോകുന്ന ഒരു സമുദായത്തിന്റെ ഉദ്ധാരണത്തിനുള്ള ഒരു സാമുദായികനിയമമാണ് ആവശ്യപ്പെടുന്നതെന്നുള്ള വസ്തുത മറന്ന്, എതിർമനോഭാവത്തോടുകൂടിയിരുന്ന ഇവിടുത്തെ ഗവണ്മെന്റിന് രാജഗോപാലാചാരിയുടെ വരവോടുകൂടി വലിയ മാറ്റമുണ്ടായി എന്നു കഴിഞ്ഞ അദ്ധ്യായത്തിൽ ദൃഷ്ടാന്തസഹിതം ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഭാഗാനുകൂലികൾ തോൽവിക്കു കീഴടങ്ങാതെ ശക്തിമത്തായ പ്രക്ഷോഭണം ആരംഭിച്ചു. അവരുടെ പിന്നീടുള്ള പ്രക്ഷോഭണം തായ്വഴിഭാഗത്തിനല്ലായിരുന്നു. ആളോഹരിഭാഗവും, മക്കത്തായവും നടപ്പിൽവരത്തക്കവണ്ണം നിയമം പരിഷ്ക്കരിക്കാനായിരുന്നു. ആളോഹരിഭാഗവാദക്കാരും മക്കത്തായവിചാരക്കാരും നായന്മാരുടെ കൂട്ടത്തിൽ അപൂർവമായിട്ടെങ്കിലും മുമ്പേതന്നെ ഉണ്ടായിരുന്നു. അവരിൽ പ്രമാണി പരേതനായ മുരണി ഗോവിന്ദപ്പിള്ളയായിരുന്നു. ദിവാൻ കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ കൂടിയ ശ്രീമൂലം പ്രജാസഭയിൽ തിരുവല്ലാ പ്രതിനിധിയായ മുരണി ഗോവിന്ദപ്പിള്ള 'നായന്മാർക്കു മക്കത്തായമാണാവശ്യം' എന്നു പറഞ്ഞപ്പോൾ, 'എന്താണ് ഗോവിന്ദപ്പിള്ള പറയുന്നത്, നായന്മാർക്കു മക്കത്തായമോ?'

എന്ന് ദിവാൻ അത്ഭുതപരതന്ത്രനായി ചോദിച്ച കാലം പോയി. 'ആളോഹരിഭാഗവും മക്കത്തായവും' എന്ന് ഉച്ചൈസ്തരം ഘോഷിച്ചുകൊണ്ടുള്ള പ്രക്ഷോഭണകാലമായി. രണ്ടുകക്ഷിയായി പിരിഞ്ഞിരുന്ന കേരളീയ നായർസമാജത്തിലെ സി. കൃഷ്ണപിള്ള കക്ഷി ആളോഹരിഭാഗവും മക്കത്തായവും വേണമെന്നുള്ള അഭിപ്രായക്കാരും, സി.വി. രാമൻപിള്ളകക്ഷി തായ്വഴിഭാഗം മതിയെന്നുള്ള അഭിപ്രായക്കാരുമായിരുന്നു. ആദ്യത്തെ കൂട്ടർ സമസ്തകേരള നായർസമാജം വഴിയും, പിന്നത്തെ കൂട്ടർ കേരളീയ നായർസമാജം വഴിയും പ്രചരണവും പ്രക്ഷോഭണവും നടത്തി. സമസ്തകേരള നായർസമാജപ്രക്ഷോഭണം കാര്യമായി നടത്തിയത് നായർ സർവീസ് സൊസൈറ്റിയായിരുന്നു. പ്രവർത്തകരിൽ ഒരാളും, വലിയ പുരോഗമനവാദിയും ആയിരുന്ന എം.എൻ. നായരുടെ വാഗ്മിത്വം എതിർവാദികളുടെ കോട്ടയെ തകർത്തുകൊണ്ട് ഭാഗാനുകൂലികളെ നിമിഷംപ്രതി ആയിരക്കണക്കിനു വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

ആളോഹരിഭാഗപ്രമേയം പാസ്സാകുന്നതിനും ബിൽ നിയമസഭയിൽ ഹാജരാക്കുന്നതിനുമായി രാജ്യത്തിന്റെ എല്ലാ വിഭാഗങ്ങളിലേയും നായന്മാരുടെ പ്രാതിനിധ്യത്തിലും, സമസ്തകേരള നായർസമാജത്തിന്റെ ആഭിമുഖ്യത്തിലും തിരുവനന്തപുരം ശാസ്തമംഗലത്തുവച്ച് ഒരു നായർമഹാസമ്മേളനം നടത്തുവാൻ തീരുമാനിച്ചു. അത് 1096-ൽ ആണ്. വലിയ തോതിൽ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകൊണ്ടിരുന്നു. സർവീസ് സൊസൈറ്റിയുടെ സ്വാധീനശക്തികൊണ്ട് എല്ലാ താലൂക്കിൽനിന്നും ധാരാളം പ്രമാണികളും സാധാരണക്കാരും ഹാജരാകാൻ വേണ്ട വ്യവസ്ഥ ചെയ്തിരുന്നു.

രാജ്യമൊട്ടാകെയുള്ള അഭിപ്രായം ആളോഹരിഭാഗത്തിന് അനുകൂലമാണെന്നു വെളിപ്പെട്ടു തുടങ്ങി. രാജധാനിയിലും അതിന്റെ ഓളം അടിച്ചതുകൊണ്ട് തായ്വഴിക്കാരായ കേരളീയ നായർസമാജക്കാർ പരിഭ്രാന്തരായി. സമസ്തകേരള നായർസമാജം ആളോഹരിഭാഗത്തിന് അനുകൂലമായി നിശ്ചയം പാസ്സാക്കുന്നതിനുമുമ്പേ രാജധാനിയിൽവച്ചുതന്നെ കേരളീയ നായർസമാജത്തിന്റെ ആഭിമുഖ്യത്തിൽ ഒരു നായർസമ്മേളനം നടത്തി. തായ്വഴിഭാഗത്തിനനുകൂലമായി ഒരു നിശ്ചയം പാസ്സാക്കാൻ അവരും തീരുമാനിച്ചു. സി.വി. രാമൻപിള്ള, പി.കെ. കേശവപിള്ള, മള്ളൂർ ഗോവിന്ദപ്പിള്ള മുതലായവരുടെ മേൽനോട്ടത്തിൽ ജൂബിലി ഹാളിൽ വച്ച് സമ്മേളനം നടന്നു. കക്ഷിപ്രതികക്ഷികളിൽ പലരും സന്നിഹിതരായിരുന്നു. തായ്വഴിഭാഗപ്രമേയം കേരളീയ നായർസമാജഭാരവാഹികൾതന്നെ ഹാജരാക്കി. അതിനെ അനുകൂലിച്ച് വലിയ ചില പ്രസംഗങ്ങളും നടന്നു. ആളോഹരിഭാഗവാദികളുടെ കൂട്ടത്തിലെ യുവകേസരിയായ എം.എൻ. നായർ, ആ പ്രമേയത്തെ എതിർത്തുകൊണ്ടുചെയ്ത ഉജ്ജ്വലമായ പ്രസംഗം അവരുടെ വാദമുഖങ്ങളെ എല്ലാം തകർത്തു തരിപ്പണമാക്കി. തായ്വഴിഭാഗത്തെ അനുകൂലിക്കാൻ വന്നവർപോലും എം. എൻ. നായരുടെ പ്രസംഗപ്രവാഹത്തിൽ മുഴുകി പരിശുദ്ധന്മാരായി, എതിർത്തു വോട്ടുചെയ്യുകയാണുണ്ടായത്. തായ്വഴിപ്രമേയം അതിന്റെ

ഉടമസ്ഥന്മാരുടെ കൺമുമ്പിൽവച്ച് ബഹുഭൂരിപക്ഷത്തോടെ തള്ളപ്പെട്ടു. കേരളീയ നായർസമാജക്കാർ സാഹസപ്പെട്ടു കെട്ടിപ്പടുത്ത കോട്ടയ്ക്കകത്ത് ഏകനായി പ്രവേശിച്ചു യുദ്ധംചെയ്തു കോട്ട പിടിച്ചടക്കി, ആളോഹരിഭാഗകക്ഷിയുടെ മുമ്പിൽ സമർപ്പിച്ച എം.എൻ. നായർ സമുദായത്തിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു.

ഈ അവസരത്തിൽ എം.എൻ. നായരെപ്പറ്റി ഒരു വാക്കു പറയേണ്ടത് ആവശ്യമാണെന്നു വിചാരിക്കുന്നു. എം.എൻ. നായർ കുമരകം സ്വദേശിയാണ്. മണിമലവീട്ടിൽ നീലകണ്ഠപ്പിള്ള എന്നാണുപേര്. അദ്ദേഹം ചെറുപ്പത്തിലേതന്നെ സമുദായസ്നേഹിയും പ്രസരിപ്പും വാഗ്മിത്വവുമുള്ള ആളായിരുന്നു. കുട്ടിയാട്ടു ശിവരാമപ്പണിക്കർ മുതലായി ആ നിലയിൽ കാണുന്ന പലരുടെയും സഹപാഠിയായ അദ്ദേഹം ബി.എ. പാസ്സായ ആളാണ്. 1091-ൽ ചങ്ങനാശ്ശേരിയിൽ വച്ചുനടന്ന നായർമഹാസമ്മേളനത്തിൽ വച്ചാണ് ഞാൻ ആദ്യമായി എം.എൻ. നായരെ കണ്ടത്. അദ്ദേഹം ആ സമ്മേളനത്തിൽ വച്ച് ഞങ്ങളെയെല്ലാം അഭിനന്ദിച്ചുകൊണ്ട് യുവജനപ്രതിനിധിയുടെ നിലയിൽ ശക്തിയായ ഒരു പ്രസംഗം ചെയ്തതായും ഞാൻ ഓർമ്മിക്കുന്നു. പിന്നീടുണ്ടായ നായർസമ്മേളനങ്ങളിലൊന്നിലുംതന്നെ അദ്ദേഹം പങ്കുകൊള്ളാതിരുന്നിട്ടുമുണ്ടെന്നു തോന്നുന്നില്ല. ഞാൻ ആദ്യംകണ്ട തീയതി മുതൽ മരിക്കുന്ന സമയംവരെ അദ്ദേഹം സർവീസ് സൊസൈറ്റിയുടെ ഒരുറച്ച ബന്ധുവായിരുന്നു. അദ്ദേഹത്തിനു സർവീസ് സൊസൈറ്റിയിലുണ്ടായിരുന്ന സ്ഥാനവും, സഹപ്രവർത്തകരുടെനിലയിൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളും, ഈ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഗ്രഹിക്കാൻ കഴിയുന്നതാണ്.

1096-ലെ തുലാത്തിലെ ജൂബിലിഹാൾ യോഗത്തിൽ വച്ച് എം. എൻ. നായരുടെ പ്രഹരമേറ്റു ബോധക്ഷയം വന്നുവീണ കേരളീയ നായർസമാജം പിന്നെ അനങ്ങിയതായും ശബ്ദിച്ചതായും ഇതുവരെ കേട്ടിട്ടില്ല. മരിച്ചു എന്നു വിചാരിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു.

ജൂബിലിഹാൾയോഗം കഴിഞ്ഞ് താമസിയാതെതന്നെ ശാസ്തമംഗലം യോഗം കൂടി. ഏറ്റവും മോടിയിൽത്തന്നെ യോഗം നടന്നു. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയായിരുന്നു അദ്ധ്യക്ഷൻ. പുരുഷന്മാരും സ്ത്രീകളും ധാരാളം കൂടിയ ഒരു മഹായോഗമായിരുന്നു അത്. ആളോഹരിഭാഗം, ഏകഭാര്യാവ്രതം, ഏതുസമുദായത്തിൽപ്പെട്ട ഭർത്താവായിരുന്നാലും അവരുടെ സ്വന്തസമ്പാദ്യത്തിനു ഭാര്യാപുത്രാദികൾക്കുള്ള അവകാശം, ഇവ ഉൾക്കൊള്ളുന്ന പ്രമേയങ്ങളെല്ലാം ബഹുഭൂരിപക്ഷത്തോടെ പാസ്സായി. ഇവയനുസരിച്ചുള്ള ബിൽ തയ്യാറാക്കി നിയമസഭയ്ക്കയക്കാൻ ചങ്ങനാശ്ശേരിയെ അധികാരപ്പെടുത്തി. അദ്ദേഹം ബിൽ തയ്യാറാക്കി അയച്ചു. ഇത് 1097-ലായിരുന്നു.

ആരും അധികാരപ്പെടുത്തീട്ടല്ലെങ്കിലും കെ.പി. രാമൻപിള്ള ബി. എ.ബി.എൽ. ഒരു നായർബിൽ തയ്യാറാക്കി നിയമസഭയ്ക്കയച്ചു. അദ്ദേഹം എൻ.എസ്.എസ്. കക്ഷിയിൽപ്പെട്ട ആളായിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ ബില്ലും ഞങ്ങളുടെ ആശയഗതിക്കനുസരിച്ചുള്ളതായിരുന്നു. വഴ

ക്കുണ്ടാകാതിരിക്കാൻവേണ്ടി കെ.പി. രാമൻപിള്ളയുടെ ബില്ലിനെ ബാക്കി യുള്ളവർ അനുകൂലിക്കാൻ തീരുമാനിച്ചു. അങ്ങനെ രാമൻപിള്ളയുടെ ബിൽ അവതരിപ്പിക്കാൻ അനുവദിക്കുകയും സിലക്റ്റ് കമ്മറ്റിക്ക് അയ യ്ക്കുകയും ചെയ്തു. ദിവാൻ രാഘവയ്യ ആയിരുന്നു നിയമസഭാ പ്രസിഡന്റ്. പരിഷ്ക്കരിച്ച നിയമസഭയിൽ കൂടുതൽ മെമ്പറന്മാരുണ്ടാ യിരുന്നു. എല്ലാ സമുദായങ്ങളിലേയും ഏറ്റവും പ്രമാണികളായിരുന്നു അന്നത്തെ നിയമസഭയിലെ മെമ്പറന്മാരിൽ അധികവും. ലാസുബ്ബയ്യൻ, കെ. കൃഷ്ണയ്യങ്കാർ, എം. രാജരാജവർമ്മ തമ്പുരാൻ, പി.കെ. നാരായ ണപിള്ള, ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള, കെ.സി. മാമ്മൻമാപ്പിള മുത ലായവരെല്ലാം അന്നത്തെ മെമ്പറന്മാരിൽപെട്ടവരാണ്. സിലക്റ്റ് കമ്മറ്റി റിപ്പോർട്ടു വരുന്നതിനുമുമ്പുതന്നെ ബിൽ പ്രയോക്താവായ കെ.പി. രാമൻപിള്ള പെട്ടെന്നുണ്ടായ സന്നിപാതജ്വരം നിമിത്തം അകാലചരമം പ്രാപിക്കാൻ ഇടയായി. ബില്ലിന്റെ ചുമതല ചങ്ങനാശ്ശേരി പരമേശ്വ രൻപിള്ള ഏറ്റെടുത്തു. ശക്തന്മാരായ പ്രതിബന്ധികൾ പലരും ഉണ്ടായി രുന്നതുകൊണ്ട് സിലക്റ്റ് കമ്മറ്റിറിപ്പോർട്ടിന് കാലതാമസം വരുത്താൻ ശ്രമിച്ചു. ഒരുവിധത്തിൽ ബിൽ രണ്ടാംവായനയ്ക്കു വന്നു. പലരും പല ഭേദഗതികളും അയച്ചിരുന്നു. അസംബ്ലിമെമ്പറന്മാരിൽ ആർക്കും ഉദാ സീനരായിരിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. നായന്മാർക്കുള്ള ബില്ലാണി തെങ്കിലും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ ഈ രാജ്യ ത്തുള്ള മിക്ക സമുദായത്തിൽപെട്ടവരേയും അല്പാല്പമായിട്ടെങ്കിലും ബാധിക്കുമായിരുന്നു. വിശേഷിച്ച് നായരേതരരായ സവർണ്ണഹിന്ദുക്കളുടെ സ്വത്തുക്കളേയും അവകാശങ്ങളേയും ബാധിക്കുന്ന വകുപ്പുകളും ബില്ലി ലുണ്ടായിരുന്നു. അതുകൊണ്ട് ഈ ബില്ലിന് മറ്റേതൊരു സാമുദായിക ബില്ലിനേക്കാളും പ്രാമാണ്യം ജനങ്ങൾ കല്പിച്ചിരുന്നു. നായർസമുദാ യത്തിൽതന്നെ ബില്ലിലെ പല വകുപ്പുകളേയുംപറ്റി അഭിപ്രായഭേദമുള്ള പല ആളുകളും ചില കക്ഷികളുമുണ്ടായിരുന്നു. ആളോഹരിഭാഗം വേണ മെന്നും, തായ്വഴിഭാഗം മതിയെന്നും, സ്വന്തസമ്പാദ്യം മുഴുവനും ഭാര്യയ്ക്കും മക്കൾക്കും കിട്ടണമെന്നും, പകുതി അനന്തിരവർക്കും പകുതി മക്കൾക്കും ആയിരിക്കയാണ് ശരിയെന്നും, ഏകഭാര്യാവ്രതം വേണമെന്നും വേണ്ടെന്നും, നായരേതരഭർത്താക്കന്മാരെയും ഈ നിയമം ബാധിക്കണമെന്നും പാടില്ലെന്നും, വിവാഹബന്ധം വേർപെടുത്താൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും പാടില്ലെന്നും – ഇങ്ങനെ വിചിത്രമായ പല അഭിപ്രായഭേദങ്ങളും വാദമുഖങ്ങളും കൊണ്ട് അസംബ്ലിക്ക് അകവും പുറവും മാത്രമല്ല രാജ്യമൊട്ടാകെത്തന്നെ മുഴങ്ങിക്കൊണ്ടിരുന്നു.

ഏകഭാര്യാവ്രതം നിയമത്തിൽ ഉൾപ്പെടുത്തേണ്ടെന്നായിരുന്നു നായർപ്രമാണികളിൽ പലരുടെയും, പുരുഷന്മാരിൽ ഭൂരിപക്ഷത്തിന്റെയും അഭിപ്രായം. എന്നാൽ വിവരമുള്ള നായർസ്ത്രീകളെല്ലാം അത് അത്യാ വശ്യമെന്ന് വാശിയോടുകൂടിത്തന്നെ വാദിച്ചിട്ടുണ്ട്. അവരെ അനുകൂലി ക്കുന്ന പുരുഷന്മാരും കുറവല്ലായിരുന്നു എന്ന് ശാസ്തമംഗലം നായർസ മ്മേളനം 'ഏകഭാര്യാവ്രത'പ്രമേയം പാസ്സാക്കിയതുകൊണ്ടുതന്നെ

സ്പഷ്ടമാകുന്നുണ്ടല്ലോ. നായർസമ്മേളനം അങ്ങനെ പാസ്സാക്കിയെങ്കിലും ചങ്ങനാശ്ശേരിയുടെ ബില്ലിലും കെ.പി. രാമൻപിള്ളയുടെ ബില്ലിലും അതുൾപ്പെടുത്തിയിരുന്നില്ല. എന്നാൽ അതിനും ഭേദഗതി വന്നിരുന്നു. എ.ജി. മേനോൻ ആയിരുന്നു ആ ഭേദഗതിക്കാരൻ. അതിനെ പിന്താങ്ങാൻ ഒരു 'ഹൂഗർഫും' ഉണ്ടായിരുന്നു. ആദ്യം അത്ര വളരെ കാര്യമായി കരുതാതിരുന്ന ആ ഭേദഗതി വാദംമൂത്തു വോട്ടിനിട്ടപ്പോൾ പാസ്സാവുകയും, തന്നിമിത്തം ബില്ലിനു പല മാറ്റങ്ങളും വരുത്തേണ്ടിവരികയും ചെയ്തു. ബിൽ പാസ്സാകാതെ തള്ളിപ്പോകണമെന്ന് ആഗ്രഹിക്കുന്ന പലരും സമുദായത്തിനകത്തും പുറത്തുമുണ്ടായിരുന്നു. അതിനുള്ള കാരണം പലതാണ്. നായരേതരവിവാഹബന്ധത്തെയും അവകാശത്തെയും ബാധിക്കുന്ന വകുപ്പുകൾക്കപ്പുറം പോവുകയില്ലെന്നും, ആ പാറയിൽമുട്ടി ഈ കപ്പൽ തകരുമെന്നു വിശ്വസിച്ച് പലരും സന്തോഷിക്കുകയും വ്യസനിക്കുകയും ചെയ്തിട്ടുണ്ട്. നായർഭാര്യമാരേയും മക്കളേയും സ്നേഹിക്കുന്നവരാണ് ബ്രാഹ്മണരും തമ്പുരാക്കന്മാരുമായ മിക്ക ഭർത്താക്കന്മാരും. അവരിൽപ്പെടും കൃഷ്ണയ്യങ്കാരും രാജരാജവർമ്മതമ്പുരാനുമെല്ലാം. എന്നിരുന്നിട്ടും അവർ യോജിച്ചുനിന്ന് നായരേതരഭർത്താക്കന്മാരുമായുള്ള ബന്ധത്തിനും അവരിൽ ജനിച്ച കുട്ടികൾക്കുള്ള അവകാശത്തിനും നിയമപ്രാബല്യമുണ്ടെന്നു സ്ഥാപിക്കുന്ന വകുപ്പിനെ എതിർക്കാൻ തീരുമാനിച്ചതിലാണത്ഭുതം. രണ്ടുഭാഗത്തുനിന്നും ശക്തിയായി യുക്തിപൂർവമുള്ള വാശിയോടുകൂടിയ ഉഗ്രപ്രസംഗങ്ങളെല്ലാം നടന്നു. സാഹിത്യകേസരി പി.കെ. നാരായണപിള്ള ഫലിതസമ്മിശ്രമായ ആക്ഷേപപ്രസംഗക്കൂരമ്പുകൊണ്ട് രാജരാജവർമ്മ പ്രഭൃതികളുടെ മർമ്മം തുളച്ച് അവരെ സ്തബ്ധഹൃദയരാക്കിത്തീർത്തു. ഒടുവിൽ രാജിയായി നിയമത്തിൽ ഇപ്പോൾ കാണുന്ന മട്ടിലുള്ള ഭേദഗതികളെല്ലാം വരുത്തി ബില്ലിന്റെ രണ്ടാംവായന പൂർത്തിയായി. ആ അസംബ്ലിയുടെ അവസാനത്തേതായ അടുത്ത യോഗത്തിൽ ബില്ലിന്റെ മൂന്നാംവായനയും കഴിഞ്ഞ് ബിൽ നിയമമായിത്തീർന്നു. ഇത് 1100-ലാണ്. 1088-ൽ പാസ്സായ നായർ റഗുലേഷൻ, പല പ്രക്ഷോഭണങ്ങൾക്കും ശേഷം 12 കൊല്ലം കഴിഞ്ഞിട്ടില്ലെങ്കിലും ആവശ്യമുള്ള ഭേദഗതി വരുത്തി നിയമത്തിലെ അപൂർണ്ണതകൾക്കു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞതിൽ ചുമതലക്കാർക്കും സമുദായത്തിനും അഭിമാനിക്കാവുന്നതാണ്. വിജയപ്രദമായ ഈ പരിണാമത്തിന് പ്രധാന പങ്കുവഹിച്ചത് നായർ സർവീസ് സൊസൈറ്റിയാണെന്ന് ആരും സമ്മതിക്കും. ഈ നിയമത്തെത്തുടർന്ന് കൊച്ചിയിലും, കുറേ കഴിഞ്ഞ് മലബാറിലും നായന്മാരുടെ വിവാഹത്തേയും അവകാശക്രമങ്ങളേയും അടിസ്ഥാനമാക്കി ഓരോ നിയമം ഉണ്ടാക്കിയിട്ടുമുണ്ട്. അവർക്കു പറയത്തക്ക പ്രക്ഷോഭണത്തിന് ആവശ്യമുണ്ടായില്ല. ഇന്നു കേരളീയ നായന്മാരെല്ലാം സാമുദായിക നിയമബന്ധത്തിൽപെട്ടവരാണ്.

അദ്ധ്യായം - 15

അയിത്തോച്ചാടനം

ഇൻഡ്യയുടെ, വിശേഷിച്ച് കേരളത്തിന്റെ ഒരു 'ശാപ'മെന്ന പോലെ വന്നുസംഭവിച്ച ഒന്നാണ് അയിത്തം. അതെങ്ങിനെ ഉണ്ടായെന്നോ, എന്നുണ്ടായെന്നോ, എങ്ങനെ നിലനിൽക്കുന്നെന്നോ പറയാൻ പ്രയാസം. കേരളത്തിലേപോലെ അയിത്താചാരണം ഭയങ്കരമാംവണ്ണം മൂർദ്ധന്യദശയിലെത്തിയ ഒരു ഭൂവിഭാഗം ലോകത്തിൽ മറ്റെങ്ങും കാണുകയില്ല. നമ്പൂതിരിബ്രാഹ്മണൻ ഒഴിച്ചുള്ളവർക്കെല്ലാംതന്നെ കേരളത്തിൽ അയിത്തമുണ്ടായിരുന്നു എന്നു പറയാം. വർണ്ണാശ്രമത്തെ അടിസ്ഥാനമാക്കിയാണ് ജാതിഭേദവും ഉച്ചനീചത്വങ്ങളും തീണ്ടലും തൊടീലുമുണ്ടായതെന്നു പറയുന്നവരുണ്ട്. വേദങ്ങൾ ഈശ്വരനിർമ്മിതങ്ങളാണെന്നും, അതിന്റെ നിലനില്പിനെ അടിസ്ഥാനപ്പെടുത്തി ഉണ്ടായതാണ് വർണ്ണാശ്രമ ധർമ്മങ്ങളെന്നും, അതിനു യാതൊരു മാറ്റവും വരുത്താൻപാടുള്ളതല്ലെന്നും, ഒരു ചെറിയ ചലനമെങ്കിലും ഉണ്ടായിപ്പോയെങ്കിൽ സമുദായബന്ധം തകർന്നുപോകുമെന്നും, ഈ പ്രപഞ്ചം നിലനിൽക്കയില്ലെന്നുമുള്ള വിശ്വാസം രൂഢമൂലമാക്കിത്തീർത്ത ബുദ്ധിമാന്മാരെ നമസ്ക്കരിക്കതന്നെ വേണം. ഈ വിശ്വാസം മനുഷ്യസമുദായത്തിന്റെ വളർച്ചയ്ക്കും ലോകത്തിന്റെ ശ്രേയസ്സിനും വളരെയധികം പ്രതിബന്ധമുണ്ടാക്കിയെന്ന് അവർ ഇപ്പോഴെങ്കിലും അല്പാല്പം സമ്മതിക്കുന്നതുതന്നെ ഒരു ഭാഗ്യമാണ്. ലോകത്തോടുചെയ്ത ഈ മഹാദ്രോഹം ഒരു പുണ്യകർമ്മമാണെന്നു സാർവത്രികമായി വിശ്വസിപ്പിച്ച ചെറു ന്യൂനപക്ഷമായ ബ്രാഹ്മണസമുദായവും ആ ദുഷ്കർമ്മഫലം അനുഭവിക്കേണ്ടിവന്നു എന്നുള്ളതാണ് ദൈവനീതിയുടെ വൈശിഷ്ട്യം. ആയിരംകൊല്ലമായി ഇൻഡ്യയിൽ കാണുന്ന അന്യോന്യമത്സരത്തിന്റെയും തൻമൂലമുണ്ടായ നാശത്തിന്റെയും കാരണം ഈ ജാതിഭേദവും ഉച്ചനീചത്വങ്ങളുമാണെന്ന് എല്ലാവരും സമ്മതിക്കുന്ന ഒരു വസ്തുതയായിത്തീർന്നതിൽ സന്തോഷിക്കാം.

അയിത്തമെന്നു പറഞ്ഞാൽ ഏറ്റവും താഴ്ന്ന പടിയിലുള്ള ഹരിജനങ്ങൾക്കോ ഈഴവരാദിയായവർക്കോ മാത്രമുള്ള ഒരു 'അപകട'മാണെന്നു ചിലർ ധരിപ്പിച്ചിട്ടുണ്ട്. അയിത്തം ഹിന്ദുസമുദായത്തെ ആകമാനം ബാധിച്ച ഒരു മഹാരോഗമാണ്. അതിൽനിന്നും കഷ്ടിച്ച് ഒഴിവാക്കാവുന്നത് ബ്രാഹ്മണരെ മാത്രമേയുള്ളു. കോടാനുകൂടി ജനങ്ങളുള്ള ഇൻഡ്യയിൽ വിരലിൽ എണ്ണാൻ മാത്രമുള്ള ബ്രാഹ്മണർക്കുവേണ്ടിയാണ് ഈ ദുരിതങ്ങളെല്ലാം വരുത്തിവച്ചതെന്നു പറയേണ്ടിവരുന്നതിൽ വ്യസനമുണ്ട്. ബ്രാഹ്മണന്റെ ബുദ്ധിസാമർത്ഥ്യത്തെക്കാൾ അബ്രാഹ്മണന്റെ ബുദ്ധിശൂന്യതയെ ആണ് ഞാൻ അത്ഭുതത്തോടും വ്യസനത്തോടും കൂടി വീക്ഷിക്കുന്നത്.

പുലയനും പറയനും നീണ്ട തീണ്ടലുണ്ട്. അവർ തമ്മിലും തീണ്ടലുണ്ട്. അതിൽ കുറഞ്ഞ തീണ്ടൽ ഈഴവനുണ്ട്. ആശാരിക്കും മൂശാരിക്കും തീണ്ടലുണ്ട്. ഇങ്ങിനെയുള്ളവരെയെല്ലാം 'അവർണ്ണർ' എന്നൊരു

മഹാവലയത്തിൽ ഉൾപ്പെടുത്തിയെങ്കിലും, അവർ ആ വലയത്തിനുള്ളിൽ ഒന്നായിത്തീർന്നു ശക്തി സംഭരിക്കാൻ ഇടയാകത്തക്കവണ്ണം തീണ്ട ലിന്റെ നീളഭേദവും തൊഴിലിന്റെ വ്യത്യാസവുംകൊണ്ട് അന്യോന്യം പൊരുത്തമുള്ളവരല്ലാതാക്കിത്തീർത്തു. നായർ മുതൽ നമ്പൂതിരി വരെ യുള്ളവർ 'സവർണ്ണ'വിഭാഗത്തിൽപ്പെട്ടവരാണ്. അവർ തമ്മിലും 'തൊട്ടു കൂടായ്മ' എന്ന ചെറുതീണ്ടലുണ്ട്. വീരശൂരന്മാരും ക്ഷത്രിയവംശജ ന്മാരും കേരളത്തിന്റെ ഉടമസ്ഥരും അധികാരികളും എന്ന് അഭിമാനിക്കു ന്നവരുമായ നായന്മാരെ, അഗ്രജന്മാരായ ബ്രാഹ്മണർക്കുമാത്രമല്ല, അന്ത രാളവർഗ്ഗത്തിൽപ്പെട്ട തമ്പുരാക്കന്മാർക്കും വാര്യർക്കും പിഷാരടിക്കു മെല്ലാം തീണ്ടലുണ്ട്. നായരെ തൊട്ടാൽ അവരെല്ലാം കുളിക്കണമെന്നാണ് വ്യവസ്ഥ. പുലയനെ തീണ്ടിയാലും തൊട്ടാലും അതിൽ കവിഞ്ഞൊന്നും വേണമെന്നില്ല. ഇതെല്ലാം ഹിന്ദുസമുദായത്തിലെ എല്ലാ വിഭാഗങ്ങളും സന്തോഷപൂർവം സ്വീകരിച്ചത്, അവരവർക്കു തീണ്ടലുള്ള മറ്റൊരു കൂട്ടർ താഴെയുണ്ടെന്നുള്ള സമാധാനം കൊണ്ടുമാത്രമാണ്. സർവാധിപതിയായ രാജാവിനേയും ബ്രാഹ്മണനു 'തീണ്ടൽ' ഉണ്ടെന്ന് അവരെക്കൊണ്ടു സമ്മ തിപ്പിച്ച്, അതിന്റെ സംരക്ഷണത്തിനുവേണ്ടിയാണ് ഭരണം നടത്തുന്ന തെന്നു വിശ്വസിപ്പിച്ച കൗശലപ്പണി നിമിത്തം തങ്ങൾ തീണ്ടൽജാതി ക്കാരാണെന്നുള്ള വസ്തുത അറിയാതിരുന്നുപോയെന്നേയുള്ളു. പുല യന് 64 അടി, ഈഴവന് 12 അടി, നായർക്കു മൂന്നാലടി, രാജാവിനു രണ്ടടി എന്നിങ്ങനെ അടിക്കു വ്യത്യാസമുണ്ടെന്നല്ലാതെ എല്ലാവർക്കും തീണ്ടൽ ഉണ്ടെന്നുതന്നെയല്ലേ അർത്ഥം. തൊടീൽ മൂത്തതാണ് തീണ്ടൽ. അല്ലാതെ വ്യത്യാസമൊന്നുമില്ല. അയിത്തത്തിന്റെ അർത്ഥവിവരണ ത്തിൽ തീണ്ടലും തൊടീലുമുൾപ്പെടുന്നു.

ജാതികൃതമായ ഉച്ചനീചത്വങ്ങൾ തീണ്ടലിലും തൊടീലിലും മാത്രമല്ല, ജീവിതത്തിലും ഭാഷയിലും വേഷഭൂഷാദികളിലും കൂടി ചെന്നെ ത്തി. അടിയനും എറാനും കുപ്പപ്പാടും കരിക്കാടിയും എഴുന്നെള്ളത്തും കല്പനയും പഴങ്കാലും വിടകൊള്ളലും എന്നുവേണ്ടാ, മനുഷ്യനെ അധഃ പതിപ്പിക്കുന്ന ഭാഷാപദപ്രയോഗങ്ങൾക്കു കണക്കില്ല.

ഈ അധഃസ്ഥിതിയിൽ ശ്വാസംമുട്ടിയവരും, പരിഹാരമുണ്ടാക ണമെന്നാഗ്രഹിച്ചവരും കേരളത്തിലെ ഈഴവരാണ്. തീണ്ടൽകൊണ്ട് വിദ്യാഭ്യാസംചെയ്യാൻ സൗകര്യം കിട്ടാത്തവരിൽ ഈഴവരും ഉൾപ്പെടും. എന്നാൽ അവരിൽ അപൂർവം ചിലരെങ്കിലും വിദ്യാഭ്യാസം ചെയ്തവ രായി എങ്ങനെയോ ഉണ്ടായി. അങ്ങനെയുള്ള അപൂർവം ചിലരിൽ അപൂർവമായിട്ടെങ്കിലും സംസ്കൃതപണ്ഡിതന്മാരും മഹാവൈദ്യന്മാരു മുണ്ടായിരുന്നു. ചിലർക്കെങ്കിലും നല്ല വീടുകളും സാമാന്യസ്വത്തുക്കളും ഉണ്ടായിരുന്നു. കായികാഭ്യാസവിരുതന്മാർ അപൂർവമല്ലായിരുന്നു. അവ രാണ് സംഖ്യാബലംകൊണ്ട് കേരളത്തിൽ മുന്നണിയിൽ നിൽക്കുന്ന വർ. ഈ നല്ല ലക്ഷണങ്ങളെല്ലാം ഉള്ള ഈഴവസമുദായം, സമുദായ ത്തിന്റെ അടിത്തട്ടിൽ കിടന്ന് കൂടുതൽ കഷ്ടതയനുഭവിക്കുന്ന ഹരിജ നങ്ങളേക്കാൾ അസംതൃപ്തരായത് മേൽവിവരിച്ച കാരണം കൊണ്ടാ യിരിക്കണം.

അയിത്തം നിമിത്തം വന്ന മറ്റൊരു ആപത്ത് മതപരിവർത്തന മാണ്. തിരുവിതാംകൂറിലെയും കൊച്ചിയിലെയും പോലെ ഇത്രയധികം മതപരിവർത്തനം ഇൻഡ്യയിൽ മറ്റൊരു ഭാഗത്തും നടത്തിയിട്ടില്ല. ഇൻഡ്യയിൽ ആകെയുള്ള ക്രിസ്ത്യാനികളിൽ പകുതിയിലധികം ഈ കൊച്ചു തിരുവിതാംകൂർ - കൊച്ചി രാജ്യത്താണ്. അയിത്തംമൂലം വഴി നടക്കാൻപോലും സ്വാതന്ത്ര്യമില്ലാതിരുന്ന ഹിന്ദുസമുദായത്തിൽപ്പെട്ട സാധുജനങ്ങളെ ബ്രിട്ടീഷ് ഭരണത്തിന്റെ തണലിൽനിന്നുകൊണ്ട് ഹിന്ദു രാജാക്കന്മാരുടെ പ്രോത്സാഹനത്തോടും സഹായത്തോടുംകൂടി ക്രിസ്തു മതോപദേശികൾ മതപരിവർത്തനം ചെയ്തത് ഒന്നോ രണ്ടോ പേരെ യല്ല, അനേകലക്ഷം പേരെയാണ്. ഇന്നുള്ള ക്രിസ്ത്യാനികളിൽ പകു തിയിലധികംപേർ ഹരിജനങ്ങളിൽനിന്നും ഈ നൂറ്റാണ്ടിനിടയിൽ മത പരിവർത്തനം ചെയ്തവരാണെന്നും, അവരെ സാക്ഷാൽ ക്രിസ്ത്യാനി കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതു ശരിയല്ലെന്നും പിന്നാക്ക ക്രിസ്ത്യാ നികൾതന്നെ അവകാശവാദം ചെയ്യുന്നതായി കാണുന്നുണ്ട്. ഇങ്ങനെ അയിത്തം ഈ രാജ്യത്തിനും വിശിഷ്യ ഹിന്ദുസമുദായത്തിനും വരു ത്തിവച്ച അധഃപതനവും ആപത്തും ഒന്നും രണ്ടുമല്ല, അനവധിയാണ്.

നാല് ആചാരങ്ങളും 64 അനാചാരങ്ങളുമാണ് കേരളത്തിലുള്ള തെന്നു പറയുന്നു. ഈ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഓരോ ഹിന്ദുവിന്റെയും രക്തധമനികളിൽകൂടി പാഞ്ഞുകൊണ്ടിരുന്നതിനാൽ എന്തെങ്കിലും ഒരു മാറ്റം വരുത്താൻ കഴിവുള്ളവർ പണ്ഡിതന്മാരിലും ഇല്ലായിരുന്നു എന്നുതന്നെ പറയാം. ജനനവും മരണവും വളർച്ചയും ജീവിതവുമെല്ലാം ഈ അന്ധവിശ്വാസത്തിൽ കൂടി ആയിരുന്നല്ലോ. എന്റെ വിശ്വാസങ്ങളിലും അനുഭവങ്ങളിലും ചിലത് ഞാൻ ഇന്നും ഓർക്കുന്നു. എന്റെ കുട്ടിക്കാലത്ത് ഈഴവർ തുടങ്ങിയുള്ളവരെ തീണ്ടലും, ക്രിസ്ത്യാ നികളെ തൊട്ടാൽ കുളിയും നിർബന്ധപൂർവം ആചരിച്ചുവന്നിരുന്നു. അതുതെറ്റിയാൽ പാപമാണെന്നും ഞാൻ വിശ്വസിച്ചിരുന്നു. തൊട്ടോ തീണ്ടിയോ അയിത്തമുണ്ടായാൽ ഉമിനീര് ഇറക്കരുതെന്നും ഇറക്കിയാൽ കണ്ണും ചെവിയും പൊട്ടുമെന്നും എന്റെ അമ്മ കാലേകൂട്ടിത്തന്നെ എന്നെ ഉപദേശിച്ചിരുന്നു. പള്ളിക്കൂടത്തിൽ പോകുമ്പോഴാണ് ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരുന്നത്. ഈഴവരാദിയായവർക്ക് പള്ളിക്കൂടത്തിൽ പ്രവേ ശനം അനുവദിച്ചിട്ടില്ലാതിരുന്നതിനാൽ തീണ്ടലിനെപ്പറ്റി അവിടെ ഭയ പ്പെടേണ്ട ആവശ്യമുണ്ടായിരുന്നില്ല. വഴിയേ സഞ്ചരിക്കുമ്പോൾ തീണ്ടാ തിരിക്കാനുള്ള ബാദ്ധ്യത തീണ്ടൽജാതിക്കാർക്കുള്ളതാണ്. അവർ സഞ്ച രിക്കുമ്പോൾ 'വഴിയേ വഴിയേ' എന്ന്, തീണ്ടുള്ളവർ വരുന്നു എന്നറിയി ക്കുന്ന ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. അയാളെക്കാൾ ഉയർന്ന ജാതിക്കാരനെ കണ്ടാൽ ജാതിക്രമമനുസരിച്ചു മാറിക്കൊടുക്കണം. മാ റാൻ സ്ഥലമില്ലെങ്കിൽ സ്ഥലം കാണുന്നിടംവരെ പുറകോട്ടു പൊയ്ക്കൊ ള്ളണം. ഉയർന്നജാതിയാണ് എതിരെ വരുന്നതെങ്കിൽ, അതൊരു ബ്രാഹ്മ ണനുമാണെങ്കിൽ തീണ്ടൽ അകലത്തിനു സ്ഥലം കാണാതെവന്നാൽ പാവങ്ങൾ പരക്കംപാഞ്ഞുതുടങ്ങും. ഉയർന്ന ജാതിക്കാരനും അന്നു

വെറുതെ സഞ്ചരിക്കാറില്ല. 'ഹോയ് ഹോയ്' ശബ്ദത്തോടുകൂടിയാണ് അവരുടെ ഘോഷയാത്ര. ഒരിക്കൽ ഒരു നമ്പൂതിരിക്ക് ഒരു പുലയൻ വഴിമാറിക്കൊടുത്തു. റോഡിന്റെ അരികിൽ വിസ്താരമുള്ള ഭാഗത്തിന്റെ അങ്ങേയറ്റം വരെ ആരും പറയാതെതന്നെ മാറിക്കൊടുത്തു. തീണ്ടലിന്റെ അളവു ശരിയായോ എന്നു നമ്പൂതിരിക്ക് ഒരു സംശയം. കുറച്ചുകൂടി എന്ന് നമ്പൂതിരി പറഞ്ഞു. അയാൾ പിന്നെയും കയ്യാലയരികിലേക്കു നീങ്ങി. നമ്പൂതിരിക്കു സംശയം തീർന്നില്ല. അല്പം കൂടി എന്നു പറഞ്ഞപ്പോൾ അയാൾ കയ്യാലമുകളിലേക്കു കേറി. നമ്പൂതിരിക്കു തൃപ്തി ആയെങ്കിലും അദ്ദേഹം മർക്കടമുഷ്ടിക്കാരനല്ലാതിരുന്നതിനാൽ കാലം മാറിയ മാറ്റമോർത്തു വ്യസനിച്ചുകൊണ്ട് എതിർവശത്തെ കയ്യാലയരികിൽകൂടി വിഷമിച്ചു കടന്നുപോയി. ഇത് അക്കാലത്തെ സാധാരണ സംഭവമായിരുന്നു. തീണ്ടൽ അകലത്തിന്റെ അളവു സൂക്ഷ്മമായിരിക്കാൻ വേണ്ടി അല്പം കൂടി, പിന്നെയും അല്പംകൂടി എന്നു പറയുന്നതുകേട്ടാൽ, കഷായത്തിനു കഴഞ്ചിക്കോലിൽ മരുന്നു തൂക്കുന്ന സൂക്ഷ്മത തീണ്ടലിന്റെ കാര്യത്തിൽ ഉണ്ടെന്നു തോന്നും. ഈ നടപടികളിലും ചുറ്റുപാടുകളിലും നിന്നു വേണ്ടിയിരുന്നു നമുക്കു പുരോഗമിക്കാൻ.

എനിക്കു പ്രായപൂർത്തിയായതിനോടുകൂടി ഈ അനാചാരങ്ങളെപ്പറ്റി അല്പാല്പമായ വെറുപ്പു തോന്നിത്തുടങ്ങി. ചിന്തിക്കുന്തോറും ഈ നടപടികളുടെ അർത്ഥമില്ലായ്മയും അന്ധവിശ്വാസത്തിന്റെ അടിസ്ഥാനരാഹിത്യവും അതിന്റെ വലുപ്പത്തിൽത്തന്നെ കാണാൻ സാധിച്ചു. അവയെ ഇല്ലായ്മ ചെയ്യേണ്ടത് എന്റെയും കർത്തവ്യമാണെന്നു തോന്നി. എന്റെ കഴിവനുസരിച്ച് എനിക്കു ശരിയെന്നു തോന്നുന്നതു ചെയ്യാൻ തീരുമാനിച്ചു. നായന്മാരുടെ ഇടയിൽത്തന്നെ താഴ്ന്നപടിയിൽ ഉള്ള നായരുമായി സന്ദർഭം വന്നപ്പോഴെല്ലാം ഞാൻ പരസ്യമായി ഭക്ഷണം കഴിച്ച് അവർക്കു സമത്വം ഉണ്ടാക്കാനും, എന്റെ ഉള്ളിൽ അറിയാതെ തങ്ങിക്കിടന്ന ജാതിയുടെ ഉച്ചനീചത്വചിന്ത ഇല്ലാതാക്കാനും ശ്രമിച്ചു. തീണ്ടലും തൊടീലും എന്നെ സംബന്ധിച്ചിടത്തോളം എന്താപത്തുവന്നാലും ഞാൻ ആചരിക്കയില്ലെന്നു തീരുമാനിച്ചു. എന്റെ ദൈനംദിന ജീവിതത്തിൽ അതു നടപ്പിൽ വരുത്തി. ഇങ്ങനെ ജാതിയുടെയും തീണ്ടൽതൊടീലിന്റെയും കാർക്കശ്യം എന്റെ ചെറുവൃത്തത്തിൽ കുറച്ചുകൊണ്ടുവരുന്ന സന്ദർഭത്തിലാണ് പെരുന്ന കരയോഗം ഉണ്ടാക്കാനും അതിന്റെ ചുമതല വഹിക്കാനും ഇടയായത്. കരയോഗാംഗങ്ങളുടെ കർത്തവ്യങ്ങളിൽ ഒന്നായി അധഃകൃതോദ്ധാരണവും സ്വീകരിച്ചിരുന്നു.

അയിത്താചരണം കൊണ്ട് ദുസ്സഹത അനുഭവിച്ച ഈ സമുദായം അതിൽനിന്നു രക്ഷപെട്ട് മനുഷ്യസ്വാതന്ത്ര്യം കൈവരിക്കാനുള്ള മാർഗ്ഗം അന്വേഷിച്ചു. തീണ്ടലുള്ളതുകൊണ്ട് സർക്കാർവിദ്യാശാലകളിൽപോലും അവർക്കു പരിശീലനം ലഭിച്ചിരുന്നില്ല. അതുകൊണ്ട് കാലോചിത വിദ്യാഭ്യാസത്തിനു സൗകര്യംകിട്ടാതെ അവർ പഴയതുപോലെ പിന്തള്ളപ്പെട്ടിരുന്നു. പുറമേപോയി ഉന്നതവിദ്യാഭ്യാസംചെയ്ത ഒന്നുരണ്ട് ഈഴവരേ അന്നുണ്ടായിരുന്നുള്ളു. അവർ ഇവിടുത്തെ

സർക്കാർ സർവീസിൽ പ്രവേശനത്തിന് അപേക്ഷിച്ചിരുന്നുവെങ്കിലും തീണ്ടലുള്ള ജാതിയിൽപ്പെട്ടവരായിരുന്നതുകൊണ്ട് ആ കാരണം പറഞ്ഞ് അവരുടെ അപേക്ഷ നിരസിച്ചു. ഇങ്ങനെ തീണ്ടലിന്റെ ഉപദ്രവം അവർ കൂടുതലായി അനുഭവിക്കേണ്ടിവന്നു. അവരിൽ ഒരാൾ ഡോക്ടർ പല്പു വായിരുന്നു. അദ്ദേഹത്തിന്റെ ശ്രമംകൊണ്ട് അന്ന് അരുവിപ്പുറത്ത് ആശ്ര മത്തിൽ സ്ഥിതിചെയ്യുന്ന നാണുഗുരു സ്വാമികളുടെ നാമധേയത്തിലും പരമാധികാരത്തിലും ശ്രീനാരായണ ധർമ്മപരിപാലനയോഗം എന്നൊരു സംഘം സ്ഥാപിച്ചു. അതാണ് ഇന്നത്തെ എസ്.എൻ.ഡി.പി. യോഗം. ഈഴവസമുദായത്തിൽ ഇന്നുകാണുന്ന സർവാഭ്യുദയങ്ങൾക്കും കാരണം ശ്രീനാരായണഗുരുവിന്റെ അനുഗ്രഹവും എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രവർത്തനവുമാണെന്ന് എല്ലാവർക്കും അറിയാം. അവ രുടെ പ്രവർത്തനഫലം അവർക്കുമാത്രമല്ല പ്രയോജനപ്പെട്ടത്. അവരേ ക്കാൾ കഷ്ടതയനുഭവിക്കുന്ന പുലയർ, പറയർ മുതലായ സമുദായ ത്തിൽപ്പെട്ടവർക്കും ഉപയോഗപ്പെട്ടു. എസ്.എൻ.ഡി.പി.യുടെ സംഘട നാബലവും പ്രക്ഷോഭണവുംകൊണ്ട് സവർണ്ണരുടെയും ഗവണ്മെന്റി ന്റെയും കണ്ണുതുറന്നു. സവർണ്ണരിലെ ഉല്പതിഷ്ണുക്കളെല്ലാം ഈ പരി ഷ്ക്കാരങ്ങളെ ഹൃദയപൂർവം പിന്താങ്ങി. അയിത്തം നീങ്ങാനും ക്ഷേത്ര പരിസരത്തുള്ള വഴികളിൽകൂടി സഞ്ചരിക്കാനും അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടെങ്കിലും വിദ്യാലയപ്രവേശനം തീണ്ടൽ ജാതി ക്കാർക്കും ഇതിനകം തന്നെ അനുവദിച്ചുകൊടുത്തു. ക്രിസ്തുമതമോ ഇസ്ലാംമതമോ സ്വീകരിച്ച പുലയനും പറയനും ഏതു സ്കൂളിൽ ചേർന്നു പഠിക്കുവാനും ക്ഷേത്രസാമീപ്യമുള്ള വഴികളിൽകൂടി സഞ്ചരിക്കുവാനും അവകാശമുള്ളപ്പോൾ, ഹിന്ദുക്കളിലെ ഒരു വിഭാഗം ആളുകൾ ഒഴിഞ്ഞു മാറി നടക്കണമെന്നു പറയുന്നതിന്റെ അനൗചിത്യത്തെപ്പറ്റി ആരുംതന്നെ ഗൗനിച്ചില്ല. ഹിന്ദുക്കൾ ബഹുഭൂരിപക്ഷമുള്ളതും ഹിന്ദുരാജാവു ഭരിക്കു ന്നതുമായ ഒരു രാജ്യത്തെ ഹിന്ദുക്കളിലെ ഒരു വിഭാഗക്കാരുടെ സ്ഥിതി ഇതായിരുന്നു എന്നു പറയാൻതന്നെ ലജ്ജ തോന്നുന്നുണ്ട്.

ഈ രാജ്യത്തെ അയിത്തോച്ചാടനപ്രസ്ഥാനത്തിന്റെയും ക്ഷേത്ര പ്രവേശനത്തിന്റെയും അടിസ്ഥാനമിട്ടതും നേതൃത്വം വഹിച്ചതും പരേ തനായ ടി.കെ. മാധവനായിരുന്നു. എസ്.എൻ.ഡി.പി. യോഗത്തിന്റെ സംഘടനാസെക്രട്ടറിസ്ഥാനം അദ്ദേഹം കയ്യേറ്റതിനോടുകൂടി യോഗ ത്തിന് ഒരു നവജീവൻ വീണു. പ്രചാരണവേലയ്ക്കും അദ്ദേഹം അദ്വി തീയനായിരുന്നു. ഈഴവസമുദായത്തെ ഇന്നു കാണുന്ന മട്ടിൽ അടിയു റച്ച അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തത് മാധവന്റെ ക്ലേശവും ത്യാഗവും കൊണ്ടുമാത്രമായിരുന്നു. മഹാക്ഷേത്രങ്ങളുടെ മുമ്പിൽ ക്രിസ്ത്യാനി കൾക്കും മുസ്ലീമുകൾക്കും നടക്കാവുന്ന വഴിയിൽ 'ഈഴവർക്കു ഈ വഴിയെ നടക്കുവാൻ പാടില്ല' എന്നുള്ള തീണ്ടൽപലക എഴുതിവച്ച് അവരെ അപമാനിച്ചതിൽ അവർക്കുണ്ടായ ക്ലേശവും ശത്രുതയും ചെറു തല്ലായിരുന്നു. ഈ പലകകൾ മാറ്റുകയും സഞ്ചാരസ്വാതന്ത്ര്യം സമ്പാ ദിക്കുകയും ചെയ്യുന്നത് അയിത്തോച്ചാടനപ്രവൃത്തിയുടെ ഒന്നാമദ്ധ്യാ

യമായി മാധവൻ കരുതിയിരുന്നു. സഞ്ചാരസ്വാതന്ത്ര്യം സമ്പാദിക്കാനായി അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ഒരംഗമായി ചേരുകയും, മഹാത്മാഗാന്ധിയുടെ പരിചയം സമ്പാദിക്കുകയും ചെയ്തു. കോൺഗ്രസ്സിന്റെ പരിപാടികളിൽ അയിത്തോച്ചാടനം പ്രധാന വിഷയമായി അംഗീകരിച്ചിരുന്നു. മാധവന്റെ നിവേദനഫലമായി അതിനെ കുറേക്കൂടി ഊർജ്ജിതപ്പെടുത്താൻ മഹാത്മജിയുടെ അനുമതി സമ്പാദിക്കാൻ സാധിച്ചു.

പല മഹാക്ഷേത്രങ്ങളുടെയും മുമ്പിലെന്നപോലെ വൈക്കം ക്ഷേത്രത്തിന്റെ മുമ്പിലുള്ള റോഡുവക്കിലും തീണ്ടൽപ്പലക ഉണ്ടായിരുന്നു. അതിനപ്പുറമുള്ള പബ്ലിക് വഴിയേ ഈഴവർ തുടങ്ങിയുള്ള തീണ്ടൽജാതിക്കാർ നടക്കാൻ പാടില്ലായിരുന്നു. യാഥാസ്ഥിതികന്മാരായ ഏതാനും നമ്പൂതിരിമാരുടെയും നായന്മാരുടെയും സങ്കേതമായിരുന്നു വൈക്കം. അയിത്തോച്ചാടനത്തിനു ശക്തിയായ പ്രവർത്തനം ആരംഭിക്കാനുള്ള സ്ഥലം എന്തുകൊണ്ടും വൈക്കംതന്നെയാണെന്ന് കെ.പി.സി.സി.യുടെ അയിത്തോച്ചാടന കമ്മറ്റിക്കാരായ കെ.പി. കേശവമേനോൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ടി.കെ. മാധവൻ മുതൽപേർ യോഗം കൂടി തീരുമാനിച്ചു. അവിടെ സത്യാഗ്രഹം നടത്താനുള്ള ഒരുക്കങ്ങൾ എല്ലാം ചെയ്തു. അതിനു സവർണ്ണരുടെ, വിശേഷിച്ച് നായന്മാരുടെ ആനുകൂല്യം അത്യാവശ്യമായിരുന്നതുകൊണ്ട് മാധവനും കൂട്ടരും നായർ സർവീസ് സൊസൈറ്റി പ്രവർത്തകന്മാരെ സമീപിച്ചു. അങ്ങിങ്ങായി ചില നായർസംഘടനകൾ ഉണ്ടായിരുന്നെങ്കിലും സമുദായത്തിന്റെ ഒട്ടാകെയുള്ള പ്രാതിനിധ്യം വഹിക്കത്തക്കനില ഒരു സംഘടനയ്ക്കുമില്ലായിരുന്നു. ഉള്ള സംഘടനകളിൽ എന്തുകൊണ്ടും പ്രാമാണ്യവും സ്വാധീനവുമുണ്ടായിരുന്നത് സർവീസ് സൊസൈറ്റിക്കായിരുന്നു എന്നുമാത്രമല്ല, സർവീസ് സൊസൈറ്റി ഭാരവാഹികളും പ്രവർത്തകരുമെല്ലാംതന്നെ ഉൽപതിഷ്ണുക്കളും അയിത്തോച്ചാടനകാര്യത്തിൽ നിർബന്ധമുള്ളവരുമാണെന്നത് പ്രസിദ്ധമായിരുന്നു. സർവീസ് സൊസൈറ്റിയുടെ ആദർശങ്ങളിലും ഉദ്ദേശങ്ങളിലും ഒന്ന് അതായിരുന്നു. അതുകൊണ്ട് അയിത്തോച്ചാടനക്കമ്മറ്റിയുടെ തീരുമാനങ്ങളെ സർവീസ് സൊസൈറ്റി അനുകൂലിക്കുകയും, അതിന്റെ പ്രാരംഭം മുതൽ അവസാനം വരെ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു. എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയുടെ നിലയിലും എന്റെ സ്വന്തം നിലയിലും ഈ സത്യാഗ്രഹപ്രസ്ഥാനത്തിന്റെ വിജയത്തിന് ഞാൻ നിർഭയമായും നിർവ്യാജമായും പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളത് സുവിദിതമാണ്. ഗവണ്മെന്റും, വൈക്കത്തെ നായന്മാരിൽ ബഹുഭൂരിപക്ഷവുമുൾപ്പെടെ സവർണ്ണർ മുഴുവനും, എതിരായുള്ള സത്യാഗ്രഹത്തിന് പരസ്യമായി പിന്തുണ നൽകുക എന്നുള്ളത് അന്ന് അത്ര ലഘുവായ കാര്യമായിരുന്നില്ല. ജയിലിനേക്കാൾ ഭയപ്പെടേണ്ടിയിരുന്നത് റൗഡികളേയും പോലീസുകാരേയുമായിരുന്നു. അടിപിടിയും അക്രമവും ഭീഷണിയും ചെറിയ തോതിലല്ലായിരുന്നു നടന്നത്.

വൈക്കത്ത് നിത്യമെന്നപോലെ കൂടുന്ന മഹായോഗങ്ങളിലേയും, രാജ്യമൊട്ടാകെ സഞ്ചരിച്ച് സവർണ്ണരുടെ ആനുകൂല്യം സമ്പാദിക്കാൻ

കൂടുന്ന യോഗങ്ങളിലേയും സ്ഥിരം പ്രസംഗകരിൽ ഒരാളായിരുന്നു ഞാൻ. സത്യാഗ്രഹികളെയും പ്രസംഗകരെയും അറസ്റ്റുചെയ്യുകയും ശിക്ഷിക്കുകയും ചെയ്യുന്ന കാലമായിരുന്നു. ഗവണ്മെന്റിനേയും ജയിലിനേയും കൊള്ളക്കാരനും കൊലപാതകിയും പോലും ഭയപ്പെട്ടിരുന്നു. ന്യായാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി ഗവണ്മെന്റിനെപ്പോലും എതിർക്കുവാനുള്ള തന്റേടവും നിർഭയത്വവും ഈ രാജ്യത്തുണ്ടാക്കിയത് വൈക്കം സത്യാഗ്രഹമാണ്. അതിലെ പ്രധാന ഭാഗഭാഗിത്വം വഹിച്ചത് സർവീസ് സൊസൈറ്റിയുമാണ്. 1099 കുംഭം 16-ന് കെ.പി. കേശവമേനോൻ അയിത്തോച്ചാടനക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വൈക്കത്തു വച്ചു കൂടിയ യോഗസമക്ഷം പ്രസംഗിച്ചത്, സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടി ക്ഷേത്രനടയിൽ പിറ്റേദിവസം മുതൽ സത്യാഗ്രഹം ആരംഭിക്കുമെന്നാണ്. നാട്ടുകാരുടെ താൽപര്യപ്രകാരം ഒരു മാസത്തേക്കു മാറ്റിവച്ചെങ്കിലും നിശ്ചയിക്കപ്പെട്ട തീയതിയിൽ സത്യാഗ്രഹം ആരംഭിക്കുക തന്നെ ചെയ്തു. സത്യാഗ്രഹം എന്താണെന്നറിഞ്ഞിട്ടില്ലാത്ത ഈ രാജ്യവാസികൾ, അതുകാണാൻ വേണ്ടിത്തന്നെ, ലക്ഷക്കണക്കിന് വന്നെത്തി. ഗവണ്മെന്റിന്റെയും, വിശേഷിച്ച് പോലീസിന്റെയും ശ്രദ്ധ മുഴുവൻ വൈക്കത്തേക്കു നീങ്ങി. സത്യാഗ്രഹികളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ തടുക്കാൻ വേണ്ടി, വൈക്കത്തെ തീണ്ടൽപ്പലകയുടെ സമീപത്ത് പോലീസുകാർ അണിനിരന്നു. സത്യാഗ്രഹാശ്രമത്തിൽനിന്നും അന്ന് അതിരാവിലെ കുളിച്ച് ഈശ്വരഭജനയും കഴിഞ്ഞ്, വാളന്റിയർമാരായ ഒരു നായരും ഒരു ഈഴവനും ഒരു പുലയനും ഖദർമുണ്ടും ഷർട്ടും ഗാന്ധിത്തൊപ്പിയും ധരിച്ച്, അയിത്താചരണത്തിന്റെ ഭയങ്കരതയെ സൂചിപ്പിക്കുന്ന പാട്ടോടുകൂടി സത്യാഗ്രഹസ്ഥലത്തു വന്നെത്തി. ആശ്രമത്തിലെ നടപടികളിലെല്ലാം തലേദിവസം മുതൽ ഞാനും പങ്കാളിയായിരുന്നു. ഞങ്ങളാരും ഉറങ്ങീട്ടില്ല. പിറ്റേദിവസം ആരംഭിക്കുന്ന പ്രവൃത്തിയുടെ ഗൗരവം ഏറെക്കുറെ ഞങ്ങൾക്കറിയാമായിരുന്നു. തടുക്കുന്ന പോലീസിന്റെ നടപടി എന്തെന്നു നിശ്ചയമില്ലായിരുന്നു. മർദ്ദനമാണോ ജയിലാണോ എന്നൊന്നും വെളിപ്പെട്ടിരുന്നില്ല. സത്യാഗ്രഹവാളന്റിയറന്മാരെ സത്യാഗ്രഹസ്ഥലത്തുവച്ചു സ്വീകരിച്ചത് ജനപ്രാതിനിധ്യം വഹിച്ചുകൊണ്ട് ഞങ്ങളിൽ ചിലരായിരുന്നു. ഒരു വാളന്റിയറുടെ കഴുത്തിൽ മാലയിട്ടു ഞാൻ സ്വീകരിച്ചു. അവരെ മൂന്നാളേയും അറസ്റ്റുചെയ്തു കോട്ടയത്തേക്കു കൊണ്ടുപോവുകയും ശിക്ഷിക്കുകയും ചെയ്തു. പിറ്റേദിവസവും മേൽവിവരിച്ച ജാതിക്രമത്തിനുതന്നെ മൂന്നു വാളന്റിയറന്മാർ സത്യാഗ്രഹത്തിനുവന്നു. അവരേയും അറസ്റ്റുചെയ്തു. ദിവസവും അറസ്റ്റു നടന്നുകൊണ്ടിരുന്നു. പണം ശേഖരിക്കാനും പ്രചരണവേലയ്ക്കുമായി ഞങ്ങളിൽ പലരും പോയിയും വന്നുംകൊണ്ടിരുന്നു. എന്നുംതന്നെ വൈകിട്ട് കായൽവാരത്തു കൂടുന്ന യോഗങ്ങളിൽ പങ്കുകൊള്ളാനും സത്യാഗ്രഹാശ്രമത്തിലെ സ്ഥിതിഗതികൾ അന്വേഷിക്കാനുമായി വന്നുകൂടുന്ന ആളുകൾക്ക് കണക്കും കയ്യുമില്ലായിരുന്നു. ഒരു ഘട്ടം വന്നപ്പോൾ കെ.പി. കേശവമേനോനും, ടി.കെ. മാധവനും സത്യാഗ്രഹ വാളന്റി

യറന്മാരായി. അവരേയും അറസ്റ്റുചെയ്തു ശിക്ഷിച്ചു. അങ്ങനെ സത്യാഗ്രഹം ഊർജ്ജിതമായിത്തന്നെ നടന്നു. ഗവണ്മെന്റ് വിഷമിച്ചു തുടങ്ങി. ഒടുവിൽ ഗവണ്മെന്റ് അറസ്റ്റുചെയ്യേണ്ടാ തടഞ്ഞാൽ മതിയെന്നു തീരുമാനിച്ചു. അതു സത്യാഗ്രഹപ്രസ്ഥാനത്തിന് അല്പം ക്ഷീണമുണ്ടാക്കി. എങ്കിലും ഒഴുക്കിൽ വീണുകഴിഞ്ഞതുകൊണ്ട് മുറയ്ക്കു നടന്നുകൊണ്ടിരുന്നു.

ഇതിനിടയിൽ ഉണ്ടായ ഒരു സംഭവം എന്നെ പ്രത്യേകം ബാധിക്കുന്നതാണ്. ഞാൻ ഒരു കാര്യവുമായി ചങ്ങനാശ്ശേരിയിൽവന്ന് മന്നത്തുവീട്ടിൽ പാർക്കുകയായിരുന്നു. കാലത്ത് എട്ടൊൻപതു മണികഴിഞ്ഞപ്പോൾ വൈക്കത്തുനിന്നും പത്തനംതിട്ടക്കാരൻ ഭട്ടതിരിയും, ആറന്മുളക്കാരൻ അഴകനും വേറെ ഒരാളുംകൂടി എന്റെ വീട്ടിൽവന്നു. തലേദിവസത്തെ വൈക്കം സംഭവഗതികൾ എന്നെ പറഞ്ഞുകേൾപ്പിച്ചു. അവർ ആഹാരം കഴിച്ചിട്ടില്ലെന്നു മനസ്സിലായി. അമ്മയോടു സ്വകാര്യം ചോദിച്ചപ്പോൾ എല്ലാവർക്കും കഞ്ഞി തരാമെന്നു സമ്മതിച്ചു. വീണ്ടും സംഭാഷണം ചെയ്യുന്നതിനിടയിൽ കൂടെയുള്ള അഴകനു കഞ്ഞികൊടുക്കുന്ന കാര്യം എന്റെ ആലോചനയിൽ വന്നു. അഴകന് എവിടെയിരുത്തി കഞ്ഞി കൊടുക്കും. തിരിച്ചിരുത്തി കഞ്ഞി കൊടുക്കുന്നത് എന്റെ നിലയ്ക്കു ശരിയോ? ജാതി നോക്കാതെ പൊതുസ്ഥലത്ത് ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാനുള്ള പരിചയം ഞാനും സമ്പാദിച്ചിരുന്നു. എന്നാൽ വീട്ടിൽ തീണ്ടൽ ആചരണം കൂടാതെ ഒരുമിച്ചിരുന്ന് സംസാരിക്കാമെന്നുള്ളതിൽ കവിഞ്ഞ് ഒരു പരീക്ഷണം നടത്തേണ്ട സന്ദർഭമുണ്ടായിട്ടില്ല. ഞാൻതന്നെ ഇത്ര വിഷമിക്കുമ്പോൾ എന്റെ അമ്മയ്ക്ക് എത്ര ബുദ്ധിമുട്ടുണ്ടാകാം. അഴകനെ ഭക്ഷണത്തിനു മാറ്റിയിരുത്താനും ഒരുമിച്ചിരുത്താനും ശക്തനല്ലാതെ ഞാൻ കുഴങ്ങി. ജാതി വേണ്ടെന്ന് ഉറക്കെ പ്രസംഗിച്ചുകൊണ്ട് നടക്കുന്ന ഞാൻ - അയിത്തോച്ചാടനത്തിൽ സജീവമായി പങ്കുകൊള്ളുന്ന ഞാൻ - ബ്രാഹ്മണനും പുലയനും നായരും ഉൾപ്പെടെ എന്റെ വീട്ടിൽ വന്ന അതിഥികളെ അവരുടെ ഉയർച്ച-താഴ്ചയനുസരിച്ച് വേർതിരിച്ച് ഇരുത്തി ഭക്ഷണം കൊടുക്കുന്നത് ശരിയല്ലെന്നു തോന്നി. വർത്തമാനത്തിൽ പങ്കുകൊണ്ടിരുന്നു എങ്കിലും എന്റെ മനസ്സുമുഴുവൻ വ്യാപരിച്ചിരുന്നത് ഈ വിഷയങ്ങളിലായിരുന്നു. എന്റെ വിശ്വാസത്തിനും സംസാരത്തിനും എതിരായി എന്തായാലും ഞാൻ എന്റെ വീട്ടിൽവച്ചു പ്രവർത്തിക്കയില്ലെന്നു മനസ്സുകൊണ്ടു തീരുമാനിച്ചു. എന്നല്ല, ഇന്നത്തെ അതിഥികളിൽ അഗ്രഗണ്യൻ അഴകപ്പുലയനാണെന്നും എനിക്കു തോന്നി. അനവധി നൂറ്റാണ്ടുകാലമായി പുലയരോടും മറ്റും എന്റെ പൂർവികന്മാർ അറിയാതെ ചെയ്ത പാപകർമ്മങ്ങൾക്കു പരിഹാരമായി, എന്റെ വീട്ടിൽവച്ചുതന്നെ ഈ പ്രായശ്ചിത്തം നടത്തണമെന്നായിരിക്കും ദൈവനിശ്ചയം. മുറയ്ക്കു നടക്കട്ടെ എന്നുള്ള വിചാരഗതിയോടുകൂടി സ്വകാര്യമായി അമ്മയെ വിവരം ധരിപ്പിച്ചു. ഈഴവനുപോലും തീണ്ടലുള്ള അക്കാലത്ത്, ഞാൻ പതിവായി ഭക്ഷണം കഴിക്കുന്ന അടുക്കളവാതുക്കൽ പുലയനോടുകൂടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാൻ അനുവദിക്കണമെന്നും

അമ്മതന്നെ വിളമ്പിത്തരണമെന്നും പറഞ്ഞാൽ വൃദ്ധയായ ഒരു മാതാവിനുണ്ടാകാവുന്ന വികാരഗതികളെന്തായിരിക്കാമെന്ന് ഏറെക്കുറെ ഊഹിക്കാവുന്നതാണ്. എന്നാൽ എന്റെ അമ്മയ്ക്ക് പഠിപ്പില്ലായിരുന്നെങ്കിലും, തീണ്ടലും തൊടീലും അസമത്വങ്ങളും വലിയ അന്യായമാണെന്നു തോന്നീട്ടുണ്ടായിരുന്നു. എന്റെ ദിക്കിലോ സമീപത്തോ ഉണ്ടാകുന്ന നായർ യോഗങ്ങളിലെല്ലാം മുടങ്ങാതെതന്നെ അമ്മ പങ്കുകൊള്ളുമായിരുന്നു. അതുകൊണ്ട് നായരുടെ ഇടയിലെ ജാതിഭേദം അർത്ഥമുള്ളതല്ലെന്നും, തീണ്ടലും തൊടീലും മാറ്റേണ്ടതാണെന്നും അമ്മ ധരിച്ചിരുന്നു. നായരുടെ കാര്യത്തിൽ അവസരം വന്നപ്പോഴെല്ലാം എന്റെ അമ്മ അതു കൂസൽകൂടാതെ ലംഘിച്ചിരുന്നു. അതിനപ്പുറം പോകാൻ അമ്മ ഇതുവരെ വിചാരിച്ചിരുന്നില്ല. അതിനുള്ള ആവശ്യമോ സന്ദർഭമോ ഇതുവരെ ഉണ്ടായിട്ടില്ല. എന്റെ അഭ്യർത്ഥന അമ്മയെ അമ്പരപ്പിച്ചിരിക്കാം. മകൻ ചെയ്യുന്നതെല്ലാം ശരിയെന്നു വിചാരിക്കുന്ന, അതിരുകവിഞ്ഞ പുത്രവാത്സല്യമുള്ള എന്റെ അമ്മ, 'നിന്റെ ഹിതമതാണെങ്കിൽ അങ്ങനെ ആകട്ടെ' എന്നു പറഞ്ഞതേയുള്ളു. എന്റെ അപേക്ഷയ്ക്ക് അമ്മ വഴിപ്പെട്ടിരുന്നില്ലെങ്കിൽ എന്റെ അപ്പോഴത്തെ സ്ഥിതി എന്തായിരിക്കുമെന്ന് വായനക്കാർ ഊഹിച്ചുകൊണ്ടാൽ മതി.

അമ്മ അടുക്കളവാതുക്കൽ വിരിച്ചിരുന്ന മെത്തപ്പായിൽ ഞങ്ങൾ നാലാളും ഇരുന്നു. ഞാനിരുന്ന പായിൽ ഇടത്തുവശത്ത് അഴകനെ ഇരുത്തി. ഭട്ടതിരിയും നായരും മറ്റേ പായിൽ ഇരുന്നു. എന്റെ അമ്മയുടെ കൈകൊണ്ടുതന്നെ ആദ്യമായി അഴകനു കഞ്ഞി വിളമ്പി. ഞങ്ങളെല്ലാം കഞ്ഞികുടിച്ചു തീരാറായപ്പോൾ പുതുതായി ഒരു വിചാരം എന്റെ ഉള്ളിൽ പൊന്തിവന്നു. പാത്രമെടുക്കണ്ടേ, അതാരാണ്? അവരവർക്കാകാം. എങ്കിലും അതല്ലല്ലോ നാം വീടുകളിൽ കാണിക്കുന്ന ആതിഥ്യമര്യാദ. അത് ഇന്നു മാറ്റേണ്ടിവരുമെങ്കിൽ അഴകനുള്ളതുകൊണ്ടുള്ള വിശേഷമെന്നല്ലാതെ മറ്റെന്താണു പറയാനുള്ളത്? ആ വ്യത്യാസം കാണിക്കുന്നതും തെറ്റാണ്. ഇതെല്ലാം നിമിഷമാത്ര കൊണ്ടു ചിന്തിച്ച് ഒരു തീരുമാനത്തിലെത്തി. പാത്രമെടുക്കാൻ ഭാവിച്ച അഴകനെക്കൊണ്ട് അതെടുപ്പിക്കാതെ, കൈ കഴുകാൻ നിർബന്ധിച്ചു പറഞ്ഞയച്ചു. അവരെല്ലാം അപ്പുറത്തേക്കു പോയിക്കഴിഞ്ഞപ്പോൾ, അമ്മയ്ക്കു വിമ്മിഷ്ടം വരരുതെന്നുകരുതി, ആരുണ്ടമ്മേ ഈ പാത്രമെടുക്കാൻ എന്നു ചോദിച്ചു. വേലക്കാരിയുണ്ടെന്ന് അമ്മ പറഞ്ഞപ്പോൾ ശബ്ദിക്കാത്ത അവൾ മുന്നോട്ടു വന്ന്, പുലയന്റെ പാത്രം മിഴക്കാൻ എനിക്കു സാധിക്കയില്ലെന്നു പറഞ്ഞു. എനിക്കവളോട് അശേഷം കോപം തോന്നിയില്ല. ആരും കാണുകയില്ലല്ലോ, ഞാൻ തന്നെ എടുത്തുകഴുകാം എന്നു പറഞ്ഞ് പാത്രമെടുത്തു തുടങ്ങിയപ്പോൾ അമ്മ തടസ്സപ്പെടുത്തി; അമ്മതന്നെ അതു കഴുകിവച്ചു.

ഇന്ന് ഇതത്ര കാര്യമായി അധികംപേർ കരുതുമെന്നു തോന്നുന്നില്ല. എന്നാൽ 32 കൊല്ലം മുമ്പുള്ള സ്ഥിതി അതല്ലായിരുന്നു. ക്ഷേത്രപ്രവേശനവിളംബരത്തോടുകൂടി ഒരു 'യുഗമാറ്റം' തന്നെ വന്നിട്ടും, ഇന്നും

അപൂർവമായെങ്കിലും തീണ്ടലിനെ സ്വപ്നംകാണുന്നവരും, പുലയരെ ചായക്കടയിൽ കടത്താത്തവരുമുണ്ടെന്ന് ഓർമ്മിക്കണം. എന്റെ അമ്മയുടെ സന്മനസ്സും അനുഗ്രഹവുമാണ് എന്റെ സകല ശ്രേയസ്സുകൾക്കും അടിസ്ഥാനം. യാദൃച്ഛികമായിട്ടാണെങ്കിലും ഈ വിഷമഘട്ടത്തിലും അമ്മയുടെ രൂപംപ്രാപിച്ച അനുഗ്രഹം എന്നെ രക്ഷിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞു. ഞങ്ങൾ കഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ ഇവിടുത്തെ ഒരു പ്രധാന ബന്ധു വന്നുകാണാനും, പെട്ടെന്നു മ്ലാനവദനനായ അദ്ദേഹം ഇറങ്ങിപ്പോകാനും ഇടയായി. അതുകൊണ്ട് ഈ സംഭവം നാടുനീളെ പരസ്യപ്പെടാൻ സമയമധികം വേണ്ടിവന്നില്ല. കുറെ നാളത്തേക്ക് അനുകൂല - പ്രതികൂല ഭാവത്തിലുള്ള വാദപ്രതിവാദങ്ങൾക്ക് ഇപ്രദേശത്തെ പ്രധാന വിഷയം അക്കാലത്ത് അതുമാത്രമായിരുന്നു. അങ്ങനെ ദേവനിശ്ചയമനുസരിച്ച്, സഞ്ചാരസ്വാതന്ത്ര്യത്തിനും ജാതിനശീകരണത്തിനും ആത്മാർത്ഥമായി പ്രവർത്തിക്കാൻ ഞാൻ അവകാശിയായിത്തീർന്നിരിക്കുന്നു എന്ന് അന്നുമുതൽ എനിക്കു ബോദ്ധ്യമുണ്ടായി. അതിനുശേഷം ജാതിയുടെ ഉച്ചനീചത്വചിന്താഗതി എന്നെ ഇതുവരെ ബാധിച്ചിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാകുന്നു.

വൈക്കം സത്യാഗ്രഹം പല കാലഘട്ടങ്ങളെ തരണം ചെയ്ത് പുരോഗമിച്ചുകൊണ്ടിരുന്നു. സത്യാഗ്രഹികളെ തടുക്കാൻ ഒരു വേലി കെട്ടി പോലീസുകാർ കാവൽനിന്നിരുന്നു. 99 കർക്കടകത്തിൽ ഭയങ്കരമായ വെള്ളപ്പൊക്കമുണ്ടായി. സത്യാഗ്രഹികൾ നിന്നിരുന്ന സ്ഥലത്ത് നെഞ്ചളവു വെള്ളമുണ്ടായിരുന്നു. ആ വെള്ളത്തിലും നേരനീക്കം വരുത്താതെനിന്ന് സത്യാഗ്രഹികൾ തപസ്സുചെയ്തു. സത്യാഗ്രഹത്തിനു ശക്തി വർദ്ധിപ്പിക്കാനും, നായന്മാരുടെ ആനുകൂല്യം കൂടുതലായി പ്രകടിപ്പിക്കാനും വേണ്ടി, നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലും, മലബാർ കാരുതോടി മാധവൻനായരുടെ അദ്ധ്യക്ഷതയിലും ഒരു നായർസമ്മേളനം നടത്തി. സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്നുള്ള പ്രമേയം പാസ്സാക്കി. അവിടെവച്ചുതന്നെ എൻ.എസ്.എസ്സും, എസ്.എൻ.ഡി.പി.യും ചേർന്ന് സംയുക്തസമ്മേളനം നടത്തി. നായരും ഈഴവരും ഇത്രയധികം ചേർന്നുള്ള സമ്മേളനം അതിനുമുമ്പും പിമ്പുമുണ്ടായിട്ടില്ല. സത്യാഗ്രഹപ്രതികൂലികളുടെ സംഖ്യ ദിവസേന കുറഞ്ഞുവന്നു എങ്കിലും, ഇവിടുത്തെ യാഥാസ്ഥിതിക ഗവണ്മെന്റിന്റെ മർക്കടമുഷ്ടിക്കും, മൗഢ്യത്തിൽ അടിയുറച്ച 'അന്തസ്സ്' പാലനത്തിനുള്ള ആഗ്രഹത്തിനും പറയത്തക്ക കുറവുണ്ടായില്ല. സഞ്ചാരസ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കും അനുവദിക്കേണ്ടതാണെന്ന് ഗവണ്മെന്റ് സമ്മതിക്കാറുണ്ട്. കീഴ്നടപ്പിനെയും, ന്യൂനപക്ഷത്തിനുണ്ടാകാവുന്ന ദുഃഖത്തേയും ചൂണ്ടിക്കാണിച്ച് സത്യാഗ്രഹികളെ തോൽപിക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കാനാണ് അവർ ആഗ്രഹിച്ചത്. അതുകൊണ്ട് സത്യാഗ്രഹികളും പോലീസുകാരുമായുള്ള 'പശുവും പുലിയും കളി' തുടർന്നു നടത്തേണ്ടിവന്നു. ലോകപ്രസിദ്ധന്മാരായ പലരും വൈക്കത്തുവന്നു പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തതുകൊണ്ടൊന്നും

പ്രയോജനമുണ്ടായില്ല. മഹാത്മജിയുടെ ഉപദേശം കേട്ടാലും, ശാസ്ത്രഗ്രന്ഥം മുഖാന്തിരം യുക്തിവാദം ചെയ്താലും, കണ്ണുതുറക്കാത്ത അപൂർവം ചില 'ഇണ്ടൻ തുരുത്തി'മാരല്ലാതെ ആരുംതന്നെ ഈ പ്രസ്ഥാനത്തിന് എതിരായുണ്ടായിരുന്നില്ല. ഗവണ്മെന്റിന്റെ തടസ്സവും പിന്തുണയും മാത്രമായിരുന്നു പ്രധാന പ്രതിബന്ധം.

ഒരവസരത്തിൽ ഇ.വി. രാമസ്വാമിനായ്ക്കരും കുറെ തമിഴന്മാരും വൈക്കത്തുവന്ന് സത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. അവരിൽ വാഗ്മികളായ നാലഞ്ചുപേരും ഒരുമിച്ച് പ്രചരണത്തിനായി ഞാൻ രാജ്യത്തിന്റെ പല ഭാഗത്തും സഞ്ചരിച്ചു. ഞങ്ങൾ തിരുവനന്തപുരം മൈതാനത്തിൽ എത്തി പ്രസംഗിച്ചു. ഞങ്ങളെല്ലാവരുംതന്നെ ഗവണ്മെന്റിനെ കുറ്റപ്പെടുത്തുകയും ചെയ്തു. ആ യോഗം കഴിഞ്ഞ് ഞങ്ങൾ തമ്മിൽ പിരിഞ്ഞു. പിറ്റേദിവസം അവരെയെല്ലാം അറസ്റ്റുചെയ്തതായി പത്രങ്ങളിൽ കണ്ടു. ഞാൻ ചങ്ങനാശ്ശേരിയിലെത്തി അറസ്റ്റുവാറണ്ടിനെ പ്രതീക്ഷിച്ച് രണ്ടു മൂന്നു ദിവസം ഇരുന്നു. എന്റെ കാത്തിരുപ്പ് വെറുതെയായി. എന്നെമാത്രം ഒഴിവാക്കിയതിന്റെ കാരണം ഇതുവരെ അറിയപ്പെട്ടിട്ടില്ല.

99 കർക്കടകത്തിൽ ശ്രീമൂലംതിരുനാൾ നാടുനീങ്ങി. ഭരണഭാരം കയ്യേൽക്കണ്ടത് ശ്രീചിത്തിര തിരുനാൾ ആയിരുന്നു. അദ്ദേഹം മേജർ അല്ലാതിരുന്നതുകൊണ്ട് ആറ്റിങ്ങൽ മൂത്തതമ്പുരാനായ സേതുലക്ഷ്മീഭായി തിരുമനസ്സുകൊണ്ട് റീജന്റായി ഭരണം കയ്യേറ്റു. അപ്പോഴും ദിവാൻ രാഘവയ്യായായിരുന്നു. മഹാറാണി റീജൻസിഭരണം കയ്യേറ്റപ്പോൾ ജയിലിൽകിടന്ന സത്യാഗ്രഹികളെ എല്ലാം വിട്ടയച്ചു. എങ്കിലും സഞ്ചാരസ്വാതന്ത്ര്യത്തിന് അനുകൂലമായ മനോഭാവമൊന്നും പുതുതായുണ്ടായില്ല. അതുകൊണ്ട് സത്യാഗ്രഹം തുടർന്നു നടന്നുകൊണ്ടിരുന്നു. സത്യാഗ്രഹത്തിന്റെ പുതുമ എല്ലാം അവസാനിച്ചതുകൊണ്ടും, പൊതുജനശക്തി ഒരേ രൂപത്തിൽ ദീർഘകാലം നിലനിൽക്കുന്നതല്ലാത്തതുകൊണ്ടും, വൈക്കത്തെ സത്യാഗ്രഹപ്രസ്ഥാനത്തിനു തണുപ്പുബാധിച്ച ലക്ഷണം കണ്ടുതുടങ്ങി. അവകാശവാദത്തിന്റെ ന്യായത്തെപ്പറ്റി ആർക്കും തർക്കമില്ല. സവർണ്ണഹിന്ദുക്കളുടെ തടസ്സം മാത്രമേ അപ്പോഴും പ്രതിബന്ധമായി ചൂണ്ടിക്കാണിക്കാനുണ്ടായിരുന്നുള്ളു. വാസ്തവത്തിൽ അവരുടെ സംഖ്യ വളരെ പരിമിതമെന്നു ഗവണ്മെന്റിനറിയാമായിരുന്നു എങ്കിലും ആ മറവിൽ കുറെക്കൂടി കാലം പോകാൻ തീരുമാനിച്ചു.

അദ്ധ്യായം - 16

സവർണ്ണജാഥ

ബുദ്ധിമാനായ മഹാത്മജി ഈ പരിതസ്ഥിതികളെയെല്ലാം പരിഗണിച്ച് സവർണ്ണരുടെ സമ്മതവും അവർക്കുള്ള നിർബന്ധവും രേഖപ്പെടുത്താൻ വൈക്കത്തുനിന്നും ഒരു സവർണ്ണജാഥ കാൽനടയായി പുറപ്പെട്ട് തിരുവനന്തപുരത്തെത്തി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കാൻ മഹാറാണി റീജന്റിന്റെ മുമ്പിൽ ഒരു മെമ്മോറാണ്ടം സമർപ്പിക്കണമെന്നു നിർദ്ദേശിച്ചു. ആ സവർണ്ണജാഥയിൽ അഞ്ഞുറുപേരിൽ കുറയരുതെന്നും വ്യക്തമാക്കിയിരുന്നു.

സവർണ്ണജാഥാരൂപീകരണം ശ്രമസാദ്ധ്യമായ ഒന്നായിരുന്നു എങ്കിലും അതിനുള്ള ഒരുക്കങ്ങൾ ഉടനെ ആരംഭിച്ചു. എ.കെ. പിള്ളയും ഞാനും ടി.കെ. മാധവനും കൂടി രാജ്യമൊട്ടാകെ സഞ്ചരിച്ച് അതിനു വേണ്ട പ്രചരണമെല്ലാം നടത്തി. ആവശ്യമുള്ള വ്യവസ്ഥകളും സവർണ്ണ ജാഥയുടെ വൈക്കം മുതൽ തിരുവനന്തപുരം വരെയും, നാഗർകോവിൽ മുതൽ തിരുവനന്തപുരം വരെയുമുള്ള സഞ്ചാരകാര്യപരിപാടിയും തയ്യാറാക്കി പ്രസിദ്ധീകരിച്ചു. എന്നെ അതിന്റെ സർവസൈന്യാധിപനാക്കി. 1100 തുലാം 16-ാം തീയതി കാലത്ത് ജാഥാംഗങ്ങൾ വൈക്കം ക്ഷേത്രത്തിൽ ദർശനം കഴിച്ച് അഭീഷ്ടസിദ്ധിക്കുള്ള പ്രാർത്ഥനയോടുകൂടി തിരുവനന്തപുരത്തേക്കു കാൽനടയായി പുറപ്പെട്ടു. സഞ്ചാരസ്വാതന്ത്ര്യം എല്ലാ പൗരന്മാരുടെയും ജന്മാവകാശമാണെന്ന് എഴുതിയ ബോർഡും കോൺഗ്രസ്കൊടിയും ജാഥയുടെ മുമ്പിൽ പിടിച്ചിരുന്നു. സർവസൈന്യാധിപന്റെ പിന്നിൽ ഖദർമുണ്ടും ഷർട്ടും ഗാന്ധിത്തൊപ്പിയും ധരിച്ച് ജാഥാംഗങ്ങൾ രണ്ടുവരിയായി അണിനിരന്ന് ഇതിനുവേണ്ടി പ്രത്യേകം നിർമ്മിച്ച പാട്ടുകളും പാടിപ്പോകുന്ന കാഴ്ച ആരുടെയും ഹൃദയത്തെ സ്പർശിക്കുന്നതായിരുന്നു. വഴിയുടെ ഇരുവശങ്ങളിലും കണക്കില്ലാതെ കൂടുന്ന ജനങ്ങൾ ഹാരസമർപ്പണംകൊണ്ടും മംഗളാശംസകൊണ്ടും അവരുടെ അനുഭാവപ്രകടനവും അനുഗ്രഹാനുകൂല്യങ്ങളും പ്രത്യക്ഷമാക്കി. എല്ലാ ദിവസങ്ങളിലും കാലത്തെ പുറപ്പെട്ട് ഉച്ചയ്ക്ക് ഒരു താവളത്തിലും, പകലെ അവിടെനിന്നും പുറപ്പെട്ട് സന്ധ്യയ്ക്കുമുമ്പ് അടുത്ത താവളത്തിലും എത്തി വിശ്രമിക്കത്തക്ക വ്യവസ്ഥയായിരുന്നു ചെയ്തിരുന്നത്. ഓരോ താവളത്തിലെയും വിശ്രമസ്ഥലങ്ങളെല്ലാം ആ പ്രദേശത്തുള്ളവർ കെട്ടി അലങ്കരിച്ച് യോഗം കൂടാനുള്ള സൗകര്യവും ചെയ്തിരുന്നു. ഓരോ സ്ഥലത്തും ചെന്നാലുടൻ സർവസൈന്യാധിപന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി ജാഥയുടെ ഉദ്ദേശ്യത്തെപ്പറ്റി പ്രസംഗിക്കും. അയിത്തം ഇല്ലാതാക്കാനും സഞ്ചാരസ്വാതന്ത്ര്യം ഉണ്ടാക്കാനും സവർണ്ണഹിന്ദുക്കൾക്കുള്ള ബാദ്ധ്യതയേയും അവർണ്ണഹിന്ദുക്കൾക്ക് ഇന്നുള്ള ക്ലേശങ്ങളേയും പറ്റിയായിരിക്കും പ്രസംഗം. ഏതു താവളത്തിൽ കൂടുന്ന യോഗവും ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു. ഹിന്ദുക്കൾ തിങ്ങിപ്പാർക്കുന്ന മദ്ധ്യതിരുവിതാംകൂർ മുതൽ തെക്കോട്ടുള്ള പ്രദേശങ്ങളിലെ

സ്വീകരണവും യോഗവും എത്ര വമ്പിച്ച നിലയിലുള്ളതായിരുന്നു എന്നു പറയാൻ പ്രയാസം. വഴിയുടെ ഇരുവശങ്ങളിലുമുള്ള ഹിന്ദുഭവനങ്ങളുടെ മുൻഭാഗം കെട്ടിയലങ്കരിച്ചും, നിറപറയും നിലവിളക്കും വച്ചും, ഭവനദേവതകളായ സ്ത്രീജനങ്ങൾ വായ്ക്കുരവയിട്ടും സവർണ്ണജാഥയെ ഭക്തിപൂർവം സ്വീകരിക്കുന്നതു കണ്ടാൽ ഈ വിഷയത്തിൽ സവർണ്ണാനുകൂല്യം വേണ്ടവണ്ണമുണ്ടെന്ന് ആർക്കും ബോദ്ധ്യപ്പെടുന്നതാണ്.

ഓരോ താവളത്തിലും പുതുതായി ജാഥാംഗങ്ങൾ വന്നുചേർന്നുകൊണ്ടിരുന്നു. അവരെ എല്ലാം അപ്പഴപ്പോൾ രജിസ്റ്ററിൽ ചേർക്കാനും അവർക്കുവേണ്ട നിർദ്ദേശം നൽകുന്നതിനും മറ്റുമായി ചേർത്തല കെ. ജി. ഗോപാലകൃഷ്ണൻ സർവസൈന്യാധിപന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ ചാർജ്ജു വഹിച്ചുകൊണ്ട് എന്റെ കൂടെത്തന്നെയുണ്ടായിരുന്നു. വൈക്കത്തുനിന്നും പുറപ്പെട്ട സവർണ്ണജാഥ കടുത്തുരുത്തി, ഏറ്റുമാനൂർ, കോട്ടയം, ചങ്ങനാശ്ശേരി വഴി ചെങ്ങന്നൂരെത്തിയിട്ട്, വെണ്മണി വഴി മാവേലിക്കരയും, അവിടെനിന്ന് തട്ടാരമ്പലം, കായംകുളം വഴി കരുനാഗപ്പള്ളിയിലും, ചവറ തേവലക്കരയിലും കൂടി, വള്ളംവഴി അഷ്ടമുടിക്കായൽ താണ്ടി പ്രാക്കുളത്തും, പടിഞ്ഞാറെ കൊല്ലം വഴി കൊല്ലംടൗണിലെത്തി, പരവൂർ കടപ്പുറത്തുകൂടി കായിക്കരയിലും, വക്കം കടയ്ക്കാവൂർ വഴി ആറ്റിങ്ങലും, അവിടെനിന്നും റോഡുവഴി തിരുവനന്തപുരത്തും ചെന്നെത്താനുള്ള ഏർപ്പാടാണ് ചെയ്തിരുന്നത്. ആളുകൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശങ്ങളിലെ ചെറുകായലുകളിൽ താൽക്കാലിക പാലം പോലുമുണ്ടാക്കി അലങ്കരിച്ചിരുന്നു. വഴിയിലും താവളസ്ഥലങ്ങളിലും ഉള്ള ഒരുക്കങ്ങൾ ശരിയോ എന്നു പരിശോധിച്ചുകൊണ്ട് എ.കെ. പിള്ളയും ടി.കെ. മാധവനും മുമ്പേ സഞ്ചരിച്ചിരുന്നതുകൊണ്ട് ഒന്നിനും ഒരു കുറവോ കാലതാമസമോ എങ്ങുമുണ്ടായിരുന്നില്ല. ആയിരത്തിൽപരം ജാഥാംഗങ്ങൾക്കും അനുയായികൾക്കും ഭക്ഷണത്തിനും വിശ്രമത്തിനുമുള്ള സൗകര്യങ്ങൾ അതതു സ്ഥലത്തെ ജനങ്ങൾതന്നെ ചെയ്തിരുന്നു. നമ്പൂതിരി മുതൽ നായർ വരെ സവർണ്ണരിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും സമുദായത്തിൽകുറുപ്പ്, പ്രാക്കുളം പരമേശ്വരൻപിള്ള, കോട്ടൂർ പപ്പുപിള്ള മുതലായ പ്രമാണിമാരും ജാഥയിൽ ഉൾപ്പെട്ടിരുന്നു. വഴിനീളെയുള്ള തിരക്കുകൊണ്ട് ജാഥാംഗങ്ങൾക്കു സഞ്ചരിക്കാൻപോലും വിഷമം നേരിട്ടു. ജാഥാംഗങ്ങൾക്കു ദാഹം തീർക്കാനായി പല സ്ഥലത്തും കരിക്കുചെത്തി കൂനകൂട്ടിയിട്ടിരിക്കുന്നതു കണ്ടാൽ ആളുകൾ അമ്പരന്നുപോകും. നിമിഷം തോറുമെന്നവണ്ണം സഞ്ചാരത്തിനിടയിലും, താവളസ്ഥലങ്ങളിലും വച്ച് സർവസൈന്യാധിപന്റെ കഴുത്തിൽ ബഹുജനങ്ങൾ സമർപ്പിക്കുന്ന പുഷ്പമാലയ്ക്കു കയ്യും കണക്കുമില്ലായിരുന്നു. ഒന്നിനു മീതെ ഒന്നായി സമർപ്പിക്കുന്ന പൂമാലകൾ പല സന്ദർഭങ്ങളിലും തലയ്ക്കുമീതെ വരെ പൊന്താറുണ്ടെന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. ഒരു താവളസ്ഥലത്തു നിന്നും പുറപ്പെടുമ്പോൾ അവിടുള്ളവർ വാദ്യമേളസഹിതം ചെയ്യുന്ന അനുയാത്ര അവസാനിപ്പിക്കുന്നത് പലപ്പോഴും അടുത്ത താവളക്കാരുടെ സ്വീകരണം

ആരംഭിക്കുമ്പോഴായിരിക്കും. കായലുകളിലെ പാലങ്ങൾ കേറി ഇറങ്ങുന്ന വഴികളിലെല്ലാം സീതാദേവിയെ വീണ്ടെടുക്കാൻ വാനരസൈന്യസമേതനായി സേതുബന്ധനം ചെയ്ത് ലങ്കയിലേക്കുപോയ ശ്രീരാമനെ അനുസ്മരിച്ചുകൊണ്ട്, സ്വാതന്ത്ര്യദേവതയെ വീണ്ടെടുക്കാൻ പുറപ്പെട്ടിട്ടുള്ള സവർണ്ണജാഥയ്ക്കു വിജയാശംസ ചെയ്യുന്ന പദ്യഖണ്ഡങ്ങളും ഗദ്യശകലങ്ങളുംകൊണ്ട് അലംകൃതമായിരുന്നു. കൊല്ലം ടൗണിനു കിഴക്കുവച്ച് മയ്യനാട്ടേക്കുള്ള സ്വീകരണത്തിന്റെ പ്രത്യേകത ഞാനിന്നും ഓർക്കുന്നു. വെള്ളമുണ്ടും അലക്കിത്തേച്ചു മിനുസപ്പെടുത്തിയ വെള്ളക്കോട്ടും പ്രത്യേകതരം ബാഡ്ജുമായി ഒരു സംഘം പ്രസരിപ്പുള്ള യുവജനങ്ങൾ ജാഥയ്ക്ക് അഭിമുഖമായി രണ്ടണിയായി നിന്നുകൊണ്ട് അന്നത്തെ പ്രഭാതത്തിൽ നൽകിയ സ്വാഗതം ഏറ്റവും ഹൃദ്യമായിരുന്നു. ഇതിലേക്കായുണ്ടാക്കിയ സ്വാഗതഗാനവും ആശംസാഗാനവും ആ യുവസംഘത്തിന്റെ നേതാവായ നമ്മുടെ സി. കേശവൻ അദ്ദേഹത്തിന്റെ കളകണ്ഠമുരളീനാദത്തിൽ അവസരോചിതമായ ആംഗ്യത്തോടുകൂടി പാടിക്കൊടുക്കുന്നതും അനുയായികളായ വോളന്റിയർമാർ ഏറ്റുപാടുന്നതും അന്നത്തെപ്പോലെതന്നെ ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ടെന്നു തോന്നുന്നു. ജാഥയെ അകമ്പടിസേവിച്ചുകൊണ്ട് താളം തെറ്റാതെയും ക്ഷീണം പറ്റാതെയും മാർച്ചുചെയ്യത്തക്കവണ്ണമുള്ള ഗാനവിശേഷത്തോടുകൂടി മയ്യനാട്ടുവരെ വന്ന ആ വോളന്റിയർസംഘം എന്റെ ദൃഷ്ടിപഥത്തിൽനിന്നുമായാൻ പ്രയാസം.

ജാഥയുടെ വർക്കലസ്വീകരണം എടുത്തുപറയേണ്ട ഒന്നാണ്. ശിവഗിരിയിൽ അധിവസിച്ചിരുന്ന പരിശുദ്ധനായ ശ്രീനാരായണഗുരുദേവരുടെ സന്നിധിയിലേക്ക് അവിടെ കൂടിയ ബഹുജനങ്ങൾ ഭക്തിപൂർവമാണ് സ്വാഗതം ചെയ്തത്. ഞങ്ങൾ അണിനിരന്ന് അദ്ദേഹത്തെ പ്രദക്ഷിണം വച്ച് നമസ്ക്കരിച്ച് അനുഗ്രഹം വാങ്ങിയശേഷമേ വിശ്രമിച്ചുള്ളു. അവിടെയും എന്റെ അദ്ധ്യക്ഷതയിൽ വമ്പിച്ച യോഗം നടന്നു. വർക്കലതീർത്ഥത്തിലെ സ്നാനവും, സ്വാമിസന്നിധിയിലെ വിശ്രമവുംകൊണ്ട് ജാഥാംഗങ്ങളുടെ ക്ഷീണമെല്ലാം ഒരുവിധം നീങ്ങി. ഞങ്ങളിൽ ചിലർ സ്വാമികളെ പ്രത്യേകം കണ്ടു സംസാരിച്ചു. കുശലപ്രശ്നത്തിനുശേഷം അവർണ്ണരുടെ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി സവർണ്ണർ ചെയ്യുന്ന ഈ സേവനം അഭിനന്ദനീയവും അത്ഭുതകരവുമാണെന്നും, സവർണ്ണാഭിപ്രായം രേഖപ്പെടുത്താൻ ഇതിനേക്കാൾ കവിഞ്ഞ മാർഗ്ഗമില്ലെന്നും, ഈ സവർണ്ണജാഥയുടെ സഞ്ചാരംമൂലം ഹിന്ദുക്കളുടെ ഇടയിൽ ഒരു സമൂലപരിവർത്തനം തന്നെ ഉണ്ടായിക്കാണുമെന്നും, വഴിതുറന്നുകിട്ടിയില്ലെങ്കിൽത്തന്നെയും അതു വലിയ സമ്പാദ്യമാണെന്നും സ്വാമികൾ പ്രസ്താവിച്ചു. സർവസൈന്യാധിപൻ ഉൾപ്പെടെയുള്ള ജാഥാംഗങ്ങളെല്ലാം അവിടെവച്ച് സ്വാമികളുടെ അനുഗ്രഹം വാങ്ങിയുംകൊണ്ടാണ് തിരുവനന്തപുരത്തേക്കു പുറപ്പെട്ടത്. തീണ്ടലും തൊടീലും, ജാതിയും ഉപജാതിയും ഇല്ലാതാക്കുക മാത്രമല്ല, പറയിയായ മാതംഗിയെ സന്ന്യാസിയാക്കി മറ്റുള്ളവരുടെകൂട്ടത്തിൽ പാർപ്പിക്കുകകൂടി ചെയ്ത ശ്രീബുദ്ധന്റെ സ്മരണ

ശിവഗിരിസങ്കേതത്തിലേപ്പോലെ മറ്റെങ്ങും അത്രവേഗത്തിൽ ഉണ്ടാവുന്നതല്ലല്ലോ. ബുദ്ധസന്ന്യാസിമാരുടെ മഞ്ഞവസ്ത്രം ധരിച്ചുകൊണ്ടുള്ള ജാഥയുടെ യാത്ര ബഹുജനങ്ങളെ കൂടുതൽ ആകർഷിച്ചു. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, വൈക്കം രാമകൃഷ്ണപിള്ള മുതലായ നേതാക്കന്മാർ മഞ്ഞവസ്ത്രധാരികളായി കഴക്കൂട്ടത്തു ജാഥാംഗങ്ങളായി വന്നുചേർന്നു.

തുലാം 26-ാം തീയതി വൈകിട്ട് സവർണ്ണജാഥ തിരുവനന്തപുരം പുത്തൻകച്ചേരി മൈതാനത്തെത്തി. അതേസമയംതന്നെ ഡോ. എം.ഇ. നായിഡുവിന്റെ നേതൃത്വത്തിലുള്ള തെക്കൻജാഥയും വന്നുചേർന്നു. രണ്ടുജാഥയും ഒന്നായിചേർന്നപ്പോഴുണ്ടായ ജനപ്പെരുപ്പം വർണ്ണനാതീതമാണ്. ലക്ഷക്കണക്കിനല്ല ആളുകൾ വന്നുകൂടിയിരുന്നത്. അന്നത്തെപ്പോലെ ജനനിബിഡത തിരുവനന്തപുരം പട്ടണം അതിനു മുമ്പും പിമ്പും കണ്ടുകാണുകയില്ല. സമുദ്രംപോലെ പരപ്പേറിയ ആ ജനക്കൂട്ടത്തിൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സായന്തനസവാരിക്കിടയിൽ അവിടുന്നു യാദൃച്ഛികമായി അകപ്പെട്ടുപോയി. തിരുമനസ്സിനെപ്പറ്റി വളരെ ഭക്തിബഹുമാനമുള്ള സംഘമായിരുന്നിട്ടും ആ തിരത്തള്ളലിൽ നിന്നും പുറത്തുപോകാൻ വളരെ സമയമെടുക്കേണ്ടിവന്നു. അന്നു തിരുവനന്തപുരം പട്ടണം ഒരു മഹോത്സവരംഗമായി മാറി. ജാഥാംഗങ്ങളും പശ്ചിമാഭിമുഖമായി കടപ്പുറത്തേക്കു പ്രയാണം ആരംഭിച്ചു. അസ്തമനസൂര്യന്റെ കിരണങ്ങൾ തട്ടി ജാഥാംഗങ്ങളുടെ മഞ്ഞവസ്ത്രങ്ങൾ സ്വർണ്ണപ്രഭാപൂരമായെന്നോ, മുമ്പോട്ടുനീങ്ങുന്ന ജാഥയുടെ ചലനം കണ്ടാൽ ഓളം വെട്ടുന്ന മഞ്ഞക്കടലിന്റെ പ്രതീതി ഉണ്ടാകുമെന്നോ പറയുന്നത് ആലങ്കാരികത്വത്തിനുവേണ്ടിയല്ല. വസ്തുത ശരിക്കു ഗ്രഹിക്കാൻ വേണ്ടി മാത്രമാണ്.

കടപ്പുറത്തെ യോഗം ചങ്ങനാശ്ശേരിയുടെ അദ്ധ്യക്ഷതയിലാണു നടന്നത്. ഞങ്ങളെല്ലാം സംസാരിച്ചു. സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കാനുള്ള മെമ്മോറിയൽ മഹാറാണി റീജന്റു തിരുമനസ്സിന്റെ സന്നിധിയിൽ സമർപ്പിക്കാൻ ചങ്ങനാശ്ശേരിയുടെ നേതൃത്വത്തിൽ ഒരു ഡപ്യൂട്ടേഷനെ തിരഞ്ഞെടുത്തു. പിറ്റേദിവസം, തുലാം 27-ാം തീയതി കാലത്ത് റീജന്റു തിരുമനസ്സിലെ മുഖം കാണിച്ചു മെമ്മോറിയൽ സമർപ്പിച്ചു. അസംബ്ലിയിലെ, സഞ്ചാരസ്വാതന്ത്ര്യപ്രമേയത്തിന്റെ തീരുമാനം എങ്ങിനെയിരിക്കുന്നു എന്നറിയട്ടെ എന്നും, പെട്ടെന്നു തീരുമാനം ചെയ്യുന്നതു ശരിയായിരിക്കയില്ലെന്നുമായിരുന്നു മറുപടി. നിരാശാജനകമായ ഈ മറുപടി ജാഥാംഗങ്ങളെയും പൊതുജനങ്ങളെയും ക്ഷോഭിപ്പിച്ചു. അനുകൂലമായ തീരുമാനമുണ്ടാകുന്നതുവരെ തിരുവനന്തപുരം വിടുന്നതല്ലെന്നും കൊട്ടാരവാതുക്കൽതന്നെ സത്യാഗ്രഹം ആരംഭിക്കുമെന്നും ചിലർ പറഞ്ഞു. ഇത്രവളരെ ക്ലേശങ്ങൾ സഹിച്ചിട്ടും ന്യായമായ തീരുമാനത്തിനൊരുങ്ങാതെ വളരെ കുറച്ചുമാത്രമുള്ള യാഥാസ്ഥിതികരുടെ ഉപദേശങ്ങൾക്കു വഴിപ്പെട്ടതിലുള്ള കുണ്ഠിതംകൊണ്ടാണ് അവരങ്ങനെ പറയുന്നതെന്നറിയാമായിരുന്നു. അവരെ സമാധാനപ്പെടുത്താൻവേണ്ടി ഞാൻ ദീർഘമായി പ്രസംഗിക്കേണ്ടിവന്നു. സ്നേഹപൂർവ്വവും യുക്തിയുക്തവുമായ

എന്റെ നിർദ്ദേശം അവരെ തൃപ്തിപ്പെടുത്തുകയും സമാധാനമായി പിരിഞ്ഞുപോവുകയും ചെയ്തു. അങ്ങിനെ സവർണ്ണജാഥാപ്രസ്ഥാനം അവസാനിച്ചു. ഉടനെ സമ്പൂർണ്ണവിജയമുണ്ടായില്ലെങ്കിലും പിന്നീടുണ്ടായ സഞ്ചാരസ്വാതന്ത്ര്യലബ്ധിക്കും സമാധാനപരമായി ക്ഷേത്രപ്രവേശനം നടപ്പിൽ വന്നതിനും പ്രധാന സഹായമായിത്തീർന്നത് ഈ സവർണ്ണ ജാഥാപ്രവർത്തനമാണെന്നു നിസ്സംശയം പറയാവുന്നതാണ്.

സവർണ്ണജാഥയുടെ സഞ്ചാരം നിർവിഘ്നമായും സമാധാനപരമായും നിർവഹിക്കാൻ കഴിഞ്ഞത് ജാഥാംഗങ്ങളുടെ യോഗ്യതകൊണ്ടുമാത്രമല്ല, സവർണ്ണാനുകൂല്യത്തിന്റെ ശക്തിയുംകൊണ്ടുകൂടിയാണ്. യാഥാസ്ഥിതികരായ സവർണ്ണരിൽനിന്നോ അവരുടെ പ്രേരണ നിമിത്തമോ യാതൊരു അസ്വസ്ഥതയും ഉണ്ടാകാതിരിക്കാൻ പോലീസ് ശ്രദ്ധാപൂർവം പ്രവർത്തിച്ചു. അന്നത്തെ പോലീസ് മേധാവി പീറ്റ് സായിപ്പായിരുന്നു. അദ്ദേഹത്തിന്റെ വിശാലചിന്തയും സമാധാനകാംക്ഷയുംകൊണ്ട് പോലീസ് സൈന്യത്തിന്റെ മനോഭാവത്തിന് വലിയ മാറ്റമുണ്ടായി. പോലീസിന്റെ മനംമാറ്റത്തോടുകൂടി സത്യാഗ്രഹകാലത്ത് അഹിംസാസിദ്ധാന്തക്കാരും പരമശാന്തന്മാരുമായ സത്യാഗ്രഹികളെ ദേഹോപദ്രവം ഏല്പിക്കയും അവരുടെ കണ്ണിൽ ചുണ്ണാമ്പെഴുതുകയും ചെയ്ത ദുഷിച്ച സവർണ്ണരുടെ പൊടിപോലും പുറത്തുകാണാതായി. ഗവണ്മെന്റിന്റെ തണലിൽ നിന്ന അവർ അത്ര ധീരന്മാരായിരുന്നു.

ആ യാത്രയിൽ ജാഥാംഗങ്ങൾ മറ്റുവിധത്തിൽ പല ക്ലേശങ്ങളും അനുഭവിക്കേണ്ടി വന്നു. ജാഥയിൽപെട്ടവർ കുടപിടിക്കാനും ചെരിപ്പുപയോഗിക്കാനും അനുവദിച്ചിരുന്നില്ല. തുലാവർഷക്കാലമായതുകൊണ്ട് ഇടയ്ക്കിടയ്ക്ക് വലിയ മഴയും ഇടിയും മിന്നലുമുണ്ടായിരുന്നു. മഴ പെയ്യുമ്പോഴും യാത്ര തുടർന്നുകൊണ്ടിരുന്നതിനാൽ അവർ പലപ്പോഴും നനഞ്ഞു വിഷമിച്ചിട്ടുണ്ട്. നനഞ്ഞു ചാക്കുപോലായ ഖദർവസ്ത്രം അവർക്ക് വലിയ ഭാരമായിത്തീർന്നിട്ടുണ്ട്. മഴയില്ലാത്തപ്പോൾ വെയിലായി. ഉച്ചസമയത്തെ ചൂട് കാലിനും തലയ്ക്കും ക്ലേശമുണ്ടാക്കാതിരുന്നില്ല. മഴ നനഞ്ഞും, ചൂടേറ്റും തുടർന്നു നടന്നും ബുദ്ധിമുട്ടിയിട്ടും അതിനു തക്ക ക്ഷീണമോ ദീനമോ ആർക്കുമുണ്ടായില്ല. ഞാൻ നേതൃത്വത്തിന്റെ ബുദ്ധിമുട്ടനുഭവിച്ചത് അക്കാലത്തായിരുന്നു. എന്റെ കർത്തവ്യബോധം നിമിത്തം ജാഥാംഗങ്ങളിൽ ആരേക്കാളും മുമ്പേ ഉണരുന്നത് ഞാനായിരുന്നു. വെളുപ്പാൻകാലത്ത് നാലുമണിക്കു മുമ്പേ ഉണർന്നു ജാഥാംഗങ്ങളെ എല്ലാം പ്രഭാതദിനചര്യയ്ക്കു തയ്യാറാക്കുന്ന ചുമതല ഞാൻതന്നെ ഏറ്റെടുത്തിരുന്നു. ഓരോ സ്ഥലത്തുനിന്നും മിനിട്ടു തെറ്റാതെ യാത്ര പുറപ്പെടണമെന്നുള്ളത് എന്റെ നിർബന്ധവിഷയങ്ങളിൽ ഒന്നായിരുന്നു. അതിന് കാലേക്കൂട്ടി കരുതുന്നത് എന്റെ പതിവുമായിരുന്നു. ജാഥാംഗങ്ങൾ ഡിസിപ്ലിൻ തെറ്റിക്കാതിരിക്കുന്നതിലും ബീഡി, സിഗറ്റ് മുതലായവ ഉപയോഗിക്കാതിരിക്കുന്നതിലും, അണി തെറ്റാതെ സഞ്ചരിക്കുന്നതിലും ഞാൻ ശ്രദ്ധിക്കേണ്ടിയിരുന്നു. ഭക്ഷണം, ഉറക്കം മുതലായ കാര്യങ്ങളിൽ അവർക്കുള്ള സുഖാന്വേഷണം ഞാൻ ഒരു ദിവസവും മാറ്റിവച്ചിട്ടില്ല.

ഈ യാത്രാപരിപാടി വിനോദത്തിനോ സുഖത്തിനോ ഉള്ളതല്ല, തപസ്സിനുള്ളതാണെന്നു ഞാൻ ധരിച്ചിരുന്നു. ഇത്രയും ദിവസത്തെ തുടർന്നുള്ള ദീർഘയാത്രയ്ക്കിടയിൽ എന്റെ നിയന്ത്രണത്തിനു വിധേയരോ അസംതൃപ്തരോ ആയി ഒരുത്തരും ഉണ്ടായിരിന്നില്ലെന്നുള്ളതിൽകവിഞ്ഞ് ഒരു സൈന്യാധിപന്റെ നിലയിൽ എനിക്കു കൃതാർത്ഥതയ്ക്കു മറ്റെന്തുവേണം. പുതിയ ജാഥാംഗങ്ങളെ ചേർക്കുക, അടുത്ത ദിവസത്തെ പരിപാടി ശരിപ്പെടുത്തുക മുതലായ ഓഫീസ് ജോലികളും തീർത്തിട്ടാണ് ഞാൻ കിടക്കുക. ഈ ചുമതലയേറിയ കൃത്യനിർവഹണവും, തുടർന്നുള്ള സഞ്ചാരവും, ദിനചര്യയിലുള്ള മാറ്റംമറിച്ചിലും, ദിവസേന നടത്തേണ്ട പ്രസംഗങ്ങളും എന്നെ കുറെയൊക്കെ ക്ഷീണിപ്പിച്ചു. കാലിന്റെ പത്തിയിൽ നീർക്കെട്ടും, കൈകളുടെ എല്ലാ വിരലുകൾക്കിടയിലും ഉള്ളംകൈയിലും നീരും വേദനയുമുള്ള വലിയ ചൊറിയും ഉണ്ടായി. വിരൽ മടക്കാനും ആഹാരം കഴിക്കാനും വിഷമം നേരിട്ടു. ഈ വിഷമസന്ധിയിൽ സഹോദരസ്നേഹത്തോടുകൂടി എന്നെ ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്തത് ഞങ്ങളുടെ കൂടെ സഞ്ചരിക്കുന്ന സത്യവ്രതസ്വാമികളായിരുന്നു. ആരോഗ്യസമ്പൂർണ്ണനും യുവാവുമായിരുന്ന അദ്ദേഹം എന്റെ എല്ലാ സുഖസൗകര്യങ്ങളും നോക്കി. വൈദ്യനെ കൊണ്ടുവന്നു ചികിത്സ നിശ്ചയിപ്പിക്കയും മരുന്നു ശേഖരിച്ചു നേരംതെറ്റാതെ തരികയും, കയ്യിൽ കുഴമ്പു പുരട്ടി തേച്ചു കഴുകുകയും, എന്റെ വസ്ത്രം അദ്ദേഹംതന്നെ ശുദ്ധീകരിച്ചു തരികയും, ചിലപ്പോൾ കുളിപ്പിക്കയും കൂടി ചെയ്തിട്ടുണ്ട്. വർക്കല വന്നപ്പോഴാണ് എന്റെ വേദന മൂർദ്ധന്യാവസ്ഥയിലെത്തിയത്. എന്റെ സഞ്ചാരത്തിനോ പ്രസംഗത്തിനോ ഒരു നിമിഷവും തെറ്റുവരാത്തവണ്ണം എന്നെ കൊണ്ടുനടന്നത് സ്വാമി സത്യവ്രതനായിരുന്നു. മനുഷ്യസ്നേഹിയും സേവനതൽപരനുമായ അദ്ദേഹത്തെപ്പറ്റി ഒരു വാക്കെങ്കിലും പറയേണ്ടത് എന്റെ ബാദ്ധ്യതയാണ്.

സ്വാമി സത്യവ്രതന്റെ സ്വദേശം ചങ്ങനാശ്ശേരിയുടെ പടിഞ്ഞാറു ഭാഗത്തുള്ള വേഴപ്രയാണ്. അദ്ദേഹം ജനിച്ചതും വളർന്നതും ഒരു നായരായിട്ടായിരുന്നു. അയ്യപ്പൻപിള്ള എന്നായിരുന്നു പേര്. അദ്ദേഹം മലയാളം സ്കൂൾ അദ്ധ്യാപകനായിരുന്നു എന്നാണെന്റെ അറിവ്. ജാതിഭേദത്തിലും തീണ്ടൽതൊടീലിലും അദ്ദേഹത്തിനു നേരത്തെതന്നെ വെറുപ്പായിരുന്നു. അതുമൂത്തപ്പോൾ പരിഹാരത്തിനു കഴിവുള്ളതെല്ലാം ചെയ്യാൻ തീരുമാനിച്ചു. ആദ്യമായി താൻ ജാതിയിൽനിന്നു പുറത്തുചാടി, ശ്രീനാരായണഗുരുവിന്റെ ശിഷ്യനായി, ക്രമേണ സന്ന്യാസിയുമായി. സത്യവ്രതനെന്നായിരുന്നു അപ്പോഴത്തെ പേര്. അദ്ദേഹം ഈഴവസമുദായത്തിന്റെയും എസ്.എൻ.ഡി.പി.യുടെയും നന്മയ്ക്കുള്ള പ്രചരണവേലയിൽ ഏർപ്പെട്ടു. സവർണ്ണേതരരുമായുള്ള നിത്യജീവിതവും ഭക്ഷണവും നിമിത്തം അദ്ദേഹം ഭ്രഷ്ടനെന്നു സ്വഭവനവും സ്വസമുദായവും തീരുമാനിച്ചു. അദ്ദേഹത്തിന് ഒരു നായരെന്നുള്ള ചിന്തപോലും ഇല്ലാതിരുന്നതിനാൽ സ്വഭവനത്തിൽ കടന്ന് കുഴപ്പത്തിനിടയാക്കിയില്ല. അക്കാലത്തെ സ്ഥിതിക്ക് ഇതൊന്നും സഹിക്കാനുള്ള കെല്പ് നായർസമുദായത്തിനുണ്ടായിരുന്നില്ല. ഇങ്ങനെ

കാലേക്കൂട്ടി സ്വജീവിതം കൊണ്ട് ജാതിനശീകരണത്തിൽ ഏർപ്പെട്ട് വിജയം കൈവരിച്ച ഒരു മഹാനായിരുന്നു അദ്ദേഹം. നായരിലും ഈഴവരിലും പലരും ധരിച്ചിരുന്നത് അദ്ദേഹം ഈഴവനാണെന്നായിരുന്നു. അദ്ദേഹം സ്വപ്നം കണ്ട ആദർശങ്ങളെല്ലാം സഫലീഭവിച്ചതു കാണാനുള്ള ഭാഗ്യമില്ലാതെ അകാലചരമം പ്രാപിച്ചതിൽ ആരേക്കാളും അധികം കുണ്ഠിതം എനിക്കാണ്. നിസ്വാർത്ഥസേവകനും കർമ്മയോഗിയുമായ അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിയുമുണ്ടായിക്കാണുമെന്നാണ് എന്റെ വിശ്വാസം.

സഞ്ചാരസ്വാതന്ത്ര്യത്തിനു തടസ്സക്കാരെന്നു പറഞ്ഞ സവർണ്ണ ഹിന്ദുക്കൾക്ക് പ്രതികൂലമില്ലെന്നു മാത്രമല്ല, തൊണ്ണൂറ്റഞ്ചുശതമാനം ആളുകൾക്കും ആനുകൂല്യം ഉണ്ടെന്നും ബോദ്ധ്യപ്പെട്ടിട്ടും ഗവണ്മെന്റ് എതിരാളിയുടെ കക്ഷിയിൽത്തന്നെ ഒതുങ്ങിനിൽക്കാൻ തീരുമാനിച്ചതിൽ അധികമാളുകളും അസംതൃപ്തരായി. അവരെല്ലാം അസംബ്ലിയിലെ സഞ്ചാരസ്വാതന്ത്ര്യത്തിന്റെ ഗതിനോക്കി ഇരിപ്പുമായി. ഗവണ്മെന്റും വെറുതേയിരുന്നില്ല. കാലേകൂട്ടിത്തന്നെ വോട്ടുപിടുത്തം തുടങ്ങി. അതിന്റെ സർവശക്തിയും പ്രേരണയും ഉപയോഗിച്ചു. എൻ. കുമാരന്റെ സഞ്ചാരസ്വാതന്ത്ര്യപ്രമേയം വാദപ്രതിവാദം കഴിഞ്ഞ് വോട്ടിനിട്ടു. ഒറ്റവോട്ടിന്റെ കൂടുതലോടുകൂടി പ്രമേയം തള്ളപ്പെട്ടു. ആ വോട്ട് ഈഴവസമുദായത്തിലെ ഒരു പ്രമാണിയായ പരമേശ്വരന്റേതായിരുന്നു. അദ്ദേഹം പ്രമേയത്തിന് അനുകൂലമായി വോട്ടുചെയ്തിരുന്നെങ്കിൽ പ്രമേയം പാസ്സാകുമായിരുന്നു. അത് പാസ്സായിരുന്നെങ്കിൽ ഗവണ്മെന്റിനു മനസ്സില്ലെങ്കിൽത്തന്നെയും ഗത്യന്തരമില്ലാഴികകൊണ്ട് സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കേണ്ടിവരുമായിരുന്നു. അങ്ങിനെയുള്ള പരീക്ഷണഘട്ടത്തിലാണ് പരമേശ്വരൻ ഈ മഹാദ്രോഹം ചെയ്തത്. സ്വാതന്ത്ര്യച്ചൂക്കളുടെ ആഗ്രഹത്തിന്റെ നാരായവേരിനുതന്നെ അദ്ദേഹം കോടാലി വച്ചു. അങ്ങിനെ പരമേശ്വരൻ ഈഴവസമുദായത്തിന്റെ മാത്രമല്ല, പുരോഗമനവാദികളുടെയെല്ലാം അവഹേളനപാത്രമായിട്ടാണെങ്കിലും നിത്യസ്മരണീയനായിത്തീർന്നു. പരമേശ്വരന്റെ ആ ഇരുണ്ടനിഴലിൽത്തന്നെ ഗവണ്മെന്റ് അഭയം പ്രാപിക്കാനും തീരുമാനിച്ചു. അസംബ്ലിയിൽ ഉണ്ടായിരുന്ന നായർമെമ്പർമാർ അന്യോന്യം പൊരുത്തമില്ലാതെ പല അഭിപ്രായക്കാരായിരുന്നിട്ടും അവരെല്ലാം ആ പ്രമേയത്തിന് അനുകൂലമായി വോട്ടു ചെയ്തു എന്നുള്ളത് നായർസമുദായത്തിന് അഭിമാനം തന്നെയാണ്. മറ്റെല്ലാ സമുദായങ്ങളിലും പെട്ടവർ രണ്ടുകക്ഷിയിലുമുണ്ടായിരുന്നു.

അദ്ധ്യായം - 17

ക്ഷേത്രപ്രവേശനവാദം

അയിത്തോച്ചാടനവും ക്ഷേത്രപ്രവേശനവും തമ്മിൽ അടുത്ത ബന്ധമുണ്ടെന്ന് ആരും സമ്മതിക്കും. അയിത്തമില്ലാതായാൽ ക്ഷേത്രപ്രവേശനത്തിന് അവകാശം സിദ്ധിച്ചു എന്നർത്ഥമാക്കാവുന്നതാണ്. അതുകൊണ്ടും കൂടിയാണ് വക്രഗതിക്കാരായ സവർണ്ണരിൽ ചിലർ അയിത്തോച്ചാടനത്തെ എതിർത്തുകൊണ്ടു നിൽക്കുന്നത്. ഏതായാലും സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കാതെ മർക്കടമുഷ്ടി പിടിക്കുന്ന ഗവണ്മെന്റിനെയും യഥാസ്ഥിതികന്മാരെയും ഇനി ഇതിനുവേണ്ടി ഈ രൂപത്തിൽ സമീപിക്കേണ്ട ആവശ്യമില്ലെന്നു പ്രവർത്തകന്മാർ തീരുമാനിച്ചു. സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചാലും തീണ്ടലും തൊടീലും അവശേഷിക്കുന്നതാണ്. അഭിമാനമുള്ളവർക്കു സഹിക്കാൻ സാദ്ധ്യമല്ലാത്ത തീണ്ടലും തൊടീലും ഇല്ലാതാക്കാനുള്ള ജോലി ആരംഭിച്ചാൽ അതിനോടുകൂടി വഴി താനേ തുറന്നുകൊള്ളും എന്ന് അവർക്ക് മുമ്പുതന്നെ അറിയാമായിരുന്നു. എന്നാൽ അത് ഒരു വിപ്ലവമായിലുള്ള പ്രക്ഷോഭമാകുമെന്നു ശങ്കിച്ച് പടിപടിയായി പോകാമെന്നു കരുതി, സഞ്ചാരസ്വാതന്ത്ര്യസമ്പാദനത്തിനായി ശ്രമിച്ചതാണ്. ന്യായബോധമോ മനുഷ്യത്വചിന്തയോ സമസൃഷ്ടിസ്നേഹമോ അനുകമ്പയെങ്കിലുമോ ഉള്ള ആർക്കും എളുപ്പം അനുകൂലിക്കാൻ കഴിവുള്ള ഒരു കാര്യമായിരുന്നിട്ടും അടുക്കുന്തോറും അകലുന്ന ഹൃദയശൂന്യതയാണ് അവരിൽ കണ്ടത്. അതുകൊണ്ട്, സഞ്ചാരസ്വാതന്ത്ര്യലബ്ധിക്കും അയിത്തോച്ചാടനത്തിനും ഉള്ള ഒറ്റമൂലി ക്ഷേത്രപ്രവേശനം തന്നെ എന്നും അതിനുള്ള പ്രക്ഷോഭണം ആരംഭിക്കണമെന്നും ഉൽപതിഷ്ണുക്കളായ ഹിന്ദുക്കൾക്കെല്ലാം ഒരു തോന്നലുണ്ടായി. അവർണ്ണസമുദായത്തിന്റെ അഗ്രിമസ്ഥാനത്തിരിക്കുന്ന ഈഴവസമുദായത്തിനാണ് ഈ വിഷയത്തിലും താൽപര്യവും നിർബന്ധവുമുണ്ടായത്.

അയിത്തോച്ചാടനപ്രക്ഷോഭണത്തിനും ഏതാനും കൊല്ലംമുമ്പേ ഈഴവർക്കും ക്ഷേത്രപ്രവേശനം കൊടുക്കണം എന്ന് ടി.കെ. മാധവൻ അദ്ദേഹത്തിന്റെ ദേശാഭിമാനിപ്പത്രത്തിൽ ഒരു മുഖപ്രസംഗം എഴുതി. വഴി നടക്കാൻ അവകാശമില്ലാത്ത തീണ്ടലുള്ള ഈഴവനും ക്ഷേത്രപ്രവേശമോ എന്ന് സവർണ്ണരിലെ മര്യാദക്കാരുടെ ഉള്ളിലും ഒരു ചോദ്യമുണ്ടാകാതിരുന്നില്ല. മര്യാദയെപ്പറ്റി അത്രവളരെ ചിന്തിച്ചിട്ടില്ലാത്ത, അഭിപ്രായഭേദം വന്നാൽ ആരോടും എന്തും പരുഷമായി പറയുന്ന സ്വഭാവക്കാരനായ വൈദ്യൻ ഓലയിൽ കൃഷ്ണക്കുറുപ്പ് ആവശ്യമുള്ളപ്പോൾ പുറപ്പെടുവിക്കുന്ന അദ്ദേഹത്തിന്റെ പത്രത്തിൽ മാധവനേയും ഈഴവസമുദായത്തേയും കഠിനമായി അധിക്ഷേപിച്ചും എതിർത്തും ഒരു മുഖപ്രസംഗം എഴുതി. ഭാഗ്യംകൊണ്ട് അതു വളരെ മൂക്കാതെ കഴിഞ്ഞു.

ടി.കെ. മാധവൻ പിന്നീടുചെയ്തത് ഈഴവർക്കു ക്ഷേത്രപ്രവേശനം കൊടുക്കണമെന്ന് പ്രജാസഭയിൽ വാദിക്കാനുള്ള ശ്രമമായിരുന്നു. മാധവന്റെ ചോരത്തിളപ്പിൽ അതിരുകവിഞ്ഞ മോഹംകൊണ്ടാണെങ്കിലും

അനാവശ്യമായി ചെയ്യുന്ന ഒരു വാദമെന്നാണ് ഈഴവപ്രമാണികളിൽത ന്നെയും അധികംപേർക്കും തോന്നിയത്. അക്കാലത്ത് അതൊരു അസാ ദ്ധ്യകാര്യമെന്നല്ലാതെ ആർക്കും ചിന്തിക്കാൻതന്നെ സാദ്ധ്യമല്ലായിരുന്നു. എന്നാൽ ഹിന്ദുസമുദായത്തിലെ ഈ അനാചാരങ്ങളും അന്ധവിശ്വാസ ങ്ങളും അസമത്വങ്ങളും തീർന്നില്ലെങ്കിൽ മതത്തിനും സമുദായത്തിനും രക്ഷയില്ലെന്നു വിചാരിച്ചു വ്യസനിക്കുന്ന അപൂർവം ചില സവർണ്ണരും സ്ഥാപനങ്ങളും ഈ രാജ്യത്തുതന്നെ ഉണ്ടായിരുന്നു. അവരുടെ ആ അഭി പ്രായം ശബ്ദരൂപത്തിൽ പുറത്തേക്കുവന്നില്ലെന്നു പറഞ്ഞുകൂടാ. മാധ വൻ ക്ഷേത്രപ്രവേശനവാദം പ്രജാസഭയിൽ ആദ്യമായി ഉന്നയിച്ചത് 1094-ലാണ്. അതിനുമുമ്പാണ് മുഖപ്രസംഗം എഴുതിയത്. അക്കൊല്ലത്തെ എസ്. എൻ.ഡി.പി. യോഗം മാധവന്റെ അഭിപ്രായം സ്വീകരിച്ച് ഒരു പ്രമേയം പാസ്സാക്കി. അങ്ങിനെ മാധവൻ അതിന് സമുദായത്തിന്റെ അംഗീകാരം സമ്പാദിച്ചു. 95-ലും മാധവൻ പ്രജാസഭയിൽ അതേവിഷയത്തെപ്പറ്റിത്ത ന്നെയാണ് വാദിച്ചതെങ്കിലും, 96-ൽ കൃഷ്ണൻനായർക്കു പകരം ദിവാൻജി യായി വന്ന രാഘവയ്യാ ടി.കെ. മാധവന്റെ ക്ഷേത്രപ്രവേശനവാദം നിവേ ദനം ചെയ്യാൻ അനുവദിക്കുന്നതല്ലെന്ന് എഴുതി അയച്ചു. അതിനെ പ്രതി ഷേധിച്ച് താൻ പ്രജാസഭയിൽ ഹാജരാകുന്നില്ലെന്ന് മാധവൻ മറുപടി കൊടുത്തു. അക്കൊല്ലം അങ്ങനെ പോയി. 1097-ൽ എന്നെ പ്രജാസഭാപ്ര തിനിധിയായി ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി തിരഞ്ഞെടുത്തു. എന്റെ നിവേദനങ്ങളിൽ ഒന്ന് എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവ ദിക്കണമെന്നും, മറ്റൊന്ന് ദിവാൻ ക്രിസ്ത്യാനിയെ പ്രീണിപ്പിക്കാൻ നായ ന്മാരെ അഗണ്യമാക്കി പക്ഷപാതപരമായി പ്രവർത്തിക്കുന്നു എന്നുമായി രുന്നു. ടി.കെ. മാധവന്റെ ക്ഷേത്രപ്രവേശനവിഷയം കഴിഞ്ഞകൊല്ലം തള്ളി യതുകൊണ്ട് ഞാൻ പരീക്ഷണത്തിനുമാത്രമയച്ചതല്ലായിരുന്നു ആ വിഷ യം. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം കൊടുക്കണമെന്നുള്ള എന്റെ അഭിപ്രായം മുമ്പുതന്നെ രൂഢമൂലമായിരുന്നു. തെളിവിനു മറ്റെങ്ങും പോകണമെന്നില്ല. എന്റെ ജന്മദേശമായ പെരുന്നയിൽ ഞങ്ങളുടെ പരദേ വതയായി കരുതി ആരാധിച്ചുപോരുന്ന ദേവീക്ഷേത്രം ക്ഷേത്രപ്രവേശന വിളംബരത്തിനു പത്തിരുപതുകൊല്ലം മുമ്പുതന്നെ പുലയർക്കു തുറന്നു കൊടുത്തത് എന്റെ നേതൃത്വത്തിലായിരുന്നു എന്നുള്ളത് രഹസ്യമായ കാര്യമല്ല. ക്ഷേത്രപ്രവേശനകാര്യത്തിൽ കിട്ടിയ അവസരമൊന്നും ഞാൻ പാഴാക്കിയിട്ടില്ല. ദിവാൻ രാഘവയ്യാ പ്രജാസഭയിലെ എന്റെ രണ്ടു നിവേ ദനവിഷയവും സ്വീകരിച്ചു. ദിവാൻജിക്ക് അത്ര സുഖമായി തോന്നിയില്ലെ ങ്കിലും മൗനം ഭജിച്ചതേയുള്ളു. എന്റെ അടുത്ത വിഷയവും വാദവും അദ്ദേ ഹത്തെ കൂടുതൽ ക്ഷുഭിതനാക്കി. അതിനെപ്പറ്റി എന്റെ രാഷ്ട്രീയകാര്യ ത്തിൽ വിശദീകരിക്കാം.

എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം കൊടുക്കുന്നതിൽ നായർജനസാമാന്യം പൊതുവിൽ പ്രതികൂല മനഃസ്ഥിതിക്കാരായിരുന്നു. നായർപ്രമാണികളിൽത്തന്നെ വളരെ കുറച്ചുപേർക്കേ അനുകൂലാഭിപ്രാ യമുണ്ടായിരുന്നുള്ളു. ടി.കെ. മാധവന്റെ ക്ഷേത്രപ്രവേശനവിഷയം ദിവാൻ തള്ളിയതിനെ പ്രതിഷേധിക്കാൻ 96-ൽ തിരുവനന്തപുരം

വൈ.എം.സി.എ. ഹാളിൽ എൻ. കുമാരന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. ആ യോഗത്തിൽ സി. രാമൻതമ്പിയും ടി.കെ. വേലുപ്പിള്ളയും പി.കെ. കേശവപിള്ളയും ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും ഞാനും ഹാജരുണ്ടായിരുന്നു. രാഘവയ്യായുടെ തീരുമാനത്തെ ഞങ്ങളെല്ലാം എതിർത്ത് നിശ്ചയം പാസ്സാക്കി. എസ്.എൻ.ഡി.പി. യോഗത്തിൽ എന്ന വണ്ണം എൻ.എസ്.എസ്സിന്റെ ആഭിമുഖ്യത്തിൽ കൂടുന്ന നായർസമ്മേളനങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം കൊടുക്കണമെന്നുള്ള നിശ്ചയം പാസ്സാക്കി അയക്കുമായിരുന്നു. 92-ൽ കൂടിയ മാന്നാർ നായർസമ്മേളനം അതിനു പുറമേ നായന്മാർ അയിത്തം ആചരിക്കാൻ പാടില്ലെന്നുള്ള പ്രമേയവും പാസ്സാക്കി. 98-ൽ അമ്പലപ്പുഴ നായർസമ്മേളനം ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നു മാത്രമല്ല, എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രത്തിൽ പൂജാകർമ്മം നടത്താനുള്ള അവകാശം ഉണ്ടായിരിക്കണമെന്നുകൂടി തീരുമാനം ചെയ്തു. ആ പ്രമേയം ഹാജരാക്കിയതും, പ്രമേയങ്ങളെ ഉദ്ധരിച്ചും യുക്തിയുക്തമായി വാദിച്ചതും സാഹിത്യപഞ്ചാനനനായ പി.കെ. നാരായണപിള്ളയായിരുന്നു. നായർസമ്മേളനങ്ങളിലെ ക്ഷേത്രപ്രവേശനപ്രമേയം ഇതുവരെ ഐകകണ്ഠ്യേനയല്ലാതെ പാസ്സായിട്ടില്ല.

നായന്മാർ പൊതുവിൽ തുല്യദുഃഖിതരെപ്പോലെ ഈ വിഷയത്തിൽ പങ്കുകൊണ്ടെങ്കിലും അവർക്കു പ്രവർത്തിക്കാനുള്ള കഴിവു ചുരുക്കമായിരുന്നു. പ്രധാനക്ഷേത്രങ്ങളെല്ലാം ഗവണ്മെന്റിന്റെ അധീനതയിലായിരുന്നതുകൊണ്ട് നായന്മാരുടെ ഭരണത്തിൽ അപൂർവമായുള്ള ക്ഷേത്രങ്ങളേയും ആ രീതിയിൽ നടത്താനല്ലാതെ മാമൂലുകളെ ലംഘിക്കാൻ അവർക്കു ധൈര്യമില്ലായിരുന്നു. അവരുടെ ക്ഷേത്രങ്ങളിലെ പൂജയും ബ്രാഹ്മണരാണ് നടത്തിവന്നിരുന്നത്. അവർ ശാന്തിവിട്ട് പുറത്തുപോയെങ്കിൽ അതിനു കാരണക്കാർ നിത്യനരകത്തിൽപെടുമെന്നു വിശ്വസിച്ചിരുന്നു. അതുകൊണ്ട് നായന്മാർ പ്രമേയം പാസ്സാക്കിയിട്ട് അതുപോലെ ചെയ്യാത്തത് അവരുടെ ആത്മാർത്ഥതക്കുറവുകൊണ്ടാണെന്നു പറഞ്ഞുകൂടാ. പാസ്സാക്കിയ പ്രമേയത്തിനനുസരിച്ച് പ്രവർത്തിക്കുന്നവർ ഏതു സമുദായത്തിലും കുറച്ചുപേരേ കാണുകയുള്ളു. അതുകൊണ്ട് നായർസമുദായത്തേയും ഈ വിഷയത്തിലും മറ്റു സമുദായാംഗങ്ങളെപ്പോലെ പരിഗണിച്ചാൽ മതിയാകുന്നതാണ്. പ്രമേയംപോലെ നടന്നില്ലെങ്കിലും അതിന്റെ വാദപ്രതിവാദങ്ങളിലും ന്യായങ്ങളിലും പങ്കുകൊള്ളുന്നതുകൊണ്ട് മനസ്സിനു വികസനവും യുക്തിബോധവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമാണ് ക്ഷേത്രപ്രവേശനവിളംബരം വന്നപ്പോൾ കണ്ട ശാന്തത. പ്രതീക്ഷയ്ക്കപ്പുറത്ത് യാദൃച്ഛികമായുണ്ടായ വിളംബരം നായന്മാരെ അത്ഭുതപ്പെടുത്തിയിരിക്കാം. എന്നാൽ അവരെ ലേശവും പരിഭ്രമിപ്പിച്ചില്ല. അതിനുകാരണം നായർ സർവീസ് സൊസൈറ്റി പ്രാരംഭകാലം മുതൽ തീണ്ടലിനെയും തൊടീലിനെയും വെറുക്കുകയും ഹിന്ദുക്കളുടെ സമത്വത്തിനും യോജിപ്പിനും വേണ്ടി ശ്രമിക്കയും ചെയ്തതാണ്. ഹിന്ദുസമുദായത്തിന്റെ ഇടയിലെ എല്ലാ അവശതകളും തീർക്കുന്നതിനു സന്ദർഭം വന്നപ്പോഴെല്ലാം നായർ സർവീസ് സൊസൈറ്റിയും അതിന്റെ പ്രവർത്ത

കന്മാരും മുൻകൈ എടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. നമ്പൂതിരിമാരുടെ യോഗ ക്ഷേമസഭയിലും ഈഴവരുടെ എസ്.എൻ.ഡി.പി. യോഗത്തിലും പുലയ രുടെ സാധുജനപരിപാലനസംഘത്തിലും മറ്റും ഹാജരായി പ്രസംഗിക്കു കയും യോഗനടപടികളിൽ പങ്കുകൊള്ളുകയും ചെയ്യുന്നത് സർവീസ് സൊസൈറ്റി പ്രവർത്തകരുടെ, വിശേഷിച്ച് എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയായ എന്റെ പതിവുകൃത്യങ്ങളിൽപെട്ടതായിരുന്നു. ഒരിക്കൽ ഞാൻ ഹാജരുള്ള ഒരു യോഗക്ഷേമസഭയിൽ വച്ച് (ഗുരുവായൂരാണെന്നു തോന്നുന്നു) ഒരു സരസനായ നമ്പൂതിരി പ്രസംഗിച്ചത് പന്ത്രണ്ടുകൊല്ലം മുടങ്ങാതെ യോഗക്ഷേമസഭയിൽ ഹാജരാകുന്ന യാതൊരാൾക്കും നമ്പൂ തിരിയാകാൻ കഴിയുമെങ്കിൽ മന്നത്തു പത്മനാഭപിള്ള എപ്പൊഴേ നമ്പൂ തിരിയായിക്കഴിഞ്ഞിരിക്കുന്നു എന്നാണ്. അങ്ങിനെ സർവീസ് സൊസൈറ്റി ഇരുപതുകൊല്ലക്കാലത്തിലധികം നിരന്തരം ചെയ്ത പ്രചരണജോലിയും പ്രവർത്തകന്മാരുടെ മാതൃകാപരമായ ജീവിതവും കൊണ്ട് ഹിന്ദുസമു ദായം ഒട്ടാകെയും നായർസമുദായം പ്രത്യേകിച്ചും ഏതു പരിഷ്ക്കാര സ്വീകരണത്തിനും സന്നദ്ധമായിരുന്നു. അതുകൊണ്ടാണ് ക്ഷേത്രപ്രവേ ശനം പ്രശാന്തമായി നടന്നതും അതിന്റെ ദോഷം നാമെല്ലാം സഹോദര നിലയിൽ തുടർന്നുകഴിയുന്നതും എന്നോർക്കുമ്പോൾ നായർസമ്മേളന പ്രമേയവും പ്രചരണവും ഫലവത്തായി എന്നു വിചാരിക്കുന്നതിൽ ഒ തെറ്റില്ല.

96-ൽ ടി.കെ. മാധവന്റെ ശ്രീമൂലം പ്രജാസഭയിലെ ക്ഷേത്രപ്ര വേശനനിവേദനം സമർപ്പിക്കാനുള്ള അനുവാദംപോലും ദിവാൻ രാഘ വയ്യാ നിഷേധിച്ചതിൽ ഈഴവസമുദായം നിരാശപ്പെടുകയല്ല, അമർഷം കൊള്ളുകതന്നെ ചെയ്തു. മതം മാറിയ പുലയനും പറയനും സഞ്ചരി ക്കാവുന്ന വഴിയെ ഹിന്ദുസമുദായത്തിൽ ഗണനീയരായ ഈഴവർക്കു പോലും നടക്കാൻ പാടില്ലെന്നുള്ള അസഹനീയമായ മാമൂലിനെ ഭേദപ്പെടു ത്താൻ സവർണ്ണരുൾപ്പെടെ ഭഗീരഥപ്രയത്നം ചെയ്തിട്ടും സമ്മതിക്കാത്ത ഒരു ഗവണ്മെന്റിന്റെ കീഴിൽ എങ്ങിനെ കഴിച്ചുകൂട്ടുമെന്ന് ഈഴവർക്കു തോന്നിയതിൽ അത്ഭുതമില്ല. ഈശ്വരനെ ആരാധിക്കാൻ ഹിന്ദുമതം വിശ്വ സിക്കുന്ന ഒരുവനു ക്ഷേത്രത്തിൽ കടക്കാൻ പാടില്ലെന്നു മാത്രമല്ല, ഇതര മതസ്ഥർക്കു നടക്കാൻ അവകാശമുള്ള ക്ഷേത്രസങ്കേതത്തിലെ വഴി യിൽകൂടി നടക്കാൻപോലും പാടില്ലെന്നു നിരോധിക്കുന്ന - ധർമ്മോ സ്മൽകുല ദൈവതം എന്നു മുദ്രാവാക്യമുള്ള ഒരു ഹിന്ദുരാജാവ് ഭരി ക്കുന്ന - ഒരു രാജ്യത്ത് അഭിമാനമുള്ള ഒരു ഹിന്ദു എങ്ങിനെയാണ് തലയു യർത്തി നടക്കുന്നത്? അതുകൊണ്ട് ഈഴവർക്കുണ്ടായ അമർഷം അവർ അഭിമാനമുള്ള മനുഷ്യരായതുകൊണ്ടുമാത്രമാണ്.

ദുസ്സഹരായ ഈഴവപ്രമാണികൾ വർക്കല വച്ച് മഹാകവി കുമാ രൻ ആശാന്റെ അദ്ധ്യക്ഷതയിൽ 96-ലാണെന്നു തോന്നുന്നു ഒരു യോഗം കൂടി ഈഴവർ സവർണ്ണക്ഷേത്രങ്ങളെല്ലാം ബഹിഷ്ക്കരിക്കണമെന്ന് ഒരു നിശ്ചയം പാസ്സാക്കി. അന്ധവിശ്വാസികൾ അധികമുള്ള ഈഴവസമുദായ ത്തിൽ പ്രായോഗികവൈഷമ്യമുള്ള ആ പ്രമേയം നടപ്പിൽവരുത്താൻ പ്രയാ സമുണ്ടായിരുന്നെങ്കിലും ആ പ്രമേയം പ്രയോജനപ്രദമായിരുന്നു എന്നാ ണെന്റെ അഭിപ്രായം.

ഒരുകാര്യവും കൂടി ഈ അവസരത്തിൽ പറയേണ്ടതാണെന്നു തോന്നുന്നു. ഈഴവസമുദായത്തിൽ ഇന്നു കാണുന്ന ആത്മീയപ്രചോദനങ്ങൾക്കെല്ലാം കാരണഭൂതനായ ശ്രീനാരായണഗുരുസ്വാമികൾ ദീർഘദൃഷ്ടിയോടുകൂടി, താൻ ജനിച്ച് ഈഴവസമുദായത്തെ സർവസ്വതന്ത്രമാക്കാനും അവർക്ക് ആവശ്യമുള്ള എല്ലാ കാര്യങ്ങളും അവർതന്നെ ചെയ്യാനും നേരത്തെകൂട്ടി പലതും ചെയ്തുകൊണ്ടിരുന്നു. എന്റെ ചെറുപ്പത്തിൽ അദ്ദേഹത്തെ കേട്ടറിഞ്ഞത് നാണു ആശാൻ എന്ന പേരിലാണ്. അന്ന് അദ്ദേഹത്തെപ്പറ്റി പല അത്ഭുതകഥകളും പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ഈഴവരുടെ സാമൂഹ്യപരിഷ്ക്കാരങ്ങൾക്കുള്ള പ്രചരണവും പ്രവൃത്തിയും നടത്തിയത് എസ്.എൻ.ഡി.പി. യോഗമാണെങ്കിലും അതിന്റെ നേതൃത്വം വഹിച്ചത് നാണുഗുരുസ്വാമികളായിരുന്നു. അദ്ദേഹം എസ്.എൻ.ഡി.പി. യോഗങ്ങളിൽ അപൂർവ്വമായേ സംബന്ധിച്ചിരുന്നുള്ളു. എങ്കിലും അദ്ദേഹത്തിന് അതുമായുണ്ടായിരുന്ന ബന്ധം അഭേദ്യമായിരുന്നു. ഈഴവസമുദായത്തിന്റെ ഐക്യത്തിന്റെ ഭൗതികരൂപമാണ് എസ്.എൻ.ഡി.പി. യോഗമെങ്കിൽ, അതിന്റെ ആത്മചൈതന്യമാണ് ശ്രീനാരായണഗുരുദേവൻ. അദ്ദേഹം ദീർഘദൃഷ്ടിയുള്ള വിപ്ലവകാരിയായ ഒരു സാമൂഹ്യപരിഷ്ക്കർത്താവാണെന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല. ബ്രാഹ്മണനല്ലാതെ മറ്റാർക്കും കൈകാര്യം ചെയ്യാൻ പാടില്ലെന്ന് ഇന്നും വിശ്വസിക്കുന്ന ക്ഷേത്രപ്രതിഷ്ഠയും ഈശ്വരപൂജയും കൊടിയേറ്റും ഉത്സവകർമ്മങ്ങളും എഴുന്നള്ളിപ്പും, തീണ്ടൽ നിമിത്തം വഴിനടക്കാൻ അനുവാദമില്ലാത്ത ഈഴവരെക്കൊണ്ട് അക്കാലത്തു ചെയ്യിച്ച അദ്ദേഹം എത്രയോ വലിയ ഒരു ധീരാത്മാവാണ്, വിപ്ലവകാരിയാണ്. എവിടെയോ ഒരു ശിവപ്രതിഷ്ഠ കഴിഞ്ഞുവന്ന ഗുരുദേവനോട് പണ്ഡിതനെന്ന് അഭിമാനിക്കുന്ന അസൂയാലുവായ ഒരു സവർണ്ണപ്രമാണി, 'ഒരു ഈഴവനായ നിങ്ങൾക്ക് ശിവപ്രതിഷ്ഠ നടത്താൻ ശാസ്ത്രം അനുവദിക്കുന്നുണ്ടോ' എന്നു ചോദിച്ചതായും, അല്പം ഫലിതരസത്തിലും യുക്തിപൂർവമായും മറുപടി പറയാറുള്ള സ്വാമികൾ, ശാസ്ത്രഗ്രന്ഥങ്ങളെല്ലാം സവർണ്ണനെ സംബന്ധിച്ചുള്ളതാണെന്നും, ഞാൻ അവർണ്ണശിവനെയാണ് പ്രതിഷ്ഠിച്ചതെന്നും മറുപടി പറഞ്ഞതായും കേട്ടിട്ടുണ്ട്. പൂജാവിധികളും തന്ത്രങ്ങളും പഠിച്ച പലരും ഇന്ന് ആ സമുദായത്തിലുണ്ട്. കുത്തിത്തറ്റുടുത്ത് പൂജയും എഴുന്നള്ളിപ്പും നടത്തുന്ന ഈഴവതന്ത്രിമാരെ കണ്ട് മനംമയങ്ങിയ ബ്രാഹ്മണതന്ത്രിമാരെ ഞാൻ കണ്ടിട്ടുണ്ട്. ഈഴവരുടെ വക പറവൂർ വടക്കേക്കര ക്ഷേത്രത്തിലെ എട്ടുപത്താനപ്പുറത്തുള്ള എഴുന്നള്ളിപ്പും ചെണ്ടമേളവും പാണ്ടിവാദ്യവും മറ്റു പല മോടികളും ആൾക്കൂട്ടവും കണ്ടാൽ ആ മഹോത്സവവും വൈക്കം മഹോത്സവവുമായി എന്തു വ്യത്യാസമാണുള്ളതെന്ന് ആർക്കും തോന്നാതിരിക്കയില്ല. സവർണ്ണാവർണ്ണഭേദം കൂടാതെ ഇപ്പോൾ ആ ക്ഷേത്രങ്ങളിലും എല്ലാവരും ദർശനം നടത്തുന്നുണ്ട്. നമ്മുടെ ഇടയിലെ ഉച്ചനീചത്വങ്ങൾ പോക്കാനും ജാതിതന്നെ ഇല്ലാതാക്കാനും സ്വാമികളുടെ അന്നത്തെ പ്രവൃത്തി വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. മഹാത്മാവായ സ്വാമികളെ മൂന്നാലുപ്രാവശ്യമേ എനിക്കു നേരിട്ടു കാണാനും സംസാരിക്കാനും സന്ദർഭം കിട്ടിയിട്ടുള്ളു. ജന്മോദ്ദേശ്യം സഫലമാക്കീട്ട് ദിവംഗതനായ അദ്ദേഹം

ഈഴവരുടെ മാത്രമല്ല, കേരളീയരുടെ എല്ലാംതന്നെ നിത്യസ്മരണീയനായ ഒരു മഹാപുരുഷനാണ്.

സഞ്ചാരസ്വാതന്ത്ര്യപ്രക്ഷോഭണം പൂർണ്ണവിജയത്തിൽ എത്തിയില്ലെങ്കിലും വൈക്കം പടിഞ്ഞാറേനടയിൽ ഉണ്ടായിരുന്ന് തീണ്ടൽപ്പലക മാറ്റുകയും, കിഴക്കേനട ഒഴിച്ചുള്ള എല്ലാവഴികളും എല്ലാ ജാതിക്കുമായി തുറന്നുകൊടുക്കുകയും ചെയ്തു. അത് 1100-ൽ ആർ കൃഷ്ണപിള്ള ഒഫിഷ്യേറ്റിംഗ് ദിവാൻ ആയിരുന്ന കാലത്താണ്. വാട്സ് ദിവാൻ ആയിരുന്നപ്പോൾ അഹിന്ദുക്കൾക്ക് പ്രവേശിക്കാവുന്നിടത്തെല്ലാം അവർണ്ണർക്കും പ്രവേശിക്കാമെന്നു തീരുമാനിച്ചു.

ടി.കെ. മാധവൻ മഹാത്മജിയെ കണ്ട് ക്ഷേത്രപ്രവേശനത്തിന് എല്ലാ ഹിന്ദുക്കൾക്കും അവകാശമുണ്ടെന്നു വിവരിക്കുന്ന ഒരു എഴുത്ത് വാങ്ങിക്കൊണ്ടുവന്നു. അതു പരസ്യപ്പെടുത്താൻ തിരുവനന്തപുരത്തുവച്ച് 1001 കുംഭം 19-ന് ഒരു ഡർബാർകൂടി. ടി.കെ. വേലുപ്പിള്ളയായിരുന്നു യോഗാദ്ധ്യക്ഷൻ. ഞങ്ങളെല്ലാം ഹാജരുണ്ടായിരുന്നു. അതിന്റെ ശേഷം ഹിന്ദുജനസാമാന്യത്തിന്റെ - വിശേഷിച്ച് സവർണ്ണരുടെ - അനുകൂലാഭിപ്രായരൂപീകരണത്തിനായി ഞാനും ടി.കെ. മാധവനും കൂടി രാജ്യത്തിന്റെ പല ഭാഗങ്ങളിൽ സഞ്ചരിച്ച് വലിയ വലിയ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിച്ചു. ലഘുപത്രികകളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. അങ്ങനെയുള്ള മഹായോഗങ്ങളിൽ പ്രാമുഖ്യം വഹിക്കുന്നത് ഓച്ചിറ പടനിലത്തു കൂടിയ മഹായോഗമായിരുന്നു.

ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തിൽ ഞാനും ടി.കെ. മാധവനും ശ്രീരാമലക്ഷ്മണന്മാരെപ്പോലെയുള്ള സാഹോദര്യബന്ധത്തിൽ മാധവന്റെ അന്ത്യനിമിഷംവരെ ഞങ്ങൾക്ക് യോജിച്ചു പ്രവർത്തിക്കാൻ സാധിച്ചു. 105 മേടത്തിലാണ് അദ്ദേഹം ഈ പ്രപഞ്ചബന്ധം കൈവെടിഞ്ഞത്. എൻ. എസ്.എസ്സിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരിയിൽവച്ച് മൂന്നുദിവസം തുടർന്നുനടന്ന നായർസമ്മേളനങ്ങൾക്കിടയിൽ പ്ലാറ്റുഫോറത്തിൽ വച്ചാണ് അദ്ദേഹം മരിച്ച കമ്പി എനിക്കു കിട്ടിയത്. ആ കമ്പി വായിച്ചുകേൾക്കാൻ ഞാൻ ശക്തനല്ലായിരുന്നു. തടഞ്ഞിട്ടു നിൽക്കാത്ത കണ്ണുനീരോടുകൂടിയേ എനിക്കു ബാക്കി യോഗനടപടികളിൽ പങ്കുകൊള്ളാൻ സാധിച്ചുള്ളു. എന്റെ മനോരാജ്യങ്ങളിൽ പലതും തകർന്നതുപോലെ തോന്നി. എസ്.എൻ.ഡി.പി.യിലും എൻ.എസ്.എസ്സിലും ഞങ്ങൾക്കു പ്രത്യേക താൽപര്യവും ചുമതലയുമുണ്ടായിരുന്നെങ്കിലും ഹിന്ദുക്കളുടെ ഏകീകരണമായിരുന്നു ഞങ്ങളുടെ രണ്ടാളുടെയും ജീവശ്വാസം. അതിനുള്ള കളം ഒരുക്കലാണ് ക്ഷേത്രപ്രവേശനം. അതു സമ്പാദിക്കാൻ മാധവനോളം തീക്ഷ്ണമായും ശേഷിയോടുകൂടിയും പ്രവർത്തിച്ച മറ്റൊരാളെ കാണാൻ പ്രയാസം. ഈഴവസമുദായത്തിന്റെയും ഹിന്ദുസമുദായത്തിന്റെയും ഉത്ക്കർഷത്തിനുവേണ്ടി നിരന്തരം ക്ലേശിച്ചിട്ടുള്ള ആ മഹാപുരുഷന്റെ സംഘടനാശക്തിയും പ്രചരണസാമർത്ഥ്യവും ആർക്കും മറക്കാൻ സാധിക്കുന്നതല്ല. നിത്യരോഗം (വായുമൂട്ടൽ) നിമിത്തം കൃശഗാത്രനായ അദ്ദേഹം വിശ്രമമെന്നത് അറിഞ്ഞിട്ടേയില്ല. കൃഷ്ണവർണ്ണനായ മാധവൻ കുളിച്ച് ചന്ദനഗോപിയുംതൊട്ട്

ഖദർമുണ്ടും ഷർട്ടും ധരിച്ച് ഒരു വടിയുമായി യോഗസ്ഥലത്തേക്കു വരുന്ന കാഴ്ച എന്റെ കണ്ണിൽനിന്നും മായുന്നില്ല. അനുയായികളെ എല്ലാം ആകർഷിക്കാനും അവർക്ക് ആവശ്യമുള്ളതെല്ലാം നിർലോഭമായി കൊടുക്കാനും മാധവനെപ്പോലെ സന്മനസ്സുള്ള നേതാക്കന്മാർ ചുരുക്കമായിരുന്നു. അദ്ദേഹത്തിന്റെ അകാലദേഹവിയോഗം സമുദായസ്നേഹികളെ എല്ലാം ദുഃഖിപ്പിച്ചതിൽ അത്ഭുതമില്ല. എല്ലാ ഹിന്ദുക്കൾക്കും ദർശനത്തിനു ക്ഷേത്രം തുറന്നുകൊടുക്കുന്നതു കാണാൻ അത്യൗത്സുക്യമുണ്ടായിരുന്ന മാധവന് അതു കാണാൻ കഴിയാതെ ഈ ലോകത്തുനിന്നു യാത്ര പറയേണ്ടിവന്നതാണ് വലിയ ദൗർഭാഗ്യം. ഏഴുകൊല്ലം കൂടി അദ്ദേഹത്തിനു ജീവിച്ചിരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം ലഭിച്ചതുകണ്ട് നിർവൃതിയടഞ്ഞു മരിക്കാമായിരുന്നു.

ടി.കെ. മാധവന്റെ മരണത്തോടുകൂടി ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തിന്റെ ചൂടുകുറഞ്ഞു എന്നു പറയുന്നതിൽ തെറ്റില്ല. ക്രമേണ അത് സമയംപോലെ നടത്തുന്ന ഒരു പ്രക്ഷോഭമായിത്തീർന്നു. ഈഴവസമുദായപ്രമാണികൾക്ക് ഈ സമുദായപരിഷ്ക്കരണത്തേക്കാൾ കാര്യമായി തോന്നിയത് രാഷ്ട്രീയ അവകാശം പിടിച്ചുപറ്റുന്നതിൽ പങ്കുകൊള്ളുകയാണെന്നായിത്തീർന്നു. അതിനു ചേരേണ്ടത് ക്രിസ്ത്യാനികളോടും മുസ്ലീമുകളോടുമാണെന്നും അവർ തീരുമാനിച്ചു. നായന്മാരോടുള്ള ബന്ധം വിട്ട് അവരെ ശത്രുക്കളായി കരുതിയുംകൊണ്ട് മുപ്പിരി എന്ന പേരിൽ അറിയപ്പെടുന്ന സംയുക്തസംഘടനയിൽ ഉൾപ്പെട്ടു. പ്രക്ഷോഭണവും ആരംഭിച്ചു. അതോടുകൂടി ഹൈന്ദവൈക്യത്തിന്റെ അടിത്തറ പൊളിയുകയും ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തിലെ വിജയാശ അവസാനിക്കുകയും ചെയ്തു.

അക്കാലത്താണ് ഭാരതസ്വാതന്ത്ര്യലബ്ധിക്കുള്ള രണ്ടാമത്തെ വട്ടമേശസമ്മേളനം ഇംഗ്ലണ്ടിൽവച്ചു നടന്നത്. ഇൻഡ്യയിൽ ഒരു പിളർപ്പും കൂടി ഉണ്ടാക്കാൻവേണ്ടി ബ്രിട്ടീഷ് മേധാവികൾ അംബേദ്ക്കറെ ആയുധമാക്കി സ്വീകരിച്ചുകൊണ്ട് തിരഞ്ഞെടുപ്പിൽ അധഃകൃതർക്ക് സംവരണം ചെയ്ത സീറ്റുവേണമെന്ന് ആവശ്യപ്പെടുവിച്ചു. ഹിന്ദുക്കളെ എന്നെന്നേക്കുമായി വേർപിരിക്കുന്ന ഈ ഏർപ്പാടിനെ മഹാത്മജി അവിടെവച്ചുതന്നെ എതിർത്തു. മഹാത്മജി ഇന്ത്യയിലേക്കു മടങ്ങിവന്നപ്പോൾ സ്വാഗതം ചെയ്തത് യർവ്വദാ ജയിലാണെന്നും, വൈസ്രായി വെല്ലിംഗ്ടൺ പ്രഭു കോൺഗ്രസ് പ്രമാണികളെ ഒന്നടങ്കം ജയിലിലാക്കാൻ ആരംഭിച്ചുവെന്നും, അവസാനത്തെ മർദ്ദനം അഴിച്ചുവിട്ടു എന്നും എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ. ഇതിനിടയിൽകൂടി ഇന്ത്യൻ ഭരണപരിഷ്ക്കാരം ഇംഗ്ലണ്ടിൽനിന്നും ഇവിടെ വന്നെത്തി. അതിൽ മഹാത്മജിയുടെ വാദത്തെ അവഗണിച്ചുകൊണ്ട് ഹരിജനങ്ങൾക്കുള്ള സീറ്റ് പ്രത്യേകം സംവരണം ചെയ്തിരുന്നു. അതുകണ്ടപ്പോൾ മഹാത്മജി ദുസ്സഹവേദനയോടെ മരണംവരെ ഉപവാസം അനുഷ്ഠിച്ചു. ഇന്ത്യ ഒട്ടാകെ മരണവേദന അനുഭവിച്ചതും, ഗത്യന്തരമില്ലാതെ ബ്രിട്ടീഷുകാർ ആ വ്യവസ്ഥയ്ക്കു മാറ്റം വരുത്തിയതും, ഗാന്ധിജിയെ വിട്ടയച്ചതും പ്രസിദ്ധമായ കാര്യങ്ങളാണ്.

ഗാന്ധിജി പുറത്തിറങ്ങിയ ഉടനെ ഹിന്ദുക്കളിലെ അസമത്വം ഇല്ലാതാക്കാൻ ഇന്ത്യ ഒട്ടാകെ സഞ്ചരിച്ച് ഹരിജനോദ്ധാരണത്തിനായി വലിയ ധനശേഖരം നടത്തുകയും ഹരിജനങ്ങൾക്കും ക്ഷേത്രപ്രവേശനം നൽകാൻ ശക്തമായ പ്രചരണം ആരംഭിക്കുകയും ചെയ്തു. മഹാത്മജിയുടെ താത്പര്യം പരിഗണിച്ച് ഇന്ത്യയുടെ പല ഭാഗങ്ങളിലുമുള്ള അപൂർവം ചില ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്ക് ആരാധനയ്ക്കായി അധികാരികൾ തുറന്നുകൊടുത്തു. അങ്ങനെ കോൺഗ്രസ്സിന്റെ പ്രധാന പ്രവർത്തനം രാഷ്ട്രീയത്തിൽനിന്നും സാമൂഹ്യപരിഷ്ക്കരണത്തിലേക്കു പരിവർത്തനം ചെയ്തു എന്നു തോന്നത്തക്കവിധത്തിൽ ഇന്ത്യ ഒട്ടാകെ ഒരിളക്കവും ആവേശവും ഉയർന്നു. അത് കേരളത്തെയും ബാധിക്കാതിരുന്നില്ല. തിരുവിതാംകൂറിൽ സമുദായസംഘടന മുഖാന്തിരം സാമൂഹിക പരിഷ്ക്കരണത്തിനു ശബ്ദമുയർത്തിയകാലത്തും, കൊച്ചിയും മലബാറും ആ വിഷയത്തിൽ നിശ്ശബ്ദമായിരിക്കുകയായിരുന്നു. സാമുദായികപ്രവർത്തനം രാഷ്ട്രീയപ്രസ്ഥാനത്തിനും തന്മൂലം കോൺഗ്രസ്സിനും എതിരാണെന്നുപോലും അവർ വിശ്വസിച്ചിരുന്നു. ഇന്നും അങ്ങിനെ വിശ്വസിക്കുന്ന ദേശാഭിമാനികൾ അവിടെ ധാരാളമുണ്ട്. ഏതായാലും മഹാത്മജിയുടെ ഈ ഹരിജനപ്രസ്ഥാനമുണ്ടായപ്പോൾ അതിന്റെ ഓളം അധികമടിച്ചത് കേരളത്തിന്റെ വടക്കേ അറ്റമായ മലബാറിലായിരുന്നു.

കേരളത്തിലെ സുപ്രസിദ്ധിയുള്ള ഗുരുവായൂർക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കാനുള്ള പ്രക്ഷോഭണം കേരളത്തിലെ കോൺഗ്രസ് പ്രമാണിയായ കേളപ്പന്റെ നേതൃത്വത്തിൽ ആരംഭിക്കാൻ ആഗ്രഹിച്ചു. അതിന്റെ ആലോചനയ്ക്കായി അദ്ദേഹം എന്നെയും ക്ഷണിച്ചു. ഞാൻ ഉടൻതന്നെ ഗുരുവായൂരെത്തി ആലോചനകളിൽ പങ്കുകൊണ്ടു. എന്നെ ഗുരുവായൂർ സത്യാഗ്രഹക്കമ്മറ്റിയുടെ പ്രസിഡന്റായി തിരഞ്ഞെടുത്തു. ആവശ്യമുള്ള പരിപാടികളും തയ്യാറാക്കി പല കമ്മറ്റികളും ഉണ്ടാക്കിയതിൽ ഒന്നായിരുന്നു പ്രചരണക്കമ്മറ്റി. അതിന്റെ നായകനായി എന്നെത്തന്നെ നിശ്ചയിച്ചു. ഏതാനും ആളുകളോടുകൂടി തെക്കേമലബാറിലും വടക്കേ മലബാറിലുമുള്ള എല്ലാ പട്ടണങ്ങളിലും മിക്ക ഗ്രാമങ്ങളിലും സഞ്ചരിച്ച് യോഗങ്ങൾ വിളിച്ചുകൂട്ടി ഹരിജനങ്ങൾക്കും ക്ഷേത്രപ്രവേശനം കൊടുക്കേണ്ടതിന്റെ ആവശ്യത്തെയും ന്യായത്തെയും വിശദീകരിച്ചു പ്രസംഗിച്ചു. മലബാർകാരായ ചില സ്നേഹിതന്മാരും ഒരുമിച്ച് ഗുരുവായൂർ സത്യാഗ്രഹവിജയത്തിനുവേണ്ടി ഞാൻ കൊച്ചിയിലും തിരുവിതാംകൂറിലും സഞ്ചരിച്ചു. ആ പ്രദേശങ്ങളിലും അനവധി യോഗങ്ങളിൽ സംബന്ധിച്ച് പ്രസംഗിച്ചു. എന്റെ ആ പ്രചരണപ്രവർത്തനങ്ങളിലെ പ്രധാന പങ്കാളികൾ എ.കെ. ഗോപാലനും എം.പി. ദാമോദരനുമായിരുന്നു.

ഗുരുവായൂർസത്യാഗ്രഹം ആരംഭിച്ചു. കിഴക്കേനടയിൽ തീണ്ടൽജാതിക്കാർക്കു ചെല്ലാൻ അവകാശമുണ്ടായിരുന്ന അതിർത്തിയിലാണ് സത്യാഗ്രഹം നടത്തിയത്. നിത്യമെന്നവണ്ണം കിഴക്കേനടയിലുള്ള ആലിൻചുവട്ടിൽ വച്ച് പ്രസംഗങ്ങളും നടന്നുകൊണ്ടിരുന്നു. വൈക്കം സത്യാഗ്രഹത്തിന്റെ ആരംഭത്തിലുണ്ടായ കോളിളക്കമോ ആൾക്കൂട്ടമോ

അവിടെ ഉണ്ടായില്ലെങ്കിലും, യോഗങ്ങളിലെ പ്രസംഗങ്ങൾ കേൾക്കാൻ ദിവസേന ആളുകൾ കൂടുതലായി വന്നുകൊണ്ടിരുന്നു. ആരംഭകാലത്ത് അവിടുത്തെ സവർണ്ണരുടെ മാത്രമല്ല, അവർണ്ണരുടെയും ആനുകൂല്യം വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. അവിടെ സത്യാഗ്രഹാശ്രമത്തിനു സ്ഥലം കിട്ടാൻതന്നെ വളരെ വിഷമിച്ചു. സത്യാഗ്രഹാശ്രമത്തിൽനിന്നും വാളന്റിയറന്മാർ പാട്ടും പാടി നേരനീക്കം വരുത്താതെ പോകുകയും വരുകയും ചെയ്യുന്നതും, കിഴക്കേനടയിൽനിന്നു ഭജനം നടത്തുന്നതും, ഉൽബോധജനകമായ പ്രസംഗങ്ങൾ ചെയ്യുന്നതും കണ്ടും കേട്ടും അവിടുത്തെ സവർണ്ണരുടെ ഇടയിൽപോലും മട്ടുമാറ്റം ഉണ്ടായിത്തുടങ്ങി. സാമൂഹ്യപ്രവർത്തനങ്ങളുടെ പ്രയോജനം, അതു ധാരാളം നടന്ന തിരുവിതാംകൂർ രാജ്യത്തെ വൈക്കം സത്യാഗ്രഹവും അതൊട്ടും നടക്കാത്ത മലബാറിലെ ഗുരുവായൂർസത്യാഗ്രഹവും തമ്മിലുള്ള വ്യത്യാസംകൊണ്ട്, ജനങ്ങളെ കാണിച്ചുകൊടുത്തു. എങ്കിലും ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കു ഫലമുണ്ടാകുമെന്ന് ഗുരുവായൂർസത്യാഗ്രഹവും തെളിയിക്കാതിരുന്നില്ല. വൈക്കത്തെ ഇണ്ടംതുരുത്തികളുടെ സ്ഥാനം പാലിയത്ത് ചെറിയകുഞ്ഞുണ്ണി അച്ചനും മുകുന്ദരാജാവു മുതൽപേരും ഗുരുവായൂരിൽ ഏറ്റെടുത്ത് സത്യാഗ്രഹത്തിന് എതിരായുള്ള പ്രചരണവും പ്രവൃത്തിയും നടത്തിത്തുടങ്ങി. ആളുകൾ കൂടാറില്ലെങ്കിലും അവരും പ്രസംഗങ്ങൾ ചെയ്യുമായിരുന്നു. അഹിംസാവ്രതക്കാരായ സത്യാഗ്രഹികളിൽനിന്നും സമാധാനലംഘനമുണ്ടാകാതിരിക്കാൻവേണ്ടി ഒന്നുരണ്ട് ഇൻസ്പെക്ടറന്മാരുടെ നേതൃത്വത്തിൽ ഒരുസംഘം ബ്രിട്ടീഷ് പോലീസിനെ അവിടെ സ്ഥിരമായി പാർപ്പിച്ചിരുന്നു. ഞങ്ങളുടെ പ്രസംഗം അവരുടെ മുമ്പാകെവച്ചാണ് പതിവായി നടത്തുക. സത്യാഗ്രഹാശ്രമത്തിന്റെ മാനേജർ അവിടുത്തെ ഒരു തീയ്യപ്രമാണിയായിരുന്ന പി.എ. രാമൻ ബി.എ. ആയിരുന്നു.

സത്യാഗ്രഹവും പ്രസംഗവും മറ്റു പ്രചരണങ്ങളും കൊണ്ട് ഹിന്ദുക്കളുടെയും സവർണ്ണരിൽ ഒരു നല്ല വിഭാഗത്തിന്റെയും ആനുകൂല്യം സമ്പാദിക്കാൻ കഴിഞ്ഞു. എങ്കിലും ക്ഷേത്രാധികാരിയായ സാമൂതിരിയുടെ ആനുകൂല്യം സമ്പാദിക്കാൻ അവകൊണ്ടോ, മെമ്മോറിയലും നിവേദനങ്ങളും ഡെപ്യൂട്ടേഷനുംകൊണ്ടോ സാധിച്ചില്ല. സാമൂതിരിപ്പാടിലെ ശിലാഹൃദയത്തെ ദ്രവിപ്പിക്കുവാൻ കഴിയുമെന്നു വിശ്വസിച്ച് ഗത്യന്തരമില്ലാഴികയാൽ ക്ഷേത്രം തുറന്നുകൊടുക്കുന്നതുവരെ കേളപ്പൻ നിരാഹാരസത്യാഗ്രഹം തുടങ്ങാൻ തീരുമാനിച്ചു. നിശ്ചയിക്കപ്പെട്ട തീയതിയിൽതന്നെ സത്യാഗ്രഹം ആരംഭിച്ചു.

അതിന്റെശേഷം കേരളത്തിന്റെ ഒട്ടാകെയുള്ള ശ്രദ്ധ ഗുരുവായൂരിലേക്ക് ആകർഷിക്കാതിരുന്നില്ല. കോൺഗ്രസ്സ് കേന്ദ്രങ്ങളിലും ഇന്ത്യ ഒട്ടാകെയും ഗുരുവായൂർസത്യാഗ്രഹം ഒരു ചിന്താവിഷയമായിത്തീർന്നു. പല ഭാരതീയപ്രമാണികളും സാമൂതിരിപ്പാട്ടിലെ സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ ഗാന്ധിജിയുടെ നിർബന്ധപൂർവമുള്ള ആജ്ഞയനുസരിച്ച് കേളപ്പൻ സത്യാഗ്രഹം പിൻവലിച്ചു. ഞാൻ നാട്ടിലേക്കു പോന്നു. സവർണ്ണഹിന്ദുക്കൾ പ്രതികൂലിക്കുന്നു എന്നാണ് സാമൂതിരിപ്പാടും സമാധാനം

പറഞ്ഞത്. കുറേ കഴിഞ്ഞപ്പോൾ ഗുരുവായൂരും സമീപപ്രദേശത്തുമുള്ള സവർണ്ണരുടെ അഭിപ്രായം രേഖപ്പെടുത്താൻ റഫ്റണ്ടം എടുക്കണമെന്നു മഹാത്മജി നിർദ്ദേശിച്ചു. സവർണ്ണരുടെ ഇടയിൽ പ്രചരണവേലയ്ക്കായി കസ്തൂർബാഗാന്ധി, ഊർമ്മിളാദേവി, സി. രാജഗോപാലാചാരി എന്നിവർ മലബാറിൽ വന്നെത്തി. അതിന്റെ ചുമതല വഹിച്ചത് കേരളത്തിലെ കോൺഗ്രസ് പ്രമാണികളിൽ പ്രമുഖനും ശേഷിമാനുമായ കാരുതോടി മാധവൻനായരായിരുന്നു. മലബാറിലെ ഗ്രാമപ്രദേശങ്ങളിൽ അവരോടു കൂടി സഞ്ചരിച്ച് മലയാളത്തിൽ പ്രസംഗിക്കാൻ ഞാൻകൂടി ചെല്ലണമെന്ന് മാധവൻനായർ ആവശ്യപ്പെട്ടു. വീണ്ടും ഞാൻ മലബാറിലെത്തി. ഞങ്ങൾക്കെല്ലാം താമസത്തിനായി വി.ടി. ഭട്ടതിരിപ്പാട്ടിലെ ഇല്ലം ഒഴിഞ്ഞു തന്നിരുന്നു. നമ്പൂതിരിമാരുടെ കൂട്ടത്തിലെ ഉല്പതിഷ്ണുക്കളിൽ അഗ്രഗണ്യനായ അദ്ദേഹത്തിന്റെ അന്തർജ്ജനം തന്നെയായിരുന്നു ഞങ്ങൾക്ക് ആഹാരം തയ്യാറാക്കി വിളമ്പിത്തന്നത്. അവിടെ മുറ്റവും മുറിയും അടിക്കുന്നത് പുലയിയായിരുന്നു. ഭട്ടതിരിപ്പാടിലെ അച്ഛൻ വൃദ്ധനായ ഒരു സന്ന്യാസജീവിതക്കാരനായിരുന്നു. അയിത്തോച്ചാടനത്തിൽ തൽപരനായ അദ്ദേഹത്തിന്റെ പുത്രന്മാർ ക്ഷേത്രപ്രവേശനത്തിലും ജാതിനാശത്തിലും നിർബന്ധവും കൂടിയുള്ളവരായിരുന്നു. പിന്നീട് അവരുടെ സഹോദരിയെ ഒരു ബി.എ.ക്കാരൻ നായർക്ക് ആ ഇല്ലത്തുവച്ചുതന്നെ വിവാഹം ചെയ്തു കൊടുത്ത സഹോദരന്മാരാണ് അവരെന്നു പറഞ്ഞാൽ അവരെപ്പറ്റി വളരെയൊന്നും പറയേണ്ട ആവശ്യം നേരിടുകയില്ലല്ലോ. കേരളചരിത്രത്തിൽ പറച്ചിപെറ്റ പന്തിരുകുലത്തിലെ മേളത്തോൾ അഗ്നിഹോത്രിയുടെ സുപ്രസിദ്ധമായ വംശത്തിൽപ്പെട്ടവരാണ് വി.ടി. ഭട്ടതിരിയുടെ കുടുംബക്കാർ എന്നു കേട്ടിട്ടുണ്ട്.

പ്രചരണജോലിക്കു ഞങ്ങൾ പല ഗ്രൂപ്പുകളായിട്ടാണ് ഗ്രാമങ്ങളിൽ സഞ്ചരിച്ചത്. ചില ദിവസങ്ങളിൽ കസ്തൂർബായും കൊണ്ടവെങ്കിടപ്പയും ഞാനും, ചില ദിവസങ്ങളിൽ രാജഗോപാലാചാരിയും ഞാനുമായും സഞ്ചരിച്ചു. ഹിന്ദിയിലും ഇംഗ്ലീഷിലുമായുള്ള പ്രസംഗങ്ങൾ തർജ്ജിമ ചെയ്യാൻ ഞങ്ങളുടെ ആൾ കാണും. അവരുടെ കൂട്ടത്തിലെ മലയാളപ്രസംഗകൻ ഞാൻ മാത്രമാണ്. രാത്രിയിൽ ഞങ്ങൾ മടങ്ങി ഭട്ടതിരിപ്പാട്ടിലെ ഇല്ലത്തെത്തും. ഇങ്ങനെ ഞങ്ങൾ ഒരാഴ്ചയിലധികം സഞ്ചരിച്ചു എന്നാണെന്റെ ഓർമ്മ. ഞങ്ങളുടെ പ്രവർത്തനഫലമായി റഫ്റണ്ടം എടുത്തപ്പോൾ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം കൊടുക്കേണ്ടതാണെന്ന് സവർണ്ണഹിന്ദുക്കളിലെ ബഹുഭൂരിപക്ഷവും സമ്മതം രേഖപ്പെടുത്തി. സാമൂതിരിപ്പാട്ടിലെ പിന്നത്തെ വാദം അയൽരാജ്യമായ കൊച്ചിയിലും തിരുവിതാംകൂറിലും ക്ഷേത്രപ്രവേശനം അനുവദിക്കാതെ ഗുരുവായൂർക്ഷേത്രം തുറന്നുകൊടുക്കാൻ സാദ്ധ്യമല്ലെന്നായിരുന്നു. അങ്ങിനെ അത് വീണ്ടും ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. ഗുരുവായൂർക്ഷേത്രം തുറന്നത് ഗത്യന്തരമില്ലാതെവന്ന മറ്റൊരവസരത്തിലാണ്.

ഊർമ്മിളാദേവിക്കു കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള ചില സങ്കേതങ്ങൾ കാണുകയും കന്യാകുമാരിയിൽ ദർശനം കഴിക്കയും ചെയ്യ

ണമെന്നു താൽപര്യമുണ്ടായിരുന്നു. മാധവൻനായരുടെ നിർദ്ദേശപ്രകാരം ഞാനും അതിനുവേണ്ടി പരിപാടി ഉണ്ടാക്കുകയും ചില യോഗങ്ങളിൽ പങ്കുകൊണ്ടു സംസാരിക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അവരും പുത്രനും ഞാനുംകൂടി കന്യാകുമാരി വരെ യാത്രചെയ്തിട്ട് അവരെ യാത്ര യാക്കി.

ക്ഷേത്രപ്രവേശനകാര്യത്തിലെ സാദ്ധ്യത മഹാത്മജിയുടെ ദൃഷ്ടി യിൽ തിരുവിതാംകൂറിലാണ് സ്ഥിതിചെയ്തിരുന്നത്. അന്ന് തിരുവിതാം കൂർ ഭരിച്ചിരുന്നത് പരിഷ്കൃതനായ ശ്രീചിത്തിരതിരുനാൾ മഹാരാജാവും ദിവാൻ സർ സി.പി. രാമസ്വാമി അയ്യരും ആയിരുന്നു. മഹാത്മജിക്കുവേണ്ടി ചില പ്രമാണികൾ രാമസ്വാമി അയ്യരെ സമീപിച്ച് ക്ഷേത്രങ്ങൾ തുറന്നു കൊടുക്കുന്ന കാര്യം ആലോചനാവിഷയമാക്കി. അദ്ദേഹം ഒരു ക്ഷേത്ര പ്രവേശനാന്വേഷണക്കമ്മറ്റി ഉണ്ടാക്കി. അത് 1108 വൃശ്ചികമാസത്തിലാ യിരുന്നു. കമ്മറ്റി പ്രസിഡന്റായി ദിവാൻ ആയിരുന്ന വി.എസ്. സുബ്രഹ്മ ണ്യയ്യരെയും അംഗങ്ങളായി ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ഉള്ളൂർ പര മേശ്വരയ്യർ, ടി.കെ. വേലുപ്പിള്ള, മഹാദേവയ്യർ, എം.പി. ഗോവിന്ദൻ, പുന്ന ശ്ശേരി നമ്പിനീലകണ്ഠശർമ്മാ എന്നിവരെയും നിശ്ചയിച്ചു. കമ്മറ്റി രാജ്യ മൊട്ടാകെ സഞ്ചരിച്ച് ഹിന്ദുക്കളുടെ അഭിപ്രായഗതി അന്വേഷിച്ചറിഞ്ഞു. പലരേയും വിസ്തരിച്ചു. നായന്മാർ ഭൂരിപക്ഷവും ക്ഷേത്രം തുറന്നുകൊ ടുക്കുന്നതിന് അനുകൂലമായിട്ടാണ് മൊഴികൊടുത്തത്. കമ്മറ്റിക്കാരിൽ ഭൂരി ഭാഗവും യാഥാസ്ഥിതികന്മാരായിരുന്നതുകൊണ്ട് റിപ്പോർട്ട് ഏതുവിധത്തിൽ ഇരിക്കുമെന്നുള്ളതിനെപ്പറ്റി ആർക്കും ശങ്കയുണ്ടായിരുന്നില്ല.

പ്രതിക്ഷിച്ചതുപോലെ, പ്രയോജനമില്ലാത്ത ഒരു റിപ്പോർട്ടാണ് അവർ സമർപ്പിച്ചത്. പ്രധാന ക്ഷേത്രങ്ങൾ തുറന്നുകൊടുത്തോ, കൊടി മരം വരെ പ്രവേശനം കൊടുത്തോ പരീക്ഷിച്ചുനോക്കണമെന്നായിരുന്നു ഭൂരിപക്ഷറിപ്പോർട്ട്. ഇതിനോടുകൂടി ഓരോ മെമ്പറും പ്രത്യേക റിപ്പോർട്ടും സമർപ്പിച്ചു. ശ്രീകോവിലിൻ മുമ്പിൽ ചെന്നുനിന്ന് എല്ലാ ഹിന്ദുവിനും ദർശനം കഴിക്കാൻ അനുവദിക്കണമെന്നു ചങ്ങനാശ്ശേരിയും എം. ഗോവി ന്ദനും ചേർന്നെഴുതി. മതിൽക്കു പുറത്തുനിർത്തണമെന്ന് നീലകണ്ഠ ശർമ്മയും ഇടയ്ക്കുകൂടി മറ്റു ചിലരുമെഴുതി. അവർ നിരുപയോഗമായി കുറേ പണവും സമയവും ചെലവഴിക്കുകമാത്രം ചെയ്തു.

ക്ഷേത്രപ്രവേശനം സംബന്ധിച്ച് പിന്നീട് പ്രകടനങ്ങൾ അധിക മുണ്ടായില്ലെങ്കിലും ഓരോ ഹിന്ദുവിന്റെയും ഉള്ളിൽ അത് ഒരു നിരന്തര ചിന്താവിഷയമായിരുന്നു. പൊട്ടാറായ അഗ്നിപർവ്വതം, അതിന്റെ ചൂടു കൊണ്ട് ഉരുകി ശരിപ്പെടുംപോലെ ഇവിടുത്തെ ഹിന്ദുക്കളെല്ലാം അറി ഞ്ഞും അറിയാതെയും ക്ഷേത്രപ്രവേശന കവാടത്തിലേക്ക് പുരോഗമിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇതിനിടയിൽ ഈഴവസമുദായത്തിലെ ചിലർ ക്ഷേത്രപ്രവേശനാന്വേഷണക്കമ്മറ്റിയുടെ റിപ്പോർട്ടുകണ്ട് നിരാശരായി കൂട്ട ത്തോടെ ക്രിസ്തുമതസ്വീകരണത്തിനു തയ്യാറായി. ക്രിസ്ത്യൻപ്രമാണിക ളുമായുള്ള പല ദിവസത്തെ കൂടിയാലോചനകളും നടന്നു. അതിന്റെ നേതാവ് പരേതനായ സി.വി. കുഞ്ഞിരാമൻ ആയിരുന്നു. അതും അക്കാലത്തെ

ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും വിഭ്രമമുണ്ടാക്കുന്ന ഒരു വിഷയമായിരുന്നു. കോട്ടയമായിരുന്നു അതിന്റെ സങ്കേതം. എന്തുകാരണംകൊണ്ടായാലും വേണ്ടില്ല, ആ ആലോചന അലസിപ്പോകാൻ അധികകാലം വേണ്ടിവന്നില്ല. ഒരു തുള്ളി മഴയും പെയ്യാതെ ആ കാർമേഘപടലം കാറ്റത്തു പാറിപ്പറന്നു എന്നു പറഞ്ഞാൽ കഴിഞ്ഞു.

സംവത്സരം ഒന്നുകൂടി മുമ്പോട്ടുപോയി. 1112-ാമാണ്ട് പിറന്നു. തുലാമാസം വന്നു. ഇരുപത്താറാംതീയതിയായി. പിറ്റേദിവസത്തെ പ്രഭാതത്തിൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് അവിചാരിതമായി പുറപ്പെടുവിച്ച ക്ഷേത്രപ്രവേശനവിളംബരം ആളുകളെ അത്ഭുതാധീനരാക്കി. അപേക്ഷകരുടെ പ്രതീക്ഷയിലും കവിഞ്ഞ ഒരു സംഭാവനയായിരുന്നു അത്. ഹിന്ദുസമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും സമത്വം കല്പിച്ചുംകൊണ്ട് നമ്പൂതിരിക്കും പുലയനും ഒരുപോലെ ശ്രീകോവിലിൻ വാതുക്കൽ ചെന്നുനിന്നുകൊണ്ട് സ്വാമിദർശനം കഴിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നുള്ള ആ പ്രഖ്യാപനം ഹിന്ദുമതത്തെ എന്നെന്നേക്കുമായി രക്ഷിക്കുന്ന ഒരു ദൈവാനുഗ്രഹവചസ്സായിരുന്നു. ആ ഒറ്റവെടിക്ക് അനവധി പക്ഷികൾ ഒരുമിച്ചു ചത്തുവീണു. അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, തീണ്ടൽ, തൊടിലുകൾ, അടിമത്തങ്ങൾ എന്നിവയെല്ലാം കൂട്ടത്തോടെ നശിച്ചു. ഹിന്ദുമതസ്നേഹികളെല്ലാം ആനന്ദസമുദ്രത്തിൽ ആറാടുകതന്നെ ചെയ്തു. യാഥാസ്ഥിതികന്മാരും ഈ ഇടിനാദം കേട്ട് ഞടുങ്ങി. അവരുടെ മായാവലയത്തിൽനിന്നും ഉണർന്ന് കണ്ണുതുറന്ന് രാജകല്പനയുടെ മഹത്വമോർത്ത് സന്തോഷിച്ചുതുടങ്ങി. മനുഷ്യസ്നേഹിയായ തിരുമനസ്സിനെ മുക്തകണ്ഠം പ്രശംസിക്കുന്നവരുടെ കൂട്ടത്തിൽ അവരും പെട്ടു. 'കല്പന കല്ലേ പിളർക്കും' എന്നുള്ള പഴമൊഴി ഒരു വസ്തുതയായിത്തീരുമെന്നറിയാതെ, ക്ഷേത്രപ്രവേശനം എന്തായാലും അസാദ്ധ്യമെന്നു തീരുമാനിച്ചിരുന്ന യാഥാസ്ഥിതികന്മാരായ ബ്രാഹ്മണരും ബ്രാഹ്മണേതരരും ശക്തിയേറിയ രാജകല്പനയുടെ പ്രവാഹത്തിൽപ്പെട്ട് ഒട്ടൊക്കെ ശ്വാസംമുട്ടൽ അനുഭവിച്ചെങ്കിലും ഏതാനും നിമിഷങ്ങൾക്കകം അവർപോലും ശുദ്ധീകരിക്കപ്പെട്ടവരായിത്തീർന്നത് ഒരത്ഭുതസംഭവംതന്നെയയാണ്. അവരുടെ എതിർവാദങ്ങളെല്ലാം സ്തുതിഗീതങ്ങളായി പരിവർത്തനം ചെയ്യുക മാത്രമല്ല, ക്ഷേത്രക്കുളത്തിൽ ഇറങ്ങിക്കുളിച്ചിട്ടില്ലാത്ത പുലയനെയും പറയനെയും കുളിച്ച് ശുദ്ധമാകാനുള്ള പ്രേരണ നൽകുകകൂടി ചെയ്തു. കൃഷ്ണവർണ്ണന്മാരായ അവർ ശുഭ്രവസ്ത്രവും ധരിച്ച് സവർണ്ണാവർണ്ണഭേദം കൂടാതെ ശ്രീകോവിലിൻവാതുക്കലേക്ക് തിരക്കിട്ടുപോകുന്ന ആ കാഴ്ച ആർക്കെങ്കിലും മരിച്ചാലും മറക്കാൻ സാധിക്കുമോ? ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഒറ്റക്കൽമണ്ഡപത്തിൽ ആഢ്യൻനമ്പൂതിരിപ്പാടും ഏഴപ്പുലയനും തോളോടുതോൾ ഉരസിനിന്നുകൊണ്ട് ഭക്തിപൂർവം സ്വാമിദർശനം നടത്തുന്നതും, പൂജാരിയുടെ കയ്യിൽനിന്നുതന്നെ നേരിട്ടു പ്രസാദം വാങ്ങുന്നതും, അതിന്റെ തന്മയത്വത്തിൽ വർണ്ണിക്കാൻ വള്ളത്തോൾ മഹാകവിക്കും സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. രാജ്യമൊട്ടാകെയുള്ള മഹാക്ഷേത്രങ്ങളിലെല്ലാം ഹരിജന

ങ്ങളും ബ്രാഹ്മണരും മറ്റാളുകളും ഭക്തിപൂർവം കുളിച്ച് ആരാധന നട ത്തിയ ആ ദിവസമാണ് ഭാരതത്തെ കളങ്കരഹിതമായി ശുദ്ധീകരിച്ച ദിവ സം. മഹാത്മാഗാന്ധിയെ ആനന്ദാതിരേകംകൊണ്ടു രോമാഞ്ചകഞ്ചുകിത നാക്കിയ സംഭവവും ദിവസവും അതുതന്നെയായിരുന്നു. ഭാരതത്തിന്റെ നാനാഭാഗങ്ങളിൽനിന്നു വന്ന അനുമോദനസന്ദേശങ്ങൾ തിരുവിതാംകൂ റിൽ കുന്നുകൂടിയത് അന്നായിരുന്നു. സർ സി.പി. രാമസ്വാമി അയ്യർക്ക് എന്തെല്ലാം ദോഷങ്ങൾ ആരെല്ലാം പറഞ്ഞാലും, ക്ഷേത്രപ്രവേശനവിളം ബരത്തിന് തിരുമനസ്സിലേക്കുവേണ്ട പ്രേരണയും ഉപദേശവും നൽകി ഒരുപനിഷദ്വചനം പോലെ കണക്കാക്കാവുന്ന ഭാഷാവൈശിഷ്ട്യത്തോടു കൂടിയ ആ വിളംബരം തയ്യാറാക്കി പ്രസിദ്ധീകരിക്കയും പ്രശാന്തമായി ത്തന്നെ അതു നടപ്പിൽവരുത്തുകയും ചെയ്ത മഹൽകൃത്യത്തെ ലോകാ വസാനം വരെ പുകഴ്ത്താതിരിക്കാൻ സാദ്ധ്യമല്ല. മഹാത്മാഗാന്ധിയും രാജഗോപാലാചാരി മുതലായ മഹാബുദ്ധിമാന്മാരും മഹാരാജാവു തിരുമ നസ്സിലെ ഈ വിശിഷ്ടകൃത്യം കണ്ട് കുതൂഹലചിത്തരായി, അശോകച ക്രവർത്തിക്കു തുല്യനെന്ന് അവിടുത്തെ പ്രശംസിച്ചതിലും കവിഞ്ഞ് നമു ക്കെന്തൊരഭിമാനമാണ് സമ്പാദിച്ചുതരേണ്ടതായിട്ടുള്ളത്. പിന്നീട് ഇവി ടെയും ഭാരതമൊട്ടാകെയും നടന്ന സന്തോഷപ്രകടനങ്ങൾക്ക് കയ്യും കണ ക്കുമില്ല.

തിരുമനസ്സിലെ ഈ മഹൽകൃത്യത്തിന്റെ സ്മാരകമായി ബഹു ജനങ്ങളുടെ വകയായി തിരുമനസ്സിലെ വൻതോതിലുള്ള ഒരു പ്രതിമ തിരു വനന്തപുരം കോട്ടയ്ക്കകത്തുള്ള തെക്കേതെരുവിൽ സ്ഥാപിച്ചു. തിരുമ നസ്സിലേക്ക് വേണ്ട പ്രചോദനം നൽകിയ അമ്മ മഹാറാണി തിരുമനസ്സിലെ ഒരു പ്രതിമ കാഴ്ചബംഗ്ലാവിൻ വാതുക്കൽ ബഹുജനങ്ങളുടെ വകയായി ത്തന്നെ സ്ഥാപിച്ചു. ഇങ്ങിനെ വളരെ നാളായി ആഗ്രഹിച്ചതും വളരെ പണിപ്പെട്ടിട്ടെങ്കിലും ലഭിച്ചതുമായ ക്ഷേത്രപ്രവേശനത്തോടുകൂടി ഹിന്ദു സമുദായത്തെ നശിപ്പിച്ചുകൊണ്ടിരുന്ന ഒരു മഹാബാധ എന്നെന്നേക്കു മായി ഇല്ലാതായി. ഈ പരിഷ്ക്കാരത്തെ എതിർത്ത കൊച്ചിരാജാവ് തിരു വിതാംകൂർക്ഷേത്രങ്ങളുമായി നിസ്സഹകരണം നടത്തി. ഇതിനുശേഷവും സാമൂതിരിപ്പാടിന്റെ വാക്കുപാലിക്കാൻ തയ്യാറാകാതെ അദ്ദേഹം ഗുരുവാ യൂർക്ഷേത്രത്തെ അടച്ചുപൂട്ടിക്കൊണ്ട് പഴയതുപോലെ നിന്നതേയുള്ളു. എന്നാൽ കൊച്ചിരാജാവിനോ സാമൂതിരിപ്പാട്ടിലേക്കോ അവരുടെ ക്ഷേത്ര ങ്ങൾ അടച്ച് വളരെനാൾ അങ്ങിനെതന്നെ വച്ചുകൊണ്ടിരിക്കാൻ സാധി ച്ചില്ല. കാലഗതി ഗുരുവായൂർക്ഷേത്രവും തൃപ്പൂണിത്തുറക്ഷേത്രവും ഉൾപ്പെടെ, അവരുടെ സമ്മതംകൂടാതെതന്നെ എല്ലാ ഹിന്ദുക്കൾക്കും തുറ ന്നുകൊടുക്കുകതന്നെ ചെയ്തു.

എന്നാൽ അവിടുത്തെ അസമത്വങ്ങളും ഹിന്ദുക്കളിലെ വിഭാഗീ യതയും പഴയപോലെ നിലനിർത്താൻ ബ്രാഹ്മണരുടെ സ്വാർത്ഥവും അബ്രാഹ്മണരുടെ മാഢ്യവും ഇന്നും സഹായിച്ചുകൊണ്ടിരിക്കുന്നു.

അദ്ധ്യായം - 18

മൂലധനസംഭരണശ്രമം

സർവീസ് സൊസൈറ്റി നിലനിൽക്കണമെങ്കിലും അതിന്റെ പ്രവർത്തനം ശരിക്കു നടത്തണമെങ്കിലും ആവശ്യമുള്ള വസ്തുക്കളും പണവും ഉണ്ടായിരിക്കണമെന്ന് എനിക്കു കാലേകൂട്ടി അറിയാമായിരുന്നു. എത്ര ചിന്തിച്ചിട്ടും അതിനുള്ള മാർഗ്ഗം കാണാതെ വിഷമിച്ചു. പനങ്ങോട്ടു കുടുംബക്കാർ വാഗ്ദാനം ചെയ്ത അയ്യായിരം രൂപയ്ക്കുള്ള നിലവും, കുന്നപ്പള്ളി നാരായണൻനായരും നടമേൽ പത്മനാഭക്കുറുപ്പുംകൂടി എഴുതിത്തന്ന 87 ഏക്കർ പറമ്പും ആണ് സർവീസ് സൊസൈറ്റിക്കു ലഭിച്ച സ്വത്തുക്കൾ. സമുദായത്തിനു മാർഗ്ഗദർശനം നൽകിയ അവരുടെ പ്രവൃത്തികളെ അനുകരിക്കാൻ പിന്നീട് ആരെയും കണ്ടില്ല. അന്നന്നു പിരിക്കുന്ന പണം നിത്യപ്രവർത്തനത്തിനുതന്നെയും മതിയാകാതിരിക്കുമ്പോൾ അതിൽനിന്നു മിച്ചം വരുത്തീട്ട് മൂലധനമുണ്ടാക്കാമെന്നു വിചാരിക്കുന്നതിലും യാതൊരു അർത്ഥവുമില്ലായിരുന്നു. എങ്ങിനെയെങ്കിലും കുറെ വസ്തുക്കൾ സമ്പാദിക്കണമെന്നായിരുന്നു എന്റെ അതിമോഹം. പണമുണ്ടാക്കുന്നതിലും എളുപ്പം അതാണെന്നും ഞാൻ വിശ്വസിച്ചു. എന്റെ മനസ്സ് കാടിലും പടപ്പിലും തപ്പി സഞ്ചരിച്ചുകൊണ്ടിരുന്നു.

റബ്ബർകൃഷിക്കും മറ്റുമായി മലമ്പ്രദേശം ധാരാളം പതിപ്പിക്കുന്ന കാലമായിരുന്നു അത്. എനിക്കും അങ്ങിനെ ഒരാവേശമുണ്ടായി. ഞാൻ ദിവാൻ കൃഷ്ണൻനായർക്ക്, തൊടുപുഴത്താലൂക്കിന്റെ കിഴക്കുഭാഗത്തുള്ള കാടുകളിൽനിന്ന് ആയിരം ഏക്കർ സ്ഥലം സർവീസ് സൊസൈറ്റിക്കു പതിച്ചു തരണമെന്ന് അപേക്ഷകൊടുത്തു. റിപ്പോർട്ടിനായി ഡിവിഷൻ പേഷ്ക്കാർക്കും അവിടെനിന്നും തഹസീൽദാർക്കും മുറപ്രകാരം അയച്ചു. വസ്തു അന്വേഷിച്ചും നടപടികൾ അന്വേഷിച്ചും ഞാൻ ചങ്ങനാശ്ശേരിയിൽനിന്നും അൻപതുമൈൽ ദൂരമുള്ള തൊടുപുഴയ്ക്ക് അനവധി പ്രാവശ്യം കാൽനടയായി പോവുകയും വരികയും ചെയ്യേണ്ടിവന്നു. ദരിദ്രനായി വെറുംകയ്യോടെ ചെല്ലുന്ന എന്റെ കാര്യം ഗൗനിക്കാൻ ഡിവിഷൻകച്ചേരിയിലും താലൂക്കുകച്ചേരിയിലും ആരുമുണ്ടായിരുന്നില്ല. ആശ്രയിച്ചും അവധിപറഞ്ഞും ഒരു വിധത്തിൽ താലൂക്കുകച്ചേരിയിൽനിന്നും ഒരു റിപ്പോർട്ട് ഡിവിഷൻകച്ചേരിയിലേക്കയപ്പിച്ചു. അപ്പോഴേക്ക് കൊല്ലം മൂന്നു കഴിഞ്ഞിരിക്കുന്നു. മാസത്തിൽ ഒന്നു വീതമായാലും എന്റെ നടപ്പ് എത്രയായിക്കാണുമെന്ന് വായനക്കാർ കണക്കുകൂട്ടിക്കൊണ്ടാൽ മതിയാകും. അന്നത്തെ കോട്ടയം പേഷ്ക്കാർ പ്രസിദ്ധനായ അനന്തനാരായണയ്യരായിരുന്നു. ധർമ്മസ്ഥാപനമെന്നോ, നായർസമുദായമെന്നോ, നീതിപാലനമെന്നോ കേട്ടാൽ, സ്നേഹമോ ചലനമോ ഉണ്ടാകത്തക്കവണ്ണം അദ്ദേഹം അത്ര മൃദുലമനസ്കനായിരുന്നില്ല. വിശേഷിച്ച് പുതുവൽപ്പതിപ്പ് മിക്ക റവന്യൂ അധികാരികൾക്കും സ്വന്തനിലയിൽ ആദായകരമായ ഒരു കാര്യവുമായിരുന്നു. പരദേശികളുടെ ഭരണത്തെ എതിർത്ത്, മലയാളിമെമ്മോറിയൽ കൊടുത്ത് വഴക്കുണ്ടാക്കിയവരിൽ പ്രമാണികൾ നായന്മാരായിരുന്നതുകൊണ്ട്, ഇവിടുത്തെ

പരദേശബ്രാഹ്മണ ഉദ്യോഗസ്ഥന്മാർക്കു പൊതുവിൽ നായന്മാരോടും അവരുടെ സമുദായത്തോടും വെറുപ്പായിരുന്നു. അങ്ങിനെയുള്ളവരിൽ അനന്തനാരായണയ്യർ തീരാപ്പകയുള്ള ഒരു 'വേന്ദ്രഹൃദയ'നായിരുന്നതു കൊണ്ട്, ഈ സ്ഥലം സർവീസ് സൊസൈറ്റിക്ക് പതിച്ചുതരാതിരിക്കാൻ അദ്ദേഹം കാലേകൂട്ടി തീരുമാനിച്ചിരുന്നു. അന്നത്തെ ദിവാൻ കൃഷ്ണൻനായരായതുകൊണ്ട്, ഈ വിചാരഗതി ഒതുക്കിവച്ചു നീട്ടിക്കൊണ്ടുപോകുന്ന ഒരു പരിപാടിയാണ് അദ്ദേഹം സ്വീകരിച്ചത്.

ഞാൻ ദിവാൻജിയെ കണ്ടു പരാതി പറഞ്ഞതിന്റെ ഫലമായി അദ്ദേഹം രണ്ടുമൂന്നു റിമൈൻഡറുകൾ അയച്ചു. ദിവാൻജിക്ക് അപ്രിയം വരാതെയും സർവീസ് സൊസൈറ്റിക്ക് സ്ഥലം കിട്ടാതെയും ഇരിക്കാനുള്ള മാർഗ്ഗം, ചില സമാധാനങ്ങൾ പറഞ്ഞുകൊണ്ട് ഫയൽ അയയ്ക്കാതിരിക്കയാണെന്ന് ആ തഴമ്പിച്ച റവന്യൂ ഉദ്യോഗസ്ഥനറിയാമായിരുന്നു. ദിവാൻജിയുടെ കാലാവധി അവസാനിക്കാറായതുകൊണ്ട്, എങ്ങിനെയും അതുവരെ ഉന്തിത്തള്ളിക്കൊണ്ടുപോയാൽ മതിയല്ലോ എന്നു വിചാരിച്ചു. കൃഷ്ണൻനായർ ഉദ്യോഗത്തിൽനിന്നും പിരിയുന്നതിനുമുമ്പ് ഒരു തീരുമാനമുണ്ടായില്ലെങ്കിൽ, എന്റെ മൂന്നാലുകൊല്ലത്തെ ക്ലേശം നിഷ്ഫലമാകുമെന്നോർത്തുള്ള വ്യസനത്തിൽ, ഗതികേടുകൊണ്ട് പേഷ്ക്കാരെ കണ്ടൊന്നുപറയാൻതന്നെ തീരുമാനിച്ചു. അന്നത്തെ പേഷ്ക്കാരുടെ പദവി ചെറുതല്ലാത്തതുകൊണ്ട് വളരെ പ്രയാസപ്പെട്ടാണ് അകത്തുകടന്നത്. കണ്ടുസംസാരിച്ചപ്പോൾ, സൊസൈറ്റി ഉറപ്പുള്ള ഒരു സ്ഥാപനമല്ലെന്നും, എന്റെ കാലംകഴിഞ്ഞാൽ തുടർന്നു നടത്താൻ വേറെ ആളെ കാണുന്നില്ലെന്നും, ഈ സ്ഥാപനം നിലനിൽക്കുമെന്നു വിചാരിക്കാൻ പ്രയാസമാണെന്നും, അതുകൊണ്ട് ഇത്ര വളരെ വിലപിടിപ്പുള്ള വസ്തു പതിച്ചുതരുന്നതിന് ശുപാർശ ചെയ്യാൻ നിവൃത്തിയില്ലെന്നും തുറന്നുതന്നെ പറഞ്ഞു. ദുസ്സഹനായ ഞാൻ ഇങ്ങിനെ മറുപടി പറഞ്ഞു, "എന്റെ കാലം കഴിഞ്ഞുള്ള കാര്യമൊന്നും അങ്ങ് ആലോചിക്കേണ്ടതില്ല. അങ്ങയുടെ കാലം കഴിഞ്ഞാലും ഈ ഡിവിഷൻകച്ചേരിയുടെ ഭരണം നടക്കുമെന്നു വിശ്വസിക്കുന്നില്ലേ. അതുപോലെ വിശ്വസിച്ചുകൊണ്ടാൽ മതി. സ്ഥാപനത്തിന്റെ ഉറപ്പിനെപ്പറ്റിയും അത്രവളരെ ആലോചിക്കേണ്ടതില്ല. ഈ രാജ്യത്തിനകത്തും പുറത്തുമുള്ള എത്ര പേർക്ക് അയ്യായിരക്കണക്കിനു സ്ഥലം പതിച്ചുകൊടുക്കുന്നു. ഞങ്ങൾ ഇവിടുള്ളവരാണല്ലോ. ഭൂമിയെങ്ങും കൊണ്ടുപോകയുമില്ലല്ലോ. അതുകൊണ്ട് അങ്ങ് ഈ സ്ഥാപനത്തിനുവേണ്ടി ഒരു ശുപാർശ ചെയ്യണം." "ആലോചിക്കട്ടെ" എന്നുപറഞ്ഞ് എന്നെ യാത്രയാക്കി.

ദിവാൻ കൃഷ്ണൻനായർ ചാർജ്ജുവിടാനുള്ള ദിവസം സമീപിച്ചു. ഞാൻ വേവലാതിയോടുകൂടി തിരുവനന്തപുരത്തെത്തി ദിവാൻജിയെ കണ്ട് വസ്തുതകളെല്ലാം ധരിപ്പിച്ചു. അദ്ദേഹം ഫയൽ അയയ്ക്കാൻ കമ്പി അടിച്ചു. ഇത്രയും ഒക്കെ ആയപ്പോൾ 250 ഏക്കർ സ്ഥലം പതിച്ചുതരണമെന്ന് പേഷ്ക്കാർ ശുപാർശ ചെയ്തു. ദിവാൻ 400 ഏക്കർ സ്ഥലം സർവീസ് സൊസൈറ്റിയുടെ പേരിൽ പതിച്ചിരിക്കുന്നു എന്നും, ഏക്കറിനു 25 രൂപാ വീതം തറവില കെട്ടിവയ്ക്കണമെന്നും ആർഡറിട്ടു.

അദ്ദേഹത്തിന്റെ ഔദ്യോഗികബന്ധം വിടാൻ നാലഞ്ചുദിവസമേയുള്ളു. തിരക്കായിട്ടും എന്നെ വിളിച്ച് ഉത്തരവിന്റെ കാര്യം പറഞ്ഞു. എന്റെ ശ്രമം അവസാനശ്വാസത്തിലെങ്കിലും സഫലമായെന്നു വിശ്വസിച്ചു സന്തോഷിച്ചു. എന്നാൽ പ്രതിബന്ധം അവസാനിച്ചില്ലെന്നും എന്റെ ശ്രമമെല്ലാം നിഷ്ഫലമായെന്നും ഞാൻ അറിയാൻ പോകുന്നതേയുള്ളു.

അന്നത്തെ ചീഫ് സെക്രട്ടറി രാജാ രാമറാവുവാണ്. സമുദായ വിദ്വേഷമില്ലാത്ത ശാന്തനെന്നാണ് അദ്ദേഹത്തെപ്പറ്റി കേട്ടിട്ടുള്ളത്. അദ്ദേഹത്തെ കണ്ട് ദിവാൻജിയുടെ ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ടപ്പോൾ, ഇടയ്ക്കിടയ്ക്കുള്ള ചില സ്വീകരണങ്ങളിൽ പങ്കുകൊണ്ടുകൊണ്ട് ആലുവായിൽചെന്നു ചാർജ്ജുവിടാൻ തക്കവണ്ണം ദിവാൻജി തിരുവനന്തപുരത്തോടു യാത്രപറഞ്ഞു പിരിഞ്ഞ ധൈര്യത്തിൽ അദ്ദേഹം പറഞ്ഞത്, ആ ഉത്തരവ് നടപ്പിൽ വരുത്തത്തക്കതല്ലെന്നും അതുകൊണ്ട് അതു കിട്ടുന്നതല്ലെന്നുമാണ്. നായർസമുദായവിദ്വേഷകരിൽ 'നീർക്കോലിപ്പുവ'ത്തിൽ സൗമ്യനായി കരുതിയിരുന്ന അദ്ദേഹവും ആകുന്നവണ്ണം അവസരം നോക്കി കടിക്കാനും അത്താഴം മുടക്കാനും തീരുമാനിച്ചു. ഞാൻ ഉടനെ ആലുവായിലെത്തി ദിവാൻജിയെ കണ്ട് ചീഫ് സെക്രട്ടറിയുടെ നില വിശദീകരിച്ചു. ഞങ്ങൾക്ക് ആർഡർ തരാൻ അദ്ദേഹം കമ്പിയടിച്ചു. പോകുന്ന ദിവാൻജിയുടെ ആർഡർ അനുസരിക്കാനാരാണ്. അതുകൊണ്ട് അതും പ്രയോജനപ്പെട്ടില്ല. അടുത്ത ദിവാൻജി രാഘവയ്യാ ആയിരുന്നു. ഈ ഉത്തരവ് നടപ്പിൽ വരുത്തേണ്ടതില്ലെന്നു പുതിയ ദിവാൻജിയെക്കൊണ്ട് ചീഫ് സെക്രട്ടറി ഉടൻതന്നെ ഉത്തരവു ചെയ്യിച്ച് ഫയൽ കുറവുചെയ്തു. അങ്ങിനെ എന്റെ നാലുകൊല്ലത്തെ 'പെടാപ്പാട്' നിഷ്ഫലമായിത്തീർന്നു. കയ്യിൽ കിട്ടിയെന്നു വിശ്വസിച്ച നിധി ആ ബ്രാഹ്മണസത്തമന്റെ 'കാരുണ്യം' കൊണ്ട് അങ്ങിനെ ഇല്ലാതായി. എന്നിരുന്നാലും ദിവാൻ കൃഷ്ണൻ നായരുടെ സന്മനസ്സിനേയും സമുദായസ്നേഹത്തേയും അതിന്റെ യഥാർത്ഥനിലയിൽത്തന്നെ ഞാൻ ഇന്നും കാണുന്നുണ്ട്. അക്കാലത്ത് സർവീസ് സൊസൈറ്റിയുടെ പ്രസിഡന്റായിരുന്നത് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയായിരുന്നു. രാഷ്ട്രീയന്യായം പറഞ്ഞ് കൃഷ്ണൻനായരെ എതിർക്കുന്ന ആളായിരുന്നു ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള. ആവശ്യത്തിൽ കവിഞ്ഞും വ്യക്തിവിദ്വേഷത്തോടുകൂടിയും അദ്ദേഹം നടത്തിയ പ്രക്ഷോഭണം നിമിത്തം അവർ തമ്മിൽ ശത്രുക്കളായിത്തീർന്നു. ആ അവസരത്തിലാണ് എൻ.എസ്.എസ്സിന്റെ ജനറൽ സെക്രട്ടറിയുടെ നിലയിൽ ഞാൻ കൃഷ്ണൻ നായരെ സമീപിക്കുന്നതും, ചില സഹായങ്ങൾ ആവശ്യപ്പെടുന്നതും. എന്നോട് അദ്ദേഹം സ്നേഹപൂർവം അല്ലാതെ ഒരിക്കലും പെരുമാറിയിട്ടില്ല. പുതുവൽപതിവുകാര്യത്തിലും അങ്ങേയറ്റംവരെ നിർബന്ധപൂർവം താൽപര്യത്തോടുകൂടി പ്രവർത്തിച്ചു. ഫലിക്കാതെ പോയത് അദ്ദേഹത്തിന്റെ തെറ്റുകൊണ്ടല്ലെന്നു സ്പഷ്ടമാണ്.

പിന്നീടും സൂര്യോദയങ്ങൾ ചിലതു കഴിഞ്ഞു. ഞാൻ അതുകൊണ്ടും ഇഛാഭംഗപ്പെടാതെ പുതിയ ദിവാൻജിയെ പരിചയപ്പെടാനുള്ള മാർഗ്ഗം അന്വേഷിച്ചു. തിരുവിതാംകൂർ ദിവാൻജിയായിരുന്ന സർ. പി. രാജഗോപാലാചാരി അന്ന് മദ്രാസ് അസംബ്ലിയിലെ അദ്ധ്യക്ഷനായിരുന്നു.

അദ്ദേഹം ഉയർത്തിക്കൊണ്ടുവന്ന ആളായിരുന്നു രാഘവയ്യാ. ഇപ്പോൾ ദിവാൻജിയാകാനും സഹായി അദ്ദേഹമായിരുന്നു. രാജഗോപാലാചാരി അവധിയിൽ തിരുവനന്തപുരത്തുവന്ന് അദ്ദേഹത്തിന്റെ ഭാര്യയുടെ വീട്ടിൽ - ലേഡി രാജഗോപാലാചാരിയുടെ വീട്ടിൽ - താമസിക്കുന്നുവെന്നറിഞ്ഞു. അദ്ദേഹവുമായി എനിക്കു നേരിട്ടു പരിചയമുണ്ടായിരുന്നില്ല. അതുപോലെതന്നെയായിരുന്നു ലേഡി രാജഗോപാലാചാരിയേയും. അതിനുമുമ്പു കണ്ടുപോലും പരിചയപ്പെട്ടിട്ടില്ലാത്ത ലേഡിരാജഗോപാലാചാരിയെ കണ്ട്, നായർസമുദായ സ്ഥിതിഗതികളേയും സർവീസ് സൊസൈറ്റി ക്കാര്യങ്ങളേയും പറഞ്ഞു മനസ്സിലാക്കയും, ഇപ്പോഴത്തെ ദിവാൻജിയെക്കൊണ്ട് ചില സഹായം ചെയ്യിച്ചുതരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സ്വസമുദായസ്നേഹിയായ അവർ എന്നെ കൂട്ടിക്കൊണ്ടുചെന്ന് രാജഗോപാലാചാരിയെ പരിചയപ്പെടുത്തി. വേണ്ട സഹായം ചെയ്തുതരാമെന്നും ആ മഹാമനസ്വിനി പറഞ്ഞു. അവർ അവിടെത്തന്നെ നിന്നു. ഞാൻ ആവശ്യമുള്ള കാര്യങ്ങൾ എന്റെ 'പൊട്ടത്തമിഴിൽ' അദ്ദേഹത്തെ ധരിപ്പിച്ചു. രാഘവയ്യാ ഇപ്പോൾ ഇവിടെ വരുമെന്നും വേണ്ട ഏർപ്പാടുകൾ ചെയ്തുകൊള്ളാമെന്നും പറഞ്ഞു പിരിഞ്ഞു.

ഒരുമാസം കഴിഞ്ഞപ്പോൾ രാഘവയ്യാ വടക്കൻ സർക്കീട്ടിനായി പുറപ്പെട്ടു. അദ്ദേഹം ആലപ്പുഴ വന്നയുടൻ പിറ്റേദിവസം ചങ്ങനാശ്ശേരിയിൽ വച്ച് കാണണമെന്ന് എന്റെപേർക്ക് കമ്പി അയച്ചു. തമ്മിൽ കണ്ടപ്പോൾ തള്ളപ്പെട്ട പുതുവൽകാര്യമുൾപ്പെടെ ആവശ്യമുള്ളതെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു. അദ്ദേഹംതന്നെ തള്ളിയ പുതുവൽകാര്യത്തിൽ രക്ഷയൊന്നും കിട്ടിയില്ലെങ്കിലും ആ പരിചയപ്പെടുത്തലിന്റെ ഫലമായി ചെറിയ ചില സഹായങ്ങൾ അദ്ദേഹത്തിൽനിന്നും പിന്നീടു ലഭിക്കാൻ ഇടയായി. ആ വിവരം പിന്നാലെ വിവരിക്കുന്നതാണ്.

അടുത്ത ശ്രമം എഫ്.എം.എസ്സിൽ പോയി കുറെ പണം ഉണ്ടാക്കാൻ കഴിയുമോ എന്നുള്ളതായിരുന്നു.

എൻ.എസ്.എസ്സിന്റെ ധനശേഖരത്തിനായി ഞാനും എം.എൻ. നായരുംകൂടി എഫ്.എം.എസ്സിലേക്കു പോകാൻ തീരുമാനിച്ചു. അവിടെ ധാരാളം മലയാളികൾ സ്വപ്രയത്നംകൊണ്ട് ഉയർന്നതോതിൽ ജീവിക്കുന്നവരുണ്ടെന്നറിയാമായിരുന്നു. അവരിൽ പ്രമാണിയായിരുന്ന ചേർത്തല പി.കെ. പിള്ളയുടെ ക്ഷണവും ഞങ്ങൾക്കു ലഭിച്ചിരുന്നു. ഞങ്ങൾ 102 തുലാം 10-ാം തീയതി ഇവിടെനിന്നും പുറപ്പെട്ടു. 13-ന് മദ്രാസിൽനിന്നും കപ്പൽകേറി. അതുവരെ കപ്പൽയാത്ര ചെയ്തിട്ടുള്ളവരല്ല ഞങ്ങൾ രണ്ടാളും. ഞങ്ങൾ യാത്രചെയ്ത കപ്പലിന്റെ പേര് 'ടേറിയാ' എന്ന് ആയിരുന്നു. രണ്ടാംക്ലാസ്സിലായിരുന്നതുകൊണ്ട് ഞങ്ങൾക്ക് എല്ലാ സൗകര്യങ്ങളും ലഭിച്ചിരുന്നു. എം.എൻ. നായർക്ക് കടൽചൊരുക്കുണ്ടാകയും ഛർദ്ദിക്കയും ക്ഷീണിക്കയും ചെയ്തു. എനിക്കു കുഴപ്പമൊന്നുമുണ്ടായില്ല. മത്സ്യമാംസാദികൾ കഴിക്കാത്ത ഞാൻ തീൻമേശയുടെ മുമ്പിൽ പോകുമ്പോൾമാത്രം പരിഭ്രമിക്കാറുണ്ട്. ഏതിൽ മുട്ട ചേർന്നിട്ടുണ്ട്, ഏതെല്ലാമാണ് മത്സ്യമോ മാംസമോ ചേർന്ന കറി എന്നറിയാതെ, വല്ലതും കഴിച്ചുപോയെങ്കിൽ അപകടമായി എന്നു വിചാരിച്ച് നിവേദ്യ

ത്തിന്റെ മുമ്പിലെ ദേവനെപ്പോലെ ഒന്നും തൊടാതെതന്നെ ഞാൻ അവിടിരിക്കും. എന്റെ അടുത്തിരിക്കുന്ന എം.എൻ. നായർ 'മെനു' നോക്കി പറഞ്ഞുതരുന്ന സാധനം മാത്രം കഴിക്കും. പരിപ്പുകഞ്ഞി, റൊട്ടി, ഉരുളക്കിഴങ്ങ്, പുഡ്ഡിംഗ്, കാപ്പി, പച്ചവെള്ളം ഇവയായിരുന്നു എന്റെ ആഹാരം. അതെല്ലാം കൂടുതൽ കിട്ടിയാൽകൊള്ളാമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും, മറ്റുള്ളവർക്കു കൊടുക്കുന്ന അളവിലേ മത്സ്യമാംസവിഹീനനായ എനിക്കും കിട്ടിയിരുന്നുള്ളു. നമ്മുടെ ഇടയിലേപോലെ വിളിച്ചുകൂവി മേടിക്കുന്ന നടപ്പ് ഇംഗ്ലീഷ്രീതികളിൽ ഇല്ലാതിരുന്നതുകൊണ്ട്, മാനംമര്യാദ വിൽക്കാതെ ഞാൻ കിട്ടിയതുകൊണ്ട് തൃപ്തിപ്പെട്ടു. കത്തിയും മുള്ളും സ്പൂണും കൊണ്ടുള്ള പ്രയോഗവും അതിന്റെ മര്യാദകളും അറിഞ്ഞിട്ടില്ലാത്ത ഞാൻ ഒരു ദിവസം കഞ്ഞി കുടിക്കുന്നതിനിടയ്ക്ക് സ്പൂൺ കമഴ്ത്തി വച്ചതുകണ്ട്, മതിയായിട്ടാണെന്നു ധരിച്ച ബട്ളർ കഞ്ഞിയും പിഞ്ഞാണവുംകൊണ്ടു കടന്നുകളഞ്ഞു. കഞ്ഞിയുംകൊണ്ടു പോയ വേലക്കാരനെ ഞാൻ ആർത്തിയോടുകൂടി നോക്കിക്കൊണ്ടിരുന്നതല്ലാതെ, എന്റെ ഘനഭാവത്തിനും മര്യാദയ്ക്കും ഭംഗം വരത്തക്കവണ്ണം ഒന്നു ശബ്ദിക്കുകപോലും ചെയ്തില്ല. ഇങ്ങിനെ ചില അമളികൾ പറ്റിയെങ്കിലും അതെല്ലാം എനിക്ക് ഒരു രസമായിട്ടല്ലാതെ ബുദ്ധിമുട്ടായി തോന്നിയില്ല. ഞങ്ങളുടെ മേശയിലെ ഒരു കൂട്ടുകാരനായിത്തീർന്ന ജപ്പാൻകാരൻ, ആഹാരകാര്യത്തിലെ എന്റെ സാധുത്വം ഓർത്ത് ഫലിതമായി എന്നെ 'പൊട്ടറ്റോസ് ഫ്രൻഡ്' എന്നാണ് വിളിക്കാറുള്ളത്. യാതൊരു അസുഖവും കൂടാതെ എന്റെ കപ്പൽയാത്ര സന്തോഷമായിതന്നെ നിർവഹിക്കാൻ കഴിഞ്ഞു. ഏഴ് അഹോരാത്രങ്ങൾക്കുശേഷം കര കണ്ടുതുടങ്ങി. കാലത്തെ കപ്പൽ പെനാംഗ് തുറമുഖത്തടുത്തു.

പി.കെ. പിള്ളയുടെ ആൾ കപ്പലിൽവന്ന് ഞങ്ങളെ സ്വീകരിച്ച് തീവണ്ടിയിൽ പി.കെ. പിള്ളയുടെ താമസസ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. സ്വീകരിക്കാൻ വന്ന മാധവൻനായർ മാവേലിക്കരക്കാരനായിരുന്നു. ദരിദ്രനായ ഒരു കുട്ടിയെ ഞാൻ കറുകച്ചാലിൽ എന്റെകൂടെ താമസിപ്പിച്ചു പഠിപ്പിച്ചിരുന്നു. ആ കൊച്ചുമാധവനാണ്, ഈ മാധവൻനായരെന്നറിഞ്ഞപ്പോൾ എനിക്കുണ്ടായ സന്തോഷം അപരിമിതമായിരുന്നു. പി.കെ. പിള്ള തീവണ്ടിസ്റ്റേഷനിൽ വന്ന് ഞങ്ങളെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ കാറിൽ സ്വന്തം ബംഗ്ലാവിലേക്കു കൂട്ടിക്കൊണ്ടുപോയി. പി.കെ. പിള്ളയ്ക്ക് അവിടെ ഒരു പ്രഭുജീവിതമായിരുന്നു. അദ്ദേഹം ഒരുമിച്ച് ഏതാനും ദിവസം താമസിച്ചു വിശ്രമിച്ചശേഷം ഞങ്ങൾ തെക്കേ അറ്റത്തുള്ള സിംഗപ്പൂർവരെയും വടക്കേ അറ്റത്തുള്ള പെനാംഗ് വരെയും സഞ്ചരിച്ച് പലരേകണ്ട് ധനശേഖരം ചെയ്തു. 50 ദിവസത്തെ സഞ്ചാരംകൊണ്ട് പന്തീരായിരത്തോളം രൂപാ പിരിഞ്ഞുകിട്ടി. പരിഷ്കൃതവും ഐശ്വര്യസമ്പൂർണ്ണവുമായ ആ രാജ്യം സഞ്ചരിച്ചുകാണാനും, ഔദാര്യവാന്മാരും സ്വദേശസ്നേഹികളുമായ പല മാന്യന്മാരുടെയും സൽക്കാരവും സംഭാവനയും സ്വീകരിക്കാനും ഇടയായത് ഞാൻ ഒരു ഭാഗ്യമായികരുതി. ഏറ്റവും കൂടുതൽ സംഖ്യ 2000 രൂപ തന്നും, പല വ്യാപാരികളെക്കൊണ്ടും സംഭാവന തരുവിച്ചും സഹായിച്ചത് പി.കെ. പിള്ളയായി

രുന്നു. അദ്ദേഹം ചേർത്തല സ്വദേശിയും പ്രസരിപ്പുള്ള ആളും ആയിരുന്നു. അവിടുത്തെ ദീർഘകാലതാമസവും അത്യദ്ധ്വാനവും സൂക്ഷ്മജീവിതവുംകൊണ്ട് മലയാളികളിൽ പ്രമാണിയായിത്തീർന്നു. സാധാരണ മലയാളികളെപ്പോലെ ഉദ്യോഗ്ജീവിതംകൊണ്ട് തൃപ്തിപ്പെട്ടിരുന്ന ആളല്ല അദ്ദേഹം. വസ്തു സമ്പാദിച്ചും കൃഷി ചെയ്തും പണമുണ്ടാക്കി. ഞങ്ങൾ അവിടെ ചെല്ലുന്ന കാലത്ത് അദ്ദേഹത്തിന് ഒന്നാന്തരം അഞ്ഞൂറ് ഏക്കർ റബ്ബർതോട്ടമുണ്ടായിരുന്നു. അദ്ദേഹത്തെ ആ വിഷയത്തിൽ മാതൃകയാക്കാൻ അധികം മലയാളികൾ ഉണ്ടായില്ലെന്നേയുള്ളു. അദ്ദേഹം ഞങ്ങൾക്കു തിരിച്ചുപോരാനുള്ള സൗകര്യങ്ങളുമെല്ലാം ഉണ്ടാക്കിത്തന്നു. പെനാംഗിൽവന്ന് ഞങ്ങളെ കപ്പൽകേറ്റി അയച്ചു. പഴയ 'ടേറിയ' തന്നെ ഞങ്ങൾക്ക് തിരികെ പോരാനും ലഭിച്ചു. ഞങ്ങളുടെ എഫ്.എം.എസ്. യാത്രയെപ്പറ്റി കൂടുതൽ വിവരം അറിയേണ്ടവർ ആ പേരിൽ ഞാൻ എഴുതി പ്രസിദ്ധീകരിച്ച പുസ്തകം വായിച്ചാൽ മതിയാകുന്നതാണ്. ധനു മാസം 6-ാം തീയതി ഞങ്ങൾ സുഖമായി മദ്രാസിൽ തിരിച്ചെത്തി. ധനു 8-ാം തീയതി ഞങ്ങൾ സ്വന്തം നാട്ടിലും വന്നുചേർന്നു. ഞങ്ങളുടെ യാത്ര വിജയപ്രദമായതിൽ സ്നേഹിതന്മാരെല്ലാം സന്തോഷിച്ചു. സർവീസ് സൊസൈറ്റിക്ക് അത്രയും വലിയ സംഖ്യ ശേഖരിക്കാൻ കഴിഞ്ഞത് അന്ന് ആദ്യമായിട്ടാണ്. സൊസൈറ്റി പ്രസിഡന്റിന്റെ പേരിൽ ബാങ്കിൽ ഒരു നിക്ഷേപക്കണക്കാരംഭിച്ചതും ആദ്യമായിട്ടായിരുന്നു.

പിന്നീട് സമുദായത്തെ അത്ഭുതപ്പെടുത്തിയതും ആകർഷിച്ചതുമായ സംഭാവന സമുദായത്തിൽ കേശവക്കുറുപ്പിന്റേതായിരുന്നു. കരുവാറ്റാ ഹൈസ്ക്കൂളിന് ആവശ്യമുള്ള സ്ഥലവും അയ്യായിരത്തിലധികം രൂപയും സംഭാവന ചെയ്തതിനും പുറമേ രണ്ടു സംഭാവനകൂടി അദ്ദേഹം നൽകിയിട്ടുണ്ട്. ഒന്ന് ഒരു വിഷുവിൻനാൾ കാലത്തെ അദ്ദേഹത്തിന്റെ വക എണ്ണായിരം രൂപ വിലയുള്ള ഇന്ദ്രഗുപ്തൻ എന്ന കൊമ്പനാനയെ നായർ സർവീസ് സൊസൈറ്റിക്ക് 'വിഷുക്കൈനീട്ടമായി' എന്നെ ഏൽപിച്ചുതന്നതാണ്. ആ സംഭാവന മഹാകവി വള്ളത്തോളിനെക്കൊണ്ടും, മള്ളൂരിനെക്കൊണ്ടും ഗദ്യകവിതയിൽ പ്രസംഗിപ്പിക്കാൻ ഇടയാക്കി. വള്ളത്തോൾ ഒരിക്കൽ ഇങ്ങനെ പ്രസംഗിച്ചു - 'എനിക്കു ജാതിയില്ല. ആരെങ്കിലും നിർബന്ധിച്ചു ചോദിച്ചാൽ ഞാൻ കൊമ്പനാനയെ വിഷുക്കൈനീട്ടം കൊടുത്ത സമുദായത്തിൽകുറുപ്പിന്റെ ജാതിയാണെന്നു പറയും.' മള്ളൂർ സന്ദർഭവശാൽ പ്രസംഗിച്ചു, "സമുദായത്തിൽകുറുപ്പോ, കുറുപ്പിൽ സമുദായമോ" എന്ന്. സമുദായത്തിൽ കേശവക്കുറുപ്പ് അദ്ദേഹത്തിന്റെ സ്വത്തുക്കൾ മക്കൾക്കു വീതിച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിന്റെ വക കരുവാറ്റാ പടിഞ്ഞാറുള്ള പന്ത്രണ്ടേക്കർ തെങ്ങിൻതോപ്പ് പതിനായിരംരൂപ വിലവച്ച് ദാനപത്രമെഴുതിത്തന്നു. ഇങ്ങനെ സർവീസ് സൊസൈറ്റിയുടെ സ്വത്തുക്കളും സ്ഥാപനങ്ങളും ദിവസേന എന്നപോലെ വർദ്ധിക്കാൻ തുടങ്ങി. സ്ഥാപനങ്ങളുടെ കാര്യം പിന്നാലെ വിവരിക്കുന്നതാണ്.

അദ്ധ്യായം - 19

തോട്ടങ്ങൾ

പട്ടാഴി പി.ഡി. ദേവസ്വംവക മലമ്പ്രദേശങ്ങൾ പാട്ടത്തിനു കൊടുക്കുന്നതായി അറിഞ്ഞു. ദേവസ്വംവകയാണെങ്കിലും അതു പാട്ടത്തിനു വാങ്ങുന്നത് അധികവും ഇതരമതസ്ഥരാണെന്നും ഗ്രഹിക്കാൻ കഴിഞ്ഞു. ആ വസ്തുവിലെ ഒരു നല്ലഭാഗം, 108 ഏക്കർ സർവീസ് സൊസൈറ്റിയുടെ പേരിൽ പാട്ടമായി പതിച്ചുതരുന്നതിന് ഞാനപേക്ഷ കൊടുത്തു. കുണ്ടറയോമറ്റോ ഉള്ള ഒരു ശെമ്മാശും ആ സ്ഥലത്തിനപേക്ഷ കൊടുത്തിരുന്നു. അന്നത്തെ ദേവസ്വം കമ്മീഷണർ അമ്പലപ്പുഴ കൃഷ്ണപിള്ളയായിരുന്നു. ദിവാൻ കഴിഞ്ഞാൽ അടുത്ത പദവിയിലുള്ള ഉദ്യോഗസ്ഥനായിരുന്നു അന്ന് ദേവസ്വം കമ്മീഷണർ. ആർ. കൃഷ്ണപിള്ള അവസരം വന്നപ്പോഴെല്ലാം ദിവാൻജിയുടെ ചാർജ്ജു വഹിച്ചുകൊണ്ട്, ദിവാൻപദവിക്കു കാത്തിരിക്കുന്ന കാലവുമാണ്. ആരെന്തുതന്നെ പറഞ്ഞാലും അദ്ദേഹം നല്ല നീതിമാനും സമുദായസ്നേഹിയുമായിരുന്നു എന്നാണ് എന്റെ അനുഭവം. നിഷ്പക്ഷപാതിയാകാൻവേണ്ടി സ്വസമുദായത്തെ മറന്നിട്ടും ഇതരസമുദായക്കാരോട് ദാക്ഷിണ്യമായി പെരുമാറുന്ന സ്വഭാവം മറ്റു നായരുദ്യോഗസ്ഥരെപ്പോലെ അദ്ദേഹത്തിലും കണ്ടേക്കാം. സ്ഥലം പതിക്കാൻ ശെമ്മാശിന്റെയും എന്റെയും കൂടി അപേക്ഷ കണ്ടപ്പോൾ, അത് ദേവസ്വംവസ്തുവായിരുന്നിട്ടും അദ്ദേഹം അല്പം വിഷമിച്ചു. ഞാൻ മുറപ്രകാരം എന്റെ അവകാശവാദവുംകൊണ്ട് അദ്ദേഹത്തെ സമീപിച്ചു. ശെമ്മാശ്, വൈസ്രോയിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ എഴുത്തും കൊണ്ട് സമീപിച്ചു. ദേവസ്വമാണെങ്കിലും സർക്കാർഭരണമായതുകൊണ്ട് അതിന്റെ മുതലിന്മേൽ എല്ലാ ജാതിയ്ക്കും അവകാശമുണ്ടെന്നുള്ള ഒരു മിഥ്യാബോധവും അന്നു പരന്നിരുന്നു. അതുകൊണ്ട് ഞാൻ ശക്തിയായിത്തന്നെ അവകാശവാദം നടത്തി. പ്രേരണകളും വിഷമങ്ങളും പലതുമുണ്ടായിട്ടും അദ്ദേഹം ആ നൂറ്റെട്ട് ഏക്കറും സർവീസ് സൊസൈറ്റിയുടെ പേരിൽ പതിച്ചുതരികതന്നെ ചെയ്തു. അന്നത്തെ നിലയ്ക്ക് അത് അദ്ദേഹത്തിന്റെ സന്മനസ്സുകൊണ്ടെന്നല്ലാതെ മറ്റു ന്യായങ്ങളൊന്നും തന്നെ പറയാനില്ല. പിന്നീട് അതിനു സമീപത്തുണ്ടായിരുന്ന കുറേ ഏക്കർ തീറുവാങ്ങിയതുൾപ്പെടെ ഇപ്പോൾ അവിടെ 140 ഏക്കർ ഭൂമിയുണ്ട്. അതു മുഴുവനും റബ്ബറും കശുമാവും മറ്റു ചില ദേഹണ്ഡങ്ങളും ഉൾപ്പെടെ സാമാന്യം നല്ല ആദായം കിട്ടുന്ന ഒരു തോട്ടമാക്കിത്തീർത്തിരിക്കുകയാണ്.

സർവീസ് സൊസൈറ്റിയുടെ നല്ല വസ്തുക്കളിൽ ഒന്നാണ് നൂറോക്കാടു തോട്ടം. അത് സർവീസ് സൊസൈറ്റിയുടെ അധീനതയിൽ വന്നിട്ട് 17 കൊല്ലമായി. ആദ്യം 12 കൊല്ലത്തേക്കും പിന്നീടു സ്ഥിരമായിട്ടും കുത്തകപ്പാട്ടം കിട്ടിയതനുസരിച്ചാണ് അത് സർവീസ് സൊസൈറ്റിയുടെ കൈവശം വന്നത്. നൂറോക്കാടിന്റെ പ്രസിദ്ധി ഈ നാട്ടിൽ ചെറുതൊന്നുമല്ല. ശബരിമലയെപ്പോലെ ഇല്ലെങ്കിലും, സാമാന്യം പ്രശസ്തിയുള്ള ഒരു ശാസ്താക്ഷേത്രത്തിന്റെ വകയായി അതിരിക്കുന്ന സ്ഥലമുൾപ്പെടെ ഒരതിർത്തിക്കകത്ത് ഏഴായിരം ഏക്കർ ഭൂമിയുണ്ടായിരുന്നു. ആ സ്ഥലം മുഴുവനും ഗവണ്മെന്റ് റിസർവിൽ ഉൾപ്പെടുത്തിയപ്പോൾ, ക്ഷേത്രവും

അതിനുള്ളിലായി. എങ്കിലും അയ്യപ്പന്മാർ ഈ ക്ഷേത്രത്തിലും ദർശനം നടത്തിയിട്ടാണ് ശബരിമലയ്ക്കു പോകുക പതിവ്. അതു തുടർന്നു നടന്നുകൊണ്ടിരിക്കുന്നു.

'പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദേവം ചതിക്കും' എന്ന പഴഞ്ചൊല്ലനുസരിച്ച്, ദേവസ്വങ്ങളെ ആക്രമിച്ച് കൈവശപ്പെടുത്തുന്ന ഗവണ്മെന്റിനെ ആക്രമണം നടത്തി വസ്തുക്കൾ കൈവശപ്പെടുത്തുന്ന ഒരു കത്തനാരുണ്ടായി. നൂറോക്കാട്ടു കത്തനാർ എന്ന പേരിൽ അറിയപ്പെടുന്ന ഈ ക്രൈസ്തവ വൈദികൻ നൂറോക്കാടു ക്ഷേത്രത്തിന്റെ പരിസരപ്രദേശങ്ങളിൽ ഏതാനും ആൾക്കാരോടുകൂടി പ്രവേശിച്ച് അമ്പലത്തിന്റെ പല ഭാഗങ്ങളും നശിപ്പിക്കുകയും, ബിംബം തല്ലിപ്പൊട്ടിച്ച് കുളത്തിലിട്ടു മൂടുകയും, ഏതാനും ഏക്കർ സ്ഥലം വെട്ടിത്തെളിച്ച് പുരവച്ചു പാർക്കുകയും ദേഹണ്ഡങ്ങൾ ചെയ്യുകയും ചെയ്തു. അക്കാലത്ത് അത് പ്രക്ഷോഭജനകമായ ഒരു സംഭവമായിരുന്നു. ആയിടയ്ക്കു കൂടിയ നായർസമാജത്തിൽ, ഈ ക്ഷേത്രനശീകരണത്തേയും കത്തനാരേയും എതിർത്തുകൊണ്ടുള്ള പ്രമേയം ഹാജരാക്കി പ്രസംഗിച്ചത് ഞാനായിരുന്നു എന്നാണ് എന്റെ ഓർമ്മ. ഗവണ്മെന്റ് കത്തനാരുടെ പേരിൽ കേസ്സെടുത്തു. ഹിന്ദുക്കളുടെ മനസ്ഥിതിക്കനുസരിച്ചുള്ള പ്രക്ഷോഭണവും നടന്നുകൊണ്ടിരുന്നു. റവന്യൂക്കാരും ഫോറസ്റ്റുകാരും പലപ്പോഴും കത്തനാരേയും കൂട്ടരേയും പുറത്തിറക്കിവിട്ടിട്ടുണ്ട്. പിന്നെയും കേറാനും പാർക്കാനും കൂടുതൽ കാടുവെട്ടിത്തെളിക്കാനും കൃഷിചെയ്യാനും കത്തനാർ മടിച്ചിട്ടില്ല. സ്ത്രീകളുടെ 'പശുവും പുലിയും കളി' പോലെ ഉദ്യോഗസ്ഥന്മാരുടെ ഇറക്കിവിടലിനും കത്തനാരുടെ 'കേറിപ്പാർക്കലും' തുടർന്നു നടന്നുകൊണ്ടിരുന്നു. അവസാനിക്കാത്ത പലതരം കേസുകളും പകുതി കച്ചേരിയിലും ഫോറസ്റ്റാഫീസിലും തുടങ്ങി, പല കോടതികളിലും ഹാജൂർക്കച്ചേരിയിലുംവരെ തുടർന്നു നടന്നുകൊണ്ടിരുന്നു. ഈശ്വരനെ സേവിക്കുന്നതിനിടയിൽ എന്തു പ്രതിബന്ധമുണ്ടായാലും ഭഗവൽപാദങ്ങളെ മുറുകെപ്പിടിക്കണമെന്നുള്ള ഭക്തന്റെ നിർബ്ബന്ധബുദ്ധി നമ്മുടെ വൈദികശ്രേഷ്ഠനായ കത്തനാർക്ക് പള്ളിയിലുണ്ടായിരുന്നോ എന്ന് നിശ്ചയമില്ല. എന്നാൽ നൂറോക്കാടിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം പ്രഹ്ലാദനേക്കാൾ തീക്ഷ്ണവ്രതനായിരുന്നുവെന്ന് ആരും സമ്മതിക്കും. ഈ ഒളിച്ചുകളികൾക്കിടയിൽകൂടി സംവത്സരം പത്തിരുപതു കടന്നുപോയി. കത്തനാരെ പിന്തുടർന്നു പ്രവേശിക്കുകയും ദേഹണ്ഡിക്കുകയും ചെയ്ത പലരും സർക്കാരുമായുള്ള ഈ യുദ്ധത്തിനിടയിൽ പോകുകയും ചാവുകയും ചെയ്തിട്ടുണ്ട്. ഉടമസ്ഥനില്ലാതെവരുന്ന വകകളെല്ലാം 'പണ്ടാര'വകയാകുന്നതുപോലെ അവിടെ ആരു ദേഹണ്ഡിച്ചാലും കത്തനാരുടെ പണ്ടാരവകയായിത്തീർന്നു. തീരുമാനങ്ങളെല്ലാം കത്തനാർക്കെതിരായിരുന്നെങ്കിലും, കത്തനാർ പോവുകയില്ലെന്നും കത്തനാരെ ഇറക്കിവിടാൻ സാദ്ധ്യമല്ലെന്നും ഉള്ള അഭിപ്രായം നാട്ടിൽ പരന്നിരുന്നു. വഴക്കിന്റെ പഴക്കവും നൂലാമാലകളുമാണ് കത്തനാർക്കുള്ള അവകാശം. സർക്കാർവസ്തുവിൽ അവകാശമില്ലാതെ പ്രവേശിച്ചതോ, വനം വെട്ടിയഴിച്ചു കൃഷി ചെയ്തതോ, ക്ഷേത്രം പൊളിച്ചതോ ബിംബം തകർത്തതോ ഒന്നും ഒരു വൈദികനായിരുന്നിട്ടുപോലും തെറ്റോ അപ

മാനമോ ആണെന്നുതോന്നാത്ത ആ കത്തനാർ ദിവാൻജിമാരെപ്പോലും നേരിട്ടുകണ്ട് അവകാശവാദം ചെയ്തതും, എല്ലാം അവസാനിച്ചിട്ടും ഇന്നും ചെയ്തുകൊണ്ടിരിക്കുന്നതും ഈ ലോകത്തെ ആശ്ചര്യങ്ങളിലൊന്നെന്നല്ലാതെ മറ്റൊന്നും പറയാനില്ല. ഇതാണ് നൂറോക്കാടിന്റെ സംഗ്രഹചരിത്രം.

25 കൊല്ലമായി തുടർന്നുനടന്ന ശിക്ഷയും ഒഴിപ്പിക്കലും അപ്പീലും എല്ലാംകൂടി ഫയലിനുണ്ടാക്കിയ വലുപ്പം ചെറുതല്ലായിരുന്നു. ഒരിക്കലും അവസാനിക്കാത്ത ഈ കേസ് അവസാനിപ്പിക്കാനും, കത്തനാരെ എന്നെന്നേയ്ക്കുമായി ഇറക്കിവിടാനും ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ തീരുമാനിച്ച. കത്തനാരെ ഇറക്കിവിട്ട് വസ്തു സർക്കാർ അധീനതയിൽ എടുത്തശേഷം അത് ആർക്കെങ്കിലും കുത്തകപ്പാട്ടത്തിനു കൊടുക്കാൻ കൊല്ലം പേഷ്ക്കാർക്ക് ഓർഡറുമയച്ചു. ഈ തവണത്തെ ഗവണ്മെന്റ് ഓർഡർ നടപ്പിൽ വരികതന്നെ ചെയ്തു. കത്തനാരെ ഇറക്കിവിട്ടു. വസ്തുവും വീടും പാർവ്വത്യകാരുടെ അധീനതയിലുമായി. കുത്തകപ്പാട്ടത്തിനു ലേലം ചെയ്തുകൊടുക്കാൻ പോകുന്നു എന്നുകേട്ട് ഞാൻ കൊല്ലം ഡിവിഷൻ കച്ചേരിയിൽപോയി അന്വേഷിച്ചു. ഡിവിഷൻ പേഷ്ക്കാർ എൻ. ഗോവിന്ദനായിരുന്നു. ലേലം മാറ്റിവയ്ക്കാൻ പല പ്രേരണയും പ്രലോഭനങ്ങളുമുണ്ടായിട്ടും ഗോവിന്ദൻ അതിനൊന്നും വഴിപ്പെട്ടില്ല. ലേലദിവസം ഞാനും കെ.ജി. പരമേശ്വരൻപിള്ളയും കൂടി ഡിവിഷൻ കച്ചേരിയിലെത്തി. റാന്നിയിൽനിന്നും പത്തിരുപതുമൈൽ വടക്കുകിഴക്കുള്ള മഹാവനത്തിനുള്ളിൽ കിടക്കുന്ന ഈ സ്ഥലം പാട്ടത്തിനേറ്റാൽ, നല്ല വഴിപോലുമില്ലാത്ത ആ സ്ഥലത്ത് ചെന്നെത്താനോ, കത്തനാരേയും കൂട്ടരേയും ഭയന്നിട്ട് അവിടെ പാർക്കാനോ ആദായമെടുക്കാനോ സാദ്ധ്യമല്ലെന്നു പരസ്യപ്പെട്ടിരുന്നതിനാൽ വളരെയാളുകൾ ലേലത്തിൽ പങ്കുകൊള്ളാൻ വന്നെത്തിയിരുന്നില്ല. ഞാനോ സർവീസ് സൊസൈറ്റിയോ ലേലത്തിൽ പിടിക്കുന്നതും നന്നല്ലെന്നുള്ള ഉപദേശവും താക്കീതും എനിക്കു പല ഭാഗത്തുനിന്നും ലഭിച്ചുകൊണ്ടിരുന്നു. ഞാൻ വസ്തു കണ്ടിട്ടില്ല. യാത്രാസൗകര്യങ്ങളെപ്പറ്റിയും എനിക്കറിവില്ല. എന്നാലും അതു ലേലത്തിൽ പിടിക്കണമെന്നുതന്നെ തീരുമാനിച്ചു. ഒരു കത്തനാരെ പേടിച്ച് സർക്കാർവസ്തു ലേലത്തിൽ പിടിക്കാൻപോലും ആളില്ലെന്നു വരുന്നത് രാജ്യത്തിന് അപമാനമാണെന്നു തോന്നി. നശിപ്പിച്ച അമ്പലത്തെ പുനരുദ്ധരിക്കേണ്ടത് സർവീസ് സൊസൈറ്റിയുടെ ബാദ്ധ്യതയാണെന്നും വിചാരിച്ചു. ലേലത്തിൽവന്ന കൂടുതൽ സംഖ്യയായ അഞ്ഞൂറ്റിചിലാനം രൂപയ്ക്ക് സർവീസ് സൊസൈറ്റിയുടെ പേരിൽ 12 കൊല്ലത്തെ കുത്തകപ്പാട്ടം സ്ഥിരപ്പെടുത്തിത്തന്നു.

ഈ വസ്തുത പത്തനംതിട്ട താലൂക്കിൽ കാട്ടുതീ പോലെ പരന്നു. അളവിൽ കൂടുതൽ സ്ഥലമുണ്ടെന്നുള്ള ന്യായവും പറഞ്ഞ് കത്തനാരും കൂട്ടരും വസ്തുവിന്റെ മറ്റൊരു ഭാഗത്ത് താവളമുറപ്പിക്കാൻ ആഗ്രഹിച്ചു. സർവീസ് സൊസൈറ്റി വസ്തു ഏറ്റെടുക്കാൻ ചെല്ലുമ്പോൾ കാട്ടിൻനടുവിൽ പല അനിഷ്ടസംഭവങ്ങളുണ്ടാകുമെന്ന് ആരോ പറഞ്ഞുപരത്തി. ഞാൻ എന്റെ പ്രത്യേക ചില സ്നേഹിതന്മാരുമൊരുമിച്ച് പത്തനംതിട്ടൗണിലെത്തി ഉദ്യോഗസ്ഥന്മാരേ കണ്ട് രേഖകളെല്ലാം കൈമാറി.

അവിടെനിന്നും പത്തുമുപ്പതു മൈൽ അകലെ, എത്തും പിടിയുമില്ലാത്ത കാട്ടിൻനടുവിൽവച്ച് വഴക്കും അതിനെതുടർന്ന് പല ദുസ്സംഭവങ്ങളും ഉണ്ടാകാമെന്നു ശങ്കിച്ച്, ഗവണ്മെന്റ് ഓർഡർ നടപ്പിൽവരുത്താനും വഴക്കുണ്ടാക്കാതെ സൂക്ഷിക്കാനും ബാദ്ധ്യതയുള്ള പോലീസുകാർപോലും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. യാതൊരു കാരണംകൊണ്ടും അതിൽനിന്നു പിന്മാറാൻ ഞാൻ വിചാരിച്ചില്ല. ന്യായാവകാശമുള്ള ഒരു കാര്യം ചെയ്യാൻപോലും നായർ സർവീസ് സൊസൈറ്റിക്കു ശേഷിയില്ലെന്നു വരുന്നത് സമുദായത്തിനുതന്നെ അപമാനകരമാണെന്നു തോന്നി. ഞാൻ പോകേണ്ടെന്നും, ആരെയെങ്കിലും അയച്ച് കൈവശം വാങ്ങിയാൽ മതിയെന്നും ചിലർ ഗുണദോഷിച്ചു. ഇത്രയുമൊക്കെ ശങ്കയും ശബ്ദവുമുണ്ടാക്കിയ ഒരു കാര്യത്തിന്റെ നിർവഹണത്തിനു ഞാൻ ഒഴിഞ്ഞുനിൽക്കുന്നത് ശരിയല്ലെന്നു എനിക്ക് ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ട്, എന്റെ നേതൃത്വത്തിൽതന്നെ എല്ലാം പൂർത്തിയാക്കാൻ തീരുമാനിക്കുകയും സ്നേഹിതന്മാരെ സമ്മതിപ്പിക്കുകയും ചെയ്തു. സ്വരക്ഷയ്ക്ക് ആവശ്യമുള്ള കരുതലോടുകൂടി ഞാൻ നൂറോക്കാട്ടെത്തി. വലിയതുരുത്തിൽ രാമപ്പണിക്കരായിരുന്നു എന്റെ പ്രധാന സഹകാരി. പാർവ്വത്യകാർ വീടും വസ്തുവും ഏല്പിച്ചു തന്ന് റിക്കാർഡുകൾ ഒപ്പിട്ടു കൈമാറി. ഞങ്ങൾ ചെല്ലുമ്പോൾ ഈ വസ്തുവിൽ ആരുമില്ലായിരുന്നു. അതുകൊണ്ട് ഒരു പശബ്ദവും കൂടാതെ കാര്യം ഭംഗിയിൽ നിർവഹിക്കാൻ കഴിഞ്ഞു.

ഗൃഹപ്രവേശം കഴിഞ്ഞ ഉടനേതന്നെ, കത്തനാർ നശിപ്പിച്ച ക്ഷേത്രത്തിൽ ഞങ്ങൾ എല്ലാവരുംകൂടി പോയി, വിളക്കുവച്ച് ഈശ്വരാരാധന നടത്തുകയായിരുന്നു ആദ്യമായി ചെയ്തത്. ഇന്നും ആ വിളക്കുവയ്പും ആരാധനയും മുട്ടാതെ നടക്കുന്നുണ്ട്. എന്റെ കൂടെ വന്ന മിക്ക ആളുകളേയും അന്നുതന്നെ മടക്കി അയച്ചിട്ട് ഞാൻ രണ്ടുമൂന്നു ദിവസംകൂടി അവിടെ താമസിച്ചു. വലിയതുരുത്തിൽ രാമുപ്പണിക്കർ എന്ന ഒരു യുവപ്രമാണിയെ തോട്ടംമാനേജരായി നിയമിച്ചു. അവിടത്തെ വസ്തു അളവിലും വികസനത്തിലും പെട്ടതായി മുന്നൂറോളം ഏക്കർ വരുമെന്നാണ് എന്റെ ഓർമ്മ.

ലേലനടപടി നിറുത്തിവയ്ക്കാൻ കത്തനാർ റവന്യൂകമ്മീഷണറുടെ അടുക്കൽ അപ്പീൽ കൊടുത്തിരുന്നു. നടപടി നിറുത്തിവയ്ക്കാൻ അദ്ദേഹം കമ്പിവഴി ഓർഡർ കൊടുത്തു. അതു കിട്ടുന്നതിനു മുമ്പുതന്നെ വസ്തു ഏറ്റെടുക്കാൻ കഴിഞ്ഞതുകൊണ്ട് കമ്മീഷണർ രാമചന്ദ്രയ്യായുടെ കമ്പി നിഷ്ഫലമായിത്തീർന്നു. നിമിഷം തെറ്റാതെ കാര്യങ്ങൾ നടത്തിയിരുന്നില്ലെങ്കിൽ, നൂറോക്കാട് സർവീസ് സൊസൈറ്റിയുടെ അധീനതയിൽ ഇരിക്കുമായിരുന്നോ എന്നുള്ളത് സംശയാസ്പദമായ കാര്യമാണ്. രാമചന്ദ്രയ്യായുടെ പോക്കും ആ വഴിക്കുകൂടിയായിരുന്നു. അദ്ദേഹം നായർപകയോടുകൂടി കത്തനാർപക്ഷം ചേർന്നു. എന്നാൽ അദ്ദേഹത്തിന് ആ കേസ് തീരുമാനം ചെയ്യാൻ അവസരം കിട്ടിയില്ല. ഇഛാഭംഗത്തോടുകൂടി ഉദ്യോഗത്തിൽനിന്നും പിരിയേണ്ടിവന്നു. ആ ഡിപ്പാർട്ടുമെന്റുതന്നെ അതിനോടുകൂടി ഇല്ലാതായി ഗവണ്മെന്റിൽ ലയിച്ചു. അതിനോടുകൂടി കത്തനാരുടെ അപ്പീലും ഗവണ്മെന്റിൽ ചെന്നെത്തി. പാട്ടം അല്പം കൂട്ടി സർവീസ് സൊസൈറ്റിയുടെ പേരിൽത്തന്നെ

ലേലം സ്ഥിരപ്പെടുത്തിത്തന്നു. ആ തീരുമാനം ചെയ്തത് ദിവാൻ സർ സി.പി. രാമസ്വാമി അയ്യരായിരുന്നു. വസ്തുക്കൾ നന്നാക്കിയും പുതുതായി ദേഹണ്ഡങ്ങൾ ചെയ്തും ഇപ്പോൾ അത് നല്ല ആദായമുള്ള വസ്തുവായിത്തീർന്നിട്ടുണ്ട്. കത്തനാർ ഗവണ്മെന്റിൽ പിന്നെയും പല ഹർജികൾ കൊടുക്കുകയും തള്ളുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏതാനും വസ്തു സർവീസ് സൊസൈറ്റിക്കു തന്നതിൽ ഉൾപ്പെട്ടതല്ലെന്നും, അതു നഷ്ടസഹിതം ഒഴിപ്പിച്ചുകൊടുക്കണമെന്നും കത്തനാർ മാവേലിക്കര ഡിസ്ട്രിക്ട് കോർട്ടിൽ കൊടുത്ത ഒരു കേസും, കുത്തകപ്പാട്ടത്തിൽപെട്ട വസ്തുവിന്റെ ദേഹണ്ഡവില കൊടുപ്പിക്കണമെന്ന് മറ്റൊരു കേസും മാത്രം ഇപ്പോൾ നിലവിലുണ്ട്.

പി.ജി.എൻ. ഉണ്ണിത്താൻ ആക്ടിംഗ് ദിവാൻ ആയിരുന്നപ്പോൾ, നൂറോക്കാടുവസ്തുക്കൾ സർവീസ് സൊസൈറ്റിക്കു സ്ഥിരപ്പാട്ടമായി തരണമെന്നപേക്ഷിച്ചു. പാട്ടവ്യവസ്ഥയിൽ ചില വ്യത്യാസങ്ങളെല്ലാം വരുത്തി സ്ഥിരപ്പാട്ടമായി തന്നതനുസരിച്ച് ഇപ്പോൾ നടന്നുവരികയാണ്.

മലബാർതോട്ടം

കുറഞ്ഞവിലയ്ക്ക് എത്ര വസ്തു വേണമെങ്കിലും മലബാറിൽ കിട്ടുമെന്നറിഞ്ഞ് ഞാൻ വടക്കേ മലബാറിൽ പല സ്ഥലത്തും പോയി അന്വേഷിച്ചു. നായർ സർവീസ് സൊസൈറ്റിക്ക് ആയിരം ഏക്കർ മല വാങ്ങി തോട്ടമുണ്ടാക്കണമെന്നും, ഇനിയും ഒരു ആയിരം ഏക്കർ വാങ്ങി ഏതാനും നായന്മാരെ കൊണ്ടുപോയി ഒരു കോളനിയാക്കി പാർപ്പിക്കണമെന്നുമായിരുന്നു എന്റെ ആഗ്രഹം. തളിപ്പറമ്പിനുസമീപം അറുനൂറ് ഏക്കർ ഭൂമി വാങ്ങി രണ്ടുമൂന്നു നായന്മാർക്കു വീതിച്ചുകൊടുത്തു. അതിൽ മുന്നൂറിൽ അധികം ഏക്കർ ചങ്ങനാശ്ശേരിക്കാരൻ ഇ.കെ. നാരായണപിള്ളയ്ക്കാണ് കൊടുത്തത്. അദ്ദേഹം അത് നല്ല ഒരു തോട്ടമാക്കിയതിനുശേഷം ഒരു ക്രിസ്ത്യാനിക്ക് വിറ്റു എന്നാണറിവ്. പയ്യന്നൂരിനു വടക്ക് സൗത്ത് ക്യാനറയിൽ ഒരു മുസൽമാൻപ്രമാണിയോട് ആയിരം ഏക്കർ സ്ഥലം ഞാൻ എഴുതിവാങ്ങി. അത് ഞങ്ങൾ എട്ടുപത്തുപേർ ചേർന്ന് ഒരു സിൻഡിക്കേറ്റായി തോട്ടമുണ്ടാക്കാൻ തീരുമാനിച്ചു. ഒരു പങ്കാളിയായ പട്ടാഴി ശങ്കരൻനായർ അതിന്റെ മാനേജരായി. കുറേ ജോലി മുമ്പോട്ടുപോയപ്പോൾ കൂട്ടുകാർക്കു കൂടുതൽ പണംമുടക്കാൻ സൗകര്യമില്ലെന്നു മനസ്സിലായി. മുടക്കുള്ള സംഖ്യ വാങ്ങിയുംകൊണ്ട് ആ ആയിരം ഏക്കർ കോട്ടയത്തെ സ്വരാജ് കമ്പിനിക്കു വിട്ടുകൊടുത്തു. അവർ കൈതാരം നാരായണയ്യരുടെ മാനേജ്മെന്റിൽ അത് ഒരു തോട്ടമാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

തെക്കേ മലബാറിൽ വളരെ വസ്തുക്കളും പണവുമുള്ള ആളാണ് സർ സി. ശങ്കരൻനായരുടെ മകൻ ആർ.എം. പാലാട്ട്. അദ്ദേഹത്തിനെ മുമ്പൊരിക്കൽ കോട്ടയം നായർസമ്മേളനം പ്രസിഡന്റായി ക്ഷണിച്ചുകൊണ്ടുവന്ന് നായർ സർവീസ് സൊസൈറ്റിയുടെ സ്വാധീനവും കഴിവും ഒട്ടൊക്കെ ബോദ്ധ്യപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. കുടിപാർപ്പിനും തോട്ടത്തിനുമായി കുറേ സ്ഥലം തരണമെന്ന് ഞാനെഴുതീട്ടുണ്ടായിരുന്നു. മറുപടിയനുസരിച്ച് ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽപോയി

കണ്ടു. അദ്ദേഹം പാർക്കുന്നത് തെക്കേ മലബാറിൽ കുറുമ്പ്രനാടു താലൂക്കിൽ കർക്കടകാംകുന്നുപ്രദേശത്താണ്. അദ്ദേഹത്തിന്റെ താമസസ്ഥലത്തുനിന്ന് അഞ്ചെട്ടുമൈൽ ദൂരമുള്ള മലയിൽപോയി വസ്തുക്കൾ നോക്കി. ഒന്നാന്തരം വസ്തുവാണെന്നു ബോദ്ധ്യപ്പെട്ടു. 'മാനുഷം' കൂടാതെ നായർ സർവീസ് സൊസൈറ്റിക്ക് ആയിരം ഏക്കർ ഭൂമി സ്ഥിരപ്പാട്ടമായി തരാമെന്നും, ഏക്കറിന് ആണ്ടിൽ നാലണ മിച്ചവാരം കൊടുത്താൽ മതിയെന്നും സമ്മതിച്ചു. മാനുഷം എന്നു പറഞ്ഞാൽ കാണം പോലെ ആധാരത്തിൽ കാണിക്കാത്ത ഒരു സംഖ്യയാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇത് അത്ഭുതകരമായ സംഭവമാണ്. അന്ന് അവിടെ ഏക്കറിന് പത്തുരൂപാ മാനുഷം കിട്ടും. അതുപോലെതന്നെ ഏക്കറിന് ആണ്ടിൽ ഒരു രൂപാ വരെ മിച്ചവാരം കൊടുക്കാനും ആളുകൾ തയ്യാറുണ്ട്. അഡ്വാൻസ് കിട്ടാവുന്ന പതിനായിരം രൂപയും കൊല്ലം തോറും കിട്ടാവുന്ന 750 രൂപയും പാലാട്ട് ഉപേക്ഷിക്കുക എന്നുള്ളത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു അസംഭവ്യകാര്യമായിട്ടേ ആളുകൾ എണ്ണാറുള്ളു. അത്ര ലുബ്ധനും അന്യോപകാരം ചെയ്യാത്ത ആളുമാണെന്നാണ് അദ്ദേഹത്തിന് അവിടുള്ള പേര്. കൊല്ലംതോറും എൺപതിനായിരപ്പറ നെല്ല് പാട്ടം കിട്ടാനുള്ള നിലവും, അൻപതിനായിരത്തോളം ഏക്കർ കരഭൂമിയും, ബാങ്കിൽ എത്രയോലക്ഷം രൂപാ നിക്ഷേപവും ഉള്ള അദ്ദേഹം നാടടക്കം ഇങ്ങനെ ഒരു പേരു സമ്പാദിക്കണമെങ്കിൽ ആൾ എങ്ങിനെയായിരിക്കുമെന്ന് ആലോചിച്ചുകൊണ്ടാൽമതി. എനിക്ക് അദ്ദേഹത്തെപ്പറ്റി അങ്ങനെ ഒരഭിപ്രായമൊന്നും ഉണ്ടാകാൻ ഇടയായില്ല. എന്നോട് ആ വിധത്തിലാണ് പെരുമാറിയത്. ആളുകളുടെ തെറ്റിദ്ധാരണയ്ക്ക് ഒരു തെളിവുപറയാം.

ഞങ്ങൾ തമ്മിലുള്ള വ്യവസ്ഥകളെല്ലാം പൂർത്തിയായതിന്റെ ശേഷം ആധാരനക്കൽ തയ്യാറാക്കി. മുദ്രവില മുതലായതിന്റെ വിവരം ചോദിച്ചറിയാൻ ഞാൻ മണ്ണാർക്കാട്ടുപോയി സബ് രജിസ്ട്രാറെ കണ്ടു. ഒരു ചെറുപ്പക്കാരൻ നായരാണു രജിസ്ട്രാർ. ആധാരക്കാര്യമെല്ലാം പറഞ്ഞതിന്റെശേഷം ഒടുവിൽ അദ്ദേഹം നേരംപോക്കെന്നവണ്ണം ഇങ്ങിനെ പറഞ്ഞു, "പത്മനാഭപിള്ളേ, നിങ്ങളെ ഞാൻ കേട്ടിട്ടുണ്ട്. നിങ്ങൾ സമർത്ഥനായ ആളാണെന്നാണ് എന്റെ കേൾവി. ഇത്ര വിഡ്ഢിത്തത്തിനു നിങ്ങൾ സമയം മിനക്കെടുത്തുമെന്നു ഞാൻ തീരെ വിചാരിച്ചിരുന്നില്ല." എന്താണിങ്ങനെ പറഞ്ഞതെന്നു ചോദിച്ചപ്പോൾ, "പാലാട്ട് ഏതെങ്കിലും ഒരു നല്ല കാര്യത്തിനോ, ആർക്കെങ്കിലുമോ വല്ലതും കൊടുത്തതായി ആരെങ്കിലും കേട്ടിട്ടുണ്ടോ. ഒരുറുപ്പികയോ ഒരു സെന്റു ഭൂമിയോ കൊടുക്കാത്ത അദ്ദേഹം നിങ്ങൾക്ക് ആയിരം ഏക്കർ തരാൻപോവുകയാണ്. ഇതാരു വിശ്വസിക്കാനാണ്. ഇത്ര ഹൃദയശൂന്യനായ ആളേ കാണാൻ പ്രയാസം." എന്നു പറഞ്ഞു. ഞാനൊന്നും പറഞ്ഞില്ല. പാലാട്ടിന്റെ വീട്ടിൽ മടങ്ങി എത്തി അസ്സൽ ആധാരം തയ്യാറാക്കി. നല്ലനേരം നോക്കി ഒപ്പിട്ട് മുക്ത്യാർകാരനേയും കൂട്ടി ഞാൻ മണ്ണാർക്കാട്ടെത്തി. നമ്മുടെ സബ് രജിസ്ട്രാരുടെ മേശപ്പുറത്ത് ആധാരം കൊണ്ടുചെന്നുവച്ചു. അദ്ദേഹം ഗൗരവത്തോടുകൂടിത്തന്നെ അതു വായിച്ചുനോക്കി. കഴിയുന്നത്ര വേഗത്തിൽ രജിസ്റ്റർചെയ്തുതന്നു. അതുവരെ

എന്നോട് ഒരക്ഷരം മിണ്ടിയില്ല. ഇപ്പോഴെങ്കിലും പാലാട്ടിനെപ്പറ്റിയുള്ള തെറ്റിദ്ധാരണ അല്പം മാറിക്കാണുമെന്ന് ഞാൻ വിചാരിച്ചു. നേരേമറിച്ചാണ് ഫലമുണ്ടായത്. അദ്ദേഹം ഇങ്ങിനെ പറഞ്ഞു, "ഞാൻ വിചാരിച്ചതിലും അറിഞ്ഞതിലും അധികം സമർത്ഥനാണ് നിങ്ങളെന്നു സമ്മതിച്ചിരിക്കുന്നു. വെറുതേയല്ല നിങ്ങൾക്ക് ഇത്ര വലിയ നേട്ടമുണ്ടായത്." ഇതാണ് ലോകത്തിന്റെ പോക്ക്. തെറ്റായിട്ടെങ്കിലും ഇങ്ങിനെ പേരു സമ്പാദിച്ച ഒരാൾ, വിശേഷിച്ച് ആരുടെയും പ്രേരണയോ വാദപ്രതിവാദമോ കൂടാതെ ഇത്ര വലിയ സ്വത്ത് പ്രയാസംകൂടാതെ എഴുതിത്തരാൻ ഇടയായത് അദ്ദേഹത്തിന്റെ സന്മനസ്സും സർവീസ് സൊസൈറ്റിയുടെ ദൈവാധീനവും കൊണ്ടാണെന്നുള്ള വിശ്വാസക്കാരനാണ് ഞാൻ.

അതാണ് ഇന്ന് സർവീസ് സൊസൈറ്റിക്കുള്ള വലിയ സ്വത്ത്. അഞ്ഞൂറിലധികം ഏക്കർസ്ഥലത്ത് റബ്ബറും തെങ്ങും കുരുമുളകും കൃഷി ചെയ്തിട്ടുണ്ട്. രണ്ടുനാലുകൊല്ലംകൊണ്ട് ആയിരം ഏക്കറും കൃഷിസ്ഥലമാകും. അതിന്റെ ആദായംകൊണ്ട് സർവീസ് സൊസൈറ്റിക്കു പോരാതെവരുന്ന സംഖ്യ നികത്താൻ കഴിയുന്നതാണ്. അവിടെ അല്പമൊക്കെ മലമ്പനിയുണ്ടായിരുന്നത് മാറിവരുന്നുണ്ട്. അതിനടുത്ത് പാർപ്പിനു സുഖപ്രദമായ 40 ഏക്കർ സ്ഥലം ഒരു തകരനോട് തീറെഴുതി വാങ്ങി ആവശ്യമുള്ള കെട്ടിടവും പണിയിച്ചുകഴിഞ്ഞിരിക്കുന്നു. അവിടെയാണ് മാനേജരുടെയും മറ്റും പാർപ്പ്. ഷൊർണൂർനിന്ന് പത്തുമുപ്പതു നാഴിക വടക്ക് മണ്ണാർക്കാട്ടിനു പടിഞ്ഞാറാണ് ഈ സ്ഥലം. പാലക്കാട് - കോഴിക്കോട്ടുറോഡിൽ അലനല്ലൂരിനു മൂന്നുനാഴിക വടക്കുള്ള ഒരു നാട്ടിൻപ്രദേശമാണിത്. അലനല്ലൂരിൽനിന്നു വടക്കോട്ടുള്ള വഴി വണ്ടിപോകത്തക്കവണ്ണമാക്കിയാൽ അത് സർവീസ് സൊസൈറ്റിയുടെ 'രത്നഗർഭ'തന്നെ ആയിരിക്കും. വഴിയുടെ പ്രാരംഭപ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്. 'സർ സി. ശങ്കരൻനായർ മെമ്മോറിയൽ എൻ.എസ്.എസ്. എസ്റ്റേറ്റ്' എന്നാണ് ആ തോട്ടത്തിനു നാമകരണം ചെയ്തിരിക്കുന്നത്. അവിടെ ഞാൻ എന്റെ കൈകൊണ്ടു വച്ച തെങ്ങിൻതൈ ആദ്യം കായ്ച്ച രണ്ടു തേങ്ങ, എൻ.എസ്.എസ്. തോട്ടങ്ങളുടെ കമ്മീഷണറായ മക്കപ്പുഴ വാസുദേവൻപിള്ള പെരുന്നയിൽ എന്റെ താമസസ്ഥലത്തു കൊണ്ടുവന്നു തന്നപ്പോൾ എനിക്കുണ്ടായ സന്തോഷം ചെറുതൊന്നുമല്ലായിരുന്നു. ഈയിടെ ഞാൻ അവിടെ പോയി കൃഷികളെല്ലാം കണ്ടു. മക്കപ്പുഴയുടെ ഭരണം തരക്കേടില്ലെന്നു തോന്നി. പാർക്കുന്ന സ്ഥലത്ത് ഞാൻകൂടെ നിന്നു വയ്പിച്ച മംഗലാപുരം മാവിൽ കണ്ട മുഴുത്ത മാങ്ങ എന്നെ ആനന്ദിപ്പിച്ചു. അവിടെ വച്ചുതന്നെ ആ മാവിലെ മാങ്ങ തിന്നാനും ഇടയായി. എന്റെ പ്രവൃത്തി ഫലപ്പെട്ടതിനും എനിക്കുകൂടി അനുഭവിക്കാൻ ഇടയായതിനും ഞാൻ സന്തോഷിച്ചു.

മലബാർ അട്ടപ്പാടി തോട്ടം

മലബാറിൽ ദൈനംദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്ന പഴയ പ്രഭുകുടുംബങ്ങളിൽ പ്രാമാണ്യമുള്ള ഒന്നാണ് മണ്ണാർക്കാടു നായരുടെ കുടുംബം. ആളധികമില്ലാത്ത ആ കുടുംബം പറയത്തക്ക വിലവാങ്ങാതെ എഴുതിവിറ്റ വസ്തുക്കൾക്കു കണക്കില്ല. സർവജാതിമതസ്ഥ

രുടെയും വ്യാപാരകേന്ദ്രമാണ് മണ്ണാർക്കാട് ടൗൺ. അവിടുത്തെ ഒരു സാധാരണ കുടിയാനും വ്യാപാരിക്കുമുള്ള ജീവിതസൗകര്യംപോലും ആ ടൗണിന്റെയും ആ പ്രദേശത്തിന്റെയും ഉടമസ്ഥനായ മണ്ണാർക്കാടു നായരുടെ കുടുംബത്തിനില്ല. തറവാടിന്റെ തൊട്ടു മുൻവശത്ത് സ്ത്രീകൾക്കു പ്രത്യേകാവകാശമുള്ള, കനകം വിളയുന്ന വസ്തുക്കൾപോലും പുരുഷന്മാർ അനധികൃതമായി തുച്ഛവിലയ്ക്ക് ഇതരമത സ്ഥർക്ക് എഴുതിക്കൊടുത്തിരിക്കയാണെന്നു പറഞ്ഞാൽ അവരേപ്പറ്റി അധികമൊന്നും എഴുതാതെ കഴിച്ചുകൂട്ടാം. അവർക്കുണ്ടായിരുന്ന വിസ്തൃതമായ ഭൂമിയുടെ ഒരു ഭാഗമാണ് അട്ടപ്പാടി എസ്റ്റേറ്റ്. അനവധി ഏക്കർ സ്ഥലം ഒറ്റ ബ്ലോക്കായി കിടക്കുന്ന മലമ്പ്രദേശമാണത്. അതിൽനിന്ന് ആയിരവും രണ്ടായിരവും ഏക്കർ സ്ഥലം തുച്ഛമായ വിലയ്ക്ക് എഴുതിക്കൊടുത്തതു നീക്കി, ഇനി വളരെ ആയിരം ഏക്കർ ഭൂമി ബാക്കി കാണണം. കോയമ്പത്തൂരിനു പടിഞ്ഞാറുഭാഗത്ത് സഹ്യപർവതനിരകളോടു ചേർന്നുകിടക്കുന്ന ഫലപ്രദമായ ഭൂമിയാണ് ഈ അട്ടപ്പാടി. ഒരിക്കലും വെള്ളം വറ്റാത്ത ഭവാനീനദി ഒഴുകുന്നത് ഇവിടെക്കൂടിയാണ്. ഈ നദിയുടെ ഇരുകരകളിലുമായി രണ്ടായിരം ഏക്കർ ഭൂമി ഈ അടുത്തകാലത്ത് മണ്ണാർക്കാട്ട് മൂപ്പിൽനായരോട് നായർ സർവീസ് സൊസൈറ്റി എഴുതി വാങ്ങി. അവിടവും ഒരു തോട്ടമാക്കാനുള്ള പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോളനികൾക്കും തോട്ടത്തിനും പറ്റിയ സ്ഥലമാണത്. ആഗ്രഹിക്കുന്നവണ്ണം അവിടെ കൃഷിസ്ഥലമാക്കാൻ കഴിഞ്ഞാൽ സർവീസ് സൊസൈറ്റിയുടെ വമ്പിച്ച ഒരു നേട്ടമായിരിക്കും അത്. എൻ.എസ്.എസ്സിന്റെ ഇന്നത്തെ ജനറൽ സെക്രട്ടറിയായ ശ്രീ. മക്കപ്പുഴ വാസുദേവൻപിള്ളയുടെ ഈ വിഷയത്തിലുള്ള ശ്രമം ഫലവത്തായതിൽ നായർസമുദായം അദ്ദേഹത്തെ അഭിനന്ദിക്കേണ്ടതാണ്. കൃഷികാര്യത്തിൽ പ്രത്യേക പരിചയവും വൈദഗ്ദ്ധ്യവുമുള്ള അദ്ദേഹം, സർവീസ് സൊസൈറ്റിയുടെ ഭരണം ഏറ്റെടുത്തതിന്റെ ശേഷം, സൊസൈറ്റി തോട്ടങ്ങളെല്ലാം സാമാന്യം നല്ല നിലയിൽ എത്തീട്ടുണ്ടെന്നും ആരും സമ്മതിക്കും.

സർവീസ് സൊസൈറ്റിക്ക് അതിന്റെ വളർച്ചയ്ക്കും ആവശ്യത്തിനുമനുസരിച്ച് സ്വത്തുണ്ടായതും, അതെല്ലാം ദേഹണ്ഡം ചെയ്ത് ഫലപ്രദമായ വസ്തുവായിത്തീരുന്നതും, അഭിമാനിക്കാവുന്ന ഒരു വലിയ ദൈവാധീനംതന്നെയാണ്. സർവീസ് സൊസൈറ്റിക്ക് 3500-ലധികം ഏക്കർ കരഭൂമിയും, നൂറ്റൻപതുപറ നിലവും, ലക്ഷോപലക്ഷം രൂപ വിലപിടിപ്പുള്ള അനവധി കെട്ടിടങ്ങളും ഇന്നു സ്ഥാവരസ്വത്തുക്കളായിട്ടുണ്ട്. ഗവണ്മെന്റു ബോണ്ടും ഓഹരികളും നിക്ഷേപവുമായി പത്തുലക്ഷം രൂപയുടെ മറ്റു സ്വത്തുക്കളുമുണ്ട്. കേരളത്തിലെ ഏതു സാമുദായികസ്ഥാപനത്തിന്റെയും മുന്നണിയിൽ നിൽക്കാനുള്ള കഴിവും ഇന്ന് എന്തുകൊണ്ടും നായർ സർവീസ് സൊസൈറ്റിക്കുണ്ടെന്നുള്ളത് നിർവ്വിവാദമാണ്.

അദ്ധ്യായം - 20

എൻ.എസ്.എസ്. സംഘടന

സർവീസ് സൊസൈറ്റിയുടെ പ്രാരംഭത്തിലുണ്ടാക്കിയ സംഗ്ര ഹമായ നിയമാവലിയനുസരിച്ചാണ് പ്രവർത്തനവും ഭരണവും നടന്നു വന്നിരുന്നതെങ്കിലും, മുമ്പോട്ടുപോകുന്തോറും സ്ഥാപനകാലത്ത് ഉദ്ദേ ശിച്ചിട്ടില്ലാത്ത പല കാര്യങ്ങളിലും ഇടപെടേണ്ടതായും, പല രംഗങ്ങ ളിലും പ്രവേശിക്കേണ്ടതായും വന്നിട്ടുണ്ട്. പരിശീലനം കഴിച്ച പരിമിത മായ അംഗങ്ങളുള്ള ഒരു സേവനസംഘമായിരിക്കണമെന്നാണ് ആദ്യം ഉദ്ദേശിച്ചത്. അവരുടെ പ്രവൃത്തി സമുദായസേവനം മാത്രമായിരു ന്നാൽകൊള്ളാമെന്നും ആഗ്രഹിച്ചു. സ്ഥാപകന്മാരിൽതന്നെ അധികം പേരും അതിനു സൗകര്യമുള്ളവരല്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അതനു സരിച്ച് ഒരു മാറ്റം വരുത്തേണ്ടതായി വന്നു. പ്രവർത്തകന്മാരും, പണം കൊടുത്തോ മറ്റു പ്രകാരത്തിലോ സഹായിക്കുന്നവരും, അംഗങ്ങളായി രിക്കാമെന്നുള്ള വ്യാഖ്യാനത്തിൽ അല്പം മുമ്പോട്ടുപോയി. പ്രവർത്തനം ചെയ്യുന്നവർ ഫീസൊന്നും കൊടുക്കേണ്ടതില്ലെന്നും, അല്ലാത്തവർ അന്നുള്ള പന്ത്രണ്ടുരൂപയ്ക്കു പകരം ജീവിതകാലം മെമ്പറായിരിക്കാൻ അഞ്ഞൂറുരൂപയും, മരണശേഷം പിന്തുടർച്ചയ്ക്ക് അവകാശമുണ്ടായി രിക്കണമെങ്കിൽ ആയിരം രൂപയും കൊടുക്കണമെന്നും വ്യവസ്ഥ ചെയ്തു. അങ്ങനെ അവരെ ആയുഷ്ക്കാലമെമ്പറെന്നും സ്ഥിരംമെമ്പ റെന്നും രണ്ടായി തിരിച്ചു. സർവീസ് സൊസൈറ്റിയുടെ പ്രവർത്തനപ രിധി വിസ്തൃതമാകയും സ്വാധീനം വിപുലമാകയും ചെയ്തപ്പോൾ, അതിൽ അംഗങ്ങളായി ചേരാനുള്ള ആഗ്രഹം പലർക്കുമുണ്ടായി. മെമ്പർഷിപ്പിനുള്ള വരിസംഖ്യ അധികമായതുകൊണ്ട് ആഗ്രഹക്കാരിൽ വളരെപ്പേരും മുമ്പോട്ടുവന്നില്ല. ഏതു സംഘത്തിലായാലും കൊള്ളാം, ഒന്നും പ്രവർത്തിക്കാതെയും ഒന്നും കൊടുക്കാതെയും അംഗമാകാനാണ് അധികംപേർക്കും ആഗ്രഹം. അതിനോട് സർവീസ് സൊസൈറ്റിക്ക് യാതൊരു ആനുകൂല്യവുമില്ലായിരുന്നു. അതുകൊണ്ട്, നിയമപരിഷ്കാരം വരുത്തി പത്താംകൊല്ലമായപ്പോൾപോലും ആയുഷ്ക്കാലമെമ്പറന്മാരും സ്ഥിരംമെമ്പറന്മാരുമായി ഏതാനുംപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ അംഗമാകാനോ അധികാരം ചെലുത്താനോ ആഗ്രഹിക്കാതെ, സർവീസ് സൊസൈറ്റിയുടെ സേവനം പ്രയോജനപ്രദമെന്ന് അനുഭവ പ്പെട്ട നാട്ടിൻപുറത്തുള്ള സാധാരണന്മാർ സർവീസ് സൊസൈറ്റിയെ ആത്മാർത്ഥമായി സ്നേഹിക്കയും, അതിനു വിധേയരായി ജീവിക്കയും, കഴിവുള്ള സഹായം ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് പരീക്ഷാവിജയികളുടെയും പ്രമാണികളുടെയും എണ്ണം സർവീസ് സൊസൈറ്റിയിൽ കുറവായിരുന്നെങ്കിലും, നായർസമുദായത്തിന്റെ ക്ഷേമ ത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഏകസ്ഥാപനം നായർ സർവീസ് സൊസൈറ്റിയാണെന്നുള്ള വിശ്വാസം ജനസാമാന്യത്തിനിടയിൽ വേരു റച്ചുവരികയായിരുന്നു. കേരളീയ നായർസമാജവും സമസ്തകേരള

നായർസമാജവും എല്ലാം വിപുലമായ പേരിലും മഹാപ്രമാണികളുടെ നേതൃത്വത്തിലും ഉണ്ടായിരുന്നു എങ്കിലും, നിത്യപ്രവർത്തനമില്ലാത്ത ആ സംഘടനകൾക്ക് നേതാക്കന്മാരുടെ പരിധിയിൽനിന്നും പുറത്തേക്കു പോകാൻ സാധിച്ചില്ല. സമുദായനന്മയിലുള്ള ആകാംക്ഷയെക്കാൾ നേതൃത്വ വടംവലിയിലുള്ള താൽപര്യമാണ് അവർക്കുള്ളതെന്ന്, അവരുടെ മാത്സര്യങ്ങളും പ്രഖ്യാപനങ്ങളും കക്ഷിപിടിത്തങ്ങളുംകൊണ്ട് മറ്റുള്ള വർക്ക് മനസ്സിലായിക്കഴിഞ്ഞിരുന്നു.

സാധാരണന്മാരായ വളരെ കുറച്ചുപേരാൽ സൃഷ്ടിക്കപ്പെട്ട സർവീസ് സൊസൈറ്റി ചെറിയ തോതിലാണെങ്കിലും വളർന്നുവരുന്നതിൽ സന്തോഷിക്കേണ്ടതിനു പകരം, പ്രമാണികളിൽ പലർക്കും, നിർഭാഗ്യംകൊണ്ട്, ഒരു എതിർമനോഭാവമാണുണ്ടായത്. സൊസൈറ്റി, മെമ്പർഷിപ്പിനു 500 രൂപയും 1000 രൂപയും ആയി ഫീസ് വർദ്ധിപ്പിച്ചു എന്നറിഞ്ഞപ്പോൾ അവരുടെ അസുഖം അതിലുമധികം വർദ്ധിച്ചു. അവർ അതിന് 'പ്രഭുസഭ' എന്നു പേരിട്ടു. പണക്കാർക്കല്ലാതെ പ്രവേശനസാദ്ധ്യതയില്ലാത്ത ആ സ്ഥാപനം, നായർ ജനസാമാന്യത്തിനവകാശമോ പ്രയോജനമോ ഉള്ളതല്ലെന്നും പറഞ്ഞുപരത്താൻ ശ്രമിച്ചു. 'താൻ നാഴികറക്കയുമില്ല, മോരിനു പോകുന്നവരെ കുത്തുകയും ചെയ്യും' എന്ന് ഒരു പശുവിനെപ്പറ്റി പറഞ്ഞ പരാതിപോലെ, പ്രമാണികൾ ഒന്നും ചെയ്യുകയുമില്ല, വല്ലതും ചെയ്യുന്നവരെ തടസ്സപ്പെടുത്തുകയും ചെയ്യും എന്നു വന്നുചേർന്നു. സർവീസ് സൊസൈറ്റി അതിന്റെ കീഴിൽ ഒരു സംഘടനയുണ്ടാക്കാനോ, സമുദായത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കാനോ ആ നിമിഷംവരെ ആഗ്രഹിച്ചിട്ടില്ല. അത് ഏതു സമാജം വഹിച്ചാലും വേണ്ടില്ല, സമുദായക്ഷേമത്തിനു കഴിവുള്ള സേവനം ചെയ്യണമെന്നുള്ളതിൽകവിഞ്ഞൊരു ചിന്താഗതിയും അവർക്കുണ്ടായില്ല. എങ്കിലും, ബലമുള്ള കൈകൾ ഒറ്റ ഒറ്റയായിട്ടാണെങ്കിലും, അതിന്റെ വാലിൽപിടിച്ചു വലിച്ചുതുടങ്ങി. അതിനെ ഒന്നും കാര്യമായി കണക്കാക്കാതെ പത്താംകൊല്ലത്തിൽ 1100-ൽ സർവീസ് സൊസൈറ്റി തിരുവിതാംകൂർ കമ്പിനി ആക്ടിൻപ്രകാരം 12-ാം നമ്പരായി രജിസ്റ്റർ ചെയ്തു.

കേരളീയ നായർസമാജം രണ്ടുകക്ഷിയായി പിരിയുകയും, സർവീസ് സൊസൈറ്റിക്കാർ സി. കൃഷ്ണപിള്ളക്കക്ഷിയിൽ ചേരുകയും ചെയ്തതിനോടുകൂടി സാക്ഷാൽ കേരളീയ നായർസമാജക്കാർക്കുള്ള പക ആരംഭിച്ചതാണ്. അതു വർദ്ധിച്ചുവന്നതല്ലാതെ രമ്യപ്പെടാനുള്ള സന്ദർഭമുണ്ടായില്ല. വൻപ്രമാണികൾ നേതൃത്വം വഹിക്കുന്ന നായർസമാജങ്ങളുടെ പിന്നിൽ നായർസമുദായമില്ലെന്നും, അവരുടെ ദൃഷ്ടിയിൽ പ്രാമാണ്യം കുറഞ്ഞ സർവീസ് സൊസൈറ്റിയുടെ കൂടെയാണ് നായർ ജനസാമാന്യമെന്നും, ദിവസംതോറും കൂടുതൽ ഗ്രഹിക്കാൻ കഴിഞ്ഞപ്പോൾ മൂക്കുമുറിച്ചിട്ടും ശകുനം മുടക്കാൻ അവർ തീരുമാനിച്ചു. പണം കൊടുക്കാതെ അവർക്കു പ്രവേശനം ലഭിക്കാത്ത സർവീസ് സൊസൈറ്റിയെ നശിപ്പിക്കയാണ് കർത്തവ്യമെന്നും ചിലരെല്ലാം വിചാരിച്ചു. അതിനുള്ള മാർഗ്ഗാന്വേഷണവും ശ്രമവും പലഭാഗത്തു നടന്നുകൊണ്ടിരുന്നു.

ഒടുവിൽ അതു രൂപംപ്രാപിച്ചത് തിരുവല്ലയിലാണ്. നായർ മഹാസഭ എന്ന പേരിൽ ഭൂലോകജാതം ചെയ്ത ആ മഹാശിശുവിന്റെ ജന്മോദ്ദേശ്യം നായർ സർവീസ് സൊസൈറ്റിസംഹാരമായിരുന്നു. ഒരു രൂപ കൊടുക്കുന്ന ഏതു നായർക്കും അതിൽ എന്നെന്നേക്കും അംഗമായി ചേരാൻ അവകാശമുണ്ടെന്നുള്ളതാണ് അതിലെ പ്രധാന വ്യവസ്ഥ. ആയിരമോ അഞ്ഞൂറോ രൂപ കൊടുത്താലേ സർവീസ് സൊസൈറ്റിയിൽ അംഗമാകാൻ സാധിക്കുകയുള്ളു. എന്നാൽ നായർ മഹാസഭയിലെ മെമ്പർഷിപ്പിന് ഒരു രൂപ മാത്രം! എന്തു വ്യത്യാസം! അത് ആരെയാണ് ആകർഷിക്കാത്തത്. പത്തുലക്ഷം നായന്മാരെ അംഗങ്ങളാക്കാൻ നിഷ്പ്രയാസം സാധിക്കും. അപ്പോൾ മഹാസഭയ്ക്ക് പത്തുലക്ഷം രൂപ മൂലധനവുമായി. നായർ സർവീസ് സൊസൈറ്റിയിൽ പിന്നെ നായരെവിടെയാണ്? നായരില്ലാത്ത നായർ സർവീസ് സൊസൈറ്റി അങ്ങനെ ഇരുന്ന ഇരുപ്പിൽ ചത്തുകൊള്ളും. പണ്ടത്തെ ആനമാപ്പിളയുടെ 'ആകെ നീർ അര നീർ' കണക്കുംകൂട്ടി മുൻകയ്യെടുത്തു പ്രവർത്തിക്കാൻ പുറമേ കണ്ടത്, തിരുവല്ലായിലെ ഒരു പ്രധാന വക്കീലായ മാടത്താനി മാധവൻപിള്ളയേയും, ബുദ്ധസന്ന്യാസിവേഷത്തിൽ മഞ്ഞപ്പട്ടുടയാടയാക്കി പലപ്പോഴും ബഹുജനസമക്ഷം കാണാറുള്ള കവിയൂർ ഗോപാലഗിരി എന്ന പ്രശസ്തനേയും ആയിരുന്നു. ഒരാൾ ജനറൽ സെക്രട്ടറിയും മറ്റേയാൾ ഓർഗനൈസിംഗ് സെക്രട്ടറിയുമായിരുന്നു. പ്രസിഡന്റ്, റിട്ടയർഡ് ഹൈക്കോർട്ട് ജഡ്ജി പി. രാമൻതമ്പി എം.എൽ. ആയിരുന്നു എന്നു പറഞ്ഞാൽ അതിൽ കവിഞ്ഞ ഒരു വലിയ ആളെ കണ്ടുപിടിക്കാൻ അക്കാലത്തു സാദ്ധ്യമല്ലായിരുന്നു എന്നു മനസ്സിലാകുമല്ലോ. ഈ രാജ്യത്തെ, പഠിപ്പുള്ളവരും പണക്കാരും പ്രമാണികളുമെല്ലാം അംഗങ്ങളായിച്ചേർന്ന വിവരത്തിന് വലിയ ചുവർപഞ്ചാംഗക്കടലാസിൽ അച്ചടിപ്പിച്ച ഒരു പട്ടികയുംകൊണ്ടാണ് ഗോപാലഗിരി സഞ്ചരിച്ചുകൊണ്ടിരുന്നത്. വലിയ ചില യോഗങ്ങൾകൂടി മള്ളൂർ ഗോവിന്ദപ്പിള്ള മുതലായ ചില ബഹുമാന്യന്മാർ സർവീസ് സൊസൈറ്റിയെ എതിർത്തും ആക്ഷേപിച്ചും ഉഗ്രപ്രസംഗം നടത്തി, പേരുവച്ച ലേഖനങ്ങൾ എഴുതി. ഇവരുടെ ഈ നൂതനസംരംഭം കണ്ടിട്ട് ഞങ്ങൾക്കാർക്കും ഒരു പരിഭ്രമവുമുണ്ടായില്ല. നായരുടെ വംശപാരമ്പര്യം തുടരുന്നു എന്നു സമാധാനപ്പെട്ടു. ഞാനും ചില മറുപടിപ്രസംഗങ്ങളും ലേഖനങ്ങളും കൊണ്ട് മള്ളൂർ പ്രഭൃതികളെ എതിർക്കാതിരുന്നില്ല. മഹാരഥന്മാരുടെ പേരുകളും ദുഷ്പ്രചരണവും കൊണ്ട്, സമുദായം ഒട്ടാകെ ചലനവും, ചിലയിടത്തെല്ലാം ചില വേലിയേറ്റങ്ങളും ഉണ്ടാകാതിരുന്നില്ല. എന്നാൽ ആ നുരയും പതയുമെല്ലാം അടങ്ങാൻ അധികകാലം വേണ്ടിവന്നില്ല. ഒടുവിൽ 'മഹാസഭാപ്രസ്ഥാനം' എന്നു കേട്ടാൽ ജഡ്ജിമാരും വക്കീലന്മാരും ഓടി ഒളിക്കുന്ന മട്ടായി. മഹാസഭയുടെ ശബ്ദം നിശ്ശബ്ദമായിക്കഴിഞ്ഞു. കേരളീയ നായർസമാജത്തിന്റെ പിന്നാലെ നായർമഹാസഭയും അന്തരിച്ചു എന്നു പറയാൻ സംവത്സരം അധികം വേണ്ടിവന്നില്ല.

നായന്മാരുടെ പൊതുവായ പേരിൽ ഉണ്ടായ സമാജങ്ങളെല്ലാം ഇല്ലാതാകയോ, ഉണ്ടെങ്കിലും ഇല്ലാത്ത ഫലത്തിൽ എത്തിച്ചേരുകയോ

ചെയ്തുകഴിഞ്ഞതുകൊണ്ട്, നായർസമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ഒരു സ്ഥാപനം ഉണ്ടായേ തീരൂ എന്നുള്ള ഘട്ടത്തിലെത്തി. മറ്റു മാർഗ്ഗങ്ങളൊന്നും കാണാഴികകൊണ്ട്, നായർസമുദായത്തിന്റെ വിശ്വാസം ആർജ്ജിച്ചിട്ടുള്ള നായർ സർവീസ് സൊസൈറ്റിതന്നെ അതിന്റെ ഘടനയിൽ ആവശ്യമുള്ള മാറ്റം വരുത്തി, സമുദായത്തിന്റെ പ്രാതിനിധ്യമുള്ള ഒരു സംഘടനയായി പരിവർത്തനം ചെയ്യണമെന്നുള്ള അഭിപ്രായം പലരിലുമുണ്ടായി. സേവനത്തിനു മാത്രമെന്നു സങ്കല്പിച്ചിട്ടുണ്ടാക്കിയതും, മിക്കവാറും ആ നിലയിൽത്തന്നെ വളർന്നുവന്നതുമായ സർവീസ് സൊസൈറ്റിക്ക്, ഇന്നു കാണുന്ന നിലയിലുള്ള മാറ്റമുണ്ടാകാനുള്ള കാരണമതാണ്.

അടിയുറച്ച വ്യവസ്ഥിതിയിൽവേണം സംഘടന കെട്ടിപ്പടുക്കാൻ എന്ന് സർവീസ് സൊസൈറ്റി നിശ്ചയിച്ചു. സൊസൈറ്റിക്ക് ഒരു സംഘടനാശാഖയുണ്ടാക്കി അതിന്റെ മേധാവിയായി 'കരയോഗം രജിസ്ട്രാർ' എന്ന പേരിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാനും, തൽക്കാലം ആ ജോലി കൂടി ജനറൽ സെക്രട്ടറിയായ ഞാൻതന്നെ വഹിക്കാനും തീരുമാനിച്ചു. അസിസ്റ്റന്റ് രജിസ്ട്രാറായി ടി.പി. വേലുക്കുട്ടിമേനോനെ നിയമിച്ചു. വേദശാസ്ത്ര പുരാണേതിഹാസങ്ങളിലെല്ലാം വേണ്ടതിലധികം പരിജ്ഞാനം സിദ്ധിച്ച മഹാവാഗ്മിയായ വേലുക്കുട്ടിമേനോൻ, സംഘടനാശാഖയ്ക്കും കരയോഗങ്ങൾക്കും വേണ്ട നിബന്ധനകൾ എഴുതി ഉണ്ടാക്കി എൻ.എസ്.എസ്. ഡയറക്ടർ ബോർഡിൽ സമർപ്പിച്ചു. ആ ഉപചട്ടങ്ങൾ അനുവദിച്ചത് 1100-ൽ ആണ്. അദ്ദേഹം കരകൾതോറും സഞ്ചരിച്ച് സ്ത്രീപുരുഷന്മാർ ഉൾപ്പെടെയുള്ള യോഗം വിളിച്ചുകൂട്ടി, സനാതനധർമ്മബോധമുളവാക്കുന്നതും, സംഘടിതരായി നില്ക്കേണ്ടതിന്റെ അത്യാവശ്യം ഗ്രഹിപ്പിക്കുന്നതുമായ, മാധുര്യമേറിയ പ്രസംഗങ്ങൾ ചെയ്ത് ആളുകളെ ആകർഷിച്ചു. കരയോഗങ്ങൾ മുറയ്ക്ക് രജിസ്റ്റർചെയ്യാനും തുടങ്ങി. ഒന്നാംനമ്പർ കരയോഗം മാവേലിക്കര താലൂക്കിൽ പന്തളം പ്രദേശത്തുള്ള തട്ടയിലാണ് രജിസ്റ്റർ ചെയ്തത്. വേലുക്കുട്ടിമേനോന്റെ പ്രസംഗമുണ്ടെന്നറിഞ്ഞാൽ, ക്ഷണിച്ചില്ലെങ്കിലും വലിയൊരാൾക്കൂട്ടമുണ്ടാകുന്നത് സാധാരണയായിത്തീർന്നു. ഒരു കരയോഗം കഴിഞ്ഞാൽ രണ്ടും മൂന്നും കരയോഗം രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം കിട്ടും. പുതുതായി മൂന്നാലുദിക്കിലേക്കുള്ള ക്ഷണവുമുണ്ടാകും.

ഇങ്ങിനെ വേലുക്കുട്ടിമേനോന്റെ ശേഷിയും അഹോരാത്രമുള്ള ശ്രമവും ക്ലേശവുംകൊണ്ട് എൻ.എസ്.എസ്. കരയോഗങ്ങളുടെ സംഖ്യ ദിവസേന വർദ്ധിച്ചുകൊണ്ടിരുന്നു. പുതുതായി കരയോഗസംഘടന ആരംഭിച്ചത് 105-ലാണെന്നു തോന്നുന്നു.

വേലുക്കുട്ടിമേനോൻ ക്ഷണിക്കുന്ന യോഗങ്ങളിൽ പങ്കുകൊള്ളുകയും, കരയോഗം രജിസ്റ്റർചെയ്ത സർട്ടിഫിക്കറ്റു കൊടുക്കുകയും ചെയ്യുക എന്നുള്ളതിൽ കവിഞ്ഞ് സംഘടനാശാഖ സംബന്ധിച്ച് ഞാൻ പറയത്തക്ക ജോലിയൊന്നും ചെയ്തിട്ടില്ല. നാടിന്റെ നാനാഭാഗങ്ങളിലും കാണുന്ന എൻ.എസ്.എസ്. കരയോഗങ്ങളിൽ അധികവും ഉണ്ടായത്

വേലുക്കുട്ടിമേനോന്റെ ശ്രമം കൊണ്ടാണെന്നുള്ളത് നിർവ്വിവാദമാണ്. കര തോറും കരയോഗങ്ങളും, അവയെ കൂട്ടിച്ചേർത്ത് താലൂക്കുതോറും താലൂ ക്കുയൂണിയനും ഉണ്ടാകണമെന്നായിരുന്നു വ്യവസ്ഥ. അതനുസരിച്ച് കര യോഗങ്ങൾ വളരെയുണ്ടാവുകയും ചെയ്തു. എങ്കിലും കരയോഗങ്ങൾക്ക് സർവീസ് സൊസൈറ്റി ഭരണത്തിൽ പങ്കുകൊള്ളത്തക്കവണ്ണം അംഗമാ വാൻ വിഷമമുണ്ടായിരുന്നു. കരയോഗങ്ങളെല്ലാം എൻ.എസ്.എസ്. കര യോഗമായതിന്റെശേഷം, ആയിരം രൂപയടച്ച് സ്ഥിരംമെമ്പർഷിപ്പെടു ക്കുന്ന വ്യവസ്ഥയാണ് സർവീസ് സൊസൈറ്റി നിബന്ധനയിൽ അന്നു ണ്ടായിരുന്നത്. അതുകൊണ്ട് എൻ.എസ്.എസ്. കരയോഗങ്ങൾ വളരെ ഉണ്ടായെങ്കിലും, അവയിൽ കുറച്ചു കരയോഗങ്ങൾ മാത്രമേ സൊസൈറ്റി യിൽ മെമ്പർഷിപ്പെടുക്കാൻ ശക്തമായുള്ളു. സർവീസ് സൊസൈറ്റിയിൽ അംഗമാകാൻ മിക്ക കരയോഗങ്ങൾക്കും താൽപര്യമുണ്ടായിരുന്നു. എന്നാൽ ആയിരം രൂപ അടയ്ക്കാൻ കഴിവുള്ള കരയോഗങ്ങൾ ചുരുക്ക മായിരുന്നു.

ഇതിനുംപുറമേ സർവീസ് സൊസൈറ്റിയെ സ്നേഹിക്കുന്ന സാമാന്യജനങ്ങളിലും, വിശേഷിച്ച് യുവജനങ്ങളിലും എൻ.എസ്.എസ്. മെമ്പറാകാനുള്ള താൽപര്യവും, അതു സാധിതപ്രായമല്ലാത്തതിലുള്ള ഇച്ഛാഭംഗവും വർദ്ധിച്ചുവരുന്നതായും ബോദ്ധ്യപ്പെട്ടു. സർവീസ് സൊസൈറ്റി ഒരു സേവനസംഘമെന്ന നിലവിട്ട്, ഗത്യന്തരമില്ലാഴികകൊ ണ്ടാണെങ്കിലും സമുദായത്തിന്റെ പ്രാതിനിധ്യം ഏറ്റെടുത്ത മുറയ്ക്ക്, കഴിവുള്ളിടത്തോളം കൂടുതൽ അംഗങ്ങൾ ചേരാനുള്ള സൗകര്യമുണ്ടാ ക്കേണ്ടതാണെന്നു സൊസൈറ്റിമെമ്പറന്മാരുടെ ഇടയിലും അഭിപ്രായ മുണ്ടായി. അതുകൊണ്ട് സർവീസ് സൊസൈറ്റി നിബന്ധന ഒന്നുകൂടി പരിഷ്ക്കരിക്കണമെന്നു തീരുമാനിച്ചു.

വ്യക്തിമെമ്പർഷിപ്പ് കഴിയുന്നിടത്തോളം കുറയ്ക്കാനും കരയോ ഗങ്ങളുടെ മെമ്പർഷിപ്പ് വർദ്ധിപ്പിച്ച് സമുദായത്തിന്റെ പ്രാതിനിധ്യം കൂട്ടാനും തക്കവണ്ണമുള്ള നിയമവ്യവസ്ഥ എഴുതിയുണ്ടാക്കി. മെമ്പർഷി പ്പിന് അടയ്ക്കേണ്ട സംഖ്യ ആയിരംരൂപയിൽനിന്ന് നൂറു രൂപയായി കുറ ച്ചു. വ്യക്തികൾക്ക്, സ്ഥിരംമെമ്പറായി ചേർന്ന് പിന്തുടർച്ചാവകാശം നില നിർത്താനുണ്ടായിരുന്ന അവകാശം മേലാൽ വേണ്ടെന്നുവച്ചു. സ്ഥിരം മെമ്പർഷിപ്പ് കരയോഗങ്ങൾക്കു മാത്രമാക്കിത്തീർത്തു. വ്യക്തികൾക്ക് ആയുഷ്ക്കാലമെമ്പറായി ചേരാം. അവരും നൂറുരൂപാ അടയ്ക്കണം. മെമ്പർഷിപ്പ് അനുവദിച്ചാൽ, 30 ദിവസത്തിനകം ഒന്നായി പണം അട യ്ക്കയും വേണം. കരയോഗങ്ങൾ സ്ഥിരാംഗമായി ചേരുന്നതിനുള്ള നൂറു രൂപാ നാലു തവണകളിലായി മൂന്നുകൊല്ലംകൊണ്ടടച്ചാൽ മതി. ആദ്യ തവണയ്ക്കുള്ള 25 രൂപാ അടയ്ക്കുമ്പോൾതന്നെ, അംഗമെന്നുള്ള നിലയിൽ യോഗത്തിൽ പങ്കുകൊള്ളാനും വോട്ടുചെയ്യാനും അവകാശ മുണ്ടായിരിക്കുന്നതാണ്. ഇങ്ങിനെ ജനകീയസമ്പ്രദായത്തിലുള്ള തനി പ്രാതിനിധ്യവ്യവസ്ഥ സർവീസ് സൊസൈറ്റി സ്വീകരിച്ചത് 1117-ലാണ്. അതിനോടുകൂടി സർവീസ് സൊസൈറ്റി പ്രഭുസഭയാണെന്നും,

സാമാന്യജനങ്ങൾക്കുള്ള പ്രവേശനദ്വാരം അടച്ചിരിക്കുകയാണെന്നുമുള്ള ആക്ഷേപം അവസാനിച്ചു. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ഏതു സാധാരണക്കാരനും സാധുവിനും സർവീസ് സൊസൈറ്റിക്ക് ഒരു പൈസയും സ്വന്തനിലയിൽ കൊടുക്കാതെ പ്രതിനിധിയായി വരാം. അയാൾ പാർക്കുന്ന ദിക്കിലെ കരയോഗത്തിൽ അംഗമായി ചേർന്ന്, മാസം ഒരു ചക്രം (അര അണ) ഫീസടയ്ക്കുന്ന ഏതൊരാളെയും കരയോഗത്തിന് മൂന്നുകൊല്ലത്തേക്ക് പ്രതിനിധിയായി തിരഞ്ഞെടുത്തയയ്ക്കാം. ആ കരയോഗം 100 രൂപാ അടച്ച് സർവീസ് സൊസൈറ്റി മെമ്പർഷിപ്പ് എടുത്തിരിക്കണമെന്നേയുള്ളു. ആ പരിഷ്ക്കാരത്തെ ജനകീയവാദിയായ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള മാത്രം എതിർത്തു. ഏതു തരക്കാരായ നായന്മാർക്കും അംഗമാകാൻ തക്കവണ്ണം വാതിൽ തുറന്നിട്ടാൽ പല വഴക്കുകാരും അകത്തു കടക്കുമെന്നും, അവർ വഴക്കുണ്ടാക്കി സൊസൈറ്റിയെ നശിപ്പിക്കുമെന്നും, അതുകൊണ്ട് ഈ ജനകീയസമ്പ്രദായം സർവീസ് സൊസൈറ്റിക്ക് പറ്റിയതല്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതിനെ ആരുംതന്നെ അത്ര കാര്യമായി കരുതിയില്ല. ആ പരിഷ്ക്കാരം കരയോഗക്കാരേയും മറ്റു പൊതുജനങ്ങളേയും സംതൃപ്തിപ്പെടുത്തി. സാധാരണക്കാരായ ഏതാനും ചില ആളുകൾ ഉണ്ടാക്കി, അവരുടെ പത്തിരുപതുകൊല്ലക്കാലത്തെ പ്രയത്നവും പണവുംകൊണ്ട് വളർത്തിക്കൊണ്ടുവന്നതും, ഭരണാധികാരം മുഴുവൻ അവരുടെ കൈവശമിരുന്നതും, പേരും പെരുമയും ആർജ്ജിച്ചതും, പല സ്ഥാപനങ്ങളോടുകൂടിയതുമായ സർവീസ് സൊസൈറ്റിയെ, പരപ്രേരണ കൂടാതെ നായർ ജനസാമാന്യത്തിനായി സർവ്വസ്വദാനം ചെയ്ത അന്നത്തെ സർവീസ് സൊസൈറ്റി പ്രവർത്തകന്മാരുടെ നിസ്വാർത്ഥ ചിന്താഗതിയേയും നിഷ്കളങ്ക സമുദായസ്നേഹത്തേയും നായർസമുദായം മുക്തകണ്ഠം പ്രശംസിച്ചു.

അനവധി എൻ.എസ്.എസ്. കരയോഗങ്ങൾ സൊസൈറ്റിയിൽ അംഗങ്ങളായി ചേർന്നു. പ്രമാണികളായ കുറെ വ്യക്തികളും അംഗങ്ങളായി ചേർന്നു. അവരുടെ പ്രതിനിധികളായ അരയണക്കാരുടെ കയ്യിലാണ് ഇന്നു സർവീസ് സൊസൈറ്റി സ്ഥിതിചെയ്യുന്നത്. ഈ പരിഷ്ക്കാരമുണ്ടായിട്ട് 15 കൊല്ലമായി. ഇതുവരെ പറയത്തക്ക യാതൊരു വൈഷമ്യവും കൂടാതെതന്നെ ഭരണം ശാന്തമായി മുന്നോട്ടു പോകുന്നുണ്ട്. അംഗങ്ങളുടെ എണ്ണം കുറവാണെന്ന് ആക്ഷേപമുണ്ടായിരുന്ന സർവീസ് സൊസൈറ്റിയിൽ, ഇന്ന് 597 കരയോഗപ്രതിനിധികളും, 268 വ്യക്തിമെമ്പറന്മാരുമുണ്ട്. 1225 കരയോഗങ്ങൾകൂടി മെമ്പർഷിപ്പെടുക്കാനുമുണ്ട്. അവരുടെ പ്രാതിനിധ്യം നിയമപ്രകാരം കണക്കാക്കാറില്ലെങ്കിലും, രണ്ടു ലക്ഷം നായന്മാരുടെ സംഘടനാബലവും സമ്മതവും സർവീസ് സൊസൈറ്റിക്ക് ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

ഈ പ്രതിനിധിസഭ ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും കൂടി, സർവീസ് സൊസൈറ്റിയുടെ വരവു ചെലവു കണക്കുകളും റിപ്പോർട്ടുകളും, അടുത്തകൊല്ലത്തേക്കുള്ള ബഡ്ജറ്റും കൂലങ്കഷമായ നിരൂപണത്തിനുശേഷം പാസ്സാക്കുന്ന നടപടിയാണ് ഇപ്പോഴുള്ളത്. കണക്കുകളും

ബഡ്ജറ്റും അപ്പാടെ തള്ളാനും, ആവശ്യമുള്ള ഭേദഗതികൾ ചെയ്തും അല്ലാതെയും പാസ്സാക്കാനും സ്വതന്ത്രമായ സർവാധികാരം പൊതുയോഗത്തിനുണ്ട്. ഭരണം നടത്താനുള്ള ഡയറക്ടർ ബോർഡിൽ പൊതുയോഗം തിരഞ്ഞെടുത്ത 21 ഡയറക്ടർമാർ ഇപ്പോഴുണ്ട്. അവരിൽനിന്ന് ഒരു പ്രസിഡന്റിനേയും ജനറൽ സെക്രട്ടറിയേയും ട്രഷററേയും പൊതുയോഗംതന്നെ തിരഞ്ഞെടുക്കുന്നു. അവരുടെ കാലാവധി മൂന്നുകൊല്ലമാണ്. ഡയറക്ടർ ബോർഡ്, എൻ.എസ്.എസ്. പ്രസിഡന്റും ജനറൽ സെക്രട്ടറിയും ഉൾപ്പെടെ അഞ്ചുപേരെ നിത്യപ്രവർത്തനം നടത്തുന്നതിനുള്ള കൗൺസിലറന്മാരായി തിരഞ്ഞെടുക്കുന്നു. വിദ്യാഭ്യാസം, സംഘടന, കൃഷിവ്യവസായം ഇങ്ങനെ പ്രധാനമായി മൂന്നു മേധാവികളുടെ കീഴിൽ പ്രവർത്തനം നടത്തുന്നുണ്ട്. ജനറൽ സെക്രട്ടറിയാണ് ഇവരുടെ പൊതുവായ മേലന്വേഷണവും മറ്റു പൊതുപ്രവർത്തനവും നടത്താൻ ബാദ്ധ്യസ്ഥൻ. എപ്പോഴും എൻ.എസ്.എസ്. പ്രവർത്തനം ചെയ്യാൻ ചുമതലയുള്ള അദ്ദേഹത്തിന് നിശ്ചയിക്കപ്പെട്ട ഓണറേറിയവും സഞ്ചാരപ്പടിയും വാങ്ങാൻ അവകാശമുണ്ട്. പ്രസിഡന്റ് പ്രതിഫലം പറ്റാത്ത ആളാണ്. ഭരണാധികാരത്തിന്റെ തലവനായ അദ്ദേഹത്തിന് നിയമപ്രകാരം പല ചുമതലയും അധികാരവുമുണ്ട്. പുതിയ വ്യവസ്ഥയനുസരിച്ച് ഭരണം പഴയ ആളുകളുടെ കയ്യിൽനിന്ന്, പഠിപ്പും പ്രാതിനിധ്യവുമുള്ള യുവജനങ്ങളുടെ കയ്യിൽ വന്നിട്ട് സംവത്സരം അഞ്ചെട്ടു കഴിഞ്ഞു.

സർവീസ് സൊസൈറ്റി ഉണ്ടായ തീയതി മുതൽ 1121 ചിങ്ങ മാസം 1-ാം തീയതി വരെ ജനറൽ സെക്രട്ടറിയായി എന്നെ ഐകകണ്ഠ്യേനയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. തിരഞ്ഞെടുപ്പ് ആദ്യകാലത്ത് കൊല്ലംതോറും, പിന്നീടു മൂന്നുകൊല്ലത്തിൽ ഒരിക്കലും നടന്നിരുന്നു. അന്ന് ജനറൽ സെക്രട്ടറിസ്ഥാനത്തുനിന്നും പിരിയേണ്ടിവന്നത് എന്നെ എൻ.എസ്.എസ്. പ്രസിഡന്റായി തിരഞ്ഞെടുത്തതുകൊണ്ടാണ്. രണ്ടുകൊല്ലം തുടർന്നു പ്രസിഡണ്ടായിരുന്ന ശേഷം, ഞാൻ ആ സ്ഥാനം രാജിവച്ചു പിരിഞ്ഞു. എനിക്ക് രാഷ്ട്രീയരംഗത്തേക്കു പോകേണ്ട അത്യാവശ്യം നേരിട്ടതുകൊണ്ടാണ് ഞാൻ സ്വയമേവ പ്രസിഡണ്ടുസ്ഥാനം രാജിവച്ചത്. ഞാൻ രാജിവയ്ക്കുന്ന തീയതിവരെ മുപ്പത്തിമൂന്നുകൊല്ലം ജനറൽ സെക്രട്ടറിയുടെ നിലയിലായാലും, പ്രസിഡണ്ടിന്റെ നിലയിലായാലും, കഴിവനുസരിച്ച് എന്റെ ചുമതലകൾ സമ്പൂർണ്ണമായി നിർവഹിച്ചിട്ടുണ്ട്. ഒരു പൈസയും, പ്രവർത്തനത്തിനു പ്രത്യേക രംഗവും ഇല്ലാതാരംഭിച്ച ഈ സ്ഥാപനത്തിന്, ഞാൻ രാജിവച്ചു പിരിയുമ്പോൾ പത്തുലക്ഷം രൂപയുടെ സ്വത്തുണ്ടെന്ന് അക്കൊല്ലത്തെ വാർഷികറിപ്പോർട്ടനുസരിച്ച് കാണുന്നു. അന്നത്തെ വരവു-ചെലവ് ഏഴേമുക്കാൽ ലക്ഷം രൂപയാണ്. തിരുവിതാംകൂർരാജ്യം മുഴുവൻ വ്യാപകമായ പ്രവർത്തനരംഗമായിത്തീർന്നിട്ടുണ്ട്. സൊസൈറ്റിക്ക് യാതൊരു സ്വത്തും ഇല്ലാതിരുന്നതുകൊണ്ട് എന്റെ ചെലവിനുവേണ്ടി, എന്റെ സ്വയം സമ്മതപ്രകാരം മാസം 25 രൂപാ പറ്റാനാണ് ആദ്യത്തെ തീരുമാനം. മാസം പത്തുനാനൂറു രൂപാ വരുത്തി ചെലവുചെയ്തുകൊണ്ടിരുന്ന ഞാൻ എന്റെ വക്കീൽപ

ണിവിട്ട് സേവനരംഗത്തേക്കിറങ്ങിയപ്പോൾ, അപ്പോഴത്തെ നിലയിൽ ഒതുങ്ങി ജീവിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും, ക്ലേശവും ദാരിദ്ര്യവും സ്വയം വരിക്കുകയും ചെയ്തു. 25 രൂപാ കൊണ്ട് എങ്ങിനെ ജീവിച്ചു എന്നുള്ള അന്വേഷണം ഇനി ആവശ്യമില്ല. മരിക്കുന്നതുവരെ എൻ.എസ്.എസ്. ട്രഷറർ ആയിരുന്ന പനങ്ങോട്ടു കേശവപ്പണിക്കർ, സമ്പന്നനും ഉദാരമതിയും എന്റെ ആത്മമിത്രവുമായിരുന്നു. എന്റെ വീട്ടുചെലവിനുള്ള അരി കുത്തിച്ച് ഒരുവിധം മുടങ്ങാതെതന്നെ അദ്ദേഹം അയച്ചുകൊണ്ടിരുന്നു. ഞാൻ മുഷിഞ്ഞ മുണ്ടുടുത്തു നടക്കുന്നതു കണ്ടാൽ, എന്നോടു പറയാതെതന്നെ അദ്ദേഹം ആവശ്യമുള്ള മുണ്ടുവാങ്ങി അയയ്ക്കും. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും എന്നെ അദ്ദേഹത്തിന്റെ വീട്ടിൽ വിളിച്ചുകൊണ്ടുപോയി വിശ്രമിപ്പിക്കും. ക്ഷീണം കണ്ടാൽ ചികിത്സിപ്പിക്കും. എന്നേക്കാൾ പ്രായംകുറഞ്ഞ ആളാണ് അദ്ദേഹമെങ്കിലും, ഒരു രക്ഷാകർത്താവിന്റെ നിലയിൽ എന്റെ സർവസുഖങ്ങളും ഞാൻ പറയാതെയും അറിയാതെയും അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നതുകൊണ്ട് ഞാൻ വളരെ ദാരിദ്ര്യം അനുഭവിച്ചു എന്നു പറഞ്ഞുകൂടാ. ഏതായാലും ആ 25 രൂപാ ശമ്പളത്തിൽ ഞാൻ പത്തുകൊല്ലം ഒരുവിധം സംതൃപ്തനായിത്തന്നെ കഴിഞ്ഞുകൂടി. എന്റെ ആത്മസുഹൃത്തായിരുന്ന പനങ്ങോട്ടു കേശവപ്പണിക്കരുടെ അകാലദേഹവിയോഗം സർവീസ് സൊസൈറ്റിക്കു മാത്രമല്ല, എന്റെ സ്വന്തജീവിതത്തിനും ക്ലേശം വർദ്ധിപ്പിച്ചു.

സർവീസ് സൊസൈറ്റിക്ക് അല്പം ഒരു നില വന്നപ്പോൾ എന്റെ ഓണറേറിയം അൻപതുരൂപയാക്കി. അങ്ങിനെ ഒൻപതുകൊല്ലം കഴിഞ്ഞു. എന്റെ മകളുടെ കുഞ്ഞുങ്ങൾക്കു പഠിപ്പിനുള്ള ഫീസ് കൊടുക്കാൻ ഞെരുക്കമാണെന്നറിഞ്ഞപ്പോൾ, അവരെ എൻ.എസ്.എസ്. വിദ്യാലയങ്ങളിൽ സൗജന്യമായി പഠിപ്പിക്കേണ്ടതാണെന്നു പൊതുയോഗം തീരുമാനിച്ചു. ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ സർവീസ് സൊസൈറ്റിയുടെ അഭിവൃദ്ധിയും എന്റെ ബുദ്ധിമുട്ടും ഓർത്ത് എന്റെ ഓണറേറിയം 150 രൂപയാക്കി വർദ്ധിപ്പിച്ചു. ഞാൻ രാജിവയ്ക്കുമ്പോൾ ഉണ്ടായിരുന്ന ഓണറേറിയം അതായിരുന്നു. എന്റെ രാജിക്കത്ത് വ്യസനത്തോടുകൂടിയാണെങ്കിലും ഡയറക്ടർ ബോർഡ് ആ സന്ദർഭത്തെ പരിഗണിച്ച് സ്വീകരിക്കയും, എന്റെ അതുവരെയുള്ള സേവനങ്ങളെ അഭിനന്ദിച്ചു റിക്കാർഡു ചെയ്യുകയും, എനിക്ക് അപ്പോൾ തന്നുകൊണ്ടിരുന്ന 150 രൂപയും എന്റെ മരണംവരെ പെൻഷനായി മാസംതോറും തരേണ്ടതാണെന്നു തീരുമാനിക്കുകയും .ചെയ്തു.

അദ്ധ്യായം - 21

ടി.പി. വേലുക്കുട്ടിമേനോൻ

ടി.പി. വേലുക്കുട്ടിമേനോന്റെ നിരന്തരശ്രമംകൊണ്ട് പഴയ തിരുവിതാംകൂർരാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും എൻ.എസ്.എസ്. കരയോഗങ്ങൾ ദിവസേന എന്നപോലെ ഉണ്ടായിക്കൊണ്ടിരുന്നു. വേലുക്കുട്ടിമേനോന്റെ മുരളീനാദം മുഴങ്ങാത്ത ഒരു മൂലയും ഇല്ലാതായി. കൊല്ലം തോറും പരിഷ്കൃതനിലയിൽ രാജ്യവ്യാപകമായി എൻ.എസ്.എസ്സിന്റെ ആഭിമുഖ്യത്തിൽ കൂടുന്നതായ നായർ മഹാസമ്മേളനങ്ങൾ സംഘടനയെ ഉറപ്പിക്കയും വ്യാപിപ്പിക്കയും ചെയ്തു. ഇങ്ങനെ അസാധാരണ നിലയിലും വേഗത്തിലും തിരുവിതാംകൂർ ഒട്ടാകെത്തന്നെ എൻ.എസ്. എസ്. സംഘടന പുരോഗമിച്ചുകൊണ്ടിരിക്കുമ്പോഴാണ്, സമുദായത്തിന്റെ നിർഭാഗ്യംകൊണ്ട്, അതിന്റെ ജീവനും ശബ്ദവുമായിരുന്ന മേനോൻ അകാലചരമം പ്രാപിച്ചത്. സംഘടനാശാഖയെ ആകെയും, എന്നെ പ്രത്യേകിച്ചും സ്തംഭിപ്പിച്ച ആ ദുസ്സം ഭവം നിമിത്തം, ആ ശാഖയ്ക്കുണ്ടായ ക്ഷീണം പരിഹരിക്കാൻകഴിയാത്ത ഒന്നായിരുന്നു. അദ്ദേഹത്തെപ്പോലെ ഒരു പ്രചാരകനേയും പ്രവർത്തകനേയും ഇന്നുവരെ കിട്ടാൻ സാധിച്ചിട്ടില്ല. എങ്കിലും കിട്ടാൻ കഴിവുള്ളതിൽ ഭേദപ്പെട്ടവരെകൊണ്ട് ശ്രദ്ധാപൂർവം പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഫലം മോശമെന്നു പറഞ്ഞുകൂടാ.

എം.പി. മന്മഥൻ എം.എ.യാണ് സംഘടനാപ്രവർത്തനം തുടർന്നു നടത്തിയത്. അതിനുവേണ്ട പല നല്ല ലക്ഷണവും ഉള്ള ആളായിരുന്നു അദ്ദേഹം. മനുഷ്യനെ പ്രസംഗംകൊണ്ട് ആകർഷിക്കാൻ അസാധാരണമായ കഴിവുണ്ടെന്നു തെളിയിക്കാൻ മന്മഥന് വളരെക്കാലം വേണ്ടിവന്നില്ല. സ്വാധീനവും കഴിവും വർദ്ധിച്ചുവന്നപ്പോൾ അദ്ദേഹത്തിന് നായർസമുദായപരിധിക്കകത്തുനിൽക്കുന്നത് ഒരു ശ്വാസംമുട്ടലായി തോന്നി, എന്നൊരു നിർഭാഗ്യമേ വന്നുകൂടിയുള്ളൂ. മനുഷ്യനിൽ കുറഞ്ഞ ഒന്നുമായാൽ അദ്ദേഹത്തിനു മതിയാകാതെവന്നു. എൻ.എസ്.എസ്സിന്റെ സങ്കുചിതമായ ആ രംഗത്തുനിന്നും ക്രമേണ ഒഴിഞ്ഞുമാറി അദ്ദേഹം ഒരു സർവോദയക്കാരനായിത്തീർന്നു. മന്മഥന്റെ യോഗ്യതയും ശേഷിയും സ്വഭാവഗുണവും നോക്കിയാൽ, അദ്ദേഹം നമ്മുടെ സമുദായത്തിന്റെ സ്വത്താണെന്നു സങ്കല്പിക്കണം. സമുദായത്തിന്റെ സ്വത്തൊന്നും നമുക്കനുഭവിക്കാനുള്ളതല്ലല്ലോ. അതിന്റെ അവകാശികൾ സമുദായത്തിന്റെ പുറത്തുള്ളവരാണെന്നുള്ള പരമ്പരാഗതമായ വ്യവസ്ഥയെ മന്മഥനും തെറ്റിച്ചില്ലെന്നുള്ള കൃതാർത്ഥതയ്ക്ക് അവകാശമുണ്ട്.

സർവീസ് സൊസൈറ്റിയുടെ ഉദ്ദേശ്യവും നിയമവുമനുസരിച്ച് സൊസൈറ്റി പ്രവർത്തനം കൊച്ചിയിലും മലബാറിലുംകൂടി നടത്തേണ്ടതാണ്. രണ്ടുരാജ്യത്തും സഞ്ചരിച്ച് പ്രചരണജോലി നടത്തിയിട്ടുണ്ടെന്നുള്ളതിൽ കവിഞ്ഞ് സ്ഥിരമായ ഒരു പ്രവർത്തനവും അവിടെ സർവീസ് സൊസൈറ്റിക്കു നടത്താൻ കഴിഞ്ഞിരുന്നില്ല. അതിനുള്ള പ്രധാന

കാരണങ്ങളിൽ ഒന്ന് പണത്തിന്റെയും ആളിന്റെയും കുറവാണ്. മറ്റൊന്ന് കൊച്ചീരാജ്യത്ത് പ്രത്യേകമൊരു നായർസമാജം ഉണ്ടായിരുന്നു എന്നുള്ളതാണ്. മലബാറിൽ, സാമുദായികചിന്ത രാഷ്ട്രീയത്തെ കുഴപ്പത്തിൽ ചാടിക്കുമെന്ന് അവിടുള്ള നായന്മാർക്കുണ്ടായിരുന്ന ഭയവും മിഥ്യാബോധവും മറ്റൊന്നാണ്. തിരുവിതാംകൂർ - കൊച്ചി സംയോജനത്തോടുകൂടി കൊച്ചി നായർസമാജത്തെ നായർ സർവീസ് സൊസൈറ്റിയിൽ ലയിപ്പിക്കാൻ അവർ തീരുമാനം ചെയ്തുവെങ്കിലും, അതു നടപ്പിൽവരുത്താൻ വളരെ പ്രയാസപ്പെടേണ്ടിവന്നു.

സർവീസ് സൊസൈറ്റി സംഘടനയുടെ അടിസ്ഥാനം സ്ഥിതി ചെയ്യുന്നത് കരയോഗങ്ങളിലാണ്. ഓരോ കരയോഗവും സ്വയംഭരണ സ്ഥാപനം ആയതുകൊണ്ട് കരയോഗാംഗങ്ങളിൽത്തന്നെ അവയുടെ ഭരണവും നിയന്ത്രണവും സ്ഥിതിചെയ്യുന്നു. കരയോഗങ്ങളുടെമേൽ പേരിനുമാത്രമുള്ള നിയന്ത്രണമേ സർവീസ് സൊസൈറ്റിക്കുള്ളൂ. എന്നാൽ അവയെ നേർവഴി നയിക്കാനുള്ള മേലന്വേഷണത്തിനു ബാദ്ധ്യതയുണ്ടുതാനും. കരയോഗങ്ങളും സർവീസ് സൊസൈറ്റിയുമായുള്ള ബന്ധം അഭേദ്യമാണ്. സർവീസ് സൊസൈറ്റിയെ ഒരു മഹാവൃക്ഷമായി സങ്കല്പിക്കാമെങ്കിൽ കരയോഗങ്ങൾ അതിന്റെ വേരുകളാണ്. പലപ്പോഴും എൻ.എസ്.എസ്സിനെ മറിച്ചിടാൻ പല കൊടുങ്കാറ്റുമടിച്ചിട്ടുണ്ട്. എന്നാൽ അത് ലേശവും ഏശാതെ പർവ്വതസമാനം അടിയുറച്ചുനിൽക്കുന്നത് ഈ കരയോഗവേരുകളുടെ ശക്തികൊണ്ടാണ്. രണ്ടായിരത്തിലധികം എൻ.എസ്.എസ്. കരയോഗങ്ങൾ ഉണ്ടെന്നുപറഞ്ഞാൽ അതിന്റെ സംഘടനാശക്തി ഏറെക്കുറെ ഊഹിക്കാവുന്നതാണ്. രണ്ടായിരത്തിലധികം കരയോഗം പ്രസിഡണ്ടന്മാർ, അത്രയുംതന്നെ സെക്രട്ടറിമാരും, ട്രഷറർമാരും, കുറഞ്ഞപക്ഷം അഞ്ചുപേർ വീതമുള്ള കമ്മറ്റിമെമ്പറന്മാർ എന്നിങ്ങനെ പതിനയ്യായിരത്തിലധികം സമുദായപ്രവർത്തകന്മാർ എൻ.എസ്.എസ്. പ്രസിഡണ്ടിന്റെ കീഴിൽ അണിനിരക്കാനുള്ള ഒരു വ്യവസ്ഥാപിത പ്രസ്ഥാനമാണ് ഈ സംഘടനയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്നത്. കരയോഗങ്ങളുടെ ഇടയിൽ ഇടയ്ക്കിടയ്ക്കുണ്ടാകുന്ന കുടിപ്പകയും അലസതയും ഇല്ലായിരുന്നെങ്കിൽ - ഇടമുറിയാതെ പ്രവർത്തനം നടത്താനുള്ള ഊർജ്ജിതം കരയോഗപ്രവർത്തകന്മാർക്കുണ്ടായിരുന്നെങ്കിൽ - ഒരു കരയിൽ ഒരു പ്രവർത്തകനെങ്കിലും സ്ഥിരമായി ഉണ്ടായിരുന്നെങ്കിൽ - സർവീസ് സൊസൈറ്റി ഇതിന്റെ പതിന്മടങ്ങു ശക്തിയുള്ള ഒരു സ്ഥാപനമായിത്തീരുമായിരുന്നു. ദീർഘകാലം കെട്ടുപൊട്ടി താറുമാറായി കിടന്ന ഒരു സമുദായത്തിന്, സംഘടനാബോധവും അടിയുറച്ച നില്പും അത്രവേഗം ഉണ്ടാകുന്നതല്ലല്ലോ. ഇത്രയുമെങ്കിലുമുണ്ടായതിൽ നമുക്ക് ആശ്വസിക്കയും, എല്ലാ വിഷയങ്ങളിലും നായന്മാർ ചെറിയ തോതിലെങ്കിലും പുരോഗമിക്കുന്നുണ്ടെന്നു വിശ്വസിച്ചു സമാധാനപ്പെടുകയും ചെയ്യാം. നായർസമുദായത്തിന്റെ നാഡീപരിശോധന സർവീസ് സൊസൈറ്റിയെ സ്പർശിച്ചു ചെയ്താൽ ഇത് ഒട്ടൊക്കെ വെളിപ്പെടും.

സർവീസ് സൊസൈറ്റി നായർസമുദായത്തിന്റെ അംഗീകരിക്കപ്പെട്ട ഒരു സംഘടനയായിത്തീർന്നിട്ട് കുറച്ചുകാലമായി. സമുദായകാര്യങ്ങളെപ്പറ്റി അവസാനതീരുമാനം ചെയ്യാനുള്ള അനിഷേധ്യമായ അധികാരം സർവീസ് സൊസൈറ്റിക്കാണെന്നുള്ളത് ചോദ്യം ചെയ്യപ്പെടാത്ത ഒരു വസ്തുതയായിത്തീർന്നിട്ടുണ്ട്. അതിന്റെ പ്രസിഡണ്ടുസ്ഥാനം ഇന്ന് ആരും ആഗ്രഹിക്കുന്ന ഉന്നതപദവിയിലുള്ള ഒന്നാണ്. ആദ്യത്തെ പ്രസിഡണ്ട് പ്രസിദ്ധനായ കേളപ്പനായിരുന്നുവെന്നും, അടുത്ത പ്രസിഡണ്ട് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയായിരുന്നുവെന്നും നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചങ്ങനാശ്ശേരി പത്തുകൊല്ലം പ്രസിഡണ്ടായിരുന്നു. അദ്ദേഹം ഹൈക്കോർട്ട് ജഡ്ജി ആയപ്പോൾ പ്രസിഡണ്ടുസ്ഥാനത്തുനിന്നും പിരിഞ്ഞതാണ്. ജഡ്ജിപ്പണി കഴിഞ്ഞുമടങ്ങിവന്നപ്പോൾ അദ്ദേഹം വീണ്ടും പ്രസിഡണ്ടാവാൻ ആഗ്രഹിച്ചു എങ്കിലും അദ്ദേഹത്തിന്റെ സമുദായസ്നേഹവും പൂർവസ്മരണയും ഏറെക്കുറെ വെളിപ്പെട്ടതുകൊണ്ട്, അദ്ദേഹം ഹാജരുണ്ടായിരുന്നിട്ടും ആ പൊതുയോഗം അമ്പലപ്പാട്ടു ദാമോദരൻ ആശാനെത്തന്നെ വീണ്ടും പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയാണു ചെയ്തത്. അന്ന് ഇച്ഛാഭംഗത്തോടുകൂടി അവിടെനിന്നും പുറത്തിറങ്ങിപ്പോയ ചങ്ങനാശ്ശേരി മരിക്കുന്നതുവരെ എൻ.എസ്.എസ്. ഭൂമി സ്പർശിച്ചിട്ടേയില്ല. അദ്ദേഹം തീരാപ്പകയോടുകൂടി സർവീസ് സൊസൈറ്റിയെ നശിപ്പിക്കാൻവേണ്ടി, നായന്മാർക്ക് സാമുദായികസ്ഥാപനംതന്നെ ആവശ്യമില്ലെന്നു പ്രസംഗിക്കുകയും പത്രത്തിലെഴുതുകയും മറ്റു പ്രചരണം നടത്തുകയും ചെയ്തു. എൻ.എസ്.എസ്. പ്രസിഡണ്ടായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ആജ്ഞകളെ അനുസരിച്ചിരുന്ന നായർസമുദായം, സ്ഥാനഭ്രംശം വന്നപ്പോഴും അനുസരിക്കുമെന്ന് അദ്ദേഹം തെറ്റായി വിശ്വസിച്ചു. അതിന്റെ ഫലമറിയാൻ കാലതാമസം വേണ്ടിവന്നില്ല. അദ്ദേഹത്തിന് അതുവരെ ഉണ്ടായിരുന്ന പൊതുജനപ്രാമാണ്യം അതിന്റെശേഷം എവിടെയോ ഓടിമറഞ്ഞതായി പ്രത്യക്ഷപ്പെട്ടു. സർവീസ് സൊസൈറ്റിയിൽനിന്നും അദ്ദേഹം പിരിഞ്ഞതോടുകൂടി സൊസൈറ്റി ചൈതന്യഹീനമായ ഒരു നിഴലായിത്തീർന്നു എന്ന് നോട്ടെഴുതിവച്ചിട്ടാണ് അദ്ദേഹം മരിച്ചതെങ്കിലും, അങ്ങിനെ ഒരു പുസ്തകം അദ്ദേഹത്തിന്റെ ഭാര്യ പ്രസിദ്ധീകരിച്ചെങ്കിലും, അത് വർദ്ധിച്ചുവരുന്ന ചൈതന്യത്തോടുകൂടി നായർസമുദായത്തിന്റെ ഒരു വിജയസ്തംഭമായി വളർന്നുവരുന്നു എന്ന് ആർക്കും കാണാൻ കഴിയുന്നതാണ്.

അടുത്ത പ്രസിഡണ്ട് വൈക്കം രാമകൃഷ്ണപിള്ളയായിരുന്നു. അദ്ദേഹം ഒരുകൊല്ലമേ പ്രസിഡണ്ടുസ്ഥാനത്തിരുന്നുള്ളു. അദ്ദേഹം ചങ്ങനാശ്ശേരിയുടെ അനുഗാമിയായിരുന്നു. പിന്നത്തെ പ്രസിഡണ്ട് അമ്പലപ്പാട്ടു ദാമോദരൻ ആശാനായിരുന്നു. സൗമ്യനും സത്യസന്ധനും സമുദായസ്നേഹിയുമായ അദ്ദേഹത്തെ പ്രസിഡണ്ടായി തുടർന്ന് പല പ്രാവശ്യം തിരഞ്ഞെടുത്തു. ഗവണ്മെന്റുസർവീസിൽ പ്രവേശിക്കുന്നതുവരെ എട്ടുകൊല്ലം പ്രസിഡണ്ടായിരുന്നു. പിന്നീട് പ്രസിഡണ്ടായിരുന്നവരുടെ പട്ടികയും ഭരണകാലവും താഴെ പറയുന്നു.

പേര്	ഭരണകാലം
5. പുതുപ്പള്ളി കൃഷ്ണപിള്ള	1.1.1113 - 13.11.1113
6. ജി. നാരായണപിള്ള	1.1.114 - 32.12.1114
7. ഡോ. എൻ. കുഞ്ഞൻപിള്ള	1.1.1115 - 8.5.1115
8. ബാരിസ്റ്റർ കെ.പി.ഗോപാലമേനോൻ	8.5.1115 - 1.1.1116
9. ഡോ. കെ.പി. പണിക്കർ ചാലയിൽ	1.1.1116 - 32.12.1117
10. കെ.ജി. പരമേശ്വരൻപിള്ള	1.1.1118 - .1.1121
11. മന്നത്തു പത്മനാഭപിള്ള	1.1.1121 - 4.10.1122
12. എൻ. ഗോവിന്ദമേനോൻ	4.10.1122 - 4.1.1127
13. വി.കെ. വേലപ്പൻ	4.1.1127 -

ഇന്നത്തെ എൻ.എസ്.എസ്. സംഘടനയ്ക്ക് അടിസ്ഥാനമിട്ടതും, അതിനു പ്രചുരപ്രചാരം വരുത്തിയതും, കുറെയൊക്കെ വളർത്തിക്കൊണ്ടുവന്നതും, ടി.പി. വേലുക്കുട്ടിമേനോനാണ് എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിനു നിശ്ചയിച്ചിരുന്ന തുച്ഛമായ ശമ്പളംകൊണ്ട് കുടുംബത്തിനു കഴിഞ്ഞുകൂടാൻ സാദ്ധ്യമല്ലായിരുന്നു. ദാരിദ്ര്യവും ക്ലേശവും അദ്ദേഹം എത്ര അനുഭവിച്ചു എന്നു പറയാൻ പ്രയാസം. ഞങ്ങൾ ഒൻപതുകൊല്ലം സഹപ്രവർത്തകരായിരുന്നിട്ടുണ്ട്. ഇതിനിടയിൽ ഒരു പ്രാവശ്യമെങ്കിലും അദ്ദേഹത്തിന് ചെലവിനില്ലെന്നോ, ശമ്പളം പോരെന്നോ എന്നോടു പറഞ്ഞിട്ടില്ല. എന്റെ ആഫീസും ദാരിദ്ര്യസമ്പൂർണ്ണമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എങ്കിലും പൊറുതികേടു വരുമ്പോൾ വല്ലതും പറഞ്ഞുപോകയില്ലേ. അദ്ദേഹത്തിൽനിന്നും ഒരു പരാതിയും പരിഭവവും ഞാൻ കേട്ടിട്ടേയില്ല. വീട്ടിൽ ചെലവിനില്ലെങ്കിലും, കുട്ടികൾക്ക് സുഖക്കേടാണെങ്കിലും, അതൊന്നും അന്വേഷിക്കാൻ അദ്ദേഹത്തിന് നേരമോ താൽപര്യമോ ഇല്ല. അവസാനിക്കാത്ത പരിപാടി അദ്ദേഹത്തിന്റെ പോക്കറ്റിൽ എപ്പോഴും കാണും. പ്രകാശമായാൽ ഏതെങ്കിലും ഒരു നാട്ടിലേക്കു പുറപ്പെടുകയായി. ഒരുപറ്റം ആളുകൾ അനുയായികളായി കാണും. കുന്നും മലയും കേറിനടന്നും ക്ലേശിച്ചും ഒരു സ്ഥലത്തു ചെല്ലുമ്പോൾ അവിടെ ആയിരക്കണക്കിന് സ്ത്രീപുരുഷന്മാർ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ കാത്തിരിക്കുന്നുണ്ടാവും. വിശ്രമമോ ആഹാരമോ അദ്ദേഹത്തിനാവശ്യമില്ല. വന്നവഴിതന്നെ പ്രസംഗം തുടങ്ങുകയായി. രണ്ടുമൂന്നു മണിക്കൂർ അല്പം ഒരു രാഗത്തോടുകൂടി നീട്ടിത്തുന്ന മാധുര്യമേറിയ പ്രസംഗം കഴിയുമ്പോൾ, ആ ദിക്കുമുഴുവൻ അദ്ദേഹത്തിന്റെ അധീനതയിലായി. അന്നു വേറെ അഞ്ചാറുസ്ഥലത്ത് ചെന്നെത്താമെന്നും ഏറ്റുകാണും. ഉടനെ അടുത്തസ്ഥലത്തേക്കുള്ള പുറപ്പാടായി. അവിടെച്ചെന്നെത്തി അർദ്ധരാത്രിവരെ പ്രസംഗിക്കും. ഇതിനിടയിൽ പല പരിപാടികളും തെറ്റിക്കാണും. ആഗ്രഹത്തിന്റെ കൂടുതൽകൊണ്ട് ആവശ്യപ്പെടുന്നതെല്ലാം സമ്മതിക്കും. എല്ലാം നിർവഹിക്കാൻ കഴിയാതെ കുഴങ്ങും. പാവം, മരണംവരെ ഇങ്ങിനെ അനദ്ധ്യായം കൂടാതെ പ്രവർത്തിച്ചു. അദ്ദേഹം എന്നെ ഒരു ജ്യേഷ്ഠനെപ്പോലെ കരുതി ഭക്തിപൂർവം ആരാധിച്ചു. എന്നെക്കാൾ എത്രയോ വലിയ ആളാണദ്ദേഹം,

എന്നിട്ടും ആരാധിച്ചു. ത്യാഗവും സേവനവും അദ്ദേഹത്തെ കണ്ടുപഠിക്കേണ്ടതാണ്. വേലുക്കുട്ടിമേനോൻ എന്നുള്ള നാമധേയം നായർസമുദായം സ്നേഹമസൃണമായ ചിന്താഗതിയോടുകൂടിയല്ലാതെ സ്മരിക്കാൻ സാധ്യമല്ലാത്തവിധം അദ്ദേഹം നമുക്കു കടപ്പാടുണ്ടാക്കി.

നായർസമുദായം സംഘടനയിൽ പുരോഗമിച്ചെങ്കിലും, സാമ്പത്തികകാര്യങ്ങളിൽ ഒരുണർവും ഉണ്ടായില്ലെന്നുള്ളത് അർത്ഥവത്തായ ഒരു വസ്തുതയായിരുന്നു. സാമ്പത്തികകാര്യങ്ങളിൽ ബദ്ധശ്രദ്ധനും ഉന്നതനായ ഒരു സമുദായസ്നേഹിയുമായ എഞ്ചിനീയർ മഞ്ചനാമഠത്തു പരമേശ്വരൻപിള്ളയ്ക്ക് ചില സാമ്പത്തികപരിപാടികളെല്ലാം ഉണ്ടെന്നറിയാമായിരുന്നു. അതനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ട്, സർവീസ് സൊസൈറ്റിയെ അത്യധികം സ്നേഹിക്കുന്ന അദ്ദേഹത്തിന് ഞങ്ങളോട് പരാതിയും പരിഭവവും ഉണ്ടായിരുന്നു. അദ്ദേഹം അന്ന് അവധിയിൽ വന്ന് സ്വദേശമായ ചെങ്ങന്നൂർ പാർക്കയായിരുന്നു. ദീർഘമായ ഒരു പരിപാടി തയ്യാറാക്കി അദ്ദേഹവും ഞാനും വേലുക്കുട്ടിമേനോനും കൂടി പല താലൂക്കുകളിൽ സഞ്ചരിക്കാനും, പല യോഗങ്ങളിൽ സംബന്ധിക്കാനും വേണ്ട ഒരുക്കങ്ങൾ ചെയ്ത്, ഞങ്ങൾ എല്ലാവരും കൂടി പത്തനംതിട്ടയ്ക്കു പുറപ്പെട്ടു. പോകുന്നവഴി ഉള്ളന്നൂർ ഗ്രാമോദ്ധാരണസംഘത്തിന്റെ പ്രവർത്തനങ്ങൾ നോക്കിക്കാണുകയും, പലതും ചോദിച്ചറിയുകയും ചെയ്തു. പകലേ പത്തനംതിട്ട തലാപ്പിൽ അയ്യപ്പൻപിള്ളയുടെ വീട്ടിലെത്തി. ആ താലൂക്കിന്റെ പല ഭാഗത്തുനിന്നുമുള്ള ഒട്ടധികം പ്രവർത്തകന്മാർ അവിടെ വന്നുകൂടിയിരുന്നു. കരയോഗങ്ങളിൽ നടത്താവുന്ന കുടിൽവ്യവസായങ്ങളെപ്പറ്റി പലതും ആലോചിച്ചു. അർദ്ധരാത്രിവരെ നടന്ന ആ കാര്യോലോചനായോഗത്തിൽ ആദ്യവസാനമായിനിന്നു പ്രവർത്തിച്ചത് വേലുക്കുട്ടിമേനോൻ ആയിരുന്നു. അതിനുശേഷം ഞാനും എഞ്ചിനീയറും കിടന്നുറങ്ങി. വന്നുകൂടിയ പല ആളുകളും ആ വീടിനകത്തുണ്ടായിരുന്നു. വെളുപ്പാൻകാലത്ത് ഞാൻ ഉണർന്നപ്പോൾ മുറിക്കകത്ത് വേദനകൊണ്ടുള്ള നിലവിളി കേട്ടു. പോയിനോക്കിയപ്പോൾ വേലുക്കുട്ടിമേനോൻ മരണവേദനയെടുത്തു നിലവിളിക്കുകയാണെന്നു മനസ്സിലായി. വലിയ വയറുവേദന. അവരാരും കിടന്നിട്ടേയില്ല. രാത്രിയിൽത്തന്നെ ഡോക്ടറെ കൊണ്ടുവരികയും ചികിത്സിക്കുകയും ചെയ്തു. ഒരു ഭേദവും കണ്ടില്ല. നേരം പ്രകാശമായ ഉടൻ വേലുക്കുട്ടിമേനോനെ കാറിൽ കേറ്റിയുംകൊണ്ട് ഞാൻ പത്തനംതിട്ട ഡോക്ടറെ കണ്ടു. അദ്ദേഹം പരിശോധിച്ചശേഷം ഉടനെ കൊല്ലം ആശുപത്രിയിലോ ജനറൽ ആശുപത്രിയിലോ കൊണ്ടുപോകണമെന്നും, മണിക്കൂർ താമസിക്കുന്നത് ആപത്താണെന്നും പറഞ്ഞു. എഞ്ചിനീയറോടു യാത്രപറഞ്ഞ്, ഒരു സഹായിയോടും കൂടി വേലുക്കുട്ടിമേനോനേയുംകൊണ്ട് ഞാൻ സാമീപ്യം ഓർത്ത് കൊല്ലത്തേക്കു പുറപ്പെട്ടു. വേദനകൊണ്ട് ഇടയ്ക്കിടയ്ക്ക് നിലവിളിയും മയക്കവുമായി മേനോൻ കഴിച്ചുകൂട്ടി. ഞങ്ങൾ കൊല്ലത്തെത്തി. എന്റെ പഴയ സ്നേഹിതൻ കൃഷ്ണപിള്ളയായിരുന്നു അവിടുത്തെ പ്രധാന ഡോക്ടർ. വേലുക്കുട്ടിമേനോന്റെ മയക്കം വർദ്ധിച്ചുവരുന്നതായി കണ്ടു. ഡോക്ടർ പരിശോധിച്ച്, കുടലിൽ സുഷിരമുണ്ടായിരിക്കുകയാണെന്നും, ഉടനെ ശസ്ത്ര

ക്രിയ ചെയ്യാതെ നിവൃത്തിയില്ലെന്നും പറഞ്ഞു. പ്രാരംഭജോലിയെല്ലാം പൂർത്തിയാക്കിയിട്ട് നാലുമണിക്ക് ശസ്ത്രക്രിയ നടത്തി. ഇതൊന്നും ഓർക്കാനോ സഹിക്കാനോ കഴിവുള്ളവനല്ല ഞാൻ. എങ്കിലും അദ്ദേഹത്തിന്റെ സ്വന്തമാളുകളാരും അവിടെ ഇല്ലല്ലോ. അതുകൊണ്ട് മുറിയുടെ പുറത്ത് ഭിത്തിക്കടുത്തുനിന്നു. വലിയൊരു നിലവിളി കേട്ടു. എന്റെ അപ്പോഴത്തെ സ്ഥിതി വായനക്കാർ ഊഹിച്ചുകൊണ്ടാൽ മതിയാകും. കുറേകഴിഞ്ഞ് ഡോക്ടർ പുറത്തുവന്നു. അവരുടെ മുഖം കണ്ടപ്പോൾത്തന്നെ ഞാൻ പകുതി മരിച്ചു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം അന്ത്യയാത്ര പറയാൻപോകുന്നു എന്നു മനസ്സിലായി. ഞാൻ മുറിയിൽകടന്ന് കണ്ണുനീരോടുകൂടി മേനോനെ എന്നു വിളിച്ചു. മൂളിയതല്ലാതെ ഒന്നും മിണ്ടിയില്ല. ഏതാനും നിമിഷങ്ങൾക്കകം അദ്ദേഹത്തിന്റെ ക്ലേശങ്ങളെല്ലാം അവസാനിച്ചു. യാതൊരു ഭാവഭേദവും കൂടാതെ, ഒന്നും പറയാതെ അദ്ദേഹം പ്രപഞ്ചത്തിരയ്ക്കുള്ളിൽ മറഞ്ഞു. അത് 1113 ചിങ്ങം 11-ാം തീയതിയാണ്.

അദ്ദേഹത്തിന്റെ ഭാര്യയും കുഞ്ഞുങ്ങളും, സഹോദരിയും ഭർത്താവും അന്ന് പരവൂർ താമസിക്കയാണ്. അവരാരും അറിഞ്ഞിട്ടില്ല. വേലുക്കുട്ടിമേനോൻ എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്ക് പോയിരിക്കുകയാണെന്നുള്ളതിൽ കവിഞ്ഞൊന്നും അവർ വിചാരിച്ചിട്ടില്ല. ഒരു ക്ലിപ്ത പരിപാടിയില്ലാത്ത അദ്ദേഹം എവിടെ പോയിരുന്നെന്നോ, എപ്പോൾ വരുമെന്നോ അവർക്കൊരു നിശ്ചയവുമില്ല. ദീനം ആരംഭിച്ചിട്ടു വളരെ നാളായെങ്കിലും, പലപ്പോഴും വയറ്റിൽവേദനകൊണ്ടു കിടന്നിട്ടുണ്ടെങ്കിലും, അദ്ദേഹം ഒരു ദീനക്കാരനാണെന്നുള്ള വിവരം അടുത്തവരിൽ ആരും അറിഞ്ഞിട്ടില്ല. വേലുക്കുട്ടിമേനോന്റെ മരണവാർത്ത എങ്ങനെയാണ് അദ്ദേഹത്തിന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും അറിയിക്കുന്നത്. അറിയിക്കാതെ എന്തുചെയ്യും. ആ കഠിനകർമ്മത്തിന് ആളയച്ചിട്ട്, കൊല്ലത്തെ അനിഷേധ്യനേതാവും പരോപകാരിയുമായ കെ.ജി. പരമേശ്വരൻപിള്ളയെ കണ്ട് സംസ്കാരകർമ്മങ്ങൾക്കെല്ലാം ഏർപ്പാടു ചെയ്തു. കുറെരാത്രിയായപ്പോൾ പരവൂരിൽനിന്നും അവരെല്ലാം വന്നു. നിരാധാരയായ ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും ഏകാവലംബമായിരുന്ന അദ്ദേഹത്തിന്റെ ദേഹ വിയോഗം അവരെങ്ങിനെ സഹിക്കാനാണ്. കൂട്ടക്കരച്ചിൽ തന്നെ. മരണവാർത്തകേട്ട് പട്ടണവാസികൾ പലരും വന്നെത്തി. കുട്ടികളെക്കൊണ്ട് അന്ത്യകർമ്മങ്ങൾ എല്ലാം കഴിപ്പിച്ചശേഷം കെ.ജി. പരമേശ്വരൻപിള്ളയുടെ നേതൃത്വത്തിൽ ഞങ്ങൾ എല്ലാവരുംകൂടി, ബഹുമാന്യനായ ഒരു സമുദായനേതാവിന്റെ മാന്യതയ്ക്ക് അനുസരിച്ചുതന്നെ ശവസംസ്കാരകർമ്മം നടത്തി. മിസ്സിസ് മേനോനേയും കുഞ്ഞുങ്ങളേയും അവരുടെ താമസസ്ഥലത്ത് കൊണ്ടുചെന്നാക്കി. പത്തുദിവസത്തേക്കുള്ള മരണാനന്തരകർമ്മങ്ങൾക്ക് ഏർപ്പാടുചെയ്തിട്ട് ഞാൻ ചങ്ങനാശ്ശേരിയിലേക്കു മടങ്ങി.

എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് യോഗംകൂടി അനുശോചനവും കൃതജ്ഞതയും രേഖപ്പെടുത്തുകയും, അദ്ദേഹത്തിന്റെ കുടുംബരക്ഷയ്ക്കുവേണ്ടി ബഹുജനങ്ങളിൽനിന്നും വേലുക്കുട്ടിമേനോൻഫണ്ട്

ശേഖരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഞാനും എന്റെ ഭാര്യ തോട്ട യ്ക്കാട്ട് മാധവിയമ്മയുംകൂടി പരവൂരിൽ പോയി, മരണാനന്തരകർമ്മസ മാപനത്തിന് ഏർപ്പാടുചെയ്യുകയും അവർക്ക് കഴിവുള്ള ആശ്വാസം നൽകുകയും ചെയ്തു. അവരുടെയോ മേനോന്റെയോ വീട്ടിൽ പറയ ത്തക്ക സൗകര്യം ഇല്ലാതിരുന്നതുകൊണ്ടും മിസ്സിസ് മേനോന് അവ രുടെ വീട്ടിലേക്കു പോകാൻ വിസമ്മതമെന്നു കണ്ടതുകൊണ്ടും, അവ രേയും കുട്ടികളേയും ചങ്ങനാശ്ശേരിയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. വേലുക്കുട്ടിമേനോന് മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമുണ്ടാ യിരുന്നു. ഒടുവിലത്തെ കുട്ടി ജനിച്ചിട്ട് അധികകാലമായില്ല. അവർക്കെല്ലാം അത്യാവശ്യംവേണ്ട ചെലവിനുകൊടുക്കുകയും, കുട്ടികളെ പഠിപ്പിക്കു കയും ചെയ്യുന്ന ചുമതല സർവീസ് സൊസൈറ്റിതന്നെ വഹിച്ചു. വേലുക്കുട്ടിമേനോൻഫണ്ട് 2778 രൂ. 4 ണ. 2 സ പിരിഞ്ഞുകിട്ടിയത് സർവീസ് സൊസൈറ്റി പ്രത്യേകം സൂക്ഷിച്ചു. അങ്ങനെ അവർ 7 കൊല്ലം ചങ്ങനാശ്ശേരിയിൽതന്നെ കഴിച്ചുകൂട്ടി. അതിനിടയിൽ മിസ്സിസ് മേനോൻ ക്ഷയരോഗബാധിതയായി. ചികിത്സകൊണ്ടൊന്നും പ്രയോജനമുണ്ടാ യില്ല. അവസാനകാലം സമീപിച്ചപ്പോൾ അവരെ വീട്ടിലേക്കയച്ചു. അവരും ഈ ലോകത്തോട് യാത്രപറഞ്ഞു പിരിഞ്ഞു.

ഉടയവരില്ലാത്ത ആ അഞ്ചുകുട്ടികളേയും വീണ്ടും തിരുവിതാം കൂറിലേക്കു കൊണ്ടുവന്നു. മൂത്തമകൻ രാമചന്ദ്രൻ സ്കൂൾഫൈനൽ പാസ്സായി. അയാൾക്ക് സർവീസ് സൊസൈറ്റിയിൽ ഒരുദ്യോഗം കൊടു ത്തു. അയാൾ ഇന്നും എൻ.എസ്.എസ്. സർവീസിൽത്തന്നെയുണ്ട്. രണ്ടാമത്തെ മകൻ പരീക്ഷയിൽ ജയിക്കാത്തവനാണ്. അയാൾക്ക് എൻ. എസ്.എസ്. പ്രവർത്തകരിൽ ഒരാളായ മക്കപ്പുഴ വാസുദേവൻപിള്ള, അദ്ദേ ഹത്തിന്റെ കമ്പനിയിൽ ഒരു ജോലി കൊടുത്തു. അയാൾ പിന്നീട് എൻ. എസ്.എസ്സിലെ ഒരു ചെറിയ ഉദ്യോഗസ്ഥനായിരുന്നു. ബാക്കി കുട്ടി കൾക്കുവേണ്ടി സർവീസ് സൊസൈറ്റിയിൽ നിന്നും കൊടുത്തുകൊണ്ടി രുന്ന സംഖ്യ അപ്പോഴും കൊടുത്തുകൊണ്ടിരുന്നു. മൂത്തപെൺകുട്ടിയെ മലബാർകാരൻ ഒരു നായർ രണ്ടുനാലു കൊല്ലങ്ങൾക്കുമുമ്പ് വിവാഹം ചെയ്തു. വിവാഹച്ചെലവിന് സർവീസ് സൊസൈറ്റിയിൽനിന്നും 350 രൂപ കൊടുത്തുസഹായിച്ചു. വേലുക്കുട്ടിമേനോൻ ഫണ്ടുകൊണ്ട്, അദ്ദേഹ ത്തിന്റെ കുട്ടികളുടെ പേരിൽ കോന്നിയിൽ ഒരു വസ്തു വാങ്ങിക്കൊടു ത്തു. ഇങ്ങനെ വേലുക്കുട്ടിമേനോന്റെ കുടുംബത്തെ സംബന്ധിച്ചിട ത്തോളം സർവീസ് സൊസൈറ്റി അതിന്റെ ബാദ്ധ്യതകൾ ഒരുവിധം ചെയ്തുതീർത്തു എന്നു പറയാവുന്നതാണ്.

വേലുക്കുട്ടിമേനോൻ പഴയ കൊച്ചിരാജ്യത്ത് തത്തമംഗലത്താണ് ജനിച്ചതും വളർന്നതും. അദ്ദേഹം മെട്രിക്കുലേഷൻ പാസ്സായശേഷം ശ്രീരാമകൃഷ്ണമിഷനിൽ ചേർന്ന് മതസംബന്ധമായ പരിജ്ഞാനം സമ്പാ ദിച്ച് ഒന്നാന്തരം മതപ്രസംഗകനായി ഏതാനും കൊല്ലം കഴിച്ചു. സുമു ഖനായ മേനോന്റെ കളകണ്ഠനാളത്തിൽകൂടിയുള്ള അന്നത്തെ മതപ്ര സംഗം കേട്ടാൽ നിരീശ്വരവാദികൾപോലും ഭക്തിയുള്ളവരായിത്തീരും. അതിന്റെ ശേഷം അദ്ദേഹം മലബാർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ട

റായി. അതും വിട്ടതിനുശേഷമാണ് അദ്ദേഹം തിരുവിതാംകൂറിൽ വന്നത്. 104-ൽ ആണെന്നു തോന്നുന്നു, പന്തളത്ത് ഒരു യോഗത്തിൽ ഞങ്ങൾ രണ്ടുപേരും സംബന്ധിച്ചു. ആദ്ദേഹത്തിന്റെ അന്നത്തെ പ്രസംഗം സമുദായത്തിനു പറ്റിയതാണെന്നു തോന്നി. ഞാൻ അദ്ദേഹത്തെ അന്നുതന്നെ നായർ സർവീസ് സൊസൈറ്റിയിലേക്കു ക്ഷണിച്ചു. അദ്ദേഹം വന്നു. അങ്ങനെയാണ് അദ്ദേഹം സർവീസ് സൊസൈറ്റി പ്രവർത്തകനായത്. വന്നതിന്റെ ശേഷം അദ്ദേഹം മരണംവരെ എൻ.എസ്.എസ്സിനുവേണ്ടിത്തന്നെ ജീവിച്ചു. കൊച്ചിയിൽ ജനിച്ച അദ്ദേഹം തിരുവിതാംകൂറിലെ നായന്മാർക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ട് അവിടെവച്ചു മരിച്ചു. അങ്ങിനെ ആയിരിക്കാം ദൈവഹിതം. എൻ.എസ്.എസ്സിന്റെ ചരിത്രത്തിൽ വേലുക്കുട്ടിമേനോന് മായാത്ത ഒരദ്ധ്യായമുണ്ടെന്നുള്ളതു നിശ്ചയമാണ്.

ഈ അവസരത്തിൽ സമുദായസ്നേഹിയായ തലാപ്പിൽ അയ്യപ്പൻപിള്ളയെപ്പറ്റിയും ഒരുവാക്കു പറയണം. അദ്ദേഹം പത്തനംതിട്ട താലൂക്കിലെ പ്രമാണിനായന്മാരിൽ ഒരാളാണ്. കേരളീയ നായർസമാജം ഉണ്ടായ കാലംമുതൽതന്നെ സമാജകാര്യങ്ങളിലും സമുദായപരിഷ്ക്കാരങ്ങളിലും ശ്രദ്ധാലുവാണ്. അദ്ദേഹം ഹാജരാകാത്ത ഏതെങ്കിലും നായർമഹാസമ്മേളനം നടന്നിട്ടുണ്ടോ എന്നു സംശയമാണ്. നായർ സർവീസ് സൊസൈറ്റി ഉണ്ടായകാലം മുതൽ അതിന്റെ ബന്ധുവാണ്. കുറെക്കഴിഞ്ഞ് അംഗവും പ്രവർത്തകനുമായി. ഇന്നും അഭേദ്യമായി ആ നില തുടരുന്നു. ഞങ്ങൾ സമപ്രായക്കാരും, കണ്ട കാലം മുതൽ സ്നേഹിതന്മാരുമാണ്. ഞങ്ങൾക്ക് അഭിപ്രായഭേദമുണ്ടാകാറുണ്ട്. എന്നാൽ അവസാനം ഏതുകാര്യത്തിലും മന്നത്തു പത്മനാഭന്റെ അഭിപ്രായമായിരിക്കും തലാപ്പിൽ അയ്യപ്പൻപിള്ളയുടെ അഭിപ്രായം. അത്ര ഹൃദയപൂർവ്വമായ കൂറാണ് അദ്ദേഹത്തിന് എന്നോടുള്ളത്.

പത്തനംതിട്ട താലൂക്കിലെ എൻ.എസ്.എസ്. സംഘടനയ്ക്ക് നേതൃത്വം വഹിച്ച്, കഴിവിലധികം പ്രവർത്തിച്ചിട്ടുണ്ട്. പത്തനംതിട്ട താലൂക്കിൽ ചെന്നാൽ ഞങ്ങളെല്ലാം അദ്ദേഹത്തിന്റെ അതിഥികളായിരിക്കുന്നത് സാധാരണയാണ്. എന്നാൽ വേലുക്കുട്ടിമേനോനാണ് അദ്ദേഹത്തിന്റെ കുലദൈവം. അദ്ദേഹത്തിന്റെ കുടുബത്തേയും കുഞ്ഞുങ്ങളേയും അങ്ങേയറ്റംവരെ സ്നേഹിച്ച ആളാണ്. അവർ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ പാരമ്യംകൊണ്ടായിരിക്കാം, വേലുക്കുട്ടിമേനോന്റെ അവസാന കാര്യപരിപാടി അയ്യപ്പൻപിള്ളയുടെ വീട്ടിൽ വച്ച് ആരംഭിക്കാനും അവസാനയാത്രയുടെ ആരംഭം അറിയാതെ എങ്കിലും അവിടെനിന്നും തുടങ്ങാനും ഇടയായത്. നായർസമുദായകാര്യങ്ങളിൽ ആരെക്കാളും സ്മരണീയനായ തലാപ്പിൽ അയ്യപ്പൻപിള്ള, എന്റെയും സ്മര്യപുരുഷന്മാരിൽ ഒരു പ്രമാണിയാണെന്ന് ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു.

അദ്ധ്യായം - 22

കൊച്ചിയും മലബാറും

നായർസമുദായത്തിന്റെ സ്ഥിതിഗതികൾ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും ഏറെക്കുറെ ഒരുപോലെ ആയിരുന്നെങ്കിലും, സമുദായകാര്യങ്ങളിൽ തിരുവിതാംകൂർനായന്മാരോളം ശ്രദ്ധാലുക്കളായിരുന്നില്ല കൊച്ചിനായന്മാരും, മലബാർനായന്മാരും. നായന്മാരുടെ അധഃപതനം കാണാനും, പരിഹാരമുണ്ടാക്കണമെന്ന് ആഗ്രഹിക്കാനും തുടങ്ങീട്ട് തിരുവിതാംകൂറിൽ അൻപതുകൊല്ലം കഴിഞ്ഞു. കൊച്ചിയിൽ അങ്ങനെയൊരു ആഗ്രഹം അപൂർവം ആളുകളിലെങ്കിലും ഉണ്ടായിട്ട് മുപ്പതുകൊല്ലംപോലും തികഞ്ഞിട്ടില്ല. മലബാറിൽ ഇന്നും ആ ചിന്താഗതി ഉണ്ടായിട്ടേയില്ല എന്നു മാത്രമല്ല, ഓരോ സമുദായവും സമുദായപരിഷ്ക്കരണസംഘങ്ങൾ ഉണ്ടാക്കുന്നത് രാജ്യക്ഷേമത്തിനു ഹാനികരമാണെന്ന് അവർ വിശ്വസിക്കുന്നുമുണ്ട്. നായന്മാരിൽ ആരെങ്കിലും സാമുദായിക സംഘടനകൾ ഉണ്ടാക്കാൻ ശ്രമിച്ചാൽ, അതിനെ അവർ എതിർക്കുകയും ചെയ്യും. മറ്റു സമുദായങ്ങളും ഇവരുടെ ആദർശപ്രകാരം നടക്കുമെങ്കിൽ തരക്കേടില്ലായിരുന്നു. ക്രിസ്ത്യാനികൾ, മുസ്ലീമുകൾ, ഈഴവർ മുതലായ ഓരോ സമുദായവും പ്രത്യേക സംഘടനകൾ ഉണ്ടാക്കി പ്രവർത്തിക്കുകയും, പൊതുസ്ഥാപനങ്ങൾ ഉണ്ടാക്കുകയും, അതുകൊണ്ട് രാജ്യക്ഷേമത്തിന് ഹാനി ഉണ്ടാകുന്നില്ലെന്നു കാണിക്കുകയും ചെയ്തിട്ടും, നായന്മാരിൽമാത്രം യാതൊരു മാറ്റവും കാണാത്തതാണ് അത്ഭുതം. സാമുദായികസംഘടനകൾ രാഷ്ട്രീയകാര്യങ്ങളിൽ ഉൾപ്പെടുന്നതു ശരിയല്ലെന്നാണ് സർവീസ് സൊസൈറ്റിയുടെ അഭിപ്രായം. അവർ അതനുസരിച്ചാണു ജീവിക്കുന്നതും. എന്നാൽ രാഷ്ട്രീയകാര്യംകൂടി കൈകാര്യം ചെയ്യുന്ന സാമുദായികസംഘടനകളും കേരളത്തിലുണ്ട്. അതിനെപ്പറ്റി ഒരക്ഷരം എതിർത്തുപറയാൻപോലും ഈ കൂട്ടർക്കു ധൈര്യമില്ല. അവരുടെ പ്രതിരോധപ്രവർത്തനങ്ങളെല്ലാം സ്വസമുദായോൽക്കർഷത്തിൽ മാത്രമാണ്.

കൊച്ചിയിലും മലബാറിലുമുള്ള നായന്മാരിലും സ്വസമുദായസ്നേഹമുണ്ടാക്കാനും, സംഘടിതരായിനിന്ന് രക്ഷാമാർഗ്ഗം തേടാനും സർവീസ് സൊസൈറ്റി അതിന്റെ കഴിവനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ഞാനും പരേതനായ എം.എൻ. നായരുംകൂടി കൊച്ചിയുടെയും മലബാറിന്റെയും പല പ്രധാനഭാഗങ്ങളിൽ സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തുകയും, പ്രമാണികളെ കണ്ടുസംസാരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടുഭാഗത്തുമുള്ള മഹതീമഹാന്മാരിൽ ചിലരെയെല്ലാം കൊല്ലംതോറും നടക്കുന്ന തിരുവിതാംകൂറിലെ നായർമഹാസമ്മേളനത്തിൽ ക്ഷണിച്ചുവരുത്തി പങ്കാളികളാക്കുകയും, യോജിച്ചുനിന്നു പ്രവർത്തിച്ചാലുള്ള കഴിവുകൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടൊന്നും

പറയത്തക്ക പ്രയോജനമുണ്ടായി എന്നു പറഞ്ഞുകൂടാ. എങ്കിലും ഒരു പ്രവൃത്തിയും നിഷ്ഫലമല്ലെന്നു തെളിയിക്കുമാറ് കൊച്ചീരാജ്യത്തെ നായർപ്രമാണികളിൽ ചിലരെല്ലാം ചേർന്ന് 30 കൊല്ലത്തിനുമുമ്പ് കൊച്ചി നായർസമാജം എന്ന പേരിൽ ഒരു സമാജം സ്ഥാപിച്ചു രജിസ്റ്റർചെയ്തു. സാവധാനഗതിയിലാണെങ്കിലും, അങ്ങിങ്ങായി ഏതാനുംപേരെങ്കിലും അന്യോന്യം പങ്കുകൊള്ളുക എന്നുള്ളത് ഒരു നടപ്പായിത്തീർന്നു. അതുകൊണ്ട് തിരുവിതാംകൂർനായരും, കൊച്ചിനായരും തമ്മിൽ മുമ്പുണ്ടായിരുന്നതിനേക്കാൾ സൗഹാർദ്ദബന്ധം സ്ഥാപിക്കാനും, നമ്മുടെ പോരായ്മകളേയും കഴിവുകളേയും പറ്റി കൂടുതൽ മനസ്സിലാക്കാനും സാധിച്ചു.

എൻ.എസ്.എസ്സിന്റെ വൻതോതിലുള്ളതും പരിഷ്ക്കരിച്ചതുമായ മഹാസമ്മേളനം ആരംഭിച്ചത് കരുവാറ്റയിൽവച്ചാണ്. അത് 105-ലായിരുന്നു. തിരുവനന്തപുരം പന്തൽകെട്ടുകാരെ വരുത്തി മൂന്നുനിലപന്തൽ കെട്ടി, അതിനുതക്ക ഒരുക്കങ്ങളും ചെയ്തു. അതിനോട് അനുബന്ധിച്ചുതന്നെ കരുവാറ്റ ഹൈസ്ക്കൂളിന്റെ ഉദ്ഘാടനകർമ്മം തിരുവിതാംകൂർ ദിവാൻ ആയിരുന്ന എം.ഇ. വാട്സിനെക്കൊണ്ടു നടത്തിച്ചു. അത്രയും വലിയ ഒരു നായർസമ്മേളനം അതിനുമുമ്പു നടന്നിട്ടില്ലെന്ന് എല്ലാവരും സമ്മതിച്ചു. അന്നത്തെ സ്ത്രീസമ്മേളനത്തിന്റെ അദ്ധ്യക്ഷയായി വന്നത് തോട്ടയ്ക്കാട്ടു മാധവിയമ്മ എക്സ് എം.എൽ.സി.യാണ്. കൊച്ചി രാജ്യത്തുനിന്ന് നായർസമ്മേളനത്തിൽ സ്ത്രീസമ്മേളനാദ്ധ്യക്ഷയായി ആദ്യമായി വന്നത് അവരാണ്. തുടർന്നു പല മഹതികളും മഹാന്മാരും ഇവിടുത്തെ നായർസമ്മേളനാദ്ധ്യക്ഷസ്ഥാനം സ്വീകരിക്കാനും, അവരോടുകൂടി പല മഹതീമഹാന്മാരും വന്നെത്താനും, എൻ.എസ്.എസ്. സമ്മേളനത്തിന്റെ വലിപ്പവും മോടിയും ചിട്ടയും ജീവനും കണ്ട് അത്ഭുതപ്പെടാനും ഇടയായിട്ടുണ്ട്. പാറയ്ക്കാട്ടു ദാമോദരമേനോൻ, അമ്പാടി ശങ്കരമേനോൻ, കരിമ്പറ്റ ലക്ഷ്മിക്കുട്ടി നേത്യാരമ്മ, ദേവകി നേത്യാരമ്മ മുതലായ പല മഹതീമഹാന്മാരും ഇവിടുത്തെ സമ്മേളനാദ്ധ്യക്ഷസ്ഥാനം സ്വീകരിക്കാൻ ഇടയായിട്ടുണ്ട്. അതുപോലെ, കൊച്ചി നായർസമ്മേളനാദ്ധ്യക്ഷസ്ഥാനം ചില തിരുവിതാംകൂർപ്രമാണികളും സ്വീകരിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും, മള്ളൂർ ഗോവിന്ദപ്പിള്ളയും ഞാനും കൊച്ചിസമ്മേളനങ്ങളിലെ ഓരോ കൊല്ലത്തെ അദ്ധ്യക്ഷന്മാരായിരുന്നു. ഈ സമ്പർക്കസഹകരണങ്ങൾകൊണ്ട്, അന്യോന്യമുണ്ടായിരുന്ന അറിവില്ലായ്മയും ഭേദബുദ്ധിയും വളരെ മാറുന്നതിനും, തമ്മിൽത്തമ്മിൽ സ്നേഹവും മതിപ്പും ആത്മവിശ്വാസവും ഉണ്ടാകുന്നതിനും ഇടയായിട്ടുണ്ട്. യുദ്ധകാലത്തെ ക്ഷാമവും, ഭക്ഷണസാധനനിയന്ത്രണവും, പെട്രോൾനിയന്ത്രണവുംകൊണ്ട് എൻ.എസ്.എസ്. സമ്മേളനങ്ങൾ നടത്താൻ സാദ്ധ്യമല്ലാതെ തൽക്കാലം നിർത്തിവച്ചു. തന്നിമിത്തം സമുദായാംഗങ്ങളിലുണ്ടായ ഉണർവും ഊർജ്ജിതവും സംഘടനാബോധവും അല്പം മന്ദീഭവിക്കാനിടയായി.

തിരുവിതാംകൂറിലും കൊച്ചിയിലും ഇത്രയുമൊക്കെ നടന്നിട്ടും, മലബാർകാരായ ചില പ്രമാണികളെ തിരുവിതാംകൂർസമ്മേളനത്തിലെ അദ്ധ്യക്ഷന്മാരായി ക്ഷണിച്ചുവരുത്തിയിട്ടും, മലബാറിൽ ഒരു അനക്കവും ഉണ്ടാക്കാൻ അവർക്കാർക്കും സാധിച്ചിട്ടില്ല. അവർ അതിന് യാതൊരു ശ്രമവും ചെയ്തതായി തെളിവില്ല. തിരുവിതാംകൂർ നായർസമ്മേളനത്തിലെ അദ്ധ്യക്ഷന്മാരായി വന്നത് മലബാറിലെ പ്രസിദ്ധന്മാരായ സർ സി. ശങ്കരൻനായർ, സർ എം. കൃഷ്ണൻനായർ, കെ.പി. രാമൻ മേനോൻ, കോഴിക്കോട്ടു കൃഷ്ണനാഥൻ, കുട്ടിമാളു അമ്മ മുതലായവരായിരുന്നു. അവരുടെ ജന്മദേശത്തെ സ്വജനങ്ങൾക്കുവേണ്ടി വായുമണ്ഡലത്തിൽ ഒരു ചലനംപോലും ഉണ്ടാക്കാൻ ശ്രമിച്ചില്ലെന്നുള്ളത് സമുദായത്തിന്റെ നിർഭാഗ്യംകൊണ്ടെന്നല്ലാതെ, അത്യുന്നതന്മാരായ അവരുടെ കുറ്റമാണെന്നു പറയുന്നത് ശരിയോ എന്നു ശങ്കിക്കുന്നു. വടക്കെ മലബാറിൽ ഉത്തരകേരളീയ നായർസമാജം എന്ന പേരിൽ ഒരു സമാജം രയിരുനമ്പ്യാർ എന്നൊരു മാന്യൻ സ്ഥാപിച്ചതായി കേട്ടറിയാമെന്നല്ലാതെ ഒരു പ്രവൃത്തിയും ചെയ്തതായി ആർക്കുമറിഞ്ഞുകൂടാ. മലബാർനായന്മാർ രാഷ്ട്രീയരംഗത്തല്ലാതെ, അവർക്കൊരു പൊതുപ്രവർത്തനം ഉണ്ടെന്ന് ഇന്നും ധരിച്ചിട്ടില്ല. പല സമുദായങ്ങളുള്ള ഒരു രാജ്യത്ത്, അവ ആചാരമര്യാദകളിലും ജീവിതസമ്പ്രദായങ്ങളിലും യാതൊരു സാമ്യവും ബന്ധവുമില്ലാതിരിക്കുന്നിടത്തോളംകാലം, അവരുടെ ഇടയിലെ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലാതാക്കാൻ ഉള്ള സമുദായവിഭാഗങ്ങളെ അടിസ്ഥാനമാക്കി സംഘടനകളുണ്ടാക്കി, സാമൂഹ്യപരിഷ്ക്കാരം വരുത്തുകയാണ് അതതു സമുദായത്തിന്റെ അഭിവൃദ്ധിക്കും മറ്റു സമുദായങ്ങളുമായുള്ള സൗഹാർദ്ദബന്ധത്തിനും പ്രായോഗികമാർഗ്ഗമെന്നും, അതു രാഷ്ട്രീയപ്രവർത്തനത്തിനു ബാധകമല്ലെന്നും പറഞ്ഞാൽ അവിടുത്തെ നായന്മാർക്കു ബോദ്ധ്യമാകുന്നില്ല. നായന്മാർ പാർക്കുന്ന ഓരോ ഗ്രാമത്തിലും 95 ശതമാനം നായന്മാരും അജ്ഞരും ദരിദ്രരുംതൊഴിലില്ലാത്തവരുമാണ്. സ്ത്രീകളുടെ കാര്യം പറയുകയുംവേണ്ട. അവർ മിക്കവാറും അനാഥകളാണ്. ആണും പെണ്ണും ഭൃത്യപ്പണിക്കായി സൃഷ്ടിക്കപ്പെട്ടവരെപ്പോലെ അഗ്രഹാരങ്ങളിലേയും ഹോട്ടലുകളിലേയും കൂലിപ്പണിക്കാരായി, എച്ചിലെടുപ്പുകാരായി അപമാനകരമായ നിലയിൽ കഴിഞ്ഞുകൂടുന്നു. വേലയ്ക്കുതക്ക കൂലി വാങ്ങാൻപോലും വിവരമോ കൂട്ടുകെട്ടോ അവർക്ക് ഇല്ല. അങ്ങനെ എല്ലാ രംഗങ്ങളിലും ഇടിഞ്ഞുതകർന്നു വീഴുന്നത് നായർസമുദായമാണെന്നും, അവർക്കാണ് യാതൊരു രക്ഷാമാർഗ്ഗവും സഹായികളുമില്ലാത്തതെന്നും, അതത് സമുദായക്ഷേമത്തിനുവേണ്ടിമാത്രമാണ് മറ്റു സമുദായങ്ങളെല്ലാം പ്രവർത്തിക്കുന്നതെന്നും നിത്യബോദ്ധ്യമുണ്ടായിരുന്നിട്ടും, നായർസമുദായ നേതാക്കന്മാർ മാത്രം അപ്രായോഗികമായ ആദർശത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട്, ദുരഭിമാനം മാത്രം കരുതി നിമിഷംപ്രതി നശിച്ചുകൊണ്ടിരിക്കുന്ന സ്വജനങ്ങളെ

കണ്ട്, കണ്ണ് ഇറുക്കിയടയ്ക്കുന്നത് മനുഷ്യസ്നേഹത്തിന്റെ കണികപോലുമില്ലാത്ത ഹൃദയശൂന്യതകൊണ്ടാണെന്നു പറഞ്ഞുപോകുന്നതിനെ ക്ഷമിക്കണം. നായരേയും തീയനേയുമോ, നായരേയും പുലയനേയുമോ കൂട്ടിച്ചേർത്ത് ഇന്നത്തെ നിലയിൽ ഒരു സാമൂഹ്യപരിഷ്ക്കരണപ്രവർത്തനം നടപ്പിൽവരുത്താൻ ആർക്കെങ്കിലും സാധിക്കുമോ. സമുദായങ്ങളുണ്ട്, അന്യോന്യബന്ധമില്ലായ്മയുണ്ട്, ഉച്ചനീചത്വങ്ങളുണ്ട്, അവിശ്വാസങ്ങളുണ്ട്. അവരെ രാഷ്ട്രീയക്കാർക്ക് വോട്ടിനുവേണ്ടി വല്ലപ്പോഴും ഒരുമിച്ച് വിളിച്ചുകൂട്ടാമെന്നല്ലാതെ, പന്തിഭോജനം, വിവാഹം, സഹകരിച്ച പ്രവർത്തനങ്ങൾ എന്നിങ്ങനെ ഒരു സംഘടിതനിലയ്ക്ക് അത്യാവശ്യമായ കാര്യങ്ങൾ ഇന്നത്തെ നിലയിൽ പല സമുദായങ്ങൾ ഒന്നിച്ചുചേർന്ന് നടത്താമെന്ന് പറയുന്നത്, ഒന്നും പ്രവർത്തിക്കാൻ വിചാരിച്ചിട്ടില്ലാത്തവർ മാത്രമാണ്. സാമുദായികസംഘടനകൾ ഉണ്ടായാൽ ജനങ്ങൾ വേർപിരിഞ്ഞുപോകുമെന്നാണ് അവരുടെ ആക്ഷേപം. ആയിരമായിരം കൊല്ലമായി വേർപിരിഞ്ഞ സമുദായസംഘടനയിൽപെട്ട ഒരു രാജ്യക്കാരാണ് നാമെല്ലാം. ജാതിയും സമുദായവും ഇല്ലെന്ന് കൊടിമരത്തിന്റെ മുകളിൽ കേറിനിന്ന് പ്രസംഗിക്കുന്നവരുടെ ഉള്ളിലും പുറത്തും നിറച്ചു ജാതിയും സമുദായവും ഉണ്ട്. ജാതിയില്ലെന്നു പറയുന്ന ഇക്കൂട്ടർ തങ്ങളുടെ സന്തതികൾക്ക് വിവാഹാലോചന നടത്തുന്നത് അവരവരുടെ സമുദായത്തിൽപ്പെട്ടവരുടെ ഇടയിൽത്തന്നെയാണ്. അത് ആരുടെയും തെറ്റല്ല. ദീർഘകാലത്തെ വിശ്വാസവും നടപ്പും ആണ് അതിനുകാരണം. ആ നേരിനെ അടിസ്ഥാനമാക്കി സമുദായസംഘടനകൾ ഉണ്ടാക്കി, പാവപ്പെട്ട പത്തുപേർക്കെങ്കിലും രക്ഷ നൽകുന്നതാണ് സ്വധർമ്മമെന്ന് നിർഭാഗ്യംകൊണ്ട് അവർക്കു തോന്നുന്നില്ല. ജാതിഭേദവും ഉച്ചനീചത്വവും ഇല്ലാതാക്കാനുള്ള മാർഗ്ഗനിർദ്ദേശത്തിനും, ക്രമേണ എങ്കിലും എല്ലാ സമുദായങ്ങളും തമ്മിൽ സമത്വവും, സൗഹാർദ്ദവും ഉണ്ടാക്കാനും ഉള്ള ഏകമാർഗ്ഗം സാമുദായികസംഘടനകൾ മുഖാന്തിരമുള്ള പ്രവർത്തനം മാത്രമാണ്. നായർ മാത്രം നന്നാകണമെന്നോ, മറ്റു സമുദായങ്ങളുമായി എന്നും വേർപിരിഞ്ഞ് നില്ക്കണമെന്നോ ഉള്ള ഉപദേശവും പരിപാടിയുമല്ല നായർ സർവീസ് സൊസൈറ്റിക്കുള്ളത്. സാമുദായികന്യായേന ഒന്നാകാൻ എളുപ്പമുള്ള നായന്മാർ സംഘടിതരായി നിന്ന്, അവർ ഓരോരുത്തരും ദാരിദ്ര്യത്തിൽനിന്നും തൊഴിലില്ലായ്മയിൽനിന്നും അന്ധതയിൽനിന്നും കരകേറാനും, മറ്റു സമുദായങ്ങളുടെ നന്മയ്ക്കായി സഹായിക്കാനും, നമ്മേക്കാൾ പലതുകൊണ്ടും താഴ്ന്നപടിയിലുള്ള ഹരിജനങ്ങളുടെ ഉയർച്ചയ്ക്കായി ശ്രമിക്കാനുമാണ് എൻ.എസ്.എസ്. ഇന്നും പറയുന്നതും പ്രവർത്തിക്കുന്നതും. തന്മൂലം എല്ലാ സമുദായങ്ങളും തമ്മിൽ വിശ്വാസവും സഹകരണവും, അതിന്റെ ഫലമായി ഹിന്ദുസമുദായത്തിനും രാജ്യത്തിനും ശ്രേയസ്സും യോജിപ്പുമാണ് ഉണ്ടാകാറുള്ളതെന്നും തിരുവിതാംകൂറിലെ അനുഭവംകൊണ്ടു പറയാൻ കഴിയും.

കൊച്ചി നായർസമാജത്തോട് അനുബന്ധിച്ച് ചില കരയോഗങ്ങൾ അപൂർവം ചില ഹൈസ്ക്കൂളുകളും ഉണ്ടാക്കി നടത്തുന്നുണ്ട്. ചില കരയോഗങ്ങൾക്ക് മന്ദിരങ്ങളും കുറെ മൂലധനവും ഉണ്ടാക്കിയിട്ടുണ്ട്. കൊച്ചിരാജ്യത്തെ കരയോഗങ്ങളിൽ പ്രഥമസ്ഥാനത്തുനിൽക്കുന്നത് എറണാകുളം കരയോഗമാണ്. കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള ഏതു കരയോഗത്തിനും അഭിമാനിക്കത്തക്ക ഒരു മന്ദിരമാണ് എറണാകുളം കരയോഗത്തിനുള്ളത്. ടൗണിന്റെ ഏറ്റവും പ്രധാനസ്ഥലത്തുള്ള മന്ദിര ഹാൾ, അവിടുത്തെ ഏതു സമ്മേളനത്തിനും നാടകത്തിനും കൊള്ളാവുന്ന തരത്തിൽ വിസ്തൃതവും മനോഹരവും സജ്ജീകരണസമ്പൂർണ്ണവുമാണ്. വാടകയിനത്തിൽ നല്ലൊരു ആദായം ഈ മന്ദിരത്തിൽനിന്നും കരയോഗത്തിനു കിട്ടിക്കൊണ്ടിരിക്കുന്നു. കൊച്ചി രാജ്യത്തെ ദിവാൻജിമാരിൽ പ്രസിദ്ധനായിരുന്ന തോട്ടയ്ക്കാട്ട് ശങ്കുണ്ണിമേനോന്റെ സ്മാരകമായിട്ട്, 'തോട്ടയ്ക്കാട്ടു ദിവാൻ മെമ്മോറിയൽ ഹാൾ' എന്നുള്ള അർത്ഥത്തിൽ 'ടി.ഡി.എം. ഹാൾ' എന്നാണ് അതിനു പേരിട്ടിട്ടുള്ളത്. വമ്പിച്ച തോതിലുള്ള ഈ മാതൃകാമന്ദിരം പണിയിച്ചതിന്റെ നേതൃത്വം വഹിച്ചതും, ക്ലേശം സഹിച്ചതും സമുദായസ്നേഹികളിൽ അഗ്രഗണ്യനായിരുന്ന അമ്പാടി ശങ്കരമേനോനാണ്. പ്രമാണിയാകാനോ പേരിനുവേണ്ടിയോ അല്ലാതെ പിന്നണിയിൽ വലിഞ്ഞുനിന്നുകൊണ്ട്, സമുദായക്ഷേമം മാത്രം പ്രതിഫലം കരുതി, നിസ്വാർത്ഥമായി സമുദായസേവനം ചെയ്യുന്ന മാതൃക തിരുവിതാംകൂർ - കൊച്ചിയിലെ നായർനേതാക്കന്മാർക്കു കാണിച്ചുകൊടുത്ത ഒരു വിശിഷ്ടവ്യക്തിയായിരുന്നു ശങ്കരമേനോൻ. അദ്ദേഹം നായർസമുദായത്തിലെ പരസ്പര സ്പർദ്ധയും നിത്യക്ഷയവും കണ്ട് ഹൃദയമുരുകി സംസാരിക്കുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. നായർ സർവീസ് സൊസൈറ്റിയിൽകൂടിയേ നായർക്കു രക്ഷയുള്ളൂ എന്നു വിശ്വസിച്ചിരുന്ന മഹാനായിരുന്നു അദ്ദേഹം. കേരളീയനായന്മാർക്കെല്ലാംകൂടി എൻ.എസ്.എസ്. എന്ന ഒരു സ്ഥാപനം മതിയെന്നും, എല്ലാ നായന്മാരും അതിൽ ചേർന്നു പ്രവർത്തിക്കണമെന്നും അദ്ദേഹം പലപ്പോഴും പരസ്യമായി പറഞ്ഞിട്ടുണ്ട്. കൊച്ചി നായർസമാജത്തെ നായർ സർവീസ് സൊസൈറ്റിയിൽ ലയിപ്പിക്കാൻ അദ്ദേഹം ഒരു പ്രേരകനായിരുന്നു. എറണാകുളം കരയോഗത്തെ എൻ.എസ്.എസ്സിന്റെ ഘടകമാക്കാൻ അതിന്റെ സൃഷ്ടികർത്താവായ അദ്ദേഹം അതീവതൽപരനായിരുന്നു. അതിന്റെ ഇന്നത്തെ ഭാരവാഹികളെ വിളിച്ചുവരുത്തി കൊച്ചിയിലെ മറ്റു കരയോഗങ്ങൾക്കെല്ലാം മാതൃകയാകത്തക്കവണ്ണം എറണാകുളം കരയോഗത്തെ എൻ.എസ്.എസ്സിന്റെ ഘടകമാക്കാൻ നിഷ്ക്കർഷിക്കുക മാത്രമല്ല, നിർബന്ധിക്കുകൂടി ചെയ്തു. അദ്ദേഹം ഇഹലോകവാസം വെടിയുന്നതിന് അടുത്തദിവസം ഞാൻ അദ്ദേഹത്തെ പോയിക്കണ്ടപ്പോൾ, അദ്ദേഹത്തിന്റെ ആഗ്രഹങ്ങളെല്ലാം എന്നെ ധരിപ്പിക്കയും, എൻ.എസ്.എസ്സിന്റെ കൊച്ചിരാജ്യത്തെ പുതിയ സംഘടനാപ്രസ്ഥാനം വിജയിക്കുമെന്ന് ആശംസിക്കയും ചെയ്തു. സമുദായത്തിന്റെ നിർഭാഗ്യംകൊണ്ട്

അദ്ദേഹം കാലേകൂട്ടി നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹം ചെയ്തുവച്ച പ്രവൃത്തികൾ അദ്ദേഹത്തിന്റെ ഇംഗിതാനുസരണം പൂർത്തിയാക്കയും, നിത്യസ്മരണീയനായ അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തിനേരുകയും മാത്രമാണ്, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ കൃത്യം.

കൊച്ചി നായർമഹാസമാജം തനിച്ചുനിന്നു പ്രവർത്തിക്കുന്നതിനേക്കാൾ എൻ.എസ്.എസ്സുമായി യോജിച്ചു പ്രവർത്തിക്കയാണ് നല്ലതെന്ന് അതിന്റെ ഭാരവാഹികൾക്കും തോന്നി. കൊച്ചി നായർസമാജം പ്രസിഡന്റ് കോമാട്ടിൽ അച്ചുതമേനോനും, ജനറൽ സെക്രട്ടറി പൂമാല കൊച്ചുകൃഷ്ണമേനോനും ആയിരുന്നു. അവരും മറ്റു ചില ഭാരവാഹികളും എൻ.എസ്.എസ്. ഡയറക്ടർ ബോർഡംഗങ്ങളുംകൂടി തിരുവനന്തപുരത്ത് മഹാത്മാഗാന്ധി കോളേജിൽവച്ച് ഒരു സംയുക്തയോഗംകൂടി, കൊച്ചി നായർസമാജത്തെ നായർ സർവീസ് സൊസൈറ്റിയിൽ ലയിപ്പിക്കുവാൻ തീരുമാനിക്കുകയും അച്ചുതമേനോനെ എൻ.എസ്.എസ്. ഡയറക്ടർ ബോർഡിലെ ഒരംഗമാക്കുകയും ചെയ്തു. ഇത് 1126 ചിങ്ങമാസത്തിലാണ്. പിന്നീട് കൊച്ചി നായർസമാജം പൊതുയോഗംകൂടി അതംഗീകരിച്ചെങ്കിലും വ്യവസ്ഥകൾ പൂർത്തിയാക്കാൻ കൊച്ചിയിലെ ചുമതലക്കാർ തയ്യാറാകാത്തതിനാൽ അതു നടപ്പിൽ വന്നില്ല. തന്നിമിത്തം കൊച്ചിയിൽ പേരിനെങ്കിലും ഉണ്ടായിരുന്ന പ്രവർത്തനവുംകൂടി ഇല്ലാതായി. വീണ്ടും രണ്ടുഭാഗത്തും ആലോചനയുണ്ടായതിന്റെ ഫലമായി 1129 ചിങ്ങത്തിൽ തൃശൂർവച്ച് കൊച്ചി നായർസമാജത്തിന്റെ പൊതുയോഗം, അമ്പലപ്പാട്ടു ദാമോദരൻ ആശാന്റെ അദ്ധ്യക്ഷതയിൽ കൂടി, എൻ.എസ്.എസ്സിലേക്കുള്ള ലയനപ്രമേയം വീണ്ടും പാസ്സാക്കി. നേരത്തേയുള്ള നിശ്ചയം അനുസരിച്ച് സർവീസ് സൊസൈറ്റി ലയനം അംഗീകരിക്കയും എൻ.എസ്.എസ്. സംഘടനാശാഖാ നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങളെല്ലാം വരുത്തുകയും ചെയ്തിരുന്നു. അതനുസരിച്ച്, പഴയ കൊച്ചിരാജ്യാതിർത്തിയിൽപെട്ട ഭാഗങ്ങളെ തൃശൂർ എൻ.എസ്.എസ്. ഡിസ്ട്രിക്ട് യൂണിയനായി തിരിച്ച്, ആവശ്യമുള്ള കമ്മറ്റിയും രൂപീകരിച്ചു. അവിടേയ്ക്ക് അസിസ്റ്റന്റ് രജിസ്ട്രാരുടെ നിലയിലുള്ള ഒരു സ്പെഷ്യൽ ആഫീസറേയും നിയമിച്ചു. ആ യൂണിയൻ പ്രസിഡണ്ടായി പുത്തേഴത്തു രാമൻമേനോനെയും തിരഞ്ഞെടുത്തു. അങ്ങനെ കൊച്ചി നായർമഹാസമാജം എന്നൊരു പ്രത്യേകസ്ഥാപനം ഇല്ലാതാകയും, എൻ.എസ്.എസ്സിന്റെ പ്രവർത്തനം അവിടെ നടപ്പിൽവരുത്തുകയും ചെയ്തു. പഴയ കരയോഗങ്ങളെ എല്ലാം എൻ.എസ്.എസ്. കരയോഗങ്ങളായി പരിവർത്തനം ചെയ്യിക്കയും, പുതിയ കരയോഗം ഉണ്ടാക്കുകയും ചെയ്യുന്ന ജോലി നടന്നുകൊണ്ടിരിക്കുകയാണ്. കോമാട്ടിൽ അച്ചുതമേനോന്റെ ജോലിത്തിരക്കുമൂലം പ്രസിഡണ്ടുസ്ഥാനം രാജിവയ്ക്കയും പുത്തേഴത്തു രാമൻമേനോൻ അദ്ധ്യക്ഷനാകയും ചെയ്തു. സാവധാനഗതിയിലെങ്കിലും എൻ.എസ്.എസ്. സംഘടന രാജ്യവ്യാപകമായി പുരോഗമിക്കയാണ്. കൊച്ചിയുടെ പല ഭാഗങ്ങളിലും കരയോഗങ്ങളും, കുറെയൊക്കെ

സ്വത്തും ഉണ്ട്. എന്നാൽ അതതു ദിക്കിലെ ക്ഷേത്രത്തിലെ ഉത്സവത്തിനും പൂരത്തിനും വേണ്ടിയെന്നല്ലാതെ, കരയോഗത്തിനു മറ്റൊരു പ്രവൃത്തിയുണ്ടെന്ന് അവർ ഇന്നും ധരിച്ചിട്ടില്ല. അതിനോടുകൂടിയെങ്കിലും കരയിലെ ആളുകൾക്ക് - വിശേഷിച്ച് പാവങ്ങൾക്ക് - പ്രയോജനപ്പെടത്തക്കവണ്ണം വല്ലതും പ്രവർത്തിക്കണമെന്നുള്ള വിചാരം പോലുമില്ല. തൃശൂരുള്ള തിരുവമ്പാടി, പാറമേക്കാവ് കരയോഗങ്ങൾ ആണ്ടോടാണ്ട് പൂരത്തിനുവേണ്ടി ചെലവിടുന്നത് പതിനായിരക്കണക്കിനു രൂപയാണ്. ആ കരയോഗാതിർത്തിയിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരും ദരിദ്രരായ സ്ത്രീജനങ്ങളും എത്രയോ അധികമുണ്ട്. ഈ വെടിക്കെട്ടിന്റെ ധൂമപടലത്തിന്റെ ഇടയിൽക്കൂടി ഇതു കാണുന്നവരാണ്, കാലത്തിന്റെ മാറ്റവും ആവശ്യത്തിന്റെ നിജസ്ഥിതിയും അറിയാത്ത യാഥാസ്ഥിതികമനോഭാവക്കാരാണ്, അവിടുത്തെ അധികപക്ഷം നായന്മാരുമെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. അവരുടെ പൂരഭ്രമവും വെടിക്കെട്ടുഭ്രമവും അല്പം കുറഞ്ഞെങ്കിലല്ലാതെ സമുദായത്തിന് ഒരു രക്ഷയുമില്ല. വെടിക്കെട്ടുസാധനങ്ങളിൽ ചിലതിന് ഇൻഡ്യാഗവണ്മെന്റ് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം ഹിതാനുസരണം വെടിക്കെട്ടുണ്ടാക്കാൻ സാധിക്കുന്നില്ലെന്നുകണ്ട് അവരിൽ ചിലർ കാണിച്ച മരണവേദന ചെറുതല്ല. ഭരണാധികാരികളായ ഗവർണ്ണരും മറ്റും തൃശൂർ സർക്കീട്ടുവന്നപ്പോൾ, നാട്ടുകാർ കൃഷിവ്യവസായപരിഷ്ക്കാരത്തെയും വിദ്യാഭ്യാസസഹായത്തെയും പറ്റി നിവേദനം നടത്തിയപ്പോൾ, അവിടുത്തെ നായർപ്രമാണികൾ വെടിക്കെട്ടുനിയന്ത്രണം ഇല്ലാതാക്കാൻ മെമ്മോറിയൽ കൊടുത്തതായി അറിയാൻകഴിഞ്ഞു. അവർ അതിനുവേണ്ടി ഡൽഹിയിലേക്ക് ഒരു ഡെപ്യൂട്ടേഷൻതന്നെപോയി. എല്ലാം നിഷ്ഫലമായപ്പോൾ ഇൻഡ്യാഗവണ്മെന്റിനോടു പരിഭവിച്ച് 'പൂരനിസ്സഹകരണം' നടത്തിയതായി അറിയുന്നു. ഇവരുടെ ഈ മൂഢവിശ്വാസവും മനോഭാവവും വടക്കുംനാഥൻതന്നെ ഇല്ലാതാക്കട്ടെ. മറ്റു കാരണംകൊണ്ടാണെങ്കിലും, ഇൻഡ്യാ ഗവണ്മെന്റിന്റെ ഈ തീരുമാനത്തിനു നമോവാകം പറയുകതന്നെ ചെയ്യുന്നു.

ഏതായാലും സർവീസ് സൊസൈറ്റിയുടെ പ്രവർത്തനപരിധിയിൽ കൊച്ചീരാജ്യവുംകൂടി ഉൾപ്പെട്ടതായി വന്നുകഴിഞ്ഞു. രാഷ്ട്രീയന്യായപ്രകാരം തിരുക്കൊച്ചിസംസ്ഥാനം ഒന്നായിക്കഴിഞ്ഞതുകൊണ്ട് സാമുദായികപ്രവർത്തനവും അതനുസരിച്ച് ഒന്നായിത്തീരേണ്ട ആവശ്യം നേരിട്ടിട്ടുണ്ട്. അതുകൊണ്ട് ഇന്നത്തെ അന്യഥാത്വചിന്തകളെല്ലാം അചിരേണ നീങ്ങുമെന്നു വിശ്വസിക്കാം. ഞങ്ങൾ വെറുതെയിരുന്നില്ല. 30 കന്നി 1-ാം തീയതി മുതൽ ഏതാനും ദിവസം കൊച്ചിരാജ്യത്തിന്റെ പല ഭാഗങ്ങളിൽ കൂടിയ യോഗങ്ങളിൽ ഞാൻ സംബന്ധിച്ചു.

സാമുദായികപ്രവർത്തനം അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന മലബാറിൽ എൻ.എസ്.എസ്. പ്രവർത്തനം ആരംഭിക്കാൻ പാലക്കാട്ടുനിന്നും ഒരു ക്ഷണം കിട്ടി. അവിടുള്ള രണ്ടും മൂന്നും വില്ലേജുകളിലെ ആളുകൾ ഒരു സ്ഥലത്തു കൂടത്തക്കവണ്ണം താലൂക്കുവ്യാപകമായി

ഒരു പരിപാടി തയ്യാറാക്കി അയച്ചുതന്നു. അതിന്റെ താൽപര്യക്കാരിലും ശ്രമക്കാരിലും പ്രമാണി കൊല്ലങ്കോട്ടു മാധവരാജാവിന്റെ മൂത്തപുത്രൻ തോട്ടയ്ക്കാട്ടു ബാലകൃഷ്ണമേനോനായിരുന്നു. അവർ സഹോദരീസ ഹോദരന്മാരെല്ലാവരുംതന്നെ ഈ വിഷയത്തിൽ അതീവതൽപരരായി കണ്ടു.

955 ജനുവരി 8 മുതൽ തുടർന്ന് 27 ദിവസം ഞാൻ പാലക്കാട്ടു താലൂക്കിൽ സഞ്ചരിക്കാനും സംസാരിക്കാനുമുള്ള പരിപാടി അവർ തയ്യാ റാക്കിയിരുന്നു.

ഇതിനിടയിൽ കുതിരവട്ടത്ത് പ്രഭാകരൻതമ്പാന്റെ വക അൻപ തുകൊല്ലമായി സ്തുത്യർഹമായി നടത്തുന്ന ഒറ്റപ്പാലം ഹൈസ്ക്കൂൾ മേൽനടത്തിപ്പിനായി ശരിയായ ഒരു മാനേജ്മെന്റിനെ ഏല്പിക്കാൻ അദ്ദേഹം ആലോചിക്കുന്നതായി അറിഞ്ഞു. തമ്പാനു സുഖമില്ലാത്തതു കൊണ്ട് അതിനെപ്പറ്റി സംസാരിക്കാൻ കോയമ്പത്തൂർക്കു ചെന്നാൽകൊ ള്ളാമെന്ന് അദ്ദേഹത്തിന്റെ ഒരെഴുത്ത് കിട്ടി. 954 ഡിസംബർ 13-ാം തീയതി ജനറൽ സെക്രട്ടറി മക്കപ്പുഴ വാസുദേവൻപിള്ളയും ഞാനുംകൂടി ചങ്ങ നാശ്ശേരിയിൽനിന്നു കോയമ്പത്തൂർക്കു പുറപ്പെട്ടു. ഞങ്ങൾ അന്നുതന്നെ അവിടെ എത്തി തമ്പാനെ കാണുകയും സംസാരിക്കുകയും ചെയ്തു. സ്കൂൾ എൻ.എസ്.എസ്സിനു വിട്ടുതരാമെന്ന് അന്നുതന്നെ അഭിപ്രായമു ണ്ടായി. വ്യവസ്ഥകളെപ്പറ്റിയും മറ്റും പല കാര്യങ്ങൾ സംസാരിക്കേണ്ടി യിരുന്നതുകൊണ്ട് ഞങ്ങൾ ഏതാനും ദിവസം കോയമ്പത്തൂർതന്നെ പാർത്തു. എല്ലാ വ്യവസ്ഥയും പൂർത്തിയാക്കി ഡിസംബർ 20-ാം തീയതി പാലക്കാട്ടു രജിസ്റ്റർ കച്ചേരിയിൽ ആ സ്കൂളിന്റെ സർവസ്വദാനം രജി സ്റ്റർ ചെയ്തു. ഒരു ലക്ഷം രൂപാ വിലവച്ചാണ് ആധാരം രജിസ്റ്റർ ചെയ്ത തെങ്കിലും അതിലധികം മതിപ്പുവിലയുള്ള ഒരു വസ്തുവും സ്ഥാപന വുമാണത്. അത് സർവീസ് സൊസൈറ്റിക്കും വലിയ ഒരു നേട്ടമായിരു ന്നു. മലബാറിലെ പുരാതനപ്രസിദ്ധിയുള്ളതും, ഇന്നും നല്ല നിലയിൽ ഇരിക്കുന്നതുമായ ഒരു പ്രഭുകുടുംബമാണ് കുതിരവട്ടത്തു തറവാട്. അവി ടുത്തെ ശേഷിമാനായ ഇന്നത്തെ കാരണവരാണ് പ്രഭാകരൻ തമ്പാൻ. അദ്ദേഹം ഇളമുറയായിരിക്കുമ്പോൾത്തന്നെ അന്യോപകാരം ചെയ്യാൻ തൽപരനും, സമ്മതനായ ഒരു പൊതുപ്രവർത്തകനും, വലിയ കണിശ ക്കാരനും, ആർക്കും കീഴടങ്ങാത്തവനും ആണ്. സ്വന്തം അഭിപ്രായത്തിന് നല്ല വിലകല്പിച്ചിട്ടുള്ള, തനിക്കു താൻ പോരുന്ന ഒരു പ്രമാണിയാണ്. മദ്രാസ് അസംബ്ലിയിലും വൈസ്രായിയുടെ കൗൺസിലിലും മെമ്പറാ യിരുന്നിട്ടുള്ള ആളുമാണ്. ഇപ്പോൾപോലും മലബാറിലെ വിദ്യാഭ്യാസ സ്ഥിതി വേണ്ടവണ്ണം ആയിട്ടില്ലെന്നു കാണുന്നമുറയ്ക്ക് അൻപതുകൊ ല്ലത്തിനു മുമ്പുള്ള സ്ഥിതി എന്തായിരിക്കും. അന്നു മറ്റാരോടും ഒരു പൈസയും ചോദിക്കാതെ, ആരുടെ സഹായവും പ്രതീക്ഷിക്കാതെ സ്വന്തം പണവും ശ്രമവുംകൊണ്ടുമാത്രം ഉണ്ടാക്കി, മലബാറിലെ പ്രസിദ്ധിയുള്ള ഹൈസ്ക്കൂളുകളിൽ ഒന്നായി നടത്തിക്കൊണ്ടുപോന്ന

ഒറ്റപ്പാലം ഹൈസ്ക്കൂളിനെ അദ്ദേഹം പുത്രനിർവിശേഷം സ്നേഹിച്ചിരുന്നു എന്നുള്ളത് സർവവിദിതമാണ്. വിദ്യാസമ്പന്നന്മാരായ പുത്രന്മാരും അനന്തിരവരും ഉണ്ടായിരുന്നിട്ടും, അവരെ ആരെയും ഏല്പിക്കാൻ ആഗ്രഹിക്കാതെ നായർ സർവീസ് സൊസൈറ്റിയെ ഏല്പിക്കാൻ തീരുമാനിച്ചത് സ്കൂളിന്റെ സ്ഥിരമായ നിലനില്പിനേയും സദ്ഭരണത്തേയും കരുതിയാണെന്നുള്ളത് സ്പഷ്ടമാണ്. അതുകൊണ്ട് മനസ്സിലാക്കാം, അദ്ദേഹത്തിന്റെ സർവസ്വത്തുക്കളേയുംകാൾ സ്നേഹിച്ചിരുന്നത് ഈ സ്ഥാപനത്തെയാണെന്ന്. ഈ സ്ഥാപനത്തിനുവേണ്ടി ഇരുപത്തയ്യായിരം രൂപാകൂടി സർവീസ് സൊസൈറ്റിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഈ വിദ്യാശാലയ്ക്ക് ആവശ്യമുള്ള പണം മുടക്കിയതും നേതൃത്വം വഹിച്ചതും പ്രഭാകരൻതമ്പാനാണെങ്കിലും, അതിനുള്ള ഇന്നത്തെ പേരും പെരുമയും ഉണ്ടാക്കിയത് അദ്ദേഹത്തിന്റെ നേരേ സഹോദരനായ ജനാർദ്ദനൻ തമ്പാനായിരുന്നു. സത്യസന്ധതയ്ക്കും കണിശത്തിനും അദ്വിതീയനെന്നു പേരെടുത്ത മാതൃകാഗുരുനാഥനായ അദ്ദേഹം, മുപ്പതുകൊല്ലം ഹെഡ്മാസ്റ്ററായിരുന്ന് തുടർന്നുനടത്തിയ ഭരണം ആ സ്കൂളിനെ ഒന്നാംകിടയിൽ എത്തിച്ചു. അദ്ദേഹം ഉദ്യോഗത്തിൽനിന്നും പിരിഞ്ഞു ദീനത്തിൽകിടക്കുന്ന കാലമായിരുന്നു അത്. രാമലക്ഷ്മണന്മാരെപ്പോലെ ജീവിച്ച ആ സഹോദരന്മാർ അന്യോന്യം ആലോചിച്ചും സമ്മതിച്ചുമാണ് ഈ സ്ഥാപനം സർവീസ് സൊസൈറ്റിക്കു വിട്ടുതന്നത്. മാനേജ്മെന്റിന്റെ പരസ്യമായ കൈമാറ്റത്തിന് കുറച്ചു കാലതാമസം നേരിട്ടെങ്കിലും ആധാരം എഴുതിയ ഉടൻതന്നെ സ്കൂൾ, സർവീസ് സൊസൈറ്റിയെ ഏല്പിച്ചുകൊടുത്തു. എൻ.എസ്.എസ്സിന് മലബാറിൽ ആദ്യം ലഭിച്ച ഒരു സ്ഥാപനമാണിത്. അതിന്റെ വിലപിടിപ്പിനേക്കാൾ കാര്യമായി കരുതേണ്ടത്, പ്രഭാകരൻ തമ്പാനെപ്പോലെ ബുദ്ധിമാനും പ്രഗത്ഭനുമായ ഒരാൾ സർവീസ് സൊസൈറ്റി പ്രവർത്തകന്മാരെ നേരിട്ടറിയാതിരുന്നിട്ടും അദ്ദേഹം ജീവിതസർവസ്വമായി സ്നേഹിക്കുന്ന ഒരു മഹാസ്ഥാപനം സർവാവകാശങ്ങളും വിട്ട് എഴുതിത്തന്നതിൽ അന്തർഭവിച്ചിട്ടുള്ള വിശ്വാസവും ബഹുമതിയുമാണ്. ഈ ദാനപത്രം നിമിത്തം സർവീസ് സൊസൈറ്റിക്ക് മലബാറിൽ മുമ്പുണ്ടായിരുന്നതിൽ എത്രയോ മടങ്ങ് മതിപ്പുവർദ്ധിക്കാൻ ഇടയായി എന്നുള്ളത് ഒരു വസ്തുതയാകുന്നു. ഏതാനും മാസക്കാലം കഴിഞ്ഞ് റഷ്യൻസ്ഥാനപതിയായ കെ.പി.എസ്. മേനോന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗസമക്ഷം പരസ്യമായ കൈമാറ്റം നടന്നു. ആ യോഗത്തിൽ എൻ.എസ്.എസ്. പ്രസിഡന്റ് വി.കെ. വേലപ്പനും, ജനറൽ സെക്രട്ടറി മക്കപ്പുഴ വാസുദേവൻപിള്ളയും, ജനറൽ മാനേജർ വാസുദേവൻപിള്ളയും, ഞാനും, വി.പി. ഗോവിന്ദൻനായരും, പുത്തേഴത്തു രാമൻ മേനോനും സർവീസ് സൊസൈറ്റിക്കാർ എന്നുള്ള നിലയിൽ ഹാജരുണ്ടായിരുന്നു. ആ നാട്ടുകാരായി ധാരാളം സ്ത്രീപുരുഷന്മാർ യോഗത്തിൽ സംബന്ധിച്ചിരുന്നു. ഒറ്റപ്പാലത്ത് ഒരു കോളേജ് ഉണ്ടായിക്കണ്ടാൽ കൊള്ളാമെന്ന് പ്രഭാക

രൻ തമ്പാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ നാട്ടുകാരുടെ സഹകരണക്കുറവുകൊണ്ട് അദ്ദേഹത്തിന്റെ ആ ആഗ്രഹംമാത്രം അവശേഷിച്ചിരിക്കയാണ്.

ദീനത്തിൽകിടന്ന ജനാർദ്ദനൻ തമ്പാൻ, ആധാരം രജിസ്റ്ററാക്കി അധികനാൾ കഴിയുന്നതിനുമുമ്പ് ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ ദേഹവിയോഗം കുടുംബത്തിനു മാത്രമല്ല സമുദായത്തിനും, നാട്ടിനും, തീരാത്ത ഒരു നഷ്ടം തന്നെയായിരുന്നു.

പ്രഭാകരൻ തമ്പാനും വീടിനു പുറത്തിറങ്ങാൻ സാധിക്കാത്ത സുഖക്കേടുകാരനും ക്ഷീണിതനുമായിട്ട് കുറച്ചുനാളുകളായി. എങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലം അവസാനിക്കുന്ന ഘട്ടത്തിലേക്കു നീങ്ങുകയാണെന്ന് ആരും വിചാരിച്ചിരുന്നില്ല. സുഖക്കേട് ഇടയ്ക്കിടയ്ക്കു കൂടുകയും കുറയുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്ന് ഞാനും അറിഞ്ഞിരുന്നു. ജോലിത്തിരക്കും മറ്റു പല അസൗകര്യങ്ങളുംകൊണ്ട്, സ്കൂൾകൈമാറ്റം കഴിഞ്ഞതിന്റെശേഷം അദ്ദേഹത്തെ കോയമ്പത്തൂർപോയി കാണാൻ സാധിച്ചിരുന്നില്ല. അദ്ദേഹത്തിനു ദീനം അധികമാണെന്നറിഞ്ഞതുകൊണ്ട് ഞാൻ മെയ് 12-ാം തീയതി കോയമ്പത്തൂർപോയി കണ്ടു. ഒറ്റപ്പാലം ഹൈസ്ക്കൂൾ എഴുതിവാങ്ങിയതിന്റെ ശേഷം, മാനേജ്മെന്റ് കൈമാറ്റത്തിനും ഗ്രാന്റിനുമെല്ലാം മദ്രാസ് ഗവണ്മെന്റ് നിയമതടസ്സം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സ്കൂളാണെങ്കിലും, മുപ്പത്തയ്യായിരം രൂപ സെക്യൂരിറ്റി കെട്ടിവയ്ക്കണമെന്നു നിർബന്ധിച്ചു. അദ്ധ്യാപകന്മാരുടെ ശമ്പളംകൊടുക്കാൻ മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ട് സർവീസ് സൊസൈറ്റി ഒരു വലിയ സംഖ്യ കടംവാങ്ങേണ്ടിവന്നു. ഈ പ്രതിബന്ധങ്ങളേയും വൈഷമ്യങ്ങളേയും തരണം ചെയ്ത് സ്കൂൾഭരണം സർവീസ് സൊസൈറ്റി ശരിക്കു മുമ്പോട്ടുകൊണ്ടുപോകുന്നതിൽ അദ്ദേഹം സന്തുഷ്ടനും സംതൃപ്തനുമായിരുന്നു. എന്നെ കണ്ടയുടൻ അദ്ദേഹം സന്തോഷാശ്രുക്കളോടുകൂടി എന്റെ രണ്ടുകൈയും അദ്ദേഹത്തിന്റെ രണ്ടു കൈകളുംകൊണ്ട് പിടിച്ചു സമ്മർദ്ദം ചെലുത്തുകയും, ചില ഗൽഗദവാക്കുകൾ ഉച്ചരിക്കുകയും ചെയ്തു. ഞങ്ങൾ ദീർഘകാല സുഹൃത്തുക്കളെപ്പോലെ ദുഃഖത്തോടുകൂടി അന്യോന്യം യാത്രപറഞ്ഞു പിരിഞ്ഞു. പ്രസന്നവദനനായിക്കണ്ട അദ്ദേഹത്തിന്റെ അന്ത്യകാലം സമീപിച്ചു എന്ന് എനിക്കു ലേശം തോന്നിയിരുന്നില്ല. എന്നാൽ ഞാൻ പിരിഞ്ഞ് ഏതാനും ദിവസം കഴിഞ്ഞപ്പോൾ ക്ഷീണം വർദ്ധിക്കയും, അദ്ദേഹത്തിന്റെ പുണ്യകൃത്യങ്ങളെല്ലാം ബാക്കിവച്ചിട്ട് നമ്മോട് എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞു പിരിയുകയും ചെയ്തു. അത് 132 ഇടവമാസം 16-ാം തീയതി ആണ്. അദ്ദേഹത്തിന്റെ ശാശ്വതസ്മാരകമായ ഒറ്റപ്പാലം ഹൈസ്ക്കൂൾ നിലനിൽക്കുന്നിടത്തോളംകാലം അദ്ദേഹം നിത്യസ്മരണീയനാണ്.

മലബാറിൽ സംഘടനാപ്രസ്ഥാനം ആരംഭിക്കാൻ കാര്യപരിപാടി തയ്യാറാക്കിയ ഈ സന്ദർഭത്തിൽ, ഒറ്റപ്പാലം സ്കൂൾ ലഭിച്ചത് ആ

പ്രസ്ഥാനത്തിന്റെ വിജയത്തിനും കൂടുതൽ പ്രയോജനമായിരുന്നു. ഞങ്ങൾ മടങ്ങിപ്പോന്നശേഷം സംഘടനാശാഖയുടെ കാര്യപരിപാടിപ്രകാരമുള്ള പ്രവർത്തനത്തിനായി ഞാൻ വീണ്ടും മലബാറിലേക്കു പോയി. 55 ഫെബ്രുവരി 19-ാം തീയതി പാലക്കാട്ടു ദേവീവിലാസം ബംഗ്ലാവിലെത്തി. പാലക്കാട്ടുതാലൂക്കിലെ എൻ.എസ്.എസ്. സംഘടനയ്ക്ക് ആഗ്രഹിച്ചതും, താലൂക്കിലെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ച് വേണ്ട ഏർപ്പാടുകൾ ചെയ്ത് പരിപാടി തയ്യാറാക്കി അയച്ചതും, എല്ലാ ചുമതലയും ഏറ്റെടുത്തതും ബാലകൃഷ്ണമേനോനാണെന്ന് മുമ്പേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പാലക്കാട്ടു താലൂക്കിന്റെ മിക്ക ഭാഗങ്ങളിലും ചെന്നെത്തത്തക്ക വണ്ണമായിരുന്നു പരിപാടി തയ്യാറാക്കിയിരുന്നത്. ദിവസം രണ്ടും മൂന്നും സ്ഥലങ്ങളിൽ യോഗം വച്ചിരുന്നു. എല്ലാ സ്ഥലങ്ങളിലും ഏറെക്കുറെ സമയം തെറ്റാതെതന്നെ ചെന്നെത്തി. യോഗാനന്തരം അപ്പഴപ്പോൾത്തന്നെ കരയോഗങ്ങൾ രജിസ്റ്റർചെയ്തുകൊണ്ടാണ് ഞങ്ങൾ സഞ്ചരിച്ചിരുന്നത്. എന്റെ സഹായത്തിനായി കൊച്ചി സ്പെഷ്യൽ ഓഫീസർ കെ.പി. ഗോവിന്ദൻനായരുമുണ്ടായിരുന്നു. എല്ലാ യോഗങ്ങളിലും സാമാന്യമായി സ്ത്രീകളും പുരുഷന്മാരും പങ്കുകൊണ്ടിരുന്നു. അതതു ദിക്കിലെ മിക്ക പ്രമാണികളുടെയും നേതൃത്വത്തിലാണ് യോഗങ്ങളും രജിസ്ട്രേഷനും നടന്നത്. പല യോഗങ്ങളും നിറപറയും താലപ്പൊലിയും വായ്ക്കുരവയുമായി ആഘോഷപൂർവം ഞങ്ങളെ സ്വീകരിച്ചു. ധാരാളം സ്ത്രീപുരുഷന്മാർ കൂടിയ വലിയ യോഗങ്ങളും ഇടയ്ക്കിടയ്ക്കുണ്ടായിരുന്നു. യോഗങ്ങൾ നടന്ന എല്ലാ പ്രദേശങ്ങളിലുമുള്ള സ്ത്രീപുരുഷന്മാരും എൻ.എസ്.എസ്സിന്റെ സംഘടനയിൽ വിശ്വാസവും താൽപര്യവും ഉള്ളവരെന്നു ബോദ്ധ്യപ്പെട്ടു.

ആദ്യമായി യോഗം കൂടിയതും രജിസ്ട്രേഷൻ നടന്നതും കൊല്ലങ്കോട്ടാണ്. മാധവരാജാവിന്റെ ഭവനത്തിൽനിന്ന് ആനയും തലേക്കെട്ടും പാണ്ടിവാദ്യവുമായി അവർ ഞങ്ങളെ ആഘോഷപൂർവം കൂട്ടിക്കൊണ്ടുപോയി അവരുടെവക സ്കൂളിൽവച്ചു യോഗംകൂടി. സാമാന്യം നല്ല യോഗമായിരുന്നു. പ്രസിദ്ധ പണ്ഡിതനും ഭക്തനുമായ കൊല്ലങ്കോട്ടു ഗോപാലൻനായരുടെ അദ്ധ്യക്ഷതയിലാണ് യോഗം കൂടിയത്. അവിടുത്തെ കരയോഗം രജിസ്ട്രേഷൻ അന്നുതന്നെ നടന്നു. സന്ധ്യകഴിഞ്ഞപ്പോൾ ഞങ്ങൾ വടവന്നൂർ എത്തി. അവിടെയും അടുത്ത ചില കരകളിലുംനിന്നെല്ലാം ആളുകൾ വന്നുകൂടിയിരുന്നു. പ്രസിദ്ധ വൈദ്യൻ നാരായണൻനായരുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി കരയോഗം സ്ഥാപിച്ചു. ഇങ്ങനെ തുടർന്ന സഞ്ചാരംകൊണ്ട് പല സ്ഥലങ്ങളിൽ ചെന്നെത്താനും പല കരയോഗങ്ങൾ സ്ഥാപിക്കാനും ഒട്ടധികം പ്രമാണികളുടെ പരിചയം സമ്പാദിക്കാനും കഴിഞ്ഞു.

എന്റെ സുഖസൗകര്യങ്ങൾക്കു ഭംഗം വരരുതെന്നു കരുതി, എല്ലാ ദിവസങ്ങളിലുമുള്ള താമസം ടി.ബി.കെ. മേനോന്റെ ഭവനമായ

ദേവീവിലാസത്തിലാണ് ഏർപ്പാടു ചെയ്തിരുന്നത്. ദിനചര്യയ്ക്കു നേര നീക്കം വന്നിട്ട് എനിക്കു ക്ഷീണം വരാതിരിക്കാൻവേണ്ടി ചെയ്ത ഏർപ്പാടാണ്. അതുകൊണ്ട് നിത്യം വളരെ അധികദൂരം സഞ്ചരിക്കേണ്ടിവന്നു. എന്നും കാലത്തെ പാലക്കാട്ടു ടൗണിൽനിന്ന് പുറപ്പെട്ട്, മുപ്പതും നാല്പതും നാഴിക ദൂരമുള്ള പ്രദേശങ്ങളിൽ സഞ്ചരിച്ച് പല യോഗങ്ങളിലും സംബന്ധിച്ചശേഷം, രാത്രി ചിലപ്പോഴെല്ലാം അക്കാലത്ത് ദേവീവിലാസത്തിൽ മടങ്ങിയെത്തിയിട്ടാണ് വിശ്രമിക്കയും ഉറങ്ങുകയും ചെയ്യേണ്ടിയിരുന്നത്. നീണ്ടയാത്ര കുറെയൊക്കെ ബുദ്ധിമുട്ടിച്ചെങ്കിലും, ദേവീവിലാസത്തിലെ സ്ഥിരതാമസംകൊണ്ട് ദിനചര്യകളെല്ലാം സ്വന്തം ഭവനത്തിലേപോലെതന്നെ നടത്താൻ സൗകര്യപ്പെട്ടു. അവർ സഹോദരീ സഹോദരന്മാരെല്ലാം എന്റെ സുഖസൗകര്യങ്ങളുടെ അന്വേഷണത്തിൽ ബദ്ധശ്രദ്ധരായിരുന്നു. അവരുടെ നേരേ ഇളയമ്മയാണ് എന്റെ ഭാര്യാമാധവിയമ്മ. ആ കുടുംബബന്ധത്തേക്കാൾ അധികം സ്നേഹബന്ധം അവർക്കെല്ലാം എന്നോട് എങ്ങിനെയോ ഉണ്ടായതുകൊണ്ട്, എന്റെ സ്വന്തഭവനത്തേക്കാൾ ആ ഭവനം സ്വന്തമായി തോന്നി. അത്ര സ്നേഹബഹുമാനപൂർവമുള്ള ശുശ്രൂഷയും പെരുമാറ്റവുമാണ് എനിക്ക് അവരിൽനിന്നു ലഭിച്ചത്.

എന്റെ അവിടുത്തെ 10 ദിവസത്തെ താമസവും സഞ്ചാരവും കൊണ്ട്, പാലക്കാട്ടു താലൂക്കിന്റെ വിവിധ ഭാഗങ്ങളിലായി എൻ.എസ്. എസ്. കരയോഗങ്ങൾ സ്ഥാപിക്കാനും, ആ താലൂക്ക് ഒട്ടാകെത്തന്നെ സമുദായബോധം ഉണ്ടാക്കാനും സാധിച്ചു. രജിസ്റ്റർ ചെയ്ത കരയോഗങ്ങളിലെ പ്രതിനിധികളെ ചേർത്ത് പാലക്കാട് താലൂക്ക് നായർ യൂണിയൻ രജിസ്റ്റർ ചെയ്തു. യൂണിയന്റെ തൽക്കാല ആവശ്യത്തിന് ടി.ബി. കെ. മേനോന്റെ വക പാലക്കാട്ടു ടൗണിലുള്ള ഒരു സ്ഥലവും കെട്ടിടവും വിട്ടുകൊടുത്തു. താലൂക്കുയൂണിയന്റെ ഉദ്ഘാടനം അവിടെവച്ചു നടത്താൻവേണ്ട ഒരുക്കംചെയ്തു. 55 ഫെബ്രുവരി 28-ന് എന്റെ അദ്ധ്യക്ഷതയിൽ യൂണിയന്റെ ഉദ്ഘാടനത്തിനുശേഷം, യൂണിയൻ കമ്മറ്റിയെ തിരഞ്ഞെടുത്തു. യൂണിയൻ സെക്രട്ടറിയായി ടി.ബി.കെ. മേനോനെയാണ് തിരഞ്ഞെടുത്തത്. നായർ സംഘടന എന്നുപറഞ്ഞാൽ വർഗ്ഗീയ സംഘടനയാണെന്നും, അത് സമുദായാതീതമായ രാഷ്ട്രീയ ഐക്യത്തിനു വിഘാതമാണെന്നും വിശ്വസിക്കുന്നവരാണ് മലബാർനായന്മാർ എല്ലാവരുംതന്നെ എന്നു പറയാം. വിശേഷിച്ചും പഠിപ്പും, പട്ടണങ്ങളിലെ പാർപ്പും ഉള്ളവർ. അവർ ഏതെങ്കിലും ഒരു രാഷ്ട്രീയകക്ഷിയിൽ ചേർന്നവരോ അനുഭാവമുള്ളവരോ ഉദാസീനരോ ആയിരിക്കും. രാഷ്ട്രീയമെന്നുപറഞ്ഞ് വാദപ്രതിവാദം ചെയ്തുകൊണ്ടിരുന്നാൽമാത്രം മതി, അവർ പൊതുജനവിശ്വാസികളും നേതാക്കന്മാരുമാകാൻ എന്നു വിശ്വസിച്ചിരുന്നു. മന്ത്രിപദകാംക്ഷയോടുകൂടിയ വോട്ടുപിടുത്തത്തിൽ കവിഞ്ഞ്, അവർക്കൊരു പ്രവൃത്തിയും ഇക്കാലത്ത് അവശേഷിച്ചിട്ടില്ല. സൃഷ്ടിപരപ്രവർത്തനങ്ങൾ ഒന്നുംചെയ്യാതെതന്നെ, മുമ്പുള്ളവർചെയ്ത

ത്യാഗവും ക്ലേശവുംകൊണ്ടു വെട്ടിത്തുറന്ന വഴിയിലെ ഒഴുക്കുചാലിൽചെന്നു കിടന്നുകൊണ്ടാൽ, ആരും അറിയാത്തവരായിരുന്നാലും ഒന്നും ചെയ്തില്ലെങ്കിലും ശരി, കുറെയൊക്കെ നീങ്ങിക്കൊണ്ടിരിക്കുമായിരുന്നു. എന്നാൽ സാമൂഹ്യസേവനം അത്ര ലഘുവായ കാര്യമല്ല. എരിവും പുളിയുമില്ലാത്ത, ശാന്തവും ക്ലേശപൂർണ്ണവും ചിലപ്പോഴെല്ലാം അവഗണനാപരവുമായ മാർഗ്ഗത്തിൽകൂടി സഞ്ചരിച്ച്, അനുഭവംകൊണ്ട് ജനവിശ്വാസം ഉണ്ടാക്കേണ്ട ഒരു പദ്ധതിയാണ് സമുദായസേവനപ്രവർത്തനങ്ങൾ. അതുകൊണ്ട് സർവസമുദായമൈത്രിക്കു വിരുദ്ധമാണെന്നും, രാഷ്ട്രം നശിച്ചുപോകുമെന്നും, നെഹ്റുവിന് വിരോധമാണെന്നും മറ്റും പറഞ്ഞ് സമുദായസംഘടനകളെ എതിർക്കുന്നവരാണ് മേൽവിവരിച്ച തരക്കാർ. ഈ തെറ്റിദ്ധാരണയും എതിർപ്പും നായന്മാരുടെ ഇടയിൽ മാത്രമേയുള്ളു എന്നു പറയുന്നതു തെറ്റാണെങ്കിൽ, അവരിലാണ് അധികമുള്ളത് എന്നെങ്കിലും പറയാവുന്നതാണ്. മലബാറിലെ തീയർ എസ്.എൻ.ഡി.പി. സംഘടന അവരുടെ ഇടയിലും ഊർജ്ജിതമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. മുസ്ലീമുകൾ രാഷ്ട്രീയമുൾപ്പെടെ മുസ്ലീംലീഗ് സംഘടനവഴി അവരുടെ സമുദായസേവനവും രാഷ്ട്രീയകാര്യവും പരസ്യമായിത്തന്നെ നടത്തുന്നു. ഹരിജനങ്ങളെ ഗവണ്മെന്റു തന്നെ ഏറ്റെടുത്തിരിക്കയാണ്. ഇതെല്ലാം കഴിഞ്ഞാൽ ബാക്കിവരുന്നത് നായർസമുദായം മാത്രമാണ്. അവർ ഇന്നും ദഹിക്കാത്ത ആദർശം വിഴുങ്ങിയുംകൊണ്ട് മൂഢസ്വർഗ്ഗത്തിൽ ജീവിക്കുകയാണ്. സ്നേഹം എവിടെ നിന്നെങ്കിലും ഒന്നാരംഭിക്കണ്ടേ. അച്ഛനമ്മമാരേയും കുടുംബത്തേയും സ്നേഹിച്ച്, സ്വജനങ്ങളേയും സ്വന്തനാട്ടിനേയും സ്നേഹിച്ച്, ലോകവ്യാപകമായി സ്നേഹത്തെ വളർത്തിക്കൊണ്ടുവരികയല്ലാതെ, ചില സന്ന്യാസിമാരെപ്പോലെ 'അഖണ്ഡ സച്ചിദാനന്ദ ബ്രഹ്മത്തെ' ഒന്നായി സ്നേഹിക്കാമെന്നു പറയുന്നവരാണ് നമ്മുടെ പ്രമാണികളിൽ അധികംപേരും. അച്ഛനമ്മമാരെ സ്നേഹിക്കാത്തവരും, അവരെ പൂജിക്കാത്തവരും ആരെയും സേവിക്കാൻ പോകുന്നില്ല. അതുപോലെതന്നെയാണ് സ്വജനങ്ങളെ സ്നേഹിക്കയും സേവിക്കയും ചെയ്യാതെ, മനുഷ്യലോകത്തെ മുഴുവൻ സേവിക്കാൻ പുറപ്പെടുന്നവർ. പട്ടണവാസികളിലും പഠിപ്പുള്ളവരിലും അധികംപേരും എങ്ങനെയും സ്വന്തമായി കഴിഞ്ഞുകൂടാൻ കഴിവുള്ളവരായതുകൊണ്ടും, അതിൽകവിഞ്ഞ് ഒരു ചിന്തയും അവർക്കില്ലാത്തതുകൊണ്ടും സ്വജനചിന്ത എന്നൊന്ന് അവർക്കുണ്ടാകാതിരിക്കുന്നതാണ്. ഏതായാലും അനന്യശരണന്മാരായി സ്ഥിതിഗതികളെപ്പറ്റിയാതൊരു വിവരവും ഇല്ലാത്തവരായി ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാർ നായർസമുദായത്തിലെപോലെ മറ്റെങ്ങും കാണുകയില്ല. അവർക്കൊരു അവലംബവും ആശ്വാസവും ഉണ്ടാക്കുന്ന ജനസേവനമാണ് പ്രധാനമായി നായർ സർവീസ് സൊസൈറ്റി നടത്തുന്നത്. അതിനെപ്പറ്റി പട്ടണവാസികളോ പ്രമാണികളോ എന്തുതന്നെ വിചാരിച്ചാലും

നാട്ടിൻപുറത്തെ നായർസമുദായാംഗങ്ങൾ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്നു എന്ന് പാലക്കാടുതാലൂക്കും ഈ കുറച്ചുദിവസംകൊണ്ടുതന്നെ എനിക്കു ബോദ്ധ്യമുണ്ടാക്കീട്ടുണ്ട്. മലബാറിലെ നായരും നായരായതുകൊണ്ട്, മലബാറിന്റെ ഏതുഭാഗത്തുപോയാലും ഈ അനുഭവംതന്നെ ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. സർവീസ് സൊസൈറ്റിയുടെ ഏതാനും ദിവസത്തെ പ്രവൃത്തി പാലക്കാട്ടു താലൂക്കിൽ ഫലപ്രദമായിത്തന്നെ പരിണമിച്ചു. അന്നു വൈകിട്ട്, പാലക്കാട്ടു ടൗണിന്റെ അടുത്ത ഒരു പ്രദേശത്തെ കരയോഗ യോഗത്തിൽ സംബന്ധിച്ചശേഷം, മദ്രാസിൽ നടക്കുന്ന ആവടി കോൺഗ്രസ് യോഗത്തിൽ സംബന്ധിക്കാൻ ടി.ബി.കെ. മേനോനും ഒരുമിച്ചു ഞാൻ തീവണ്ടിയിൽ പുറപ്പെട്ടു.

അദ്ധ്യായം - 23

നായർസമ്മേളനങ്ങൾ

സമ്മേളനം - 1

ആദികാലത്ത് നായർസമുദായപ്രവർത്തനം എന്നുപറഞ്ഞാൽ 'നായർസമ്മേളനങ്ങൾ' എന്നു മാത്രമായിരുന്നു, സ്ഥാപകന്മാരും മറ്റുള്ളവരും അർത്ഥമാക്കിയിരുന്നത്. ആണ്ടിൽ ഒരിക്കൽ ഏതെങ്കിലും ഒരു പട്ടണത്തിൽവച്ച് ഏതാനും നായർപ്രമാണികൾ കൂടി ചില പ്രസംഗങ്ങൾ ചെയ്യുക എന്നുള്ളതാണ് സമ്മേളനത്തിന്റെ ഉദ്ദേശ്യവും പരിപാടിയും. അത് പ്രയോജനമില്ലാത്തതല്ല. സമുദായവും സംഘടനയും എന്താണെന്നും, പണ്ടത്തെയും ഇന്നത്തെയും സ്ഥിതിഗതികൾക്കുള്ള വ്യത്യാസം എന്തുമാത്രമുണ്ടെന്നും, കാലഗതി അറിഞ്ഞു പ്രവർത്തിക്കാതെ നിന്നിടത്തുതന്നെ നിന്ന ഒരു കൂട്ടരായതുകൊണ്ട് നായന്മാർ പിന്തള്ളപ്പെട്ടുപോയിരിക്കുന്നു എന്നും സമുദായാംഗങ്ങളെ ധരിപ്പിച്ച്, അവരെ ഉറക്കത്തിൽനിന്നും കണ്ണുതുറപ്പിക്കാൻ ആ സമ്മേളനങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുംകൊണ്ടു മൂടിയിരുന്ന നായർസമുദായത്തിൽ, അല്പാല്പമായിട്ടെങ്കിലും പരിഷ്ക്കാരചിന്താഗതി ഉണ്ടാക്കാൻ കാരണം ആ സമ്മേളനങ്ങളായിരുന്നു.

നായന്മാരുടെ ആദ്യസമാജം കേരളീയ നായർസമാജവും, ആദ്യ സമ്മേളനം അതിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവച്ച് മന്നത്തു കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനവും ആയിരുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അത് 1080-മാണ്ടിടയ്ക്കാണ്. നായർസമുദായസമ്മേളനചരിത്രത്തിന് അൻപതുകൊല്ലത്തിനുമേൽ പഴക്കമുണ്ട്. കേരളീയനായർസമാജത്തിന്റെ നിർദ്ദേശമനുസരിച്ച്, അവിടവിടെ അപൂർവം ചില കരയോഗങ്ങളുണ്ടായി. നായന്മാർ പരിഷ്കൃതസമ്പ്രദായപ്രകാരം യോഗം കൂടിയും പ്രസംഗിച്ചും പരിചയിച്ചിട്ടുള്ളവരല്ലാത്തതുകൊണ്ട്, അവരെ ഒരു പൊതുസ്ഥലത്ത് ഇന്നത്തെപ്പോലെ ഒരുമിച്ചു വിളിച്ചുകൂട്ടാൻ വളരെ പ്രയാസമായിരുന്നു. അതുകൊണ്ട് നായന്മാർ ഒരുമിച്ചുകൂടുന്ന ഉത്സവസ്ഥലങ്ങളിൽ പ്രസരിപ്പുള്ള അപൂർവം ചില നായർയുവാക്കന്മാർ ചെന്ന്, ആൽത്തറമേൽ കേറിനിന്ന് പ്രസംഗിക്കുമായിരുന്നു. അതു മിക്കവാറും ക്രിസ്ത്യാനികളുടെ മതപരിവർത്തനത്തെ എതിർത്തുകൊണ്ടുള്ളതായിരുന്നു. അന്ന് ക്രിസ്ത്യാനികൾ ഇന്നത്തെപ്പോലെ സംഖ്യാബലത്തിലോ പ്രാബല്യത്തിലോ ഗണനീയന്മാരല്ലാതിരുന്നതിനാൽ, മതപരിവർത്തനപ്രചാരണപ്രസംഗങ്ങൾ അപൂർവം ഉത്സവസ്ഥലങ്ങളിൽ മാത്രം ചെയ്യാനേ ധൈര്യപ്പെട്ടുള്ളു. അവരുടെ തമ്പേറും റബേക്കയുമായുള്ള ഉപദേശിപ്രസംഗം ആരെയും ആകർഷിക്കത്തക്കതല്ലെങ്കിലും ഹിന്ദുക്കൾക്ക് ദുസ്സഹത ഉണ്ടാക്കുന്നതായിരുന്നു. ഒന്നിനെപ്പറ്റിയും പറയത്തക്ക പാണ്ഡിത്യമോ വിവരമോ ഇല്ലാത്ത ഉപദേശിമാ

രുടെ 'വയറുപിഴപ്പൻ പ്രസംഗം' ഇന്ന് ആരും കാര്യമായി കരുതിയില്ലെങ്കിലും 'അക്ഷരശൂന്യന്മാരും മൃതഗുല്യന്മാരുമായി തീണ്ടൽനിമിത്തം ദൂരതഃപരിവർജ്ജിക്കപ്പെട്ടിരുന്ന' ഹിന്ദുസമുദായത്തിലെ അടിത്തട്ടിൽ ഉടമസ്ഥരില്ലാതെ കിടന്ന പുലയർ, പറയർ ആദിയായ ബഹുലക്ഷം ആളുകളെ മറ്റൊരു സമുദായമാക്കിത്തീർക്കാൻ പര്യാപ്തമായിരുന്നു. ഉയർന്ന ഹിന്ദുക്കൾ അതു മനസ്സിലാക്കിയിരുന്നില്ല. അവരുടെ വൃത്തിഹീനമായ മാടങ്ങളിലും കാട്ടിൻനടുവിലും ചെന്ന് രഹസ്യമായി നടത്തിയ ഹിന്ദുമത വിദ്വേഷപ്രചരണവും ക്രിസ്തുമതമഹത്വസ്ഥാപനവും ഹിന്ദുക്കളുടെ നാരായവേരുപറിക്കുന്നതാണെന്നറിയാൻ, ഉടമസ്ഥരില്ലാത്ത ഹിന്ദുക്കൾക്ക് ആരാണുള്ളത്. അവരുടെ പ്രചരണത്തിന്റെ ഫലമായി വേഷംമാറി പുറത്തേക്കുവന്നവരാണ് ഇന്നത്തെ ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും. വിഗ്രഹാരാധന ചെയ്യുന്ന അവർ ഹിന്ദുക്കളുടെ വിഗ്രഹാരാധനയെ അധിക്ഷേപിക്കയും, നമ്മുടെ അവതാരപുരുഷന്മാരെ അപമാനിക്കുകയുംചെയ്യുന്ന ഉപദേശിമാരുടെ ഉത്സവപ്രസംഗം ആണ്ടിലൊരിക്കൽ നടക്കുന്നതേയുള്ളു എന്നും, അതുകൊണ്ട് ദോഷമൊന്നും വരാനില്ലെന്നും നാം വിശ്വസിച്ചുകൊണ്ട് അടങ്ങിയിരുന്നു. ക്രിസ്ത്യാനിക ളുടെ വിദ്യാശാലാസ്ഥാപനത്തിന്റെയും ദീനശുശ്രൂഷയുടേയും മറ്റും അടിയിൽ മതപരിവർത്തനമാണ് ഒളിച്ചുകിടക്കുന്നതെന്ന് ഹിന്ദുക്കളും മറ്റാരും അന്നത്ര ധരിച്ചിരുന്നില്ല. ഉപദേശിമാരുടെ വെറുപ്പുണ്ടാക്കുന്ന പ്രസംഗം നിഷ്പ്രയോജനം എന്നു കരുതി അവഗണിക്കപ്പെടുകമാത്രം ചെയ്തു.

ഉപദേശിമാരുടെ ഹിന്ദുമതവിദ്വേഷപ്രസംഗം കേട്ട് ദുസ്സഹനായി യുക്തിവാദികളിൽ അഗ്രഗണ്യനായ ചട്ടമ്പിസ്വാമികൾ, 'ക്രിസ്തുമതഖണ്ഡനം' എന്നൊരു വിശിഷ്ടഗ്രന്ഥം എഴുതി പ്രസിദ്ധീകരിക്കേണ്ടിവന്നിട്ടുണ്ട്. അതിനെ അടിസ്ഥാനമാക്കി കരുവാ കൃഷ്ണൻ ആശാൻ എന്നൊരു ഈഴവപ്രമാണിയും പല പ്രസംഗങ്ങൾ ചെയ്തിട്ടുമുണ്ട്. അവരുടെ പ്രസംഗങ്ങൾ ഉപദേശിമാരെ ഓടിക്കത്തക്കതായിരുന്നു. ഈ വസ്തുത പറയുന്നത് ഇന്നുള്ള ക്രിസ്ത്യാനികൾക്ക് ഹിതമുള്ളതായിരിക്കയില്ല. വടക്കേ ഇൻഡ്യയിൽ ക്രിസ്ത്യൻ മിഷനറിമാർ കൂട്ടത്തോടെ ചെന്ന്, വിദ്യാശാലാസ്ഥാപനവും ദീനശുശ്രൂഷയും ഉൾപ്പെടെയുള്ള ശ്രമംകൊണ്ട് മതപരിവർത്തനം ചെയ്യുന്നു എന്ന് ഈയിടെ പരാതി ഉണ്ടായപ്പോൾ, അവിടുത്തെ ഗവണ്മെന്റ് അന്വേഷണത്തിന് ഒരു കമ്മറ്റിയെ നിയമിച്ചു. ഒരു ക്രിസ്ത്യാനി ഉൾപ്പെടെ ഐകകണ്ഠ്യേന പാസ്സാക്കി സമർപ്പിച്ച നിയോഗീ റിപ്പോർട്ടിൽ, അവിടുത്തെ മതപരിവർത്തനശ്രമത്തെയും, പാഠശാലകളും ആതുരശാലകളും മുഖാന്തിരമുള്ള ദുർവ്യാപാരങ്ങളെയുംപറ്റി തെളിവിനെ അടിസ്ഥാനമാക്കി ചിലതെല്ലാം എഴുതിയിരുന്നു. ഈ അടുത്തകാലത്തുണ്ടായ ഭൂകമ്പം ആ നേരു പറഞ്ഞതിനായിരുന്നു. ആർച്ചുബിഷപ്പന്മാരുടേയും ബിഷപ്പന്മാരുടേയും പാതിരിമാരുടേയും കന്യാസ്ത്രീകളുടേയും അൽമേനിമാരുടേയും ഒരേ സ്വരത്തിൽ ഉണ്ടായ ആക്രമണംകൊണ്ട് നമ്മെ ശ്വാസംമുട്ടിച്ച കാര്യം ഹിന്ദുവാരായാലും മറക്കാൻ കാലമായിട്ടില്ലല്ലോ. അതുസംബന്ധിച്ച് വടക്കേ

ഇൻഡ്യയിലേക്കാൾ ശബ്ദം മുഴങ്ങിയത് കേരളത്തിലാണ്. ഇന്ത്യൻ ക്രിസ്ത്യാനികളിൽ പകുതിയിലധികം ഇവിടെ ആയതുകൊണ്ട്, മുഴക്കം കൂട്ടാനുള്ള സൗകര്യം ഇവിടെത്തന്നെയാണ്. അവരാരും വസ്തുത അന്വേഷിച്ചറിഞ്ഞവരല്ല. അവരുടെ മതപ്രചരണത്തിനു ബാധകമാകുന്ന കാര്യമായതുകൊണ്ട് നേരന്വേഷിക്കേണ്ട ആവശ്യമില്ല. നിയോഗിയെ കൊല്ലാതെവിട്ടത് അദ്ദേഹത്തിന്റെ ആയുസ്സിന്റെ വലുപ്പംകൊണ്ടാണ്. ഞാൻ ക്രിസ്ത്യാനികളുടെ മതാഭിമാനത്തെ മാനിക്കുന്നു. അവരുടെ മതപ്രചരണരംഗത്ത് സത്യാന്വേഷണത്തിനു സ്ഥാനമില്ലെന്ന് ബിഷപ്പന്മാരും മറ്റും പുതുതായി നിശ്ചയിച്ചതല്ല. അതുകൊണ്ട് അവരുടെ കോലാഹലങ്ങളെ ക്ഷമാപൂർവം നോക്കിയിരിക്കുന്നതിൽ തെറ്റില്ലെന്നാണ് മറ്റു ഹിന്ദുവിനെപ്പോലെ എന്റെയും അഭിപ്രായം.

എന്നാൽ നിയോഗി റിപ്പോർട്ട് എന്താണെന്ന് അന്വേഷിക്കപോലും ചെയ്യാതെ, ക്രിസ്ത്യാനികളുടെ ആയുധമായിത്തീർന്ന് റിപ്പോർട്ടിനെ എതിർക്കാൻ തയ്യാറായ ഹിന്ദുപ്രമാണികളെപ്പറ്റി വ്യസനിക്കാതെ നിവൃത്തിയില്ല. ചെയ്യുന്ന പ്രവൃത്തികളുടെ ഫലമെന്തെന്നറിയാതെ മതകാര്യത്തിനായാലും രാജ്യകാര്യത്തിനായാലും അന്യന്മാരുടെ ആയുധമായി നിന്നുകൊണ്ട് ആത്മഹത്യാപരമായി പ്രവർത്തിക്കുന്നവരെ, ഹിന്ദുസമുദായത്തിലെപോലെ മറ്റൊരു സമുദായത്തിലും കാണുകയില്ല. ശത്രുമിത്രഭേദംകൂടാതെ 'ലോകാസമസ്താ സുഖിനോഭവന്തു' എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ചിട്ടുള്ള ഹിന്ദുമതം വിശ്വസിക്കുന്ന ഒരുവനാണ് ഞാനും. അതുകൊണ്ട്, ആ തരം ഹിന്ദുവിനെപ്പറ്റി എത്രത്തോളം കുറ്റം പറയാമെന്ന് നിശ്ചയമില്ല. ഏതായാലും ബീഹാറിൽ നടന്ന കാര്യത്തിന് ഇൻഡ്യയിലെ ക്രിസ്ത്യാനി അനാവശ്യമായി ഒന്നായിനിന്ന് കൂട്ടമിട്ട് ശബ്ദമുയർത്തിയപ്പോൾ, മതവിദ്വേഷത്തിനുവേണ്ടിയല്ലാതെതന്നെ സത്യപ്രസ്താവനയ്ക്കുവേണ്ടി എങ്കിലും ഹിന്ദുക്കൾ ഒന്നായിനിന്ന് വസ്തുത തുറന്നുപറയേണ്ടതായിരുന്നു. അതു ചെയ്തില്ലെന്നു മാത്രമല്ല, സത്യം പറഞ്ഞ യേശുക്രിസ്തുവിനെ കുരിശിൽ തറച്ച കൂട്ടരുടെ പിൻഗാമികൾക്കു പിന്തുണ നിന്നുകൊണ്ട്, നീതിമാനും സത്യസന്ധനുമായ നിയോഗിയെ കൊല്ലാക്കൊല ചെയ്യുകകൂടി ചെയ്തു. അത് അക്ഷന്തവ്യമാണെന്നു പറയാതിരിക്കാൻ എന്തായാലും സാദ്ധ്യമല്ല. അത്തരം ഹിന്ദുക്കളാണ് ഇല്ലാതാകേണ്ടത്.

പ്രസംഗരംഗത്തേയ്ക്ക് നമ്മെ വിളിച്ചുണർത്തി കേറ്റിവിട്ടത് ഉപദേശിമാരാണെന്നും, ക്രിസ്ത്യാനികളുടെ പ്രാബല്യം മൂത്തപ്പോൾ ഹൈക്കോർട്ടു ജഡ്ജിയായിരുന്ന ആളിനുപോലും സത്യം പറയാൻ പാടില്ലെന്നുള്ള നിലയിൽവരെ നാം ചെന്നെത്തിയിട്ടുണ്ടെന്നും, വായനക്കാരെ മനസ്സിലാക്കാൻവേണ്ടി ഇവിടെ ഇത്രയും പ്രസ്താവിച്ചതാണ്.

നായർസമാജംമൂലം യോഗം കൂടാനും, യോഗസമക്ഷം സംസാരിക്കുന്ന രീതി മനസ്സിലാക്കാനും സാധിച്ചു. ആദ്യകാലങ്ങളിൽ സ്ത്രീകൾ യോഗങ്ങളിൽ പങ്കുകൊള്ളാൻ അവകാശമോ ആവശ്യമോ ഉള്ളവരാണെന്ന് അവരും മറ്റുള്ളവരും ധരിച്ചിരുന്നില്ല. സമുദായകാര്യങ്ങളും പൊതു

ക്കാര്യങ്ങളും പുരുഷന്മാരുടെ അധികാരാവകാശങ്ങളിൽപെട്ടതുമാത്രമാ യിരുന്നു എന്നുള്ള വിശ്വാസവും നടപ്പുമാണ് അന്നുണ്ടായിരുന്നത്. ക്രമേണ അതു മാറിയത് ഇന്നത്തെ വിദ്യാഭ്യാസപ്രചരണത്തോടുകൂടി യാണ്. നായർസമുദായത്തിനിടയിൽ സ്ത്രീകളുടെ ഈ മനോഭാവത്തിന് മാറ്റംവരുത്തി, സമുദായരംഗത്തും സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സ്ഥാനമുണ്ടെന്ന് മനസ്സിലാക്കിക്കൊടുക്കുകയും, അത് നടപ്പിൽ വരുത്തു കയും ചെയ്തത് നായർ സർവീസ് സൊസൈറ്റിയാണ്. അതിനുള്ള വഴി തെളിക്കാൻ സാധിച്ചത് നായർസമ്മേളനം മൂലവുമാണ്.

ആദ്യമുണ്ടായ കേരളീയ നായർസമാജം തിരുവനന്തപുരത്തു കൂടി അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ, നേതൃത്വവടംവലി ആരം ഭിച്ചതുകൊണ്ട് കൊല്ലംതോറും നടത്താമെന്നു വിചാരിച്ച സമ്മേളനംത ന്നെയും മുടങ്ങാതെ നടത്താൻ സാധിച്ചില്ല. കീരിക്കാട്ടുവച്ചാണെന്നു തോന്നുന്നു, അടുത്ത ഒരു സമ്മേളനം നടന്നത്. അതും വേണ്ടവണ്ണമോ രമ്യമായോ നടന്നു എന്നു പറഞ്ഞുകൂടാ. തൃശൂർവച്ചാണ് അതിന്റെ അവ സാനയോഗം കൂടിയ തെന്നു പറഞ്ഞാൽ തെറ്റില്ല. പിന്നീട് കേരളീയ നായർസമാജത്തിന്റെ പേരിൽ കൊല്ലത്തും പരവൂരും ആറ്റിങ്ങലും ചില സമ്മേളനങ്ങൾ നടന്നെങ്കിലും, അതെല്ലാം കക്ഷിമാത്സര്യത്തിന്റെ ജയാ പജയങ്ങൾ വെളിപ്പെടുത്താൻ പര്യാപ്തമായവ എന്നുള്ളതിൽ കവിഞ്ഞ് സമുദായത്തിന് യാതൊരു പ്രയോജനവും ഉണ്ടാക്കാൻ ഉദ്ദേശിക്കപ്പെ ട്ടവ ആയിരുന്നില്ല. ആളോഹരിഭാഗത്തെ എതിർക്കാൻവേണ്ടി കൂടിയതും, ഭാരവാഹികളുടെ ഉദ്ദേശ്യങ്ങൾക്കെതിരായി ആളോഹരിഭാഗമാണാവശ്യ മെന്നു പാസ്സാക്കാൻ ഇടയായതുമായ സമ്മേളനമാണ് യഥാർത്ഥത്തിൽ കേരളീയ നായർസമാജത്തിന്റെ അവസാനത്തെ സമ്മേളനം. അതിന്റെ ശേഷം അത് ഇന്നുവരെ ശബ്ദിച്ചിട്ടില്ല, ശ്വാസം വിട്ടിട്ടില്ല.

നായന്മാർക്കു പൊതുവിൽ അവകാശപ്പെട്ടതെന്നു വിശ്വസിച്ചി രുന്ന കേരളീയ നായർസമാജവും, നേതാക്കന്മാരുടെ ഇടയിലെ കക്ഷി മാത്സര്യം നിമിത്തം പിണങ്ങി പിരിഞ്ഞുപോയവർ ഉണ്ടാക്കിയ സമസ്ത നായർസമാജവും, വാസ്തവത്തിൽ ഒരടിസ്ഥാനമോ സംഘടനയോ ഉള്ള തായിരുന്നില്ല.

കേരളീയ നായർസമാജത്തിൽനിന്നും പിരിഞ്ഞുപോന്നവർ താൽക്കാലികാവശ്യത്തിനുവേണ്ടി സ്ഥാപിച്ചതെന്നുള്ളതിൽ കവിഞ്ഞ് അതിനെപ്പറ്റിയും ഒന്നും പറയാനില്ല. അതിനും ഒരു അടിസ്ഥാനമോ പരി പാടിയോ പ്രവർത്തകരോ ഉണ്ടായിരുന്നില്ല. അതിന് അടിസ്ഥാനമായ ആദ്യത്തെ സമ്മേളനം ചങ്ങനാശ്ശേരിയിൽ വിളിച്ചുകൂട്ടിയത് നായർ സർവീസ് സൊസൈറ്റി പ്രവർത്തകർ ആയിരുന്നു. അതിൽകവിഞ്ഞൊരു ബന്ധവും സർവീസ് സൊസൈറ്റിക്ക് അതുമായി ഉണ്ടായിരുന്നില്ല. പിന്നെ ചില സമ്മേളനങ്ങൾ നടന്നത് അതതു നാട്ടുകാരുടെ ചുമതലയിൽ ആയി രുന്നു. 92-ൽ മാന്നാത്തുവച്ചും, 93-ൽ അയിരൂർവച്ചും ആ പേരിൽ ഓരോ സമ്മേളനം അതതു നാട്ടുകാർ നടത്തി. അയിരൂരെ സമ്മേളനം കേര ളീയ നായർസമാജവും, സമസ്തകേരള നായർസമാജവും തമ്മിൽ ഒരു

രാജിയുണ്ടാകണമെന്നുള്ള താൽപര്യത്തിൽ ഇരുകക്ഷികളിലെയും ഏതാനും പ്രമാണികൾ ചേർന്നുള്ളതായിരുന്നു. പ്രമാണികളുടെ പിണക്കം തീരുകയും, നേതാവാകാനുള്ള മാത്സര്യം വിടുകയും ചെയ്യുക എന്നുള്ളതിൽ കവിഞ്ഞ് യോജിപ്പിനും വിയോജിപ്പിനും കാര്യമില്ലായിരുന്നു. പ്രമാണികളുടെ സുഖക്കേട് അത്രവേഗം മാറുന്നതല്ലാത്തതുകൊണ്ട്, അവർ പ്രസംഗംകഴിഞ്ഞ് വന്നതുപോലെ മടങ്ങിപ്പോയി.

പിന്നീട് ആ പേരിൽ ഒരു സമ്മേളനവും നടന്നു എന്നു പറയാനില്ല. 98-ൽ അമ്പലപ്പുഴവച്ച് ഒരു സമ്മേളനം നടന്നിട്ടുണ്ട്. അത് ഒന്നിന്റെയും ആഭിമുഖ്യത്തിൽ എന്നു പറഞ്ഞുകൂടാ. നായർ റഗുലേഷൻ ഭേദഗതികളെപ്പറ്റി സമുദായത്തിനുള്ള അഭിപ്രായം രേഖപ്പെടുത്തി ആളോഹരിഭാഗവും മക്കത്തായവും വേണമെന്ന് 1096-ൽ മരുതംകുഴി സമ്മേളനം നിശ്ചയം പാസ്സാക്കിയിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി നായർ റഗുലേഷൻ ഭേദഗതിബിൽ അസംബ്ലിയിൽ ഹാജരാക്കി, വാദപ്രതിവാദത്തിൽ ഇരിക്കുന്ന കാലമാണത്. ഭാഗത്തെപ്പറ്റിയും നായരേതരവിവാഹബന്ധത്തേയും അവകാശങ്ങളേയുംപറ്റിയും, തീക്ഷ്ണമായ അഭിപ്രായാന്തരങ്ങൾ ഓരോ കക്ഷിയും നാടൊട്ടുക്കു പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അവയെ എല്ലാം കൂലങ്കഷമായി പരിശോധിച്ച്, സമുദായത്തിന്റെ അവസാന തീരുമാനം ഗവണ്മെന്റിനേയും നിയമസഭാംഗങ്ങളേയും ധരിപ്പിക്കാൻ കൂടിയ ഒരു നായർസമ്മേളനമായിരുന്നു അമ്പലപ്പുഴവച്ചു നടന്നത്. എൻജിനീയർ മഞ്ചനാമഠത്തു പരമേശ്വരൻപിള്ള ആളോഹരിഭാഗത്തിന് അനുകൂലിയായിരുന്നെങ്കിലും, അല്പം രക്ഷാമാർഗ്ഗങ്ങളോടുകൂടി വേണമെന്നുള്ള വ്യത്യസ്താഭിപ്രായക്കാരനായിരുന്നു. പറയത്തക്ക ദോഷമില്ലാത്ത ആ മാറ്റം യോജിപ്പിനുവേണ്ടി സമ്മതിക്കണമെന്നുള്ള അഭിപ്രായക്കാരായിരുന്നു ഞങ്ങളിൽ ചിലരെല്ലാം. ചങ്ങനാശ്ശേരിയായിരുന്നു യോഗാദ്ധ്യക്ഷൻ. ബില്ലിൽ ഒരു മാറ്റവും വരുത്താതെ പാസ്സാക്കണമെന്നുള്ള പ്രമേയം നിയമപണ്ഡിതനും സാഹിത്യകേസരിയുമായിരുന്ന പി.കെ. നാരായണപിള്ളയാണ് ഹാജരാക്കിയത്. അദ്ദേഹത്തിന്റെ വചോവിലാസം സദസ്യരെ ആകർഷിക്കത്തക്കതായിരുന്നു. എൻജിനീയർ പരമേശ്വരൻപിള്ളയുടെ അഭിപ്രായപ്രകാരമുള്ള ഭേദഗതി സ്നേഹിതന്മാരിൽ പലരുടേയും താൽപര്യപ്രകാരം ഞാനാണ് ഹാജരാക്കിയത്. എന്റെ വിശദീകരണങ്ങളും ന്യായവാദങ്ങളും ഹൃദയസ്പർശിയായിരുന്നതുകൊണ്ടായിരിക്കാം, ബഹുഭൂരിപക്ഷം ആളുകളും പ്രമേയപ്രയോക്താവിന്റെയും എന്റെയും ഘനാഘനങ്ങളെ നോക്കാതെ ഭേദഗതിക്കനുകൂലമായി വോട്ടുചെയ്തത്. ഭേദഗതി പാസ്സായതിൽ പ്രാമാണ്യചിന്തയുള്ള പലർക്കും അസുഖമുണ്ടായി. അതനുസരിച്ചുള്ള ഭേദഗതി ബില്ലിൽ വരുത്തിയതുമില്ല. 98-നുശേഷം അഞ്ചാറുകൊല്ലത്തേക്ക് നായർസമ്മേളനമേ കൂടിയിട്ടില്ല. ആവശ്യമില്ലാഞ്ഞിട്ടല്ല, ചുമതലക്കാരില്ലാഞ്ഞിട്ടാണ്. കേരളീയ നായർസമാജവും സമസ്തകേരള നായർസമാജവും, പ്രമാണികളുടെ നേതൃത്വമത്സരം നിമിത്തം അങ്ങിനെ അവസാനിച്ചു. മാത്സര്യപ്രകടനത്തിനു രംഗം കാണാതെ വിഷമിച്ച നേതാക്കന്മാരുടെ ദൃഷ്ടിയിൽ

പെടാൻ നായർസമുദായത്തിന് ഏകസ്ഥാപനമേ ബാക്കിയുണ്ടായിരുന്നുള്ളു. അത് നായർ സർവീസ് സൊസൈറ്റിയല്ലാതെ മറ്റൊന്നുമല്ലായിരുന്നു. അതിന്റെ പ്രവർത്തനം പട്ടണങ്ങളിലും പ്രമാണികളുടെ ഇടയിലും അല്ലാതിരുന്നതുകൊണ്ട്, അവരുടെ കയ്യാങ്കളിക്കു വിധേയമല്ലായിരുന്നു. അതിന്റെ പ്രവൃത്തി, സമുദായസേവനംകൊണ്ട് പ്രയോജനമുള്ള നാട്ടിൻപുറങ്ങളിലെ സാധാരണന്മാരുടേയും സാധുക്കളുടേയും ഇടയിലായിരുന്നതുകൊണ്ട്, പ്രമാണികളുടെ മത്സരക്കൊടുങ്കാറ്റൊന്നും ആ താഴ്വാരങ്ങളിൽ വന്നെത്താൻ സാധിച്ചില്ല. സമുദായസേവനമല്ലാതെ സമുദായനേതൃത്വത്തെപ്പറ്റി സർവീസ് സൊസൈറ്റി ഒരുകാലത്തും ചിന്തിച്ചിട്ടേയില്ല. നേതൃത്വം വേണ്ടെങ്കിലും, സമുദായത്തിന്റെ വിശ്വാസം സേവനംകൊണ്ടു സമ്പാദിക്കണമെന്നുള്ളത് അതിന്റെ അടിസ്ഥാനധർമ്മങ്ങളിൽപെട്ടതായിരുന്നു. അത് ഈ കുറഞ്ഞകാലംകൊണ്ട് അവകാശമുള്ളതിലും ആശിക്കാവുന്നതിലും അധികം സമ്പാദിക്കയും ചെയ്തു.

അദ്ധ്യായം - 24

എൻ.എസ്.എസ്. സമ്മേളനങ്ങൾ

കാരണം എന്തായാലും നായർസമ്മേളനം ഇല്ലാതായിട്ട് നാല ഞ്ചുകൊല്ലം കഴിഞ്ഞു. അപ്പോഴാണ് സമ്മേളനംകൊണ്ടുള്ള പ്രയോജനം മനസ്സിലായത്. സമുദായാംഗങ്ങളുടെ ഇടയിൽ നാമ്പെടുത്തുവന്ന ഉണർവും ഊർജ്ജസ്വലതയും സമുദായബോധവും അന്യോന്യബന്ധവും വേനൽക്കാലനദീപ്രവാഹംപോലെ നിർജ്ജീവമായിത്തീർന്നു. നായർസ മ്മേളനം നടത്താൻ ഉടമസ്ഥരില്ലാതായി. കേരളീയ നായർസമാജവും, സമസ്തകേരള നായർസമാജവും സമ്മേളനം നടത്താൻ ആലോ സ്വാധീ നമോ ഇല്ലാത്ത ചരിത്രവസ്തുക്കളായിത്തീർന്നു എന്നു ഞാൻ പ്രസ്താ വിച്ചിട്ടുണ്ടല്ലോ. ബഹുജനങ്ങളുടെ ദൃഷ്ടിയിൽ ഏതെങ്കിലും ഒരു രൂപ ത്തിൽ കാണാനുണ്ടായിരുന്നത് നായർ സർവീസ് സൊസൈറ്റി മാത്ര മായിരുന്നു. അതുകൊണ്ട് അവർ സർവീസ് സൊസൈറ്റിയെ സമീപി ക്കുകയും, സമ്മേളനം നടത്താൻ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്തിരുന്നു. എന്നിട്ടും അതു വിഷമമേറിയ ഒരു ചുമതലയായതു കൊണ്ട് സർവീസ് സൊസൈറ്റി അല്പം മടിച്ച് ഒതുങ്ങിനില്ക്കുകതന്നെ ചെയ്തു. ആ നില്പിനെ ആളുകൾ കുറ്റപ്പെടുത്തിത്തുടങ്ങി. അപ്പോഴാണ് കരുവാറ്റാ എൻ.എസ്.എസ്. സ്കൂളിനു പുതുതായി പണിത രണ്ടുനില ക്കെട്ടിടത്തിന്റെ ഉദ്ഘാടനം, മോടിയിൽ നടത്താനുള്ള ആവശ്യം നേരിട്ട ത്. അതിനെ തുടർന്ന് വൻതോതിൽത്തന്നെ ഒരു നായർമഹാസമ്മേളനം നടത്താൻ തീരുമാനിച്ചു.

ഒന്നാം സമ്മേളനം

കരുവാറ്റാ

104 മേടം 17-ാം തീയതിയാണ് കരുവാറ്റാ എൻ.എസ്.എസ്. ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം ദിവാൻ എം.ഇ. വാട്സി നെക്കൊണ്ടു നടത്തിച്ചത്. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ വമ്പിച്ചതോ തിൽ അതുസംബന്ധിച്ച് ഒരു മഹാസമ്മേളനവും നടന്നു. അന്ന് വിപുല മായ നിലയിൽത്തന്നെ വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു. അയ്യായിര ത്തിലധികം ആളുകൾക്ക് ഇരിക്കാൻ സൗകര്യമുള്ള മൂന്നുനില പന്തൽ ഭംഗിയിൽ കെട്ടി അലങ്കരിച്ചിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇരി ക്കാൻ പ്രത്യേകം സ്ഥലം നിർണ്ണയംചെയ്തു. നായരുടെ വംശചരിത്രം കുറിക്കുന്നതും, നേതാക്കന്മാരുടെ മഹത്വം സ്മരിക്കുന്നതുമായ മഹദ്വ ചനങ്ങൾ, വലിയ അക്ഷരങ്ങളിൽ എഴുതിയ ബോർഡുകൾ പന്തലിന്റെ പല ഭാഗങ്ങളിൽ വച്ചു. പത്രറിപ്പോർട്ടറന്മാർക്ക് പ്രത്യേക സൗകര്യങ്ങൾ

ഏർപ്പെടുത്തി. എല്ലാ ഒരുക്കങ്ങളും പൂർത്തിയായശേഷം രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്ന ബഹുജനസമക്ഷം വിജയപൂർവം നടന്ന ഉദ്ഘാടനസമ്മേളനത്തെ തുടർന്ന്, മേടം 18-ം, 19-ം, 20-ം തീയതികളിൽ നായർ മഹാസമ്മേളനവും നടത്താൻ വേണ്ട വ്യവസ്ഥ ചെയ്തിരുന്നു.

98-നുശേഷം കൂടുന്ന ആദ്യത്തെ നായർ മഹാസമ്മേളനമാണ ത്. നായർ സർവീസ് സൊസൈറ്റിയുടെ നേരിട്ടുള്ള ചുമതലയിൽ നട ത്തുന്ന ആദ്യത്തെ മഹാസമ്മേളനവും അതുതന്നെയായിരുന്നു. കൊല്ലം തോറും നായർ മഹാസമ്മേളനം കൂടാൻ ജനസാമാന്യത്തിന് എത്ര അധികം ആഗ്രഹമുണ്ടായിരുന്നു എന്ന് കരുവാറ്റാ സമ്മേളനത്തിൽ തടി ച്ചുകൂടിയ ജനസംഘവും അവരിൽകണ്ട ആവേശവും വെളിപ്പെടുത്തി. പന്തലിലേക്കുള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും പ്രവാഹം ആളു കളെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു.

നായർസമ്മേളനാദ്ധ്യക്ഷനായി മദ്രാസിൽനിന്നും വന്നത് സി. ഗോപാലമേനോൻ എന്ന വ്യവസായപ്രമുഖനായിരുന്നു. അദ്ദേഹത്തെ പ്പോലെ വ്യവസായ വൈദഗ്ദ്ധ്യമുള്ള ആളുകൾ നായർസമുദായത്തിൽ അപൂർവമായിരുന്നതുകൊണ്ടാണ് അദ്ദേഹത്തെത്തന്നെ അദ്ധ്യക്ഷനായി വരുത്തണമെന്നു തീരുമാനിച്ചത്. വ്യവസായരംഗത്ത് സ്വന്തപരിശ്രമം കൊണ്ട് വലിയ നിലയിൽ എത്തിയ ഒരാളാണദ്ദേഹം. വ്യവസായരംഗത്ത് പുറംതള്ളപ്പെട്ടു കിടക്കുന്ന നായർസമുദായത്തിലെ യുവജനങ്ങൾക്ക് ആ വിഷയത്തിൽ മാതൃകാജീവിതംകൊണ്ടുയർന്നുവന്ന അദ്ദേഹത്തേക്കാൾ വലിയ ഒരുപദേഷ്ടാവിനെ ചൂണ്ടിക്കാണിക്കാനില്ലായിരുന്നു. ശ്രീ. ഗോപാ ലമേനോൻ അദ്ദേഹത്തിന്റെ കൃത്യം സ്തുത്യർഹമാംവണ്ണം നിറവേറ്റു കതന്നെ ചെയ്തു. സ്വാഗതസംഘാദ്ധ്യക്ഷൻ എൻ.എസ്.എസ്. പ്രസി ഡന്റ് വൈക്കം രാമകൃഷ്ണപിള്ളയായിരുന്നു.

സ്ത്രീസമ്മേളനാദ്ധ്യക്ഷ ശ്രീമതി തോട്ടയ്ക്കാട്ടു മാധവിയ മ്മയും. എറണാകുളത്തെ സുപ്രസിദ്ധ തറവാടായ തോട്ടയ്ക്കാട്ടുഭവന ത്തിലെ ഇക്കാവമ്മയുടെ പുത്രിയാണ് ഇവർ. സുഭദ്രാന്തർജ്ജനം നാട കമെഴുതിയ ഇക്കാവമ്മയുടെ പേരു കേൾക്കാത്തവർ കേരളത്തിൽ ആരു മുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. സാഹിത്യവിഷയത്തിൽ അമ്മയുടെ വാസന പുത്രിയിലും കലർന്നിരുന്നതുകൊണ്ട് അവരും ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കൊച്ചീരാജ്യത്തെ അസംബ്ലിയിലെ ഒന്നാമത്തെ സ്ത്രീമെ മ്പർ ശ്രീമതി മാധവിയമ്മയായിരുന്നു. അവരുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്ത്രീസമ്മേളനം, ഈ രാജ്യത്ത് അതുവരെ കൂടിയിട്ടുള്ള ഏതു സ്ത്രീ സമ്മേളനത്തേയും അതിശയിക്കത്തക്കതായിരുന്നു. സമുദായകാര്യങ്ങ ളിൽ സ്ത്രീകളും പങ്കാളികളാകാനുള്ള ബാദ്ധ്യത അവർ ഒട്ടൊക്കെ അറി ഞ്ഞുകഴിഞ്ഞു എന്ന് സ്ത്രീകൾ തിങ്ങിക്കൂടിയ ആ മഹാസദസ്സ് പ്രഖ്യാ പനം ചെയ്തു. 'മഹിളാമന്ദിരമാതാവ്' എന്ന അപരാഭിധാനത്താൽ അറി യപ്പെടുന്ന ശ്രീമതി കെ. ചിന്നമ്മയായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷ.

സർവീസ് സൊസൈറ്റിയിലെ ഒരംഗമായ ആ മഹതിയെപ്പോലെ പൊതുക്കാര്യപ്രസക്തിയോ, ത്യാഗശീലമോ, സംഘടനാചാതുര്യമോ, ക്ലേശസഹിഷ്ണുതയോ ഉള്ള മറ്റൊരു സ്ത്രീയെ ഞാൻ കണ്ടിട്ടുണ്ടാവില്ല. ഒരു സ്ത്രീക്ക് ഈമാതിരി കാര്യങ്ങളിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനു തെളിവാണ് അവരാൽ സ്ഥാപിതമായ തിരുവനന്തപുരത്തെ ഹിന്ദു മഹിളാമന്ദിരം. നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൂടിയ ആ നായർ മഹാസമ്മേളനത്തിലാണ്, ഉപസമ്മേളനങ്ങൾ ഏർപ്പെടുത്തിയതും അതിൽ സ്ത്രീസമ്മേളനം ഉൾപ്പെടുത്തിയതും. ആ വിധത്തിലുള്ള ഒന്നാമത്തെ സ്ത്രീസമ്മേളനത്തിൽ സ്വാഗതസംഘാദ്ധ്യക്ഷയാകാൻ എന്തുകൊണ്ടും അവകാശി ശ്രീമതി ചിന്നമ്മയായിരുന്നു. മരണംവരെ പൊതുജനസേവനം സ്തുത്യർഹമാംവണ്ണം നടത്തി വിജയം വരിച്ച ആ മഹതിയെ, അതുപോലെ പിന്തുടരാൻ നായർസമുദായത്തിൽ അപൂർവമായിപ്പോലും ആരേയും കാണാത്തത് വലിയ നിർഭാഗ്യംതന്നെയാണ്. എങ്കിലും ഇന്നത്തെ സെക്രട്ടറി ശ്രീമതി തങ്കമ്മ, സ്ഥാപകയുടെ ഉദ്ദേശ്യം അറിഞ്ഞ് ആ സ്ഥാപനത്തെ വളർത്തിക്കൊണ്ടുവരുന്നതിൽ നമുക്കു സന്തോഷിക്കാം. ശ്രീമതി കോന്നി മീനാക്ഷി അമ്മ എം.എ. മുതലായ വിദ്യാസമ്പന്നകളും ആ യോഗത്തിൽ ഹാജരാകയും പ്രസംഗിക്കയും ചെയ്തു. അങ്ങിനെ സ്ത്രീസമ്മേളനവും ഏറ്റവും വിജയപ്രദമായിത്തന്നെ നടന്നു.

ആ സമ്മേളനത്തിൽ നടന്ന സ്മരണീയമായ ഒരു വിശേഷസംഭവം എൻ.എസ്.എസ്സിലെ ഒരു പ്രമുഖവ്യക്തിയായ വാല്പറമ്പിൽ വേലായുധൻപിള്ള അയച്ച ഒരു കത്തായിരുന്നു. ശ്രീമതി ചിന്നമ്മ സ്ഥാപിച്ചതും അവരുടെ ഭരണത്തിൽ ഇരിക്കുന്നതുമായ മഹിളാമന്ദിരത്തിലെ അനാഥക്കുട്ടികൾക്ക് ഭക്ഷണത്തിനായി കൊല്ലംതോറും 365 പറ നെല്ല് പാട്ടംകിട്ടുന്ന വസ്തു മഹിളാമന്ദിരത്തിലേക്കു വിട്ടുതന്നിരിക്കുന്നു എന്നു വിവരിക്കുന്ന കത്തായിരുന്നു അത്. അദ്ദേഹത്തിന്റെ ഭവനം ചങ്ങനാശ്ശേരിയിലുള്ള വാഴപ്പള്ളിയിലാണെന്നും, സർവീസ് സൊസൈറ്റി സ്ഥാപകരിൽ ഒരാളാണ് അദ്ദേഹമെന്നും, സർവീസ് സൊസൈറ്റിയുടെ പ്രാരംഭഘട്ടത്തിൽത്തന്നെ ആയിരം രൂപയും പിന്നീടും പല ഘട്ടങ്ങളിലായി പല സംഖ്യകളും സംഭാവന ചെയ്തതിനും പുറമേ, ഇരുപതിനായിരം രൂപയോളം ചെലവുചെയ്ത് പെരുന്ന എൻ.എസ്.എസ്. ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് വേലായുധമന്ദിരം എന്ന പേരിൽ ഒരു വിദ്യാർത്ഥിമന്ദിരം പണിയിച്ചുകൊടുത്ത ആളാണെന്നും വായനക്കാർ അറിയേണ്ടതാണ്. അദ്ദേഹത്തിന്റെ എഴുത്ത് സദസ്യരെ ആകമാനം രോമാഞ്ചകഞ്ചുകിതമാക്കിത്തീർത്തു എന്ന് അവരുടെ ആഹ്ലാദപ്രകടനംകൊണ്ട് മനസ്സിലാക്കാൻ കഴിഞ്ഞു.

നായർ സമ്മേളനത്തോടനുബന്ധിച്ച് സ്ത്രീസമ്മേളനം കൂടാതെ വേറെ ചില സമ്മേളനങ്ങളും നടന്നു. അതിൽ ഒന്നാണ് വിദ്യാർത്ഥിസ

മ്മേളനം. അതിന്റെ അദ്ധ്യക്ഷൻ പ്രൊഫസ്സർ വി.കെ. അയ്യപ്പൻപിള്ള എം.എ. (ഓക്സൺ) ആയിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ ഹെഡ്മാസ്റ്റർ കൈനിക്കര കുമാരപിള്ളയും. മറ്റൊന്ന് കരയോഗസമ്മേളനമായിരുന്നു. അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചിരുന്നത് ആർ. ഈശ്വരൻപിള്ളയായിരുന്നു. അദ്ദേഹത്തിനു സുഖമില്ലാതിരുന്നതുകൊണ്ട് പ്രസംഗം എഴുതി അയച്ചുതന്നു. വൈക്കം രാമകൃഷ്ണപിള്ള ആദ്ധ്യക്ഷ്യം വഹിച്ച് ആ പ്രസംഗം വായിക്കുകയും, സഭാനടപടികൾ നിയന്ത്രിക്കുകയും ചെയ്തു. മറ്റൊന്ന് ഹിന്ദുസമ്മേളനം ആയിരുന്നു. രാമവർമ്മതമ്പുരാൻ ആദ്ധ്യക്ഷ്യം വഹിച്ചു. അദ്ദേഹം വിപ്ലവകാരിയായ ഒരുൽപതിഷ്ണു ആയിരുന്നു. ഈ തവണത്തെ സമ്മേളനത്തിൽ കക്ഷി-പ്രതികക്ഷി ചിന്താഗതി കൂടാതെ മള്ളൂർ ഗോവിന്ദപ്പിള്ള മുതലായ പല മാന്യന്മാരും സംബന്ധിച്ചിരുന്നു. മള്ളൂർ, സർവീസ് സൊസൈറ്റിയുമായി അടുത്തു സമ്പർക്കം പുലർത്തുന്നത് ആ സമ്മേളനത്തിൽവച്ചായിരുന്നു. അദ്ദേഹം പങ്കുകൊള്ളുക മാത്രമല്ല, പ്രസംഗിക്കയും ചെയ്തു. പ്രസംഗത്തിലെ രണ്ടുഭാഗം സദസ്യരെ ക്രമത്തിലധികം രസിപ്പിച്ചു. സമുദായത്തിൽ കുറുപ്പിന്റെ ഔദാര്യത്തെ പ്രശംസിച്ചുകൊണ്ട് 'സമുദായത്തിൽ കുറുപ്പോ' 'കുറുപ്പിൽ സമുദായമോ' എന്നുള്ള ചോദ്യവും, 'മന്നത്തു പത്മനാഭപിള്ള' എന്നുള്ളതു തെറ്റാണെന്നും, 'ശീഘ്രത്തു പത്മനാഭപിള്ള' എന്നു തിരുത്തേണ്ടതാണെന്നും ഉള്ള പ്രശംസയുമായിരുന്നു അവ.

നായർ സർവീസ് സൊസൈറ്റി പല സമ്മേളനങ്ങളിലും പങ്കുകൊള്ളുകയും, സൊസൈറ്റിയുടെ ചുമതലയിൽ ചില സമ്മേളനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും എൻ.എസ്.എസ്സിന്റേതായി അവർ നേരിട്ടു നടത്തുന്ന ഒന്നാമത്തെ സമ്മേളനം 'കരുവാറ്റാ സമ്മേളനം' ആയിരുന്നു. ആകൃതിവിശേഷവും വലുപ്പവും അലങ്കാരസമൃദ്ധിയും ഉൾപ്പെടെയുള്ള പന്തലിന്റെ മാറ്റംതന്നെ, സമുദായപ്രവർത്തനത്തിന്റെ പരിവർത്തനത്തെ ചൂണ്ടിക്കാണിക്കുന്ന ഒരു വലിയ ദൃഷ്ടാന്തമായിരുന്നു. പ്രത്യേക ഉദ്ദേശ്യവും ലക്ഷ്യവുമില്ലാതെ അതുവരെ നടത്തിയ നായർസമ്മേളനങ്ങളും, സംഘടനയുടെ അടിസ്ഥാനമിട്ടുകൊണ്ടും ചില പ്രവൃത്തികൾ ചെയ്ത് സമുദായത്തിന്റെ വിശ്വാസം സമ്പാദിച്ചശേഷം നടത്തുന്ന ഈ സമ്മേളനവും തമ്മിൽ യാതൊരു സാമ്യവും ഇല്ലായിരുന്നു. സമ്മേളനത്തിന്റെ ഒരുക്കങ്ങളുടെ ആകർഷണീയതകൊണ്ടും സമ്മേളനത്തിൽ പങ്കുകൊണ്ട സ്ത്രീപുരുഷന്മാരുടെ ബാഹുല്യംകൊണ്ടും, വന്നെത്തിയ മഹതീമഹാന്മാരുടെ പ്രാമാണ്യംകൊണ്ടും, അതുവരെ നടന്ന എല്ലാ നായർസമ്മേളനങ്ങളേയും അതിശയിക്കുന്ന ഒന്നായിരുന്നു കരുവാറ്റാസമ്മേളനം എന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല. ആ നാട്ടിലെ പ്രഭുവും പ്രമാണിയുമായിരുന്ന സമുദായത്തിൽ കേശവക്കുറുപ്പ് നായർ സർവീസ് സൊസൈറ്റി പ്രവർത്തനങ്ങളിൽ പങ്കാളിയായപ്പോൾ, അദ്ദേഹത്തിന്റെ പ്രവർത്തനരംഗവും സ്വാധീനവും പ്രശസ്തിയും

വിപുലമായ തോതിൽ വളർന്നുവന്നിരുന്നു. ഔദാര്യവാനായ അദ്ദേഹമായിരുന്നു ഈ സമ്മേളന നടത്തിപ്പിന്റെ നേതൃത്വവും വഹിച്ചത്. അദ്ദേഹത്തിന്റെ സമുദായസേവനത്തിന്റെയും ഔദാര്യത്തിന്റെയും യശസ്തംഭംപോലെ കൊല്ലം - ആലപ്പുഴ റോഡിൽ കരുവാറ്റയിൽ തല ഉയർത്തി നിൽക്കുന്ന മനോഹരമായ ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനമാണ് ഈ സമ്മേളനത്തിന്റെ പ്രാരംഭമായി നടക്കുന്നതെന്നറിഞ്ഞ ജനസാമാന്യം, ജാതിമതവ്യത്യാസം കൂടാതെ അവിടുത്തെ ഒരുക്കങ്ങൾ കാണാനും സമ്മേളനം വിജയപ്രദമാകാൻ അവരുടെ വീതപ്രകാരമുള്ള സഹകരണം വാഗ്ദാനം ചെയ്യാനുമായി, ഒരാഴ്ച മുമ്പു മുതൽതന്നെ പന്തലിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. കരുവാറ്റയിലും സമീപപ്രദേശത്തുമുള്ളവർ മാത്രമല്ല, കാർത്തികപ്പള്ളി താലൂക്ക് ഒട്ടുക്കുള്ളവർതന്നെ സമ്മേളനവിജയത്തിൽ തൽപരരായി ഉത്സാഹപൂർവം പങ്കുകൊണ്ടിരുന്നു. സമ്മേളനഭാരവാഹികളുടെ ഉപനായകൻ കലവറ ശങ്കരപ്പിള്ളയായിരുന്നു. അദ്ദേഹം കാർത്തികപ്പള്ളി താലൂക്കിലെ ഒരു പ്രഭുകുടുംബമായ 'കലവറ ഭവന'ത്തിലെ ഒരു ശാഖാ കാരണവരായിരുന്നു. അവിടുത്തെ എൻ. എസ്.എസ്. ഹൈസ്ക്കൂൾപണിയുടെ ആരംഭം മുതൽ അവസാനം വരെ ധനദാനംകൊണ്ടും മറ്റു സഹകരണപ്രവൃത്തികൊണ്ടും സമുദായത്തിൽ കേശവക്കുറുപ്പിന്റെ വലംകയ്യായി നിന്നു പ്രവർത്തിച്ച അദ്ദേഹം തന്നെയായിരുന്നു, ഈ സമ്മേളനത്തിന്റെയും ചുമതല വഹിച്ച മറ്റൊരു പ്രമാണി. അതുപോലെ എണ്ണപ്പെട്ട പലരുടെ പേരുകളും എടുത്തു പറയേണ്ടതായിട്ടുണ്ട്. അവരെ അപ്രധാനികളായി കരുതി വിട്ടുകളയുന്നതോ വിസ്മരിച്ചുപോകുന്നതോ അല്ലെന്നു ക്ഷമാപണപൂർവം അവരെ ഓർമ്മപ്പെടുത്തുന്നു. ഒരിക്കലും മറക്കാൻ സാധിക്കാത്ത കരുവാറ്റാസമ്മേളനം എല്ലാ പ്രകാരത്തിലും നവീനവും വിജയപ്രദവുമായിരുന്നു എന്ന് തുറന്നുപറയാവുന്നതാണ്.

എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് പാസ്സാക്കിയ കരയോഗ നിബന്ധനപ്രകാരം, നായന്മാർ പാർക്കുന്ന ഓരോ കരയേയും ഒരു യൂണിറ്റായി കരുതി ആയിരക്കൊല്ലത്തിനുമേൽ പഴക്കമുള്ള പഴയ കരയോഗാതിർത്തികളെത്തന്നെ അടിസ്ഥാനമാക്കി, ഓരോ കരയിലും ഓരോ എൻ. എസ്.എസ്. കരയോഗം സ്ഥാപിച്ച് രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചത്, ഈ സമ്മേളനം നടക്കുന്നതിന് ഏതാനും മാസം മുമ്പാണ്. എല്ലാ കരയോഗങ്ങളും ഒരേ നിബന്ധനപ്രകാരം രജിസ്റ്റർ ചെയ്യാനും അവയെ കൂട്ടിച്ചേർത്ത് എൻ.എസ്.എസ്. താലൂക്ക് യൂണിയൻ താലൂക്കുതോറും ഉണ്ടാക്കാനും, കരയോഗപ്രതിനിധികൾക്കും യൂണിയൻ പ്രതിനിധികൾക്കും സർവീസ് സൊസൈറ്റിയിൽ മെമ്പർഷിപ്പു കൊടുക്കാനും, അങ്ങനെ സർവീസ് സൊസൈറ്റി കേരളത്തിലെ നായന്മാരുടെ പ്രവർത്ത നസംഘം മാത്രമല്ല, ശരിയായ പ്രാതിനിധ്യമുള്ള കേന്ദ്രസഭയും കൂടി ആണെന്നു വരുത്താനും, വ്യവസ്ഥാപിതനിലയിൽ വിളിച്ചുകൂട്ടുന്ന ഒന്നാമത്തെ

സമ്മേളനം. അതിന്റെ ശേഷം നടന്നിട്ടുള്ള എല്ലാ സമ്മേളനങ്ങളും ആ സംഘടനയ്ക്ക് പ്രാതിനിധ്യവും പ്രാമാണ്യവും കല്പിച്ചുകൊണ്ടുള്ളതായിരുന്നു. പതിനായിരക്കണക്കിന് ആളുകൾ കൂടുന്ന ആ സമ്മേളനത്തിൽ കരയോഗ പ്രതിനിധികളെ പ്രത്യേകം ബ്ലോക്കു തിരിച്ചിരുത്തിയിരുന്നു. സമ്മേളനത്തിൽ വരുന്ന പ്രമേയങ്ങൾ വാദപ്രതിവാദം ചെയ്യാൻ എല്ലാവർക്കും അവകാശമുണ്ടെങ്കിലും, വോട്ടുചെയ്യാൻ കരയോഗപ്രതിനിധികൾക്കുമാത്രമേ അവകാശമുണ്ടായിരുന്നുള്ളു. ഇങ്ങനെ നിഷ്കൃഷ്ടമായ വ്യവസ്ഥകളോടുകൂടി കരുവാറ്റായിൽ വച്ച് ആരംഭിച്ച നായർ മഹാസമ്മേളനം, കൊല്ലംതോറും അന്നത്തെ തിരുവിതാംകൂർ രാജ്യത്തിന്റെ ഓരോ പ്രധാനസ്ഥലങ്ങളിൽവച്ച് ഏറ്റവും മോടിയിലും കാര്യക്ഷമമായും ഏതാനും കൊല്ലം തുടർന്നു നടന്നു.

രണ്ടാം സമ്മേളനം

ചങ്ങനാശ്ശേരി

അടുത്ത സമ്മേളനം 105-ൽ ചങ്ങനാശ്ശേരിയിൽ വച്ചാണ് നടത്തിയത്. കഴിഞ്ഞ സമ്മേളനത്തേയും അതിശയിക്കത്തക്ക ഒരു മഹാസമ്മേളനമായിരുന്നു അത്. കരുവാറ്റാസമ്മേളനം മുതൽതന്നെ സ്വാഗതസംഘം സെക്രട്ടറിമാരിൽ ഒരാൾ എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയായിരിക്കണമെന്നു വ്യവസ്ഥ ചെയ്തിരുന്നതുകൊണ്ട്, സമ്മേളനത്തിന്റെ ചുമതലയും നിയന്ത്രണവും മിക്കവാറും ജനറൾ സെക്രട്ടറിയിൽ വന്നു ലയിച്ചിരുന്നു. പതിനായിരത്തോളം ആളുകൾക്ക് ഇരിക്കാവുന്ന നാലുനിലപ്പന്തലിലാണ് സമ്മേളനം നടന്നത്. എന്നിട്ടും സ്ഥലം മതിയാകാതെ വന്നു. കൊച്ചി ആക്ടിംഗ് ദിവാൻ ആയിരുന്ന പരേതനായ പാറയ്ക്കാട്ടു ദാമോദരമേനോനാണ് നായർസമ്മേളനാദ്ധ്യക്ഷ്യം വഹിച്ചത്. സ്വാഗതസംഘാദ്ധ്യക്ഷൻ എൻ.എസ്.എസ്. പ്രസിഡന്റ് എ.എസ്. ദാമോദരനാശാൻ ആയിരുന്നു. കൊച്ചി നായർസമാജത്തിൽപ്പെട്ട ഒട്ടധികം മഹതീമഹാന്മാർ സമ്മേളനം പ്രസിഡന്റിനെ അനുഗമിച്ചിരുന്നു. അന്നത്തെ ഏറ്റവും വലിയ കോഹിനൂർ ബോട്ട് അലങ്കരിച്ച്, അതിലായിരുന്നു പ്രസിഡന്റിനേയും പാർട്ടിയേയും എറണാകുളത്തുനിന്നും കൂട്ടിക്കൊണ്ടുവന്നത്. പരേതനായ എം.എൻ. നായരുടെ നേതൃത്വത്തിലെ ആ യാത്ര ഒരു ഘോഷയാത്രപോലെ എറണാകുളം മുതൽ ചങ്ങനാശ്ശേരിവരെ ഇടയ്ക്കിടയ്ക്കുള്ള സ്വീകരണങ്ങളോടുകൂടി വലിയ പ്രചരണം നടത്തിയും കൊണ്ടാണ് ചങ്ങനാശ്ശേരി ചന്തക്കടവിൽ വന്നെത്തിയത്. അവിടെ മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടി അലങ്കരിച്ച പന്തലിൽ വച്ച് പ്രസിഡന്റിനേയും പാർട്ടിയേയും ഇവിടുത്തെ പൊതുജനങ്ങൾ സ്വീകരിച്ചു. സ്വാഗതസംഘക്കാരെ കൂടാതെ, എല്ലാ സമുദായങ്ങളിലേയും പ്രമാണികളും സ്വീകരണത്തിൽ പങ്കുകൊണ്ടു. ഖദർമുണ്ടും ഷർട്ടും ഗാന്ധി

ത്തൊപ്പിയും എൻ.എസ്.എസ്. ബാഡ്ജും ധരിച്ച ഒട്ടധികം വോളന്റിയർമാരുടെ അകമ്പടിയോടും വാദ്യമേളങ്ങളോടും അനവധി ഗ്യാസ് ലൈറ്റുകളോടും ലക്ഷക്കണക്കിനെന്നു പറയാവുന്ന ആൾക്കൂട്ടത്തോടും ചങ്ങനാശ്ശേരി ചന്തത്തെരുവിൽക്കൂടി അനവധി കാറുകളിൽ കടന്നുപോയ ആ നീണ്ട ഘോഷയാത്ര ആ തവണത്തെ സമ്മേളനത്തിന്റെ വലുപ്പം വിളംബരം ചെയ്യുന്ന ഒന്നായിരുന്നു. ഘോഷയാത്ര തെരുവീഥികളിൽകൂടി കടന്നുപോയപ്പോൾ, എല്ലാ സമുദായങ്ങളിൽപെട്ട പ്രമാണികളും പ്രസിഡന്റിനു ഹാരാർപ്പണം ചെയ്തു. കൊച്ചിയിൽനിന്നു വന്ന പ്രമാണികളെല്ലാം, എല്ലാ പരിഷ്കൃതസൗകര്യങ്ങളുമുള്ള ലക്ഷ്മീപുരത്തു കൊട്ടാരത്തിലെ വലിയ ബംഗ്ലാവിലായിരുന്നു താമസിച്ചിരുന്നത്. സ്ത്രീകളെല്ലാം ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെ വക വാഴപ്പള്ളിൽ ഉള്ള പുതിയ ബംഗ്ലാവിൽ അദ്ദേഹത്തിന്റെ അതിഥികളായും പാർത്തു. ഭരണസാമർത്ഥ്യമുള്ള മിസ്സിസ്സ് ചങ്ങനാശ്ശേരി അവരെയെല്ലാം സുഖസമ്പൂർണ്ണരാക്കി താമസിപ്പിച്ചു. ഒടുവിൽ പ്രമാണികളേയും പ്രതിനിധികളേയും ക്ഷണിച്ചുവരുത്തി, ശ്രീ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ ഭവനത്തിൽവച്ച് അദ്ദേഹത്തിന്റെ വകയായി ഒരുദ്യാനവിരുന്നും നടത്തിയാണ് യാത്രയാക്കിയത്.

മേടം 13-ാം തീയതി ഉച്ചയ്ക്കുമേൽ പാന്ത്ക്കാട്ടു ദാമോദരമേനോന്റെ അദ്ധ്യക്ഷതയിൽ നായർ മഹാസമ്മേളനം ആരംഭിച്ചു. സ്ത്രീപുരുഷന്മാരെക്കൊണ്ടു പന്തൽ നിബിഡീകൃതമായിരുന്നു. പഴയ നായർസമ്മേളനവും ഇപ്പോഴത്തെ സമ്മേളനവും തമ്മിലുള്ള വ്യത്യാസം ചെറുതൊന്നുമല്ലായിരുന്നു. അന്ന് സമ്മേളനത്തിൽ പങ്കുകൊള്ളുന്നവർക്കെല്ലാം സൗജന്യഭക്ഷണം ഉണ്ടായിരുന്നിട്ടും, ഹാജരാകുന്നവരുടെ എണ്ണം പരിമിതമായിരുന്നു. കുറെ പ്രമാണികൾ വന്നെത്തും. ജനസാമാന്യം കുറവായിരുന്നു. ഇന്ന് ആ മാതിരിയുള്ള സൗജന്യഭക്ഷണമില്ലെന്നു മാത്രമല്ല, ഹാളിൽ പ്രവേശനത്തിന് ചില സന്ദർഭങ്ങളിൽ പണം കൊടുത്ത് ടിക്കറ്റു വാങ്ങുകകൂടി ചെയ്യണമായിരുന്നു. അവിടെ നടക്കുന്ന ഓരോ കലാപ്രകടനങ്ങൾക്കും പണംകൊടുത്ത് പ്രത്യേകം പ്രത്യേകം ടിക്കറ്റു വാങ്ങണമെന്ന് വ്യവസ്ഥയുണ്ടായിട്ടും, ഏതുസമയത്തും പന്തൽ ആളുകളെക്കൊണ്ട് നിറഞ്ഞുതന്നെ ഇരുന്നിരുന്നു. നായർ സർവീസ് സൊസൈറ്റി സമ്മേളനങ്ങൾ ജനസാമാന്യത്തെ അത്ര വളരെ ആകർഷിച്ചിരുന്നു. എൻ.എസ്.എസ്. സമ്മേളനങ്ങളെല്ലാംതന്നെ സമുദായം ഒരു മഹോത്സവംപോലെ കണക്കാക്കിയിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. സമ്മേളന നടപടികളെല്ലാം വിജയപൂർവം പുരോഗമിച്ചു.

നായർ സമ്മേളനത്തോട് അനുബന്ധിച്ച് ഒരു കൃഷിവ്യവസായ പ്രദർശനവും, പല ഉപസമ്മേളനങ്ങളും നടത്തി. പ്രദർശനം ഉദ്ഘാടനം ചെയ്തത്, കൃഷി ഡയറക്ടർ ഡോക്ടർ കുഞ്ഞൻപിള്ളയായിരുന്നു. ഉപസമ്മേളനങ്ങളിൽ ആദ്യത്തേത് വിദ്യാഭ്യാസസമ്മേളനമായിരുന്നു.

അതിന്റെ അദ്ധ്യക്ഷൻ വിദ്യാഭ്യാസവിദഗ്ദ്ധനായ എം. രാമവർമ്മ തമ്പാനായിരുന്നു. പ്രാധാന്യമർഹിക്കുന്ന മറ്റൊന്ന് സ്ത്രീസമ്മേളനമാണ്. അതിന്റെ അദ്ധ്യക്ഷ, പിന്നീട് കൊച്ചീരാജ്യം ഭരിച്ച, മഹാരാജാവിന്റെ സഹധർമ്മിണിയായ, കരിമ്പറ്റ ലക്ഷ്മിക്കുട്ടി നേത്യാരമ്മയായിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷ മിസ്സിസ്സ് ചങ്ങനാശ്ശേരിയും - ശ്രീമതി അമ്മുക്കുട്ടിയമ്മ - കൃഷിവ്യവസായ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ഡോക്ടർ കുഞ്ഞൻപിള്ളയുമായിരുന്നു. കരയോഗസമ്മേളനം സ്വസമുദായത്തെ അത്യധികം സ്നേഹിക്കുന്ന കളംകണ്ടയിൽ കെ.ആർ. കൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നു. ആരോഗ്യസമ്മേളനത്തിലെ അദ്ധ്യക്ഷൻ പ്രസിദ്ധനായ ഡോക്ടർ രാമൻ തമ്പിയുമായിരുന്നു. പരിഷ്കൃതനായ കുമാരമംഗലത്ത് മനയ്ക്കൽ കെ.എൻ. കേശവൻ നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ ഹിന്ദുസമ്മേളനം നടന്നു. നമ്പൂതിരി മുതൽ പുലയൻവരെയുള്ള എല്ലാ സമുദായവിഭാഗങ്ങളിലേയും സ്ത്രീപുരുഷന്മാർ ജാതിവിചാരമോ വലുപ്പച്ചെറുപ്പചിന്താഗതിയോ കൂടാതെ, ഒരു സമുദായത്തിൽപ്പെട്ടവരെപ്പോലെ ഇടതിങ്ങിയിരിക്കുന്ന ആ സദസ്സ് കണ്ടാൽ ഹൈന്ദവൈക്യത്തിനു കാലതാമസമില്ലെന്ന് ആർക്കും ഗ്രഹിക്കാൻ കഴിയും. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനവും പൂജാദികർമ്മങ്ങൾ നടത്താനുള്ള അവകാശവും നല്കണമെന്നും, സർക്കാർ അധീനതയിലുള്ള ക്ഷേത്രങ്ങൾ ഹിന്ദുക്കൾക്കു വിട്ടുതരണമെന്നും മറ്റുമുള്ള പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി. ഇങ്ങനെ നാലുദിവസംകൊണ്ട് സമ്മേളനങ്ങളെല്ലാം ഏറ്റവും വിജയപ്രദമായി നടന്നു. സംഗീതവിദ്വാന്മാരുടേയും വിദുഷികളുടേയും പാട്ടുകച്ചേരി, നാഗസ്വരംവായന, സുപ്രസിദ്ധയായ കോമാട്ടിൽ പാറുക്കുട്ടിയമ്മയുടെ ഹരികഥാകാലക്ഷേപം, നാടകം മുതലായവകൊണ്ട് നാടിന്റെ നാനാഭാഗങ്ങളിലുംനിന്നു വന്നെത്തിയ ആളുകളെ ആനന്ദിപ്പിച്ചു. എല്ലാവരും ഉത്സാഹഭരിതരായി, മറക്കാത്ത സ്മരണകളോടുകൂടിയാണ് യാത്രയ്ക്ക് ഒരുങ്ങിയത്.

ഈ മാതിരി സമ്മേളനങ്ങൾ വളരെ പണച്ചെലവുണ്ടാക്കുന്നതാണെങ്കിലും, വിജയപ്രദമായി നടത്താൻ വളരെ ശ്രമമുള്ളതാണെങ്കിലും, ചെലവിലും ശ്രമത്തിലും കവിഞ്ഞ്, എത്രയോ അധികം പ്രയോജനം സമുദായത്തിനുണ്ടാകുന്നതാണെന്ന് അനുഭവംകൊണ്ട് ഗ്രഹിക്കാൻ കഴിഞ്ഞിട്ടുള്ളതാണ്. ശേഷിമാന്മാരായ പല ആളുകളുടെ പല കാലത്തെ ശ്രമംകൊണ്ടുണ്ടാക്കാൻകഴിയുന്നതിലും കവിഞ്ഞ പ്രചരണം, ഒറ്റസമ്മേളനംകൊണ്ടുണ്ടാകുമെന്നുള്ളതു തീർച്ചയാണ്. സമുദായത്തിന് ഉൽബുദ്ധതയും ഐക്യവും ഉണ്ടാക്കാൻ ഇതിനേക്കാൾ പറ്റിയ മറ്റൊരു മാർഗ്ഗമുണ്ടെന്നു തോന്നുന്നില്ല. കരുവാറ്റാസമ്മേളനത്തോടുകൂടിത്തന്നെ നായർസമുദായത്തിന്റെ അംഗീകൃതമായ പ്രാതിനിദ്ധ്യവും, കേരളമൊട്ടുക്കുള്ള പ്രശസ്തിയും, സർവീസ് സൊസൈറ്റിക്കുണ്ടായിക്കഴിഞ്ഞു. നായർസമുദായത്തിനു പൊതുവായി അവകാശപ്പെട്ടതെന്നു സങ്കല്പി

ച്ചിരുന്ന നായർ മഹാസമാജങ്ങളെല്ലാം പ്രവർത്തകന്മാരുടെ അഭാവവും, പ്രമാണികളുടെ മാത്സര്യവുംകൊണ്ട് ഇല്ലാതായശേഷം സമുദായത്തിന് ഏകാവലംബമായി അവശേഷിച്ച നായർ സർവീസ് സൊസൈറ്റി, ഒരു സേവനസംഘം എന്നുള്ള നിലയ്ക്കും പുറമേ, പ്രാതിനിധ്യസ്വഭാവമുള്ള ഒരു സംഘടനയും ആണെന്നു വന്നപ്പോൾ, സമുദായസ്നേഹമുള്ള പ്രമാണികളും ജനസാമാന്യവും ആശ്വസിക്കമാത്രമല്ല, സന്തോഷിക്കുകകൂടി ചെയ്തു. എന്നാൽ പ്രവൃത്തി ഒന്നും ചെയ്യാതെയും, പൊതുക്കാര്യങ്ങൾക്കു ഒരു പൈസ ചെലവാക്കാതെയും നേതൃത്വസിദ്ധിക്കു വേണ്ടി കാത്തിരിക്കുന്ന ഒരു കൂട്ടരുണ്ട്. അവരുടെ എണ്ണം മറ്റേതൊരു സമുദായത്തിലേക്കാളും കൂടുതൽ നായർസമുദായത്തിലാണ്. അവർ ആരിലും ഏതിലും നന്മയോ വളർച്ചയോ കണ്ടാൽ, ദുസ്സഹമായി എല്ലാറ്റിന്റേയും മുഖത്തു കരിതേയ്ക്കാനും അവയെ എല്ലാം തല്ലിക്കലക്കാനും ശ്രമിക്കുന്നതു സാധാരണയാണ്. സർവീസ് സൊസൈറ്റിയുടെ ആരംഭകാലം മുതൽതന്നെ അസൂയയോടുകൂടി എതിരായി നിന്ന ചില പ്രമാണികൾ, കരുവാറ്റാസമ്മേളനത്തിൽ പങ്കുകൊള്ളുകയും പ്രശംസാപ്രസംഗം ചെയ്യുകയും ചെയ്തതിന്റെ ശേഷവും, അതിനെതിരായി പ്രവർത്തിക്കാനാണ് ജന്മസിദ്ധവാസന അവരെ പ്രേരിപ്പിച്ചത്. നിർഭാഗ്യമെന്നല്ലാതെ എന്തു പറയാനാണ്.

സർവീസ് സൊസൈറ്റിയുടെ അടിയുറപ്പും പിൻബലവും സാമാന്യജനങ്ങളാണെന്നു കണ്ടറിഞ്ഞ അവർ, ആ പിൻബലം ഇല്ലാതാക്കിയാൽ അവരുടെ നായർസമുദായംപോലെ സർവീസ് സൊസൈറ്റിയും ക്രമേണ ഇല്ലാതായിക്കൊള്ളും എന്നവർ വിശ്വസിച്ചു. സർവീസ് സൊസൈറ്റി സാമാന്യജനങ്ങളെ കളിപ്പിക്കയാണെന്നും, അവർക്ക് അതിൽ യാതൊരു കൈകാര്യകർത്തൃത്വവുമില്ലെന്നും, അതിലെ അംഗമാകാൻ അഞ്ഞൂറും ആയിരവും രൂപാ കൊടുത്തേ സാദ്ധ്യമാകൂ എന്നു വ്യവസ്ഥയുള്ളതുകൊണ്ട് സാധാരണക്കാർക്ക് ഒരു കാലത്തും അതിലെ അംഗമാകാൻ സാധിക്കയില്ലെന്നും, അതൊരു പ്രഭുസഭയാണെന്നും ഉള്ള ദുഷ്പ്രചാരണം ആരംഭിച്ചു. എൻ.എസ്.എസ്സിലെ അംഗങ്ങളുടെ ചുരുങ്ങിയ സംഖ്യ ചൂണ്ടിക്കാണിച്ച്, അതിൽ ആരേയും അകത്തു കടത്താതെ നേതൃത്വം ഏതാനും ചിലർ എന്നെന്നേക്കുമായി കയ്യടക്കി സൂത്രത്തിൽ പൊതിഞ്ഞുകൊണ്ടു നടക്കുന്ന ഒരു സ്ഥാപനമാണ് സർവീസ് സൊസൈറ്റി എന്നും പറഞ്ഞുപരത്തി. അതുകൊണ്ടുമാത്രം എൻ.എസ്.എസ്സും ജനങ്ങളുമായുള്ള കെട്ടുപാടുകൾ ഇല്ലാതാക്കാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ, ആർക്കും നിഷ്പ്രയാസം ചേരാൻ സൗകര്യമുള്ള 'നായർ മഹാസഭ' എന്ന പേരിൽ ഒരു അനാഥശിശുവിനേയും പ്രസവിച്ച് അവരുടെ മുമ്പിൽ ഇട്ടുകൊടുത്തു. അതിൽ ചേർന്ന് ജീവിതകാലം മുഴുവൻ അംഗമായിരിക്കാൻ ഒരു രൂപാ കൊടുത്താൽ മതിയെന്നുള്ളതായിരുന്നു അതിലെ പ്രധാന വ്യവസ്ഥ. അതിന്റെ നായകസ്ഥാനം

റിട്ടയാർഡ് ഹൈക്കോർട്ടുജഡ്ജി പി. രാമൻ തമ്പി ഏറ്റെടുത്തു. മള്ളൂർ ഗോവിന്ദപ്പിള്ള, ടി.കെ. വേലുപ്പിള്ള മുതലായി മറ്റനവധി പ്രമാണികളുടെ പേരും അതിനോടു ഘടിപ്പിച്ചുകൊണ്ട് ശ്രീകൃഷ്ണവധത്തിനുവന്ന ശക ടാസുരനെപ്പോലെ, ആ ചുഴലിക്കാറ്റ് സമുദായാന്തരീക്ഷത്തിൽ കുറച്ചു കാലം ചുറ്റിയടിച്ചു. പഴയ കേരളീയ നായർസമാജ പ്രമാണികളിൽ പലരും ഈ പുതിയ സൃഷ്ടിക്കു കാരണഭൂതന്മാരും പിന്തുണക്കാരുമായിരുന്നു. അതു കൊടുമ്പിരിക്കൊണ്ടത് എൻ.എസ്.എസ്. സമ്മേളനം ചങ്ങനാശ്ശേരി യിൽ നടക്കുന്ന കാലത്താണ്. ദുഷ്പ്രചരണത്തിനായി 'നായർ' എന്നൊരു പത്രവും, മള്ളൂർ ഗോവിന്ദപ്പിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ചു. അംഗ ങ്ങൾക്ക് ഒരു രൂപാ ഫീസാക്കുന്നതുകൊണ്ടുമാത്രം ഒരു സംഘടനയാ കയില്ലെന്നും, അതു നിലനിൽക്കയില്ലെന്നും, കേരളീയ നായർസമാജം അവർക്ക് പാഠം നൽകിയുംകൊണ്ട് മറഞ്ഞ് മണ്ണടിഞ്ഞിട്ട് കാലം കുറച്ചേ ആയുള്ളു. എങ്കിലും എൻ.എസ്.എസ്. സംഹാരത്തിനുവേണ്ടി ആ വഴി തന്നെ വീണ്ടും സ്വീകരിക്കാൻ ആ ബുദ്ധിമാന്മാർക്ക് ലേശവും പ്രയാസ മുണ്ടായില്ല. സമുദായത്തിനു കുറെ അപമാനവും സ്വൈര്യക്കേടുമുണ്ടാ ക്കാൻ കഴിഞ്ഞു എന്നുള്ളതിൽ കവിഞ്ഞൊന്നും ചെയ്യാൻ സാധിക്കാതെ, ഉദ്ദേശ്യശുദ്ധിയില്ലാതെ ജനിച്ച ആ സംഘടനാശിശു, കേരളീയ നായർസ മാജം പോലെ അപമൃത്യുവിനിരയായി. ആ മഹാരഥന്മാരുടെ എതിർപ്പു കളൊന്നും സർവീസ് സൊസൈറ്റിയെ ബാധിക്കയില്ലെന്നും, സമുദായ ത്തിന്റെ വിശ്വാസം സമ്പാദിച്ച സൊസൈറ്റിയെ ജനങ്ങൾ വിട്ടുപിരിയു കയില്ലെന്നും ഉള്ളതിനു പരസ്യമായ തെളിവായിരുന്നു, വിജയപൂർണ്ണത യോടുകൂടി ചങ്ങനാശ്ശേരിയിൽ നടന്ന സമ്മേളനം.

മൂന്നാം സമ്മേളനം

ചവറ

106-ൽ നടന്ന ചവറ സമ്മേളനത്തിന്റെ സ്വാഗതസംഘരൂപീക രണം മുതൽ എൻ.എസ്.എസ്. ഓഫീസ് സ്റ്റാഫും ഒരുമിച്ച് ഞാൻ താമസം ചവറയിലാക്കി. സമ്മേളനം നടത്തിപ്പിന്റെ പ്രധാന ചുമതല വഹിച്ചത് കുമ്പളത്തു ശങ്കുപ്പിള്ളയായിരുന്നു. യുവാവായ അദ്ദേഹത്തിന് യുവാക്കന്മാരുടെ ഇടയിലെ നേതൃത്വംപോലെ പ്രായമായവരുടെ ഇടയിൽ സ്വാധീനവുമുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ പരിചയമായിട്ട് സംവത്സര ങ്ങൾ പലതു കഴിഞ്ഞു. ഞാൻ ആദ്യം പ്രാക്കുളത്തു ചെന്നതും, പ്രാക്കുളം പരമേശ്വരൻപിള്ളയുമായി പരിചയമായതും 1091-ലാണ്. അന്ന് ശങ്കുപ്പിള്ള കൗമാരനില വിട്ടുകഴിഞ്ഞിരുന്നില്ല. എന്നെ ഒരു മൂത്ത ജ്യേഷ്ഠ നെപ്പോലെ കരുതി, അപ്രദേശങ്ങളിലെ എന്റെ സഞ്ചാരത്തിനും പ്രവർത്ത നങ്ങൾക്കും സഹായി ആയി ഇടയ്ക്കിടയ്ക്കു വരുമായിരുന്നു. പിന്നീ ടാണ് അദ്ദേഹം പന്മനയ്ക്കു പാർപ്പുമാറ്റിയതും, കുമ്പളത്തു ശങ്കുപ്പിള്ള

യായതും. അദ്ദേഹം ശരീരവ്യായാമത്തിൽ അത്യുത്സുകനായിരുന്നു. ഗുസ്തിമുറകൾ വേണ്ടവണ്ണം അഭ്യസിച്ചിരുന്നു. നായർസമ്മേളനത്തിൽ കലാവിദ്യകൾക്കെന്നപോലെ കായികപ്രദർശനങ്ങൾക്കും പ്രധാന സ്ഥാനം കല്പിച്ചിരുന്നു. മിക്ക സമ്മേളനങ്ങളിലും കായികാഭ്യാസവിരുതന്മാരായ നായർ യുവാക്കന്മാരെ ക്ഷണിച്ചുവരുത്തി, സമ്മേളനപ്പന്തലിൽവച്ച് പ്രദർശനം നടത്തുക പതിവായിരുന്നു. അവരിൽ പ്രമാണികൾ തലശ്ശേരിക്കാരായ ചില നായർയുവാക്കന്മാരായിരുന്നു. അടി, തട, വാൾപ്പയറ്റ് ഇവയിലായിരുന്നു അവരുടെ വിദഗ്ദ്ധത. കുമ്പളത്തു ശങ്കുപ്പിള്ളയും മംഗ്ലാവിൽ ഗോവിന്ദപ്പിള്ളയുമായിരുന്നു ഗുസ്തിക്കാരിൽ പ്രമാണികൾ. ഇങ്ങനെ നായർസമുദായകാര്യത്തിലും നായർ സമ്മേളനകാര്യത്തിലും ശങ്കുപ്പിള്ള പ്രത്യേക തൽപരനും അഭേദ്യബന്ധമുള്ളവനുമായിരുന്നു. ശങ്കുപ്പിള്ള സി.പി. രാമസ്വാമി അയ്യരെ എതിർക്കുന്ന രാഷ്ട്രീയപ്രക്ഷോഭണക്കാരിൽ ഒരാളായിത്തീർന്നതു മുതൽ, സമുദായകാര്യങ്ങളിൽനിന്നും ക്രമേണ ഒഴിയുകയും, നായർ സർവീസ് സൊസൈറ്റിയുമായുള്ള ബന്ധം ഇല്ലാതാകയും, ഞങ്ങൾ തമ്മിൽ കുറെയൊക്കെ അഭിപ്രായഭേദക്കാരായിത്തീരുകയും ചെയ്തു. രാഷ്ട്രീയാവകാശസിദ്ധിക്കായി ക്രിസ്ത്യാനികളും ഈഴവരും മുഹമ്മദീയരും ചേർന്നുണ്ടാക്കിയ നിവർത്തനപ്രസ്ഥാനം, ഗവണ്മെന്റിനോടുള്ള എതിർപ്പിന്റെ പ്രകടനമായിരുന്നെങ്കിലും അതിലുമധികം അത് നായർ സമുദായത്തോടുള്ള എതിർപ്പായിരുന്നു. അതുകൊണ്ട് നായന്മാർ മിക്കവാറും ഗവണ്മെന്റുഭാഗത്തുനിന്നുകൊണ്ട് ആ മുപ്പിരിപ്രസ്ഥാനത്തെ എതിർക്കേണ്ടിവന്നു. കുമ്പളവും അപൂർവം ചില നായർ പ്രമാണികളും നിവർത്തനക്കാരുടെ കക്ഷിയിൽ ചേരുകയും, നായന്മാർക്കു സാമുദായികസംഘടന ആവശ്യമില്ലെന്നു പറഞ്ഞ് സർവീസ് സൊസൈറ്റിയെ എതിർക്കുകയും ചെയ്തു. അങ്ങനെയാണ് ശങ്കുപ്പിള്ള സാമുദായികരംഗത്തുനിന്നു തീരെ മാറി, തനി രാഷ്ട്രീയപ്രവർത്തകനായത്. അദ്ദേഹത്തിന്റെ സാമുദായികപ്രവർത്തനങ്ങളേയും രാഷ്ട്രീയപ്രക്ഷോഭണങ്ങളെയുംകാൾ അഭിനന്ദിക്കേണ്ടതും എന്നും നിലനില്ക്കുന്നതുമായ മറ്റൊരു പ്രവൃത്തിയുണ്ട്. അതാണ് കുമ്പളത്തു ശങ്കുപ്പിള്ളയെ നിത്യസ്മരണീയനാക്കുന്നതെന്നാണ് എന്റെ വിശ്വാസം. അത് മറ്റൊന്നുമല്ല പന്മന ആശ്രമസ്ഥാപനം.

"ചട്ടമ്പിസ്വാമികൾ" എന്ന പേരിനാൽ അറിയപ്പെടുന്ന പരമഭട്ടാര ശ്രീചട്ടമ്പിസ്വാമികൾ എന്ന ദിവ്യനായ ഒരു മഹാത്മാവുണ്ടായിരുന്നു. അദ്ദേഹം ജനിച്ചത് നായർ സമുദായത്തിലായിരുന്നു. അദ്ദേഹം ജനിച്ചിട്ട് നൂറുകൊല്ലം തികഞ്ഞത് 1124-ൽ ആണ്. തിരുവനന്തപുരം സ്വദേശിയായിരുന്ന അദ്ദേഹത്തിന്റെ ദിവ്യത്വം അറിഞ്ഞ് ആരാധിക്കാൻ അദ്ദേഹം ജനിച്ച സമുദായത്തിന്റെ വിശിഷ്ട സ്വഭാവംകൊണ്ട് അധികം ആരുമുണ്ടായില്ല. അദ്ദേഹവും ശ്രീനാരായണഗുരുവും സമകാലിനന്മാരും സമീപ ദേശവാസികളും സ്നേഹിതന്മാരും ഗുരുശിഷ്യബന്ധമുള്ളവരു

മായിരുന്നു. ചട്ടമ്പിസ്വാമികൾ അസാധാരണ പണ്ഡിതനും, ഒരു യുക്തി വാദിയും തപസ്വിയുമായിരുന്നു. അദ്ദേഹത്തിന് സന്ന്യാസികളും ഗൃഹ സ്ഥാശ്രമികളുമായി അനവധി ശിഷ്യന്മാരുമുണ്ടായിരുന്നു. കലാവിദ്യക ളിലും, ജ്യോതിശ്ശാസ്ത്രത്തിലും, മറ്റെല്ലാ വിഷയങ്ങളിലുംതന്നെ അദ്ദേഹം അപാരപണ്ഡിതനായിരുന്നു. സ്വാമികൾ അവസാനകാലത്ത് പന്മന ചെല്ലാനും, കുമ്പളത്തു ശങ്കുപ്പിള്ളയുടെ ആതിഥ്യം സ്വീകരിച്ച്, സമാധി അടയുന്നതുവരെ അവിടെ സ്ഥിരമായി താമസിക്കാനും ഇടയായി. അത് സ്വാമികളുടെയും ശങ്കുപ്പിള്ളയുടെയും ഭാഗ്യംകൊണ്ടുണ്ടായ ഒരു സംഭ വമായി ഞാൻ കരുതുന്നു. ശങ്കുപ്പിള്ളയെപ്പോലെ ഗുരുത്വവും ഭക്തിയു മുള്ള ഒരാളെ അന്ത്യശുശ്രൂഷണത്തിനു സ്വാമികൾക്കു ലഭിച്ചത്, നായർസമുദായത്തിന്റെതന്നെ ഒരു സുകൃതമാണെന്നാണ് എന്റെ വിശ്വാ സം. സ്വാമികളുടെ ചിന്താഗതിക്കും തപസ്സിനും അനുസരിച്ച്, അദ്ദേഹം ദിവംഗതനായപ്പോൾ സമാധിയിരുത്തി, അവിടെ ഒരു പ്രതിഷ്ഠതന്നെ നടത്തി വിശുദ്ധമായ ഒരു ക്ഷേത്രമാക്കിത്തീർത്ത് നിത്യപൂജ നടത്തുന്ന 'പന്മന ആശ്രമം' ചട്ടമ്പിസ്വാമികളുടേതെന്നപോലെ ശങ്കുപ്പിള്ളയുടെയും ഒരു സ്മാരകമായി എന്നും നിലനില്ക്കുന്നതാണ്. സ്വാമികളുടെ ഹൃദയം നിറഞ്ഞുള്ള അനുഗ്രഹം ശങ്കുപ്പിള്ളയ്ക്കു സിദ്ധിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ശങ്കുപ്പിള്ളയെപ്പറ്റിയുള്ള വാത്സല്യാധികവും മതിപ്പുംകൊണ്ട് സ്വാമികൾ ശങ്കുപ്പിള്ളയെ സ്പർശിച്ചു സംസാരിക്കുമ്പോൾ 'കാരണവർ' എന്നാണ് സംസാരിക്കാറുള്ളതെന്നു കേട്ടിട്ടുണ്ട്. സ്വാമികൾതന്നെ അദ്ദേ ഹത്തിന്റെ സമാധിസ്ഥലം നേരത്തെ നിർണ്ണയിച്ച് ശങ്കുപ്പിള്ളയെ ധരിപ്പി ച്ചിട്ടുണ്ടായിരുന്നു. ആ സ്ഥലത്തുതന്നെ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാ രമാണ് സമാധിയിരുത്തിയിട്ടുള്ളതും. പന്മന ആശ്രമം മഹാത്മാഗാന്ധി മുതലായ മഹാത്മാക്കൾ സന്ദർശിച്ചിട്ടുള്ള ഒരു പുണ്യഭൂമിയായിത്തീർന്നി ട്ടുണ്ട്. ആശ്രമത്തിനു പിന്തുണ നിൽക്കാൻ പ്രധാന ബാദ്ധ്യതയുള്ള നായർ സമുദായത്തിന്റെ ഉണർവിന്റെ കുറവും, ഉദാസീനതയുടെ കൂടു തലുംകൊണ്ട്, അതിനു സിദ്ധിക്കേണ്ട പ്രാമാണ്യവും പ്രസിദ്ധിയും സിദ്ധി ക്കുന്നില്ലെന്നേയുള്ളൂ. ചട്ടമ്പിസ്വാമികളെ നേരിട്ടു കാണാനോ പരിചയം സമ്പാദിക്കാനോ എനിക്കു ഭാഗ്യമുണ്ടായിട്ടില്ലെങ്കിലും, അദ്ദേഹത്തെപ്പറ്റി കുറെയൊക്കെ കേട്ടുപഠിക്കാനും അദ്ദേഹത്തിന്റെ പ്രാചീനമലയാളം മുത ലായ ഗ്രന്ഥങ്ങൾ വായിച്ച് അതിലൂടെ അദ്ദേഹത്തിന്റെ ചരിത്രപാണ്ഡി ത്യവും യുക്തിവാദവും ഒട്ടൊക്കെ ഗ്രഹിക്കാനും കഴിഞ്ഞിട്ടുണ്ട്. സ്വാമി കളെ നിത്യസ്മരണീയനായി കാണാൻ കഴിവുള്ളതു ചെയ്ത കുമ്പ ളത്തു ശങ്കുപ്പിള്ള, ആ വിഷയത്തിൽ എല്ലാവരുടേയും കൃതജ്ഞതയ്ക്കു പാത്രീഭൂതനാണ്.

ശങ്കുപ്പിള്ള ചട്ടമ്പിസ്വാമികളുടെ അന്തേവാസിയാകുന്നതിനു മുമ്പാണ് ചവറ സമ്മേളനത്തിന്റെ ചുമതല വഹിച്ചത്. അവിടുത്തെ സമ്മേളനത്തിന്റെ യോഗംനടത്തിപ്പിനുള്ള ചുമതലയും, പൊതുവേയുള്ള

മേലന്വേഷണവും മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. ബാക്കി എല്ലാ ചുമതലകളും വഹിച്ചത് സ്വാഗതസംഘമാണ്. പതിവുപോലുള്ള നാലുനിലപ്പന്തലും അലങ്കാരങ്ങളും മോടികളും എല്ലാമുണ്ടായിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ ശങ്കരമംഗലം പത്മനാഭപിള്ളയായിരുന്നു. സെക്രട്ടറി മുല്ലശ്ശേരി മാധവൻപിള്ളയും, സ്ത്രീസമ്മേളനാദ്ധ്യക്ഷ ഇന്ന് ഇന്ത്യൻ പാർലമെന്റ് മെമ്പറായിരിക്കുന്ന അമ്മു സ്വാമിനാഥനും, സ്വാഗതസംഘാദ്ധ്യക്ഷ ശ്രീമതി ശങ്കരമംഗലം ചെല്ലമ്മയും ആയിരുന്നു. ഹിന്ദു സമ്മേളനാദ്ധ്യക്ഷൻ പരേതനായ ഇ. സുബ്രഹ്മണ്യയ്യരും വാളന്റ്യർ ക്യാപ്റ്റൻ നാരായണൻ ഉണ്ണിത്താൻ ബി.എ. ബി.എൽ-ം ആയിരുന്നു.

നാലാം സമ്മേളനം

മാവേലിക്കര

1107-ൽ നാലാമതു സമ്മേളനം മാവേലിക്കരവച്ച് നടന്നു. എൻ. എസ്.എസ്. പ്രസിഡണ്ടായിരുന്ന ദാമോദരൻ ആശാൻ തന്നെയായിരുന്നു സ്വദേശിന്യായവുംകൂടി ഉൾപ്പെടെ അവിടുത്തെയും സ്വാഗതസംഘാദ്ധ്യക്ഷൻ. ഞാൻ ജനറൽ സെക്രട്ടറിയുടെ നിലയിൽ സ്റ്റാഫുമായി ഒന്നു രണ്ടു മാസത്തിനുമുമ്പുതന്നെ മാവേലിക്കര താമസമാക്കി. പണപ്പിരിവ്, പന്തൽകെട്ട്, സമ്മേളനപരിപാടികളുടെ രൂപീകരണം മുതലായവ എല്ലാം പഴയതുപോലെ എന്റെ ചുമതലയിൽത്തന്നെ നടന്നു. ഗവണ്മെന്റ് ഹൈസ്ക്കൂൾ കാമ്പൗണ്ടിലായിരുന്നു സമ്മേളനപ്പന്തൽ. നായർ സമ്മേളനാദ്ധ്യക്ഷസ്ഥാനം റിട്ടയാർഡ് ദിവാൻ പേഷ്ക്കാർ മടിച്ചൽ ആർ. കൃഷ്ണപിള്ളയും, കരയോഗസമ്മേളനാദ്ധ്യക്ഷസ്ഥാനം സി.കെ. നാഗൻപിള്ളയും സ്വീകരിച്ചു. അവർ രണ്ടാളും ഒരുമിച്ചുതന്നെ സമ്മേളനത്തിനു വന്നെത്തി. നായർസമ്മേളനാദ്ധ്യക്ഷനെ വഴിമദ്ധ്യേ അവിടുള്ള എൻ.എസ്.എസ്. സംഘടനകൾ ബഹുമാനപൂർവം സ്വീകരിച്ചു. അദ്ധ്യക്ഷൻ മാവേലിക്കര ടൗണിന്റെ അതിർത്തിയിലെ സ്വീകരണപ്പന്തലിൽ വന്നെത്തിയപ്പോൾ സന്ധ്യ കഴിഞ്ഞു. സ്വാഗതസംഘം പതിവുപോലെ വാദ്യമേളസഹിതം വാളന്റിയർസംഘത്തിന്റെ അകമ്പടിയോടുകൂടി പ്രസിഡന്റിനെ സ്വീകരിക്കുകയും, വമ്പിച്ചൊരു ഘോഷയാത്രയായി അദ്ദേഹത്തിന്റെ താമസസ്ഥലത്ത് കൊണ്ടുചെന്നാക്കുകയും ചെയ്തു. നായർസമ്മേളനവും ഉപസമ്മേളനങ്ങളും പതിവിൻപടിയുള്ളതെല്ലാം മുറയ്ക്കു നടന്നു. മാവേലിക്കരയും സമീപപ്രദേശങ്ങളും നായന്മാരുടെ സങ്കേതമായിരുന്നതുകൊണ്ട്, വമ്പിച്ച നാലുനിലപ്പന്തലിനകത്ത് ആളുകൾ വന്നു നിറയാൻ പ്രയാസമുണ്ടായിരുന്നില്ല.

സ്ത്രീസമ്മേളനാദ്ധ്യക്ഷ കൊച്ചി രാജ്യത്തുള്ള പാർവതി നെന്മേനിമംഗലം എന്ന അന്തർജനമായിരുന്നു. മറയ്ക്കുടയ്ക്കകത്ത് ആരും

കാണാതെ സഞ്ചരിച്ചിരുന്ന അന്തർജനങ്ങൾ അതിനു പുറത്തിറങ്ങിയെന്നു മാത്രമല്ല, നമ്പൂതിരിമാരുടെ യോഗക്ഷേമസഭകളിൽ ഹാജരായി പ്ലാറ്റ്ഫോറത്തിൽ ഇരിക്കയും പ്രസംഗിക്കയും ചെയ്തുതുടങ്ങിയിട്ടു കുറച്ചുകാലമായി. ആ വസ്തുത പത്രവാർത്തയിൽകവിഞ്ഞ് നേരിട്ടു ബോദ്ധ്യമായിട്ടില്ലാത്ത നായർ സമുദായാംഗങ്ങളാണ് അന്ന് അവിടെ കൂടിയതിൽ അധികംപേരും. അവരെല്ലാം അത്ഭുതത്തോടുകൂടിയാണ് ഈ അന്തർജനാദ്ധ്യക്ഷയെ ദർശനം നടത്തിയത്. സമുദായപരിഷ്ക്കാരിണികളിൽ അഗ്രഗണ്യയായ ആ മഹതി, കൊച്ചി നിയമനിർമ്മാണസഭയിലെ എം. എൽ.സി.യുമായിരുന്നു. കേരളത്തിൽ സമുദായപരിഷ്ക്കരണം എവിടെ എത്തി എന്നുള്ളതിന് അതിൽ കവിഞ്ഞ് ഒരു തെളിവിന്റെ ആവശ്യമില്ലല്ലോ. വിദ്യാഭ്യാസസമ്മേളനാദ്ധ്യക്ഷൻ കൊച്ചിയിലെ സ്ഥാനത്യാഗം ചെയ്ത മഹാരാജാവിന്റെ പുത്രൻ ഐ.എൻ. മേനോനായിരുന്നു. പിന്നീട് അദ്ദേഹം തിരുകൊച്ചി വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്നിട്ടുള്ള ആളാണ്. എല്ലാ സമ്മേളനങ്ങളും കലാപ്രകടനങ്ങളും കായികാഭ്യാസപ്രദർശനങ്ങളും വിജയപ്രദമായി നടന്നു. അടുത്തകൊല്ലത്തെ സമ്മേളനം തിരുവനന്തപുരത്തുവച്ചു നടത്താൻ സമ്മേളനാദ്ധ്യക്ഷനായ ആർ. കൃഷ്ണപിള്ള പരസ്യമായി ക്ഷണിക്കുകയും, അതു സ്വീകരിക്കുകയും ചെയ്തു. ഒടുവിൽ, സമ്മേളനത്തിൽ പങ്കുകൊണ്ട അതിഥികൾക്കെല്ലാം സ്വാഗതസംഘം പ്രസിഡന്റ് ദാമോദരൻ ആശാൻ, അദ്ദേഹത്തിന്റെ അമ്പലപ്പാട്ടു വീട്ടിൽവച്ച് ചതുർവിധവിഭവങ്ങളോടുംകൂടിയ സദ്യയും സൽക്കാരവും നടത്തി.

അടുത്ത സമ്മേളനം
തിരുവനന്തപുരത്ത്

പതിവുപ്രകാരമാണെങ്കിൽ, ഈ സമ്മേളനം സർവീസ് സൊസൈറ്റിയുടെ ചുമതലയിൽ തിരുവനന്തപുരത്തുവച്ച് 108 മേടത്തിൽ നടക്കേണ്ടതാണ്. അതിനുവേണ്ട പ്രാരംഭപ്രവർത്തനങ്ങൾ ചെയ്തുതുടങ്ങേണ്ടത് നാട്ടുകാരും, വിശേഷിച്ച് ക്ഷണിച്ചവരുമാണ്. തിരുവനന്തപുരത്തുവച്ച് എൻ.എസ്.എസ്. സമ്മേളനം നടത്താൻ ക്ഷണിച്ച ആർ. കൃഷ്ണപിള്ളയോ, അദ്ദേഹത്തിന്റെ സഹകാരിയായിവന്ന സി.കെ. നാഗൻപിള്ളയോ ആ ചുമതല വഹിക്കുന്ന ലക്ഷണം കണ്ടില്ല. ഞാൻ തിരുവനന്തപുരത്തുചെന്ന് അവരെ കണ്ടുപറഞ്ഞിട്ടും അവർക്ക് ഒരു ബാദ്ധ്യതയുള്ളതായി ഭാവിക്കുകപോലും ചെയ്തില്ല. എൻ.എസ്.എസ്. സമ്മേളനം വിജയപ്രദമായി നടത്തുകയെന്നുള്ളത് വളരെ ശ്രമസാദ്ധ്യമായ കാര്യമാണെന്ന് അവർക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഒട്ടധികം പണം വേണം. വളരെ ആളുകളുടെ സഹകരണം ആവശ്യമാണ്. സ്ഥലത്തെ നേതൃത്വം വഹിക്കുന്നവർ പ്രാമാണ്യവും സ്വാധീനവുമുള്ളവരല്ലെങ്കിൽ കുഴയും.

തിരുവനന്തപുരത്ത്, വാളെടുത്തവരെല്ലാം വെളിച്ചപ്പാടെന്നല്ലാതെ, സമ്മതനായ ഒരു നേതാവിനെ കണ്ടുപിടിക്കാൻ പ്രയാസമാണ്. ഉദ്യോഗജീവിതത്തിൽ കവിഞ്ഞ് യാതൊരു പൊതുക്കാര്യങ്ങളിലും ഉൾപ്പെട്ടിട്ടുള്ള വരല്ല തിരുവനന്തപുരത്തെ മിക്ക നേതാക്കന്മാരും. അതുകൊണ്ട്, ചുമതലയുടെയും ചെലവിന്റെയും ഗൗരവമോർത്ത് അതിൽനിന്നൊഴിയാനായിരുന്നു ക്ഷണിച്ചവർക്കും അല്ലാത്തവർക്കുമുള്ള താൽപര്യം. അവരെ വീഴ്ചപ്പെടുത്താതിരിക്കാൻവേണ്ടി, നേതാക്കന്മാരുടെ മാത്സര്യം നീക്കി, യോജിപ്പോടുകൂടിയല്ലാതെ സമ്മേളനം നടത്തുന്നതു ശരിയല്ലെന്നു പറഞ്ഞുതുടങ്ങി. യോജിപ്പുണ്ടാക്കാൻ അവരും മറ്റാരും തയ്യാറല്ലായിരുന്നു. യോജിക്കാത്തവരെയെല്ലാം യോജിപ്പിച്ച് പണം പിരിച്ചു സമ്മേളനം നടത്തേണ്ട ബാദ്ധ്യത സർവീസ് സൊസൈറ്റിക്കാണെന്ന് അവർ തീരുമാനിച്ചു. തിരുവനന്തപുരത്തേക്കുള്ള ക്ഷണം സ്വീകരിച്ചത് ആപത്തായിത്തീർന്നല്ലോ എന്നോർത്ത് ഞങ്ങളെല്ലാം വ്യസനിച്ചു. നിവൃത്തിമാർഗ്ഗം കണ്ടുമില്ല.

ഏതു കക്ഷിയിൽപ്പെട്ട ഏതു പ്രമാണിയെ കണ്ടാലും, പഴയ കുപ്പകളെല്ലാം കിളച്ച് ഓടിളക്കുന്ന ഏർപ്പാടല്ലാതെ യോജിപ്പിനുള്ള ഒരു നിർദ്ദേശവും അവരിൽനിന്നു ലഭിച്ചില്ല. പഴയ കേരളീയ നായർസമാജത്തിന്റെയും സമസ്തകേരള നായർസമാജത്തിന്റെയും ചേരിതിരിഞ്ഞുള്ള കക്ഷികളിൽ പലരും അന്നത്തെ വാശിയോടുകൂടി അവിടവിടിരുന്നു ശബ്ദമുണ്ടാക്കിയതല്ലാതെ, കാര്യനടപ്പിനെപ്പറ്റി ചിന്തിക്കപോലും ചെയ്തില്ല. കേരളീയ നായർസമാജക്കാർക്ക് എതിരായിരുന്ന നായർ സർവീസ് സൊസൈറ്റിയെ നല്ലപാഠം പഠിപ്പിക്കാനുള്ള അവസരം ലഭിച്ചു എന്നും അവരിൽ ചിലർ വിചാരിച്ചു. ഗ്രഹണസമയത്ത് ഞാഞ്ഞൂലുകളും തലപൊക്കുന്ന മട്ടിൽ, പ്രമാണിവേഷക്കാർ ഒന്നിനുപുറകേ ഒന്നായി തല പൊക്കിത്തുടങ്ങി. പണ്ടുണ്ടായിരുന്ന രണ്ടു സമാജങ്ങളും ചത്തിട്ടും, സംവത്സരങ്ങൾ ചിലതു കഴിഞ്ഞിട്ടും, 'പശുവും ചത്തു, മോരിലെ പുളിയും പോയി' എന്നു പറഞ്ഞതുപോലെ, മറക്കാൻ കാലമായ ആ പഴയകാര്യം വീണ്ടും സമുദായമദ്ധ്യേ പൊന്തിവന്നത്, ദുർവാസനയുടെയും ദൗർഭാഗ്യത്തിന്റെയും കാഠിന്യംകൊണ്ടെന്നല്ലാതെ എന്തു പറയാനാണ്. പൊതുക്കാര്യത്തിനുവേണ്ടി ഒരു പൈസ ചെലവു ചെയ്യാനും അരക്കഴഞ്ചു പ്രയത്നിക്കാനും തയ്യാറില്ലാതെ കുറ്റവും കുറവും പറഞ്ഞുകൊണ്ട് പ്രാമാണ്യത്തിനും മത്സരിക്കുന്ന പാരമ്പര്യമാണ് തിരുവനന്തപുരത്തെ നായർപ്രമാണികളിൽ അധികംപേരും സൃഷ്ടിച്ചിട്ടുള്ളതെന്നു പ്രസിദ്ധമാണ്. ചരിത്രകാലം മുതൽ നേതാക്കന്മാർക്കു കുഴിതോണ്ടുന്ന ഏർപ്പാടും ഏറെക്കുറെ നടപ്പിൽ വരുത്തിയിട്ടുണ്ട്. നാം ആരാധനാപുരുഷന്മാരായി കരുതിയിട്ടുള്ള രാജാകേശവദാസന്റേയും വീരപുരുഷനായ വേലുത്തമ്പിയുടേയും അന്തിമഘട്ടം, ഇത്ര ഭയാനകവും വ്യസനകരവുമാക്കിത്തീർത്തത് ആരുടെ പ്രവൃത്തിദോഷം കൊണ്ടാണ്? വഴിതെറ്റി

യുള്ള ഉൽക്കർഷേച്ഛയും വ്യക്തിവിദ്വേഷവുമുണ്ടായിരുന്ന കൊട്ടാരം സമ്പ്രതി കുഞ്ഞുനീലൻപിള്ളയുടെ പ്രേരണയും പിൻബലവുമില്ലായിരുന്നെങ്കിൽ, കൊച്ചീക്കാരൻ ജ്ഞയന്തൻ ശങ്കരൻ നമ്പൂതിരിക്ക് കേശവദാസനെപ്പോലെ ശേഷിമാനും സമ്മതനുമായ ഒരു മഹാവ്യക്തിയെ - ഒരു ദിവാൻജിയെ - ജയിലിലയയ്ക്കാനും വിഷംകൊടുത്തു കൊല്ലാനും ധൈര്യമുണ്ടാകുമായിരുന്നോ? ദിവാൻപദത്തിന് അതിമോഹമുണ്ടായിരുന്ന ഉമ്മിണിത്തമ്പിയുടെ ഏഷണിയും പ്രേരണയുമില്ലായിരുന്നെങ്കിൽ, അന്നത്തെ സാധുവായ മഹാരാജാവിന് വേലുത്തമ്പിയെ കൈവെടിയാനുള്ള മനസ്സോ, റസിഡണ്ടിന് ഈ രാജ്യത്ത് താന്തോന്നിത്തം ചെയ്യാനുള്ള ധൈര്യമോ ഉണ്ടാകുമായിരുന്നോ? നായന്മാർ ഒരു നേതൃത്വത്തിൽ ജീവിക്കാനോ, യോജിച്ചു കഴിയുവാനോ ശേഷിയുള്ളവരായിരുന്നെങ്കിൽ ഇന്നു കാണുന്ന അധഃപതനമൊന്നുമുണ്ടാകുമായിരുന്നില്ല. നായന്മാരുടെ മാത്സര്യത്തിന്റെ പ്രധാന രംഗഭൂമി തിരുവനന്തപുരമായിരുന്നതുകൊണ്ട്, നിർദ്ദോഷമായ നായർ സമ്മേളനക്കാര്യത്തിലും, അവരുടെ 'പഴയ ധർമ്മം' അവരെ അലട്ടിത്തുടങ്ങി. ചുമതലക്കാരായ രണ്ടു പ്രമാണികളേയും ഞാൻ പല പ്രാവശ്യം കണ്ടു സംസാരിച്ചിട്ടും അവർ ഒരിഞ്ചും മുന്നോട്ടുവന്നില്ല. അതുകൊണ്ടും തൃപ്തിപ്പെടാതെ അവർ വീഴ്ചക്കാരാകാതിരിക്കാൻവേണ്ടി, അസാദ്ധ്യമായ ചില ചുമതലകൾ ഞാൻ ഏല്ക്കണമെന്നും നിർബന്ധിച്ചുതുടങ്ങി. എന്തായാലും യോജിക്കാത്ത, തിരുവനന്തപുരത്തെ രണ്ടു കക്ഷിയിൽപ്പെട്ടവരും ഒന്നിലും പെടാത്തവരുമായ നായന്മാരെ എല്ലാം യോജിപ്പിക്കയാണ് എന്റെ കർത്തവ്യമെന്ന് അവർ പറഞ്ഞു. അല്ലാതെ സമ്മേളനം നടത്താൻ സാദ്ധ്യമല്ലെന്നും തീർച്ചപ്പെടുത്തു. നായർ സർവീസ് സൊസൈറ്റി സമ്മേളനം തിരുവനന്തപുരത്തുവച്ചു നടത്തിയാൽ സർവീസ് സൊസൈറ്റിക്ക് അവരുടെയുംകൂടി അംഗീകാരമാകുമെന്നോർത്തു വ്യസനിച്ചവരുമില്ലാതില്ല. എൻ.എസ്.എസ്. സമ്മേളനങ്ങളുടെ വലുപ്പവും മോടിയും അവർ വായിച്ചറിഞ്ഞതിനും പുറമേ, മാവേലിക്കരവച്ച് അനുഭവപ്പെടുകയുംകൂടി ചെയ്തു. അവിടുത്തെ ഗംഭീരമായ ഘോഷയാത്രയും അഹോരാത്രമെന്നപോലെ മിനിട്ടു തെറ്റാതെ പരിപാടിയനുസരിച്ച് ബഹുലമായ തോതിൽ നടത്തുന്ന യോഗങ്ങളും, അവരെ വിഭ്രമിപ്പിക്കാതിരുന്നിട്ടില്ല. അന്യോന്യബന്ധവും സഹകരണവും പണം ചെലവുചെയ്യാൻ മനസ്സുമില്ലാത്ത തിരുവനന്തപുരത്ത്, അതനുസരിച്ച് എങ്ങിനെ നടത്തി ശരിപ്പെടുത്തുമെന്ന് അവർ ഭയപ്പെട്ടിരിക്കണം. ഇങ്ങനെ 108-ലെ സമ്മേളനം നീക്കുപോക്കില്ലാത്ത ആലോചനകൊണ്ടും കാലുമാറ്റംകൊണ്ടും നടത്താതെ, അക്കൊല്ലം അവസാനിപ്പിക്കാൻ അവർക്കു കഴിഞ്ഞു.

സമ്മേളനം നടത്താതിരിക്കാനുള്ള പല ന്യായങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചവർ ഉൾപ്പെടെ കണ്ടുപിടിച്ചു. ആ കൂട്ടത്തിൽ നായർസമുദായത്തിന്റെ പേരിൽ പൊതുസമ്മേളനം നടത്താൻ സർവീസ്

സൊസൈറ്റിക്ക് എന്തവകാശമെന്നുള്ള ചോദ്യവുമുണ്ടായി. ആരും ചുമ തലക്കാരും ആവശ്യക്കാരുമില്ലെന്ന് തുടർന്നു. പല കൊല്ലങ്ങൾ കണ്ടതി നുശേഷം സമുദായം നിർജ്ജീവമായി പോകാതിരിക്കാൻ സമ്മേളനം ആവശ്യമായതുകൊണ്ട്, സൗകര്യവും ശേഷിയുമില്ലാതിരുന്നിട്ടുപോലും സമുദായത്തിന്റെ ആവശ്യത്തെ കരുതി ഈ മഹാചുമതല സർവീസ് സൊസൈറ്റി ഏറ്റെടുത്തതാണ്. ഇതുവരെ ആരും ചോദ്യം ചെയ്തതുമി ല്ല. തെക്കൻ തിരുവിതാംകൂറിലെ രണ്ടു നായന്മാരുടെ മുഴുവൻ ബന്ധവും എൻ.എസ്.എസ്സിനുണ്ടാകാനും, അവരുടെ കക്ഷിമത്സരം ഇല്ലാതാകാനും വേണ്ടിയാണ്, തെക്കൻ തിരുവിതാംകൂറിലെ രണ്ടു നായർ പ്രമാണികളെ മാവേലിക്കരയിൽ അദ്ധ്യക്ഷന്മാരാക്കിയത്. ഇത്തരം ചോദ്യം ചോദിക്കാ തെതന്നെ അവർ അവിടെ വരികയും ആ ചുമതല നിർവഹിക്കുകയും ചെയ്തു. അവരിൽനിന്നുപോലും ഈ ചോദ്യം ഈ അവസരത്തിലുണ്ടാ യതാണത്ഭുതം. തിരുവനന്തപുരത്തുവച്ചു സമ്മേളനം നടത്താൻ ക്ഷണി ക്കപ്പെട്ടിട്ടില്ലെങ്കിൽ മറ്റൊരു താലൂക്കിൽവച്ച് അതു മുടങ്ങാതെ നടന്നു കൊള്ളുമായിരുന്നു. നിർഭാഗ്യത്തിന് തിരുവനന്തപുരത്തുപോയി വീഴാൻ ഇടയായി. പേരിനെങ്കിലും ഒരു സമ്മേളനം അവിടെവച്ചു നടത്താൻ കഴി ഞ്ഞാൽ ഈ അപമാനത്തിൽനിന്നും രക്ഷപെടാമെന്നു കരുതി, ആണ്ട വസാനിച്ചിട്ടും ഞാൻ വിടാതെ ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഇല്ലാത്ത സമാജങ്ങളെ എല്ലാം കൂട്ടിച്ചേർത്ത്, അതിന്റെ പേരിലേ അവിടെവച്ച് ഒരു സമ്മേളനം നടക്കൂ എന്നു ബോദ്ധ്യമായി. എൻ.എസ്.എസ്സിന്റെ ചുമത ലയിൽ കൊല്ലംതോറും നടന്നുവന്ന സമ്മേളനം മുടങ്ങുന്നതിൽ ഉള്ള വേദനകൊണ്ട്, തിരുവനന്തപുരം നേതാക്കന്മാർ ആവശ്യപ്പെടുന്ന ഏതു കാര്യങ്ങൾക്കും കീഴടങ്ങാമെന്നുവരെ സർവീസ് സൊസൈറ്റി പ്രവർത്ത കന്മാർ തീരുമാനിച്ചു. ചെന്നായുടെ വായിൽപ്പെട്ട കൊക്കിന്റെ തല എങ്ങ നെയെങ്കിലും രക്ഷപ്പെടുത്തി എടുക്കണമല്ലോ, എന്നുള്ളതിൽ കവിഞ്ഞ് ഞങ്ങൾക്ക് യാതൊരു വിചാരവുമില്ലായിരുന്നു. എന്നാൽ തിരുവനന്ത പുരം നേതാക്കന്മാർ, സർവീസ് സൊസൈറ്റിയെ തേജോവധം ചെയ്ത്, 'മുന്നൂറ്റിൽ ഒന്ന് മുളമൂട്ടിൽ കണ്ണൻ' എന്നുള്ള മട്ടിൽ തരംതാഴ്ത്താൻ കിട്ടിയ ഈ സന്ദർഭം പാഴിൽ ആക്കരുതെന്നുള്ള കരുതലോടുകൂടിയാണ് ആലോചന നടത്തിയത്. കേരളീയ നായർസമാജവും സമസ്തകേരള നായർസമാജവും സമുദായത്തോട് എന്നെന്നേക്കുമായി യാത്രപറഞ്ഞ് മൺമറഞ്ഞതുകൊണ്ട്, അതിന്റെ പേരു ചൂണ്ടിക്കാണിക്കാൻ സാദ്ധ്യമ ല്ലാതെവന്നു. എന്നാൽ 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും' എന്ന നില യിൽ കഴിഞ്ഞുകൂടുന്ന ഒന്നു രണ്ടു സംഘടനകൾ തിരുവനന്തപുരത്ത് അന്നുണ്ടായിരുന്നു. അതിൽ ഒന്ന് ബഹുമാന്യനായ ടി.കെ. വേലുപ്പിള്ള സ്ഥാപിച്ചതും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ടെന്നു പറ ഞ്ഞുവന്നതുമായ തെക്കൻതിരുവിതാംകൂർ നായർസമാജമായിരുന്നു. തിരുവനന്തപുരത്തെ നായർപ്രമാണികളെല്ലാം പാരമ്പര്യം അനുസരിച്ച്

അതിനേയും എതിർക്കയാണു ചെയ്തുകൊണ്ടിരുന്നതെങ്കിലും, സർവീസ് സൊസൈറ്റിയെ തരംതാഴ്ത്താനുള്ള ഇപ്പോഴത്തെ സംരംഭത്തിൽ അതിനേയും ഒരു കരുവായി കരുതാൻ തീരുമാനിച്ചു.

മറ്റൊന്ന് തിരുവനന്തപുരത്തുള്ള നായർ യൂണിയനാണ്. അതൊരു കമ്മറ്റിയെന്നുള്ളതിൽ കവിഞ്ഞ്, ചെറുരൂപത്തിലുള്ള ഒരു സംഘടനയെന്നു പറയാൻ അവർപോലും ഉദ്ദേശിച്ചിട്ടില്ല. തിരുവനന്തപുരത്തെ അഞ്ചാറു നായർ നേതാക്കന്മാർ, ഒരു സന്ദർഭത്തിൽ അവർക്കുണ്ടായ വികാരാവേശത്തിനിടയിൽ ഉണ്ടാക്കിയ ഒരു കമ്മറ്റിയാണത്. നമ്മുടെ കോളേജ് വിദ്യാർത്ഥികൾക്കു താമസിക്കാനുള്ള അസൗകര്യം നീക്കാൻ തിരുവനന്തപുരത്ത് ചില ഹോസ്റ്റലുകൾ ഉണ്ടാക്കണമെന്നുള്ളതായിരുന്നു അതിന്റെ ഉദ്ദേശ്യം. ആദ്യയോഗത്തിൽ വച്ച് ചില ദാനങ്ങളും വാഗ്ദാനങ്ങളും ഉണ്ടായി. റിട്ടയാർഡ് ദിവാൻ പേഷ്ക്കാരായിരുന്ന കണ്ടനാട്ടു നാരായണമേനോനായിരുന്നു ദാനകർത്താക്കളിൽ പ്രമാണി. അദ്ദേഹം അദ്ദേഹത്തിന്റെ വകയായി, കുന്നുകുഴിയിൽ ജനറൽ ആശുപത്രിക്കു തൊട്ടുകിഴക്കുള്ള ഒരേക്കറോളം വിസ്തീർണ്ണമുള്ള ഭൂമിയും, അതിൽ ഇരിക്കുന്ന കെട്ടിടവും നായർ യൂണിയൻ കമ്മറ്റിക്കു വിട്ടുകൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും, പിന്നീട് വിട്ടുകൊടുക്കുകയും ചെയ്തു. അടുത്ത പ്രമാണി നാണുപിള്ള ദിവാൻജിയുടെ പുത്രനും പ്രതാപശാലിയും എക്സൈസ് കമ്മീഷണറും ആയിരുന്ന എൻ. രാമൻപിള്ള ആയിരുന്നു. അദ്ദേഹം ആയിരമോ ആയിരത്തഞ്ഞൂറോ രൂപാ വാഗ്ദാനം ചെയ്തു. പി.കെ. കേശവപിള്ള, മള്ളൂർ, ചങ്ങനാശ്ശേരി മുതലായ അന്നത്തെ യുവപ്രമാണികളും ആയിരക്കണക്കിനു വാഗ്ദാനം ചെയ്തതായി അറിയാം. അവരിൽ ആരെല്ലാം എന്തുമാത്രം കൊടുത്തു എന്നൊന്നുമറിഞ്ഞുകൂടാ. ഏതായാലും അതിൽ കുറേ സംഖ്യ പിരിയുകയും 'തിരുവനന്തപുരം നായർ യൂണിയൻ ഹോസ്റ്റൽ' എന്ന പേരിൽ ഒരു ഹോസ്റ്റൽ ആരംഭിക്കയും ചെയ്തു. അത് ഇന്നും പേരിനെങ്കിലും നടക്കുന്നുണ്ട്. പരേതനായ ആർ.കെ. കൃഷ്ണപിള്ള (റിട്ടയാർഡ് പോലീസ് കമ്മീഷണർ) സെക്രട്ടറിയായിരുന്നപ്പോൾ കുറെ പണം പിരിക്കയും, ചില പുതിയ കെട്ടിടങ്ങൾ പണിയിക്കയും സാമാന്യം ഭംഗിയിൽ ഹോസ്റ്റൽ നടത്തുകയും ചെയ്തിരുന്നു. ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിഞ്ഞുകൂടാ. ആർക്കും അറിയത്തക്ക ഒരു സ്ഥാപനമായിരിക്കുന്നില്ലെന്നുള്ളത് എല്ലാവർക്കുമറിയാം. അങ്ങനെയുള്ള ആ യൂണിയൻ കമ്മറ്റിയും സമ്മേളനം നടത്താൻ അവകാശമുള്ള ഒരു സ്ഥാപനമായി പരിഗണിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അങ്ങനെതന്നെ എങ്ങും ഒന്നുമില്ലാത്ത നായർ മഹാസഭയേയും തിരുവനന്തപുരം സമ്മേളനത്തിന്റെ ചുമതലക്കാരിൽപെടുത്തി പ്രഖ്യാപനം ചെയ്തു. ആ കൂട്ടത്തിൽ ഒന്നാണ് നായർ സർവീസ് സൊസൈറ്റിയും എന്നല്ലാതെ, അതിന് ഒരു പ്രത്യേകതയ്ക്കും സ്ഥാനമില്ലെന്ന് അവർ തീരുമാനിക്കുകയും, ഞങ്ങളേയും കൂടി ഉൾപ്പെടുത്തി അതു സമ്മതിപ്പിക്കയും ചെയ്തു. ഇതെല്ലാം

വെളിപ്പെട്ടത് അവിടുത്തെ സമ്മേളനം നടത്താൻ തീരുമാനിച്ചു എന്നു പ്രസിദ്ധീകരിച്ചതിന്റെ ശേഷമാണ്.

ഇക്കാരണം പറഞ്ഞ് ഒഴിയുന്നതും സമ്മേളനം നടക്കാതാക്കുന്നതും ശരിയല്ലെന്നു തോന്നിയതുകൊണ്ട്, കാര്യവശാൽ ഒന്നിലും ഉൾപ്പെടാതെയും ചുമതലകളിൽ ഒന്നിലും പങ്കുകൊള്ളാതെയും, ഒഴിഞ്ഞെന്നു പരസ്യപ്പെടുത്താതെയും ഞാനും എന്റെ സഹപ്രവർത്തകന്മാരും സമ്മേളനത്തിനു ഹാജരാവുകമാത്രം ചെയ്തു. ആ സമ്മേളനം നടന്നത്, നായർ യൂണിയൻ കമ്മറ്റിയുടെയും ദക്ഷിണതിരുവിതാംകൂർ നായർസമാജത്തിന്റെയും, നായർ മഹാസഭയുടെയും നായർ സർവീസ് സൊസൈറ്റിയുടെയും പേരിലാണെന്നു മാത്രം പറയാം.

എൻ.എസ്.എസ്. സമ്മേളനത്തിന്റെ യാതൊരു പ്രൗഢിയും അന്തസ്സുമില്ലാതെ, ചുമതലക്കാരും നേതൃത്വവുമില്ലാതെ ആ സമ്മേളനം നടന്നു. അത് 109 കന്നിയിൽ ആയിരുന്നു. കണ്ടനാട്ടു നാരായണമേനോൻ ആയിരുന്നു അദ്ധ്യക്ഷൻ. പഴയ കേരളീയ നായർസമ്മേളനത്തിന്റെ മട്ടിൽ നിർജ്ജീവമായി നടന്നു. ആ തലമുറയിലെ ആത്മാർത്ഥതയുള്ള സമുദായസ്നേഹികളിൽ അഗ്രഗണ്യനായ അദ്ദേഹം അദ്ധ്യക്ഷനായി എന്നുള്ളതിൽ കവിഞ്ഞ് ഒരു നേട്ടവുമുണ്ടായില്ല. സമ്മേളനവും പ്രസംഗങ്ങളും അങ്ങനെ കഴിഞ്ഞുകൂടി. യാതൊന്നുകൊണ്ടും അതിനെ ഒരു എൻ.എസ്.എസ്. സമ്മേളനമായി കണക്കാക്കിയിട്ടില്ലെങ്കിലും, അത് എന്റെ ജീവിതസ്മരണയിൽനിന്നും ഒഴിഞ്ഞുപോകാത്ത കാര്യമായതുകൊണ്ട് ഇവിടെ രേഖപ്പെടുത്തുന്നതാണ്. എൻ.എസ്.എസ്. സമ്മേളനങ്ങളുടെ കൂട്ടത്തിൽ ഇതിനെ പരിഗണിച്ചിട്ടേയില്ല.

അഞ്ചാം സമ്മേളനം
കോട്ടയത്ത്

കോട്ടയത്തുവച്ചുള്ള അഞ്ചാംസമ്മേളനം നടന്നത് 110-ൽ ആണ്. ഞാൻ പതിവുപോലെ രണ്ടുമാസം മുമ്പ് കോട്ടയം ടൗണിലെത്തി. ആ താലൂക്കിലെ എൻ.എസ്.എസ്. കരയോഗപ്രതിനിധികളുടേയും മറ്റു പ്രമാണികളുടേയും ഒരു യോഗം വിളിച്ചുകൂട്ടി സ്വാഗതസംഘം രൂപീകരിച്ചു. സ്വാഗതസംഘാദ്ധ്യക്ഷനായി അവർ സ്വന്തം നാട്ടുകാരൻ എന്നുള്ള നിലയിൽ മള്ളൂർ ഗോവിന്ദപ്പിള്ളയേയും, എന്റെ ജോയിന്റ് സെക്രട്ടറിയായി മങ്കൊമ്പിൽ നാണുക്കുട്ടൻനായരേയും, ഖജാൻജിയായി കുടമാളൂർ വി. കെ. നാരായണപിള്ളയേയും തിരഞ്ഞെടുത്തു. പ്രധാനമായി നാണുക്കുട്ടൻനായരുടെ ചുമതലയിലാണ് പണപ്പിരിവു നടത്തിയത്. മറ്റു ചുമതലകളെല്ലാം സ്വാഗതസംഘത്തിന്റെ നേതൃത്വത്തിൽ ഞാനും നിർവഹിച്ചു. പ്രവർത്തകകമ്മറ്റിയുടെ അദ്ധ്യക്ഷൻ മള്ളൂർ ഗോവിന്ദപ്പിള്ളയായിരുന്നെങ്കിലും, അദ്ദേഹം തിരുവനന്തപുരത്തായിരുന്നതുകൊണ്ട് ആവശ്യമുള്ള

കാര്യങ്ങളെല്ലാം അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ തന്നെ നടത്തേണ്ടിവന്നു. സമ്മേളനത്തിനു രണ്ടുദിവസം മുമ്പാണെന്നു തോന്നുന്നു, അദ്ദേഹം കോട്ടയത്തെത്തിയത്. ആഫീസ് മാറ്റിയ തീയതി മുതൽ എന്റെ താമസസ്ഥലവും പ്രവൃത്തിയും കോട്ടയമായിത്തീർന്നു.

കോട്ടയം മുനിസിപ്പൽ മൈതാനത്ത്, തിരുവനന്തപുരം പന്തൽ കെട്ടുകാരെക്കൊണ്ട് പതിവുപോലെ നാലുനിലപ്പന്തൽ ഉണ്ടാക്കി വിതാനിച്ചു. മറ്റൊരുക്കങ്ങളെല്ലാം ചെയ്തു. കരയോഗപ്രതിനിധികൾക്കും മറ്റു മഹതീമഹാന്മാർക്കും ക്ഷണക്കത്തുകളയച്ചു. പ്രസിദ്ധീകരണങ്ങൾ കൊണ്ട് പൊതുജനങ്ങൾക്ക് സമ്മേളനത്തിൽ പങ്കുകൊള്ളാനുള്ള താൽപര്യം വർദ്ധിപ്പിച്ചു. നല്ല ഒരു വാളന്റ്യർ സംഘം രൂപീകരിച്ചു. അതിന്റെ കമാന്റർ കെ.എൻ. ശങ്കുണ്ണിപ്പിള്ളയായിരുന്നു. സാമുദായികസമ്മേളനങ്ങളിൽ പങ്കുകൊള്ളാൻപോലും വൈമനസ്യമുള്ള ഒരു ദേശീയ മനസ്ഥിതിക്കാരനായിരുന്നു അദ്ദേഹം. നായന്മാർക്കു പ്രത്യേകം ഒരു സംഘടന ആവശ്യമില്ലെന്നും അദ്ദേഹം വിചാരിച്ചിരുന്നു. സർവീസ് സൊസൈറ്റിയെപ്പറ്റി യാതൊന്നും അറിഞ്ഞിട്ടില്ലെങ്കിലും അതിനെപ്പറ്റി എന്തെങ്കിലും ഒരഭിപ്രായമുണ്ടെങ്കിൽ അതു വെറുപ്പായിരുന്നു. അതിന്റെ ചുമതല വഹിച്ചിരുന്ന എന്നേപ്പറ്റിയും അതനുസരിച്ചുള്ള അഭിപ്രായംതന്നെയാണുണ്ടായിരുന്നത്. അതുകൊണ്ട് നായർസമ്മേളനത്തിലെ വാളന്റ്യർ ക്യാപ്റ്റനാകുന്നതിൽ അദ്ദേഹം ആദ്യം വൈമനസ്യം പ്രകടിപ്പിച്ചു. പലരുടേയും പ്രേരണയും നിർബന്ധവുംകൊണ്ടാണ് ഒടുവിൽ സ്വീകരിച്ചത്. കൃത്യനിഷ്ഠയോടുകൂടിയുള്ള എന്റെ പ്രവൃത്തിയും, സമ്മേളനം വിജയമാക്കാനുള്ള നിത്യക്ലേശവും, അഭിപ്രായഭേദക്കാരേയും കൂട്ടിയിണക്കിക്കൊണ്ടുപോകുന്ന നേതൃത്വവും, അദ്ദേഹത്തെ എന്നിലേക്ക് ആകർഷിച്ചു എന്നും, എന്നെപ്പറ്റി കേട്ടിരുന്നതെല്ലാം തെറ്റാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായിത്തുടങ്ങി എന്നും, അങ്ങനെയാണ് ഞാനുമായി ഇണങ്ങാൻ ആരംഭിച്ചതെന്നും, പിന്നീടൊരു അവസരത്തിൽ ഞാനിരിക്കുമ്പോൾ അദ്ദേഹം തന്നെ ഒരു സ്നേഹിതനോടു പറയുന്നതു കേട്ടിട്ടുണ്ട്. അന്ന് ഞങ്ങൾക്കു തമ്മിലുണ്ടായ സ്നേഹബന്ധം ക്രമേണ അഭിവൃദ്ധിപ്പെടാനും, അദ്ദേഹം എന്റെ ഒരു ആത്മസുഹൃത്താകാനും, നായന്മാർക്കും സമുദായസ്ഥാപനം ആവശ്യമാണെന്നു ബോദ്ധ്യപ്പെടാനും, ക്രമേണ സർവീസ് സൊസൈറ്റിയിലെ ഒരംഗമായിത്തീരാനും ഇടയായി എന്നുള്ളത് ആ സമ്മേളനംകൊണ്ടുണ്ടായ പ്രയോജനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായി ഞാൻ കരുതുന്നു. അദ്ദേഹം എൻ.എസ്.എസ്. ഡയറക്ടറന്മാരിൽ ഒരാളും, ഒരു സജീവപ്രവർത്തകനുമായിരുന്നിട്ടുണ്ട്. അദ്ദേഹം കേരള സർവീസ് ബാങ്കിന്റെ പ്രസിഡണ്ടുമായിരുന്നു.

സമ്മേളനാദ്ധ്യക്ഷസ്ഥാനം സ്വീകരിച്ച ആർ.എം. പാലാട്ട്, സർ സി. ശങ്കരൻനായരുടെ പുത്രനാണ്. മലബാർകാരായ ഏതാനും മാന്യന്മാരും ഒരുമിച്ച് അദ്ദേഹം നിശ്ചയിക്കപ്പെട്ട സമയത്ത് തീവണ്ടിയിൽ ആലുവാ വന്നെത്തി. ഞാനും മറ്റു ചില മാന്യന്മാരുമായി അദ്ദേഹത്തെ

അവിടെവച്ചു സ്വീകരിച്ച് കാറുകളിൽ തോട്ടുമ്മുഖത്തുള്ള പേഷ്ക്കാർ ബംഗ്ലാവിൽ കൂട്ടിക്കൊണ്ടുവന്നു വിശ്രമിപ്പിച്ചു. ആ ബംഗ്ലാവ് തോട്ടയ്ക്കാട്ടു മാധവിയമ്മയുടെ വകയാണ്. അവരുടെ വകയായി പ്രസിഡണ്ടിനും പാർട്ടിക്കും അവിടെവച്ച് ഒരു വിരുന്നുസൽക്കാരം നടത്തി. അവർ അന്ന് എന്റെ ഭാര്യയായിരുന്നു. മാധവിയമ്മയുടെ മൂത്തസഹോദരൻ പരേതനായ ഡോക്ടർ കൃഷ്ണമേനോന്റെ ഭാര്യ, എം.ആർ. പാലാട്ടിന്റെ സഹോദരിയാണെന്നൊരു ബന്ധവും അവർ തമ്മിലുണ്ടായിരുന്നു. പാലാട്ടും പാർട്ടിയും കാറുകളിൽ പെരുമ്പാവൂർ, മൂവാറ്റുപുഴ, ഏറ്റുമാനൂർ ഈ പ്രദേശങ്ങളിൽകൂടി കുമാരനല്ലൂരെത്തി. വഴിക്ക് എല്ലാ പ്രധാന സ്ഥലങ്ങളിലും എൻ.എസ്.എസ്. കരയോഗക്കാരും മറ്റു പ്രമാണികളും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. കുമാരനല്ലൂർ ദേവസ്വക്കാർ ആഡംബരപൂർവം സൽക്കരിച്ചു. രാത്രി 7 മണിക്ക് കോട്ടയം പട്ടണാതിർത്തിയിൽ എത്തി. അവിടെവച്ച് അദ്ദേഹത്തെ സ്വീകരണസംഘം, അലങ്കരിച്ച മറ്റൊരു കാറിൽകയറ്റി വാളന്റ്യർസേനയുടെ അകമ്പടിയോടുകൂടി, വാദ്യമേളസഹിതം ഘോഷയാത്രയായി പട്ടണപ്രദക്ഷിണം നടത്തി. ജനനിബിഡമായ വമ്പിച്ച ആ ഘോഷയാത്ര, നായർസമുദായത്തിന്റെ ഉണർവിന്റെയും ഉൽബുദ്ധതയുടെയും സംഘടനാബലത്തിന്റെയും വൻപിച്ച തോതിലുള്ള ഒരു പ്രകടനംതന്നെയായിരുന്നു. താരതമ്യേന ഹിന്ദുക്കളും, വിശേഷിച്ചു നായന്മാരും കുറവും, അവർക്ക് അപ്രാമാണ്യവും ഉള്ളതെന്നു കരുതപ്പെടുന്ന കോട്ടയം പട്ടണത്തിൽ അന്നുകണ്ട നായർപ്രവാഹം പലരേയും അത്ഭുതപരതന്ത്രരാക്കിത്തീർത്തു.

തുടർന്നു മൂന്നുദിവസം വിവിധ നാമധേയങ്ങളിൽ നടന്ന നായർസമ്മേളനം ഏറ്റവും വിജയപ്രദമായിരുന്നു എന്ന് എല്ലാവരും സമ്മതിച്ചു. എറണാകുളം പന്തിയിൽ മീനാക്ഷിക്കുട്ടിയമ്മ എം.എ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്ത്രീസമ്മേളനത്തിൽ പങ്കുകൊണ്ട സ്ത്രീകൾ അനവധിയായിരുന്നു. കലാപ്രകടനങ്ങളെല്ലാം നന്നായിരുന്നു. കാഴ്ചക്കാരെ ആനന്ദക്കടലിൽ ആറാടിച്ചത്, ഗോപിനാഥന്റെയും ഒരു അമേരിക്കൻ സ്ത്രീയായ രാഗിണീദേവിയുടെയും നൃത്തപ്രകടനമായിരുന്നു. ഗോപിനാഥൻ അമ്പലപ്പുഴ താലൂക്കിലെ ചമ്പക്കുളം സ്വദേശിയാണ്. കഥകളിവിദഗ്ദ്ധനായ അദ്ദേഹം ചെറുപ്പത്തിൽതന്നെ വടക്കേ ഇൻഡ്യൻ പ്രദേശങ്ങളിൽ സഞ്ചരിച്ച്, അഭിനവ സമ്പ്രദായത്തിലുള്ള അഭിനയങ്ങളിലും നൃത്തകലകളിലും പ്രവീണനായിത്തീർന്നു. കലാപ്രേമിയായ ഒരു അമേരിക്കൻ വനിത, ഭാരതീയകലകളിൽ ആമഗ്നയായപ്പോൾ സ്വീകരിച്ച പേരാണ് രാഗിണീദേവി. അവർ രണ്ടാളും ചേർന്നുള്ള രാധാകൃഷ്ണനൃത്തം, വേടനടനം ഇവയെല്ലാം നൂതനസംവിധാനത്തിലുള്ളതും ആകർഷണീയവുമായിരുന്നു. കോട്ടയം പട്ടണം മൂന്നുനാലു ദിവസമായി രാവും പകലും ഭേദമില്ലാതെ ഒരു മഹോത്സവരംഗമായി പരിവർത്തനം ചെയ്യപ്പെട്ടിരുന്നു.

ബഹുമാന്യാതിഥികൾക്ക്, സ്വാഗതസംഘം പ്രസിഡണ്ടിന്റെ നിലയിൽ മള്ളൂരിന്റെ വകയായി ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന ഉദ്യാനവിരുന്നുണ്ടായിരുന്നില്ലെന്നുള്ള കുറവേ ആ തവണത്തെ സമ്മേളനത്തിനുണ്ടായിരുന്നുള്ളു. സമ്മേളനം കഴിഞ്ഞതിന്റെ പിറ്റേദിവസം കലാപ്രകടനക്കാരേയും മറ്റു പ്രവർത്തകരേയും യാത്രയാക്കുന്നത് സ്വാഗതസംഘാദ്ധ്യക്ഷനായ മള്ളൂരിന്റെ നേതൃത്വത്തിൽതന്നെ നടത്താൻവേണ്ടി ഞങ്ങൾ കുറേനേരം കാത്തിരുന്നു. കാണാഴികകൊണ്ട് ആളയച്ചപ്പോഴാണ്, അദ്ദേഹം വെളുപ്പാൻകാലത്തേ ഭാര്യാസമേതം തിരുവനന്തപുരത്തിനുപോയി എന്നറിഞ്ഞത്. ഇത്ര വലിയ മഹാസമ്മേളനം ഇത്ര വിജയപ്രദമായി നടന്നുകഴിഞ്ഞിട്ട്, അതിന്റെ പ്രമാണിയായ ബഹുമാന്യൻ ആരോടും പറയാതെ പോയതിൽ ബാക്കിയുള്ള ചുമതലക്കാർക്ക് അല്പം കുണ്ഠിതമുണ്ടായി. ഞങ്ങൾ യാത്രയാക്കേണ്ടവരെ മുഴുവൻ യാത്രയാക്കീട്ട്, രണ്ടുനാലുദിവസം കഴിഞ്ഞ് അവിടെനിന്നു തൽക്കാലം പിരിഞ്ഞു. കണക്കുകൾ തീർത്തപ്പോൾ ആയിരം രൂപയോളം മിച്ചമുണ്ടായിരുന്നു. നായർ സമ്മേളനത്തിൽ മിച്ചമുണ്ടായത് കോട്ടയത്തുമാത്രമാണ്. നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, സൊസൈറ്റിയുടെ ചുമതലയിൽ നടത്തിയ യോഗമായതുകൊണ്ട് ലാഭനഷ്ടങ്ങൾക്ക് അവകാശി വ്യവസ്ഥപ്രകാരം സൊസൈറ്റിതന്നെയായിരുന്നു. കോട്ടയത്തെ സ്വാഗതസംഘാംഗങ്ങൾ ആ സംഖ്യ അവിടുത്തെ നായർസമാജ സ്കൂളിനുവേണ്ടി എടുക്കാൻ തീരുമാനിച്ചു. ഒരക്ഷരവും മറുത്തുപറയാതെ ഭംഗിയായി പിരിയേണ്ടത് എന്റെ ബാദ്ധ്യതയായതുകൊണ്ട്, ആ തീരുമാനത്തോട് ഞാൻ യോജിച്ചു. അങ്ങനെ എല്ലാം മംഗളമായിത്തീർന്ന് രമ്യമായി പിരിഞ്ഞു.

ആറാം സമ്മേളനം

കോന്നി

അടുത്തകൊല്ലത്തെ നായർ മഹാസമ്മേളനം പത്തനംതിട്ട നായർ യൂണിയന്റെ ചുമതലയിൽ കോന്നിയിൽവച്ചു നടന്നു. അത് 111-ലായിരുന്നു. കഴിഞ്ഞ സമ്മേളനങ്ങളുടെ തോതിൽ യാതൊരു കുറവും വരാത്തവണ്ണം സമ്മേളനം വിജയപ്രദമായി നടത്താൻ ശേഷിയുള്ള ഒരു സ്വാഗതസംഘമായിരുന്നു അവിടെയും രൂപീകരിച്ചിരുന്നത്. അതിന്റെ അദ്ധ്യക്ഷൻ റിട്ടയാർഡ് റേഞ്ചർ പി.എസ്. വേലുപ്പിള്ളയും, സെക്രട്ടറി പഴൂർ രാമൻപിള്ളയും ആയിരുന്നു. അവർ രണ്ടാളും മറ്റു കമ്മറ്റിമെമ്പറന്മാരുംകൂടി പണപ്പിരിവ്, പന്തൽകെട്ട്, മുതലായ എല്ലാ ചുമതലകളും വഹിച്ചു. സമ്മേളനാദ്ധ്യക്ഷനായി മള്ളൂർ ഗോവിന്ദപ്പിള്ളയെ നിശ്ചയിച്ചു. അദ്ദേഹം അപ്പോഴേക്ക് സർവീസ് സൊസൈറ്റിയുടെ ബന്ധുക്കളിൽ - അല്ല ഉടമസ്ഥരിൽ - ഒരാളായിത്തീർന്നിരുന്നു. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള സർവീസ് സൊസൈറ്റിയിൽനിന്നും പിരിഞ്ഞ്, അധികനാൾ

ആകുന്നതിനുമുമ്പ് മള്ളൂർ എൻ.എസ്.എസ്സിലെ ഒരു ആയുഷ്ക്കാല മെമ്പറായി ചേർന്നു. അദ്ദേഹത്തിന്റെ പ്രത്യേകത അതിലും കാണാൻ കഴിഞ്ഞു. സർവീസ് സൊസൈറ്റിയോടും എന്നോടുമുള്ള ചങ്ങനാശ്ശേരിയുടെ അഭിപ്രായഭേദവും എതിർപ്പും പരസ്യപ്പെട്ടതിന്റെ ശേഷം, എനിക്ക് മറ്റു പണികൾക്കു പുറമേ ആ എതിർപ്പിനെ തടുക്കാനുള്ള ബാദ്ധ്യതയുംകൂടി വന്നുചേർന്നു. ഞാൻ ഏറ്റുമാനൂർ പ്രദേശത്ത് സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം, നൂറുരൂപയുടെ ഒരു മണിയോർഡർ കിട്ടി. അത് മള്ളൂർ ഗോവിന്ദപ്പിള്ള എൻ.എസ്.എസ്. മെമ്പർഷിപ്പിനുവേണ്ടി അയച്ചതാണെന്നു മനസ്സിലായി. ഞാൻ അല്പം അത്ഭുതപ്പെട്ടു. മള്ളൂരും ഞാനുമായി വ്യക്തിപരമായി യാതൊരു അഭിപ്രായഭേദത്തിനും വിരോധത്തിനും കാരണമുണ്ടായിട്ടില്ല. ആ വിധത്തിൽ ഞങ്ങൾക്കൊരു പിണക്കവുമില്ല. എന്നാൽ ചങ്ങനാശ്ശേരിയും മള്ളൂരും ആജന്മശത്രുക്കളായിരുന്നു. കാരണമറിഞ്ഞുകൂടാ. അന്യോന്യദ്രോഹത്തിനും, സമുദായത്തിലെ കക്ഷിപിടുത്തത്തിനും, കിട്ടിയ സന്ദർഭമൊന്നും അവർ പാഴാക്കിയിട്ടില്ല. സർവീസ് സൊസൈറ്റിയുടെ ആരംഭകാലം മുതലേ ചങ്ങനാശ്ശേരി പ്രസിഡണ്ടും, ഞാൻ സെക്രട്ടറിയുമായി ഒരുമിച്ചു പ്രവർത്തിച്ചതുകൊണ്ടോ എന്തോ മള്ളൂരിന് സർവീസ് സൊസൈറ്റിയോടും എന്നോടും തീരെ സുഖമില്ലായിരുന്നു എന്ന് അദ്ദേഹം പലപ്പോഴും തെളിയിച്ചിട്ടുണ്ട്. ശത്രുതയ്ക്കു കീഴടങ്ങുന്ന സ്വഭാവം എനിക്കുമില്ലാത്തതുകൊണ്ട്, ഞാനും മള്ളൂരും അടുത്ത സമ്പർക്കത്തിനിടയായിട്ടില്ല. അതുകൊണ്ട് രണ്ടുപേർക്കും അന്യോന്യമുണ്ടായ തെറ്റിദ്ധാരണ സൂക്ഷിച്ചുവയ്ക്കാനും, അതിനു കാലാന്തരത്തിൽ ഘനം കൂട്ടാനും ഞങ്ങൾക്കു കഴിഞ്ഞു. കാലഗതിക്കനുസരിച്ചു മാറ്റം വന്നാലും മള്ളൂർ ഒരു എൻ.എസ്.എസ്. മെമ്പറാകുമെന്ന് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നതല്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ മണിയോർഡർ കിട്ടിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടു എന്നു പറഞ്ഞത്. അദ്ദേഹം വന്നാൽ കൂട്ടത്തിലുള്ളവരോടു കലാപമുണ്ടാക്കുമെന്നു കേട്ടിട്ടുണ്ട്. അതുകൊണ്ട് എൻ.എസ്.എസ്സിന്റെ ആ ദുർഘടഘട്ടത്തിൽ അദ്ദേഹത്തെപ്പോലുള്ള ഒരാളെ അംഗമാക്കുന്നതു സൂക്ഷിച്ചുവേണമെന്ന് ഓർക്കാതിരുന്നില്ല. എന്നാൽ എൻ.എസ്.എസ്സിൽ അംഗമാകാൻ ഏതു നായർക്കും അവകാശമുണ്ടെന്നും, ബന്ധുത-ശത്രുത നോക്കി സമ്മത-വിസമ്മതം രേഖപ്പെടുത്തുന്നതു ശരിയല്ലെന്നുമുള്ള അഭിപ്രായം എനിക്ക് മുമ്പേതന്നെയുണ്ട്. ആരുവന്നാലും സർവീസ് സൊസൈറ്റിക്കു ബാധകമാകാതിരിക്കാൻ ഭാരവാഹികൾ കരുതലോടുകൂടി ഇരുന്നുകൊണ്ടാൽ മതിയാകും. അതുകൊണ്ട് മെമ്പർഷിപ്പിനുള്ള അപേക്ഷാഫാറം മള്ളൂരിന് അയച്ചുകൊടുക്കാൻ ആലോചനയോ താമസമോ ഉണ്ടായില്ല. അദ്ദേഹത്തിന്റെ അപേക്ഷ അടുത്ത കൗൺസിൽതന്നെ സ്വീകരിക്കയും അംഗമാക്കുകയും ചെയ്തതനുസരിച്ച്, അദ്ദേഹം ഒരു എൻ.എസ്.എസ്. മെമ്പറാണ്.

അദ്ദേഹത്തെ സംബന്ധിച്ച് ഒരു വസ്തുതകൂടി അനുഭവത്തിൽനിന്നും പറയേണ്ടതായിട്ടുണ്ട്. അദ്ദേഹം എൻ.എസ്.എസ്. മെമ്പറായിട്ട് 23 കൊല്ലമായി. അതിനിടയിൽ സർവീസ് സൊസൈറ്റിപ്രവർത്തകന്മാരുടെ ഇടയിൽ ചില അഭിപ്രായഭേദങ്ങളും കക്ഷിമത്സരങ്ങളുമുണ്ടായിട്ടുണ്ട്. അതിനെ ഒരവസരമാക്കി പ്രയോഗിക്കാനോ, കക്ഷിചേരാനോ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. അദ്ദേഹം അതിലെ ഒരധികാരിയാകാനും ശ്രമിച്ചിട്ടില്ല. സമുദായസ്നേഹിയായ അദ്ദേഹം ഈ സ്ഥാപനം നിലനിൽക്കുന്നതിലും, അഭിവൃദ്ധിപ്പെടുന്നതിലും, ഇപ്പോൾ സന്തോഷിക്കുന്നുണ്ടെന്നുള്ളതു നിർവിവാദമാണ്.

മള്ളൂരുമായി അടുത്ത സമ്പർക്കം പുലർത്താനോ അദ്ദേഹത്തെ ബഹുമാനിക്കാനോ സർവീസ് സൊസൈറ്റിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട്, അദ്ദേഹത്തെ സമ്മേളനാദ്ധ്യക്ഷനാക്കാൻ തീരുമാനിച്ചതാണ്. അദ്ധ്യക്ഷപദം സ്വീകരിക്കാൻ തിരുവനന്തപുരത്തുനിന്നും പുറപ്പെട്ട് കോന്നിയിൽ എത്തുന്നതുവരെ, എൻ.എസ്.എസ്. കരയോഗക്കാരും മറ്റു പ്രമാണികളും ചേർന്ന്, വഴിക്ക് അനവധി സ്ഥലത്തുവച്ച് മള്ളൂരിനെ ബഹുമാനപൂർവം സ്വീകരിച്ച് ഹാരാർപ്പണം ചെയ്ത് സൽക്കരിച്ചു. ഓമല്ലൂർനിന്നും പത്തനംതിട്ട ടൗൺവരെയുള്ള സ്വീകരണം അതിൽ പ്രാമുഖ്യം വഹിക്കുന്നതാണ്. അവിടുത്തെ വിശ്രമത്തിനുശേഷം സ്വാഗതസംഘം കോന്നി അതിർത്തിയിൽവച്ച് ആഡംബരപൂർവം അദ്ദേഹത്തെ സ്വീകരിച്ചു. വാളന്റ്യർ സേനയുടെ അകമ്പടിയോടും വാദ്യഘോഷങ്ങളോടും ഗ്യാസ് ലൈറ്റുകളോടും കണക്കില്ലാത്ത ജനങ്ങളോടുംകൂടിയുള്ള ഘോഷയാത്ര ഏതാനും മണിക്കൂറുകൾകൊണ്ടാണ് അദ്ധ്യക്ഷവസതിയിൽ ചെന്നെത്തിയത്.

പിറ്റേദിവസം ഉച്ചയ്ക്കുശേഷം നായർസമ്മേളനം കൂടി. പതിനായിരത്തിലധികം ആളുകൾക്ക് ഇരിക്കാൻ തയ്യാറാക്കിയിരുന്ന പന്തലിൽ, സ്ത്രീകൾക്കും പുരുഷന്മാർക്കുമായി വിഭജിച്ചിട്ടിരുന്ന ഭാഗങ്ങളെല്ലാം നേരത്തേതന്നെ നിറഞ്ഞിരുന്നു. പണംകൊടുത്തു ടിക്കറ്റു വാങ്ങിയവർക്ക് ഒടുവിൽ പന്തലിന് അകത്ത് പ്രവേശനം കൊടുക്കാൻ കഴിയാതെ കുഴങ്ങി. പതാക ഉയർത്തിയത് തോട്ടയ്ക്കാട്ടു മാധവിയമ്മ ആയിരുന്നു. സമ്മേളനങ്ങൾ ഓരോന്നായി നടന്നുകൊണ്ടിരുന്നു. മറ്റു സമ്മേളനങ്ങളെ അതിശയിക്കത്തക്ക ആൾക്കൂട്ടമായിരുന്നു, സ്ത്രീസമ്മേളനത്തിന്. സ്ത്രീകളുടെ സംഖ്യാബഹുലതകൊണ്ട്, പുരുഷന്മാരിൽ വളരെ കുറച്ചുപേർക്കുമാത്രമേ പന്തലിൽ പ്രവേശനം കൊടുക്കാൻ തരപ്പെട്ടുള്ളു. കൊച്ചി ഗവണ്മെന്റ് ആശുപത്രി ഡോക്ടർ ഗൗരിയമ്മയായിരുന്നു അദ്ധ്യക്ഷ. ഒരു സാധുകുടുംബത്തിൽ ജനിച്ച അവർ, ബുദ്ധിയും പ്രയത്നവും കൊണ്ട് ഉയർന്ന വിദ്യാഭ്യാസം ചെയ്യാനും ഒടുവിൽ ഇംഗ്ലണ്ടിൽപോയി പഠിപ്പുകഴിഞ്ഞു മടങ്ങിവരാനും, നല്ല ഡോക്ടർ എന്നുള്ള പേരോടുകൂടി ഉയർന്ന ഉദ്യോഗം വഹിക്കാനും കഴിഞ്ഞിട്ടുള്ള ഒരു മഹതിയാണ്. സ്വാഗതസംഘാദ്ധ്യക്ഷ, പി.എസ്. വേലുപ്പിള്ളയുടെ പുത്രി കോന്നിയൂർ

മീനാക്ഷിയമ്മ എം.എ. ആയിരുന്നു. കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും വന്ന ഒട്ടധികം മഹതീമഹാന്മാരോടും, കണക്കില്ലാതെ വന്നെത്തിയ ബഹുജനങ്ങളോടുംകൂടി, ആ മഹാസമ്മേളനം ഒരു നാട്ടിൻപുറത്തുവച്ച് എന്നു പറഞ്ഞാൽപോരാ - ഒരു മലനാട്ടിൽ വച്ച് - ഇത്ര പരിഷ്കൃതമായി നടത്തിയ പത്തനംതിട്ട താലൂക്കുകാർ ബഹുജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു. ഒന്നാംതരം കലാപ്രകടനങ്ങളും, മറ്റെല്ലാ ചടങ്ങുകളുമുണ്ടായിരുന്നു.

ഏഴാം സമ്മേളനം

കൊല്ലം

112-ലാണ് കൊല്ലം സമ്മേളനം നടന്നത്. രാജ്യസേവാനിരതഃ കെ.ജി. പരമേശ്വരൻപിള്ളയായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. നാലു നിലപ്പന്തലും മറ്റെല്ലാ ചടങ്ങുകളും കഴിഞ്ഞ സമ്മേളനങ്ങൾക്കൊപ്പം വലുതും, പരിഷ്കൃതപരിപാടികളോടുകൂടിയതുമായിരുന്നു. കൊല്ലം താലൂക്കിൽ പൊതുവേ സമ്മേളനത്തോടു വേണ്ട ആനുകൂല്യമുണ്ടായിരുന്നു. ക്രിസ്ത്യാനികളുടെകൂടെ നിവർത്തനപ്രസ്ഥാനത്തിൽപെട്ട കുറെ നായന്മാർ, നായർ സർവീസ് സൊസൈറ്റിയിൽപെട്ട നായന്മാരുമായി രാഷ്ട്രീയകാര്യത്തിലുള്ള അഭിപ്രായഭേദം നിമിത്തം സമ്മേളനത്തിന് എതിരുണ്ടാക്കാൻ ശ്രമിച്ചു. വർഗ്ഗീയസംഘടന പാടില്ലെന്നായിരുന്നു ആ കൂട്ടത്തിൽപെട്ട നായന്മാരുടെ അഭിപ്രായം. അവർ ചെന്നുചേർന്നിരിക്കുന്ന നിവർത്തനകക്ഷി, വർഗ്ഗീയസംഘടനകളുടെ കൂട്ടുകെട്ടാണെന്നവർക്കറിയാം. അതിന്റെ മീതെ നിന്നുകൊണ്ട് വർഗ്ഗീയസംഘടനയുടെ പേരിലുള്ള എതിർപ്പുമുഴുവൻ നായർ സർവീസ് സൊസൈറ്റിയോടു മാത്രമായിരുന്നു. എതിർക്കാനുള്ള നായരെ മറുകക്ഷിക്കു കിട്ടാൻ പ്രയാസമുള്ള ഒരു സമുദായമല്ലല്ലോ നമ്മുടേത്. അങ്ങനെയുള്ളവരിൽ ചില പ്രമാണികൾ കൊല്ലം താലൂക്കിലുമുണ്ടായിരുന്നു. അവരിൽ പ്രമാണി കുമ്പളത്തു ശങ്കുപ്പിള്ള ആയിരുന്നു. പ്രക്ഷോഭണകുതുകികളായ അവർ നായർസമ്മേളനം അലങ്കോലപ്പെടുത്താൻ ആഗ്രഹിക്കുകയും, ശ്രമിക്കുകയും ചെയ്തു. ചില പത്രപ്രസ്താവനകളും വിജ്ഞാപനങ്ങളുംകൊണ്ടുള്ള പ്രക്ഷോഭണത്തിൽ കവിഞ്ഞൊന്നും ചെയ്യാൻ അവർക്കു കഴിവോ സ്വാധീനമോ ഉണ്ടായിരുന്നില്ല.

കെ.ജി. പരമേശ്വരൻപിള്ള കൊല്ലം താലൂക്കിലെ നായന്മാരുടെ മാത്രമല്ല, എല്ലാ ജാതിമതസ്ഥരുടെയും സമ്മതനായ ഒരു നേതാവായിരുന്നു. അദ്ദേഹം രാജ്യമൊട്ടാകെതന്നെ പ്രസിദ്ധനുമായിരുന്നു. ഏതു നല്ലകാര്യങ്ങളിലും പങ്കുകൊള്ളാനും, ആരേയും സഹായിക്കാനും അദ്ദേഹത്തെപ്പോലെ താല്പര്യമുള്ള വേറെ അധികം ആളുകളെ കാണുകയില്ല. ഔദാര്യവും ദീനാനുകമ്പയും തികഞ്ഞ ഒരു മഹാനായിരുന്നു

അദ്ദേഹം. മനുഷ്യസ്നേഹിയായ കെ.ജി. ശങ്കറുടെ മൂത്തസഹോദരനാണ് കെ.ജി. പരമേശ്വരൻപിള്ള എന്നുപറഞ്ഞാൽ സാമാന്യേന മതിയാകും. കൊല്ലം താലൂക്ക് എൻ.എസ്.എസ്. കരയോഗ യൂണിയന്റെ പ്രസിഡന്റും, മലയാളരാജ്യത്തിന്റെ ഉടമസ്ഥനുമാണ് അദ്ദേഹം. അതുകൊണ്ട് ആവ ശ്യത്തിൽ കവിഞ്ഞു സ്വാധീനബലമുള്ള പരമേശ്വരൻപിള്ളയുടെ നേതൃ ത്വത്തിൽ നടക്കുന്ന നായർ സമ്മേളനം ആരുടെയെല്ലാം പ്രേരണ ഉണ്ടാ യാലും, എത്രതന്നെ ആഗ്രഹമുണ്ടായാലും, സമ്മേളന നടത്തിപ്പിനു പ്രതി ബന്ധമുണ്ടാക്കാനോ, ഒരു ശബ്ദം പുറപ്പെടുവിക്കാനെങ്കിലുമോ സാദ്ധ്യ മല്ലായിരുന്നു. അതുകൊണ്ട് എല്ലാം പഴയപോലെ ചിട്ടയിലും മോടിയിലും തന്നെ നടന്നു.

കൊല്ലം സമ്മേളനാദ്ധ്യക്ഷൻ തലശ്ശേരിയിലെ അഡ്വക്കേറ്റന്മാ രിലും നായന്മാരിലും പ്രമാണിയായിരുന്നത് കെ.റ്റി. ചന്തു നമ്പ്യാർ ആയി രുന്നു. അദ്ദേഹത്തേയും പാർട്ടിയേയും എറണാകുളത്തുനിന്നും ആല പ്പുഴവഴി കൊല്ലത്തേക്കു കൂട്ടിക്കൊണ്ടുവന്നു. കാറിൽ കൊണ്ടുവന്ന അദ്ദേ ഹത്തെ നീണ്ടകര പാലത്തുങ്കൽ വച്ച് സ്വീകരിച്ചു. പടിഞ്ഞാറെ കൊല്ല ത്തുനിന്നും പതിവുപോലെ വലിയ ഘോഷയാത്രയായി അനവധിയായിരം ആളുകളോടും വാളന്ട്യർമാരുടെ അകമ്പടിയോടും, അണിനിരന്ന ഗ്യാസ്ലൈറ്റുകളോടും, വാദ്യമേളങ്ങളോടുംകൂടി ടൗൺ ചുറ്റി പ്രസി ഡന്റിന്റെ താമസസ്ഥലത്തെത്തി.

പിറ്റേദിവസം ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ സമ്മേ ളനം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുമേൽ നായർസമ്മേളനം നടന്നു. വിശാലമായ പന്തലിനകത്തും പുറത്തും ആളുകൾ തിങ്ങിക്കൂടിയിരു ന്നു. സ്ത്രീകളുടെ സംഖ്യയും ചെറുതല്ലായിരുന്നു. രണ്ടാംദിവസം ഉച്ച യ്ക്കുമേലായിരുന്നു സ്ത്രീസമ്മേളനം. സ്ത്രീസമ്മേളനാദ്ധ്യക്ഷ കോഴി ക്കോട്ടു കുട്ടിമാളു അമ്മ ആയിരുന്നു. മറ്റ് ഉപസമ്മേളനങ്ങളും മുറപ്ര കാരം നടന്നു. അവസാനദിവസം ആവശ്യമുള്ള പ്രമേയങ്ങൾ എല്ലാം പാസ്സാക്കി. ഒരു ഗദ്യപ്രബന്ധത്തിനു വിജയിയായ കോട്ടയം എം.എൻ. ഗോവിന്ദൻനായർ ബി.എ.ബി.എൽ.-നു ഒരു സ്വർണ്ണമെഡൽ സമ്മാനം കൊടുത്തു. അത് ചാലയിലെ ഒരു വ്യാപാരി ഗോവിന്ദപ്പിള്ളയുടെ വക യായിരുന്നു. എല്ലാം വിജയപൂർവം നടന്നു. അടുത്ത കൊല്ലത്തെ സമ്മേ ളനം ചേർത്തലവച്ചു നടത്താൻ ക്ഷണിക്കപ്പെട്ടു.

എട്ടാം സമ്മേളനം

കിടങ്ങൂർ

എട്ടാമത് സമ്മേളനം ചേർത്തലവച്ചു നടത്താമെന്നു സമ്മതി ക്കുകയും ക്ഷണിക്കയും ചെയ്തതനുസരിച്ച്, 113-ൽ അവിടെവച്ചു നട ത്താനുള്ള എഴുത്തുകുത്തുകൾ ആരംഭിച്ചു. അവിടുത്തെ പ്രമാണികളെ ക്ഷണിച്ചുവരുത്തി. അവിടെവച്ച് ഒരു പ്രാരംഭയോഗംകൂടി സ്വാഗതസംഘം

രൂപീകരിച്ചു. മുറിവേലി പാച്ചുപിള്ളയെ സ്വാഗതസംഘാദ്ധ്യക്ഷനായി തിര ഞ്ഞെടുത്തു. കട്ടിയാട്ടു ശിവരാമപ്പണിക്കർ, പാട്ടത്തിൽ വേലായുധൻ കർത്താവ്, മുതലായവർ സ്വാഗതസംഘാംഗങ്ങളുമായി പണപ്പിരിവിനു വേണ്ട വ്യവസ്ഥ ചെയ്തിട്ട് ഞാൻ മടങ്ങിപ്പോന്നു. എന്നാൽ ആരുംതന്നെ ആ ചുമതല ഏറ്റെടുത്തു നടത്താനോ, അതിന് അല്പമെങ്കിലും ക്ലേശി ക്കാനോ തയ്യാറില്ലെന്ന് അധികം താമസിയാതെ മനസ്സിലായി. എൻ.എ സ്.എസ്. സമ്മേളനങ്ങൾ ഒട്ടധികം പണച്ചെലവുള്ളതും, വളരെ ക്ലേശം സഹിക്കേണ്ടതുമാണെന്ന് അവരും മനസ്സിലാക്കിയിട്ടുണ്ട്. ആത്മാർത്ഥ തയോടുകൂടി ശ്രമിക്കുന്ന ഏതാനും പേരെങ്കിലും ഉണ്ടെങ്കിലേ കാര്യം ഒരുവിധം ഭംഗിയിൽ നടക്കുകയുള്ളൂ. ചേർത്തല താലൂക്കിലെ എൻ.എ സ്.എസ്. സംഘടനതന്നെ അന്ന് ഒരുവിധം നിർജ്ജീവമായിരുന്നു. അതു കൊണ്ട് എൻ.എസ്.എസ്സിനെ സംബന്ധിച്ചിടത്തോളം ഒരു അടിയുറപ്പുള്ള ദിക്കായിരുന്നില്ല അത്. ക്രമേണ സ്വാഗതസംഘം പ്രസിഡണ്ടുമുതലു ള്ളവർ ഒഴിയുന്ന ലക്ഷണം കണ്ടുതുടങ്ങി. അവരുടെ അപ്രാപ്തിയോ ശ്രമക്കുറവോ കൊണ്ടാണ് സമ്മേളനം നടക്കാതിരുന്നത് എന്നു പൊതു ജനങ്ങൾ ധരിക്കാതിരിക്കാനുള്ള മാർഗ്ഗം അവർ അന്വേഷിച്ചുതുടങ്ങിയ തായും ബോദ്ധ്യപ്പെട്ടു. സി.പി. രാമസ്വാമി അയ്യരോട് അത്യപ്തിയുള്ള പല നായന്മാരും ചേർത്തലയിലും ഉണ്ടായിരുന്നു. അവർ ചേർത്തലസ മ്മേളനം നടത്താതിരിക്കാൻ ചില എതിർപ്രചരണങ്ങളും ആരംഭിച്ചു. സ്വാഗതസംഘക്കാരിൽ അധികംപേരും ആ തണലിലേക്കു നീങ്ങിയും കൊണ്ട് അവരുടെ ചുമതലയിൽനിന്നും ഒഴിയാൻ ശ്രമിച്ചു. എൻ.എസ്. എസ്. ഗവണ്മെന്റുമായി അനുകൂലിച്ചുനിൽക്കുന്നത് ഒരു അപരാധമായി അവരും പറഞ്ഞുതുടങ്ങി. നിവർത്തനകക്ഷിയിൽപെട്ട നായന്മാരിൽ ചിലരും ചേർത്തലവച്ച് സമ്മേളനം നടത്തിക്കുമെന്നു പത്രത്തിൽ എഴു ത്താരംഭിച്ചു. ആ തരക്കാർ ഏതു സമുദായത്തിലും, ഏതു താലൂക്കിലും കുറെയൊക്കെ കാണും. ഇതുവരെ സമ്മേളനം നടന്ന താലൂക്കുകളി ലെല്ലാം ഇങ്ങനെയുള്ളവർ കുറേ എങ്കിലും കാണാതിരിക്കാൻ ന്യായമി ല്ല. എന്നാൽ സമ്മേളനം നടത്തണമെന്നു താൽപര്യവും, സന്മനസ്സും, സ്വാധീനവുമുള്ള കുറേപ്പേരായിരിക്കും മുൻനിന്ന് കാര്യങ്ങൾ നടത്തു ന്നത്. എതിർപ്പിന്റെ കാഠിന്യംകൊണ്ടല്ല, ബന്ധുജനങ്ങളുടെ ക്ഷീണ ത്തിന്റെ കൂടുതലും, സന്മനോഭാവത്തിന്റെ കുറവുംകൊണ്ടാണ് സമ്മേ ളനം അവിടെവച്ചു നടത്താൻ സാദ്ധ്യമല്ലാതെ വന്നത്. പ്രസിഡണ്ടുതന്നെ കാലുമാറുക എന്നു വന്നാൽ പിന്നെ അവിടെനിന്ന് ഒഴിഞ്ഞുമാറുകയ ല്ലാതെ ഗത്യന്തരമുണ്ടോ. ചേർത്തലയെ വിശ്വസിച്ച് ഏതാനും മാസ ക്കാലം ചുറ്റിപ്പറ്റി നടന്നു. എല്ലാ പരീക്ഷണങ്ങളും നടത്തിക്കഴിഞ്ഞ്, നട പ്പില്ലെന്നു തീർച്ചപ്പെട്ടപ്പോഴേക്ക് കാലം വളരെ പോയി. സമ്മേളനം മുട ക്കാതെ നടത്തേണ്ടത് അത്യാവശ്യമെന്ന് അധികം തെളിഞ്ഞ ആ സന്ദർഭ ത്തിൽ വേറെ ഏതെങ്കിലും സൗകര്യമുള്ള ഒരു താലൂക്ക് കണ്ടുപിടി ക്കേണ്ടിവന്നു.

ചേർത്തലവച്ചു സമ്മേളനം നടത്താൻ സാദ്ധ്യമല്ലെന്നു വന്നപ്പോൾ എതിർകക്ഷികളുടെ പത്രത്തിലെഴുത്തും അധിക്ഷേപവും വളരെ മൂത്തു. സർവീസ് സൊസൈറ്റി ഈ രാജ്യത്ത് 'നിൽക്കാൻ സ്ഥാനമില്ലാത്ത ഒരു സ്ഥാപനമായിത്തീർന്നു' എന്ന മട്ടിലായിരുന്നു അവരുടെ കൂട്ടവെടി പൊട്ടിക്കൽ. അതിനെയൊന്നും വകവയ്ക്കാതെ സമ്മേളനം സൗകര്യമുള്ള മറ്റേതെങ്കിലും താലൂക്കിൽവച്ചു നടത്താൻ തീരുമാനിച്ചു. ആ അവസരത്തിലാണ് മീനച്ചിൽ താലൂക്ക് കരയോഗ യൂണിയൻകാർ അവരുടെ ചുമതലയിൽ കിടങ്ങൂർവച്ച് ഇത്തവണത്തെ സമ്മേളനം നടത്താൻ അനുവദിക്കണമെന്ന് എഴുതി അയച്ചത്. ക്ഷണം സ്വീകരിച്ച് മേടം അവസാനത്തിലും, ഇടവം 1-ം 2-ം തീയതികളിലുമായി പഴയമട്ടിൽതന്നെ മൂന്നുദിവസത്തെ സമ്മേളനം നടത്താനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. മീനച്ചിൽ താലൂക്കു യൂണിയന്റെ സർവസമ്മതനായ അദ്ധ്യക്ഷനാണ് വരകപ്പള്ളി കേശവപിള്ള. അദ്ദേഹം പ്രസിഡണ്ടും, സ്വാധീനശക്തിയുള്ള മറ്റു പലരും അംഗങ്ങളുമായുള്ള ഒരു സ്വാഗതസംഘം രൂപീകരിച്ചു. പണപ്പിരിവും നാലുനിലപ്പന്തൽകെട്ടും ആരംഭിച്ചു. അവിടുത്തെ നായർസമുദായാംഗങ്ങളെല്ലാംതന്നെ അത്യുത്സാഹപൂർവം സമ്മേളനം വിജയപ്രദമാക്കാൻ ശ്രമിച്ചു. മീനച്ചിൽ, ക്രിസ്ത്യൻപ്രാമാണ്യമുള്ള ഒരു താലൂക്കായിട്ട് വളരെ നാളായി. അതറിഞ്ഞു ജീവിക്കാനുള്ള ശേഷി, അവിടുത്തെ നായന്മാർക്കുണ്ടായിരുന്നു. പഴയ പ്രഭാവമുള്ള പല നായർഭവനങ്ങളും ഇന്നുമുണ്ടെങ്കിലും, സംഖ്യാബലക്കുറവും കൂട്ടുകെട്ടില്ലായ്മയും അലസമനോഭാവവുംകൊണ്ട്, ഒരു ന്യൂനപക്ഷത്തിനുള്ള പ്രാബല്യംതന്നെയും ഇല്ലാതിരുന്ന അവസരത്തിലാണ് സർവീസ് സൊസൈറ്റി സംഘടന അവിടെയുണ്ടാക്കിയത്. ആ താലൂക്കിൽ എൻ.എസ്.എസ്. കരയോഗം ഇല്ലാത്ത ഒരൊറ്റ കരയും ഉണ്ടെന്നു തോന്നുന്നില്ല. അവിടുത്തെ യൂണിയനും യൂണിയൻ പ്രസിഡണ്ടും മറ്റു താലൂക്കുകൾക്കു മാതൃകയെന്നോണം പരിലസിച്ചിരുന്നു. സർവീസ് സൊസൈറ്റീഭക്തിയും, പൗരുഷവും, ഐക്യവും തികഞ്ഞ ഒരു താലൂക്കാണത്. അവസരം വന്നപ്പോഴെല്ലാം അവർ അത് പ്രത്യക്ഷപ്പെടുത്തി, വിജയപതാക പറപ്പിച്ചിട്ടുണ്ട്. സംഖ്യാബലത്തിലും, ധനസ്ഥിതിയിലും, പൊതുസ്ഥാപനബന്ധത്തിലും പ്രബലരായ അവിടുത്തെ ക്രിസ്ത്യാനികളെപ്പോലും അത്ഭുതപ്പെടുത്തത്തക്കവണ്ണം, ഐക്യവും ശക്തിയും കാണിച്ചിട്ടുള്ള അവിടുത്തെ നായർസമുദായംതന്നെയാണ്, ചേർത്തല താലൂക്ക് നായർ സർവീസ് സൊസൈറ്റിയെ അപമാനരംഗത്തേക്കു തള്ളിവിട്ടപ്പോൾ സ്വാഗതം ചെയ്യാനുണ്ടായത്. ശേഷിയുള്ള താലൂക്കുകൾ മൂന്നുമാസംകൊണ്ടു നേടിയ വിജയം മൂന്നാഴ്ചകൊണ്ടു നേടാനും, സമ്മേളനം ഏറ്റവും വിജയപൂർവം നടത്താനും അവർക്കു കഴിഞ്ഞു.

മീനച്ചിൽ താലൂക്കിൽ സർവീസ് സൊസൈറ്റിക്കുള്ള സ്ഥാപനങ്ങളിൽ പ്രാമാണ്യം വഹിക്കുന്നത് കിടങ്ങൂർ എൻ.എസ്.എസ്. ഹൈസ്ക്കൂളാണ്. ആ ഹൈസ്ക്കൂൾ കോമ്പൗണ്ടിലാണ് സമ്മേളനപ്പ

ന്തൽ തയ്യാറാക്കിയത്. സമ്മേളനത്തിൽ പങ്കുകൊള്ളാൻവരുന്ന പ്രമാണികളായ പുരുഷന്മാരേയും സ്ത്രീകളേയും താമസിപ്പിക്കാൻതക്ക നല്ല ഭവനങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ലാതിരുന്ന ആ നാട്ടിൻപുറത്തെ സമ്മേളനം, അവിടെ വന്നുകൂടിയ എല്ലാവരേയും തൃപ്തിപ്പെടുത്തത്തക്ക വണ്ണം വിജയിച്ചത്, അവിടെയുള്ള ആബാലവൃദ്ധം ജനങ്ങളുടെ ഹൃദയപൂർവമുള്ള സഹകരണവും സൗജന്യവുംകൊണ്ടായിരുന്നു. സമ്മേളനം സമീപിച്ചപ്പോഴേക്ക്, ഒരു ഗ്രാമപ്രദേശമായിരുന്ന കിടങ്ങൂരിന് ഒരു പട്ടണച്ഛായതന്നെ വന്നു. അത്രവളരെ തിരക്കും മോടിയും അവിടെ കാണാനുണ്ടായിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ, യൂണിയൻ പ്രസിഡന്റ് വരകപ്പള്ളി കേശവപിള്ളതന്നെയായിരുന്നു.

സമ്മേളനാദ്ധ്യക്ഷൻ കൽക്കുളം ടി. കുമാരപിള്ളയായിരുന്നു. സുപ്രസിദ്ധനായിരുന്ന ചീഫ് സെക്രട്ടറി പി. താണുപിള്ളയുടെ അനന്തിരവനാണ് അദ്ദേഹം. ചെറുപ്പത്തിലേതന്നെ ഒരു പൊതുക്കാര്യപ്രസക്തനും, തെക്കൻ തിരുവിതാംകൂറിലെ അന്നത്തെ രാഷ്ട്രീയനേതാവുമായിരുന്നു. തിരുവനന്തപുരം റെയിൽവേസ്റ്റേഷൻ മുതൽ കിടങ്ങൂർവരെ എൻ.എസ്.എസ്. കരയോഗങ്ങളും, ബഹുമാന്യന്മാരായ പല വ്യക്തികളും അദ്ദേഹത്തിനു ഹൃദ്യമായ സ്വീകരണം നൽകി. കൊല്ലം താലൂക്ക് കരയോഗയൂണിയൻ പ്രസിഡണ്ട് രാജ്യസേവാപ്രവീണ കെ.ജി. പരമേശ്വരൻപിള്ള സുഖമില്ലാതെ കിടപ്പിലായിരുന്നിട്ടും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം റയിൽവേ സ്റ്റേഷനിൽവച്ച് യൂണിയൻ അദ്ദേഹത്തെ ആഡംബരപൂർവം സ്വീകരിച്ച് വിശ്രമിപ്പിച്ചു. അവിടെനിന്നും സ്പെഷ്യൽകാറിൽ കിടങ്ങൂരിലേക്കുള്ള യാത്രാമദ്ധ്യേ എല്ലാ താലൂക്കുയൂണിയൻകാരും അദ്ദേഹത്തെ സ്വീകരിച്ചു. ഏറ്റുമാനൂർ മന്ദിരത്തിൽവച്ചുള്ള സൽക്കാരത്തിനുശേഷം സന്ധ്യ കഴിഞ്ഞപ്പോൾ, കിടങ്ങൂർസമീപം പുന്നത്തറ തയ്യാറാക്കിയ സ്വീകരണപ്പന്തലിൽവച്ച് സ്വാഗതസംഘം അദ്ദേഹത്തെ അത്യാഡംബരപൂർവം സ്വീകരിച്ച് ഘോഷയാത്രയായി അദ്ദേഹത്തിന്റെ താമസസ്ഥലത്തു കൊണ്ടുചെന്നാക്കി.

പിറ്റേദിവസം കാലത്തേ എൻ.എസ്.എസ്. പതാക ഉയർത്തൽ നടന്നു. ആ കൃത്യം കയ്യേറ്റിരുന്ന കെ.ജി. പരമേശ്വരൻപിള്ളയ്ക്ക് സുഖമില്ലാതിരുന്നതു നിമിത്തം സമുദായത്തിൽ കേശവക്കുറുപ്പ് അതു നിർവഹിച്ചു. അദ്ദേഹത്തെ വാദ്യഘോഷസമേതം കൂട്ടിക്കൊണ്ടുവന്നു. വാളന്റ്യറന്മാർ പതാകാവന്ദനം നടത്തി. അതിന്റെശേഷം ഡോ. ഗോപാലപിള്ളയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യസമ്മേളനം നടന്നു. ഉച്ചയ്ക്കുശേഷം നായർമഹാസമ്മേളനം ആരംഭിച്ചു. പന്തൽ ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. സമ്മേളനം അലങ്കോലപ്പെടുത്താനായി സ്റ്റേറ്റ് കോൺഗ്രസ്സിൽപ്പെട്ട ഏതാനും നായന്മാർ നേരത്തേതന്നെ വന്നെത്തിയിരുന്നു. അവരിൽ പ്രമാണികൾ ചമ്പക്കുളം നാരായണക്കുറുപ്പ്, പാണ്ഡവത്ത് ശങ്കരപ്പിള്ള മുതൽപേരായിരുന്നു. അവരിൽ ഒന്നുരണ്ടാളുകൾ പ്രസിഡണ്ടിനോട് സമ്മേളനത്തിനിടയ്ക്ക് ചില ചോദ്യംചെയ്യൽ ആരംഭിച്ചു. അപ്പോഴേയ്ക്കു

പന്തലിന്റെ നാനാഭാഗത്തുനിന്നും അവർ ഇരിക്കാനും, പുറത്തേക്കിറങ്ങിപ്പോകാനും ഉള്ള ആജ്ഞകൾ പുറപ്പെട്ടുതുടങ്ങി. അവർക്ക് അവിടെ കുഴപ്പമുണ്ടാക്കാനെന്നല്ല, ശബ്ദമുയർത്താൻതന്നെ സാദ്ധ്യമല്ലെന്നു മനസ്സിലായതുകൊണ്ട് വന്നവഴിയേതന്നെ അവർ മടങ്ങിപ്പോയി. സമ്മേളനം നിർവിഘ്നമായി വിജയപൂർവം നടന്നു.

രണ്ടാംദിവസം കരിമ്പുവിളാകം ഗോവിന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ സാമ്പത്തികസമ്മേളനവും, ദേവകീ നേത്യാരമ്മയുടെ അദ്ധ്യക്ഷതയിൽ വനിതാസമ്മേളനവും നടന്നു. അടുത്തദിവസം റിട്ടയാർഡ് ഹൈക്കോർട്ടുജഡ്ജി എൻ. കുമാരന്റെ അദ്ധ്യക്ഷതയിൽ ഹൈന്ദവസമ്മേളനം നടന്നു. കിടങ്ങൂർ സമ്മേളനം തിടുക്കമായിട്ടാണ് നടത്തിയതെങ്കിലും, സമ്മേളനം അലങ്കോലപ്പെടുത്താൻ ഏതാനും ഏതിരാളികൾ കല്പിച്ചുകൂട്ടി വന്നെങ്കിലും, എല്ലാം വിജയപൂർവം നടക്കാൻ ഇടയാക്കി.

ഒൻപതാം സമ്മേളനം

കവിയൂർ

114 മേടം 11, 12, 13, 14 ഈ തീയതികളിൽ എൻ.എസ്.എസ്സിന്റെ ഒൻപതാംസമ്മേളനം കവിയൂർവച്ചു നടന്നു. അവിടുത്തെ ഹൈസ്ക്കൂൾമുറ്റത്തു കെട്ടിയുണ്ടാക്കിയ നാലുനിലപ്പന്തലിൽ, അമ്പാടി ശങ്കരമേനോന്റെ അദ്ധ്യക്ഷതയിൽ നായർ സമ്മേളനം നടന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ മുരണി ശങ്കരനാരായണപിള്ളയായിരുന്നു. കവിയൂരെ എൻ.എസ്.എസ്. പ്രമാണികളെല്ലാം മഠത്തിൽ നാരായണപിള്ളയുടെ നേതൃത്വത്തിൽ പന്തൽകെട്ടു മുതലായ സമ്മേളനത്തിന്റെ എല്ലാ ചുമതലകളും ഏറ്റെടുത്തു നടത്തി. പതിവുപോലെ അദ്ധ്യക്ഷന്റെ ആഡംബരപൂർവമുള്ള ഘോഷയാത്രയും മറ്റു ചടങ്ങുകളുമെല്ലാം ശരിക്കു നടന്നു. ഹെൽത്ത് ഡയറക്ടർ കൃഷ്ണൻ തമ്പിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യസമ്മേളനവും, എ. ഗോപാലമേനോന്റെ അദ്ധ്യക്ഷതയിൽ സാമ്പത്തികസമ്മേളനവും, റിട്ടയാർഡ് മദ്രാസ് ഹൈക്കോർട്ട് ജഡ്ജി ഡോ. കെ. കൃഷ്ണൻ പണ്ടാലയുടെ അദ്ധ്യക്ഷതയിൽ ഹിന്ദുസമ്മേളനവും നടന്നു. പ്രൊഫസർ ആനന്ദവല്ലിയമ്മയായിരുന്നു സ്ത്രീസമ്മേളനാദ്ധ്യക്ഷ. സംഗീതം, നാടകം മുതലായ കലാപ്രകടനങ്ങളും മോടിയിൽത്തന്നെ നടന്നു.

പത്താം സമ്മേളനം

ചങ്ങനാശ്ശേരി

സർവീസ് സൊസൈറ്റി ഉണ്ടായിട്ട് 25 കൊല്ലം തികയുന്നത് ഈ കൊല്ലം - 115-ൽ ആണ്. അതുകൊണ്ട് അതിന്റെ രജതജൂബിലി ചങ്ങനാശ്ശേരിയിൽവച്ച് നടത്തണമെന്ന് നേരത്തെ വിചാരിച്ചിരുന്നു. അതിനോടനുബന്ധിച്ച് പത്താമത്തെ നായർസമ്മേളനവും നടത്താൻ തീരുമാനിച്ചു.

പതിനൊന്നാം സമ്മേളനം

പന്തളം

116-ൽ, 11-ാമത്തെ സമസ്തകേരള നായർ മഹാസമ്മേളനം പന്തളം ഹൈസ്ക്കൂൾ മൈതാനത്തു കെട്ടിയൊരുക്കിയ നാലുനിലപ്പന്തലിൽവച്ച് ആഡംബരപൂർവം നടത്തി. ഡോക്ടർ രാമൻതമ്പിയായിരുന്നു സമ്മേളനാദ്ധ്യക്ഷൻ. സാമ്പത്തികസമ്മേളനത്തിന് കൊച്ചിയിൽനിന്നും വന്ന നാരായണമേനോനും, സ്ത്രീസമ്മേളനത്തിന് ശങ്കരമംഗലം ചെല്ലമ്മയും അദ്ധ്യക്ഷത വഹിച്ചു. സ്വാഗതസംഘാദ്ധ്യക്ഷൻ പരേതനായ കൊക്കാട്ടു ജി. കൃഷ്ണപിള്ള ആയിരുന്നു. ആ സമ്മേളനം വിജയപ്രദമായി നടത്താനുള്ള ചുമതല മുഴുവൻ വഹിച്ചത് പന്തളത്തെ എൻ.എസ്.എസ്. ബന്ധുക്കളായ എന്റെ പഴയ സ്നേഹിതന്മാരാണ്. അവരോട് ഞാൻ എന്നും കടപ്പെട്ടവനാണ്. ഭാഗ്യംകൊണ്ട് എല്ലാം വിജയപൂർവം നടന്നു എന്ന് സന്തോഷമായി പറയാം.

ലോകമഹായുദ്ധവും തന്മൂലമുണ്ടായ ക്ഷാമവും നിമിത്തം, പിന്നീട് നായർസമ്മേളനം തുടർന്നു നടത്താൻ സാധിച്ചില്ല. സമാധാനവും സാധാരണ നിലയും വന്നെത്താൻ കൊല്ലങ്ങൾ പലതു കഴിയേണ്ടിവന്നു. അതിന്റെശേഷം പുതുതായ മട്ടിൽ തുടങ്ങേണ്ടിയിരുന്ന സമ്മേളന നടത്തിപ്പുകാര്യം, എൻ.എസ്.എസ്സിന്റെ ജോലിയും ചുമതലയും പൂർവാധികം വർദ്ധിച്ചതുനിമിത്തം അപ്രധാനനിലയിലേക്കു നീങ്ങിനീങ്ങിപ്പോയി. അതിനിടയിൽ പല പേരിൽ പല സമ്മേളനങ്ങൾ നടത്തേണ്ടതായും വന്നു. പ്രചരണഘട്ടം അവസാനിച്ചു എന്നും തോന്നിത്തുടങ്ങി. അതുകൊണ്ട് പഴയ രീതിയിലുള്ള സമ്മേളനങ്ങൾ നടത്താൻ നിർബന്ധമില്ലാതെയായി. എന്നു മാത്രമല്ല, കഴിഞ്ഞ സമ്മേളനക്ലേശങ്ങൾ ഓർക്കുമ്പോൾ വീണ്ടും അതിനെ സമീപിക്കാൻ സന്തോഷവും തോന്നിയില്ല.

സമ്മേളനാരംഭം മുതൽ അവസാനം വരെ ബന്ധുക്കളുടെയും സഹായികളുടെയും സംഖ്യ കൂടിക്കൊണ്ടിരിക്കും. അതിനിടയിൽ കഷ്ടതകൾ എന്തെല്ലാമെന്നെ ഉണ്ടായാലും, ഉത്സാഹത്തിന്റെയും ആനന്ദത്തിന്റെയും തള്ളൽകൊണ്ട് അതൊന്നുമറിയുകയില്ല. സമ്മേളനം കഴിഞ്ഞ് അതിഥികളെ എല്ലാം യാത്രയാക്കിക്കഴിയുമ്പോഴാണ് ക്ലേശവും ദുരിതവും ശരിക്കറിയുന്നത്. മിക്ക സ്നേഹിതരും സഹപ്രവർത്തകരും ക്ഷീണവും വിശ്രമാസക്തിയുംകൊണ്ടായിരുന്നാലും ഒന്നാകെത്തന്നെ - പറയാതെ പിരിഞ്ഞുപോയതായി കാണാം. സമ്മേളനസ്ഥലത്ത് മിക്കവാറും ഞാനും എന്റെ ക്ലാർക്കും ശിപായിയും മാത്രം അവശേഷിക്കും. സംഗീതക്കാർ, കലാപ്രകടനക്കാർ, കാറുകാർ, അലങ്കാരക്കാർ, പന്തലുകാർ, ലൈറ്റുകാർ, ഭക്ഷണത്തിന്റെയും കാപ്പിയുടെയും ചുമതലക്കാർ എന്നിങ്ങനെ പറഞ്ഞാൽ അവസാനിക്കാത്ത അനേകം വിഭാഗക്കാർ പോകാനുള്ള

തിടുക്കത്തിൽ ബില്ലും കണക്കുമായി വന്നുനിന്നു തിരക്കുകൂട്ടുമ്പോഴുള്ള സ്വൈരക്കേട്, അതുവരെയുള്ള സകല അനുഭൂതിയേയും വിസ്മരിപ്പിക്കും. ഏതു സമ്മേളനത്തിന്റെയും അവസാനത്തിൽ പണം മതിയാകാതെവരുന്നത് സാധാരണയാണ്. ഏതുകാര്യവും അന്നന്നു നടന്നുപോവുക എന്നുള്ളതിൽകവിഞ്ഞ് ഒരു ചിന്താഗതിക്ക് അന്നു മാർഗ്ഗമില്ലായിരുന്നു. അതുകൊണ്ട് സർവീസ് സൊസൈറ്റിക്ക് മിച്ചമുള്ള ഒരു കണക്കോ ഭണ്ഡാരപ്പെട്ടിയോ ഉണ്ടായിരുന്നില്ല. പോരായ്മകളോ ദാരിദ്ര്യമോ എത്രതന്നെ ഉണ്ടായിരുന്നാലും, ഈമാതിരി കാര്യങ്ങളിലൊന്നും കടം പറയുകയോ, അവർക്ക് അതൃപ്തി ഉണ്ടാക്കുകയോ ഞാൻ ഇന്നുവരെ ചെയ്തിട്ടില്ല. ചെലവു നിയന്ത്രിക്കണമെന്നു നിർബന്ധമുള്ള ഒരുവനാണ് ഞാൻ. കടമെന്നു കേട്ടാൽ ഭയവുമാണ്. അതുകൊണ്ട് എന്റെ സഹപ്രവർത്തകന്മാരിലും കീഴുദ്യോഗസ്ഥന്മാരിലും പലരും ഞാൻ ഒരു മഹാലുബ്ധനാണെന്ന് ധരിച്ചിട്ടുണ്ടെന്നുപോലും തോന്നാറുണ്ട്. അവർ തുറന്ന ഹൃദയത്തോടുകൂടി എന്റെ പ്രവൃത്തികൾ പരിശോധിക്കുന്നപക്ഷം ഞാൻ വലിയ പ്ലാനിലും ചിന്താഗതിയിലുമേ പ്രവർത്തിക്കാറുള്ളു എന്നു കാണാൻ കഴിയും. സർവീസ് സൊസൈറ്റി സ്ഥാപനങ്ങളുടെ വലുപ്പവും ഭംഗിയും വിപുലമായ പരിപാടിയിലുള്ള മഹാസമ്മേളനങ്ങളും, പൊതുവായുള്ള ആതിഥ്യസൽക്കാരങ്ങളുമെല്ലാം, ഞാൻ ലുബ്ധനാണെന്നു വിശ്വസിക്കുന്നവരോട് അതൊരു തെറ്റിദ്ധാരണയാണെന്ന് ഉത്തരം പറഞ്ഞുകൊണ്ടു നിൽക്കുന്നുണ്ട്. അനാവശ്യച്ചെലവിനോട് ഇഷ്ടപ്പെടുന്നവനല്ല ഞാൻ എന്നു സമ്മതിക്കുന്നു. എന്നുമാത്രമല്ല, നൂറുരൂപ ചെലവുചെയ്തു സാധിക്കേണ്ട കാര്യം 90 രൂപകൊണ്ടു സാധിക്കുകയും, 110 രൂപ ചെലവുചെയ്ത വലിപ്പം അതിനുണ്ടാക്കുകയും ചെയ്യണമെന്ന് എനിക്കു നിർബന്ധമുണ്ട്. സർവീസ് സൊസൈറ്റിയുടെ ഇതുവരെയുള്ള വരവു-ചെലവു കണക്കുകൾ ആരെങ്കിലും കൂലങ്കഷമായി പരിശോധിക്കുന്നപക്ഷം, നടന്ന പല കാര്യങ്ങൾക്കുള്ള ചെലവും, സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെയും കണക്കുംകൂടി നോക്കുമ്പോൾ വരവിനേക്കാൾ എത്രയോ മടങ്ങ് ചെലവുണ്ടായിട്ടുള്ളതായി തോന്നാം. എൻ.എസ്.എസ്സിന്റെ മരാമത്തുകളെല്ലാംതന്നെ മറ്റാരു നടത്തുന്ന മരാമത്തിനെക്കാളും ചെലവുകുറഞ്ഞിരിക്കുമെന്ന് കോളേജുകെട്ടിടംപണിക്കണക്കുകൾ പരസ്യപ്പെടുത്തുമ്പോൾ മനസ്സിലാകുന്നതാണ്. ഒരു സേവനസംഘമായ സർവീസ് സൊസൈറ്റിയിലെ പ്രവർത്തകന്മാർ അവർക്ക് മറ്റൊരിടത്തു കിട്ടാമായിരുന്ന ശമ്പളത്തിലും കവിഞ്ഞ് ഇവിടെ കിട്ടിയാലും തൃപ്തിപ്പെടാതെ, ത്യാഗമാണെന്നു പറഞ്ഞുകൊണ്ട് ശമ്പളക്കൂടുതലിന് ആഗ്രഹിക്കുന്നതിനെയും ഞാൻ എതിർക്കാറുണ്ട്.

നല്ല വാക്കുകൾ പറഞ്ഞും ഈ മാതിരിയുള്ള കാര്യങ്ങളിൽ പങ്കുകൊള്ളുന്നവർക്കുമുള്ള ബാദ്ധ്യതയെ ചൂണ്ടിക്കാണിച്ചും, കഴിവുള്ള പണംകൊടുത്തും സംതൃപ്തരായി യാത്ര അയച്ച ശേഷമേ ഞാൻ വിശ്രമിക്കുകയുള്ളു. എല്ലാ കെട്ടുപാടുകളിൽനിന്നും സമ്പൂർണ്ണ വിമോചനം

നേടാൻ ഒന്നുരണ്ടാഴ്ച പിടിക്കും. അതെല്ലാം വേണ്ടവണ്ണം നിർവഹിച്ച് സമ്മേളനംകൊണ്ടുണ്ടാകേണ്ട പ്രയോജനവും പേരും പെരുമയും നൂറു ശതമാനവും ലഭിച്ചു എന്നു ബോദ്ധ്യംവന്നശേഷമേ ഞാൻ നാടുവിടാറുള്ളു.

ഷഷ്ടിപൂർത്തി സമ്മേളനം

സർവീസ് സൊസൈറ്റിയുടെ ചുമതലയിൽ നടന്ന ഒരു സമ്മേളനത്തെക്കുറിച്ചുകൂടി രണ്ടുവാക്കു പറയണം. അത് എന്റെ ഷഷ്ടിപൂർത്തി സമ്മേളനമാണ്. 1113 ധനുമാസം 17-ാം തീയതിയായിരുന്നു അതു നടന്നത്. 112-ലെ എൻ.എസ്.എസ്. പൊതുയോഗ നിശ്ചയപ്രകാരം എന്റെ ഷഷ്ടിപൂർത്തി രാജ്യവ്യാപകമായി ഒരു മഹോത്സവം എന്നവണ്ണം നടത്താൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചു. ഒരു സെൻട്രൽ കമ്മറ്റിയും ആവശ്യമുള്ള സബ് കമ്മറ്റികളും ഉണ്ടാക്കി. സെൻട്രൽ കമ്മറ്റി സെക്രട്ടറി കൈനിക്കര പത്മനാഭപിള്ളയായിരുന്നു. അദ്ദേഹം അന്ന് എൻ.എസ്.എസ്. സ്കൂളുകളുടെ ജനറൽ മാനേജരായിരുന്നു. ഷഷ്ടിപൂർത്തിദിവസം ചങ്ങനാശ്ശേരിയിൽവച്ച് എന്റെ സുഹൃത്തുക്കളെയെല്ലാം ക്ഷണിച്ചുവരുത്തി വലിയ സദ്യകഴിക്കാനും, സാധുജനങ്ങൾക്കു വിഭവസമൃദ്ധമായ നിലയിൽതന്നെ ഭക്ഷണം കൊടുക്കാനും, പൊതുയോഗസമക്ഷം എനിക്ക് മംഗളാശംസ നൽകാനും, ആവശ്യമുള്ള ആഘോഷം നടത്താനും തീരുമാനിച്ചു. എല്ലാ കരയോഗങ്ങളും യൂണിയനും അതതു സ്ഥലത്ത് സാധുക്കൾക്കു ഭക്ഷണം നൽകാനും, പൊതുയോഗംകൂടി ആഘോഷങ്ങൾ നടത്താനും മംഗളാശംസ ചെയ്യാനും, അതിനുശേഷം കഴിവുള്ള പ്രതിനിധികൾ ചങ്ങനാശ്ശേരി സമ്മേളനത്തിൽ പങ്കുകൊള്ളാനും വ്യവസ്ഥ ചെയ്തിരുന്നു. അതനുസരിച്ച് നാട്ടിലെ എല്ലാ ഭാഗത്തും ഉത്സാഹപൂർവമുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരുന്നു.

എന്റെ ജന്മദേശമായ പെരുന്നയിലെ കരയോഗക്കാർ, എന്റെ ഷഷ്ടിപൂർത്തിസ്മാരകമായി കരയോഗംവക പുതുതായി ഒരു മന്ദിരം പണി നേരത്തെ ആരംഭിച്ചിരുന്നു. പെരുന്നയിലെ ഹൈന്ദവരുടെ പരദേവതാക്ഷേത്രമാണ് അവിടുത്തെ 'മാരണത്തുകാവ്'. അത് പണ്ടേ കരയോഗത്തിന്റെ അധീനതയിലുള്ളതാണെങ്കിലും, ഉടമസ്ഥത കുമാരമംഗലസ്സ് മനയ്ക്കലേക്കായിരുന്നു. ഞാൻ ആ ക്ഷേത്രത്തിന്റെയും അതിനോടനുബന്ധിച്ചുള്ള വസ്തുക്കളുടെയും അവകാശം കരയോഗത്തിന്റെ പേർക്ക് നേരത്തെ എഴുതിവാങ്ങിയിരുന്നു. വസ്തുക്കളിൽ ഏതാനും ഭാഗം സർവീസ് സൊസൈറ്റിക്കും, ബാക്കി കരയോഗത്തിനും എന്നുള്ള സങ്കല്പത്തിലായിരുന്നു എഴുതിവാങ്ങിയത്. ഞാൻ അന്ന് എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയും, പെരുന്ന കരയോഗം പ്രസിഡണ്ടുമായിരുന്നു. അപ്പോഴത്തെ സൗകര്യത്തിനുവേണ്ടി കരയോഗം പ്രസിഡണ്ടായ എന്റെ പേർക്കാണ് ആധാരമെഴുതി വാങ്ങിയത്. എന്റെ നിശ്ചയപ്രകാരം

ക്ഷേത്രവും അതിനു തൊട്ടുകിഴക്കുള്ള വസ്തുവും കരയോഗത്തിനും, ബാക്കി വസ്തു സർവീസ് സൊസൈറ്റിക്കും അന്നേ വിട്ടുകൊടുത്തു. അതനുസരിച്ച് വസ്തുക്കൾ, അതതു സ്ഥാപനങ്ങളുടെ കൈവശം ഇരിക്കുന്നുണ്ട്.

ദേവീക്ഷേത്രത്തിന്റെ പണി എന്റെ ചുമതലയിൽ അന്നുതന്നെ ആരംഭിച്ചു. കരയോഗം മുതലും ദേവസ്വം ഗ്രാന്റും കൊണ്ടാണ് അതു നടത്തിയത്. എന്റെ ഷഷ്ടിപൂർത്തിക്ക് ഏതാനും ദിവസംമുമ്പ് പണി പൂർത്തിയാക്കുകയും, ശുദ്ധികലശം നടത്തുകയും ചെയ്തു. അന്നു മുതൽ അവിടെ നിത്യപൂജ നടന്നുകൊണ്ടിരിക്കുന്നു. ആ ക്ഷേത്രത്തിൽ മുമ്പ് മാസത്തിൽ ഒന്നോ രണ്ടോ ദിവസമേ പൂജ ഉണ്ടായിരുന്നുള്ളൂ. മുമ്പുതന്നെ നായരായിരുന്നു ശാന്തിയും. അഴിമതിയുടെ സങ്കേതമായിക്കിടന്ന - നാശഗർത്തത്തിലേക്ക് ആണ്ടുപോയ - ആ പുരാതനക്ഷേത്രം കരയോഗത്തിലേക്ക് എഴുതിവാങ്ങാനും, മതിൽകെട്ടിയടച്ചും ക്ഷേത്രം പരിഷ്ക്കരിച്ചും, ദേവസ്വംഗ്രാന്റു വാങ്ങിയും, നിത്യപൂജയ്ക്കു വ്യവസ്ഥ ചെയ്തു നന്നാക്കാനും കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥനാണ്. ആ ക്ഷേത്രത്തിൽ ദൈനംദിനം ആരാധകന്മാർ വർദ്ധിച്ചുവരുന്നുണ്ട്. കൊല്ലം തോറും കരയോഗത്തിന്റെ ചുമതലയിൽ നവരാത്രിയുത്സവം മോടിയായി നടത്തുന്നതുകൊണ്ട് അതിനു പേരും പെരുമയും വർദ്ധിച്ചുവരുന്നുമുണ്ട്. അങ്ങിനെ ആ ക്ഷേത്രം നല്ല നിലയിൽ ആയതിൽ എനിക്കുള്ള സന്തോഷം അനല്പമാണ്.

അതുപോലെതന്നെ എന്റെ ഷഷ്ടിപൂർത്തി സ്മാരകമായി പെരുന്ന കരയോഗം പണിയിക്കാൻ ആരംഭിച്ച മന്ദിരത്തിന്റെ പണിയും ഷഷ്ടിപൂർത്തിക്കു മുമ്പു പൂർത്തിയാക്കി. അതിന്റെ ഉദ്ഘാടനം ഷഷ്ടിപൂർത്തി മഹോത്സവത്തിന്റെ ചടങ്ങുകളിൽ ഉൾപ്പെടുത്തി നടത്താനും അവർ തീരുമാനിച്ചു. ആ മന്ദിരം വിശാലമായ ഹാളും വലിയ വരാന്തയും ഉപമുറികളുമുള്ള മനോഹരമായ ഒരു കെട്ടിടമാണ്. ദൂരെവച്ചുതന്നെ കാഴ്ചക്കാരുടെ ദൃഷ്ടിയിൽ പതിയത്തക്കവണ്ണം 'മന്നം ഷഷ്ടിപൂർത്തി സ്മാരക കരയോഗമന്ദിരം' എന്ന അക്ഷരങ്ങൾ ആ മന്ദിരത്തിന്റെ ഉയർന്ന ഭാഗത്ത് വാർത്തുവച്ചിട്ടുള്ളതുകൊണ്ട്, അത് എന്റെ സ്മാരകമന്ദിരമാണെന്ന് ആരോടും ചോദിക്കാതെതന്നെ മനസ്സിലാക്കാൻ കഴിയും. എന്നോളം വലിപ്പത്തിലുള്ള ഒരു എണ്ണച്ചായപടം കരയോഗംചെലവിൽ എഴുതിച്ച് ആ ഹാളിൽ അവർ പിന്നീട് വയ്പിച്ചു. പെരുന്ന കരയോഗസ്ഥാപകരിൽ ഒരുവനെന്നോ, പഴയ മന്ദിരംപണി പ്രവർത്തകനെന്നോ ഉള്ള നിലയിൽ ഞാൻ ചെയ്ത സേവനത്തെ അതിശയിക്കത്തക്കവണ്ണം ഇന്നത്തെ കരയോഗഭാരവാഹികൾ എന്റെ ശാശ്വതസ്മാരകം ഉണ്ടാക്കിയത് എനിക്ക് വലിയ അഭിമാനമാണ്. എന്റെ അനന്തരാവകാശികളെക്കുറിച്ച് ഞാൻ സംതൃപ്തനുമാണ്.

എന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ച സദ്യയും പൊതുയോഗവും മറ്റാഘോഷങ്ങളും എൻ.എസ്.എസ്. ഹെഡ്ക്വാഫീസിൽവച്ചുതന്നെ നടത്താൻ കമ്മറ്റിക്കാർ തീരുമാനിച്ചു. സങ്കല്പപ്രകാരമുള്ള എന്റെ തറവാട് സർവീസ് സൊസൈറ്റി ആകയാൽ, കമ്മറ്റിയുടെ ആ തീരുമാനം എന്നെ അത്യധികം സന്തോഷിപ്പിച്ചു. ഹെഡ്ക്വാഫീസും ദേവീക്ഷേത്രവും പരിസരപ്രദേശങ്ങളുമെല്ലാം പന്തലിട്ട് അലങ്കരിച്ചും, തോരണാദികൾ തൂക്കിയും മോടിപിടിപ്പിച്ചിരുന്നു. കമ്മറ്റിയുടെ ചുമതലയിൽത്തന്നെ എന്റെ വീട് അലങ്കരിച്ചു. സ്ത്രീകൾക്കുള്ള സദ്യയ്ക്ക് അവിടെ ഏർപ്പാടു ചെയ്തിരുന്നു.

മൂലം നക്ഷത്രമാണ് എന്റെ ജന്മദിനം. അത് അക്കൊല്ലം ധനു 17-ന് ആയിരുന്നു. അന്നു പ്രഭാതത്തിലെ കൂട്ടവെടി ആ വസ്തുത നാട്ടുകാരെ അറിയിച്ചു. കാലത്ത് എട്ടുമണിക്കു മുമ്പുതന്നെ കുളിയും ഈശ്വരാരാധനയും കഴിഞ്ഞിരുന്ന എന്നെ ഒരു വാളന്റ്യർസംഘം അതിന്റെ നായകനായ കൈനിക്കര ഗോവിന്ദപ്പിള്ളയുടെ നേതൃത്വത്തിൽ എന്റെ വീട്ടിൽ വന്ന് പഞ്ചവാദ്യസഹിതം പെരുന്ന സുബ്രഹ്മണ്യക്ഷേത്രത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അതായിരുന്നു പരിപാടിയിലെ ഒന്നാമത്തെ ചടങ്ങ്. കമ്മറ്റിക്കാർ പെരുന്ന ക്ഷേത്രവും, ദേവീക്ഷേത്രവും നിറമാല, കുലവാഴ മുതലായവകൊണ്ട് അലങ്കരിക്കയും, വിശേഷാൽ വഴിപാടുകൾക്ക് ഏർപ്പാടു ചെയ്യുകയും ചെയ്തിരുന്നു. ഞാൻ പെരുന്ന ക്ഷേത്രത്തിലെത്തി ദർശനം കഴിച്ച് പുറത്തേക്കു വന്നപ്പോൾ, ഊരാണ്മക്കാർ നമ്പൂതിരിമാരും, സ്ഥലത്തെ യോഗക്ഷേമസഭക്കാരുംകൂടി തയ്യാറാക്കിയിരുന്ന അലംകൃതമായ പന്തലിലേക്ക് സ്വാഗതം ചെയ്യുകയും, എന്റെ കഴുത്തിൽ പുഷ്പമാലയിട്ട് അഗ്രാസനത്തിൽ ഇരുത്തുകയും ചെയ്തു. സ്ഥലം യോഗക്ഷേമം വകയായി എനിക്ക് ഒരു മംഗളപത്രവും അവിടെ വച്ചു തന്നു. അങ്ങിനെ ഈശ്വരാനുഗ്രഹവും ബ്രാഹ്മണാശീർവാദവും ലഭിച്ചുകൊണ്ട് ഞാൻ ദേവീക്ഷേത്രത്തിലെത്തി. അവിടവും അലംകൃതമായിരുന്നു. അവിടുത്തെ വിശേഷാൽപൂജയിൽ പങ്കുകൊണ്ടു.

പല സുഹൃത്തുക്കളും എന്റെ വീട്ടിൽ വന്ന് എനിക്ക് മംഗളാശംസ ചെയ്തു. ചീഫ് സെക്രട്ടറിയായിരുന്ന ഡാക്ടർ എൻ. കുഞ്ഞൻപിള്ള, ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ ആശംസയും പാരിതോഷികവുമായി നേരത്തെ വന്നെത്തി. എന്റെ ഭാര്യാമാതുലനും, ഒരു വലിയ സാഹിത്യകാരനുമായിരുന്ന തോട്ടയ്ക്കാട്ട് ടി.കെ. കൃഷ്ണമേനോൻ, അദ്ദേഹത്തിന്റെ സഹധർമ്മിണിയായ സാഹിത്യസഖി ടി.സി. കല്യാണിയമ്മയും ഒരുമിച്ച് അടിയന്തിരത്തിൽ പങ്കുകൊള്ളുന്നതിനും, എന്നെ അനുഗ്രഹിക്കുന്നതിനുമായി തലേദിവസംതന്നെ വന്നെത്തിയിരുന്നു. എന്റെ ഷഷ്ടിപൂർത്തി സ്മാരകമായി പെരുന്ന കരയോഗക്കാർ പണികഴിപ്പിച്ച 'മന്നം ഷഷ്ടിപൂർത്തി സ്മാരക കരയോഗമന്ദിര'ത്തിന്റെ ഉദ്ഘാടനം ടി.കെ. കൃഷ്ണമേനോന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗസമക്ഷം

അദ്ദേഹം നടത്തിയ ആ സമയം എന്നെയും എന്റെ ഭാര്യയേയും ക്ഷണിച്ചുകൊണ്ടുപോയി പ്രസിഡണ്ടിന്റെ സമീപത്തിരുത്തി. കരയോഗംവക യായി എനിക്കൊരു മംഗളപത്രവും തന്നു. അമ്പലപ്പുഴ ശങ്കരനാരായ ണപ്പണിക്കർ മുതലായ നാഗസ്വരവിദ്വാന്മാർവന്നു സൗജന്യവായന നടത്തി, എന്നോടുള്ള സ്നേഹബന്ധം പ്രകടിപ്പിച്ചു.

11 മണിയായപ്പോഴേക്ക് നാടിന്റെ നാനാഭാഗങ്ങളിൽനിന്ന് ആയിരക്കണക്കിനല്ല ആളുകൾ തടിച്ചുകൂടിയത്. എല്ലാ മതവിഭാഗങ്ങളിലും സമുദായങ്ങളിലുംപെട്ട ഒട്ടധികം പ്രമാണികൾ ആ കൂട്ടത്തിലുണ്ടായിരുന്നു. ഹൈസ്ക്കൂൾഹാളിലും, നീണ്ട വരാന്തയിലുമായിരുന്നു ഊണിനുള്ള ഒരുക്കം ചെയ്തിരുന്നത്. ബഹുജനങ്ങളുടെ പന്തിയിൽ അവരുമൊരുമിച്ച് ഞാൻ ഭക്ഷണം കഴിച്ചു. ജാതിഭേദവും മതഭേദവും ഈ ലോകത്തിൽ ഇല്ലാതാകണമെന്ന് ആഗ്രഹിക്കയും, അതിനുവേണ്ടി എന്റെ കഴിവനുസരിച്ചു പ്രവർത്തിക്കയും ചെയ്തിട്ടുള്ള എനിക്ക്, ബ്രാഹ്മണനെന്നോ, പുലയനെന്നോ, നായരെന്നോ, ഈഴവനെന്നോ, ഹിന്ദുവെന്നോ, ക്രിസ്ത്യനെന്നോ, മുസ്ലീമെന്നോ ഉള്ള വകഭേദം കൂടാതെ, എന്റെ ഷഷ്ടിപൂർത്തി സദ്യയിൽ ഒരുമിച്ചിരുന്നു പന്തിഭോജനം കഴിക്കാൻ ഇടയായതിൽ ഞാൻ കൃതാർത്ഥനായി. ചതുർവിധ വിഭവങ്ങളോടുകൂടിയ ആ സദ്യയുടെ മേൽനോട്ടം വഹിച്ചത് കലവറ ശങ്കരപ്പിള്ളയും കാക്കനാട്ടു നാരായണപ്പണിക്കരുമായിരുന്നു. അതിന്റെ എല്ലാ ചുമതലകളും ആദ്യവസാനം വഹിച്ച് ക്ലേശങ്ങൾ സഹിച്ചത് പരേതനായ എന്റെ അമ്മാവൻ പരമേശ്വരൻപിള്ളയായിരുന്നു. അഞ്ഞൂറുപറ അരിവച്ച സദ്യയായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ക്ലേശം എത്ര വലുതായിരുന്നു എന്ന് ഊഹിക്കാം. ആയിരമായിരക്കണക്കിനു വന്നെത്തിയ പുലയർ മുതലായ സാധുക്കളെ പന്തലിലിരുത്തി വിഭവസമൃദ്ധമായ സദ്യകൊടുത്ത് സംതൃപ്തരാക്കി. വൈകുന്നതുവരെ അതങ്ങനെ നടന്നുകൊണ്ടിരുന്നു. തിരുവിതാംകൂർ വിഭാഗത്ത് നായർ പാർക്കുന്ന ഒരു കരയിലുംതന്നെ സദ്യയും ആഘോഷവും ഉണ്ടാകാതിരുന്നിരിക്കയില്ല.

ഹെഡ്ഡാഫീസിനു മുൻവശത്തുള്ള മൈതാനത്തിൽ വച്ചായിരുന്നു പൊതുസമ്മേളനം നടന്നത്. മൂന്നു മണിക്കു മുമ്പുതന്നെ പതിനായിരക്കണക്കിന് ആളുകൾ തിങ്ങിക്കൂടിക്കഴിഞ്ഞു. അദ്ധ്യക്ഷനായി ക്ഷണിച്ചിരുന്ന സദസ്യതിലകൻ ടി.കെ. വേലുപ്പിള്ളയേയും, എന്നേയും എന്റെ വീട്ടിൽനിന്നും വാളന്റ്യറന്മാരുടെ അകമ്പടിയോടുകൂടി വാദ്യഘോഷസമേതം പന്തലിലേക്കു കൂട്ടിക്കൊണ്ടുപോയി. ടി.കെ.യുടെ അദ്ധ്യക്ഷതയിൽ യോഗമാരംഭിച്ചു. ഒട്ടധികം കരയോഗഭാരവാഹികളും, മിക്ക താലൂക്കു യൂണിയൻ പ്രതിനിധികളും, എൻ.എസ്.എസ്. അദ്ധ്യാപകരും, ഡാക്ടർ കുഞ്ഞൻപിള്ള, ദേവസ്വം കമ്മീഷണർ ശ്രീരംഗനാഥശാസ്ത്രി മുതലായ ഉദ്യോഗസ്ഥപ്രമാണികളും, എല്ലാ സമുദായങ്ങളിലുംപെട്ട

അനുദ്യോഗസ്ഥപ്രമാണികളും, എൻ.എസ്.എസ്. പ്രസിഡണ്ട് എ.എസ്. ദാമോദരൻ ആശാനും, മറ്റു ഡയറക്ടറന്മാരും യോഗത്തിൽ പങ്കുകൊണ്ടിരുന്നു. പ്രസിഡണ്ടിന്റെ സമീപത്ത് ഞാനും, എന്റെ വലതുവശത്ത് എന്റെ പ്രിയപ്പെട്ട അമ്മയും ഇരുന്നു. സ്വാഗതപ്രാസംഗകൻ, അദ്ധ്യക്ഷൻ തുടങ്ങിയുള്ളവരുടെ ആശംസാപ്രസംഗങ്ങൾക്കുശേഷം എൻ.എസ്.എസ്. വക മംഗളപത്രവും, എന്റെ പലകാലത്തെ പ്രസംഗങ്ങളിൽ ചിലതിന്റെയും, ലേഖനങ്ങളിൽ ചിലതിന്റെയും അംശങ്ങളും, വള്ളത്തോൾമുതൽപേരുടെ ലേഖനങ്ങളും ചേർത്തു തയ്യാർ ചെയ്തിരുന്ന സോവനീറും പ്രകാശിപ്പിച്ചു. അതിന്റെശേഷം കരയോഗ യൂണിയൻകാരുടെയും, പല കരയോഗക്കാരുടെയും, മറ്റു വിഭാഗക്കാരുടെയും മംഗളപത്രം ഓരോന്നായി സമർപ്പിച്ചു. സമയദൗർലഭ്യവും മംഗളപത്രങ്ങളുടെ ബഹുലതയുംകൊണ്ട് വായിക്കാതെയാണ് സമർപ്പിച്ചത്. പല പാരിതോഷികങ്ങളും പലരും അവിടെവച്ചു നൽകി. ആ കൂട്ടത്തിൽ, കൊച്ചി നായർ മഹാസമാജം പ്രസിഡണ്ട് അമ്പാടി ശങ്കരമേനോൻ കൊടുത്തയച്ചത് ഭംഗിയും ബലവുമുള്ള ഒരു വടിയായിരുന്നു. ചങ്ങനാശ്ശേരിയിലെ മുസ്ലീമുകളും പെരുന്നയിലെ കത്തോലിക്കാ ക്രിസ്ത്യാനികളും എനിക്കു സ്നേഹപൂർവം നൽകിയ മംഗളപത്രം പ്രത്യേകം സ്മരണീയമാണ്. എന്റെ സുഹൃത്തുക്കളും ജനപ്രതിനിധികളും, കസവുമാലകളും പുഷ്പമാലകളുംകൊണ്ട് എന്റെ കഴുത്തു നിറച്ചു. എന്റെ പൊതുജനസേവനം അവരുടെ സ്നേഹപൂർവമുള്ള അംഗീകാരത്തിനും അഭിനന്ദനത്തിനും പാത്രമായതിലുള്ള കൃതകൃത്യതയോടും, ഹൃദയം നിറഞ്ഞ കൃതജ്ഞതയോടും കൂടി ഞാൻ മറുപടി പറഞ്ഞു. അന്നേക്ക് 26 കൊല്ലം മുമ്പ് പെരുന്ന കരയോഗസ്ഥാപനത്തോടുകൂടി ആരംഭിച്ച എന്റെ സമുദായ സേവനം ബഹുജനപിന്തുണയോടുകൂടി ഈ വിധത്തിൽ വിജയപ്രദമായി തുടർന്നു നടത്താൻ ഇടയാക്കിയ പരമകാരുണികനായ ദൈവത്തെ സ്മരിച്ചുകൊണ്ടും, അനുഗ്രഹദാത്രിയായ ദേവിയെപ്പോലെ ഞാൻ നിത്യം ആരാധിക്കുന്ന സർവീസ് സൊസൈറ്റി നീണാൾ നിലനിൽക്കാൻ പ്രാർത്ഥിച്ചുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിച്ചു. ആ യോഗനടത്തിപ്പിന്റെ ചുമതല വഹിച്ചത് കൈനിക്കര കുമാരപിള്ളയായിരുന്നു. അന്നദ്ദേഹം കരുവാറ്റാ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. കൈനിക്കരസഹോദരന്മാരുൾപ്പെടെയുള്ള വിദഗ്ദ്ധനടന്മാർ ചേർന്നു നടത്തിയ നാടകം കാണാനും മൈതാനം നിറച്ച് ആളുകൾ കൂടിയിരുന്നു. ഒരുത്സവംപോലെ മോടിയോടുകൂടി അഹോരാത്രം നടത്തിയ ഷഷ്ടിപൂർത്തിയാഘോഷം പ്രതീക്ഷയിലുംകവിഞ്ഞ് വിജയപ്രദമായത് കമ്മറ്റിക്കാരുടെ ഉത്സാഹപൂർവമുള്ള ശ്രമവും ശേഷിയുംകൊണ്ടാണ്. ബഹുജനങ്ങൾ സന്തോഷപൂർവം നൽകിയ സംഭാവനകൊണ്ടുതന്നെ ഈ വലിയ ചെലവുമുഴുവൻ നിർവഹിക്കാൻ കഴിഞ്ഞു.

ദീർഘകാലം സർവീസ് സൊസൈറ്റിയുടെ പ്രസിഡന്റായിരുന്ന എന്റെ ഒരു പഴയ സ്നേഹിതനാണ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള. അദ്ദേഹത്തെ ക്ഷണിച്ചിരുന്നു എങ്കിലും, അദ്ദേഹം വന്നില്ലെന്നു മാത്രമല്ല ഒരു മറുപടി അയയ്ക്കാൻപോലും തോന്നിയുമില്ല. എൻ.എസ്.എസ്. പ്രവർത്തനത്തിലുള്ള അഭിപ്രായഭേദത്താൽ അദ്ദേഹം വേർപിരിഞ്ഞ കാലമായതുകൊണ്ടായിരിക്കാം, അങ്ങനെ ചെയ്തത്. എങ്കിലും അദ്ദേഹത്തിന്റെ വലുപ്പത്തിനു ചേർന്നതാണോ ആ പ്രവൃത്തി എന്നു ശങ്കിക്കുന്നവർ ഇന്നും പലരുമുണ്ട്. ഏതായാലും അദ്ദേഹം ഒഴിച്ചുള്ള പഴയ സ്നേഹിതന്മാരിൽ ആരും തന്നെ ഇതിൽ പങ്കുകൊള്ളാതെയോ, ആശംസാസന്ദേശം അയയ്ക്കാതെയോ ഇരുന്നിട്ടില്ല. അദ്ദേഹം ഒഴിച്ചുള്ള സർവീസ് സൊസൈറ്റി പ്രസിഡണ്ടന്മാർ മിക്കവരും വന്നെത്തിയിരുന്നു. ബാക്കിയുള്ളവർ എഴുതിയയച്ചു. ബഹുജനങ്ങളുടെ സ്നേഹവും, കമ്മറ്റിക്കാരുടെ ശ്രദ്ധാപൂർവമുള്ള പ്രവർത്തനങ്ങളും ഈശ്വരാധീനവും കൊണ്ട് എല്ലാം ഏറ്റവും വിജയപൂർവം നടന്നു എന്നു പറയാവുന്നതാണ്.

അദ്ധ്യായം - 25

വിദ്യാലയങ്ങൾ

1. കറുകച്ചാൽ ഹൈസ്ക്കൂൾ

സർവീസ് സൊസൈറ്റിയുടെ ആദ്യത്തെ വിദ്യാലയം കറുകച്ചാൽ ഇംഗ്ലീഷ് സ്കൂളാണ്. അത് 1091-ൽ നടമേൽ ഇരവിക്കുറുപ്പിന്റെ ഒരു പീടികക്കെട്ടിടത്തിലാണ് ആരംഭിച്ചതെന്നും, കെ. കേളപ്പൻ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്ററെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രിപ്പ യാറ്ററിക്ലാസ് മാത്രമാണ് ആദ്യം ആരംഭിച്ചതും. ഈ വിധം ലഘുവായ രീതിയിൽ, സ്വന്തമല്ലാത്ത കെട്ടിടത്തിൽ ഒരു ക്ലാസ് മാത്രമായി ആരംഭിച്ച എൻ.എസ്.എസ്. വിദ്യാഭ്യാസശാഖ ഇന്ന് 35 ഹൈസ്ക്കൂളുകളും, 15 മിഡിൽ സ്കൂളുകളും, മൂന്ന് ഒന്നാംഗ്രേഡ് കോളേജുകളും, ഒരു ഒന്നാം ഗ്രേഡ് വിമൻസ് കോളേജും, രണ്ട് ട്രെയിനിംഗ് കോളേജുമുൾപ്പെടെ അനവധി മഹൽസ്ഥാപനങ്ങളുടെ ഒരു വലിയ ഡിപ്പാർട്ടുമെന്റായിത്തീർന്നിട്ടുണ്ട്. സർവീസ് സൊസൈറ്റി ഉണ്ടാക്കി നടത്തിക്കൊണ്ടിരുന്ന പല മലയാളം സ്കൂളുകളും ഗവണ്മെന്റിന്റെ വിദ്യാഭ്യാസത്തെ അനുകൂലിച്ച് വിട്ടുകൊടുത്തിട്ടുണ്ട്. ഇപ്പോൾ എൻ.എസ്.എസ്. സ്കൂളുകളിൽ, ഇരുപത്തിമൂവായിരത്തിലധികം കുട്ടികളും കോളേജുകളിൽ നാലായിരത്തിൽ താഴെ കുട്ടികളും വിദ്യാഭ്യാസംചെയ്തുവരുന്നു. കഴിഞ്ഞ ബഡ്ജറ്റിൻപ്രകാരം ഈ ഡിപ്പാർട്ടുമെന്റിൽ 25 ലക്ഷത്തിലധികം രൂപാ വരവു ചെലവുകളുണ്ട്. ഇതിൽ നാലുലക്ഷത്തോളം രൂപാ ശമ്പളച്ചെലവാണ്. കടുകുമണിയിലും ചെറുതായ ആലിൻവിത്തിൽനിന്ന് വമ്പിച്ച ആലുമരം ഉണ്ടാകുന്നതുപോലെ ലഘുരൂപത്തിൽ തുടങ്ങിയ കറുകച്ചാൽ വിദ്യാലയം വളർന്നു വികസിച്ചതാണ് ഇക്കാണുന്ന മഹാസ്ഥാപനങ്ങളെല്ലാം.

എന്നാൽ കറുകച്ചാലിലെ അന്നത്തെ ചെറുവിദ്യാലയംപണിയിൽ ഉണ്ടായ ക്ലേശം ചെറുതൊന്നുമല്ലായിരുന്നു. ഇഞ്ചിഞ്ചായിട്ടേ അതിനു പുരോഗമിക്കാൻ സാധിച്ചുള്ളു. അതിനിടയിൽ പല വിഘ്നങ്ങളും ഉണ്ടാകാതിരുന്നുമില്ല.

എന്റെയും കേളപ്പന്റെയും ഊണും ഉറക്കവും ആ സ്കൂളിനുള്ളിൽത്തന്നെയായിരുന്നു. കാലത്തു മുതൽ വൈകുന്നതുവരെ ഞാൻ പണപ്പിരിവിനു സഞ്ചരിച്ചുകൊണ്ടിരിക്കും. കേളപ്പൻ സ്കൂൾ നടത്തും. വൈകിട്ട് ഒരുമിച്ചുകൂടും. വെള്ളത്തിലിട്ട മാമ്പലകകൊണ്ടുണ്ടാക്കിയ പച്ച ബഞ്ചു കൂട്ടിയിണക്കിയതായിരുന്നു ഞങ്ങളുടെ കട്ടിൽ. ആ കട്ടിലിന്റെ നാറ്റം ഇന്നും എന്റെ മൂക്കിൽ തങ്ങിനിൽപ്പുണ്ടെന്നു തോന്നും. എന്റെ കഷ്ടതയുടെയും ദാരിദ്ര്യത്തിന്റെയും അന്നത്തെ പങ്കാളിയായ കേളപ്പൻ വിപുലമായ രാഷ്ട്രീയരംഗത്തുപോയി അതിലധികം ക്ലേശം അനുഭവിച്ച ഒരു ബഹുമാന്യനാണ്. അദ്ദേഹത്തിന്റെ പൊതുജനസേവനത്തിന്റെയും, ക്ലേശാനുഭവത്തിന്റെയും, സഹൃതയുടെയും പ്രാഥമിക വിദ്യാലയം നായർ സർവീസ് സൊസൈറ്റി ആയിരുന്നു.

സ്കൂൾ ആരംഭിച്ച് രണ്ടുമൂന്നുമാസം കഴിഞ്ഞപ്പോൾ കെട്ടിടം പണി പൂർത്തിയായോ എന്ന് അസിസ്റ്റന്റ് ഇൻസ്പെക്ടർ എഴുതിച്ചോദിച്ചു. പണി തീർന്നിട്ടില്ലെങ്കിൽ സ്കൂൾ നിറുത്തുമെന്നും അതിൽ വിവരിച്ചിരുന്നു. അപ്പോൾ മേൽക്കൂര കേറ്റുന്നേയുള്ളു. അനുവാദം പിൻവലിച്ചേക്കുമെന്നു ഭയന്നും, ഒരു മാസത്തിനകം പണി പൂർത്തിയാക്കാമെന്നു വിശ്വസിച്ചും, പണി തീർന്നു എന്ന് എഴുതിയയക്കാൻ ഞാൻ ഹെഡ്മാസ്റ്ററോടു പറഞ്ഞു. സ്കൂളിന്റെ മാനേജരും ഞാൻതന്നെ ആയിരുന്നു. അദ്ദേഹം മടിച്ചു എങ്കിലും, എന്റെ നിർബന്ധത്തിനു കീഴടങ്ങി അങ്ങനെ എഴുതി അയച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ പരിശോധനയ്ക്കുവരുന്നു എന്നുള്ള ഇൻസ്പെക്ടറുടെ എഴുത്ത് തലേദിവസം ഹെഡ്മാസ്റ്റർക്കു കിട്ടി. അപ്പോൾ ഓടുമേയുന്നതേയുള്ളു. കൂടുതൽ വേലക്കാരെ വച്ച് ഞാൻ തിടുക്കമായി പണി നടത്തിക്കൊണ്ടിരുന്നു. അന്നുപകലെ നടക്കാൻപോയ ഹെഡ്മാസ്റ്ററെ പിന്നെ കണ്ടേയില്ല. പിറ്റേദിവസം സ്കൂൾസമയമായിട്ടും അദ്ദേഹം വന്നില്ല. എവിടെപ്പോയെന്നും, എന്താണെന്നും അറിയാതെ ഞാൻ പരിഭ്രമിച്ചു. ഇൻസ്പെക്ടർ വരാനുള്ള സമയവും സമീപിച്ചു. 'കൂനിൽ കുരു' എന്നവണ്ണം പണി പൂർത്തിയാകാത്ത സ്കൂളിൽ ഹെഡ്മാസ്റ്ററും ഇല്ലെന്നുവരുന്നത് വലിയ ആപത്താകുമെന്ന് ഓർത്ത് വ്യസനിച്ചുനിൽക്കുമ്പോൾ ഇൻസ്പെക്ടറും വന്നു. ഞാൻ ഒന്നും മറച്ചുവയ്ക്കാതെ വസ്തുതകളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു. ശിവരാമകൃഷ്ണയ്യരായിരുന്നു ഇൻസ്പെക്ടർ. ഹൃദയാലുവായിരുന്ന അദ്ദേഹം ഞങ്ങളുടെ ആഗ്രഹവും, പരിശ്രമവും, ദാരിദ്ര്യവും ശരിക്കു കണ്ട്, കണ്ടമട്ടിൽത്തന്നെ, എന്നാൽ അനുകൂലമായ വിധത്തിൽ റിപ്പോർട്ടു ചെയ്തു. അന്ന് ഇൻസ്പെക്ടറെ കാത്തുനിന്നതുകൊണ്ട് കൂലിക്കു പണമില്ലെന്നും മനസ്സിലാക്കി അദ്ദേഹം അഞ്ചുരൂപ സംഭാവനയും തന്നു. ഊഹിച്ച യാതൊരപകടവും കൂടാതെ സ്കൂൾ തുടർന്നുനടത്താനുള്ള അനുമതിയും ലഭിച്ചു. മി. ശിവരാമകൃഷ്ണയ്യർ എന്നും എൻ.എസ്.എസ്. ബന്ധുവായിത്തന്നെ പെരുമാറിയിരുന്നു. ഹെഡ്മാസ്റ്ററെ കാണാത്ത കുണ്ഠിതം മാത്രം അവശേഷിച്ചു. ഉള്ള മാസ്റ്ററെക്കൊണ്ട് സ്കൂൾ തുടർന്നു നടത്തിക്കൊണ്ടുപോയി.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ ബോംബെയിൽനിന്നും ഒരെഴുത്തുകിട്ടി. അതു കേളപ്പന്റേതായിരുന്നു. സ്കൂൾപണി തീരാതെ തീർന്നു എന്ന് കളവെഴുതി അയച്ചശേഷം ഇൻസ്പെക്ടറുടെ മുഖത്തുനോക്കി സംസാരിക്കാനുള്ള ലജ്ജകൊണ്ട് പറയാതെപോന്നതാണെന്നും, ക്ഷമിക്കണമെന്നും ആയിരുന്നു എഴുത്തിലെ ഉള്ളടക്കം. അദ്ദേഹം ഇവിടുത്തെ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞതായി കണക്കാക്കാവുന്ന ഒരെഴുത്തും ആയിരുന്നു അത്. 'കുടിയാൻ ശങ്കരൻനായർ' എന്ന പേരിൽ അറിയപ്പെടുന്ന ജി. ശങ്കരൻനായരെ ഹെഡ്മാസ്റ്ററായി ലഭിച്ചതുകൊണ്ട് സ്കൂൾകാര്യങ്ങൾ ഏറ്റവും ഭംഗിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു.

കറുകച്ചാൽ സ്കൂൾപണി പൂർത്തിയായപ്പോൾ അവിടെ എന്റെ താമസത്തിനും ആഫീസിനുമായി ഒരു ചെറുഭവനത്തിന്റെയും നാലു

ക്ലാസ്സുള്ള ഒരു മലയാളം സ്കൂളിന്റെയും പണി ആരംഭിച്ചു. അതു പൂർത്തിയാക്കി എന്റെ താമസം മാറ്റുകയും മലയാളം സ്കൂൾ ആരംഭിക്കുകയും ചെയ്തു.

സർവീസ് സൊസൈറ്റി ഭൂലോകജാതം ചെയ്തകാലത്തെ ദിവാൻ മന്നത്തു കൃഷ്ണൻ നായരായിരുന്നു. കേരളീയ നായർസമാജത്തിന്റെ വാർഷികസമ്മേളനത്തിൽ ഏതാനും കൊല്ലംമുമ്പ് അദ്ധ്യക്ഷത വഹിക്കാൻ വന്ന അദ്ദേഹത്തെ അധികം താമസിയാതെ ഇവിടുത്തെ ചീഫ് ജസ്റ്റീസായി നിയമിച്ചു. നാലഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം ഇവിടുത്തെ ദിവാൻജിയുമായി. കെ.പി. രാമൻമേനോന്റെ അദ്ധ്യക്ഷതയിൽ നടന്ന കോട്ടയം നായർസമ്മേളനത്തിൽവച്ച്, സി.വി. രാമൻപിള്ളയാണ്, കൃഷ്ണൻനായരെ ദിവാൻജിയായി നിയമിച്ച് നീട്ടുകൊടുത്തു എന്ന കമ്പിസന്ദേശം വായിച്ചത്. അദ്ദേഹം ആറുകൊല്ലം ഇവിടുത്തെ ഭരണം നടത്തി. കിളിർത്തുവരുന്ന നായർ സർവീസ് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ഞാൻ അദ്ദേഹത്തിന്റെ പരിചിതനായി. സൊസൈറ്റിയുടെ അന്നത്തെ പ്രസിഡന്റായിരുന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും അദ്ദേഹവും തമ്മിൽ ചില അഭിപ്രായഭേദങ്ങളും അസുഖങ്ങളുമുണ്ടായിരുന്നു എങ്കിലും എന്നോട് രമ്യമായിത്തന്നെ പെരുമാറിയിരുന്നു.

വിദ്യാഭ്യാസസ്ഥാപനംവകയ്ക്ക് ഗവണ്മെന്റ് പല സഹായങ്ങളും ചെയ്തുകൊടുക്കുന്ന പതിവ് മുമ്പേതന്നെ ഉണ്ടായിരുന്നു. ഈ വിഷയത്തിൽ നാളതുവരെ പ്രവർത്തിച്ചിട്ടുള്ളവരിൽ അധികവും മിഷനറിമാരായിരുന്നതുകൊണ്ട് സഹായം ലഭിച്ചത് അവർക്കുമാത്രമായിരുന്നു. ചർച്ച് മിഷൻ സൊസൈറ്റിക്ക് കോട്ടയത്തും, ലണ്ടൻ മിഷൻ സൊസൈറ്റിക്ക് നാഗർകോവിലിലും വസ്തുവും പണവും തടിയും കൊടുത്ത് ഗവണ്മെന്റ് അവരെ സഹായിച്ചിട്ടുണ്ട്. രണ്ടു സ്ഥലത്തും അവർ ഓരോ സെക്കന്റ് ഗ്രേഡ് കോളേജും, പല ഭാഗങ്ങളിലായി പല ഗ്രാന്റ് എയിഡഡ് സ്കൂളുകളും നടത്തിവന്നു. തീണ്ടലും തൊടീലുമുള്ള ഹിന്ദുക്കളെ മതപരിവർത്തനംചെയ്ത് ക്രിസ്ത്യാനികളാക്കാനുള്ള താൽപര്യത്തോടുകൂടിയാണെങ്കിലും, വിദ്യാഭ്യാസപ്രചരണത്തിന് അവരുടെ പ്രവൃത്തി ഒട്ടധികം സഹായകമായിത്തീർന്നിട്ടുണ്ട്. ബ്രിട്ടീഷ് ഭരണത്തിന്റെ നിഴൽപോലെ വന്ന മിഷനറിസംഘത്തെ ഗവണ്മെന്റിനെയും, രാജാക്കന്മാരെയുംകൊണ്ട് സഹായിപ്പിക്കാൻ ഗവർണ്ണർമാരും, റസിഡണ്ടുമാരും വേണ്ട പ്രേരണ നൽകാതെയുമിരുന്നിട്ടില്ല. ഇവിടുത്തെ റസിഡണ്ടും ദിവാനുമായിരുന്ന മൺട്രോസായ്പ്, അന്നു തിരുവിതാംകൂർ ഭരണം നടത്തിയ പാർവതി റാണിയോട്, ഇന്ന് മൺട്രോത്തുരുത്തെന്ന പേരിൽ അറിയപ്പെടുന്ന കല്ലടയാറ്റിന്റെ മുഖത്തുള്ള 'സുന്ദരഭവനം' എഴുതിവാങ്ങി കോട്ടയം ചർച്ച് മിഷൻ സൊസൈറ്റിക്കു വിട്ടുകൊടുത്ത കാര്യം പ്രസിദ്ധമാണ്. തിരുവിതാംകൂറിന് അനുകൂലമായി കാര്യങ്ങൾ സാധിച്ച ദളവാ അയ്യപ്പൻമാർത്താണ്ഡപിള്ളയ്ക്ക് അന്നത്തെ കൊച്ചി മഹാരാജാവ് പുത്തൻചിറ എന്നൊരു പ്രദേശം പാരിതോഷികമായി കൊടുത്തു. അടിയന്റെ

കർത്തവ്യം നിർവഹിച്ചതിന് ഒരു പാരിതോഷികത്തിന് അവകാശമില്ലെന്നും, പുത്തൻചിറകൂടി തിരുവിതാംകൂർ രാജ്യത്തിൽ ഉൾപ്പെടുത്താൻ അനുവദിക്കണമെന്നും തിരുവിതാംകൂർ മഹാരാജാവിനോട് അപേക്ഷിച്ചുകൊണ്ട് ആ സ്ഥലവും ഇന്നും രാജ്യത്തിന്റെ ഒരു വിഭാഗമായി ഇരിക്കത്തക്കവണ്ണം കൂട്ടിച്ചേർത്ത അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയും മന്ത്രി, അബലയായ ഒരു രാജ്ഞിയാണ് രാജ്യം ഭരിക്കുന്നതെന്നും, തന്നിൽ മേൽക്കോയ്മസ്ഥാനംകൂടിയുണ്ടെന്നുമുള്ള ചിന്തപോലും കൂടാതെ രാജ്യത്തിന്റെ ഒരു വിഭാഗത്തിനുള്ള അവകാശം വാങ്ങി ഏറ്റവും ചെറിയ ഒരു ന്യൂനപക്ഷസമുദായത്തിന് ക്രിസ്തുമതപ്രചരണാർത്ഥം വിട്ടുകൊടുത്ത മൺട്രോ സായ്പും മന്ത്രി. പൗരസ്ത്യ പാശ്ചാത്യ ആദർശമോ, ഹൈന്ദവ-ക്രൈസ്തവ മതതത്ത്വവ്യത്യാസമോ ഏതാണ് ഇതിൽ പ്രതിഫലിച്ചുകാണുന്നതെന്നു നിശ്ചയമില്ല.

ഏതായാലും വിദ്യാഭ്യാസപ്രചരണത്തിനുള്ള സഹായത്തിന് ഏതു ഭരണാധികാരികളെയും സമീപിക്കുന്നതിൽ തെറ്റില്ലെന്നുള്ള വിശ്വാസക്കാരനായ ഞാൻ, എൻ.എസ്.എസ്. വിദ്യാലയങ്ങളുടെ ആവശ്യത്തിന് ഏതാനും കണ്ടി തേക്കുതടി ഗവണ്മെന്റിൽനിന്നും സൗജന്യമായി തരണമെന്ന് ദിവാൻ കൃഷ്ണൻനായർക്ക് ഒരു അപേക്ഷ കൊടുത്തു. മണിമല റേഞ്ചിൽപ്പെട്ട കുടിപ്പുരയിടങ്ങളിൽനിന്നും 300 കണ്ടി തേക്കിന് ഗവണ്മെന്റിനുള്ള പകുതി അവകാശം സർവീസ് സൊസൈറ്റിക്കു വിട്ടുതന്നിരിക്കുന്നു എന്ന് അദ്ദേഹം ഉത്തരവു ചെയ്തു. ഇത് ഒരു ചെറിയ കാര്യമാണെങ്കിലും, കുടികൾക്കുള്ള പകുതി അവകാശം സൗജന്യം വാങ്ങാൻ വൈഷമ്യമുണ്ടെങ്കിലും, സർവീസ് സൊസൈറ്റിയുടെ അന്നത്തെ നിലയ്ക്ക് അതൊരു മാനവും ലാഭവുമായിരുന്നു. ഒരു പൈസയും കൊടുക്കാതെ കുടികളുടെ അവകാശവും എഴുതിവാങ്ങി. എന്നാൽ അതു വെട്ടിക്കാനോ, ആനപ്പണി നടത്താനോ, ചങ്ങാടമാക്കി കൊണ്ടുപോകാനോ പൈസയും ആളുമില്ലായിരുന്നു. ഞെരുക്കം വരുമ്പോഴെല്ലാം പണം തന്നു സഹായിക്കാൻ സർവീസ് സൊസൈറ്റിയിൽ ഒരംഗമുണ്ടായിരുന്നു. അത് ഔദാര്യവാനായ വാല്പറമ്പിൽ വേലായുധൻപിള്ളയല്ലാതെ മറ്റാരുമായിരുന്നില്ല. തടിവെട്ടിയിറക്കാൻ അത്യാവശ്യംവേണ്ട പണം അദ്ദേഹം തന്നു. ചങ്ങനാശ്ശേരിയിൽനിന്നും ഇരുപതുമൈൽ കിഴക്കാണ് മണിമല. അവിടംവരെ നടന്നുചെന്നിട്ടുവേണം പല കുന്നിൻപുറങ്ങളിലുള്ള തടി വെട്ടിക്കാൻ. എന്റെ സ്നേഹിതനും സഹപ്രവർത്തകനുമായിരുന്ന എൻ. എസ്.എസ്. മെമ്പർ പനയ്ക്കാടു പരമേശ്വരക്കുറുപ്പിനെ കറുകച്ചാൽപണി ഏല്പിച്ചിട്ട് തടി വെട്ടിക്കാൻ ഞാൻ മണിമലയ്ക്കുപോയി. മേച്ചേരിൽ ഗോവിന്ദപ്പിള്ള എന്നൊരു ചിറ്റപ്പൻ എനിക്ക് അവിടെ ഉണ്ടായിരുന്നു. തടിവെട്ടുകാര്യത്തിൽ എന്നെ അദ്ദേഹം വളരെ സഹായിച്ചു. തടിവെട്ടു കഴിഞ്ഞപ്പോൾ പണം തീർന്നു. ഒന്നുരണ്ടുകൊല്ലം കഴിഞ്ഞ് വീണ്ടും മലയിലേക്കു പുറപ്പെട്ടു. അന്നും സഹായിച്ചത് വാല്പറമ്പനായിരുന്നു. വെട്ടിയ തടികൾ ചങ്ങാടംകെട്ടണമെങ്കിൽ രണ്ടുമൈൽ ദൂരമുള്ള 'മൂലേപ്ലാക്കൽ' തോട്ടിലേക്ക് ആനപ്പണി നടത്തണമായിരുന്നു. കൂലിക്കുവാങ്ങിയ

ആനയുമായി ഞാൻ മലയുടെ മുകളിൽ താമസമാക്കി. വളരെ വയസ്സനും, മൂന്നുനേരവും കറുപ്പും അതിൽ കവിഞ്ഞനേരം കഴിക്കുന്ന ആളുമായ ആനക്കാരനെ പോറ്റാനും സഹകരിപ്പിക്കാനും ലഹരിസാധനവിരോധിയായ ഞാൻ വളരെ വിഷമിക്കേണ്ടിവന്നു. തടിപിടിപ്പിക്കലിൽ ആനക്കാരൻ കള്ളം കാണിക്കുന്നു എന്നു സംശയം തോന്നിയപ്പോൾ ഞാൻ ഓരോ തടിയുടെ കൂടെയും നടന്നുപൊയ്ക്കൊണ്ടിരുന്നു. ഒന്നിന് ഇരട്ടി എന്നുള്ള ഫലം കണ്ടപ്പോൾ നടപ്പുകൊണ്ടുള്ള ക്ഷീണം എന്നെ ബാധിച്ചേ ഇല്ല. ഏതാനും ദിവസങ്ങൾകൊണ്ട് തടി മുഴുവൻ തോട്ടിലായി.

ഇടവമാസാരംഭമാണ്. മഴ പെയ്തു തുടങ്ങിയിട്ടില്ല. തോട്ടിൽ ഒരു തുള്ളി വെള്ളമില്ലാതെ മണൽ ഉണങ്ങിക്കിടക്കുന്നു. പകൽ നാലുമണിയായി. വലിയ ഒരു കരിങ്കാറും, ഇടിയും, മിന്നലും, തകർത്ത മഴയും. ഏതാനും മണിക്കൂർ തടവില്ലാതെ പെയ്തു. അത്ഭുതം, തോട്ടിൽക്കൂടി കുറേശ്ശെ വെള്ളം ഒഴുകിത്തുടങ്ങി. അത് അതിവേഗം മുട്ടറ്റം, തുടയറ്റം എന്നിങ്ങനെ വർദ്ധിച്ചു. കാലുറപ്പിച്ചുനിൽക്കാൻ സാദ്ധ്യമല്ലാതെ നെഞ്ചളവുപൊങ്ങിയ വെള്ളത്തിന്റെ ഒഴുക്കിൽ വളരെ കഷ്ടതകൾ സഹിച്ച് ഒരു തടിയും പോകാതെ, തടഞ്ഞു കെട്ടിനിർത്തിയ വേലക്കാർ അവരുടെ കർത്തവ്യവും, എന്നോടുള്ള കൂറും ഒരുപോലെ പ്രകടമാക്കി. നാലഞ്ചുദിവസംകൊണ്ട് തോടും ആറും നിറഞ്ഞുകവിഞ്ഞൊഴുകുന്നു. പിറ്റേദിവസം ചങ്ങാടം ചങ്ങനാശ്ശേരിക്ക് അയയ്ക്കാൻ തീരുമാനിച്ചു. അന്നു രാത്രി ഉണ്ടായ ഒരു സംഭവംകൂടി രേഖപ്പെടുത്തേണ്ടതാണ്.

മണിമല അന്നൊരു കാട്ടുദിക്കാണ്. അവിടെ ഒരു ഇഞ്ചാർജ്ജിന്റെ ഭരണത്തിൽ ഒരു പോലീസ് സ്റ്റേഷനുണ്ട്. ധർമ്മരാജാവിലെ ചന്ത്രക്കാരനെപ്പോലെ അന്നത്തെ ഇഞ്ചാർജ്ജ് അവിടം അടക്കി ഭരിക്കയായിരുന്നു. ഇഞ്ചാർജ്ജ് ഭരിക്കുന്നു എന്നുപറഞ്ഞാൽ അത് ശരിയായിരിക്കയില്ല. ഇഞ്ചാർജ്ജിനേയും അടക്കിഭരിക്കുന്ന, ആകൃതിയിലും പ്രകൃതിയിലും താടകാസദൃശയായ, സഹധർമ്മിണിയാണ് ആ സ്റ്റേഷനും നാടും ഭരിക്കുന്നതെന്നു പറയുന്നതായിരിക്കും ശരി. അന്നു സ്ത്രീപോലീസുണ്ടായിരുന്നെങ്കിൽ അവർ ഒരു ഡി.എസ്.പി. ആയിരിക്കുമായിരുന്നു.

"അവളെപ്പേടിച്ചാരും നേർവഴി നടപ്പീല
ഭുവനവാസീജനം ഭുവനേശ്വരാ പോറ്റീ."

എന്ന് അവരേപ്പറ്റി പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. അവിടെ നടക്കുന്ന ഏത് അടിപിടിയും അക്രമവും, മോഷണവും പിടിച്ചുപറിയും, 'മിസ്സിസ് ഇഞ്ചാർജ്ജി'ന്റെ വാറണ്ടില്ലാത്ത ആജ്ഞപ്രകാരം പിടിച്ചുകൊണ്ടുവന്ന്, അപ്പീലില്ലാത്ത തന്റെ കോടതിയിൽ വിസ്തരിച്ച് അഞ്ചു നിമിഷത്തിനകം തീരുമാനംചെയ്ത് നടപ്പിൽവരുത്തുന്ന ശേഷിമതിയായിരുന്നു അവർ. ചങ്ങനാശ്ശേരി താലൂക്കിലെ അന്നത്തെ പോലീസധികാരിയും മജിസ്ട്രേട്ടുമെല്ലാം ഈ 'ശൃംഗാരധാമത്തിന്റെ ചില്ലിവില്ലാട്ടത്തിൽ പമ്പരം കറങ്ങുന്ന'വരായിരുന്നതുകൊണ്ട് അവർ നിർഭയമായിത്തന്നെ ഭരണം നടത്തിയിരുന്നു. ഗ്രഹപ്പിഴയ്ക്ക് ആ കാലത്താണ് ഞാൻ തടിവെട്ടി ഇറക്കാൻ അവിടെ ചെന്നത്.

ചങ്ങാടം കെട്ടുന്ന തടികളുടെ കൂട്ടത്തിൽ, നീണ്ട് കൊടിമരം പോലെ ഒരു തടി ഉണ്ടായിരുന്നു. അത് അവരുടെ വീടിന്റെ ഉത്തരത്തി നാവശ്യമാണെന്നും, പകരം തടി തരാമെന്നും പറഞ്ഞയച്ചു. ആ ചോദ്യം തന്നെ എനിക്ക് ഇഷ്ടപ്പെടായ്കകൊണ്ട്, സാദ്ധ്യമല്ലെന്നു മറുപടി പറയാൻ താമസമുണ്ടായില്ല. അവരുടെ പടിയ്ക്കലായിരുന്നു ചങ്ങാടംകെട്ടി ഇട്ടിരുന്നത്. പിറ്റേദിവസം കാലത്തെ ഞാൻ വന്നുനോക്കിയപ്പോൾ ഒറ്റത്തടിപോലും അവിടെ കാണാനില്ല. ചങ്ങാടം കെട്ടിയിരുന്ന വടവും കയറുകളും പല കഷണങ്ങളായി കരയ്ക്കു കിടപ്പുണ്ട്. ഇഞ്ചാർജ്ജിന്റെ ഭൂതഗണങ്ങൾ രാത്രി തടിയുടെ കെട്ടുകൾ മുറിച്ചുതള്ളിയതിനാൽ, ആ വെള്ളപ്പൊക്കത്തിൽ തടിയെല്ലാം ഒഴുകിപ്പോയതാണെന്നും മനസ്സിലായി. എന്റെ അപ്പോഴത്തെ സ്ഥിതി വായനക്കാർതന്നെ ഊഹിച്ചുകൊണ്ടാൽ മതി. എന്റെ ഏതാനും കൊല്ലത്തെ കഷ്ടതകൾ സഹിച്ചുള്ള ശ്രമവും, തെണ്ടി ഉണ്ടാക്കിയ പണവും ഒരു ദ്രോഹിയുടെ സാഹസകൃത്യം നിമിത്തം നിമിഷംകൊണ്ടില്ലാതായ വസ്തുത എന്നെ സ്തംഭിതനാക്കി. ഉടനേതന്നെ ഏതാനുംപേരെ പുഴയിൽ താഴോട്ടയച്ചു. പുഴവക്കിലെ കാട്ടിലും പടലിലും തങ്ങി അവിടവിടെ ഒറ്റ ഒറ്റയായി കണ്ട തടികളെ എല്ലാം സന്ധ്യയ്ക്കു മുമ്പു പിടിച്ചുകെട്ടിച്ചു. എട്ടുപത്തു നാഴികദൂരം താഴേയ്ക്കു പോകേണ്ടിവന്നു എന്നേയുള്ളു. ഒരു തടിയും നഷ്ടപ്പെട്ടില്ല. ചങ്ങാടം കെട്ടിയ തടിയെല്ലാം ആ ആഴ്ചയിൽതന്നെ ചങ്ങനാശ്ശേരിയിൽ കൊണ്ടുവരാൻ സാധിച്ചു. ബാക്കി കരവഴിക്കു കറുകച്ചാലിലേക്കും കൊണ്ടുപോയി. ഇഞ്ചാർജ്ജിനേയും ഭാര്യയേയും പ്രതികളാക്കി എന്റെ ശിപായി മജിസ്ട്രേട്ടുകോടതിയിൽ കേസ് കൊടുത്തു. നാലഞ്ചുമാസംകൊണ്ട് അവർ ഒരുവിധം മര്യാദ പഠിക്കയും, അല്പം ചില നഷ്ടപരിഹാരത്തോടുകൂടി കേസ് രാജിയാകയും ചെയ്തു. ആ തേക്കുതടികൊണ്ടു പണിയിച്ചതാണ് ഇന്ന് പെരുന്നയിലും കറുകച്ചാലിലും കാണുന്ന കെട്ടിടങ്ങളിൽ ചിലത്.

കറുകച്ചാൽ ക്രമേണ പൂർണ്ണ മിഡിൽസ്കൂളായി. തുടർന്ന് ഹൈസ്ക്കൂളാക്കാൻ തക്കവണ്ണം സ്കൂളിന് അഭിവൃദ്ധിയോ സൗകര്യങ്ങളുണ്ടാക്കാൻ സൊസൈറ്റിക്കു പണമോ ഇല്ലാതിരുന്നതുകൊണ്ട് 14 കൊല്ലം അത് മിഡിൽസ്കൂളായിത്തന്നെ നടന്നു. പിന്നീടു കൈനിക്കര പത്മനാഭപിള്ളയെ അവിടുത്തെ ഹെഡ്മാസ്റ്ററായി നിയമിച്ചു. അദ്ദേഹത്തിന്റെ പരിശ്രമംകൊണ്ടാണ് അതു ഹൈസ്ക്കൂളായത്. ഇന്നു കാണുന്ന ഹൈസ്ക്കൂൾകെട്ടിടം ഉണ്ടായതും, അദ്ദേഹത്തിന്റെയും സഹായാദ്ധ്യാപകരുടെയും ശ്രമം കൊണ്ടാണ്. പത്മനാഭപിള്ള ആ സ്കൂളിനെ ഹൈസ്ക്കൂൾ ആക്കുക മാത്രമല്ല, അതിനെ നല്ല നിലയിലാക്കുകയും ചെയ്തു. കറുകച്ചാലിൽ വസ്തു അപ്പോഴും യാതൊരു കൃഷിയും ചെയ്യാതെ വെറും ഭൂമിയായി കിടക്കുകയായിരുന്നു. അവിടെ എഴുനൂറിലധികം തെങ്ങിൻതൈ വച്ചുപിടിപ്പിച്ചതും പത്മനാഭപിള്ളയായിരുന്നു. അദ്ദേഹം വിട്ടുപോയതിനുശേഷം ബാക്കി സ്ഥലം റബ്ബർകൃഷിചെയ്തു പൂർത്തിയാക്കിയിട്ടുണ്ട്. ഇന്ന് ഈ വസ്തു സാമാന്യം ആദായമുള്ള ഒന്നായിത്തീർന്നിട്ടുണ്ട്. ആ വസ്തു ദാനം ചെയ്തവരുടെ ഉദ്ദേശ്യം

ഇപ്പോൾ പൂർണ്ണമായി നിർവഹിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്. അവിടെ ഇന്ന് ഒരു ബേസിക്ക് ട്രെയിനിംഗ് സ്കൂളും, എൻ.എസ്.എസ്. വിട്ടുകൊടുത്ത പ്രൈമറി സ്കൂളുമുണ്ട്.

2. പ്രാക്കുളം ഹൈസ്ക്കൂൾ

കറുകച്ചാൽ സ്കൂൾ ആരംഭിച്ചതിനുശേഷം അതിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പുതന്നെ പ്രചരണജോലിക്കായി ഞാൻ തെക്കൻപ്രദേശത്തേക്കു പുറപ്പെട്ടു. ആ കൂട്ടത്തിൽ പ്രാക്കുളത്തുമെത്തി. അവിടുത്തെ പ്രമാണിയായ പരമേശ്വരൻപിള്ളയെ കണ്ട്, അവിടെ ചില യോഗങ്ങളെല്ലാം നടത്തി. അവിടെ ഒരു മലയാളം മിഡിൽ സ്കൂളിനായി ഭിത്തികെട്ടിനിർത്തിയിരുന്ന കെട്ടിടവും സ്ഥലവും സർവീസ് സൊസൈറ്റിയുടെ മാനേജ്മെന്റിൽ ഒരു ഇംഗ്ലീഷ് സ്കൂളായി നടത്തുന്നതിന്, പ്രാക്കുളം പരമേശ്വരൻ പിള്ള സർവീസ് സൊസൈറ്റിക്ക് എഴുതിത്തന്നു. അത് 92-ലാണ്. ആ ഇടവത്തിൽതന്നെ ഒരു താൽക്കാലികസ്ഥലത്തെങ്കിലും സ്കൂൾ തുടങ്ങണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഉടനെ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. അയിരൂർ നായർ മഹാസമ്മേളനത്തിൽ വച്ചു ചെയ്ത വാഗ്ദാനമനുസരിച്ച്, കട്ടിയാട്ടു ശിവരാമപ്പണിക്കർ പ്രാക്കുളത്തു വന്നെത്തി. അദ്ദേഹത്തെ അവിടുത്തെ ഹെഡ്മാസ്റ്ററായി നിയമിച്ചു. സ്വാധീനശക്തിയുള്ള പ്രാക്കുളം പരമേശ്വരൻപിള്ളയ്ക്ക്, വേണ്ട സംഭാരങ്ങളെല്ലാം ഒരുക്കിത്തരാൻ പ്രയാസമുണ്ടായിരുന്നില്ല. അവിടെ ഈഴവർ സംഖ്യാബലമുള്ളവരാണ്. ധനസ്ഥിതിയിലും വിദ്യാഭ്യാസതാൽപര്യത്തിലും അവർ മുന്നണിയിൽ നിൽക്കുന്നവരുമാണ്. പ്രാക്കുളം പരമേശ്വരൻപിള്ളയെ അവർ ഒരു നേതാവിനെപ്പോലെ കരുതി പ്രവർത്തിക്കുന്നതുകൊണ്ട്, ആ നാട്ടിൽ നായരീഴവമൈത്രി പ്രവൃത്തിരൂപത്തിൽ വരുത്താൻ പ്രയാസമുണ്ടായിരുന്നില്ല. സ്കൂൾസ്ഥാപനത്തിന് അവിടുത്തെ ഈഴവപ്രമാണികൾ വലിയ സഹായികളായിരുന്നു. വെക്കേഷൻ കഴിഞ്ഞ ഉടനേതന്നെ ശിവരാമപ്പണിക്കരുടെ ചുമതലയിൽ പ്രാക്കുളം സ്കൂളിൽ പ്രിപ്പയാറ്ററി ക്ലാസ് ആരംഭിച്ചു. താമസിയാതെ സ്ഥിരംകെട്ടിടത്തിന്റെ പണി പൂർത്തിയാക്കാനും ശ്രമിച്ചു. അവിടുത്തെ പണിനടത്തിപ്പിലും പണപ്പിരിവിലും എനിക്കു പറയത്തക്ക ബന്ധമൊന്നുമില്ലായിരുന്നു. പ്രാക്കുളം പരമേശ്വരൻപിള്ള ആവശ്യപ്പെടുന്ന സന്ദർഭത്തിൽ ചെന്നാൽ മതിയായിരുന്നു.

പരമേശ്വരൻപിള്ള അത്യുത്സാഹിയും നിരന്തരപരിശ്രമിയും, ഏൽക്കുന്ന കാര്യം തെറ്റാതെ നടത്തുന്നതിന് നിർബന്ധമുള്ള ആളുമായിരുന്നു. മാങ്കോയിക്കൽ കുറുപ്പിനേയും ജയിക്കുന്ന ആജ്ഞാശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ട് കെട്ടിടംപണി തുടർന്നു നടന്നുകൊണ്ടിരുന്നു. സ്കൂൾ ഭംഗിയിൽ നടത്താനും, ജനഹിതം സമ്പാദിക്കാനും ശിവരാമപ്പണിക്കർ അദ്വിതീയനുമായിരുന്നു. ചേർത്തല താലൂക്കിലെ ഇന്നും ധനസ്ഥിതിയുള്ള ഒരു നായർ മാടമ്പി, അന്ന് അത്ര വിലക്കുറവു പറ്റീട്ടില്ലാത്ത ഒരു ബി.എ. ബിരുദധാരി - ബി.എൽ.കാരനായി

ഹൈക്കോർട്ടു വക്കീലാകാനോ, സർക്കാർ സർവീസിൽ പ്രവേശിച്ച് ഒരു വലിയ ഉദ്യോഗസ്ഥനായിത്തീരാനോ ആഗ്രഹിക്കാതെ, സ്ഥലവും കെട്ടിടവുംപോലും സ്വന്തമായില്ലാത്ത, ഒരു ചെറുതരം സ്കൂളിലെ അദ്ധ്യാപകനായി അത്ര വളരെ അടിയുറപ്പോ, പഴക്കമോ ഇല്ലാത്ത ഒരു സ്ഥാപനത്തെ സേവിക്കാമെന്നു തീരുമാനിച്ചത്, അദ്ദേഹത്തിന്റെ സമുദായസ്നേഹവും ത്യാഗശീലവുംകൊണ്ടായിരുന്നു എന്ന് നാട്ടുകാർക്കെല്ലാം ബോദ്ധ്യമായിരുന്നു. അതുകൊണ്ട് അവിടുള്ളവർക്ക് അസാധാരണ ബഹുമാനവുമുണ്ടായിരുന്നു. അങ്ങിനെ ചെറുരൂപത്തിലാണെങ്കിലും പ്രശസ്തിയോടുകൂടിയാണ് പ്രാക്കുളം സ്കൂൾ ആരംഭിച്ചതും, നടന്നുവന്നതും.

സ്കൂൾപണി പൂർത്തിയായി. ദിവാൻ കൃഷ്ണൻനായരെക്കൊണ്ടുതന്നെ അതിന്റെ ഉദ്ഘാടനം നടത്തിക്കാനും തീരുമാനിച്ചു. ആഡംബരപൂർവമുള്ള സ്വീകരണത്തിന് ഒരുക്കംചെയ്തു. ദിവാൻജിയെ അലങ്കരിച്ച മോട്ടോർബോട്ടിൽ കേറ്റി, അനവധി ബോട്ടുകളുടെയും വള്ളങ്ങളുടെയും അകമ്പടിയോടുകൂടി അഷ്ടമുടിക്കായലിൽക്കൂടി സ്കൂളിലേക്കു കൊണ്ടുപോയ ഘോഷയാത്ര, ആഡംബരപ്രിയനായ പരമേശ്വരൻപിള്ളയുടെ പ്രതീക്ഷയിലും കവിഞ്ഞ് മോടിപിടിച്ചതായിരുന്നു. കൊല്ലം മുതൽ മൂന്നുനാലു നാഴിക ദൂരമുള്ള പ്രാക്കുളംവരെ ഇരുകരകളിലും ഈ ഘോഷയാത്ര കാണാൻ കൂട്ടം കൂട്ടമായി നിന്നിരുന്നവരുടെ സംഖ്യ ലക്ഷക്കണക്കിലുള്ളതായിരുന്നു. സ്കൂളിലും പരിസരങ്ങളിലുമെല്ലാം വലിയ ആൾത്തിരക്കായിരുന്നു. അന്ന് മൈക്കുള്ള കാലമല്ലാതിരുന്നതിനാൽ പ്രസംഗങ്ങൾ ദൂരെനിന്നു കേൾക്കാൻ സാദ്ധ്യമല്ലായിരുന്നു. അതുകൊണ്ട്, സകല ആളുകളും ഹാളിൽ പ്രവേശിക്കാൻ തിരക്കുകൂട്ടി. അവരെ നിയന്ത്രിക്കാൻ വളരെ വിഷമിച്ചു. അക്കാലത്ത് നാട്ടിൻപുറത്ത് ഒരു ദിവാൻജി വരികയെന്നുള്ളത് അഭൂതപൂർവമായ ഒരു സംഭവമായിരുന്നു. കൊല്ലം ബാറിലെ വക്കീലന്മാരും, ഉദ്യോഗസ്ഥന്മാരുമായ മറ്റനവധി ആളുകളും യോഗത്തിൽ പങ്കുകൊണ്ടിരുന്നു. പ്രസംഗകരിൽ ഒരാൾ കെ.സി. മാമ്മൻ മാപ്പിളയായിരുന്നു. അവരെല്ലാം സർവീസ് സൊസൈറ്റിയേയും പ്രവർത്തകന്മാരേയും മുക്തകണ്ഠം പ്രശംസിച്ചു. ഏറ്റവും വിജയപൂർവം യോഗം നടന്നു. പ്രസിദ്ധണ്ടായ ചങ്ങനാശ്ശേരിയായിരുന്നു സ്വാഗതപ്രസംഗം ചെയ്തത്. പ്രാക്കുളം പ്രദേശത്തിനും സർവീസ് സൊസൈറ്റിക്കുതന്നെയും ആ യോഗം ഒരു പ്രശസ്തിയുണ്ടാക്കി. സർവീസ് സൊസൈറ്റിയുടെ ഒരു സ്ഥാപനത്തിലും, യോഗത്തിലും ആദ്യമായി പങ്കുകൊണ്ടത് ദിവാൻ എം. കൃഷ്ണൻനായരായിരുന്നു. അദ്ദേഹം സംതൃപ്തനായി മടങ്ങിപ്പോയി.

അന്നും അതൊരു മിഡിൽസ്കൂൾ മാത്രമായിരുന്നു. ഇക്കാലത്തെപ്പോലെ ഹൈസ്ക്കൂൾ നടത്തിപ്പ് ലഘുസാദ്ധ്യമല്ലായിരുന്നു. അനുവാദം കിട്ടാൻ അതിനേക്കാൾ പ്രയാസമായിരുന്നു. അതുകൊണ്ട് സാവധാനഗതിയിലേ അവിടുത്തെ സ്കൂൾ ഹൈസ്ക്കൂൾ ആക്കാൻ സാധിച്ചുള്ളു. അതിനിടയിൽ സ്കൂൾപുരയിടത്തേപ്പറ്റി ഒന്നുരണ്ടു നായന്മാർ

ഒരു കേസ്സുകൊടുത്തു. ഒടുവിൽ അതു രാജിയായിത്തീർന്നു. കൂടുതൽ വസ്തു എഴുതിവാങ്ങുകയും, ആവശ്യമുള്ള പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുകയും, ശിവരാമപ്പണിക്കർ "എൽ.റ്റി." പാസ്സായി വരികയും ചെയ്ത ശേഷം പ്രാക്കുളം സ്കൂൾ ഹൈസ്ക്കൂളായിത്തീർന്നു. അതിന്റെ പണപ്പിരിവിനും, പണിയുടെ പൂർത്തീകരണത്തിനുമായി പരമേശ്വരൻപിള്ള ഒരു ദൃഢവ്രതം സ്വീകരിച്ച് തൽക്കാലത്തേക്കെങ്കിലും സന്ന്യാസിയായി. താടി വളർത്തി, കാവിമുണ്ടും ധരിച്ച്, സ്കൂൾ പണപ്പിരിവിനായി ആപ്രദേശത്തെ വീടുതോറും ഭിക്ഷാംദേഹിയായി കേറിയിറങ്ങി സമ്പാദിച്ച പണംകൊണ്ടാണ് ഹൈസ്ക്കൂൾപണി പൂർത്തിയാക്കിയത്. ഹൈസ്ക്കൂളിന് അനുവാദംകിട്ടി പഠിത്തം ആരംഭിച്ചതിനുശേഷമേ ഉഗ്രവ്രതനായ അദ്ദേഹത്തിന്റെ നീണ്ട താടി എടുപ്പിച്ചുള്ളു. ഇന്ന് അത് നല്ല നിലയിലുള്ള ഹൈസ്ക്കൂളായി തുടർന്നു നടന്നുവരുന്നു. ആ സ്കൂളിന്റെ ലോക്കൽ മാനേജർ ഇന്നും പരമേശ്വരൻപിള്ളതന്നെയാണ്. പ്രാക്കുളം എൻ.എസ്.എസ്. സ്കൂൾ ഉണ്ടായതിനോടുകൂടി നായർ സർവീസ് സൊസൈറ്റി ചങ്ങനാശ്ശേരിയിലെ ഏതാനും നായന്മാരുടെ മാത്രം വകയാണെന്നുള്ള പേരു മാഞ്ഞുതുടങ്ങി. സർവീസ് സൊസൈറ്റിയുടെ രാജ്യവ്യാപകമായ വിദ്യാലയസ്ഥാപനത്തിന്റെ പ്രാരംഭം പ്രാക്കുളത്താണ് ആരംഭിച്ചത്. അതു വിജയപൂർവം പുരോഗമിച്ചതിൽ അവർക്കും അഭിമാനിക്കാം.

3. പെരുന്ന ഹൈസ്ക്കൂൾ

കറുകച്ചാൽ സ്ഥാപനംകൊണ്ട് ചങ്ങനാശ്ശേരി ടൗണിലും പരിസരങ്ങളിലും ഉള്ളവർക്ക് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നുള്ള പരാതി വർദ്ധിച്ചുവന്നു. അതുകൊണ്ട് ചങ്ങനാശ്ശേരി ടൗണിന്റെ കേന്ദ്രമായ പെരുന്നയിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കാൻ തീരുമാനിച്ചു. ഇന്നത്തെ ഹൈസ്ക്കൂൾ ഇരിക്കുന്ന ഒരേക്കർസ്ഥലം പെരുന്ന കരയോഗക്കാർ സർവീസ് സൊസൈറ്റിക്കു വിട്ടുതന്നു. അവിടെ ഒരു ഷെഡ്ഡ് കെട്ടി പൂർണ്ണമായ മിഡിൽ സ്കൂൾ ക്ലാസ്സുകൾ ഒന്നായി 1095-ൽ തന്നെ ആരംഭിക്കാൻ വേണ്ട ശ്രമം തിടുക്കമായി നടത്തി. മേൽക്കൂരയ്ക്കുള്ള തെങ്ങുകൾ രണ്ടു നാഴിക ദൂരമുള്ള തൃക്കൊടിത്താനത്ത് ശേഖരിച്ചു. വണ്ടി വരാൻ വഴിയില്ലാത്ത ദിക്കാണ് അന്ന് തൃക്കൊടിത്താനം. അതുകൊണ്ട് ഉരുപ്പടികൾ തലച്ചുമടായിത്തന്നെ കൊണ്ടുവരേണ്ടിയിരുന്നു. കൂലിക്കാരെ നിർത്താൻ പണവുമില്ല. അതുകൊണ്ട് ഞാൻ പെരുന്നയിലെ യുവാക്കന്മാരെ വരുത്തി, ആ ഉരുപ്പടികളെല്ലാം രണ്ടു മൂന്നു ദിവസംകൊണ്ട് സൗജന്യമായി ചുമന്ന് ഇവിടെ തരണമെന്നു പറഞ്ഞു. അവർ സന്തോഷപൂർവം അത് സ്വീകരിച്ചതുകൊണ്ട് ഒരു കാശും ചെലവുചെയ്യാതെയും, കാലതാമസംകൂടാതെയും അവയെല്ലാം കൊണ്ടുവരാൻ സാധിച്ചു. അങ്ങനെ തെങ്ങുംകീർ ചുമന്നവരുടെ കൂട്ടത്തിൽ കൈനിക്കര പത്മനാഭപിള്ള, കുമാരപിള്ള, വലിയവീട്ടിൽ വാസുദേവൻപിള്ള -

ഇന്നത്തെ എൻ.എസ്.എസ്. സ്കൂൾ ജനറൽ മാനേജർ - മുതലായ കോളേജ് വിദ്യാർത്ഥികളും ഉൾപ്പെട്ടിരുന്നു.

സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ ഷെഡ്ഡ് കെട്ടി ഓലമേഞ്ഞ് അത്യാവശ്യം വേണ്ട സാധനസാമഗ്രികളും ഉണ്ടാക്കിയെങ്കിലും, അനുവാദം ലഭിച്ചില്ല. ഷെഡ്ഡിൽ തുടങ്ങാൻ അനുവദിക്കില്ലെന്നുള്ളതായിരുന്നു ഡയറക്ടറുടെ ആക്ഷേപം. ദിവാൻ കൃഷ്ണൻനായരുടെ അടുക്കൽ അപ്പീൽ കൊടുത്തു. അദ്ദേഹം. അപേക്ഷപ്രകാരം മിഡിൽ സ്കൂളിന്റെ എല്ലാ ക്ലാസ്സും ഒരുമിച്ചു തുടങ്ങാൻ അനുവാദം തന്നു. അങ്ങിനെയാണ് പെരുന്ന സ്കൂളിന്റെ ആരംഭം. സമയം തെറ്റിയതുകൊണ്ട് വളരെ കുറച്ചു കുട്ടികളെ മാത്രമേ ലഭിച്ചുള്ളു. അനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടി നേരത്തെതന്നെ ഒരു സുമുഹൂർത്തത്തിൽ നാലു കുട്ടികളെ പ്രിപ്പറേറ്ററി ക്ലാസ്സിൽ ചേർത്ത് പഠിത്തം ആരംഭിച്ചിരുന്നു. അവിടുത്തെ ആദ്യത്തെ ഹെഡ്മാസ്റ്റർ ചെങ്ങന്നൂർ പി.എൻ. രാമൻപിള്ള എം.എ. എൽ. റ്റി. ആയിരുന്നു എന്നാണെന്റെ ഓർമ്മ.

സ്ഥിരംകെട്ടിടത്തിന്റെ പണി ആരംഭിച്ചു. ഇന്നു കാണുന്ന ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ പകുതിക്കു കിഴക്കുള്ള ഭാഗമാണ് അന്നു പണി തുടങ്ങിയത്. പണമില്ലാഴികകൊണ്ട് പണി മുടങ്ങാതെ നടത്താൻ പെട്ട പാട് ദൈവത്തിനേ അറിയാവൂ. നല്ല സംഭാവന ചെയ്യുന്ന പരിശീലനമോ സൗകര്യമുള്ള നായന്മാരോ ഇവിടങ്ങളിൽ ഇല്ലെന്നുതന്നെ പറയാം. ഇതൊരു പ്രാദേശികകാര്യമായതുകൊണ്ട് ചങ്ങനാശ്ശേരിയിൽനിന്നുതന്നെ പണമുണ്ടാകണം. മണിമലനിന്നു കൊണ്ടുവന്ന കുറേ തടി മാത്രം കൈവശമുണ്ട്. അന്നന്നു കൂലിച്ചെലവിനുള്ളത് എങ്ങിനെയെങ്കിലും കഷ്ടിച്ചുണ്ടാക്കും. കെട്ടിടം വേഗം പൂർത്തിയാക്കിയില്ലെങ്കിൽ, അനുവാദം പിൻവലിക്കുമെന്നുള്ള നോട്ടീസ് ഇൻസ്പെക്ടർ ആഫീസിൽനിന്ന് കൂടെക്കൂടെ കിട്ടിക്കൊണ്ടിരുന്നതുകൊണ്ട് പണി നിർത്തിവയ്ക്കാനും നിവൃത്തിയില്ല. പടിഞ്ഞാറൻ പ്രദേശങ്ങളിലെ പാടങ്ങളിൽ കെട്ടുവള്ളവുമായി ഞാൻ പോയി നെൽപ്പിരിവു നടത്തും. തീരെ മുട്ടുമ്പോൾ ടൗണിലെ കരകളിൽ - പെരുന്ന, പുഴവാത്, വാഴപ്പള്ളി - ഭിക്ഷാപാത്രവുമായി പാട്ടുംപാടി, ഞാൻ എന്റെ സ്നേഹിതന്മാരിൽ ചിലരുമായി എല്ലാ നായർഭവനങ്ങളിലും ചെന്നെത്തും. ഒരു രൂപയിൽ കുറയാതെ ഭിക്ഷാപാത്രത്തിലിടണമെന്നാണു വ്യവസ്ഥ. പാവപ്പെട്ട സ്ത്രീകൾ പോലും ആ വ്യവസ്ഥ തെറ്റിച്ചിട്ടില്ല. ഭിക്ഷയ്ക്കുചെല്ലുമ്പോൾ പല വീടുകളിലും നിലവിളക്കു കത്തിച്ചുവച്ച് ഭക്തിയോടുകൂടിയാണ് സംഭാവന ചെയ്യുന്നത്. ഭിക്ഷാപാത്രം കയ്യിലുള്ളവൻ ഞാനായതുകൊണ്ട്, കാലത്ത് ആറുമണിക്കു ഭിക്ഷയാരംഭിച്ചാൽ ആ കര തീരുന്നതുവരെ ഞാൻ ഒരു സ്ഥലത്തിരിക്കയോ സംസാരിക്കയോ ചെയ്യാറില്ല. അത് ഒരു വ്രതംപോലെയാണ് ഞാൻ കണക്കാക്കാറുള്ളത്. ആ രൂപത്തിൽ ഒരു കരയിൽനിന്ന് ഒരു ദിവസംകൊണ്ട് 150 രൂപാ, 200 രൂപാ പിരിഞ്ഞുകിട്ടുകയെന്നുള്ളത് അന്ന് ഏറ്റവും ആശ്വാസപ്രദമായ കാര്യമായിരുന്നു. ആശാരി, അറപ്പുകാരൻ, കല്ലൻ, പലവേല എന്നിങ്ങനെ ഒരുപറ്റം ജോലിക്കാർ എന്നും

കാണും. പല ദിവസങ്ങളിലും പണമില്ലാഴികകൊണ്ട് അന്നന്നു കൂലി കൊടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. എന്നാൽ എന്റെ വേല ക്കാർക്കെല്ലാം എന്നോട് സ്നേഹവും പരിപൂർണ്ണവിശ്വാസവും ഉണ്ടായി രുന്നു. അതുകൊണ്ട് എത്ര കുടിശ്ശിക വന്നാലും, എങ്ങിനെ എങ്കിലും കൊടുത്തുതീർക്കുമെന്ന് അവർക്കു നിശ്ചയമുണ്ടായിരുന്നതിനാൽ, പണം കൊടുക്കാൻ താമസിച്ചാലും അവർ പണി മുടക്കാറില്ല. എൻ.എസ്.എ സ്സിന്റെ ഇക്കഴിഞ്ഞ 43 കൊല്ലവും മുടങ്ങാതെതന്നെ മരാമത്തു നടന്നിട്ടു ണ്ടെന്നു പറയാം. ഒരു വേലക്കാരനും ഒരു പൈസയും കൊടുക്കാതെ ഇതുവരെ ബാക്കി വരുത്തീട്ടില്ല. അങ്ങിനെ പരാതിയുമുണ്ടായിട്ടില്ല. എൻ. എസ്.എസ്സിന്റെ ജോലിയെന്നുപറഞ്ഞാൽ തൊഴിലാളികളെല്ലാം സന്തോ ഷപൂർവം പങ്കുകൊള്ളത്തക്കവണ്ണം, ഒരു പേരും വിശ്വസ്തതയും എൻ. എസ്.എസ്സിനു സമ്പാദിച്ചുകൊടുക്കാൻ കഴിഞ്ഞു എന്നു ഞാൻ അഭിമാ നിക്കുന്നുമുണ്ട്.

ക്ലേശസമ്പൂർണ്ണമായിട്ടാണെങ്കിലും പെരുന്നയിലെ ആ കെട്ടിടം പണി പുരോഗമിച്ചുകൊണ്ടിരുന്നു. അടുത്തകൊല്ലംതന്നെ ഹൈസ്ക്കൂ ളാക്കി ഫോർത്തുഫാറം ആരംഭിക്കണമെന്നാഗ്രഹിച്ച് അപേക്ഷിച്ചു.

പെരുന്ന മിഡിൽസ്കൂൾ ആരംഭിച്ചകൊല്ലത്തിലാണ് എം. കൃഷ്ണൻനായർ ദിവാൻപദം ഒഴിഞ്ഞത്. അദ്ദേഹത്തിന് ആ യാത്രയിൽ, ഈ രാജ്യത്തിന്റെ പല ഭാഗത്തുവച്ച് പല സമുദായക്കാരുടേയും പൊതു ജനങ്ങളുടേയും വകയായി വമ്പിച്ച തോതിലുള്ള സ്വീകരണങ്ങളും സൽക്കാരങ്ങളും ലഭിച്ചു. അസൗകര്യങ്ങൾ പലതുണ്ടായിട്ടും ലഘുരൂപ ത്തിലെങ്കിലും സർവീസ് സൊസൈറ്റി വക ഒരു സ്വീകരണം ചങ്ങനാ ശ്ശേരിയിൽവച്ചു നടത്താൻ തീരുമാനിച്ചു. തിടുക്കത്തിൽ ചില ഒരുക്ക ങ്ങൾ ചെയ്തു. യോഗം കൂടാൻ പുതുതായി തുടങ്ങിയ ഇംഗ്ലീഷ് സ്കൂളിന്റെ ഷെഡ്ഡ് മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടെവച്ച് നാട്ടുകാരു ടെവക ഒരു യോഗം കൂടി, അദ്ദേഹത്തിന് അഭിനന്ദനവും ആശംസയും നൽകി. എൻ.എസ്.എസ്. ഹെഡ്ഡാഫീസിലും ആദ്യം വന്ന ദിവാൻജി കൃഷ്ണൻനായരായിരുന്നു.

ഫോർത്തുഫാറം ആരംഭിക്കാനും ഷെഡ്ഡേ ഉണ്ടായിരുന്നുള്ളു. ആ ഷെഡ്ഡ് ആ കൊല്ലത്തെ കാറ്റും മഴയുംകൊണ്ടു നിലംപതിക്കയും ചെയ്തു. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ നിയമസഭാതിരഞ്ഞെ ടുപ്പ് തിരുവല്ലായിൽവച്ച് വലിയ വാശിയോടുകൂടി നടക്കുന്ന കാലമായി രുന്നു അത്. അതിന്റെ പ്രധാന ചുമതല വഹിച്ചതു ഞാനായിരുന്നു. തിരഞ്ഞെടുപ്പിൽ വിജയം പ്രാപിക്കാനുള്ള എല്ലാ ശ്രമങ്ങളും ചെയ്തു കൊണ്ടിരിക്കുന്നതിനിടയ്ക്കാണ് ഈ ആപത്തുണ്ടായത്. ഒരു നിമിഷം തിരുവല്ലാ വിടാവുന്ന സമയമല്ല. ഇടയ്ക്ക് ഓടിവന്ന് ഒന്നുനോക്കീട്ട് എല്ലാം പൊളിച്ച് അടുക്കാൻമാത്രം പറഞ്ഞശേഷം തിരുവല്ലാജോലി, പരിപാടി തെറ്റിക്കാതെ നടത്താൻ അങ്ങോട്ടുപോയി. തിരഞ്ഞെടുപ്പുകഴിഞ്ഞ ശേഷം വന്ന് ഹൈസ്ക്കൂൾ കെട്ടിടംപണി തുടർന്നു നടത്തി. തൽക്കാലം എൻ.എസ്.എസ്. പ്രമാണിമാരിൽ ചിലർ വീതിച്ചുതന്ന സംഖ്യകൊണ്ടാണ്

പണി വീണ്ടും ആരംഭിച്ചത്. അതു പൂർത്തിയാക്കാൻ ഭഗീരഥപ്രയത്നം തന്നെ ചെയ്യേണ്ടിവന്നു. തീർന്നപ്പോൾ അത് ഭംഗിയും സൗകര്യവുമുള്ള നല്ല ഒരു കെട്ടിടമാണെന്ന് എല്ലാവരും സമ്മതിച്ചു. ഫോർത്ത് ഫാറത്തിന് അനുവാദം കിട്ടിയില്ലെങ്കിലും ക്ലാസ്സാരംഭിക്കുകയും, അനുവാദത്തിനു വീണ്ടും ശ്രമിക്കുകയും ചെയ്തു.

സ്കൂൾ കെട്ടിടം അന്നത്തെ ദിവാനായ റ്റി. രാഘവയ്യായെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കാൻ തീരുമാനിച്ചു. ദിവാൻജിയുടെ പദവിക്കൊത്തവണ്ണം ആഡംബരപൂർവം നടത്താൻ വേണ്ട ഒരുക്കങ്ങൾ ചെയ്തു. വഴിനീളെയുള്ള തോരണാദ്യാലങ്കാരങ്ങളോടും, ബാന്റുമേളങ്ങളോടും, അനേകായിരം ആളുകളോടും കൂടിയുള്ള സ്വീകരണം ആരേയും ആകർഷിക്കത്തക്കതായിരുന്നു. നാടിന്റെ നാനാഭാഗങ്ങളിൽനിന്നും ധാരാളം പ്രമാണികൾ വന്നുചേർന്നിരുന്നു. ദിവാൻ സന്തോഷചിത്തനായി. അന്നത്തെ പ്രസംഗകന്മാരിൽ ഒരാൾ പ്രസിദ്ധനായ സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ളയായിരുന്നു. അദ്ദേഹം ഹൈസ്ക്കൂൾകെട്ടിടത്തിന്റെ വലിപ്പവും, മനോഹാരിതയും കണ്ടുസന്തോഷിച്ചും, പണപ്പിരിവിനുള്ള വൈഷമ്യങ്ങളെ ഓർത്തും എന്നെ അഭിനന്ദിച്ച് ചമൽക്കാരമായി പലതും പറഞ്ഞു. പ്രസംഗത്തിനിടയിൽ പെട്ടെന്നു ചൊല്ലിയ ശ്ലോകത്തിന്റെ ഒരു ഭാഗം

"മന്നത്തു പത്മനാഭസ്യ
യശഃസ്മാരകമന്ദിരം"

എന്നായിരുന്നു എന്നാണെന്റെ ഓർമ്മ. സ്ഥാപനത്തെ സംബന്ധിച്ച് മലയാളം പണ്ഡിതർ തിരുവല്ലാ കെ. വേലുപ്പിള്ള ആ യോഗത്തിൽ ചൊല്ലിയ ശ്ലോകങ്ങളാണ് താഴെക്കാണുന്നവ -

നായർ വൈജയന്തി (കേക)

1

ജയിക്ക ജയിക്ക നീ! നായർ വൈജയന്തികേ!
ജയിക്ക ജയിക്ക നീ! ധർമ്മസുപ്രസൂതികേ!
വെൺകളിപ്പുതുമയാം പൂനിലാവെങ്ങും പൂശും
തിങ്കൾ മണ്ഡലംതന്നെ നിന്നുടെ കളേബരം
ഞങ്ങൾതൻ നേത്രചകോരങ്ങളീവെണ്ണിലാവു
ഭംഗമെന്നിയേ നുകർന്നാനന്ദമണയട്ടെ.
എങ്കിലോ കളങ്കമെന്നുള്ളതു നിങ്കലില്ല
പൂങ്കതിരൊളികൊണ്ടു സമ്പൂർണ്ണംതന്നെയല്ലോ
പക്ഷഭേദങ്ങൾകൂടാതേവർക്കുമൊരുപോലെ-
യക്ഷിയാനന്ദമേകും സുവൃത്തൻനീതാനെന്നും
ജയിക്ക ജയിക്ക നീ! നായർ വൈജയന്തികേ!
ജയിക്ക ജയിക്ക നീ! നേത്രപീയൂഷാത്മികേ!

2

പ്രാക്തനകാലമായോധന നൈപുണിയോടീ-
വർഗ്ഗജരായിരുന്ന മർത്യർതന്നുടലുപോൽ
ദീർഘവും ബലിഷ്ഠവുമുച്ചവുമാകുമിതു
സ്നിഗ്ദ്ധമായ് തോന്നീടിലും പ്രസ്തരംതന്നെയല്ലോ.
സേനാപംക്തികൾപോലെ ഓടാം ചെന്തലപ്പാവു
മാനമാർന്നണിഞ്ഞണിയിട്ട നൽ കഴുക്കോൽകൾ
അപ്പദാതികൾക്കുള്ള നായകരെന്നവണ്ണ-
മൊപ്പമായ്നിന്നീടുന്ന പീവര സുസ്തംഭങ്ങൾ
ദുർഗ്ഗത്തിനൊത്ത മതിൽക്കെട്ടുകൾ സമീപത്തു-
ദുർഗ്ഗതന്നധിവാസക്ഷേത്രമെന്നിവയെല്ലാം
ഓർക്കുമ്പോളസ്മദീയവംശജരുടെ വീര്യ-
മാർക്കുതാൻ വിസ്മരിപ്പാൻ ധൈര്യമുണ്ടായീടുന്നു.
ജയിക്ക ജയിക്ക നീ! നായർ വൈജയന്തികേ!
ജയിക്ക ജയിക്ക നീ! പൗരുഷപ്രദാത്രികേ!

3

മൂന്നുമൂർത്തിയായ്ജ്ജഗദേകനായകൻ തന്നെ
വന്ദിച്ചുപോരുവോരുമുൾബ്ബോധമേറുന്തോറും
ഒന്നായിക്കണ്ടീടുന്നിതപ്പോലെ നിന്നേ മുമ്പിൽ
മൂന്നായി വീക്ഷിപ്പവരപ്പുറം കടന്നെന്നാൽ
ഏകയായ്ത്തന്നേകണ്ടു വിസ്മയാനന്ദാദര-
സാഗരനിമഗ്നരായ് തത്ത്വബോധികളാകും
വസ്തൃഹൃദ്യാരാമമേ! നിന്നുടെയകംപോലെ
വിസ്തൃതമാക്കീ,പരമുറപ്പുള്ളതുമാക്കി,

ശുദ്ധിയും വരുത്തിയീ നിന്നിലെത്തുവോർ മനം
നിത്യവുമത്യുത്തമമാക്കിയിട്ടയക്കുവാൻ
ഭാഗ്യമുണ്ടായീടട്ടെ,യായതുകൊണ്ടുതന്നെ
ശ്ലാഘ്യത നിനക്കിനി മേൽക്കുമേൽ വളരട്ടെ!
ജയിക്ക ജയിക്ക നീ! നായർ വൈജയന്തികേ!
ജയിക്ക ജയിക്ക നീ! ശാശ്വതാനന്ദാത്മികേ!

4

ഉത്തമസമുദായ സേവാസംഘമായീടും
നിസ്തുല മന്ദരാദ്രിമത്താക്കി മനോഹരം
ശ്രീപരമേശാർപ്പിത ജ്ഞാനവാസുകിയാകു-
മായതപാശമതിലാക്കമായ്ച്ചുറ്റിച്ചുറ്റി
നിർമ്മലം നായർസമുദായമാം പാലാഴിയെ-
യുണ്മയിൽ മന്ദം പത്മനാഭനാനന്ദത്തോടെ
അക്ഷീണം മഥിക്കയാലുയർന്നുവന്നിട്ടുള്ളോ-
രക്ഷയപീയൂഷ സർവസ്വമാണിതു നൂനം
ആകയാലാകാം വിബുധത്വത്തെപ്പുലർത്തുവാ-
നാശ്രയിപ്പവർക്കെല്ലാമിന്നിതിൽ ശക്തികാൺമൂ.
ജയിക്ക ജയിക്ക നീ! നായർ വൈജയന്തികേ!
ജയിക്ക ജയിക്ക നീ! സൗഭാഗ്യലലന്തികേ!

5

ഞങ്ങൾക്കു നേത്രത്തിന്നു കർപ്പൂരഖണ്ഡമായി,
മംഗലകർമ്മത്തിന്നു മാതൃകാനാന്ദിയായി,
സംഗഹീനന്മാർക്കെല്ലാം സായൂജ്യസ്ഥാനമായി,
രംഗവാസികൾക്കൊക്കെ നർത്തനരംഗമായി,
സ്വാതന്ത്ര്യ മന്ത്രാദിമ പ്രണവപ്രഭാവമായ്,
സ്വാത്മാഭിമാനസ്സമ്പദ്യുത്തമാദർശമായി,
സ്വാശ്രയ ഗീതാദിഷ്ടകർമ്മകാണ്ഡവുമായി,
സ്വാനുഭൂതികൾക്കെല്ലാം നിർമ്മലക്ഷേത്രമായി,
ശ്രുതിക്കു സുഖകരമായ പഞ്ചമസ്വരമായി,
സ്തുതിക്കു സങ്കേതമായ്, മതിക്കു ചിന്മാത്രമായ്,
സാമുദായികമായ സുപ്രഭാതത്തിലുദ്യൽ-
ശ്രീമയാരുണമായ ഭാനുദീധിതിയായി,
വർത്തിക്കും സരസ്വതീസത്മമേ! സനാതന-
തത്ത്വത്തെ വെളിവാക്കി നീ! വിജയിപ്പൂതാക,
ജയിക്ക ജയിക്ക നീ! നായർ വൈജയന്തികേ!
ജയിക്ക ജയിക്ക നീ! മോഹ വിച്ഛേദാത്മികേ!

ദിവാൻ സന്തോഷചിത്തനായി. ഫോർത്ത് ഫാറത്തിന് ഡയറക്ടറുടെ അനുവാദം ലഭിക്കാൻ പിന്നെ കാലതാമസമുണ്ടായില്ല. ദിവാൻജിയുടെ ആ വരവുകൊണ്ട്, അതിനേക്കാൾ പ്രയോജനകരമായ മറ്റൊരു

കാര്യം സാധിക്കാൻ ഇടയായി. ഹൈസ്ക്കൂൾ കെട്ടിടത്തിന് കരയോഗം ദാനംചെയ്ത ഒരേക്കർ സ്ഥലമേ അപ്പോഴുണ്ടായിരുന്നുള്ളു. തൊട്ടവസ്തു സർക്കാർ ക്യാമ്പുഷെഡ്ഡു കാമ്പൗണ്ടായിരുന്നു. അതുകൂടി കിട്ടിയില്ലെങ്കിൽ പെരുന്ന ഹൈസ്ക്കൂൾ അവിടെ നടത്താൻ സാദ്ധ്യമല്ലായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ യാത്രാമദ്ധ്യേ താമസത്തിനായി ഉണ്ടാക്കീട്ടുള്ള ക്യാമ്പുഷെഡ്ഡ് വിട്ടുകിട്ടുക എന്നുള്ളത് അതിനേക്കാൾ വൈഷമ്യമുള്ളതായിരുന്നു. എന്നാൽ അതു കിട്ടാതെ ഗത്യന്തരമില്ലെന്ന് അന്നുതന്നെ ദിവാൻജിയെ ധരിപ്പിച്ചിരുന്നു. ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ കൂടുതൽ സൗകര്യം കിട്ടി. എൻജിനീയർ ആഫീസിലെ ഒരു ചെറുതരം ഉദ്യോഗസ്ഥൻ സ്കൂൾമുറ്റത്തിന്റെ അതിർത്തിയിൽതന്നെ ക്യാമ്പുഷെഡ്ഡിന്റെ കക്കൂസുണ്ടാക്കാനുള്ള ജോലി ആരംഭിച്ചിരുന്നു. സർക്കാർവക അവിടുള്ള രണ്ടര ഏക്കർ സ്ഥലവും ക്യാമ്പുഷെഡ്ഡും ഹൈസ്ക്കൂൾ വകയ്ക്ക് സൗജന്യമായി വിട്ടുതരാൻ മുൻകൂട്ടി തയ്യാറാക്കിയിരുന്ന അപേക്ഷ, അന്നത്തെ പ്രസിഡണ്ടായ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ദിവാൻജിക്ക് അവിടെവച്ചുതന്നെ കൊടുക്കുകയും, ഞങ്ങൾ സ്ഥലമെല്ലാം ചുറ്റിനടന്ന് അദ്ദേഹത്തെ കാണിക്കുകയും ചെയ്തു. ദിവാൻ സന്തോഷത്തോടും, സംതൃപ്തിയോടും കൂടിയാണ് മടങ്ങിപ്പോയത്.

ദിവാൻ രാഘവയ്യാ ഉദ്യോഗംപിരിഞ്ഞു പോകുന്നതിനുമുമ്പ് ആ രണ്ടര ഏക്കർ സ്ഥലവും, ക്യാമ്പുഷെഡ്ഡും സർവീസ് സൊസൈറ്റിക്കു വിട്ടുതരാൻ ഉത്തരവു ചെയ്തു. എന്നാൽ ക്യാമ്പുഷെഡ്ഡിന്റെ വിലയായി മൂവായിരം രൂപാ സർവീസ് സൊസൈറ്റി കെട്ടിവയ്ക്കണമെന്നുകൂടി ആ ഉത്തരവിൽ വിവരിച്ചിരുന്നു. അതുകൊണ്ട് വസ്തു വിട്ടുകിട്ടാൻ പിന്നെയും കാലതാമസം നേരിട്ടു. മൂവായിരം രൂപാ അന്ന് സർവീസ് സൊസൈറ്റിക്കു വലിയ ഒരു തുകയായിരുന്നു. ഹൈസ്ക്കൂൾ കെട്ടിടം പണി പൂർത്തിയായപ്പോൾ, ആറേഴായിരം രൂപാ കടം വീട്ടേണ്ട ബാദ്ധ്യതയാണ് അവശേഷിച്ചിരുന്നത്. അതുകൊണ്ട് മൂവായിരം രൂപാ കൊടുത്ത് വസ്തു ഏറ്റുവാങ്ങുവാൻ യാതൊരു മാർഗ്ഗവും കണ്ടില്ല. ദിവാൻ രാഘവയ്യായ്ക്കു കൊടുത്ത അപേക്ഷയിൽ ഒരു കാര്യവുംകൂടി പറഞ്ഞിരുന്നു. അതനുസരിച്ച് അദ്ദേഹം ആറായിരത്തിൽപരം രൂപാ ബിൽഡിംഗ് ഗ്രാന്റും അനുവദിച്ചുതന്നു. കടക്കാരുടെ ഞെരുക്കംകൊണ്ട് ആ സംഖ്യ അതിനുവേണ്ടി വിനിയോഗിക്കേണ്ടിവന്നു. പിന്നെയും ക്യാമ്പുഷെഡ്ഡുകാരും അതേ നിലയിൽതന്നെ കിടക്കാൻ ഇടയായി.

രാഘവയ്യാ ഉദ്യോഗത്തിൽനിന്നും വിരമിച്ചു. അദ്ദേഹം സർവീസ് സൊസൈറ്റിയെ ഹൃദയപൂർവം സ്നേഹിക്കയും സഹായിക്കയും ചെയ്ത മാന്യനാണ്. സർ പി. രാജഗോപാലാചാരി മുഖാന്തിരമുണ്ടായ പരിചയബന്ധം അദ്ദേഹം പുലർത്തുകതന്നെ ചെയ്തു. നമ്മേ സംബന്ധിച്ചിടത്തോളം അദ്ദേഹം സ്മരണീയനായ ഒരു മഹാനാണ്.

സർവീസ് സൊസൈറ്റിയുടെ മൂന്നാമത്തെ വിദ്യാലയമാണ് പെരുന്ന സ്കൂളെങ്കിലും, അത് ഒന്നാമത്തെ എൻ.എസ്.എസ്.

ഹൈസ്ക്കൂളാണ്. അതിനേപ്പറ്റി സുഖപ്രദമായി പറഞ്ഞ വസ്തുതക ളുടെ കൂട്ടത്തിൽ ചില അസുഖസ്മരണകളും കുറിക്കേണ്ടതായി കിട പ്പുണ്ട്. അതു പറയാൻ ഹിതമില്ലെങ്കിലും, ജീവിതാനുഭവങ്ങളുടെ കൂട്ട ത്തിൽ അതിനും പ്രാമാണ്യമുള്ളതുകൊണ്ട് കുറിച്ചുപോകുന്നതാണ്. വായനക്കാരിൽ ചിലർക്കെങ്കിലും ഇങ്ങനെയുള്ള 'ബന്ധുശത്രു'ക്കളുണ്ടാ യിക്കാണും. അതൊന്നും അസാധാരണമല്ലെന്നു മനസ്സിലാക്കാൻ ഇതും ഉപയോഗപ്പെടുമെന്നു വിചാരിച്ചെഴുതുന്നതാണ്.

എന്റെ സ്നേഹിതന്മാരിലും ബന്ധുക്കളിലുംപെട്ട ഒരാളാണ് പൊതുവാടത്തു പത്മനാഭപിള്ള. അദ്ദേഹം എന്നോടുള്ള ബന്ധുകൃത്യം നിറവേറ്റീട്ടുള്ളതെല്ലാം അപവാദംകൊണ്ടും, എന്റെ പൊതുപ്രവൃത്തിക്കു കളങ്കവും വിഘ്നവുമുണ്ടാക്കിയുമാണെന്ന് എഴുതേണ്ടിവന്നതിൽ വ്യസ നിക്കുന്നു. അദ്ദേഹം സാമാന്യം നല്ല ഒരു പണക്കാരനായിത്തീർന്നത് കൂപ്പുകൺട്രാക്ടുകൊണ്ടാണ്. കൺട്രാക്ട് കിട്ടാൻ സ്നേഹിതന്റെ നില യിൽ എന്റെ സഹായം അദ്ദേഹത്തിനുണ്ടായിട്ടുണ്ടെന്ന് എന്റെ സ്നേഹി തന്മാരിൽ ചിലർക്കെങ്കിലുമറിയാം. പെരുന്നയിൽ കരയോഗമന്ദിരോദ്ഘാ ടനം വിഘ്നപ്പെടുത്തി, നാട്ടിൽ കുഴപ്പവും എനിക്ക് അപമാനവും ഉണ്ടാ ക്കാൻ മനഃപൂർവം അദ്ദേഹം ശ്രമിച്ചതും കൂട്ടുപിടിച്ചതും, ഈശ്വരാധീന ത്താൽ ഞാൻ ആ കുഴിയിൽ വീഴാതിരുന്നതും പ്രസിദ്ധമാണ്. ആ പിണക്കം കുറേ നാൾ നീണ്ടുനിന്നു. പിണക്കം സൂക്ഷിച്ചുവയ്ക്കയോ, പ്രതികാരബുദ്ധിയോടുകൂടി പെരുമാറാൻ കരുതിയിരിക്കയോ ചെയ്യുന്ന സ്വഭാവം എനിക്കില്ലെന്നറിയാവുന്ന അദ്ദേഹം ആവശ്യംപോലെ എന്നെ സമീപിക്കുകയും, ഹിതമായി പെരുമാറുകയും, കാര്യം കഴിഞ്ഞാൽ പിന്നെയും പഴയ സമ്പ്രദായത്തിൽ എനിക്കു കുഴിതോണ്ടുകയും ചെയ്യു ന്നത് ഒരു സാധാരണ നടപടി പോലെയായിത്തീർന്നിരുന്നു. ഞാൻ കൂടെ ക്കൂടെ പൊതുവാടത്തിന്റെ ഇഷ്ടനും, വിരോധിയുമായി മാറി മാറി ജീവി ക്കുന്നതിൽ എന്റെ വീട്ടുകാർക്കും ബന്ധുജനങ്ങളിൽ പലർക്കും അമർഷ മുണ്ടാകുകയും, ഞാൻ ഒരു ശുദ്ധഗതിക്കാരനും മണ്ടനുമാണെന്ന് അഭി പ്രായപ്പെടുകയും ചെയ്തിരുന്നു. അതിലെ വസ്തുത എങ്ങനെയായിരു ന്നാലും, അനവധി പ്രാവശ്യം അദ്ദേഹം എന്നെ ഇഷ്ടനായി സ്വീകരിക്ക യും, ശത്രുവായിത്തള്ളുകയും ചെയ്തിട്ടുണ്ട്. ബന്ധുവായി പെരുമാറുന്ന കാലത്ത് പഴയ കാര്യങ്ങളെല്ലാം ഉപേക്ഷിച്ച് ഒരു വിടവില്ലാത്ത സ്നേഹി തന്റെ നിലയിലേ ഞാൻ അദ്ദേഹത്തോടു പെരുമാറാറുള്ളൂ. അത് എന്റെ ഒരു ക്ഷീണമോ, ദോഷമോ ആയി ആരെല്ലാം കരുതിയാലും, എന്റെ ആ സ്വഭാവം ഒരു ഗുണമായിട്ടാണ് ഞാൻ ഇന്നും കരുതുന്നത്. അതാണ് ശരിയായിട്ടുള്ളതെന്നുള്ളതിനു തെളിവ് എന്റെ ജീവിതത്തിലുണ്ടായ കൊടുങ്കാറ്റുകളിലൊന്നിലും അടിപെടാതെ ദുർബലനായ ഞാൻ പഴയ തുപോലെ നിൽക്കുന്നു എന്നുള്ളതുതന്നെയാണ്.

പൊതുവാടത്തു പത്മനാഭപിള്ള അദ്ദേഹത്തിന്റെ കൺട്രാക്ട് ലഭിക്കാൻ എന്നെ ഉപകരണമാക്കാൻവേണ്ടി എനിക്കു ചില പ്രലോഭന

ങ്ങൾ നൽകാതിരുന്നില്ല. സർവീസ് സൊസൈറ്റിയുടെ ദാരിദ്ര്യവും, എന്റെ ക്ലേശവും വർണ്ണിച്ച് അദ്ദേഹം ദുഃഖിക്കുകയും, അതിനൊരു പരിഹാരമുണ്ടാക്കാനുള്ള ഒരു മാർഗ്ഗമായിട്ടാണ് ഈ കൺട്രാക്ടിനെ കരുതുന്നതെന്നുപറയുകയും ചെയ്തു. ലാഭം കിട്ടിയാൽ ചെറിയ സഹായമെങ്കിലും ചെയ്യാതിരിക്കില്ലെന്നു ഞാനും വിചാരിക്കാതിരുന്നില്ല. അദ്ദേഹത്തിന് ഒട്ടധികം രൂപാ ലാഭം കിട്ടി. പെരുന്ന ഹൈസ്ക്കൂൾപണിക്കാലത്തെ ദാരിദ്ര്യത്തിനിടയ്ക്ക്, മുൻ കരാറുകളുടെ സൂചനപോലും കൂടാതെ സംഭാവനയുംചെയ്തു സഹായിക്കണമെന്നാവശ്യപ്പെട്ടു. ഒരു കാശും തന്നില്ലെന്നുമാത്രമല്ല, ഇനി പണം ചോദിക്കാതിരിക്കാൻ എന്നോടു പിണങ്ങാനും തീരുമാനിച്ചു. കള്ളക്കാരണങ്ങൾ പറഞ്ഞു പിണങ്ങുകമാത്രമല്ല, പഴയപോലെ എന്നേപ്പറ്റി അപവാദങ്ങൾ പറഞ്ഞുപരത്താനും തുടങ്ങി. തെണ്ടിയും, പിരിച്ചും, കടം വാങ്ങിയും പണിനടത്തുന്ന ഞാൻ പണാപഹരണം നടത്തിയെന്നും പറഞ്ഞുണ്ടാക്കി. എന്റെ ക്ലേശം മൂക്കുന്തോറും അദ്ദേഹത്തിന്റെ എതിർപ്പ് കൊടുമ്പിരിക്കൊണ്ടു. ആ സന്ദർഭത്തിലാണ് രാഘവയ്യായെ വിളിച്ച് ഹൈസ്ക്കൂൾ തുറക്കാൻ തീരുമാനിച്ചത്. പഴയ കരയോഗമന്ദിരോദ്ഘാടന പ്രതിബന്ധംപോലെ, ഹൈസ്ക്കൂൾ ഉദ്ഘാടനം നടത്തുന്നത് അതുവരെയുള്ള കണക്കുകൾ തീർത്തു പാസ്സാക്കിയതിന്റെശേഷമേ പാടുള്ളൂ എന്ന് സൊസൈറ്റിയിലെ ഒരു മെമ്പറായ അദ്ദേഹം രണ്ടുനാലു ദിവസംമുമ്പേ ഒരു രജിസ്റ്റർനോട്ടീസ് തന്നു. കണക്കു മുഴുവൻ അസ്സൽ നാൾവഴിയിൽ എഴുതിത്തീർന്നിട്ടില്ല എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. കുറിപ്പുപുസ്തകത്തിൽ കിടക്കുന്നതേയുള്ളൂ. ആഫീസ് അപ്പോഴും കറുകച്ചാൽ ആയിരുന്നു. ഒരു ക്ലർക്കുപോലും ഉണ്ടായിരുന്നില്ല. അന്നന്നു പണമുണ്ടാക്കി പണി നടത്തേണ്ട ബദ്ധപ്പാടിനിടയിൽ വരവു ചെലവുകൾക്കു കുറിപ്പെഴുതി സൂക്ഷിക്കുകയും, സൗകര്യംപോലെ നാൾവഴി എഴുതുകയുമായിരുന്നു പതിവ്. ഉദ്ഘാടനം നടത്തി ഷെഡ്ഡിൽനിന്നും ഹൈസ്ക്കൂൾ മാറ്റിസ്ഥാപിക്കാനുള്ള തിടുക്കത്തിൽ നാൾവഴി പൂർത്തിയാക്കാനോ, കണക്കുപാസ്സാക്കാനോ സാധിച്ചില്ല. ആ ലാപ്പോയിന്റിന്മേൽ അദ്ദേഹം കടന്നുപിടിച്ചുകൊണ്ട് എന്റെ മേൽ പണാപഹരണക്കുറ്റവും ചുമത്തിയിരുന്നു. ദിവാൻജി വന്ന് ഉദ്ഘാടനം നടത്തുകയായിരുന്നതുകൊണ്ട് കഴിയുന്നത്ര മോടിപിടിപ്പിക്കാൻ ശ്രമിച്ചു. എന്നെ സഹായിക്കാനുള്ള പ്രമാണികൾ ചുരുക്കമായിരുന്നു. പ്രസിഡന്റ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ സൗകര്യത്തെ കരുതി തലേദിവസം രാത്രി ഡയറക്ടർയോഗം പൊതുവാടത്തിന്റെ നോട്ടീസനുസരിച്ചു കൂടാൻ വ്യവസ്ഥ ചെയ്തിരുന്നു. യോഗംകൂടി കണക്കുകൾ തീർക്കാതെ ഉദ്ഘാടനം നടത്താൻ പാടില്ലെന്നും, വളരെ പണാപഹരണമുണ്ടെന്നാണ് അദ്ദേഹത്തിന്റെ ധാരണയെന്നും പൊതുവാടം പറഞ്ഞു. നാളെ നടക്കേണ്ട ഉദ്ഘാടനത്തിനു മുമ്പ് പാസ്സാക്കത്തക്കവണ്ണം കണക്കുകൾ ഹാജരാക്കാൻ സാദ്ധ്യമല്ലെന്നും, ദിവാൻജിയെ ക്ഷണിക്കുകയും, അതിനുള്ള ഒരുക്കങ്ങൾ ചെയ്കയും ചെയ്തുകഴിഞ്ഞ മുറയ്ക്ക്

ഉദ്ഘാടനം മാറ്റിവയ്ക്കാനും നിവൃത്തിയില്ലെന്നും, അന്നന്നു കൂലിച്ചെല വിനുതന്നെ പണം മതിയാകാതെ നടത്തിയ പണിക്കിടയ്ക്ക് പണാപഹ രണം നടത്തിയെന്നുള്ള അപവാദപ്രചരണം നടത്തിയതിൽ വ്യസനി ക്കുന്നു എന്നും ഞാൻ സമാധാനം പറഞ്ഞു. പിറ്റേ ദിവസത്തെ ഉദ്ഘാ ടനം സംബന്ധിച്ച് അനവധി ജോലികൾ ചെയ്തുതീർക്കേണ്ട ആ രാത്രി യിൽ, എന്നെ ഈ വിധത്തിൽ പിടിച്ചിരുത്തി ശ്വാസംമുട്ടിക്കുന്നതിന്റെ അനൗചിത്യത്തെപ്പറ്റിപോലും അദ്ദേഹത്തിനു ചിന്തയുണ്ടായില്ല. പിറ്റേ ദിവസത്തെ സദ്യയ്ക്കുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. സാമാനം വാങ്ങിയ കൂട്ടത്തിൽ ഉപ്പുവാങ്ങാൻ വിട്ടുപോയി എന്ന് ആ വാദപ്രതിവാദത്തിനിടയ്ക്ക് രാത്രി 11 മണിയായപ്പോൾ ഒരാൾ വന്ന് എന്നോട് സ്വകാര്യം പറഞ്ഞു. പിറ്റേദിവസം ഞായറാഴ്ചയാണ്. കച്ച വടം ക്രിസ്ത്യാനിക്കേ ഉള്ളൂ താനും. ഇല്ലാതെവന്നത് ഉപ്പുമാണ്. ആ അർദ്ധരാത്രിക്കു തക്കതായ ഒരാളെ അയച്ച് പീടിക ഉടമസ്ഥനെ വിളി ച്ചുണർത്തി പീടിക തുറപ്പിച്ച് ഉപ്പുവാങ്ങിക്കൊണ്ടു വരേണ്ടിവന്നു. അപ്പോഴും വാദം നടക്കുകയാണ്. അദ്ദേഹം ഒഴിച്ചുള്ള ഡയറക്ടറന്മാ രെല്ലാം എനിക്കനുകൂലമായിരുന്നതുകൊണ്ട് ആ വാദം മാറ്റിവയ്ക്കാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ എല്ലാവരുംകൂടി യോജിച്ചു പോകാനുള്ള താൽപര്യത്തിൽ അത്രയും മുമ്പോട്ടുപോയതാണ്. ഒടു വിൽ അതു മാറ്റിവയ്ക്കുകയും, നാളെ എല്ലാവരും യോജിച്ച് ഉദ്ഘാടനം ഭംഗിയായി നടത്തണമെന്നു തീരുമാനിക്കയും ചെയ്തു. ഇത് അദ്ദേഹ ത്തിന്റെ രണ്ടാമത്തെ ഉദ്ഘാടനപ്രതിരോധമാണ്. അതും പുറമെ ആരും അറിയാതെ ഈശ്വരാധീനത്താൽ വിജയപ്രദമായി നടന്നു.

പെരുന്ന ഹൈസ്ക്കൂൾ തുടർന്നു മൂന്നുകൊല്ലംകൊണ്ട് പൂർണ്ണ ഹൈസ്ക്കൂളായിത്തീർന്നു. സി.ആർ. കൃഷ്ണപിള്ള, കെ. കണ്ണൻമേ നോൻ മുതലായ ഹെഡ്മാസ്റ്ററന്മാരുടെ കീഴിൽ, നല്ല പേരോടുകൂടി അഭി വൃദ്ധിപ്രാപിച്ചുവന്നു.

ഹൈസ്ക്കൂളിന് അത്യന്താപേക്ഷിതമായിരുന്ന സത്രപ്പുരയിടം വിട്ടുതരാൻ ദിവാൻ രാഘവയ്യാ അനുവാദം തന്നെങ്കിലും, കെട്ടിടവില കെട്ടിവയ്ക്കാൻ പണമില്ലാഴികകൊണ്ട്, ആ ആഡർ അതേ വിധത്തിൽ കിടന്നതേയുള്ളു. രാഘവയ്യാ ചാർജ്ജേല്പിച്ചത് ദേവസ്വം കമ്മീഷണ റായിരുന്ന അമ്പലപ്പുഴ കൃഷ്ണപിള്ളയെ ആയിരുന്നു. ആക്ടിംഗ് ദിവാൻജിയായിരുന്ന അദ്ദേഹത്തെ കണ്ട് കെട്ടിടവിലകൂടി ഉപേക്ഷിച്ച്, സ്ഥലവും കെട്ടിടവും വിട്ടുതരണമെന്ന് ഞാൻ ഒരപേക്ഷ കൊടുത്തു. ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഗവണ്മെന്റ് ചെയ്തുകൊടുത്തിട്ടുള്ള അമിതമായ സഹായങ്ങളെ അനുസ്മരിപ്പിക്ക യും, ഞങ്ങളും അതിനവകാശികളാണെന്നു സൂചിപ്പിക്കയും ചെയ്തിരു ന്നു. ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയെ ലാമെമ്പറാക്കണമെന്ന് ശുപാർശ ചെയ്തിട്ടാണ് രാഘവയ്യാ പോയത്. ആർ. കൃഷ്ണപിള്ള ചാർജ്ജേറ്റ ഉടൻ, രാഘവയ്യായുടെ ശുപാർശയ്ക്കെതിരായി കയ്യാലം

പരമേശ്വരൻപിള്ളയെ നിയമിക്കാൻ ശുപാർശചെയ്ത് അനുവാദം വാങ്ങിയതുകൊണ്ട് ചങ്ങനാശ്ശേരിക്ക് അദ്ദേഹത്തോടു വിരോധമുണ്ടായി. തീരാപ്പകയുള്ള ചങ്ങനാശ്ശേരിയും, ആർ. കൃഷ്ണപിള്ളയുമായി വിരോധം വർദ്ധിക്കാൻ കാലതാമസമുണ്ടായില്ല. ചങ്ങനാശ്ശേരി, എൻ.എസ്.എസ്സിന്റെ പ്രസിഡണ്ടായതുകൊണ്ട് മനുഷ്യസഹജമായ വെറുപ്പ് ആർ. കൃഷ്ണപിള്ളയ്ക്ക് സർവീസ് സൊസൈറ്റിയോടും അല്പാല്പമുണ്ടായില്ലെന്നില്ല. എങ്കിലും മഹാമനസ്കനും, സമുദായസ്നേഹിയുമായിരുന്ന അദ്ദേഹം, എന്റെ അവകാശങ്ങളെ സ്വീകരിച്ച് കെട്ടിടവില ഗവണ്മെന്റിൽനിന്നുപേക്ഷിക്കയും, കെട്ടിടവും സ്ഥലവും സർവീസ് സൊസൈറ്റിയെ ഏൽപിച്ചുകൊടുക്കാൻ ഉത്തരവിടുകയും ചെയ്തു. തഹസീൽദാർ സ്ഥലവും കെട്ടിടവും എന്നെ ഏൽപിച്ച് രസീതു വാങ്ങി. അങ്ങനെ ഏതാനും കൊല്ലത്തെ ശ്രമം സഫലമായി. അടുത്തുണ്ടായിരുന്ന ഒരു വസ്തു എഴുതിവാങ്ങുകയും, മറ്റൊരു വസ്തു പൊന്നിൻവിലകൊടുത്ത് ഒഴിപ്പിക്കുകയും ചെയ്തു. മെയിൻറോഡുവരെയുള്ള ആ ബ്ലോക്കു മുഴുവനും സർവീസ് സൊസൈറ്റിയുടെ അധീനതയിൽ ആയപ്പോൾ, ഹൈസ്ക്കൂളിന്റെ സൗകര്യങ്ങൾ പൂർണ്ണമായി.

തൽക്കാലത്തേക്ക് കറുകച്ചാലിലേക്കു മാറ്റിയ എൻ.എസ്.എസ്. ഹെഡ്ഡാഫീസ് ചങ്ങനാശ്ശേരിക്കു മാറ്റി പുതുതായി ലഭിച്ച ക്യാമ്പുഷെഡ്ഡിൽ സ്ഥാപിച്ചു. അതു പരിഷ്ക്കരിച്ചതാണ് ഹെഡ്ഡാഫീസിനു പിന്നിലുള്ള ഇപ്പോഴത്തെ എൻ.എസ്.എസ്. അതിഥിമന്ദിരം.

ഇതിനിടയിൽ മറ്റൊരു ബുദ്ധിമുട്ടുണ്ടായി. പെരുന്നയിലെ പള്ളിപ്പുറത്തു നാരായണപിള്ള എന്നൊരു ബി.എ.ക്കാരൻ അവിടുത്തെ ഹൈസ്ക്കൂളിലെ ഒന്നാം അസിസ്റ്റന്റായിരുന്നു. എൻ.എസ്.എസ്സിൽനിന്നും അദ്ദേഹത്തെ എൽ.റ്റി.ക്കയച്ചു പാസ്സാക്കിവരുത്തി. മലബാർകാരൻ അപ്പുണ്ണിമേനോൻ ആയിരുന്നു പെരുന്നയിലെ അപ്പോഴത്തെ ഹെഡ്മാസ്റ്റർ. അസിസ്റ്റന്റ് നാരായണപിള്ള ഒരു ദിവസം സ്കൂൾസമയത്ത് ഹെഡ്മാസ്റ്ററുടെ ആഫീസ് മുറിയിൽ ചെന്ന് അദ്ദേഹത്തെ ശകാരിക്കുകയും, റൂൾത്തടികൊണ്ട് അടിക്കാൻ ചെല്ലുകയും ചെയ്തു. ഞാൻ സ്ഥലത്തുണ്ടായിരുന്നില്ല. വന്നപ്പോൾ കേട്ട സംഭവം എന്നെ വല്ലാതെ അസുഖപ്പെടുത്തി. നാരായണപിള്ള കുറ്റക്കാരനെന്നുകണ്ട് ഹെഡ്മാസ്റ്ററോടു മാപ്പു ചോദിപ്പിച്ചു. അതുകൊണ്ട് അദ്ദേഹത്തിന് എന്നോടും വിരോധമുണ്ടായി, പക വീട്ടാനുള്ള അവസരം നോക്കിയിരുന്നു. ഞാനതൊന്നും അറിഞ്ഞിരുന്നില്ല.

ഞാൻ സ്ഥലത്തില്ലാതിരുന്ന ഒരവസരം നോക്കി, നാരായണപിള്ള എന്നെ പ്രതിയാക്കി, ചങ്ങനാശ്ശേരി ഒന്നാംക്ലാസ് മജിസ്ട്രേറ്റു കോടതിയിൽ വിശ്വാസവഞ്ചനയ്ക്കും പണാപഹരണത്തിനും ഒരു കേസ് കൊടുത്തു. ശോധന ചെയ്ത് റിക്കാർഡുകൾ ബന്തവസ്സിൽ വയ്പിക്കാനും എന്നെ അറസ്റ്റുചെയ്യാനുമുള്ള വാറണ്ടുകളും പുറപ്പെടുവിച്ചു. ഞാൻ യാദൃച്ഛികമായി അന്നു രാത്രിയിൽ ചങ്ങനാശ്ശേരിയിൽ എത്തിയ

പ്പോഴാണ് ഈ വിവരമറിഞ്ഞത്. എൻ.എസ്.എസ്. റിക്കാർഡുകൾകൊണ്ടുതന്നെ കേസ് ശിക്ഷയിൽ വരുത്താമെന്ന് നാരായണപിള്ളയ്ക്കറിയാമായിരുന്നു. മജിസ്ട്രേട്ട് ജോർജ്ജ് വറുഗീസും, പോലീസ് ഇൻസ്പെക്ടർ മറ്റൊരു ക്രിസ്ത്യനുമായിരുന്നതുകൊണ്ട് എല്ലാം തിടുക്കത്തിലും രഹസ്യമായും ഫലപ്രദമായും നടത്താമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

അക്കാലത്തെ മിക്ക പ്രൈവറ്റ് സ്കൂളുകളിലും രണ്ടുതരം കണക്കുണ്ടായിരുന്നു. അദ്ധ്യാപകന്മാർക്കു കൊടുക്കുന്ന ശമ്പളത്തിൽ കൂട്ടി എഴുതുന്ന ഒരു നടപ്പുമുണ്ടായിരുന്നു. ഗവണ്മെന്റ് ഗ്രാന്റു കിട്ടണമെങ്കിൽ ആ വിധം വേണ്ടിയിരുന്നു. എൻ.എസ്.എസ്സിലും ആ വിധത്തിൽ രണ്ടു കണക്കുണ്ടായിരുന്നു. യഥാർത്ഥത്തിലുള്ളതും ഗ്രാന്റു കിട്ടാൻവേണ്ടി കൂടുതൽ ശമ്പളം കൊടുത്തു എന്നെഴുതീട്ടുള്ളതുമായ കണക്കുകളാണവ. അധികപ്പറ്റെഴുതുന്ന സംഖ്യ സർവീസ് സൊസൈറ്റിക്കു സംഭാവന ചെയ്തു എന്നാണ് സങ്കല്പം. എന്നാൽ ആ സംഖ്യ എൻ.എസ്.എസ്. കണക്കിൽ വരവുവയ്ക്കാറില്ല. ഇത് എല്ലാവർക്കും അറിയാവുന്ന പരസ്യമായ ഒരു രഹസ്യമാണ്. കയ്യിൽ കിട്ടാത്ത സംഖ്യ അപഹരിച്ചു എന്നു പറയുന്നതിൽ അർത്ഥമില്ലല്ലോ. വസ്തുത ഇങ്ങിനെയൊക്കെയാണെങ്കിലും കോടതി മുമ്പാകെ രണ്ടു കണക്കുകൾ ചെന്നെത്തുകയും, സംഭാവന ചെയ്തു എന്നു പറയുന്ന സംഖ്യ മുതൽവയ്ക്കാതിരിക്കയും ചെയ്തു എന്നു രേഖകൊണ്ട് കാണുന്ന മുറയ്ക്ക് ഞാൻ ശിക്ഷാർഹനാകാതിരിക്കയില്ലെന്നുള്ള നിഗമനത്തിലാണ് നാരായണപിള്ള കേസ് കൊടുത്തത്. പറ്റിയാൽ പറ്റിയതായിരിക്കും എന്നുള്ളത് ശരിയുമാണ്.

നിരപരാധിയായ ഞാൻ കുറ്റക്കാരനായി ജയിലിൽ പോവുക മാത്രമല്ല, സർവീസ് സൊസൈറ്റി സ്ഥാപനം കളങ്കമയമാവുകയും ചെയ്യുമല്ലോ എന്നുള്ള ചിന്താഗതി എന്നെ വല്ലാതെ വിഷമിപ്പിച്ചു. പിറ്റേദിവസം കാലത്തെ പോലീസ് ഇൻസ്പെക്ടർ പരിശോധനയ്ക്കു വരുമെന്നറിഞ്ഞു. അപകടത്തിൽനിന്നും രക്ഷപെടാൻവേണ്ടി ആവശ്യമില്ലാത്ത റിക്കാർഡുകളെല്ലാം അവിടെനിന്നു മാറ്റി. ഇൻസ്പെക്ടർ കാലത്ത് 9 മണിക്ക് അനുചരന്മാരോടുകൂടി പരിശോധനയ്ക്കു വന്നു. വാദിയായ നാരായണപിള്ള തൊണ്ടി കാണിച്ചുകൊടുക്കാൻ അവരുടെകൂടെ വന്നിരുന്നു. ഞാൻ ആഫീസിൽ കാത്തിരുന്നു. ഉണ്ണുന്ന ചോറിൽ മണ്ണിടുന്ന കൃതഘ്നനായ നാരായണപിള്ള ആഫീസിൽ കടക്കാൻ ഭാവിച്ചപ്പോൾ സമുദായദ്രോഹം പ്രവർത്തിച്ച ആ മനുഷ്യനോട് പുറത്തിറങ്ങാൻ ഞാൻ പറഞ്ഞുപോയി. അയാൾ മുറ്റത്തു നിന്നു. ഇൻസ്പെക്ടർ ശോധന ചെയ്ത് അവിടെ കണ്ട റിക്കാർഡുകളെല്ലാം എടുത്ത് മഹസർ തയ്യാറാക്കി കോർട്ടിലേക്കയച്ചു. എന്നെ വാറണ്ടിൽ പിടിച്ചു ജാമ്യത്തിൽ വിട്ടു. കേസുവിസ്താരം മുറയ്ക്കു നടന്നു. പ്രമാദമായ കേസ്സായിരുന്നെങ്കിലും ആർക്കും വക്കാലത്തു കൊടുക്കാതെ ഞാൻ തന്നെയാണ് വിസ്താരം നടത്തിയത്. എതിർഭാഗം വക്കീൽ പ്രസിദ്ധനായ ഒരു ചെറിയാനായിരുന്നു. വിചാരിച്ച റിക്കാർഡുകളെല്ലാം കിട്ടാത്തതുകൊണ്ട് വാദിക്കും

വക്കീലിനും മജിസ്ട്രേട്ടിനും മനസ്സിടിവുണ്ടായി. എങ്കിലും പല മാസങ്ങളായി പല അവധിക്ക് ഞാൻ കോടതിയിൽ ഹാജരാകേണ്ടിവന്നു. ഈ വിശേഷകേസ് കേൾക്കാൻവേണ്ടി ആ ദിവസങ്ങളിലെല്ലാം വളരെ ആളുകൾ കൂടുന്നത് സഹജമായിരുന്നു. ഞാൻ പ്രതിക്കൂട്ടിൽനിന്ന് വാദിയെ ദീർഘമായിത്തന്നെ ക്രോസുവിസ്താരം നടത്തി. വിസ്താരം കഴിഞ്ഞപ്പോൾ വാദി പ്രതിയായ മട്ടിൽ എങ്ങനെയെങ്കിലും ആപ്പൂരിക്കൊണ്ടുപോയാൽ മതിയെന്നു വാദിക്കു തോന്നി. തെളിവിനായി ഏതാനും അവധികൾകൂടി വച്ചു. ഈ കേസ്സിന് കറുകച്ചാൽ സ്കൂളിൽ ഞാൻ അദ്ധ്യാപകനായി നിയമിച്ച് അപ്പോഴും ജോലിയിലിരിക്കുന്ന ഒരു വറുഗീസൊഴിച്ച് മറ്റാരുംതന്നെ സാക്ഷിയെഴുതിയില്ല. കേസ് തെളിവില്ലാതെ തള്ളി. അങ്ങിനെ ഞാൻ ശിക്ഷയിൽനിന്നും, സർവീസ് സൊസൈറ്റി അപമാനത്തിൽനിന്നും രക്ഷപെട്ടു. നാരായണപിള്ള പിന്നെ കുറേനാൾ പെരുന്ന സ്കൂളിൽ അദ്ധ്യാപകനായിരുന്നെങ്കിലും, അദ്ദേഹം തനിയെതന്നെ പിരിഞ്ഞുപോകേണ്ടിവന്നു. മജിസ്ട്രേട്ട് ജോർജ്ജ് വറുഗീസ് പിന്നീട് എന്നെ കണ്ട് പറ്റിയ തെറ്റിനു മാപ്പു പറഞ്ഞു. എൽ.റ്റി.ക്കു പോയപ്പോഴത്തെ വിദ്യാർത്ഥിവേതനം തിരിയെ തരാതെയും അനുവാദംകൂടാതെയും നാരായണപിള്ള സർക്കാർ സർവീസിൽ പ്രവേശിച്ചു. അതുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ പേരിൽ പരാതി അയയ്ക്കയും, ആ സംഖ്യയ്ക്ക് സിവിൽ കേസ് കൊടുക്കയും ചെയ്തു. അദ്ദേഹം പത്രിക കൊടുത്ത് എതിർവാദം ചെയ്തെങ്കിലും അന്യായപ്രകാരം വിധിച്ചു. ആ സംഖ്യ ഈടാക്കി എടുക്കുകയും ചെയ്തു. അങ്ങിനെ ആ അദ്ധ്യായം അവസാനിച്ചു. ഇപ്പോൾ നാരായണപിള്ള എൻ.എസ്.എസ്സിന്റെ ബന്ധുക്കളിൽ ഒരുവനാണ്. അദ്ദേഹത്തിന്റെ മകൻ എൻ.എസ്.എസ്. കോളേജിൽ ഒരു ലക്ചററുമാണ്.

പെരുന്ന ഹൈസ്ക്കൂളിൽ ദൂരെനിന്നു വന്നു പഠിക്കുന്ന കുട്ടികൾക്കു താമസിക്കാനുള്ള അസൗകര്യം, എൻ.എസ്.എസ്. മെമ്പറന്മാരിൽ ഒരു പ്രമാണിയായ വാൽപ്പറമ്പിൽ വേലായുധൻപിള്ളയെ മനസ്സിലാക്കിയപ്പോൾ അദ്ദേഹം സ്വന്തം പണം ചെലവുചെയ്ത് ഒരു വിദ്യാർത്ഥിസത്രം കെട്ടിത്തരാമെന്നു സമ്മതിച്ചു. വേലായുധൻപിള്ള വാഴപ്പള്ളിൽ ഒരു സാധു നായർ കുടുംബത്തിൽ ജനിച്ച ആളാണ്. സ്വപ്രയത്നംകൊണ്ട് നമ്മുടെ യുവാക്കന്മാർക്കെല്ലാം മാതൃകയായി വളർന്നുവന്ന ഒരു മാന്യനാണ്. ഏഴു രൂപാ ശമ്പളത്തിൽ ഒരു കറുപ്പുവില്പന കൺട്രാക്ടറുടെ വില്പന ഏജന്റായിട്ടാണ് ജീവിതം ആരംഭിച്ചത്. പല കച്ചവടങ്ങളും കൺട്രാക്ടുകളും നടത്തി ധാരാളം പണവും വസ്തുവകകളും സമ്പാദിച്ചു. ദീനാനുകമ്പയും ഔദാര്യവും അദ്ദേഹത്തിന്റെ കൂടെപ്പിറപ്പായിരുന്നു. സ്വന്തം കുടുംബത്തിലും സമുദായത്തിലും നാട്ടിലുംപെട്ടവരെ പല തരത്തിൽ അദ്ദേഹം സഹായിച്ചിട്ടുണ്ട്. പല പൊതുസ്ഥാപനങ്ങൾക്കും ധനദാനം ചെയ്തിട്ടുണ്ട്. ശ്രീരാമകൃഷ്ണാശ്രമത്തിന് വാഴപ്പള്ളിൽ ഒരു സ്ഥലം വാങ്ങിക്കൊടുത്തു. ചിന്നമ്മയുടെ തിരുവനന്തപുരത്തെ ഹിന്ദുമ

ഹിളാമന്ദിരത്തിന് കൊല്ലംതോറും 365 പറ നെല്ലുവീതം പാട്ടം കിട്ടുന്ന നിലം ദാനം ചെയ്തു. ചില അമ്പലങ്ങൾ കെട്ടിച്ചു. സർവീസ് സൊസൈറ്റിക്കു പലപ്പോഴായി രണ്ടു മൂവായിരത്തിലധികം രൂപാ സംഭാവന ചെയ്തു. അങ്ങനെ സമുദായത്തിലും നാട്ടിലും അദ്ദേഹത്തിന്റെ പേരും പെരുമയും പുലർന്നുവരുന്ന കാലമായിരുന്നു. അദ്ദേഹം സന്തോഷപൂർവം സ്വന്തം പണം ചെലവുചെയ്ത് ഒരു ഹോസ്റ്റൽ കെട്ടിച്ചുതരാമെന്നു സമ്മതിച്ചപ്പോൾ അതിനു സൗകര്യമുള്ള സ്ഥലം സർവീസ് സൊസൈറ്റിക്കില്ലാത്തതുകൊണ്ട് ഞാൻ വിഷമിച്ചു. ഹൈസ്ക്കൂളിനു തൊട്ടു തെക്കുവശത്തു കിടക്കുന്ന പറമ്പ് കുമാരമംഗലസ്സ് നമ്പൂതിരിപ്പാടിന്റെ വകയാണ്. അതു വാങ്ങാൻവേണ്ടി അവരെ സമീപിച്ചു. അതിന്റെ അധികൃതന്മാരെല്ലാം തിരുവനന്തപുരത്തായിരുന്നു. അവരെ പല പ്രാവശ്യം കണ്ടു സംസാരിച്ചശേഷം കൊല്ലത്തിൽ 15 രൂപ കൊടുക്കത്തക്ക വ്യവസ്ഥയിൽ സ്ഥിരപ്പാട്ടമായി എഴുതിത്തരാമെന്നു സമ്മതിച്ചു. വലിയ നമ്പൂതിരിപ്പാട്ടിലെ പാകംനോക്കി കൊണ്ടുവന്ന് ആധാരം രജിസ്റ്റർ ചെയ്യിക്കാൻ കുറെ പാടുപെടേണ്ടിവന്നു. ആധാരം രജിസ്റ്റർചെയ്ത ദിവസം കാലത്തു മുതൽ വൈകുന്നതുവരെ അതിനുള്ള ജോലിയും അങ്ങോട്ടുമിങ്ങോട്ടുമുള്ള നടപ്പുമായിരുന്നു. അന്ന് പകൽ ആഹാരം കഴിക്കാൻ പറ്റിയില്ല. രജിസ്ട്രേഷൻ കഴിഞ്ഞ് സന്ധ്യയോടുകൂടി ചങ്ങനാശ്ശേരിയുടെ വീട്ടിലെത്തി ഈ സന്തോഷവർത്തമാനം പറഞ്ഞപ്പോൾ, ആഹാരം കഴിക്കാതെയും കുളിക്കാതെയുമുള്ള എന്നെ കണ്ടപ്പോൾ, അപൂർവമായി മാത്രമുണ്ടാകാറുള്ള ചങ്ങനാശ്ശേരിയുടെ അനുകമ്പ അന്ന് എന്നിലേക്കു വഴിയുകയും, 'വെറുതെയല്ല നിങ്ങൾ വിജയിക്കുന്നത്' എന്ന് രത്നച്ചുരുക്കത്തിൽ അഭിനന്ദിക്കുകയും ചെയ്തു.

വിദ്യാർത്ഥിമന്ദിരത്തിനുള്ള പ്ലാനുണ്ടാക്കി വേലായുധൻപിള്ളയെ ഏല്പിച്ചു. ഇരുപതിനായിരത്തോളം രൂപ സ്വന്തമായി ചെലവുചെയ്ത് അദ്ദേഹം നേരിട്ടുതന്നെ ആ പണി നടത്തി. ഇന്ന് പെരുന്നയിൽ കാണുന്ന മനോഹരമായ കോളേജ് ഹോസ്റ്റൽ അദ്ദേഹം അന്ന് അങ്ങനെ പണിയിച്ചതാണ്. അത് അദ്ദേഹത്തിന്റെ ഒരു സ്മാരകമായിരിക്കാൻ എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അതിന് 'വേലായുധമന്ദിരം' എന്നു നാമകരണം ചെയ്തു. അൻപതു കുട്ടികൾക്ക് സുഖമായി താമസിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണത്. ആ ഹോസ്റ്റലിലെ പ്രാർത്ഥനാഹാളിൽ അദ്ദേഹത്തിന്റെ ഛായാപടവും വച്ചിട്ടുണ്ട്. എൻ.എസ്.എസ്സിന്റെ സൃഷ്ടികർത്താക്കളിൽ ഒരുവനായ അദ്ദേഹം അകാലദേഹവിയോഗം ചെയ്തു എങ്കിലും, ശാശ്വതസ്മരണീയനായി ഇന്നും സമുദായാംഗങ്ങളുടെ ഹൃദയക്ഷേത്രങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ട്.

അഭൂതപൂർവമായ ഈ മഹനീയസ്ഥാപനം അതിന്റെ മഹിമയ്ക്കനുസരിച്ചുതന്നെ ഒരു മഹാനേക്കൊണ്ട് ആഡംബരപൂർവം ഉദ്ഘാടനം ചെയ്യിക്കാൻ തീരുമാനിച്ചു. അന്നത്തെ ദിവാൻ എം.ഇ. വാട്സായിരുന്നു. ഉദ്ഘാടനത്തിന് അദ്ദേഹത്തെ ക്ഷണിക്കുകയും, വരാമെന്നു സമ്മ

തിക്കുകയും ചെയ്തു. ഇതുവരെ നടന്ന എല്ലാ സമ്മേളനങ്ങളേയും ജയിക്കത്തക്കവണ്ണം മോടിയായ ഒരുക്കങ്ങൾ ചെയ്തു. ഹോസ്റ്റലിന്റെ മുൻവശത്ത് വിശാലമായ പന്തലുണ്ടാക്കി അലങ്കരിച്ചു ഭംഗിയാക്കി. വഴി മുഴുവൻ തോരണങ്ങളും മാലകളും കുലവാഴകളുംകൊണ്ട് അലങ്കരിച്ചു മോടി പിടിപ്പിച്ചു. എൻ.എസ്.എസ്. പ്രവർത്തകന്മാരും, ഡയറക്ടറന്മാരും ഉത്സാഹപൂർവം പ്രവർത്തനങ്ങളിൽ പങ്കുകൊണ്ടു. ഉദ്ഘാടനത്തിനു തലേദിവസം സന്ധ്യയ്ക്കുമുമ്പ് ഒരു വലിയ കാറും കോളുമുണ്ടായി. ദിങ്മുഖങ്ങൾ ഇരുണ്ടുമൂടിക്കഴിഞ്ഞു. മിന്നൽപ്പിണരുകളും, കൂട്ടമായുള്ള പീരങ്കിമുഴക്കത്തേയും ജയിക്കത്തക്കവണ്ണമുള്ള ഇടിനാദവുമുണ്ടായി. കാറ്റും മഴയും ആരംഭിച്ചു. തുമ്പിക്കൈവണ്ണത്തിൽ രണ്ടുമൂന്നു മണിക്കൂർ നേരം പെയ്ത മഴ, റോഡൊക്കെ തോടാക്കുകയും പറമ്പെല്ലാം കായലാക്കുകയും ചെയ്തു. ആ കാറ്റിന്റെയും മഴയുടെയും ഇടയ്ക്ക് തൂണുകളെല്ലാം ചടപടാരവത്തോടുകൂടി ഒടിഞ്ഞ് പന്തൽ താഴെയുള്ള റോഡിലേക്കു മറിഞ്ഞു.

അപ്പോഴത്തെ ഞങ്ങളുടെ സ്ഥിതി എന്താണെന്ന് വായനക്കാർ ഊഹിച്ചുകൊണ്ടാൽ മതി. പിറ്റേദിവസം ഉച്ചകഴിഞ്ഞ്, രാജ്യം ഭരിക്കുന്ന മന്ത്രി ഉദ്ഘാടനത്തിനു വരുന്നു. ഞങ്ങൾ അഭിമാനപൂർവം കെട്ടിപ്പടുത്ത സങ്കല്പമണിമേട തകർന്നു തരിപ്പണമായി. എല്ലാം ശൂന്യമായതിലുള്ള വേദനയോടുകൂടി ഞങ്ങളെല്ലാം സ്തംഭിച്ചിരുന്നുപോയി. ഞാൻ ഒരു മൂലയിൽ ബോധരഹിതനായിത്തന്നെ ഏതാനും നേരം കഴിഞ്ഞുകൂടി. ചിലരെല്ലാം എന്നെ അന്വേഷിച്ചുവന്ന് ആശ്വസിപ്പിച്ചു. ഈ സംഭവത്തെപ്പറ്റി ഞാൻ ചങ്ങനാശ്ശേരി, ഗ്രന്ഥത്തിന്റെ നിരൂപണത്തിൽ രേഖപ്പെടുത്തീട്ടുള്ള ഭാഗം ഇവിടെ ഉദ്ധരിച്ചാൽ മതിയാകുമെന്നു തോന്നുന്നു -

"ചങ്ങനാശ്ശേരിയുടെ ഹൃദയശൂന്യതയ്ക്ക് ഒരു തെളിവ് അന്നുണ്ടായി. ഉദ്ഘാടനത്തിനു വിദ്യാർത്ഥിസത്രത്തിന്റെ മുൻവശത്ത് വലിയ പന്തൽ കെട്ടി വിതാനിച്ച് മാലകളും തൂക്കിക്കൊണ്ടിരിക്കുമ്പോൾ, സന്ധ്യയ്ക്ക് വലിയ ഇടിയും, മഴയും, കാറ്റുമുണ്ടായി. ആ വലിയ മഴയത്തും, കാറ്റത്തും തൂണുകളെല്ലാം ഒടിഞ്ഞ് പന്തൽ മുഴുവൻ വഴിയിലേക്കു വീണു. പിറ്റേദിവസം മൂന്നുമണിക്കാണ് ഉദ്ഘാടനം. ദിവാനാണ് വരുന്നത്. മൂന്നുനാലായിരം ആളുകൾക്കിരിക്കാൻ തയ്യാറാക്കിയ പന്തൽ. എന്തൊരു പരിഹാരമാണിതിനുണ്ടാകുന്നതെന്നറിയാതെ ഞങ്ങളെല്ലാം ഒരുവിധം അസ്തപ്രജ്ഞരായി. രാത്രി പത്തുമണിവരെ ആ മഴയും കൊടുങ്കാറ്റും നിന്നിരുന്നു. മനസ്സിന്റെ സകല ശക്തികളും തകർന്നുപോയെങ്കിലും നിരാശരാകാതെ വീണ്ടും പന്തൽനിർമ്മാണത്തിനു ഞങ്ങൾ തയ്യാറായി. അനവധി ഗ്യാസ്ലൈറ്റുകളും വരുത്തി. തകർന്ന സാമാനങ്ങളെല്ലാം മാറ്റുകയും, പല ദിക്കുകളിൽനിന്ന് പുതിയ സാമാനങ്ങൾ വരുത്തുകയും ചെയ്തു. നാട്ടുകാരെല്ലാം വന്നുചേർന്നു. ഒരു വശത്തുനിന്ന് തകർന്ന പന്തൽ പൊളിച്ചുമാറ്റി മുമ്പോട്ടുപോകാൻ ഒരു കൂട്ടമാളുകളും, അതിന്റെ പിന്നാലെ പുതിയ പന്തൽകെട്ടാൻ പിന്നൊരുകൂട്ടം ആളുകളു

മുണ്ടായിരുന്നു. വിതാനിച്ചിരുന്ന മുണ്ടുകളെല്ലാം കീറിപ്പറിഞ്ഞുപോയ തിനാൽ അർദ്ധരാത്രിക്ക് കട തുറപ്പിച്ചുവരുത്തിയിരുന്ന അനവധി കുത്തു കേമ്പിരിത്തരംകൊണ്ട് വിതാനിക്കാൻ മറ്റൊരുകൂട്ടം ആളുകളേയും, കെട്ടുംപടി വരുത്തിയിരുന്ന കടലാസുകൊണ്ട് പുതുതായി മാലകളും തോരണങ്ങളും ഉണ്ടാക്കി അലങ്കരിക്കാൻ അതിന്റെ പിന്നാലെ പിന്നൊ രുകൂട്ടം ആളുകളേയും നിയമിക്കയും, സ്ഥാനഭേദമോ ശേഷിയോ നോക്കാതെ ഞങ്ങളെല്ലാവരും ആ പ്രവൃത്തികളിൽ പങ്കുകൊള്ളുകയും ചെയ്തു. പിറ്റേദിവസം ഉച്ചയ്ക്കു മുമ്പ് പന്തൽപൊളി അവസാനിച്ചു. അതിനോടുകൂടിത്തന്നെ പുതിയ പന്തലും, അലങ്കാരങ്ങളും പൂർത്തി യാവുകയും ചെയ്തു. കൃത്യസമയത്തുതന്നെ ദിവാൻ വന്ന് ഉദ്ഘാടനം നടത്തി. കെ.സി മാമ്മൻ മാപ്പിള, കെ.കെ. തോമസ് മുതലായി ഏതാനും മറ്റു സമുദായപ്രമാണികളും ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. തലേ ദിവസം രാത്രി ഉണ്ടായ അനിഷ്ടസംഭവത്തിനുശേഷം ഉണ്ടാക്കിയ പുതിയ പന്തലാണ് അതെന്നറിഞ്ഞപ്പോൾ അവരെല്ലാം ഇതു വിശ്വസി ക്കാൻ പ്രയാസമാണെന്നുപറഞ്ഞ് അത്ഭുതപ്പെട്ടുപോയി. അത്ര മോടി യിൽത്തന്നെ ഉദ്ഘാടനം നടന്നു. ഞങ്ങൾ ആഹാരംപോലും കഴിക്കാ തെ, തലേദിവസം അർദ്ധരാത്രിക്ക് മണ്ണിലും ചെളിയിലും കുഴഞ്ഞ് വേദ നയോടുകൂടി മുള പിഴുകയും, ഓല പൊളിക്കുകയും ചെയ്യുന്ന സമയ ത്താണ് ചങ്ങനാശ്ശേരി ഭാര്യാസമേതം തിരുവനന്തപുരത്തുനിന്നും കാറിൽ വന്നെത്തിയത്. ഞങ്ങളുടെ കഷ്ടതകൾ നാലഞ്ചുമിനിട്ടുനേരം നോക്കി നിന്നുകണ്ടശേഷം "ഞാൻ പോയി ഒന്നുറങ്ങട്ടെ" എന്നു പറഞ്ഞ് അപ്പോൾത്തന്നെ അദ്ദേഹം വാഴപ്പള്ളിയിലുള്ള സ്വന്തം ഭവനത്തിലേക്കു പോയി. പിറ്റേദിവസം ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് ദിവാൻജിയെ സ്വീക രിക്കാൻ സന്നദ്ധനായി വന്നെത്തി. ഒട്ടധികം പാഴ്നഷ്ടങ്ങളും, വിചാരി ക്കാത്ത അധികച്ചെലവും അന്നുണ്ടായി എന്ന് ചങ്ങനാശ്ശേരിക്കുമറിയാം. എന്നാൽ അതിനേപ്പറ്റി ഒരക്ഷരം സംസാരിക്കാതെ ഉദ്ഘാടനം കഴിഞ്ഞ ഉടനെ അദ്ദേഹം തിരുവനന്തപുരത്തേക്കു യാത്ര പുറപ്പെടുകയാണ് ചെയ്തത്. ഒരു രൂപാ സംഭാവന തരികയോ, ഒരു നല്ലവാക്കു പറയു കയോ ചെയ്യാത്ത അദ്ദേഹം തന്നെയായിരുന്നു പിന്നെയും ഞങ്ങളുടെ പ്രസിഡണ്ടെന്ന് അറിഞ്ഞാൽ വായനക്കാർ അത്ഭുതപ്പെട്ടേക്കാം. ഈ വിധത്തിൽ അദ്ദേഹം പെരുന്നയിലെ വിദ്യാർത്ഥിസത്രം സ്ഥാപിക്കുക യും, ഉദ്ഘാടനം നടത്തിക്കുകയും ചെയ്തു.

4. കരുവാറ്റാ ഹൈസ്ക്കൂൾ

പെരുന്ന സ്കൂൾ കെട്ടിടത്തിന് ഓടിടാൻ പട്ടിക തറച്ചുകൊണ്ടി രിക്കുമ്പോഴാണ് കരുവാറ്റായിൽനിന്നും വക്കീൽ പ്ലാക്കുഴി ശങ്കരപ്പിള്ള സമുദായത്തിൽ കുറുപ്പിന്റെ ഒരെഴുത്തുംകൊണ്ടുവന്നത്. ആൾക്കുറവു കൊണ്ട് പട്ടിക തറയ്ക്കുന്നവരിൽ ഞാനും പെട്ടിരുന്നു. എന്നെ കണ്ടിട്ടി

ല്ലാത്ത ശങ്കരപ്പിള്ള, വേലക്കാരുടെ കൂട്ടത്തിൽ പണിയെടുക്കുന്ന എന്നെ ആരോടോ ചോദിച്ചു മനസ്സിലാക്കി. കരുവാറ്റായിൽ ഒരു സ്കൂൾസ്ഥാപനകാര്യം ആലോചിക്കാൻ ഉടനെ ചെല്ലണമെന്നായിരുന്നു എഴുത്ത്. വള്ളവുംകൊണ്ടാണ് വന്നിരിക്കുന്നതെന്ന് ശങ്കരപ്പിള്ള പറഞ്ഞു. പണി മുടങ്ങാതിരിക്കാൻ വ്യവസ്ഥ ചെയ്തിട്ട് ഞാൻ അദ്ദേഹവും ഒരുമിച്ച് കരുവാറ്റായിലേക്കു പുറപ്പെട്ട് സമുദായത്തിൽ കുറുപ്പിന്റെ വീട്ടിലെത്തി. കേശവക്കുറുപ്പുൾപ്പെടെ കുറച്ചു പ്രമാണികൾ അവിടെ കൂടീട്ടുണ്ടായിരുന്നു. അവരുമായി സംസാരിച്ചപ്പോൾ ഒരു കാര്യം വെളിപ്പെട്ടു. അവർ മൂന്നാലുപേർ കൂടി അവിടെ ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു എന്നും അതിന് അനുവാദം വാങ്ങിക്കൊടുക്കണമെന്നുമുള്ളതാണ് അവരുടെ ആവശ്യമെന്നും മനസ്സിലായി. പെട്ടെന്ന് അവർക്ക് അങ്ങനെ താല്പര്യം വന്നത്, ക്രിസ്ത്യാനികൾ ഇല്ലെന്നു പറയാൻ തക്കവണ്ണം അത്ര കുറച്ചുമാത്രമുള്ള ആ സ്ഥലത്തെ സാധുവായ ഒരു ക്രിസ്ത്യാനി അയാളുടെ മാനേജ്മെന്റിൽ അവിടെ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ചു നടത്താൻ അപേക്ഷ കൊടുത്തതുകൊണ്ടാണ്. അന്ന് ഇംഗ്ലീഷ് മിഡിൽ സ്കൂൾ നടത്തുന്നത് ലാഭമുണ്ടാക്കാൻ കഴിവുള്ള ഒരു വ്യാപാരമായിരുന്നതുകൊണ്ടാണ് നമ്മുടെ ക്രിസ്ത്യൻ സഹോദരൻ, ഹിന്ദുക്കൾ നിബിഡമായി പാർക്കുന്ന ആ സ്ഥലത്ത് ഒരു സ്കൂൾ നടത്താൻ തീരുമാനിച്ചത്. ഇത്ര വളരെ പ്രബലന്മാരായ നായന്മാരുള്ള കരുവാറ്റായിൽ അവരെ മറികടന്ന് സാധുവായ ഒരു ക്രിസ്ത്യാനി സ്കൂൾ നടത്താൻ പോകുന്നു എന്നുള്ള അറിവ് അവർക്ക് അമർഷമുണ്ടാക്കി. അത് മൂത്ത് അല്പം വാശിയിലുമായപ്പോഴാണ്, ആദ്യ അപേക്ഷക്കാരനെ തോല്പിച്ച് കാര്യം നേടണമെങ്കിൽ സർവീസ് സൊസൈറ്റിയെ അഭയം പ്രാപിക്കയാണ് വേണ്ടതെന്നു തോന്നിയത്. എന്നാൽ സർവീസ് സൊസൈറ്റി നായന്മാരുടെ ഒരു സ്ഥാപനമാണെന്നതിൽ കവിഞ്ഞ്, അവർക്കുംകൂടി അവകാശമുള്ളതാണെന്ന് അവർ ധരിച്ചിരുന്നില്ല. അതുകൊണ്ട് സ്കൂൾ അവരുടെ മാനേജ്മെന്റിൽ നടത്തുക, അതിന് സർവീസ് സൊസൈറ്റിയുടെ സഹായം വാങ്ങുക എന്നുള്ളതിൽ കവിഞ്ഞ് അവർ വിചാരിച്ചിട്ടേയില്ല. അവരുടെ പണം കൊണ്ടുണ്ടാക്കുന്ന സ്ഥാപനം സർവീസ് സൊസൈറ്റിയുടെ ഭരണത്തിലാകുക എന്നു പറഞ്ഞാൽ അന്യർക്കു കൊടുക്കുന്നതുപോലെ മാത്രമേ അവർ മനസ്സിലാക്കിയിരുന്നുള്ളു.

നായന്മാർ അവിടവിടെ ഒറ്റ ഒറ്റ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ നല്ലത്, അവയെല്ലാം പൊതുവായ ഒരു സംഘടനയുടെ കീഴിലാവുകയാണെന്നുള്ള ദൃഢാഭിപ്രായക്കാരനാണ് അന്നേ ഞാൻ. ഭരണത്തിന്റെ സൗകര്യത്തിനും, സ്ഥിരമായ നിലനില്പിനും അതാണ് നല്ലതെന്ന് അനുഭവം ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. വസ്തുതകളെല്ലാം ധരിച്ചുകഴിഞ്ഞപ്പോൾ അവിടെ ഒരു സർവീസ് സൊസൈറ്റി സ്കൂൾ ഉണ്ടായാൽ മതിയെന്ന് അവർ സമ്മതിച്ചു. അയ്യായിരം രൂപയിൽ അധികം

വിലപിടിപ്പുള്ള ഒന്നര ഏക്കർ വിസ്തീർണ്ണം വരുന്ന ഫലപ്രദമായ ഒരു പറമ്പ്, സമുദായത്തിൽ കുറുപ്പ് സർവീസ് സൊസൈറ്റിക്കു ദാനം എഴുതിത്തന്നു. അവിടെനിന്നും പണം പിരിച്ച് കെട്ടിടം ഉണ്ടാക്കാൻ ഒരു കമ്മറ്റി രൂപീകരിച്ചു. സ്കൂൾ തുടങ്ങാൻ അനുവാദത്തിന് അപേക്ഷയും അയച്ചു. പല പ്രാവശ്യം പോവുകയും, വരികയും, ആലോചന നടത്തുകയും ചെയ്തതിന്റെ ശേഷമുണ്ടായ ഫലമാണിത്. എൻ.എസ്.എസ്സിന്റെ അപേക്ഷ ഒടുവിലായിപ്പോയതുകൊണ്ട് അനുവാദം സിദ്ധിക്കാൻ വളരെ പാടുപെടേണ്ടിവന്നു. ഒടുവിൽ ക്രമേണ പൂർത്തിയാവുന്ന മിഡിൽസ്കൂൾ നടത്താൻ രണ്ടു കൂട്ടർക്കും അനുവാദം ലഭിച്ചു. രണ്ടു സ്കൂളും തമ്മിൽ രണ്ടു ഫർലാംഗിലധികം ദൂരമില്ല. ആളുകൾ അധികമുള്ള പ്രദേശമാണെങ്കിലും, വിദ്യാഭ്യാസകാര്യത്തിൽ അത്ര വളരെ നിഷ്ക്കർഷ ആ നാട്ടിൽ അന്നില്ലായിരുന്നതുകൊണ്ട്, ഒരു സ്കൂളിലേക്കുതന്നെ കുട്ടികളെ കിട്ടാൻ പ്രയാസമായിരുന്നു. ഈ പരിതസ്ഥിതിയിലാണ് കരുവാറ്റാ സ്കൂൾ ഒരു ഷെഡ്ഡിൽ ആരംഭിച്ചത്. രണ്ടു സ്കൂളിലും ആദ്യത്തെ കൊല്ലം പ്രിപ്പറേറ്ററി ക്ലാസ് മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടുത്തെ നായന്മാരിൽ ചിലർ ക്രിസ്ത്യൻ സ്കൂളിന് സഹായികളായിരുന്നതുകൊണ്ട്, ആ സ്കൂളിൽ കുട്ടികളെ കിട്ടാൻ പ്രയാസമുണ്ടായില്ല. ഫീസ് സൗജന്യവും, ആശ്രയഭാവവും കൊണ്ട് എൻ.എസ്.എസ്. സ്കൂളിനെ ജയിക്കാൻ കഴിയുമെന്ന് അവർ വിശ്വസിച്ചിരുന്നു. അങ്ങനെ ഞെങ്ങിയും ഞെരുങ്ങിയും നാലുകൊല്ലംകൊണ്ട് രണ്ടു സ്കൂളും പൂർണ്ണ മിഡിൽ സ്കൂളായി. ഇതിനിടയിൽ സ്ഥിരം കെട്ടിടത്തിന്റെ പണി ആരംഭിച്ചു. അത് ക്രമേണ പുരോഗമിച്ചുകൊണ്ടിരുന്നു.

കാർത്തികപ്പള്ളി താലൂക്ക് ഹിന്ദുക്കൾക്ക്, പ്രത്യേകിച്ചു നായന്മാർക്ക് പ്രാബല്യമുള്ള ഒരു താലൂക്കാണ്. എന്നിരുന്നിട്ടും, ആ താലൂക്ക് ഒട്ടാകെ നോക്കിയാലും ഒരു ഹൈസ്ക്കൂൾപോലും ഇല്ലാത്ത നിലയിലാണ് സ്ഥിതി ചെയ്തിരുന്നത്. വിദ്യാഭ്യാസകാര്യത്തിൽ അവർക്കുള്ള നിഷ്ക്കർഷ ഇതിൽനിന്ന് ഏറെക്കുറെ വെളിപ്പെടുമല്ലോ. അത് ഒരു യാഥാസ്ഥിതിക താലൂക്കാണെന്നു പറയുന്നതിൽ തെറ്റില്ല. ആ താലൂക്കിന്റെ പ്രധാന സ്ഥലമായ ഹരിപ്പാട്ട് ഒരു സർക്കാർ ഇംഗ്ലീഷ് മിഡിൽസ്കൂൾ അന്നേ ഉണ്ടായിരുന്നു. അത് ഈയിടെയാണ് ഹൈസ്ക്കൂളായത്. ഗവണ്മെന്റു തീരുമാനപ്രകാരം "ഈഴവരാദിയായ തീണ്ടൽ ജാതിക്കാർക്ക്" എല്ലാ സ്കൂളുകളിലും പ്രവേശനം അനുവദിച്ച കൂട്ടത്തിൽ ഹരിപ്പാട്ടു സർക്കാർസ്കൂളും തുറന്നുകൊടുത്തു. അവിടുത്തെ സവർണ്ണർ അതിനെ പ്രതിഷേധിച്ച് അവിടെ പഠിച്ചിരുന്ന സവർണ്ണവിദ്യാർത്ഥികളെ എല്ലാം പുറത്തിറക്കിക്കൊണ്ടുപോന്നു. അവരെ പഠിപ്പിക്കാൻ ഒരു മിഡിൽസ്കൂളല്ല, ഹൈസ്ക്കൂൾതന്നെ നടത്താനും തീരുമാനിച്ചു. ഹരിപ്പാട്ടെ തമിഴ് ബ്രാഹ്മണരുടെ 'സമൂഹം' നല്ല സ്വത്തും നിലയുമുള്ള ഒരു സ്ഥാപനമായിരുന്നു അന്ന്. 'സമൂഹം' വകയായി നടത്താൻ നിശ്ചയിച്ച ഹൈസ്ക്കൂൾ, ഒരുകാലത്തും തീണ്ടൽബാധയുണ്ടാകാതിരിക്കാൻവേണ്ടി ക്ഷേത്രസങ്കേ

തത്തിൽതന്നെ - അമ്പലത്തിനു തൊട്ടുപടിഞ്ഞാറുവശം - പണിയാനും തീരുമാനിച്ചു. നല്ല ഒരു രണ്ടുനിലക്കെട്ടിടം തീർന്നു. സമൂഹ മാനേജ്മെന്റിൽ സവർണ്ണർക്കു മാത്രം പ്രവേശനമുള്ള ഒരു പൂർണ്ണ ഹൈസ്ക്കൂളായി ഏതാനുംകൊല്ലം നടന്നു. ഷൺമുഖവിലാസം ഹൈസ്ക്കൂൾ എന്നായിരുന്നു അതിന്റെ പേര്. ക്രമേണ ആ സ്കൂൾ ക്ഷീണിച്ചു നശിച്ചു. ആ കെട്ടിടം നനഞ്ഞു കുറേനാൾ അവിടെ നിൽക്കുന്നതു കണ്ടിട്ടുണ്ട്. ഇപ്പോൾ അതു പൊളിച്ചുമാറ്റി. അങ്ങനെ ഒരു ഹൈസ്ക്കൂൾ ഉണ്ടായി ഇല്ലാതായതല്ലാതെ മറ്റൊരു ഹൈസ്ക്കൂളും ആ താലൂക്കിൽ അതുവരെ ഉണ്ടായിട്ടില്ല. ഈ സ്ഥിതിഗതികളിലാണ് സർവീസ് സൊസൈറ്റി കരുവാറ്റായിൽ സ്കൂൾ ആരംഭിച്ചത്. കരുവാറ്റാ, ഹരിപ്പാടിനു തൊട്ടടുത്ത പ്രദേശമായതുകൊണ്ട് അവിടെ ഉണ്ടാകുന്ന ഹൈസ്ക്കൂൾ ഹരിപ്പാട്ടുകാർക്കും പ്രയോജനപ്പെടുന്നതാണ്. എന്നാൽ ഹൈസ്ക്കൂൾകാര്യം അക്കാലത്ത് ഏറ്റെടുക്കാൻ അത്രവേഗം ആരും ധൈര്യപ്പെടുകയില്ല. അത്രയധികം ശ്രമാവഹമായ കാര്യമായിരുന്നു അത്. ഏതായാലും കരുവാറ്റാ സ്കൂൾ ക്രമേണയെങ്കിലും ഹൈസ്ക്കൂൾ ആക്കണമെന്നുള്ള നിശ്ചയത്തോടുകൂടിയാണ് കെട്ടിടംപണി ആരംഭിച്ചതും, ആദ്യമേതന്നെ സ്കൂളിനപേക്ഷിച്ചതും.

കൊല്ലം - ആലപ്പുഴ റോഡുവക്കിൽ കരുവാറ്റായിൽ ഇന്നു കാണുന്ന മനോഹരമായ ആ രണ്ടുനില കെട്ടിടത്തിന്റെ ശിലാസ്ഥാപനം മിഡിൽസ്കൂൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ, സമുദായത്തിൽ കേശവക്കുറുപ്പു നടത്തി. കരുവാറ്റായിലും, സമീപപ്രദേശത്തുമുള്ള പ്രമാണികളെ ചേർത്ത് പണപ്പിരിവിനും, പണി നടത്തിപ്പിനുമായി ഒരു കമ്മറ്റി ഉണ്ടാക്കി. ആ കമ്മറ്റിയിൽ സമുദായത്തിൽ കേശവക്കുറുപ്പു പ്രസിഡന്റും, അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൻ നാരായണപ്പണിക്കർ ഖജാൻജിയുമായിരുന്നു. കമ്മറ്റിയിലെ ഒരു പ്രധാന പ്രവർത്തകൻ കലവറ ശങ്കരപ്പിള്ളയായിരുന്നു. അവരെല്ലാം സാമാന്യം നല്ല സംഖ്യ കെട്ടിടംപണിക്കു കൊടുക്കുകയും, മൂന്നാലുകൊല്ലം വളരെ ക്ലേശങ്ങൾ സഹിക്കുകയും ചെയ്തിട്ടുണ്ട്. ആരെയും അത്ഭുതപ്പെടുത്തത്തക്കവണ്ണം പല സന്ദർഭങ്ങളിലായി ആ വിദ്യാശാലയ്ക്കുവേണ്ടി പണവും വസ്തുവുമായിട്ട് സമുദായത്തിൽ കേശവക്കുറുപ്പ് നൽകിയിട്ടുള്ള സംഭാവന അതുല്യമാണ്. അതിന്റെ ഏകദേശമായ ഒരു വിവരണം ഞാൻ മുമ്പു കൊടുത്തിട്ടുണ്ട്. ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ പണം മതിയാകാതെവന്നപ്പോൾ, കാർത്തികപ്പള്ളി താലൂക്കിന്റെ മിക്ക ഭാഗങ്ങളിൽനിന്നും സമുദായവ്യത്യാസമില്ലാതെതന്നെ ഒരു പറമ്പിലെ ഒരു തെങ്ങിൽനിന്നും ഒരു കുല തേങ്ങാവീതം വെട്ടിച്ച്, ഏതാനും ലക്ഷം തേങ്ങാ ശേഖരിച്ചു. അതിലെ മിക്ക തെങ്ങിൻചുവട്ടിലും ഞാൻ ചെന്നെത്തിയിരിക്കും. സ്കൂളിനുവേണ്ടി സംഭാവന ചെയ്തവരിൽ ആരെ മറന്നാലും ഒരു വ്യക്തിയുടെ പേര് ഞാൻ ഒരുകാലത്തും മറക്കുകയില്ല. അത് കരുവാറ്റായുടെ കിഴക്കേകരയിലുള്ള പടിഞ്ഞാറേ കരിങ്ങണമ്പള്ളി

നാരായണൻ നമ്പൂതിരിയുടെ പേരാണ്. അദ്ദേഹം ആകൃതിയിലും, പ്രകൃതിയിലും, സംസാരത്തിലും, പെരുമാറ്റത്തിലുമെല്ലാം രണ്ടാമതൊരാൾക്കില്ലാത്ത പ്രത്യേക തരക്കാരനാണ്. നല്ല കാര്യവിവരമുള്ളവനാണ്. വലിയ വ്യവഹാരപ്രിയനും വാശിക്കാരനുമാണ്. ഇണങ്ങുന്നതിനേക്കാൾ ആരോടും പിണങ്ങാനാണ് വാസന. നാരായണൻ നമ്പൂതിരി എന്നു കേട്ടാൽ ഒരുമാതിരിക്കാർക്കെല്ലാം ഭയമാണ്. പൊതുക്കാര്യങ്ങളിൽ താൽപര്യമുള്ളവനും, ഹിതം വന്നാൽ ഉദാരമായി സംഭാവന ചെയ്യുന്നവനുമാണ്. സംഭാവന ചെയ്യുന്ന രീതിക്കും പ്രത്യേകതയുണ്ട്. ആശുപത്രി, ടൗൺ ഹാൾ മുതലായ പൊതുസ്ഥാപനങ്ങൾ ഉണ്ടാക്കാനുള്ള ആലോചനായോഗത്തിൽ ചെന്നാൽ, അവിടത്തെ കിണർ തന്റെ വകയായിരിക്കണമെന്നു നിർബന്ധമുണ്ട്. അമ്പലംപണിയാണെങ്കിൽ ശ്രീകോവിൽ തന്റെവക. അദ്ദേഹത്തിന്റെ മുമ്പിൽ പെട്ടുപോയെങ്കിൽ പരിഷ്കൃതനായ അദ്ദേഹം ഹസ്തദാനം ചെയ്യാതെ ആരേയും വിടുകയില്ല. ഹസ്തദാനത്തിൽപെട്ടാൽ ധൃതരാഷ്ട്രരുടെ ആലിംഗനംപോലെ കൈ ബാക്കി കാണുകയില്ല. അങ്ങനെ ഞെരിച്ചു പൊടിച്ചുകളയും. ആ ആട്ടവും, കണ്ണുരുട്ടും, കൈകുലുക്കും, ഇടിനാദംപോലുള്ള സംഭാഷണസമ്പ്രദായങ്ങളുമെല്ലാം കാണേണ്ടതും, കേൾക്കേണ്ടതുമാണ്.

ഹൈസ്ക്കൂൾപണിയുടെ പ്രാരംഭത്തിൽ, ഞാൻ അദ്ദേഹത്തിന്റെ ഭവനത്തിൽപോയി ഒന്നുരണ്ടു പ്രാവശ്യം പണം ചോദിച്ചെങ്കിലും സമയമായില്ലെന്നും, ആകുമ്പോൾ വന്നെത്തിക്കൊള്ളാമെന്നും പറഞ്ഞതല്ലാതെ ഒരു വാഗ്ദാനംപോലും ചെയ്തില്ല. പണി നടന്നുകൊണ്ടിരിക്കുമ്പോൾ നടന്ന ഒരു സ്കൂൾ വാർഷികയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചത് അന്നത്തെ ദേവസ്വം കമ്മീഷണറായിരുന്ന ആർ. കൃഷ്ണപിള്ളയായിരുന്നു. നമ്പൂതിരിയും യോഗത്തിൽ പങ്കുകൊണ്ടിരുന്നു. ഉപസംഹാരപ്രസംഗം കഴിഞ്ഞപ്പോൾ നമ്പൂതിരി എഴുന്നേറ്റു പറഞ്ഞു, ഈ ഹൈസ്ക്കൂൾ കെട്ടിടത്തിന് ആവശ്യമുള്ള ഓടു മുഴുവൻ താൻ തരാൻ തീരുമാനിച്ചു എന്ന്. നമ്പൂതിരി ഇതിലും തന്റെ പ്രത്യേകത പ്രകടിപ്പിച്ചതിൽ ആളുകൾ സന്തോഷിച്ചു. ഒരുകൊല്ലം കഴിഞ്ഞേ ഓടിന് ആവശ്യം വന്നുള്ളു. രണ്ടാഴ്ചമുമ്പേ ഞാൻ അദ്ദേഹത്തെ വിവരം അറിയിച്ചു. അദ്ദേഹംതന്നെ കൊല്ലത്തുപോയി ഓടു വാങ്ങി വള്ളത്തിൽ കേറ്റി അയച്ചുതന്നു. അങ്ങനെ അദ്ദേഹത്തിന്റെ തണലിലാണ് കരുവാറ്റാ വിദ്യാർത്ഥികൾ ഇന്നും പഠിക്കുന്നത്. ഓടിന് എണ്ണൂറിലധികം രൂപ ചെലവായി എന്നാണെന്റെ ഓർമ്മ. കരുവാറ്റാപ്രദേശത്തേയും, സമുദായത്തിൽ കേശവക്കുറുപ്പിനേയുംപറ്റി ഒന്നുരണ്ടു വാക്കുകൂടി പറയണം. കരുവാറ്റാ പഴയ സമ്പ്രദായത്തിലുള്ള ജാതിഭേദം, ഉച്ചനീചത്വം, അന്ധവിശ്വാസം ഇവയുടെയെല്ലാം സങ്കേതമായിരുന്നു. അവരുടെയെല്ലാം നായകനായിരുന്ന സമുദായത്തിൽ കുറുപ്പ് ഒരു വലിയ സ്വത്തിന്റെ ഉടമസ്ഥനും, നാട്ടുകാരുടെ വിചാരവിശ്വാസങ്ങളുടെപോലും അധിനായകനുമായിരുന്നു. ഞാൻ ചെല്ലുന്നകാലത്ത് ആ കുടുംബത്തിൽ കേശവക്കുറുപ്പും, എൺപതിലധികം വയസ്സായ കണ്ണുകാണാത്ത ഒരു കാരണവരും മാത്രമേ ഉണ്ടാ

യിരുന്നുള്ളു. സ്ത്രീകളാരും ഇല്ലായിരുന്നു. കേശവക്കുറുപ്പിന്റെ കാല ശേഷം സർവസ്വത്തുക്കൾക്കുമുള്ള അവകാശം അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കുമായിരുന്നു. കുടുംബഭരണം കേശവക്കുറുപ്പുത ന്നെയാണ് നടത്തിവന്നിരുന്നത്. പുണ്യസമ്പാദനത്തിന് ബ്രാഹ്മണഭക്ഷ ണത്തിനുള്ള ഊട്ടുപുര, അന്നും സജീവമായി നടപ്പിൽ ഇരുന്നിരുന്നു. കേശവക്കുറുപ്പ് വിദ്യാസമ്പന്നനായിരുന്നു. സംസ്കൃതപരിജ്ഞാനമുണ്ടാ യിരുന്ന അദ്ദേഹം മലയാളഭാഷയിലെ മിക്ക പുസ്തകങ്ങളും വായിച്ചിട്ടു ണ്ടായിരുന്നു. ഇതൊന്നും പരമ്പരാഗതമായി അദ്ദേഹത്തിനു സിദ്ധിച്ചി രുന്ന യാഥാസ്ഥിതികത്വത്തിനു മാറ്റം വരുത്താൻ പര്യാപ്തമായിരുന്നി ല്ല. ഞാൻ ചെല്ലുമ്പോൾ പ്രബലന്മാരായ ഈഴവർപോലും സമുദായ ത്തിൽ കുറുപ്പിനെ കാണാൻ വന്നാൽ, അദ്ദേഹത്തിന്റെ വീട്ടിലെ വിശാ ലമായ മുറ്റത്തിനും അപ്പുറത്ത് പറമ്പിൽ നിൽക്കമാത്രമേ ചെയ്യുമായിരു ന്നുള്ളു. അത്ര ദൂരെനിന്നാണ് അന്യോന്യസംഭാഷണം നടത്തിവന്നത്. ഈ കാഴ്ച എന്നെ പലപ്പോഴും വളരെ വേദനപ്പെടുത്തിയിട്ടുണ്ട്. എന്നെ കാണാൻ അപൂർവമായി വല്ല ഈഴവരും വന്നാൽ, ഞാൻ ഇരിക്കുന്ന സ്ഥലത്തേക്ക് അവരെ വരുത്താൻ അവിടുത്തെ നടപ്പ് അനുവദിക്കാതി രുന്നതുകൊണ്ട് ഞാൻ, അവർ നിൽക്കുന്ന സ്ഥലത്തുചെന്ന് ക്ഷമാപ ണസഹിതം സംസാരിക്കുകയാണ് പതിവ്. കേശവക്കുറുപ്പും, ഞാനും തമ്മിലുള്ള പരിചയം വർദ്ധിക്കുകയും, ചില യോഗങ്ങളിലെല്ലാം ഞങ്ങൾ ഒരുമിച്ചു സംബന്ധിക്കുകയും, സന്ദർഭം കിട്ടുമ്പോഴെല്ലാം ഹിന്ദുക്കളുടെ ആചാരങ്ങളെയും, അന്ധവിശ്വാസങ്ങളെയും, തന്മൂലമുണ്ടായ നാശ ത്തെയും പറ്റി സംസാരിക്കുകയും ചെയ്യാറുണ്ട്. നിത്യസമ്പർക്കംകൊണ്ട് ഞങ്ങൾ ക്രമേണ ആത്മസുഹൃത്തുക്കളായിത്തീർന്നു. ബുദ്ധിമാനായ അദ്ദേഹത്തിന് ഈ വിശ്വാസവും നടപടിയും മാറ്റാൻ അധികകാലം വേണ്ടിവന്നില്ല. ഒന്നു നിശ്ചയിച്ചാൽ അതു ചെയ്യാൻ അദ്ദേഹത്തിനുണ്ടാ യിരുന്ന തന്റേടം അസാമാന്യമായിരുന്നു. യാഥാസ്ഥിതികത്വത്തിന്റെ ഗോപുരമുകളിൽനിന്നും ഉൽപതിഷ്ണുത്വത്തിന്റെ നിരപ്പിലെത്താൻ അദ്ദേഹത്തിനു പ്രയാസമോ കാലതാമസമോ ഉണ്ടായില്ല. അദ്ദേഹത്തിന്റെ മനംമാറ്റത്തിന് ദൃഷ്ടാന്തമായി ഒന്നുരണ്ടു തെളിവുകൾ ഉദ്ധരിക്കാം.

ഒരിക്കൽ ഞാനും അദ്ദേഹവും മറ്റു ചിലരുമായി അവിടുത്തെ പൂമുഖത്തിരുന്നു സംസാരിക്കുമ്പോൾ, മൂന്നുനാല് ഈഴവപ്രമാണികൾ എന്നെ കാണാൻ വന്നു. അവർ പതിവുപോലെ ദൂരെ പറമ്പിൽനിന്നു. അവരുടെ ആ നില്പ് എന്നെ കഠിനമായി ലജ്ജിപ്പിക്കുകയും, വ്യസനി പ്പിക്കുകയും ചെയ്തു. ഞാൻ നേരംപോക്കെന്ന മട്ടിൽ അദ്ദേഹത്തോടു ചോദിച്ചു, "അവർ അവിടെത്തന്നെ നിൽക്കണോ?" സരസനും ധീരനു മായ അദ്ദേഹം പറഞ്ഞ മറുപടി, "അവരിങ്ങു വരട്ടെ, ഇവിടെ വന്നിരുന്നു സംസാരിക്കട്ടെ" എന്നായിരുന്നു. ഞാൻ ചെന്ന് ക്ഷണിച്ച് അവരെ കൂട്ടി ക്കൊണ്ടുവന്നു. അപ്പോഴേക്ക് അദ്ദേഹം തനിയേതന്നെ നാലഞ്ചു മെത്ത പ്പായ കൊണ്ടുവന്ന് അവിടെ വിരിച്ച് ഇരിക്കാൻ പറഞ്ഞു. സമുദായത്തിൽ

കുടുംബം ഉണ്ടായതിന്റെശേഷം തീണ്ടീട്ടില്ലാത്ത ആ മുറ്റവും കടന്ന്, ശ്രീകോവിൽപോലെ അപ്രാപ്യമായി കരുതിയിരുന്ന സമുദായത്തിൽ കുറുപ്പിന്റെ പൂമുഖത്ത്, അപ്പോഴും തീണ്ടലുള്ള ഈഴവർ ആദ്യമായി കേറുമ്പോഴുള്ള സംഭ്രാന്തിയോടുകൂടി, ഇരിക്കാൻ പറഞ്ഞിട്ടും ഇരിക്കാതെ, അവർ അവിടെ അമ്പരന്നു നിന്നുപോയി. അദ്ദേഹംതന്നെ അവരെ നിർബന്ധിച്ച് ഇരുത്തി. എല്ലാവരും കൂടി ഇരുന്നു സംസാരിക്കുകയും, ഒരുമിച്ചിരുന്നു കാപ്പി കഴിക്കയും ചെയ്തു. അന്നുവന്ന ഈഴവ മാന്യന്മാരുടെ കൂട്ടത്തിൽ പ്രസിദ്ധനായ ശങ്കരൻ വൈദ്യനുമുണ്ടായിരുന്നു. ഇവിടുത്തെ അനാചാര നടപടികളിലും ഈഴവരുടെ അസ്വതന്ത്രജീവിതത്തിലും ദുസ്സഹനും, അഭിമാനിയുമായ അദ്ദേഹത്തിന് അന്നുണ്ടായ സന്തോഷം അപരിമിതമായിരുന്നു എന്ന്, പിന്നീടൊരിക്കൽ അദ്ദേഹം തന്നെ സമുദായത്തിൽ കുറുപ്പിനെ കേൾക്കെ എന്നോടു പറഞ്ഞതിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചു. "അവിടുന്നു വന്നതുകൊണ്ട് ഞങ്ങൾക്ക് ഒരു ഹൈസ്ക്കൂൾ ഉണ്ടാക്കാൻ സാധിച്ചു. അതിനേക്കാളെല്ലാം വലുതായി ഞങ്ങൾ കാണുന്നത് ഇവിടുത്തെ - സമുദായത്തിൽ കുറുപ്പിനെ - ഇത്ര വലിയ സമുദായപരിഷ്കാരി ആക്കിത്തീർത്തതാണ്. അദ്ദേഹത്തിന്റെ മാറ്റത്തോടുകൂടി ഈ നാടുതന്നെ മാറിക്കഴിഞ്ഞിരിക്കുന്നു. ഇതാണ് ഞങ്ങൾക്ക് എന്നെന്നും സ്മരണീയമായി ലഭിച്ച വിലതീരാത്ത നേട്ടം."

സമുദായത്തിൽ കുറുപ്പിന്റെ സമുദായപരിഷ്കാരം നാട്ടിൽ പ്രസിദ്ധമായതിനോടുകൂടി, അദ്ദേഹത്തിന്റെ സ്വാധീനം വർദ്ധിച്ചു. ആലപ്പുഴ വ്യവസായ വിദഗ്ദ്ധനായിരുന്ന കരുണാകരന്റെ വിവാഹം വർക്കല ശിവഗിരിമഠത്തിൽവച്ചായിരുന്നു. ആ ജർമ്മൻകാരിയുടെ വിവാഹത്തിൽ പങ്കുകൊള്ളാൻ എന്നെയും സമുദായത്തിൽ കുറുപ്പിനെയും ക്ഷണിച്ചിരുന്നു. ഞങ്ങൾ ഒരുമിച്ചുപോയി വിവാഹത്തിൽ സംബന്ധിക്കുകയും, ക്ഷണിക്കപ്പെട്ടവരെല്ലാം ഒരുമിച്ചിരുന്ന് ഞങ്ങൾ പന്തിഭോജനം നടത്തുകയും ചെയ്തു.

വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ചുണ്ടായ സവർണ്ണജാഥയിൽ കേശവക്കുറുപ്പുംകൂടി ഒരു അംഗമായി ചേർന്ന് മറ്റുള്ളവർക്കൊപ്പം കാൽനടയായി തിരുവനന്തപുരംവരെ വന്നു. ഇങ്ങനെ അദ്ദേഹം തുറന്നുനിന്നു ചെയ്തിട്ടുള്ള സമുദായപരിഷ്ക്കരണ പ്രവൃത്തികൾ പലതാണ്. എൻ.എസ്.എസ്സുമായി ബന്ധമുണ്ടായശേഷം കുടുംബത്തിലെ ദാനധർമ്മങ്ങൾ ക്കെല്ലാം കാലോചിതമായ മാറ്റം വരുത്തുകയും, വിദ്യാഭ്യാസപ്രചരണത്തിനുവേണ്ടി കൈയയച്ചു ചെലവുചെയ്യുകയും ചെയ്തു. അദ്ദേഹം ആ വിഷയങ്ങളിലെല്ലാം നമ്മുടെ നാട്ടിലെ സ്ഥാനികൾക്കും, പ്രഭുക്കന്മാർക്കും ഒരു ജീവിതമാതൃക കാണിച്ചുകൊടുത്ത മഹാനാണെന്ന് ആരും സമ്മതിക്കും.

അതുവരെ നായർ സർവീസ് സൊസൈറ്റിക്കുണ്ടായിട്ടുള്ള കെട്ടിടങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന ഒരു സ്ഥാപനമായിരുന്നു കരുവാറ്റാ

സ്കൂൾ കെട്ടിടം. അത് സമുദായത്തിൽ കേശവക്കുറുപ്പിന്റെയും, ആ നാട്ടുകാരുടേയും ഒരു ശാശ്വത സ്മാരകമെന്നപോലെ ഇന്നും പരിലസിക്കുന്നു. സമുദായത്തിൽ കേശവക്കുറുപ്പിന്റെ ഈ ഔദാര്യവും, തന്മൂലമുള്ള പ്രശസ്തിയും കണ്ട് അസൂയയോടുകൂടി, ആ സ്ഥാപനത്തിന് ഒന്നും കൊടുക്കാത്ത ആ താലൂക്കിലെ പല പ്രമാണികളും സമുദായത്തിൽ കുറുപ്പിന്റെ മഠയത്തത്തെപ്പറ്റി പുച്ഛിച്ചു സംസാരിക്കുകപോലും ചെയ്തിട്ടുണ്ട്. ഇന്ന് പലതുകൊണ്ടും ഇടിഞ്ഞ് സാധാരണരായിത്തീർന്നിട്ടുള്ള ആ പ്രമാണികൾ, സമുദായത്തിൽ കുറുപ്പിന്റെ സൽപ്രവൃത്തിയെപ്പറ്റി അഭിനന്ദിച്ചുതുടങ്ങിയിട്ടുണ്ട്.

കരുവാറ്റാ സ്കൂൾ പൂർണ്ണ മിഡിൽസ്കൂൾ ആയപ്പോൾ, ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹൈസ്ക്കൂൾ ടീച്ചറായിരുന്ന കൈനിക്കര കുമാരപിള്ളയെ കരുവാറ്റാ ഹെഡ്മാസ്റ്ററായി നിയമിച്ചു. അത് ഹൈസ്ക്കൂളായപ്പോൾ അദ്ദേഹംതന്നെ അവിടുത്തെ ഹെഡ്മാസ്റ്ററാവുകയും, തുടർന്ന് 19 കൊല്ലം അവിടെത്തന്നെ ഇരിക്കുകയും ചെയ്തു. സമർത്ഥനായ ഒരു ഹെഡ്മാസ്റ്റർ എന്നുള്ള നിലയിൽ കരുവാറ്റാ ഹൈസ്ക്കൂളിന് പ്രശസ്തി ഉണ്ടാക്കിയത് അദ്ദേഹമാണ്.

അവിടുത്തെ ഹൈസ്ക്കൂൾ കോമ്പൗണ്ടിനു വലുപ്പം പോരാതെയിരുന്നതുകൊണ്ട്, കളിക്കാനുള്ള സ്ഥലം വേറെ അന്വേഷിക്കേണ്ടിവന്നു. സ്കൂളിനടുത്തുള്ള വിലഞ്ഞിയാൽകാവിനു ചുറ്റും അഞ്ചാറ് ഏക്കർ സ്ഥലം കാട് പുറമ്പോക്കായി കിടന്നിരുന്നു. അത് ആ നാട്ടുകാർ മലവിസർജ്ജനസ്ഥലമായി ഉപയോഗിച്ചുവന്നതാണ്. ആ കാടുതെളിച്ചു കളിസ്ഥലമാക്കുകയും, സർവീസ് സൊസൈറ്റിയുടെ പേരിൽ പതിച്ചുതരാൻ അപേക്ഷ കൊടുക്കുകയും ചെയ്തു. അതിന് എതിരായി നിൽക്കാനും ചില നായന്മാരുണ്ടായി. തർക്കവും, തകരാറം മൂത്തുവന്നെങ്കിലും, തഹസീൽദാർ കോട്ടയം ഗോവിന്ദപ്പണിക്കർ ആവശ്യവും ന്യായവും ധരിച്ച്, സർവീസ് സൊസൈറ്റി യുടെ പേരിൽ പതിച്ചുതരാൻ തീരുമാനിച്ചു. അന്ന് ആലപ്പുഴ അസിസ്റ്റന്റ് പേഷ്കാർ വി. ആണ്ടിപ്പിള്ളയായിരുന്നു. അദ്ദേഹം ലോകത്തിന്റെ പുരോഗതിയിൽ വ്യസനിക്കുകയും, എതിർക്കുകയും ചെയ്യുന്ന ആളാണ്. അദ്ദേഹത്തിന്റെ സാധാരണ സ്വഭാവം അനുസരിച്ച് തഹസീൽദാരുടെ തീർച്ച അസ്ഥിരപ്പെടുത്തി കേസ് റിമാന്റുചെയ്തു. തഹസീൽദാർ വീണ്ടും പതിച്ചുതന്നു. അപ്പീൽ, കൊല്ലം പേഷ്കാർ സി. കെ. മാത്തൻ വാദം കേട്ടു. അദ്ദേഹത്തിനു മുമ്പിൽ കേസ് വാദം നടത്തിയത് ഞാൻതന്നെയായിരുന്നു. സൊസൈറ്റിയുടെ പേരിൽത്തന്നെ പതിക്കാൻ തീരുമാനിച്ചു. പിന്നെയും ചില പരാതികൾ ഉണ്ടായെങ്കിലും അതൊന്നും ഫലവത്തായില്ല. അതുകൊണ്ട് ഇന്നും ആ സ്ഥലം കരുവാറ്റാ സ്കൂൾ കളിസ്ഥലമായി നിലനിൽക്കുന്നു. ഇങ്ങനെ ആ സ്കൂൾ എൻ.എസ്.എസ്സിന്റെ പ്രധാന സ്കൂളുകളിൽ ഒന്നായി, സമുദായത്തിൽ കുടുംബത്തിന്റെയും നാടിന്റെയും പ്രശസ്തിയെ വിളംബരം ചെയ്തുകൊണ്ട് പരിലസിക്കുന്നു.

5. പാൽക്കുളങ്ങര ഹൈസ്ക്കൂൾ

നായർ സർവീസ് സൊസൈറ്റിയുമായി തെക്കൻ തിരുവിതാംകൂർ നായന്മാർക്കും അഭേദ്യബന്ധമുണ്ടാക്കാൻ വേണ്ടി സർവീസ് സൊസൈറ്റി പല പ്രാവശ്യം പല ശ്രമങ്ങൾ ചെയ്തിട്ടുണ്ട്. അപ്പോഴപ്പോൾ ചെറിയ ഉണർവും, ചില ഫലവുമുണ്ടായിട്ടുണ്ടെന്നല്ലാതെ, അത് അഭിവൃദ്ധിപ്പെടാനോ, സ്ഥിരമായി നിലനില്ക്കാനോ ഇതുവരെ സാധിച്ചിട്ടില്ല. അന്നുവരെ കൊല്ലത്തിനു തെക്ക് ഒരു സ്ഥാപനമുണ്ടാക്കാനും കഴിഞ്ഞിട്ടില്ല. രാജധാനിയായ തിരുവനന്തപുരത്ത് സർവീസ് സൊസൈറ്റിക്ക് എന്തെങ്കിലും ഒരു സ്ഥാപനമുണ്ടായാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടായിട്ടു വളരെനാളായി. സ്ഥലമോ, കെട്ടിടമോ, പണമോ തരാൻ കഴിവുള്ള പല പ്രമാണികൾ അവിടെയുണ്ടെങ്കിലും, അവരാരും അതിനു സന്നദ്ധരല്ലെന്നതുകൊണ്ട്, ആ ആഗ്രഹങ്ങളെല്ലാം അലസിപ്പോയി. നായന്മാർ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ് പാൽക്കുളങ്ങര. അവിടുത്തെ ആവശ്യത്തിന് ഒരു നല്ല വിദ്യാശാലപോലും അവിടില്ലായിരുന്നു. അതുകൊണ്ട് സൊസൈറ്റിവകയായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ പാൽക്കുളങ്ങര സ്ഥാപിച്ചാൽകൊള്ളാമെന്നാഗ്രഹിച്ചു. അതിനുവേണ്ടി ശ്രമിച്ചു. ഭൂമി സൗജന്യമായി കിട്ടണമെങ്കിൽ വടശ്ശേരി അമ്മവീട്ടുകാർ കണ്ണുതുറക്കണം. അവരുടെ അപ്പോഴത്തെ പദവിക്ക്, ചെന്നു കാണാനോ, കണ്ടു പറഞ്ഞാൽതന്നെയും കാര്യം മനസ്സിലാക്കാനോ പ്രയാസമായിരുന്നു. അവരുടെ കാരണവരായ വി. കൃഷ്ണൻതമ്പിയെക്കണ്ട് എന്റെ ആഗ്രഹം അറിയിച്ചു. അദ്ദേഹത്തിന്റെ പ്രേരണയും, സഹായവുംകൊണ്ട് അമ്മവീട്ടുവക രണ്ടേക്കറോളം വരുന്ന തെങ്ങിൻപുരയിടവും, അവിടിരിക്കുന്ന മഠവും മൂന്നുകൊല്ലത്തേക്കു പാട്ടംകിട്ടാൻ ഇടയായി. അവിടെ അത്യാവശ്യം വേണ്ട താൽക്കാലിക കെട്ടിടങ്ങൾ ഉണ്ടാക്കി, അക്കൊല്ലംതന്നെ ഒരു മിഡിൽസ്കൂൾ ആരംഭിച്ചു. അവിടുത്തെ ആദ്യത്തെ ഹെഡ്മാസ്റ്റർ കെ.ആർ. ഇലങ്കത്തായിരുന്നു. മൂന്നുകൊല്ലം കഴിഞ്ഞിട്ട് പാട്ടം മാറി എഴുതിപ്പിക്കാൻ സൗകര്യം കിട്ടിയില്ലെങ്കിലും വസ്തു ഒഴിഞ്ഞുകൊടുക്കേണ്ടതായി വന്നില്ല. സ്കൂൾ തുടർന്നു നടന്നുകൊണ്ടിരുന്നു. ഇതിനിടയിൽ നിർഭാഗ്യംകൊണ്ട് വി. കൃഷ്ണൻതമ്പിയും, ശ്രീ വേലായുധൻതമ്പിയും ദേഹവിയോഗം ചെയ്തു. കൃഷ്ണൻതമ്പിയേപ്പോലെ സമുദായസ്നേഹവും, സഹായിക്കാൻ സന്മനസ്സും ഉള്ളവരെ അപൂർവമായേ പ്രഭുകുടുംബങ്ങളിൽ കാണാൻ സാധിക്കൂ. അദ്ദേഹം ഒരു നല്ല സാഹിത്യകാരനും, കലാപ്രേമിയും, സഹൃദയനുമായിരുന്നു. ഏതു നല്ല കാര്യത്തിലും പങ്കുകൊള്ളാൻ താൽപര്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം എൻ.എസ്.എസ്സിനെ സഹായിക്കണമെന്നുള്ള ഹൃദയംഗമമായ താൽപര്യം ഫലവത്താക്കിയത് കണ്ടാനന്ദിക്കാൻ അദ്ദേഹത്തിനു ഭാഗ്യം കിട്ടാതെ പോയതിലേ വ്യസനമുള്ളൂ.

പാൽക്കുളങ്ങര സ്കൂൾ ഒരു ഹൈസ്ക്കൂളായി ഉയർത്താൻ ആഗ്രഹിച്ചു. അതിന് അവകാശവും, സ്വാതന്ത്ര്യവുമുള്ള ഒരാധാരം

കിട്ടാതെ ഹൈസ്ക്കൂൾകെട്ടിടം പണിയാൻ സാദ്ധ്യമല്ലാത്തതുകൊണ്ട്, അധികാരിയായ ക്യാപ്റ്റൻ പത്മനാഭൻതമ്പിയെ സമീപിച്ച് അതിനുള്ള ശ്രമം നടത്തി. അദ്ദേഹം അതുവരെയുള്ള പാട്ടക്കുടിശ്ശികയെല്ലാം ഇളവുചെയ്തും, മേലാൽ നാമമാത്രമായ പാട്ടം കൊടുത്താൽ മതിയെന്നു സമ്മതിച്ചും, ഉള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനും, ആവശ്യമുള്ള കെട്ടിടങ്ങൾ വയ്ക്കാനും, അധികാരപ്പെടുത്തിയും 36 കൊല്ലത്തേക്ക് ഒരു പാട്ടയാധാരം എഴുതിത്തന്നു. കാലാവധി കഴിഞ്ഞാൽ വീണ്ടും ഒരു 35 കൊല്ലത്തേക്കുകൂടി എഴുതിത്തരാമെന്നും അതിൽ വിവരിച്ചിട്ടുണ്ട്. അങ്ങനെ വലിയ വിലപിടിപ്പുള്ള വസ്തു സർവീസ് സൊസൈറ്റിക്ക് ഒരുവിധം സ്ഥിരമായി ദാനയാധാരം എന്ന മട്ടിൽ എഴുതിത്തന്ന ക്യാപ്റ്റൻ പത്മനാഭൻതമ്പിയുടെ കുടുംബവും, നായർസമുദായത്തിന്റെ കൃതജ്ഞതയ്ക്കർഹമാണ്. അതിനുവേണ്ട ഉപദേശംകൊടുത്ത ലാസുബ്ബയ്യരും സ്മരണീയനാണ്. അങ്ങിനെ, പറയത്തക്ക അവകാശമൊന്നുമില്ലാതെ പ്രവേശിക്കാൻ ഇടയായ ആ സ്ഥലത്താണ്, ഇന്നത്തെ പാൽക്കുളങ്ങര എൻ.എസ്.എസ്. ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്നത്.

വസ്തു കിട്ടിയ ഉടനേ ഹൈസ്ക്കൂളിനാവശ്യമുള്ള കെട്ടിടം പണിയിക്കുന്നതിനായി ഹെഡ്മാസ്റ്റർ വി. മാധവൻ നായരെ അങ്ങോട്ടു സ്ഥലം മാറ്റി. മാധവൻനായരുടെ ഭഗീരഥശ്രമം കൊണ്ടാണ് തിരുവനന്തപുരം പട്ടണത്തിൽനിന്നു പിരിവു നടത്തിയും, മറ്റു പ്രകാരത്തിലും പണമുണ്ടാക്കി, ഇന്നു കാണുന്ന ഒന്നാന്തരം കെട്ടിടം പണി തുടങ്ങാനും, പൂർത്തിയാക്കാനും കഴിഞ്ഞത്. ശേഷിയുള്ള എൻ.എസ്.എസ്. ഹെഡ്മാസ്റ്റർമാരുടെ കൂട്ടത്തിൽ അദ്ദേഹത്തിന് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമുണ്ട്. നല്ല നിലയിൽ നടക്കുന്ന പാൽക്കുളങ്ങര ഹൈസ്ക്കൂൾ ഉണ്ടായതിനോടുകൂടി നായർ സർവീസ് സൊസൈറ്റിക്കു രാജധാനിയുമായി ഒരു സ്ഥിരബന്ധമുണ്ടായിക്കഴിഞ്ഞു. അന്നുമുതൽ അത് വർദ്ധിച്ചുവരികയാണ്. ഇന്ന് തിരുവനന്തപുരത്തിന്റെ പ്രാമാണ്യമനുസരിച്ച് സർവീസ് സൊസൈറ്റിയുടെ പല സ്ഥിരസ്ഥാപനങ്ങൾകൊണ്ടും ദൃഢബന്ധമുണ്ടായിക്കഴിഞ്ഞിരിക്കുന്ന കാലമാണ്. വടശ്ശേരി അമ്മ വീടിന്റെ മുക്തഹസ്തമായ സഹായമാണ് അതിനു കാരണം.

6. മാണിക്കമംഗലം ഹൈസ്ക്കൂൾ

കുന്നത്തുനാടിന്റെ വടക്കേ അറ്റമായ - പഴയ തിരുവിതാംകൂറിന്റെതന്നെ വടക്കേ അറ്റമായ - മഞ്ഞപ്രയുള്ള ഒരു പ്രദേശമാണ് മാണിക്കമംഗലം. സ്വാമി ശങ്കരാചാര്യരുടെ ജന്മഭൂമിയായ കാലടിക്കു തൊട്ടു വടക്കുള്ള പ്രദേശം. അവിടം മിക്കവാറും രണ്ടു പ്രഭുക്കന്മാരുടെ വകയാണ്. പനയപ്പാഴൂർ നമ്പൂതിരിപ്പാടും, പറയത്തു മേനോനുമാണ് ആ പ്രഭുക്കന്മാർ. ആ ദേശത്ത് ധാരാളം ഹിന്ദുക്കളും ക്രിസ്ത്യാനികളുമുണ്ടെങ്കിലും, അവർ മിക്കവാറും ഇവരുടെ പാട്ടക്കാരും വേലക്കാരുമാണെന്നു

പറയുന്നതിൽ തെറ്റില്ല. കാലടിയിലെ ഒരു സർക്കാർ പ്രൈമറി സ്കൂളും, തമിഴ് ബ്രാഹ്മണർക്കുമാത്രം പ്രവേശനമുള്ള ഒരു സംസ്കൃതസ്കൂളുമല്ലാതെ മറ്റൊരു വിദ്യാശാലയും ആ പ്രദേശത്തില്ലായിരുന്നു. ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളെങ്കിലും ഉണ്ടാകാൻ ആഗ്രഹിക്കുന്ന സാധാരണന്മാരിൽ ചിലർ ഉണ്ടായിരുന്നെങ്കിലും, അവർ അശക്തരായിരുന്നു. പ്രഭുക്കന്മാരുടെ സന്താനങ്ങളെ ദൂരെ അയച്ചു പഠിപ്പിക്കാൻ അവർക്കു പ്രയാസമില്ലാതിരുന്നതുകൊണ്ടും, അതിൽ കവിഞ്ഞൊന്നും അവർക്ക് ആഗ്രഹമില്ലാതിരുന്നതുകൊണ്ടും, അവിടെ ഒരു പൊതുസ്ഥാപനമുണ്ടാക്കാൻ സാദ്ധ്യമല്ലാത്ത നിലയാണുണ്ടായിരുന്നത്. ഭൂമിയും പണവും രണ്ടു ഭവനക്കാരുടെ കയ്യിൽ. ബാക്കിയുള്ളവർ വേലക്കാർ, ആശ്രിതന്മാർ. അവിടെ എന്തു പൊതുക്കാര്യമാണ് നടക്കുന്നത്? നാട്ടിലുള്ള പാവങ്ങൾ വിദ്യാഭ്യാസമുള്ളവരായിത്തീർന്നാൽ, ഭൃത്യപ്പണിക്ക് ആളുകിട്ടാതെ വരുമെന്നു പരിഭ്രമിക്കുന്ന പ്രഭുകുടുംബങ്ങളിൽ ഇവരെ ഉൾപ്പെടുത്താമോ എന്നു തീർച്ചപ്പെടുത്തേണ്ടതു ഞാനല്ല.

ഏതായാലും, ചുറ്റുപാടുമുള്ള വിദ്യാഭ്യാസനില ഉയർന്നുയരുന്നതുകൊണ്ട് തന്റെ ജന്മഭൂമിയിലും ഒരു ചെറിയ ഇംഗ്ലീഷ് സ്കൂൾ ഉണ്ടാകണമെന്നാഗ്രഹിച്ചത് കാപ്പള്ളിൽ കൊച്ചുനാരായണപിള്ള എന്ന അവിടുത്തെ ഒരു പാട്ടക്കാരനായ സാധാരണനാണ്. പനയപ്പാഴൂർ മനയ്ക്കലേ കാര്യസ്ഥന്മാരിൽ ഒരാൾ എന്നുള്ളതിൽ കവിഞ്ഞ് അദ്ദേഹത്തിന് ഒരു വിശേഷ നിലയുണ്ടായിരുന്നില്ല. മനയ്ക്കലെ കാര്യസ്ഥൻ എന്നു കേട്ടാൽ, മാസം പത്തോ പതിനഞ്ചോ പറനെല്ല് കിട്ടുന്ന, മുണ്ട് അരയിൽകെട്ടി 'ഏറാൻമൂളുന്ന' ഒരുവൻ എന്നുള്ളതിൽകവിഞ്ഞൊന്നും നാം ധരിക്കാറില്ലല്ലോ. നാരായണപിള്ളയും അതിനു വ്യത്യസ്തനായിരുന്നില്ല. അദ്ദേഹത്തിന്റെ അതിമോഹംകൊണ്ട് ആ അസാദ്ധ്യകാര്യത്തിൽ ആമഗ്നനായെന്നേയുള്ളു. അദ്ദേഹത്തിന്റെ താൽപര്യം സർവീസ് സൊസൈറ്റിയെ അറിയിച്ചു. സ്ഥലവും കെട്ടിടവും ഉണ്ടാക്കിത്തരാമെങ്കിൽ അനുവാദം വാങ്ങുകയും, സ്കൂൾ നടത്തുകയും ചെയ്യാമെന്നുള്ളതായിരുന്നു മറുപടി. അത്യാവശ്യം വേണ്ട ഭൂമി ഉടൻ വാങ്ങാമെന്നും, പണം പിരിച്ചു കെട്ടിടം കെട്ടാമെന്നും, ഞാൻ ഉടനെ ചെല്ലുകയും, ഏതാനും ദിവസം അവിടെ താമസിക്കുകയും ചെയ്താൽ എല്ലാം നടക്കുമെന്നും നാരായണപിള്ള വീണ്ടും എഴുതിയയച്ചു. അതനുസരിച്ച് ഞാൻ മാണിക്കമംഗലത്തെത്തി, നാരായണപിള്ളയെ കണ്ടു സംസാരിച്ചു. അവിടുത്തെ സ്ഥിതിഗതികൾ വേണ്ടവണ്ണം മനസ്സിലാക്കി.

നാരായണപിള്ളയും ഒരുമിച്ച് പനയപ്പാഴൂർ മനയ്ക്കൽ പോയി അന്നത്തെ വലിയ നമ്പൂതിരിപ്പാട്ടിനേ കണ്ടു. വലിയ ആഢ്യനായ അദ്ദേഹം അതിനേക്കാൾ അധികം യാഥാസ്ഥിതികനായിരുന്നു. നാട്ടുകാരെല്ലാം അദ്ദേഹത്തെയും സന്തതികളേയും വിളിക്കുന്നത് തമ്പുരാൻ എന്നാണ്. കൊച്ചിയിലും മലബാറിലുമുള്ള ആഢ്യന്മാരെല്ലാം മിക്കവാറും അങ്ങനെയാണ് വിളിച്ചുവന്നത്. വലിയ നമ്പൂതിരിപ്പാട് ഒരു വ്യവഹാര

പ്രിയനും വാശിക്കാരനുമായിരുന്നു. കുശലപ്രശ്നം കഴിഞ്ഞപ്പോൾ മാണിക്കമംഗലത്ത് ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഉണ്ടായാൽകൊള്ളാമെന്ന് നാട്ടുകാരിൽ ചിലർക്ക് ആഗ്രഹമുണ്ടെന്നും, അവിടുത്തെ അനുമതിയും സഹായവുമുണ്ടെങ്കിൽ സർവീസ് സൊസൈറ്റി ആ ചുമതല ഏറ്റെടുക്കാമെന്നും പറഞ്ഞു. അദ്ദേഹം എന്താണ് ചെയ്തുതരേണ്ടതെന്നു ചോദിച്ചു. സ്കൂളിന് ആവശ്യമുള്ള നാലഞ്ചേക്കർ സ്ഥലവും, കെട്ടിടംപണിക്ക് കുറെ പണവും തന്നാൽ ബാക്കി നാട്ടുകാരിൽനിന്നും പിരിച്ചുണ്ടാക്കാമെന്നു ഞാൻ പറഞ്ഞു. 'നാട്ടുകാർ പാവങ്ങളാണ്. അവരിൽനിന്ന് ഒന്നും കിട്ടുമെന്നു തോന്നുന്നില്ല. ഞാൻ കഴിവുള്ള സഹായം ചെയ്യാം. നാരായണാ, പത്മനാഭപിള്ളയെ കൊണ്ടുപോയി സ്ഥലംകാണിച്ച് ഏതാണു വേണ്ടതെന്നു നിശ്ചയിച്ചു പറയണം." ആ കല്പന കേട്ട് ആളുകൾ സന്തോഷിക്കുകയും അത്ഭുതപ്പെടുകയും ചെയ്തു. ഇങ്ങനെയുള്ള കാര്യങ്ങളിൽ അത്രവേഗം ഉൾപ്പെടുകയോ, സമ്മതം മൂളുകയോ ചെയ്യുന്ന പതിവ് അദ്ദേഹത്തിനില്ല. പിണക്കവും നിർബന്ധവും വന്നാൽ ഏതു നല്ല കാര്യമായാലുംകൊള്ളാം, അതിനെ പരസ്യമായി എതിർക്കാൻ ഒരു കൂസലുമുള്ള ആളല്ല. ഏതാനും കൊല്ലങ്ങൾക്കുമുമ്പു നടന്ന ഒരു സംഭവം പറയാം.

മാണിക്കമംഗലത്തിനടുത്ത് മഞ്ഞപ്ര പന്തപ്പള്ളി പപ്പുപിള്ള എന്നൊരു സാമാന്യം ധനസ്ഥിതിയുള്ള പ്രമാണി ഉണ്ടായിരുന്നു. അടുത്ത കാലത്താണ് അദ്ദേഹം മരിച്ചത്. അദ്ദേഹം കുറെയൊക്കെ പരിഷ്കൃതനും, ആർക്കും കീഴടങ്ങാത്ത സ്വഭാവക്കാരനുമായിരുന്നു. പപ്പുപിള്ളയും, വലിയ നമ്പൂതിരിപ്പാടുമായി എന്തോ കാരണവശാൽ പിണക്കമുണ്ടായി. അന്യോന്യം ചില കേസുകളും വഴക്കുകളുംകൊണ്ട് അല്പം ശബ്ദമുണ്ടാക്കിയിരുന്നു. നമ്പൂതിരിപ്പാടിന്റെ പ്രഭാവത്തിന്റെ മുമ്പിൽ പപ്പുപിള്ള നിസ്സാരനെന്നുവേണം പറയാൻ. വിദ്യാഭ്യാസത്തിന് ഒരു സൗകര്യവുമില്ലാതിരുന്ന ആ പ്രദേശത്ത് പപ്പുപിള്ളയുടെ മാനേജ്മെന്റിൽ ഒരു പ്രാഥമിക പാഠശാലയുണ്ടാക്കി നടത്താൻ അദ്ദേഹം തീരുമാനിച്ചു. കെട്ടിടം കെട്ടി സ്കൂളും തുടങ്ങി. പപ്പുപിള്ളയോടുള്ള വിരോധം കൊണ്ട്, ആ സ്കൂൾ ഇല്ലാതാക്കണമെന്നു നമ്പൂതിരിപ്പാടു തീരുമാനിച്ചു. തീണ്ടലും, തൊടീലുമുള്ള അക്കാലത്ത് പപ്പുപിള്ളയുടെ സ്കൂളിൽ നായർ കുട്ടികൾ - സവർണ്ണകുട്ടികൾ - മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കുട്ടികൾ ഇല്ലാതെ വന്നാൽ സ്കൂൾ ഇല്ലാതാകുമല്ലോ. അതിനു നായർകുട്ടികളെ ആകർഷിച്ചു പുറത്തിറക്കാനുള്ള മാർഗ്ഗം എന്താണെന്ന് നമ്പൂതിരിപ്പാടിലേക്കറിയാമായിരുന്നു. പപ്പുപിള്ളയുടെ സ്കൂളിൽ കുട്ടികളെ അയക്കാതിരിക്കാനുള്ള പ്രേരണയ്ക്കും കല്പനയ്ക്കും പുറമേ, ചെണ്ടകൊട്ട് അഭ്യസിപ്പിക്കാനുള്ള ഒരു പുതിയ സ്കൂളും അദ്ദേഹം തുടങ്ങി. അദ്ദേഹത്തിന്റെ നവീന പാഠശാലയിൽ ചേർന്നു പഠിക്കുന്ന കുട്ടികൾക്ക് ഫീസും പുസ്തകവും വേണ്ടെന്നു മാത്രമല്ല, മൂന്നു നേരവും ആഹാരവും, ആവശ്യമുള്ള വസ്ത്രവും വെറുതേ

കൊടുക്കുമെന്നും പ്രഖ്യാപനം ചെയ്തു. രണ്ടുമൂന്നു മാസത്തിനകം പപ്പു പിള്ളയുടെ സ്കൂളിൽ ഒരു കുട്ടിയും ഇല്ലാതായി. നമ്പൂതിരിപ്പാട്ടിലെ സ്കൂൾ കുറേനാൾകൂടി തുടർന്നു നടത്തിയതിനോടുകൂടി പപ്പുപിള്ള യുടെ സ്കൂൾ എന്നെന്നേക്കുമായി യാത്രപറഞ്ഞു പിരിഞ്ഞു. പാവപ്പെ ട്ടവരുടെ പ്രാഥമിക വിദ്യാഭ്യാസകാര്യത്തിൽ പോലും ഈ നിലയിൽ പെരുമാറാൻ കൂസലില്ലാത്ത നമ്പൂതിരിപ്പാടാണ്, ഇംഗ്ലീഷ് പാഠശാലാ സ്ഥാപനത്തിനു മുൻനിന്നു സഹായിക്കാൻ തീരുമാനിച്ചത്. അതുക ണ്ടാണ് ആളുകൾ അത്ഭുതപ്പെട്ടതും. നമ്പൂതിരിപ്പാട്ടിലെ ആ നിലപാടും പെരുമാറ്റവും, സർവീസ് സൊസൈറ്റിക്കു നാട്ടുകാരുടെയിടയിൽ വിശ്വാ സപൂർവമുള്ള സ്വാഗതം ലഭിക്കാൻ പര്യാപ്തമായിരുന്നു.

നമ്പൂതിരിപ്പാടിലെ സമീപത്തുതന്നെയാണ് പറയത്ത് മേനോന്റെ ഭവനം. ഞാൻ അവിടെ പോയി, ഭരണക്കാരനും അടുത്ത മൂപ്പനുമായ ശങ്കുണ്ണി മേനോനെ കണ്ടു. മാണിക്കമംഗലത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നും, അവിടെ പാട്ടക്കാരനും വേലക്കാരനും മാത്രമേ ഉള്ളൂ എന്നും, ഫീസ് കൊടുത്തു പഠിക്കാൻ പ്രാപ്തിയുള്ള കുട്ടികളെത്തന്നെ കിട്ടുകില്ലെന്നും, പലേടത്തും, പലേടത്തും ജയിച്ചുവ രുന്ന നിങ്ങൾ ഇവിടെ വന്നു തോല്ക്കാതിരിക്കാൻവേണ്ടി പറയുന്നതാ ണെന്നും മറ്റും പറഞ്ഞ്, എന്നെ കഴിയുന്നത്ര നിരുത്സാഹപ്പെടുത്താൻ അദ്ദേഹം ശ്രമിക്കാതിരുന്നില്ല. ഏതായാലും സ്കൂൾ സ്ഥാപിക്കാൻ തീരു മാനിച്ചു. കഴിയുന്നത്ര സഹായം ചെയ്തുതരണമെന്നു പറഞ്ഞുപിരി ഞ്ഞു. നമ്പൂതിരിപ്പാട് റോഡുവക്കിൽ നാലമ്പേക്കർ സ്ഥലം ദാനമെഴു തിത്തന്നു. കെട്ടിടംപണിക്ക് ആയിരം രൂപ തരാമെന്നു വാഗ്ദാനം ചെയ്തു. സ്കൂളിന്റെ ശിലാസ്ഥാപനം ചെയ്തത് നമ്പൂതിരിപ്പാടാണ്. പണപ്പിരി വിനും, പണി നടത്തുന്നതിനുമായി ഒരു കമ്മറ്റിയുണ്ടാക്കി. എല്ലാ ചുമ തലയും വഹിച്ചത് മേൽപറഞ്ഞ കാര്യസ്ഥൻ നാരായണപിള്ളയായിരു ന്നു. വീണ്ടും പറയത്തു പോയി. അന്ന് കാരണവർ ഗോവിന്ദമേനോനുമു ണ്ടായിരുന്നു. പറയത്തുനിന്നും കെട്ടിടത്തിന്റെ ഓട് ഇടുവിച്ചുതരാമെന്ന് അന്ന് ഏറ്റു. ഒടുവിൽ ഓട് ഇടുവിച്ചതുൾപ്പെടെ, ആയിരം രൂപാ അവർ തന്നു. പണിക്കു പണമില്ലാതെ വിഷമിച്ചപ്പോൾ പാട്ടക്കാരെല്ലാം കഴി വുള്ള സഹായം ചെയ്യണമെന്ന് നമ്പൂതിരിപ്പാട് ആജ്ഞാപിച്ചു.

അക്കൊല്ലംതന്നെ പ്രിപ്പറേറ്ററിക്ലാസ് ആരംഭിച്ചു. കൊല്ലംതോറും ക്രമേണ ക്ലാസ്സുകൾ കൂട്ടി, അതൊരു പൂർണ്ണ മിഡിൽസ്കൂളാക്കി ത്തീർത്തു. ഇപ്പോൾ അത് നല്ല ഒരു ഹൈസ്ക്കൂളായി നടക്കുകയാണ്. ഇന്നു കാണുന്ന മിക്ക കെട്ടിടങ്ങളും കെട്ടാനും ഹൈസ്ക്കൂൾ ആക്കാ നുമുള്ള ചുമതല വഹിക്കയും, ക്ലേശം സഹിക്കയും ചെയ്തത് കാപ്പള്ളിൽ കൊച്ചുനാരായണപിള്ളയായിരുന്നു. നിത്യതയ്ക്കു കഷ്ടിച്ചു മാത്രമുണ്ടായിരുന്ന അദ്ദേഹം, ശക്തിയിൽ കവിഞ്ഞും സ്വന്തം പണം ചെലവുചെയ്യുകകൂടി ചെയ്തിട്ടുണ്ട്. ആ സ്ഥാപനം ഉണ്ടാക്കാനും വളരാനുമുള്ള പ്രധാന കാരണക്കാരൻ നാരായണപിള്ളയാണെന്നുള്ളതു

നിസ്സംശയമാണ്. അദ്ദേഹം അകാലചരമം പ്രാപിച്ചു എങ്കിലും, നാടിന്റെ നന്മയ്ക്കുവേണ്ടി ഒരു നല്ല കാര്യം ചെയ്യാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി എന്നു സമാധാനപ്പെടാം. അദ്ദേഹം മരിക്കുന്നതുവരെ ആ സ്കൂളിന്റെ ലോക്കൽ മാനേജരായിരുന്നു. നാരായണപിള്ളയുടെ മരണശേഷം, അദ്ദേഹത്തിന്റെ ഒരു ഛായാപടം ആ സ്കൂളിൽ സ്ഥാപിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ വലിയനമ്പൂതിരിപ്പാട്ടിലെ ഛായാപടവും അവിടെ വച്ചിട്ടുണ്ട്.

ആ നാട്ടിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യാത്ത ആണും പെണ്ണും ഇപ്പോൾ ചുരുക്കമാണ്. ആ സ്കൂളിൽ പഠിച്ച ഒരാൾ അണ്ണാമല സർവ കലാശാലയിലെ പ്രൊഫസറാണ്. നാരായണപിള്ളയുടെ സന്തതികളിൽ ചിലരും പഠിച്ചു നന്നായി സ്കൂളിലെ ഉദ്യോഗസ്ഥരായിത്തീർന്നിട്ടുണ്ട്. വലിയ നമ്പൂതിരിപ്പാട് എൻ.എസ്.എസ്സിനും നാട്ടുകാർക്കും സ്മരണീയനായ ഒരു മഹാനായിരുന്നു എന്നുള്ളത് നിർവിവാദമാണ്.

7. പാറക്കടവ് ഹൈസ്ക്കൂൾ

മാണിക്കമംഗലം സ്കൂൾ പഴയ തിരുവിതാംകൂറിന്റെ വടക്കുകിഴക്കേ മൂലയിലാണെങ്കിൽ, പാറക്കടവ് സ്കൂൾ പടിഞ്ഞാറെ മൂലയിലാണ്. റിട്ടയാർഡ് ദിവാൻ പേഷ്ക്കാരായിരുന്ന കണ്ടനാട്ടു നാരായണമേനോന്റെ ജന്മഭൂമിയാണത്. അദ്ദേഹം ദാനം തന്ന അഞ്ചേക്കർ സ്ഥലത്ത് അദ്ദേഹത്തിന്റെ പണംകൊണ്ടുതന്നെ പണിയിച്ച ഒരു സ്കൂൾകെട്ടിടത്തിൽ, ഇംഗ്ലീഷ് മിഡിൽസ്കൂളിന്റെ പ്രാരംഭക്ലാസ് 1106 ഇടവത്തിൽ ആരംഭിച്ചു. ഇത് പൂർണ്ണമായ മിഡിൽ സ്കൂൾ ആയിട്ട് 23 കൊല്ലമായി. ഇപ്പോൾ അത് ഒരു പൂർണ്ണ ഹൈസ്ക്കൂളായിക്കഴിഞ്ഞു. അതിന്റെ എല്ലാ ചെലവും നാരായണമേനോന്റെ പണംകൊണ്ടാണ് നടന്നതെന്നുവേണം പറയാൻ. സ്കൂൾപണിയുടെയും, നടത്തിപ്പിന്റെയും ചുമതല വഹിച്ചത് അദ്ദേഹത്തിന്റെ അനന്തിരവനും, ലോക്കൽ മാനേജരുമായ ദാമോദരമേനോനാണ്. യുവാവായ അദ്ദേഹം ഏറ്റവും പ്രസരിപ്പോടുകൂടി ചെയ്ത സേവനം സ്മർത്തവ്യമാണ്. അതിന്റെ സ്ഥാപകനും, രക്ഷകനുമായിരുന്ന നാരായണമേനോൻ സമുദായനേതൃത്വത്തിന്റെ മാതൃകതന്നെയായിരുന്നു. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച അദ്ദേഹം സ്വപ്രയത്നംകൊണ്ട് വളർന്ന് ധനികനും പ്രസിദ്ധനുമായിത്തീർന്ന് ദിവാൻ പേഷ്ക്കാരായി പെൻഷൻപറ്റിയതിനുശേഷം മുപ്പതിലധികംകൊല്ലം ജീവിച്ചിരുന്ന ഒരു ഭാഗ്യവാനുംകൂടിയാണ്. ഭഗിനീഭാഗിനേയന്മാരേയും ഭാര്യാപുത്രാദികളേയും ഒരുപോലെ സ്നേഹിക്കുകയും സംരക്ഷിക്കുകയും, സമ്പാദ്യങ്ങളും, വിദ്യാഭ്യാസവും നൽകുകയും ചെയ്ത മരുമക്കത്തായിയും മക്കത്തായിയും ആയിരുന്നു അദ്ദേഹം. സമുദായസ്നേഹത്തിന്റെ ആധിക്യത്തിൽ ജന്മനാ ലുബ്ധനായ അദ്ദേഹത്തിന്റെ മഹാമനസ്കതകൊണ്ട് പല പൊതുസ്ഥാപനങ്ങൾക്കും ധനദാനം ചെയ്തിട്ടുണ്ട്. ഇന്ന് അൻപതിനായിരം രൂപ വിലപിടിപ്പുള്ള നായർ യൂണിയൻ ഹോസ്റ്റലിനുള്ള

സ്ഥലവും കെട്ടിടവും അദ്ദേഹം ദാനംചെയ്തു. പാറക്കടവ് സ്കൂളിനും പുറമേ, അദ്ദേഹത്തിന്റെ മരിച്ചുപോയ അനന്തിരവൻ ശങ്കുണ്ണിമേനോന്റെ സ്മാരകമായി ആയിരംരൂപാ ഗവണ്മെന്റിൽ നിക്ഷേപിക്കുകയും, അതിന്റെ പലിശ എൻ.എസ്.എസ്. വിദ്യാലയത്തിൽനിന്നും ഒന്നാമതായി ജയിക്കുന്ന വിദ്യാർത്ഥിക്ക് ഉപരിപഠനത്തിനു സ്കോളർഷിപ്പായി കൊടുക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി കോളേജിന് 1100 രൂപാ തന്നു. ദീർഘായുഷ്മാനായിരുന്ന അദ്ദേഹം ഇഹലോകവാസം വെടിഞ്ഞിട്ട് അധികനാളായില്ല. അദ്ദേഹം ഈ നൂറ്റാണ്ടിലെ സ്മരണീയനായ ഒരു മഹാനായിരുന്നു.

8. പന്തളം ഹൈസ്ക്കൂൾ

പന്തളം ഹിന്ദുക്കളുടെ, പ്രത്യേകിച്ച് നായന്മാരുടെ ഒരു സങ്കേതസ്ഥലമാണ്. കൃഷിക്കാർ തിങ്ങിപ്പാർക്കുന്ന ഒരു നാട്ടിൻപുറമാണ്. അവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യാൻ ഒരു മിഡിൽസ്കൂൾ പോലും ഇല്ലായിരുന്നു. അവിടുത്തെ അന്നത്തെ പ്രധാനി റിട്ടയാർഡ് പാർവ്വത്യം കേശവപിള്ളയായിരുന്നു. അവിടെ ഒരു മലയാളം പെൺപള്ളിക്കൂടത്തിനുവേണ്ടി ഒരു കെട്ടിടത്തിനു ഭിത്തികെട്ടി മേൽക്കൂരകേറ്റി പട്ടികയും തറച്ചപ്പോൾ, പണിയിക്കുന്ന കരക്കാരുടെ ഇടയിൽ വഴക്കുവന്നു. മത്സരം മൂത്തതുകൊണ്ട് ഓലകെട്ടാൻ ഇടയായില്ല. അങ്ങനെ പത്തുപതിനഞ്ചു കൊല്ലം ഒരേ നില്പിൽ നിന്ന് വെയിലും മഴയും ഏറ്റു തപസ്സുചെയ്ത ആ കെട്ടിടം ഒരുവിധം നിരുപയോഗമായി, ആ നാട്ടിലെ നായരുടെ യോജിപ്പിന്റെയും കൃത്യനിഷ്ഠയുടെയും പ്രതിബിംബമെന്നവണ്ണം നിന്നിരുന്നു. കേശവപിള്ളയും കൂട്ടരും ആ കെട്ടിടവും, അതു നിന്ന കുറച്ചുസ്ഥലവും സർവീസ് സൊസൈറ്റിയുടെ പേർക്ക് എഴുതിത്തന്നു. ഒരു മിഡിൽസ്കൂളിന്റെ അനുവാദത്തിനപേക്ഷിച്ചു. ഉള്ള കെട്ടിടം തൽക്കാലനിലയിൽ ഒന്നു പരിഷ്ക്കരിച്ച് പ്രിപ്പറേറ്ററി ക്ലാസ്സ് അക്കൊല്ലംതന്നെ ആരംഭിച്ചു. അവിടുത്തെ യുവപ്രമാണികളിൽ ഒരാളായ പട്ടിരേത്ത് രാഘവൻപിള്ള പ്രാരംഭകാലം മുതൽ അവിടുത്തെ പ്രവർത്തനത്തിന്റെ പ്രധാന ചുമതല വഹിച്ചു. അഞ്ചാറുകൊല്ലം അങ്ങനെ സ്കൂൾ ഇഴഞ്ഞമട്ടിൽ പുരോഗമിച്ചുകൊണ്ടിരുന്നു. അവിടുള്ളവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ താൽപര്യം ക്രമേണ വർദ്ധിച്ചുവന്നു. ഒരു ഹൈസ്ക്കൂളിനുള്ള താൽപര്യം ചിലരിലെല്ലാമെങ്കിലും ഉണ്ടായി. അടുത്തുള്ള ചില വസ്തുക്കൾകൂടി എഴുതിവാങ്ങി ഇന്നുകാണുന്ന ഹൈസ്ക്കൂൾകെട്ടിടത്തിന്റെ വലിയ തോതിലുള്ള പ്ലാൻതന്നെ ഉണ്ടാക്കി. റിട്ട. പാർവ്വത്യം കേശവപിള്ള നേരത്തെ മരിച്ചുപോയതിനാൽ പട്ടിരേത്തു രാഘവൻപിള്ളതന്നെ നേതൃത്വം വഹിച്ച് എല്ലാ ചുമതലയും ഏറ്റെടുത്തിരുന്നു. ഒരു സുമുഹൂർത്തത്തിൽ രാജ്യസേവാനിരതഃ കെ.ജി. പരമേശ്വരൻപിള്ളയെക്കൊണ്ടു ശിലാസ്ഥാപനം ചെയ്യിച്ചു. പണപ്പിരിവും, പണിനടത്തിപ്പുമെല്ലാം രാഘവൻപിള്ളയുടെ ചുമതലയിൽ നടന്നു. ഇത്രയും നല്ല ഹൈസ്ക്കൂൾകെട്ടിടത്തിന് ആവശ്യമുള്ള തടിയും കല്ലും പണവുമെല്ലാം ഉണ്ടാക്കി പണി നടത്തിയ രാഘവൻപിള്ളയും

സഹപ്രവർത്തകന്മാരും അഭിനന്ദനത്തിന് അർഹരാണ്. കോയിപ്രം രാമൻപിള്ള, രാഘവൻപിള്ളയുടെ സഹപ്രവർത്തകന്മാരിൽ പ്രമാണിയായിരുന്നു. ഹൈസ്ക്കൂൾ ആരംഭിച്ചതിനോടുകൂടി സ്കൂളിന് അഭിവൃദ്ധിയുണ്ടായി. ക്രമേണ കുട്ടികളുടെ സംഖ്യകൊണ്ടും മറ്റും അത് ഈ രാജ്യത്തെ ഒന്നാന്തരം സ്കൂളുകളിൽ ഒന്നായിത്തീർന്നു. എണ്ണൂറു പെൺകുട്ടികൾ ഉൾപ്പെടെ 1800 കുട്ടികളുള്ള വലിയ ഒരു ഹൈസ്ക്കൂളായിത്തീർന്നു. പുതിയ കെട്ടിടങ്ങൾ പലതുണ്ടാക്കീട്ടും സ്ഥലം മതിയാകാതിരിക്കുന്നതുകൊണ്ട് അവിടെ ഒരു ഗേൾസ് ഹൈസ്ക്കൂൾ ഉണ്ടാക്കി ആ സ്കൂളിനെ രണ്ടാക്കിത്തീർത്തു. ഈ വിദ്യാശാലനിമിത്തം പന്തളം പ്രദേശത്തിനുതന്നെ വലിയ മാറ്റമുണ്ടായി. സ്കൂൾ ഭരണത്തിന് അവിടെ ഒരു ലോക്കൽകമ്മറ്റിയുമുണ്ട്. ലോക്കൽ മാനേജർ പട്ടിരേത്തു രാഘവൻപിള്ളയാണ്. പന്തളംപ്രദേശം ദിവസേന എന്നപോലെ വളർന്നുവരികയാണ്. അത് കേരളത്തിലെ 'നളന്ദ' ആകാൻ പോവുകയാണെന്നു തോന്നും.

9. കവിയൂർ ഹൈസ്ക്കൂൾ

കവിയൂർ, തിരുവല്ലാ ടൗണിന്റെ കിഴക്കുള്ള ഒരു പ്രദേശമാണ്. അവിടുത്തെ ക്ഷേത്രംകൊണ്ടുള്ള പ്രസിദ്ധിയാണ് പ്രധാനമായിട്ടുള്ളത്. വളരെക്കാലമായിത്തന്നെ അവിടുത്തെ പൊതുപ്രവർത്തകനും പ്രമാണിയും മഠത്തിൽ നാരായണപിള്ള എന്ന റിട്ടയാർഡ് പാർവത്യകാരാണ്. പൊതുക്കാര്യങ്ങളിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായി ചൂരക്കുന്നത്തു നാണുക്കുറുപ്പ് എന്ന മാന്യനുമുണ്ടായിരുന്നു. അവിടെ ഒരു മിഡിൽ സ്കൂൾ ഉണ്ടാക്കുന്നതിന് കുറെ ഏക്കർ സ്ഥലം സർവീസ് സൊസൈറ്റിക്കെഴുതിത്തന്നു. കെട്ടിടം പണിയുന്നതിന് ഒരു കമ്മറ്റിയുണ്ടാക്കി. അതിന്റെ പ്രസിഡന്റ് മഠത്തിൽ നാരായണപിള്ളയായിരുന്നു. അദ്ദേഹം നിരന്തരോത്സാഹിയും ജനസമ്മതനുമായിരുന്നതുകൊണ്ട് പണം പിരിച്ച് പണി ഊർജ്ജിതമായി നടത്തി. ആദ്യത്തെ കെട്ടിടംതീർന്ന് മിഡിൽസ്കൂൾ പൂർണ്ണമായപ്പോൾ ഹൈസ്ക്കൂളിനപേക്ഷിച്ചു. അനുവാദം തരാതിരിക്കാൻ സമീപമുള്ള ക്രിസ്ത്യൻ സ്കൂളുകാർ ശ്രമിച്ചു. കെ.വി. രംഗസ്വാമി അയ്യങ്കാരായിരുന്നു അന്നത്തെ ഡയറക്ടർ. അദ്ദേഹം സ്ഥലം സന്ദർശിച്ച് അനുവാദവും തന്നു. കുട്ടികളുടെ ആധിക്യംകൊണ്ട് കൂടുതൽ കെട്ടിടമുണ്ടാക്കി, ഇപ്പോൾ അത് നല്ല നിലയിൽ നടക്കുന്ന ഹൈസ്ക്കൂളാണ്. പണപ്പിരിവും കെട്ടിടംപണിയും നടത്തിയത് ആദ്യവസാനം ആ നാട്ടുകാർതന്നെയായിരുന്നു. വിശേഷിച്ച് ആ കമ്മറ്റിയുടെ ഇന്നത്തേയും പ്രസിഡണ്ടായ മഠത്തിൽ നാരായണപിള്ളയുടെ നാമധേയം ആ സ്കൂളിനോട് ബന്ധിച്ച് എന്നും നിലനിൽക്കുന്നതാണ്. അദ്ദേഹം തന്നെയായിരുന്നു അവിടുത്തെ ലോക്കൽ മാനേജരും. അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിയോട് അനുബന്ധിച്ച് പൊതുജനങ്ങൾ ഒരു ഛായാപടം സ്കൂളിൽ വച്ചിട്ടുണ്ട്. അവിടെ ഒരു ട്രെയിനിംഗ് സ്കൂളും പ്രൈമറിസ്കൂളും കൂടി എൻ.എസ്.എസ്. വകയായി ഇപ്പോഴുണ്ട്.

10. ചാത്തന്നൂർ ഹൈസ്ക്കൂൾ

കൊല്ലം താലൂക്കിന്റെ കിഴക്കെ അറ്റത്തുള്ള ഒരു പ്രദേശമാണ് ചാത്തന്നൂർ. അവിടെ സംഖ്യാബലവും പ്രാമാണ്യവുമുള്ളത് ഹിന്ദുക്കൾക്കാണെങ്കിലും ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഉള്ളത് അവിടുത്തെ ന്യൂനപക്ഷമായ ക്രിസ്ത്യൻസമുദായംവകയാണ്. അവിടെ ഒരു ഹൈസ്ക്കൂളിന് ആവശ്യമുണ്ടെങ്കിലും അതുണ്ടാക്കി നടത്താനുള്ള കെൽപ് അവിടുത്തെ ക്രിസ്ത്യാനികൾക്കോ, യോജിപ്പ് ഹിന്ദുക്കൾക്കോ ഉണ്ടായിരുന്നില്ല. അവിടുത്തെ ഏതാനും നായന്മാർ, നായർ സർവീസ് സൊസൈറ്റിയെ സമീപിച്ചു. കുറെ സ്ഥലം എഴുതിത്തന്നു. നടക്കുന്ന ക്രിസ്ത്യൻസ്കൂളിനു ബാധകമാകാതിരിക്കാൻവേണ്ടി ഹൈസ്ക്കൂൾ ക്ലാസ്സുമാത്രം തുടങ്ങി നടത്താൻ അനുവാദത്തിന് സർവീസ് സൊസൈറ്റി അപേക്ഷിച്ചു. പതിവനുസരിച്ച് ക്രിസ്ത്യൻ മാനേജ്മെന്റ് അനുവാദം തരാതിരിക്കാൻ പ്രതിഷേധിച്ചു. അനുവാദം കിട്ടുകയും, സ്ഥലത്തുള്ള നായന്മാർ ഭഗീരഥപ്രയത്നംചെയ്ത് ഒരു കെട്ടിടം തീർക്കുകയും ചെയ്തു. ഒരു നാരായണപിള്ളയായിരുന്നു അവിടുത്തെ ലോക്കൽ കമ്മറ്റി പ്രസിഡന്റ്. ഫോർത്തുഫോറം അക്കൊല്ലംതന്നെ ആരംഭിച്ചു. കൂടുതൽ കെട്ടിടം പണിയേണ്ട ആവശ്യം നേരിട്ടു. കെ.ജി. പരമേശ്വരൻപിള്ളയായിരുന്നു അന്നത്തെ എൻ.എസ്.എസ്. പ്രസിഡണ്ട്. അവിടെ ആവശ്യമുള്ള കെട്ടിടങ്ങൾ തീർക്കാൻ അദ്ദേഹത്തിന്റെ നേതൃത്വം വളരെ സഹായിച്ചിട്ടുണ്ട്. ആ പ്രദേശത്തുനിന്നും ആവശ്യമുള്ള തടി സൗജന്യമായി വാങ്ങിക്കൊടുത്തും, കൊല്ലം ടൗണിൽനിന്നുതന്നെ പണം പതിച്ചുകൊടുത്തും അദ്ദേഹം ക്രമത്തിലധികം സഹായിച്ചിട്ടുണ്ട്. അതിനുള്ള ഓടു മുഴുവൻ അദ്ദേഹത്തിന്റെ വകയായി ദാനംചെയ്തു. കെ.ജി. പരമേശ്വരൻപിള്ളയുടെ സഹായമില്ലായിരുന്നെങ്കിൽ അവിടെ ഇത്രയും നല്ല കെട്ടിടങ്ങൾ ഉണ്ടാക്കാനോ, തുടങ്ങിയ പണി പൂർത്തിയാക്കാനോ സാധിക്കയില്ലായിരുന്നു. ആ നാട്ടുകാർ അദ്ദേഹത്തോടുള്ള കൃതജ്ഞതാധിക്യം കൊണ്ട് അദ്ദേഹത്തിന്റെ ഒരു ഛായാപടം ആ സ്കൂളിൽ അനാച്ഛാദനം ചെയ്തിട്ടുണ്ട്. ഇന്ന് അത് സാമാന്യം നല്ല നിലയിൽ നടക്കുന്ന ഒരു സ്കൂളായിത്തീർന്നിട്ടുമുണ്ട്.

11. കിടങ്ങൂർ ഹൈസ്ക്കൂൾ

ക്രിസ്ത്യാനികളുടെ സങ്കേതമായ മീനച്ചിൽ താലൂക്കിന്റെ പടിഞ്ഞാറെ അറ്റത്തുള്ള ഒരു പ്രധാന സ്ഥലമാണ് കിടങ്ങൂർ. ഒരു പ്രസിദ്ധ ഊരാണ്മക്ഷേത്രവും, പ്രമാണപ്പെട്ട പല നമ്പൂതിരിമാരും ഒട്ടധികം നായന്മാരുമുള്ള ആ പ്രദേശമാണ് മീനച്ചിൽ താലൂക്കിൽ ഹിന്ദുക്കൾക്കു പ്രാമാണ്യമുള്ള സ്ഥലം. അവിടെയും ഒരു വിദ്യാഭ്യാസസ്ഥാപനമുള്ളത് ന്യൂനപക്ഷക്കാരായ ക്രിസ്ത്യാനികൾക്കാണ്. അവരുടെ വക ഇംഗ്ലീഷ് മിഡിൽ സ്കൂളിലാണ് അപൂർവമായെങ്കിലും ഹിന്ദുക്കളും പഠിച്ചുകൊണ്ടിരുന്നത്. ക്രമത്തിലധികം സ്വത്തുള്ള ക്ഷേത്രവും, പണക്കാരായ നമ്പൂതിരി

മാരും, തമിഴ് ബ്രാഹ്മണരും ഒട്ടധികം നായന്മാരുമുള്ള കിടങ്ങൂരെങ്കിലും അവരുടെ വകയായി ഒരു വിദ്യാശാല ഉണ്ടാകണമെന്ന് അവർക്ക് തോന്നിയില്ല. സർവീസ് സൊസൈറ്റിയുടെ വിദ്യാഭ്യാസപ്രവർത്തനംകണ്ട് അവിടുള്ള ഏതാനും നായന്മാർക്ക് എൻ.എസ്.എസ്.വകയായി ഒരു ഹൈസ്ക്കൂൾ ഉണ്ടായാൽക്കൊള്ളാമെന്ന് ആഗ്രഹമുദിച്ചു. അവരിൽ പ്രമാണി കാരുവള്ളിൽ നീലകണ്ഠപ്പിള്ളയായിരുന്നു. ആ നാട്ടിലെ അപ്പോഴത്തെ പ്രമാണി ഇരുട്ടികുഴിയിൽ വേലുപ്പിള്ളയായിരുന്നു. അദ്ദേഹത്തിന്റെ മകൻ പരമുപിള്ളയും, നീലകണ്ഠപ്പിള്ള മുതലായ മറ്റു ചിലരുംകൂടി ഒട്ടധികം പ്രായമായ ആ കാരണവരെ പ്രേരിപ്പിച്ചു. സ്വാധീനപ്പെടുത്തി മുര്യംവേലി നാരായണപിള്ള, പുന്നത്ര ആശാൻ മുതലായവരുൾപ്പെടെയുള്ളവർ എൻ.എസ്.എസ്.വക ഒരു സ്കൂൾ അവിടെ ഉണ്ടാക്കുന്ന വകയ്ക്ക്, പണം വീതിച്ചെടുത്ത് റോഡുവക്കിൽ അഞ്ചേക്കർ സ്ഥലം വിലയ്ക്കുവാങ്ങിത്തന്നു. ഉടനെതന്നെ കെട്ടിടംപണിക്ക് ഒരു ലോക്കൽ കമ്മറ്റിയുമുണ്ടായി. മോടിയിൽ ശിലാസ്ഥാപനം നടത്തി. കമ്മറ്റി പ്രസിഡണ്ട് ഇരുട്ടുകുഴിയിലെ കാരണവർതന്നെയാണ് ആ കർമ്മം നടത്തിയത്. ഇന്നു കാണുന്ന ആ വലിയ കെട്ടിടത്തിന്റെ പണി അങ്ങനെ ആരംഭിച്ചു. പൂർണ്ണമായ ഹൈസ്ക്കൂളിനുള്ള അനുവാദത്തിനപേക്ഷിച്ചു. പള്ളിയും പള്ളിക്കൂടവും ഈ എഴുതിവാങ്ങിയ സ്ഥലത്തിന് ഏറ്റവും അടുത്താണ്. റോഡിന്റെ അപ്പുറവും ഇപ്പുറവും എന്നുള്ള വ്യത്യാസമേയുള്ളു. സ്വാധീനശക്തിയുള്ള ചൂളപ്പറമ്പിൽ മെത്രാന്റെ സ്കൂളിനു സമീപം നായന്മാർ സ്കൂൾ ആരംഭിക്കുന്നത് വലിയ സാഹസമാണെന്നുള്ള മട്ടിൽ അവരുടെ എതിർപ്പുമാരംഭിച്ചു. സ്കൂളിന്റെ സാമീപ്യമല്ല നോക്കേണ്ടത്, അതിനു സമീപം പാർക്കുന്നത് ഏതു സമുദായത്തിൽപ്പെട്ടവരാണ് എന്നു പരിഗണിക്കണമെന്നുള്ള വാദമായിരുന്നു ഞങ്ങൾക്കുള്ളത്. ഇതിനും പുറമേ ഈ രാജ്യത്തെ മാനേജ്മെന്റ് സ്കൂളുകൾ ആയിരക്കണക്കിന്, ക്രിസ്ത്യൻ സമുദായത്തിന്റെ അധീനതയിലായതുകൊണ്ട് പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിന് മുൻഗണന ഹിന്ദുക്കൾക്കു ലഭിക്കേണ്ടതാണെന്നും ഞങ്ങൾ ധരിപ്പിക്കാതിരുന്നില്ല. ചരിത്രപരമായി എന്തുതന്നെ ന്യായങ്ങളും അവകാശങ്ങളുമുണ്ടായിരുന്നാലും ഉദ്യോഗങ്ങളും പ്രാതിനിധ്യവും ജനസംഖ്യക്കണക്കിനു കൊടുക്കേണ്ടതാണെന്നുള്ള തീരുമാനം ഇരിക്കുന്നിടത്തോളംകാലം വിദ്യാശാലകളും അതുപോലുള്ള മറ്റു കാര്യങ്ങളും, സമുദായവും ജനസംഖ്യയും നോക്കിത്തന്നെ വിഭജിക്കേണ്ടതാണെന്നും ഗവണ്മെന്റിനെ ഞങ്ങൾ ഓർമ്മപ്പെടുത്തി. അതെല്ലാം എങ്ങനെയിരുന്നാലും, ഈ രാജ്യത്തെ ജനങ്ങളുടെ വിദ്യാഭ്യാസച്ചുമതല ഏറിയകാലമായി ഏറ്റെടുത്തു നടത്തി ക്ലേശം സഹിക്കുന്നു എന്നു പറയുന്ന അവർക്കുതന്നെ കൂടുതൽ ക്ലേശം സഹിക്കാനുള്ള അവകാശമുണ്ടെന്നും, അവരുടെ സംഘടനാബലത്തെ ബഹുമാനിക്കുകയും, ഭയപ്പെടുകയും ചെയ്യുന്ന ഗവണ്മെന്റിന് അവരുടെ അവകാശവാദത്തെ നിഷേധിക്കാൻ സാദ്ധ്യമല്ലെന്നും അവരും വിശ്വസിച്ചിരുന്നു. അന്നത്തെ ഡയറക്ടർ

കെ.വി. രംഗസ്വാമി അയ്യങ്കാരായിരുന്നു. അദ്ദേഹം എൻ.എസ്.എസ്സിന്റെ അപേക്ഷ അനുവദിക്കുകയും, ബിഷപ്പിന്റെ അപേക്ഷ തള്ളുകയും ചെയ്തു. ഡയറക്ടർ തിരുവല്ലാ സർക്കീട്ടുവന്നിരുന്നപ്പോൾ അദ്ദേഹത്തെ കണ്ടുപറയാനായി ഞാൻ അവിടെ ചെന്നിരുന്നു. കുറെ കഴിഞ്ഞപ്പോൾ ബിഷപ്പ് ചൂളപ്പറമ്പനും വന്നെത്തി. അയ്യങ്കാർ നിത്യകർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അതു കഴിഞ്ഞുവന്നപ്പോൾ അദ്ദേഹം ആദ്യം വിളിച്ചത് എന്നെയായിരുന്നു. ഞങ്ങൾ ദീർഘനേരം സംസാരിച്ചു പിരിഞ്ഞതിന്റെ ശേഷമേ ബിഷപ്പിനെ വിളിച്ചുള്ളൂ എന്നുള്ളതും അവർക്കും ഡയറക്ടറുടെ പേരിലുള്ള പരാതികളിലൊന്നായിരുന്നു.

സർവീസ് സൊസൈറ്റി കിടങ്ങൂർ ഹൈസ്ക്കൂൾ ആരംഭിച്ചു. അനുവാദമില്ലെങ്കിലും ബിഷപ്പിന്റെ സ്കൂളിലും ഫോർത്തുഫാറം ആരംഭിച്ചു. ഒരു ഹൈസ്ക്കൂളിനുതന്നെ കുട്ടികളെ കിട്ടാൻ വിഷമമുള്ള ആ സ്ഥലത്ത് രണ്ടു ഹൈസ്ക്കൂൾ ഒരുമിച്ച് ആരംഭിച്ചപ്പോൾ രണ്ടുകൂട്ടരും ഞെരുങ്ങേണ്ടിവന്നു. ക്രിസ്ത്യൻകുട്ടികളിൽ ഒന്നെങ്കിലും എൻ.എസ്.എസ്. സ്കൂളിൽ വന്നില്ലെങ്കിലും, ഹിന്ദുക്കളുടെ കൂട്ടത്തിൽനിന്നും പല വിദ്യാർത്ഥികളും ഫീസ് സൗജന്യത്തെ പ്രതീക്ഷിച്ച് അവരുടെ സ്കൂളിൽ ചെന്നു ചേരാതിരുന്നില്ല. ആ കൂട്ടത്തിൽ നായർ വിദ്യാർത്ഥികളും ഉണ്ടായിരുന്നു. അങ്ങിനെ സമുദായസംഘടനകളുടെ ശക്തിയും ശക്തിഹീനതയും പ്രത്യക്ഷത്തിൽതന്നെ ബോദ്ധ്യമാകാൻ സൗകര്യം കിട്ടി. സെന്റ് മേരിക്കാർ അനുവാദത്തിനു ദിവാൻജിയെ സമീപിച്ചു. അന്നത്തെ ദിവാൻ ഒരു കത്തോലിക്കനായ എം.ഇ. വാട്സായിരുന്നതിനാൽ ബിഷപ്പിന്റെ വാശി സാധിക്കാൻ വിഷമമുണ്ടായില്ല. അങ്ങനെ രണ്ടു സ്കൂളുകളും ഹൈസ്ക്കൂളായി. വിദ്യാഭ്യാസത്തിലെ താൽപര്യക്കൂടുതലും നേതൃത്വത്തോടുള്ള അനുസരണയുംകൊണ്ട്, എൻ.എസ്.എസ്. സ്കൂളിനേക്കാൾ സെന്റ് മേരീസ് സ്കൂൾ അഭിവൃദ്ധിയെ പ്രാപിക്കാനാണ് ന്യായമെന്ന് അനുഭവംകൊണ്ടും ബോദ്ധ്യപ്പെട്ടു. കുട്ടികളുടെ കുറവും കെട്ടിടംപണി പൂർത്തിയാക്കാനുള്ള വിഷമവുംകൊണ്ട് അംഗീകാരം കിട്ടാൻ വളരെ താമസിക്കേണ്ടിവന്നു. ഇപ്പോൾ അതും സാമാന്യം നല്ല ഒരു സ്കൂളായി നടന്നുവരുന്നു.

12. അടൂർ സംസ്കൃതഹൈസ്ക്കൂൾ

ഇത് സമാധിയടഞ്ഞ ദയാനന്ദസ്വാമികൾ സ്ഥാപിച്ചതാണ്. അദ്ദേഹം അടൂരുള്ള വടക്കേടത്തുകാവിൽ ഇരുപതിൽപരം ഏക്കർ വസ്തു സമ്പാദിക്കുകയും, അവിടെ ഏതാനും തെങ്ങിൻതയ്യും കുറെ റബ്ബറും വയ്ക്കുകയും ചെയ്തു. സാമാന്യം നല്ലതായ ഒരു കെട്ടിടം പണിയിച്ച് ഒരു സംസ്കൃതസ്കൂളും ആരംഭിച്ചു. കുട്ടികൾ കുറച്ചേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും അദ്ദേഹത്തിന്റെ ആഗ്രഹക്കൂടുതൽകൊണ്ട് അത് ഒരു സംസ്കൃതഹൈസ്ക്കൂളാക്കി. അദ്ദേഹത്തിനു പിൻഗാമികൾ ഇല്ലാതെയും, സഹായികൾ കുറവായും ഇരുന്നതുകൊണ്ട് കെട്ടിടം

കെട്ടിക്കാനും വസ്തു നന്നാക്കിക്കാനും സ്കൂൾ നടത്താനും അദ്ദേഹം വളരെ ക്ലേശിക്കേണ്ടിവന്നിട്ടുണ്ട്. പുസ്തകം എഴുതി പ്രസിദ്ധീകരിച്ചും, അത് കൊണ്ടുനടന്നു വിറ്റും, ചെറുതുകകൾ സംഭാവന വാങ്ങിയുമാണ് അദ്ദേഹം ഇത്രയും സാധിച്ചത്. മിക്കവാറും നാട്ടിൻപുറങ്ങളിൽ കാൽന ടയായി 'ഭിക്ഷാംദേഹി' എന്ന നിലയിൽ സഞ്ചരിച്ച് വളരെ ക്ലേശങ്ങൾ സഹിച്ചിട്ടുണ്ട്. അദ്ദേഹം മരണംവരെ മനുഷ്യസേവനം ചെയ്ത ഒരു മഹാ മനുഷ്യനാണ്.

മലയാളവിദ്യാഭ്യാസം ചെയ്ത് ഒരു ചെറിയ പരീക്ഷയും ജയിച്ച വൈക്കത്തുകാരനായ ഒരു നാരായണപിള്ളയായിരുന്നു ഇദ്ദേഹം. ചെറു പ്പത്തിൽതന്നെ ഇദ്ദേഹം ചങ്ങനാശ്ശേരി താലൂക്കിന്റെ കിഴക്കുഭാഗത്തുള്ള ചിറക്കടവിൽ ചെന്നെത്തി. ഹിന്ദുക്കൾ ധാരാളം തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണത്. അവിടെ അന്ന് പഴയ കളരിപോലും ചുരുക്കമായിരുന്ന തുകൊണ്ട് വിദ്യാഭ്യാസത്തിൽ വളരെ പിന്നണിയിൽ തള്ളപ്പെട്ട ഒരു നാടാ യിരുന്നു അത്. വൈക്കം നാരായണപിള്ള അവിടെ ഒരു കളരികെട്ടി, കിട്ടിയ കുട്ടികളെ പഠിപ്പിച്ചു തുടങ്ങി. ക്രമേണ അദ്ദേഹം ആ നാടിന്റെ ഒരു ഗുരുഭൂതനായിത്തീർന്നു. സ്വതേ ഒരു ഭക്തനായിരുന്ന അദ്ദേഹം ഈശ്വരഭജനത്തിൽ പ്രത്യേകം ഉത്സുകനായിരുന്നു. നാലുക്ലാസ്സുള്ള ഒരു സ്കൂളുണ്ടാക്കാൻ അദ്ദേഹം ശ്രമിച്ചു. ശിഷ്യന്മാരേയും, നാട്ടുകാരിൽ കിട്ടു ന്നവരേയും കൊണ്ടാണ് കെട്ടിടംപണിക്കുള്ള കല്ലു ചുമപ്പിച്ചത്. അദ്ദേ ഹവും ആ കൂട്ടത്തിൽ ചുമക്കുമായിരുന്നു. ഒരുവിധത്തിൽ കെട്ടിടം പൂർത്തി യാക്കിയെന്നു പറഞ്ഞാൽ കഴിഞ്ഞു. നാട്ടുകാരുടെ സഹകരണക്കുറവി നെപ്പറ്റി അദ്ദേഹം പലപ്പോഴും പരാതി പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം ഹെഡ്മാസ്റ്ററായിരുന്ന്, ഏതാനും കൊല്ലം ആ സ്കൂൾ നട ത്തി. അവിടുള്ളവർക്കു വിദ്യാഭ്യാസത്തിൽ താൽപര്യമുണ്ടാക്കുകയും ഒട്ടധികം യുവാക്കന്മാരെ എഴുത്തും വായനയും പഠിപ്പിക്കുകയും ചെയ്തത് അദ്ദേഹമാണ്. അദ്ദേഹം ക്രമേണ സന്ന്യാസത്തിലേക്കു നീങ്ങി ക്കൊണ്ടിരുന്നു. അതൃപ്തനും, കോപശീലനുമായിരുന്ന അദ്ദേഹം ചിറ ക്കടവു വിട്ട് മതപ്രചരണത്തിനായി സഞ്ചരിച്ചുതുടങ്ങി.

അക്കാലത്താണ് സദാനന്ദസ്വാമി കൊട്ടാരക്കര ആശ്രമം സ്ഥാപിച്ച് രാജ്യവ്യാപകമായ നിലയിൽ മതപ്രചരണം നടത്തിക്കൊണ്ടി രുന്നത്. വൈക്കം നാരായണപിള്ള, സദാനന്ദസ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ച് ദയാനന്ദസ്വാമിയാകുകയും, അദ്ദേഹവും ഒരുമിച്ച് സഞ്ചരി ക്കുകയും, കൊട്ടാരക്കര ആശ്രമത്തിൽ താമസമാക്കുകയും ചെയ്തു. അങ്ങനെ കുറേക്കാലം കഴിഞ്ഞു. അഭിപ്രായഭേദംകൊണ്ടാണോ എന്തോ അവിടെനിന്നും പിരിഞ്ഞ് സ്വന്തമായിത്തന്നെ ഒരു ആശ്രമം സ്ഥാപിച്ച് ഒരു 'ഗുരുപരമ്പര' ഉണ്ടാക്കാൻ തീരുമാനിച്ചു. പന്തളത്തുവന്ന് അവി ടുത്തെ പ്രമാണിയും ധനവാനുമായ പട്ടിരേത്തു ഗോവിന്ദക്കുറുപ്പിനെ കണ്ടു. ഭക്തനായ അദ്ദേഹം ഒരു ആശ്രമം ഉണ്ടാക്കിക്കൊടുത്തു. അവിടെ താമസിച്ചും സഞ്ചരിച്ചും കുറേക്കാലം മതപ്രചരണം നടത്തി. ഒടുവിലാണ് അടൂരെത്തി ഇരുപതേക്കർ വസ്തു സമ്പാദിച്ചതും, സ്വന്തം ആശ്രമം

സ്ഥാപിച്ചതും, സംസ്കൃതസ്കൂൾ തുടങ്ങിയതും. ശാരീരികമായി പറഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതം ആദ്യവസാനം ക്ലേശസമ്പൂർണ്ണമായിരുന്നു. ഒടുവിൽ അദ്ദേഹത്തിനു ക്ഷയരോഗം ബാധിച്ചു. കൂടെക്കൂടെ രക്തം ഛർദ്ദിക്കുമായിരുന്നു. ആ അവശനിലയിലും അത്യാവശ്യം വരുമ്പോൾ ഇറങ്ങി സഞ്ചരിക്കുമായിരുന്നു. അദ്ദേഹം ആഗ്രഹിച്ചതുപോലെ ശിഷ്യരേയോ പിന്തുടർച്ചക്കാരെയോ സൃഷ്ടിക്കാൻ സാധിച്ചില്ല. അദ്ദേഹത്തെ ശുശ്രൂഷിക്കാൻപോലും ഒരാൾ ഉണ്ടായിരുന്നില്ല.

രോഗവും ക്ഷീണവും വർദ്ധിക്കുംതോറും അദ്ദേഹത്തിനു നിരാശയും, ഈ സ്ഥാപനം നിലനിർത്തിക്കൊണ്ടുപോകാനുള്ള മാർഗ്ഗാന്വേഷണവും ഉണ്ടായി. ആരേയും, ഒരു സ്ഥാപനത്തേയും അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നില്ല. ബുദ്ധിമാനായ അദ്ദേഹം പല ആലോചനകളും അന്വേഷണങ്ങളും നടത്തിയശേഷം ഉള്ളതിൽഭേദം നായർ സർവീസ് സൊസൈറ്റിയാണെന്നു വിചാരിച്ചു. എന്നെക്കണ്ടു സംസാരിച്ചാൽ കൊള്ളാമെന്ന് ആൾ പറഞ്ഞയച്ചു. ഞങ്ങൾ വളരെ നാളായി പരിചിതന്മാരും, ഒട്ടൊക്കെ സ്നേഹിതന്മാരുമായിരുന്നെങ്കിലും, പല കാര്യത്തിലും അഭിപ്രായവൈരുദ്ധ്യമുള്ളവരായിരുന്നു. അദ്ദേഹവുമായുള്ള ഏർപ്പാടിൽ അസുഖമായി പിരിയേണ്ടിവരുമെന്ന് ഞാൻ ശങ്കിച്ചു. എങ്കിലും അദ്ദേഹം കിടപ്പിലാണെന്നറിഞ്ഞതുകൊണ്ട് പോയിക്കണ്ടു സംസാരിച്ചു. അദ്ദേഹത്തിന്റെ കാലശേഷം ഈ സ്ഥാപനം ഏറ്റെടുത്തു നടത്താനുള്ള വ്യവസ്ഥയിൽ വസ്തുവും സ്ഥാപനവും വിട്ടുതരാമെന്നു പറഞ്ഞു. വസ്തുവിൽനിന്ന് ആദായമൊന്നും പറയത്തക്കവണ്ണം കിട്ടാനില്ല. സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ തന്നെ ധനദൗർലഭ്യമുണ്ട്. അദ്ദേഹത്തെ ശുശ്രൂഷിക്കേണ്ട ഭാരവും വന്നുചേരും. അതിനുംപുറമേ കൃഷിവായ്പയുടെ പല തവണ കുടിശ്ശിക വന്നതുകൊണ്ട് ലേലനടപടിയിൽ ഇരിക്കുകയുമാണ്. ഒരു ക്രിസ്ത്യൻ ബാങ്കിന് അദ്ദേഹം കുറെ പണം കൊടുക്കാനുണ്ട്. ചില വിധിക്കടങ്ങളുമുണ്ട്. പണച്ചുരുക്കംകൊണ്ട്, ഉള്ള ചുമതലകൾതന്നെ വേണ്ടവണ്ണം നിർവഹിക്കാൻ കഴിയാതെ സർവീസ് സൊസൈറ്റി, ത്രാസ്സിൽ തൂങ്ങുന്ന അപകടസമ്പൂർണ്ണമായ ഈ ചുമതലകൾ ഏറ്റെടുക്കുന്നത് ശരിയോ എന്നും, അസുഖവും അസംതൃപ്തിയുംകൊണ്ട് അവിശ്വാസവും, കോപവും വർദ്ധിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അവസാന ശുശ്രൂഷകൾ തൃപ്തികരമായി നടത്താൻ സാധിക്കുമോ എന്നും, ദീർഘകാലം സമുദായസേവനം ചെയ്ത സ്വാമികളുടെ അവസാനകാലത്തെ ആഗ്രഹം നിരാകരിക്കുന്നത് ഒരു സമുദായസ്ഥാപനത്തിന്റെ നിലയിൽ ഉചിതമാണോ എന്നും മറ്റുമുള്ള ചിന്താഗതികൾക്കു വിധേയനായി ഞാൻ വിഷമിച്ചു. എങ്കിലും, ഒടുവിൽ അദ്ദേഹത്തിന്റെ ഹിതാനുസരണം ചുമതലകൾ ഏറ്റെടുക്കാൻതന്നെ തീരുമാനിച്ചു. ആധാരം നക്കൽ തയ്യാറാക്കി. വ്യവസ്ഥകൾ തിരുകിക്കേറ്റുന്നതിൽനിന്നും അദ്ദേഹത്തിന്റെ അപ്പോഴുള്ള അവിശ്വാസം പ്രകടമായി കാണാമായിരുന്നു. സ്വാമിയുമായി യോജിച്ചുപൊകാൻ കഴിയാതെവരുമെന്ന് എന്റെ സ്നേഹിതന്മാരിൽ പലരും അപ്പോഴും ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടുമിരുന്നു. ആധാരം രജിസ്റ്റർചെയ്തശേഷം ഒരു പൊതുയോഗം കൂടി ചുമ

തലകൾ ഏല്പിക്കാമെന്നാണ് അദ്ദേഹത്തിന്റെ വ്യവസ്ഥ. ദിവസം സമീപിച്ചപ്പോൾ മള്ളൂർ ഗോവിന്ദപ്പിള്ളവേണം അദ്ധ്യക്ഷനാകാൻ എന്നു പറഞ്ഞുതുടങ്ങി. മള്ളൂരും സർവീസ് സൊസൈറ്റിയുമായി അന്ന് അത്ര സുഖമുള്ള കാലമല്ലായിരുന്നു. എങ്കിലും സ്വാമിയുടെ താൽപര്യമനുസരിച്ച് ഞാൻ പോയി ക്ഷണിച്ചു. അദ്ദേഹം ക്ഷണം സ്വീകരിച്ചു. യോഗത്തീയതി നിശ്ചയിച്ച് നോട്ടീസും പരസ്യവും ചെയ്തു. ആധാരം രജിസ്റ്റർ ആക്കാനും, യോഗം കൂട്ടാനും നിശ്ചയിച്ച ദിവസത്തിന്റെ തലേദിവസം രാത്രി ആധാരം അസ്സലാക്കാൻ തുടങ്ങിയപ്പോൾ വീണ്ടും ഒരു തിരുത്തൽ വേണമെന്ന് സ്വാമികൾ ആവശ്യപ്പെട്ടു. അത് സർവീസ് സൊസൈറ്റിയുടെ അഭിമാനത്തെ ബാധിക്കുന്ന ഒന്നാണെന്ന് എനിക്കു തോന്നി. ദീനക്കാരനായ സ്വാമിയോട് വാദപ്രതിവാദം ചെയ്യുന്നതിനും, തിരുത്തു സമ്മതിക്കുന്നതിനും ഞാൻ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ ഈ മാറ്റം ദുസ്സഹമായി തോന്നിയെങ്കിലും, പരസ്യമായ ഒരു കാര്യം നടത്താൻ കഴിയാതെ പിണങ്ങിപ്പിരിഞ്ഞു എന്നു വരുന്നതിലുള്ള അഭിമാനക്ഷയം കൊണ്ട് ആ തിരുത്തും സ്വീകരിച്ച് പ്രമാണം അസ്സൽ ആക്കുകയും, പിറ്റേദിവസം മള്ളൂരിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗസമക്ഷം രജിസ്റ്റർചെയ്ത് ആധാരം സർവീസ് സൊസൈറ്റിയെ ഏൽപിക്കുകയും ചെയ്തു. അത് 1111-ലാണ്. അതിന്റെശേഷവും ഏറ്റുമുട്ടലും അഭിപ്രായ ഭേദവും വരാതിരിക്കാൻവേണ്ടി അദ്ദേഹത്തിന്റെ അഭിപ്രായംപോലെ ഭരണം നടത്തത്തക്കവണ്ണം ഞങ്ങൾ ഒഴിഞ്ഞുമാറിനിന്നു. ദീനശുശ്രൂഷയ്ക്ക് കഴിവുള്ളതു ചെയ്തുകൊണ്ടുമിരുന്നു. എന്നാൽ അധികനാൾ അദ്ദേഹത്തിനു ജീവിച്ചിരിക്കാൻ സാധിച്ചില്ല. ക്രമേണ ദീനം അധികമായി. ഞാൻ ഒരു പരിപാടിയനുസരിച്ച് വടക്കൻപ്രദേശത്തു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ സ്വാമികൾക്കു സുഖക്കേട് അധികമാണെന്നറിഞ്ഞ് ഉടനെ അവിടെ ചെന്നെത്തി. അധികം താമസിയാതെ അദ്ദേഹം സമാധിയടഞ്ഞു. അദ്ദേഹത്തിന്റെ ആവശ്യത്തിന് ഒടുവിൽ ഞാൻ ഏല്പിച്ച രൂപയിൽ അഞ്ചുരൂപാ തലയിണയുടെ അടിയിൽ ഇരിപ്പുണ്ടായിരുന്നു. നാട്ടുകാരെല്ലാം വന്നെത്തി. ചില സന്ന്യാസിമാരെ വരുത്തി വിധിപ്രകാരമുള്ള കർമ്മങ്ങളെല്ലാം നടത്തി. ആ സ്ഥലത്തുതന്നെ ഒരു പ്രധാനഭാഗത്ത് സമാധി ഇരുത്തി. അവിടെ ഇന്നും നിത്യവിളക്കുവയ്പും, കൊല്ലംതോറും സമാധിദിനാചരണവും, ധർമ്മക്കഞ്ഞിയും, പൊതുയോഗവും മുടങ്ങാതെ നടത്തിവരുന്നു. ഇപ്പോൾ അവിടെ ഒരു സമാധിപീഠം കെട്ടിപ്പടുത്തുയർത്തിയിട്ടുണ്ട്. നിത്യപൂജയുണ്ട്. അന്നത്തെ സംസ്കൃത ഹൈസ്ക്കൂൾ ഇപ്പോൾ ഒരു ഹൈസ്ക്കൂളായി ഒരുവിധം ഭംഗിയിൽ നടന്നുവരുന്നു. പുതിയ കെട്ടിടങ്ങളും ചിലതു തീർന്നിട്ടുണ്ട്.

13. ശാസ്തമംഗലം ഹൈസ്ക്കൂൾ

തിരുവനന്തപുരം ടൗണിന്റെ കിഴക്കുഭാഗത്ത് നായർപ്രമാണികളുടെ സങ്കേതമെന്നു പറയാവുന്ന ഭംഗിയും, സുഖവുമുള്ള ഒരു പ്രദേശമാണ് ശാസ്തമംഗലം. അവിടെ 15 കൊല്ലങ്ങൾക്കുമുമ്പ് ഡോക്ടർ രാമൻതമ്പി, സി.പി. ഗോപാലപ്പണിക്കർ മുതലായ പ്രമാണികൾ ചേർന്ന്

രാജാകേശവദാസന്റെ സ്മാരകമായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളിലെ പ്രാരംഭക്ലാസ് ആരംഭിച്ചു. ഒരു വീട് വാടകയ്ക്കെടുത്ത് അതിലാണ് ആരംഭിച്ചത്. ആദ്യം സി.പി. ഗോപാലപ്പണിക്കരും, പിന്നീട് ഡോക്ടർ രാമൻതമ്പിയുമായിരുന്നു മാനേജർമാർ. സ്വന്തം സ്ഥലമോ, ആവശ്യമുള്ള സാധനസാമഗ്രിയോ, വേണ്ടിടത്തോളം കുട്ടികളോ ഇല്ലാതെ സ്കൂൾ എന്ന പേരിൽ ഏതാനുംകൊല്ലം നടന്നു. സ്കൂളിന് സ്വന്തമായി ഒരുസെന്റു സ്ഥലംപോലും ഇല്ലാതിരുന്നതിനാൽ ഒരു ക്ലാസ്സിനും അംഗീകാരം കിട്ടിയിരുന്നില്ല. ശാസ്തമംഗലം റോഡുവക്കിൽ ലക്ഷ്മീവിലാസം ബംഗ്ലാവിൽ മീനാക്ഷിപ്പിള്ള തങ്കച്ചിക്ക് രണ്ടേക്കറോളം വിസ്തീർണ്ണംവരുന്ന ഒരു പറമ്പുണ്ടായിരുന്നു. അത്യാവശ്യംവേണ്ട സ്കൂൾകെട്ടിടം വച്ചുകൊള്ളാനുള്ള വ്യവസ്ഥയിൽ സ്കൂൾ കമ്മറ്റി ആ സ്ഥലം ഏതാനും കൊല്ലത്തേക്കു പാട്ടം എഴുതി വാങ്ങുകയും, ഒരു ഷെഡ്ഡുകെട്ടി സ്കൂൾ അങ്ങോട്ടു മാറ്റുകയും ചെയ്തു. അടുത്തവർഷത്തിലെ കാറ്റത്തും മഴയത്തും ആ ഷെഡ്ഡ് താഴെ വീണു. വീണ്ടും ഓലമേഞ്ഞ ഒരു കെട്ടിടമുണ്ടാക്കി, പേരിനു പിന്നെയും നടത്തിക്കൊണ്ടിരുന്നു. അത് ഒരു പൂർണ്ണ മിഡിൽസ്കൂളായെങ്കിലും, സ്വന്തം സ്ഥലവും കെട്ടിടവും ഇല്ലാത്തതുകൊണ്ടും, ഉണ്ടാക്കാൻ ചുമതലക്കാരില്ലാത്തതുകൊണ്ടും എപ്പോൾ നിന്നുപോകുമെന്നുള്ള ശങ്കയിലാണ് സ്കൂൾ നടന്നുകൊണ്ടിരുന്നത്. ഈ രാജ്യം മുഴുവൻ ബഹുമാനപൂർവം സ്മരിക്കുന്ന - വിശേഷിച്ച് നായന്മാരുടെ ആരാധനാപാത്രമായ - കേശവദാസന്റെ സ്മാരകം പണക്കാരും പ്രമാണികളുമായ ഒട്ടധികം നായന്മാരുടെ സങ്കേതസ്ഥലത്ത്, അവരിൽ ഒരാൾ വിചാരിച്ചാൽ സാധിക്കാവുന്ന ഒരു മിഡിൽ സ്കൂളിന്റെ കാര്യമാണിത്. അതുപോലും എട്ടൊൻപതു നീണ്ട കൊല്ലങ്ങൾ കഴിഞ്ഞിട്ടും ഒരു ക്ലാസ്സിനെങ്കിലും അംഗീകാരം കിട്ടാൻതക്ക നിലയിൽ ആക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് അവിടുത്തെ നായന്മാരുടെ പൊതുപ്രവർത്തനാസക്തിക്കും, നേതൃത്വഭക്തിക്കും എന്നാളും നിലനിൽക്കുന്ന മകുടോദാഹരണമാണ്. സ്വന്തം മടിശ്ശീലയോടുള്ള പ്രേമംകൊണ്ട് സ്കൂൾ നിലനിർത്തണമെന്നു വിചാരിക്കാനോ, കേശവദാസനെ ഓർക്കുമ്പോൾ സ്കൂൾ നിർത്താനോ ശേഷിയില്ലാതെ കുഴങ്ങി. ആരുടെയെങ്കിലും തലയിൽ കെട്ടിവച്ച് സ്വന്തം അപരാധത്തിൽനിന്നും രക്ഷപ്പെടാമെന്നു കരുതി, ഡോക്ടർ രാമൻതമ്പി ആ സ്കൂൾ ഏറ്റെടുക്കാൻ പല പ്രാവശ്യം എന്നോടാവശ്യപ്പെട്ടു. സർവീസ് സൊസൈറ്റിയുടെ ശേഷിക്കുറവിനും പുറമേ, വിദ്യാസമ്പന്നരായ ഡോക്ടർ രാമൻതമ്പിയെപ്പോലുള്ള അനവധി മാന്യന്മാർ പാർക്കുന്നതും അവർ നടത്തിവരുന്നതുമായ സ്കൂൾ അവർതന്നെ കൈവെടിയുന്നതിലുള്ള പ്രതിഷേധവും എനിക്കുണ്ടായിരുന്നു. അതുകൊണ്ട് അത് ഏറ്റെടുക്കുന്നത് തെറ്റാണെന്നു തോന്നാതിരുന്നില്ല.

സ്കൂൾ നിന്നുപോകുന്ന ഘട്ടത്തിലെത്തി. അപ്പോഴത്തെ എൻ. എസ്.എസ്. വിദ്യാഭ്യാസ കമ്മീഷണർ കളത്തിൽ വേലായുധൻ നായരായിരുന്നു. ഡോക്ടർ രാമൻ തമ്പി അദ്ദേഹത്തെ സമീപിച്ച്, അത് ഏറ്റെടുക്കണമെന്നു പറഞ്ഞു. കേശവദാസനെപ്പറ്റിയുള്ള സ്മരണയും, സ്കൂൾ നിന്നുപോയാൽ സമുദായത്തിനുണ്ടാകാവുന്ന അപമാനവും ഡോക്ടർ

തമ്പിയോടുള്ള ബഹുമാനവുംകൊണ്ട്, അദ്ദേഹം അത് ഏറ്റെടുക്കാമെന്ന് ഒരുവിധം സമ്മതിച്ചുകൊണ്ട് ഡയറക്ടർ ബോർഡിൽവന്നു വിവരം ധരിപ്പിച്ചു. ഞാൻ അതിലെ വൈഷമ്യങ്ങളും തെറ്റുമെല്ലാം ചൂണ്ടിക്കാണിച്ചെങ്കിലും ഒടുവിൽ, ഏറ്റ മുറയ്ക്ക് വാങ്ങാൻ അനുവദിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയാണ് ചെയ്തത്. ബോർഡിന്റെ അനുവാദപ്രകാരം മാനേജ്മെന്റ് കൈമാറിവാങ്ങി. വസ്തുവിന്മേൽ ഒരവകാശവുമില്ലെങ്കിലും ആവശ്യമുള്ള പുതിയ കെട്ടിടംപണി ആരംഭിക്കുകയും ഫോർത്ത് ഫോറം തുടങ്ങുകയും ചെയ്തു. ഉള്ള കെട്ടിടങ്ങളുടെ അറ്റകുറ്റം തീർത്തു. രണ്ടു പുതിയ കെട്ടിടങ്ങൾ പൂർത്തിയാക്കി. കുട്ടികൾ ധാരാളം വന്നുചേർന്നു. സ്കൂളിനു നല്ല പേരുണ്ടായി. അപ്പോൾ സ്ഥലം ഒഴിഞ്ഞുകൊടുക്കാൻ ഉടമസ്ഥയായ തങ്കച്ചി നോട്ടീസയച്ചു. ഒടുവിൽ 25000 രൂപായ്ക്ക് ആ സ്ഥലം മുഴുവൻ സർവീസ് സൊസൈറ്റി തീറെഴുതിവാങ്ങി. പുതിയ കെട്ടിടങ്ങൾക്ക് 20000 രൂപയ്ക്കുമേൽ ചെലവുവന്നു. ഇതെല്ലാം സർവീസ് സൊസൈറ്റിയുടെ കയ്യിൽനിന്നാണ് ചെലവുചെയ്തത്. ഇത്രയൊക്കെ ആയിട്ടും അവിടുള്ളവരിൽ പറയത്തക്ക യാതൊരു ഭാവഭേദവുമുണ്ടായില്ല. സഹകരണത്തെപ്പറ്റി ചിന്തിക്കപോലും ചെയ്തില്ല. അതൊരു നല്ല ഹൈസ്ക്കൂളായി നടത്തണമെങ്കിൽ ഇനിയും അൻപതിനായിരം രൂപാകൂടി മുടക്കേണ്ടതായിട്ടാണിരിക്കുന്നത്. അടുത്ത വസ്തു പൊന്നിൻവില കൊടുത്തെടുക്കാൻ അനുവദിച്ചു. അതിന് പതിനായിരം രൂപയോളം മുടക്കുവരും. കേശവദാസന്റെ സ്മാരകമുണ്ടാക്കാൻ അവിടുള്ളവർ ആഗ്രഹിച്ചു തുടങ്ങിയിട്ട് പത്തുമുപ്പതുകൊല്ലം കഴിഞ്ഞു. അതിനുവേണ്ടി ഒരു സംഘവുമുണ്ടാക്കി, ഫണ്ടു ശേഖരിക്കുകയാണ് അവരുടെ ഇപ്പോഴുള്ള ജോലി. നായർ സർവീസ് സൊസൈറ്റി നടത്തുന്ന നായർസമ്മേളനങ്ങളിൽവന്ന് ടിക്കറ്റു വച്ച് പ്രഹസനം നടത്തും. അങ്ങനെ കുറെ പണമുണ്ടാക്കി. ആ പണം കൊടുത്ത് കേശവദാസസ്മാരകത്തിനായി തിരുവനന്തപുരത്ത് ഒരു വസ്തു വാങ്ങിയിട്ടുണ്ട്. ആ സംഘത്തിന്റെ സെക്രട്ടറി റിട്ടയാർഡ് ഗവണ്മെന്റ് സെക്രട്ടറി പി. ബാലകൃഷ്ണപിള്ള എം.എ. ആണ്. ഒരു പ്രവർത്തനവും പണപ്പിരിവുപോലും ഇല്ലാതായിട്ടും വളരെ നാളായി. അംഗങ്ങൾ ആരെങ്കിലും ഉണ്ടോ എന്നും അറിഞ്ഞുകൂടാ. ഒരു സ്മാരകവും ഉണ്ടാക്കാൻ അവർക്കു കഴിയുമെന്നും തോന്നുന്നില്ല. ബാലകൃഷ്ണപിള്ളകൂടി ഉൾപ്പെട്ടാണ് കേശവദാസ സ്മാരക സ്കൂൾ നടത്തിവരുന്നതും. നശിക്കാൻപോയ സ്കൂളിനെ ഏറ്റെടുക്കുകയും അവർ ആശിച്ചതിലും വലുതായ ഒരു ഹൈസ്ക്കൂളെങ്കിലും കേശവദാസന്റെ സ്മാരകമായി എന്നാളും നിലനിൽക്കത്തക്കവണ്ണം ഏറ്റെടുത്തു നടത്തുകയും ചെയ്യുന്നതു കണ്ടിട്ടും, ബാലകൃഷ്ണപിള്ളയുടെ കൈവശം അവശേഷിച്ചിട്ടുള്ള ഈ ചെറിയ സ്വത്തുപോലും ഈ സ്മാരകസ്ഥാപന പൂർത്തീകരണത്തിനു വിട്ടുകൊടുക്കാനുള്ള സന്മനസ്സുണ്ടാകാത്തതാണ് അത്ഭുതം.

ഈ സ്കൂളിനെ സംബന്ധിച്ച് ഇപ്പോഴും ദുർഘടനില നീങ്ങിയെന്നു പറയാറായിട്ടില്ല. പുലിവാലിൽ പിടിച്ച ഭീതിയിൽ സർവീസ് സൊസൈറ്റി ഇന്നും കഴിഞ്ഞുകൂടുകയാണ്. നായർസമുദായവും രാജ്യവാസികളും എന്നും കൃതജ്ഞതാപൂർവം സ്മരിക്കേണ്ട രാജാ

കേശവദാസൻ മരിച്ചിട്ട് ഒന്നര ശതാബ്ദം കഴിഞ്ഞിട്ടും ആരും ഇതുവരെ ഒരു സ്മാരകവും ഉണ്ടാക്കാൻ കാര്യമായി ഒരു ശ്രമംപോലും ചെയ്തി ല്ലെന്നുള്ളത് നമ്മെ ലജ്ജിപ്പിക്കുന്ന ഒരു വസ്തുതയാണ്. അതിന് ഒരു ചെറിയ പരിഹാരമുണ്ടാക്കാൻ ശ്രമിച്ചു എന്നുള്ള കൃതകൃത്യതയ്ക്ക് സർവീസ് സൊസൈറ്റിക്ക് അവകാശമുണ്ട്. എൻ.എസ്.എസ്സിന്റെ സ്കൂൾപണിയെ സഹായിക്കാൻ ബാലകൃഷ്ണപിള്ള എം.എ. ഉൾപ്പെടെ അവിടെ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. അവിടുത്തെ ഹെഡ്മാസ്റ്ററായി രുന്ന കെ.ആർ. നാരായണൻ നായരായിരുന്നു അതിന്റെ കൺവീനർ. വളരെ കുറച്ചു സമയംകൊണ്ട് ആ നാട്ടുകാരുടെ എല്ലാം സമ്മതി സമ്പാ ദിച്ച യോഗ്യനായ ഒരു ഹെഡ്മാസ്റ്ററായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ക്ഷമയും ക്ലേശവുംകൊണ്ടാണ് അവിടുള്ളവരിൽനിന്നും രണ്ടുനാലായിരം രൂപ പിരിഞ്ഞുകിട്ടാൻ ഇടയായതെന്ന് ഇവരിൽത്തന്നെ ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. സംഭാവന ചെയ്ത് സഹായിച്ചവരിൽ പ്രമാണി സി.പി. ഗോപാ ലപ്പണിക്കരാണെന്നും അറിയാൻ കഴിഞ്ഞു. അതിൽ എനിക്കു കൂടുതൽ സന്തോഷമുണ്ട്.

കാലതാമസം കൂടാതെ അവിടുത്തെ ബാക്കി ജോലിയും പൂർത്തിയായി, കേശവദാസന്റെ മഹിമയ്ക്കു തക്ക ഒരു സ്ഥാപനമായി ത്തീരുമെന്നു വിശ്വസിക്കാം. അതിനോടുകൂടി സർവീസ് സൊസൈറ്റി യുടെ ബാദ്ധ്യതകളിൽ ഒന്നുകൂടി നിർവഹിച്ചു എന്ന് സമുദായം തൃപ്തി പ്പെടുന്നതാണ്.

14. കുന്നന്താനം ഹൈസ്ക്കൂൾ

തിരുവല്ലാ ടൗണിൽനിന്ന് നാലഞ്ചുമൈൽ കിഴക്കുള്ള ഒരു ഗ്രാമ പ്രദേശമാണ് കുന്നന്താനം. ധാരാളം നായന്മാരുള്ള ദിക്കാണ്. അതിന ടുത്ത് മുരണി ഗോവിന്ദപ്പിള്ള എന്ന് പ്രസിദ്ധനായ ഒരു മുൻസിഫ് കോർട്ടു വക്കീൽ ഉണ്ടായിരുന്നു. അദ്ദേഹം മരിച്ചിട്ടു പത്തിരുപതുകൊല്ലം കഴിഞ്ഞു. തിരുവല്ലാ ടൗണിലും കിഴക്കൻ പ്രദേശത്തും നല്ല സ്വാധീന മുള്ള ഒരു ബഹുമാന്യവ്യക്തിയായിരുന്നു അദ്ദേഹം. ഉൽപതിഷ്ണുവായി രുന്ന അദ്ദേഹമാണ് മരുമക്കത്തായികളായ നായന്മാർക്കു മക്കത്തായം ആവശ്യമാണെന്നും അതിന് ഒരു നിയമമുണ്ടാക്കണമെന്നും ആദ്യമായി ശ്രീമൂലം പ്രജാസഭയിൽ പറഞ്ഞത്. അദ്ദേഹത്തിന്റെ അകാല ദേഹവി യോഗത്തിനു ശേഷം, അദ്ദേഹത്തിന്റെ അനന്തിരവനും അഡ്വക്കേറ്റുമായ മുരണി ശങ്കരനാരായണപിള്ളയും കുന്നന്താനത്തെ ചില പ്രമാണികളും ചേർന്ന് മുരണി ഗോവിന്ദപ്പിള്ള സ്മാരകം എന്ന പേരിൽ അവിടെ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ചു. അതിന്റെ ഉടമസ്ഥനും മാനേജരും ശങ്കരനാരായണപിള്ളയായിരുന്നു. ആ സ്കൂളിന്റെ അഭിവൃദ്ധിക്കും സ്ഥിരമായ നടത്തിപ്പിനും കൂടുതൽ സൗകര്യം. നായർ സർവീസ് സൊസൈറ്റിയെ ഏല്പിക്കയാണെന്ന് അദ്ദേഹത്തിനു തോന്നി. 1096-ൽ സ്ഥാപിച്ച ആ സ്കൂൾ 1105-ൽ ഒരു ദാനാധാരം മൂലം എൻ.എസ്.എസ്സിന് ഏല്പിച്ചുകൊടുത്തു. അതിന്റെ നടത്തിപ്പിന് ആദികാലത്ത് ചില ബുദ്ധിമുട്ടുകളെല്ലാം ഉണ്ടായെങ്കിലും ക്രമേണ അത് നന്നായി വന്നു.

പല പുതിയ കെട്ടിടങ്ങൾ കെട്ടുകയും ഒരു ഹൈസ്ക്കൂളാക്കിത്തീർക്കയും ചെയ്തു. ഇപ്പോൾ അത് എൻ.എസ്സ്.എസ്സിന്റെ നല്ല സ്കൂളുകളിൽ ഒന്നായി തീർന്നിട്ടുണ്ട്.

15. വായ്പൂർ ഹൈസ്ക്കൂൾ

കല്ലൂപ്പാറയുടെ വടക്കു കിഴക്കുഭാഗത്ത് നായന്മാർക്ക് വളരെ പ്രാമാണ്യമുള്ള ഒരു പ്രദേശമാണ് വായ്പൂർ. അവിടുത്തെ ചിറ്റേട്ടുവീട്ടിലെ കൃഷ്ണപിള്ള (ആശാൻ) എന്നയാൾ നല്ല ധനികനായിരുന്നു. അദ്ദേഹം സ്വന്തം നിലയിൽ സ്ഥാപിച്ചതാണ് ഈ ഇംഗ്ലീഷ് മിഡിൽ സ്കൂൾ. നല്ല ഒരു കെട്ടിടം കെട്ടിത്തീർക്കുകയും രണ്ടുക്ലാസ്സ് ആരംഭിക്കുകയും ചെയ്തു. അത് 1104-ൽ തന്നെ അദ്ദേഹം എൻ.എസ്സ്.എസ്സിനു ദാനമായി എഴുതിക്കൊടുത്തു. ഇപ്പോൾ വലിയ കെട്ടിടങ്ങൾ ചിലതെല്ലാം കൂടി ഉണ്ടാക്കി അഭിവൃദ്ധിയിൽ ഇരിക്കുന്ന നല്ല ഒരു ഹൈസ്ക്കൂളായിത്തീർന്നിട്ടുണ്ട്. വിദ്യാഭ്യാസത്തിനു പറയത്തക്ക സൗകര്യമില്ലായിരുന്ന ആ മലനാട്ടിൽ ഈ വിദ്യാശാലനിമിത്തം ഇംഗ്ലീഷ് വിദ്യാഭ്യാസമി ല്ലാത്ത ഒരാണും പെണ്ണും ഇല്ലെന്നുള്ള നിലയിൽ ആയിതീർന്നിട്ടുണ്ട്. ആ സ്കൂൾ സ്ഥാപകനായ ആശാൻ ദിവംഗതനായെങ്കിലും ആ നാട്ടുകാരുടെ ശാശ്വത സ്മരണയ്ക്ക് അവകാശിയായി അദ്ദേഹം ഇന്നും നമ്മുടെ മുമ്പിൽ നില്ക്കുന്നതുപോലെ തോന്നുന്നു. ഇദ്ദേഹം മുരണി ഗോവിന്ദപ്പിള്ളയുടെ അടുത്ത ബന്ധുക്കളിൽപ്പെട്ട ഒരുവനുമാണ്.

16. കാവാലം ഹൈസ്ക്കൂൾ

സുപ്രസിദ്ധനായ കെ.എം. പണിക്കരുടെ ജന്മദേശമാണ് കാവാലം അമ്പലപ്പുഴത്താലൂക്കിന്റെ വടക്കു കിഴക്കെ അറ്റത്തു വേമ്പനാട്ടു കായലിനോടു തൊട്ടുകിടക്കുന്ന ഒരു കുട്ടനാടൻ പ്രദേശമാണ്. കായലിന് അതിരുവരമ്പിട്ടും വെള്ളം വറ്റിച്ചും ആദ്യമായി നെൽക്കൃഷി ചെയ്തത് കാവാലത്തും, കെ.എം. പണിക്കരുടെ വലിയ കാരണവരായ ചാലയിൽ കേശവപ്പണിക്കരുമാണ്. അദ്ദേഹത്തിന്റെ അനന്തിരവനും വലിയ കായൽകൃഷിക്കാരനുമായിരുന്ന മരിച്ചുപോയ രാമകൃഷ്ണപ്പണിക്കരായിരുന്നു കെ.എം. പണിക്കരുടെ നേരെ അമ്മാവൻ. കൃഷികൊണ്ടു പ്രഭൃത്വം സമ്പാദിച്ച ഒരു ഭവനമാണ് ചാല. കൃഷിക്കാരനായ രാമകൃഷ്ണപ്പണിക്കർ തന്റെ അനന്തിരവൻ കെ.എം. പണിക്കരേയും അദ്ദേഹത്തിന്റെ മൂത്തസഹോദരൻ ഡോക്ടർ കെ.പി. പണിക്കരേയും ഒരുമിച്ച് ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്കയച്ച പരിഷ്കൃതനായിരുന്നു. അക്കാലത്ത് അസാധാരണമായ ഒരു പ്രവൃത്തിയായിരുന്നു അത്.

ഞാൻ രാമകൃഷ്ണപ്പണിക്കരാശാനെ സമീപിച്ച് കാവാലത്ത് എൻ.എസ്സ്.എസ്സ്. വക ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഉണ്ടാക്കുന്നകാര്യം പറഞ്ഞു. അദ്ദേഹം ആദ്യം വഴിപ്പെട്ടില്ലെങ്കിലും, അയൽപക്കക്കാരനായ കുഴിപ്പള്ളി പത്മനാഭൻനായർ എന്നൊരു സമുദായസ്നേഹിയുടെ നിരന്തരപ്രേരണകൊണ്ട് അത്യാവശ്യംവേണ്ട വസ്തു ആശാൻ

എൻ.എസ്സ്.എസ്സിനു എഴുതിക്കൊടുക്കുകയും സ്വന്തം പണം ചെലവു ചെയ്ത് എൺപതടി നീളത്തിൽ ഒന്നാംതരം ഒരു കെട്ടിടം പണിയിച്ചുതരി കയും ചെയ്തു. അനു വാദത്തിനപേക്ഷിച്ചപ്പോൾ അടുത്തു പടിഞ്ഞാറു വശത്തുള്ള കത്തോലിക്കാപ്പള്ളിമുറ്റത്ത് അവരും ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളിന് അപേക്ഷിച്ചു. രണ്ടുനാഴിക ദൂരമുള്ള പുളിങ്കുന്നിൽ കത്തോലി ക്കർക്ക് മുമ്പേതന്നെ ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂൾ ഉണ്ടെങ്കിലും, പ്രൈവറ്റ് വിദ്യാലയം മുഴുവൻ കഴിവുള്ളിട ത്തോളം അവരുടെ അധീനതയിൽ ഇരിക്കണമെന്നുള്ള "പള്ളിധർമ്മം" അനുസരിച്ച് ഈ പുതിയ സ്കൂളിന പേക്ഷിച്ചതാണ്. എൻ.എസ്സ്.എസ്സിനു അനുവാദം കിട്ടുകയും സ്കൂൾ തുടങ്ങുകയും ചെയ്തു. സാമീപ്യംകൊണ്ട് അനുവാദം കിട്ടാതിരുന്നപള്ളി സ്കൂളിലും അനുവാദം കൂടാതെതന്നെ സ്കൂൾ ആരംഭിച്ചു. വെള്ളക്കെ ട്ടുള്ളതും അവിടവിടെ പാർപ്പുള്ളതുമായ ആ പ്രദേശത്ത് ഒരു സ്കൂളി നുതന്നെയും കുട്ടികൾ മതിയാകയില്ലായിരുന്നു. അതുകൊണ്ട് രണ്ടു സ്കൂളും മരണസ്മരണയോടുകൂടി നടത്താനേ സാധിച്ചുള്ളൂ. അനുവാ ദവും അംഗീകാരവുമില്ലാതെ തന്നെ പള്ളി സ്കൂൾ ഏതാനും കൊല്ലം നടത്തി. ഒടുവിൽ എം.ഇ. വാട്സ് ദിവാൻജിയായിവന്നപ്പോൾ ബിഷ പ്പൻമാരുടെ പ്രേരണനിമിത്തം ആ സ്കൂളിനും അംഗീകാരം ലഭിച്ചു. അത് ഇപ്പോഴും ഒരു മിഡിൽ സ്കൂളായി നടക്കുന്നുണ്ട്.

ഫീസുകൊണ്ട് ശമ്പളം കൊടുക്കാൻമതിയാകാതിരുന്നിട്ടും എൻ.എസ്സ്.എസ്സ്. സ്കൂളും അല്പാല്പ മായിട്ടെങ്കിലും പുരോഗമിച്ചു കൊണ്ടിരുന്നു. ഞെരുക്കമാണെങ്കിലും ആ സ്കൂളിന്റെ നിലനില്പിന്, അതിനെ ഒരു ഹൈസ്ക്കൂൾ ആക്കുകയല്ലാതെ വേറെ മാർഗ്ഗമില്ലെന്നു തീർച്ചപ്പെട്ടു. അതിശ്രമം ചെയ്യുന്ന നയകോവിദനായ തലവടി പരമേ ശ്വരൻ പിള്ളയെ അവിടുത്തെ ഹെഡ്മാസ്റ്ററായി നിയമിച്ചു. അദ്ദേഹ ത്തിന്റെ ഉൽസാഹവും ക്ലേശസമ്പൂർണ്ണമായ ജീവിതവുംകൊണ്ട് നാട്ടുകാരുടേയും രാമകൃഷ്ണപ്പണിക്കരുടേയും സ്നേഹവിശ്വാസങ്ങളും കൂടുതൽ വസ്തു ക്കളും സമ്പാദിക്കാനും കെട്ടിടങ്ങൾ ഉണ്ടാക്കിക്കാനും ഹൈസ്ക്കൂളിന് അനുവാദം വാങ്ങാനും സാധിച്ചു. ഇന്ന് ഈത് ഒരു പൂർണ്ണ ഹൈസ്ക്കൂളാണ്. ഹൈസ്ക്കൂളിന്റെ സമ്പൂർത്തിക്കുവേണ്ടി കാവാലം നാട്ടുകാരും ഡോക്ടർ പണിക്കരും വലിയ സംഖ്യ സംഭാവന ചെയ്തു. കാരണവരുടെ ദേഹവിയോഗത്തിനുശേഷം ഡോക്ടർ പണിക്കർതന്നെ അയ്യായിരം രൂപാ സ്വന്തം നിലയിൽ സംഭാവനചെയ്തു. അശ്വനിദേവത കളെപ്പോലെ സാഹോദര്യം പുലർത്തുന്ന ആ സഹോദരന്മാരുടെ ഭാര്യ മാരും സഹോദരിയും പ്രത്യേകം പ്രത്യേകം നല്ല സംഖ്യ സംഭാവന ചെയ്തു സഹായിച്ചു. ആ സ്കൂളിന്റെ രജതജൂബിലി കഴിഞ്ഞ കൊല്ല ത്തിൽ 1132-ൽ വലിയ മോടിയിൽ നടത്തി. ആ പ്രദേശത്തിനുതന്നെ ഒരു മാറ്റം വരുത്തത്തക്കവണ്ണം അവിടെ ആകെ പരിഷ്കൃതമായി എന്ന് ആരും സമ്മതിക്കും. ഇനി ആ സ്കൂളിന്റെ നിലനില്പിനെപ്പറ്റി യാതൊ രാശ ങ്കയ്ക്കും അവകാശമില്ല. പരേതനായ രാമകൃഷ്ണപ്പണിക്കരുടേയും സഹോദരിയുടേയും (കെ.എം. പണിക്കരുടെ അമ്മ) ഡോക്ടർ പണിക്കരു ടേയും പടം ആ സ്കൂളിൽ അനാച്ഛാദനം ചെയ്തിട്ടുണ്ട്.

17. പാണാവള്ളി ഹൈസ്ക്കൂൾ

അരൂക്കുറ്റിക്ക് അടുത്ത് തെക്കുള്ള തൃച്ചാറ്റുകുളം ക്ഷേത്രത്തിനു സമീപം പാണാവള്ളിക്കാർക്ക് എൻ.എസ്സ്.എസ്സ്. വകയായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ വേണമെന്നാഗ്രഹമുണ്ടായി. അവിടുത്തെ ഒരു പൊതുക്കാര്യപ്രസക്തനായ കൃഷ്ണൻ നായരാണ് വിവരം അറിയിച്ചത്. അവിടുത്തെ ഒരു ചെറുസംഘക്കാരുടെ കൈവശമുണ്ടായിരുന്ന വായന ശാലാ കെട്ടിടവും സ്ഥലവും സർവീസ് സൊസൈറ്റിക്കു വിട്ടുതന്നു. ഉടനെതന്നെ അനുവാദം വാങ്ങി മിഡിൽസ്കൂളിന്റെ പ്രാരംഭക്ലാസ്സ് തുടങ്ങി. നാട്ടുകാർക്ക് പൊതുവിൽ ഹിതപ്പെട്ട ഒരു സ്ഥലത്തേക്ക് - തൃച്ചാറ്റുകുളത്ത് അമ്പലത്തിന്റെ കിഴക്കെ നടയിലേക്ക് - സ്കൂൾ മാറ്റാൻ നിശ്ചയിച്ചു. ആവശ്യമുള്ള സ്ഥലം ആ കരയിലുള്ള നായർ പ്രമാണികൾ എൻ.എസ്സ്.എസ്സിനു എഴുതിവാങ്ങിത്തന്നു. അതിന്റെ നേതൃത്വം വഹിച്ചത് താനേഴത്തു കുട്ടൻപിള്ള എന്ന ആ നാട്ടിലെ പ്രമാണിയായിരുന്നു. അദ്ദേഹത്തിന് സർവീസ് സൊസൈറ്റി യോടും എന്നോടും ദിവസേന എന്ന പോലെ മമതാബന്ധം മൂത്തുവന്നു. അദ്ദേഹം സാമാന്യം ധനവാനും നല്ല ഒരു നാട്ടുകാര്യസ്ഥനുമായിരുന്നു. സ്വന്തം പണം ചെലവാക്കേണ്ടി വരുന്ന പൊതു ക്കാര്യങ്ങളിൽ അദ്ദേഹം സൂക്ഷിച്ചേ ഇടപെടുമായിരുന്നുള്ളൂ എന്നാൽ പാണാവള്ളി സ്കൂൾ പണിക്കാര്യത്തിൽ ആദ്യവസാന ചുമതല മുഴുവൻ അദ്ദേഹം ഏറ്റെടുക്കുകയും അതു പൂർത്തിയാക്കിയ ശേഷവും മരണ പര്യന്തം അതിനെ സ്നേഹിച്ചുപെരുമാറുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്വാധീനം കൊണ്ടുണ്ടാക്കിയതിലും കവിഞ്ഞ സംഖ്യ സ്വന്തം മടിശ്ശീലയിൽനിന്നും ചെലവാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ താൽപര്യപ്രകാരം അതൊരു പൂർണ്ണ ഹൈസ്ക്കൂളായിത്തീർന്ന് നല്ല നിലയിൽ നടക്കുന്നതു കണ്ടതിന്റെ ശേഷമേ അദ്ദേഹത്തിന് ഇഹലോക വാസം വെടിയേണ്ടി വന്നുള്ളൂ. അദ്ദേഹത്തിന്റെ നിത്യനിർവാണത്തിനുള്ള പ്രാർത്ഥന അവിടുത്തെ വിദ്യാർത്ഥികളിൽനിന്നും എന്നു മുണ്ടാകുമെന്നു വിശ്വസിക്കാവുന്നതാണ്.

18. വെച്ചൂർ ഹൈസ്ക്കൂൾ

വെച്ചൂരിനുള്ള പ്രസിദ്ധി പശുവിനേക്കൊണ്ടാണ്. ആ കൃതിയിൽ ചെറുതായ അവിടുത്തെ പശു ധാരാളം നല്ല പാലുള്ള ഇനമാണ്. നോട്ടക്കുറവുകൊണ്ട് ആ ഇനംതന്നെ മിക്കവാറും നശിച്ചുകഴിഞ്ഞിട്ടുണ്ട്. എങ്കിലും വെച്ചൂരിന്റെ പ്രസിദ്ധിക്കു ഒരു കുറവും പറ്റീട്ടില്ല. വൈക്കം താലൂക്കിന്റെ തെക്കു പടിഞ്ഞാറേ അറ്റത്ത് വേമ്പനാട്ടുകായലിനോടു തൊട്ടുകിടക്കുന്ന ഈ പ്രദേശത്ത് ധാരാളം ആൾപ്പാർപ്പുണ്ടെങ്കിലും വിദ്യാഭ്യാസത്തിനു യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. സംഖ്യാബലം ഈഴവർക്കാ ണെങ്കിലും നായന്മാർക്കും നല്ല പ്രാമാണ്യം ഉണ്ടായിരുന്നു. അവിടെ മണ്ഡപത്തിൽ നാരായണൻ നായർ, ശങ്കരൻനായർ എന്ന ഖദർകാരായ രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അവരിൽ ജ്യേഷ്ഠൻ നാരായണൻ നായർ സ്വന്തം ചെലവുചെയ്ത് സാമാന്യം നല്ല

ഒരു കെട്ടിടമുണ്ടാക്കി താൻതന്നെ ഹെഡ്മാസ്റ്ററും മാനേജരുമായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. അത് 1921 മേയ്മാസം 23ന് ആയിരുന്നു. വിദ്യാഭ്യാസതാൽപര്യവും പൊതുജനസഹകരണവും കുറവായിരുന്നതുകൊണ്ട് അദ്ധ്യാപകരുടെ പട്ടിണിയിലും ക്ലേശത്തിലും കൂടി സ്കൂൾ ഇഴഞ്ഞും വലിഞ്ഞും പൊയ്ക്കൊണ്ടിരുന്നു. ഒടുവിൽ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശങ്ങൾ നടപ്പിൽവരുത്താൻ കഴിയാതെ വന്നപ്പോൾ സ്കൂളിന്റെ അംഗീകാരം പിൻവലിച്ചു. സർവീസ് സൊസൈറ്റിക്ക് ശേഷിയില്ലാതിരുന്നിട്ടും ഒരു ഗ്രാമപ്രദേശത്ത് നടന്നുവരുന്ന സ്കൂൾ ഇല്ലാതാകുന്നതിലുള്ള വ്യസനം നിമിത്തം നാരായണൻനായരുടെ അവകാശം എഴുതിവാങ്ങിയും കൊണ്ട് തുടർന്നുനടത്താൻ തീരുമാനിച്ചു. അങ്ങിനെ അത് അന്നുമുതൽ ഒരു എൻ.എസ്സ്.എസ്സ്. സ്കൂളായി. പിന്നെയും ആ സ്കൂൾ കുറേക്കൂടി സാമാന്യ മട്ടിലേ നടന്നുള്ളൂ. ആവശ്യമുള്ളത്ര ഭൂമിയോ പണമോ ഇല്ലെങ്കിലും അത് ഒരു ഹൈസ്ക്കൂളാക്കണമെന്നുള്ള താൽപ്പര്യം ചിലർക്കെല്ലാമുണ്ടായി. അവിടുത്തെ നായന്മാർ കെട്ടുതെങ്ങ് കെട്ടി ധനശേഖരം ചെയ്ത് കുറെയൊക്കെ സഹായിച്ചു. ചുറ്റുമുള്ള വസ്തുക്കൾ വാങ്ങുകയും പുതിയ കെട്ടിടങ്ങൾ കെട്ടിക്കയും ഹൈസ്ക്കൂളാക്കുകയും ചെയ്യാൻ ഒട്ടധികം പണം വേണ്ടിയിരുന്നു. കെട്ടിടങ്ങളിലെ പണി ഇന്നും പൂർത്തിയായിട്ടില്ലെങ്കിലും അത് നല്ലൊരു സ്ഥാപനമായിത്തീർന്നിട്ടുണ്ട്. ഏറ്റകാര്യം പൂർത്തിയാകുന്നതുവരെ നിലനില്ക്കുന്ന സ്വഭാവദാർഢ്യം നമുക്ക് ഇല്ലാത്തതുകൊണ്ട് കെട്ടുതെങ്ങ് ഓരോന്നായി പൊഴിഞ്ഞ് ഇപ്പോൾ തീരെ ഇല്ലാതായിട്ടുണ്ട്. സംവത്സരം ചിലതു കഴിഞ്ഞു. അത് ഹൈസ്ക്കൂളാക്കാൻ വസ്തുവും പണവും തന്ന് സഹായിച്ചത് പ്രധാനമായും അവിടുത്തെ പ്രമാണിയായ മാരായമറ്റം നമ്പൂതിരിപ്പാടാണ്. വെച്ചൂർ സ്കൂൾ ഈ നിലയിലാക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും നിരന്തരം ശ്രമിക്കയും ചെയ്തതും ഇന്നും ശ്രമിക്കുന്നതും വൈക്കം കരയോഗയൂണിയൻ പ്രസിഡന്റുകൂടിയായ വി.കെ. വേലപ്പനാണ്. ആ സ്കൂളിന്റെയും വൈക്കം താലൂക്കിന്റെയും ഭാഗ്യം കൊണ്ട് അദ്ദേഹം ഏതാനും കൊല്ലംമുമ്പേ നായർ സർവ്വീസ് സൊസൈറ്റി യുടെ പ്രസിഡന്റായിത്തീർന്നു. അദ്ദേഹത്തിന് നായർ സമുദായത്തോടുള്ളതിൽ കവിഞ്ഞ സ്നേഹം വൈക്കം താലൂക്കിനോടുണ്ടെന്ന് ആ നാട്ടുകാർ അറിഞ്ഞിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ. എൻ.എസ്സ്.എസ്സിന്റെ ഒട്ടധികം പണം – മറ്റൊരു പ്രാദേശികസ്ഥാപനത്തിനും ലഭിച്ചിട്ടില്ലാത്തിടത്തോളം സംഖ്യ – വെച്ചൂർ സ്കൂളിനുവേണ്ടി മുടക്കാൻ ഇടയായത് അദ്ദേഹം എൻ.എസ്സ്.എസ്സ്. പ്രസിഡന്റ് ആയിരുന്നതുകൊണ്ടാണെന്ന് പറയുന്നതിൽ തെറ്റില്ല. അവസരവും ആവശ്യവും നോക്കി അദ്ദേഹം ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചിരുന്നില്ലെങ്കിൽ വെച്ചൂർ സ്കൂൾ ഇന്ന് ഈ നിലയിൽ എത്തുകയില്ലായിരുന്നു എന്നുള്ളത് തീർച്ചയാണ്.

വൈക്കം താലൂക്കിൽ ഇന്നും ചോദ്യചിഹ്നത്തിൽ നിൽക്കുന്ന കല്ലറ ഹൈസ്ക്കൂൾ സർവീസ് സൊസൈറ്റി ഏറ്റെടുക്കാനും ഏതാനും സംഖ്യ മുടക്കാനും ഇടയായത് വേലപ്പന്റെ പ്രസിഡന്റുഷിപ്പ് നിമിത്തം

വൈക്കം താലൂക്കിന് ലഭിച്ച മറ്റൊരു നേട്ടമാണ്. കല്ലറ സ്കൂൾ സ്ഥാപകനായ കെ.ആർ. കൃഷ്ണപിള്ള ഒരു സമുദായസ്നേഹിയും ശേഷിമാനുമാണ്. അദ്ദേഹത്തിന്റെ ആ കുഗ്രാമത്തിൽ അസാദ്ധ്യമെന്നു വിചാരിക്കേണ്ട ഹൈസ്ക്കൂൾ സ്ഥാപനത്തിന് ഒരുങ്ങിയത് ഒരു സാഹസമായിപ്പോയി എന്ന് പിന്നീട് അദ്ദേഹത്തിന് തോന്നിക്കാണും. അതിന്റെ നിലനില്പ് തീർച്ചപ്പെട്ടില്ലെങ്കിലും ഈ നിലയിലെങ്കിലും നടന്നുപോകുന്നത് അതൊരു എൻ.എസ്സ്.എസ്സ്. സ്കൂളായതുകൊണ്ടാണ്. അതുപോലെ വൈക്കത്തിന്റെ കിഴക്കേ അറ്റമായ മാഞ്ഞൂരിൽ തക്ക സൗകര്യങ്ങളൊന്നും ഇല്ലാതിരുന്നിട്ടും എൻ.എസ്സ്.എസ്സ്. വകയായി ഒരു മിഡിൽ സ്കൂളാരംഭിക്കുകയും, ഹൈസ്ക്കൂളാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതും വി.കെ. വേലപ്പന്റെ പ്രേരണയും പിന്തുണയും മൂലമാണ്. ഇങ്ങനെ നായർ സമുദായത്തിലെ മറ്റധികം പ്രമാണികൾക്കില്ലാത്ത ജന്മദേശസ്നേഹം, അദ്ദേഹത്തിനുണ്ടെന്ന് ക്രിയാരൂപേണ കാണിച്ചുകൊടുത്ത വൈക്കം വി.കെ. വേലപ്പൻ നമ്മിൽ പലർക്കും മാതൃകയാണെന്നു ധരിക്കുന്നതുതന്നെ ഒരു വലിയ കാര്യമാണ്. വേലപ്പന്റെ സമുദായസേവനവും, ജന്മദേശ സ്നേഹവും വെച്ചൂർ സ്കൂളിൽതന്നെയല്ല തങ്ങി നില്ക്കുന്നതെന്ന് കാണിക്കാൻവേണ്ടി ഞാൻ ഇത്രയും എഴുതിയത്.

19. തട്ട ഹൈസ്ക്കൂൾ

മാവേലിക്കര താലൂക്കിന്റെ കിഴക്കേ അറ്റത്ത് നായന്മാർക്ക് വളരെ പ്രാബല്യമുള്ള ഒരു പ്രദേശമാണ് തട്ട. യോഗങ്ങളിൽ പങ്കുകൊള്ളാനും മതപ്രസംഗങ്ങൾ കേൾക്കാനും വളരെ താൽപര്യമുള്ളവരാണ് അവിടുള്ള സ്ത്രീപുരുഷൻമാർ. എൻ.എസ്സ്.എസ്സിന്റെ പരിഷ്കരിച്ച സംഘടനാപ്രസ്ഥാനം ആരംഭിച്ചത് അവിടെയാണ് (ഒന്നാം നമ്പർ കരയോഗം) അവിടുള്ള നായൻമാർ പൊതുവിൽ സമുദായസ്നേഹികളാണ്. അവിടുത്തെ ഒരു പ്രമാണിയായ എൻജിനീയർ രാമക്കുറുപ്പ് മുൻനിന്നുണ്ടാക്കിയ ഒരു മിഡിൽസ്കൂൾ എൻ.എസ്സ്.എസ്സിനു വിട്ടുകൊടുത്തു. അവരുടെതന്നെ പരിശ്രമംകൊണ്ട് അത് ഇപ്പോൾ പൂർണ്ണമായ ഒരു ഹൈസ്ക്കൂളായിത്തീർന്നിട്ടുണ്ട്. അതിനടുത്ത് കുടശ്ശനാട് എന്ന സ്ഥലത്ത് രാമക്കുറുപ്പിന് സ്വന്തമായുണ്ടായിരുന്ന ഒരു മിഡിൽ സ്കൂൾ സർവീസ് സൊസൈറ്റിക്കു ദാനം ചെയ്തിട്ടുണ്ട്. അദ്ദേഹവും തട്ടയിൽക്കാരുംകൂടി കൊടുത്ത സ്ഥാപനങ്ങളുടെ എല്ലാം കൂടി വില വെച്ചാൽ ലക്ഷക്കണക്കിന് മുതൽക്കൂട്ടാകുന്ന ഇനം കാണുന്നതാണ്. കുറുപ്പു വലിയ ഒരു സമുദായസ്നേഹിയും അതിനേക്കാൾ വലിയ പന്തളം ഭക്തനുമാണ്.

20. മണക്കാട് ഹൈസ്ക്കൂൾ

വളരെക്കുറച്ചു നായന്മാരുള്ള ഒരു താലൂക്കാണ് തൊടുപുഴ. സംഖ്യാബലംകൊണ്ടും മറ്റ് പ്രാധാന്യം കൊണ്ടും നായരെ സംബന്ധിച്ചിടത്തോളം മണക്കാടാണ് മുന്നണിയിൽ നിൽക്കുന്നത്. റോഡോ, സ്ക്കൂളോ ഇല്ലാതിരുന്ന ആ പ്രദേശത്ത് ഒരു എൻ.എസ്സ്.എസ്സ് കരയോഗം

ഉണ്ടാക്കാനും, അതിന്റെ പ്രസിഡന്റായ കരിമ്പിനാൽ അയ്യപ്പൻനായരുടെ നേതൃത്വത്തിൽ ഒരു സ്കൂൾ കെട്ടിടം ഉണ്ടാക്കാനും ഇടയായി. ആ കെട്ടിടത്തിൽ സർവീസ് സൊസൈറ്റി വകയായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. തൊടുപുഴയുള്ള പത്തുപതിനഞ്ചു കരകളിൽ കരയോഗമുണ്ടാക്കുവാനും അവയെ ചേർത്ത് ചെറുരൂപത്തിലെങ്കിലും ഒരു യൂണിയനുണ്ടാക്കാനും ഒന്നു രണ്ടു സ്കൂൾ പണിയിക്കാനും കാരണക്കാരൻ അവിടുത്തെ വക്കീലായിരുന്ന് സ്വന്തം ജീവിതം കെട്ടിപ്പടുത്തുണ്ടാക്കിയ കുമ്മനം ശങ്കരപ്പിള്ളയായിരുന്നു. അദ്ദേഹത്തെപ്പോലെ സമുദായസ്നേഹിയായ അപൂർവ്വം പേരെ ഞാൻ കണ്ടിട്ടുള്ളൂ. അദ്ദേഹം എൻ.എസ്സ്.എസ്സിന്റെ സ്ഥിരം ബന്ധുവായിരുന്നു, മരണംവരെ നില നിർത്തുകയും ചെയ്തു.

വളരെനാൾ ഇഴഞ്ഞമട്ടിൽ നടന്ന മണക്കാട്ട് മിഡിൽ സ്കൂൾ ഇപ്പോൾ സാമാന്യം ഭേദപ്പെട്ട ഒരു ഹൈസ്ക്കൂളായിത്തീർന്നിട്ടുണ്ട്. അറ്റകുറ്റപ്പെട്ടു കിടന്ന ആ സ്കൂൾകെട്ടിടം പൊളിച്ചുപണിയിച്ചതും ആവശ്യമുള്ള ധനശേഖരം ചെയ്തതും തൊടുപുഴ ടൗണിലെ ഒന്നാംതരം കച്ചവടക്കാരനും, പൊതുകാര്യ പ്രസക്തനുമായ മുണ്ടമറ്റത്ത് വേലായുധൻനായരാണ്. എൻ.എസ്സ്. എസ്സ് പ്രവർത്തനം തൊടുപുഴയിൽ ആരംഭിച്ചപ്പോൾ വേലായുധൻനായർ ഒരു കുട്ടിത്തരക്കാരനായിരുന്നു. അന്നേ അദ്ദേഹം കരയോഗപ്രവർത്തനങ്ങളിൽ പങ്കുകൊള്ളുകയും കഴിവുള്ള വണ്ണം സഹായിക്കുകയും ചെയ്തിരുന്നു. സ്വപ്രയത്നം കൊണ്ട് വളർന്നുവന്ന ഒരു യുവാവാണ് വേലായുധൻനായർ. ഇന്ന് അദ്ദേഹം അവിടുത്തെ സർവ്വസമ്മതനായ ഒരു നേതാവാണ്. പണവും സ്വാധീനവും വർദ്ധിക്കുംതോറും അദ്ദേഹത്തിന്റെ സർവീസ് സൊസൈറ്റി സ്നേഹവും, വിനയവും വർദ്ധിക്കുകയാണ്. അദ്ദേഹം ഇന്ന് എൻ.എസ്സ്.എസ്സിലെ ഒരു ഡയറക്ടറും സമുദായകാര്യങ്ങളിലെല്ലാം മുന്നിൽനിന്ന് പ്രവർത്തിക്കുന്ന ഒരാളുമാണ്. എല്ലാവർക്കും നല്ലവനായി കുടുംബത്തേയും സമുദായത്തേയും നാടിനേയും സ്നേഹിച്ചുവളർന്നുവരുന്ന അദ്ദേഹം എന്റെ പ്രത്യേക സ്മരണയിൽനിന്നും വിട്ടുപോകാത്ത ഒരാളാണ്.

21. മുത്തൂർ ഹൈസ്ക്കൂൾ

മുത്തൂർ ഹൈസ്ക്കൂളിനെപ്പറ്റി നമുക്കു വേണ്ട മതിപ്പുണ്ടാകണമെങ്കിൽ അടുത്തകാലംവരെയുള്ള അവിടുത്തെ സ്ഥിതിഗതികളെപ്പറ്റി ഒരു ചെറിയ അറിവെങ്കിലുമുണ്ടായിരിക്കേണ്ടതാണ്. മുത്തൂർ പ്രദേശം തിരുവല്ലാ താലൂക്കിൽ നായന്മാർക്കു മുമ്പേതന്നെ വളരെ പ്രാമാണ്യമുള്ള ടൗണിനോടു തൊട്ടുകിടക്കുന്ന ഒരു ദിക്കാണ്. ഒട്ടധികം നായന്മാർ പാർക്കുന്നുമുണ്ട്. മുത്തൂരിനു ചരിത്രപ്രാധാന്യം തന്നെയുണ്ട്. അത് മുത്തൂറ്റെ വലിയവേലയ്ക്കാണ്. മുത്തൂരിനെ കേന്ദ്രമാക്കി ചുറ്റുമുള്ള 28 കരകളിലെ നായന്മാർ 28 കൊല്ലത്തിൽ ഒരിക്കൽ ഒരുമിച്ചുകൂടി സമുദായത്തിന്റെയും രാജ്യത്തിന്റെയും ആവശ്യങ്ങളേയും ആപത്തുകളേയുംപറ്റി ആലോചിക്കാൻ വലിയ ചടങ്ങോടുകൂടി കൂടുന്ന യോഗത്തിനും

അനുബ ന്ധിച്ചു നടക്കുന്ന ഉത്സവത്തിനുംകൂടിയുള്ള പേരാണ് വലിയവേല. എന്റെ ജീവിതകാലത്ത് ഒരു വേലയേ നടന്നിട്ടുള്ളൂ. അത് അൻപതുകൊല്ലം മുമ്പാണെന്നുതോന്നുന്നു. എന്റെ ജന്മദേശമായ പെരുന്നയും 28 കരയിൽപ്പെട്ടതായിരുന്നതുകൊണ്ട് പെരുന്ന കരക്കാരുടെ കൂട്ടത്തിൽ ഞാനും അന്ന് പോയിരുന്നു. സന്ധ്യയ്ക്കുമുൻപ് എല്ലാ കരക്കാരും കൊട്ടും വെടിയും ചടങ്ങുമായി മുത്തൂർ ആൽത്തറയ്ക്കൽ ചെന്നെത്തണം എന്തിനാണ് ചെല്ലുന്നതെന്നോ എന്താണവിടെ ചെയ്യേണ്ട തെന്നോ ക്ഷണിച്ചവർക്കും ചെല്ലുന്നവർക്കും അറിഞ്ഞുകൂടാ. കാലം പുറന്തള്ളിയ ഒരു ചടങ്ങാണ്. ആ ശവശരീരത്തെ കൊണ്ടുനടക്കാൻ സാമാന്യബുദ്ധി യുള്ളവരാരും ആഗ്രഹിക്കയില്ല. എന്നാൽ അവിടുത്തെ പ്രമാണികൾ അതിനു ആഗ്രഹിച്ചു. ചില കരപ്രമാണികളായിരുന്നു അതിന്റെ നടത്തിപ്പു കാർ. കാലത്തിന്റെ പോക്കറിയാതെ ആ കരനാഥന്മാർ ഗംഗാനദിയെ മേല്പോട്ടൊഴുക്കാൻ ശ്രമിക്കയാണെന്ന് എനിക്കതുകണ്ടപ്പോൾ തോന്നി. യാതൊരുദ്ദേശ്യവും ലക്ഷ്യവും പരിപാടിയുമില്ലാതെ ലക്ഷക്കണക്കിന് ആളുകൾ വന്നുകൂടിയാ ലുള്ള കുഴപ്പത്തിന്റെ വലുപ്പം ഞാൻ ആദ്യം കാണുകയാണ്. ആളുകൾ മുഴുവൻ വെളുക്കുന്നതുവരെ ഉറക്കൊഴിച്ച് വട്ടത്തിൽ കറങ്ങുന്നതുകണ്ടാൽ എങ്ങിനെ വ്യസനം തോന്നാതിരിക്കും. എല്ലാ കരയുടെയും പ്രാതിനിധ്യം കണക്കാക്കി വലിയ സദ്യയും ഒരുക്കി യിരുന്നു. ആരെ ആര് എവിടെയിരു ത്താനാണ്? ഓരോ കരയിൽനിന്നു വന്നിട്ടുള്ള കരപ്രമാണിയേയും നാലുവീടിനേയും എട്ടുവീടനേയും കണ്ടുപിടിക്കാനാരാണ്! അവരെ നമ്പർമുറയ്ക്കിരുത്തുന്നതെങ്ങിനെയാണ്? അതൊന്നും നടക്കാത്ത കാര്യമാണെന്നു മനസ്സിലാകുന്നത് നേരം പ്രകാശമാകുമ്പോൾ ആണ്. ഒരു മനുഷ്യനും ഉണ്ടില്ലെന്നല്ല, ഒരിട ത്ത് ഇരിക്കാൻപോലും സാധിച്ചില്ല. കാണാനും കേൾക്കാനും ഒന്നുമി ല്ലാതെ, വന്നതെന്തിനാണെന്നറിയാതെ, ഉറക്കിളച്ചു പട്ടിണികിടന്നു വന്നവരെല്ലാം വന്നവഴിയെ അവരവരുടെ വീട്ടിലേക്കു മടങ്ങിപ്പോയി എന്നുള്ളതിൽ കവിഞ്ഞൊന്നും ഉണ്ടായില്ല. എത്ര ആയിരം രൂപയും പ്രയ ത്നവും നഷ്ടമായി എന്നുള്ളതിനു കണക്കില്ല. അന്നു ഞാൻ കണ്ട വേലയാണ് വേലയില്ലാത്തവർക്കുള്ള അവസാനത്തെ വലിയവേല. പിന്നീട് അങ്ങിനെ ഒരു കൂത്തുണ്ടായിട്ടില്ല. അനി ഉണ്ടാകാൻ പോകുന്നു മില്ല.

ഈ കാര്യം ഇത്ര വിസ്തരിച്ചെഴുതിയത് മുത്തൂരിന്റെ യാഥാസ്ഥി തികത്വത്തിന്റേയും അപ്രാപ്തിയുടെയും ഒരു ഏകദേശരൂപം വായന ക്കാർക്കുണ്ടാകാൻവേണ്ടിയാണ്. നായർ സമുദായപരിഷ്ക്കാര ചിന്താഗ തിയും വിദ്യാഭ്യാസകാര്യങ്ങളും അന്നവർക്കു വലിയ പുച്ഛമായിരുന്നു. നിരുപയോഗവും അധിക്ഷേപാർഹവുമായ ഈ മാതിരി വലിയ വേലക ളിലും അന്യോന്യം ദ്രോഹവും ചതിയും കേസുംകൊണ്ട് പ്രാമാണ്യം സ്ഥാപിക്കാൻവേണ്ടിചെയ്യുന്ന നാശപ്രവർത്തനങ്ങളിലുമല്ലാതെ, കാലോ ചിതമായി നാട്ടിന്റെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ സന്മന സ്സുള്ളവർ ഇല്ലായിരുന്നു എന്നുപറഞ്ഞാലും അധികമല്ല. അവരുടെ

ബന്ധുക്കളിൽപെട്ട ഞാൻ നായർ സമുദായ സംഘടനയ്ക്കുവേണ്ടി പല പ്രാവശ്യം അവിടെ പോയിട്ടുണ്ട്. അവരിൽ ഒരു അനുഭാവംപോലും കാണാൻ സാധിച്ചില്ല. എൻ.എസ്സ്.എസ്സിന്റെ പരിഷ്കൃതവ്യവസ്ഥ അതിനുചുറ്റും കുറേശ്ശെ നടപ്പിലാക്കിവന്നു. മരിക്കേണ്ടവരിൽ പലരും മരിച്ചു. ജീവിക്കാൻ തീരുമാനിച്ച സമുദായാംഗങ്ങളുടെ ഞെരുക്കം വർദ്ധിച്ചു. കണ്ണുതുറക്കാ തെയും മാറ്റത്തിനുവിധേയമാകാതെയും നിവൃത്തിയില്ലെന്നുവന്നു. എതിർപ്പുകൾക്കിടയിൽക്കൂടി അവിടുത്തെ യുവാക്കൻമാരിൽ ചിലർതന്നെ ഒരു എൻ.എസ്സ്.എസ്സ് കരയോഗം രജിസ്റ്റർ ചെയ്തു. യുവാക്കൻമാരുടെ നേതൃത്വം വഹിച്ചത് പല്ലാട്ടു രാഘവൻപിള്ള എന്നൊരു യുവപ്രമാണി യാണ്. അവർ അധികം താമസിയാതെ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളിന്റെ പണി പൂർത്തിയാക്കി. നല്ലൊരു മിഡിൽ സ്കൂൾ അവരുടെ മാനേജ്മെന്റിൽ നടക്കുന്നതുകണ്ടപ്പോഴേ എനിക്കു സമാധാനമായുള്ളൂ. വലിയ വേലയുടെ പിൻഗാമികളിൽ വന്ന മാറ്റം ലോകം കണ്ടറിഞ്ഞുള്ളൂ. അവർ അവിടം കൊണ്ട് തൃപ്തിപ്പെടാതെ കെട്ടിടത്തിനു വലുപ്പം കൂട്ടുകയും ഹൈസ്ക്കൂളാ ക്കാൻവേണ്ടി അതെല്ലാം സർവ്വീസ് സൊസൈറ്റിക്കു വിട്ടുകൊടുക്കുകയും ചെയ്തു. ഇന്ന് അത് എൻ.എസ്സ്.എസ്സിന്റെ ഒന്നാന്തരം ഹൈസ്ക്കൂളുകളിൽ ഒന്നാണ്. തിരുവല്ലായിലെ നല്ല കരയോഗങ്ങളിൽ ഒന്ന് അവരുടേതാണ്. എല്ലാവരേയും രമ്യപ്പെടുത്തിക്കൊണ്ടുപോകാനും ക്ലേശം സഹിച്ച് ഏറ്റെടുത്ത കാര്യം പൂർത്തിയാക്കുന്നതുവരെ പിന്മാറാതെ നില്ക്കാനും കഴിവുള്ളവരിൽ പ്രമാണിയാണ് പല്ലാട്ട് രാഘവൻപിള്ള.

22. മക്കപ്പുഴ ഹൈസ്ക്കൂൾ

മക്കപ്പുഴ, റാന്നിയുടെ വടക്കേ അറ്റത്തുള്ള ഒരു പ്രദേശമാണ്. ഏതാനും കൊല്ലങ്ങൾക്കുമുമ്പ് എൻ.എസ്സ്.എസ്സ് പ്രചരണാർത്ഥം ഞാൻ ആ മലമ്പ്രദേശത്ത് കാട്ടുദിക്കിൽ എന്നു പറഞ്ഞാലും തെറ്റില്ല. സഞ്ചരിക്കുമ്പോൾ, അന്ന് എൺപതിൽപരം വയസ്സുള്ള കേശവൻനായർ എന്നൊരു കാരണവരുടെ വീട്ടിൽപോകാൻ ഇടയായി. അദ്ദേഹത്തിന്റെ ചെറുപ്പത്തിൽ അദ്ദേഹം അവിടെ കുടിയേറി പാർത്തതാണ്. അക്കാല ത്തെ കാട്ടുദിക്കിന്റെ ഭയങ്കരതയേയും ദിവസേന എന്നപോലെ കടുവായും പുലിയും എരിത്തിലിൽനിന്നും പശുക്കളെ പിടിക്കുന്നതി നേയും, അന്നത്തെ ക്ലേശകരമായ ജീവിതത്തിന്റെ പല നിലകളേയുംപറ്റി എന്നെ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. ഞാൻ കാണുന്ന കാലത്ത് മക്കളും മരുമക്കളും അവരുടെ സന്തതികളുമായിട്ട് കുറെ അധികം ആളു കളുണ്ട്. അവരെയെല്ലാം പല വീടുകളിലായി പാർപ്പിച്ചിരിക്കയാണ്. എല്ലാ വരും നല്ല കൃഷിക്കാരാണ്. സാമാന്യം നല്ലനിലയും കുടുംബത്തിലുള്ള വർക്കെല്ലാം സുഭിക്ഷജീവിത വുമാണ്. വലിയ സുഗ്രീവാജ്ഞക്കാരനായ അദ്ദേഹത്തിന്റെ ഏകശാസനയിൽ ആണ് കുടുംബാംഗങ്ങളെല്ലാം കഴിഞ്ഞുവന്നത്. മണിമലയിൽനിന്നും റാന്നിക്കുള്ള റോഡുവക്കിലാണ്

അദ്ദേഹത്തിന്റെ താമസം. സമീപപ്രദേശത്തെങ്ങും വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യവും ഇല്ലായിരു ന്നതുകൊണ്ട് അവിടെ പരിഷ്കൃത മാനസനായിരുന്ന ആ കാരണവർ ഒരു പ്രാഥമിക പാഠശാല ഉണ്ടാക്കു കയും അതു ക്രമേണ മിഡിൽസ്കൂളാക്കയും ചെയ്തു. അതിന്റെ മാനേ ജരായിരുന്ന് അംഗീകാരവും ഗ്രാന്റും വാങ്ങി ഭംഗിയിൽ ഭരണംനടത്തി. അങ്ങിനെ നീണ്ടകൊല്ലങ്ങൾ പലതു കഴിഞ്ഞശേഷമാണ് ഞങ്ങൾ തമ്മിൽ കാണാൻ ഇടയായത്. അന്നുതന്നെ അദ്ദേഹം എന്നോടു പറ ഞ്ഞത് അദ്ദേഹത്തിന് പ്രായാധിക്യമായതുകൊണ്ട് ആ സ്കൂളിന്റെ ഭരണം നടത്താൻ പ്രയാസമാണെന്നും സർവ്വീസ് സൊസൈറ്റിക്കു വിട്ടു തരാൻ വിചാരിക്കുന്നു എന്നും അത് ഉടനെ ഏറ്റെടുത്തു നടത്തണ മെന്നുമാണ്. അദ്ദേഹത്തിന്റെ താൽപര്യപ്രകാരം അധികം താമസിയാതെ അത് ഒരുഎൻ.എസ്സ്.എസ്സ് സ്കൂളായി. എൻ.എസ്സ്.എസ്സ് പ്രൈമറി സ്കൂളുകൾ ഗവൺമെന്റിനെ ഏൽപ്പിച്ച കൂട്ടത്തിൽ ആ സ്കൂളിന്റെ പ്രൈമറി വിഭാഗം ഗവൺമെന്റിനെ ഏൽപിച്ചു കൊടുത്തു. മിഡിൽസ്കൂൾ സെക്ഷൻ എൻ.എസ്സ്.എസ്സിന്റെ ഭരണത്തിൽ ത്തന്നെ നടന്നു.

മേൽവിവരിച്ച കേശവൻനായരുടെ വീടിനുസമീപത്താണ് ഇന്ന ത്തെ എൻ.എസ്സ്.എസ്സ് ജനറൽസെക്രട്ടറി മക്കപ്പുഴ വാസുദേവൻപിള്ള യുടെ താമസം. അദ്ദേഹം അതിനടുത്തുള്ള അയിരൂർ പ്രദേശത്തെ ഒരു വലിയ കുടുംബക്കാരനാണ്. അദ്ദേഹത്തിന്റെ കാരണവൻമാർ മക്കപ്പുഴ പ്രദേശത്ത് ധാരാളം വസ്തുക്കൾ സമ്പാദിച്ചിരുന്നു. അതുകൊണ്ട് വാസു ദേവൻപിള്ളയുടെ മാതാവ് അവരുടെ കുട്ടികളോടുകൂടി താമസം അങ്ങോ ട്ടുമാറ്റി. അങ്ങനെ രണ്ടു കുടുംബമേ അക്കാലത്ത് അവിടുണ്ടായിരു ന്നുള്ളൂ. കേശവൻനായരുടെ കാലശേഷം മക്കളും മരുമക്കളും ഭാഗം പിരിഞ്ഞ് പല വീടുകളിലായി. ഇപ്പോൾ ആ പ്രദേശത്തെ നായകൻ മക്ക പ്പുഴ വാസുദേവൻപിള്ളയാണെന്നു പറയുന്നതിൽ തെറ്റില്ല. എല്ലാവരും തമ്മിൽ വളരെ യോജിപ്പായി കഴിയുന്ന ദിക്കാണ്.

അവിടുത്തെ എൻ.എസ്സ്.എസ്സ് മിഡിൽ സ്കൂളിനു സാമാന്യം നല്ല കെട്ടിടവും സാധന സാമഗ്രികളും ഉണ്ടായിരുന്നെങ്കിലും അതിനെ പുതു ക്കയും പരിഷ്ക്കരിക്കയും ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നു. വാസുദേവൻപിള്ള ആ ചുമതല എൻ.എസ്സ്.എസ്സിനുവേണ്ടി ഏറ്റെടുത്ത് സ്വന്ത പണം ഒട്ടധികം ചിലവുചെയ്ത് വേണ്ട ഭൂമിയും ഒരു ഹൈസ്കൂ ളിനു ആവശ്യമുള്ള ഒന്നാന്തരം കെട്ടിടവും ഉണ്ടാക്കി. അദ്ദേഹത്തിന്റെ അതിശ്രമം കൊണ്ട് ഇക്കൊല്ലം അത് ഹൈസ്കൂളുമായി. ആ പ്രദേശത്തിനുതന്നെ വലിയ മട്ടുമാറ്റം വന്നു. ആ ഇരുളടഞ്ഞ ദിക്കിൽ വിദ്യാപ്രകാശത്തിന് ആദ്യമായി ചെറുവിളക്കു കത്തിച്ച വൃദ്ധനായ കേശവൻനായർ ഇന്ന് അദ്ദേഹത്തിന്റെ കർമ്മഭൂമിയിൽ വന്നുനോക്കാൻ ഇടയാകുന്നെങ്കിൽ ആനന്ദനിർവൃതനായി മക്കപ്പുഴ പ്രദേശത്തിന്റെ ഭാഗ്യം ഓർത്ത് വാസുദേവൻ പിള്ളയെ അനുഗ്രഹിക്കാതിരിക്കയില്ല.

23.ചിങ്ങവനം ഗേൾസ് ഹൈസ്ക്കൂൾ

സർവ്വീസ് സൊസൈറ്റിക്ക് ഇനിയും ചില ഹൈസ്ക്കൂളുകളും മിഡിൽ സ്കൂളുകളും ട്രെയിനിംഗ് സ്കൂളുകളുമുണ്ട്. എല്ലാറ്റിനും ചെറിയ ചെറിയചരിത്രവുമുണ്ട്. അവയിൽ ഒന്നുംതന്നെ ഒട്ടധികം ക്ലേശവും നാട്ടുകാരുടെ സഹകരണവും കൂടാതെ ഉണ്ടായിട്ടുള്ളതല്ല. അവയിൽ ചിലത് ആ നാട്ടിലുള്ളവർ ദരിദ്രരും സംഖ്യാബലം കുറഞ്ഞവരും ആയിരുന്നിട്ടും, അവരുടെ താൽപര്യക്കൂടുതലും നിരന്തരശ്രമവും കൊണ്ടുണ്ടായിട്ടുള്ളതാണെന്നുകൂടി പറയേണ്ടതായിട്ടുണ്ട്. ഇന്നും പലേടത്തും മരാമത്തുകൾ നടന്നുകൊണ്ടിരിക്കയാണ്. അങ്ങിനെയുള്ളതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് കോട്ടയം താലൂക്കിലുള്ള ചിങ്ങവനം ഗേൾസ് ഹൈസ്കൂൾ. പല പരിവർത്തനങ്ങളിൽകൂടി കടന്നുപോകുന്ന ഒരു നീണ്ടചരിത്രം അതിനുണ്ട്. അത് നായർ സർവീസ് സൊസൈറ്റി ഏറ്റെടുത്ത സ്കൂൾ എന്നു പറയുന്നതിനേക്കാൾ എൻ.എസ്സ്.എസ്സിനു വന്നു ചേർന്ന സ്കൂൾ എന്നു പറയുന്നതായിരുക്കും അധികം ശരിയായിട്ടുള്ളത്.

വലിയ ആദർശങ്ങളോടും മഹാമോഹങ്ങളോടുംകൂടി കോട്ടയം ടൗണിലുള്ള അഭ്യസ്തവിദ്യരായ ഏതാനും ഹിന്ദുയുവതികൾ യോജിച്ചു സ്ഥാപിച്ചതാണ് ഈ വനിതാസ്കൂൾ. ആരംഭകാലത്ത് തിരുനക്കരയുള്ള പ്രമാണികളിൽ പലരും പിന്തുണനിന്നു സഹായിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ വാർദ്ധാ സ്കൂളിന്റേയും ഈ നാട്ടിലെ വിദ്യാഭ്യാസരീതിയുടേയും സങ്കലനമായിരുന്നു അവിടെ ഉണ്ടായിരുന്നത്. വാടകക്കെട്ടിടത്തിൽ ആരംഭിച്ച ആ ഗുരുകുല വിദ്യാശാല കുറച്ചകാലം ഊർജ്ജിതത്തിലും കുറെക്കാലം ഇഴഞ്ഞും നടന്നശേഷം കെട്ടിടവാടക കൊടുക്കാനോ അനാഥക്കുട്ടികളെ രക്ഷിക്കാനോ പ്രവർത്തകർക്കുതന്നെ കഴിഞ്ഞുകൂടാനോ പണമോ പിന്തുണയോ ഇല്ലാതെ, ടൗൺ ഇതിനുപറ്റിയ സ്ഥലമല്ലെന്നു കരുതി ഓരോരുത്തരായി അതിൽനിന്നു പിരിഞ്ഞുപോകേണ്ടിവന്നു. അവശേഷിച്ചവർ അവരുടെ രക്ഷയിൽ ബാക്കിയുണ്ടായിരുന്ന അനാഥക്കുട്ടികളേയുംകൊണ്ടു നാട്ടിൻപുറത്തെവിടെയെങ്കിലും പോകാൻ തീരുമാനിച്ചു. പല താവളങ്ങളിൽ തങ്ങിയശേഷം അവിടെങ്ങും രക്ഷയില്ലെന്നുകണ്ട്, ചിങ്ങവനത്തിന്റെ ഉൾഭാഗത്ത് കുഴിമറ്റം എന്ന സ്ഥലത്ത് ചെന്നപ്പോൾ സമുദായ സ്നേഹിയും സ്ഥിരനിഷ്ഠയുള്ളവനുമായ റിട്ടയാർഡ് പാർവ്വത്യം പേരൂർ രാമൻപിള്ളയെ ഈശ്വരാധീനത്തിൽ അവർക്കു പിന്തുണയായി ലഭിച്ചു. കോട്ടയം ടൗൺ വിട്ടതിന്റെശേഷം ആ അനാഥക്കുട്ടികൾക്കും അവരുടെ രക്ഷാധികാരം ഏറ്റെടുത്ത സഹോദരികൾക്കും ആശ്രയവും ആശ്വാസവും നൽകിക്കൊണ്ടിരിക്കുന്നത് ദീനാനുകമ്പയുള്ള എം.പി. മന്മഥനാണ്. അദ്ദേഹം അന്ന് എൻ.എസ്സ്.എസ്സിന്റെ ജനറൽസെക്രട്ടറിയായിരുന്നു. അതുകൊണ്ട് അറിയാതെതന്നെ ആ വനിതാസ്ഥാപനം നില നിർത്തിക്കൊണ്ടുപോകാനുള്ള ബാദ്ധ്യത എൻ.എസ്സ്.എസ്സിനുണ്ടെന്നുള്ള തോന്നൽ ആ നാട്ടിൻപുറത്തുള്ളവർക്കും

ഡയറക്ടറന്മാരിൽ ചിലർക്കും ഉണ്ടാകാൻ ഇടയായി. ഒരു സെന്റു സ്ഥലമോ കേറിക്കിടക്കാൻ ഒരു കെട്ടിടമോ നാലു കാശോ ഇല്ലാത്ത ഒരു സ്ഥാപനം ഞെരുക്കമുള്ള സർവ്വീസ് സൊസൈറ്റി ഏറ്റെടുത്ത് ശോക സമ്പൂർണമായ അതിന്റെ അവസാനരംഗത്തിനു സാക്ഷി നിൽക്കുന്നതും അനാഥക്കുട്ടികളെ വഴിയാധാരമാക്കുന്നതും ആലോചിച്ചു വേണമെന്നുള്ള അഭിപ്രായക്കാരും ബോർഡിലുണ്ടായിരുന്നു. ഒടുവിൽ മന്മഥന്റെ താൽപര്യവും, പാർവ്വത്യം രാമൻപിള്ളയുടെ നിർബന്ധവുംകൊണ്ട് ആ ചുമതല സർവ്വീസ് സൊസൈറ്റിയിൽ വന്നുചേർന്നു എന്നു ചുരുക്കത്തിൽ പറഞ്ഞാൽ കഴിഞ്ഞു. ഈ സ്കൂൾ തിരുനക്കര ആരംഭിച്ചത് 1923ലാണ്, സർവീസ് സൊസൈറ്റിയിൽ ലയിച്ചത് 1951 ജൂൺ1-ാം തീയതിയുമാണ്. അത്യാവശ്യം വേണ്ട വസ്തുവും കെട്ടിടങ്ങളും സാധനസാമഗ്രികളും ഇന്ന് ആ സ്ഥാപനത്തിനുണ്ടായിട്ടുണ്ട്. അത് പൂർണ്ണ ഹൈസ്കൂളായിത്തീർന്നിട്ടുണ്ട്. അഭിനന്ദനത്തിനുള്ള പൂർണ്ണാവകാശവും പാർവ്വത്യം രാമൻപിള്ളയ്ക്കും അവിടുള്ള അപൂർവ്വം ചില സമുദായസ്നേഹികൾക്കുമാണ്. പലരെക്കണ്ടു പണം വാങ്ങിയും സ്വന്തം പണം ധാരാളം ചെലവു ചെയ്തും രാമൻപിള്ള തന്നെയാണ് അതിന്റെ ആദ്യാവസാന ചുമതല വഹിച്ചത്. പല വിധ ത്തിലുള്ള ഞെരുക്കമുണ്ടായിരുന്നിട്ടും സർവീസ് സൊസൈറ്റിയും ഒട്ടധികം പണം ചെലവു ചെയ്തും ജനറൽ മാനേജർ പ്രത്യേകം ശ്രദ്ധപതിച്ചും അതിന്റെ നിലനിൽപ്പിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ട് നശിച്ചുപോകുമായിരുന്ന ഒരു സ്ഥാപനത്തെ എൻ.എസ്സ്.എസ്സിനു രക്ഷിക്കാൻ കഴിഞ്ഞു.

24.മൂവാറ്റുപുഴ മിഡിൽ സ്കൂൾ

എൻ.എസ്സ്.എസ്സിന്റെ ആദ്യകാല സ്കൂളിൽപ്പെടും മൂവാറ്റുപുഴ ടൗൺസ്കൂളും അവിടുത്തെ സർവീസ് സൊസൈറ്റി ബന്ധുക്കളിൽപ്പെട്ട പൊതുജനപ്രമാണി വി.പി. ഗോവിന്ദൻനായരാണ്. അദ്ദേഹം അവിടുത്തെ വക്കീലന്മാരിലും ഒരു പ്രധാനിയാണ്. വലിയ നായരും അതിലും കവിഞ്ഞ ഹിന്ദുവുമാണ്. മൂവാറ്റുപുഴത്താലൂക്ക് ഒട്ടാകെത്തന്നെ സാമാന്യം സ്വാധീന ശക്തിയുള്ള ആളാണദ്ദേഹം. വി.പി.യും പേന്തിട്ട ഗോപാലപ്പിള്ളയും തൃക്കാരിയൂർ നീലകണ്ഠപ്പിള്ളയും എം.ഡി. ശങ്കരൻനായരും മറ്റുമാണ് എൻ.എസ്സ്.എസ്സിന്റെ മൂവാറ്റുപുഴയുള്ള ആദ്യകാല പ്രവർത്തകന്മാർ. മൂവാറ്റുപുഴ അവിടവിടെ അപൂർവ്വം ചില നായർ പ്രമാണികളും ധനവാന്മാരും ഉണ്ടെങ്കിലും സംഖ്യാബലംകൊണ്ട് അതൊരു തെളിഞ്ഞ ക്രിസ്ത്യൻ താലൂക്കു തന്നെയാണ്. കത്തോലിക്കർക്കോ യാക്കോബായക്കാർക്കോ പ്രാബല്യം എന്നേ സംശയമുള്ളൂ.

വി.പി.യും കൂട്ടരും മൂവാറ്റുപുഴ ടൗണിൽ പാലത്തിനു വടക്കു ഭാഗത്തു ഏതാനും കുന്നുംപുറം സർവീസ് സൊസൈറ്റിയുടെപേർക്ക് എഴുതിവാങ്ങുകയും അവിടെ ഒരു സ്കൂൾ കെട്ടിടം പണിയിക്കുകയും ചെയ്തു. പണം അധികമില്ലാത്ത അവർ രാവുംപകലും ക്ലേശിച്ച് ചെറുരൂപത്തിലാ

ണെങ്കിലും നല്ലോരു സ്കൂൾകെട്ടിടം ഉണ്ടാക്കി. അവിടെ അന്നു തുടങ്ങിയ എൻ.എസ്സ്.എസ്സ് സ്കൂൾ ഇന്നും സാമാന്യം നല്ലനിലയിൽ വളർന്നു വന്നിട്ടുണ്ട്. മൂവാറ്റുപുഴ സ്വദേശിയായ എം.പി. മന്മഥൻനായരെ ഞാൻ ആദ്യമായി കണ്ടതും പരിചയപ്പെട്ടതും അവിടെവച്ചാണ് ബി.എ. പരീക്ഷ കഴിഞ്ഞ ഒരു യുവാവാണ് അദ്ദേഹം എന്നുതോന്നുന്നു. അദ്ദേഹത്തിന്റെ സുമുഖത്വവും ഉൽസാഹവും ക്ലേശസഹിഷ്ണുതയും വിനയവും സമുദായസ്നേഹവും അദ്ദേഹത്തെ എന്നിലേക്കാകർഷിച്ചു. അന്നേ സാമാന്യം നന്നായി പ്രസംഗിക്കും. അദ്ദേഹം തനിയെ പഠിച്ച ഹരികഥാ പ്രസംഗം കേട്ടാൽ രസിക്കാത്തവർ ചുരുങ്ങും. അവിടുത്തെ പുതിയ സ്കൂളിലെ അദ്ധ്യാപകന്മാരിൽ ഒരാളായിരുന്നു അദ്ദേഹം എന്നാ ണെന്റെ ഓർമ്മ. എം.പി. മന്മഥന്റെ സാമർത്ഥ്യവും സ്വഭാവഗുണവുംകണ്ട് ഞാൻ സന്തോഷിച്ചു. സമുദായത്തിനു പ്രയോജനപ്പെടുന്ന പല കഴിവുകളും അദ്ദേഹത്തിലുണ്ടെന്നുതോന്നി. ഞങ്ങൾ തമ്മിലുള്ള ആ ആദ്യകാഴ്ചയും വേഴ്ചയും ദൃഢപ്പെടാൻ കാലം അധികം വേണ്ടിവന്നില്ല. അതുപോലെ തന്നെയാണ് എനിക്ക് അന്ന് അവിടെ ലഭിച്ച എല്ലാ സ്നേഹിതന്മാരും വിശേഷിച്ചു വി.പി. ഗോവിന്ദൻനായർ. അദ്ദേഹം ഊർജ്ജസ്വലനും ആർക്കും കീഴടങ്ങാത്തവനുമാണെന്നുള്ളതു പ്രസിദ്ധമാണ്. ശുദ്ധഹൃ ദയനായ അദ്ദേഹത്തിനു പിണങ്ങാനും പ്രയാസമില്ല. എന്നാൽ എന്നോ ടുള്ള അദ്ദേഹ ത്തിന്റെ സ്നേഹം ഒരു പ്രത്യേകനിലയിലുള്ളതാണ്. എന്റെ ആത്മസുഹൃ ത്തുക്കളിൽ ഒരാളാണ് അദ്ദേഹമെന്നു നിർവ്വിശങ്കം പറയാം. എന്റെ സുഖ ദുഃഖങ്ങളിലും സന്തോഷ സന്താപങ്ങളിലും ഒരു പോലെ പങ്കുകൊള്ളുന്ന ആളാണ്. സമുദായ കാര്യങ്ങളിൽ വി.പി. ഗോവിന്ദൻനായരുടെ അഭിപ്രായം പത്മനാഭപിള്ളസാറിന്റെ അഭിപ്രായ മാണ് എന്നു പരസ്യമായി പറയാൻ കൂസലില്ലാത്ത ആളാണ്. പൗരുഷ ശാലിയായ അദ്ദേഹം അതിൽ അപൗരുഷം കാണാത്തത് ഞാനുമായി സാത്മ്യം സംഭവിച്ച ആത്മസുഹൃ ത്തായതുകൊണ്ടുമാത്രമാണ്. ഏതാ യാലും മൂവാറ്റുപുഴയെ സംബന്ധിച്ച് ഉള്ള സുഹൃത്തുക്കളെക്കൊണ്ട് ഞാൻ സംതൃപ്തനാണ്. സമുദായാ സ്ഥാപനകാര്യങ്ങളിൽ മറ്റേതൊരു താലൂക്കിന്റേയും പിന്നണിയിൽ നിൽക്കാൻ ആവശ്യമില്ലാത്തവണ്ണം തൃക്കാരിയൂർ, വാരപ്പെട്ടി, മണ്ണൂർ മുതലായ സ്ഥലങ്ങളിലെ എൻ.എസ്സ്.എസ്സ് സ്ഥാപനങ്ങൾ തെളിയിക്കു ന്നുണ്ട്.

25. തടിയൂർ ഹൈസ്ക്കൂൾ

ഈശ്വരേച്ഛയുടെ ഗതിവിഗതികളെ ചൂണ്ടിക്കാണിക്കുന്ന ഒരു ദൃഷ്ടാന്തമാണ്. നായർമഹാസഭ വകയായിരുന്ന തടിയൂർ ഇംഗ്ലീഷ് ഹൈസ്കൂളായിതീർന്നത്. നായർ സർവീസ് സൊസൈറ്റിക്ക് എതിരായി ത്തുടങ്ങിയ നായർമഹാസഭ അതിന്റെ പ്രാരംഭകാലത്തുതന്നെ തിരുവല്ലാ ത്താലൂക്കിന്റെ കിഴക്കേ അറ്റത്ത് നായന്മാർക്ക് പ്രാമാണ്യമുള്ള അയിരൂരിൽ ഉൾപ്പെട്ട തടിയൂർ പ്രദേശത്ത് ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ

ഉണ്ടാക്കാൻ തീരുമാനിക്കുകയും അതു നടപ്പിൽവരുത്തുകയും ചെയ്തു. നായർ മഹാസഭാ സ്ഥാപകന്മാരിൽ ഒരാളും അതിന്റെ ജനറൽസെക്രട്ടറിയുമായിരുന്ന എം.ഇ. മാധവൻപിള്ളതന്നെ യായിരുന്നു സ്കൂളിന്റെ മാനേജർ. അതിന്റെ സ്ഥാപകന്മാരിൽ പ്രമാണി തോട്ടാവള്ളി നാരായണൻ ആശാൻ ആയിരുന്നു. അയിരൂർ പ്രദേശത്തുകാണുന്ന നായർ സമുദായബോധ ത്തിനും പരിഷ്കാരത്തിനും കാരണഭൂതൻ തോട്ടാവള്ളിൽ ആശാനായി രുന്നു. അയിരൂർ മണപ്പുറത്തെ ഹൈന്ദവസമ്മേളനങ്ങളുടെ നേതൃത്വം മരിക്കുന്നതുവരെ അദ്ദേഹത്തിൽ ലയിച്ചിരുന്നു. വലിയ സമുദായസ്നേ ഹിയും മതാഭിമാനിയുമായിരുന്ന ആശാന്റെ നിശ്ശബ്ദ സേവനം രൂപം പ്രാപിച്ചതാണ് തടിയൂർ ഹൈസ്കൂൾ. ആശാനും എം.ഇ. മാധവൻപിള്ളയു മായിരുന്നു മഹാസഭയുടെയും സ്കൂളിന്റെയും ജീവ നാഡി, റോഡുവക്കിൽ ഒന്നാന്തരം സ്ഥാനത്ത് വൻതോതിലുള്ള പല നല്ല കെട്ടിടങ്ങൾകെട്ടി പ്രശസ്തമായ നിലയിൽ ഇരുപത്തിയഞ്ചുകൊല്ലം നടത്തിയ തടിയൂർ സ്കൂൾ ആരുടെയും പ്രേരണ കൂടാതെ സർവീസ് സൊസൈറ്റിയിൽ ലയിക്കാൻ ഇടയായത് കാലഗതികൊണ്ടെന്നല്ലാതെ മറ്റൊന്നും പറയാനാകില്ല. നായർ സർവീസ് സൊസൈറ്റിയും നായർ മഹാസഭയും തമ്മിൽ ആദികാലത്ത് എത്രയധികം മത്സരവും വാശിയു മുണ്ടായിരുന്നെങ്കിലും ക്രമേണ അതു കുറഞ്ഞു കുറഞ്ഞ് ഒരു സാധാ രണനിലയിൽ എത്തീട്ട് ഏതാനും കൊല്ലമായി. മഹാസഭ പ്രവൃത്തി രഹിതമാകുകയും സർവീസ് സൊസൈറ്റി വളർന്നുവരുകയും ചെയ്ത പ്പോൾ മത്സരത്തി നുണ്ടായ കാരണം തനിയേ അവസാനിച്ചു. മഹാസഭ വകയായി ഒടുവിൽ അവശേഷിച്ചത് തടിയൂർ സ്കൂൾമാത്രമാണ്. മഹാസഭയ്ക്കു സന്താനം ഒന്നേ ഉണ്ടായുള്ളൂ എങ്കിലും അതു സൽ സന്താനമായിരുന്നു എന്നു സന്തോഷപൂർവ്വം സമ്മതിക്കാവുന്നതാണ്.

മൽസരം എന്തുകാരണം കൊണ്ടുണ്ടായതായാലും അതു സമൂലം ഇല്ലാതായി. സമുദായാംഗങ്ങളെല്ലാം യോജിച്ചു പ്രവർത്തിക്കണമെന്നുള്ള താൽപര്യം സർവീസ്സൊസൈറ്റി പ്രവർത്തകന്മാരും എം.ഇ. മാധവൻ പിള്ള കൂട്ടർക്കും ഉണ്ടായതിന്റെ ഫലമായിട്ടാണ് അന്യോന്യം സമീപിക്കാനും സംസാരിക്കാനും സന്ദർഭമുണ്ടായത് തടിയൂർ സ്കൂളിന്റെ സർവ്വാവകാശ ങ്ങളും സർവീസ്സൊസൈറ്റിക്കു വിട്ടുകൊടുക്കാനും എം.ഇ. മാധവൻപിള്ള യേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരിൽ ഏതാനും പേരെയും എൻ.എസ്.എസ്. മെമ്പറന്മാരാക്കാനും തീരുമാനിച്ചു. അതനുസരിച്ച് തടിയൂർ സ്കൂളിന്റെ രജതജൂബിലി മഹോത്സവത്തിൽ വച്ചുതന്നെ ആ സ്കൂൾ സർവീസ് സൊസൈറ്റിക്കുവിട്ടുതന്ന വിവരത്തി നുള്ള ആധാരം മാനേജർ എം.ഇ. മാധവൻപിള്ള ഒരു ചെറു പ്രസംഗ ത്തോടുകൂടി എൻ.എസ്.എസ്. പ്രസിഡന്റു വി.കെ. വേലപ്പനെ ഏല്പിച്ചു കൊടുത്തു. അലംകൃതമായ പന്തലിൽ തിങ്ങിക്കൂടിയിരിക്കുന്ന ബഹുജന ങ്ങളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നടുവിൽവച്ച് നിറപറയും നിലവിളക്കുംകൊണ്ട് പ്രശോഭിതമായ സന്ദർഭത്തിൽചെയ്ത

ആ ദാനയാധാര കൈമാറ്റവും മാധവൻപിള്ളയുടെ ഹൃദയസ്പൃക്കായ പ്രസംഗവും സന്നിഹിതരായിരുന്നവരെയെല്ലാം ആനന്ദ തുന്ദിലരാക്കിത്തീർത്തു. മാധവൻപിള്ളയുടെ പ്രസംഗത്തിന്റെ ഒടുവിൽ ചൊല്ലിയത് ശാകുന്തളം നാലാം അങ്കത്തിലെ ഈ ശ്ലോകമാണ്.

മുന്നേ ഞാൻ നിരൂപിച്ചപോൽ
സദൃശനായുള്ളൊരു ഭാർത്താവിനെ-
ത്തന്നേ പുണ്യവശേന മൽപ്രിയസുതേ
പ്രാപിച്ചു നീ സാമ്പ്രതം
ഔന്നത്യം കലരും രസാലവരനീ
മുല്ലയ്ക്കുമായ് വല്ലഭൻ
നിന്നേ ച്ചൊല്ലിയുമില്ലകില്ലിനിയെനി-
യ്ക്കീ മുല്ലയെ ച്ചൊല്ലിയും

ശരിയാണ്, വളരെ പ്രയാസപ്പെട്ട് തന്റെ ഓമനപ്പുത്രിയെപ്പോലെ വളർത്തിക്കൊണ്ടുവന്ന ഈ മഹാസ്ഥാപനത്തെ അദ്ദേഹത്തിനു മതിപ്പും വിശ്വാസവും ഉള്ള ഒരു ഭരണസമിതിയെത്തന്നെ ഏല്പിക്കാൻ കഴിഞ്ഞതിലുള്ള സംതൃപ്തിയും സന്തോഷവും അദ്ദേഹത്തിന്റെ വാക്കുകളിൽ തികഞ്ഞു തെളിഞ്ഞുകാണുന്നുണ്ട്. അദ്ദേഹം കൃതകൃത്യനാണ്.

എം.ഇ. മാധവൻപിള്ള ചങ്ങനാശേരി സ്വദേശിയാണ് എന്നു പറഞ്ഞാൽപോരാ, അവിടുത്തെ മാത്രമല്ല ഈ രാജ്യത്തെതന്നെ പേരുകേട്ട പ്രഭുകുടുംബങ്ങളിൽ ഒന്നായ മാടത്താനി ഭവനത്തിലെയാണ്. ശേഷിമാനായ ഒരു വക്കീലാണ്. അദ്ദേഹം നിരന്തര പരിശ്രമിയായ ഒരു പ്രവർത്തകനുമാണ്. ഈ യോജിപ്പോടുകൂടി മഹാസഭാ പ്രസ്ഥാനത്തിനുണ്ടായ ശക്തി ഉൾപ്പെടെ സർവ്വീസ് സൊസൈറ്റി കൂടുതൽ ശക്തിയായിത്തീർന്നു എന്ന് സമുദായം ആഹ്ലാദിക്കുകയാണ്.

26. ആനിക്കാട് ഹൈസ്ക്കൂൾ

കോട്ടയം താലൂക്കിന്റെ കിഴക്ക് നായർക്ക് ശക്തിയുള്ള ഒരു ദിക്കാണ് ആനിക്കാട്. അവിടെ അപൂർവ്വം ചില നായർ പ്രമാണികൾ ചേർന്ന് 20 കൊല്ലത്തിനു മുമ്പുണ്ടാക്കിയതാണ് ആനിക്കാട് ഹൈസ്ക്കൂൾ. ഈ സ്കൂൾ സ്ഥാപകന്മാരിൽ പ്രമാണി തെക്കേടത്തു നാരായണപിള്ളയാണ്. അദ്ദേഹം സ്കൂളിനുവേണ്ടി വളരെ പണം ചെലവഴിക്കുകയും ശ്രമിക്കയും ക്ലേശിക്കയും ചെയ്തിട്ടുണ്ട്. അതിന്റെ മാനേജരും അദ്ദേഹം തന്നെയാ യിരുന്നു. ഈ സ്കൂളിന്റെ ഉടമസ്ഥന്മാരിൽ ഒരാൾ പിറ്റിനാൽ അയ്യപ്പൻപിള്ള യാണ്. അദ്ദേഹമാണ് വളരെക്കാലമായി ആനിക്കാട്ടെ പൊതുജനപ്രമാണി. ഏതു നല്ല കാര്യത്തിന്റെയും നേതൃത്വം വഹിക്കാനും പങ്കാളിയാകാനും സന്മനസ്സുള്ള ഒരു ദേശാഭിമാനിയാണദ്ദേഹം. അവിടുള്ള എന്റെ സ്നേഹിതന്മാരിൽ പ്രമാണിയും ഏദ്ദേഹം തന്നെയാണ്. സർവീസ് സൊസൈറ്റിയിലെ മെമ്പറായ അദ്ദേഹം എന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള മിക്ക പ്രസ്ഥാനങ്ങളിലേയും

സഹകാരിയുമാണ്. ആനിക്കാട്ടു സ്കൂളിന്റെ അവകാശികളിൽ ഒരാളും യുവജനപ്രമാണിയുമായ വി.ജി. നായരുടെ ഊർജ്ജസ്വലതയെപ്പറ്റി എനിക്കു പലപ്പോഴും മതിപ്പുതോന്നിയിട്ടുണ്ട്. സ്കൂളിന്റെ നിലനില്പിനും ഭംഗിയായ നടത്തിപ്പിനും സർവീസ് സൊസൈറ്റിയെ ഏല്പിക്കുന്നതാണ് നല്ലതെന്നുള്ള മാനേജർ നാരായണപിള്ളയുടെ അഭിപ്രായത്തോട് മേൽവിവരിച്ചവരും മറ്റുടമസ്ഥരും യോജിക്കയാൽ ആ സ്കൂൾ എല്ലാവരും ചേർന്ന് സർവീസ് സൊസൈറ്റിക്ക് വിട്ടുതന്നു. അതിന്റെ ആധാരക്കൈമാറ്റവും ഒരു മഹായോഗസമക്ഷമാണ് നടന്നത്. ആവശ്യത്തിനുള്ള കെട്ടിടങ്ങളും സാധനസാമഗ്രികളുമുള്ള നല്ല ഒരു സ്കൂളാണത്. അതിനോടുകൂടി എൻ.എസ്.എസ്സിനുള്ള ആനിക്കാടു ബന്ധം പൂർവ്വാധികം ദൃഢതരമായി.

ബാക്കി എൻ.എസ്.എസ്. സ്കൂളുകളും പ്രദേശങ്ങളുമായും എനിക്ക് ഏതെങ്കിലും തരത്തിൽ ബന്ധം ഉണ്ടാകാതിരുന്നിരിക്കയില്ല. അവയിൽ പലതിനെപ്പറ്റിയും എന്റെ ഓർമ്മക്കുറിപ്പിൽ എവിടെയെങ്കിലും എന്തെങ്കിലും സ്പർശിച്ചു കാണുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് അവയെപ്പറ്റി വീണ്ടും എടുത്തുപറയാതിരുന്നിട്ടുള്ളത്. ഏതെങ്കിലും സ്കൂളിന്റെയോ പ്രമാണികളുടേയോ പേര് വിട്ടുപോയിട്ടുണ്ടെങ്കിലോ ചേർക്കാതിരു ന്നിട്ടുണ്ടെങ്കിലോ അത് പ്രാമാണ്യക്കുറവോ ബന്ധമില്ലായ്മയോ കൊണ്ടല്ലെന്നും എന്റെ ഓർമ്മക്കുറവു കൊണ്ടാണെന്നും ധരിക്കേണ്ടതാണ്. സ്കൂൾ കാര്യങ്ങളെ സംബന്ധിച്ചുള്ള എന്റെ ഓർമ്മക്കുറിപ്പ് ഈ വിധത്തിൽ സമാപിക്കാം.

അദ്ധ്യായം - 26

സ്കൂൾ ഭരണം

എൻ.എസ്.എസ്.'സ്കൂൾ ആരംഭിച്ചപ്പോൾത്തന്നെ അവ ഒരു ജനറൽ മാനേജരുടെ ഭരണത്തിലിരിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ആദ്യത്തെ ജനറൽമാനേജർ, ജനറൽ സെക്രട്ടറിയായ ഞാൻ തന്നെയായിരുന്നു. ഞാൻ അന്നത്തെ ജനറൽ സെക്രട്ടറിയും, ജനറൽ മാനേജരും മാത്രമല്ല, ക്ലർക്കും ശിപായിയും ആഫീസും കൂടിയായിരുന്നു. സ്കൂളുകളുടെ എല്ലാ ചുമതലയും വഹിക്കുകയും പൊതുഭരണം നടത്തുകയും ചെയ്യുന്നതു ജനറൽ മാനേജർ ആണെങ്കിലും ഓരോ ലോക്കൽ കമ്മറ്റിയേയും ഉണ്ടാക്കാനും ആദ്യംമുതൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ചാണ് ഇന്നു നടക്കുന്നത്. സ്കൂൾ ഭരണത്തിനുള്ള നിബന്ധനയിൽ ആവശ്യംപോലെ അപ്പഴപ്പോൾ പല മാറ്റങ്ങളും വരുത്തീട്ടുണ്ട്. വ്യവസ്ഥിതി വേണ്ടവണ്ണം പാലിച്ചുകൊണ്ടു പോകാൻ എൻ.എസ്.എസ്. സ്കൂൾ മാനേജ്മെന്റിനു കഴിവുണ്ടെന്നുള്ള സൽപ്പേരു സമ്പാദിക്കൻ പ്രയാസമുണ്ടായിട്ടില്ല. സ്ഥാപനത്തെ സ്നേഹിക്കുന്നവരും നിബന്ധനതെറ്റി നടക്കാത്തവരുമായ ഏതു സമുദായത്തിൽപെട്ട അധ്യപകന്മാരുടേയും സർവീസിന് ഇതുവരെ ഒരു കോട്ടവുമുണ്ടായിട്ടില്ലെന്നു കാണിക്കാൻ തെളിവ് അന്വേഷിച്ചു നടക്കേണ്ട ആവശ്യമില്ല. മുപ്പത്തും മുപ്പത്തഞ്ചും കൊല്ലം കഴിഞ്ഞ് സർവീസ് പൂർത്തിയായി പ്രൊവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും വാങ്ങി പിരിഞ്ഞ അനവധി അധ്യാപൻമാർ ഇന്നും ജീവിച്ചിരിപ്പുണ്ട്. ആരംഭകാലംമുതൽ 17 കൊല്ലം തുടർന്നു ഞാൻ തന്നെയാണ് ജനറൽ മാനേജരായിരുന്നത്. ജനറൽ സെക്രട്ടറിയുടേയും, ജനറൽ മാനേജരുടെയും ജോലി വർദ്ധിച്ചതു നിമിത്തം വിദ്യാഭ്യാസശാഖ പ്രത്യേകം തിരിച്ച് ഒരു ജനറൽ മാനേജരെ നിയമിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് എൻ.എസ്.എസ്. സ്കൂളിലെ സീനിയർ ഹെഡ് മാസ്റ്ററായിരുന്ന കട്ടിയാട്ടു ശിവരാമപ്പണിക്കരെ 107 തുലാത്തിൽ ജനറൽ മാനേജരായി നിയമിച്ചു. അദ്ദേഹമാണ് രണ്ടാമത്തെ ജനറൽ മാനേജർ.

2. കട്ടിയാട്ടു ശിവരാമപ്പണിക്കർ

സർവീസ് സൊസൈറ്റി പ്രവർത്തനം ജീവിത ധർമ്മമായി സ്വീകരിച്ചുകൊണ്ട് നായർ സമുദായ സമക്ഷം പ്രതിജ്ഞാബദ്ധനായി ആദ്യം വന്നത് ഞാനാണെങ്കിൽ, അതിൽ ഒട്ടും കുറയാത്ത ആവേശത്തിൽ സേവനത്തിനായി സമുദായസമക്ഷം ജീവിതസമർപ്പണം ചെയ്തുവന്ന രണ്ടാമത്തെ ആൾ കട്ടിയാട്ടു ശിവരാമപ്പണിക്കരായിരുന്നു. അദ്ദേഹത്തിന്റെ ത്യാഗം ചെറുതല്ലായിരുന്നു. ബി.എ.ക്കാർക്കു വിലയുള്ള കാലത്തെ ബി.എ.ക്കാരനാണദ്ദേഹം സർക്കാരുദ്യോഗത്തിന്റെ പദവിയിലും അന്തസ്സിലും പണമിട കുറയാൻ സമ്മതമില്ലാത്ത പണിക്കർ, ലഭ്യമാകാൻ

പ്രയാസമില്ലാത്ത ഉദ്യോഗപദവിയെ കാംക്ഷിക്കാതെ ആദായത്തിലും പദവിയിലും കുറവുള്ള ഒരു പ്രൈവറ്റ് സ്കൂൾ ടീച്ചറാകാൻ തീരുമാനിച്ചത് അദ്ദേഹത്തിന്റെ സമുദായസ്നേഹവും ത്യാഗവും കൊണ്ടുമാത്രമാണ്. മറ്റൊരു ജോലിയും കിട്ടാൻ സാദ്ധ്യമല്ലാതെ വരുന്നവർ മാത്രമേ ഗവൺമെന്റ് സർവ്വീസായാലും അദ്ധ്യാപകവൃത്തിക്കു പോകാറുള്ളൂ. അദ്ധ്യാപക വൃത്തിയെപ്പറ്റി അന്നുണ്ടായിരുന്ന മതിപ്പില്ലായ്മ അത്ര വളരെ ആയിരുന്നു. ഏതായാലും അദ്ദേഹത്തിന്റെ കൂടെ ബി.എ. പാസ്സായ പലരും ഉദ്യോഗത്തിലും വക്കീൽപണിയിലും വലിയ പദവിയിൽ ജീവിക്കുന്നതു കണ്ടിട്ടും യാതൊരു ചാഞ്ചല്യവും കൂടാതെ സന്തോഷത്തിലും അഭിമാനത്തിലും അദ്ദേഹത്തിന്റെ ജോലി തുടർന്നു നടത്തുകതന്നെ ചെയ്തു. അദ്ദേഹം എന്തിനെക്കാളും അധികം കാര്യമായി കരുതുന്നത് അഭിമാനസമ്പത്താണ്. അത് ഏതു പദവിയിലുള്ള അദ്ദേഹത്തിന്റെ സഹപാഠികളേക്കാളും എത്രയോ അധികം അദ്ദേഹത്തിനു ലഭിച്ചിരുന്നു. എന്നുള്ളത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരാശ്വാസമായിരുന്നു. സമുദായ രംഗങ്ങളിലും-ഒട്ടൊക്കെ രാഷ്ട്രീയ രംഗങ്ങളിലും-അദ്ദേഹത്തിന്റെ പേരിനുള്ള വിലയും സ്വാധീനവും ചെറുതല്ലായിരുന്നു. വക്കീൽ പ്രമാണികളും രാഷ്ട്രീയപ്രമാണികളും നിന്ന് പലപ്പോഴും തോറ്റു വെള്ളം കുടിച്ച ചേർത്തല നിയോജകമണ്ഡലത്തിൽ അവിടെ പാർപ്പുകാരനല്ലാത്ത വെറും പള്ളിക്കൂടം വാദ്ധ്യാരായ ശിവരാമപ്പണിക്കർ അസംബ്ലി സ്ഥാനാർത്ഥിയായി നിന്ന് നിഷ്പ്രയാസം ജയിച്ചതിൽ കവിഞ്ഞ് അദ്ദേഹത്തിന്റെ പേരിനും സ്വാധീനശക്തിക്കും ഒരു തെളിവ് ആവശ്യമില്ലല്ലോ.

ശിവരാമപ്പണിക്കർ എൽ.റ്റി. പാസ്സായി ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററുമായി ഏതാനും കൊല്ലം കഴിഞ്ഞശേഷമാണ് അദ്ദേഹത്തെ ജനറൽ മാനേജരായി നിയമിച്ചത്. അതിനുമുമ്പുതന്നെ പ്രാക്കുളം പരമേശ്വരൻപിള്ളയുടെ അനന്തിരവളായ കാർത്യായനിഅമ്മ എന്ന ഒരു സാധുരത്നത്തെ അദ്ദേഹം വിവാഹം ചെയ്ത് ഒരുവിധം ഒരു പ്രാക്കുളംകാരനായിത്തീർന്നിരുന്നു. സന്തതീസമ്പത്തോകൂടിയ അദ്ദേഹത്തിന് പ്രാക്കുളം വിടാൻ അത്രവലിയ സന്തോഷമുണ്ടായിരുന്നില്ലെങ്കിലും ജനറൽമാനേജർ സ്ഥാനം സ്വീകരിച്ച് ചങ്ങനാശ്ശേരിയിലേക്കുതാമസം മാറ്റി. അദ്ദേഹത്തെ ജനറൽ മാനേജർ മാത്രമായിട്ടല്ല ഇൻസ്പെക്ടിംഗ് ആഫീസറായിട്ടും കൂടിയാണ് നിയമിച്ചത്. എൻ.എസ്.എസ്. വിദ്യാഭ്യാസശാഖാഭരണത്തിനാവശ്യമുള്ള എല്ലാപരിഷ്കൃതവ്യവസ്ഥകളും റിക്കാർഡുകളും ഉണ്ടാക്കിയത് അദ്ദേഹമാണ്. സ്നേഹസമ്പൂർണ്ണനായ അദ്ദേഹത്തിന്റെ ഭരണം ആ ഡിപ്പാർട്ടുമെന്റിനു പേരും പെരുമയും ഉണ്ടാക്കി.

ദിവാൻ എ.ഇ. വാട്സിന്റെ കാലത്തായിരുന്നു ശിവരാമപ്പണിക്കർ അസംബ്ലിമെമ്പറായത്. അന്നദ്ദേഹം പ്രാക്കുളം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. ശിവരാമപ്പണിക്കർ അസംബ്ലിയിലെ ഒരു നല്ല മെമ്പറായിരുന്നതു കൊണ്ട് ദിവാൻ പ്രസിഡണ്ടിനു വലിയകാര്യമായിരുന്നു. ദിവാൻ

അദ്ദേഹത്തെ ഗവൺമെന്റ് സർവ്വീസിലേക്ക് ക്ഷണിക്കപോലും ചെയ്തു. അതിനു അദ്ദേഹം വഴിപ്പെട്ടില്ല. വാട്സിനെ ചേർത്തലക്കാർക്ക് ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. അദ്ദേഹമാണ് അവിടുത്തെ കുഴമണൽ റോഡാക്കിത്തീർത്തത്. വാട്സിനും ശിവരാമപ്പണിക്കർക്കും തമ്മിലുള്ള വേഴ്ച യാണ് അദ്ദേഹം. ചേർത്തലയോട് ഇത്രയധികം സ്നേഹപൂർവ്വം പ്രവർത്തി ക്കാൻ കാരണം. അതുകൊണ്ട് ചേർത്തല റോഡിൽകൂടി നടക്കുന്നവരെല്ലാം പണിക്കരേയും ഓർക്കാതിരിക്കില്ല.

കുറെക്കഴിഞ്ഞ് വിദ്യാഭ്യാസപരിഷ്കാരത്തിന് ഒരു റിപ്പോർട്ടു തയ്യാറാക്കാൻ അന്നത്തെ വിദ്യാഭ്യാസഡയറക്ടറായ സ്റ്റാതാമിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് ഒരു കമ്മറ്റി രൂപീകരിച്ചു. ആ കമ്മറ്റിയിലെ ഒരംഗമായി ശിവരാമപ്പണിക്കരേയും എടുത്തു. അന്ന് അദ്ദേഹം എൻ.എസ്സ്.എസ്സ്. സ്ക്കൂളുടെ ജനറൽമാനേജരായിരുന്നു. റിപ്പോർട്ടു തയ്യാറായിക്കഴിഞ്ഞപ്പോഴേക്ക് പ്രസിഡണ്ടായ സ്റ്റാതാമിന് ശിവരാമപ്പണിക്കരുടെ ശേഷിയെപ്പറ്റി അമിതമായ മതിപ്പുണ്ടായി. കമ്മറ്റി അവസാനിച്ചപ്പോൾ അദ്ദേഹത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഒരു ഉയർന്ന ഉദ്യോഗത്തിനു ചെല്ലാൻ സായ്പ് പ്രേരിപ്പിക്ക മാത്രമല്ല നിർബ്ബന്ധിക്കകൂടി ചെയ്തു. ഞങ്ങളുടെയെല്ലാം സമ്മതത്തോടുകൂടി അദ്ദേഹം അതിനു കഷ്ടിച്ചു വഴിപ്പെട്ടു. അങ്ങിനെ അദ്ദേഹം ജനറൽ മാനേജർസ്ഥാനത്തു നിന്നും 110-ൽ പിരിയാൻ ഇടയായി. ചില ക്ലിക്കുകളുടെ ഫലമായി വാഗ്ദാനംചെയ്തു. ഉദ്യോഗമല്ല ഒടുവിൽ അദ്ദേഹത്തിനു ലഭിച്ചത്. അങ്ങനെ അദ്ദേഹം ഗവൺമെന്റു സർവീസിൽ പ്രവേശിക്കയും ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി ഉദ്യോഗത്തിൽനിന്നും പിരിയേണ്ടിവരികയും ചെയ്തു. ശിവരാമപ്പണിക്കർ ഇന്നും സർവീസ് സൊസൈറ്റിയുടെ വിശ്വസ്ത സേവകന്മാരിൽ ഒരാൾതന്നെയാണ്. അദ്ദേഹം ചേർത്തല താലൂക്കുകരയോഗയൂണിയന്റെ പ്രസിഡണ്ടാണ്. പലപ്പോഴും എൻ.എസ്സ്.എസ്സ്. ഡയറക്ടർബോർഡിൽ അംഗമായിരുന്നിട്ടുണ്ട്.

3. കൈനിക്കര പത്മനാഭപിള്ള

അടുത്ത ജനറൽ മാനേജരായി കറുകച്ചാൽ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കൈനിക്കര പത്മനാഭപിള്ളയെ നിയമിച്ചു. അത് 1110 മിഥുനത്തിലാണ്. അദ്ദേഹം 117 ഇടവം വരെ ജനറൽമാനേജരായിരുന്നു. ശേഷിമാനായ ഒരു ജനറൽ മാനേജരായിരുന്നു അദ്ദേഹം. അപ്പോഴും ഞാൻ തന്നെയായിരുന്നു ജനറൽ സെക്രട്ടറി. കുറെ കഴിഞ്ഞപ്പോൾ ഞാനും അദ്ദേഹവുമായി ഡിപ്പാർട്ടുമെന്റ് ഭരണത്തേയും ഞങ്ങൾക്കുള്ള അധികാരാ വകാശങ്ങളേയും പറ്റി അഭിപ്രായഭേദമുണ്ടായി. അസുഖം വളരെ വർദ്ധിച്ചു ഞങ്ങൾക്ക് ഒരുമിച്ച് ഒരു സഥാപനത്തിൽ ഇരുന്നു പ്രവർത്തിക്കാൻ സാദ്ധ്യമല്ലാത്തവണ്ണം ഞങ്ങൾ ഒരാൾ പിരിയണമെന്നുള്ള നിലവന്നു. ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരുടെ അന്തേവാസികൾ എന്നുള്ള നിലയിൽ കൈനിക്കര പത്മനാഭപിള്ളയും കോട്ടൂർ

കുഞ്ഞുകൃഷ്ണപിള്ളയും സുഹൃത്തുക്കളായിത്തീർന്നു. എൻ.എസ്സ്.എസ്സ്. ഡയറക്ടർ ബോർഡിലെ അഗങ്ങളായിത്തീർന്നു. എൻ.എസ്സ്.എസ്സ്. ഡയറക്ടർ ബോർഡിലെ അംഗങ്ങളായിരുന്ന അവർക്ക് ഡയറക്ടർ ബോർഡിലും കുറെയൊക്കെ സൈരക്കേടുണ്ടാക്കാൻ സാധിച്ചു. എന്നെ സർവ്വീസ് സൊസൈറ്റിയിൽനിന്നും പുറത്താക്കുകയെന്നുള്ളതായിരുന്നു അവരുടെ രണ്ടാളുടേയും പ്ലാൻ അവരൊഴിച്ചുള്ള ബോർഡംഗങ്ങളെല്ലാം എനിക്കനുകൂലികളായിരുന്നെങ്കിലും രണ്ടാൾ മതിയല്ലോ സൈരക്കേടുണ്ടാക്കാൻ, അങ്ങിനെ ഏതാനും മാസം കഴിച്ചുകൂട്ടേണ്ടതായിവന്നു. അന്നത്തെ പ്രസിഡന്റ് കെ.ജി. പരമേശ്വരൻപിള്ളയായിരുന്നു കൊല്ലത്തുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽവെച്ച് അദ്ദേഹത്തിന്റെയും പുതുപ്പള്ളി കൃഷ്ണപിള്ളയുടെയും മദ്ധ്യസ്ഥതയിൽ ഞങ്ങളെ രഞ്ജിപ്പിക്കാൻ ഒരു ശ്രമം നടന്നു. അതും ഫലിച്ചില്ല. രണ്ടിൽ ഒരാൾക്കേ സർവീസ് സൊസൈറ്റിയിൽ സ്ഥാനമുള്ളൂ എങ്കിൽ, അത് സൊസൈറ്റിയിലെ ഒരുദ്യോഗസ്ഥനായ കൈനിക്കര പത്മനാഭപിള്ളയ്ക്കല്ല, അതിന്റെ സ്ഥാപകന്മാരിൽ ഒരാളായ എനിക്കുതന്നെയാണെന്നു എൻ.എസ്സ്.എസ്സ്. അംഗങ്ങളും പൊതുജനങ്ങളും വോട്ടെടുക്കാതെതന്നെ തീരുമാനിച്ചിരുന്നു. മേലാൽ ഈ മാതിരി വഴക്കുണ്ടാക്കാതിരിക്കത്തക്കവണ്ണം എൻ.എസ്സ്.എസ്സ്. നിബന്ധനയിൽ വേണ്ട മാറ്റം വരുത്തി അന്നുമുതൽ കൈനിക്കര പത്മനാഭപിള്ള ആഫീ സിൽ വരാതെ റിക്കാർഡുകളെല്ലാം സ്വയമേവ വീട്ടിൽ കൊണ്ടുപോയി അവിടിരുന്നു ജോലിചെയ്തുതുടങ്ങി. അദ്ദേഹത്തിന് ഇവിടെനിന്നു പിരിയുകയല്ലാതെ ഗത്യന്തരമില്ലെന്നു വന്നപ്പോൾ, ഗവൺമെന്റുസർവ്വീസിൽ പ്രവേശനത്തിനുള്ള ശ്രമത്തിനു വേഗതകൂടി. പത്മനാഭപിള്ളയുടെ ഉദ്യോഗ ലാഭത്തിന് ഞങ്ങൾ തമ്മിലുള്ള പിണക്കം കൂടുതൽ പ്രയോജനപ്പെട്ടു. സർവ്വീസ് സൊസൈറ്റിയുടെ ഭാഗ്യംകൊണ്ടു പത്മനാഭപിള്ളയ്ക്കു താമസി യാതെ ഗവൺമെന്റു സർവീസിൽ പ്രവേശനം കിട്ടി. അദ്ദേഹത്തെ കോഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് രജിസ്ട്രാരുടെ ഗ്രേഡിൽ ഒരു സ്പെഷ്യൽ ആഫീസറായി നിയമിച്ചു. അങ്ങിനെ അദ്ദേഹം ഇവിടുത്തെ ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞു. കോട്ടൂരിന് നാഗർകോവിലിൽ ഒരു രണ്ടാം ജഡ്ജി വേലയും കിട്ടി. കൈനിക്കരയും കോട്ടൂരും എൻ.എസ്സ്.എസ്സിൽ നിന്നും പിരിഞ്ഞതിനോടുകൂടി ഇവിടുത്തെ സൈര്യക്കേടുകളെല്ലാം അവസാനിച്ചു.

അക്കാലത്തു കൈനിക്കര കുമാരപിള്ള കരുവാറ്റാ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. അദ്ദേഹവുമായി എനിക്ക് യാതൊരു അഭിപ്രായ ഭേദത്തിനും കാരണമുണ്ടായിട്ടില്ല. പത്മനാഭപിള്ളയുമായുള്ള സഹോദര ബന്ധംകൊണ്ട് ഇവിടുത്തെ ഉദ്യോഗത്തിൽനിന്നും പിരിയാൻ കുമാര പിള്ളയും ആഗ്രഹിച്ചു. അപ്പോഴത്തെ സാഹചര്യത്തിൽ അദ്ദേഹത്തിനും ഗവൺമെന്റു സർവ്വീസിൽ പ്രവേശനത്തിനു പ്രയാസമുണ്ടായില്ല. തിരുവനന്തപുരത്തെ ട്രെയിനിംഗ് കോളേജിൽ ഒരുദ്യോഗം കിട്ടിയതു

കൊണ്ട് കുമാരപിള്ളയും ഇവിടുത്തെ ഉദ്യോഗം രാജിവച്ച് ജോലിയിൽ നിന്നും പിരിഞ്ഞു.

4. മുരണി വി.ജി. ശങ്കരനാരായണപിള്ള

കൈനിക്കര പത്മനാഭപിള്ള ജനറൽമാനേജർ ജോലിയിൽനിന്നു പിരിഞ്ഞപ്പോൾ ചാർജ്ജേറ്റു വാങ്ങാൻ ഡയറക്ടർബോർഡ് മുരണി ശങ്കരനാരായണപിള്ളയോടു ആവശ്യപ്പെട്ടു. അദ്ദേഹം ഒരു അഡ്ഹക്കേറ്റായിരുന്നതുകൊണ്ട് ആ നിയമനം തൽക്കാലത്തേക്കായിരുന്നു. വക്കീൽ പണി ഉപേക്ഷിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് മൂന്നുമാസത്തിനു ശേഷം അദ്ദേഹം ജനറൽമാനേജർ ജോലിയിൽ നിന്നും പിരിഞ്ഞു. അദ്ദേഹം എന്റെ ഒരു പ്രിയസുഹൃത്തും എൻ.എസ്സ്.എസ്സ്. ബന്ധുവുമായിരുന്നു.

5. കെ.പി. കൃഷ്ണമേനോൻ

സ്ഥിരം ജനറൽമാനേജരായി തലശ്ശേരി കെ.പി. കൃഷ്ണമേനോനെ 118 ചിങ്ങത്തിൽ നിയമിച്ചു. കൃഷ്ണമേനോൻ അപ്പോൾ മാന്നാർ നായർ സമാജം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ആളുമാണ്. മേനോൻ ഏറ്റവും ശേഷിമാനായ ഹെഡ്മാസ്റ്ററായിരുന്നുവെന്നു പറഞ്ഞാൽപോരാ, ഒരു മാതൃകാ ഗുരുനാഥൻ എന്നുള്ള പേരു സമ്പാദിച്ച ബഹുമാന്യനാണെന്നുംകൂടി പറയണം. മാന്നാർ സ്ക്കൂളിന് പേരും പെരുമയും ഉണ്ടാക്കിയത് അദ്ദേഹമാണ്. സത്യസന്ധനും കണിശക്കാരനും കുട്ടികളെ അടക്കി ഭരിക്കുന്ന ഒരു ഉഗ്രസ്വഭാവിയും ആയിരുന്നു അദ്ദേഹം. ഒരനാവശ്യം അദ്ദേഹം ജനിച്ച ദിക്കിൽ കാണികയില്ല. പുറമെ കാണുന്ന രൂക്ഷതയോ കാഠിന്യമൊ അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചിട്ടേ ഇല്ല. ഒന്നാന്തരം ഒരു സ്നേഹിതനും മൃദുലസ്വഭാവിയുമാണെന്ന് അടുത്തവർക്കേ അറിയാൻ സാധിക്കൂ. മദ്ധ്യതിരുവിതാംകൂറിലെ എണ്ണപ്പെട്ട മിക്ക ആളുകളും അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. കക്ഷിഭേദംകൊണ്ട് മലീമസമായ മാന്നാർ പ്രദേശത്ത് ഒരു കക്ഷിയിലും പെടാതെയും ആർക്കും അപ്രിയം കൂടാതെയും ദീർഘകാലം ഉദ്യോഗം വഹിച്ചു എന്നുള്ളതുതന്നെ അദ്ദേഹത്തിന്റെ ശേഷിയുടെയും യോഗ്യതയുടെയും ചോദ്യം ചെയ്യപ്പെടാത്ത ഒരു തെളിവാണ്.

മാന്നാർ കൃഷ്ണമേനോൻ എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹം, പ്രായംകൊണ്ട് അവിടുത്തെ സർവ്വീസിൽനിന്നും പിരിയാൻ പോകുന്നു എന്നറിഞ്ഞുപ്പോൾ, പരിചയസമ്പന്നനായ അദ്ദേഹത്തെതന്നെ ഇവിടുത്തെ ജനറൽ മാനേജരായി നിയമിക്കാൻ തീരുമാനിച്ചു. അദ്ദേഹം 118 ചിങ്ങത്തിൽ ജോലിയിൽ പ്രവേശിച്ച് എല്ലാവർക്കും തൃപ്തികരമായി ഏഴുകൊല്ലക്കാലം ജനറൽമാനേജരുദ്യോഗം വഹിച്ചിട്ട് 124 ഇടവം 1-ാം തീയതി ജോലിയിൽനിന്ന് വിരമിച്ചു. ആർക്കും കീഴടങ്ങാത്ത കൃഷ്ണമേനോനും, എല്ലാരേയും അടക്കിഭരിക്കുന്ന സ്വഭാവക്കാരനെന്നു പേരു കേട്ടിട്ടുള്ള ഞാനും തമ്മിൽ പൊരുത്തപ്പെടാതെ കാലാവധിക്കുള്ളിൽ

അദ്ദേഹം പിരിഞ്ഞുപോകുമെന്നു പറഞ്ഞ ദീർഘദർശികളെല്ലാം അവരുടെ വിവരമില്ലായ്മയോർത്ത് വ്യസനിച്ചിരിക്കും. പത്തു മുപ്പതു കൊല്ലമായി അടുത്തറിഞ്ഞും സ്നേഹിച്ചും ജീവിച്ച ഞങ്ങളുടെ സുഹൃദ്ബന്ധത്തിന് ഒരു പോറൽപോലും പറ്റാതെ, അഞ്ചുകൊല്ലത്തേക്കു വരുത്തിയ അദ്ദേഹം ഏഴുകൊല്ലം ഇവിടുത്തെ ഉദ്യോഗത്തിൽ സന്തോഷപൂർവ്വം ഇരിക്കാൻ പ്രയാസമുണ്ടായില്ലെന്നുള്ളത് ഒരു വിശേഷ സംഭവമല്ലെന്ന് ഞങ്ങൾ രണ്ടാൾക്കുമറിയാം. ഉദ്യോഗത്തിൽനിന്നും പിരിഞ്ഞശേഷവും ഞങ്ങൾ ഇന്നും ആ നിലയിൽ ആത്മസുഹൃത്തുക്കളായിതന്നെ ജീവിക്കുകയാണ്. തളിപ്പറമ്പിലുള്ള അദ്ദേഹത്തിന്റെ സ്വന്തം വസതിയിൽ താമസിച്ച് അദ്ദേഹം വിശ്രമിക്കുന്നു.

6. എൻ. വാസുദേവൻപിള്ള

എൻ.എസ്സ്.എസ്സ്. സ്കൂളിലെ ഒരദ്ധ്യാപകനായി വാസുദേവൻ പിള്ള ജോലിയിൽ പ്രവേശിച്ചത് 1098 തുലാത്തിലാണ്. അദ്ദേഹം ഒന്നാന്തരം ഒരദ്ധ്യാപകനാണ്. അവകാശം വന്ന മുറയ്ക്ക് അദ്ദേഹം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി. അതിനു അധികം കാലതാമസം വേണ്ടിവന്നില്ല എൻ.എസ്സ്.എസ്സിലെ നല്ല ഹെഡ്മാസ്റ്ററന്മാരിൽ ഒരാളായിരുന്ന അദ്ദേഹത്തിന് സർവ്വീസിൽ പ്രവേശിച്ച് 26 കൊല്ലം തികഞ്ഞത് 124 ഇടവത്തിലാണ്. അതിനുമുമ്പുതന്നെ അദ്ദേഹം എൻ.എസ്സ്.എസ്സിലെ സീനിയർ ഹെഡ്മാസ്റ്ററായിക്കഴിഞ്ഞിരുന്നു. കെ.പി. കൃഷ്ണമേനോൻ ജനറൽ മാനേജർ സ്ഥാനത്തുനിന്നും പിരിഞ്ഞപ്പോൾ അവകാശിയായ എൻ. വാസുദേവൻപിള്ളയെ ആ സ്ഥാനത്തേക്കു നിയമിച്ചു. അദ്ദേഹം ജനറൽ മാനേജരായിട്ട് 8 കൊല്ലം കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഡിപ്പാർട്ടുമെന്റിൽ പല പരിഷ്ക്കാരങ്ങളും ഉണ്ടായിട്ടുണ്ട്. സ്കൂളുകളുടെ അഭിവൃദ്ധിക്കും അദ്ധ്യാപകന്മാരുടെ ഗുണത്തിനുംവേണ്ടി നൂതനമായി പല വ്യവസ്ഥകളും ചെയ്തു. പ്രോവിഡന്റ് ഫണ്ട് നിർബന്ധവിഷയംപോലെ ആക്കിത്തീർത്തു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഡിപ്പാർട്ടുമെന്റിനു പല അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ട്. സ്കൂളുകളുടെ എണ്ണം എത്രയോ വർദ്ധിച്ചു. എൻ.എസ്സ്.എസ്സ്. വിദ്യാലയങ്ങളിൽ ദൃശ്യവിദ്യാഭ്യാസം നടപ്പാക്കി. (അതിനുശേഷം മാത്രമാണ് ഈ പദ്ധതിയെപ്പറ്റി ഡിപ്പാർട്ടുമെന്റുപോലും പര്യാലോചിച്ചത്). എല്ലാ എൻ.എസ്സ്.എസ്സ്. സ്കൂളുകളും ഉൾപ്പെടുത്തി പൊതുവായ പരീക്ഷാസമ്പ്രദായം ഏർപ്പെടുത്തി. പ്രോൽസാഹനം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വിപുലമായതോതിൽ വർഷംതോറും സമ്മാനങ്ങൾ കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്തു. അർഹരായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്ക് സർവീസ് സൊസൈറ്റി എന്നും സ്മരിക്കേണ്ട ആളുകളുടെ പേരിൽ വർഷംതോറും സമ്മാനം നൽകുന്നതിന് എൻഡോമെന്റു ഫണ്ടുകൾ രൂപീകരിച്ചു. ആറായിരത്തി ഇരുന്നൂറ്റമ്പതുരൂപാ ആയിനത്തിൽ നിക്ഷേപമായി സൂക്ഷിച്ചിട്ടുണ്ട്. ഈ തുക ക്രമപ്രവൃദ്ധമായി വർദ്ധിക്കുന്നതിനും

സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ശരിയായ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എൻ.എസ്സ്.എസ്സ്. സ്ഥാപനങ്ങൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടത്തക്കവണ്ണം പെരുന്ന ഹൈസ്ക്കൂൾസംഘം എല്ലാ എൻ.എസ്സ്.എസ്സ്. സ്കൂളുകളുടേയും ഒരു കേന്ദ്രസഹകരണ സംഘമായി പ്രവർത്തിച്ചുപോരുന്നു. ഇപ്പോൾ ഇരുപത്തയ്യായിരത്തിൽപ്പരം രൂപയുടെ ഓഹരി മൂലധനം ഈ സംഘത്തി നുണ്ട്. യാതൊരു ബാദ്ധ്യതയും ഇല്ല. എൻ.എസ്സ്.എസ്സ്. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടേയും മറ്റു ജീവനക്കാരുടേയും നന്മയെ കരുതി എൻ.എസ്സ്.എസ്സ്. ടീച്ചേഴ്സ് ബനിഫിറ്റുഫണ്ട് രൂപീകരിച്ച് 51 മുതൽ പ്രവർത്തിച്ചുപോരുന്നു. സംസ്ഥാനത്ത് ഡിപ്പാർട്ടുമെന്റുവകയായി ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസുസംഘടിപ്പിക്കുന്നതിനുമുമ്പുതന്നെ എൻ.എസ്സ്.എസ്സ്. സ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടേയും, ആവശ്യമുള്ളപ്പോൾ അദ്ധ്യാപക പ്രതിനിധികളുടേയും കോൺഫറൻസുകൾ കൂട്ടുന്ന പതിവ് ഏർപ്പെടുത്തി. സത്യസന്ധനും ആത്മാർത്ഥത നിറഞ്ഞ ഒരു പ്രവർത്തക നുമാണ് വാസുദേവൻപിള്ളയെന്ന് എല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. ഒരു കുറവേ അദ്ദേഹത്തെപ്പറ്റി പറയാനുള്ളൂ. ശാന്തതയുടെ മൂർദ്ധന്യം പ്രാപിച്ച ആളാണ്. തന്നിമിത്തം അദ്ദേഹത്തെ സ്നേഹിക്കുന്നവർ ധാരാളമുണ്ടെങ്കിലും ഭയപ്പെടുന്നവർ ആരും കാണുകയില്ല. ഭരണരംഗത്ത് ഭയവും ബഹുമാനവുമെല്ലാം ആവശ്യമാണോ എന്നു ചോദ്യംചെയ്യപ്പെടുന്ന കാലമാണെന്നറിയാം. ഞാൻ കുറെ പഴയ ആളായതുകൊണ്ട് അതെല്ലാം ആവശ്യമാണെന്നുള്ള അഭിപ്രായമാണെനിക്കുള്ളത്. അതുകൊണ്ടായിരിക്കാം അതൊരു കുറവായി ഞാൻ കാണുന്നതും, വാസുദേവൻപിള്ളയ്ക്കു ഒരു ശത്രുവല്ലെന്നുള്ളത് ആ ഗുണംകൊണ്ടായിരിക്കാം. ഒരു വസ്തുതകൂടി പറയണം. വാസുദേവൻപിള്ള എന്റെ കുടുംബത്തിൽപ്പെട്ട ആളാണ്. എന്റെ ഒരു സഹോദരനുമാണ്. അതു പറയുന്നതിൽ എനിക്കു വലിയ അഭിമാനം തോന്നുന്നുണ്ട്. ഇത്ര പരിപൂർണ്ണ സൽസ്വഭാവിയും സദ്യുത്തനുമായ ഒരു സഹോദരനെ കിട്ടിയത് എന്റെയും കുടുംബത്തിന്റെയും ഭാഗ്യമാണെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്. ഉദ്യോഗകാലാവധി കഴിഞ്ഞാലും അദ്ദേഹത്തിന്റെ സേവനം സർവീസ് സൊസൈറ്റിക്കെന്നും ലഭിക്കുമെ ന്നാണ് എന്റെ വിശ്വാസം.

എൻ.എസ്സ്.എസ്സിന് ഒരു ഹൈസ്ക്കൂൾ ഉണ്ടായിക്കാണണമെന്നേ ഞാൻ ആദ്യകാലത്ത് ആഗ്രഹിച്ചുള്ളൂ. എന്നാൽ അതിന്റെ എത്രയോ മടങ്ങു വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ കാർപ്പറേറ്റ് മാനേജ്മെന്റുകളിൽ ഒന്നാമത്തേതാണ് എൻ.എസ്സ്.എസ്സ്. മാനേജ്മെന്റ്. അതു നല്ല ഒരൊഴുക്കിൽ വീണുകഴിഞ്ഞിട്ടുള്ളതുകൊണ്ട് വളരെവേഗം ഇതിലും പുരോഗമിക്കുമെന്നു വിശ്വസിക്കാം. അദ്ധ്യാപകന്മാരും സ്റ്റാഫംഗങ്ങളും ഉൾപ്പെടെ ആയിരത്തോളം വിദ്യാസമ്പന്നരായ സ്ത്രീപുരുഷന്മാർ സേവനം നടത്തുന്ന ഒരു ഡിപ്പാർട്ടുമെന്റായിത്തീർന്നു എന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന ഒരു കാര്യമാണല്ലോ നടന്നു

കൊണ്ടിരിക്കുന്ന പല സ്ക്കൂളുകളും ഭരണത്തിനായി സർവ്വാവകാശവും വിട്ടു പലരും എഴുതിത്ത ന്നിട്ടുണ്ട്. ചിലരെല്ലാം എഴുതിത്തരാൻ തയ്യാറായിക്കഴിഞ്ഞിട്ടുമുണ്ട്.

സർവ്വീസ് സൊസൈറ്റി ആദികാലത്ത് എല്ലാം കൂടി ജനറൽ സെക്രട്ടറിയുടെ മാത്രം ഭരണത്തിലായിരുന്നെങ്കിലും, അതിന്റെ വളർച്ച യോടുകൂടി പല ഡിപ്പാർട്ടുമെന്റായി തിരിച്ച് ഓരോന്നും ഓരോരുത്തരുടെ ചുമതലയിൽ നടത്തിത്തുടങ്ങീട്ടു കുറെക്കാലമായി. വിദ്യാഭ്യാസശാഖ, സംഘടനാശാഖ, കൃഷിവ്യവസായശാഖ എന്നിങ്ങനെ പ്രധാനമായി മൂന്നു ശാഖകളുണ്ട്. അവയിൽ എന്തുകൊണ്ടും പ്രാധാന്യം വിദ്യാഭ്യാസ ശാഖയ്ക്കാണ്. വിദ്യാഭ്യാസശാഖയെ രണ്ടായി തിരിച്ചിട്ടുണ്ട്. പ്രൈമറി സ്കൂളും മിഡിൽ സ്ക്കൂളും ഹൈസ്ക്കൂളും, ട്രെയിനിംഗ് സ്ക്കൂളുമെല്ലാം ഒരുമിച്ച് ഒരു ജനറൽ മാനേജരുടെ കീഴിൽ ഭരണം നടത്തുന്ന വ്യവസ്ഥ യാണ്. കോളേജ് ഭരണത്തിന് ഒരു എൻ.എസ്സ്.എസ്സ്. സെൻട്രൽക്കമ്മറ്റി യുണ്ട്. ആ കമ്മറ്റിയുടെ സെക്രട്ടറിയാണ് അതിന്റെ മേൽനോട്ടം വഹിക്കു ന്നതും എക്സിക്യൂട്ടീവ് ആഫീസറായിരിക്കുന്നതും, സംഘടനാ ശാഖ യുടെ ഭരണം നടത്തുന്നത് കരയോഗം രജിസ്ട്രാരാണ്. കൃഷിവ്യവ സായശാഖക്ക് തോട്ടങ്ങൾതോറും മാനേജർമാരും എല്ലാറ്റിന്റേയും കൂടി പൊതുഭരണത്തിന് ഒരു കമ്മീഷണരുമുണ്ട്. ആ ഡിപ്പാർട്ടുമെന്റുകളുടെ സ്ഥിതിഗതികളേയും ഭരണവ്യവസ്ഥകളേയും സർവീസ് സൊസൈറ്റി യുടെ ഭരണഘടനയേയും പൊതുഭരണത്തേയും പറ്റി പിന്നാലെ വിവരിക്കാമെന്നു വിചാരിക്കുന്നു.

അദ്ധ്യായം 27

കോളേജ് പ്രസ്ഥാനം

നായർ സമുദായം വകയായി ഒരു കോളേജ് വേണമെന്നുള്ള ആശയം ശബ്ദരൂപത്തിൽ പുറത്തേക്കു വന്നത് മാന്നാത്തു കൂടിയ സമ സ്തകേരള നായർ മഹാസമ്മേളനത്തിൽ വച്ചാണ്. അത് 1092-ൽ ആമെന്നു തോന്നുന്നു. അങ്ങിനെ ഒരു നിശ്ചയം പാസാക്കിയപ്പോഴുണ്ടായ ഉൽസാഹപ്രകടനങ്ങളും വാഗ്ദാന ധോരണികളും കണ്ടപ്പോൾ, അതു ടനെ നടക്കാൻ പോകുന്ന കാര്യമാണെന്ന് ആളുകൾക്കു തോന്നിക്കാ ണും.എന്നാൽ അതു പാസാക്കിയവരുടെ ഓർമ്മയിൽനിന്നു വിട്ടുപോ കാൻതന്നെ അധിക സമയം വേണ്ടിവന്നില്ല. അതു സംബന്ധിച്ച് പിന്നീട് ഒരു ശബ്ദം പോലും പുറപ്പെട്ടതായി കേട്ടിട്ടില്ല. നായന്മാരെ സംബന്ധിച്ച് അതു സാധ്യമായ ഒരുകാര്യമാണെന്നു പിന്നീട് ആരും വിചാരിച്ചും കാണു കയില്ല. ചിലപ്പോഴെല്ലാം സർവീസ് സൊസൈറ്റിയുടെ വാർഷിക യോഗ ത്തിൽ ചിലർ സംസാരിച്ചതിൽ കവിഞ്ഞൊന്നും കാര്യമായി ഉണ്ടായിട്ടു മില്ല.

എന്നാൽ ഉന്നത വിദ്യാഭ്യസത്തിനുള്ള താൽപര്യം വർദ്ധിച്ചുവ രികയും കാളേജിൽ പ്രവേശനം കിട്ടാൻ വൈഷമ്യം കൂടുകയും ചെയ്ത പ്പോൾ ആവശ്യക്കാർ കാളേജ്കാര്യം ഓർത്തിരിക്കാൻ ഇടയുണ്ട്. ഗവൺ മെന്റിനുള്ള രണ്ടോമൂന്നോ കാളേജുകൾ ഒഴിച്ചുള്ളതെല്ലാം ക്രിസ്ത്യൻ സമുദായം വകയാണ്. അവിടെയും എല്ലാ സമുദായത്തിൽ പെട്ടവർക്കും പ്രവേശനത്തിനവകാശമുണ്ടെങ്കിലും അവരുടെ ആവശ്യം കഴിഞ്ഞു ള്ളതേ മറ്റുള്ളവർക്കു ലഭിക്കുമായിരുന്നുള്ളു. അതിൽ അവർ തെറ്റുകാ രാമെന്നു പറഞ്ഞുകൂടാ. അവരുടെ കാളേജിൽ അവരുടെ കുട്ടികൾക്കു മുൻഗണന നൽകുന്നതു സ്വാഭാവികം മാത്രമാണ്. പഠിക്കാനുള്ള കുട്ടിക ളുടെ സംഖ്യവർദ്ധിക്കുന്തോറും പുറംതള്ളപ്പെടുന്ന നമ്മുടെ കുട്ടികളുടെ സംഖ്യയും വർദ്ധിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാകുന്നതിൽ ക്രിസ്ത്യാനികൾക്കും അവരുടേ ദേവാലയങ്ങൾക്കുമുള്ള താൽപര്യ ത്തിന്റെ നൂറിൽ ഒരംശപോലും ഇന്നും ഹിന്ദുക്കൾക്കുണ്ടായിട്ടില്ലെന്നു ള്ളത് ഒരു വസ്തുതയാണ്. ക്രിസ്ത്യാനികൾ വിദ്യാലയത്തെ അവരുടെ മതസ്ഥാപനത്തിന്റെ ഒരംശംഎന്നപോലെ കരുതുന്നുണ്ട്. പ്രാണവായു പോലെ അനുപേക്ഷണീയമായ ഒരു കാര്യമാണതെന്ന് അവർ വിചാരി ക്കുന്നു. പള്ളിയും പള്ളിക്കുടവും തമ്മിൽ ശബ്ദസാമ്യം മാത്രമല്ല അഭേ ദ്യബന്ധവുമുണ്ടെന്ന് പ്രവൃത്തിമൂലം തെളിയിച്ചിട്ടുള്ള കൂട്ടരാണവർ. അവരെ അക്കാര്യത്തിൽ അഭിനന്ദിക്കകെന്നെ വേണം.

എന്നാൽ അതിന്, ഉള്ളതിൽകവിഞ്ഞ് വിലകിട്ടാൻ അവർ ആഗ്ര ഹിച്ചുകൂടാ, കൊടുക്കാൻ നാം തയ്യാറാകുന്നതും തെറ്റാണ്. ഈ രാജ്യത്തെ ക്രിസ്ത്യാനികളെല്ലാം നിരക്ഷരകുക്ഷികളായിരുന്നെന്നും, 'അജ്ഞാനി' കളായ അവരെ' ജ്ഞാനി'കളാക്കാൻ വേണ്ടി ചെയ്യുന്ന

ത്യാഗപൂർവ്വമുള്ള സേവനമാണതെന്നും ഒന്നും പറയാതിരുന്നാൽ തര ക്കേടില്ല. എല്ലാ പ്രവൃത്തികൾക്കും ഓരോ ഉദ്ദേശ്യം കാണും. ക്രിസ്ത്യാ നികളുടെ വിദ്യാലയ സ്ഥാപനത്തിനും ശുശ്രൂഷയ്ക്കുമെല്ലാം പ്രത്യേകം ഉദ്ദേശ്യമുണ്ട്. അതിൽ കൂടിയും അവർ മതപരിവർത്തന മാർഗ്ഗം കാണു ന്നുണ്ട്. ക്രിസ്തുമാർഗ്ഗത്തിൽകൂടി മാത്രമേ മോക്ഷം കിട്ടുകയുള്ളു എന്നും എല്ലാവരേയും ക്രിസ്തുമതവിശ്വാസികളാക്കേണ്ടത് അവരുടെ സ്ഥാപ നങ്ങളുടേയും ഓരോ വ്യക്തിയുടേയും ധർമ്മമാണെന്നും വിശ്വസിക്കു ന്നിടത്തോളം കാലം അവർ അങ്ങനെ ചെയ്യുന്നതിൽ തെറ്റുപറഞ്ഞുകൂ ടാ. അവർ ആ പരമാർത്ഥം എന്തിന് ഒളിച്ചുവയ്ക്കുന്നു? അതു പറയുന്ന വരോട് എന്തിനു കയർക്കുന്നു? വസ്തുത അതാണെങ്കിൽ അതിൽ ഒരു ത്യാഗവും അവശേഷിക്കുന്നില്ല. കൃതജ്ഞതയ്ക്ക് അവകാശവും കാണു ന്നില്ല. അവരങ്ങിനെ ആഗ്രഹിക്കുന്നെങ്കിൽ ആഗ്രഹിച്ചുകൊള്ളട്ടെ. എന്നാൽ ഇല്ലാത്തതും തെറ്റായുള്ളതും പറഞ്ഞുകൊണ്ട് കൃതജ്ഞത ചാക്കുചാക്കായി മുതുകിലേറ്റി, നട്ടെല്ലു നിവർക്കാൻ സാദ്ധ്യമല്ലാതെ, അഥമർണ്ണത്വം വിളിച്ചുപറഞ്ഞുകൊണ്ടുനടന്ന ഹിന്ദുക്കളെങ്കിലും ഇനി ഉണ്ടാകാതിരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ക്രിസ്ത്യാനിയും ഇല്ലാ തിരുന്ന ഭാരതത്തിൽ ഈ അഞ്ഞുറുകൊല്ലത്തിനിടയ്ക്ക് -പോർട്ടുഗീ സുകാരുടെ വരവിനുശേഷം കോടിക്കണക്കിനു ക്രിസ്ത്യാനിയുണ്ടായത് ഹിന്ദുക്കളെ മതപരിവർത്തനെ ചെയ്യിച്ചിട്ടാണെന്നറിയാൻ വലിയ ചരിത്ര വിജ്ഞാനമോ ബുദ്ധിയോ യുക്തിയോ വേണമെന്നു തോന്നുന്നില്ല. ഹിന്ദുവായ മലയാളി സ്ത്രീ മെംബർ ഈയിടെ പാർളമെന്റിൽ ചെയ്ത പ്രസംഗം പത്രത്തിൽ വായിച്ചപ്പോൾ എനിക്ക് അപാരമായ ലജ്ജയും വ്യസനവും തോന്നി. സ്വാഭിമാനമില്ലാതെ പ്രസംഗിക്കുന്നത് വസ്തുത കൾ വേണ്ടവണ്ണം ഗ്രഹിച്ചിട്ടായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. 'ക്രിസ്ത്യാനികൾക്ക് അപകടം വരുത്തുന്ന വിദ്യാഭ്യാസ ബില്ലിനെ - മു ണ്ടശ്ശേരിബില്ലിനെ - അനുകൂലിക്കുന്നത് ശരിയോ' എന്നാണവരുടെ ശങ്ക. ഒരു പാർളമെന്റ് മെംബറിന് സ്ത്രീയായിരുന്നാലും ഇത്ര അധികം അജ്ഞത ഉണ്ടായിരിക്കാൻ പാടുണ്ടെന്നു തോന്നുന്നില്ല. കേരളത്തിലാണ് ആദ്യ ക്രിസ്ത്യാനിയുണ്ടായതെന്നു സമ്മതിച്ചാൽ പോലും. ക്രിസ്തു മതം ഉണ്ടായിട്ട് ഇനിയും രണ്ടായിരം കൊല്ലം തികഞ്ഞിട്ടില്ലെന്നെങ്കിലും അവരറിയേണ്ടതായിരുന്നു.

ഏതായാലും ഈ രാജ്യത്തെ ഹിന്ദുക്കൾ, ഇല്ലാത്തതുപറഞ്ഞും അടിമത്തം കേറി ഏറ്റും, അവനു സ്വന്തമായി ഒന്നുമില്ലെന്നും- ഒരു സംസ്കാരം പോലുമില്ലെന്നും - അവരുടെ പിന്നാലെ നടന്നും അവർക്കു വേണ്ടി പ്രസംഗിച്ചും വരുത്തിവച്ചിട്ടുണ്ട്. അതെല്ലാം കേട്ടുകേട്ട് പള്ളിക്കും പാതിരിക്കും യഥാർത്ഥത്തിൽ ഇല്ലാത്ത ശക്തിയുണ്ടെന്ന് അവരും വിചാരിച്ചു തുടങ്ങിയ ലക്ഷണം കാണുന്നു. അവരുടെ ആശയഗതിയെ എതിർക്കുന്നവർ, ഗവൺമെന്റായാലും ശരി അവരെ സംഹരിക്കാനുള്ള ഇലക്ട്രിക്ക് കറന്റാണ് ക്രിസ്ത്യൻ സമുദായമെന്ന് ബോദ്ധ്യപ്പെടുത്താൻ

അടുത്തകാലത്തുണ്ടായ വിദ്യാഭ്യാസബിൽ പ്രക്ഷോഭണം ശ്രമിച്ചിട്ടുണ്ട്. ഈ വഴിതെറ്റിയപോക്കിൽനിന്ന് അവരെ പിന്തിരിപ്പിക്കേണ്ടത് സർവ്വ സാഹോദരൃക്കാരായ ഹിന്ദുക്കളുടെ ധർമ്മമായതുകൊണ്ട് ഇത്രയും പറഞ്ഞുവെന്നേയുള്ളൂ. ക്ഷമിക്കണം.

അതെല്ലാം എങ്ങിനെയും ഇരിക്കട്ടെ. ആവശ്യമുള്ളവർക്കെല്ലാം ഉന്നത വിദ്യാഭ്യാസം ചെയ്യണമെങ്കിൽ അവരവരുടെ അധീനതയിൽ ചില കാളേജുകൾ ഉണ്ടായേ മതിയാകൂ എന്ന നിലയിൽ വിദ്യാഭ്യാസ കാര്യത്തിൽ താൽപര്യവും മാത്സര്യവും വർദ്ധിച്ചുവന്നു. നായന്മാരിൽ മാത്രമല്ല, ഹിന്ദുക്കളുടെ പ്രധാന വിഭാഗങ്ങളിലെല്ലാംതന്നെ ആ വിഷയത്തിൽ ഒരുണർവ്വും ഉത്സാഹവുമുണ്ടായി. ആദികാലത്തും പിന്നീടും ക്രിസ്ത്യൻ മിഷനറിമാർക്കും ക്രിസ്ത്യൻ സംഘടനകൾക്കും ചെയ്തുകൊടുത്ത കാളേജ് സ്ഥാപനസഹായം ഞങ്ങൾക്കും ചെയ്തുതരേണ്ടതാണെന്ന് ഓരോ വിഭാഗവും ഗവർമ്മെന്റിനെ സമീപിച്ചു നിവേദനം നടത്തിത്തുടങ്ങി. അപ്പോഴത്തെ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരായിരുന്നു. അദ്ദേഹം ഹിന്ദുസമുദായവിഭാഗങ്ങളുടെ ഐക്യത്തിലും ശക്തിയിലും ഭയാശങ്കകൾ ഉള്ള ആളും കൂടിയായിരുന്നു. അദ്ദേഹത്തിന് ഇടയ്ക്കിടയ്ക്കുണ്ടാകാറുള്ള അവിശ്വാസവും അഭിപ്രായഭേദവും നിമിത്തം പല കുഴപ്പങ്ങൾക്കും കാരണമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഹിന്ദുസമുദായത്തിന്റെ യോജിപ്പിനും പരിഷ്കാരത്തിനുംവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള മഹാകാര്യങ്ങൾ ഒന്നും രണ്ടുമല്ലതാനും. ഭാരതത്തിൽ മറ്റാരും ധൈര്യപ്പെടാതിരുന്ന ക്ഷേത്രപ്രവേശനം ആചണ്ഡാല പര്യന്തം എല്ലാ ഹിന്ദുക്കൾക്കും സമനിലയിൽ കൊടുക്കാൻ ധൈര്യപ്പെട്ടത് രാമസ്വാമി അയ്യരാണ്. തിരുവിതാംകൂർ മഹാരാജാവിന് വേണ്ട ഉപദേശംകൊടുത്ത് വിളംബരം പ്രസിദ്ധീകരിച്ച് അതു ശാന്തമായി നടപ്പിൽ വരുത്തിയ ധീരപുരുഷനാണ് അദ്ദേഹം. തന്നിമിത്തം തിരുവിതാംകൂർ മഹാരാജാവിനും അദ്ദേഹത്തിനുമുണ്ടായ ലോകപ്രശസ്തിയും, ഹിന്ദുസമുദായത്തിനുണ്ടായ സ്നേഹാദരങ്ങളും ചെറുതല്ലായിരുന്നു. ഹിന്ദുക്കളുടെ ന്യായാവകാശങ്ങൾ കരസ്ഥമാക്കാൻ അതിനേക്കാൾ നല്ല ഒരവസരമില്ലെന്നറിയാവുന്ന ഹിന്ദുസമുദായപ്രമാണികൾ അവർക്കത്യാവശ്യമുള്ള കാളേജ് കാര്യത്തിലും ഗവർമ്മെന്റിന്റെ ആനുകൂല്യം സമ്പാദിക്കാൻ തീക്ഷ്ണമായിത്തന്നെ ശ്രമിച്ചു. അതിനായി ആദ്യം മുമ്പോട്ടുവന്നതും ഗവണ്മെന്റിനെ സമീപിച്ചതും നായർ സർവീസ് സൊസൈറ്റിയും, എസ്.എൻ.ഡി.പി.യും, ആലപ്പുഴ സനാതന ധർമ്മ വിദ്യാലയക്കാരുമാണ്. എൻ.എസ്സ്.എസ്സിനു ചങ്ങനാശ്ശേരിയിലും, എസ്.എൻ.ഡി.പി.ക്ക് കൊല്ലത്തും, സനാതനധർമ്മക്കാർക്കു ആലപ്പുഴയിലും ഓരോ കാളേജ് ആരംഭിക്കുന്നതിനോട് ഗവണ്മെന്റ് അനുകൂലിക്കുകയും അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയുംചെയ്തു.

എൻ.എസ്സ്.എസ്സിന്റെ കാളേജ്കാര്യമാണ് ആദ്യമായി ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചത്. എന്നാൽ അതിനുണ്ടായപോലെ പ്രതിബന്ധം മറ്റൊരു കാളേജിനുമുണ്ടായില്ല. ചങ്ങനാശ്ശേരിയിൽ ക്രിസ്ത്യാനി കൾക്ക് ഒരു കാളേജുള്ളതുകൊണ്ട്, അതിന്റ സമീപത്തു മറ്റൊരു കാളേജ് തുടങ്ങാൻ അനുവദിക്കുന്നതു ശരിയോ എന്നൊരു ശങ്കയുണ്ടായി. ചങ്ങനാശ്ശേരിയിൽ കാളേജിന് ആവശ്യമുള്ള വസ്തുക്കൾ ജനങ്ങളിൽനിന്ന് ഒഴിപ്പിച്ചെടുക്കേണ്ടിയിരുന്നു. വസ്തു ഉടമസ്ഥരിൽ കുറെ ക്രൈസ്ത്യാനികളും ഉൾപ്പെട്ടിരുന്നതുകൊണ്ട് രാമസ്വാമി അയ്യരുടെ ക്രിസ്തുമത ദ്രോഹമാണിതെന്ന് അവർ പറഞ്ഞുപരത്തി. പരാതികളുമയച്ചു. അദ്ദേഹത്തിന്റെ കാലത്തുണ്ടാക്കിയ വിദ്യാലയപരിഷ്ക്കാരത്തെ ചങ്ങനാശ്ശേരി ബിഷപ്പ് ഇടയ ലേഖനംമൂലം എതിർത്തതുകൊണ്ട് അവരോടുള്ള പകവീട്ടലാണെന്നു വരുത്താൻ പ്രക്ഷോഭണചതുരന്മാരായ അവർ നാനാവിധത്തിൽ ശ്രമിച്ചു. അതുകൊണ്ട് അനുവാദത്തിനും വസ്തു എടുപ്പിനും വളരെ കാലതാമസം നേരിട്ടു. ശ്രീ നാരായണകാളേജിന് സർക്കാർ വക കൊല്ലം മൈതാനത്തിൽനിന്നും ഏതാനും സ്ഥലം കൊടുക്കാൻ തീരുമാനിച്ചതുകൊണ്ടും വഴക്കിനു കാരണമില്ലായിരുന്നു. ആലപ്പുഴയിലും പ്രതിബന്ധത്തിനൊന്നും കാരണമില്ലായിരുന്നു. പലതുകൊണ്ടും വഴക്കും വയ്യാവേലിയും ആക്ഷേപവും ശകാരവുമെല്ലാം ഏറ്റെടുക്കേണ്ടി വന്നതും ഒടുവിൽ രാമസ്വാമി അയ്യരുമായിത്തന്നെ പിണങ്ങേണ്ടി വന്നതും സർവീസ് സൊസൈറ്റിയ്ക്കും, എനിക്കുമായിരുന്നു.

അദ്ധ്യായം 28

എൻ. എസ്സ്. എസ്സ്. കോളേജുകൾ

പെരുന്നയിൽ ഒരു എൻ. എസ്സ്. എസ്സ്. ഹിന്ദുകോളേജ് തുറക്കാൻ പോകുന്നു എന്നുള്ളതു പ്രസിദ്ധമായി. ക്രിസ്ത്യൻ സമുദായം - വിശേഷിച്ചു കത്തോലിക്കർ - ഇളകിത്തുടങ്ങി. അതൊരു ക്രിസ്ത്യൻ ദ്രോഹമാണെന്നു അവർ പരസ്യമായി പറഞ്ഞു. പരാതികളും പ്രതിബന്ധങ്ങളുംകൊണ്ട് അവർ ദിങ്മുഖം മുഴക്കി. ശബ്ദംമൂത്തുവന്നപ്പോൾ ധീരനായ രാമസ്വാമിഅയ്യർക്കും ഇടയിളക്കമുണ്ടാകാതിരുന്നില്ല. മുമ്പുതന്നെ അദ്ദേഹത്തിനു ഒരു കോളേജ് പരിഷ്കാരമുണ്ടായിരുന്നു. ഇന്റർമീഡിയറ്റും, ബി.എ.യും ബി.എസ്സ്സിയും എന്നുള്ളതിനുപകരം പ്രീയൂണിവേഴ്സിറ്റി ക്ലാസ്സും ത്രിവത്സര കോഴ്സും എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പരിഷ്കാരം. ഇന്നു നടപ്പിൽവന്നിരിക്കുന്ന പരിഷ്ക്കാരമെന്നർത്ഥം. രാമസ്വാമിഅയ്യർ കൊണ്ടുവന്നതായതുണ്ട് ഇവിടുത്തെ കാളേജിൽമാത്രമേ പ്രീയൂണിവേഴ്സിറ്റി ക്ലാസ് നടപ്പിൽ വരുത്താൻ സാധിച്ചുള്ളു. ഇൻഡ്യ ഒട്ടാകെ നോക്കിയാലും ഡൽഹിയിലെ ഗവൺമെന്റുകാളേജിൽ മാത്രമേ അതാരംഭിച്ചിരുന്നുള്ളു. അതുകൊണ്ട് അതിന് ആരെയും നിർബ്ബന്ധിക്കാനും സാധിക്കാതെ വന്നു.

വഴക്കു വർദ്ധിക്കാതിരിക്കാൻ വേണ്ടി രാമസ്വാമി അയ്യർ ഒരു സൂത്രം കണ്ടുപിടിച്ചു. എൻ. എസ്സ്. എസ്സ്. തൽക്കാലം ചങ്ങനാശ്ശേരിയിൽ ഒരു പ്രീയൂണിവേഴ്സിറ്റി ക്ലാസ് ആരംഭിക്കാനും ക്രമേണ അതൊരു കോളേജ് ആക്കാനും അനുവദിച്ചു. ഒരു പുതിയ കോളേജിനുവേണ്ടി എല്ലാ സഹായങ്ങളും ചെയ്തുതരാനും തീരുമാനിച്ചു. ഒരു കോളേജിന് ആവശ്യമുള്ള ഭൂമി എൻ. എസ്സ്. എസ്സ്. സങ്കേതത്തിൽ പാർക്കുന്ന കുടിയാന്മാരിൽ നിന്ന് സർക്കാർ പൊന്നുംവില കൊടുത്ത് ഒഴിപ്പിച്ചുതരാനുള്ള ഉത്തരവിനും ഭേദഗതി ചെയ്തില്ല. പെരുന്ന ഹൈസ്ക്കൂളിന്റെ കുറെ ഭാഗം ഒഴിച്ചെടുത്തും പോരാത്തഭാഗം കെട്ടിയുണ്ടാക്കിയും ഉടനെ ക്ലാസ് തുടങ്ങാൻ തയ്യാറാക്കി. ആവശ്യമുള്ള സയൻസ് സാമാനങ്ങൾ വരുത്തുകയും സാധന സാമഗ്രികൾ ഉണ്ടാക്കിക്കയും ചെയ്തു. അങ്ങിനെ കാളേജ് ശബ്ദത്തിൽ ഈ പുതിയ ക്ലാസ് 1947 ജൂലൈമാസത്തിൽ ആരംഭിച്ചു. ആദ്യത്തെ പ്രിൻസിപ്പൽ ടി.കെ. നാരായണഅയ്യരായിരുന്നു. ആ ക്ലാസ് രണ്ടുകൊല്ലം തുടർന്നു നടന്നു.

പെരുന്നയിലെ കാളേജിനുള്ള വസ്തു എടുപ്പു നടപടിമുന്നോട്ടു പോകുന്തോറും ക്രിസ്ത്യാനികളുടെ വഴക്കും ശബ്ദവും വർദ്ധിച്ചുവന്നു. അവരുടെ പ്രക്ഷോഭത്തിന്റെ മൂപ്പു വർദ്ധിക്കുമ്പോൾ രാമസ്വാമിഅയ്യർ കുറേശ്ശ ക്ഷീണിക്കയും, വസ്തു ഒഴിപ്പിക്കൽ നടപടി ഇടയ്ക്കിടയ്ക്കു നിറുത്തിവയ്ക്കയും ചെയ്തിരുന്നു. അപ്പോൾ എൻ. എസ്സ്. എസ്സിന്റെ

കാളേജ് പ്രസ്ഥാനം പൊളിഞ്ഞു എന്ന അർത്ഥത്തിൽ ക്രിസ്ത്യാനികൾ പരസ്യമായി അധിക്ഷേപിച്ചുതുടങ്ങി. അപമാനം കൊണ്ട് തല ഉയർത്തി നടക്കാൻ എനിക്കു സാദ്ധ്യമല്ലാതെവന്നു. രാമസ്വാമിഅയ്യരെ എതിർത്തു കൊണ്ടും അദ്ദേഹത്തെ ഓടിക്കാൻ ശ്രമിച്ചുകൊണ്ടും ഇരുന്ന 'സ്റ്റേറ്റ് കാൺഗ്രസ്സ്' മുമ്പേതന്നെ ക്രിസ്ത്യൻ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപ നമായതുകൊണ്ട് ഈ കോളേജ് വിരുദ്ധപ്രക്ഷോഭണത്തിന് അവരുടെ പിൻതുണ ലഭിക്കാൻ പ്രയാസമുണ്ടായില്ല.

പ്രക്ഷോഭണത്തിനു ശക്തി വർദ്ധിപ്പിക്കാൻവേണ്ടി, ദിവാൻജി യുടെ പേരിൽ പല അപരാധങ്ങളും പറഞ്ഞുപരത്തി, അദ്ദേഹത്തെ ദൈനംദിനം അവർ ക്ഷീണിപ്പിച്ചു കൊണ്ടിരുന്നു. പൊറുതി മുട്ടിയപ്പോൾ നായർ സർവീസ് സൊസൈറ്റിയെ പിണക്കാതെ ചങ്ങനാശ്ശേരി കാളേജ് വാഗ്ദാനം പിൻവലിക്കാനുള്ള മാർഗ്ഗം ദിവാൻ അന്വേഷിച്ചു തുടങ്ങി. എൻ. എസ്സ്. എസ്സിന്റെ കാളേജ് തിരുവനന്തപുരത്താകട്ടെ എന്നും, ആവ ശ്യമുള്ള ഭൂമിയും പണവും അവിടെതരാമെന്നും മദ്ധ്യസ്ഥൻ മുഖാന്തിരം സർ. സി.പി. എന്നോടു പറഞ്ഞു. എൻ. എസ്സ്. എസ്സിന്റെ ചങ്ങനാശ്ശേരി കാളേജ്കാര്യം ഇത്ര പരസ്യമായ ശേഷം -വസ്തുക്കൾ ഒഴിപ്പിക്കാൻ നടപടിയും നടത്തിയ ശേഷം - അവിടെയല്ല കാളേജ്, തിരുവനന്തപുര ത്താണെന്നുപറഞ്ഞാൽ, സർവീസ് സൊസൈറ്റിക്കു വളരെ അപമാന മാണെന്നും, അതു സ്വീകരിക്കുന്നതിൽ ഭേദം കാളേജില്ലാതിരിക്കയാ ണെന്നും അതുകൊണ്ട് ആ മാറ്റം അനുസരിച്ചുള്ള രാജിക്ക് ഞാൻ തയ്യാ റില്ലെന്നും പറഞ്ഞയച്ചു. അദ്ദേഹം വളരെ കുഴഞ്ഞു. വാക്കു പാലിക്കാനും തെറ്റിക്കാനും ശേഷിയില്ലാത്തവനായി. വസ്തു ഒഴിപ്പിക്കൽ നടപടി നിർത്തിവെച്ചാൽ, കാളേജ് ഇല്ലാതാകുമെന്നുള്ളതു കൊണ്ട് പത്രത്തിൽ എഴുത്തും പരാതികളും ദിവസേന വർദ്ധിച്ചുകൊണ്ടിരുന്നു. രാമസ്വാമി അയ്യരുടെ ക്രിസ്ത്യൻദ്രോഹം നിമിത്തം അവർക്കു ഈ രാജ്യത്തു പാർക്കാൻതന്നെ സാദ്ധ്യമല്ലെന്നും, രാജാവിനേയും ചില സമുദായങ്ങ ളേയും സ്വാധീനത്തിൽ വച്ചുകൊണ്ട് അവരെ സമൂലം നശിപ്പിക്കാൻ ശ്രമിക്കുമെന്നും ബ്രിട്ടീഷ് ഗവണ്മെന്റ് ഇടപെട്ടു അവരെ രക്ഷിക്കണ മെന്നും പണ്ടത്തെ മാത്തുതരകനെപ്പോലെ ഉറക്കപ്പറഞ്ഞു നിലവിളിച്ചു. റസിഡണ്ടിനും ഗവർണ്ണർക്കും വൈസ്രോയിക്കും അയച്ച കമ്പിക്കും മെമ്മോറിയലിനും കണക്കില്ല. ഇൻഡ്യാ ചക്രവർത്തിക്കും പോപ്പിനും വരെ പരാതി അയക്കാതിരുന്നില്ല. കാളേജ് കാര്യം എവിടെയൊ പോയി മറഞ്ഞു. ക്രിസ്ത്യൻ ദ്രോഹമാണ് മുഴുപ്പിച്ചു കാണിച്ചത്. ഇല്ലാത്തതു ണ്ടാക്കിപ്പറയാനും കടുകുമണി പ്രായത്തിലുള്ളത് പർവ്വതസമാനം വലു താക്കി കാണിക്കാനും അവർക്കുശേഷി ചെറുതല്ല. അവർ പറയുന്നതിന്റെ നൂറിലൊരംശം നേരെങ്കിലും കാണുമെന്നു വിചാരിച്ചാൽ പോലും ' അവ രെങ്ങിനെ ഭൂമിയിൽ കഴിച്ചുകൂട്ടും?' എന്നു തോന്നിപ്പോകും. ഇൻഡ്യാഗ വൺമെന്റിന്റേയും പൊതുജനങ്ങളുടേയും അനുഭവം സമ്പാദിക്കുന്ന വിദ്യയിൽ അദ്വിതീയരായ അവർ അങ്ങിനെ മുന്നോട്ടുപോയി.

ഇപ്പോഴത്തെ വിദ്യാഭ്യാസ പ്രക്ഷോഭണം നേരിട്ടുകണ്ട വായനക്കാരോട് അവരുടെ പോക്കിനേയും ശേഷിയേയും സ്വഭാവത്തേയും പറ്റി അധികം പറയേണ്ട ആവശ്യമില്ലല്ലൊ. നേരുമായി യാതൊരു ബന്ധവുമില്ലാത്തവണ്ണം നേരൊരിടത്തും പ്രക്ഷോഭണം മറ്റൊരിടത്തുമായി പ്രചരണം നടത്തുകയാണ് ആളുകളെ തെറ്റിദ്ധരിപ്പിക്കാനും പരിഭ്രമിപ്പിക്കാനുമുള്ള മാർഗ്ഗമെന്നവർക്കറിയാം. അങ്ങനെ അന്നും നടന്നു.

പരാതിയുടെ ബാഹുല്യം കണ്ടു പരിഭ്രമിച്ച് വസ്തു എടുപ്പു നടപടി നിറുത്തിവച്ചിരിക്കുന്നു എന്ന് ഗവണ്മെന്റിൽ നിന്ന് ആർഡർ പുറപ്പെടും. അപ്പോൾ എതിരാളികൾ,"എൻ.എസ്സ്.എസ്സിന്റെ കാളേജ് പൊളിഞ്ഞേ" എന്നു കൂക്കിവിളിച്ചുകൊണ്ട് ക്രിസ്ത്യൻ പത്രങ്ങളിൽ 'മന്നത്തിന്റെ തോൽവി'യെപ്പറ്റി അനുഭാവപൂർവ്വം ചിലപ്പോൾ മത്തങ്ങാതന്നെ നിരത്താറുണ്ട്. അപമാനഭാരം കൊണ്ട് ചൈതന്യവിഹീനനായി വീണ്ടും ഗവണ്മെന്റിനെ സമീപിച്ചു ഞങ്ങൾക്കുള്ള അവശതകൾ ചൂണ്ടിക്കാണിക്കും. നടപടി തുടരാൻ വീണ്ടും ആർഡർ പുറപ്പെടും. ഇങ്ങനെ ഒന്നും രണ്ടും പ്രാവശ്യമല്ല ഉണ്ടായിട്ടുള്ളത്. ഒരു ആർഡറിനും അർത്ഥമില്ലെന്നും അതു വിശ്വസിച്ച് അടങ്ങിയിരിക്കാൻ നിവൃത്തിയില്ലെന്നും ഉള്ളതോന്നൽ എല്ലാ നിമിഷങ്ങളിലും ഉണ്ടായിക്കൊണ്ടിരുന്നു. അക്കാലത്തെ എന്റെ നില വളരെ ദയനീയമായിരുന്നു. പിന്നെയും ഏതാനും ദിവസം മുമ്പോട്ടുപോയി. വാഗ്ദാനമനുസരിച്ചൊന്നും നടന്നില്ലെങ്കിലും, സർവീസ് സൊസൈറ്റിയ്ക്കു അപമാനം വരാതെ എങ്ങിനെയും കാര്യം അവസാനിപ്പിച്ചാൽ മതിയെന്നുള്ള നിലയിൽ ഞാൻ ചെന്നെത്തി. പല ആലോചനകൾക്കും ശേഷം ഒടുവിൽ ഗവൺമെന്റും സർവീസ് സൊസൈറ്റിയുമായി താഴെക്കാണും വിധത്തിൽ ഒരു രാജിവ്യവസ്ഥയുണ്ടായി.

1. എൻ.എസ്സ്.എസ്സിന്റെ പ്രധാന കാളേജ് തിരുവനന്തപുരത്തേക്കു മാറ്റണം.
2. അതിന് 46 ഏക്കർ ഭൂമി സർക്കാരിൽനിന്നും പൊന്നുംവിലകൊടുത്ത് എടുത്ത് സൗജന്യമായി സർവീസ് സൊസൈറ്റിക്കു തരണം.
3. കാളേജിനുവേണ്ടി അഞ്ചുലക്ഷം രൂപ എൻ.എസ്സ്.എസ്സിനു വേണ്ടി സർക്കാർ സംഭാവന ചെയ്യണം.
4. ഒന്നാം ഗ്രേഡ് കാളേജിനുള്ള അനുവാദം ഉടൻതരണം.
5. ചങ്ങനാശ്ശേരിയിൽ പ്രീയൂണിവേഴ്സിറ്റി കാളേജ് തുടർന്നു നടത്താനും വേണ്ട ധനസഹായം ചെയ്യാനും അനുവദിക്കണം.
6. ചങ്ങനാശ്ശേരിയിൽ ഒഴിപ്പിച്ചെടുക്കാൻ നടപടി നടന്നുകൊണ്ടിരിക്കുന്ന വസ്തുക്കളിൽനിന്ന് $17^1/_2$ ഏക്കർ ഭൂമിസർക്കാർ പണംകൊടുത്ത് ഒഴിപ്പിച്ചു സർവീസ് സൊസൈറ്റിയെ ഏൽപ്പിക്കണം.

എന്റെ നിർബന്ധപൂർവ്വമുള്ള നിൽപുകൊണ്ട് ഇതെല്ലാം ഗവൺമെന്റു സമ്മതിച്ച് അവസാന ഉത്തരവ് അന്നുതന്നെ പാസാക്കി. അങ്ങിനെ ആ അപമാനത്തിൽനിന്നും ഒരുവിധം രക്ഷപെട്ടു എന്റെ ദുരിതം അവിടെ വച്ച് അവസാനിച്ചില്ല.

കൈനിക്കര പത്മനാഭപിള്ള അന്നു ഗവൺമെന്റ് സെക്രട്ടറിയാണ്. ഗ്രഹപ്പിഴയ്ക്കു വിദ്യാഭ്യാസ സെക്രട്ടറിയും കൂടിയാണ്. ഇത്രയുമൊക്കെയായിട്ടും വസ്തു ഒഴിപ്പിക്കൽ സംബന്ധിച്ചുള്ള ക്രിസ്ത്യാനിയുടെ പരാതി അവസാനിച്ചില്ല. ദിവസം രണ്ടും മൂന്നും പരാതി ഹജൂർകച്ചേരിയിൽ ചെല്ലും. ചെല്ലുന്ന പരാതികളെല്ലാം അന്വേഷണത്തിനായി സെക്രട്ടറി പത്മനാഭപിള്ള പേഷ്ക്കാർക്ക് അയക്കും. ചിലപ്പോൾ നടപടി നിർത്തിവയ്ക്കാനും എഴുതും. അദ്ദേഹത്തിന്റെ പകപോക്കൽകൊണ്ട് ദുസ്സഹമായ ഞാൻ, കൈനിക്കര പത്മനാഭപിള്ളയും ഞാനുമായുള്ള ബന്ധമോക്ഷങ്ങളേയും അദ്ദേഹം സർവീസ് സൊസൈറ്റിയോടു കാണിക്കുന്ന പകവീട്ടലുകളേയും കാണിച്ചും ഞങ്ങളുടെ ഫയൽ മറ്റൊരു സെക്രട്ടറിയെ ഏൽപിക്കണമെന്നാവശ്യപ്പെട്ടും രാമസ്വാമിഅയ്യർക്കു നേരിട്ട് ഒരു കത്തെഴുതി. ദിവാൻ അത് വായിച്ച ഉടൻ ഞങ്ങളുടെ ഫയൽ സെക്രട്ടറി സി.പി. ഗോപാലപ്പണിക്കരെ ഏല്പിക്കാൻ ഉത്തരവിട്ട് ചീഫ് സെക്രട്ടറി ഉണ്ണിത്താനെ ഏല്പിച്ചു. അതിനോടുകൂടി ആ ഉപദ്രവവും അവസാനിച്ചു. ഒഴിപ്പിക്കൽ നടപടി തുടർന്നു നടന്നുകൊണ്ടിരുന്നു. പിന്നീടും രാമസ്വാമി അയ്യരുമായി രമ്യതയിലും യോജിച്ചും കഴിഞ്ഞുകൂടാൻ മാർഗ്ഗമില്ലാതെവന്നു. അദ്ദേഹത്തെ വിശ്വസിച്ച് ഒരുനിമിഷം ജീവിക്കാൻ സാധ്യമല്ലാതെ മാറ്റവും മറിച്ചിലും കൊണ്ടുള്ള പിരളിയായി. ഇൻഡ്യയുടെ സ്വാതന്ത്ര്യം സമീപിക്കുംതോറും ഗാന്ധിജി മുതലായ ഇൻഡ്യൻ നേതാക്കന്മാരേയും എതിർത്ത് സ്വതന്ത്രതിരുവിതാംകൂറുണ്ടാക്കാൻ ശ്രമിച്ചു. വടക്കേ ഇൻഡ്യൻ രാജാക്കന്മാരുമായി ചില കൂട്ടുകെട്ടുകളുണ്ടാക്കി. അവസാനത്തിൽ അദ്ദേഹം ഒരു മുഴുഭ്രാന്തനെപ്പോലെ എല്ലാവരേയും അവിശ്വസിക്കയും അധിക്ഷേപിക്കയും ചെയ്തുതുടങ്ങി. എന്നെയും സർവീസ് സൊസൈറ്റിയേയും മാത്രമല്ല, നായർ സമുദായത്തെ മൊത്തമായിത്തന്നെ പരസ്യമായി അധിക്ഷേപിച്ചു പ്രസംഗിച്ചു. ഇനി പരസ്യമായി എതിർക്കാതിരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് കാളേജ്കാര്യവും സർവീസ് സൊസൈറ്റിക്കാര്യവും എല്ലാം മനസുകൊണ്ട് ഉപേക്ഷിച്ചിട്ട് വരുന്നതു വരട്ടെ എന്നുള്ള ചിന്താഗതിയിൽ ഞാനും രാഷ്ട്രീയരംഗത്തിറങ്ങി. എല്ലാം ഒരു സ്തംഭനാവസ്ഥയിൽ ആയി. തുടർന്നുള്ള പ്രക്ഷുബ്ധമായ രാഷ്ട്രീയരംഗം എന്റെ രാഷ്ട്രീയകാര്യം വിവരിക്കുമ്പോൾ പ്രസ്താവിക്കാമെന്നു വിചാരിച്ചു മാറ്റിവയ്ക്കുന്നു.

സ്തംഭനാവസ്ഥയിൽ എത്തിയ കാളേജ് കാര്യം പ്രവർത്തനനിലയിൽ വന്നത് എങ്ങിനെയെന്ന് ചുരുക്കമായി വിവരിക്കാം. ഗവണ്മെന്റും

സർവീസ് സൊസൈറ്റിയുമായുണ്ടായ രാജിപ്രകാരം തിരുവനന്തപുരം കാളേജിന്റെ സ്ഥല നിർണ്ണയം ഉടനെത്തന്നെ രാമസ്വാമിഅയ്യർ ചെയ്തു. പൂജപ്പുര പ്രദേശത്തോ, ഉള്ളൂർ ആശുപത്രിയിക്കു സമീപത്തോ കറ്റച്ച ക്കോണത്തോ വേണമെന്നു പറഞ്ഞതും, മൂന്നു സ്ഥലവും നോക്കിയ തിന്റെ ശേഷം ഇന്ന് മഹാത്മാഗാന്ധി കാളേജിരിക്കുന്ന കറ്റച്ചക്കോണം പ്രദേശം മതിയെന്നു തീരുമാനിച്ചതും രാമസ്വാമിഅയ്യർതന്നെ ആയിരു ന്നു. ഇന്ന് എൻ.എസ്സ്.എസ്സിന്റെ അധീനതയിലുള്ള 46 ഏക്കർ സ്ഥലവും അടിയന്തിര നിയമപ്രകാരം പൊന്നും വിലകൊടുത്ത് ഒഴിപ്പിച്ച് സർവീസ് സൊസൈറ്റിയെ ഏല്പിക്കാൻ അദ്ദേഹം അന്നുതന്നെ ഉത്തരവുചെയ്തു. അഞ്ചു ലക്ഷം ക. ഗ്രാന്റു തരാനുള്ള ഉത്തരവും അന്നു തന്നെ പാസ്സായി. അതുപോലെ ചങ്ങനാശ്ശേരിയിലെ പ്രീയൂണിവേഴ്സിറ്റിക്കുള്ള പതിനേ ഴര ഏക്കർ ഭൂമി ഞാൻ ആവശ്യപ്പെട്ട ഭാഗംതന്നെ തരാനും അന്നുതന്നെ തീരുമാനിച്ചു. എങ്കിലും അപ്പോഴത്തെ രാഷ്ട്രീയ വേലിയേറ്റത്തിനിടയിൽ, നടപടി അധികം മുമ്പോട്ടു പോയില്ല. കാളേജുകാര്യം നടപ്പിൽ വരുന്ന തിനു മുമ്പ് ഞങ്ങൾ തമ്മിൽ സമ്പൂർണ്ണമായി പിണങ്ങി പിരിഞ്ഞു. തുട ങ്ങിയ പ്രീയൂണിവേഴ്സിറ്റി മാത്രം നടന്നുകൊണ്ടിരുന്നു. രാമസ്വാമിഅ യ്യർ ഭരണം ഒഴിഞ്ഞ് രാജ്യം വിടുകയും ഇൻഡ്യയ്ക്കു സ്വാതന്ത്യം ലഭി ക്കുകയും ചെയ്തപ്പോൾ ബാക്കി നാട്ടുരാജ്യങ്ങൾക്കൊപ്പം തിരുവിതാം കൂറും ഇൻഡ്യൻ യൂണിയന്റെ ഒരു ഭാഗമായിത്തീർന്നു. താമസം കൂടാതെ ഇവിടെയും ഒരു ജനകീയ ഗവണ്മെന്റുവന്നു. പട്ടംതാണുപിള്ളയും, ടി.എം. വറുഗീസും, സി.കേശവനും ചേർന്നുള്ള മന്ത്രിസഭ ഭരണഭാരം കയ്യേറ്റു. രാമസ്വാമിഅയ്യരുടെ കാലത്തെ സ്തംഭനാവസ്ഥയിൽ സ്ഥിതിചെയ്തി രുന്ന ഗവണ്മെന്റു തീരുമാനങ്ങൾ പലതും ഓരോന്നായി നടപ്പിൽവന്ന കൂട്ടത്തിൽ തിരുവനന്തപുരത്തെ 46 ഏക്കറും പെരുന്നയിലെ പതിനേഴര ഏക്കറും ഒഴിപ്പിച്ചെടുത്ത് സർവീസ്സൊസൈറ്റിയെ ഏല്പിച്ചു. അങ്ങിനെ രണ്ടു സ്ഥലത്തെ കാളേജിനും അടിസ്ഥാനമായ ഭൂമി സർവീസ് സൊസൈറ്റിയുടെ കൈശവം വന്നതോടുകൂടി എൻ.എസ്സ്.എസ്സിന്റെ കാളേജ് പ്രസ്ഥാനം അലസിപ്പോയില്ലെന്നും, അത് യാഥാർത്ഥ്യമായിത്തീ രാൻ പോകുന്നെന്നും തീർച്ചപ്പെട്ടു. അപ്പോഴേക്കു ഞാൻ ജയിലിൽ നിന്നു പുറത്തുവന്നതുകൊണ്ട് കാളേജ് വസ്തു ഏറ്റുവാങ്ങാനുള്ള ഭാഗ്യവും എനിക്കുതന്നെ ഉണ്ടായി.

ഗവണ്മെന്റ് കാളേജിലെ പ്രീയൂണിവേഴ്സിറ്റി ക്ലാസ് പഴയതു പോലെ ഇന്റർമീഡിയേറ്റ് മാത്രമുള്ള ഒരു സെക്കന്റ് ഗ്രേഡ് കാളേജാക്കി. എൻ.എസ്സ്.എസ്സിനുള്ള ചങ്ങനാശ്ശേരിയിലെ പ്രീയൂണിവേഴ്സിറ്റിയും ഇന്റർമീഡിയറ്റാക്കുകയും തുടർന്ന് അത് ഒരു ഒന്നാംഗ്രേഡു കാളേജാ ക്കാനുള്ള അനുമതി ലഭിക്കുകയും ചെയ്തു. അങ്ങിനെ ഇന്നു കാണുന്ന എൻ.എസ്സ്.എസ്സ്. ഹിന്ദു കാളേജ് 1949 ജൂണിലുണ്ടായി.

പണപ്പിരിവ്

ആദ്യം എൻ.എസ്സ്.എസ്സ്. കാളേജ് തുടങ്ങാനുള്ള അനുവാദം സിദ്ധിച്ച 1947-ൽ തന്നെ പണപ്പിരിവിനും പണിയ്ക്കും കാളേജിന്റെ മറ്റു പ്രാരംഭപ്രവർത്തനങ്ങൾക്കുമായി ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു.അതിന്റെ അദ്ധ്യക്ഷൻ ഇവിടുത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന എ. ഗോപാല മേനോൻ ആയിരുന്നു. പ്രധാന പ്രവർത്തകൻ അന്നത്തെ എൻ.എസ്സ്.എസ്സ്. പ്രസിഡണ്ടായിരുന്ന രാജ്യസേവാനിരതൻ കെ.ജി. പരമേശ്വരൻപിള്ള യായിരുന്നതുകൊണ്ട് പ്രാരംഭപ്രവർത്തനങ്ങൾ പലതും നടന്നതു കൊല്ല ത്തുവച്ചായിരുന്നു. ചങ്ങനാശ്ശേരിയിൽ 'സെന്റ് ബർക്ക്മാൻസ് കാളേജ്' എന്നൊരു കോളജ് നടന്നുവരുന്നതുകൊണ്ട്, അവിടെ ഇനി ഒരു കാളേ ജിന് അനുവാദം കിട്ടാൻ പ്രയാസമെന്നു കണ്ടപ്പോൾ, മദ്ധ്യതിരുവിതാം കൂറിൽ എവിടെ എങ്കിലും സൗകര്യമുള്ള ഒരു സ്ഥലം കണ്ടുപിടിക്കാൻ അന്വേഷിക്കുന്ന പ്രാരംഭകാലത്തായിരുന്നു പണപ്പിരിവ് ആരംഭിച്ചത്. പല തുകൊണ്ടും പണപ്പിരിവ് ആരംഭിക്കാൻ പറ്റിയസ്ഥലം കൊല്ലമാണെന്നു തീരുമാനിച്ചു. കെ.ജി. പരമേശ്വൻപിള്ളയുടെ പരമേശ്വരവിലാസം ബംഗ്ലാ വിൽവച്ച് കാളേജ് പണപ്പിരിവ് ലിസ്റ്റ് തുറക്കുന്നതിന് ഏറ്റവും സന്മന സുള്ള ഒരു ഔദാര്യവാനെ അദ്ദേഹംതന്നെ കണ്ടുപിടിച്ചു. കൊല്ലത്തെ അണ്ടിവ്യവസായികളിൽ പ്രമുഖനായ നാരായണസ്വാമിറെഡ്യാരെ ക്കൊണ്ട് ലിസ്റ്റിൽ ഒന്നാമതായി ഒപ്പിടുവിക്കാമെന്ന് കെ.ജി. പരമേശ്വര പിള്ള പറഞ്ഞു. അദ്ദേഹത്തെ ഫോണിൽകൂടി ക്ഷണിച്ചുവരുത്തി ഇങ്ങിനെ പറഞ്ഞു."ഹിന്ദുക്കൾക്കു കാളേജുകളില്ലാത്തതുകൊണ്ടുള്ള പരാധീനത ചെറുതല്ല. എൻ.എസ്സ്.എസ്സിന്റെ ചുമതലയിൽ ഒരു കാളേജു ണ്ടാക്കി നടത്താൻ തീരുമാനിച്ച വിവരം അറിഞ്ഞിരിക്കുമല്ലോ. അതിന് ഏതാനും ലക്ഷംരൂപ ആശ്യമുണ്ട്. പണപ്പിരിവ് ഇന്ന് ഇവിടെവച്ച് ആരം ഭിച്ചാൽ കൊള്ളാമെന്നും റെഡ്യാർ ഒന്നാമതായി ഒപ്പിടണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. കൊല്ലത്തുനിന്നും നല്ലഒരു സംഖ്യ പിരിച്ചുകൊടുക്ക ണം. നമ്മൾ നാലുപേർ പതിനായിരം രൂപ വീതം കൊടുക്കണമെന്നാണ് എന്റെ ആഗ്രഹം." എന്നു പറഞ്ഞ് സംഭാവനയ്ക്കുള്ള ബുക്ക് അദ്ദേഹം റെഡ്യാരുടെ കയ്യിലേക്കു കൊടുത്തു. റെഡ്യാർ പുസ്തകം വാങ്ങി പേരെ ഴുതി 10000 ക. പതിച്ച് ഒപ്പിട്ടു. 'ഞാനിതാ വരുന്നു' എന്നു പറഞ്ഞ് മട ങ്ങിവന്ന് 10000 ക. യുടെ ചെക്ക് എന്റെ കൈയ്യിൽ തന്നു. അതാണ് കാളേജിന്റെ ഒന്നാമത്തെ സംഭാവന. ഈ ചെക്കു തരുന്ന സമയത്ത് കെ.ജി. യുടെ അമ്പലത്തിലെ ദീപാരാധന സമയത്തുള്ള ശംഖനാദം മുഴങ്ങിക്കൊണ്ടിരുന്നു. പതിവുപോലെ ഉടനെ ക്ഷേത്രത്തിൽനിന്നും പൂവും പ്രസാദനും കൊണ്ടുവന്നു ഞങ്ങൾക്കുതന്നു. മുൻകൂട്ടി കരു താത്ത ഈ നടപടികൾ കാളേജ് സംരംഭം ശുഭപര്യവസായി ആണെ ന്നുള്ള വിശ്വാസം ഞങ്ങളിൽ ഉളവാക്കി. അനവധി ധനവാന്മാരുടേയും പാവപ്പെട്ടവരുടേയും സംഭാവന പലനാളായി പല കാര്യങ്ങൾക്കു വാങ്ങിയിട്ടുള്ള ഒരാളാണു ഞാൻ. ഇത്ര വലിയ സംഖ്യ വാഗ്ദാനം

ചെയ്ത ഒരാളെപ്പോലും അതുവരെ കാണാൻ സാധിച്ചിട്ടില്ല. സംഖ്യ എത്ര ചെറുതായിരുന്നാൽപോലും ഒന്നായി രൊക്കം കിട്ടുക എന്നുള്ളതും സാധാരണമല്ല. അങ്ങിനെയിരിക്കെ നമ്മുടെ നാട്ടിലെ മുറയ്ക്കു സാമാന്യം വലിയ സംഖ്യയെന്നു പറയാവുന്ന പതിനായിരം ക. മുൻകൂട്ടി യാതൊരറിവും ഇല്ലാതെ പറഞ്ഞ ഉടൻ സമ്മതിക്കയും രൊക്കം തരുകയും ചെയ്യുക എന്നുള്ളത് ഒരു അസാധാരണ സംഭവം തന്നെയായി എനിക്കും തോന്നി. എന്നെ സംബന്ധിച്ചിടത്തോളം മുമ്പും പിമ്പും അങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നുള്ളതു തീർച്ചയാണ്. ഈ ഒന്നാം സംഭാവനക്കാരനായ നാരായണസ്വാമിറെഡ്ഡ്യാരെ നായർ സർവീസ് സൊസൈറ്റിക്കോ എനിക്കോ ഒരുകാലത്തും മറക്കാൻ സാദ്ധ്യമല്ല. അദ്ദേഹത്തിനെപ്പോലുള്ള ഒരാളിന്റെ അകാല ദേഹവിയോഗം നാട്ടിന് എത്രയോ വലിയ നഷ്ടമാണ്.

അപ്പോൾത്തന്നെ കെ.ജി യും ഞാനും കൂടി ബാക്കി മൂന്നു പതിനായിരക്കാരെ കാണാൻവേണ്ടി പുറപ്പെട്ടു. ആ മൂന്നു പേരിൽ ഒന്നു താനാണെന്ന് കെ.ജി. പരമേശ്വരൻപിള്ള തനിയെ പറഞ്ഞു. ഞങ്ങളിൾ കാണാൻ പോയത് അണ്ടിവ്യവസായികളിൽ ഒരു പ്രമാണി യായ വെണ്ടർ കൃഷ്ണപിള്ളയെയാണ്. നടന്ന സംഭവങ്ങളും കെ.ജി. യുടെ നിശ്ചയ ങ്ങളും അദ്ദേഹം തന്നെ പറഞ്ഞുകേൾപ്പിച്ചപ്പോൾ കൃഷ്ണപിള്ളയുടെ മുഖത്ത് അല്പം ഒരു വാട്ടമുണ്ടായെങ്കിലും കെ.ജിയെ വിട്ടു നിൽക്കാൻ കെല്പില്ലാത്തതുകൊണ്ട് അദ്ദേഹവും ഒരുമിച്ച് 'പുകയിലക്കട പരമേശ്വ രൻപിള്ള' എന്ന പേരിൽ വിഖ്യാതനും വ്യവസായിയുമായ പരമേശ്വരൻ പിള്ളയുടെ വീട്ടിലെത്തി. അവിടെവച്ച് ആ പരമേശ്വരൻപിള്ളയും വെണ്ടർ കൃഷ്ണപിള്ളയും കെ.ജി.പരമേശ്വരൻപിള്ളയും പതിനായിരം ക. വീതം സംഭാവനചെയ്യാമെന്ന് സമ്മതിച്ചു ബുക്കിൽ ഒപ്പിട്ടു. അങ്ങിനെ അന്നു തന്നെ രണ്ട് മണിക്കൂർകൊണ്ട് നാല്പതിനായിരം ക.യുടെ വാഗ്ദാനം ലഭിച്ചു. പിറ്റെ ദിവസവും അതിനടുത്ത ദിവസവും കൊല്ലം ടൗണിലെ വേറെചില വ്യാപാരികളേയും വ്യവസായികളേയും കണ്ട് ആയിരവും ആയിരത്തഞ്ഞൂറും രൂപയ്ക്കുള്ള വാഗ്ദാനം വാങ്ങി. ചിലരെല്ലാം രൊക്കം പണംതന്നു. എൻ.എസ്സ്.എസ്സ്. കാളേജുകളുടെ പണിക്കു വേണ്ടി സംഭാവന ചെയ്തിട്ടുള്ള താലൂക്കുകളിൽ പലതുകൊണ്ടും പ്രാമാണ്യം കൊല്ലം താലൂക്കിനാണെന്നു ഞാൻ കൃതജ്ഞതാപൂർവ്വം ഓർമ്മിക്കുന്നു. എല്ലാ സമുദായങ്ങളിൽ പെട്ടവരും ഞങ്ങളെ ഇക്കാര്യത്തിൽ സഹായി ച്ചിട്ടുണ്ട്. സംഭാവനക്കാരിൽ നാരായണസ്വാമിറെഡ്ഡ്യാർ എങ്ങിനെ എന്റെ നിത്യസ്മരണയിൽ ഇരിക്കുന്നോ അതുപോലെയല്ലെങ്കിലും മറ്റു പ്രകാര ത്തിൽ ഒരിക്കലും മറക്കാൻ സാധിക്കാത്ത വ്യക്തിയാണ് വെണ്ടർ കൃഷ്ണപിള്ളയും. ആദ്യ വാഗ്ദാനക്കാരായ പതിനായിരം രൂപക്കാരിൽ മൂന്നുപേരും പണം തന്നുകഴിഞ്ഞിട്ടും, പല പ്രാവശ്യം വീട്ടിൽ ചെന്നു ചോദിച്ചിട്ടും, ഒറ്റ രൂപാ പോലും തരാതെ ഇന്നും തർക്കിച്ചുകൊണ്ടു നിൽക്കുന്ന കൃഷ്ണപിള്ള എന്റെ ഹൃദയത്തിൽനിന്ന് എങ്ങിനെയാണ് മാഞ്ഞുപോകുന്നത്. അറിഞ്ഞവർ ആരും അദ്ദേഹത്തെ മറക്കയില്ല.

പ്രഭുത്വത്തിന് കുറവില്ലാതിരുന്നിട്ടും മനഃപൂർവ്വം പണംതരാതിരിക്കുന്ന ഈ തരം പ്രമാണികളുടെ അസ്സൽ ക്രായ പൊതുജന സമക്ഷം തെളിച്ചുകാണിക്കേണ്ടത് ആവശ്യമെന്നു തോന്നിയതിനാൽ ആ സംഖ്യയ്ക്കു കോടതിയിൽ അന്യായം കൊടുക്കേണ്ടിവന്നു. ഒപ്പിട്ടു കൊടുത്തതാണെങ്കിലും പണം കൊടുക്കത്തക്കതല്ലെന്നുള്ള പത്രികയിലും, തെളിവിലും കേസ്സ് നിലവിൽ ഇരിക്കുന്ന കാലമാണ്. കൊല്ലത്തെ അയല്ക്കാരായ ഈ രണ്ടു പ്രഭുക്കന്മാരിൽകൂടിത്തന്നെ ലോകത്തിന്റെ സത്തും-അസത്തും വെളിച്ചവും-ഇരുട്ടും ദൃഷ്ടാന്തരൂപേണ കണ്ടു മനസ്സിലാക്കാൻ കഴിഞ്ഞു എന്നൊരു നേട്ടം വാഗ്ദാനങ്ങൾ മൂലമുണ്ടായിട്ടുണ്ട്.

താമസിയാതെ തന്നെ പണപ്പിരിവിനുവേണ്ടി രാജ്യവ്യാപകമായ നിലയിൽ ഞാൻ സഞ്ചരിച്ചു തുടങ്ങി. കാളേജിന്റെ പേരിൽ പ്രീയൂണിവേഴ്സിറ്റി ക്ലാസ്സ് ആദ്യമായി ആരംഭിച്ചത് ചങ്ങനാശ്ശേരി പെരുന്നയിൽ ആണെങ്കിലും, യഥാർത്ഥത്തിലുള്ള കാളേജ് ആദ്യം തുടങ്ങിയത് തിരുവനന്തപുരത്തെ പെരുന്താനിയിലാണ്. പിന്നാലെ, തുടർന്നു പെരുന്നയിലെ ഹിന്ദു കാളേജിലും അടുത്തകൊല്ലം പന്തളം കാളേജിലും ആരംഭിക്കാൻ സൗകര്യം കിട്ടി. സന്ദർഭം പാഴിൽ കളയെരുതെന്നു വിചാരിച്ച്, കാര്യത്തിന്റെ ഗൗരവത്തേയും ഭാരത്തേയും അത്രതന്നെ ചിന്തിക്കാതെ മൂന്നു കാളേജിന്റെ ചുമതല ഏറ്റെടുത്തു. ഇപ്പോഴുള്ള എല്ലാ എൻ.എസ്സ്. എസ്സ്. കാളേജുകളുടേയും പ്രാരംഭവും നടത്തിപ്പും എന്റെ ഓർമ്മയിൽപ്പെട്ടതുപോലെ താഴെ കുറിക്കാം.

1. മഹാത്മാഗാന്ധി കാളേജ്

എൻ.എസ്സ്.എസ്സ്. കാളേജിനുവേണ്ടി ഗവൺമെന്റിൽ നിന്നും തിരുവനന്തപുരത്ത് ഒഴിപ്പിച്ചെടുത്ത 46 ഏക്കർ സ്ഥലമാണ് ഞാൻ ആദ്യമായി ഏറ്റുവാങ്ങിയത്. അവിടെ സ്ഥാപിക്കുന്ന കാളേജിന് 'മഹാത്മാഗാന്ധി കാളേജ്' എന്നു പേരിടാൻ നേരത്തെതന്നെ തീരുമാനിച്ചിരുന്നു. അവിടെ കാളേജ് പണിക്കും ഭരണത്തിനുമായി സർവീസ് സൊസൈറ്റി ഡയറക്ടർ ബോർഡ് ഒരു ചെറിയ കമ്മറ്റി രൂപീകരിച്ചു. അതിന്റെ ജോയിന്റ് കൺവീനറായി കളത്തിൽ വേലായുധൻ നായരേയും കൊച്ചീക്കൽ ബാലകൃഷ്ണൻ തമ്പിയേയും (മാവേലിക്കര) നിശ്ചയിച്ചു. ട്രഷറായി ഡയറക്ടർ വി.ആർ. നാരായണൻ നായരേയും. പ്രസിഡണ്ട്, എൻ.എസ്സ്.എസ്സ്. പ്രസിഡണ്ടായ എൻ.ഗോവിന്ദമേനോൻ തന്നെ ആയിരുന്നു. ആ കമ്മറ്റിയുടെ പ്രവർത്തനത്തിലും ഞാൻ പങ്കാളിയായിരുന്നു. പണച്ചെലവും പണിച്ചുമതലയും ഡാക്ടർ നാരായണൻ നായർ നിർവ്വഹിച്ചു. കാളേജിനു വേണ്ടി കിട്ടിയ ഭൂമിയിലെ പ്രധാന കുന്നുംപുറം നിർത്തി കാളേജ് കെട്ടിടം പണിക്കുള്ള ഒരുക്കം ആരംഭിച്ചു. ഒരു ഇൻഡ്യൻ നേതാവിനെ വരുത്തി ശിലാസ്ഥാപനം ചെയ്യിക്കാനും തീരുമാനിച്ചു. കാളേജ് പണിപൂർത്തിയായിട്ട് പഠിത്തം ആരംഭിക്കാൻ കാലതാമസം നേരിടുമെന്നുള്ളതുകൊണ്ട്, തിരുവനന്തപുരം ടൗണിൽ

ഒരു കെട്ടിടം വാടകയ്ക്കെടുത്ത് അക്കൊല്ലം-1948 ജൂണിൽതന്നെ - കാളേജ് ആരംഭിക്കണമെന്ന് എല്ലാവർക്കും നിർബ്ബന്ധമുണ്ടായി. കാളേജിനു പറ്റിയ ഒരു വീടു കിട്ടുന്നത് അത്ര എളുപ്പമുള്ള കാര്യമല്ലല്ലൊ. കഷ്ടിച്ച് ഒരു വീടു കണ്ടുപിടിച്ചു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ അമ്മച്ചിയ്ക്ക് തിരുമനസ്സുകൊണ്ട് പണിയിച്ചുകൊടുത്ത "വടശ്ശേരി അമ്മവീട്" അവിടെ അപ്പോൾ ആൾപാർപ്പില്ലായിരുന്നു. വലിയ രണ്ടു നാലുകെട്ടുകളും അതിനോടനുബന്ധിച്ച മറ്റു ചില കെട്ടിടങ്ങളും മൂന്നു മാളികകളും ചില ഉപഗൃഹങ്ങളും ഉൾപ്പെട്ടതാണ് ആ അമ്മവീട്. ആ ഭവനങ്ങൾ ഇരിക്കുന്നത് ആറേക്കർ തെങ്ങും തോപ്പിലാണ്. അതിന്റെ ഉടമസ്ഥൻ ശ്രീമൂലം തിരുനാളിന്റെ പൗത്രിയുടെ പുത്രൻ വേലായുധൻ തമ്പിയാണ്. അദ്ദേഹം ഒരു മൈനർ ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ രക്ഷാകർത്താവും അച്ഛനുമായ പൂഞ്ഞാർ കോയിക്കൽ രാമവർമ്മ രാജാവിനെ കണ്ട് ആവശ്യം അറിയിച്ചു. അദ്ദേഹം ഞങ്ങളുടെ ഒരു മിത്രവും കൂടിയായിരുന്നതുകൊണ്ട് ആണ്ടിൽ രണ്ടായിരം ക. പാട്ടത്തിനും വാടകയ്ക്കുമായി ആവശ്യമുള്ള കാലത്തേയ്ക്കു ആ സ്ഥലം വിട്ടുതന്നു. മിക്കവാറും സ്ഥലസൗകര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും, വലിയ ക്ലാസ്സിനുള്ള നീണ്ടമുറികളില്ലായിരുന്നു. ഉടനെതന്നെ ആവശ്യമുള്ള താൽകാലിക കെട്ടിടങ്ങൾ ഉണ്ടാക്കുകയും കുഴൽവെള്ളവും ഇലട്രിക് ലൈനും കൂട്ടിയിണക്കുകയും ചെയ്തു. അഹോരാത്രം മഴയായിരുന്നതുകൊണ്ട് നിശ്ചയിക്കപ്പെട്ട സമയത്ത് എല്ലാം പൂർത്തിയാക്കുന്നതിനു ഡാക്ടർ നാരായണൻ നായർ വളരെ ക്ലേശിക്കേണ്ടിവന്നു.

മുൻ നിശ്ചയപ്രകാരം ആദ്യത്തെ ജനകീയമന്ത്രിസഭയിലെ മുഖ്യമന്ത്രിയായ പട്ടംതാണുപിള്ള ഒരു ബഹുജന സദസ്സിൽവച്ച് ആ കാളേജ് ഉദ്ഘാടനം നടത്തി. അത് 1948 ജൂണിലാണ്. മൂന്നു മന്ത്രിമാരും മിക്ക ഉദ്യോഗസ്ഥന്മാരും ധാരാളം സ്ത്രീ പുരുഷന്മാരും യോഗത്തിൽ സംബന്ധിച്ചിരുന്നു. പി.ബാലകൃഷ്ണൻതമ്പി സ്വാഗതവും ഞാൻ കൃതജ്ഞതയും പറഞ്ഞു. യോഗത്തിനു മുമ്പുള്ള സുമുഹൂർത്തത്തിൽ ആദ്യത്തെ പ്രിൻസിപ്പലായ കെ.ആർ.കൃഷ്ണയ്യർ ഏതാനും കാളേജ് വിദ്യാർത്ഥികളെ ഇരുത്തി നിറപറയും വിളക്കുംവച്ച്, 'വിദ്യാരംഭം' നടത്തി. കൃഷ്ണയ്യർ ഇവിടുത്തെ സയൻസ് കോളേജിൽ പ്രൊഫസ്സറായിരുന്ന് പെൻഷൻ പറ്റിയ പേരുകേട്ട ഒരു ഗുരുനാഥനാണ്. അദ്ദേഹത്തിന്റെ ഭരണത്തിൽ കാളേജ് ഭംഗിയിൽ നടന്നു.

കാളേജുമരാമത്തുകളുടെ എല്ലാം മേൽനോട്ടം വഹിക്കുന്നതിന് പി.ഡബ്ലിയു.ഡി. ഓവർസീയറും ശേഷിമാനും സത്യവാനുമായ പന്തളം തട്ടയിൽ എൻ. രാമക്കുറുപ്പിനെ എൻ.എസ്സ്.എസ്സ്. എൻജിനീയറായി നിയമിച്ചു. അദ്ദേഹത്തിന്റെ താഴെ ഏതാനും സൂപ്പർവൈസർമാരും ഉണ്ടായിരുന്നു. എം.ജി. കാളേജിന്റേയും മറ്റു കാളേജുകളുടേയും പ്ലാൻ ഉണ്ടാക്കിത്തന്നതും സ്ഥാന നിർണ്ണയം ചെയ്തതും ഡ്രാഫ്റ്റുമാൻ കെ.വി. നീലകണ്ഠൻനായരാണ്. പഠിപ്പിലും കവിഞ്ഞ ശേഷി, പരിചയ

സമ്പന്നനായ അദ്ദേഹത്തിന് വാസനാജനകമായിത്തന്നെയുണ്ട്. ഈ പത്തു കൊല്ലത്തിനിടയിൽ സർവീസ് സൊസൈറ്റിക്കുവേണ്ടി അദ്ദേഹം ചെയ്ത സേവനം അമൂല്യമാണ്. എം.ജി. കാളേജിനു വേണ്ട വിദഗ്ദ്ധോപദേശം ചെയ്തതും ആവശ്യമുള്ളപ്പോൾ വന്ന് മേൽനോട്ടം വഹിച്ചതും എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന കോട്ടയം കെ.എൻ. ഗോപാലപിള്ളയായിരുന്നു. എം.ജി. കാളേജിലെ പണിവളരെവേഗം പുരോഗമിച്ചുകൊണ്ടിരുന്നു. പൊതുവേ രണ്ടു നിലയും ഒരു ഭാഗത്തു മൂന്നു നിലയും, മദ്ധ്യത്തിൽ സ്തൂപിക ഉൾപ്പടെ അഞ്ചുനിലയുമുള്ള ആ കെട്ടിടം മുഴുവൻ കരിങ്കല്ലുകൊണ്ട് കെട്ടിയതാണ്. തേക്കുകൊണ്ടുള്ള മരപ്പണിയല്ലാതെ കാണുകയില്ല. മേൽക്കൂരയില്ലാത്ത ആ കെട്ടിടത്തിന്റെ തട്ടുകളെല്ലാം കമ്പിയും സിമന്റും മെറ്റലും കൊണ്ടു വാർത്തതാണ്. ഒരുവിധം തുടർന്നുതന്നെ പണി നടന്നുകൊണ്ടിരിന്നിട്ടും പൂർത്തിയാകാൻ പത്തുകൊല്ലം വേണ്ടിവന്നു. ബാക്കിയുള്ള ചില്ലറ പണികളുംകൂടി തീർന്നിട്ട് 1958 ഏപ്രിൽ മാസത്തിൽ ഉദ്ഘാടനം ചെയ്യണമെന്നാണ് എൻ.എസ്സ്.എസ്സ്. മേധാവികളുടെ ആഗ്രഹം. അതിനുള്ള ജോലി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ മഹാസ്ഥാപനത്തിന്റെ ശിലാസ്ഥാപനം ചെയ്തത് ഇൻഡ്യൻ ഗവർണർ ജനറലായിരുന്ന സി. രാജഗോപാലാചാരിയാണ്. അന്ന് അദ്ദേഹം ഗവർണർ ജനറലായിരുന്ന കാലമാണ്. 1948 ആഗസ്റ്റ് 22-ാം തീയതിയാണ് ശിലാസ്ഥാപനം ചെയ്തത്. ഉദ്ഘാടനം ലോകപ്രശസ്തനായ ഒരിൻഡ്യൻ നേതാവിനെക്കൊണ്ടുതന്നെ നടത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കാളേജിന്റെ മുൻവശത്ത് മുപ്പതടിയോളം പൊക്കമുള്ള ഒരു കുന്നുണ്ട്. അത് താഴ്ത്തി നിരപ്പാക്കി പരിഷ്കൃത നിലയിലുണ്ടാക്കുന്ന സ്റ്റേഡിയം തീർത്തു കഴിയുമ്പോൾ അത് എം.ജി. കാളേജ് പോലെതന്നെ തെക്കേ ഇൻഡ്യയിലുള്ള ഒന്നാംതരം ഒരു സ്റ്റേഡിയമായിരിക്കുന്നതാണ്. മാതൃകാപരമായി ഉണ്ടാക്കിയിട്ടുള്ള 'ഓപ്പൺ എയർ തീയറ്ററും ഗ്യാലറിയും' അതിനു പിന്നിൽ എത്ര അധികം ആളുകൾ വന്നാലും തിരക്കില്ലാതെ ഇരിക്കത്തക്കവണ്ണം നീണ്ടു നിവർന്നുകിടക്കുന്ന വിശാലമായ മുറ്റവും എല്ലാകൂടി കണ്ടാൽ, മഹാത്മാഗാന്ധിയുടെ മഹിമയ്ക്കുതക്ക ഒരു ശാശ്വത സ്മാരകമാണെന്നത് ആരും സമ്മതിക്കും. കാളേജിന്റെ ദർശനം പടിഞ്ഞാറുവശം എന്ന സങ്കല്പത്തിൽ ഉണ്ടാക്കിയിട്ടുള്ളതാണെന്ന് പ്രഥമദൃഷ്ടിയിൽതന്നെ തോന്നുമെങ്കിലും, കിഴക്കുവശത്തു മൂന്നു നിലയിൽ വർത്തുളാകൃതിയിൽ പണിചെയ്തിട്ടുള്ള അസംബ്ലി ഹാളിന്റെ മുൻവശം മറ്റൊരു ഭാഗത്തിനു മില്ലാത്ത ദർശനീയത നല്കിയുംകൊണ്ടു നമ്മുടെ കണ്ണുകളെ കുളിർപ്പിക്കുന്നുണ്ട്. കാളേജിന്റെ ആകെ നീളം 460 അടിയാണ്. കിഴക്കോട്ടു അഞ്ചും പടിഞ്ഞാറോട്ടു അഞ്ചും നീണ്ട വിംഗുകളും തെക്കോട്ടും വടക്കോട്ടും ഈരണ്ടു പോർട്ടിക്കോകളും ഉണ്ട്. ആകെയുള്ള മുറികൾ 105 ആണ്. അവയ്ക്കെല്ലാംകൂടി 69039 ചതുരശ്ര അടി വിസ്തീർണ്ണം കാണും. സൈക്കിൾ വയ്ക്കുന്നതിനും മോട്ടോർകാർ ഇടുന്നതിനുമായി 5112 ചതുരശ്രഅടി വിസ്തീർണ്ണമുള്ള 14 മുറികളുണ്ട്. മെയിൻറോഡിൽനിന്ന് സ്റ്റേഡിയത്തിലേക്ക് 40 അടി

പൊക്കവും അവിടെനിന്ന് മുറ്റത്തേക്ക് 18 അടി പൊക്കവുമുണ്ട്. മുറ്റത്തു നിന്ന് മണിമാളികയുള്ള സ്തൂപികയുടെ മുകളിലേക്ക് 100 അടി പൊക്കമാണുള്ളത്. കുഴൽവെള്ളം കാളേജിന്റെ മുകളിൽ ചെല്ലുണമെങ്കിൽ പ്രത്യേകം പമ്പിംഗ് വ്യവസ്ഥയുണ്ടായിരിക്കണം. അത്രയ്ക്കു പൊക്കം കൂടിയ സ്ഥലത്താണ് കാളേജ് നിൽക്കുന്നത്.

ഇരുന്നൂറോളം വിദ്യാർത്ഥികൾക്കു താമസിക്കത്തക്ക സൗകര്യത്തിൽ രണ്ടു നിലകളിൽ പണിയുന്ന വിദ്യാർത്ഥിസത്രം കാളേജ് ഉദ്ഘാടനത്തിനു മുമ്പുതന്നെ തീരുന്നതാണ്. അപ്പോൾ സമ്പൂർണ്ണ സൗകര്യവും ഭംഗിയുമുള്ള നമ്മുടെ വക ഒരു മഹൽസ്ഥാപനം തിരുവനന്തപുരം പട്ടണത്തിനു മകുടം ചാർത്തിക്കൊണ്ടു നിലനില്ക്കുമെന്ന് നമുക്കഭിമാനിക്കാവുന്നതാണ്.

ഈ കാളേജിന്റെ മരാമത്തുകൾക്ക് ഇതുവരെ 20 ലക്ഷം ക. ചെലവായിക്കാണും. ഔദാര്യവാന്മാരായ പലരുടെ സംഭാവനയും, സാമാന്യ ജനങ്ങളിൽനിന്ന് ചെറുരൂപത്തിൽ ശേഖരിച്ച സംഖ്യയും ഗവൺമെന്റിന്റേയും ദേവസ്വം ബോർഡിന്റേയും ഗ്രാന്റുകളുമാണ് കാളേജ് പണിക്ക് ലഭിച്ച പ്രധാന വരവുകൾ. ആദ്യത്തെ വാഗ്ദാനക്കാരായ പതിനായിരം ക.ക്കാരെ ജയിച്ചുകേറേൻ വനിതാ രത്നം മാത്രമേ ഉണ്ടായിരുന്നുള്ളു. അത് തിരുവനന്തപുരത്ത് പെരുന്താനിയിൽ വടശ്ശേരിയമ്മവീട്ടിലെ ലക്ഷ്മിപിള്ളകൊച്ചമ്മയാണ്. അവരുടെ വലിയച്ഛനായ തിരുവട്ടാറ്റമ്മവീട്ടിലെ ശങ്കരൻ തമ്പിയുടെ സ്മാരകമായി മഹാത്മാഗാന്ധി കാളേജിന്റെ മദ്ധ്യഭാഗത്ത് കിഴക്കോട്ടു ദർശനമായി ഒരു ലൈബ്രറി ഹാൾ കെട്ടുന്നതിന് 50000 ക. സംഭാവന ചെയ്യാമെന്ന് അവർ വാഗ്ദാനം ചെയ്തു. ഇത്രവലിയ സംഖ്യ കേരളത്തിൽ ആരും തന്നെ ഒരു പൊതുസ്ഥാപനത്തിന് ഇതുവരെ സംഭാവന ചെയ്തതായി അറിയപ്പെട്ടിട്ടില്ല. പരിഷ്കൃതയും ചെറുപ്പക്കാരിയുമായ ആ മഹതി വായനശാലകൾക്കും ആശുപത്രികൾക്കും ആശ്രമങ്ങൾക്കും മറ്റുമായി വലിയ സംഖ്യകൾ ഇതിനുമുമ്പുതന്നെ സംഭാവനചെയ്തിട്ടുണ്ട്. സംസ്കാരസമ്പന്നയായ ആ മഹതി വാഗ്ദാനംചെയ്ത അൻപതിനായിരം ക. യും ലൈബ്രറിയുടെ പണിക്ക് ഉപയോഗപ്പെടത്തക്കവണ്ണം നാലഞ്ചു പ്രാവശ്യമായി തന്നു തീർത്തശേഷം കൃതകൃത്യയായിട്ടാണ് അവർ അകാലത്തിലും യാദൃച്ഛികമായിട്ടാണെങ്കിലും ദിവംഗതയായത്. അവരുടെ അകാല ദേഹവിയോഗം കേരളത്തിനും പൊതുസ്ഥാപന പ്രവർത്തകർക്കും വവിയ നഷ്ടമാണെന്നുള്ള വസ്തുത ഓർക്കുമ്പോൾ കൂടുതൽ കുണ്ഠിതം തോന്നുന്നു. അവരുടെ പുത്രനായ മാധവൻതമ്പി എന്ന ഏക സന്താനം മാത്രമേ അവർക്കവകാശിയായിട്ടുള്ളു. ലക്ഷ്മിപ്പിള്ളക്കൊച്ചമ്മയുടെ ഭർത്താവും കൊച്ചുതമ്പിയുടെ രക്ഷാകർത്താവുമായ ജി.വി.ദാസ് എന്റെ പ്രിയ സുഹൃത്തും പ്രാപ്തനായ ഒരു സമുദായ സ്നേഹിയുമായതുകൊണ്ട്, എൻ.എസ്സ്.എസ്സിന്റെ കാര്യങ്ങളിൽ എല്ലാം ലക്ഷ്മിപ്പിള്ളയെപ്പോലെ തൽപരനും സഹായിയും ആയി എന്റെ വലംകൈ എന്നപോലെ ഇന്നും

നില്ക്കുന്നുണ്ട്. അതിനു മാറ്റം വരാത്തവണ്ണം എന്നെ ആ കുടുംബത്തിലെ ഒരു കാരണവരായിട്ടാണ് അദ്ദേഹവും കൊച്ചുതമ്പിയും സങ്കല്പിച്ചിട്ടുള്ളതും പെരുമാറുന്നതും. കൊച്ചുതമ്പിയും സമുദായത്തിന്റേയും രഷ്ട്രത്തിന്റേയും നിധിപോലെ വളർന്നുവരാൻ ഇടയാകണമെന്ന് എന്റെ പ്രാർത്ഥന.

നായർ സർവീസ് സൊസൈറ്റിയും വടശ്ശേരി അമ്മവീടും തമ്മിൽ എന്തോ അറിയപ്പെടാത്ത ബന്ധമുണ്ടെന്നു തോന്നിപ്പോകുന്നു. വടശ്ശേരി അമ്മ വീടു വക തറവാട്ടു പറമ്പിന്റെ ഒരു ഭാഗമാണ്. പത്തുമുപ്പതു കൊല്ലം മുമ്പ് പാൽകുളങ്ങര എൻ.എസ്സ്.എസ്സ് സ്കൂളിന്റെ ആവശ്യത്തിനു അവർ വിട്ടുതന്നത്. അവിടുത്തെ നല്ല നിലയിലുള്ള ഹൈസ്കൂൾ ഇന്നും നടന്നുവരുന്നത് ആ സ്ഥലത്തുതന്നെയാണ്. ഇന്നും നല്ല വിലപിടിപ്പുള്ള വസ്തുവാണ്. മഹാത്മാഗാന്ധി കാളേജ് ആരംഭിക്കാൻ തൽക്കാലത്തേക്ക് ഒരു കെട്ടിടം വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ, സാക്ഷാൽ വടശ്ശേരി അമ്മ വീടുതന്നെ പാട്ടത്തിനു വിട്ടുതന്നു സാഹായിച്ചതും അവരാണ്. സാധാരണക്കാരായ മറ്റൊരാൾ ചെയ്യാത്തതാണ് അക്കാര്യം. അന്നതു കിട്ടിയിരുന്നില്ലെങ്കിൽ നിശ്ചയിക്കപ്പെട്ട സമയത്ത് കാളേജ് ആരംഭിക്കാൻ സാധിക്കയില്ലായിരുന്നു. എം.ജി. കാളേജ് മാറ്റിയിട്ടതിന്റെശേഷവും ആ കെട്ടിടങ്ങളും വസ്തുക്കളും സർവീസ് സൊസൈറ്റിയുടെ അധീനതയിൽതന്നെയാണ്. അവിടെയാണ് എൻ.എസ്സ്.എസ്സിന്റെ വിമൻസ്കാളേജ് ഇപ്പോൾ നടക്കുന്നത്. ഈ നല്ല കാര്യത്തിനുവേണ്ടി ആ വസ്തുവകകളും കെട്ടിടങ്ങളും എന്നെന്നേക്കുമായി വിട്ടുതരാൻ അവർക്കു താൽപര്യമുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

അടുത്ത സംഭവം ഞാൻ മുമ്പേ വിവരിച്ച അൻപതിനായിരം ക.യുടെ സംഭാവനയാണ്. ആ സംഭാവനക്കാരിയായ ലക്ഷ്മിപ്പിള്ളക്കൊച്ചമ്മയും വടശ്ശേരിഅമ്മ വീട്ടിലേ തന്നെയാണ്. വലിയമ്മച്ചിയുടെ നേരെ സഹോദരിയുടെ പുത്രിയാണ്. ഇതെല്ലാം കൂട്ടിച്ചേർത്താലോചിക്കുമ്പോഴാണ് വടശ്ശേരി അമ്മ വീടും നായർ സർവീസ് സൊസൈറ്റിയും തമ്മിൽ എന്തോ അറിയപ്പെടാത്ത അഭേദ്യബന്ധമുണ്ടെന്നു പറഞ്ഞുപോകുന്നത്. ആ കുടുംബത്തിൽ അമ്മച്ചിയുടെ പിന്തുടർച്ചാവകാശിയായി-ഈയിടെ മേജറായ-വേലായുധൻതമ്പിയും ലക്ഷ്മിപ്പിള്ള കൊച്ചമ്മയുടെ സന്താനമായ കൊച്ചുമാധവൻ തമ്പിയും മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളൂ. മാധവൻ തമ്പി ഇന്നും മൈനാറാണ്.

കാളേജിനുവേണ്ടി സ്നേഹപൂർവ്വം സംഭാവനചെയ്ത മിക്കപേരേയും ഞാൻ ഓർക്കുന്നു. ഞാൻ നേരിട്ടുകണ്ടു പറഞ്ഞല്ലാതെ സംഭാവനാ ലിസ്റ്റിൽ ഒപ്പിട്ടവർ ചുരുക്കമായിരിക്കും. പഴയതിരുവിതാംകൂർ വിഭാഗത്ത് എന്റെ ഭിക്ഷാപാത്രം ചെന്നെത്താത്ത പട്ടണങ്ങളോ ഗ്രാമപ്രദേശങ്ങളോ കാണുകയില്ല. സംഖ്യയുടെ വലിപ്പ ചെറുപ്പം നോക്കാതെ സന്മനസ്സോടുകൂടി സഹായിച്ച സഹോദരിസഹോദരന്മാർ ആയിരക്കണക്കിനോപതിനായിരക്കണക്കിനോ അല്ല. ക്ലേശഭൂയിഷ്ഠമായിരുന്നെങ്കിലും

എന്റെ ആ തീർത്ഥയാത്ര സ്മരണീയവും ഫലപ്രദവുമായിരുന്നു. വൻതുകക്കാരെ സമീപിക്കുന്നതിനേക്കാൾ, സാമാന്യജനങ്ങളേയും സാധുക്കളേയും സമീപിക്കാനായിരുന്നു എനിക്കാഗ്രഹവും സന്തോഷവും. എന്ന് ഞാൻ വിചാരിച്ചു. അതിനു രണ്ടു മാർഗ്ഗമാണ് കണ്ടുപിടിച്ചത്. ഒന്നു കരയോഗം മുഖാന്തിരമുള്ള പിരിവും മറ്റൊന്നു 'ഉൽപന്നപ്പിരിവും' ഇതിൽ രണ്ടിലും പെടാതെ ഒരു നായർക്കും ഒഴിഞ്ഞുനിൽക്കാൻ സാദ്ധ്യമല്ലായിരുന്നു. എൻ.എസ്സ്.എസ്സിനു രണ്ടായിരത്തിലധികം കരയോഗങ്ങളുണ്ട്. ഈ പൊതുവ്യവസ്ഥയിൽ നിന്ന് ഒഴിഞ്ഞ കരയോഗം അപൂർവ്വമായിപ്പോലും കാണുമോ എന്ന് സംശയമാണ്. പുതിയ ഒരു സംരംഭമായിരുന്നു ഉൽപന്നപ്പിരിവ്. ഇതിനുമുമ്പും അപൂർവ്വം ചില സന്ദർഭങ്ങളിൽ ചില പ്രത്യേകോദ്ദേശ്യത്തോടുകൂടി തേങ്ങാവെട്ടോമറ്റൊ നടത്തിക്കണ്ടേയ്ക്കും. എന്നാൽ ഇത്ര മഹത്തായ ഒരു വ്യവസ്ഥിതിയിലും ആകർഷകമായ വിധത്തിലും ഇതിനുമുമ്പ് ആരുംതന്നെ ഉൽപന്നപ്പിരിവു നടത്തിയിട്ടില്ലെന്നുള്ളത് നിർവ്വിവാദമാണ്. അതു കൊണ്ട് അതിനെപ്പറ്റി അല്പംകൂടി വിശദമായി പറഞ്ഞേതീരൂ.

ഇന്നുകാണുന്ന വിധത്തിലുള്ള 'ശാസ്ത്രീയ ഉൽപന്നപ്പിരിവ്' കണ്ടുപിടിച്ചതും വിജയപ്രദമായി നടത്തിയും എം.പി. മന്മഥനാണ്. കാളേജ് പണിക്കാലത്തെ എൻ.എസ്സ്.എസ്സ് ജനറൽ സെക്രട്ടറി അദ്ദേഹമായിരുന്നതുകൊണ്ട് പണം പിരിച്ചുണ്ടാക്കേണ്ട ബാദ്ധ്യത അദ്ദേഹത്തിൽ സ്വതസിദ്ധമായിത്തന്നെ ചെന്നുചേർന്നു. മറ്റു പല പിരുവുകൾക്കും ശേഷം പണം മതിയാകാഴികകൊണ്ട് ഉൽപന്നപ്പിരിവിന്റെ സമീപം ചെന്നെത്തിയതാണ്. ഓരോ തീയതിയ്ക്കു ഉൽപന്നങ്ങളെ കണക്കാക്കി ധനശേഖരം ചെയ്യണമെന്നുള്ളതാണ് ഇതിന്റെ പൊതു വ്യവസ്ഥ. നെല്ല്, തേങ്ങാ, പാക്ക്, കുരുമുളക് മുതലായ പ്രധാന ഉൽപന്നങ്ങളുടെ ഇത്ര ശതമാനം കാളേജ് ഫണ്ടിന് ഓരോ ഭവനക്കാരും കൊടുക്കണമെന്നും, അതിനുള്ള കണക്കെടുപ്പുനടത്തി അച്ചടിച്ച ഫാറത്തിൽ രേഖപ്പെടുത്തി ഓരോ ഗൃഹനായകനും കൊടുക്കേണ്ട സംഖ്യ ക്ലിപ്തപ്പെടുത്തി ഓരോ ചിറ്റു മുനകൂടി കൊടുക്കുമെന്നും, അതനുസരിച്ച് നിശ്ചയിക്കപ്പെട്ട ഒറ്റത്തീയതിയിൽ ആ താലൂക്കിലെ എല്ലാ കരയിലേയും എല്ലാ നായർ ഭവനങ്ങളിലും ചെന്ന് രസീത് കൊടുത്ത് പണം വാങ്ങുമെന്നുമുള്ള പ്രചാരണം എല്ലാ കരകളിലും നടത്തുന്നതാണ് ഒന്നാമത്തെ പ്രവൃത്തി. ഓരോ കരയിലും തുടർന്നു പ്രവർത്തിക്കാനും പിരിവുനടത്തി അന്നുതന്നെ താലൂക്ക് സെൻട്രൽകമ്മറ്റിയെ ഏല്പിക്കാനും, ഓരോ കമ്മറ്റിയും അവരുടെ നിയന്ത്രണത്തിൽ ഓരോ വാളന്റ്യർസംഘവും ഉണ്ടായിരിക്കുന്നതാണ്. അവരാണ് ഉൽപന്നപിരിവിന്റെ സജീവ പ്രവർത്തകന്മാർ. താലൂക്ക് ഒട്ടാകെയുള്ള വാളന്റ്യറന്മാരെ ഒന്നായിച്ചേർന്ന് അവർക്കൊരു കമാന്ററും ഉണ്ടായിരിക്കുന്നതാണ്. പ്രഥമ ദൃഷ്ടിയിൽ നല്ലതും എളുപ്പവുമായ ഒരു മാർഗ്ഗമാണിതെന്നു തോന്നാം. എങ്കിലും ഉള്ളിലേക്കുകടക്കുമ്പോഴേ വിഷമവും പ്രതിബന്ധവും മനസ്സിലാകയുള്ള മന്മഥന്റെ ആദ്യത്തെ ഗ്രൂപ്പു

യോഗങ്ങളിലെ ആകർഷണീയമായ ശാസ്ത്രീയപ്രസംഗം കഴിയുമ്പോൾ, തൊണ്ണൂറുശതമാനം പ്രതിബന്ധങ്ങളും തീരാറുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗധോരണിയുടെ ഒഴുക്കിൽപ്പെട്ടവരാരും പിന്നെ മടങ്ങിപ്പോയിട്ടില്ല. കരയോഗത്തിൽപ്പെട്ടവനും, പെടാത്തവനും, വൃദ്ധനും, യുവാവും, പണക്കാരനും, ദരിദ്രനും, സ്ത്രീയും, പുരുഷനുമെല്ലാം മന്മഥന്റെ അധീനതയിലാകാൻ അദ്ദേഹത്തിന്റെ ഒന്നോ രണ്ടോ പ്രസംഗം കേട്ടാൽ മതിയാകും. ഒരു ദിവസംകൊണ്ട് പിരിവുനടത്തുന്നതെങ്കിലും, അതിനു മുമ്പ് രണ്ടുമൂന്നു മാസത്തെ നിരന്തര പ്രവർത്തനം മന്മഥനും താലൂക്ക്സെൻട്രൽക്കമ്മറ്റിക്കുമുണ്ടായിരിക്കും. സ്ഥിതിസമത്വപ്രകാരമുള്ള പിരിവാണ് മന്മഥന്റേത്. ഓരോരുത്തർക്കും വരവുള്ളതിന്റെ ഇത്ര അംശം എന്നുള്ള വ്യവസ്ഥയിൽ നടത്തുന്ന പിരിവിനെ വലിപ്പച്ചെറുപ്പം കൊണ്ടുള്ള ദോഷം ബാധിക്കയില്ലല്ലോ. ഈ പിരിവിലും പാവപ്പെട്ടവനിൽനിന്ന് ഒരു കളവോ തെറ്റോ ഉണ്ടാകയില്ല. കൂടുതൽ തെങ്ങും നിലവും ഉള്ളവരായിരിക്കും കളവു പറയുന്നതും തുക കുറയ്ക്കുന്നതും. മന്മഥന്റെ സ്നേഹസ്വഭാവവും നയചാതുര്യവുംകൊണ്ട് അതെല്ലാം ഒരുവിധം നികത്തി യോജിപ്പിച്ചുകൊണ്ടുപോകും.

ഉൽപ്പന്നപ്പിരിവുദിവസത്തെ വ്യവസ്ഥകളും ചടങ്ങുകളും തെറ്റാതെ നടത്തുന്നതിലാണ് അതിന്റെ പരിപൂർണ്ണവിജയം സ്ഥിതിചെയ്യുന്നത്. ആ താലൂക്കിലെ എല്ലാ കരകളിലേയും കമ്മറ്റിക്കാരും വാളന്ട്യറന്മാരും പിരിവു ദിവസം കാലത്തെ കുളിച്ച് അവിടുത്തെ ഒരുക്ഷേത്രത്തിൽ ഒരുമിച്ച്ചെന്ന് ആരാധന നടത്തി ഉൽപ്പന്നപ്പിരിവു ആരംഭിച്ചിരിക്കുന്നു എന്നറിയിച്ചിരിക്കുന്നു എന്നറിയിക്കുന്ന മൂന്നു കതനാവെടികളും വച്ചിട്ടുവേണം ഭജനപ്പാട്ടോടുകൂടി നംബർ മുറയ്ക്ക് പിരിവിനായി ഓരോ ഭവനത്തിലേയ്ക്കും ചെല്ലാൻ. ഭവനക്കാരും കുളിച്ചു കുറിയിട്ടു വിഴക്കുകത്തിച്ചുവെച്ചുവേണം കിട്ടീട്ടുള്ള കുറിപ്പനുസരിച്ചുള്ള സംഖ്യ സംഭാവന ചെയ്തു രസീത് വാങ്ങാൻ. അങ്ങിനെ വൈകുമ്പോഴേയ്ക്കും എല്ലാ ഭവനങ്ങളിലേക്കും പിരിവുനടന്നിരിക്കും. കതിനാവെടിയോടുകൂടിത്തന്നെ പിരിവു സമാപിക്കുകയും വേണം. അങ്ങിനെ ആ താലൂക്കിലെ എല്ലാ കരകളിലും പിരിവു നടന്നിരിക്കും. പിരിഞ്ഞ പണം രസീതുകുറ്റിയോടുകൂടി അന്നുതന്നെയോ അസമയമായാൽ പിറ്റേദിവസം കാലത്തോ താലൂക്കു സെൻട്രൽകമ്മറ്റിയിൽ ഏല്പിക്കയും മൊത്തം തുക പിറ്റേദിവസത്തെ പത്രത്തിൽ പരസ്യപ്പെടുത്തുകയും വേണം. ഇത്തരം പിരിവിന്റെ നാനാപ്രകാരേണയുള്ള പ്രയോജനത്തെപ്പറ്റി ഞാൻ എടുത്തെഴുതാൻ ആഗ്രഹിക്കുന്നില്ല.

ആദ്യത്തെ ഉൽപ്പന്നപ്പിരിവു നടന്നത് ചേർത്തലയിലാണ്. കട്ടിയാട്ടു ശിവരാമപ്പണിക്കർ മുതലായ സമുദായസ്നേഹികളെ ക്ഷണിച്ചുവരുത്തി ഉൽപന്നപ്പിരിവിന്റെ ഉദ്ദേശ്യത്തേയും രീതിയേയും പറ്റി എം.പി. മന്മഥൻ പ്രസംഗിച്ചു കേൾപ്പിച്ചു. ഞാനായിരുന്നു ആ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചത്. മന്മഥൻ രണ്ടുമാസത്തോളം ചേർത്തല താലൂക്കിൽ സഞ്ചരിച്ചു പ്രചരണവും കമ്മറ്റിരൂപീകരണവും കണക്കെടുപ്പും നടത്തി.

അവിടുത്തെ ഉൽപന്നപ്പിരിവു നടന്നത് 1124 മീനമാസത്തിലാണ്. പിരിവു വിജയപ്രദമായിരുന്നെങ്കിലും, പ്രതീക്ഷിച്ചത്ര തുക പിരിഞ്ഞുകിട്ടിയില്ല, രണ്ടു തെങ്ങിന് ഒരു തേങ്ങാ എന്നുള്ള ക്രമത്തിന്, തോതു താണുപേയതുകൊണ്ടും, ഉൽപ്പന്നപ്പിരിവിലെ പരിചയക്കുറവുകൊണ്ടുമാണ് ഫലം വേണ്ടവണ്ണമാകാതിരുന്നത്. എല്ലാ കരകളിലും പിരിഞ്ഞപണം സെൻട്രൽ കമ്മറ്റി ശേഖരിച്ച് താലൂക്കിന്റെ പ്രധാനഭാഗത്തു വിളിച്ചുകൂട്ടുന്ന നായന്മാരുടെ താലൂക്കുതല സമാപനയോഗത്തിൽ വച്ച്, കണക്കുവായിച്ചു കേൾപ്പിച്ചശേഷം എൻ.എസ്സ്.എസ്സ്. പ്രസിഡണ്ടിനെ പരസ്യമായി ഏല്പിച്ചുകൊടുക്കും. അതിനോടുകൂടി ആ താലൂക്കിലെ ജോലി അവസാനിക്കുന്നു.

ഇങ്ങനെ എം.പി.മന്മഥന്റെ നേതൃത്വത്തിൽ 16 താലൂക്കുകളിൽ ഉൽപ്പന്നപ്പിരിവു നടത്തീട്ടുണ്ട്. പട്ടിക താഴെ ചേർത്തിരിക്കുന്നു.

ഉൽപന്നപ്പിരിവ്

		രൂ.	ണ.സ.
1124-മീനം ചേർത്തല	താലൂക്ക്	23,715	0 0
മിഥുനം-അമ്പലപ്പുഴ	”	16,601	0 0
ഇടവം-കാർത്തികപ്പള്ളി	”	11,000	0 0
കർക്കടകം- വൈക്കം	”	6,500	0 0
1125-വൃശ്ചികം-കുന്നത്തുനാട്	”	5,300	0 0
” തൊടുപുഴ	”	5,001	0 0
തുലാം-പറവൂർ	”	10,351	0 0
1950-ജനുവരി-ചങ്ങനാശ്ശേരി	”	36,206	0 0
ഏപ്രിൽ-തിരുവല്ല	”	94001	0 0
ജൂൺ- മാവേലിക്കര	”	82,217	0 0
ഒക്ടോബർ- തിരുവനന്തപുരം	”	24,146	0 0
1951-മാർച്ച്-പത്തനംതിട്ട	”	67,102	0 0
മെയ്- കുന്നത്തൂർ	”	51,111	0 0
ജനുവരി-കോട്ടയം	”	61,111	0 0
1952-ജനുവരി-മൂവാറ്റുപുഴ	”	20,005	0 0
മെയ്-മീനച്ചിൽ	”	15,372	0 0
1953-ഫെബ്രുവരി-കൊല്ലം	”	55,205	0 0
കരുനാഗപ്പള്ളി	”	40,000	0 0
1954-സെപ്തംബർ-ചിറയിൻകീഴ്	”	8500	0 0
ഏപ്രിൽ-പത്തനാപുരം	”	6,580	0 0
ഒക്ടോബർ-കൊട്ടാരക്കര	”	7,702	0 0
		6,47,906	15 7

കൂടുതൽ പണം പിരിഞ്ഞ തിരുവല്ലാ താലൂക്കിനാണ് ഒന്നാമത്തെ സ്ഥാനമെന്നും മാവേലിക്കര, പത്തനംതിട്ട, കോട്ടയം, കൊല്ലം താലൂക്കുകൾ ഒന്നാംക്ലാസിൽപെടുമെന്നും പട്ടികകൊണ്ട് വ്യക്തമാകുന്നതാണല്ലോ.

ഒടുവിൽ പിരിവു നടത്തിയ കൊല്ലം, കരുനാഗപ്പള്ളി, ചിറയിൻകീഴ്, കൊട്ടാരക്കര, പത്തനാപുരം ഈ താലൂക്കുകളിലെ ചുമതല വഹിച്ചത് കരയോഗം രജിസ്ട്രാർ എം.ആർ.ജി. പണിക്കരാണ്.

ഉൽപ്പന്നപിരിവിന്റെ ഫലം ചെറുരൂപത്തിലുള്ള ധനശേഖരം കൊണ്ട് വലിയ സംഖ്യ ഉണ്ടാക്കാൻ കഴിയുമെന്നും സമദൃയാബോധവും, ബന്ധവും ദൃഢീഭവിക്കാൻ അത് ഒന്നാന്തരം ഒരു മാർഗ്ഗമാണെന്നും എല്ലാവരും ബോദ്ധ്യമാക്കിയിട്ടുണ്ട്. ഉൽപ്പന്നപ്പിരിന്റെ എല്ലാ വശങ്ങളേയുംപറ്റി ആലോചിക്കുമ്പോൾ അതുകൊണ്ടുണ്ടായ നേട്ടം ചെറുതല്ലെന്ന് ആരും സമ്മതിക്കുന്നതാണ്.

നമ്മുടെ ഇടയിലെ പണപ്പിരിവുപോലെ ഇത്ര വിഷമമേറിയ ജോലി മറ്റൊന്നുമുണ്ടെന്നുതോന്നുന്നില്ല. നമ്മുടെ ആളുകൾ അധികവും വാഗ്ദാനം ചെയ്യാൻ മടിയില്ലാത്തവരും അതനുസരിച്ച് പ്രവർത്തിക്കണമെന്നു നിർബന്ധമില്ലാത്തവരുമാണെന്നു പറയുന്നതു ആരേയും കുറ്റപ്പെടുത്താൻവേണ്ടിയല്ല. വാഗ്ദാനം ചെയ്ത സംഖ്യ ഉടനെ കൊടുക്കേണ്ടതാണെന്നു ഒരു ധാരണപോലും നമ്മുടെ രാജ്യത്തുണ്ടായിട്ടില്ല. അവധിയില്ലാത്ത അവധി പറയാൻ ഒരു കൂസലും ഇല്ലാത്ത അനവധി പ്രമാണികളെ ഞാൻ കണ്ടിട്ടുണ്ട്. പണപ്പിരിവുരംഗത്തിറങ്ങി പരിശീലിച്ചവന് സഹനം ആരും പറഞ്ഞു കൊടുക്കേണ്ടി വരികയില്ല. അവന് വേറെ നരകാനുഭവം ഉണ്ടാകയില്ല. എഴുതുമ്പോൾതന്നെ, കൊടുക്കേണ്ടെന്നു വിചാരിച്ച് എഴുതിയവ നോടുംപണം മേടിക്കാൻ കഴിയുമെന്നുള്ള വിശ്വാസക്കാരനാണു ഞാൻ. ഒരു കാശ് ഒന്നിനും കൊടുത്തിട്ടില്ലാത്ത ഒരു പെൻഷൻ ഹൈക്കോട്ടുജഡ്ജി ഒരിക്കൽ എനിക്ക് 15 രൂപാ സംഭാവന തന്നു. പണത്തിനു ചെല്ലുന്നവരോടുള്ള അനാദരപ്പെരുമാറ്റംകൊണ്ടുതന്നെ അവരെ ഓടിക്കുന്ന ആളാണദ്ദേഹം. ആ പരീക്ഷയിലും പിന്നീടുണ്ടായ വാഗ്വാദ പരീക്ഷയിലും ഞാൻ തോറ്റില്ലെന്നും പോകുന്ന ലക്ഷണമില്ലെന്നും കണ്ടപ്പോൾ തന്നതാണ് പതിനഞ്ചുരൂപാ. അന്നത്തെ എൻ.എസ്.എസ്. പ്രസിഡന്റ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയാണ്. അദ്ദേഹത്തോട് ഈ ഹൈക്കോർട്ടുജഡ്ജി ഹേ, നിങ്ങളുടെ സെക്രട്ടറി മന്നം മോശക്കാരനല്ല, എന്നോട് 15 ക. വാങ്ങിയും കൊണ്ടേ എന്നെ വിട്ടയച്ചുള്ളൂ എന്നു പറഞ്ഞതായി പിന്നീട് എന്നോടു പറഞ്ഞു. അങ്ങിനെ ഹൈക്കോർട്ടു ജഡ്ജിയുടെ വിശേഷാൽ സർട്ടിഫിക്കറ്റും കിട്ടാൻ ഇടയായി. ആളുകളെ മനസ്സിലാക്കി പെരുമാറാൻകഴിഞ്ഞാൽ പണപ്പിരിവുപരീക്ഷയിൽ ജയിക്കാൻ അധികം പ്രയാസമുണ്ടാവില്ല. പണപ്പിരിവിന്റെ ജയാപജയമനുസരിച്ചാണ് പൊതുപ്രവർത്തനത്തിന്റെ ജയാപജയവും സ്ഥിതിചെയ്യുന്നത്. സംഭാവന വാങ്ങുന്നവർ അത് വേണ്ടവണ്ണം വിനിയോഗിക്കുന്നു എന്നു പൊതുജനങ്ങൾക്കു വിശ്വാസമുണ്ടായാൽ നമുക്ക് അവരുടെ മുമ്പിൽ ചെല്ലാനും

സംഭാവന ചോദിക്കാനും അധൈര്യമുണ്ടാകയില്ല. സംഭാവനയ്ക്കു ചെല്ലുമ്പോൾ നാം ഭിക്ഷയ്ക്കുചെല്ലുകയല്ലെന്നും, സംഭാവന തരേണ്ടത് അയാളുടെ ബാദ്ധ്യതയാണെന്നും വിശ്വസിക്കണം. സംഭാവന വാങ്ങുന്നവരും വാഗ്ദാനക്കാരും ഇനിയും വളരെ നന്നാകാനുണ്ടെന്നാണ് എന്റെ അഭിപ്രായം. സംഭാവനക്കാർ ഒന്നുകൂടി സൂക്ഷിച്ചുവേണം വാഗ്ദാനം ചെയ്യാൻ. ഒന്നോ രണ്ടോ അവധിയിൽ കവിഞ്ഞു പറയുന്നത് പാപമാണെന്ന് അവർ ധരിക്കണം. ആളുകളെ നടത്തി കൊല്ലരുത്. എൻ.എസ്.എസ്. കോളേജുകൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ളതിൽ നല്ലൊരു സംഖ്യ ഇനിയും പിരിഞ്ഞുകിട്ടാനുണ്ട്. ആരും ചെന്നുചോദിക്കാഞ്ഞിട്ടല്ല. നടന്നുനടന്ന് മടുത്തിട്ട് ഗത്യന്തരമില്ലാഴികയാൽ ഉപേക്ഷിച്ചമട്ടിൽ ബാക്കി കിടക്കുന്നതാണ്. അവരുടെ കൂട്ടത്തിൽ നേരിനേയും മര്യാദയേയും പറ്റി അല്പമെങ്കിലും ചിന്തയുള്ളവർ ഉണ്ടെങ്കിൽ, പാപഭാര പരിഹാരത്തിനുവേണ്ടിയെങ്കിലും ആ സംഖ്യ സ്വയമേകൊണ്ടുചെന്നു കൊടുത്ത് അവർക്കും ഈ ലോകത്തിൽ ജീവിക്കാൻ അവകാശമുണ്ടെന്നു സ്ഥാപിക്കേണ്ടതാണ്.

കോളേജ് പണപ്പിരിവിനുവേണ്ടി കേരളത്തിന് പുറത്തുംപോയി ശ്രമിക്കേണ്ടതാണെന്നു തീരുമാനിച്ചു. മദ്രാസിലും, മദ്ധ്യപ്രദേശത്തും, ബോംബയിലും, ഡൽഹിയിലും, കൽക്കത്തയിലും ധാരാളം മലയാളികൾ ഉള്ളതുകൊണ്ട് അവിടെച്ചെന്നാൽ അവരിൽനിന്നും അവർ മുഖാന്തിരവും നല്ല സഹായം ലഭിക്കുമെന്നു വിശ്വസിച്ചു. എനിക്ക് ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തതുകൊണ്ട് ഒരു സഹായിയെ കൂടാതെ കഴിയുകയില്ല. അഡ്ഡ ക്കേറ്റ് ജനറലായിരുന്നു കെ.ജി. കുഞ്ഞുകൃഷ്ണപിള്ള എന്റെ കൂടെ വരാമെന്നു സമ്മതിച്ചു. ഞങ്ങൾ ഒരുമിച്ച് തിരുവനന്തപുരത്തുനിന്നും വിമാനത്തിൽ പുറപ്പെട്ടു. മദ്രാസിലെത്തി അപൂർവ്വം ചിലരെ കണ്ടിട്ടു ന്യൂഡൽഹിക്കു യാത്രയായി. ഡൽഹിയിൽ രണ്ടുമൂന്ന് ആഴ്ച താമസിച്ചു. കെ.പി. എസ്. മേനോനും, ഡോ. പി.ജെ. തോമസും, കാർട്ടൂണിസ്റ്റ് ശങ്കറും, അഞ്ഞൂറു രൂപാവീതം തന്നു. വളരെ മലയാളികൾ അവിടെ ഉണ്ടെങ്കിലും അവരെ കണ്ടുപിടിക്കാൻതന്നെ പ്രയാസം. ഞങ്ങൾ ചെന്ന സമയവും അത്ര പറ്റിയതല്ലായിരുന്നു. പലരും സ്ഥലത്തില്ലാതെപോയി. ചൂടു ദുസ്സഹമായിവരുന്ന കാലമായിരുന്നു. ന്യൂഡൽഹിയുടേയും പഴയ ഡൽഹിയുടേയും കാണേണ്ട സ്ഥലങ്ങളെല്ലാം പലപ്പോഴായി കണ്ടു.കുട്ടബ്മീനാർ, ടാജ്മഹാൾ, ഗാന്ധിജിയുടെ സംസ്കാരസ്ഥലം, ബിർളായുടെ പുതിയ ക്ഷേത്രം മുതലായ ദർശനീയ സ്ഥലങ്ങളെല്ലാം സന്ദർശിച്ചു. ഡൽഹിയിൽ ഞങ്ങൾ താമസിച്ച ഹോട്ടലിൽത്തന്നെയായിരുന്നു പബ്ലിക് റിലേഷൻസ് നാരായണൻനായർ താമസിച്ചിരുന്നത്. അദ്ദേഹം ഞങ്ങളുടെ ഒരു സഹായിയായിരുന്നു. കെ.വി. രംഗസ്വാമീഅയ്യങ്കാരേയും ഞങ്ങൾ അവിടെവച്ചുകണ്ടു. കെ.പി.എസ്. മേനോനും, കാർട്ടൂണിസ്റ്റ് ശങ്കറും ഞങ്ങൾക്ക് വിരുന്നു സല്ക്കാരം തന്നു.

ഞങ്ങൾ അവിടെനിന്ന് തീവണ്ടിവഴി അലഹബാദിൽ എത്തി. അവിടെ ഞങ്ങൾ താമസിച്ചത് റയിൽവേ ഇൻസ്പെക്ടർ ശിവരാമൻ

നായരുടെ കൂടെയാണ്. ശിവരാമൻനായർ ചങ്ങനാശ്ശേരിക്കാരനാണ്. നല്ല ചുണയും സാമർത്ഥ്യവും ഉള്ള ഒരു യുവാവ്. അച്ഛൻ മരിച്ചശേഷം പാവപ്പെട്ട വിധവയായ അമ്മ അവരുടെ മൂന്നു മക്കേയും വളരെ ക്ലേശിച്ചു വിദ്യാഭ്യാസം ചെയ്യിച്ചു. അവരിലെ രണ്ടാമനാണ് ഇയാൾ. ഇവരെ മൂന്ന് ആളേയും സൗജന്യമായി വിദ്യാഭ്യാസം ചെയ്യിച്ചത് പെരുന്ന എൻ.എസ്. എസ്. ഹൈസ്കൂളിലാണ്. അവർ മൂന്നാളും ഇന്നു സാമാന്യം നല്ലനില യിൽ ഇരിക്കുന്നു. എൻ.എസ്സ്.എസ്സിനോട് ഇന്നും കൂറുള്ളവരാണവർ. ശിവരാമന്റെ സ്നേഹപൂർവ്വമുള്ള സൽക്കാരം സ്വീകരിച്ചും രണ്ടുമൂന്ന് ദിവസം അവിടെ താമസിച്ചു. അവിടെ സമീപപ്രദേശങ്ങളിലുള്ള കമ്പിനി കളിൽ നല്ലനിലയിൽ ഇരിക്കുന്ന മലയാളികളുമുണ്ട്. അവരിൽ ചിലരെ എല്ലാം കണ്ടു. ഒന്നുരണ്ടുപ്രമാണിമാർ പണം പിരിച്ചയക്കാമെന്നുപറഞ്ഞ് കുറെ രസീതുബുക്കു വാങ്ങിയെങ്കിലും പണമോ രസീതുബുക്കോ തിരികെക്കിട്ടാൻ ഇടയായില്ലാ. അലഹബാദിൽ താമസിക്കുന്നതിനിടയ്ക്ക് എനിക്കു ഒരു സൽക്കർമ്മം ചെയ്യാൻ സാധിച്ചു. അവിടെ അടുത്തുള്ള ത്രിവേണിയിൽപോയി തീർത്ഥസ്നാനം ചെയ്യുകയും ഞാൻ കൊണ്ടു പോയിരുന്ന എന്റെ അമ്മയുടെ ഭൗതികാവശിഷ്ടം ഗംഗയിൽ നിക്ഷേപി ക്കുകയും ചെയ്തു. വെള്ളത്തിന്റെ മുകൾപ്പരപ്പുവരെ ഇടതിങ്ങി നികന്നു നിൽക്കുന്ന കൊഴുത്തുതടിച്ച മത്സ്യങ്ങളെ ചവിട്ടിമെതിക്കാതെ സ്നാന ത്തിനുചെല്ലുന്ന ഒരാൾക്ക് ഒരിഞ്ചുമുമ്പോട്ടുപോകുവാൻ സാദ്ധ്യമാകു കയില്ല. ചവിട്ടുകൊള്ളുമ്പോൾ മത്സ്യങ്ങളുടെ പിടപ്പിൽപെട്ട് കാലുറ യ്ക്കാതെ നാം വെള്ളത്തിൽ മറിഞ്ഞുവീണുപോകും. ബലികർമ്മങ്ങൾ ക്കായി ദിവസേന വന്നുകൂടുന്ന ആയിരക്കണക്കിനുള്ള തീർത്ഥാടകർ പുഴയിൽ സമർപ്പിക്കുന്ന അരിയും പൂവും തിന്ന് മദോന്മത്തരായി വിഹരി ക്കുന്ന അവിടുത്തെ മത്സ്യങ്ങളെ ആരും പിടിച്ചുകൂടെന്ന വ്യവസ്ഥ യുള്ളതുകൊണ്ട് നിർഭയരായ അവരുടെ കേളീരംഗം തന്നെയാണിവിടം. ഞാൻ വളരെ പ്രയാസപ്പെട്ട് അരനീരുവെള്ളത്തിൽവരെ ചെന്നെത്തി. ഒന്നു മുങ്ങിയെന്നുവരുത്തി. മത്സ്യത്തിന്റെ മുതുകിലല്ലാതെ വെള്ളത്തിൽ മുങ്ങാൻ സാധിക്കയില്ല. വിരൽമുറിക്കുന്ന ഒഴുക്കോടുകൂടി പായുന്ന ത്രിവേണീസംഗമസ്ഥലം ഏറ്റവും വിശാലമായ ഒന്നാണ്. വർഷകാലത്ത് ഏതാനും ചതുരശ്രമൈൽ സ്ഥലം കടൽപോലെ പരന്ന് ഭയങ്കരമായി കിടക്കുമെന്നു കേട്ടറിഞ്ഞു.

പിന്നീട് ഞങ്ങൾ സന്ദർശിച്ചത് ആഗ്രായാണ്. അവിടെ ഞങ്ങൾ ടി.ബി.യിൽ പാർക്കുമ്പോൾ കുമരകത്തെ കളവങ്കോടത്തു പണിക്കർ അദ്ദേഹത്തിന്റെ യുവതിയായ പഞ്ചാബുകാരി ഭാര്യയും ഒരുമിച്ചുവന്ന് ഞങ്ങളെ കണ്ടു. പണിക്കർ വളരെ ചെറുപ്പക്കാരനും പട്ടാളത്തിൽ ഒരുയർന്ന ഉദ്യോഗസ്ഥനുമാണ്. ഞങ്ങൾ പിന്നീട് കാശിയിലെത്തി. രണ്ടുദിവസം ഗംഗാതീരത്തുള്ള തിരുവിതാംകൂർ ദേവസ്വം സത്രത്തിൽ പാർത്തു. ദേവസ്വംബോർഡിലെ ഒരുദ്യോഗസ്ഥന്റെ അധീനതയിലാണ് ആ സത്രം. അവിടെ നിത്യപൂജയ്ക്കും ബ്രാഹ്മണഭക്ഷണത്തിനുംവേണ്ടി മാസംതോറും ഏതാനും ക. ചിലവാക്കുന്നുണ്ട്. അവിടെനിന്നും

രണ്ടുമൂന്നു നാഴികദൂരംമാത്രമുള്ള സ്ഥലത്താണ് ബനാറസ് സർവ്വകലാശാല. ഞങ്ങൾ അവിടെപ്പോയി ആ സ്ഥാപനം കാണുകയും അവിടെ ഉണ്ടായിരുന്ന ചുമതലക്കാരുമായി സംസാരിക്കയും ചെയ്തു. ആയിരം ഏക്കർ സ്ഥലത്തുണ്ടാക്കീട്ടുള്ള പല കാളേജുകളും വിദ്യാർത്ഥി സത്രങ്ങളും കളിസ്ഥലങ്ങളും റോഡുകളും എല്ലാം ആരെയും ആകർഷിക്കുന്നതാണ്. ഗംഗയിൽനിന്നും പടിഞ്ഞാറൻപ്രദേശത്തെ കൃഷിക്കായി വെട്ടിവെച്ചിട്ടുള്ള തോട് ഈ കോളേജ് കാമ്പൗണ്ടിന്റെ അരികിൽകൂടിയാണ്. ഈ സർവ്വകലാശാലാ സ്ഥാപകനായ പണ്ഡിതമദനമോഹന മാളവ്യ ഇരുന്നു ഭരണം നടത്തിയ കെട്ടിടവും കണ്ടു. ഇൻഡ്യാഗവൺമെന്റും അനവധി നാട്ടുരാജാക്കന്മാരും നിർല്ലോഭമായി ചെയ്ത ധനസഹായംകൊണ്ട് മഹാനായ മാളവ്യയ്ക്ക് അദ്ദേഹത്തിന്റെ ഇംഗിതം സാധിക്കാൻ പ്രയാസമുണ്ടായില്ല. ആ സർവ്വകലാശാല ഹിന്ദുക്കളുടെ അഭിമാനസമ്പത്തുതന്നെയാണ്. ഞങ്ങൾ ഗംഗാസ്നാനംചെയ്ത് കാശിവിശ്വനാഥനെ സ്വന്തം കൈകൊണ്ടുതന്നെ അർച്ചനചെയ്തു. കാശിയുടെ പേരിനുതക്ക യോഗ്യത ആ ദിക്കിനില്ല. അവിടെനിന്നും ഞങ്ങൾ ഹരിദ്വാരത്തിലെത്തി. ഹിമവാന്റെ താഴ്വര പ്രദേശം കഴിഞ്ഞ് ഗംഗ നദീരൂപത്തിൽ ശക്തമായി പ്രവഹിക്കുന്ന ഒരു പുണ്യപ്രദേശമാണ് ഹരിദ്വാരം. അവിടെ ഗംഗയ്ക്കു വീതി വളരെ കുറവും ഒഴുക്ക് എത്രയോ കൂടുതലുമാണ്. മഞ്ഞുകട്ടി ഉരുകി ഒരുവിധം പാലിന്റെ നിറത്തിലാണ് അവിടുത്തെ ഗംഗാജലം ഇരിക്കുന്നത്. അവിടെ രണ്ടുമൂന്നു വലിയ ക്ഷേത്രങ്ങളും റയിൽവേസ്റ്റേഷനും വലിയ അങ്ങാടിയുമുണ്ട്. ദിവസേന ധാരാളം ആളുകൾ വന്നും പോയുമിരിക്കും. ബിർളാ അനവധിലക്ഷം ക. ചിലവാക്കി ഗംഗയിൽ വലിയ കുളിക്കടവുകൾ പലതുമുണ്ടാക്കീട്ടുണ്ട്. എത്രയോ അധികം സ്ത്രീകൾക്കും പുരുഷന്മാർക്കും കുളിക്കാൻവേണ്ട സൗകര്യം അവിടെയുണ്ട്. വലിയ ഒഴുക്കിൽപെട്ട് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻവേണ്ടി നദീജലത്തെ തിരിച്ചു വിസ്തൃതമായ ഒരു കുളത്തിൽകൂടി കേറ്റി ഇറക്കി വിടുന്നതുകൊണ്ട് നിർഭയമായി കുളിക്കാനുള്ള സൗകര്യം അവിടെയുണ്ട്.

അവിടെനിന്നും ഞങ്ങൾ ചെന്നെത്തിയത് ഋഷികേശത്താണ്. അത് ഹരിദ്വാരത്തിനു മുകളിലാണ്. ഋഷികേശത്തും ഹരിദ്വാരത്തിലും കൂടി ഒഴുകുന്ന ഗംഗാജലത്തിന്റെ തണുപ്പ് അതി ദുസ്സഹമെന്നു പറഞ്ഞാലും മതിയാകയില്ല. ഋഷികേശത്ത് ഒരു വലിയ ആശ്രമവും അതിന്റെ അധിപനായി ഡാക്ടറായിരുന്നശേഷം സന്ന്യാസം സ്വീകരിച്ച ശിവാനന്ദസ്വാമി എന്ന യതിവര്യനുമുണ്ട്. ഞങ്ങൾ അദ്ദേഹത്തിന്റെ അതിഥിയായിട്ടാണ് താമസിച്ചത്. അവിടെനിന്നും മടങ്ങി ഡൽഹിയിലെത്തി. കുറച്ചുദിവസംകൂടി ഡൽഹിയിൽ താമസിച്ച് ചിലരെയെല്ലാം കണ്ടശേഷം നേരെ കൽക്കട്ടയ്ക്കുപോയി. അവിടെ ഞങ്ങൾക്കു പറയത്തക്ക പരിചിതന്മാർ ആരുമില്ലായിരുന്നു. കവയിത്രിയായ ബാലാമണിയമ്മയുടെ ഭർത്താവ് - കുന്നംകുളത്തിനു സമീപമുള്ള - വി.എം. നായർ ഒരു യൂറോപ്യൻ കമ്പനിയുടെ മാനേജരും വലിയ പ്രമാണിയുമാണെന്നറിഞ്ഞു.

അദ്ദേഹത്തിനേയും ഞങ്ങൾ അതിനുമുമ്പു കണ്ടിട്ടില്ല. എങ്കിലും സൗജന്യവാനായ അദ്ദേഹം ഞങ്ങളെ അദ്ദേഹത്തിന്റെ കൂടെ താമസിക്കാൻ ക്ഷണിച്ചുകൊണ്ടുപോയി. എന്തെങ്കിലും ധനസഹായം കിട്ടുമെന്നുള്ള പ്രതീക്ഷയിൽ രണ്ടാഴ്ചയോളം കൽക്കട്ടയിൽ വി.എം. നായരും ഒരുമിച്ചു താമസിച്ചു. പല ശ്രമങ്ങളും ചെയ്തിട്ടും തക്ക സഹായികളെ കിട്ടിയില്ല. അവിടെയുള്ള ഒരു മലയാളി സമാജക്കാർ ഒരു യോഗം വിളിച്ചുകൂട്ടി എന്നെക്കൊണ്ടു സംസാരിപ്പിച്ചു. കൽക്കട്ടാ കാണാനും സുഖമായി പാർക്കാനും കഴിഞ്ഞു എന്നുള്ളതിൽകവിഞ്ഞ് ഒരു പ്രയോജനവുമുണ്ടാകുന്ന ലക്ഷണം കാണാഴികകൊണ്ട് വേഗത്തിൽ ബോംബേയ്ക്കു പുറപ്പെട്ടു. അവിടെയും പ്രതീക്ഷിച്ച ആളുകളാരും ഇല്ലായിരുന്നതുകൊണ്ട് മദ്രാസ് വഴി മടങ്ങിപ്പോന്നു. ഇൻഡ്യയുടെ പ്രധാനപ്പെട്ട പല ഭാഗങ്ങളും കാണാൻ കഴിഞ്ഞു എന്നുള്ളതിൽ കവിഞ്ഞ്, ഉദ്ദേശിച്ച പ്രയോജനം ആ യാത്രകൊണ്ടുണ്ടായില്ല. ബിർളാ, ഡാൽമിയാ മുതലായ കോടീശ്വരന്മാരെ സമീപിക്കാൻ തന്നെ മാർഗ്ഗം കണ്ടില്ല. അവർ ലക്ഷക്കണക്കിന് ക. പൊതുകാര്യത്തിനു ചെലവാക്കുമെങ്കിലും അതവരുടെ ദിക്കിനുവേണ്ടിയെന്നല്ലാതെ, തെക്കേ ഇൻഡ്യയ്ക്കുവേണ്ടി എന്തെങ്കിലും ചെലവുചെയ്യാൻ സമ്മതമുള്ളവരല്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

മഹാത്മാഗാന്ധി കോളേജിന്റെ പ്രാരംഭകാലത്തിൽ പല ചുമതലകൾ വഹിക്കയും ക്ലേശങ്ങൾ സഹിക്കയും ചെയ്തിട്ടുള്ളത്. പ്രധാനമായി രണ്ടു പേരാണ്, ഡയറക്ടർ വി.ആർ. നാരായണൻനായരും കളത്തിൽ വേലായുധൻനായരും, നാരായണൻനായർ, സർജൻജനറൽ ആകുന്നതുവരെ കാളേജ് കമ്മറ്റിയുടെ ട്രഷററും തിരുവനന്തപുരം മരാമത്തിന്റെ ചുമതലക്കാരനുമായിരുന്നു. അതുവരെ യാതൊരു പൊതുക്കാര്യത്തിലും ഉൾപ്പെട്ടിട്ടുള്ള ആളല്ല അദ്ദേഹം. നല്ല ഒരു ഡാക്ടറാണ്. സ്വന്തം കാര്യങ്ങളുടെ പരിധിക്കു പുറത്ത് യാതൊന്നിലും പെടാതെ നിശ്ശബ്ദമായി ജീവിക്കുന്ന ആളാണെന്നേ എല്ലാവരും ധരിച്ചിട്ടുള്ളൂ. ഇതിനും പുറമെ ആരെങ്കിലും എന്തെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം മഹാ ലുബ്ധനാണെന്നുമാത്രം. കയ്യിൽ കിട്ടുന്ന പണം കണ്ടമാനം ചെലവാക്കാതെ, കരുതി ചെയ്യുന്ന ചെലവു നീക്കിയുള്ള സംഖ്യ അദ്ദേഹം സമ്പാദിക്കാറുണ്ട്. നായർ ഉദ്യോഗസ്ഥരിൽ ധനസംബന്ധമായി നിലയുള്ള ആൾ എന്നുള്ള പേരും സമ്പാദിച്ചിട്ടുണ്ട്. അതുകൊണ്ടുള്ള ശത്രുക്കളല്ലാതെ വിരോധികൾ അധികമില്ലാത്ത ആളാണ്. സത്യസന്ധനും ശേഷിമാനുമായ ഒന്നാന്തരം ഒരു സർജൻ ജനറലായി ഭരണം നടത്തിയശേഷം പെൻഷൻ പറ്റിയ ആളാണ്. അദ്ദേഹം ഇടപെടുന്ന കാര്യങ്ങളെല്ലാം സ്വച്ഛമായി നടത്തും. ഈയിടെ ഞാൻ അദ്ദേഹവുമായി സംസാരിച്ചതിൽ നിന്നും ഒന്നു മനസ്സിലാക്കാൻ സാധിച്ചു. അദ്ദേഹം സംതൃപ്തനും കൃതകൃത്യനുമാണെന്നും ബാക്കികാലം പൊതുജന സേവനം ചെയ്യാൻ ആഗ്രഹമുണ്ടെന്നും എൻ.എസ്സ്.എസ്സിൽ കൂടിയുള്ള സേവനമാണ് അദ്ദേഹത്തിന് അധികം ഇഷ്ടമായിട്ടുള്ളത് എന്നും. തിരുവനന്തപുരം

താലൂക്ക് എൻ.എസ്സ്.എസ്സ്. യൂണിയൻകാർ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം അതിന്റെ പ്രസിഡണ്ടായി കഴിഞ്ഞിരിക്കുന്നു. ബാക്കി ജീവിതവും കഴിവും തിരുവനന്തപുരത്തിന്റെ പേരിൽകൂടിയായാലും മതി. എൻ.എസ്സ്.എസ്സ് സേവനത്തിനുവേണ്ടി വിനിയോഗിക്കുമെങ്കിൽ അദ്ദേഹം സമ്പൂർണ്ണ ഭാഗ്യവാനായി എന്നു ഞാൻ വിചാരിക്കും.

മറ്റൊരു പ്രവർത്തകനായിരുവന്ന കളത്തിൽ വേലായുധൻനായർ കാളേജ്ഭരണം സംബന്ധിച്ചുള്ള മേൽനോട്ടമാണ് വഹിച്ചിരുന്നത്. അക്കാര്യം അദ്ദേഹം ഭംഗിയായി നിർവ്വഹിച്ചു. അദ്ദേഹം ഒരു കോൺഗ്രസ് പ്രവർത്തകനാണ്. ഏല്ക്കുന്ന കാര്യങ്ങൾ ബുദ്ധിപൂർവ്വം നിഷ്കർഷ യോടുകൂടി ചെയ്യുന്ന സ്വഭാവക്കാരനുമാണ്. നല്ല പേരോടുകൂടി വളർന്നു വന്ന ഒരു യുവാവാണ്. കരുതി ജീവിക്കാനും പെരുമാറാനും ശേഷിയുള്ള അദ്ദേഹത്തിന് ഒരു അബദ്ധംപറ്റിയത് ഇടക്കാലത്ത് കോൺഗ്രസ് മന്ത്രി സഭയിലെ ഒരംഗമായതാണ്. അദ്ദേഹം അതിൽപോയി വീണതല്ല. ഞങ്ങ ളെല്ലാം നിർബന്ധിച്ചിട്ടു മന്ത്രിയായതാണ്. ഈ പത്തുകൊല്ലത്തിനിട യ്ക്ക് പല പാർട്ടിയിൽപെട്ട പല മന്ത്രിമാർ ഉണ്ടായി. ഒരൊറ്റയാൾക്കും നല്ല പേരോടുകൂടി ഇറങ്ങിപ്പോരാൻ സാധിച്ചിട്ടില്ല. അതിൽ ഒരാൾ എന്നുള്ള പേരേ വേലായുധൻനായർക്കും സമ്പാദിക്കാൻ സാധിച്ചുള്ളൂ. കുറ്റവും തെറ്റും ആരുടെയാണെന്നു നിർണ്ണയിക്കാൻ ആർക്കും സാധിക്കാത്ത മട്ടിലാണ് ഇവിടുത്തെ രാഷ്ട്രീയ നിലവാരം കിടക്കുന്നത്.

എൻ.എസ്സ്.എസ്സുമായുള്ള ബന്ധം വിടർത്തിയശേഷമാണ് വേലായുധൻനായർ മന്ത്രിപദം കയ്യേറ്റത്. എങ്കിലും അതിനെ ദ്രോഹിച്ച മന്ത്രിമാരുടെ കൂട്ടത്തിൽ അദ്ദേഹം പെടുകയില്ല. എൻ.എസ്സ്.എസ്സിന്റെ ന്യായാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അദ്ദേഹം തത്പരനായിരുന്നു. സി.പി. രാമസ്വാമിഅയ്യർ തിരുവനന്തപുരം എം.ജി. കാളേജിനുവേണ്ടി അനുവദിച്ചിരുന്ന അഞ്ച് ലക്ഷം ക.യുടെ ആർഡർ വെളിയിൽ വരാതെ കിടക്കയായിരുന്നു. ഞാൻ അത് അന്വേഷിച്ചുകണ്ടുപിടിച്ച് മന്ത്രിസഭ യുടെ മുമ്പിൽ കൊണ്ടുചെന്നു. അത്രയും വലിയൊരു സംഖ്യ എൻ.എസ്സ്.എസ്സിനു കിട്ടുന്നതിൽ ദുസ്സഹരും, രാമസ്വാമി അയ്യരുടെ ആർഡർ നടപ്പിൽ വരുത്തുന്നതിൽ അത്യുപ്തരുമായിരുന്നു മിക്ക മന്ത്രി മാരും. അന്നു വേലായുധൻനായർ മന്ത്രിസഭയിൽ ഇല്ലാതിരുന്നെങ്കിലോ, സ്വസമുദായക്കാര്യമാണെന്നുകരുതി മൗനം ദീക്ഷിച്ചെങ്കിലോ അതിൽ ഒറ്റ രൂപയും സർവീസ് സൊസൈറ്റിക്കു ലഭിക്കുമായിരുന്നില്ല. കാൺഗ്ര സ്സാകുന്ന മാമ്മോദീസായിൽ എത്ര മുങ്ങിയാലും, അദ്ദേഹത്തിന് ആരു ടെയും ആയുധമോ അടിമയോ ആകാതെ ജീവിക്കാൻ കെല്പുണ്ടെന്നു തെളിയിച്ചിട്ടുണ്ട്. മന്ത്രിസഭയിൽനിന്നു പിരിഞ്ഞശേഷം പ്രത്യേക ചില കാരണങ്ങൾകൊണ്ട് അദ്ദേഹം എൻ.എസ്സ്.എസ്സിന്റെ സജീവ പ്രവർത്ത കനാകാതെ ഒഴിഞ്ഞുമാറി നടക്കയാണ്. വേലായുധൻനായർ സർവീസ് സൊസൈറ്റിയുടെ കാളേജ് പ്രസ്ഥാനത്തിന്റെ പ്രാരംഭത്തിൽ പല പ്രവൃ ത്തികൾ ചെയ്യുകയും ക്ലേശങ്ങൾ സഹിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ആർക്കും ഒരുകാലത്തും മറക്കാൻ സാധിക്കുന്നതല്ല.

അടുത്ത കാളേജ് വർഷത്തിൽതന്നെ എം.ജി. കാളേജിലെ ഏതാനും ക്ലാസുകൾ പെരുന്താന്നിയിൽനിന്ന് പുതിയ കാളേജ് കെട്ടിടത്തിൽ, തീർന്ന ഭാഗത്തേക്ക് മാറ്റണമെന്ന് തീരുമാനിച്ചു. പുതിയകോളേജ് കെട്ടിടത്തിലേക്കുള്ള പ്രവേശനത്തിന്റെ ഉദ്ഘാടനം കെ.വി. രംഗസ്വാമി അയ്യങ്കാരാണ് നടത്തിയത്. താമസിയാതെ എല്ലാ ക്ലാസ്സുകളും പുതിയ കെട്ടിടത്തിലേക്കു മാറ്റുകയും പെരുന്താന്നി കോളേജ് എൻ.എസ്സ്.എസ്സിന്റെ ഒരു വിമൻസ് സെക്കൻഡ് ഗ്രേഡ് കാളേജാക്കുകയും ചെയ്തു. എം.ജി. കാളേജ് സ്ഥലത്തിന്റെ പേര് കറ്റച്ചക്കോണം എന്നായിരുന്നു. പേരിലെ ഭംഗിക്കേടുമാറാനും, മഹാനായ ഒരാളിന്റെപേരിൽ ആ സ്ഥലം അറിയപ്പെടാനും വേണ്ടി, ആ പ്രദേശത്തിനു കേശവദാസപുരം എന്നു പേരിടാൻ അനുവദിക്കണമെന്ന് ഞാൻ ഗവൺമെന്റിന്റെ മുമ്പാകെ ഒര പേക്ഷ കൊടുത്തു. അന്നത്തെ മുഖ്യമന്ത്രി സി. കേശവനായിരുന്നു. തിരുവിതാംകൂറിലെ ഒന്നാമത്തെ ദിവാൻജിയും സുപ്രസിദ്ധനുമായിരുന്ന രാജാകേശവദാസന്റെ നാമധേയം മഹാത്മാഗാന്ധി കാളേജ് ഇരിക്കുന്ന സ്ഥലത്തിനു കൊടുക്കണമെന്നുള്ള എന്റെ അഭിപ്രായം അദ്ദേഹം സന്തോഷപൂർവ്വം സ്വീകരിക്കയും പേരുമാറ്റിയുള്ള പ്രസിദ്ധീകരണം ഗസറ്റിലേക്കയക്കയും ചെയ്തു. അങ്ങിനെ എം.ജി. കോളേജ് തിരുവനന്തപുരം പട്ടത്തുള്ള കേശവദാസപുരത്താണ് ഇന്നു സ്ഥിതിചെയ്യുന്നത്. 1958 മേയ് മാസത്തിനു മുമ്പ് ഈ കാളേജിന്റെ ഉദ്ഘാടനം നടക്കുമെന്നു വിശ്വസിക്കാം.

പി. ബാലകൃഷ്ണൻതമ്പി കാളേജ് പ്രവർത്തനങ്ങളിൽപെട്ട് അല്പം കഴിയുന്നതിനുമുമ്പ് അതിൽനിന്ന് പിന്മാറുകയും എൻ.എസ്സ്.എസ്സ് മെമ്പർഷിപ്പു രാജിവയ്ക്കയും ചെയ്തു. എങ്കിലും മരണംവരെ എന്റെ പ്രിയ സുഹൃത്തുക്കളിൽ ഒരാളായിരുന്നു അദ്ദേഹം. എം.ജി. കാളേജിന്റെ സമീപത്തു താമസക്കാരനായ അദ്ദേഹത്തിന്റെ ഭവനം എന്റെ താമസത്തിനും ഭക്ഷണത്തിനുമായി സ്വന്തം ഭവനംപോലെ ഉപയോഗപ്പെടുത്താൻ അദ്ദേഹം അനുവദിച്ചിരുന്നു. ആൾഭേദമില്ലാതെ വരുന്നവർക്കെല്ലാം സ്നേഹപൂർവ്വം ഭക്ഷണം നൽകുന്നതിൽ അദ്വിതീയനായ ബാലകൃഷ്ണൻതമ്പിക്ക് എന്നെപ്പോലെ ഒരതിഥിയെ കിട്ടിയത് ഒരു കാര്യമായി കരുതിയാണ് എന്നോടു പെരുമാറിയിട്ടുള്ളത്. ആർക്കും വിരോധമില്ലാതെ ആരോടും വൈരാഗ്യമില്ലാതെ, ഫലിതസമ്പൂർണ്ണമായ സംഭാഷണംകൊണ്ട് ആളുകളെ രസിപ്പിച്ചും, കഴിവുള്ള സഹായം ആർക്കുവേണ്ടിയും ചെയ്തും, പ്രപഞ്ചബന്ധത്തിന്റെ നിസ്സാരതയെ സ്വന്തം ജീവിതംകൊണ്ട് പ്രകടമാക്കിയും ജീവിച്ച ബാലകൃഷ്ണൻതമ്പിയുടെ അകാലദേഹവിയോഗം ശോകമൂകമായ എന്റെ സ്മൃതിപഥത്തിൽ എന്നുമുണ്ടായിരിക്കുന്നതാണ്.

പെരുന്ന എൻ.എസ്.എസ്. ഹിന്ദുകോളേജ്

ഈ കോളേജിന്റെ ശിലാസ്ഥാപനം ചെയ്തത് 1949 സെപ്റ്റംബറിൽ തിരുക്കൊച്ചി ജനകീയ മന്ത്രിമാരിൽ ഒരാളായിരുന്ന പനമ്പിള്ളി ഗോവിന്ദ

മേനോനാണ്. ഗവൺമെന്റിൽനിന്ന് ഒഴിപ്പിച്ചുതന്ന പതിനേഴര ഏക്കർ സ്ഥലത്ത് ആരംഭിച്ച കാളേജുപണി 1955 ഡിസംബർമാസത്തിലാണ് പൂർത്തിയാക്കിയത്. ഈ കെട്ടിടത്തിന്റെ പ്ലാൻ ഉണ്ടാക്കിയതും കെ.വി. നീലകണ്ഠൻനായർ തന്നെയായിരുന്നു. ഹെഡ്മാഫീസിന്റെ നേരിട്ടുള്ള ഭരണത്തിൽ എൻ.എസ്സ്.എസ്സ് എൻജിനീയരുടെ ചുമതലയിലാണ് പണി നടന്നത്. കെട്ടിടത്തിന്റെ ഏതാനും ഭാഗം തീർന്നപ്പോൾ അവിടെ ക്ലാസാരംഭിച്ചു. അത് 1949 ജൂണിലാണ്. തിരുവല്ലാ സ്വദേശിയായ ജോർജ്ജ് തോമസ്സായിരുന്നു പ്രിൻസിപ്പൽ. അദ്ദേഹം വടക്കെ ഇൻഡ്യയിൽ പല കാളേജുകളിലും അദ്ധ്യാപകവൃത്തിയിൽ ഇരുന്നിട്ടുള്ള ആളാണ്. ഇവിടെ അഞ്ചുകൊല്ലം ജോലിനോക്കിയശേഷം പിരിഞ്ഞു.

ഈ കോളേജ്കെട്ടിടം സാമാന്യം ഭംഗിയുള്ളതാണ്. രണ്ടുനിലയിൽ കരിങ്കൽ കെട്ടിപ്പടുത്തിട്ടുള്ള കാളേജ് കെട്ടിടത്തിന്റെ നടുവിലത്തെ പോർട്ടിക്കോവും അതിന്റെ മുകളിലുള്ള മണിമാളികയും മുൻവശത്തെ ഉദ്യാനവും അതിനു മുമ്പിലുള്ള വിശാലമായ സ്റ്റേഡിയവും ചുറ്റുമുള്ള കരിങ്കൽ മതിൽക്കെട്ടിടങ്ങളും തൊട്ടുള്ള മെയിൻ റോഡിനു പടിഞ്ഞാറു രണ്ടുനിലയിൽ വളരെ നീളത്തിൽ കാണുന്ന എൻ.എസ്സ്.എസ്സ് ബിൽഡിംഗും ഒക്കെ കൂടി ചങ്ങനാശേരി ടൗണിനുതന്നെ അലങ്കാരവും അഭിമാനവും നൽകിക്കൊണ്ട് സ്ഥിതിചെയ്യുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റലുകളും മറ്റെല്ലാ സൗകര്യങ്ങളും ഈ കോളേജിലുണ്ട്. ഇതിന്റെ ഉദ്ഘാടനം അഭൂതപൂർവ്വമായ ആഡംബരങ്ങളോടുകൂടിയാണ് നടത്തിയത്. ഈ മഹാമഹം ഒരു മഹോത്സവംപോലെ, 1955 ഡിസംബർ 24-ാം മുതൽ 1956 ജനുവരി 12-ാം തീയതിവരെ തുടർന്ന് 20 ദിവസമുണ്ടായിരുന്നു. ഈ രാജ്യത്ത് ഇതുവരെ നടന്ന ഏതൊരു പ്രദർശനത്തേയും അതിശയിക്കത്തക്കവിധം നടത്തിയ മനോഹരമായ സമസ്തേൻഡ്യാ കൃഷിവ്യവസായ പ്രദർശനം സമ്മേളനസ്ഥലത്തേക്കു ആളുകളെ ബലമായി അഹോരാത്രം ആകർഷിച്ചുകൊണ്ടിരുന്നു. സമ്മേളനങ്ങളുടെ എല്ലാം ഉദ്ഘാടനം നടത്തിയത് വിശ്വവിശ്രുതനായ ഇൻഡ്യൻ ഉപരാഷ്ട്രപതി ഡാക്ടർ എസ്. രാധാകൃഷ്ണനാണ്. 24-ാം തീയതി കാലത്തെ എൻ.എസ്സ്.എസ്സ് പതാക ഉയർത്തിയത് തിരുകൊച്ചി രാജപ്രമുഖൻ ശ്രീ ചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടാണ്. ആകെ നടന്ന പന്ത്രണ്ടു സമ്മേളനങ്ങളിൽ പ്രാമുഖ്യം വഹിക്കുന്നത് കാളേജ് ഉദ്ഘാടന സമ്മേളനമാണ്. ആ സമ്മേളനത്തിന്റെ ആദ്ധ്യക്ഷ്യം വഹിച്ചതും കാളേജ് ഉദ്ഘാടനം നടത്തിയതും ഉത്തരപ്രദേശ് ഗവർണ്ണർ ബഹുമാന്യനായ കെ.എം. മുൻഷിയായിരുന്നു. അത് 1956 ജനുവരി 11-ാം തീയതി ആണ് നടന്നത്. കാളേജിന്റെ അസംബ്ലിഹാളിൽ വയ്ക്കാൻ കാളേജ് കമ്മറ്റിക്കാർ തയ്യാറാക്കിച്ച ഒരാൾ വലിപ്പത്തിലുള്ള എന്റെ ഒരു എണ്ണച്ചായപ്പടം അനാച്ഛാദനം ചെയ്തതും അന്നുതന്നെ ഗവർണ്ണർ മുൻഷിയായിരുന്നു.

മഹാമഹം സംബന്ധിച്ചുനടന്ന പന്ത്രണ്ടു സമ്മേളനങ്ങളുടെയും അവയുടെ നേതൃത്വം വഹിച്ച മഹതീമഹാന്മാരുടേയും വിവരം താഴെ ചേർക്കുന്നു.

1. പതാക ഉയർത്തൽ
തിരുക്കൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ട്
2. ഉദ്ഘാടന സമ്മേളനം
ഡാക്ടർ എസ്. രാധാകൃഷ്ണൻ, ഇൻഡ്യൻ ഉപരാഷ്ട്രപതി
3. ആരോഗ്യസമ്മേളനം
ഡാക്ടർ വി.ആർ. നാരായണൻനായർ, സർജൻ ജനറൽ
4. ഹൈന്ദവസമ്മേളനം
ശ്രീമത് ചിന്മയാനന്ദസ്വാമികൾ
5. സാമ്പത്തിക സഹകരണസമ്മേളനം
എ.ജെ. ജോൺ, തിരുക്കൊച്ചി മന്ത്രി
6. പൂർവ്വവിദ്യാർത്ഥി സമ്മേളനം
കെ. കേളപ്പൻ എം.പി.
7. വിദ്യാഭ്യാസ സമ്മേളനം
ഹനുമന്തയ്യാ, മൈസൂർ മുഖ്യമന്ത്രി
8. സർവ്വസമുദായ സമ്മേളനം
കെ.പി. കേശവമേനോൻ, മാതൃഭൂമി പത്രാധിപർ
9. വനിതാസമ്മേളനം
അമ്പാടി കാർത്ത്യായനി അമ്മ
10. നായർസമ്മേളനം
മന്നത്തു പത്മനാഭൻ
11. പ്രതിനിധിസമ്മേളനം
വി.കെ. വേലപ്പൻ, എൻ.എസ്സ്.എസ്സ് പ്രസിഡണ്ട്
12. കാളേജ് ഉൽഘാടനസമ്മേളനം
കെ.എം. മുൻഷി, ഉത്തരപ്രദേശ് ഗവർണ്ണർ

ഗവർണ്ണർ കെ.എം. മുൻഷി കാളേജ് കെട്ടിടത്തിന്റെ പ്ലാൻ ഉണ്ടാക്കിയ കെ.വി. നീലകണ്ഠൻനായർക്ക് എൻ.എസ്സ്.എസ്സിന്റെ വക ഒരു സ്വർണ്ണമെഡൽ സംഭാവനചെയ്തു. പ്രധാന പണിക്കാർക്ക് അദ്ദേഹത്തെക്കൊണ്ട് ചില സമ്മാനങ്ങളും കൊടുപ്പിച്ചു.

മഹാമഹം നടന്ന ഇരുപതു ദിവസവും സുപ്രസിദ്ധന്മാരായ സംഗീത വിദ്വാന്മാരുടേയും വിദുഷികളുടേയും പാട്ടുകച്ചേരിയും, അമ്പലപ്പുഴ ശങ്കരനാരായണപ്പണിക്കർ, തിരുവിഴാ രാഘവപ്പണിക്കർ മുതൽപേരുടെ നാഗസ്വരം വായനയും മറ്റു മേളങ്ങളും ഉണ്ടായിരുന്നു. നാടകം, നൃത്തം, തുള്ളൽ, കഥകളി മുതലായതെല്ലാം സുപ്രസിദ്ധ വിദഗ്ദ്ധന്മാർ തന്നെയാണ് നടത്തിയതെന്ന് അവരിൽ ചിലരുടെ പേരു താഴെ ചേർക്കുന്നതിൽനിന്നും ധരിക്കാൻ കഴിയുന്നതാണ്. ഗോപിനാഥൻ തങ്കമണി, ലളിതാ പത്മിനി രാഗിണി, വൈക്കം വാസുദേവൻനായർ, മലബാർ രാമൻനായർ, സുന്ദരാംബാൾ, കൈമാപ്പറമ്പൻ എന്നിങ്ങനെയുള്ള ഒട്ടധികം മഹദ് വ്യക്തികളുടെ പേരുകൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

ഉദ്ഘാടന മഹാമഹം പഴയ മാമാങ്കംപോലെ ആദ്യവസാനം ഏറ്റവും വിജയപ്രദമായി നടന്നു. എൻ.എസ്സ്.എസ്സിന്റെ പ്രശസ്തി എത്രയോ

വർദ്ധിച്ചു. പൊതുജനങ്ങളുടെ സ്നേഹപൂർവ്വമുള്ള സഹകരണവും പിന്തുണയും വേണ്ടതിലധികമുണ്ടായിരുന്നതുകൊണ്ട്, മൊത്തം വേണ്ടിവന്ന 99000 ക.യുടെ ചെലവുകഴിച്ച് എൺപതിനായിരത്തിൽപരം ക. മിച്ചമുണ്ടാക്കാനും കഴിഞ്ഞു. ഈ ഇനത്തിൽ മിച്ചമുണ്ടായ 80000 ക.യും എൻ.എസ്സ്.എസ്സ് കോളേജുകളിൽ പഠിക്കാനുള്ള വേതനത്തിനായി സൂക്ഷിച്ചിരിക്കയാണ്. അതിനു കിട്ടുന്ന പലിശ കൊല്ലംതോറും ഏതാനും വിദ്യാർത്ഥികൾക്കു കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്.

മഹാ പണ്ഡിതനും ഹിന്ദുസമുദായാഭിമാനിയും ആയ ഗവർണ്ണർ കെ.എം. മുൻഷി, നമ്മുടെ കേളേജും ഉൽഘാടനചടങ്ങുകളും സജീവ പ്രവർത്തനങ്ങളുംകണ്ട് അത്ഭുതാനന്ദത്തിൽ മുഴുകിയുംകൊണ്ടാണ് ഇവിടെനിന്നും മടങ്ങിയത്. അദ്ദേഹത്തിന്റെ ഹൃദയവികാരത്തിന്റെ ഏകദേശ ഛായ ഒരു ഇംഗ്ലീഷ് വാരികയിൽ അദ്ദേഹം ആയിടയ്ക്കെഴുതിയ ലേഖനത്തിൽനിന്നും ഒട്ടൊക്കെ മനസ്സിലാക്കാവുന്നതാണ്. ആ ലേഖനം മൂലം അദ്ദേഹം നൽകിയ അഭിനന്ദനങ്ങൾ നമുക്കു വലിയ ബഹുമതിതന്നെയാണെന്നുള്ളതിനു തർക്കമില്ല.

പന്തളം എൻ.എസ്.എസ്. കാളേജ്

എം.ജി. കാളേജിന്റെയും, പെരുന്ന ഹിന്ദു കാളേജിന്റെയും പണി നടന്നുകൊണ്ടിരിക്കുമ്പോൾ, നായന്മാരുടെ സങ്കേതമായ മധ്യതിരുവിതാംകൂറിൽ ഒരു കാളേജ് ഉണ്ടാക്കാൻ സർവീസ് സൊസൈറ്റി ശ്രമിക്കാതിരുന്നത് നന്നായില്ല എന്നൊരു പരാതി പൊന്തിവന്നു. അതു നിസ്സാരമായി തള്ളി, അവരെ അതൃപ്തരാക്കുന്നത് ശരിയല്ലെന്നുതോന്നി. മദ്ധ്യതിരുവിതാംകൂറിന്റെ മദ്ധ്യപ്രദേശമായ മാവേലിക്കര താലൂക്ക് ആണ് അതിന് പറ്റിയ സ്ഥലമെന്നു വിചാരിച്ചു. മാവേലിക്കര താലൂക്ക് എന്നോർക്കുമ്പോൾ ആദ്യമായി എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാറുള്ളത് പന്തളം പ്രദേശമാണ്. അതിനുള്ള കാരണം പലതുണ്ട്. അവിടെയാണ് എൻ.എസ്സ്.എസ്സിന്റെ പ്രധാന ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. അവിടെയാണ് സർവീസ് സൊസൈറ്റിയെ ആത്മാർത്ഥമായി സ്നേഹിച്ചുകൊണ്ട്, അതിന്റെ ഏത് ആജ്ഞകളേയും അക്ഷരംപ്രതി അനുഷ്ഠിക്കാൻ തയ്യാറും കഴിവുമുള്ള ഒട്ടധികം സുഹൃത്തുക്കൾ പാർത്തുവരുന്നത്. സ്വന്തം നാടിന്റെ ഗുണത്തിനുവേണ്ടി ഒരുമിച്ചുനിൽക്കുവാനും കഴിവിൽ കവിഞ്ഞ് ധനദാനം ചെയ്യാനും പ്രയത്നിക്കാനും അവരെപ്പോലെ സന്നദ്ധതയുള്ള നായർ സമുദായസ്നേഹികളെ ഞാൻ മറ്റെങ്ങും അത്ര അധികം കണ്ടിട്ടില്ല. ഇതെല്ലാം എന്റെ അനുഭവത്തിൽ നിന്നും പറയുന്നതാണ്. അവരുടെ യോഗ്യതയ്ക്കും താൽപര്യത്തിനും തെളിവാണ് ഇന്നു കാണുന്ന പന്തളവും, കാളേജും.

ആദികാലംമുതൽ പന്തളത്തെ എൻ.എസ്സ്.എസ്സ് പ്രവർത്തനങ്ങളുടെ പ്രധാന സഹായിയായിരുന്നത് പട്ടിരേത്തു രാഘവൻപിള്ള എന്ന

യുവപ്രമാണിയാണ്. ഞങ്ങൾ തമ്മിലുള്ള മൈത്രീബന്ധത്തിന് പഴക്കംകൂടും. ഇതുവരെ അതിന് ഒരു ശിഥിലീകരണവുമുണ്ടായിട്ടില്ല. സഹോദര നിർവിശേഷമായ അനുസരണം അദ്ദേഹത്തിന്റെ കൂടപ്പിറപ്പു പോലുള്ളതാണ്. ഇത്ര സ്വഭാവഗുണമുള്ളവരെ ഞാൻ അപൂർവ്വമായേ കണ്ടിട്ടുള്ളൂ. രാഘവൻപിള്ളയെപ്പോലെതന്നെ പ്രമാണികളും സമുദായ സ്നേഹികളുമാണ് കോയിപ്രം രാമൻപിള്ളയും, പേരൂർ നാണുപ്പിള്ളയും. ഇനിയും ചിലരുമുണ്ട്. അവരെല്ലാം അന്യോന്യസുഹൃത്തുക്കളുമാണ്. നായർ പ്രമാണികളുടെ ഇടയിൽ സാധാരണ കാണാറുള്ള കിടമത്സരം അവരുടെ ഇടയിലില്ലെന്നുള്ളതാണ് ആ നാടിന്റെ ഭാഗ്യം.

പന്തളത്തെ സംബന്ധിച്ച ഏതു പൊതുക്കാര്യം വന്നാലും ഞാൻ രാഘവൻപിള്ളയ്ക്കാണ് എഴുതാറുള്ളത്. അത് നാട്ടുകാർക്കെല്ലാം കൂടിയുള്ള എഴുത്താണെന്നു രാഘവൻപിള്ള മനസ്സിലാക്കി. വേണ്ടവരോടെല്ലാം ആലോചിച്ച് ഞാൻ ചെല്ലുമ്പോഴേയ്ക്കും അതിന് ആവശ്യമുള്ള രൂപം ഉണ്ടാക്കിക്കൊള്ളും. ഈ സാധാരണ പതിവനുസരിച്ച് മദ്ധ്യതിരുവിതാംകൂർ കാളേജ് പരാതിവന്നപ്പോഴും, പന്തളം ഹൈസ്ക്കൂളിന് തൊട്ട് പത്തിരുപത്തഞ്ചു ഏക്കർ ഭൂമി ചെറിയവിലയ്ക്കു വാങ്ങിത്തന്നാൽ പന്തളത്ത് ഒരു കാളേജിനുള്ള അനുവാദം വാങ്ങാമെന്ന് ഞാൻ രാഘവൻപിള്ളയ്ക്കും, സ്നേഹിതന്മാർക്കും എഴുതി. പന്തളത്തിന്റെ അഭിവൃദ്ധിയിൽ അത്യുത്സുകരായ അവർ പന്തളം കാളേജ് എന്നു കേട്ടപ്പോൾ മറ്റെല്ലാം മറന്ന് അരയും തലയും മുറുക്കി രംഗത്തേയ്ക്കിറങ്ങുകയാണ് ചെയ്തത്. ഞാൻ പറയുന്ന കാര്യം നടപ്പിൽവരുമെന്ന് വളരെയൊന്നും ആലോചിക്കാതെതന്നെ വിശ്വസിക്കുന്നവരാണവർ. എന്നോടുള്ള സ്നേഹാധിക്യം നിമിത്തം എനിക്കില്ലാത്ത ശക്തിയും സ്വഭാവഗുണവും ഉണ്ടെന്നു വിചാരിക്കാൻ പ്രയാസമോ താമസമോ അവർക്കുണ്ടാകാറില്ല. അതുകൊണ്ട് കാളേജ് ഉണ്ടായതുതന്നെ എന്നവർ വിശ്വസിച്ചു. പന്തളത്ത് ഒരു കോളേജ് അവരുടെ ചിന്തയ്ക്ക് അതീതമായതുകൊണ്ട് ആവേശപൂർവ്വംതന്നെ അവർ യോജിച്ചുള്ള ശ്രമം തുടങ്ങി. ഉടനെയൊരു കമ്മറ്റി രൂപീകരിച്ചു. അതിന്റെ പ്രസിഡന്റ് പട്ടിരേത്ത് രാഘവൻപിള്ളയും, ട്രഷറർ കോയിപ്രം രാമൻപിള്ളയും ആയിരുന്നു. പേരൂർ നാണുപ്പിള്ളയും, കച്ചവടം പപ്പുപിള്ളയും മറ്റും കമ്മറ്റി മെമ്പറൻമാരുമായി. പപ്പുപിള്ളയെപ്പറ്റി ഒരു വാക്കുപറയണം. അദ്ദേഹത്തെ എല്ലാവരും മുതലാളി എന്നാണ് വിളിക്കുന്നത്. ചെറിയ കച്ചവടത്തിൽപ്രവേശിച്ച് സ്ഥിരപരിശ്രമവും സാമർത്ഥ്യവുംകൊണ്ട് പന്തളത്തെ ഒന്നാമത്തെ കച്ചവടക്കാരനും, പണക്കാരനും എന്ന നിലയിൽ എത്തിയിട്ടുള്ള ആളാണദ്ദേഹം. പണക്കാർക്കു സഹജമായ ലുബ്ധ് അദ്ദേഹത്തിനുണ്ടെങ്കിലും പരിഷ്കൃതനും, അഭിമാനിയും ആയതുകൊണ്ട് പൊതുക്കാര്യത്തിനുവേണ്ടി മടിശ്ശീല അഴിക്കാത്തവനാണെന്നു കുറ്റം പറയേണ്ട രംഗത്തുപോയി നിൽക്കാറില്ല. അവർക്കു ഭാര്യാ ഭർത്താക്കന്മാർക്ക്-എന്നെ താൽപര്യമാണ്. ഹൈസ്ക്കൂളിന്റെ മുൻവശത്ത് മെയിൻ റോഡുവക്കിൽ പപ്പുപ്പിള്ള ഒന്നാംതരം ഒരു

ബംഗ്ലാവ് പണിയിച്ചു പാർപ്പ് തുടങ്ങിയതുമുതൽ, അദ്ദേഹം എന്നെ ഒരതിഥിയായി സ്വീകരിച്ചു. അല്പം ഉള്ളിലേക്കുമാറി പാർക്കുന്ന പഴയ സ്നേഹിതനായ പട്ടിരേത്ത് രാഘവൻപിള്ളയുടെ വീട്ടിലെ എന്റെ പാർപ്പുമാറ്റിയത് കൂടുതൽ സൗകര്യം പ്രമാണിച്ചുമാത്രമാണ്. അന്നുമുതൽ പപ്പുപ്പിള്ള എന്റെ പ്രത്യേക സ്നേഹിതന്മാരിൽ ഒരാളായിത്തീർന്നു. ചിലവോർത്ത് പൊതുകാര്യങ്ങളിൽനിന്ന് മാറിനിൽക്കുന്ന പണക്കാരുടെ സ്വഭാവം പപ്പുപ്പിള്ളയിൽനിന്ന് ഒട്ടൊക്കെ മാറിക്കഴിഞ്ഞിരിക്കുന്നു. ഞാൻ ഇപ്പോൾ പന്തളത്തുചെന്നാൽ അദ്ദേഹത്തിന്റെ ഒരു സ്ഥരിം അതിഥിയാണ്. എന്റെ സഞ്ചാരവേളയിൽ പാർക്കാൻ മിക്ക പ്രദേശങ്ങളിലും എനിക്കൊരു താവളം കാണും. നിവൃത്തിയുണ്ടെങ്കിൽ അതിന് മാറ്റം വരുത്താറില്ല. എന്റെ താവള സ്ഥലങ്ങളിൽ ഒന്നെന്നു പപ്പുപ്പിള്ളയുടെ ബംഗ്ലാവും കണക്കിൽ കൊണ്ടുകഴിഞ്ഞിരിക്കുകയാണ്.

കമ്മിറ്റി രൂപീകരിച്ച ഉടൻ അവർ വസ്തുക്കൾ അന്വേഷിച്ചു സമ്മതം വാങ്ങാനും ആവശ്യമുള്ള പണം പിരിച്ചുണ്ടാക്കാനും ഉത്സാഹ പൂർവ്വം ശ്രമിച്ചു. താമസംകൂടാതെ എൻ.എസ്സ്.എസ്സിന്റെ പേർക്കു ആധാരം എഴുതിവാങ്ങിത്തുടങ്ങി. കമ്മറ്റിക്കാർ അഹോരാത്രമെന്ന പോലെ പരിശ്രമിച്ചു. കഷ്ടപ്പെട്ടും, കാലതാമസംകൂടാതെ പത്തിരുപതേക്കർ സ്ഥലത്തിന്റെ തീറാധാരം എഴുതിവാങ്ങി. പന്തളത്തെ കണ്ണായ പ്രദേശമാണത്. പന്തളത്ത് കോളേജുണ്ടാക്കാനുള്ള അനുവാദം വാങ്ങി. വിവരം ധരിച്ചതിനോടുകൂടി അവർ പൂർവ്വാധികം ഉത്സാഹത്തിൽ പ്രവർത്തിച്ചു. കോളേജിനു എഴുതിവാങ്ങിയ സ്ഥലത്തിന്റെ മുൻവശം റോഡുവക്കിലുള്ള ഏതാനും സ്ഥലം തരാൻ ചില വസ്തു ഉടമസ്ഥൻമാർ വിസമ്മതിച്ചു. സർവീസ് സൊസൈറ്റി ആ സ്ഥലത്തിന്റെ വില കൊടുക്കുവാൻ തയ്യാറുണ്ടെന്നും പൊന്നുംവിലകൊടുത്ത് ഒഴുപ്പിച്ച് എടുത്തുതരണമെന്നും അപേക്ഷിച്ചു. സർക്കാരിൽനിന്നും ആ വസ്തുക്കൾ ഒഴിപ്പിച്ചെടുത്തുതന്നതുകൊണ്ട് റോഡിനുകിഴക്കുവശമുള്ള ആ ബ്ലോക്കുമുഴുവൻ പന്തളം കാളേജിന്റെ വസ്തുവായിത്തീർന്നു.

ഇത് എൻ.എസ്സ്.എസ്സിന്റെ മൂന്നാമത്തെ കാളേജാണ്. നായർ സമുദായത്തിന്റെയും സർവ്വീസ് സൊസൈറ്റിയുടെയും നിലയ്ക്കു ഒരു കാളേജ് ഉണ്ടാക്കി നടത്തുന്നതുതന്നെ ശ്രമാവഹമായ ഒരു കാര്യമാണെന്നറിഞ്ഞതുകൊണ്ട്, ആഗ്രഹത്തിന്റെ ആധിക്യം നിമിത്തവും, സമുദായത്തിന്റെ സംതൃപ്തിയെ പ്രതീക്ഷിച്ചും ഈ സാഹസകർമ്മത്തിൽ ചെന്നുചാടിയതാണ്. എൻ.എസ്സ്.എസ്സിന്റെ മൂന്നു കാളേജും മെയിൻ റോഡുവക്കിൽ തൊട്ടുപടിഞ്ഞാറായിട്ടാണ് സ്ഥിതിചെയ്യുന്നത്. വടക്കേ അറ്റത്തുള്ള ചങ്ങനാശേരി കാളേജിൽനിന്നും ഇരുപതുമൈൽ തെക്കോട്ടു ചെല്ലുമ്പോൾ പന്തളം കാളേജും, അവിടെ നിന്ന് 60 മൈൽ തെക്ക് തിരുവനന്തപുരം കാളേജും കാണാൻ കഴിയും. ആരും പറയാതെതന്നെ അവ എൻ.എസ്സ്.എസ്സ് കാളേജാണെന്ന് ആകൃതികൊണ്ടുതന്നെ

മുകമായി വിളിച്ചുപറഞ്ഞുകൊണ്ട്, തലയുയർത്തിനിൽക്കുന്ന കാഴ്ച രാജ്യാഭിമാനികൾക്കെല്ലാം രോമാഞ്ചം ഉണ്ടാക്കുന്നതാണ്.

പന്തളം കോളേജിന്റെ ശിലാസ്ഥാപനം നടത്തിയത് മാവേലിക്കര സ്വദേശിയും റിട്ടയാർഡ് ദിവാൻജിയുമായ പി.ജി. നാരായണൻ ഉണ്ണിത്താനാണ്. ഏറ്റവും സ്വഭാവഗുണമുള്ള സൗമ്യശീലനായ ഒരു ഭാഗ്യവാനാണദ്ദേഹം. ശിലാസ്ഥാപനം നടത്തിയത് 1949-ൽ ആണ്. ലോക്കൽ കമ്മറ്റി പ്രാരംഭത്തിൽ ശേഖരിച്ച ചെറിയ സംഖ്യ കഴിച്ചുള്ള മുഴുവൻ തുകയും കാളേജ് സെൻട്രൽക്കമ്മറ്റിയുടെ പൊതുധനശേഖരണത്തിൽനിന്നാണ് ചെലവു ചെയ്യുന്നത്. ലോക്കൽ കമ്മറ്റിയുടെ ചുമതലയിൽ ആദ്യംമുതലേ അവിടുത്തെ പണി നടന്നുകൊണ്ടിരിക്കുന്നു. ചങ്ങനാശേരി കാളേജിന്റെ ആകൃതിയും വലിപ്പവും തന്നെയാണ് പന്തളം കാളേജിനുമുള്ളത്. പണി പൂർത്തിയായിട്ടില്ല. പൂർത്തിയായി ഉദ്ഘാടനം ചെയ്യത്തക്കവണ്ണം ആകണമെങ്കിൽ ഇനിയും രണ്ടുലക്ഷം ക. കൂടി വേണ്ടിവരും. 1950 ജൂലൈയിൽതന്നെ കാളേജിൽ പഠിത്തം ആരംഭിച്ചു. എൻ.എസ്സ്.എസ്സിന്റെ മറ്റു രണ്ടു കാളേജുകളിലെപ്പോലെ ഈ കാളേജിലും കെട്ടിടംപണിയും പഠിപ്പും ഒരുമിച്ചാണ് നടന്നത്. മിക്ക വിഷയങ്ങളുമുള്ള ആ കാളേജിലെ എല്ലാ ക്ലാസ്സുകളും നടക്കുന്നത് ആ കെട്ടിടത്തിൽത്തന്നെയാണ്. കാളേജിന്റെ രണ്ടുനിലമുഴുവൻ തീർന്നിട്ട് രണ്ടുമൂന്നു കൊല്ലമായി. സ്ഥലം മതിയാകാതെ വന്നപ്പോൾ കാളേജ് കെട്ടിടത്തിന്റെ മുൻവശത്ത് കാളേജിനോളം തന്നെ നീളത്തിൽ ഒന്നാംതരം ഒരു കെട്ടിടം പണിതു പൂർത്തിയാക്കീട്ടുണ്ട്. അതിനുതന്നെ ലക്ഷത്തിലധികം ക. ചെലവായിക്കാണും. സൗകര്യത്തിനുവേണ്ടി ഉണ്ടാക്കിയ മറ്റു ഉപഗൃഹങ്ങൾക്കും മുൻവശത്തെ കരിങ്കൽ മതിൽക്കെട്ടിനുംവേണ്ടിയും ഒട്ടധികം പണം അവിടെ ചെലവാക്കീട്ടുണ്ട്. കാളേജിനു വടക്കുഭാഗത്ത് രണ്ടുലക്ഷത്തിലധികം ക. ചെലവുവരുന്ന ഒന്നാന്തരം ഒരു ഹോസ്റ്റലിന്റെ പണി നടന്നുകൊണ്ടിരിക്കയാണ്. പൊതുവെ രണ്ടുനിലയും മുൻവശത്ത് മൂന്നുനിലയുമാണ്. അതുതീർന്നാൽ ഇരുന്നൂറിലധികം വിദ്യാർത്ഥികൾക്കു പ്രയാസംകൂടാതെ പാർക്കാൻ കഴിയുന്നതാണ്. മരാമത്തുകളുടെ മേൽനോട്ടം വഹിക്കുന്ന കമ്മറ്റിയിലെ പ്രധാനികളായ രാമൻപിള്ളയും, രാഘവൻപിള്ളയും, എ. ഭാസ്കരൻപിള്ള ബി.എ.ബി.എല്ലും പണിസ്ഥലത്തു മാറാതെ തന്നെ ഉണ്ടായിരിക്കും. സ്വന്തം വീടുപണിയുന്നതിലും അധികം താൽപര്യം കാളേജ് പണിക്കാര്യത്തിൽ അവർക്കുണ്ട്.

അവിടുത്തെ ഇപ്പോഴത്തെ പ്രിൻസിപ്പാൾ കെ.ആർ. നാരയണയ്യരാണ്. അദ്ദേഹം പെൻഷൻ പറ്റിയ ഒരു സർക്കാർ ഉദ്യോഗസ്ഥനും എന്റെ സ്നേഹിതന്മാരിൽ ഒരാളുമാണ്. എൻ.എസ്സ്.എസ്സിന്റെ കാളേജുകളിൽ പരീക്ഷാ വിജയംകൊണ്ടും മറ്റും മുന്നണിയിൽ നിൽക്കുന്നത് പന്തളം കാളേജാണ്. അത് നല്ലൊരു പേരു സമ്പാദിച്ചിട്ടുണ്ട്.

എൻ.എസ്.എസ്. വിമൻസ് കാളേജ്

പെരുന്താന്നിയിൽ ആരംഭിച്ച എം.ജി. കാളേജ് കേശവദാസപുര ത്തേക്കു മാറ്റിയപ്പോൾ അവിടെ ഒരു രണ്ടാം ഗ്രേഡ് വിമൻസ് കാളേജ് ആരംഭിച്ചു. അവിടുത്തെ പ്രിൻസിപ്പലായി ശാരദാമ്മ എം.എ.എൽ.റ്റി യേയും നിയമിച്ചു. അവർ വലിയ ഡിസിപ്ലിൻകാരിയായതുകൊണ്ട് കാളേജ് നല്ലനിലയിൽത്തന്നെ വളർന്നു. അവിടുത്തെ ഹോസ്റ്റലിൽ ധാരാളം പെൺകുട്ടികൾ താമസിച്ചിരുന്നു. പ്രീയൂണിവേഴ്സിറ്റിയും ത്രീ ഈയേഴ്സ് ഡിഗ്രിക്കോഴ്സും വന്നതിനോടുകൂടി അതിനേയും ഒരു ഫസ്റ്റ് ഗ്രേഡ് കാളേജാക്കി. ഇന്റർമീഡിയറ്റ് നിറുത്തിയപ്പോൾ കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞതുകൊണ്ട് തൽക്കാലം അതിനൊരു ചടപ്പുണ്ട്. ഹോസ്റ്റൽ താമസക്കാരും ചുരുങ്ങി. ശാരദാമ്മ ഒരു കൊല്ലത്തെ അവധിയെടുത്ത് ഇംഗ്ലണ്ടിലേക്കുപോയി. ചങ്ങനാശ്ശേരി കാളേജിൽനിന്ന് മീനാക്ഷിക്കുട്ടിഅമ്മയെ പെരുന്താന്നി പ്രിൻസിപ്പലായി നിയമിച്ചിരിക്ക യാണ്. ആ കാളേജിന്റെ നിലനിൽപു പലതുകൊണ്ടും ഖണ്ഡിതമായി പറയാരായിട്ടില്ല.

പെരുന്ന ബി.റ്റി. കാളേജ്

രാജ്യം ഒട്ടാകെത്തന്നെ ബി.റ്റി.ക്കാരുടെ ആവശ്യം വർദ്ധിച്ചു. അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതലും അവസ്ഥയും വർദ്ധിച്ചപ്പോൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലേക്കു ആവശ്യത്തിൽ കവിഞ്ഞും ഉദ്യോഗാർത്ഥികൾ ഉണ്ടായിക്കൊണ്ടിരുന്നു. ട്രെയിനിംഗ് കാളേജുകൾ ആവശ്യത്തിനു തക്കവണ്ണം ഇല്ലായിരുന്നതുകൊണ്ട് എൻ.എസ്സ്.എസ്സ് വകയായി പെരുന്നയിൽ ഒരു ട്രെയിനിംഗ് കാളേജുണ്ടാക്കാൻ തീരുമാനിച്ച് അനുവാദം വാങ്ങി. ഉള്ള കെട്ടിടങ്ങളുടെ ഒരു ഭാഗം അതിനായി നീക്കിവച്ചു. പെരുന്ന കാളേജിലെ വൈസ്പ്രിൻസിപ്പലായിരുന്ന എം. ഗോപാലൻനായരെ ട്രെയിനിംഗ് കാളേജ് പ്രിൻസിപ്പലായി നിയമിച്ചു. ഈ കാളേജ് ആരംഭിച്ചത് 1954-ൽ ആണ്. ഗോപാലൻനായർ സ്തുത്യർഹമായിത്തന്നെ കാളേജ് നടത്തി. ആദ്യകൊല്ലത്തിൽത്തന്നെ റിസൽട്ടുകൊണ്ടും ഭരണപരമായ നിലകൊണ്ടും ഒരു പ്രശസ്തി സമ്പാദിച്ചു. ഈ കാളേജിനുവേണ്ടി ഹൈസ്ക്കൂളിന്റെ മദ്ധ്യഭാഗം രണ്ടുനിലയിൽ ഉയർത്തി. എല്ലാ സൗകര്യങ്ങളോടുകൂടി ആ കാളേജ് ഭംഗിയിൽ നടന്നുവരുന്നു.

പന്തളം എൻ.എസ്.എസ്. ട്രെയിനിംഗ് കാളേജ്

ബി.റ്റി.ക്കാരുടെ ആവശ്യം നിത്യമെന്നപോലെ വർദ്ധിച്ചപ്പോൾ ട്രെയിനിംഗ്കാരുടെ ആവശ്യവും കൂടുതൽ കൂടുതൽ വർദ്ധിച്ചുവന്നു. 140 കുട്ടികളെ ചേർക്കാൻ അനുവാദമുള്ള കാളേജിൽ 1500-ൽ അധികം അപേക്ഷകൾ ലഭിച്ചു. പന്തളത്തുംകൂടി ഒരു ട്രെയിനിംഗ് കാളേജ്

ആരംഭിക്കാൻ സൗകര്യമുള്ളതുകൊണ്ട് ഒരു പുതിയ കാളേജിനുള്ള അനുവാദവുംകൂടി വാങ്ങി. ഇക്കൊല്ലം അവിടെയും ഒരു ട്രെയിനിംഗ് കാളേജ് ആരംഭിച്ചു. പെരുന്ന ട്രെയിനിംഗ് കാളേജ് വൈസ് പ്രിൻസിപ്പലായിരുന്ന സി. കൃഷ്ണദാസിനെ അവിടുത്തെ പ്രിൻസിപ്പലായി നിയമിച്ചു. സി. കൃഷ്ണദാസ് ശേഷിമാനായ ഒരദ്ധ്യാപകനാണ്.

ടെക്നിക്കൽ കാളേജ്

ഇപ്പോഴത്തെ രീതിയിലുള്ള കാളേജുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർവീസ് സൊസൈറ്റിക്കു താൽപര്യമില്ലാതായിട്ടുണ്ട്. ആരംഭിച്ച വയെല്ലാം എങ്ങിനെ എങ്കിലും പൂർത്തിയാക്കി നല്ല വ്യവസ്ഥിതിയിൽ സ്ഥിരമായി നടക്കാൻ ഏർപ്പാടുചെയ്യണമെന്നുള്ളതിൽകവിഞ്ഞ് ഒരാഗ്രഹവുമില്ല എന്നാൽ നമ്മുടെ വകയായി മലബാറിൽ ഒരു കാളേജുണ്ടാക്കണമെന്ന് രണ്ടുമൂന്നുകൊല്ലം മുമ്പുണ്ടായ വിചാരവും ആലോചനയും ബാക്കി കിടപ്പുണ്ട്. ഒറ്റപ്പാലം ഹൈസ്ക്കൂൾ എൻ.എസ്സ്.എസ്സിനു ദാനം ചെയ്ത കുതിരവട്ടത്തു പ്രഭാകരൻതമ്പാൻ ആ പ്രദേശത്തു എൻ.എസ്സ്. എസ്സ്. വകയായി ഒരു കാളേജുണ്ടാക്കണമെന്നും ആവശ്യ മുള്ള 100 ഏക്കർ സ്ഥലം അദ്ദേഹം വിലയ്ക്കു വാങ്ങിത്തരാമെന്നും പറഞ്ഞിരുന്നതാണ്. വസ്തുവിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ, നമ്മുടെ നിർഭാഗ്യംകൊണ്ട് അദ്ദേഹം ദിവംഗതനായി. ദീർഘകാലമായി ദീനക്കിടക്കയിൽ കിടക്കുകയുണ്ടായിരുന്നിട്ടും അവസാന ശ്വാസംവരെ അദ്ദേഹം നാടിന്റെ നന്മയ്ക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനുള്ള രാജ്യസ്നേഹത്തിന്റെ നൂറിലൊന്നു ഒറ്റപ്പാലത്തെ ബാക്കി പ്രമാണികളിൽ ആർക്കെങ്കിലും ഉണ്ടായിരുന്നെങ്കിൽ അവിടെ ഇതിനു മുമ്പുതന്നെ ഒരു എൻ.എസ്സ്.എസ്സ് കാളേജുണ്ടാകുമായിരുന്നു. പ്രഭാകരൻതമ്പാന്റെ വാഗ്ദാനത്തേയും ആഗ്രഹത്തേയും അടിസ്ഥാനപ്പെടുത്തി അന്നുതന്നെ ഒറ്റപ്പാലത്തു ഒരു കോളേജുണ്ടാക്കാൻ എൻ.എസ്സ്.എസ്സ്. അനുവാദത്തിന പേക്ഷിച്ചിരുന്നു. അതിനുള്ള അനുവാദം ഇപ്പോൾ കിട്ടീട്ടുണ്ട്. ഇത് എൻ.എസ്സ്.എസ്സിന്റെ സ്വന്ത കാര്യമാണെന്നും, അവർ പണക്കാരാണെന്നും, ആവശ്യമുണ്ടെങ്കിൽ പണം കൊണ്ടുവന്നു പണിയിച്ചു നടത്തിക്കൊള്ളണമെന്നും, തങ്ങൾക്ക് യാതൊരാവശ്യവും ബാദ്ധ്യതയുമില്ലെന്നും ഉള്ള നാട്ടുകാരുടെ ഇന്നത്തെ മനോഭാവം മാറി അവരുടെ പണവും സഹകരണവുംകൊണ്ട് എൻ.എസ്സ്.എസ്സിനെ പ്രേരിപ്പിച്ചു നടത്തേണ്ട കാര്യമാണെന്നു അവർക്കു തോന്നിയാൽ മലബാറിനെ പ്രത്യേക പരിഗണനയിൽ എടുത്ത് സാധാരണ കാളേജിന്റെ കാര്യം പുനഃപരിശോധന ചെയ്യേണ്ടതാണെന്നു അവരെ ധരിപ്പിക്കാവുന്നതാണ്. തന്നിമിത്തം ഒരു മാറ്റം വരുന്നെങ്കിലല്ലാതെ സ്വയമേവ ഒരു താൽപര്യവും എൻ.എസ്സ്.എസ്സിനുണ്ടെന്നു തോന്നുന്നില്ല. രണ്ടിലൊന്നു ഉടനെ തീർച്ചപെടുത്തേണ്ട സന്ദർഭമായിട്ടുണ്ട്.

വിദ്യാഭ്യാസം സിദ്ധിച്ചവരുടെ ഇടയിലും അല്ലാത്തവരുടെ ഇടയിലും തൊഴിൽ ഇല്ലായ്മയും തൊഴിൽ പരിശീലനമില്ലായ്മയും

വർദ്ധിച്ചിരിക്കുന്നതുകൊണ്ട്, അതിനു എൻ.എസ്സ്.എസ്സിന്റെ വീതപ്രകാര മുള്ള പരിഹാരത്തിനെങ്കിലും ശ്രമിക്കേണ്ട ബാദ്ധ്യത ബാക്കിയുണ്ടെന്നു തോന്നീട്ടുണ്ട്. അതുകൊണ്ട് സാങ്കേതിക പരിശീലനത്തിനുള്ള ചില സ്ഥാപനങ്ങൾ ഉണ്ടാക്കിനടത്താനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. പന്തളത്ത് ഒരു ടെക്നോളജി ഇൻസ്റ്റിറ്റ്യൂഷൻ ആരംഭിക്കാനുള്ള അനു വാദം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. അതിനു പതിനഞ്ചുലക്ഷം ക. ഉടനെ മുടക്കുകയും കൊല്ലംതോറും നാൽപതിനായിരം ക. കൂടി ചെലവു ചെയ്യുകയുംവേണം. ഗവൺമെന്റിൽനിന്നും 10 ലക്ഷം ക.യുടെ സഹായം ലഭിക്കും. ബാക്കിവേണ്ട 5 ലക്ഷം ക. എൻ.എസ്സ്.എസ്സുണ്ടാക്കണം. അതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കയാണ്. അടുത്ത കാളേജ് വർഷ ത്തിൽ ആ സാങ്കേതിക കാളേജ് പന്തളത്ത് ആരംഭിക്കാൻ കഴിയുമെ ന്നാണ് എന്റെ വിശ്വാസം. ഇനിയും ആ രംഗത്ത് ഒട്ടധികം പ്രവർത്തി ക്കേണ്ടതായിട്ടുണ്ട്. അതെല്ലാം ക്രമപ്രവൃദ്ധമായി ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ് ഞാൻ ഇന്നും ജീവിക്കുന്നത്.

എൻ.എസ്സ്.എസ്സിന്റെ ഈ കുറഞ്ഞ കാലംകൊണ്ട് ഈ രംഗത്ത് ഇത്ര അധികം കാര്യങ്ങൾ സാധിച്ചു എങ്കിലും അതിനുവേണ്ടി ചിലവു വന്നത് 38 ലക്ഷം ക. മാത്രമാണ്. കാളേജ് പ്രസ്ഥാനത്തിന്, തീർന്ന കെട്ടിടങ്ങളുടെ അടങ്കൽ അനുസരിച്ചുള്ള വില കണക്കാക്കിയാൽ 63 ലക്ഷത്തിലധികം ക.യ്ക്കുണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രവർത്തകന്മാരുടെ ശ്രദ്ധയും, ലാഭംനോക്കി പണിയിക്കാനുള്ള അവരുടെ ശേഷിയും കൊണ്ടുണ്ടായതാണ് ഈ 25 ലക്ഷം ക. ലാഭം. അവരെല്ലാം അഭിനന്ദനീയന്മാരും സ്മരണീയന്മാരുമാണെന്നു രേഖപ്പെടു ത്താൻ എനിക്കു സന്തോഷമുണ്ട്.

കാളേജ് ഭരണം

എൻ.എസ്സ്.എസ്സ് കാളേജുകളുടെ ഭരണം ഒരു എൻ.എസ്സ്.എസ്സ് കാളേജ് സെൻട്രൽക്കമ്മറ്റിയുടെ കീഴിലാണ്. ആ കമ്മറ്റി കൗൺസിലി ന്റെയും ഡയറക്ടർ ബോർഡിന്റെയും കീഴിലുമാണ്. ഡയറക്ടർബോർ ഡാണ് ആ കമ്മറ്റിയെ തിരഞ്ഞെടുക്കുന്നത്. കമ്മറ്റിക്ക് ഒരു സെക്രട്ടറിയുണ്ട്. അദ്ദേഹമാണ് എക്സിക്യൂട്ടീവ് ആഫീസറായിരിക്കു ന്നതും കാളേജുകളുടെ മേൽഭരണം നടത്തുന്നതും. ആദ്യത്തെ കാളേജ് കമ്മറ്റി സെക്രട്ടറി കളത്തിൽ വേലായുധൻനായർ ആയിരുന്നു. വിദ്യാഭ്യാസശാഖയുടെ മുഴുവൻ മേൽഭരണം നടത്താൻ അദ്ദേഹത്തെ, എഡ്യൂക്കേഷൻ കമ്മീഷണർ എന്ന് പുതുതായി ഒരുദ്യോഗം സൃഷ്ടിച്ചു. ആ ചുമതലയുംകൂടി വഹിക്കാൻ അധികാരപ്പെടുത്തി. വേലായുധൻ നായർ മന്ത്രിയായപ്പോൾ ആ ചുമതലകളിൽനിന്നെല്ലാം ഒഴിയേണ്ടതായി വന്നു. പെട്ടെന്ന് ഒരാളെ പകരം നിയമിക്കാൻ സൗകര്യമില്ലാതെ വന്നതുകൊണ്ട് ജനറൽസെക്രട്ടറി ആ രണ്ടു ചുമതലയുംകൂടി വഹി ക്കാൻ വ്യവസ്ഥചെയ്തു. രണ്ടുനാലുമാസം മുമ്പുവരെ അങ്ങിനെയാണ് നടന്നുവന്നത്.

എഡ്യൂക്കേഷൻ കമ്മീഷണർസ്ഥാനം നിറുത്തൽ ചെയ്യുകയും, കാളേജുകൾ കാളേജ് കമ്മറ്റിയും, സ്കൂളുകൾ പഴയപോലെ ജനറൽമാനേജരും ഭരിക്കാൻതക്കവണ്ണം നിയമങ്ങൾ പരിഷ്കരിക്കയും ചെയ്തു. അതനുസരിച്ച് കോളേജ് കമ്മറ്റി സെക്രട്ടറി സ്ഥാനത്തേക്ക് പി.ആർ. പരമേശ്വരപ്പണിക്കരെ നിയമിച്ചു. അദ്ദേഹം പഠിക്കുന്ന കാലത്തു തന്നെ ബുദ്ധിമാനും സൽസ്വഭാവിയുമായ ഒരു വിദ്യാർത്ഥിയായിരുന്നു. പത്തുമുപ്പതുകൊല്ലംമുമ്പ് ഗവണ്മെന്റു കാളേജിൽ ഉദ്യോഗത്തിൽ പ്രവേശിച്ച അദ്ദേഹം സ്ഥിരപരിശ്രമവും സാമർത്ഥ്യവുംകൊണ്ട് തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ പ്രോ. വൈസ്ചാൻസലർ വരെ ആകാൻ സാധിച്ചു. അവിടുത്തെ ഭരണവും സാമർത്ഥ്യപൂർവ്വം നടത്തീട്ട് പെൻഷൻപറ്റി പിരിഞ്ഞത് ഈ അടുത്തകാലത്താണ്. ശേഷിമാനും പരിചയസമ്പന്നനുമായ പി.ആർ. പരമേശ്വരപ്പണിക്കരാണ് ഇപ്പോഴത്തെ എൻ.എസ്സ്.എസ്സ് കാളേജ് കമ്മറ്റി സെക്രട്ടറി. അദ്ദേഹം അവിടെ വരുത്തേണ്ട പരിഷ്ക്കാരങ്ങളെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കയാണ്.

പെരുന്ന കാളേജിന്റെ ഉദ്ഘാടനം നടത്തിയ ഉത്തരപ്രദേശ് ഗവർണ്ണർ ശ്രീ. കെ.എം. മുൻഷി, അദ്ദേഹത്തിനു ഈ സ്ഥാപനത്തിനോടുണ്ടായ സ്നേഹ ബഹുമാനങ്ങൾ അപരിമിതമായിരുന്നു എന്നു കാണിക്കുന്ന ഒരു ഇംഗ്ലീഷ് ലേഖനം ഒരു ജേർണലിൽ എഴുതിയിരുന്ന വിവരം മുകളിൽ ഒരു ഭാഗത്തു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ ലേഖനമാണ് താഴെ ചേർത്തിരിക്കുന്നത്.

EXTRACT FROM KULAPATI'S LETTER
IN
BHAVAN'S JOURNAL
dated 3rd June 1956

By

SRI. K.M. MUNSHI

GOVERNOR,UTTARAPRADESH

Till quite recently, the Christian Churches enjoyed the monopoly of education in the State, but the Hindus are now starting educational institutions of their own. The most powerful one of this movement is that sponsored by the Nair Service Society. (N.S.S. for short).

Forty years ago, Mannathu Padmanabhan, a school master tumed lawyer, was fired with a mission to uplift the Nairs. With persuasive eloquence, but without so much as a pie, he moved from village to village, organising the Nairs into little village-councils and setting up taluque and district councils with the N.S.S. at the apex.

In between his ceaseless constructive labours. Padmanabhan gravitated within the Gandhian orbit, and years ago, he led a SATYAGRAHA

march called the Vaikom Satyagraha to establish the Harijan's right to use a particular road. Travancore was not only the land of untouchables but also of unapproachables. The unapproachables were obliged to disappear from the streets whenever a high-class Hindu came into them!

To-day, the N .S.S., which Padmanabhan founded and of which he is the soul, can boast of forty-five educational institutions, including five colleges and thirty-four High schools, with an annual budget of twenty-two lakhs. Padmanabhan has also turned his attention to the economic uplift of the Nairs and has started a scheme of colonisation and induced the farmers through his councils to consolidate their holding by voluntary effort.

In this way by his single-handed effort, Padmanabhan has organised the Nairs into a closeknit community. For Travancore, the N.S.S. is a fairly rich society, but its monies do not come only from grants and donations. The bulk of them are derived from a voluntary cess leviedin kind on coconuts and bananas from the Nair farms.

When in 1947, Sir CP, Ramaswamy Aiyar resisted the integration of Travancore with India, Padmanabhan jumped once more into the political arena, led a powerful movement in favour of integration, and was sent to jail. But soon Sir C.P. Ramaswamy Aiyar resigned; the integration ofTravancore-Cochin followed and Padmanabhan emerged from gaol, the hero of Kerala. His work done, he went back to his N .S.S.

Now I understand why I had been summoned all the way from Lucknow. On this day, the 11 th of January Padmanabhan was attaining the age of seventy-nine.

"കുലപതിയുടെ കത്തുകൾ" എന്ന ശീർഷകത്തിൽ

ഉത്തരപ്രദേശ് ഗവർണ്ണർ
ശ്രീ. കെ.എം. മുൻഷി

1956 ജൂൺ 3-ാം തീയതി അദ്ദേഹത്തിന്റെ
ഭവാൻസ് ജേർണലിൽ എഴുതിയിരിക്കുന്നതും
മുകളിൽ ചേർത്തിരിക്കുന്നതുമായ
ഇംഗ്ലീഷ് ലേഖനത്തിന്റെ തർജ്ജിമ

അടുത്ത കാലംവരെ ഈ സ്റ്റേറ്റിലെ വിദ്യാഭ്യാസത്തിന്റെ കുത്തകാവകാശം ക്രിസ്ത്യൻപള്ളികൾ വച്ചനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ ഹിന്ദുക്കളും അവരുടേതായ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചുതുടങ്ങിയിരിക്കുകയാണ്. എൻ.എസ്സ്.എസ്സ്. സമാരംഭിച്ച സ്ഥാപനമാണ് അവയിൽ ഏറ്റവും സുശക്തം.

നാല്പതുകൊല്ലംമുമ്പ് ശ്രീ മന്നത്തുപത്മനാഭൻ - വക്കീലായി മാറിയ ഒരദ്ധ്യാപകൻ - നായർ സമുദായത്തെ സമുദ്ധരിക്കുന്നതിന് ദൃഢവ്രതമെടുത്തിറങ്ങി. നാലുകാശും കയ്യിലില്ലാതെ കഴിവുറ്റ നാക്കുമായി മാത്രം നാടുനീളെനടന്ന് കരയോഗങ്ങളും താലൂക്കു

യൂണിയനുകളുമെല്ലാം അദ്ദേഹം എൻ.എസ്സ്.എസ്സിന്റെ കീഴിൽ സംഘടിപ്പിച്ചു.

നിസ്തന്ദ്രമായ, സൃഷ്ടിപരപ്രവർത്തനങ്ങൾക്കിടയിൽ, വളരെ വർഷങ്ങൾക്കുമുമ്പ് ഗാന്ധിയുടെ കർമ്മമാർഗ്ഗത്താൽ ആകൃഷ്ടമായി അദ്ദേഹം പ്രസിദ്ധമായ വൈക്കം സത്യഗ്രഹത്തിന് നേതൃത്വം കൊടുക്കുകയുണ്ടായി. അവർണ്ണർക്കു ഒരു വഴി തുറന്നു കിട്ടുന്നതിനുവേണ്ടിയായിരുന്നു ആ സഹനസമരം. തിരുവിതാംകൂർ അന്നു തൊട്ടുകൂടാത്തവരുടേതെന്നപോലെ തീണ്ടിക്കൂടാത്തവരുടേയും നാടായിരുന്നു. സവർണ്ണ ഹിന്ദുക്കളുടെ സാമീപ്യത്തിൽ അവർണ്ണർ അന്ന് തെരുവുകളിൽനിന്ന് അപ്രത്യക്ഷരാകേണ്ടിയിരിക്കുന്നു.

ഇന്നു - എൻ.എസ്സ്.എസ്സിന് - ഇതിന്റെ സ്ഥാപകനും ആത്മാവും ശ്രീ മന്നം തന്നെ - അഞ്ചു കലാലയങ്ങളും 34 ഹൈസ്ക്കൂളുകളും ഉൾപ്പെടെ നാല്പത്തിയഞ്ചോളം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെന്നഭിമാനിക്കാം. അതിന്റെ ഒരാണ്ടത്തെ ഇന്നത്തെ ബഡ്ജറ്റ് 22 ലക്ഷം രൂപയാണ്. ഇതുകൂടാതെ ശ്രീ മന്നത്തു പത്മനാഭൻ, നായരുടെ സാമ്പത്തികോന്നമനത്തെ ലാക്കാക്കി ഒരു കുടിയേറിപ്പാർപ്പു പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്. തന്നെയുമല്ല കൃഷിക്കാരെ, അവരുടെ കൃഷിസ്ഥലങ്ങൾ സ്വമേധയാ കൂട്ടിച്ചേർത്തു ഒന്നാക്കുന്നതിന് പ്രതിനിധിസഭകളിലൂടെ അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഈ വിധം ഒറ്റയ്ക്കുള്ള ശ്രമംകൊണ്ടുമാത്രം അദ്ദേഹം നായന്മാരെ ദൃഢബന്ധമുള്ള സമുദായമായി സംഘടിപ്പിച്ചു. എൻ.എസ്സ്.എസ്സ്. - തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു സമ്പന്നമായ സ്ഥാപനമാണ്. പക്ഷേ അതിന്റെ സമ്പത്ത് ഗ്രാന്റിനേയും പൊതുജന സംഭാവനയേയും മാത്രം ആശ്രയിച്ചാണുണ്ടായതെന്ന് പറയുക വയ്യ. വാസ്തവത്തിൽ അതിന്റെ ധനത്തിൽ ഏറിയപങ്കും ഉൽപന്നപ്പിരിവിൽ നിന്നുണ്ടായതത്രേ.

1947-ൽ ഭാരതത്തോടു തിരുവിതാംകൂർ സംയോജിപ്പിക്കുന്ന കാര്യത്തിൽ സർ. സി.പി. രാമസ്വാമിഅയ്യർ പ്രതികൂലിച്ചപ്പോൾ ശ്രീ. മന്നത്തു പത്മനാഭൻ രാഷ്ട്രീയരംഗത്തു ഒരിക്കൽക്കൂടി പ്രത്യക്ഷപ്പെടുകയുണ്ടായി. സംയോജനത്തിന് അനുകൂലമായി ഒരു സുശക്തമായ പ്രക്ഷോഭണംതന്നെ അദ്ദേഹം സംഘടിപ്പിച്ചു. തന്മൂലം അദ്ദേഹം ജയിലിലായി. എങ്കിലും സർ. സി.പി.യുടെ രാജിയെത്തുടർന്നു സംയോജനം നടപ്പിലായപ്പോൾ കേരളത്തിന്റെ നേതാവായിട്ടാണ് ജയിലിൽനിന്ന് അദ്ദേഹം പുറത്തിറങ്ങിയത്. രാഷ്ട്രീയരംഗത്തെ ജോലി തീർന്നപ്പോൾ വീണ്ടും എൻ.എസ്സ്.എസ്സിലേക്കായി അദ്ദേഹത്തിന്റെ ശ്രദ്ധ.

എനിക്കിപ്പോൾ മനസ്സിലായി, ഇക്കാണായ വഴിയെല്ലാം മറികടന്ന് ലക്നൗവിൽനിന്ന് എന്നെ ക്ഷണിച്ചുവരുത്തിയതെന്തിനെന്ന്. ഇന്ന് - ഈ ജാനുവരി പതിനൊന്നാം തീയതി ശ്രീ മന്നത്തു പത്മനാഭന് 79 വയസ്സു തികയുകയാണ്.

എന്റെ ജീവിതസ്മരണകൾ

"പരമാർത്ഥത്തിൽ അപ്രതിമനായ ഒരു കർമയോഗി യാണ് ശ്രീ മന്നം,'ലോകസംഗ്രഹമേവാപി സംപശ്യൻ കർത്തുമർഹസി' എന്ന ഗീതോപദേശം അദ്ദേഹം അനുഷ്ഠാനത്തിൽ വരുത്തിയിട്ടുണ്ടെന്ന് പറയാം. കോടിക്കണക്കിന് സ്വത്തു സമ്പാദിക്കാൻ കഴിഞ്ഞ ഒരു മനുഷ്യൻ സ്വന്തം കുഞ്ഞുകുട്ടികൾക്ക് എന്തെ ങ്കിലും ആർജ്ജിച്ചിട്ടുണ്ടെന്നുതോന്നുന്നില്ല. സ്വാർത്ഥ നിരപേക്ഷമായ ആ പ്രവർത്തനമാണ് പ്രതികൂല സാഹചര്യങ്ങളിലുള്ള വിജയത്തിന് മുഖ്യമായ ഒരു ഹേതു. ബിർള, ദാർമിയ മുതലായ കോടീശ്വരന്മാരു ടെയും കുബേരന്മാരായ നാട്ടുരാജാക്കന്മാരുടെയും സംഭാവനയും സഹകരണവുംകൊണ്ട് വാരാണസി യിൽ ഒരു വിശ്വവിദ്യാലയം സ്ഥാപിച്ച മദനമോഹന മാളവ്യയേക്കാളും അഭിനന്ദനം അർഹിക്കുന്നത് ദരിദ്ര നാരായണന്മാരിൽ നിന്നും ധനമാർജ്ജിച്ച് അനേകം വിദ്യാമന്ദിരങ്ങൾ സ്ഥാപിക്കാൻ സാധിച്ച മന്നത്തു പത്മനാഭനാണെന്നു തോന്നുന്നു. ഛിന്നഭിന്നമായി ക്കിടക്കുന്ന കൊച്ചു കേരളത്തിന്റെ കോണുകളിൽ വിദ്യാ പ്രകാശം പരത്താൻ കൈത്തിരി കൊളുത്തിയ മന്നത്തു പത്മനാഭൻ കേരളീയർക്ക് എന്നും അവിസ്മ രണീയനാണ്, ആരാധ്യനാണ്. ശ്രീ മന്നത്തിന്റെ ബഹു മുഖങ്ങളായ സിദ്ധികളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ സാഹിത്യകലാവൈഭവവും ഉൾപ്പെടുത്തുന്നു"

എൻ. ഗോപാലപിള്ളയുടെ അവതാരികയിൽനിന്ന്

നായർ സർവീസ് സൊസൈറ്റി, ചങ്ങനാശ്ശേരി